# എന്റെ ഡയറിക്കുറിപ്പുകൾ

# (Journal of A Soul)

**by**

**Pope John XXIII**

www.malankaralibrary.com

# എന്റെ ഡയറിക്കുറിപ്പുകൾ

## (Journal of A Soul)

by

**Pope John XXIII**

വിവർത്തകൻ

**റവ. ഡോ. തോമസ് മൂത്തേടൻ M. A., D. D.**

പ്രസാധകർ

ദീപനാളം പബ്ലിക്കേഷൻസ്

പാലാ

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

*(Malayalam)*

**Ente Diarykkurippukal**

(Journal of A Soul)

**By Pope John XXIII**

Translated by

**Rev. Dr. Thomas Moothedan M. A., D. D.**

First Published

**November 1969**

Printed at

**St. Thomas Press, Palai**

Published by

**Deepanalam Publications, Palai**

Copy Right

**Deepanalam Publications**

Distribution

**St. Thomas Press Book Stall, Palai**

Kottayam Dt.

**Price Rs.10**

www.malankaralibrary.com

# ആശംസ

തന്റെ കാണുകയും കേൾക്കുകയും ചെയ്യുവാനിടയായിട്ടുള്ളവരുടെയെല്ലാം ഹൃദയങ്ങളെ കവർന്നെടുത്തിട്ടുള്ള മഹാത്മാവാണ് 23-ാം ജോൺ മാർപ്പാപ്പാ. അദ്ദേഹത്തിന്റെ സ്നേഹം വഴിഞ്ഞൊഴുകുന്ന മുഖവും ഹൃദ്യമായ വചസ്സുകളും ആത്മാർത്ഥത തുളുമ്പുന്ന പെരുമാററങ്ങളും ഏവരേയും അദ്ദേഹത്തിന്റെ പക്കലേക്ക് ആകർഷിച്ചിരുന്നു. സ്ഥൂലമായ ആ ശരീരത്തിനുള്ളിൽ മഹത്വമേറിയ ഒരു ആത്മാവു സ്ഥിതി ചെയ്തിരുന്നു. അതിന്റെ ചൈതന്യം ഇന്നും അക്ഷയമായി വർത്തിക്കുന്നു. ആ ചൈതന്യവിശേഷം നമുക്കെല്ലാം അറിഞ്ഞാസ്വദിക്കുവാൻ പര്യാപ്തമാക്കിത്തീർക്കുന്നുണ്ട് അദ്ദേഹത്തിന്റെ അദ്ധ്യാത്മ ഡയറി.

**Journal of a Soul** എന്ന പേരിൽ വിശ്വവിഖ്യാതിനേടിയ ജോൺ മാർപ്പാപ്പായുടെ അദ്ധ്യാത്മചിത്രം മലയാളികളായ വായനക്കാർക്ക് ഉപകരിക്കുമാറു്, റവ. ഫാദർ തോമസ് മൂത്തേടൻ ലളിതസുന്ദരമായ ഭാഷയിൽ നമുക്കു തയ്യാറാക്കി തന്നിരിക്കുന്നു. വേദശാസ്ത്ര പണ്ഡിതനും സാഹിത്യപ്രണയിയുമായ അദ്ദേഹത്തിന്റെ പരിശ്രമം സുതരാം വിജയിച്ചിട്ടുണ്ടെന്നു പറയുവാൻ ഞാൻ മടിക്കുന്നില്ല.

സഭാദ്ധ്യക്ഷപദംവരെ പടിപടിയായി ഉയർന്നു പരിലസിക്കുവാൻ ഭാഗ്യം സിദ്ധിച്ച പോപ്പു ജോൺ ആദ്ധ്യാത്മികമണ്ഡലത്തിലും ക്രമേണ ഉയർന്നു പുണ്യപൂർണ്ണതയുടെ ഉച്ചകോടിയിലെത്തി വിരാജിക്കുന്ന കാഴ്ച എത്ര അഭികാമ്യമായിരിക്കുന്നു. ആ മഹാപുരുഷന്റെ ചൈതന്യം നാമേവരേയും ഉത്തേജിപ്പിക്കുമാറാകട്ടെ എന്നാണെന്റെ ആശംസ.

പാലാ,
14-11-1969.

✠ സെബാസ്റ്റ്യൻ വയലിൽ
(പാലാ മെത്രാൻ)

www.malankaralibrary.com

# പ്രസ്താവന

കത്തോലിക്കരുടേയും അകത്തോലിക്കരുടേയും സ്നേഹബഹുമാനങ്ങൾ നേടാൻ കഴിഞ്ഞ 23-ാം യോഹന്നാൻ മാർപ്പാപ്പായുടെ ഡയറി മലയാളത്തിൽ കാണണമെന്ന് ആഗ്രഹം പ്രദർശിപ്പിച്ച അനേകരുടെ അഭിവാഞ്ഛയെ സംതൃപ്തിപ്പെടുത്താനാണ് ഈ വിവർത്തനം ഞാൻ ഏറെറടുത്തതു്. സെമ്മിനരിജീവിതകാലം മുതൽ മരണംവരെയുള്ള ഒരു മാർപ്പാപ്പായുടെ ജീവിതക്കുറിപ്പുകൾ ഇതുവരെ ആരും പ്രസിദ്ധം ചെയ്തിട്ടില്ല. 14 വയസ്സു മുതൽ 81 വയസ്സു വരെയുള്ള മാർപ്പാപ്പായുടെ ആത്മീയ ചരിത്രം പരിപൂർണ്ണത നേടാൻ ഉദ്ദേശിക്കുന്നവർക്കു മഹാ ഉത്തേജനം നല്കും.

ഡയറി സത്യദീപത്തിൽ ഖണ്ഡശ: പ്രസിദ്ധം ചെയ്തുകൊണ്ടിരുന്നപ്പോൾ ഒരു വിഭാഗം വായനക്കാർ അഭിപ്രായപ്പെട്ടു ഇതു മുഴുവനും ആവർത്തനമാണെന്ന്. ആവർത്തനങ്ങൾ ഡയറിയിൽ ധാരാളമുണ്ട്; എന്നാൽ പ്രസ്തുതാവർത്തനമാണു ഡയറിയുടെ ആത്മാർത്ഥതയ്ക്കു സാക്ഷിയായി നിലകൊള്ളുന്നതു്. അതുതന്നെയാണ് ആത്മീയജീവിതത്തിൽ ഒച്ചുപോലെ കയറിയും ഇറങ്ങിയും കഴിയുന്നവർക്കു ഡയറി എത്രയും ആശ്വാസദായകമായ ഗ്രന്ഥമായിത്തോന്നുവാൻ ഇടയാക്കിയിരിക്കുന്നതും.

മോൺ. ലോറിസ് കപ്പോവില്ലായാണു ഡയറിയുടെ താളുകൾ ശേഖരിച്ചു പ്രസിദ്ധംചെയ്തതു്. ചിലഭാഗങ്ങൾ തുണ്ടുകടലാസുകളിലും ചില ഭാഗങ്ങൾ പുസ്തകങ്ങളിലുമാണ് എഴുതി വച്ചിരുന്നതു്. ടൈപ്പുചെയ്തിട്ടുമുണ്ടു ചില ഭാഗങ്ങൾ. നായ്ച്ചെവിപോലെ ചുരുണ്ടുപോയിരുന്ന കടലാസുകഷണങ്ങൾ മാർപ്പാപ്പാ തിരുമേനി തന്റെ മേശയിൽവച്ചു വാർദ്ധക്യത്താൽ പലപ്പോഴും വായിക്കുകയും ചിലപ്പോൾ സന്ദർശകർക്കു കാണിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ടു്.

1961 ലെ വസന്തകാലത്താണ് ഈ കുറിപ്പുകൾ മോൺ. കപ്പോവില്ലായുടെ കൈയിൽ വന്നുചേർന്നതു്. മററുഗ്രന്ഥങ്ങളും പ്രഭാഷണങ്ങളും പ്രസിദ്ധം ചെയ്തുകൊണ്ടിരുന്ന സെക്രട്ടറി മോൺ. ലോറിസു കപ്പോവില്ലാ ചോദിച്ചു ഈ കുറിപ്പുകളും പ്രസിദ്ധം ചെയ്തുകൊള്ളട്ടെയെന്ന്. തിരുമേനി ഇപ്രകാരം പ്രതിവചിച്ചു: "അങ്ങനെയാ

www.malankaralibrary.com

കാം. എന്റെ സ്വകാര്യക്കുറിപ്പുകൾ പ്രസിദ്ധം ചെയ്യാൻ ആദ്യം വൈമുഖ്യം തോന്നിയിരുന്നു.... മാർപ്പാപ്പായെപ്പററി ജനങ്ങൾക്കു് എല്ലാം അറിയാൻ ആഗ്രഹമുണ്ടാകും; എല്ലാ ചരിത്രകാരന്മാക്കു് ഉപകാരപ്പെടുകയും ചെയ്യേക്കും. ഞാൻ ഇതുവരെ എഴുതിയിട്ടുള്ളതിനേക്കാളെല്ലാം ഇതു് എന്റെ സ്വന്തമാണു്. എന്റെ ആത്മാവു് ഈ പക്ഷങ്ങളിലുണ്ടു്." അനന്തരം 1895 മുതൽ 1899 വരെയുള്ള ഡയറിയിൽ ചില ഭാഗങ്ങൾ വായിച്ചുകൊണ്ടു തിരുമേനി പറഞ്ഞു: "ഞാൻ ഒരു നല്ലകുട്ടിയായിരുന്നു; നിഷ്കളങ്കനും ഭയശാലിയും. എന്തു വില കൊടുത്തും ദൈവത്തെ സ്നേഹിക്കണമെന്നുണ്ടായിരുന്നു. ക്ഷമയോടും ശ്രദ്ധയോടുംകൂടെ സാധുക്കളായ ആത്മാക്കളെ ശുശ്രൂഷിക്കുന്ന ഒരു വൈദികനാകാനായിരുന്നു എന്റെ ഏക ഉദ്ദേശ്യം. എന്നിൽ സ്ഥിതിചെയ്തിരുന്ന ആത്മപ്രതിപത്തിയെ പരാജയപ്പെടുത്തേണ്ടതുണ്ടായിരുന്നു. അവസാനം എനിക്കു തെല്ലു വിജയമുണ്ടായി. എന്നാൽ ആ ശത്രു പിന്നെയും എന്നെ സമീപിച്ചുകൊണ്ടിരുന്നു. പ്രാത്ഥനയിലെ അന്യചിന്തകൾ എന്നെ അലട്ടിക്കൊണ്ടിരുന്നു; അവയിൽനിന്നു് ഒഴിഞ്ഞുമാറാൻ ഗുരുതരമായ പ്രായശ്ചിത്തങ്ങൾ ഞാൻ ചെയ്യേണ്ടിവന്നു. എല്ലാം കണിശമായി ഞാൻ വീക്ഷിച്ചു; എന്റെ ആത്മശോധന നിഷ്കർഷവും കണിശവുമായിരുന്നു. അറുപതുകൊല്ലം കഴിഞ്ഞു് ഈ ആദ്ധ്യാത്മികക്കുറിപ്പുകളിലേക്കു തിരിഞ്ഞുനോക്കുമ്പോൾ അവ വേറൊരാളുടെ കൃതിപോലെ എനിക്കു തോന്നുന്നു. അവയ്ക്കു കത്താവിനോടു ഞാൻ നന്ദി പറയുന്നു. എന്റെ മരണശേഷം താങ്കൾ അവ പ്രസിദ്ധം ചെയ്തുകൊള്ളൂ. പൌരോഹിത്യത്തിലേക്കും ദൈവത്തോടുള്ള അഗാധമായ ഐക്യത്തിലേക്കും ആകർഷണം തോന്നുന്നവർക്കു് അവ പ്രയോജകീഭവിക്കും."

തിരുമേനിയുടെ ഈ വാക്കുകൾ ഒരു പ്രവചനം തന്നെയാണു്. ഇടയ്ക്കിടയ്ക്കു ചില ആവത്തനങ്ങളുണ്ടെങ്കിലും അനുവാചകരെ ദൈവത്തിലേക്കു് അടുപ്പിക്കുന്നവയാണു് ഈ കുറിപ്പുകൾ. പുണ്യശ്ലോകനായ മാർപ്പാപ്പായുടെ അനുഗ്രഹം ഇതിന്റെ പരിഭാഷകനും പ്രസാധകർക്കും അനുവാചകർക്കും സമൃദ്ധിയായി ഉണ്ടാകുമാറാകട്ടെ.

മോൺ. ലോറിസ്സ കപ്പോവില്ലായുടെ അനുബന്ധങ്ങളെല്ലാം ഇവിടെ ചേത്തിട്ടില്ല. അവസാനത്തിലും ആരംഭത്തിലും ദുർഗ്രഹമായ ചില വ്യക്തിസ്മരണകൾ ഉപേക്ഷിച്ചിട്ടുണ്ടു്. ശേഷം രസാവഹമായ ഭാഗങ്ങളെല്ലാം വിശ്വസ്തതയോടെ പരിഭാഷപ്പെടുത്തി ചേത്തിരിക്കുന്നു. കൈയെഴുത്തുപ്രതിയുടെ വിവരങ്ങൾ ആഗ്രഹിക്കുന്നവർ ഡയറിയുടെ

www.malankaralibrary.com

ഇംഗ്ലീഷുപരിഭാഷ വായിച്ചാൽ മതിയാകും. ഗ്രന്ഥത്തിന്റെ ദൈർഘ്യം ഭയന്ന് അത്തരം സാങ്കേതികാദ്ധ്യായങ്ങൾ ഈ പരിഭാഷയിൽ ഉപേക്ഷിച്ചിരിക്കുന്നു.

ആദ്ധ്യാത്മിക പരിപൂർണ്ണതനേടാൻ ആഗ്രഹിക്കുന്നവർക്ക് എത്രയും ഉപയുക്തമായ ഈ ഗ്രന്ഥം പ്രസിദ്ധംചെയ്യാൻ മുന്നോട്ടുവന്ന സെൻറ് തോമസ് പ്രസ്സ് ഭാരവാഹികളോടു്, വിശിഷ്യ മാനേജർ ബ. ജേക്കബ് പ്ലാത്തോട്ടത്തിൽ അച്ചനോടു ഞാൻ അതീവ കൃതജ്ഞനാണ്. അനുവാചകർക്കു മംഗളം,

ഫാദർ തോമസ് മൂത്തേടൻ എം. എ., ഡി. ഡി.
പ്രിൻസിപ്പൽ, സെന്റ് തോമസ് കോളെജ്.

തൃശ്ശൂർ,
1969 മേയ് 1-ന്

www.malankaralibrary.com

# പ്രധാനസംഭവങ്ങളും തീയതികളും

## (1891—1963)

1881 നവംബർ 25. യോഹന്നാൻ മാർപ്പാപ്പാ സോത്തോഇൻമോന്തയിൽ ജനിച്ചു. പിതാവു ബാററിസ്റ്റാ റൊങ്കാലി; മാതാവു മരിയാനാ മസോളാ. ജ്ഞാനപിതാവ്: വല്യപ്പന്റെ സഹോദരൻ അവിവാഹിതനായ സവേരിയോ.

1888 പ്രഥമ ദിവ്യകാരുണ്യസ്വീകരണം. ഏഴുവയസ്സിൽ ആദ്യകുർബാന കൈക്കൊള്ളുപ്പാട്ട് അന്നു തീരെ അസാധാരണമായിരുന്നു.

1889 ഫെബ്രുവരി 13 സ്ഥൈര്യലേപനം.

1892 – 1895 ബെർഗാമോ മൈനർ സെമ്മിനരിയിൽ അദ്ധ്യയനം ചെയ്യുന്നു.

1895 – 1900 ബെർഗാമോ മേജർ സെമ്മിനരിയിൽ ദൈവശാസ്ത്രം രണ്ടാം വർഷംവരെ.

1895 ജൂൺ 24. പുരോഹിതവസ്ത്രവും ആസ്തുപ്പാട്ടുപട്ടവും സ്വീകരിക്കുന്നു.

1901 ജനുവരി 4. റോമൻ സെമ്മിനരി അപ്പൊള്ളിനാരിസ്സിൽ അദ്ധ്യയനം ആരംഭിക്കുന്നു.

1901 ജൂൺ 25 ദൈവശാസ്ത്രത്തിൽ ബിരുദം നേടുന്നു.

1901 നവംബർ 30 ബെർഗാമോയിൽത്തന്നെ 73-ാം കാലാൾപ്പട്ടാളത്തോടുകൂടെ സൈനികസേവനം ചെയ്യുന്നു. മേയ് 31-ാം തീയതി കോർപറലും 1902 നവംബമ്പർ 30-ാംനു- സാർജന്റുമായി. അന്നുതന്നെ സെമ്മിനരിയിലേക്കു മടങ്ങി.

1903 ഡിസംബർ 18-ാം നു- ആറാംപട്ടം.

1904 ജൂലായി 13-ാം തീയതി ദൈവശാസ്ത്രത്തിൽ ഡോക്ടർ ബിരുദം നേടി.

1904 ഓഗസ്റ്റ് 10-ാം തീയതി പൗരോഹിത്യം.

1905 ജാനുവരി 29-ാം തീയതി ബെർഗാമോ ബിഷപ്പ് രദീനിയുടെ സെക്രട്ടറി.

1906 സെപ്റ്റംബർ 19 – ഒക്ടോബർ 22. പലസ്തീനയിലേക്കുള്ള തീർത്ഥയാത്ര.

www.malankaralibrary.com

ഒക്ടോബർ ത്രുപതാ സെമ്മിനരിയിൽ തിരുസ്സഭാചരിത്രവും സഭാപിതാക്കന്മാർ എന്ന വിഷയവും പഠിപ്പിക്കുവാൻ തുടങ്ങുന്നു.

1911 നവംബർ 6 – ന് മോൺ. രദീനി ആരംഭിച്ച തിരുഹൃദയ വൈദികസംഘത്തിൽ ചേർന്നു

1914 ഓഗസ്റ്റ് 22. രദീനിയുടെ മരണം.

1915 മേയ് 24. സൈനികസേവനം.

1918 നവംബർ വിദ്യാർത്ഥിമന്ദിരം ആരംഭിച്ചു.
ഡിസംബർ 10 സൈനികസേവനം അവസാനിച്ചു.

1921 ജനുവരി 18. ഇററലിയിലെ പൊന്തിഫിക്കൽ മിഷൻ സംഘത്തിൻെറ പ്രസിഡൻറായി റോമയിൽ പ്രൊപ്പഗാന്താ ഫിദെ സംഘത്തിൽ നിയമിക്കപ്പെട്ടു.

1924 നവംബർ ലാറ്ററൻ സെമ്മിനരിയിൽ സഭാപിതാക്കന്മാർ എന്ന വിഷയം പഠിപ്പിക്കുവാൻ തുടങ്ങി.

1924 മാർച്ച 3. ആരിയോപ്പോലീസിലെ സഹായമെത്രാനായി അഭിഷിക്തനാകുന്നു. ബുൾഗേരിയായിൽ അപ്പസ്തോലിക്ക വിസിറ്റർ.

1935 ജനുവരി 4. ബുൾഗേരിയരോടു യാത്രപറഞ്ഞു.
5. ഈസ്റ്റൻബുള്ളിൽ ടർക്കിയുടേയും ഗ്രീസിൻേറയും അപ്പസ്തോലിക്ക ഡെലിഗേററായി.

1944 ഡിസംബർ 6. പാരീസ്സു നൺഷിയോ ആയി നിയമിതനാകുന്നു.

1953 ജനുവരി 12. കർദ്ദിനാളായി ഉയർത്തപ്പെട്ടു.
മാർച്ച് 15. വെനിസിലെത്തി പേട്രിയാർക്ക് സ്ഥാനം ഏറെറടുത്തു.

1958 ഒക്ടോബർ 9. പന്ത്രണ്ടാം പീയൂസ്സ് മാർപ്പാപ്പായുടെ മരണം.

1958 ഒക്ടോബർ 28. മാർപ്പാപ്പായായി തിരഞ്ഞെടുക്കപ്പെട്ടു.

1958 നവംബർ 4. സ്ഥാനാരോഹണം.

1959 ജനുവരി 25. റോമൻ സൂനഹദോസും സാർവ്വത്രിക സൂനഹദോസും നടത്തുമെന്നു പ്രഖ്യാപിച്ചു.

1959 ജൂൺ 29. ഒന്നാമത്തേ ചാക്രികലേഖനം. Ad Petri Cathedram.

1959 ഓഗസ്റ്റ് 1. രണ്ടാമത്തേ ചാക്രികലേഖനം. പൗരോഹിത്യത്തെപ്പററി (Sacredotii Nostri Primordia)

www.malankaralibrary.com

1959 നവംബർ 28. മൂന്നാമത്തേ ചാക്രികലേഖനം, അല്മായ പ്രേഷിതത്വത്തെപ്പററി (Princeps Pastorum)

1960 ജൂൺ 30 അമൂല്യതിരുരക്തത്തെപ്പററിയുള്ള അപ്പസ്തോലിക ലേഖനം.

1960 സെപ്ററംബർ 29. ജപമാലയെപ്പററി അപ്പസ്തോലിക ലേഖനം.

1961 മേയ് 15 മാതാവും ഗുരുനാഥയും എന്ന ചാക്രികലേഖനം.

1961 നവംബർ 11. വി. ലെയോൻ പാപ്പായുടെ 15-ാം ശതാബ്ദാഘോഷം പ്രമാണിച്ച് "എത്തേർണി ദേയി" എന്ന ചാക്രിക ലേഖനം.

1961 ഡിസംബർ 25: 1962-ൽ വത്തിക്കാൻ സൂനഹദോസ് സമാരംഭിക്കമെന്നു Humanae Salvtis എന്ന അപ്പസ്തോലികലേഖനം വഴി പ്രഖ്യാപിക്കുന്നു.

1962 ജനുവരി 6. സൂനഹദോസിന്റെ വിജയത്തിനു വേണ്ടി കാനോനനമസ്കാരം ചൊല്ലാൻ നിർദ്ദേശം. അതേപ്പററി Sacrae Laudis എന്ന അപ്പസ്തോലിക ലേഖനം.

1962 ജൂലായി 1 സൂനഹദോസിനു വേണ്ടി പ്രാത്ഥിക്കുവാൻ ആഹ്വാനം. II Poenitenatiam Agere എന്ന ചാക്രികലേഖനം.

1962 ഒക്ടോബർ 11. രണ്ടാം വത്തിക്കാൻ സൂനഹദോസ് ആരംഭിക്കുന്നു.

ഡിസംബർ 8. പ്രഥമ സമ്മേളനം സമാപിച്ചു.

1963 മാർച്ച് 1. എവുജേനിയോ ബാൾസൻ ഫൗണ്ടേഷന്റെ അന്താരാഷ്ട്രീയ സമാധാന സമ്മാനം ലഭിച്ചു,

ഏപ്രിൽ 9 "ഭൂമിയിൽ സമാധാനം" (Pacem in Terris) എന്ന ചാക്രികലേഖനം.

മേയ് 17. അവസാനത്തേ കുർബാന

ജൂൺ 3. 19. 49 നു മരണം.

www.malankaralibrary.com

# I

# ബെർഗാമോ സെമിനാരി
# 1895

## ഭക്തിയിലും പഠനത്തിലും പുരോഗതി പ്രാപിക്കുവാൻ ഇച്ഛിക്കുന്നവക്കുള്ള നിയമങ്ങൾ

"കത്താവിൻെറ ഓഹരിക്കായി വിളിക്കപ്പെട്ടിരിക്കുന്ന വൈദികർ തങ്ങളുടെ ജീവിതവും നടപടികളും ക്രമപ്പെടുത്തേണ്ടിയിരിക്കുന്നു. വസ്ത്രം, പെരുമാററം, സംസാരം, വ്യാപാരം മുതലായ എല്ലാ കാര്യങ്ങളിലും ഗൗരവവും വിനയവും മതഭക്തിയും പ്രകടമാകണം. അവരിലുള്ള ചെറിയ കുററങ്ങൾക്കൂടി വലിയവയായി പരിഗണിക്കപ്പെടും; ആകയാൽ അവയും വജ്ജിക്കണം. അങ്ങനെ അവരുടെ പ്രവൃത്തികൾ എല്ലാവക്കും ബഹുമാന്യമായിത്തോന്നണം." (ട്രെൻറു് സൂനഹദോസ്)

"യൗവ്വനംമുതൽ നുകംവഹിക്കുന്നതു മനുഷ്യനു് ഉത്തമം." (വിലാപം 3, 27)

പ്രഥമവും മൗലികവുമായ തത്ത്വം ഇതാണു്; വിവേകിയും വിജ്ഞാനിയും മാതൃകാജീവിതം നയിക്കുന്നവനും നിനക്കു് എത്രയും വിശ്വാസം തോന്നുന്നവനും നിനക്കു പൂണ്ണമായി ആശ്രയിക്കാവുന്നവനുമായ ഒരാളെ ആത്മപിതാവായി തിരഞ്ഞെടുക്കുക. അദ്ദേഹത്തിൻെറ ഉപദേശങ്ങളും നിദ്ദേശങ്ങളും പൂണ്ണവിശ്വാസത്തോടെ സ്വീകരിക്കുക.

## എല്ലാ ദിവസവും

1) രാവിലെ കിടക്കയിൽനിന്നു് എഴുന്നേല്ക്കുമ്പോൾ കാൽമണിക്കൂർ നേരം മാനസികപ്രാത്ഥനയിൽ ചെലവഴിക്കുക. (2) കുബ്ബാന കാണുക; അല്ലെങ്കിൽ കുബ്ബാനയ്ക്കു സഹായിക്കുക. (3) കാൽമണിക്കൂർ നേരം ജ്ഞാനവായനയ്ക്കു ചെലവഴിക്കുക. (4) സായാഹ്നത്തിൽ നിദ്രയ്ക്കു് അണയുന്നതിനുമുമ്പു് പൊതുവായ ഒരു ആത്മശോധന ചെയ്യുക; പൂണ്ണമനസ്താപപ്രകരണം ചെയ്യുക; അടുത്ത ദിവസത്തേക്കുള്ള ധ്യാനവിഷയം ഒരുക്കുക. (5) പ്രത്യേക തിന്മകൾ വജ്ജിക്കാനും സുകൃത

www.malankaralibrary.com

ങ്ങൾ അഭ്യസിക്കുവാനുംവേണ്ടി ഉച്ചഭക്ഷണത്തിനോ അത്താഴത്തിനോ മുമ്പ് പ്രത്യേകാത്മശോധന നടത്തുക. (6) തിരുനാളുകളിലുള്ള സൊഡാലിററിമീററിംഗുകളിൽ ശ്രദ്ധാപൂർവ്വം പങ്കുകൊള്ളുക. പള്ളിക്കൂടത്തിലും പഠനക്കളരികളിലുമുള്ള യോഗങ്ങളിൽ താത്പര്യത്തോടെ ഹാജരാകുക. വീട്ടിൽ എല്ലാ ദിവസവും കുറേസമയം പഠനത്തിനു മാററിവയ്ക്കുക. (7) വി. കുർബ്ബാന സന്ദർശിക്കുക; കന്യാകാമറിയത്തോടു പ്രത്യേകഭക്തി പ്രദർശിപ്പിക്കുന്ന ദൈവാലയങ്ങളിലേക്കു ഒരു പ്രാവശ്യമെങ്കിലും പോകുക. (8) വൈകുന്നേരം ആറുമണിക്കും ഒമ്പതുമണിക്കും മദ്ധ്യേ നമ്മുടെ കർത്താവിൻെറ അഞ്ചുതിരുമുറിവുകളേക്കുറിച്ചു 5 സ്വർഗ്ഗസ്ഥനായ പിതാവേ, 5 നന്മനിറഞ്ഞമറിയമേ എന്ന ജപങ്ങൾ ചൊല്ലുക. ദിവസംതോറും കന്യകാമറിയത്തെക്കുറിച്ചു മൂന്നുപ്രാവശ്യമെങ്കിലും ആശാനിഗ്രഹങ്ങൾ അനുഷ്ഠിക്കുക. (9) കന്യകാമറിയത്തോടും വി. യൗസേപ്പിനോടും സകല മദ്ധ്യസ്ഥന്മാരോടും മരിച്ച ആത്മാക്കളോടുമുള്ള ഭക്തി അഭ്യസിക്കുക; പ്രാർത്ഥനകൾ ചൊല്ലുക. ഈ ഭക്തികൾക്കും ജ്ഞാനവായനയുടേയും ധ്യാനത്തിൻേറയും ഗ്രന്ഥങ്ങൾക്കും ജ്ഞാനപിതാവിൻെറ അംഗീകാരം വേണം. (10) തോമസ് അക്കെമ്പിസ്സിൻെറ ക്രിസ്ത്വാനുകരണം ദിവസംതോറും ഒരദ്ധ്യായം അല്ലെങ്കിൽ അതിൻെറ ഒരു ഭാഗം വായിക്കണം. (11) ഈ കാര്യങ്ങൾ ശരിയായി നടത്തുന്നതിന് ഓരോന്നിനും ഓരോ സമയം നിശ്ചയിക്കുക. പ്രാർത്ഥനയ്ക്കും പഠനത്തിനും മററു ഭക്തികൾക്കും ഉല്ലാസത്തിനും ഉറക്കത്തിനുമുള്ള സമയം ജ്ഞാനപിതാവിനോട് ആലോചിച്ചു തീരുമാനിക്കണം. (12) പലപ്പോഴും ചെറിയ സുകൃതജപങ്ങൾ ചൊല്ലി മനസ്സ് ദൈവത്തിങ്കലേക്ക് ഉയർത്തണം.

## എല്ലാ ആഴ്ച്ചയിലും

(1) കുമ്പസാരിക്കുക, ദിവ്യകാരുണ്യം സ്വീകരിക്കുക. (2) വെള്ളിയാഴ്ചയും ശനിയാഴ്ചയും ഉപവസിക്കുക. (3) ഈ ദിവസങ്ങളിൽ ജ്ഞാനപിതാവിൻെറ അനുവാദത്തോടുകൂടി വല്ല പ്രായശ്ചിത്തവും അനുഷ്ഠിക്കുക. (4) ജ്ഞാനവായനയ്ക്കും പ്രാർത്ഥനകൾക്കും ഈ ദിവസങ്ങളിൽ വിശേഷാൽ കാൽമണിക്കൂർകൂടെ വിനിയോഗിക്കുക, പാട്ടുണ്ടെങ്കിൽ വല്ല ദൈവാലയത്തിലുംവച്ച് ഇതു നിർവ്വഹിക്കുന്നതു് ഉത്തമം. പകരം വല്ല ആദ്ധ്യാത്മികവിഷയങ്ങളെപ്പററി പ്രസംഗിക്കുകയോ പ്രസംഗം കേൾക്കുകയോ ചെയ്യുക; അല്ലെങ്കിൽ ജ്ഞാനപിതാവിൻെറ അനുവാദത്തോടുകൂടെ മറേറതെങ്കിലും സൽപ്രവൃത്തികൾ നിർവ്വഹിക്കുക. (5) ഒന്നോ രണ്ടോ കൂട്ടുകാരോടുകൂടി നടക്കാൻ പോകുമ്പോഴെല്ലാം ഏതെങ്കിലും ആദ്ധ്യാത്മകവിഷയങ്ങളെപ്പററി ചർച്ചചെയ്യുക.

www.malankaralibrary.com

സംസാരത്തിനുള്ള വിഷയം പ്രഭാതധ്യാനത്തിൽനിന്നോ ജ്ഞാന വായനയിൽനിന്നോ നിയമാവലിയിൽനിന്നോ എടുക്കാവുന്നതാണ്. അവവഴി നിന്നിലുണ്ടായ ഭക്തവികാരങ്ങളും കർത്താവു നല്കിയ നിവേശനങ്ങളും ആ സുഹൃൽസംഭാഷണങ്ങളിൽ വിവരിക്കുക. (6) എല്ലാ ശനിയാഴ്ചയും ദൈവമാതാവിൻെറ ഒരത്ഭുതമോ ഏതെങ്കിലും ജീവിത സംഭവമോ വിവരിച്ച് വല്ലവരോടും സംസാരിക്കുക; അല്ലെങ്കിൽ മററു ള്ളവർ പറയുന്നതു കേൾക്കുക. ഇവ നിൻെറ ഹൃദയത്തിൽ സദ്‌വി കാരങ്ങളും ചിന്തകളും ഉല്പാദിപ്പിക്കുവാൻ ഇടയാകണം. (7) മേല്പ റഞ്ഞ കാര്യങ്ങളിൽ വല്ല കുറവും വന്നാൽ ജ്ഞാനപിതാവിനെ അറി യിച്ചു മാപ്പു ചോദിക്കുക. ഏതെങ്കിലും മററു നിയമലംഘനങ്ങളുണ്ടാ യിട്ടുണ്ടെങ്കിൽ അതും ജ്ഞാനപിതാവിനെ അറിയിച്ചു എന്തെങ്കിലും പ്രായശ്ചിത്തം ആവശ്യപ്പെടുക.

## എല്ലാ മാസവും

(1) ഒരു ദിവസം അഗാധമായ ധ്യാനത്തിനായി തിരിഞ്ഞെടുത്തു കുററങ്ങൾ പരിഹരിക്കുന്നതിലും പുണ്യങ്ങൾ അഭ്യസിക്കുന്നതിലും നി യമങ്ങൾ അനുസരിക്കുന്നതിലും ഉണ്ടായിട്ടുള്ള പുരോഗതി പരിശോധി ക്കുക. (2) തീക്ഷ്ണമതിയും സത്തനുമായ ഒരു യുവസ്നേഹിതനെ തി രഞ്ഞെടുത്ത് അവനോടു നിന്റെ പെരുമാററത്തിലുള്ള കുററങ്ങൾ കണ്ടു പിടിച്ചു പറഞ്ഞുതരാൻ ആവശ്യപ്പെടുക. അവൻ നിന്നിൽ കാണുന്ന കുററം ഹൃദയംഗമമായി സ്നേഹപൂർവ്വം അതിവേഗം നിന്നെ അറിയിക്ക ട്ടെ. (3) ഇതു മനസ്സിലായിക്കഴിയുമ്പോളുടനെ വിവരം ജ്ഞാനപി താവിനെ അറിയിക്കുക. വേറെ വല്ലതും അറിയിക്കാനുണ്ടെങ്കിൽ അതും അദ്ദേഹത്തെ അറിയിച്ച് ഉപദേശത്തിനായി കാത്തിരിക്കുക. (4) നി ൻെറ വശത്തുനിന്നുള്ള എല്ലാ തെററുകളും നീ ജ്ഞാനപിതാവിനെ അറിയിക്കണം. (5) അനുദിനവിശുദ്ധന്മാർക്കു പുറമെ എല്ലാ മാസ ത്തേക്കും ഒരു സ്വർഗ്ഗീയമദ്ധ്യസ്ഥനെ തിരഞ്ഞെടുക്കുക.

## എല്ലാ കൊല്ലവും

(1) നോമ്പിനുമുമ്പുള്ള ആഹ്ലാദദിവസങ്ങളിലോ മറേറതെങ്കിലും സമയത്തോ സെമിനാരിയിലോ മററു വല്ലസ്ഥലത്തോവച്ച് വാർഷിക ധ്യാനം കഴിക്കുക. പട്ടമില്ലാത്തതുകൊണ്ടു പ്രത്യേക ധ്യാനം കഴിക്കേ ണ്ട ആവശ്യമില്ലെങ്കിൽത്തന്നെ, വാർഷികധ്യാനം കഴിക്കണം. കാര്യ മായ വല്ല പ്രതിബന്ധമുണ്ടെങ്കിൽ ജ്ഞാനപിതാവിനെ അറിയിക്കുക. (2) ഒഴിവുകാലം വരുമ്പോൾ വീട്ടിലേക്കു പോകുന്നതിനുമുമ്പു ജ്ഞാ നപിതാവിനെ കണ്ട് എങ്ങനെ ആ ദിവസങ്ങൾ കഴിക്കണമെന്ന്

www.malankaralibrary.com

ആരാഞ്ഞറിയുക. (3) ഒഴിവുദിവസങ്ങൾക്കുമുമ്പ് കൂട്ടകാർക്കെല്ലാം എന്തെങ്കിലും ഒരു സ്മാരകം നല്കുക; അവരിൽനിന്ന് ഓരോ സ്മാരകം സ്വീകരിക്കുക. പ്രയോജനകരമായി കർത്താവിൽ സമയം കഴിക്കുന്നതിന് ഇതു പക്ഷേ ഉപകരിച്ചേക്കും.

## എല്ലാ സമയത്തും

1) കൊള്ളരുതാത്ത കൂട്ടകാരെ പ്രത്യേകം സൂക്ഷിക്കണം. അവരുടെ സംഭാഷണത്തിൽ അശുദ്ധസൂചനകളും മലിനപദങ്ങളും പുച്ഛവും ഗ്രാമീണശൈലിയും ഉണ്ടായിരിക്കും. അന്യവർഗ്ഗക്കാരുടെ സ്നേഹത്തെ അന്വേഷിക്കുന്നവരേയും പ്രേമകാര്യങ്ങളെപ്പററി സംസാരിക്കുന്നവരേയും വർജ്ജിക്കണം. മദ്യഷാപ്പുകളിൽ പോകുന്നവരേയും മദ്യപിക്കുന്നവരേയും പ്രതികാരബുദ്ധികളേയും കലഹക്കാരേയും ഒന്നുപറഞ്ഞു രണ്ടാംവാക്കിന് ആയുധമെടുക്കുന്നവരേയും കടകളുടെ മുമ്പാകെ അലഞ്ഞുതിരിഞ്ഞു നടക്കുന്നവരേയും പണംവെച്ചു ചീട്ടോ പകിടയോ കളിക്കുന്നവരേയും, പൊതുവെ പറയുന്നപക്ഷം, സദ്ശിക്ഷണത്തെ എതിർക്കുന്നവരേയും പഠിക്കാൻ ഇഷ്ടമില്ലാത്തവരേയും വെറും ഉല്ലാസങ്ങൾക്കായി സമയം നഷ്ടപ്പെടുത്തുന്നവരേയും ഒഴിഞ്ഞുമാറണം. 2) സ്വതന്ത്രമായി സ്ത്രീകളോടു സംസാരിക്കുകയോ ഫലിതം പറയുകയോ വിനോദങ്ങളിലേപ്പെടുകയോ ചെയ്യരുത്; ഏതുനിലയിലും അന്തസ്സിലും പ്രായത്തിലുമുള്ളവരായിരുന്നാലും എത്ര ബന്ധപ്പെട്ടവരായിരുന്നാലും വലിയ അടുപ്പം കാണിക്കരുത്. വിപത്തിനോ സന്ദേഹത്തിനോ ഇടയാക്കാവുന്ന യാതൊന്നും അവരെ ഏല്പിക്കയുമരുത്. 3) നിരോധിതമായ കളികളെന്നല്ല അനുവദനീയമായ ചീട്ടുകളി പകിടകളി മുതലായവതന്നെ വർജ്ജിക്കുക; സർവ്വോപരി, അനേകം ആളുകൾ കൂടുന്ന സ്ഥലങ്ങളിൽ അത്തരം കളികളിലേപ്പെടരുത്; കണ്ടുനില്ക്കുകയുമരുത്. 4) യാതൊരു കാരണത്താലും സംസാരത്തിൽ "നീ" എന്ന എത്രയും പരിചിതമായ പ്രയോഗം സ്വീകരിക്കാതിരിക്കുക. ഞാൻ മറെറാരാളുടെ തോളിൽ കൈവയ്ക്കുകയോ പിന്നാലെ ഓടുകയോ തമാശായിട്ടു തല്ലുകയോ അലസമായി തൊടുകയോ ചെയ്യുകയില്ല. പരിഹാസ്യമോ വിപല്ക്കരമോ ആയ പദങ്ങളോ ആംഗ്യങ്ങളോ പ്രയോഗിക്കുകയില്ല. 5) ശുദ്ധതയാകുന്ന ലില്ലിയുടെ നൈർമ്മല്യം സംരക്ഷിക്കുക; കണ്ണുകൾ നിയന്ത്രിക്കുക; ഒരു സ്ത്രീയുടേയും മുഖത്തോ മറേറതെങ്കിലും വിപൽക്കാരണത്തിലേക്കോ സൂക്ഷിച്ചുനോക്കാതിരിക്കുക. അധികം തിന്നുകയോ കുടിക്കുകയോ ചെയ്യരുത്. ഭക്ഷണസമയത്തല്ലാതെ ഇടയ്ക്കു തിന്നരുത്; മടിപിടിച്ചിരിക്കുകയുമരുത്. 6) എളിമ പ്രത്യേകമായി അഭ്യസിക്കുക. നമ്മുടെ ശരീരം

www.malankaralibrary.com

പരിഗണിക്കുകയാണെങ്കിൽ നാം മാലിന്യംതന്നെ; ആത്മാവിന്റെ സ്ഥിതി പരിഗണിക്കുകയാണെങ്കിൽ അജ്ഞതയും പാപവും തന്നെ. നമ്മിൽ കൃപാവരമായോമറേറാ വല്ലനന്മയുമുണ്ടെങ്കിൽ അതു ദൈവത്തിൻെറ അനുഗ്രഹമാണ്. ആകയാൽ സ്വയം പ്രശംസിക്കാതിരിക്കുക; അന്യരാൽ പ്രശംസിക്കപ്പെടാൻപോലും ആഗ്രഹിക്കാതിരിക്കുക. 7) ഈ രണ്ടു പുണ്യങ്ങളുടെകൂടെ സകല പുണ്യങ്ങളുടേയും രാജ്ഞിയായ സ്നേഹവും ഉണ്ടായിരിക്കണം. ഈ പുണ്യം അഭ്യസിക്കാനുള്ള ഉത്തമമായ മാർഗ്ഗം ദ്രോഹങ്ങൾ ക്ഷമയോടെ സഹിക്കുന്നതും ഹൃദയപൂർവ്വം അവ ക്ഷമിക്കുന്നതുമാണ്. ദരിദ്രരോടു കാരുണ്യം പ്രദർശിപ്പിക്കുക. ലൗകികതാത്പര്യങ്ങളും ആഗ്രഹങ്ങളും ധനത്തോടുള്ള മമതയുമൊക്കെ സൂക്ഷിക്കേണ്ട കാര്യങ്ങളാണ്. 8) പാപികളുടെ മാനസാന്തരത്തിനുവേണ്ടിയും സെമ്മിനാരിയിലെ സൊഡാലിററിക്കുവേണ്ടിയും മററും കർത്താവിനോടു പ്രാർത്ഥിക്കുക. തിന്മകൾ എത്രയും രഹസ്യമായി സൗമ്യതയോടുകൂടെ, വേണമെന്നു തോന്നുന്നെങ്കിൽ വിവേകമതികളുടേയും ജ്ഞാനപിതാവിൻെറതന്നെയും ഉപദേശം സ്വീകരിച്ചുകൊണ്ടു് എല്ലാ ഉത്തമപോംവഴികളും പ്രയോഗിച്ചു തിരുത്തുക. അങ്ങനെ തിന്മയും ഉതപ്പും ഇല്ലാതാക്കുക. തിന്മചെയ്യുന്നവരെ പ്രത്യേകപേരൊന്നും വിളിക്കരുതു്. പഠനം കഴിഞ്ഞു സെമിനാരി വിടുമ്പോൾ എങ്ങനെ ജോലിചെയ്യണമെന്നും ശേഷിച്ച ജീവിതകാലത്തു് എന്തു നിയമങ്ങളാണ് പാലിക്കേണ്ടതെന്നും സംബന്ധിച്ചു ജ്ഞാനപിതാവിൻെറ ഉപദേശം തേടുക.

## വൈദികവസ്ത്രംധരിച്ച കൊച്ചുശെമ്മാശന്മാർക്കുള്ള നിയമങ്ങൾ:

1) വൈദികവസ്ത്രം ധരിക്കുന്നവർ തങ്ങളെത്തന്നെ നന്നാക്കാനും തൻെറ അയൽക്കാരൻെറ സുസ്ഥിതിക്കും രക്ഷയ്ക്കുംവേണ്ടി പ്രാർത്ഥിക്കാനും തയ്യാറാകണം. ഇതു് അദ്ദേഹത്തിൻെറ ജീവിതാന്തസ്സു നിർബന്ധപൂർവ്വം ആവശ്യപ്പെടുന്ന കാര്യമാണ്. 2) പട്ടണങ്ങളിലും ജനപ്പെരുപ്പമുള്ളിടത്തും അദ്ദേഹം ളോവതന്നെ ധരിക്കണം. ഗ്രാമത്തിലായിരിക്കുമ്പോഴും യാത്രചെയ്യുമ്പോഴും തിരുസഭ നിശ്ചയിക്കുന്നതരത്തിലുള്ള വസ്ത്രം ധരിക്കണം. സ്വഭവനത്തിലായിരിക്കുമ്പോഴും നാം അടക്കത്തോടെ വ്യാപരിക്കേണ്ടതാണ്; വൈദികവസ്ത്രംതന്നെ അണിയണം, 3) വൃത്തിയായി നടക്കണം; എന്നാൽ, ആർഭാടമൊന്നുമരുതു്. തിരുകർമ്മങ്ങളുടെ സമയത്തു സങ്കീർത്തിയിലും പള്ളിയകത്തും അടക്കവും അന്തസ്സും സ്ഥാനോചിതമായ ഗൗരവും പാലിക്കണം. അതിനുവേണ്ടി തിരുകർമ്മങ്ങൾ കൃത്യമായി അറിഞ്ഞിരിക്കണം. തൻെറ ജീവിതാന്ത

www.malankaralibrary.com

സ്സിനു് അനുയോജ്യമായ നിയമങ്ങൾ അദ്ദേഹം പാലിക്കണം; തന്റെ മെത്രാനെ അനുസരിക്കുകയും വേണം. 4) പഠനകാര്യങ്ങളിൽ ഉത്സാഹംവേണം. ദൈവശുശ്രൂഷയിലും ആത്മാക്കളുടെ രക്ഷയിലും സുവിശേഷപ്രസംഗത്തിലും കുമ്പസാരം കേൾക്കുന്നതിലും മററു പരിശുദ്ധമായ ചുമതലകൾ നിർവ്വഹിക്കുന്നതിലും എന്റെ കഴിവുകൾ മുഴുവനും വിനിയോഗിക്കാൻവേണ്ടി പഠനം പൂർത്തിയാക്കാതെ ഞാൻ സെമ്മിനാരി വിട്ടു പോരുകയില്ല. 5) കൂടുതൽ ആദായകരവും മാന്യവും സുഗമവുമായ സ്ഥാനങ്ങളും ആഗ്രഹിക്കാതെ പ്രാധാന്യമുള്ള സംഗതികളിലെല്ലാം ദൈവതിരുമനസ്സിനും അധികാരികളുടെ തീരുമാനത്തിനും ജ്ഞാനപിതാവിന്റെ ഉപദേശത്തിനും ഞാൻ കീഴ്പ്പെട്ടിരിക്കുന്നതാണു്. ആകയാൽ പഠിക്കുന്നതും സൽപ്രവൃത്തികൾ ചെയ്യുന്നതും ലൗകികതാത്പര്യങ്ങളോടും ഉദ്ദേശ്യത്തോടുംകൂടെ ആയിരിക്കരുതു്. അങ്ങനെ ചെയ്യുന്നതുകൊണ്ടു യോഗ്യതയുണ്ടാകയില്ല; ദൃഢമായ പുണ്യമോ മനസ്സമാധാനമോ പ്രാപിക്കുകയുമില്ല. "ഈ നിയമപ്രകാരം നടക്കുന്ന ഏവരുടെമേലും ദൈവകൃപയും അനുഗ്രഹവും ഉണ്ടാകട്ടെ"...

www.malankaralibrary.com

# II

# 1896

## 1896 – ലെ ജ്ഞാനധ്യാനത്തിൽ സ്വീകരിച്ചതും 1897 – ലും 1898 – ലും സ്ഥിരപ്പെടുത്തിയതുമായ പ്രതിജ്ഞകൾ.

## ദൈവത്തിൻെറ കൂടുതൽ മഹത്വത്തിന്

1. ഒരു തഴക്കമെന്നവണ്ണം താത്പര്യം കൂടാതെ വി. കുർബാന സ്വീകരിക്കുവാൻ ഞാൻ സമീപിക്കയില്ല. കാൽമണിക്കൂറെങ്കിലും കുമ്പ്ലാനസ്സു് ഒരുക്കമായി ഞാൻ ചെലവഴിക്കും.

2. ധ്യാനം, പൊതുവും പ്രത്യേകവുമായ ആത്മശോധന, ജപമാല, ജ്ഞാനവായന, വി. കുർബാനസന്ദർശനം, സെമിനാരിയിൽ ചൊല്ലാറുള്ള പ്രാർത്ഥനകൾ എന്നിവയൊക്കെ ഒഴിവുകാലത്തു് എല്ലാ ദിവസവും ഞാൻ നിർവ്വഹിക്കും. ഇവ വളരെ ഭക്തിയോടെ നിശ്ചിത പരിപാടിയനുസരിച്ചു സെമ്മിനരിയിലെന്നപോലെ ഒഴിവുകാലത്തും ഞാൻ അഭ്യസിക്കും.

3. ആവശ്യമുണ്ടെന്നു തോന്നുമ്പോഴെല്ലാം ഞാൻ മറിയത്തിന്റെ ബഹുമാനാർത്ഥം നിശ്ചിതസങ്കീർത്തനങ്ങൾ ചൊല്ലും. വി. പുണ്യം പാലിക്കുന്നതിനുള്ള അനുഗ്രഹത്തിനായി ദിവസന്തോറും ഞാൻ മൂന്നു "നന്മ നിറഞ്ഞമറിയമേ" എന്ന ജപവും ചൊല്ലുന്നതാണു്.

4. ധ്യാനത്തിലും പ്രാർത്ഥനകളിലും അന്യചിന്തകൾക്കു് അധീനനാകാതിരിക്കാൻ ഞാൻ ശ്രമിക്കും; പ്രത്യേകിച്ചു് ജപമാല, വെസ്പേഴ്സു്, മദ്ധ്യാഹ്നഭക്ഷണം കഴിഞ്ഞുള്ള അഞ്ചുകത്രുജപം എന്നീ അപേക്ഷകൾ പലവിചാരം കൂടാതെ ചൊല്ലിത്തീർക്കുവാൻ ഞാൻ ഉത്സാഹിക്കും. അതിനായി ഞാൻ പ്രാർത്ഥിക്കുമ്പോഴെല്ലാം ഈശോയുടെ സന്നിധിയിൽ, ഒട്ടക്കത്തേ അത്താഴമുറിയിലോ ഗാഗുൽത്തായിലോ മറേറാ നില്ക്കുന്നുവെന്നു ഞാൻ ഭാവനം ചെയ്യും.

www.malankaralibrary.com

5. അഹങ്കാരമാകുന്ന വൃക്ഷം എന്നിൽ വളരാതിരിക്കാൻ സർവ്വോപരി ഞാൻ പരിശ്രമിക്കും. അതു വിചാരിച്ചു ഞാൻ എളിമപ്പെട്ടും; പഠനത്തിലും ഭക്താഭ്യാസങ്ങളിലും ഞാൻ എളിയവനായി സ്ഥാനം പിടിക്കും.

6. പഠനത്തെ സംബന്ധിച്ചിടത്തോളം എൻെറ സകല കഴിവുകളും ഉപയോഗിച്ചു സ്നേഹത്തോടും ഉത്സാഹത്തോടുംകൂടെ ഞാൻ അദ്ധ്വാനിക്കും. വ്യത്യാസമൊന്നും കൂടാതെ എല്ലാ വിഷയങ്ങളും ഞാൻ പഠിക്കും. ഏതെങ്കിലും വിഷയങ്ങൾ എനിക്ക് ഇഷ്ടമില്ലെന്നുപറഞ്ഞു ഞാൻ ഉപേക്ഷിക്കുകയില്ല. ദൈവത്തിൻെറ മഹത്വത്തിനും തിരുസഭയുടെ ബഹുമാനത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുംവേണ്ടി ഞാൻ പഠിക്കും; അല്ലാതെ എൻെറ ബഹുമാനത്തിനോ അന്യരേക്കാൾ മിടുക്കനെന്നു പറയപ്പെടുന്നതിനോവേണ്ടി ഞാൻ പഠിക്കുവാൻ പോകുന്നില്ല. എൻെറ മഹത്വത്തിനുവേണ്ടി ഞാൻ നശിപ്പിച്ചുകളഞ്ഞതാലെന്തിൻെറ കണക്കു ദൈവം എന്നോടു ചോദിക്കുമെന്നു ഞാൻ എന്നെത്തന്നെ അനുസ്മരിപ്പിക്കും.

7. എൻെറ പ്രധാന ദുർഗ്ഗുണമായ സ്വാത്മസ്നേഹത്തെ എല്ലാപ്പോഴും എല്ലാററിനും ഉപരിയായി നിഗ്രഹിക്കുവാൻ ഞാൻ ഉത്സാഹിക്കും. അതിനെ വളത്തിക്കൊണ്ടുവരുന്ന സാഹചര്യങ്ങളെല്ലാം ഞാൻ ഉപേക്ഷിക്കും. എൻെറ സംഭാഷണങ്ങളിൽ എൻെറ വിജ്ഞാനം പ്രകടമാക്കാൻ ഞാൻ ഉത്സാഹിക്കയില്ല. എൻെറ പ്രവൃത്തികളെ നീതീകരിക്കാനുള്ള മാർഗ്ഗങ്ങൾ തേടുകയില്ല. ഇതരരുടെ പെരുമാററം എൻേറതിനേക്കാൾ നന്നാണെന്നു ഞാൻ കരുതും. എനിക്ക് ഔന്നത്യം വരുത്തിയേക്കാവുന്ന ശൈലികളോ വാക്കുകളോ ഞാൻ ഉപയോഗിക്കുകയില്ല. എല്ലാ അഹങ്കാരവും ഞാൻ വജ്ജിക്കും. ജനങ്ങളുടെ ശ്രദ്ധ എന്നിലേക്കു തിരിക്കാനും വലിയവനാണെന്ന് ഇതരർ കരുതാനുള്ള പ്രകടനങ്ങൾ നടത്താതിരിക്കാനും ഞാൻ ശ്രദ്ധിക്കും.

8. വി. കുബ്ബാനയോട് മഹാഭക്തിയും സ്നേഹവും പ്രാപിക്കുന്നതുവരെ ഞാൻ വിശ്രമിക്കുകയില്ല. എൻെറ ചിന്തകളുടെയും സ്നേഹത്തിൻേറയും വിഷയം വി. കുബ്ബാന ആയിരിക്കും. ഒരു സെമ്മിനാരിവിദ്യാത്ഥിയായിരിക്കുമ്പോഴും ദൈവം തിരുമനസ്സായി ഞാൻ ഒരു പുരോഹിതനാകുന്നെങ്കിൽ അപ്പോഴും വി. കുബ്ബാനയായിരിക്കും എൻെറ സ്നേഹഭക്തികളുടെ വിഷയം.

9. എൻെറ എത്രയും പ്രിയപ്പെട്ട അമ്മയായ ദൈവമാതാവിനോടു ഞാൻ വാഗ്ദാനം ചെയ്യുകയും നേരുകയുംചെയ്യുന്നു: സ്വർഗ്ഗീയമായ

www.malankaralibrary.com

വിശുദ്ധപുണ്യത്തിൻെറമേൽ കരിനിഴൽ വീശുന്ന സകല വിചാരങ്ങൾക്കും പ്രവൃത്തികൾക്കും ഞാൻ ഒരിക്കലും സമ്മതം നല്കുകയില്ല. എൻെറ നിശ്ചയത്തെ ദുർബലപ്പെടുത്തുവാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്ന പിശാചിൻെറ പ്രലോഭനങ്ങളിൽനിന്ന് അകന്നിരിക്കുന്നതിനു കന്യകകളുടെ രാജ്ഞിയെ ഞാൻ വിളിച്ചപേക്ഷിക്കും.

10. വിശുദ്ധ കുർബ്ബാനയിൽ തിരുഹൃദയത്തോടുള്ള എന്റെ ഭക്തി ഞാൻ പ്രകടമാക്കും. ഈ ഭക്തി കുട്ടികളെ അഭ്യസിപ്പിക്കുവാൻ ഞാൻ യത്നിക്കും. ദൈവമാതാവിനോടുള്ള ഭക്തിയും ഞാൻ അപ്രകാരം അഭ്യസിപ്പിക്കും.

11. വി. യൗസേപ്പിനെ ഞാൻ വിസ്മരിക്കുകയില്ല. എല്ലാ ദിവസവും എനിക്കും അന്നന്നു മരിക്കുന്നവർക്കും തിരുസ്സഭയ്ക്കും വേണ്ടി ആ പിതാവിനോടു ഞാൻ അപേക്ഷിക്കും.

12. മാർച്ച്, മേയ്, ജൂൺ, ഒക്ടോബർ എന്നു വേണ്ടാ എല്ലാക്കാലത്തുമുള്ള നൊവേനകളിൽ എൻെറ വികാരങ്ങളേയും ഇഷ്ടങ്ങളേയും ഞാൻ നിയന്ത്രിക്കും. ഒഴിവുകാലത്ത് അന്യജനങ്ങളുമായി ഇടപഴകുമ്പോൾ അടക്കത്തിൻെറ കാര്യത്തിൽ ഒന്നുകൂടെ ശ്രദ്ധപതിക്കും. അന്യർക്കു മാതൃകയാകാൻവേണ്ടിയല്ല, പാപസാഹചര്യങ്ങളിൽനിന്ന് അകന്നിരിക്കുവാൻവേണ്ടി മാത്രം.

13. പൗരസ്ത്യരുടെ മാനസാന്തരത്തിന് സർവ്വോപരി, വിഭക്തസഭകളുടെ പുനരൈക്യത്തിനുവേണ്ടി വി. കുർബ്ബാനയിലും കന്യകാമറിയത്തോടും വിശുദ്ധരോടും ഞാൻ പ്രാർത്ഥിക്കും. പരിശുദ്ധമാർപ്പാപ്പായ്ക്കും തിരുസ്സഭയുടെ വിജയത്തിനും എൻെറ പ്രിയപ്പെട്ട മെത്രാനച്ചനും എൻെറ ബന്ധുജനങ്ങൾക്കും ഞാൻ കടപ്പെട്ടിരിക്കുന്നവർക്കുംവേണ്ടി അപേക്ഷിക്കും.

14. സംക്ഷേപിച്ചു പറയുന്നപക്ഷം, എൻെറ എല്ലാ പ്രവൃത്തികളും, "സമസ്തവും ദൈവത്തിൻെറ കൂടുതൽ മഹത്വത്തിന്", എന്ന വി. ഇഗ്നേഷ്യസ് ലയോളയുടെ പ്രിയപ്പെട്ട മുദ്രാവാക്യത്തിന് അനുസൃതമായിരിക്കും.

www.malankaralibrary.com

# 1897

## വിശുദ്ധപുണ്യം

വാനവസഹജമായ പുരോഹിതശുശ്രൂഷയ്ക്കു ക്ഷണിക്കപ്പെട്ടിരിക്കുന്ന എനിക്കു ദൈവകൃപയാലും എത്രയും പരിശുദ്ധയായ കന്യകാമറിയത്തിന്റെ മാദ്ധ്യസ്ഥ്യത്താലും വിശുദ്ധപുണ്യം എത്രകണ്ട് ആവശ്യകമാണെന്നും അതിന്റെ മൂല്യം എത്രയധികമാണെന്നും ശരിയായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പ്രകാശമാനമായ ഈ ദര്‍പ്പണം കളങ്കം കൂടാതെ പാലിക്കാൻവേണ്ടി എന്റെ ജ്ഞാനപിതാവിന്റെ അംഗീകാരത്തോടുകൂടെ ഞാൻ ഏതാനും പ്രതിജ്ഞകൾ രേഖപ്പെടുത്തിയിട്ടുണ്ട്. അവ ശരിയായി കാക്കണമെന്നാണെന്റെ ആഗ്രഹം. എന്റെ സംരക്ഷകരായ അലോഷ്യസ്, സ്റ്റനിസ്ലാസ് കോസ്കാ, ജോൺ ബെക്കുമൻസ് എന്നിവരുടെ കരങ്ങൾവഴി കന്യകകളുടെ രാജ്ഞിക്ക് ഞാൻ ആ പ്രതിജ്ഞകൾ സമര്‍പ്പിക്കുന്നു. അവിടുത്തെ ദൃഷ്ടിയിൽ എത്രയും അമൂല്യരായ വിരക്തിയുടെ ഈ മൂന്നു ലില്ലികളുടെ യോഗ്യതകളെക്കുറിച്ച് എന്റെ നിശ്ചയങ്ങളെ അവിടുന്ന് അനുഗ്രഹിക്കുകയും അവ അനുഷ്ഠിക്കുന്നതിനു വേണ്ട കൃപാവരം അരുളുകയും ചെയ്യുമാറാകട്ടെ.

1. വിശുദ്ധപുണ്യം ദൈവത്തിന്റെ ഒരനുഗ്രഹമാണെന്ന് എത്രയും അഗാധമായി എനിക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നു. അവിടുത്തെ അനുഗ്രഹംകൂടാതെ അതു പാലിക്കുവാൻ എനിക്കു സാദ്ധ്യമാകയില്ല. തന്നിമിത്തം എളിമയുടെ അടിസ്ഥാനത്തിന്മേൽ ഞാൻ ആരംഭിക്കും. എന്നെ തീരെ വിശ്വസിക്കാതെ ദൈവത്തിലും എത്രയും പരിശുദ്ധമറിയത്തിലും എന്റെ ശരണം ഞാൻ വയ്ക്കും. ദിവസന്തോറും വിശുദ്ധപുണ്യത്തിനുവേണ്ടി ഞാൻ കര്‍ത്താവിനോടു പ്രാര്‍ത്ഥിക്കും, യുവാക്കളെ ഉറച്ചുനിറുത്തുന്ന അപ്പവും യുവതികളെ കന്യകകളായി പാലിക്കുന്ന വൃതിയ വീഞ്ഞും പ്രദാനം ചെയ്യുന്ന വി. കുർബാന സ്വീകരിക്കുന്ന സമയത്തു ഞാൻ പ്രത്യേകം പ്രാര്‍ത്ഥിക്കും. കന്യകകളുടെ രാജ്ഞിയോടു ഞാൻ പ്രത്യേകഭക്തി പ്രദര്‍ശിപ്പിക്കും. വിശുദ്ധപുണ്യം സമ്പാദിച്ചു സംരക്ഷിക്കുന്നതിനുവേണ്ടി ചെറിയ ഓഫീസിലെ പ്രാഥമികപ്രാര്‍ത്ഥനയും ത്രികാലജപത്തിലെ ആദ്യത്തെ നന്മനിറഞ്ഞ മറിയവും ജപമാലയുടെ ആദിമദശകവും ഞാൻ കാഴ്ചവയ്ക്കും. മറിയത്തിന്റെ എത്രയും വിരക്തഭര്‍ത്താവായ വി. യൗസേപ്പിനോടും അതേ അനുഗ്രഹത്തിനായി ഞാൻ അപേക്ഷിക്കും. "കന്യകകളുടെ കാവല്ക്കാരാ", എന്ന അപേക്ഷ പ്രതിദിനം രണ്ടുപ്രാവശ്യം ഞാൻ ചൊല്ലും. ഞാൻ മുമ്പുപറഞ്ഞ മൂന്നു

www.malankaralibrary.com

വിശുദ്ധ യുവാക്കളെ അനുകരിക്കുകയും അവരോടു പ്രത്യേകമായ ഒരു ഭക്തി ഞാൻ പ്രദർശിപ്പിക്കുകയും ചെയ്യും.

2. എന്റെ വികാരങ്ങളെ അതികണിശമായി ഞാൻ നിയന്ത്രിക്കും. ക്രിസ്തീയമായ അടക്കത്തിന്റെ പരിധികൾ ഞാൻ കടന്നുപോകയില്ല. അതിനായി എന്റെ കണ്ണുകളെ ഞാൻ നിയന്ത്രിക്കും. അവയെ വഞ്ചനയേറിയ കെണികൾ എന്നു വി. അംബ്രോസും, "ആത്മാവിനെ അപഹരിക്കുന്ന ചോരന്മാർ" എന്നു പാദുവായിലേ വി. അന്തോനീസും സംബോധന ചെയ്തിരിക്കുന്നു. തിരുനാളുകൾക്കു വന്നുകൂടുന്ന വലിയ ജനക്കൂട്ടത്തിൽനിന്നു ഞാൻ മാറിനില്ക്കും. തദവസരങ്ങളിൽ വിശുദ്ധ പുണ്യത്തിനെതിരായി യാതൊന്നും എന്റെ കണ്ണുകളിൽ പതിക്കാതിരിക്കാൻ ഞാൻ സൂക്ഷിക്കും; കണ്ണുകൾ താഴ്ത്തിപ്പിടിക്കും.

3. ജനനിബിഡമായ നഗരങ്ങളിലും സ്ഥലങ്ങളിലുംകൂടി കടന്നുപോകുമ്പോൾ ഞാൻ നിയന്ത്രണബോധം പ്രകാശിപ്പിക്കും; പരസ്യങ്ങളും മാതൃകകളും അശ്ലീലവസ്തുക്കൾ സംഭരിച്ചിരിക്കുന്ന കടകളും ഞാൻ തിരിഞ്ഞുനോക്കുകയില്ല. പ്രഭാഷകന്റെ വാക്കുകൾ ഞാൻ സ്മരിക്കും: "നഗരവീഥികളിൽവച്ച് അങ്ങുമിങ്ങും നോക്കരുത്; തെരുവീഥികളിലൂടെ അലഞ്ഞുനടക്കുകയുമരുത്" (9, 7).

ദൈവാലയങ്ങളിൽ മാതൃകാപരമായ അടക്കത്തോടെ ഞാൻ വർത്തിക്കും. മാത്രമല്ല ശാലീനതയ്ക്കു യോജിക്കാത്ത ചിത്രങ്ങൾ, കൊത്തുപണികൾ, രൂപങ്ങൾ തുടങ്ങിയ കലാവസ്തുക്കൾ വിശിഷ്യ ചിത്രങ്ങൾ ഞാൻ വീക്ഷിക്കുകയില്ല.

4. എത്ര ഉന്നതനിലയിൽ ഇരിക്കുന്നവരോ ബന്ധപ്പെട്ടവരോ, എത്രയും പരിശുദ്ധരോ ആയിരുന്നാലും സ്ത്രീകളോട്, അതിലും പ്രത്യേകിച്ചു യുവതികളോടു ഞാൻ വളരെ സൂക്ഷിച്ചേ പെരുമാറുകയുള്ളൂ. അവരുടെ സ്നേഹവും പരിചയവും കൂട്ടുകെട്ടും ഞാൻ കഴിയുന്നത്ര വർജ്ജിക്കും. അവരുടെ മുഖത്തു ഞാൻ സൂക്ഷിച്ചുനോക്കുകയില്ല. "കന്യകമാരുടെ സൗന്ദര്യം നിനക്ക് ഇടർച്ചയ്ക്കു കാരണമാകാതിരിക്കാൻ അവരെ നീ ഉററുനോക്കാതിരിക്കുക" എന്ന പരിശുദ്ധാത്മാവിന്റെ ഉപദേശം ഞാൻ സദാ അനുസ്മരിക്കും. അവരോട് എന്റെ രഹസ്യങ്ങൾ ഞാൻ പറയുകയില്ല; അവരോടുള്ള എന്റെ സംഭാഷണം ശുഷ്കവും സംക്ഷിപ്തവും വിവേകപൂർവ്വവും ശുദ്ധവുമായിരിക്കും.

5. അശ്ലീലചിത്രങ്ങളോ വർണ്ണനകളോ ഉള്ള ഗ്രന്ഥങ്ങൾ ഞാൻ സൂക്ഷിക്കുകയില്ല; അവ ഞാൻ തിരിഞ്ഞുനോക്കുകയുമില്ല. എന്റെ

www.malankaralibrary.com

സ്നേഹിതന്മാരുടെ കൈയിൽത്തന്നെ അത്തരം ഗ്രന്ഥങ്ങൾ ഞാൻ കാണുന്നപക്ഷം ഇടച്ചിട്ട് ഇടംവരുകയില്ലെങ്കിൽ അവ ഞാൻ കീറിക്കളയുകയോ കത്തിക്കുകയോ ചെയ്യും.

6. എൻെറ സംഭാഷണം എത്രയും ശാലീനമായിരിക്കും. അങ്ങനെ സന്മാത്മക നല്ലതിനും പുറമേ, സ്വഭവനത്തിൽവച്ചു വിശുദ്ധ പുണ്യത്തിനു് അനുരൂപമല്ലാത്ത സംഭാഷണങ്ങളിൽ ഞാൻ ഏർപ്പെടുകയുമില്ല. എൻെറ സന്നിധിയിൽവച്ചു പ്രേമകഥകളോ അശ്ലീലസംഗീതങ്ങളോ വർണ്ണിക്കുവാൻ ഞാൻ അനുവദിക്കുകയില്ല. പ്രേമഗാനങ്ങൾ പാടുവാനും ഞാൻ സമ്മതിക്കുകയില്ല. അന്യർ അടക്കംകൂടാതെ സംസാരിച്ചാൽ ഞാൻ അതിൻെറ അപാകത പതുക്കെ സൂചിപ്പിക്കും. അവർ അതു തുടരുകയാണെങ്കിൽ എൻെറ അഗാധമായ അതൃപ്തി പ്രദർശിപ്പിക്കുവാൻ ഞാൻ അവരിൽനിന്നു വിട്ടുമാറും. സെമിനാരിയിൽ വച്ചു ഞാൻ ഇക്കാര്യത്തിൽ കൂടുതൽ സൂക്ഷിക്കും. സ്നേഹപ്രകടനങ്ങളും പ്രത്യേക സ്നേഹവും ഞാൻ വർജ്ജിക്കും. ലോകത്തിൽ സ്വീകാര്യങ്ങളായ വാക്കുകളും പ്രവൃത്തികളും വൈദികവിദ്യാർത്ഥികൾക്കു യോഗ്യമല്ല.

7. ഭക്ഷണമുറിയിൽ ഞാൻ കൊതികാണിക്കയില്ല; അധികം സംസാരിക്കുകയുമില്ല. ഏതെങ്കിലും ചെറിയ ആശാനിഗ്രഹത്തിനു ഞാൻ മാർഗ്ഗം കണ്ടെത്തും. വീഞ്ഞുകുടിക്കുന്ന കാര്യത്തിലും ഞാൻ മിതത്വം പാലിക്കും. സ്ത്രീകളിലെന്നപോലെ മദ്യത്തിലും അപകടമുണ്ടു്. "സ്ത്രീകളും മദ്യവും ബുദ്ധിമാന്മാരെക്കൂടി വഴിതെററിക്കുന്നു."

8. എൻെറ ശരീരത്തെ സംബന്ധിച്ചും ഞാൻ വളരെ അടക്കം പാലിക്കും. എൻെറ കണ്ണുകളേയും കൈകളേയും മനസ്സിനേയും ഞാൻ പൊതുസ്ഥലങ്ങളിലും രഹസ്യസ്ഥലങ്ങളിലും സൂക്ഷിക്കും. ഇതിനും അത്തരം ചലനങ്ങൾക്കുള്ള സന്ദർഭങ്ങൾ നീക്കംചെയ്യുന്നതിനുംവേണ്ടി രാത്രി ഉറങ്ങാൻപോകുന്നതിനുമുമ്പു കന്യകാമറിയത്തിൻെറ ജപമാല ഞാൻ കഴുത്തിൽ ധരിക്കുകയും കൈകൾ കുരിശാകൃതിയിൽ നെഞ്ചിൽ വയ്ക്കുകയും ചെയ്യും. ഉണരുമ്പോഴേക്കു കൈകൾക്കു മാററംവരാതിരിക്കാൻ ഞാൻ ശ്രദ്ധിക്കും.

9. എല്ലാക്കാര്യത്തിലും ഒരു മാലാഖായെപ്പോലെ പരിശുദ്ധനായിരിക്കേണ്ടതാണെന്നകാര്യം ഞാൻ സദാ ഓർമ്മിക്കും. വി. അലോഷ്യസ്സ്, സ്റ്റനിസ്ലാസ്, ബെർക്കുമാൻസ് എന്നിവരിൽ പ്രകാശിച്ചിരുന്ന പരിശുദ്ധമായ അടക്കം എന്നെ സംബന്ധിക്കുന്ന എല്ലാക്കാര്യങ്ങളിലും വിചാരത്തിലും സംസാരത്തിലും പ്രവൃത്തിയിലും പ്രകാശിതമാകണമെന്നാണു്

www.malankaralibrary.com

എൻെറ ആഗ്രഹം. അങ്ങനെയുള്ള അടക്കം ദൈവത്തിനു പ്രീതികരവും ഇമ്പവുമാണ്. അതു് എത്രയും സമാദരണീയമാണ്; വിരക്തഹൃദയത്തിൻേറയും ആത്മാവിൻേറയും ബഹിർപ്രകാശനവുമാണ്.

10. വേറെയാരും എൻെറകൂടെ ഇല്ലാത്തപ്പോഴും ഞാൻ തനിച്ചല്ലായെന്നു വിസ്മരിക്കരുതു്. ദൈവവും ദൈവമാതാവും കാവൽമാലാഖായും എന്നെ കാണുന്നു. ഞാൻ സദാ ഒരു വൈദികവിദ്യാർത്ഥിയുമാണ്. വിശുദ്ധ പുണ്യത്തിനെതിരായുള്ള പാപസന്ദർഭമുണ്ടാകുകയാണെങ്കിൽ, ഞാൻ കൂട്ടതലായി ദൈവത്തോടും മരിയാംബികയോടും കാവൽമാലാഖയോടും അപേക്ഷിക്കും. "അമലോത്ഭവമറിയമേ, എന്നെ സഹായിക്കുക", അതായിരിക്കും എൻെറ അപേക്ഷ. അനന്തരം ഈശോയെ ചമ്മട്ടികൊണ്ടടിച്ചകാര്യം ഞാൻ ചിന്തിക്കും; "മനുഷ്യാ, എല്ലാക്കാര്യങ്ങളിലും നിൻെറ അന്ത്യം ഓർമ്മിക്കുക; എന്നാൽ നീ പാപം ചെയ്യുകയില്ല" എന്ന വസ്തുതയും ഞാൻ അനുസ്മരിക്കും.

www.malankaralibrary.com

# III

# 1898

## 1898 ഫെബ്രുവരി 27

എന്റെ ജ്ഞാനധ്യാനം കഴിഞ്ഞിട്ട് ഒരാഴ്ചയേ ആയുള്ളു എന്ന വസ്തുത ചിന്തിക്കുമ്പോൾ ഞാൻ എന്റെ സമയം എത്രയും മോശമായിട്ടാണു ചെലവഴിച്ചതെന്നു പറയണം! പ്രാർത്ഥനയിൽ വളരെയേറെ അന്യവിചാരങ്ങളുണ്ടായിട്ടുണ്ട്. ഏകാഗ്രമായിരിക്കാൻ ഞാൻ ആവും വിധം ഉത്സാഹിച്ചിട്ടുണ്ടെന്നു തോന്നുന്നുണ്ടെങ്കിലും എന്റെ പലവിചാരങ്ങൾക്കു ഞാൻ കുററക്കാരനാണ്. ഞാൻ ചെയ്തിരുന്ന കാര്യങ്ങളിൽ വേണ്ടത്ര ഏകാഗ്രത പാലിച്ചിട്ടില്ല. എതായാലും കഴിഞ്ഞ ആഴ്ച തീരെ മോശമായിരുന്നു.

ഈ പലവിചാരങ്ങളെപ്പററി ചിന്തിച്ചു സ്വയം എളിമപ്പെട്ടുന്നതിനുപകരം അവയെപ്പററി ഉൽക്കണ്ഠാകുലനായി എന്നതാണ് ഏററവും കഷ്ടമായിപ്പോയതു്. മതി, ദൈവമേ, എന്നോടു ക്ഷമിക്കുക. എന്റെ അബദ്ധസംതൃപ്തി അവിടുന്നു പ്രകടമാക്കിത്തരുന്നു. അവിടുന്നു എന്നെ പരീക്ഷിച്ചു; ഞാൻ എത്ര നിസ്സാരനാണെന്നു് അവിടുന്നു വ്യക്തമാക്കിയിരിക്കുന്നു. അവിടുത്തേ തിരുനാമത്തിനു സ്തുതി.

കൂടുതൽ ഏകാഗ്രനായിരിക്കുമെന്നു ഞാൻ പ്രതിജ്ഞചെയ്യുന്നു. എത്രയും പരിശുദ്ധ കന്യകയും കാവൽമാലാഖായും എന്റെ പ്രിയപ്പെട്ട ജോൺ ബെർക്കുമൻസും എന്റെ സഹായത്തിനു വരട്ടെ. എന്റെ കഷ്ടതകളുടെ ഇടയിലും ഞാൻ ദൈവത്തെ സ്നേഹിക്കുന്നുണ്ടെന്നു് അവിടുത്തേക്കു് അറിയാം. എല്ലാവരും അവിടുത്തെ സ്നേഹിക്കണമെന്നാണ് എന്റെ ആഗ്രഹം. ഞാൻ ഒരു പാപിയാണെങ്കിലും ദൈവം എന്നെ ശിക്ഷിക്കാതെ രക്ഷിക്കാനിടയാകട്ടെ. "കർത്താവേ, ഞാൻ അങ്ങയെ സ്നേഹിക്കുന്നുവെന്നു് അങ്ങേക്കു് അറിയാമല്ലോ!"

## മാർച്ച് 6–ാംനു ഞായറാഴ്ച

പ്രാർത്ഥനയിൽ എനിക്കു് അന്യചിന്തകൾ കുറവായിരുന്നു; എന്നാൽ എല്ലായ്പ്പോഴും ഞാൻ ഏകാഗ്രചിത്തനായിരുന്നില്ല. അടുത്തദിവ

www.malankaralibrary.com

സങ്ങളിൽ ഞാൻ സുകൃതജപങ്ങൾ അധികമായി ചൊല്ലിയില്ല. തന്നിമിത്തം ഇത്രയുംനാൾ കഴിഞ്ഞിരുന്നതുപോലെ എനിക്കു് ഈശോയോടുള്ള ഐക്യത്തിൽ കഴിയുവാൻ സാധിച്ചില്ല.

മുന്നേറുവാൻ ശ്രമിക്കുന്തോറും ഞാൻ എത്രയും പിറകിലാണു സ്ഥിതിചെയ്യുന്നതെന്നു മനസ്സിലാക്കുന്നു. ഇന്നുമുതൽ പ്രഭാതത്തിലും സായാഹ്നത്തിലും ശയനമുറിയിലും ഏകാഗ്രതയോടെ ചെലവഴിക്കുവാൻ ഞാൻ യത്നിക്കും. പകൽ പ്രത്യേകിച്ചു് ഉല്ലാസസമയത്തും പഠനസമയത്തും ഞാൻ ധാരാളം സുകൃതജപങ്ങൾ ചൊല്ലും. ഉല്ലാസസമയത്തു ഞാൻ അത്യധികം പുലമ്പുകയില്ല; അതിരുകടന്നു് ഉല്ലസിക്കുകയുമില്ല. വി. ത്രേസ്യായോടു്, "ഞാൻ ത്രേസ്യായുടെ ഈശോയാണു്" എന്നു ഈശോ പറഞ്ഞുവല്ലോ. എന്നെയും അവിടുന്നു് അങ്ങനെ വിളിക്കുന്നതിനു് ഇടയാകത്തക്കവിധം ഞാൻ വ്യാപരിക്കും. എൻെറ പേരു് "ആഞ്ചെലോ" എന്നാകയാൽ ഈശോയുടെ ഒരു എയിഞ്ചൽ അതായതു മാലാഖയാകാൻ ഞാൻ പരിശ്രമിക്കും. വി. യൗസേപ്പ് എന്നെ സഹായിക്കുമാറാകട്ടെ. അവിടുത്തേ ഏകാഗ്രത അവിടുന്നു് എനിക്കു നല്കുമാറാകട്ടെ. എൻെറ ഈശോ, എൻെറമേൽ കൃപയുണ്ടാകണമേ.

## മാർച്ചു് 13–ാം നു ഞായറാഴ്ച

ഈ ആഴ്ചയിലും പല പരാജയങ്ങൾ! പല നിരർത്ഥകവും മൂഢവുമായ കാര്യങ്ങൾ പള്ളിക്കൂടത്തിൽ ഞാൻ പുലമ്പി. ആത്മശോധന ഞാൻ അതിവേഗംചെയ്തു; രാവിലെ എഴുന്നേല്ക്കുമ്പോൾ ഏകാഗ്രത പാലിക്കാൻ പരിശ്രമിച്ചില്ല. തന്നിമിത്തം എൻെറ ധ്യാനത്തിൽനിന്നു ശരിയായ പ്രയോജനം സിദ്ധിച്ചിട്ടില്ല.

ഞാൻ പ്രതിജ്ഞചെയ്തിരുന്നതുപോലെ അടുത്തടുത്തു ഞാൻ സുകൃതജപങ്ങൾ ചൊല്ലിയില്ല. ഈ ആഴ്ച ഈ മൂന്നു കാര്യങ്ങളിലും ഞാൻ വളരെയേറെ ശ്രദ്ധപതിക്കണം. എൻെറ വീട്ടിലെ സാമ്പത്തികക്ലേശങ്ങളോർത്തു ഞാൻ പരിഭ്രമിക്കുന്നില്ല. ഈ വിചാരം എന്റെ മനസ്സിൽ വരുമ്പോൾ ഞാൻ കുടുംബാംഗങ്ങൾക്കുവേണ്ടി അപേക്ഷിക്കും. അവർ ദൈവതിരുമനസ്സിനു കീഴ്പ്പെടുന്നതിനും അവരെ ദ്രോഹിക്കുന്നവരോടു് അവർ ക്ഷമിക്കുന്നതിനും അവരാരും ദൈവത്തെ ദ്രോഹിക്കാതിരിക്കാനും വേണ്ടിയായിരിക്കും എൻെറ പ്രാർത്ഥന.

സത്യവും നിഷ്കളങ്കതയും വിജയിക്കുന്നതിനുവേണ്ടി ഞാൻ ഇക്കാര്യം മറിയത്തേയും വി. യൗസേപ്പിനേയും ഏല്പിക്കും. ഇതു് എനി

www.malankaralibrary.com

ക്കു് ഒരു മഹാപരീക്ഷണമാണു്. എന്തുതന്നെ സംഭവിക്കുന്നതായാലും ദൈവത്തിനു സ്തുതി! അവിടുത്തെ ഹിതം നിറവേറട്ടെ.

## മാർച്ചു് 20–ാം നു ഞായറാഴ്ച (ധ്യാനാവസരം)

ജ്ഞാനധ്യാനം കഴിഞ്ഞിട്ടു് ഒരുമാസമായി. പുണ്യസമ്പാദനത്തിൽ ഞാൻ എത്രമാത്രം പുരോഗമിച്ചു! ഹാ! നിർഭാഗ്യൻ ഈ ദിവസങ്ങളിലെ എൻെറ കാര്യങ്ങൾ പരിശോധിക്കുന്നതായാൽ ഞാൻ ലജ്ജിക്കേണ്ടിവരും. എൻെറ എളിയസ്ഥിതി ബോധ്യമാകും, എൻെറ പ്രവൃത്തികൾ തീരെ അപൂർണ്ണമാണെന്നു ഞാൻ കണ്ടിരിക്കുന്നു. ഞാൻ തൃപ്തികരമാംവണ്ണം ധ്യാനിച്ചിട്ടില്ല. ഞാൻ വേണ്ടവിധം വി. കുർബ്ബാന കണ്ടില്ല. ഞാൻ എഴുന്നേററു മുഖം കഴുകുമ്പോൾത്തന്നെ വ്യഗ്രചിത്തനായി. പതിവുള്ള തീക്ഷ്ണതയോടെ ഞാൻ വി. കുർബ്ബാന സന്ദർശിച്ചില്ല. എൻെറ പൊതുവായ ആത്മശോധന പ്രയോജന രഹിതമാകും വിധമത്രേ ചെയ്തിട്ടുള്ളതു്. സന്ധ്യാജപംചൊല്ലുന്ന നേരത്തു് എൻെറ മനസ്സു് ഉഴലുകയായിരുന്നു. ഉഷ്ണകാലത്തുണ്ടാകാറുള്ള ക്ഷീണത്തിനു ഞാൻ അടിമപ്പെട്ടു. ഞാൻ ആരംഭിച്ചിരിക്കുന്ന യാത്രയുടെ ആരംഭത്തിൽത്തന്നെയാണു് ഇന്നും. ഈ വിചാരം എന്നെ ലജ്ജിപ്പിക്കുന്നു. ഇതിനകം ഒരു വിശുദ്ധനാകാമെന്നു ഞാൻ കരുതിയിരുന്നു; എന്നാൽ ഇന്നും ഞാൻ മഹാനീചൻതന്നെ.

ഇവയൊക്കെ എന്നെ എളിമപ്പെടുത്തേണ്ടതും ഞാൻ തീരെ ഉപകാരമില്ലാത്ത വസ്തുവാണെന്നു് എന്നെ ബോധ്യപ്പെടുത്തേണ്ടതുമാണു്. എളിമ! എളിമ! കുറേക്കൂടെ എളിമതന്നെവേണം. ഈ കഷ്ടതകളിലെല്ലാം കർത്താവു് എന്നെ ഉപേക്ഷിച്ചിട്ടില്ലാത്തതുകൊണ്ടു ഞാൻ അവിടുത്തോടു നന്ദിപറയേണ്ടതാണു്. നന്നാകാനുള്ള ആഗ്രഹമെനിക്കുണ്ടു്. അതിനു ഞാൻ ദൈവത്തോടു നന്ദിപറയുന്നു; അതുകൊണ്ടു ഞാൻ മുന്നേറണം. മുന്നേറണമെന്നാണോ ഞാൻ പറഞ്ഞതു്? അല്ല ആരംഭംമുതല്ക്കുതന്നെ ഞാൻ തുടരണം. ശരി! ഞാൻ അങ്ങനെതന്നെ ചെയ്യും. എന്തിനാണു ഞാൻ കാത്തിരിക്കുന്നതു്? പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിലും കന്യകാമറിയത്തിൻേറയും വി. യൗസേപ്പിൻേറയും സംരക്ഷണത്തിലും നമുക്കു മുമ്പോട്ടു നീങ്ങാം.

ഇക്കാര്യങ്ങളെപ്പററി എനിക്കു കൂടുതൽ സൂക്ഷ്മംവേണം. ഞാൻ പറഞ്ഞ തെററുകൾ വർജ്ജിക്കുന്നതിനു് ഇവ എന്നെ സഹായിക്കും. അതുമതി! എത്രമാത്രം പുരോഗമിച്ചുവെന്നു് അടുത്ത ധ്യാനത്തിൽ നോക്കാം. ഇപ്പോൾ, ദൈവമേ, എന്നെ അനുഗ്രഹിക്കുക.

www.malankaralibrary.com

## മാർച്ച് 28-ാം നു തിങ്കളാഴ്ച

ഈ വാഗ്ദാനങ്ങളിൽ നിന്നെല്ലാം എന്തു നന്മ ഉളവായിട്ടുണ്ട്? കഷ്ടമേ, ഞാൻ അവയൊക്കെ മറന്നുകഴിഞ്ഞു. ഇങ്ങനെ പോയാൽ ഞാൻ കുഴപ്പത്തിൽ ചെന്നുചേരും. ഇപ്പോഴും എന്റെ സ്ഥിതി അങ്ങനെതന്നെ. എന്താണ് ഇങ്ങനെ സംഭവിക്കുന്നതെന്നു പരിശോധിക്കുമ്പോൾ, ഞാൻ വേണ്ടപോലെ ഏകാഗ്രത പാലിച്ചിട്ടില്ലെന്നുള്ളതാണു കാരണമായി കാണുന്നത്.

ഇക്കാരണത്താൽ എന്റെ ഭക്താഭ്യാസങ്ങൾക്കെല്ലാം എന്തോ പോരായ്മയുള്ളതായി ഞാൻ കാണുന്നു. എന്റെ ധ്യാനത്തിലും വി. കുർബ്ബാനയുടെ സന്ദർശനത്തിലും സന്ധ്യാജപത്തിലും, ആത്മശോധനയിലും എല്ലാത്തിലുംതന്നെ എന്തോ കുറവുണ്ട്. ഹാ, എന്റെ സന്ധ്യാജപം! മററുള്ളവരോട് ഏകാഗ്രത പാലിക്കാൻ നിരന്തരം ഞാൻ നിർദ്ദേശിച്ചുകൊണ്ടിരിക്കയാണ്. എത്ര ലജ്ജാവഹം!

മററുള്ളവക്കു മാതൃകയായിരിക്കേണ്ട ഞാൻ അവരുടെ സുകൃത ജീവിതത്തിന്റെ മുമ്പിൽ നിഷ്പ്രഭനാകുന്നു. എല്ലാകാര്യങ്ങളിലും ഞാൻ പ്രഥമത: ഏകാഗ്രത പാലിക്കേണ്ടതാണ്. എന്റെ രക്ഷയ്ക്കുവേണ്ടി ദൈവം തന്നിട്ടുള്ള മാർഗ്ഗങ്ങളെപ്പററി ഇന്നു ഞാൻ ധ്യാനിച്ചു. അപ്പോളെനിക്കു ലജ്ജിക്കേണ്ടതായ പലതുണ്ടെന്നു ഞാൻ കണ്ടു.

ഈ നിലപാട് അവസാനിച്ചേ മതിയാവൂ. ഇതുവരെ ഞാൻ ദൈവത്തോടുകളിച്ചു; എന്നാൽ, ദൈവത്തോടു കളിക്കാവുന്നതല്ല. ഇന്നുമുതൽ ഞാൻ യഥാർത്ഥത്തിൽ നന്നാകാൻ നോക്കും. ഞാൻ ദിവസം മുഴുവനും ഏകാഗ്രതയോടെ ചെലവഴിക്കും; അദ്ധ്യവഷപരീക്ഷയെപ്പററി ചിന്തിച്ചു ഞാൻ വ്യഗ്രചിത്തനാകയില്ല. സർവ്വോപരി പൊതുനിയമങ്ങളെല്ലാം വിശിഷ്യ, മൗനനിയമം അനുസരിക്കുവാൻ വളരെയേറെ സൂക്ഷിക്കും.

വിശുദ്ധ കുർബ്ബാനയിൽ എന്റെ സ്നേഹിതനും ആശ്വാസകനുമായ ഈശോയോടു ഞാൻ യോജിച്ചിരിക്കും. എല്ലാം ശുഭമാവുകയും ചെയ്യും. എന്റെ ഈശോ എന്റെമേൽ കൃപയുണ്ടാകണമേ.

www.malankaralibrary.com

# IV

## ഏപ്രിൽ 4-ാംനു- തിങ്കളാഴ്ച-

ഈയാഴ്ച ഞാൻ സാമാന്യം ഭേദമായിട്ടാണു ജീവിച്ചതു്; എന്നാൽ, എല്ലാം ശരിയായിട്ടില്ല. പരീക്ഷയുടെ ബഹളത്തിനിടയ്ക്കു ചില കാര്യങ്ങൾ ഞാൻ സൂക്ഷിച്ചിട്ടില്ല.

ഇനിയും എനിക്കു പലതും ചെയ്യാനുണ്ടു്; പ്രത്യേകിച്ചു പ്രാർത്ഥനയിലേ ഏകാഗ്രതയെ സംബന്ധിച്ചിടത്തോളം. ഞാൻ എന്നെത്തന്നെ നിഷേധിക്കണം, നിന്ദിക്കണം. ഈ പരിശുദ്ധ വാരത്തിൽത്തന്നെ ഈ ത്യാഗം ഞാൻ അനുഷ്ഠിക്കണമെന്നു് ഈശോ തൻെറ പീഡാനുഭവത്തെക്കുറിച്ചു് എന്നോടു യാചിക്കുകയാണു്. എനിക്കു നിഷേധിക്കാമോ? ഇല്ല, എന്റെ ഈശോ, ഒരിക്കലും പാടില്ല.

## ഏപ്രിൽ 22-ാംനു- വെള്ളിയാഴ്ച-

വിശുദ്ധവാരം കടന്നുപോയി; ഒഴിവുകാലവും കഴിഞ്ഞു. ഞാൻ മുന്നോട്ടു നീങ്ങുന്നതിനുപകരം പിറകോട്ടടിച്ചിരിക്കുന്നു. ഇത്രയേറെ നല്ല പ്രതിജ്ഞകൾക്കുശേഷം ഇതു എങ്ങനെ സംഭവിക്കുന്നു? എന്നാൽ സ്ഥിതി ഇങ്ങനെതന്നെയാണെന്നുള്ളതു വാസ്തവം. കഴിഞ്ഞ പതിനെട്ടു ദിവസത്തിനുള്ളിൽ ഞാൻ ഒരാത്മീയക്കുറിപ്പും എഴുതിയില്ലെന്നുള്ളതാണു് ഏററവും മോശം. എല്ലാ ആഴ്ചകളിലും ആധ്യാത്മികാഭ്യാസങ്ങൾക്കുശേഷം ഞാനങ്ങനെ ചെയ്യാറുള്ളതായിരുന്നു. ഈശോ, എന്റെമേൽ കൃപയുണ്ടാകണമേ.

ഇതു് എങ്ങനെ സംഭവിച്ചുവെന്നു് എനിക്കറിഞ്ഞുകൂടാ. ഈശോയോടു് എനിക്കു സ്നേഹം തോന്നുന്നുണ്ടു്; നന്നായിട്ടു ജീവിക്കണമെന്നു് ആഗ്രഹവുമുണ്ടു്. എന്നിട്ടും എന്റെ ഭക്താഭ്യാസങ്ങൾ ഞാൻ മോശമായിട്ടാണു കഴിക്കുന്നതു്. എന്റെ മനസ്സു് അലഞ്ഞുനടക്കുകയാണു്. ഞാൻ സുകൃതജപങ്ങൾ വിരളമായിട്ടേ ചൊല്ലുന്നുള്ളൂ. ഈ ഒഴിവുകാലത്തു് ഈശോയ്ക്കു് എന്നോടു തൃപ്തിയായിരിക്കുമോ? അവ തീരെ മോശമായെന്നു തോന്നുന്നില്ല; എങ്കിലും ഒന്നുകൂടി മെച്ചമായ ഫലങ്ങളായിരുന്നു ഞാൻ പ്രതീക്ഷിച്ചിരുന്നതു്. ഞാൻ എന്റെ ആധ്യാത്മികാ

www.malankaralibrary.com

ഭ്യാസങ്ങളിൽ കൂടുതൽ ശ്രദ്ധ പതിച്ചിട്ടുള്ളതാണ്; എല്ലാകാര്യങ്ങളിലും കൂടുതൽ ഉത്സാഹം പ്രദർശിപ്പിച്ചിരുന്നതുമാണ്. ഒരു കുററം എനിക്കു സാധാരണയായി ഉണ്ടാകുന്നുണ്ട്. ശ്ലേമോനെപ്പോലെ ആകാനും അന്യരെ വിധിക്കാനും യഥേഷ്ടം നിയമങ്ങളുണ്ടാക്കാനും ഞാൻ കൊതിച്ചു. ഹാ എന്തൊരഹങ്കാരം! എന്റെ പഴയ സ്വാത്മസ്നേഹം ഞാൻ വീണ്ടും എന്നിൽ കാണുന്നു. ഈ ചിന്ത അടുത്ത ഒഴിവുകാലത്തു കൂടുതൽ സൂക്ഷിക്കുവാൻ എന്നെ പ്രേരിപ്പിക്കും. ഏതായാലും എല്ലാം അവസാനിച്ചു. യേശുക്രിസ്തുവിന്റെ കൃപയാൽ ഈ ഒഴിവുകാലത്ത് എനിക്കു ലജ്ജിക്കേണ്ടതായി ഒന്നുമില്ലെന്നു ഞാൻ കരുതുന്നു. നാളെ ഞാൻ ഒരു പുതിയ ജീവിതം സമാരംഭിക്കുകയാണ്. ഹാ, എന്തൊരാനന്ദം!

കത്താവു മേയ്മാസത്തിലും ജൂൺമാസത്തിലും ധാരാളം അനുഗ്രഹങ്ങൾ പ്രദാനംചെയ്യുന്നുണ്ട്. കുടുംബക്ലേശങ്ങൾ എന്നെ അലട്ടിക്കൊണ്ടിരിക്കുന്നു. എങ്കിലും ധൈര്യപ്പെടുക. എല്ലാം ഈശോയിലും ഈശോയ്ക്കുവേണ്ടിയും. പിന്നെ വരുന്നതുപോലെ വരട്ടെ.

## മെയ് 1–ാംനു ഞായറാഴ്ച

എത്ര മനോഹരമായ സുദിനം! തീക്ഷ്ണത തീരെ കുറഞ്ഞുപോയതും അലസതയും പലവിചാരവും നിറഞ്ഞതുമായ ഒരാഴ്ചയ്ക്കുശേഷം ഇതാ സ്വർഗ്ഗീയമായ ഒരു ദിനം! മേയ്മാസഭക്തിയിൽ പങ്കെടുക്കാൻ നല്ല ഈശോ എനിക്കു വീണ്ടും ഒരവസരം നല്കിയിരിക്കുന്നു. എത്രയും പരിശുദ്ധ മറിയത്തോടുള്ള വണക്കംവഴി ഈശോയോടു സ്നേഹം പ്രദർശിപ്പിക്കുവാൻ ഒരു സന്ദർഭം സമാഗതമായിരിക്കുന്നു. ഈ മാസത്തിൽ എന്റെ അമ്മയായ മറിയത്തിൽനിന്നു വളരെയേറെ പ്രതീക്ഷിക്കുന്നു. അവിടുത്തെ സഹായത്തോടുകൂടെ എനിക്കു കുറേയടി മുന്നോട്ടു വയ്ക്കാൻ കഴിയുമെന്ന് ഉറപ്പുണ്ട്. ഈ മാസം പരിശുദ്ധ ജനനിയോടു രണ്ടു കാര്യമാണു ചോദിക്കാൻ പോകുന്നത്: ഒന്നാമത് എളിമ, അതായത് എന്നെപ്പററിയുള്ള ജ്ഞാനവും എന്റെ കഴിവുകളിലുള്ള അവിശ്വാസവും. രണ്ടാമത്, വി. കുർബാനയിൽ സ്ഥിതിചെയ്യുന്ന ഈശോയോടുള്ള സ്നേഹം. ഈ അനുഗ്രഹമാണ് എൻെറ കൂട്ടുകാർക്കുകൂടി നല്കണമെന്നു ഞാൻ കൂടെക്കൂടെ അപേക്ഷിക്കുക. ഈശോയുടേയും എന്റേയും അമ്മയായ മറിയത്തോടു തീക്ഷ്ണവും സ്ഥിരവുമായ ഒരു ഭക്തി നല്കണമെന്നു ഞാൻ ഈശോയോടു അപേക്ഷിക്കും, അങ്ങനെ എന്റെ സ്നേഹത്തിൻേറയും ആഗ്രഹങ്ങളുടേയും പ്രാർത്ഥനകളുടേയും വിഷയങ്ങൾ ഈശോവഴി മറിയത്തിനും മറിയംവഴി ഈശോയ്ക്കും ഞാൻ കാഴ്ചവയ്ക്കും. വി. ജോൺ ബെർക്കുമാൻസ് ഈ മാസത്തിൽ എന്നെ സഹായിക്കും;

www.malankaralibrary.com

എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുമെന്നു തീർച്ചയാണ്. അദ്ദേഹം കന്യകാമറിയത്തോട് അത്രമാത്രം ഭക്തിയുള്ളവനായിരുന്നു. എന്റെ വിചാരങ്ങൾ അപഥസഞ്ചാരം ചെയ്യാതിരിക്കാൻ ഞാൻ ശ്രദ്ധിക്കും. അങ്ങനെ എന്റെ ദുരാശകളെ എനിക്കു നിയന്ത്രിക്കാൻ കഴിയും; വിശിഷ്യ, എന്റെ സ്വാർത്ഥസ്നേഹത്തെ പരാജയപ്പെടുത്താൻ എനിക്കു സാധിക്കും. എന്റെ അഭീഷ്ടങ്ങളെ കീഴടക്കി നിയമങ്ങളെല്ലാം ഞാൻ കൃത്യമായി അനുസരിക്കും. വിദ്യാലയത്തിൽ ഞാൻ പൂർണ്ണമൗനം പാലിക്കും; ഒരു വാക്കുപോലും എന്റെ ചുണ്ടുകളിൽനിന്നു പുറത്തുപോകാൻ ഞാൻ അനുവദിക്കുകയില്ല. മുടക്കാതെ ഞാൻ സുകൃതജപങ്ങൾ ചൊല്ലും മറിയംവഴിയാണ് ഈശോയെ സമീപിക്കേണ്ടതെന്ന് എല്ലാവരേയും പഠിപ്പിക്കുവാൻ ഞാൻ പരിശ്രമിക്കും. മേയ്മാസത്തിലേക്കു ഞാൻ എഴുതിവച്ചിട്ടുള്ള എല്ലാ ഭക്തകൃത്യങ്ങളും അനുഷ്ഠിക്കുന്നതിൽ ഞാൻ വിശ്വസ്തത പ്രദർശിപ്പിക്കും. അങ്ങനെ ധ്യാനകാലത്തു ഞാൻ നിശ്ചയിച്ചുറച്ചിരുന്നതുപോലെതന്നെ ആയിത്തീരും. ഇക്കാര്യം വിസ്മരിക്കുകയാണെങ്കിൽ എന്റെ കാവൽമാലാഖ എന്നെ ഉണർത്തിക്കാതിരിക്കയില്ല. ഇപ്പോൾ ഈശോ, മറിയമേ എന്നെ അനുഗ്രഹിക്കണമേ; എനിക്ക് ആവശ്യമുള്ളതു നല്കുക. എനിക്കു നന്മനസ്സു നൽകുക; എന്നാൽ ഞാൻ ഇനിയും പരിശുദ്ധനാകും.

## 1898 മേയ് 15-ാംനു– ഞായറാഴ്ച (ധ്യാനം)

എനിക്ക് എന്നെപ്പററിയുള്ള മതിപ്പ് ഈ മാസം ഞാൻതന്നെ പ്രകടമായി കണ്ടു. ഞാൻ ആത്മപിതാവിന്റെ അടുക്കൽ ചെന്നപ്പോൾ അതു് അദ്ദേഹം ഒന്നുകൂടെ വിശദമാക്കി കാണിച്ചു.

ഇതു് എന്തിനാണെന്നു് ആർക്കറിയാം? ഈശോയെ ശുശ്രൂഷിക്കുകയും എന്റെ സ്വാർത്ഥസ്നേഹത്തെ നിഹനിക്കുകയുമല്ലാതെ വേറൊരുദ്ദേശ്യവും എനിക്കില്ലെന്നു് അവിടുത്തേക്കു് അറിയാവുന്നതാണ്. എന്നിട്ടും ഞാൻ വീഴുന്നു; അതും കൂടെക്കൂടെ! കന്യകാമറിയം എന്നിൽനിന്നു കൂടുതൽ പ്രതീക്ഷിക്കുന്നുണ്ടാവാം. അങ്ങനെ തന്നെയായിരിക്കണം. ഇതുവരെ എന്റെ ഭക്തിയൊക്കെ ബാഹ്യാനുഷ്ഠാനങ്ങളിൽ ഒതുങ്ങിനില്ക്കുകയായിരുന്നു. പലപ്പോഴും ഞാൻ ശ്രദ്ധ കൂടാതെ കഴിഞ്ഞു. പ്രാർത്ഥനയുടെ സമയത്തു യാതൊരോർമ്മയുമില്ലായിരുന്നു. യഥാർത്ഥമായ ഏകാഗ്രത പാലിക്കുവാൻ എനിക്കു കഴിഞ്ഞിരുന്നെങ്കിൽ കൊള്ളാമായിരുന്നു.

ഞാൻ പ്രതീക്ഷിച്ചുകൊണ്ടേയിരിക്കും. ഇനിയും പതിനഞ്ചു ദിവസമുണ്ട്. അതിനിടയ്ക്കു വല്ലതും സാധിച്ചേ മതിയാവൂ. എന്നെ എ

www.malankaralibrary.com

ളിമയുള്ളവനാക്കണമെന്ന് ഈശോയോടും മറിയത്തോടും ഞാൻ തുടർന്ന് അപേക്ഷിക്കും. എനിക്കുള്ള വിശിഷ്ടസുകൃതജപം ഇതായിരിക്കും. "എത്രയും എളിമയുള്ള മറിയമേ, എന്നെ അങ്ങയെപ്പോലെയാക്കണമേ." വി. കുർബാനയിൽ എളിമയ്ക്കായി ഞാനപേക്ഷിക്കും. കാര്യങ്ങൾ ശരിയാകാത്തപ്പോൾ പ്രത്യേകിച്ചും ഞാൻ എളിമയോടുകൂടെ വർത്തിക്കും; അന്യരോട് എളിമയോടുകൂടെ ഞാൻ പെരുമാറും. വിചാരങ്ങളിൽ ഞാൻ എളിമ പാലിക്കും. എന്റെ അഹങ്കാരം മുഴുവനും വിചാരങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. ഈ പാപം വഴിയാണു മാലാഖമാർ നിപതിച്ചത്. "ഈശോ മറിയമേ, ഞാൻ നിങ്ങളെ സ്നേഹിക്കുന്നുവെന്നു നിങ്ങൾക്ക് അറിയാമല്ലോ." എന്റെ ഈശോ, എന്റെമേൽ കൃപയുണ്ടാകണമേ."

## മേയ് 26–ാംനു വ്യാഴാഴ്ച

പെന്തക്കുസ്താ തിരുനാളിനുള്ള നൊവേന ഞാൻ ശരിയായി അനുഷ്ഠിച്ചില്ലെന്നു ലജ്ജാപൂർവ്വം ഏററുപറയുന്നു. ഇങ്ങനെ തുടരുകയാണെങ്കിൽ, ഞാൻ മുമ്പു അനുഷ്ഠിച്ചിട്ടുള്ള ചില്ലറ സുകൃതങ്ങൾ മാഞ്ഞുപോകും. ഞാൻ എന്നെത്തന്നെ താഴ്ത്തി അങ്ങയിൽ ശരണം വയ്ക്കും. പെന്തക്കുസ്താ തിരുനാളിന് ഇനിയും മൂന്നുദിവസങ്ങളുണ്ട്. ഞാൻ ഒരു ത്രിദിനപരിഹാരാപേക്ഷ നടത്തും. എന്റെ ആദ്ധ്യാത്മികാഭ്യാസങ്ങൾ വേണ്ടപോലെ നടത്താൻ ഞാൻ യത്നിക്കും. അടുത്തടുത്തു സുകൃതജപങ്ങൾ ചൊല്ലി ദൈവത്തോടും മറിയത്തോടും ചേർന്ന് ഏകാഗ്രതയിൽ കഴിയും. ഇക്കൊല്ലം പുരോഹിതാഭിഷേകം സ്വീകരിക്കാൻ പോകുന്നവർക്കുവേണ്ടിയും പാപികളുടെ മാനസാന്തരത്തിനായും വേർപിരിഞ്ഞുപോയ സഭകളുടെ പ്രത്യാഗമനത്തിനുവേണ്ടിയും ഞാൻ പ്രാർത്ഥിക്കും. ഇതായിരിക്കും മേയ്മാസം സമാപിക്കാനുള്ള ഉത്തമമാർഗ്ഗം; അടുത്തമാസം ഭംഗിയായി സമാരംഭിക്കാനുള്ള മാർഗ്ഗവും ഇതുതന്നെ. ഈശോയുടെ തിരുഹൃദയത്തിന്റെ ആ മാസം എനിക്ക് എത്രയും ഇഷ്ടപ്പെട്ടതാണ്. മാത്രമല്ല ഞാൻ ക്ലാസുമുറിയിൽ എത്രയും ശ്രദ്ധപതിക്കും; വിദ്യാലയത്തിൽ പൂർണ്ണ നിശ്ശബ്ദത പാലിക്കും.

ഞാൻ പൂർണ്ണശരണം വച്ചിരിക്കുന്ന മറിയമേ, എൻെറ പ്രതിജ്ഞ സ്വീകരിക്കണമേ. എന്റെ ഇല്ലായ്മ മനസ്സിലാക്കാനും ഈശോയെ സ്നേഹിക്കുന്നതിന് എന്നെ പഠിപ്പിക്കുവാനുംവേണ്ടി പരിശുദ്ധാത്മാവിനെ എനിക്ക് അയച്ചു തരണമേ.

www.malankaralibrary.com

## ജൂൺ 3-ാംനു ത്രിത്വത്തിൻെറ ഞായറാഴ്ച

യേശുക്രിസ്തു സ്തുതിക്കപ്പെട്ടവനാകട്ടെ. മേയ്മാസത്തിലും പരിശുദ്ധാത്മാവിനോടുള്ള നൊവേനയുടെ ദിവസങ്ങളിലും എളിമയ്ക്കു വേണ്ടി ഈശോയോടും മറിയത്തോടും ഞാൻ പ്രാൎത്ഥിക്കും. അതു് അഭ്യസിക്കവാനുള്ള നല്ല സന്ദൎഭങ്ങളുമുണ്ടായിരുന്നു. *

എൻെറ അധികാരികൾക്കു ലഭിച്ചിരിക്കുന്ന റിപ്പോൎട്ട് അതിശയോക്തികലൎന്നതാണെന്നു തോന്നുന്നു. ഞാൻ ഒഴിവുകാലത്തു് ഔദ്ധത്യപൂൎവ്വം പെരുമാറിയെന്നുപറഞ്ഞു എനിക്കു ശാസനം നല്കിയിരിക്കുന്നു. തന്നിമിത്തം എൻെറ ഇഷ്ടത്തിനെതിരായി ഞാൻ എന്നെത്തന്നെ താഴ്ത്തേണ്ടിവന്നു. വാസ്തവത്തിൽ സത്യത്തിൻെറ ഒരു ചെറിയ കണിക ആ റിപ്പോൎട്ടിലുണ്ടായിരുന്നതാണും. എൻെറ അധികാരികൾക്കു് എന്നോടു വെറുപ്പുതോന്നുകയാണെങ്കിൽ ഞാനെന്തുചെയ്യും?

ഈ സംഗതി അങ്ങനെ കിടക്കട്ടെ. റിപ്പോൎട്ടിൽ എന്തുമാത്രം വാസ്തവമുണ്ടെന്നും എന്തുമാത്രം നുണയുണ്ടെന്നും കാലാന്തരത്തിൽ സ്പഷ്ടമാകും. ഏതായാലും ഇതു് എത്രയും വ്യത്തികെട്ട ഒരു പ്രഹരമായിരിക്കുന്നു. ഇതു തെല്ലു ചിന്തിക്കാനും കണ്ണുനീർ ചിന്താനും കാരണമാക്കിത്തീൎത്തു. പക്ഷേ, ഇക്കാൎയ്യത്തെപ്പററി ഞാൻ കൂടുതൽ ചിന്തിച്ചുവെന്നുതോന്നുന്നു. ഇതിൻെറ എല്ലാത്തിൻേറയും കാരണം എൻെറ നിഗളമാണു്. എൻെറമേൽ ആരോപിച്ചിട്ടുള്ള ഭയങ്കരകുററങ്ങളൊന്നും ഞാൻ ദൈവാനുഗ്രഹത്താൽ ചെയ്തിട്ടില്ലെങ്കിലും നിഗളം തെല്ലുണ്ടായിരുന്നു. നിഗളമാണു കററാരോപണത്തിനിടവരുത്തിയതു്. ഇപ്പോഴെൻെറ കണ്ണുകൾ തുറന്നിരിക്കുന്നു. ഞാൻ പഠിക്കുവാൻ തുടങ്ങിയിട്ടുണ്ടു്. ഏതായാലും അതവസാനിച്ചിരിക്കുന്നു; ഞാൻ ഒരു പാഠം പഠിക്കുകയും ചെയ്തു. അവയൊക്കെ വാസ്തവമെന്നുതന്നെ തല്ക്കാലം കരുതാം; അതു കഴിഞ്ഞല്ലോ. ആരാണു വിവരം റിപ്പോൎട്ടുചെയ്തതെന്നു ഞാൻ ചിന്തിക്കുകയില്ല. എന്നെ നേർവഴിയിലാക്കുന്നതിനു ദൈവകരങ്ങളിൽ ആയുധമായിത്തീൎന്നവനുവേണ്ടി ഞാൻ പ്രാൎത്ഥിക്കുന്നതാണു്.

എളിമ! അതേ, കൂടുതൽ എളിമ! എനിക്കു തെററുപററിയെന്നു പറയുന്ന സംഗതികളിൽ പ്രത്യേകശ്രദ്ധ ഞാൻ പതിക്കും. അതിൽ

* ഒഴിവുകാലത്തു് ആഞ്ചെലിനോ വീട്ടിൽ വന്നപ്പോൾ അമ്മ ചില പ്രത്യേക ഭക്ഷണസാധനങ്ങൾ മകനുണ്ടാക്കിക്കൊടുത്തു. അതു കുടുംബാംഗങ്ങളിൽ ചിലരുടെ അസൂയയ്ക്കു കാരണമായി. അവരിൽ ചിലർ തത്സംബന്ധമായി കററകരമായ ഒരു വിവരണം സെമിനാരിയിൽ എത്തിച്ചു. അതാണു് ഇവിടെ സൂചിതം.

www.malankaralibrary.com

തെല്ല വാസ്തവമുണ്ടല്ലോ. അതിനായി എൻെറ പ്രതിജ്ഞയെപ്പററി ഞാൻ ചിന്തിക്കും. ഈയൊരു സംഗതി മനസ്സിൽവച്ചാണല്ലോ ആ പ്രതിജ്ഞ ഞാനെടുത്തതു്. ഈശോയോട്ട് ഒന്നുകൂടി അടുക്കുകയാണെങ്കിൽ ഞാൻ ഭേദപ്പെട്ടും. വാസ്തവം പറയുകയാണെങ്കിൽ ഞാൻ ഈയിടയ്ക്കു തെല്ലു് അശ്രദ്ധനായിട്ടുണ്ടു്. ആത്മശോധനയിലും വി. കുബ്ബാനയുടെ സന്ദർശനത്തിലും ഞാൻ കൂടുതൽ ശ്രദ്ധപതിക്കേണ്ടിയിരിക്കുന്നു.

ഇതു് തിരുഹൃദയത്തിൻെറ മാസം, അതേ, എൻെറ സ്വന്തം മാസമാണു് ആകയാൽ എളിമയിൽ ഞാൻ തെല്ല പുരോഗമിക്കണം; അതായതു, ദൈവസ്നേഹത്തിൽത്തന്നെ പുരോഗമിക്കണമെന്നത്ഥം. അങ്ങനെ ഒഴിവുകാലത്തിനു ഒരുങ്ങാൻ എനിക്കു കഴിയും. എന്നെ സംബന്ധിച്ച കഥകളുണ്ടാക്കുന്നവക്കു് അത്തരം കഥകളുണ്ടാക്കുവാനുള്ള സന്ദർഭം നല്കുകയില്ല.

എളിമപ്പെടാനുള്ള മനസ്സു് എനിക്കു് അരുളിയ ഈശോയ്ക്കു ഞാൻ നന്ദിപറയുന്നു. ഈശോ എൻെറ ഹൃദയം കാണുന്നുണ്ടല്ലോ. അവിടുത്തെ സ്നേഹിക്കുവാൻ എത്രമാത്രം ഞാനാഗ്രഹിക്കുന്നുവെന്നു് അവിടുത്തേക്കറിയാം. സ്നേഹത്തിൻെറ മാസമാകയാൽ ഇന്നു കൂടുതൽ തീക്ഷ്ണത വേണ്ടിയിരിക്കുന്നു.

www.malankaralibrary.com

# V

## ജൂൺ 12-ാം തീയതി ഞായറാഴ്ച

ഈ ആഴ്ച അത്ര മോശമായിരുന്നില്ലെന്ന് എനിക്കു തോന്നുന്നു. എന്നാൽ സാഹിത്യത്തെ സംബന്ധിച്ച ചില ക്ലാസ്സുകളിൽ എനിക്കു വേണ്ടിടത്തോളം ശ്രദ്ധ ഇല്ലായിരുന്നു. ഫലിതം പറയാനുള്ള ആഗ്രഹത്തിനു ഞാൻ കീഴ്പ്പെട്ടു. ചില മൂഢവും നിരത്ഥകവുമായ പദങ്ങൾ ചുണ്ടുകളിൽനിന്നു പുറത്തുവരാൻ ഞാൻ അനുവദിച്ചു. ജപമാലയുടെ സമയത്തു വിചാരം പതറി; എൻെറ പൊതുആത്മശോധന മുഴുവൻ പലവിചാരങ്ങൾകൊണ്ടവസാനിച്ചു. ധ്യാനത്തിലും ഞാൻ അശ്രദ്ധനായിരുന്നു, കഷ്ടമേ, ഞാൻ പൂവ്വസ്ഥിതിയിലെത്തിയിരിക്കുന്നു. ആകയാൽ കൂടുതൽ ഉത്സാഹത്തോടും എളിമയോടും ശ്രദ്ധയോടുംകൂടെ ഞാൻ വീണ്ടും പരിശ്രമിക്കേണ്ടിയിരിക്കുന്നു. ആദ്ധ്യാത്മികകാര്യങ്ങളിൽക്കൂടി എനിക്കു ക്രമമില്ലെന്നുള്ളതാണു എൻെറ പരാജയം. എന്നിട്ടും ഞാൻ ക്രമത്തെപ്പററി മററുള്ളവക്ക് ഉപദേശം നല്കിക്കൊണ്ടിരിക്കുകയാണ്.

ഞാൻ അഭ്യസിക്കാൻ ശ്രമിക്കാത്തതു മററുള്ളവക്ക് ഉപദേശിച്ചുകൊടുക്കുകയില്ലെന്നു ഞാൻ ദൃഢനിശ്ചയം ചെയ്യേണ്ടതാണ്. ഇതുവരെ മറിച്ചാണു ഞാൻ ചെയ്തിട്ടുള്ളതു്. വിശുദ്ധ കുബ്ബാനയിൽ സ്ഥിതിചെയ്യുന്ന ഈശോയോടുള്ള സ്നേഹത്തെപ്പററി ഞാൻ സംസാരിക്കുമ്പോൾ അവക്ക് എന്നെപ്പററി നല്ല ഒരഭിപ്രായമുണ്ടാകും. മഹാ തീക്ഷ്ണതയോടെയാണു ഞാൻ സംസാരിക്കുന്നതു്. എന്നാൽ എൻെറ ചങ്ങാതിമാരേക്കാൾ ഒരായിരം മൈൽ, അല്ല, അനേകം മൈൽ ഞാൻ പിറകെയാണ്. ഞാൻ എന്നെത്തന്നെ ക്രമപ്പെടുത്തണം. ആകയാൽ ആത്മശോധന നടത്തുമ്പോൾ ഏതെങ്കിലും ഒരു പ്രത്യേകകുററത്തെപ്പററി ഞാൻ പ്രത്യേകം പരിശോധനനടത്തും; അതിൽ ശ്രദ്ധ കേന്ദ്രീകരിക്കും. ഈയാഴ്ച സാഹിത്യക്ലാസ്സിൽ ഞാൻ ശരിയായി ശ്രദ്ധ പതിക്കാതിരിക്കയില്ല. ധ്യാനത്തിലും ജപമാലയിലും പൊതുആത്മശോധനയിലും ഏകാഗ്രതപാലിക്കും. എല്ലായിടത്തും എല്ലാക്കാര്യങ്ങളിലും എല്ലാവരോടും എളിമയോടെ ഞാൻ വത്തിക്കും. പഠനക്കളരികളിൽ

www.malankaralibrary.com

ഞാൻ എന്നെപ്പററി സംസാരിക്കയില്ല. ഇതരരുടെ കുററങ്ങൾ ഞാൻ വെളിപ്പെടുത്തുകയില്ല. അവ മൂടിവയ്ക്കുകയല്ലാതെ അന്യരവ വെളിപ്പെടുത്തുന്നതിനു ഞാൻ പ്രോത്സാഹനം നല്കുകയില്ല.

## ജൂൺ 19-ാം തീയതി മാസധ്യാനം

ഈ ആഴ്ച ഞാൻ ഈശോയോടു കൂടുതൽ ഐക്യപ്പെട്ടാണു കഴിഞ്ഞിട്ടുള്ളത്. അവിടുത്തേ കൃപയാൽ എനിക്കു സച്ചിന്തകളും സൽപ്രേരണകളും സിദ്ധിച്ചിട്ടുണ്ട്. വെള്ളിയാഴ്ചത്തെ ആഘോഷങ്ങളുടെ ഇടയ്ക്കു ദിവ്യകാരുണ്യസ്വീകരണത്തിലും തിരുഹൃദയത്തിലും ഞാൻ ആനന്ദംകൊണ്ടു. എന്നുവരികിലും ഈശോയുടെ തിരുഹൃദയം എന്നിൽ സംപ്രീതനല്ല; കാരണം, കഴിഞ്ഞപ്രാവശ്യം ഞാൻ എന്നിൽ കണ്ട തെററുകളെല്ലാം ഞാൻ വീണ്ടും ചെയ്തിരിക്കുന്നു.

ക്ലാസ്സുസമയത്തു ഞാൻ സംസാരിച്ചു. ജപമാലയുടെ സമയത്തു ഞാൻ ഏകാഗ്രനായിരുന്നില്ല. എൻെറ ധ്യാനത്തിൽനിന്നാകട്ടെ പൊതു ആത്മശോധനയിൽനിന്നാകട്ടെ തീരെ ഫലമെടുത്തില്ല. കഷ്ടമേ, ഈ മുള്ളുകളെല്ലാം ഈശോയുടെ ഹൃദയത്തിൽ! ഇതിന്റെ അത്ഥമെന്താണ്? ഞാൻ പറയുന്നതുപോലെ അവിടുത്തെ സ്നേഹിക്കുന്നില്ലെന്നു സാരം. എൻെറ സ്നേഹം വാക്കുകളിൽമാത്രമാണ്; പ്രവൃത്തിയിലില്ല. മററു പ്രതിജ്ഞകൾ നിറവേററാത്തതിനും ഞാൻ കുററക്കാരനാണ്. എന്നെപ്പററി വിമശനരൂപത്തിൽ പോലും ഞാൻ സംസാരിക്കുകയില്ല; പ്രശംസാരൂപത്തിലല്ലാതെ അന്യരെപ്പററി ഞാൻ സംസാരിക്കയില്ല എന്ന പ്രതിജ്ഞകളും ലംഘിക്കപ്പെട്ടിരിക്കയാണ്.

## ജൂൺ 21-ാം തീയതി
## വി. അലൂഷ്യസ് ഗൊൺസാഗയുടെ തിരുനാൾ

ധ്യാനാവസാനത്തിൻെറ അടയാളമായി കൊച്ചുമണിയടിച്ചപ്പോൾ ഞാൻ എൻെറ കുറിപ്പുകൾ നിറുത്തി. ഇന്നു ഞാൻ വീണ്ടും ആരംഭിച്ചിരിക്കയാണ്. വി. അലൂഷ്യസ് ഗൊൺസാഗയുടെ തിരുനാളെന്ന നിലയിൽ ഒരു മനോഹരദിവസംതന്നെ ഇന്ന്! എളിമയുടെ കാര്യത്തിൽ പലപ്പോഴും പരാജയപ്പെട്ടുവെന്നു ഞാൻ പറയുമായിരുന്നല്ലോ. ഞാൻ അഹങ്കാരത്തിൻെറ കൂമ്പാരമാകയാൽ ഇക്കാര്യത്തിൽ എൻെറ ശ്രദ്ധ കേന്ദ്രീകരിക്കുക അത്യാവശ്യമാണ്. ഞാൻ നന്നായിട്ടു വല്ലതും ചെയ്യുമ്പോഴും സ്നേഹം പ്രകാശിപ്പിക്കുമ്പോഴും നിഗളത്തിൽ വീഴുന്നു. സ്വയം എളിമപ്പെടുന്നതിന് എനിക്കു ധാരാളം സന്ദർഭങ്ങളുണ്ടാകുന്നുണ്ടെന്നുള്ളതു വലിയ ഒരു കാര്യമാണ്.

www.malankaralibrary.com

ഇന്നുതന്നെ ആഘോഷപൂർവ്വകമായ വേസ്പരയുടെ സമയത്തു ധൂമപാത്രം കൊണ്ടുപോകുമ്പോൾ ഞാനെന്തുവേഷമാണു കെട്ടിയതു്! മററുള്ളവരുടെ കുററം കണ്ടുപിടിക്കുന്നവനു പററിയ കോലംതന്നെ. എല്ലാവരും എൻെറ പിറകിൽനിന്നു ചിരിച്ചു. അതു ഞാൻ അർഹിക്കുന്നതുതന്നെ. അടുത്തപ്രാവശ്യം ഞാൻ കൂടുതൽ എളിമയോടെ വർത്തിക്കും. ഞാൻ ഒരു പ്രീഫെക്ററു കൂടിയായതുകൊണ്ടു അപരക്ക് ഇടർച്ചയ്ക്കു കാരണമാകുമെന്നോർത്തു ഞാൻ സൂക്ഷിക്കും. എനിക്കു വന്നുകൂടിയ ഈ അപമാനം വി. അലൂഷ്യസ്സിന്റെ മഹത്വത്തിനും ബഹുമാനത്തിനുമായി ബ് ഭവിക്കട്ടെ. ഇങ്ങനെ ഇനി സംഭവിക്കുകയില്ല; കാരണം ഈ ഒഴിവുകാലത്തു ഞാൻ തിരുക്കർമ്മങ്ങൾ പഠിക്കാൻ പോകയാണു്.

ഞാൻ എല്ലാവാക്കുകളും ശ്രദ്ധയോടെ ഉച്ചരിക്കും. എല്ലാക്കാര്യങ്ങളിലും പ്രത്യേകിച്ചു ഭക്താഭ്യാസങ്ങളിലും ഞാൻ കൂടുതൽ ഏകാഗ്രത പ്രദർശിപ്പിക്കും. സുകൃതജപങ്ങൾ ഞാൻ അടുത്തടുത്തുചൊല്ലും. ഈ നിയമങ്ങളെല്ലാം ഞാൻ പാലിക്കുമെന്നുള്ള എൻെറ വാഗ്ദാനത്തിനു വിശുദ്ധ അലൂഷ്യസുതന്നെ സാക്ഷി. അതു പാലിക്കാൻ അദ്ദേഹംതന്നെ സഹായിക്കട്ടെ.

## ജൂലായി 10–ാം തീയതി ഞായർ

അന്യചിന്തകളിൽ ഇത്രയുംകാലം നഷ്ടപ്പെടുത്തിയശേഷം ഇപ്പോൾ ഞാൻ സുബോധവാനായിരിക്കുന്നു. എത്ര ഭയങ്കരദിവസങ്ങളാണു ഞാൻ കഴിച്ചതു്! കർത്താവിനോടുള്ള എൻെറ സ്നേഹം എത്ര തുച്ഛം! എനിക്കു വേറൊരനുഗ്രഹം സംസിദ്ധമായിരിക്കുന്നു; രണ്ടു ചെറിയ പട്ടങ്ങൾ. ഞാൻ വാതിൽ കാവൽക്കാരനും വായനക്കാരനുമാണു്. എങ്കിലും എനിക്കു ഒരു വ്യത്യാസവുമില്ല. വർഷമധ്യേ ഞാൻ അന്തിമപരീക്ഷകൾ എഴുതിക്കഴിഞ്ഞിരിക്കുന്നു. ഭക്താഭ്യാസങ്ങളുടെ ഇടയ്ക്കു്, പ്രത്യേകിച്ചു വി. കർബാനയുടെ സന്ദർശനത്തിലും ആത്മശോധനസമയത്തും ഞാൻ ക്ഷീണത്തിനു് അടിമപ്പെട്ടു. ഇനി എൻെറ തലയിൽ ഉൽക്കണ്ഠകൾ അധികമൊന്നുമില്ല. ഒഴിവുകാലം സമീപമായിരിക്കുന്നതുകൊണ്ടുകൂടി നേർവഴിക്കു പോകാൻ ഞാൻ കൂടുതൽ പ്രയത്നിക്കേണ്ടതായിട്ടുണ്ടു്. മതി! ഞാൻ എന്റെ നല്ല ഈശോയെ അത്യധികം ദ്രോഹിച്ചു. അവിടുന്നു് എന്നെ സഹായിക്കട്ടെ; ഞാൻ എന്നും അവിടുത്തേക്കുള്ളവനാണു്.

www.malankaralibrary.com

## ജൂലായി 19-ാം തീയതി ചൊവ്വാഴ്ച

"കർത്താവേ, ഞങ്ങൾ നശിക്കാറായിരിക്കുന്നു. ഞങ്ങളെ രക്ഷിക്കണമേ". (മത്താ. 8, 25)

എനിക്കുള്ള ഒഴിവുകാലത്തിൽനിന്നു മൂന്നു ദിവസമേ കടന്നുപോയിട്ടുള്ളുവെങ്കിലും, എനിക്കു മുഷിച്ചിലായിക്കഴിഞ്ഞു. ദാരിദ്ര്യം ഒരു വശത്തു്; സംശയങ്ങൾ വേറൊരു വശത്തു്. പല ഉല്ക്കണ്ഠകളാൽ അടിമപ്പെട്ടു ഞാൻ നെട്ടവീർപ്പിട്ടുകയാണു്; ചിലപ്പോൾ ഞാൻ കരഞ്ഞുപോകുന്നു. എനിക്കു പല അപമാനങ്ങളും! ശരിയായിട്ടുള്ളതു ചെയ്യാനും എന്നോടു സ്നേഹമില്ലാത്തവരും, ഞാൻ കൊള്ളരുതാത്തവനാണെന്നു കരുതുന്നവരുമായ എല്ലാവരേയും സ്നേഹിക്കാനും ഞാൻ ആത്മാർത്ഥമായി ശ്രമിച്ചുകൊണ്ടിരിക്കയാണു്. എന്നോടു താല്പര്യം പ്രദർശിപ്പിച്ചിരുന്നവരും ഞാൻ വിശ്വസിച്ചു എന്റെ രഹസ്യങ്ങളൊക്കെ പറഞ്ഞിരുന്നവരുംകൂടി എന്നെ സംശയിക്കുന്നു. അവർ ചില വിഷയങ്ങൾ സ്പർശിക്കുവാൻ വിമുഖരായിക്കാണുന്നു. ഇതു് എന്നെ എന്തുമാത്രം വേദനിപ്പിക്കുന്നു! പക്ഷേ, ഇതെന്റെ ഭാവനയായിരിക്കും. ഞാൻ അങ്ങനെ കരുതുന്നു. എന്റെ വിചാരം ശരിയായിരുന്നെങ്കിൽ! അതേസമയം ഞാൻ സഹിക്കേണ്ടതായി വരുന്നു. ആനന്ദിക്കാമെന്നു കരുതിയപ്പോൾ ഞാൻ സഹിക്കേണ്ടിവരുകയാണു ചെയ്യുന്നതു്.

ലോകത്തെ ഞാൻ പ്രീതിപ്പെടുത്താൻ തുടങ്ങുമ്പോൾ അതു് എന്നെ വെറുക്കുന്നു. ഈശോ അല്ലാതെ ആരും എന്റെ സഹനങ്ങൾ കാണുന്നില്ല. ഞാൻ അവ അവിടുത്തോടു പറഞ്ഞിട്ടുണ്ടു്; തൽസംബന്ധമായി വല്ലതും ചെയ്യണമെന്നു് അവിടുത്തോടു ഞാനപേക്ഷിച്ചിട്ടുമുണ്ടു്. സഹിക്കാതിരിക്കാൻ വേണ്ടിയല്ല ഞാനിങ്ങനെ പ്രാർത്ഥിച്ചതു്; പ്രത്യുത അവയുടെ പ്രാരംഭകാരണമായ കഥകൾ അവസാനിക്കാൻവേണ്ടിയാണു്. അവകൊണ്ടു പ്രയോജനമൊന്നുമില്ല.

എന്റെ നല്ല ഈശോ, ഞാൻ ആഗ്രഹിക്കുന്നിടത്തോളം അങ്ങയെ സ്നേഹിക്കാനും ആവശ്യമുള്ളിടത്തോളം എളിമപ്പെടാനും എന്റെ അപമാനങ്ങളിൽ ആനന്ദം കണ്ടെത്താനും വേണ്ട അനുഗ്രഹം എനിക്കു നൽകണമേ. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കുരിശിൽ അഭിമാനംകൊള്ളുക എന്റെ ചുമതലയാണു്.

ഈ വെക്കേഷൻകാലത്തു് എളിമയും സ്നേഹവും ഞാൻ ശീലിച്ചുതഴങ്ങും. വിചാരത്തിൽ എളിമ അഭ്യസിക്കുവാൻ ഞാൻ യത്നിക്കും; കാരണം, എനിക്കു കുറേക്കൂടെ എളിമ ഉണ്ടായിരുന്നെങ്കിൽ അഥവാ

www.malankaralibrary.com

കണിശമായി പറയുന്ന പക്ഷം, അഹങ്കാരം തെല്ലു കുറഞ്ഞിരുന്നെങ്കിൽ, നന്നേ കാര്യങ്ങളൊന്നും അങ്ങനെ സംഭവിക്കയില്ലായിരുന്നു. ഞാൻ എത്രകണ്ടു പുരോഗമിക്കുന്നുവോ അത്രകണ്ട് എളിമയുടെ ആവശ്യം എനിക്കു ബോധ്യപ്പെട്ടുവരുകയാണ്. എളിമമാത്രമേ എൻെറ സഹന ത്തിനു കുറവുവരുത്തുകയുള്ളൂ. എനിക്കുള്ള സഹനങ്ങൾ ഭയങ്കരമാണെ ങ്കിലും ഈശോയുടേയും മറിയത്തിൻേറയും യൗസേപ്പിൻേറയും സഹനങ്ങ ളോടുപമിക്കുമ്പോൾ അത്ര ഭയങ്കരമൊന്നുമല്ല. ഉജ്ജ്വലിക്കുന്ന സ്നേഹ വും എനിക്കാവശ്യമാണ്; പ്രത്യേകിച്ചു ദൈവാലയത്തിൽ ഭക്താഭ്യാസ ങ്ങളിൽ ഞാൻ വ്യാപൃതനായിരിക്കുമ്പോൾ.

വെക്കേഷൻകാലത്തു സാഹിത്യത്തിലും ശാസ്ത്രത്തിലും ക്ലാസ്സുക ളില്ല; എന്നാൽ വിശുദ്ധ കുർബാനയിൽ ഒരു സ്വർഗ്ഗീയവിദ്യാലയം എനി ക്കുണ്ട്. ഗുരു യേശുക്രിസ്തുവാണ്. ഒരുത്തനു ഭാവനം ചെയ്യാവുന്ന ഗുരു ക്കന്മാരിൽ അഗ്രഗണ്യൻ. ആ വിദ്യാലയത്തിൽ പഠിപ്പിക്കുന്ന വിഷയ ങ്ങൾ രണ്ടാണ്; എളിമയും സ്നേഹവും.

ആകയാൽ ഞാൻ ഈശോയുടെ സ്കൂളിലേക്കു പോകും. അവി ടെനിന്ന് എളിമയും സ്നേഹവും ഞാൻ അഭ്യസിക്കും. ആ ദിവ്യപാഠ ങ്ങൾ ശ്രദ്ധിച്ചു കേട്ടു പഠിക്കുവാൻ ദൈവവും ദൈവമാതാവും എന്നെ യോഗ്യനാക്കട്ടെ. വിശുദ്ധന്മാരാണ് എനിക്കു മുമ്പുള്ള മാതൃകാവിദ്യാ ർത്ഥികൾ. ദൈവസ്തുതിക്കായി യത്നിക്കുന്നവരും ക്രിസ്തുവിൻെറ രാജ്യം പരത്തുവാൻ അദ്ധ്വാനിക്കുന്നവരുമായ പരിശുദ്ധാത്മാക്കളാണ് എൻ്റെ സഹപാഠികൾ.

സ്നേഹത്തിലേക്കുള്ള സുരക്ഷിതമായ മാർഗ്ഗം എളിമയാകയാൽ സ്നേഹത്തേക്കാൾ എനിക്കു കൂടുതലാവശ്യം എളിമയാണ്. ആകയാൽ എളിമ സമ്പാദിക്കുവാൻ ഞാൻ കൂടുതൽ പരിശ്രമിക്കും. ജ്ഞാനധ്യാ നത്തിൽ ഞാൻ നിശ്ചയിച്ചിട്ടുള്ളതുപോലെ എല്ലാദിവസവും എൻെറ തെറ്റുകൾ, വിശിഷ്യ എളിമക്കെതിരായ തെറ്റുകൾ ഞാൻ കുറിച്ചി ടും. അങ്ങനെ അടുത്തദിവസം ആ തെറ്റു തിരുത്തുവാൻകഴിയും.

ഹാ എളിമയും സ്നേഹവും! അതുമതി! ശേഷമെല്ലാം ദൈവേഷ്ടം പോലെ. എൻെറ സഹനം തുടരണമെന്നാണ് ഈശോയുടെ ഇഷ്ടമെ ങ്കിൽ അവിടുത്തെ ഇഷ്ടം നിറവേറട്ടെ. അവിടുത്തോടുകൂടിയും അവിടു ത്തേക്കുവേണ്ടിയും സഹിക്കുവാൻ അവിടുന്നു തന്നെ എന്നെ യോഗ്യനാ ക്കട്ടെ.

കഷ്ടതകളിൽ ഞാൻ ശക്തനായിരിക്കേണ്ടതാണ്. ഇതു് എത്ര യും നിസ്സാരമായ ഒരു സംഗതി! ഒരു വൈദികനായി ഈശോയ്ക്കു സ്വന്ത

www.malankaralibrary.com

മാകുമ്പോളുണ്ടാകാൻ പോകുന്ന കഷ്ടതകളുടെ നാന്ദിമാത്രം. ഭാഗ്യപ്പെട്ട കന്യകാമറിയം എന്നെ സഹായിക്കട്ടെ. കാവൽമാലാഖ എന്നെ ഉണർവ്വോടെ കാക്കട്ടെ. വി. ജോൺ ബെർക്ക്മാൻസ് എനിക്ക് അകമ്പടിയായിരിക്കട്ടെ. സമാധാനത്തിൻേറയും ശാന്തതയുടേയും ഉത്സാഹത്തിൻേറയും മാതൃകയായിരുന്ന ആ പുണ്യവാൻ എന്നെ അപ്രകാരം സംരക്ഷിക്കട്ടെ.

ഈശോയിൽനിന്നു ഞാൻ പ്രതീക്ഷിക്കുന്ന സമ്മാനം ഇതാണ്. ഞാൻ ചെയ്യുന്ന ഏതെങ്കിലും നന്മയ്ക്കു കുരിശിൻെറ യോഹന്നാൻ ആഗ്രഹിച്ച പ്രതിഫലമേ എനിക്കു വേണ്ടൂ: "അങ്ങയെപ്രതി സഹിക്കുകയും നിന്ദിക്കപ്പെടുകയും ചെയ്യുക."

കന്യകാമറിയത്തിൻെറ ഒഫീസും ജപമാലയും ചൊല്ലുമ്പോൾ ഞാൻ കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. വി. കുർബാനയിൽ ഈശോയോടു ഞാൻ യോജിച്ചാണിരിക്കുന്നതെങ്കിലും സുകൃതജപം ചൊല്ലുന്ന കാര്യത്തിൽ എനിക്ക് അത്ര ഉത്സാഹമൊന്നുമില്ല.

നാളെ ഇക്കാര്യത്തിൽ ഞാൻ കൂടുതൽ ശ്രദ്ധിക്കും. കുശിനിയിൽ അനാവശ്യസംഭാഷണത്തിൽ ഞാനേപ്പെടുകയില്ല. ഇന്നു രാവിലെ എൻ്റെ പ്രത്യേകസ്നേഹിതൻെറ (അഹങ്കാരത്തിൻെറ) സാന്നിധ്യം എനിക്കനുഭവപ്പെട്ടു. ഞാൻ ബക്കനെല്ലോയിൽനിന്നു മടങ്ങിവരികയായിരുന്നു. അവിടെ ഞാൻ ആ നല്ല മനുഷ്യനെ സന്ദർശിച്ചു. അദ്ദേഹം വളരെ തണുപ്പോടെയത്രെ എന്നെ സ്വീകരിച്ചതു്. പെന്തക്കുസ്താക്കു നടന്ന കാര്യവും അതിൽ അദ്ദേഹത്തിനുള്ള പങ്കും ഞാൻ ചിന്തിച്ചു. [ബക്കനെല്ലായിലെ ഒരു ഫ്രാൻസിസ്കൻ സന്യാസിയാണ് ആഞ്ചെലിനോയുടെ ഭവനത്തിൽ വെക്കേഷൻകാലത്തു നടന്ന എന്തോ അനിഷ്ടസംഭവം സെമ്മിനാരിയിൽ അറിയിച്ചതു്] ആ മഹാനുഭാവനേയും പെന്തക്കുസ്താ കാലത്തു നടന്ന കാര്യങ്ങളേയും ഓർത്തപ്പോഴാണ് ആ പഴയ കൂട്ടുകാരൻെറ സാന്നിദ്ധ്യം എനിക്കനുഭവപ്പെട്ടതു്.

ഇതൊക്കെ മതി! ഈ സന്ദർഭങ്ങളൊക്കെ കൂടുതൽ കൂടുതൽ സ്വയം എളിമപ്പെടുന്നതിനു സഹായമാകണം. അടുത്ത പ്രാവശ്യം ഇത്തരം എന്തെങ്കിലും സംഭവിക്കുകയാണെങ്കിൽ, എൻെറ ദുരഭിമാനത്തെ ഇല്ലാതാക്കാൻ ഞാൻ ശ്രമിക്കും. "ഇതു നീ അർഹിക്കുന്നതുതന്നെ" എന്നു ഞാൻ പറയും. ഇതു സംഭവിക്കേണ്ടതാണു നിനക്ക്. ആരെങ്കിലും നിന്നോടു വെറുപ്പോടെ പെരുമാറുന്നുണ്ടെങ്കിൽ അതു നിനക്ക് ഒരു ബഹുമാനമാണ്. നീ ചളിയും പുഴുവും അജ്ഞതയും പാപവുമാണ്.

www.malankaralibrary.com

## ജൂലായ് 20-ാംനു ബുധനാഴ്ച സായംകാലം

1. പ്രാൎത്ഥനയിൽ കുറേക്കൂടെ ശ്രദ്ധ എനിക്ക് ആവശ്യമാണ്.
2. ധ്യാനസമയത്തെ നിദ്രാമയക്കം കുറഞ്ഞേ മതിയാവൂ.
3. സുകൃതജപങ്ങൾ കൂടുതൽ ചൊല്ലണം.

ഈ മൂന്നു കാൎയ്യങ്ങളിൽ ഇന്നു് എനിക്കു് പരാജയമാണുണ്ടായിട്ടുള്ളതു്. എന്റെ ചങ്ങാതി(ദുരഭിമാനവാസന) ഇന്നു നന്നായി പെരുമാറിയിരിക്കുന്നു; വലിയ ക്ലേശമിന്നു് എനിക്കു നല്കിയിട്ടില്ല. ശരി, നാളെ നമുക്കു കാണാം. "കൎത്താവേ, ഞാൻ അങ്ങയെ സ്നേഹിക്കുന്നുവെന്നു് അറിയാമല്ലോ."

## ജൂലായ് 21-ാംനു വ്യാഴാഴ്ച

ഇന്നു ജപമാലസമയത്തു് എന്റെ മനസ്സു് അലഞ്ഞുനടക്കാൻ ഞാനനുവദിച്ചു. ഇങ്ങനെ പോയാൽ ഞാൻ കന്യകാംബികയെ ഒരിക്കലും തൃപ്തിപ്പെടുത്തുകയില്ല. പിന്നത്തെ സ്ഥിതി എന്തായിരിക്കും?

വെക്കേഷൻ പ്രമാണിച്ചു വീട്ടിലെത്തിയിട്ടു ദിവസങ്ങൾ പലതു കടന്നുപോയി. ഞാനൊന്നുകൂടി തീക്ഷ്ണതയോടെ പഠിക്കണം. നാളെത്തന്നെ ആരംഭിക്കണം. നാളെ മുതൽ മദ്ധ്യാഹ്നസമയത്തുകൂടി എത്രയും പരിശുദ്ധ കുർബാനയെ ഞാൻ സന്ദർശിക്കും. വി. അൽഫോൺസു് എഴുതിയിട്ടുള്ള വി. കുർബാനയുടെ സന്ദർശനങ്ങൾ ഞാൻ വായിച്ചപ്പോൾ, ഈശോ മനുഷ്യരുടെ ഇടയിൽ വസിക്കുവാൻ ആഗ്രഹിക്കുന്ന കാൎയ്യം അവിടുന്നു് എനിക്കു മനസ്സിലാക്കിത്തന്നു. മദ്ധ്യാഹ്നസമയത്തു് എന്റെ ദരിദ്രദൈവാലയം ഒഴിഞ്ഞുകിടക്കുകയായിരിക്കും. ആരുംതന്നെ ആ സമയത്തു് ഈശോയെ കാണാൻ പോകുന്നില്ല. ഞങ്ങൾ പരസ്പരം രണ്ടുമൂന്നു പ്രാവശ്യമാണു കാണുന്നതു്. എനിക്കു കൂടുതൽ സൗകൎയ്യമുള്ളതുകൊണ്ടു ഞാൻ അവിടുത്തെ കൂടുതലായി സന്ദർശിച്ചു് അവിടുത്തെ അഭിവാദ്യം ചെയ്യണം. അവിടുത്തേക്കു് അതു് എന്തൊരാനന്ദമായിരിക്കും! അവിടുന്നു് എനിക്കു പ്രതിഫലം നല്കും.

## ജൂലായ് 22-ാംനു വെള്ളിയാഴ്ച

ജപമാലസമയത്തു് എന്റെ ചിന്തകൾ പതറിപ്പോകാതെ സൂക്ഷിക്കുക അസാധ്യമായിരിക്കുന്നു. വീണ്ടും നാളെ നമുക്കു കാണാം.

പഠനസമയത്തു് എനിക്കുണ്ടായിക്കൊണ്ടിരിക്കുന്ന മയക്കം മാററാൻ ഒരു വഴി ഞാൻ കാണേണ്ടിയിരിക്കുന്നു. ഇന്നുമുതൽ വീണ്ടും

www.malankaralibrary.com

സംസാരപ്രിയം പ്രത്യക്ഷപ്പെട്ടിരിക്കുന്നു; കൂടുതൽ സംസാരിക്കുന്നതിനെപ്പററി തെല്ലു സൂക്ഷംവേണം. ഞാൻ പറയുന്നതൊക്കെ വാസ്തവമാണെങ്കിലും, ഒന്നു തീർച്ചയാണു്: "അധികം സംസാരിച്ചാൽ പാപമുണ്ടാകാതിരിക്കയില്ല."

സച്ചിന്തകൾതന്നെ ചിലപ്പോൾ അത്ഭുതവും ആനന്ദവും ജനിപ്പിക്കുന്നവയാണെങ്കിലും നിയന്ത്രിക്കേണ്ടിയിരിക്കുന്നു. അവ പലവിചാരങ്ങൾക്കു കാരണമാകുന്നു. അതിനാൽ സുകൃതജപങ്ങൾ ചൊല്ലണം. കൂടുതൽ സുകൃതജപങ്ങൾ ചൊല്ലണം.

## ജൂലായ് 23-ാംനു ശനിയാഴ്ച

കണ്ടോ! ഇന്നിതാ ഞാൻ വീണ്ടും നിപതിച്ചിരിക്കുന്നു. വലിയ പ്രസംഗകനെപ്പോലെ അവിടവിടെ സംസാരംതന്നെ.

ഇങ്ങനെ തെററുവരുമ്പോൾ ഞാൻ സംഗതി മനസ്സിലാക്കി പശ്ചാത്തപിക്കുന്നുണ്ടു്. ഏതായാലും സംസാരിക്കുന്നതിനു മുമ്പു ഞാൻ ചിന്തിക്കേണ്ടിയിരിക്കുന്നു. ഞാൻ ആരെപ്പററിയും മോശമായി സംസാരിച്ചിട്ടില്ല; എങ്കിലും സൂക്ഷംവേണം. സ്വാത്മസ്നേഹമാണു കേൾക്കപ്പെടാനാഗ്രഹിക്കുന്നതു്. സമത്ഥനാണെന്നു് അറിയപ്പെടാനുള്ള ആഗ്രഹംതന്നെ.

എൻെറ സ്നേഹിതാ, നീ നിന്നെത്തന്നെ ശരിയായി മനസ്സിലാക്കുകയാണെങ്കിൽ, നീ ഇങ്ങനെ സംസാരിക്കയില്ല. പ്രാത്ഥനയിൽ നിനക്കു കൂടുതൽ ഏകാഗ്രത ഉണ്ടായേനേ. സുകൃതജപങ്ങൾ ചൊല്ലുന്നതിൽ നീ വിശ്വസ്തനാകുമായിരുന്നു. "ഈശോ, എൻെറമേൽ കൃപയുണ്ടാകണമേ."

## ജൂലായ് 24-ാംനു ഞായറാഴ്ച

പൊതുവായി പറയുന്നപക്ഷം, ഒരുകാര്യം ഇനിയും ശരിയാകേണ്ടതുണ്ടു്: ജപമാല ഭക്തിയോടുകൂടെ ചൊല്ലുക. ഇന്നു വി. കുബ്ബാനയുടെ സന്ദർശനവും അത്ര നന്നായില്ല.

എനിക്കു ലജ്ജിക്കാൻ മതിയായ കാരണമുണ്ടു്. എന്റെ ഗതി എന്താണു്? ഒരനുഗ്രഹത്തിനും ഞാൻ അഹ്നനല്ല.

നാളെ എല്ലാക്കാര്യങ്ങളും വിശിഷ്യ ധ്യാനം, ഓഫീസ്, ജപമാല, വി. കുർബാനയുടെ സന്ദർശനം എന്നീ ഭക്താഭ്യാസങ്ങളെല്ലാം ശരിയായി നിവ്വഹിച്ചുകൊള്ളാം. എല്ലായ്പോഴും എളിമ വേണം; കാരണം എളിമയുണ്ടെങ്കിൽ ദൈവം നമ്മളെ സഹായിക്കും. കുടുംബാം

www.malankaralibrary.com

ഗങ്ങൾ എന്നെ എത്രമാത്രം ദ്രോഹിച്ചാലും ഞാൻ അവരോട്ട നിന്ദാസൂചകമായി യാതൊന്നും പറയുകയില്ല. ഓ ഈശോ, ഇങ്ങനെ ചെയ്യാൻ എന്നെ അങ്ങു് അനുഗ്രഹിക്കണമേ.

## ജൂലായ് 25-ാംനു തിങ്കളാഴ്ച

ഈ രാത്രിയും ഞാൻ ഈശോയോടുകൂടെ ദൈവാലയത്തിലായിരിക്കുമ്പോൾ കരഞ്ഞുപോയി. ഓ ഈശോ, എന്റെ സഹനവും എന്റെ കണ്ണുനീരും അങ്ങു സ്വീകരിക്കുക. എന്റെ പാപങ്ങൾ കഴുകിക്കളയുന്നതിനു് ആ കണ്ണുനീരു് അങ്ങു് ഉപയോഗിക്കുക. എനിക്കും എന്റെ കുടുംബത്തിനും എളിമ നൽകുക. മറിയമേ, എന്നെ സഹായിക്കുക.

## ജൂലായ് 26-ാംനു (മാസധ്യാനദിവസം)

കഴിഞ്ഞമാസത്തിലേക്കു തിരിഞ്ഞുനോക്കുമ്പോൾ ഞാൻ കാണുന്നതു് എനിക്കു എളിമയും ഏകാഗ്രതയും കുറവാണെന്നാണു്. സെമ്മിനാരിയിൽ ഏകാഗ്രതയുടെ കുറവു്; ഒഴിവുകാലത്തു് എളിമയുടെ കുറവു്. ഏകാഗ്രത ഇപ്പോൾ പരിപൂർണ്ണമായിട്ടില്ലെങ്കിലും തെല്ലു ഭേദപ്പെട്ടിട്ടുണ്ടു്. അതുകൊണ്ടു് എളിമയുടെ കാര്യത്തിൽ ഞാൻ ഇനി കൂടുതൽ ശ്രദ്ധിക്കും. എല്ലാ സന്ദർഭങ്ങളിലും ഞാൻ എളിമ അഭ്യസിക്കും; വാസ്തവത്തിൽ അതിനു ധാരാളം സന്ദർഭങ്ങളുണ്ടു്. വി. കുർബാനയിൽ എന്റെ സ്നേഹിതനായ ഈശോയോടു വിചാരത്താലും സ്നേഹത്താലും ഐക്യപ്പെട്ടിരിക്കുന്നതിനു് എളിമ വലിയ സഹായമായിരിക്കും. എളിമയുണ്ടെങ്കിൽ എനിക്കും ഈശോയ്ക്കും തമ്മിൽ യഥാർത്ഥ സ്നേഹമുണ്ടാകും. ഈശോയുടെ സ്നേഹത്തോടൊപ്പം എളിമയും വന്നുചേരും. എളിമയുണ്ടായിരുന്നാൽ ഞാൻ എന്നെത്തന്നെ അവിടുത്തെ മുമ്പിൽ തുറന്നുവയ്ക്കും. എന്റെ ഉൽക്കണ്ഠകളും വേദനയും അവിടുത്തേക്കു ഞാൻ കാണിച്ചുകൊടുക്കും. തുടർച്ചയായി ഞാൻ കൂട്ടിമുട്ടുന്ന വിഷമങ്ങളിൽ എനിക്കു് അവിടുന്നു ക്ഷമ തരും. കുഴഞ്ഞുമറിഞ്ഞുകിടക്കുന്ന എന്റെ കുടുംബത്തിൽ സമാധാനം സംസ്ഥാപിക്കുന്നതിനു് അവിടുന്നു് എന്നെ സഹായിക്കും. എന്റെ അയല്ക്കാരെ സ്നേഹിക്കാനും അവരോടു ക്ഷമിക്കാനും അവരുടെ പരാജയങ്ങളോടു് അനുകമ്പ പ്രദർശിപ്പിക്കാനും അവിടുന്നു് എന്നെ പഠിപ്പിക്കും. ഞാൻ നിന്ദിക്കപ്പെടുകയും പരിത്യജിക്കപ്പെടുകയും ആശ്വാസരഹിതനാവുകയുംചെയ്താൽ ഈശോ എന്നെക്കാൾ കൂടുതൽ നിന്ദിക്കപ്പെട്ടുവെന്നും പരിത്യജിക്കപ്പെട്ടുവെന്നും ആശ്വാസരഹിതനായിരുന്നുവെന്നുമുള്ള വസ്തുത ഞാൻ ചിന്തിക്കും. എന്നിട്ടും ഈശോ സ്നേഹിക്കാതിരിക്കുന്നുണ്ടോ? ആകയാൽ എന്റെ കണ്ണുനീരു്

www.malankaralibrary.com

കൊണ്ടു് അവസ്ഥ യോഗ്യതയും മൂല്യവും വദ്ധിക്കും. ഞാൻ അധൈര്യപ്പെടുന്നില്ല. എനിക്കുവേണ്ടി കുരിശിൽ മരിക്കാനും സക്രാരിയിൽ അടയ്ക്കപ്പെടുന്നതിനും ഇടയായ ഈശോയ്ക്കുവേണ്ടി തെല്ലു സഹിക്കുവാൻ കഴിയുന്നതു് എനിക്കു ബഹുമാനമായി ഞാൻ കരുതുന്നു.

അങ്ങനെ പൗരോഹിത്യത്തിൻെറ കുലീനത്വം ഞാൻ മനസ്സിലാക്കുവാനിടയാകും. എത്ര സ്നേഹസമന്വിതമായ സേവനം! ✠ തന്നിമിത്തം എനിക്കു് എളിമപ്പെടാതിരിക്കാൻ സാധിക്കുമോ? എന്തു കൊണ്ടാണു് എനിക്കു മൗനം പാലിക്കാൻ സാധിക്കാത്തതു്?

എൻെറ ദൈവമേ, എൻെറ ദൈവമേ, എന്നെക്കൊണ്ടു് അങ്ങയെ സ്നേഹിപ്പിക്കുക; എന്നാൽ ഞാൻ എളിമയുള്ളവനാകും. എന്നെക്കൊണ്ടു് അങ്ങയെ കൂടുതൽ സ്നേഹിപ്പിക്കുക; എന്നാൽ ഞാൻ കൂടുതൽ എളിമയുള്ളവനാകും.

## ജൂലായി 26—ാംനു ചൊവ്വാഴ്ച

ഇന്നു സംഭവിച്ചതുപോലെ ഉച്ചയാകുന്നതിനുമുമ്പു മയങ്ങിപ്പോകാൻ ഞാൻ അനുവദിക്കുകയില്ല. ദൈവമാതാവിൻെറ സ്തുതിക്കായി ഇന്നത്തേതക്കാൾ കൂടുതൽ സൂക്ഷത്തോടെ നാളെ ഞാൻ ജപമാല ചൊല്ലും. എന്തുകൊണ്ടു് ഇക്കാര്യത്തിൽ ഞാൻ ജയിക്കുന്നില്ല? എന്നെ ഒന്നു മെരുക്കാൻ ഞാൻ എൻെറ ജ്ഞാനധ്യാനത്തിലെടുത്ത പ്രതിജ്ഞകൾ നിറവേററാൻ ഞാൻ ശ്രമിക്കും. വാക്കുകൾ ഉച്ചരിക്കുന്നതിനുമുമ്പു് അവ ഞാൻ ചെത്തിമിനുക്കും. ചില കാര്യങ്ങൾ പ്രതിപാദിക്കുമ്പോൾ ഞാൻ സൂക്ഷിക്കണം. അപ്രധാനമായ കാര്യങ്ങളെപ്പററി ഞാൻ അഭിപ്രായമൊന്നും പറയാൻ പോകുന്നില്ല. ഇന്നു് അങ്ങനെ സംഭവിക്കാൻ തുടങ്ങി. ഈശോയോടുള്ള ഐക്യമാണു കാര്യം; പിന്നെ സുകൃതജപങ്ങളും.

എൻെറ ദൈവമേ, ഞാൻ എന്തൊരു പാപിയാണെന്നുനോക്കൂ! എങ്കിലും എൻെറമേൽ കൃപയുണ്ടാകണമേ. ഞാൻ അങ്ങയെ സ്നേഹിക്കുന്നു.

## ജൂലായി 27 –ാംനു ബുധനാഴ്ച

എനിക്കു യാതൊരാവശ്യവുമില്ലാത്ത സംഗതികൾ സംഭാഷണത്തിൽ പൊങ്ങിവരുമ്പോൾ എൻെറ വികാരിയച്ചനോടു മിണ്ടാതി

www.malankaralibrary.com

രിക്കണമെന്നകാര്യം എൻെറ തലയിൽ ഒരിക്കലും കയറുകയില്ലെന്നോ. [1895 മുതൽ 1907 വരെ സോത്തോ ഇൽമോന്തെയിലെ വികാരിയായിരുന്ന ഇഗ്നാസിയോ വാൽസെക്കിയെയാണ് ഇവിടെ ഉദ്ദേശിക്കുന്നത്.] തെററു പറയുന്നില്ലായിരിക്കാം; എന്നാൽ എൻെറ വിചാരം ഞാൻ ശ്ലേമോനെപ്പോലെ വിധിപ്രസ്താവിക്കുന്നുവെന്നാണ്. വളരെ സൂക്ഷിച്ചാണ സംസാരിക്കുന്നതെങ്കിലും സംഭാഷണം അവസാനിക്കുമ്പോൾ എനിക്ക തോന്നാറുണ്ട ഞാൻ അധികം സംസാരിച്ചുവെന്ന്. അഹങ്കാരമുണ്ടെന്ന സാരം.

കുശിനിയിൽ അലസമായി സംസാരിച്ച് ഞാൻ വളരെയേറെ സമയം നഷ്ടപ്പെടുത്തുന്നുണ്ട്. എനിക്ക യാതൊരു ബന്ധവുമില്ലാത്ത കാര്യങ്ങളെ സംബന്ധിച്ച മഹാജിജ്ഞാസയാണെനിക്കുള്ളത്. ഇന്ന ചെയ്തതുപോലെ ധ്യാനസമയത്ത ഞാൻ മയങ്ങി തലയാട്ടുകയില്ല. ഇന്ന സുകൃതജപങ്ങൾ വളരെ കുറച്ചുമാത്രമേ ഞാൻ ചൊല്ലിയുള്ളൂ. ജപമാലയെപ്പററി ഇന്നലെ ഞാനെഴുതിയത് ഇന്നും വാസ്തവമാണ്. ഒരു ക്രിസ്ത്യാനിയെപ്പോലെ ഞാനതു ചൊല്ലിയിട്ടില്ല.

ദൈവമേ, എൻെറ പാപങ്ങളെത്ര! ഞാൻ എളിമപ്പെടണം. ഹാ എൻെറ സാമർത്ഥ്യം എന്തുമാത്രമുണ്ട്! എൻെറ ഈശോ, എൻെറ മേൽ കൃപയുണ്ടാകണമേ.

## ജൂലായി 28-ാംനു- വ്യാഴാഴ്ച

എൻെറ പ്രാർത്ഥന ചൊല്ലുമ്പോൾ, പ്രത്യേകിച്ച് കന്യകാമറിയത്തിൻെറ ഒപ്പീസു ചൊല്ലുമ്പോൾ എനിക്ക കൂടുതൽ ഏകാഗ്രതവേണം. ഒരിക്കലും തൊപ്പി കൂടാതെ വില്ലേജിൽനിന്ന ഞാൻ കടന്നുപോകരുത്. ഇന്ന ചെയ്തതുപോലെ കാർവിക്കോയിലേക്കുപോലും തൊപ്പിവയ്ക്കാതെ ഞാൻ പോകയില്ല.

ദിവസത്തെ മുഴവനും പവിത്രീകരിക്കുന്നതാണ് ഈശോയോടുള്ള ഐക്യം. പ്രസ്തുത ഐക്യം പൊതുവെ പറയുന്നപക്ഷം എനിക്ക കുറവാണ്. ഈ സ്ഥിതി ഭേദപ്പെടാൻ ഞാൻ കൂടുതൽ സുകൃതജപങ്ങൾ ചൊല്ലും.

## ജൂലായി 29-ാംനു- വെള്ളിയാഴ്ച

കഷ്ടം! കർത്താവിനോടുള്ള എൻെറ സ്നേഹം സദാ തണുത്തുകൊ

www.malankaralibrary.com

ണ്ടിരിക്കുന്നു. വി. കുർബാനയുടെ സന്ദർശനവും തഥൈവ. ഞാൻ ജപമാലയ്ക്കുമുമ്പ് അരമണിക്കൂർ അങ്ങനെ ഉന്തിത്തള്ളിനീക്കുന്നുവെന്നുമാത്രം! പകല് ഈശോയെപ്പററി ഞാൻ ചിന്തിക്കുന്നുമില്ല. ഓഫീസുസമയത്തും ഞാൻ മോശമായി പെരുമാറുന്നു. മുമ്പോട്ടുനീങ്ങാതെ പിറകടിക്കുന്നതു് എത്ര ലജ്ജാവഹം!

നല്ല ഈശോ, അങ്ങയുടെ ഉജ്ജ്വലസ്നേഹം എന്റെ ഹൃദയത്തിൽ അങ്ങു് എരിയിക്കണമേ.

## ജൂലായി 30-ാംനു- ശനിയാഴ്ച

എന്റെ അയോഗ്യതയോർത്തു ഞാൻ സ്വയം എളിമപ്പെടേണ്ടതാണു്. ഇതെങ്കിലും എനിക്കു നിർവ്വഹിക്കുവാൻ കഴിഞ്ഞിരുന്നെങ്കിൽ! ഞാൻ എന്നെത്തന്നെ ഭക്തിജ്വാലകനായ ഒരു മാലാഖയെപ്പോലെയാണു വീക്ഷിച്ചിരുന്നതു്; എന്നാൽ എന്റെ അഹങ്കാരത്താൽ ഞാൻ ഒരു കൊച്ചു ലൂസിഫറായിത്തീർന്നിരിക്കുന്നു. ഉദാഹരണമായി, ഇന്നു ഞാൻ നടത്തിയ വി. കുർബാനയുടെ സന്ദർശനം മോശമായിപ്പോയി. സന്ദർശനം മോശമായാൽ ഒന്നും ശരിയാകയില്ല. ജപമാല ചൊല്ലുമ്പോൾ എന്റെ തല കാർമേഘങ്ങളുടെ ഇടയിലാണു്. ഓഫീസിനെപ്പററി ഒന്നും പറയാതിരിക്കുന്നതു് ഉത്തമം. ഈ സമയമെല്ലാം ഈശോ എന്നെ കുസ്തോദിയിൽനിന്നു വിളിച്ചുകൊണ്ടിരിക്കയാണു്. ലൗകായതികക്രിസ്ത്യാനികളെപ്പോലെ ഞാൻ ഓടിപ്പോകുന്നു. ഞാൻ എത്രകണ്ടു ഹൃദയവിഹീനൻ! അതേ എത്രകണ്ടു ഹൃദയവിഹീനൻ!!

അടുത്തടുത്തു സുകൃതജപങ്ങൾ ചൊല്ലി ഈശോയോടു് ഐക്യപ്പെട്ടിരിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ! ഒരായിരം പ്രാവശ്യം ഇതു പ്രതിജ്ഞചെയ്തിട്ടുള്ളതാണു്. ഒരിക്കലും ഞാനതു നന്നായിട്ടു ചെയ്തിട്ടില്ല. എങ്ങനെയെങ്കിലും അതു സാധിക്കണം. ദൈവസഹായത്താൽ ഞാനതു ചെയ്യും. "കർത്താവേ, അങ്ങു മനസ്സാകുന്നെങ്കിൽ ഞാൻ ശുദ്ധനാക്കപ്പെടും."

## ജൂലായി 31-ാംനു- ഞായറാഴ്ച

ഞാൻ പഴയസ്ഥാനത്തുതന്നെ; അല്ല തെല്ലുപിറകായിരിക്കുന്നു. ഇന്നു പ്രത്യേകാത്മശോധന നടത്താൻ വെറും ഒരു പരിശ്രമം ചെയ്തതേയുള്ളൂ: മദ്ധ്യാഹ്നത്തു ത്രികാലജപവും മൂന്നു "സ്വർഗ്ഗസ്ഥനായ പിതാ

www.malankaralibrary.com

വേ'' എന്നജപവും ഞാൻ വിട്ടുകളഞ്ഞു. ഇതൊക്കെ അവസാനിപ്പിക്കണം: കർത്താവു് എന്നോടു ക്ഷമിക്കുമല്ലോ.

ഇന്നു ജൂലായിമാസം അവസാനിച്ചു്, വേറൊരുമാസം ആരംഭിക്കും.

ഞാനും മാസാവസാനത്തിലേക്കു് എത്തിയിരിക്കുന്നു. എന്റെ സൂക്ഷക്കുറവുകൾക്കു ഞാൻ മാപ്പുചോദിക്കുന്നു. നാളെ ഞാനൊരു പുതിയ ജീവിതം ആരംഭിക്കും.

നാളെ വി. ഫ്രാൻസിസ് അസ്സീസിയുടെ സ്തുതിക്കുള്ള പോർഷിയുംകുലാ ദണ്ഡവിമോചനദിനമാണു്. ആകയാൽ ഞാൻ പൂർണ്ണമായി എന്നെത്തന്നെ പവിത്രീകരിക്കുകയും ശുദ്ധീകരിക്കുകയും ചെയ്യണം. സ്രാപ്പേമാലാഖമാരുടെ സഹജനായ ഫ്രാൻസിസ് അസ്സീസിയുടെ നൈർമ്മല്യവും സ്നേഹവും അഗാധഎളിമയും എനിക്കു നല്കണമെന്നു ഞാൻ ഈശോയോടു് അപേക്ഷിക്കുന്നു.

ഓ ഈശോ, എന്നെ ഉപേക്ഷിക്കരുതേ.

## ഓഗസ്ററ് 1-ാംനു തിങ്കളാഴ്ച

ജപമാല ചൊല്ലുമ്പോൾ എനിക്കു കൂടുതൽ ഏകാഗ്രതയും ശ്രദ്ധയും വേണം; സുകൃതജപങ്ങൾ കൂടുതൽ ചൊല്ലണം. ചില സംഗീതങ്ങൾ വളരെ നല്ലതാണെങ്കിലും ചിലപ്പോഴൊക്കെ വിപൽകരമായേക്കും. ദൈവമേ, അവ മനസ്സിനു വ്യഗ്രത വരുത്തുന്നു.

## ഓഗസ്ററ് 2-ാംനു ചൊവ്വാഴ്ച

ഇന്നു ഞാൻ ഈശോയെ ശരിയായി തൃപ്തിപ്പെടുത്തിയിട്ടില്ല, ഞാൻ അവിടുത്തെ പക്കൽനിന്നു് അകന്നാണു കഴിഞ്ഞിട്ടുള്ളതു്. ഞാൻ അവിടുത്തെ ഒരു പ്രാവശ്യം സന്ദർശിച്ചു; എന്നാൽ അവിടുത്തെ ഞാൻ സന്ദർശിച്ചില്ലെന്നു പറയുന്നതായിരിക്കും കൂടുതൽ വാസ്തവം. എന്റെ ദൈവമേ, എന്നെ എളിമപ്പെടുത്തുക. ഞാൻ എന്റെ ശൂന്യത കാണട്ടെ. ബുദ്ധികൊണ്ടും മനസ്സുകൊണ്ടും അങ്ങയോടു യോജിച്ചിരിക്കുന്നതിനു് അങ്ങു് എനിക്കു് ഇടവരുത്തണമേ. ഈ കഴിഞ്ഞ ദിവസങ്ങളെപ്പോലെ ഞാൻ വ്യാപരിക്കുകയാണെങ്കിൽ, എന്റെ സ്ഥിതി വളരെ മോശമായിരിക്കും. ദൈവമേ, ഇങ്ങനെ സംഭവിക്കാതിരിക്കട്ടെ.

www.malankaralibrary.com

അങ്ങയെ സദാകാലം സ്നേഹിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഓ ഈശോ, സ്നേഹവും ക്ഷമയും തരിക!

## ഓഗസ്റ്റ് 3-ാംനു ബുധനാഴ്ച

ശരി. കർത്താവിനോടുള്ള കളിനിറുത്തേണ്ട സമയം അതിക്രമിച്ചിരിക്കയാണ്. ഈശോ പകലെന്നെ വിളിക്കുന്നു; എല്ലാ സായംകാലവും അവിടുന്ന് എന്നെ ക്ഷണിക്കുന്നു. അവിടുന്ന് അഭ്യർത്ഥിക്കുകയും യാചിക്കുകയും ചെയ്യുന്നു. ഞാനാകട്ടെ അവിടുത്തെ തിരസ്കരിക്കുന്നു. ഇതുവരെ ഞാൻ എന്നോട് വളരെ മൃദുവായി പെരുമാറിക്കൊണ്ടിരുന്നു; ഇനി കുറച്ചു കർക്കശമാകണം.

ഇതു് എങ്ങിനെ സംഭവിക്കുന്നു? എല്ലാസായംകാലവും ഞാൻ കാരുണ്യത്തിനായി ഈശോയോട് അപേക്ഷിക്കുന്നുണ്ട്. എല്ലാദിവസവും വീണ്ടും ഞാൻ പാപത്തിൽ വീഴുന്നു. ഇങ്ങനെയാണോ ഒരു സ്സെമിനാരിവിദ്യാർത്ഥി പെരുമാറേണ്ടതു്? ഇന്നുതന്നെ ഈ പരാജയങ്ങൾക്കു പുറമേ, പലവിചാരങ്ങളും വ്യർത്ഥചിന്തകളും എന്റെ കുററങ്ങളായി നിലകൊള്ളുന്നു. എന്റെ ജ്ഞാനവായന ഇന്നു ഞാൻ ഉപേക്ഷിച്ചിരിക്കുന്നു. ഞാൻ അലസനായിരുന്നില്ല; എന്നാൽ ഭക്തകൃത്യങ്ങൾക്കു് ഒന്നാംസ്ഥാനം നല്കേണ്ടതല്ലേ?

അടുത്തടുത്തുണ്ടാകുന്ന സാധാരണ പരാജയങ്ങൾ ഇല്ലാതാക്കാനായിരിക്കണം എന്റെ പ്രഥമശ്രമം; പിന്നീടു മററു പരാജയങ്ങളെ ഓരോന്നോരോന്നായി അഭിമുഖീകരിക്കാം. ഇതാണെന്റെ നിശ്ചയം.

എന്റെ കാവൽമാലാഖേ, വി. ജോൺ ബെർക്കുമൻസ്, ഞാനിപ്പോൾ ചെയ്യുന്ന ഈ പ്രതിജ്ഞയ്ക്കു നിങ്ങൾ സാക്ഷികളായിരിക്കണമെ.

നാളെ ഞാൻ വി. കുർബാനയുടെ സന്ദർശനവും ജപമാലയും വേണ്ടപോലെ നടത്തും. എന്നാൽ എല്ലാം ഭംഗിയായിട്ടുപോകും. അല്ല, ഈയിടയ്ക്കു ചെയ്തിരുന്നതുപോലെയാണു നാളത്തെ സ്ഥിതിയെങ്കിൽ, വെള്ളിയാഴ്ച ഉച്ചവരെ ഞാനൊന്നും ഭക്ഷിക്കുകയില്ല; രണ്ടു മണിക്കൂർ ഞാൻ ധ്യാനിക്കുകയുംചെയ്യും. ഇങ്ങനെ ഏതുവിധമെങ്കിലും വിജയം കരസ്ഥമാക്കണമെന്നാണ് എന്റെ ഉദ്ദേശ്യം.

ഓ ഈശോ, അങ്ങും എന്നെ ഒന്നുകടാക്ഷിക്കണമേ.

www.malankaralibrary.com

## ഓഗസ്ററ് 4-ാംനു- വ്യാഴാഴ്ച

സ്വല്പം ഭേദമായിട്ട ഞാൻ പ്രവത്തിച്ചു; എന്നാൽ എല്ലാം വേണ്ടപോലെ ഞാൻ ചെയ്തിട്ടില്ല. ഉദാഹരണമായി വി. കുബ്ബാനയുടെ സന്ദശനം! അതു ഞാൻ ഏററം സ്നേഹപൂവ്വം ചെയ്ത ഒരു സന്ദശനമാണെന്നു പറയുകവയ്യാ. ജപമാലയുടെ സമയത്തു് എൻെറവിചാരങ്ങൾ പതറിപ്പോയി. എങ്കിലും ഇന്നു ഞാൻ തൃപ്തിയടയുന്നു; ശേഷം നാളേക്കു് ഇരിക്കട്ടെ.

ഏതായാലും പരാജയത്തിനുള്ള ശിക്ഷ ഞാൻ പിൻവലിക്കുന്നില്ല. ജപമാലയ്ക്കും വി. കുബ്ബാനയുടെ സന്ദശനത്തിനും പുറമേ, കന്യകാമറിയത്തിൻെറ ഒപ്പീസും ഞാൻ ചൊല്ലും. ചിലആളുകളേയും പ്രവൃത്തികളേയും നീതീകരിക്കാൻവേണ്ടി ഞാൻ വികാരിയച്ചനോടു് കുറേയേറെ തക്കിച്ചിട്ടുണ്ടു്. അക്കായ്യത്തിൽ ഞാൻ സൂക്ഷിക്കും. പ്രസ്തുതആളുകളും പ്രവൃത്തികളും കുറേയൊക്കെ കുററക്കാരാണു്; ചില പ്പോൾ അങ്ങനെയല്ല എന്നും എനിക്കു തോന്നിയിട്ടുണ്ടു്. ഞാൻ ഇങ്ങനെയൊക്കെ സംസാരിക്കുന്നതു് മോശമാണെന്നു് എല്ലാവക്കുമറിയാം; അല്ല, ഞാൻ ഗൗരവമായിട്ട പറയുകയാണെങ്കിൽത്തന്നെ എല്ലാവരും അതു ഫലിതമായി മാററുകയാണു ചെയ്യുന്നതു്. ചില കായ്യങ്ങളിൽ ഇങ്ങനെമുന്നോട്ടുപോകുന്നതുതെററാണു്. എത്രയുംനിസ്സാരകായ്യങ്ങൾ കൂടി വലിയ കഥയായിത്തീരുന്നു. ഏതായാലും ഇതുമതി! എനിക്കു കായ്യം മനസ്സിലായി. നമുക്കു് എളിമവേണം; ആരേയും നാം ദ്രോഹിക്കുകയുമരുതു്.

## ഓഗസ്ററ് 5 -ാംനു- വെള്ളിയാഴ്ച

ഇന്നു ഞാൻ എൻെറ പ്രധാന ചുമതലകളിലൊന്നു് അവഗണിച്ചു: "എൻെറ കൊച്ചനുജന്മാർ പ്രാത്ഥന ചൊല്ലുന്നതു കേൾക്കുക എന്നതു്."

മറിയത്തിൻെറ സ്തുതിക്കായുള്ള നൊവേനയിൽ ഞാൻ വാഗ്ദാനംചെയ്യുന്നു: "ഇനി ഇതു് ആവത്തിക്കപ്പെടുകയില്ല." ഇക്കായ്യത്തിലും ഞാൻ സൂക്ഷ്മംവയ്ക്കും.

ഉച്ചകഴിഞ്ഞു ദീഘമായുറങ്ങുന്ന ഒരു സ്വഭാവം എനിക്കുണ്ടായിട്ടുണ്ടു്. ആകയാൽ മുക്കാൽമണിക്കൂർ കഴിയുമ്പോൾ എഴുന്നേല്ക്കത്തക്കവിധം അലാറംക്ലോക്കു ശരിപ്പെടുത്തിവയ്ക്കും. അത്രയും ഉറങ്ങിയാൽമതി.

www.malankaralibrary.com

നാളെ സ്വർഗ്ഗാരോപണത്തിരുനാളിന്റെ നൊവേന തുടങ്ങും. എല്ലാ കാര്യത്തിലും കൂടുതൽ തീക്ഷ്ണത ആവശ്യമാണ്. സുകൃതജപങ്ങൾവഴി ഈശോയോടും മറിയത്തോടും ഐക്യപ്പെടേണ്ടിയിരിക്കുന്നു, സുകൃതജപങ്ങൾ എനിക്കു വളരെ ആവശ്യമാണ്.

ഈശോ മറിയമേ, എന്റെ സ്നേഹം മുഴുവനും സദാ അങ്ങേക്കു മാത്രമായിരിക്കട്ടെ.

## ഓഗസ്റ്റ് 8 –ാംനു തിങ്കളാഴ്ച

കഠിനമായ പല്ലുവേദന നിമിത്തം കഴിഞ്ഞരാത്രിയും അതിന്റെ തലേ രാത്രിയും എനിക്ക് ഒന്നും എഴുതാൻ സാധിച്ചില്ല. ഈശോയെ പ്രതി സഹിക്കാൻ ഇതൊരവസരം നല്കിയെങ്കിലും; ഇതു് എന്റെ ചിന്തകളൊക്കെ അതിലേക്കു തിരിഞ്ഞുപോയി.

ജപമാല വി. കർബ്ബാനയുടെസന്ദർശനം എന്നീ രണ്ടു പ്രധാന ഭക്തകൃത്യങ്ങൾ ഞാൻ ശരിയായി നിർവ്വഹിച്ചിട്ടില്ലാത്തതിനാൽ, നാളെ മനസ്സമാധാനമുണ്ടെങ്കിൽ ഞാൻ, നിശ്ചയിച്ചിരിക്കുന്ന പ്രായശ്ചിത്തങ്ങൾ നിറവേററും.

സ്വർഗ്ഗാരോപണത്തിരുനാളിനുള്ള നൊവേന ഞാൻ വളരെ മോശമായിട്ടാണു ചെയ്യുന്നതു്. വാസ്തവം പറയുകയാണെങ്കിൽ അതിൽ പങ്കെടുക്കാത്തതുപോലെയാണിരിപ്പ്.

ആകയാൽ കൂടുതൽ ഭക്തി ആവശ്യമാണ്. വലിയ അസാധാരണ നേട്ടങ്ങളല്ല ആവശ്യം; അനുദിന കൃത്യങ്ങൾ പൂർണ്ണമായിരിക്കണം. ഇന്നു കർമ്മിനാത്തിക്കു് എഴുതിയ കത്തിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ വിചാരത്താൽ ഈശോയോടും മറിയത്തോടുമുള്ള ഐക്യത്തിൽ ഞാൻ കഴിയേണ്ടിയിരിക്കുന്നു. ഓ മറിയമേ! [1902–ൽ പട്ടം കിട്ടിയ ഒരു വൈദികനാണു കർമ്മിനാത്തി. സ്റ്റെസാനോയിലെ റെക്ടരായിരിക്കെ 1941–ൽ അദ്ദേഹംമരിച്ചു.]

## ഓഗസ്റ്റ് 9–ാംനു ചൊവ്വാഴ്ച

ഭക്താഭ്യാസങ്ങൾ തുടങ്ങുന്നതിനുമുമ്പ് ഒരു കാര്യം ഞാനോർക്കണം; "ഒരു നേർച്ച നേരുന്നതിനുമുമ്പു നീ ഒരുങ്ങുക" (പ്രഭാ. 18, 23)

www.malankaralibrary.com

പഠനത്തിൽനിന്നോ മററു ജോലികളിൽനിന്നോ വിഷമംകൂടാതെ വിശുദ്ധന്മാരേപ്പോലെ പ്രാത്ഥനയിലേക്ക കടന്നുപോകാനും എനിക്കുള്ളതുപോലെ പലവിചാരംകൂടാതെ കഴിക്കാനും ഞാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞരാത്രി എഴുതിയതുതന്നെ ഇന്നും ആവത്തിക്കേണ്ടിയിരിക്കുന്നു. ഞാൻ നിരുത്സാഹനായിരിക്കുന്നു, മുന്നോട്ട പോകാൻ മാർഗ്ഗം കാണുന്നില്ല.

ഈശോ മറിയമേ, എനിക്ക കുറേക്കൂടെ തീക്ഷ്ണത നല്കുക. അല്ലെങ്കിൽ ഞാൻ ശുഷ്കിച്ചുപോകും.

## ഓഗസ്റ്റ് 12–ാംനു വെള്ളിയാഴ്ച

ഒരുരാത്രിഎനിക്ക വിളക്കുണ്ടായിരുന്നില്ല; കഴിഞ്ഞരാത്രിമഷിയുണ്ടായിരുന്നില്ല; തന്നിമിത്തം രണ്ടുരാത്രി ഞാനൊന്നും എഴുതിയില്ല.

കഴിഞ്ഞ കുറേ ദിവസങ്ങളിലേക്ക ഞാൻ തിരിഞ്ഞുനോക്കുമ്പോൾ അനുതപിക്കേണ്ട ഭയങ്കര കുററങ്ങളൊന്നുമില്ലെങ്കിലും പുണ്യം ഒന്നും കാണാനില്ല. മുന്നോട്ട കയറാതെ ഒരേസ്ഥലത്തുതന്നെ സ്ഥാനം പിടിച്ചിരിക്കുകയാണ്. വേണ്ടപോലെ ഇക്കാര്യത്തെപ്പററി ചിന്തിക്കാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. പ്രത്യേകാത്മശോധന ആവശ്യപ്പെടുന്നതുപോലെ ഓരോ ദിവസത്തെ പ്രവൃത്തികളും അടുത്തദിവസത്തെപ്രവൃത്തികളോട്ട താരതമ്യപ്പെടുത്തിനോക്കാത്തതും അതിനു കാരണമായിട്ടുണ്ട്. സംക്ഷിപ്തമായി പറയുന്നപക്ഷം ഞാൻ പ്രത്യേകാത്മശോധന സൂക്ഷത്തോടെചെയ്യേണ്ടിയിരിക്കുന്നു. ചില ചെറിയ കാര്യങ്ങൾ തീരെ ശരിയാകുന്നില്ല. ഒന്നുകൂടി കൃത്യമായി പറയുന്നപക്ഷം ചില കാര്യങ്ങൾ തീരെ മോശമാകുന്നു. ജപമാലയും ഏറെക്കുറെ വി. കുബ്ബാനയുടെ സന്ദശനവും അങ്ങനെതന്നെ, സ്തുതജപങ്ങൾ ചൊല്ലുന്ന കാര്യവും വളരെ കഷ്ടംതന്നെ.

എങ്കിലും ശുദ്ധനിയോഗത്തിനു് എനിക്ക കുറവില്ല. ഇതിനു ഞാൻ ദൈവത്തോട്ട നന്ദിപറയുന്നു. ഒരു മഹാനുഗ്രഹംതന്നെയാണിതു്. ശുദ്ധനിയോഗമുണ്ടായിരുന്നവർതന്നെ പലരും പക്ഷേ ഇന്നു നരകത്തിലായിരിക്കും. ഞാൻ ഒരു സുകൃതിയും പരിശുദ്ധനുമായിരിക്കുക എനിക്കു് എത്രയും ആവശ്യമാണെന്നു ഞാൻ ഗ്രഹിച്ചിരുന്നെങ്കിൽ! ഇനി ഇതൊന്നും പറഞ്ഞിട്ട കാര്യമില്ല. നാളെ ഞാൻ കുമ്പസാരിക്കും: നാളെ മുതൽ എന്റെ സ്നേഹം എത്രയുമധികമർഹിക്കുന്ന കന്യകാമറിയത്തിന്റെ സ്തുതിക്കായി കൂടുതൽ തീക്ഷ്ണതയോടും ഉത്സാഹത്തോടുംകൂടെ

www.malankaralibrary.com

ഞാൻ ജീവിക്കും. അന്യരിലുള്ള തെറ്റുകൾ രഹസ്യമായിപ്പോലും ഞാൻ ആരോടും പറയുകയില്ല. പക്ഷേ, ഞാൻ മാത്രമേ അവ കാണുന്നുണ്ടാകയുള്ളു.

## ഓഗസ്റ്റ് 13-ാംനു ശനിയാഴ്ച

ഇന്നു് എല്ലാക്കാര്യങ്ങളും മററു ദിവസങ്ങളിലെന്നതിനേക്കാൾ ഭേദമായിനടന്നിട്ടുണ്ടു്. സുകൃതജപങ്ങൾചൊല്ലി ഈശോയോടും മറിയത്തോടും ഐക്യം പാലിക്കാൻ ഞാൻ വേണ്ടപോലെ ശ്രദ്ധിച്ചിട്ടില്ല. ജപമാലയും ഒപ്പീസും തീരെ അവഗണിച്ചിരിക്കുകയാണു്.

ചില ആളുകൾക്കു വെറുപ്പു വരുത്തുന്ന ചില വിഷയങ്ങളുണ്ടു്; അവ സ്പർശിക്കാതിരിക്കാൻ ഞാൻ സൂക്ഷിക്കണം. അവ സ്പർശിക്കുന്നതുകൊണ്ടു് വെറുതെ അന്യരെ വെറുപ്പിക്കുന്നതല്ലാതെ പുണ്യസമ്പാദനത്തിനു് ആ വിഷയങ്ങൾ പ്രയോജകീഭവിക്കയില്ല. എൻെറ അമ്മയായ മറിയമേ, അങ്ങു് എന്നെ സഹായിക്കുന്നില്ലെങ്കിൽ ഞാനെന്തൊരു സെമ്മിനാരിവിദ്യാർത്ഥിയായിരിക്കും! എന്തൊരു പുരോഹിതനായിരിക്കും!

## ഓഗസ്റ്റ് 15-ാംനു തിങ്കളാഴ്ച

ഇന്നു ധ്യാനം, ജ്ഞാനവായന, പ്രത്യേകാത്മശോധന മുതലായവയെല്ലാം നഷ്ടപ്പെട്ടു! വേറെ മാർഗ്ഗമൊന്നുമുണ്ടായിരുന്നില്ല; കാരണം ഞാൻ സ്വർഗ്ഗാരോപണത്തിരുനാളാഘോഷങ്ങളിൽ പങ്കുകൊള്ളുകയാണുണ്ടായതു്. എൻെറ ദരിദ്രഗ്രാമത്തിൽ കൊല്ലന്തോറും ഈ തിരുനാൾ ആഘോഷപൂർവ്വം കൊണ്ടാടുന്നു. ദൈവമാതാവു് എന്നോടു ക്ഷമിക്കാതിരിക്കയില്ല.

## ഓഗസ്റ്റ് 16 -ാംനു ചൊവ്വാഴ്ചവൈകുന്നേരം

ഇന്നു് എൻെറ കുററത്താൽത്തന്നെ ഞാൻ തെററു ചെയ്തു; അല്ല, തെററിൻെറ വക്കിലെത്തി. കഴിഞ്ഞ പന്തക്കുസ്താക്കാലത്തു് എൻെറമേൽ ആരോപിച്ച കുററംതന്നെ. സെമ്മിനാരിവിദ്യാർത്ഥികൾക്കു് ആവശ്യമില്ലാത്ത വിഷയത്തേപ്പററി സംസാരിക്കുവാനുള്ള വാഞ്ഛ.

വാസ്തവത്തിൽ ഞാൻ വളരെ സൂക്ഷിച്ചാണു സംസാരിച്ചതു്. നിഷ്കപടത, തലവന്മാരോടുള്ള അനുസരണ, ഭക്തി, ഒരു പുരോഹിതനു

www.malankaralibrary.com

പുണ്യജീവിതത്തോട്ടുണ്ടായിരിക്കേണ്ട മമത എന്നിവയെപ്പററി മാത്ര മേ ഞാൻ സംസാരിച്ചുള്ളൂ. ഞാൻ വികാരിയച്ചനോടാണു സംസാരി ച്ചതു്; അതും അദ്ദേഹം വിഷയം സമാരംഭിച്ചപ്പോൾ. മൗനം പാലി ക്കണമെന്നായിരുന്നു എന്റെ നിശ്ചയം. എന്നാൽ ഞാൻ എന്നെത്ത ന്നെ വിധിച്ചാൽ ശരിയാകയില്ലല്ലോ! ഇവ മേലധികാരികളുടെ ആ ഗ്രഹത്തിനെതിരാണു്; അതുമതി. ആകയാൽ ആവുന്നിടത്തോളം ഈ പ്രശ്നത്തിൽനിന്നു ഞാൻ അകന്നിരിക്കണം. പുരോഹിതന്മാരുടെ പ്രവൃ ത്തികൾ ദൈവസ്തുതിക്കായിരിക്കണമെന്നു ഞാൻ പ്രാർത്ഥിച്ചാൽമതി.

ഇടവക വികാരി തരുന്ന വിരുന്നും സ്വർഗ്ഗാരോപണത്തിരുനാ ളിനു സമ്മേളിക്കുന്ന വൈദികരുമാണു് എന്നെ ആവേശംകൊള്ളിച്ച തു്. എന്നാൽ ശരിയായ കാരണം എന്റെ അഹങ്കാരമാണു്; അതു നീങ്ങണം.

ഈ സംഭവങ്ങൾ എന്റെ ഭക്താഭ്യാസങ്ങൾക്കു ശല്യം വരുത്തു ന്നുവെന്നതാണു് എത്ര വലിയ കഷ്ടം. ഇന്നു ജ്ഞാനവായനപോലെ പലതും ഞാൻ ഉപേക്ഷിച്ചു. ധ്യാനം, വി. കുർബ്ബാനയുടെ സന്ദർശനം, ജപമാല എന്നിങ്ങനെ പലതും വളരെ മോശമായിക്കഴിച്ചു.

ഓ ഈശോ, എന്നു ഞാൻ അങ്ങേക്കു സംപ്രീതനാകും?

## ഓഗസ്റ്റ് 17–ാംനു ബുധനാഴ്ച

പ്രശാന്തമായി ഞാൻ ഒരു ദിവസം ഇന്നു കഴിച്ചു. ദൈവത്തി നു സ്തുതി. മദ്ധ്യാഹ്നത്തിനു മുമ്പു പെട്ടെന്നുണ്ടായ ഒരു പല്ലുവേദന ഈ ദിവസം കൂടുതൽ നന്നായിട്ടു ചെലവാക്കാൻ കാരണമായി. എന്നാലും തീരെ കുററമില്ലെന്നു പറയുവാൻ വഹിയാ. ധ്യാനത്തിൽ ഞാൻ മയ ങ്ങിപ്പോയി; സന്ധ്യാനമസ്കാരം ധൃതിയിൽ അശ്രദ്ധമായി ചൊല്ലി. സുകൃതജപങ്ങൾ ദീർഘമായി ഇടവിട്ടു വളരെക്കുറച്ചേ ചൊല്ലുവാൻ കഴിഞ്ഞുള്ളൂ.

ഇന്നു രാത്രി ഒരിടവകക്കാരന്റെ മരണത്തെപ്പററി കേട്ടപ്പോൾ ഒരു കാര്യം ഓർമ്മവന്നു. മരണനേരത്തു് എനിക്കു് എന്റെ ജീവിത ത്തെപ്പററി സംതൃപ്തിതോന്നുമോ? അതൃപ്തിതോന്നുമോ? ഞാൻ ഇന്ന ത്തെപ്പോലെയാണെങ്കിൽ എനിക്കു് ആശ്വാസത്തിനു മാർഗ്ഗമൊന്നുമില്ല. "നീതിമാന്മാരുടെ മരണം എനിക്കു സംലബ്ധമാകട്ടെ." (സംഖ്യാ 23, 10) എന്നാൽ ആദ്യം നീതിമാന്മാരുടെ ജീവിതം ഞാൻ നയിക്കട്ടെ:

www.malankaralibrary.com

## ഓഗസ്ററ് 18 -ാംനു വ്യാഴാഴ്ച

തിന്മ വർജ്ജിക്കാൻ മാത്രമല്ല നന്മ ചെയ്യാനുള്ള ചുമതലകൂടെ എനിക്കുണ്ടെന്നു ഞാൻ ഓർമ്മിക്കണം. വി. കുർബ്ബാനയുടെ സന്ദർശന വേളയിലും ജപമാലയിലും എന്റെ ചിന്തകൾ പതറിപ്പോകാൻ ഞാനനുവദിച്ചതുകൊണ്ടു് ഇന്നു തിന്മകൂടാതെ ജീവിച്ചു എന്നു ഞാൻ പറയുകയില്ല. വി. കുർബ്ബാനയുടെ സന്ദർശനം ഞാൻ ദിവസത്തിന്റെ അന്ത്യത്തിലേക്കു മാററിവച്ചുകൊണ്ടിരിക്കയാണു്. ഈശോയോടു നീ അങ്ങനെ ചെയ്യാൻ പാടില്ലാത്തതാണു്. അവിടുത്തെ നീ ഒടുവിലാക്കരുതു്.

## ഓഗസ്റ്റ് 19-ാംനു വെള്ളിയാഴ്ച

ഇന്നു രാവിലെ കുശിനിയിൽവച്ചു ഞാൻ സംസാരിച്ചതുപോലെയുള്ള അലസസംസാരം ദിവസവട്ടത്തിൽ കുറഞ്ഞേ മതിയാവൂ. ഭക്താഭ്യാസങ്ങളിലും പഠനസമയത്തും സർവ്വോപരി ജപമാലയിലും കന്യാമറിയത്തിന്റെ ഒഫീസു ചൊല്ലുമ്പോഴും കൂടുതൽ ശ്രദ്ധ ആവശ്യമാണു്. സാധുമാതാവു്! ഇതിലുംകൂടി എനിക്കു അവിടുത്തെ സംതൃപ്തിപ്പെടുത്തുവാൻ കഴിഞ്ഞില്ലല്ലോ. നാളെ ശനിയാഴ്ച അവിടുത്തെ ദിനമാണല്ലോ. ഈ ദിനംതന്നെയായിരിക്കട്ടെ അവിടുത്തേക്കുള്ള കാഴ്ച.

ദൈവമേ, എത്ര ലജ്ജാവഹം! എനിക്കു തന്നിട്ടുള്ള കൃപാവരമൊക്കെയും കൊണ്ടു ഞാൻ ഒരു പുണ്യവാനാകേണ്ടതാണു്; പകരം ഞാൻ ഒരു മഹാപാപി.

## ഓഗസ്റ്റ് 20-ാംതീയതി ശനിയാഴ്ച

മോശമായി ചെലവഴിച്ച വേറൊരു ദിവസം; മദ്ധ്യാഹ്നത്തിനു മുമ്പുള്ള സമയം മുഴുവനും ഞാൻ വികാരിയച്ചന്റേയും ഡോക്ടരുടേയും കൂടെ കഴിച്ചു. തന്നിമിത്തം കാര്യമായി യാതൊന്നും ഞാൻ ചെയ്തില്ല. രണ്ടു കാര്യം ഞാൻ ഇവിടെ രേഖപ്പെടുത്തേണ്ടിയിരിക്കുന്നു.

1) വിശുദ്ധ കൂദാശകൾ, പ്രത്യേകിച്ചു വി. കുർബാന സ്വീകരിക്കുവാൻ എനിക്കു കൂടുതൽ ശ്രദ്ധയും തീക്ഷ്ണതയും വേണ്ടിയിരിക്കുന്നു.

2) കഴിയുന്നിടത്തോളം ഞാൻ അന്യരിൽനിന്നു് ഒഴിഞ്ഞുമാറി മറവിൽ കഴിഞ്ഞുകൂടണം. എനിക്കു് ആവശ്യമില്ലാത്ത ചില വിഷ

www.malankaralibrary.com

യങ്ങളെപ്പററി പാട്ടുള്ളിടത്തോളം ഞാൻ ഒരിക്കലും പ്രാസംഗികമായിപ്പോലും സംസാരിക്കുകയില്ല. കണ്ടവരുടെ മുമ്പിലൊക്കെ ഓരോ സാഹചര്യങ്ങളിൽ അവരെങ്ങനെയാണു പെരുമാറേണ്ടതെന്നതിനെപ്പററി ഉപദേശശകലങ്ങൾ ഞാൻ വലിച്ചെറിയുകയില്ല.

ഈശോ ആഗ്രഹിക്കുന്ന ഈ ചെറിയ ത്യാഗം ഞാൻ ചെയ്യുമാറാകട്ടെ. ഓ ഇശോ, എന്റെ മന്ദതയ്ക്കു് ഒരറുതിവരുത്തുക.

## ഓഗസ്റ്റ് 21—ാം തീയതി ഞായറാഴ്ച

കർത്താവേ, കർത്താവേ, മഹാപാപിയായ എന്നോടു കൃപയുണ്ടാകണമേ. എനിക്കു കൂടുതലായി എന്താണു പറയാവുന്നതു്? ഞാൻ എന്റെ പ്രതിജ്ഞകൾ നിറവേററിയിട്ടില്ല. എന്റെ ദൈവമേ, ഇത്രവളരെ പാപങ്ങൾ! ഈശോയിൽനിന്നു് ഇത്രയധികം സ്നേഹവും! എത്രമാത്രം വാഗ്ദാനങ്ങളാണു് ലംഘിക്കപ്പെട്ടിട്ടുള്ളതു്!

വി. അലക്സാണ്ഡർ, നാളെ അങ്ങയുടെ അടുക്കലേക്കു് ഒരു തീർത്ഥാടനത്തിനു വരികയാണു്. ഒരു വൈദികവിദ്യാർത്ഥിയുടെ ചുമതലകൾക്കു ഭംഗം വരുത്താതിരിക്കാൻ അങ്ങു് എന്നെ ശക്തിപ്പെടുത്തണമേ. (1898 ആഗസ്റ്റ് 14 മുതൽ 28 വരെ തീയതികളിൽ വി. അലക്സാണ്ഡറിന്റെ 16—ാം രക്തസാക്ഷിത്വശതകാഘോഷം കൊളോണിൽ വച്ചു കൊണ്ടാടുകയുണ്ടായി. അവിടെ കർദ്ദിനാൾ സാരേത്തൊ, കർദ്ദിനാൾ അലിയാർഡി മുതലായവർ സന്നിഹിതരായിരുന്നു. പ്രസ്തുതാഘോഷം ഇവിടെ സൂചിതം.)

## ഓഗസ്റ്റ് 23—ാം തീയതി ചൊവ്വാഴ്ച

ദൈവശുശ്രൂഷയിൽ വന്നിട്ടുള്ള എന്റെ വീഴ്ചകളെപ്പററി ചിന്തിക്കുമ്പോൾ ഞാൻ ലജ്ജിച്ചുപോകുന്നു. "എന്റെ ദൈവമേ, എന്റെ മേൽ കൃപയുണ്ടാകണമേ" എന്നു മാത്രമേ അങ്ങയുടെ സന്നിധിയിൽ എനിക്കു പറയുവാൻ കഴിയൂ.

## ഓഗസ്ററ് 24—ാം തീയതി ബുധനാഴ്ച

ഇന്നലത്തോളം മോശമല്ല ഇന്നത്തെ ചെയ്തികൾ; എന്നാലും മോശംതന്നെ, പ്രത്യേകിച്ചു പ്രാർത്ഥനകൾ. വി. അലക്സാണ്ഡറിന്റെ ആഘോഷങ്ങളെപ്പററി ഞാനങ്ങനെ വിചാരിച്ചിരുന്നുപോയി. എന്റെ

www.malankaralibrary.com

ഉൽസാഹം ചിലപ്പോൾ അവിവേകമായിപ്പോകുന്നു; അതു നിയന്ത്രിക്കേണ്ടതാണു്.

## ഓഗസ്ററു് 31—ാം തീയതി ബുധനാഴ്ച (ധ്യാനം)

വി. അലക്സാണ്ഡറിന്റെ തിരുനാളിനുള്ള ഒരുക്കവും നൊവേനയും ആഘോഷങ്ങളുംനിമിത്തം എന്റെ എല്ലാ ഭക്താഭ്യാസങ്ങളും അനുഷ്ഠിക്കുവാൻ എനിക്കു കഴിഞ്ഞില്ല. വാസ്തവം പറയുകയാണെങ്കിൽ അവ എന്നെ തട്ടി മറിച്ചിരിക്കുന്നു. ആഘോഷങ്ങൾ കഴിഞ്ഞു മടങ്ങിവന്നിരിക്കകൊണ്ടു് എനിക്കു തെല്ലു വിശ്രമിച്ചു ധ്യാനംകഴിക്കാം. ഞാനെത്ര മോശമായിട്ടാണു് ഈ മാസം ചെലവഴിച്ചതെന്നു വിചാരിച്ചു് എന്റെ സമയം ഇനി നഷ്ടപ്പെടുത്തുന്നില്ല. ഞാനെഴുതിയിട്ടുള്ള ചെറിയ കുറിപ്പുകൾ അതു വിശദമാക്കുന്നുണ്ടു്.

ദൈവശുശ്രൂഷയിലുള്ള എന്റെ അസ്ഥിരതയാണു് എന്നെ കൂടുതൽ ഭയപ്പെടുത്തുന്നതു്. വി. ആഗുസ്തീനോസിനോടൊപ്പം, "ഞാൻ എഴുന്നേല്ക്കും" എന്നു ഞാൻ ഒരായിരംപ്രാവശ്യം പറയുന്നുണ്ടു്. എന്നാൽ ഞാൻ വീണ്ടും വീഴുന്നു. ആഗുസ്തീനോസ് എഴുന്നേററതിൽപ്പിന്നെ വീണിട്ടില്ല.

ഈയിടയ്ക്കു് എന്റെ അശ്രദ്ധയും മററു കാരണങ്ങളുംനിമിത്തം കുമ്പസാരിച്ചിട്ടു കുറെയേറെ ദിവസങ്ങളായി. മഹാ കഷ്ടംതന്നെ. വി. ചാൾസ് ബൊറോമ്യ ദിവസത്തിൽ രണ്ടു പ്രാവശ്യം കുമ്പസാരിച്ചകാര്യം ഓർക്കുമ്പോഴാണു കൂടുതൽ ഞാൻ ലജ്ജിക്കുന്നതു്.

മതി. ഞാൻ എത്ര നീചനാണെന്നു വാക്കുകൊണ്ടു പറഞ്ഞറിയിക്കുക ദുർഘടംതന്നെ. എന്റെ അഹങ്കാരം എന്റെ ബുദ്ധിയെ മന്ദീഭവിപ്പിക്കുന്നു. എന്റെ കർത്താവു് എന്നെ സ്വാഗതംചെയ്യുകയും ആശ്ലേഷിക്കുകയും ചെയ്യുന്നതുകൊണ്ടു ഞാൻ എഴുന്നേല്ക്കും. മററു നിശ്ചയങ്ങൾക്കു പുറമെ ഈ ധ്യാനത്തിലെ എന്റെ നിശ്ചയങ്ങൾ ഇങ്ങനെയായിരിക്കും.

1) ഇടവകക്കവദികനെ കാണുന്നതിനുമുമ്പു ഞാൻ വി. കുർബാന സന്ദർശിക്കും. ഉദ്ദേശം മൂന്നുമണിക്കു്.

2) വർത്തമാനക്കടലാസുകളും മെത്രാന്മാരുമാണു് ഇന്നത്തെ ചൂടുപിടിച്ച വിഷയങ്ങൾ. ഞാൻ അവയിലൊന്നും ഇടപെടുകയില്ല.

www.malankaralibrary.com

അനീതിയായി ആക്രമണവിധേയമായിട്ടുള്ള കാര്യങ്ങൾ നീതീകരിക്കാനും ഞാൻ ആയുധമെടുക്കേണ്ടതില്ല. അങ്ങനെ ചെയ്യണമെന്ന് ഇതരർ നിർബന്ധിക്കുകയാണെങ്കിൽ അവ വിനയപൂർവ്വം നീതീകരിക്കുന്നതിനു ഞാൻ പാട്ടുള്ളതെല്ലാം ചെയ്യും. എല്ലായ്പോഴും ഞാൻ പരസ്നേഹം പ്രദർശിപ്പിക്കും.

3) കന്യകാമറിയത്തോടുള്ള നൊവേന ഇന്നലെ ഞാൻ ആരംഭിച്ചല്ലോ. ഞാൻ ധാരാളം സുകൃതജപങ്ങൾ, പ്രത്യേകിച്ച്, കന്യാകാംബികയുടെ സ്തുതിക്കുള്ളവ ചൊല്ലും.

## ഓഗസ്റ്റ് 31—ാംതീയതി ബുധനാഴ്ച

വളരെ കുറച്ചു സുകൃതജപങ്ങളേ ഞാൻ ചൊല്ലിയുള്ളൂ. വി. കുർബാനയുടെ സന്ദർശനത്തിലും ജപമാലയിലും എനിക്കു കൂടുതൽ തീക്ഷ്ണത വേണം. എന്റെ ധ്യാനത്തിലെടുത്ത രണ്ടാമത്തെ പ്രതിജ്ഞക്കെതിരായി തെറ്റുചെയ്തോ എന്തോ. ഇല്ലെങ്കിൽ കഷ്ടിച്ചു രക്ഷപ്പെട്ട എന്നുമാത്രം.

എനിക്കു കുറേക്കൂടി വിവേകവും ആലോചനാശീലവും ആവശ്യമാണ്; പിശാചു് എന്നെക്കാൾ സമർത്ഥനാണ്.

## സെപ്റ്റംബർ 1-ാം തീയതി വ്യാഴാഴ്ച

ഇന്നു തീരെ മോശമായിട്ടില്ല; വളരെ നന്നായിട്ടുമില്ല. ഞാൻ തീരെ മന്ദനായിട്ടുണ്ട്. എനിക്കു ജപമാലയിലും വി. കുർബാനയുടെ സന്ദർശനത്തിലും കൂടുതൽ തീക്ഷ്ണത ആവശ്യമാണ്. കന്യകാമറിയത്തിന്റെ നൊവേന ഞാൻ നടത്തിക്കൊണ്ടിരിക്കുകയാണല്ലോ.

സാധുമാതാവു് ഞാൻ അവിട്ടത്തെ എത്ര കുറച്ചുമാത്രം സ്നേഹിക്കുന്നു! മിക്കപ്പോഴും ഞാൻ അവിടത്തെ വിസ്മരിക്കുകയാണ്. എന്റെ സന്ദർശനത്തിലും ജപമാലയിലും വളരെ ശ്രദ്ധയും സ്നേഹവും പ്രദർശിപ്പിക്കുമെന്നു നാളെ ഞാൻ നൂറുവട്ടം പ്രതിജ്ഞചെയ്യും. ഇതു ഞാൻ പാലിച്ചാൽ ശേഷമെല്ലാം ശരിയായിക്കൊള്ളും.

എന്റെ അമ്മേ, അങ്ങനെ സംഭവിക്കുമെന്നു ഞാൻ വിശ്വസിക്കുകയും ശരണപ്പെടുകയും ചെയ്യുന്നു.

www.malankaralibrary.com

## സെപ്ററംബർ 2—ാം തീയതി വെള്ളിയാഴ്ച

ഞാൻ സ്വല്പം ഭേദപ്പെട്ടിട്ടുണ്ട്; എന്നാലും കന്യകാമറിയത്തിൻെറ ഓഫീസ്സു ചെല്ലുന്നതിൽ എനിക്കു കൂടുതൽ ശ്രദ്ധയും സൂക്ഷവും വേണ്ടതാണ്. ദൈവാലയത്തിലായിരിക്കുമ്പോഴും ശ്രദ്ധ വേണ്ടിയിരിക്കുന്നു. അടുത്തടുത്തു സുകൃതജപങ്ങൾ ചൊല്ലുന്നതാണു വേറൊരാവശ്യം; അവ വളരെ സഹായകമായിരിക്കും. ഈശോയുടെ തിരുനാമം സ്തുതിക്കപ്പെട്ടതാകട്ടെ.

## സെപ്ററംബർ 3—ാം തീയതി ശനിയാഴ്ച

ഞാൻ വളരെ ശാന്തനായിരിക്കുന്നു. മനസ്സിനു് ഒരസ്വസ്ഥതയുമില്ല. അത്ര അസംപ്തൃതിക്കു എനിക്കവകാശമില്ല. ജപമാലയും സന്ധ്യാജപവും ശരിയാകേണ്ടതുണ്ട്. ഒരു ചെറിയ കാര്യത്തിനു് എന്തൊരു ബുദ്ധിമുട്ട്. ഇതാണ് എൻെറ ... പുണ്യം! സോദരാ, നിനക്കു് ആവശ്യം എളിമയാണ്; കൂടുതൽ എളിമ.

കന്യാമറിയമേ, ട്യൂറിനിൽ ഈ ദിവസങ്ങളിൽ നടക്കുന്ന മരിയൻകോൺഗ്രസ്സിൽ അങ്ങയെ വളരെയേറെ ബഹുമാനിക്കുമ്പോൾ തിരുസഭയ്ക്കും പാപികൾക്കുംവേണ്ടി അനുഗ്രഹങ്ങൾ അഭ്യർത്ഥിക്കുന്ന അനേകം വിശ്വാസികളുടെ ഹൃദയങ്ങളോടു യോജിച്ചിരിക്കുന്ന എൻെറ സാധുഹൃദയത്തെ അങ്ങു മറന്നുകളയരുതേ. (1898-ൽ ട്യൂറിനിൽ നടന്ന തൃതീയ ഇററാലിയൻ ദേശീയമരിയാസമ്മേളനം ഇവിടെ സൂചിതം)

## സെപ്ററംബർ 4–ാംനു ഞായറാഴ്ച

എൻെറ ആവശ്യങ്ങൾ ഇവയാണ്: ദൈവാലയത്തിൽ പരസ്യാരാധനയിൽ കൂടുതൽ ശ്രദ്ധ പതിക്കുക; മരിയാംബികയെ കൂടുതലായി സ്മരിക്കുക; വി. കർബാനയെ ഭക്തിപൂർവ്വം സന്ദർശിക്കുന്നകാര്യം ഒരിക്കലും ഉപേക്ഷിക്കാതിരിക്കുക; സർവ്വോപരി കൂടുതൽ സുകൃതജപങ്ങൾ, പ്രത്യേകിച്ച് എളിമപ്രകരണം ഉൾക്കൊള്ളുന്ന സുകൃതജപങ്ങൾ ധാരാളമായി ചൊല്ലുക.

## സെപ്ററംബർ 5–ാംനു തിങ്കളാഴ്ച

ഇടയ്ക്കിടയ്ക്കു പ്രത്യേകിച്ചു പ്രഭാതത്തിലും വി. കർബാനസ്വീകരണവേളയിലുംകൂടി എനിക്കുണ്ടായിക്കൊണ്ടിരിക്കുന്ന മയക്കത്തെ

www.malankaralibrary.com

ചെറുത്തുനില്ക്കുവാൻ ഞാൻ ഒരു പ്രതിജ്ഞയെടുക്കണം. അനുഗ്രഹസംദായകമായ ജപമാലയിൽ എനിക്കു പലവിചാരംതന്നെ. കന്യകാമറിയത്തെ എനിക്ക് എന്നു പ്രസാദിപ്പിക്കുവാൻ കഴിയും? ഞാൻ എത്രയും അയോഗ്യനാണെങ്കിലും ട്യൂറിനിൽ കന്യകാമറിയത്തിൻെറ സ്തുതിക്കുള്ള ഈ വിജയഘോഷദിനങ്ങളിൽ സ്വർഗ്ഗറാണിയുടെ സ്തുതികൾ പാടുന്ന മെത്രാന്മാരുടേയും കത്തോലിക്കാജനതയുടേയും വികാരങ്ങളോടു യോജിക്കുവാൻ ഞാനാഗ്രഹിക്കുന്നു. സുകൃതജപങ്ങൾ ചൊല്ലുമ്പോഴും എത്രയും സുന്ദരമായ ജപമാല എത്തിച്ചു ദിവ്യാംബികയെ ബഹുമാനിക്കുമ്പോഴും ഞാൻ ട്യൂറിൻജനതയോടു ചേർന്നുനില്ക്കും: ഓ മറിയമേ!

## സെപ്ററംബർ 6–ാംനു ചൊവ്വാഴ്ച

ഒന്നും സാദ്ധ്യമല്ലെന്നു തോന്നുന്നു. പ്രതിജ്ഞകൾ കൂടുതൽ എടുക്കുന്തോറും അവയുടെ അനുഷ്ഠാനം കുറഞ്ഞുവരുന്നു. വെടിപറയാനും ലൗകികദാനങ്ങൾ വാഗ്ദാനംചെയ്യാനുംമാത്രം ഞാൻ കൊള്ളാം. എന്നിട്ട്? ഒന്നുമില്ല! കുറച്ചുകൂടി എളിമയുണ്ടായിരുന്നെങ്കിൽ!

വികാരിയച്ചനോടു സംസാരിച്ചു ഞാൻ വളരെയേറെ സമയം നഷ്ടപ്പെടുത്തുന്നുണ്ട്. വളരെ സംസാരിച്ചാൽ പാപമുണ്ടാകാതിരിക്കയില്ലെന്നുള്ളതു് എന്നെ സംബന്ധിച്ചും വാസ്തവമാണു്. പഴങ്ങൾ കിട്ടാൻ എനിക്കു കൊതിയാണു്. ഞാൻ സൂക്ഷിക്കേണ്ടിയിരിക്കുന്നു; എൻെറ അഭീഷ്ടങ്ങൾ ഞാൻ ശ്രദ്ധിക്കേണ്ടതുതന്നെ. ഏകാഗ്രതയും ആശാനിഗ്രഹവും വേണം. വാസ്സു രുചിയുള്ളതു നിയന്ത്രിക്കേണ്ടിയിരിക്കുന്നു. ഇതാണു് ആത്മാവിനുള്ള എത്രയും നല്ല ഔഷധം. കന്യകാമറിയത്തിൻെറ ജനനത്തിരുനാളിനുള്ള നൊവേനയുടെ അന്തിമദിനങ്ങളിൽ നല്കാവുന്ന നല്ല കാഴ്ചയാണിതു്.

## സെപ്ററംബർ 7–ാംനു ബുധനാഴ്ച

ഞാൻ കൂടുതൽ സുകൃതജപങ്ങൾ ചൊല്ലേണ്ടിയിരിക്കുന്നു; പ്രത്യേകിച്ചു പഠനസമയത്തു്. എനിക്കു തലച്ചോറിൻെറ ഘോരായ്മ കൊണ്ടുണ്ടാകുന്ന വിഷമങ്ങളിൽ ആ സുകൃതജപങ്ങൾ എനിക്കു സഹായകമായിരിക്കും; അവ എനിക്കു കൂടുതൽ ശക്തി നല്കും. അത്താഴം കഴിഞ്ഞു കുശിനിയിൽ അധികംനേരം കുടുംബാംഗങ്ങളോടു സംസാരിച്ചു കഴിച്ചുകൂട്ടാൻ തെല്ലൊരു വാസന എനിക്കുണ്ടു്. അവർ തങ്ങളുടെ ക്ലേശങ്ങളെപ്പററി സംസാരിക്കുന്നു; പ്രസ്തുത സംഭാഷണം എന്നെ

www.malankaralibrary.com

ഉന്മേഷരഹിതനാക്കുന്നു. സ്നേഹത്തിന്റെ മഹാനിയമം വിസ്മരിക്കു വാൻപോലും അതു് ഇടവരുത്തുന്നുണ്ടെങ്കിൽ വിസ്മയിക്കാനൊന്നുമില്ല. ആകയാൽ ജപമാല കഴിഞ്ഞാലുടനെ ഒന്നുരണ്ടുവാക്കുകൾ പറഞ്ഞശേഷം ഞാൻ എന്റെ മുറിയിലേക്കു പോകും.

അവക്കു ധാരാളം കഷ്ടതകളുണ്ടു്! എനിക്കും ക്ലേശങ്ങളുണ്ടു്. അവ തുലോം വ്യത്യസ്തമാണു്. അവരുടെ ഉൽക്കണ്ഠ തങ്ങളുടെ ശരീരത്തേയും ഭൗതികവസ്തുക്കളേയും കുറിച്ചാണു്; എന്റെ ചിന്തകൾ ആത്മാക്കളെക്കുറിച്ചുള്ളവയാണു്. എന്റെ പ്രിയപ്പെട്ടവക്കു ക്ലേശങ്ങൾ ദ്രോഹമല്ലാതെ ഉപകാരമൊന്നും ചെയ്യുന്നില്ലെന്നുള്ളതാണു് എനിക്കു് ഏറ്റവും വേദനാജനകമായിട്ടുള്ളതു്.

ദൈവമേ, അങ്ങു് ഇതു സഹിച്ചിട്ടുള്ളതാണു്. ഇതു് എത്ര ഹൃദയഭേദകമാണെന്നും അങ്ങേക്കു് അറിയാം.

തങ്ങളുടെ ശത്രുക്കളോടു ഹൃദയപൂർവ്വം ക്ഷമിക്കാനും കുരിശുകൾ ക്ഷമയോടെ സ്വീകരിക്കാനും എന്റെ പ്രിയപ്പെട്ടവക്കു്, കന്യകാമറിയമേ, അങ്ങു് ഉപവി നല്കണമേ. മതി! ഞാൻ പ്രാത്ഥിക്കട്ടെ.

## സെപ്റ്റംബർ 8-ാംനു വ്യാഴാഴ്ച

ഇന്നു് എത്ര സുന്ദരമായ ഒരു ദിനം! എന്നാൽ എന്നെ സംബന്ധിച്ചിടത്തോളം എത്ര മോശമായിപ്പോയി! മറിയാംബികയെ ഒരു ശിശുവായിക്കാണുക എത്ര മനോഹരം! തദനുസാരം ഞാൻ എന്നെ പവിത്രീകരിക്കാഞ്ഞതുകൊണ്ടാണു് അതു മോശമായിപ്പോയെന്നു ഞാൻ പറഞ്ഞതു്. സദാ ഇങ്ങനെതന്നെ! ഏററവും നന്നായി ജീവിക്കേണ്ട ഇന്നത്തേപ്പോലെയുള്ള ദിവസം ഞാൻ ഏററവും മോശമായി കഴിക്കുന്നു. പ്രത്യേകാത്മശോധനയും സുകൃതജപവും സന്ദർശനവുമെല്ലാം ഉപേക്ഷിച്ചു. എല്ലാം നഷ്ടപ്പെട്ടുപോയി.

ആകയാൽ വീണ്ടും ഞാൻ ശാന്തമായി ഏകാഗ്രതയിൽ കഴിയണം. "കത്താവേ, എത്രയും മഹാപാപിയായ എന്റെമേൽ കൃപയുണ്ടാകണമേ." എന്നിങ്ങനെയുള്ള സഹായാഭ്യത്ഥനകൾ ഞാൻ ചെയ്തുകൊണ്ടിരിക്കണം.

## സെപ്റ്റംബർ 9-ാംനു വെള്ളിയാഴ്ച

ഇന്നു് അത്ര മോശമായിട്ടില്ല; എങ്കിലും ഒന്നുകൂടി ഭേദമാകാമായിരുന്നു. വി. കർബ്ബാനയുടെ സന്ദർശനം ഞാൻ നടത്തിയിട്ടില്ല

www.malankaralibrary.com

ന്നതന്നെ പറയണം. ധ്യാനം വൈകിപ്പോയി; ശരിക്കു ഞാൻ കഴിച്ചുമില്ല. പഠനം കുറച്ചുമാത്രം. സുകൃതജപങ്ങൾ വളരെ കുറഞ്ഞുപോയി. എന്റെ കൊതിക്കു് അനുയോജ്യമാകുംവിധം ഞാൻ അസ്സലായിട്ടു തട്ടിവിട്ടു. ആകയാൽ സന്തുഷ്ടിക്കു് അവകാശമൊന്നുമില്ല. നാളെ കന്യകാമറിയത്തെക്കുറിച്ചു് ഒന്നുകൂടെ ഭേദമായി ചെയ്യാൻ ഞാൻ ശ്രമിക്കും. പഴങ്ങൾ തിന്നാതെയുംമറ്റും ആശാനിഗ്രഹങ്ങൾ ഞാൻ അനുഷ്ഠിക്കും.

എന്റെ നിശ്ചയം പാലിക്കാൻ മറിയമേ, എന്നെ സഹായിക്കണമേ.

## സെപ്റ്റംബർ 10-ാംനു ശനിയാഴ്ച

ഇന്നു ഞാൻ കുമ്പസാരിച്ചതാണു്; എന്നാൽ ഇതിനകം ഞാൻ എടുത്തിരുന്ന പ്രതിജ്ഞകൾ ലംഘിച്ചുകഴിഞ്ഞു. അതായതു്:

1. ജപമാല ചൊല്ലുമ്പോൾ കൂടുതൽ ശ്രദ്ധിക്കുക.
2. അലസസംഭാഷണംവഴി സമയം നഷ്ടപ്പെടുത്താതിരിക്കുക.

നാളത്തെ ദിവ്യകാരുണ്യസ്വീകരണം എന്നെ വെടിപ്പാക്കുമെന്നും ഈശോ ആഗ്രഹിക്കുന്നതുപോലെ അവിടുത്തെ ജീവിതം യഥാർത്ഥത്തിൽ ഞാൻ ജീവിക്കുന്നതിനു് ഇടവരുത്തുമെന്നുമാണു് എന്റെ പ്രതീക്ഷ.

കർത്താവേ, എന്റെ ആത്മാവിനെ സുഖപ്പെടുത്തുക.

## സെപ്റ്റംബർ 11—ാം തീയതി ഞായറാഴ്ച

യോഹന്നാൻവഴി കർത്താവു് ഒരു മെത്രാനച്ചനെ അറിയിച്ചുവല്ലോ: "നീ ചൂടോ തണുപ്പോ ഉള്ളവനല്ലാത്തതിനാൽ ഞാൻ നിന്നെ ഛർദ്ദിച്ചുകളയും" എന്നു്. (വെളി. 3, 15-16) ഞാൻ ആ സാധു മെത്രാനച്ചനെപ്പോലെ ആയിരിക്കുന്നു. ഇതു സംഭവിക്കുകയാണെങ്കിൽ കാര്യം ഭയങ്കരമായിരിക്കുമല്ലോ. ഇതു് എനിക്കു സംഭവിക്കുമോ? അങ്ങനെ സംഭവിക്കുന്നുവെങ്കിൽ വിസ്മയത്തിനു വകയൊന്നുമില്ല. ഞാൻ നല്ല പ്രതിജ്ഞകളെടുക്കുന്നു; അതേ പാപത്തിൽ നിപതിക്കുന്നു. ഈശോ തന്റെ ഹൃദയത്തിൽനിന്നു് എന്നെ ഛർദ്ദിച്ചുകളയുമോ? വിറയലോടുകൂടിയല്ലാതെ ഇതു ചിന്തിക്കുവാൻ എനിക്കു കഴിയുന്നില്ല. പ്രസ്തുത സാഹചര്യങ്ങളിൽനിന്നു രക്ഷപ്പെടേണ്ടയോ?

www.malankaralibrary.com

എന്റെ ദൈവമേ, ഈ അവസ്ഥയിൽനിന്ന് എന്നെ രക്ഷിക്കുക; ഓ മറിയമേ!

## സെപ്റ്റംബർ 12—ാം തീയതി തിങ്കളാഴ്ച

ഇന്ന് എന്റെ ഒരു കൂട്ടുകാരനെ കാണാൻ സാൻജെർവാസിയോയിലേക്കു പോയി. ധ്യാനവും കുർബാനയും നഷ്ടപ്പെട്ടു. മററു കാര്യങ്ങൾ അത്തരം സാഹചര്യങ്ങളിൽ നിർവ്വഹിക്കാറുള്ളതുപോലെ തന്നെ ഞാൻ നിർവ്വഹിച്ചു.

കന്യകാംബിക ക്ഷതയായിരിക്കുന്നു. എന്നെപ്രതി അവിടുത്തെ പിളക്കുന്ന വാള് പക്ഷേ ഒന്നുകൂടി മൂർച്ചയുള്ളതായിരിക്കും. ദൈവമേ, ഞാൻ എത്രമാത്രം ലജ്ജിതനായിരിക്കുന്നു.

ഒരു കാര്യം ഇന്ന് എനിക്കു ബോദ്ധ്യമായിട്ടുണ്ട്. ചില സാഹചര്യങ്ങളിൽ എന്റെ നാവിനു നല്ല ഉശിരുണ്ട്. ഞാൻ വളരെയേറെ സംസാരിക്കുന്നു. മാത്രമല്ല, ഞാൻ ഉദ്ദേശിക്കാതെതന്നെ ഒരു പരിഹാസകനായിത്തീരുന്നു. ഒരു ആശാനിഗ്രഹംകൂടെ ഞാൻ അനുഷ്ഠിക്കേണ്ടിയിരിക്കുന്നു. "സംസാരത്തിൽ വിവേകവും മിതത്വവും."

## സെപ്റ്റംബർ 13—ാംതീയതി ചൊവ്വാഴ്ച

ഇന്നു ഞാൻ ചെയ്തിട്ടുള്ളതെല്ലാം തെററാണ്. ഞാനൊട്ടും പഠിച്ചില്ല. അതു പോകട്ടെ. പ്രത്യേകാത്മശോധന ഞാൻ ഉപേക്ഷിച്ചു. ജ്ഞാനവായന ഞാൻ വെട്ടിക്കുറച്ചു. എല്ലായ്പ്പോഴും എന്റെ സ്ഥിതി ഇങ്ങനെതന്നെ. ഉപരിപ്ളവമായി വീക്ഷിക്കുകയാണെങ്കിൽ എന്റെ പ്രവൃത്തികൾ അത്ര മോശമല്ലെന്നു പറയാം. എന്നാൽ ഞാൻ എങ്ങനെ പ്രവർത്തിക്കണമെന്നും അതിനു ദൈവം എനിക്കു നല്കിയിരിക്കുന്ന അനുഗ്രഹങ്ങൾ ഏവയെന്നും ചിന്തിക്കുന്നപക്ഷം ഞാൻ ലജ്ജിക്കേണ്ടതും ഒരു മഹാപാപിയാണെന്ന് ഏററു പറയേണ്ടതുമാണ്.

എല്ലാ സന്ധ്യയും ഞാൻ ഇങ്ങനെ ചിന്തിക്കുന്നുണ്ട്; എല്ലാ ദിവസവും ഞാൻ ഒരുപോലെതന്നെ. ഇവിടെയാണ് എന്റെ ഭീമമായ പരാജയം. വ്യാകുലമാതാവിന്റെ സ്തുതിക്കുള്ള ഈ ഏഴു ദിവസം പോലും ഞാൻ ആശാനിഗ്രഹങ്ങളനുഷ്ഠിക്കുന്നില്ല; സുകൃതജപങ്ങൾ ചൊല്ലുന്നുമില്ല.

www.malankaralibrary.com

മരിയാംബികേ, അങ്ങയുടെ വ്യാകുലതകളുടെ ഇടയിൽ എനിക്കുവേണ്ടിക്കൂടി കരയുക. കൃതഘ്നതയെപ്രതിയല്ല കരയണമെന്നു പറയുന്നതു്; പ്രത്യുത ഈശോയോടു് ഇത്ര ക്രൂരമായി വ്യാപരിക്കുന്ന ഈ കഠിനഹൃദയത്തെ മയപ്പെടുത്താൻവേണ്ടിയാണു്.

## സെപ്ററംബർ 14—ാം തീയതി ബുധനാഴ്ച

കഴിഞ്ഞ രാത്രി ഞാൻ പറഞ്ഞതു് എനിക്കാവർത്തിക്കാനേ കഴിയുന്നുള്ളു. പ്രത്യേകാത്മശോധനയിൽനിന്നു ഫലമെടുക്കാത്തതുകൊണ്ടാണു് എന്നിൽ തീരെ പുരോഗതിയില്ലാത്തതു്.

പ്രത്യേകാത്മശോധനയെ സംബന്ധിച്ചു ഞാൻ എഴുതിവച്ചിട്ടുള്ള പ്രതിജ്ഞകൾ പ്രായോഗികമാക്കുവാൻ വ്യാകുലമാതാവിന്റെ സ്തുതിക്കായി നാളെമുതൽ ഞാൻ പരിശ്രമിച്ചുതുടങ്ങും. ദൈവം എന്നെ സഹായിക്കുമാറാകട്ടെ.

## സെപ്ററംബർ 15—ാം തീയതി വ്യാഴാഴ്ച

ഈ ദിവസങ്ങളിൽ ദൈവമാതാവിന്റെ വ്യാകുലതകൾ എന്റെ പരാജയങ്ങൾവഴി ഞാൻ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണു്. ഞാൻ ആശാനിഗ്രഹം വളരെ കുറച്ചുമാത്രം അനുഷ്ഠിക്കുന്നു; അല്ല തീരെ അനുഷ്ഠിക്കുന്നില്ലെന്നു പറഞ്ഞാൽ അതു വാസ്തവമായിരിക്കും. ജപമാലയുടെ കാര്യമാണു് ഏററവും കഷ്ടം. എന്റെ ദിവ്യകാരുണ്യസന്ദർശനം തീരെ തൃപ്തികരമായിരുന്നില്ല. വ്യാകുലമാതാവിന്റെ സ്തുതിക്കായുള്ള ഏഴു പ്രായശ്ചിത്തദിനങ്ങളാണോ ഈ കടന്നുപോയതെന്നു് എങ്ങനെ വിചാരിക്കാൻ കഴിയും?

പത്രം വായിക്കുന്ന കാര്യവും ഞാൻ സൂക്ഷിക്കേണ്ടതുണ്ടു്. സെമിനാരിയിൽ അതനുവദിച്ചിട്ടില്ലല്ലോ. ഇടവകവികാരി വായിക്കുവാൻ ആവശ്യപ്പെടുമ്പോൾ എനിക്കു കുററമില്ല, എന്നാൽ ഞാൻ അവയെ തേടിപ്പോകുന്നതു ശരിയല്ല.

ആകയാൽ എല്ലാക്കാര്യങ്ങളും മേലിൽ ഞാൻ ക്രമപ്പെടുത്തും. ഈ വർഷത്തിലെ ജ്ഞാനധ്യാനത്തിൽ ഞാൻ എഴുതിവച്ചിട്ടുള്ള പ്രതിജ്ഞകളും പ്രത്യേകാത്മശോധന സംബന്ധിച്ചു റോഡ്രിഗെസ് നിർദ്ദേശിച്ചിട്ടുള്ള തത്വങ്ങളുമനുസരിച്ചു് ഇന്നുമുതൽ എളിമയെപ്പററി പ്രത്യേകാത്മശോധന ഞാൻ നടത്തും. കർത്താവേ, എന്റെമേൽ കൃപയുണ്ടാകണമേ.

www.malankaralibrary.com

## സെപ്ററംബർ 16—ാം തീയതി വെള്ളിയാഴ്ച

ഏകാഗ്രത! അതാണെനിക്കാവശ്യം. മറിയാംബികേ, അതു സമ്പാദിക്കാൻ അങ്ങ് എന്നെ സഹായിക്കണമേ.

## സെപ്ററംബർ 17—ാം തീയതി ശനിയാഴ്ച

"സ്വാഭാവികമനുഷ്യനെ" എന്നിൽനിന്നു ദൂരെയകററിനിറുത്താൻ ഞാൻ യത്നിക്കുന്നുണ്ടെങ്കിലും എനിക്കു ചിലപ്പോളുണ്ടായിക്കൊണ്ടിരിക്കുന്ന നാരകീയസ്വപ്നത്തിൽ അവനെ ഞാൻ കൂട്ടിമുട്ടുന്നുണ്ട്. വാസ്തവത്തിൽ ഞാൻ അഹങ്കാരിയായ ഒരു പാപിയാണ്.

ദൈവംഎന്നോടു ക്ഷമിച്ച് എൻെറ പാപങ്ങൾ കാണാത്തവിധം എന്നോടു വർത്തിക്കുന്നു. അതിനെപ്പററി ചിന്തിക്കുന്ന എനിക്ക് അവിടുത്തെ പ്രതീക്ഷകളെ എങ്ങനെ അവഗണിക്കുവാൻ കഴിയും? അവിടുത്തെ സ്നേഹിക്കുവാനും അവിടുന്നു സ്നേഹിക്കപ്പെടുന്നതായി കാണാനുമുള്ള ആഗ്രഹം എന്നെ എന്തുകൊണ്ടു ഭരിക്കുന്നില്ല. ഈശോ സ്നേഹിക്കപ്പെടാത്തതുകൊണ്ടും അവിടുത്തേക്കെതിരായി പാപങ്ങൾ ചെയ്യുന്നതുകൊണ്ടും എത്രയും പരിശുദ്ധയായ വ്യാകുലകന്യക കരയുന്നു. പക്ഷേ, ഞാനും അവിടുത്തെ കരയിപ്പിക്കുന്നുണ്ടാവും. മറിയമേ, നീ ആശ്വസിക്കുക: അങ്ങയുടെ പുത്രനെ സ്നേഹിക്കുവാനുള്ള ഉജ്ജ്വലമായ ആഗ്രഹം എന്നിൽ സംരക്ഷിക്കുക. ഈശോയിലേക്കും അങ്ങയിലേക്കും ആത്മാക്കളെ നയിച്ചുകൊണ്ടു് അങ്ങയുടെ കയ്പേറിയ വ്യാകുലതകളെ എൻെറ കഴിവനുസരിച്ചു ലഘൂകരിക്കുവാൻ അങ്ങ് എന്നെ ശക്തിപ്പെടുത്തണമേ. അങ്ങയുടെ സഹായം ലഭിക്കുന്നതിനു നാളത്തെ എൻെറ സകല പ്രവൃത്തികളും അങ്ങേക്കു ഞാൻ കാഴ്ചവയ്ക്കുന്നു. അവയെ പവിത്രീകരിക്കുക; അവയ്ക്ക് ആവശ്യമായ പരിപൂർണ്ണത വരുത്തുക. ഇതുവരെ ചൊല്ലിയിട്ടില്ലാത്തവിധം ഒരു പ്രാവശ്യമെങ്കിലും ഞാൻ ജപമാല ചൊല്ലട്ടെ.

## സെപ്ററംബർ 20 –ാംനു- ചൊവ്വാഴ്ച

എനിക്ക് ഏകാഗ്രതയും ശ്രദ്ധയും വളരെയേറെ ആവശ്യകമാണ്. കാലാനുകാലം ഞാനെടുക്കുന്ന പ്രതിജ്ഞകളേപ്പററി ഞാൻ ബോധവാനായിരിക്കേണ്ടതുമുണ്ട്. ഞാൻ കുട്ടിയാണല്ലോ; എല്ലാക്കാര്യങ്ങളിലും ഒരു കുട്ടിയേപ്പോലെ ഞാൻ പെരുമാറേണ്ടിയിരിക്കുന്നു; അല്ലാതെ ഒരു മഹാനെപ്പോലെയും തത്വശാസ്ത്രജ്ഞനെപ്പോലെയും ഗമയോടു

www.malankaralibrary.com

കൂടെ നടക്കരുതു്. അതാണു് എന്റെ സ്വാഭാവികവാസന. എന്റെ ഘടനയിൽപ്പെട്ട ഒരംശമാണു് അഹന്ത. എല്ലാക്കാര്യങ്ങളിലും ദൈവ ഹിതത്തിനു ഞാൻ വഴങ്ങിക്കൊടുക്കണം. എന്റെ കുഞ്ഞുസഹോദരൻ ജൊവാനിയുടെ ഭയങ്കരസുഖക്കേടു തുടങ്ങി. സ്വഭവനത്തിലെ അരിഷ്ട തകൾ ഈർച്ചയൊന്നും കൂടാതെ ക്ഷമയോടെ ഞാൻ സഹിക്കേണ്ടിയിരിക്കുന്നു. [ജൊവാനിക്കു് അന്നു് ഏഴുവയസ്സുണ്ടായിരുന്നു.]

ഞാൻ പ്രാർത്ഥിക്കണം; സകലത്തിനുംവേണ്ടി പ്രാർത്ഥിക്കണം. എല്ലാക്കാര്യങ്ങളും ദൈവഹിതമനുസരിച്ചും അവിടുത്തേ സ്തുതിക്കും മഹത്വത്തിനുമായി ഭവിക്കട്ടെ.

അതേ, "ദൈവത്തിന്റെ കൂടുതൽ മഹത്വത്തിനു്" ആമേൻ.

## സെപ്റ്റംബർ 21-ാംനു- ബുധനാഴ്ച

എന്റെ ഭക്താഭ്യാസങ്ങൾ നീട്ടിക്കൊണ്ടുപോകാതിരിക്കാൻ ഞാൻ സൂക്ഷിക്കേണ്ടിയിരിക്കുന്നു. എന്റെ അഭിരുചിക്കും സംതൃപ്തിക്കും വേണ്ടി അവസാനത്തെ മണിക്കൂറിലേക്കു് അവ നീട്ടിവയ്ക്കാവുന്നതല്ല.

അങ്ങനെ ചെയ്യുന്നതു ദൈവദ്രോഹമാണു്; അവിടുത്തെ ഞാൻ സ്നേഹിക്കുന്നില്ലെന്നുള്ളതിന്റെ ഒരടയാളമാണു്. ഈശോയ്ക്കുപരിയായി ബറാബാസിനെ തെരഞ്ഞെടുക്കുന്നതുപോലെയുമാണു്. അങ്ങനെ അതൃപ്തിയോടെ പകുതിപകുതിയായി ചെയ്യുന്നതു ദൈവത്തിനു പ്രസാദകരമായിരിക്കയില്ല. ഈശോ. മറിയമേ, എന്റെ രക്ഷയായിരിക്കണമേ.

## സെപ്റ്റംബർ 22-ാം നു-വ്യാഴാഴ്ച

എന്തുമാത്രം കഷ്ടതകൾ! എന്റെ കുഞ്ഞുസഹോദരൻ ജൊവാനിയുടെ ആരോഗ്യം എനിക്കു് ഉൽക്കണ്ഠയ്ക്കു കാരണമായിരിക്കുന്നു. തന്നിമിത്തം ഞാൻ അതിതീക്ഷ്ണതയോടെ പ്രാർത്ഥിക്കുകയാണു്. കർത്താവു് എന്റെ പ്രാർത്ഥന കേൾക്കുമെന്നു ഞാൻ വിചാരിക്കുന്നു. ഇന്നു വൈകുന്നേരം ഞാൻ അതിനെപ്പററി ചിന്തിച്ചപ്പോൾ കണ്ണുനീരു് എന്റെ കണ്ണുകളിൽ തടിച്ചുകൂടി. ഞാൻ ആ രോഗക്കട്ടിലിൽ കിടക്കയാണെന്നു വിചാരിച്ചു. ഈ നിമിഷം ഞാൻ വിധിക്കപ്പെട്ടുകയാണെങ്കിൽ എന്റെ സ്ഥിതി എന്തായിരിക്കുമെന്നു ഞാൻ വിചാരിച്ചു. നരകത്തിനു ഞാൻ യോഗ്യനാണു്; എന്നാൽ ഞാൻ അങ്ങോട്ടു് അയയ്ക്ക

www.malankaralibrary.com

പ്പെട്ടകയില്ലെന്നു തോന്നുന്നു. ശുദ്ധീകരണസ്ഥലത്തിൽ അയയ്ക്കേണ്ട താണെന്നു തീർച്ചതന്നെ. എങ്കിലും ശുദ്ധീകരണസ്ഥലത്തിന്റെ ഓർ മ്മതന്നെ എന്നെ വിറപ്പിക്കുന്നു.

എനിക്കു് എന്തുപററുമാവോ? ഹാ സാധു! എത്രകണ്ടു നീ ചൻ! എനിക്കു തെല്ലു ദൈവസ്നേഹമുള്ളതുകൊണ്ടു് ഞാൻ നല്ല ഒരു മരണം വരിക്കുമെന്നു കരുതിക്കൊണ്ടിരിക്കയായിരുന്നു. കണ്ടാലും! ഇ തിനെപ്പററി ചിന്തിച്ചപ്പോൾപോലും അഹന്ത കടന്നുകൂടിയിരിക്കുന്നു. ഞാൻ ഇങ്ങനെ വിചാരിച്ചു: നോക്കു! ജനങ്ങൾ പറയും: "അവൻ ഒരു മാലാഖക്കുഞ്ഞിനെപ്പോലെ മരിച്ചിരിക്കുന്നു."

ഇതാണു് എന്റെ ദുഷിച്ചവശം; അതു മറച്ചുവയ്ക്കാവുന്നതുമ ല്ല. ദൈവസ്നേഹത്തിലേക്കു പറന്നുയരുകയും ശുദ്ധീകരണസ്ഥലത്തി ലെ വേദനകളിൽനിന്നു് ആവുംവിധം അകന്നുപോകുകയും ചെയ്യണ മെന്നുണ്ടെങ്കിൽ ഞാൻ എനിക്കുതന്നെ മരിക്കണം.

അങ്ങു് അർഹിക്കുന്നവിധവും എന്റെ കഴിവനുസരിച്ചും ഞാൻ അങ്ങയെ സ്നേഹിക്കുവാനും ഇതരർ അങ്ങയെ സ്നേഹിക്കുന്നതു കാണുവാനും ഞാൻ ആഗ്രഹിക്കുന്നു. ആകയാൽ ഈ നീചസൃഷ്ടിയെ അങ്ങു കടാക്ഷിക്കുക.

മരിയാംബികേ, എന്റെ കുഞ്ഞു ജൊവാനിയെ അങ്ങു സുഖ പ്പെടുത്തുക.

## സെപ്ററംബർ 23-ാംനു- വെള്ളിയാഴ്ച

ശുദ്ധീകരണസ്ഥലത്തെപ്പററി ചിന്തിക്കുമ്പോഴൊക്കെയും ഞാൻ വിറയ്ക്കുന്നു. എന്നിട്ടും എന്റെ ഭക്താഭ്യാസങ്ങളും ചുമതലകളും നന്നായിട്ടു ചെയ്യണമെന്നുള്ള വിചാരം എന്റെ തലയിലേക്കു തെല്ലും കടക്കുന്നില്ല. രോഗികളെ സന്ദർശിക്കുമ്പോൾ എനിക്കുണ്ടാകുന്ന അ ക്ഷമത ഞാൻ നിയന്ത്രിക്കണം; അന്യരോടു സംസാരിക്കുമ്പോൾ കൂടു തൽ ഉപവിയും വേണം. ഇതൊക്കെ പഴഞ്ചൻകഥകളാണു്. ഈ ദി വസങ്ങളിൽ കർത്താവു് എനിക്കു ഭാരമേറിയ ഒരു കുരിശു് അയച്ചിട്ടു ണ്ടു്. അവിടുത്തെ തിരുനാമം സ്തുതിക്കപ്പെട്ടതാകട്ടെ. ഇതു എന്നെ അ വിടുത്തോടു കൂടുതൽ സദൃശനാക്കുകയും എന്റെ പാപങ്ങൾക്കുള്ള ശി ക്ഷ നീക്കുകയും ചെയ്യട്ടെ. ദൈവമേ, അങ്ങേക്കു സ്തുതി.

www.malankaralibrary.com

## സെപ്ററംബർ 24-ാം നു- ശനിയാഴ്ച

ഇന്നു രാവിലെ എല്ലാം ക്രമക്കേടായി. വൈകു ന്നേരം എൻെറ കുഞ്ഞുസഹോദരനു വേണ്ടിയ ചികിത്സയെപ്പററി സംസാരിക്കുമ്പോൾ എൻെറകൂടെ ഉണ്ടായിരുന്നവരോടു മര്യാദയില്ലാതെയാണു പെരുമാറി യതു്. ഞാൻ കുറേക്കൂടെ പ്രശാന്തത പാലിക്കേണ്ടിയിരുന്നു.

ഏററവും നല്ല ഉദ്ദേശ്യങ്ങളോടുകൂടെ ഞാൻ മൗനം അവലംബി ച്ചാലും ഞാൻ സഹിക്കേണ്ടതായിവരുന്നു. ശ്വാസംമുട്ടുന്നതുപോലെയാ ണു്. ഈ കഷ്ടതകൾ എൻെറ ആത്മാവിൻെറ നന്മയ്ക്കും എൻ്റെ കുഞ്ഞു ജൊവാനിയുടെ ആത്മാവിൻെറ നന്മയ്ക്കുംവേണ്ടി ഞാൻ സഹിക്കേണ്ടി യിരിക്കുന്നു.

ഇങ്ങനെ ക്ലേശിക്കുമ്പോൾ കൂടുതൽ ശരണത്തോടെയാണു ഞാൻ ദൈവകരങ്ങളിലേക്കു് എന്നെത്തന്നെ സമർപ്പിക്കുന്നതു്. ഇതിൽ ഞാൻ ആനന്ദം കൊള്ളുന്നു. ലോകത്തിൻെറ ഉൽക്കണ്ഠകളിൽനിന്നക ന്നു ദൈവത്തിൽത്തന്നെ ജീവിക്കുന്ന സന്യാസികൾ എത്ര ഭാഗ്യപ്പെട്ട വർതന്നെ. അവരെപ്പോലെയാകാൻ ഞാനാഗ്രഹിക്കുന്നു.

അല്ല, ഈശോ ഈ സ്ഥിതിയിൽ എന്നെ കാണണമെന്നാഗ്ര ഹിക്കുന്നു. കുരിശു വഹിക്കാൻ വേണ്ടിയാണു് അവിടുന്നു അതു കൊ ടുത്തയയ്ക്കുന്നതു്. അവിടുന്നു് ആയിരംവട്ടം സ്തുതിക്കപ്പെട്ടവനാകട്ടെ.

## സെപ്ററംബർ 25-ാംനു- ഞായറാഴ്ച

(സെപ്ററംബറിലെ നാലാം ഞായർ സായാഹ്നം)

ഓ എത്ര ഭയങ്കരമായ നഷ്ടമാണു് ഇന്നെനിക്കു വന്നുചേർന്നി ട്ടുള്ളതു്! ദൈവമേ, അതിനെപ്പററി ചിന്തിക്കുമ്പോൾ ഞാൻ വിറച്ചു പോകുന്നു. എൻെറ വത്സലപിതാവു്, എനിക്കു പ്രഥമശിക്ഷണം ന ല്കി പൗരോഹിത്യത്തിലേക്കു് എന്നെ തിരിച്ചുവിട്ട എൻെറ ഇടവ കവികാരി ഫ്രൻസെസ്കോ റെബുസീനി മരിച്ചു. അദ്ദേഹം പെട്ടെന്നാ ണു മരിച്ചതു്. (റെബുസീനി 1825 – 1898, സോത്തോ ഇൽമോന്തെ യിൽ 1872 മുതൽ മരണംവരെ വികാരിയായിരുന്നു.)

എൻെറ ഹൃദയം ഭേദിച്ചിരിക്കുന്നുവെന്നു് ഓ ഈശോ അങ്ങു കാണുന്നുണ്ടല്ലോ. എനിക്കു് എഴുന്നേററുനില്ക്കാൻ കഴിഞ്ഞില്ല. ഒരു വാളു് എൻെറ ഹൃദയത്തെ പിളർന്നിരിക്കയാണു്. എനിക്കു കര യാൻ കണ്ണീരുണ്ടായിരുന്നില്ല.

www.malankaralibrary.com

ഞാൻ കരഞ്ഞില്ല; എന്നാൽ ഹൃദയം കല്ലുപോലെയായി. വായ് തുറന്നു രക്തം പുരണ്ടു് അദ്ദേഹം നിലത്തുകിടന്നിരുന്ന കാഴ്ച! ഹാ കഷ്ടം! അടഞ്ഞ കണ്ണുകൾകൊണ്ടു് അദ്ദേഹംഎന്നെ നോക്കുന്നതുപോലെതോന്നി. ആ കാഴ്ച ഞാനെന്നുമോക്കും. കുരിശിൽനിന്നിറക്കിയ ഈശോയുടെ മൃതശരീരത്തിൻെറ പ്രതിമപോലെ. അദ്ദേഹം എന്നോടുസംസാരിച്ചില്ല; എന്നെ തിരിഞ്ഞുനോക്കിയുമില്ല.

കഴിഞ്ഞ രാത്രി അദ്ദേഹം എന്നോടു് 'Arrivederci' (വീണ്ടും കാണുംവരെ) എന്നു പറഞ്ഞു. പിതാവേ, അതെന്തായിരിക്കും? നമ്മൾ വീണ്ടും ഇനിയെന്നു കാണും? സ്വർഗ്ഗത്തിൽ! ഞാൻ സ്വർഗ്ഗത്തിലേക്കു നോക്കി. ഇതാ ഞാൻ അദ്ദേഹത്തെ കാണുന്നു. അദ്ദേഹം അവിടെനിന്നു പുഞ്ചിരിതൂകുന്നു. അദ്ദേഹം എന്നെനോക്കി ആശീർവ്വദിക്കുന്നു.

ഇത്ര മഹാനായ ഒരു ഗുരുവിൻെറ ശിക്ഷണം പ്രാപിക്കുവാൻ കഴിഞ്ഞ ഞാൻ എത്ര ഭാഗ്യവാൻ. മരണം അപ്രതീക്ഷിതമായി വന്നു; എന്നാൽ കഴിഞ്ഞ 73 വർഷം അദ്ദേഹം അതിനായി ഒരുങ്ങുകയായിരുന്നു. തനിക്കു ബാധിച്ച വ്യഥയെ ചെറുത്തുനിന്നപ്പോഴാണു് അദ്ദേഹം ദിവംഗതനായതു്. കുർബ്ബാന ചൊല്ലാനായിരുന്നു അദ്ദേഹം ഇങ്ങനെ രോഗത്തോടു മല്ലുപിടിച്ചതു്. അതു് എത്രയും ശ്രേഷ്ഠവും അസൂയാവഹവുമായ മാർഗ്ഗംതന്നെ മരിക്കാൻ.

എൻെറ മരണവും അങ്ങനെയായിരുന്നെങ്കിൽ! ഞാൻ കണ്ട കാഴ്ചയിൽനിന്നു മനസ്സിലാക്കേണ്ടതു് അദ്ദേഹം മുട്ടുകുത്തിയപ്പോൾ ഇനി എഴുന്നേല്ക്കുവാൻ പാടില്ലാത്തവിധം മറിഞ്ഞുവീണുവെന്നത്രേ.

26 കൊല്ലംമുമ്പു ഞങ്ങളുടെ ഇടയിലേക്കു വരാനുള്ള അനുഗ്രഹം ഈശോയുടെ തിരുഹൃദയം അദ്ദേഹത്തിനു നല്കി. കഴിഞ്ഞകൊല്ലം ഞങ്ങളുടെ ഇടവകയിൽ അദ്ദേഹം ഭരണമേററതിൻെറ രജതജൂബിലി അദ്ദേഹത്തിൻെറ മക്കൾ കൊണ്ടാടി. ഇക്കൊല്ലം ഈശോയുടെ തിരുഹൃദയം അദ്ദേഹത്തിനു് ഒന്നുകൂടി ആഘോഷമായ ഒരുത്സവം, നിത്യമായ ഒരുത്സവംതന്നെ ഒരുക്കിയിരിക്കുന്നു. ഈശോയുടെ തിരുഹൃദയത്തിനു നമ്മളെ പ്രതിഷ്ഠിക്കുന്ന സെപ്ററംബർമാസത്തിലെ നാലാം ഞായറാഴ്ചയാണു് ഇതൊക്കെ സംഭവിച്ചതു്.

എൻെറ ജീവിതത്തിലെ ഏററവും വലിയ പരീക്ഷണവും ക്ലേശവുമാണിതു്. ഞാൻ ഇനി എന്തുചെയ്യും?

www.malankaralibrary.com

ഞാൻ കരച്ചിൽ നിറുത്തണം. പ്രകൃതിക്കു് ആവശ്യത്തിൽ കൂടുതൽ അടിപ്പെട്ടുപോയി. എന്റെ പിതാവു് ഇപ്പോളെവിടെ? അദ്ദേഹം ഈശോയുടെ തിരുഹൃദയത്തിന്റെ സമീപത്താണു്; അവിടത്തോടു് അദ്ദേഹം സദൃശനായിരുന്നുവല്ലോ. മുകളിലേക്കുനോക്കി അദ്ദേഹത്തോടു തുല്യനാകാൻ ഞാൻ പരിശ്രമിക്കും. ഞാൻ അദ്ദേഹത്തിന്റെ ബന്ധമിനായിരുന്നുവെന്നാണെന്റെ വിശ്വാസം; അതുകൊണ്ടു് അദ്ദേഹം എനിക്കുവേണ്ടി പ്രാർത്ഥിക്കും. ഞാനും അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കും; അദ്ദേഹത്തിന്റെ ജീവിതം ഞാൻ അനുസ്മരിക്കും. ഇവയൊക്കെ എന്നെ അദ്ദേഹത്തോടു സദൃശനാക്കട്ടെ. ഇന്നലത്തെ (Arrivederci) * ഇങ്ങനെ അന്വർത്ഥമാകും. എന്നെ ദൈവം ഏല്പിച്ചിരിക്കുന്ന ജോലികൾ നിറവേററിക്കഴിയുമ്പോൾ അദ്ദേഹം എന്നെ സ്വർഗ്ഗത്തിൽവച്ചു വീണ്ടും ആശ്ലേഷിക്കും.

സർവ്വോപരി അദ്ദേഹത്തിന്റെ എളിമയുടേയും നിഷ്കളങ്കതയുടേയും സുകൃതജീവിതത്തിന്റേയും മാതൃക എന്റെ മനസ്സിൽ പതിഞ്ഞു് എന്റെ അഹങ്കാരത്തെ നശിപ്പിക്കണം. അങ്ങനെ ദൈവദൃഷ്ടിയിൽ എന്റെ അയോഗ്യത കുറഞ്ഞുവരാനും അഹങ്കാരംകൂടാതെ എന്റെ വികാരിയച്ചനെപ്പോലെ നിർദ്ദോഷനും സുകൃതിയും ദൈവഭയമുള്ളവനുമായിത്തീരുവാൻ ഇടയാകട്ടെ. ദൈവത്തിനു സ്തുതി.

ഓ ഈശോ, എന്റെമേൽ കൃപയുണ്ടാകണമേ. പ്രകാശമാനമായ ഈദൃശമാതൃക കാണുന്നതിനു് അങ്ങു് എന്റെ കണ്ണുകൾ തുറക്കുക.

## സെപ്ററംബർ 26-ാംനു തിങ്കളാഴ്ച

ഇന്നു് എനിക്കു ഭക്താഭ്യാസങ്ങൾ പലതും ചെയ്യാൻകഴിഞ്ഞില്ല. പലവിചാരങ്ങളും ധാരാളം. സങ്കടമാണു് ഒരു കാരണം. ശവസംസ്ക്കാരത്തിനുള്ള ഒരുക്കമായിരുന്നു വേറൊരു കാരണം. സംക്ഷിപ്തമായി പറയുന്നപക്ഷം ഞാൻ സ്നേഹിക്കുന്നതു് എന്റെ ചിന്താവിഷയങ്ങളെത്തന്നെയാണു്. എന്നാൽ സങ്കടത്തോടെ പ്രത്യക്ഷമാകുന്ന എന്റെ ഈ സ്നേഹം എന്റെ ദൈവസ്നേഹത്തിനു കുറവു വരുത്തുകയില്ല; കാരണം എന്റെ സ്നേഹവിഷയം പരിശുദ്ധമാണു്; എന്റെ ഉദ്ദേശ്യവും പരിശുദ്ധമാണു്. സെമ്മിനാരിവിദ്യാർത്ഥിയായിരുന്ന കാലം മുതൽ എല്ലാ സായാഹ്നവും അദ്ദേഹം ഉപയോഗിച്ചിരുന്ന "ക്രിസ്ത്യാനുകരണം" എന്ന ഗ്രന്ഥം എന്റെ പിതാവിന്റെ സ്മാരകമായി എനിക്കു

* വേർപിരിയുമ്പോൾ ഇററാലിയൻഭാഷയിൽ പറയുന്ന നമസ്കാരവാക്യം.

www.malankaralibrary.com

സിദ്ധിച്ചു. ഈ പുസ്തകം വായിച്ചാണ് അദ്ദേഹം പരിശുദ്ധനായതെന്നു നീ ഓർക്കുക.

ഇതു് എനിക്കു് ഏററവും പ്രിയപ്പെട്ട പുസ്തകമായിരിക്കും; എത്രയും അനർഘമായ ഒരു രത്നം!

## സെപ്ററംബർ 2-ാംനു ചൊവ്വാഴ്ച

ഇന്നായിരുന്നു ദിവംഗതനായ എന്റെ സ്നേഹപിതാവിന്റെ ശ്രാദ്ധം. ഇന്നു് അദ്ദേഹം സശരീരനായി നമ്മുടെ കൂടെയില്ല; എന്നാൽ ആത്മനാ അദ്ദേഹം നമ്മോടുകൂടെയുണ്ടു്. അദ്ദേഹത്തിന്റെ വിശിഷ്ടപുണ്യങ്ങളുടെ ഓർമ്മ എന്നിൽ പതിഞ്ഞുകിടക്കുന്നു. അദ്ദേഹത്തിന്റെ പൈതൃക വാത്സല്യം എന്റെമേലുണ്ടു്.

എന്നാൽ ഞാനിന്നു് അനാഥനായിരിക്കുന്നു. എത്ര മഹാ നഷ്ടം! എന്റെ നേത്രങ്ങളിൽനിന്നു് ഇടമുറിയാതെ പൊട്ടിപ്പുറപ്പെട്ടിരുന്ന കണ്ണുനീർ തുടർച്ചയായി മറച്ചുവയ്ക്കുക എനിക്കു് എത്ര പ്രയാസമായിരുന്നു. ഇതാണെന്റെ മഹാസങ്കടം; ഇതുവരെ ഉണ്ടായിട്ടുള്ളതിൽ വലിയ ദുഃഖം! എനിക്കു് എന്തു ചെയ്യണമെന്നും എങ്ങനെ മുന്നോട്ടു പോകണമെന്നും അറിഞ്ഞുകൂടാ. എന്തെങ്കിലും നന്മ ചെയ്യണമെന്നോ, എന്തു നന്മ ചെയ്യണമെന്നോ ദുർഗ്രഹമായിത്തീർന്നിരിക്കുന്ന ഈ ലോകത്തിൽ എങ്ങനെ ജീവിക്കണമെന്നു് എനിക്കു് ഒരു തുമ്പുമില്ല.

എന്റെ പിതാവു പോയെങ്കിലും ഞാൻ ധൈര്യം വെടിയരുതു്. ഈശോ ഇവിടെയുണ്ടു്. അവിടുന്നു എന്നെ കൈനീട്ടി അവിടുത്തെപക്കൽ ആശ്വാസംതേടാൻ ക്ഷണിക്കുന്നു. ഞാൻ അവിടുത്തെ അടുക്കലേക്കു ചെല്ലും. എല്ലാദിവസവും അങ്ങനെ ചെല്ലാൻ എനിക്കു സ്വാതന്ത്ര്യമുണ്ടു്. ഈ നിയോഗത്തോടുകൂടെ വി. കുർബാന സ്വീകരിച്ചു് അവിടുത്തോടു ഞാൻ ഐക്യപ്പെടും. എന്റെ പിതാവിന്റെ പരിശുദ്ധമായ ആത്മാവിനു് അവിടുന്നു ശാന്തിനല്കും. സർവ്വോപരി അദ്ദേഹത്തെ അനുകരിക്കുന്നതിനു്, പ്രത്യേകിച്ചു് അദ്ദേഹത്തിന്റെ എളിമ അഭ്യസിക്കുന്നതിനു് അവിടുന്നു് എന്നെ സഹായിക്കും. ഞാൻ ദൈവകരങ്ങളിൽ എന്നെത്തന്നെ സമർപ്പിക്കും; പ്രക്ഷുബ്ധമായ എന്റെ മനസ്സിനെ പ്രശാന്തമാക്കുവാൻ ഞാൻ യത്നിക്കും; പരിശുദ്ധമായ ആ ആത്മാവിനെപ്രതി, എന്റെ ഭക്തസമ്പ്രദായങ്ങളെല്ലാം ഞാൻ പുനരാരംഭിക്കും; എന്റെ വത്സലപിതാവേ, അവ ഞാൻ കൂടുതൽ തീക്ഷ്ണതയോടെ സമർപ്പിക്കും.

www.malankaralibrary.com

ഓ ഈശോ, എന്നെ അദ്ദേഹത്തിനു സദൃശനാക്കണമേ. "അതുനോക്കി അതുപോലെ പണിയുക" (പുറ. 25, 40)

## സെപ്റ്റംബർ 29—ാംതീയതി വ്യാഴാഴ്ച

ഇന്നലത്തേക്കാൾ കുറേക്കൂടി ക്രമത്തിലായിരുന്നു ഇന്നു ഞാൻ; എന്നാൽ ഇപ്പോഴും വേണ്ടപോലെ ആയിട്ടില്ല. ഉദാഹരണമായി, ഇന്നു വി. കുർബാന സന്ദർശിച്ചുവോ ഇല്ലയോ എന്നു പറയുവാൻ എനിക്കു കഴിവില്ലാതെയാണിരിക്കുന്നതു്.

ഈ ദിവസങ്ങളിലെല്ലാം എൻെറ വികാരിയച്ചൻെറ പരിശുദ്ധ ചിത്രം സദാ എൻെറ മുമ്പിലുണ്ടായിരുന്നു. ഞാൻ അദ്ദേഹത്തിൽ നിന്നു് എത്രകണ്ടു വ്യത്യസ്തനാണെന്നോർത്തിട്ടു് എനിക്കു തൃപ്തിപ്പെടുവാൻ കഴിയുന്നില്ല. എനിക്കു ലഭിച്ചിട്ടുള്ള വിവിധ അനുഗ്രഹങ്ങൾക്കു പുറമേ, ഈ ഉജ്ജ്വലമായ മാതൃകയും എന്നെ പുണ്യാഭ്യസനത്തിനു പ്രത്യേകിച്ചു്, അയൽക്കാരോടുള്ള ഉപവിക്കു് എന്നെ ഉത്തേജിപ്പിക്കും.

ഇങ്ങനെ സംഭവിക്കുമെന്നാണെൻെറ പ്രതീക്ഷ. എൻെറ വികാരിയച്ചൻ എന്നെ വളരെയധികം സ്നേഹിച്ചിരുന്നു. സ്വാത്മത്യാഗത്തിനു് ഒരു സന്ദർഭമുണ്ടായാൽ ഞാൻ അതു കൈവെടിയുകയില്ല: അതനുഷ്ഠിച്ചു പരിശുദ്ധമായ ആ ആത്മാവിൻെറ ശാന്തിക്കായി ഞാൻ കാഴ്ചവയ്ക്കും. ആ നല്ല വൈദികൻ എനിക്കുവേണ്ടി അനുഷ്ഠിച്ചിട്ടുള്ള ത്യാഗത്തോടു തട്ടിച്ചുനോക്കുമ്പോൾ ഇതൊന്നും അധികമാകയില്ല.

ദൈവമേ, ഞങ്ങളെ അനാഥരായി അങ്ങു വിടരുതു്.

## ഒക്ടോബർ 1–ാം തീയതി ശനിയാഴ്ച

ഇന്നു് ഒരു സുകൃതജപവും ചൊല്ലിയില്ല. സന്ദർശനം നടത്തിയതും നടത്താത്തതും ഒരുപോലെ. ഇതാണു കാരണം: "ഈശോ എനിക്കു തീരെ അപരിചിതനെപ്പോലെ ആയിരിക്കുന്നു. എൻെറ പ്രധാന പരാജയം ഞാൻ മുമ്പു പറഞ്ഞതുപോലെ ചിന്താശൂന്യതയും ഓർമ്മക്കുറവുമാണു്. ഞാൻ തുടർച്ചയായി എടുത്തിട്ടുള്ള പ്രതിജ്ഞകളെപ്പററിശ്രദ്ധാപൂർവ്വം ചിന്തിക്കുകയും ഞാൻ എഴുതി വച്ചിട്ടുള്ളതും റൊഡ്രിഗ്ഗസ്സിൻെറ പുസ്തകത്തിൽ ഞാൻ വായിച്ചിട്ടുള്ളതുമായ തത്വങ്ങളനുസരിച്ചു ഞാൻ പൊതുവും പ്രത്യേകവുമായ ആത്മശോധന നടത്തുകയും

www.malankaralibrary.com

ചെയ്തിരുന്നെങ്കിൽ ഞാൻ തെല്ലു പുരോഗമിക്കുമായിരുന്നു. പകരം ഒച്ചു പോലെ അനങ്ങാൻകഴിയാതെ ഞാനിരിക്കയാണ്.

ആകയാൽ ഞാൻ ഒരു പുതിയ പരിശ്രമം നടത്തണം. നാളെ വീണ്ടും ഞാൻ ആരംഭിക്കും. എൻെറ ഭക്താഭ്യാസങ്ങളിൽ പ്രത്യേകിച്ചു ജപമാലയിലും ദിവ്യകാരുണ്യസന്ദർശനത്തിലും പരിപൂർണ്ണത നേടാൻ ഞാൻ പരിശ്രമിക്കും; കുററം എത്ര സ്പഷ്ടമായിരുന്നാലും ആർക്കും അരോചകമായി ഞാൻ യാതൊന്നും പറയുകയില്ല.

എല്ലാം മറിയത്തിൽക്കൂടെ ചെയ്യപ്പെടണം. ജപമാലമാതാവു യുദ്ധസന്നദ്ധമായ സൈന്യനിരയെപ്പോലെ ശക്തയും ഭയങ്കരയുമാകയാൽ അവിടുന്ന് എനിക്കു എല്ലാം വാങ്ങിത്തരും. മറിയമേ, എന്നെ രക്ഷിക്കുക.

## ഫാദർ റെബുസീനിയുടെ മരണത്തിനുശേഷം നടത്തിയ മാസധ്യാനത്തിലെ ആദ്ധ്യാത്മികക്കുറിപ്പുകൾ

### ഒക്ടോബർ 21

എൻെറ വെക്കേഷൻ ആരംഭിക്കുവാൻ ഇനി 13 ദിവസവുംകൂടിയുണ്ട്. ഞാൻ ആഗ്രഹിക്കുന്ന തരത്തിലുള്ള ഒരു സെമ്മിനാരിവിദ്യാർത്ഥിയെപ്പോലെ എനിക്കു പെരുമാറുവാൻ കഴിഞ്ഞിരുന്നെങ്കിൽ! എന്നാൽ ഒരിക്കലുമെനിക്ക് അങ്ങനെ വ്യാപരിക്കാൻ കഴിഞ്ഞിട്ടില്ല. എനിക്കെത്രയും പ്രിയപ്പെട്ട വികാരിയച്ചൻെറ മരണത്തിൽ അഗാധമായി ഏവരും ദുഃഖിക്കുന്നുണ്ടല്ലോ. അദ്ദേഹത്തിനു നിത്യമഹത്വവും ശാന്തിയും നല്കണമെയെന്നു ഞാൻ പ്രാർത്ഥിക്കുന്നതോടൊപ്പം അദ്ദേഹത്തിൻെറ മാതൃക എന്നെ ശക്തിപ്പെടുത്തിയിരുന്നെങ്കിൽ. ജപമാലയും ദിവ്യകാരുണ്യസന്ദർശനവും നന്നായിട്ടുചെയ്യാനുള്ള അനുഗ്രഹം എനിക്കു ലഭിച്ചാൽമതി; ശേഷമെല്ലാം ശരിപ്പെട്ടുകൊള്ളും.

ദിവ്യകാരുണ്യ ഈശോ, അങ്ങയോടുള്ള സ്നേഹത്താൽ ഞാൻ പൂരിതനാകാനാഗ്രഹിക്കുന്നു. അങ്ങയോടെന്നെ ഐക്യപ്പെടുത്തുക. എൻെറ ഹൃദയം അങ്ങയുടെ ഹൃദയത്തിൻെറ പാർശ്വത്തിലായിരിക്കട്ടെ! യോഹന്നാൻ ശ്ലീഹായെപ്പോലെ ഞാൻ അങ്ങയോടു വർത്തിക്കുവാൻ ആഗ്രഹിക്കുന്നു. ജപമാലമാതാവേ, അങ്ങയുടെ ഈ പ്രാർത്ഥന ചൊല്ലുമ്പോൾ ഏകാഗ്രത ലഭിക്കുവാൻ എന്നെ സഹായിക്കേണമേ. അങ്ങയുടെ ജപമാലയോടും ദിവ്യകാരുണ്യ ഈശോയോടും എന്നെ

www.malankaralibrary.com

ബന്ധിക്കുക. എന്റെ സ്നേഹമായ ഈശോ വാഴ്ത്തപ്പെട്ടവനാകട്ടെ. അമലോത്ഭവകന്യകാമറിയം വാഴ്ത്തപ്പെട്ടവളാകട്ടെ.

## ഒക്ടോബർ 24

ഇന്നു് ആകപ്പാടെ തീരെ മോശമായിട്ടില്ല. കുറേക്കൂടെ സുകൃതജപങ്ങൾ ചൊല്ലാമായിരുന്നു. ജപമാലയും ദിവ്യകാരുണ്യസന്ദർശനവും എൻെറ കഴിവുപോലെ ഞാൻ നിർവ്വഹിച്ചിട്ടുണ്ടു്; എങ്കിലും ചില പലവിചാരങ്ങളുണ്ടായിരുന്നു. ഈ ഭക്താഭ്യാസങ്ങളുടെ വിജയത്തിനായി കാലേക്കൂട്ടി ഒരുങ്ങുന്നതു നല്ലതാണു്. "ഒരു നേർച്ചനേരുന്നതിനുമുമ്പു നീ ഒരുങ്ങുക" എന്നാണു് പരിശുദ്ധാത്മാവു പറയുന്നതു്. ഓ, ഈശോ, ഓ, മറിയമേ, എന്നെ സദാ കാത്തുകൊള്ളണമേ.

## ഒക്ടോബർ 25

ഇന്നു് അത്ര മോശമായിട്ടില്ല. ഈശോയ്ക്കു നന്ദി. എന്നും ഇങ്ങനെ ജീവിക്കുന്നതു് എത്ര ആനന്ദസംദായകമായിരിക്കും. എന്നാൽ തുള്ളിച്ചാടാനൊന്നുമില്ല. എന്നിൽ നന്മ യാതൊന്നുമില്ല; ഞാൻ പാപിയാണു്.

ഇന്നു വി. മാർഗരററു് അലക്കോക്കിൻെറ തിരുനാളാണു്. പുണ്യവതിക്കു് ഈശോയുടെ തിരുഹൃദയത്തോടുണ്ടായിരുന്ന സ്നേഹം എനിക്കുമുണ്ടായിരുന്നെങ്കിൽ!

എൻെറ പ്രിയപ്പെട്ട ഇടവകവികാരി സ്വർഗ്ഗത്തിൽ പ്രവേശിച്ചിട്ടു് ഇന്നേക്കു മുപ്പതുദിവസമായി. ദൈവം തൻെറ ശാന്തിയിലേക്കു് അദ്ദേഹത്തെ പ്രവേശിപ്പിക്കട്ടെ; വിശുദ്ധന്മാരുടെ മഹത്വം അദ്ദേഹത്തിനു നല്കുകയും ചെയ്യട്ടെ.

## ഒക്ടോബർ 26

സന്മനസ്സിനു കുറവുണ്ടായിരുന്നില്ല; എന്നാൽ ഇന്നത്രവിജയമായിരുന്നില്ല. അസാധാരണത്വമൊന്നുമില്ല. എൻെറ പരിശ്രമങ്ങൾ കുറഞ്ഞുപോകാൻ സർവ്വേശ്വരൻ അനുവദിക്കാതിരിക്കട്ടെ. ഇതു കൺമുമ്പിൽവച്ചു് ഏകാഗ്രതയ്ക്കായി, പ്രത്യേകിച്ചു്, പ്രഭാതത്തിൽ വസ്ത്രംധരിക്കുമ്പോൾ ഞാൻ പരിശ്രമിക്കണം. സമയം നഷ്ടപ്പെടുത്താതിരിക്കാൻ ഞാൻ സൂക്ഷിക്കും. എന്തു സംസാരിക്കുമ്പോഴും ഞാൻ എൻെറ വാക്കു

www.malankaralibrary.com

കളെ ശരിയായി പരിശോധിക്കും. സവ്വേശ്വരങ്കലും മറിയത്തിൻെറ പക്കലും വളരെ ഉന്നതസ്ഥാനമുള്ള വി. യൗസേപ്പേ, ഇക്കാൎയ്യത്തെ സംബന്ധിച്ച് അങ്ങ് എന്തെങ്കിലും ചെയ്യണം.

## ഒക്ടോബർ 27

ഇതാണ് എന്റെ രക്ഷ; എല്ലാസമയത്തും എല്ലാസ്ഥലത്തും ഏകാഗ്രത പാലിക്കുക. ചിലപ്പോഴൊക്കെ ഞാൻ മറ്റു കാൎയ്യങ്ങളിൽ വ്യഗ്രനാകുകനിമിത്തം എന്റെ ആദ്ധ്യാത്മികാഭ്യാസങ്ങളിൽ ഏകാഗ്രത ഇല്ലാതായിപ്പോകുന്നു. സമയം നന്നായി ചെലവഴിക്കാൻ മററുവല്ല മാൎഗ്ഗവുമുണ്ടായിരുന്നെങ്കിൽ, എനിക്കുള്ള പലവിചാരത്തിനു കുറവുവരുമായിരുന്നു. എല്ലാപ്പോഴും എൻെറ സംസാരത്തെ ഞാൻ സൂക്ഷിക്കണം. മററുള്ളവരെ സംബന്ധിക്കുന്ന കാൎയ്യങ്ങളിലും അക്ഷമനായിരിക്കുമ്പോഴും എന്റെ വാക്കുകളെ അങ്ങേയററം പരിശോധിച്ചിട്ടുമാത്രമേ പുറത്തേക്കിറക്കാവൂ. ഒരു വാക്കിൽ പറയുന്നപക്ഷം, എനിക്കുവേണ്ടതു് എളിമയാണ്. അഗാധ എളിമ അല്ലെങ്കിൽ ഞാൻ മണലിലായിരിക്കും കെട്ടിടം പണിയുന്നതു് (മത്താ. 7, 26).

എൻെറ ഈശോ, എൻെറമേൽ കൃപയുണ്ടാകണമേ.

## ഒക്ടോബർ 28

എൻെറ ചെവിക്ക് ഒന്നു പിടിക്കേണ്ടതാണ്. കഴിഞ്ഞ രണ്ടു സായാഹ്നങ്ങളിലും ഞാൻ ദിവ്യകാരുണ്യസന്ദർശനം നടത്തിയില്ലെന്നു പറയാം; പറയത്തക്കസമയം ആ സന്ദർശനങ്ങൾ നീണ്ടുനിന്നിട്ടില്ല. ആജ്ഞാനുസാരം അന്യസ്ഥലത്തു പോയതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചതു്; അതിനു ഞാൻ കുറ്റക്കാരനല്ല. എന്നാൽ ഇടയ്ക്കിടയ്ക്ക് എനിക്കു തോന്നാറുള്ളതുപോലെ സ്വല്പം കാലേകൂട്ടി സന്ദർശനം നടത്തിയിരുന്നെങ്കിൽ ഇപ്പോൾ ഉൽക്കണ്ഠയ്ക്കു വകയുണ്ടാകുമായിരുന്നില്ല.

നാളെയും എന്നുവേണ്ടാ എല്ലാപ്പോഴും ശരിയായി നിൎവ്വഹിക്കേണ്ട ഒരു കാൎയ്യമുണ്ടു്; കന്യകാമറിയത്തിൻെറ ഒപ്പീസ്. ഇന്ന് അശ്രദ്ധമായിട്ട് ഓൎമ്മയില്ലാതെയാണു ഞാനതു ചൊല്ലിയതു്. മരിയാംബികതന്നെ ഇക്കാൎയ്യത്തിൽ എനിക്കു വല്ല സഹായവും ചെയ്തുതരുമെന്നു ഞാൻ കരുതട്ടെ.

എൻെറ സംസാരം ഞാൻ സൂക്ഷിക്കണം; കൂടുതൽ സുകൃതജപങ്ങൾ ചൊല്ലുകയുംവേണം. ഈശോ, എൻെറമേൽ കൃപയുണ്ടാകണമേ.

www.malankaralibrary.com

## ഒക്ടോബർ 29

പരിശുദ്ധനായ ആ ഇടവകവികാരിയുടെ ഓർമ്മ എൻെറ കുറെ യേറെസമയം വിഴുങ്ങിക്കളയുന്നുണ്ട്. ഇന്നുതന്നെ ദിവ്യകാരുണ്യസന്ദ ശ്നവേളയിലും ജപമാലയിലും എത്രമാത്രം സമയം ആ ഓർമ്മ എൻെറ മനസ്സിൽ സ്ഥാനംപിടിച്ചിരുന്നു! ഇങ്ങനെയല്ല അദ്ദേഹത്തെ അനുകരി ക്കേണ്ടതു്. "എല്ലാത്തിലും മിതത്വം വേണം; എല്ലാത്തിനും ഒരു സമ യമുണ്ട്" (പ്രഭാ. 3, 2). അലസമായ എൻ്റെ സംഭാഷണം നിറുത്തണം. എൻെറ സഹോദരസഹോദരിമാരോടുകൂടെ സംസാരിച്ച് എന്തുമാത്രം സമയമാണു ഞാൻ നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നതു്. ഇപ്പോഴത്തേ ക്കാൾ കൂടുതലായി ദൈവത്തിങ്കലേക്ക് എൻെറ മനസ്സു ഞാൻ ഉയർത്തി ക്കൊണ്ടിരിക്കേണ്ടതാണ്.

ഞാനെന്തൊരു സാധു! ഞാൻ കുറച്ചു മുമ്പോട്ടുപോയാലും താമ സിയാതെ തുടങ്ങിയയിടത്തുതന്നെ. ആകയാൽ കൂടുതൽ എളിമവേണം. എന്നെ ഞാൻ വിശ്വസിക്കരുതു്; കാരണം എനിക്കു തന്നെത്താൻ ഒന്നും ചെയ്യുക സാദ്ധ്യമല്ല. ഞാൻ അങ്ങയെ സ്നേഹിക്കുന്നതിനു് ഓ ഈശോ, നാളെ ദിവ്യകാരുണ്യസമയത്തു് എൻെറ ഹൃദയത്തെ സ്നേഹംകൊണ്ടു്, പുണ്യവാന്മാരുടെ സ്നേഹംകൊണ്ടു ജ്വലിപ്പിക്കണമേ.

## ഒക്ടോബർ 30

ഇന്നു് ഒരു വലിയ വീഴ്ച ഉണ്ടായി. തന്നിമിത്തം വി. കുർബ്ബാന സ്വീകരണസമയം പ്രയോജനരഹിതമായി; മററു ഭക്താഭ്യാസങ്ങളും നഷ്ടപ്പെട്ടു. എൻെറ കിടക്കയിൽനിന്നു ഞാനെഴുന്നേററയുടനെ എനി ക്കുണ്ടായ പലവിചാരമാണ് ഇതിനെല്ലാം കാരണം. ദൈവാലയത്തി ലെത്തിയ ഉടനെ ഏകാഗ്രത പാലിക്കാൻ കഴിയാഞ്ഞതും ഇതിനു കാര ണമായി. ഈ സംഭവം ഇവിടെ രേഖപ്പെടുത്തേണ്ടതുതന്നെ. ഒരു പുരോ ഹിതനോടു വർത്തിക്കുന്നതുപോലെ ബഹുമാനത്തോടും ഗൗരവത്തോടും കൂടി എന്നോട് എവരും പെരുമാറുന്നുവെന്നതും എന്നെ പരിഭ്രമിപ്പി ന്ന ഒരു കാര്യമാണ്. ഓ സാധു! ഇതൊക്കെ പിശാചിൻെറ കെണി യാണ്, ഒരു സെമിനാരിവിദ്യാർത്ഥിയുടെ വിനയത്തോടെ പെരുമാറു ന്നതിനു പകരം ഒരു പുരോഹിതനെപ്പോലെയാണു ഞാൻ വ്യാപരി ക്കുന്നതു്.

ഈ വിഷയങ്ങളെല്ലാം എൻെറ ആത്മാഭിമാനത്തിൽനിന്നാ

www.malankaralibrary.com

ങ്ങളവാകുന്നതു്. "മരണനിദ്രയിൽ അമരാതിരിക്കാൻ കർത്താവേ, എന്റെ കണ്ണുകളുടെ ഭാരം കുറയ്ക്കണമേ (സങ്കീ. 12, 3).

## ഒക്ടോബർ 3।

കഴിഞ്ഞ തിങ്കളാഴ്ച മുതൽ എന്നിൽ കാര്യമായ ഒരന്തരം വന്നിട്ടുണ്ടു്. ഞാൻ പുറമേ ചുററിനടക്കുമ്പോൾ എനിക്കു ദൈവത്തോടു് ഐക്യം പാലിക്കുവാൻ കഴിയുന്നില്ല. ഞാൻ തിന്മ വർജ്ജിക്കുന്നു; നന്മ ചെയ്യുന്നുമില്ല.

തന്നിമിത്തം ഞാൻ ചെയ്യുന്ന പല കാര്യങ്ങളെപ്പററിയും പിന്നീടു ദുഃഖിക്കേണ്ടിവരുന്നു. ഇന്നുചൊല്ലിയ സുകൃതജപങ്ങൾ വിരലിൽ എണ്ണാവുന്നതേയുള്ളു. പ്രത്യേകാത്മശോധന ഉണ്ടായതേയില്ല. കന്യകാമറിയത്തിന്റെ ഒഫീസ് അശ്രദ്ധമായി ഞാൻ ചൊല്ലി. ജപമാലയെപ്പററിയും അതുതന്നെ പറയേണ്ടിയിരിക്കുന്നു. ഞാൻ പലപ്പോഴും മനസ്തപിക്കേണ്ടിവന്നിട്ടുള്ള ഒരു കാര്യം ഈ സായാഹ്നത്തിൽ വീണ്ടും സംഭവിച്ചു. ഞാൻ മുറിയിലേക്കു പോകാതെ അലസസംഭാഷണത്തിൽ വളരെ നേരം ചെലവഴിച്ചു. ഇതിനെല്ലാം ദൈവത്തിനു കണക്കുകൊടുക്കേണ്ടിവരികയില്ലേ? നാളെ ഇന്നത്തെപ്പോലെയാകാതെ കഴിഞ്ഞ തിങ്കളാഴ്ചപോലെ ആയിരിക്കുമെന്നു ഞാൻ കരുതട്ടെ. നാളെ സകല വിശുദ്ധന്മാരുടെ തിരുനാളാണു്. ഒരു നല്ല ദിവ്യകാരുണ്യ സ്വീകരണംകൊണ്ടു നാളെ ഞാൻ ആരംഭിക്കും.

ദൈവത്തിന്റെ എല്ലാ വിശുദ്ധരും എനിക്കു വേണ്ട മാദ്ധ്യസ്ഥ്യം വഹിച്ചു് എന്നെ എളിമയോടെ കാത്തുപാലിക്കട്ടെ. സെമ്മിനാരിയിലെ ആനന്ദങ്ങളോടുകൂടിയ ഒരു നവവത്സരത്തിനു കർത്താവേ, എന്നെ ഒരുക്കണമേ.

## നവംബർ 1 ചൊവ്വാ

ഇന്നു ഭക്താഭ്യാസങ്ങൾ ശരിക്കു നടന്നില്ല. പുരോഹിതാലയത്തിൽവരുന്ന വൈദികരെ സല്ക്കരിക്കേണ്ടതു് ഒരാവശ്യമായിരുന്നതിനാൽ എന്റെ വീഴ്ചയ്ക്കു മതിയായ ന്യായമുണ്ടു്. ഈ വ്യഗ്രതകളുടെ ഇടയിൽ എന്റെ ദിവസം തീരെ മോശമായില്ല. തുല്യസാഹചര്യങ്ങളിൽ ഞാൻ പ്രദർശിപ്പിക്കാറുണ്ടായിരുന്ന ഔദ്ധത്യവും അഹങ്കാരവും ഇന്നു പ്രദർശിപ്പിച്ചില്ലെന്നുള്ളതിൽ ഞാൻ ആനന്ദംകൊള്ളുന്നു. തത്ക്കാലം ഞാൻ എളിമപ്പെടേണ്ടിയിരിക്കുന്നു. ദൈവമേ, എന്നെ

www.malankaralibrary.com

അനുഗ്രഹിക്കേണമേ. എന്റെ പൂർവ്വസ്നേഹിതനാണ സ്വാത്മസ്നേഹം, സമർത്ഥനായി കാണപ്പെടാനും ശ്ലേമോന്റെ ഭാവം വരിക്കാനുമുള്ള ആഗ്രഹം. ആ പ്രാചീന മിത്രത്തെ തകക്കുകതന്നെ വേണം.

വാസ്തവത്തിൽ ഇന്നത്തെ പ്രഭാതദിവ്യകാരുണ്യസ്വീകരണത്തിനു നല്ല ഫലമുണ്ടായി. ദൈവത്തിനു സ്തുതി. സകല മരിച്ചവരുടേയും തിരുനാളിന്റെ തലേദിവസമാണല്ലോ ഇന്ന്. എനിക്കു സങ്കടം തോന്നുന്നു. മരിച്ചവരുടെ ദിവസം എന്റെ ഇടവകവികാരിയുടെ ചിത്രം എന്റെ മുമ്പിൽ കൊണ്ടുവരുന്നു. എന്റെ വികാരങ്ങളൊക്കെ വിവരിക്കുക സുഗമമല്ല. നാളെ ആ ഭാഗ്യപ്പെട്ട ആത്മാവിനു വേണ്ടി ധാരാളം പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. എന്റെ ജന്മിയും ലൌകികകാര്യങ്ങളിൽ എന്റെ ഉപകാരിയുമായ കാനൻ മൊർലാനിയേ * കാണുമ്പോൾ എന്റെ വികാരിയച്ചന്റെ അനുസ്യൂതസംരക്ഷണം ഞാൻ ദർശിക്കുന്നു. എന്റെ പ്രാർത്ഥന അദ്ദേഹത്തിന് ആവശ്യമുള്ള സഹായം നല്കുമാറാകട്ടെ. പരലോകത്തിൽനിന്നുകൂടി അദ്ദേഹം എന്നെ സഹായിക്കുന്നുണ്ട്. ജീവിച്ചിരുന്ന കാലത്തെന്നപോലെ അദ്ദേഹം എന്നോടു കാരുണ്യം പ്രദർശിപ്പിക്കുന്നു. മരിച്ച വൈദികനു വേണ്ടിയുള്ള എന്റെ പ്രാർത്ഥന വി. കുർബാനയോടുള്ള എന്റെ ഭക്തിയെ വർദ്ധിപ്പിക്കും. പ്രസ്തുത ഭക്തിയും മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും തമ്മിൽ അത്ഭുതകരമായ ബന്ധമുണ്ട്.

മരിച്ചവർക്കുവേണ്ടിയുള്ള കുർബാനയുടെ നവശതാബ്ദവാർഷികം(998–1898) പ്രമാണിച്ചു പരിശുദ്ധപിതാവ് അനുവദിച്ചിട്ടുള്ള പൂർണ്ണദണ്ഡവിമോചനം ഞാൻ അദ്ദേഹത്തിന്റെ നിത്യശാന്തിക്കായി കാഴ്ചവയ്ക്കും.

## നവംബർ 2 ബുധൻ

സമയം ഇന്ന് എന്തുമാത്രം ഞാൻ നഷ്ടപ്പെടുത്തി! അടുത്തടുത്തു സുകൃതജപങ്ങൾ ചൊല്ലിയുമില്ല. ഇന്നു ഞാൻ ധ്യാനത്തിൽ ഉറങ്ങി. അങ്ങനെ മേലിൽ സംഭവിക്കാതിരിക്കാൻ ഞാൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഓ ഈശോ എന്റെമേൽ കൃപയുണ്ടാകണമേ; മരിച്ചവർക്കു ശാന്തിയരുളണമെ.

* കാനൺ മൊർലാനി: ബെർഗാമോയിലെ ഒരു കൊവേന്തയുടെ പ്രിയോർ. അദ്ദേഹത്തിന്റെയും അദ്ദേഹത്തിന്റെ സഹോദരന്മാരുടെയും കുടിയാന്മാരാണു റൊങ്കാലി കുടുംബാംഗങ്ങൾ

www.malankaralibrary.com

## നവംബർ 3 വ്യാഴം

ഇന്നുമുഴുവൻ ഞാൻ യാത്രയിൽ കഴിച്ചു; അതിനാൽ എല്ലാം പതിവുപോലെ. എന്നോടു വേണ്ടിടത്തോളം പരിഗണന പ്രദർശിപ്പിക്കുന്നില്ലെന്നുകരുതി ഞാൻ പരുഷമായ വാക്കുകൾ ഉപയോഗിച്ചു. ഇതൊക്കെ ഒന്നാംതരം അഹങ്കാരമാണ്. സുകൃതജപങ്ങളൊന്നും ഞാൻ ചൊല്ലിയില്ല. ദൈവമേ, എന്റെമേൽ കൃപയുണ്ടാകണമേ. എനിക്ക് അങ്ങയെ സ്നേഹിക്കണം. നാളെ മാസാദ്യവെള്ളിയാണ്; ആകയാൽ അതു് ഈശോയുടെ തിരുഹൃദയത്തോട് പരിഹാരംചെയ്യുന്നതിനുള്ള ദിനമായിരിക്കണം. എന്റെ പാപങ്ങൾക്ക് അതു് ഒരുത്തമപരിഹാരദിനമായിരുന്നെങ്കിൽ; ഓ ഈശോ, അങ്ങെന്നെ സഹായിക്കുകയാണെങ്കിൽ അതെങ്ങനെ അപ്രകാരമല്ലാതാകും?

## നവംബർ 4 വെള്ളി

ഇന്നലെത്തേക്കാൾ സ്വല്പം ഭേദം. ദിവ്യകാരുണ്യസ്വീകരണ സമയത്തും ജപമാലയിലും എന്റെ ചിന്തകൾ പതറിപ്പോയി. ആകയാൽ പ്രഭാതത്തിൽ പ്രത്യേകിച്ചും എനിക്ക് ഏകാഗ്രത ആവശ്യമാണ്. പുണ്യത്തിൽ വളരാനും ആത്മാക്കൾക്കു നന്മചെയ്യുവാനും അത്യന്താപേക്ഷിതമായ ശാന്തത എനിക്കു തെല്ലു കുറവാണ്. അതു സമ്പാദിക്കുവാൻ ആവുംപടി ഞാൻ പരിശ്രമിക്കും. ഓ ഈശോ! ഓ മറിയമേ! ഓ വിശുദ്ധ ചാറൽസ്!

## നവംബർ 5 ശനി

ഞാൻ മുന്നോട്ടുപോകുന്തോറും ഈശോയ്ക്കു മനുഷ്യരോടുള്ള സ്നേഹം കൂടുതൽ മനസ്സിലാക്കുന്നുണ്ട്. മറുവശത്തു മനുഷ്യരുടെ, പ്രത്യേകിച്ച് എന്റെ കൃതഘ്നത നില്ക്കുകയും ചെയ്യുന്നു. എന്തുമാത്രം കുററങ്ങൾ! എന്തുമാത്രം പരാജയങ്ങൾ! ഏകാഗ്രത എത്ര തുച്ഛം! ശനിയാഴ്ചത്തെ ആശാനിഗ്രഹങ്ങൾ എത്ര കുറഞ്ഞിരിക്കുന്നു! പുണ്യങ്ങളെപ്പററി ചിന്തിക്കുവാൻ ഞാൻ മിടുക്കനാണ്; അഭ്യസിക്കാനറിഞ്ഞുകൂടാ. പുണ്യങ്ങളങ്ങനെ സമ്പാദിച്ചുകൊണ്ടിരിക്കുന്നുവെന്നാണെന്റെ ഭാവം. എത്രയും പാപിയായ എന്റെമേൽ കൃപയുണ്ടാകണമേ. എന്നെ പൂർണ്ണമായി ഉപേക്ഷിക്കരുതേ,

നാളെ ഒഴിവുകാലം അവസാനിക്കും. ദൈവസഹായത്തോടെ നന്നായിട്ടു പ്രവർത്തിക്കണമെന്നാണെന്റെ ആഗ്രഹം. ജപമാല! ഹാ

www.malankaralibrary.com

ജപമാല! വി. ജോൺ ബെൿമൻസ് ജപമാലചൊല്ലിയിരുന്നതു പോലെ അതു ജപിക്കുവാൻ കന്യകാമറിയമേ, അങ്ങ് എന്നെ സഹായിക്കണമേ.

## നവംബർ 20 ഞായർ (ധ്യാനം)

സെമ്മിനാരിയിലെ ഈ അന്തിമദിവസങ്ങൾ ഞാൻ വളരെ ആഹ്ളാദത്തിലാണ കഴിച്ചിട്ടുള്ളതു്. ചിത്രശലഭംപോലെ എൻെറ മനസ്സു പറന്നുനടക്കുകയായിരുന്നു. ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ ഞാനുപേക്ഷിച്ചു. ആകയാൽ സായാഹ്നപ്രാത്ഥന (Vespers) യിൽപ്പോലും പലവിചാരങ്ങൾ! തന്നിമിത്തം ക്ലാസ്സിൽക്കൂടി ഞാൻ മൗനം പാലിച്ചില്ല. സെമ്മിനാരിവിദ്യാത്ഥികളുടെ നിയമങ്ങൾ സാരാംശത്തിൽ അനുസരിച്ചു; എന്നാൽ എന്റെ അനുസരണ പരിപൂണ്ണമായിരുന്നില്ല; അതുവേണ്ടപോലെ ആയിട്ടില്ല; ദൈവത്തിനു് ഇഷ്ടപ്പെട്ടിട്ടില്ല; പൂണ്ണയോഗ്യതയ്ക്കു് അതിനു് അർഹതയുമില്ല. ഞാൻ ഒരു ചിത്രംപോലെയാണു്. തിരിച്ചറിയാൻ പാടില്ലാതാക്കുന്ന അഴക്കൊന്നും ചിത്രത്തിലില്ലെങ്കിലും കണ്ണിനു് അരോചകമാകത്തക്കവിധം അതിൽ പൊടിപറ്റിക്കിടക്കയാണു്. തിരസ്കൃതമായ ചിത്രങ്ങളെപ്പോലെയാണു ഞാൻ സ്ഥിതിചെയ്യുന്നതു്. ഈ സ്ഖലിതങ്ങളൊക്കെ എൻെറ വഴിയിൽ നില്ക്കുമ്പോൾ പ്രസാദവരത്തിൻേറയും ദൈവസ്നേഹത്തിൻേറയും ചലനങ്ങൾ എന്നിൽ ഞാൻ കാണുന്നില്ലെങ്കിൽ എന്തിനു ഞാൻ അത്ഭുതപ്പെടുന്നു?

കലാകാരൻെറ കരങ്ങളിൽനിന്നു പുറത്തുവന്നപ്പോൾ പ്രസ്തുത ചിത്രത്തിനുണ്ടായിരുന്ന സൗന്ദര്യം പുനരുദ്ധരിക്കുവാൻ നാം എന്തുചെയ്യുമോ അതുപോലെ ഞാൻ എന്നോടു ചെയ്യേണ്ടിയിരിക്കുന്നു. ചിത്രങ്ങൾ ദൃശ്യമാകുന്നതിനു വീണ്ടും എണ്ണയിടേണ്ടിയിരിക്കുന്നു. എൻെറ അപൂണ്ണതകളൊക്കെ ഞാൻ തുടച്ചുമാററണം. പ്രഭാതത്തിൽ എഴുന്നേല്ക്കുന്ന നിമിഷംമുതൽ ഞാൻ ഏകാഗ്രത പാലിക്കണം. അധികം ആനന്ദിക്കാൻ പോകരുതു്; അല്ലെങ്കിൽ മനുഷ്യൻ വിഡ്ഢിയായിമാറും. അന്യരെപ്പററി സംസാരിക്കുമ്പോൾ ഞാൻ സൂക്ഷിക്കണം. ആരെയും വിധിക്കരുതു്. അങ്ങനെ വിധിക്കാൻ തുടങ്ങുമ്പോഴാണു് എൻെറ പഴയ കൂട്ടുകാരൻ (സ്വാത്മസ്നേഹം) പ്രത്യക്ഷപ്പെടുന്നതു്.

ഇതിനുപുറമേ നിരവധി സുകൃതജപങ്ങൾ ഞാൻ ചൊല്ലണം; ദിവ്യകാരുണ്യസന്ദർശനം സ്നേഹപൂർവ്വം നടത്തണം; ആത്മശോധന കണിശമായി ചെയ്യുകയും വേണം. നല്ലവനായ ഈശോ എനിക്കു് ഒരു

www.malankaralibrary.com

കുരിശുകൂടി അയച്ചുതന്നിരിക്കുന്നു; എന്റെ വത്സലനായ ആത്മപിതാവു മരിച്ചുപോയിരിക്കുന്നു. (ബെർഗാമോ സെമ്മിനാരിയിലെ ജ്ഞാന പിതാവായിരുന്ന ലൂയിജി ഇസാക്കി (1839 - 1898) യുടെ മരണമാണ് ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്) അദ്ദേഹത്തിന്റെ നല്ല ആത്മാവിനും എന്റെ ഇടവകവികാരിയുടെ ആത്മാവിനുംവേണ്ടി ദൈവത്തോടു പ്രാർത്ഥിക്കുക എന്റെ ചുമതലയായി ഞാൻ കരുതും. ഈ രണ്ടു പേരും എന്റെ അന്തഃകരണത്തെയും എന്റെ ദുർബലതകളേയും ശരിയായി ഗ്രഹിച്ചിരുന്നു. അവർ ഈശോയോടും മറിയത്തോടും എനിക്കുവേണ്ടി പ്രാർത്ഥിക്കട്ടെ; അവർ എനിക്ക് എളിമയും, ഈശോയോടും അവിടുന്നു വീണ്ടെടുത്ത ആത്മാക്കളോടും ഉജ്ജ്വലമായ സ്നേഹവും ചോദിച്ചുവാങ്ങിത്തരട്ടെ.

ഈശോ മറിയമേ യൗസേപ്പേ, എന്റെ എത്രയും വത്സലമിത്രങ്ങളേ, ഞാൻ നിങ്ങൾക്കായി ജീവിക്കുകയും മരിക്കുകയും ചെയ്യട്ടെ.

## നവംബർ 28 തിങ്കൾ

കഴിഞ്ഞ ഞായറാഴ്ച ഞാൻ അത്യധികം ആഹ്ളാദിച്ചു. ആ തെറ്റുകൾ പൂർണ്ണമായിട്ടല്ലെങ്കിലും ഞാൻ പരിഹരിച്ചിരിക്കുന്നു. ഏതായാലും ഗ്ലാനതയേക്കാൾ ഭേദം ആനന്ദമാണ്. "കർത്താവിൽ ആഹ്ലാദിക്കുക" (സങ്കീ. 31. 11) എന്ന വാക്കുകൾ നീ അനുസ്മരിക്കുക.

ദിവ്യകാരുണ്യസന്ദർശനവും അത്ര മോശമായിട്ടില്ല. ദൈവത്തിനു സ്തുതി. ശരിയാക്കേണ്ട പല സംഗതികൾ ഇനിയുമുണ്ട്; പ്രാർത്ഥനയിലെ പലവിചാരങ്ങൾ, അശ്രദ്ധ, ചെറിയ കാര്യങ്ങളിൽ സൂക്ഷമില്ലായ്മ, പള്ളിക്കൂടത്തിൽവച്ചുനടത്തുന്ന അലസഭാഷണങ്ങൾ, പ്രീഫെക്റ്റായി നിയമിതനായിരിക്കുന്ന എനിക്ക് ഏല്പിച്ചിരിക്കുന്ന സഹപാഠികളുടെ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധയില്ലാതിരിക്കുക, ഇങ്ങനെയുള്ള പല തിന്മകളേയും പുറത്തു കടത്തേണ്ടതുണ്ട്. ഞാൻ മറ്റു പ്രീഫെക്റ്റുമാരോട് അധികം സംസാരിക്കാതെ എന്നെ ഏല്പിച്ചിരിക്കുന്നവരോടു കൂടുതലായി സംസാരിക്കണം. എന്തുമാത്രം ഇനിയും ചെയ്യാൻ കിടക്കുന്നു!

## ഡിസംബർ 8 വ്യാഴം

അമലോത്ഭവമറിയമേ, നിസ്തുലേ, അതിസുന്ദരീ, എത്രയും പരിശുദ്ധയായവളേ, എല്ലാസൃഷ്ടികളേക്കാളും ദൈവത്തിനു പ്രിയപ്പെട്ടവളേ,

www.malankaralibrary.com

സ്തുതി. മറിയമേ, എൻെറ ദൃഷ്ടിയിൽ അങ്ങ് എത്രയും മഹിമയേറിയവളാണ്. തന്നിമിത്തം ഏററം വലിയ ബഹുമാനം ദൈവത്തിനാണ നല്കേണ്ടതെന്ന് എനിക്ക നിശ്ചയമില്ലായിരുന്നവെങ്കിൽ ഞാൻ അങ്ങയെ ആരാധിക്കുമായിരുന്നു. ഞങ്ങൾ അങ്ങയുടെ സൗന്ദര്യത്തെപ്പററി സംസാരിക്കുന്നു; എന്നാൽ ആക്കാണ് അങ്ങയുടെ നന്മയെപ്പററി സംസാരിക്കാൻ കഴിയുക? ഞാൻ എത്രയും അയോഗ്യനാണെങ്കിലും ഒരു കൊല്ലംമുമ്പ് അങ്ങ് ആ അനുഗ്രഹം (അതായതു ശുദ്ധത) എനിക്ക നല്കി. ഇന്ന് അങ്ങ് അതിൻെറ കാൎയ്യം അനുസ്മരിപ്പിക്കുന്നു. ആ അനുഗ്രഹത്തോടൊപ്പം വന്നുചേൎന്ന എത്രയും സന്തോഷാവഹമായ ചുമതലകൾ അഭിമാനപൂൎവ്വമാണ് ഞാൻ ഏറെറടുത്തിരിക്കുന്നതു്. എന്നാൽ അങ്ങയുടെ സ്നേഹത്തിനു ഞാൻ പ്രതിഫലം നല്കിയിട്ടില്ല. അങ്ങ് എന്നോടു പെരുമാറിയിട്ടുള്ളതുപോലെ ഞാൻ അങ്ങയോടു പെരുമാറിയിട്ടില്ല. എന്നെ ഞാൻ പരിശോധിക്കുമ്പോൾ ഞാൻ എന്തായിരിക്കുമെന്ന് എനിക്ക മനസ്സിലാകുന്നുണ്ട്. ഒരു കൊല്ലം കഴിഞ്ഞിട്ടും ഞാനിപ്പോളെന്താണ്? ഞാൻ ഒരു മണ്ടനും ആവേശഭരിതനുമാണ്; പ്രത്യേകിച്ച് ഈ അടുത്തകാലങ്ങളിൽ. ഇത്രയൊക്കെയാണ് എൻെറ പുണ്യം.

ഞാൻ ഈശോയിൽനിന്ന് അകന്നുപോയിരിക്കകൊണ്ട് ഈശോ എന്നിൽനിന്ന് അകന്നുപോയിരിക്കുന്നു. എനിക്ക ദൃഢമായ ഏകാഗ്രതവേണം; അടുത്തടുത്തു സുകൃതജപങ്ങൾ ഞാൻ ചൊല്ലുകയും വേണം. സംഗതികൾക്ക് ഒരു മാററവും വന്നിട്ടില്ല. ചെറിയ കാൎയ്യങ്ങളെപ്പററിക്കൂടി ഞാൻ സൂക്ഷിക്കേണ്ടിയിരിക്കുന്നു. വിചാരങ്ങളും സംസാരവും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. കാൎയ്യങ്ങൾ ലാഘവബുദ്ധിയോടെ വീക്ഷിക്കുന്നതു് എനിക്ക ദോഷമാണ്.

മറിയമേ, ഞാൻ വേണ്ടപോലെ പ്രവൎത്തിച്ചിട്ടില്ല. എൻെറ പ്രത്യേക ചുമതലകൾ അങ്ങ് എന്നെ അനുസ്മരിപ്പിച്ചുകൊണ്ടിരിക്കുന്നതിനാൽ നല്ലവനായി വ്യാപരിക്കുവാനുള്ള എൻെറ ആഗ്രഹത്തിൽ ഉറച്ചുനില്ക്കുവാൻ അങ്ങ് എന്നെ സഹായിക്കുക. ഞാൻ എന്നെ അങ്ങേക്കു സമൎപ്പിക്കുന്നു. എൻെറ അമ്മേ, നന്മചെയ്യുന്നതിന് എനിക്കു തെല്ലു വിവേകം നല്കുക. എൻെറ സൽപ്രവൃത്തികൾക്കു പൂൎണ്ണത വരുത്തുന്ന വിവേചനാശീലം എനിക്കു വാങ്ങിത്തരിക. എൻെറ വിചാരങ്ങൾ നിരന്തരമായി അങ്ങയുടെ അടുക്കലേക്കു തിരിഞ്ഞിരിക്കട്ടെ. എൻെറ അധരങ്ങൾ അങ്ങയെപ്പററി സംസാരിക്കുകയും എൻെറ ഹൃദയം അങ്ങേക്കായി കാത്തിരിക്കുകയും ചെയ്യട്ടെ. അങ്ങേക്ക് അറിയാവുന്ന ആ സംഗതി അങ്ങു ശരിപ്പെടുത്തിത്തരണം. അങ്ങേക്ക് എന്നെ

www.malankaralibrary.com

അറിയാമല്ലോ. എനിക്കു് എളിമ തരാമെങ്കിൽ ഞാൻ പരിശുദ്ധനാകാം. അങ്ങയുടെ സഹായത്താൽ ഞാൻ അഭ്യസിക്കാനുദ്ദേശിക്കുന്ന കൊച്ചു് ആശാനിഗ്രഹങ്ങൾ ഞാൻ അങ്ങേക്കു കാഴ്ചവയ്ക്കുന്നു. എന്റെ ഭക്താഭ്യാസങ്ങളിലും പഠനങ്ങളിലും അങ്ങു് എൻെറകൂടെ ഉണ്ടായിരിക്കുക. അങ്ങയേയും അങ്ങയുടെ പുത്രനേയും സംബന്ധിക്കുന്ന സത്യം എന്നെ അഭ്യസിപ്പിക്കണമേ. അവസാനമായി ഓ അമലോത്ഭവമാതാവേ, എൻെറ സ്നേഹത്തിൻെറ അന്തിമലക്ഷ്യമായ ഈശോയുടെ അടുക്കലേക്കു് എന്നെ ആനയിക്കേണമേ. ഈശോയോടു പൂർണ്ണമായി എന്നെ ബന്ധിക്കുക; അവിടുത്തെ തീക്ഷ്ണതാപൂർവ്വം സ്നേഹിക്കുവാൻ എന്നെ സഹായിക്കുക. ആമ്മേൻ.

## ഡിസംബർ 18 ഞായർ (ധ്യാനത്തിൽ)

അമലോത്ഭവമാതാവിൻെറ തിരുനാൾവരെ ഞാൻ മോശമായിട്ടാണ കഴിഞ്ഞതു്. തിരുനാൾ കഴിഞ്ഞു മറിയത്തിൻെറ സഹായത്താൽ ഞാൻ തെല്ലു നന്നായിട്ടുണ്ടു്. ഈ ദിവസങ്ങളിൽ എനിക്കു കൂടുതൽ ആവശ്യമായിട്ടുള്ളതു് ഏകാഗ്രതയാണു്. സുകൃതജപങ്ങൾ കൂടുതൽ ഞാൻ ചൊല്ലണം. ധ്യാനത്തിലും കുർബാനയുടെ സമയത്തും ദിവ്യകാരുണ്യസന്ദർശനത്തിലും സർവ്വോപരി ആത്മപരിശോധനയിലും കൂടുതൽ ശ്രദ്ധ എനിക്കാവശ്യമാണു്. ചെറിയ കാര്യങ്ങളിലുംകൂടി എളിമ വേണം; വളരെയേറെ എളിമ വേണം. എൻെറ ബുദ്ധിയും ഹൃദയവും ഉണ്ണീശോയോടുള്ള സ്നേഹംകൊണ്ടു നിറയണം. ഓ ഈശോ, അങ്ങയെപ്പോലെ എന്നെയും ഒരു ശിശുവാക്കണമേ. ഞാൻ എത്രമാത്രം ആഗ്രഹിക്കുന്ന ഒരു കാര്യമാണിതെന്നു് അങ്ങേക്കു് അറിയാമല്ലോ.

## 1898-ലെ ധ്യാനത്തിൽ ഞാൻ സ്വീകരിച്ച ആദർശങ്ങൾ

1 ദൈവമാണു് എൻെറ മഹാഗുരു. അവിടുത്തെ സ്നേഹിക്കുന്നതിനും സ്തുതിക്കുന്നതിനും സേവിക്കുന്നതിനും മനുഷ്യരുടെ ഇടയിൽ അവിടുത്തെ മഹത്വം വർദ്ധിപ്പിക്കുന്നതിനുംവേണ്ടി എങ്ങും കേട്ടിട്ടില്ലാത്ത കാരുണ്യത്തോടെ അവിടുന്നു് ഇല്ലായ്മയിൽനിന്നു് എന്നെസൃഷ്ടിച്ചു; ആകയാൽ ഞാൻ പൂർണ്ണമായി ദൈവത്തിൻേറതാണു്. ദൈവം ഇഷ്ടപ്പെടുന്നതും അവിടുത്തെ മഹത്വത്തിനു് ഉതകുന്നതും മാത്രമേ ഞാൻ ചെയ്യാവൂ. എല്ലാ പ്രവൃത്തികളും വിചാരവും നിശ്വാസവും ദൈവത്തിൻെറ കൂടുതൽ മഹത്വത്തിനുവേണ്ടിമാത്രമായിരിക്കണം. ആകയാൽ എൻെറ ബഹുമാനം തേടുകയും എൻെറ സ്വാതന്ത്ര്യപ്രതിപത്തിക്കു

www.malankaralibrary.com

വളംവച്ചുകൊട്ടക്കുകയും ചെയ്തുകൊണ്ടു ഞാൻ ദൈവത്തിൻെറ ഉദ്ദേശ്യങ്ങളെ പരാജയപ്പെടുത്തുന്നു; ഞാൻ വഴിതെററിപ്പോകുന്നു; ഞാൻ പ്രയോജനശൂന്യനായിത്തീരുന്നു; എൻെറ നല്ലദൈവത്തിനെതിരായി വിപ്ലവം കരുപ്പിടിപ്പിക്കുന്നു; അവിട്ടന്നു് ഒരുക്കിയിരിക്കുന്ന പ്രതിഫലം തിരസ്കരിക്കുകയും ചെയ്യുന്നു. ഇങ്ങനെ ദൈവത്തെ ഉപേക്ഷിക്കുന്നതിനേക്കാളും അവിട്ടത്തെ സ്നേഹിക്കാനും സ്നേഹിപ്പിക്കാനും തന്നിട്ടുള്ള കഴിവുകളെ ഞാൻ ദുർവിനിയോഗം ചെയ്യുന്നതിനേക്കാളും ഭയങ്കരമായെന്തുണ്ടു്?

വായുവിലെ പക്ഷികളും കടലിലെ മത്സ്യങ്ങളും വനങ്ങളിലെ മൃഗങ്ങളും ഭൂമിയിലെ സകല നാല്ക്കാലികളും എന്നേക്കാൾ ഭേദമായി കർത്താവിനെ സേവിക്കുന്നു. ദൈവത്തെ സ്തുതിക്കുന്ന കാര്യത്തിൽ മൃഗങ്ങൾ എന്നേക്കാൾ ഭേദമായിരിക്കുന്നുവെന്ന വസ്തുത എന്നെ ലജ്ജിപ്പിക്കുന്നു.

2 ഞാൻ വലിയവനാണെന്നു കരുതി എൻെറ നിഗളത്തെ പ്രീണിപ്പിക്കുമ്പോൾ എന്നെ എളിമപ്പെടുത്താനും എൻെറ സുഖക്കേടു നീക്കാനും പററിയ ഒരൗഷധമുണ്ടു്: എൻെറ ഈശോയുടെ മുമ്പിൽ നില്ക്കുവാൻ യോഗ്യതയില്ലാത്ത എത്രവലിയ പാപിയാണു ഞാൻ! എന്റെ കൂട്ടുകാരുടെ ഇടയിലെന്നല്ല, എല്ലാമനുഷ്യരുടെ ഇടയിലുംവച്ചു് എത്രയും താണവനായ ഞാൻ ഈ അനുഗ്രഹത്തെപ്രതി കർത്താവിനു നന്ദിപറയേണ്ടതുണ്ടു്.

3 ഞാൻ ഒരു സെമ്മിനാരി വിദ്യാർത്ഥിയാണു്. ആകയാൽ എന്നിലുള്ള എത്രയും ചെറിയ കുററവും വളരെ ഗുരുതരമാണു്. മാരക പാപമെന്നപോലെ അതിനെ ഞാൻ വർജ്ജിക്കേണ്ടിയിരിക്കുന്നു; ആ വാക്കുപോലും ഞാൻ കേൾക്കാനിടയാകരുതു്. "ഫലിതം അൽമേനികളുടെ ഇടയിൽമാത്രം! ഒരു പുരോഹിതൻെറ അധരങ്ങളിൽ അതു ദൈവദൂഷണമാണു്" എന്ന വി. ബർണാർദിൻെറ വാക്കുകൾ ഞാൻ അനുസ്മരിക്കേണ്ടിയിരിക്കുന്നു.

ഈദൃശ അപൂർണ്ണതകളിൽനിന്നു് എൻെറ ഒരു പ്രവൃത്തിയും വിമുക്തമല്ല. ഒരു നല്ല സെമ്മിനാരി വിദ്യാർത്ഥി എന്നു ഞാൻ കരുതിയിരുന്നവനു് എന്തുപററി? എൻെറ അഹങ്കാരത്തിനു് എത്ര കനത്ത ഒരു പ്രഹരം!

4 ഞാൻ പൗരോഹിത്യത്തെ കാംക്ഷിക്കുന്നു. തന്നിമിത്തം ദൈവദൃഷ്ടിയിൽ ഞാൻ ഒരു മാലാഖ ആയിരിക്കണം. എൻെറ പേരു്

www.malankaralibrary.com

ഭത്തിട്ടുണ്ട്. ദൈവപരിപാലന എന്റെ ചുമതല എന്തെന്ന് വ്യക്തമാക്കിയിരിക്കുന്നു. അതിനാലത്രെ ആഞ്ചെലോ എന്ന പേരിൽ ഞാൻ ജ്ഞാനസ്നാനപ്പെടുത്തപ്പെട്ടത്. ഞാൻ ഒരു മാലാഖയെപ്പോലെ വ്യാപരിക്കാതിരിക്കെ മാലാഖ എന്നു വിളിക്കപ്പെടുന്നതും ഒരു മാലാഖയെപ്പോലെ വ്യാപരിക്കുവാൻ കടമുണ്ടായിരിക്കുന്നതും എത്ര ലജ്ജാവഹം! ആകയാൽ വാനവസദൃശനായ ഒരു സെമ്മിനാരി വിദ്യാർത്ഥിയായിരിക്കുവാൻ ആഞ്ചെലോ എന്ന നാമം എനിക്കു പ്രചോദനം നല്കേണ്ടതാണ്.

എന്റെ നാമം ഉച്ചരിക്കപ്പെടുന്നതു കേൾക്കുമ്പോൾ ഞാൻ സമ്പാദിച്ചിരിക്കേണ്ട പുണ്യത്തിനുള്ള ആഗ്രഹം എനിക്കുണ്ടാകണം. എന്റെ പേരും മാലാഖയിൽനിന്നു ദൂലോം വ്യത്യസ്തമായ എന്റെ പെരുമാററവും പരിഗണിച്ചു ഞാൻ എളിമപ്പെടണം.

5 ദൈവമേ, ഞാൻ ഇത്രമാത്രം സൂക്ഷിക്കുന്ന ഈ ശരീരം എന്താണ്? വി. ബർണാർദ്ദ് ചോദിച്ചിരുന്നു; "നീ എന്താണ്? നീ എന്തുചെയ്തിട്ടുണ്ട്? നീ എന്തായിത്തീരും?" അദ്ദേഹത്തോടുകൂടെ ഞാൻ മറുപടിപറയും: "എന്റെ ശരീരം കളിമണ്ണാണ്. എന്റെ പ്രശസ്തി പുകപോലെയാണ്. എന്റെ അന്ത്യം ചാമ്പലും." എന്നിട്ടും പുഴുവളത്തൽകേന്ദ്രവും അഴുക്കുസഞ്ചിയുമായ ഈ ശരീരത്തെ എന്തുമാത്രം ഞാൻ താലോലിക്കുന്നു! അതിനെ തൃപ്തിപ്പെടുത്താൻ വേണ്ടി ഞാൻ ദൈവത്തെ ദ്രോഹിക്കുന്നു. എന്തൊരു മൗഢ്യം; എന്തൊരു ഹൃദയജാളിത്യം! എന്റെ ആത്മാവിന്റെ കഥയോ? സാധു ആത്മാവ്! വിവേകിയും വിജ്ഞനമെന്ന് അഭിമാനിക്കുന്ന ഞാൻ തലകുനിക്കേണ്ടിയിരിക്കുന്നു. അത് ഊതിവീർത്തിരിക്കയാണ്. നീ നിന്നെപ്പററി എളിയതോതിൽ ചിന്തിക്കണം. അല്ലെങ്കിൽ നിന്റെ വഴിയിൽ നീ തപ്പിത്തടഞ്ഞുവീഴും.

6 എന്തൊരു സുന്ദരമായ ചിന്ത! ഒരു സ്വർഗ്ഗീയവാനവൻ എന്റെ സമീപത്തു സദാ ഉണ്ട്; അതേസമയം ആ മാലാഖ ദൈവത്തോടുകൂടെ സ്നേഹസമാധിയിലാണ്. ഇതിനെപ്പററി ചിന്തിക്കുന്നതുതന്നെ എന്തൊരാനന്ദം! ഒരു മാലാഖ സദാ എന്നെ നോക്കിക്കൊണ്ടിരിക്കുന്നു. ഒരു മാലാഖ എന്നെ സംരക്ഷിക്കുകയും എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു; ഞാനുറങ്ങുമ്പോൾ എന്നെ കാത്തുസൂക്ഷിക്കുകയും ചെയ്യുന്നു. എന്തൊരു നല്ല കാര്യം! എന്നാൽ ആ വിചാരം എന്നെ ലജ്ജിപ്പിക്കുകയാണ്. മാലാഖയുടെ ദൃഷ്ടിയിൽനിന്നുകൊണ്ട് എന്തൊക്കെയാണു ഞാൻ വിചാരിക്കുന്നതു്, സംസാരിക്കുന്നതു്, പ്രവർത്തി

www.malankaralibrary.com

ക്കുന്നതു്! കഷ്ടംതന്നെ! എന്റെ വാനവസഖാവേ! അങ്ങയുടെ നിർമ്മല ദൃഷ്ടികളെ വേദനിപ്പിക്കുന്ന യാതൊന്നും പറയുകയോ, പ്രവർത്തിക്കുകയോ, വിചാരിക്കുകയോ ചെയ്യാതിരിക്കാൻ അങ്ങു ദൈവത്തോടു് എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ.

7 ഈ ജീവിതത്തിൽ എന്നോടും എന്റെ പ്രവൃത്തികളോടും അതൃപ്തിയുള്ള ഒരധികാരിയുടെ അടുക്കൽപോകാൻ ഞാൻ ലജ്ജിക്കുന്നുവെങ്കിൽ, എന്റെ സ്രഷ്ടാവും എന്റെ പിതാവുമായ കുപിതനായ സർവ്വേശ്വരനെ ഞാനെങ്ങനെ സമീപിക്കും? എന്റെ ഈശോ അപ്പോൾ എന്റെ സ്നേഹിതനായിരിക്കയില്ല; കുപിതനായ ന്യായാധിപനായിരിക്കും. എന്റെ കാവൽമാലാഖയോ! മരിയാംബികയോ! എന്നെ ശിക്ഷിക്കുമ്പോൾ അവരെന്തുപറയും? പാവം മാലാഖ! പാവം മരിയാംബിക!

ഇതൊക്കെ ഞാൻ വിശ്വസിക്കുന്നുണ്ടു്. ഞാൻ മോശമായി പെരുമാറുമ്പോൾ എന്റെ തലവന്മാരുടെ ശാസനവും ദൈവത്തിന്റെ ഭയങ്കരകോപവും അഭിമുഖീകരിക്കേണ്ടിവരുമെന്നു് എനിക്കറിയാം. ഹാ, എന്തൊരു ഭോഷത്വം! "നാം നമ്മളെ സത്യമായി വിധിക്കുന്നുവെങ്കിൽ, നമ്മൾ വിധിക്കപ്പെടുകയില്ല" (1 കൊറി. 2, 31) എന്നു പൗലോസ്ശ്ലീഹായോടുകൂടി ഞാൻ പറയും.

8 ഒരു മഹാസത്യം ഞാൻ മനസ്സിലാക്കേണ്ടതുണ്ടു്. സെമ്മിനാരി വിദ്യാർത്ഥിയായ ആഞ്ചെലോ റൊങ്കാലിയിൽനിന്നു് ഈശോ ആവശ്യപ്പെടുന്നതു സാധാരണപുണ്യമല്ല, ഉന്നതമായ പുണ്യമാണു്. ഞാൻ ഒരു വിശുദ്ധനാകാതെ, അല്ലെങ്കിൽ, ഒരു വിശുദ്ധനാകാൻ നല്ല ഒരു പരിശ്രമം ചെയ്യാതെ സർവ്വേശ്വരനു് എന്നോടു തൃപ്തിതോന്നുകയില്ല. ദൈവം ഇതിനായി എനിക്കു തന്നിരിക്കുന്ന അനുഗ്രഹങ്ങൾ നിരവധിയും വലുതുമാണു്.

## 1899 ജനുവരി 15-ാംനു (മാസധ്യാനദിവസം)

എന്റെ വത്സലജ്ഞാനപിതാവായ ഇസാക്കിയുടെ മരണശേഷം എനിക്കു് ഒരു പുതിയ ജ്ഞാനപിതാവിനെ ലഭിച്ചു. തന്നിമിത്തം എന്റെ ജീവിതത്തിൽ വലിയ അന്തരമെന്നുമുണ്ടായില്ലെങ്കിലും ചെറിയ വ്യത്യാസങ്ങൾ സംഭവിച്ചു. പഴയ പിതാവിനോടുണ്ടായിരുന്നിടത്തോളം പരിചയം എനിക്കു പുതിയ പിതാവിനോടുണ്ടായിരുന്നില്ല.

www.malankaralibrary.com

അതിനാൽ മുമ്പത്തെപ്പോലെ സ്വാതന്ത്ര്യം എനിക്കു തോന്നിയില്ല. എന്നവരികിലും ക്ഷമതന്നെ ഭേദം; സാവധാനത്തിൽ എല്ലാം ശരിയായിക്കൊള്ളും. കഴിഞ്ഞകൊല്ലം മുതൽ കഴിഞ്ഞമാസംവരെ ഞാൻ കുറിപ്പുകളെഴുതിപ്പോന്നു. അവയ്ക്കു മുമ്പത്തെ ജ്ഞാനപിതാവു കല്പിച്ചിരുന്നിടത്തോളം പ്രാധാന്യം ഇപ്പോഴത്തെ ജ്ഞാനപിതാവു കല്പിക്കുന്നില്ല. രണ്ടുപേരും രണ്ടുവിധത്തിലാണു ചിന്തിക്കുന്നതു്. അതിനാൽ കഴിഞ്ഞ കുറിപ്പും ഇതും തമ്മിൽ വളരെ അന്തരമുണ്ടായിട്ടുണ്ടു്. ഇതു പ്രാസംഗികമായി എഴുതിയെന്നേയുള്ളു. കാര്യത്തിലേക്കു കടക്കാം.

ഇസാക്കിയുടെ മരണത്തിൻെറ മൂച്ചുകൂട്ടുന്നതായിരുന്നു എൻെറ പ്രിയപ്പെട്ട റെക്ടരായിരുന്ന ഫാദർ ജസ്റ്റീന്തോ ദെന്തെല്ലായുടെ മരണം. [അദ്ദേഹം 1857-ൽ പുരോഹിതനായി. 1876 മുതൽ ബെർഗാമോ സെമ്മിനാരിയിലെ റെക്ടറായിരുന്നു.] മരണചിന്ത എന്നെ അഗാധമായി സ്പർശിച്ചു. ദൈവം തൻെറ സമാധാനം അവരിരുവർക്കും എൻെറ ഇടവകവികാരിക്കും നല്കട്ടെ. അദ്ദേഹത്തെ ഓർത്തുള്ള എൻെറ സങ്കടം ഇതുവരെ സമാപിച്ചിട്ടില്ല.

## മാർച്ച് 19-ാം നു (മാസധ്യാനം)

ഇന്നു് എൻെറ പ്രിയപ്പെട്ട വി. യൗസേപ്പിൻെറ തിരുനാളാണു്. കുറിപ്പുകളെഴുതുന്ന സമ്പ്രദായം ഞാൻ തുടരണം. ജനുവരി മുതൽ പ്രസ്തുത സമ്പ്രദായം മുടക്കിയിരിക്കയാണു്. ഞാൻ വി. യൗസേപ്പിനെ എങ്ങനെ അനുസ്മരിക്കാതിരിക്കും. ഈ വത്സരം ...... (ഇവിടെവച്ചു കുറിപ്പു പെട്ടെന്നു നിറുത്തിയിരിക്കുകയാണു്.)

## ഏപ്രിൽ 16-ാംനു (മാസധ്യാനം)

കഴിഞ്ഞകൊല്ലത്തെ ധ്യാനത്തിൽ ഞാൻ നിശ്ചയിച്ചിരുന്നതാണു് എൻെറ മനഃസാക്ഷിയുടെ സ്ഥിതി പരിശോധിച്ചു കടലാസിൽ എഴുതിവയ്ക്കാൻ. ഈ ചുരുങ്ങിയ താളുകൾ കണ്ടു ഞാൻ എത്ര പ്രാവശ്യം ലജ്ജിച്ചിട്ടുള്ളതാണു്! എൻെറ പ്രതിജ്ഞ എത്ര മോശമായിട്ടാണു ഞാൻ പാലിച്ചതെന്നു കാണുക. മുകളിലത്തെ കുറിപ്പുകണ്ടോ! ഞാൻ എഴുതാൻ തുടങ്ങിയപ്പോഴേക്കും ധ്യാനസമാപ്തിക്കുള്ള മണിയടിക്കുന്നതു കേട്ടു. തന്മൂലം ഞാൻ എഴുത്തുനിറുത്തി; പിന്നീടു് അതിനെപ്പററി ചിന്തിച്ചതുമില്ല.

www.malankaralibrary.com

ഉയിർപ്പുതിരുനാൾ പ്രമാണിച്ചുള്ള ഒഴിവുകാലംകഴിഞ്ഞു ഞാൻ വന്നിരിക്കുകയാണല്ലോ. ഇന്നത്തെ ധ്യാനത്തിൽ ആ നല്ല സമ്പ്രദായം തുടരാൻ ഞാൻ നിശ്ചയിച്ചിരിക്കയാണ്. ദൈവാനുഗ്രഹത്താൽ എന്റെ നിശ്ചയത്തിനു വ്യത്യാസം വരികയില്ലെന്നു കരുതുന്നു.

ഇന്നു ഞാൻ ഏകാഗ്രത ഏതാണ്ടു പാലിച്ചു. എന്താണു ഞാൻ ഈ പറയുന്നതു്? ഏകാഗ്രത പാലിച്ചെന്നോ? ഇതാ എന്റെ കുഴപ്പങ്ങളൊക്കെ ആരംഭിച്ചിരിക്കുന്നു. ഞാൻ ഏകാഗ്രത പാലിക്കേണ്ടതായിരുന്നു. എന്നാൽ എത്രയും മോശമായിട്ടേ എനിക്കതു പാലിക്കുവാൻ കഴിഞ്ഞുള്ളു. മററുള്ളവർ എങ്ങനെ പെരുമാറണമെന്നു പറയുവാൻ ഞാൻ മിടുക്കനാണ്. എന്നാൽ ഞാൻ ചെയ്യേണ്ട കാര്യം വരുമ്പോൾ ഞാൻ തീരെ പിറകിലാണ്. ഇന്നുമുതൽ മററുള്ളവക്കു മാതൃകനല്കാൻ സാധിക്കാത്തിടത്തോളംകാലം ഏകാഗ്രതയെ സംബന്ധിച്ചു യാതൊരു നിർദ്ദേശവും യാതൊരുത്തക്കും ഞാൻ നല്കുകയില്ല. കന്യകാമറിയത്തിന്റെ ഒപ്പീസുചൊല്ലുന്നതിൽ ഞാൻ കൂടുതൽ ശ്രദ്ധിക്കണം. ഈയിടക്കു ജപമാലചൊല്ലുന്നതിൽ വളരെ പിറകോട്ടടിച്ചിട്ടുള്ളതുകൊണ്ടു് അക്കാര്യത്തിൽ ഞാൻ വളരെയേറെ പരിശ്രമിക്കേണ്ടിയിരിക്കുന്നു. അടുത്തടുത്തു സുകൃതജപങ്ങൾ ചൊല്ലുന്നതാണ് എനിക്ക് അത്യന്താപേക്ഷിതമായ വേറൊരുകാര്യം; അതെനിക്കു വളരെ ശ്രേയോജനകരമായിരിക്കും. ഇവവഴി എന്റെ വിചാരങ്ങൾ ദൈവത്തോട് ഐക്യപ്പെട്ടിരിക്കും; തന്നിമിത്തം അവ നിയന്ത്രിതവുമായിരിക്കും. അന്യരെപ്പററി പുലമ്പുവാനിടയാകുകയുകയുമില്ല. വേണ്ട ആത്മനിയന്ത്രണംകൂടാതെ അന്യരുടെ കുററങ്ങൾ പറയുവാനിടയായിരിക്കുന്നു. ഇന്നത്തെ ധ്യാനംകൊണ്ടു് എനിക്കു ബോധ്യമായിട്ടുണ്ട്, മൂന്നു കാര്യങ്ങളിൽ ഞാൻ ശ്രദ്ധപതിപ്പിക്കണമെന്നു്: ജപമാല, സുകൃതജപങ്ങൾ, സംഭാഷണവിവേകം. അലസഭാഷണം ഉപേക്ഷിച്ചു സംസാരത്തിൽ ഞാൻ നിയന്ത്രണം പാലിക്കണം.

പ്രാധാന്യമില്ലാത്ത കാര്യങ്ങളിൽ കയറിപ്പിടിച്ചു ഞാൻ വിഡ്ഢിവേഷം കെട്ടാറുണ്ട്. അങ്ങനെ ഞാൻ അന്യരുടെ പരിഹാസപാത്രമാകുന്നുണ്ട്. അവരെന്റെ പിറകിൽനിന്നു് എന്നെ നോക്കി ചിരിക്കുന്നു. ഇതിൽ ഞാൻ ആനന്ദംകൊള്ളുകയാണു വേണ്ടതു്. എന്റെ സ്വാത്മപ്രതിപത്തി ഇപ്രകാരം എളിമപ്പെടേണ്ടതുതന്നെ. ഭ്രാന്തനായി എണ്ണപ്പെട്ട നല്ലവനായ ഈശോയേപ്പോലെ ഞാൻ താഴ്ത്തപ്പെടുകതന്നെവേണം. അവിടുത്തെ സ്നേഹത്തെപ്രതി ഞാൻ ഭ്രാന്തനായി എണ്ണപ്പെട്ടിരുന്നെങ്കിൽ കൊള്ളാമായിരുന്നു. അങ്ങനെയായിത്തീന്നാൽപ്പിന്നെ യാതൊന്നിനും വിലയില്ല.

www.malankaralibrary.com

ഈ ഒഴിവുകാലത്തു വീട്ടിലുണ്ടായ കഷ്ടതകളെല്ലാം എന്റെ പ്രിയപ്പെട്ട ഈശോയുടെ തിരുഹൃദയത്തിനു ഞാൻ കാഴ്ചവെച്ചിരിക്കുകയാണ്. എന്റെ പ്രിയപ്പെട്ട കുടുംബാംഗങ്ങൾക്കായി ഞാൻ ആവശ്യപ്പെടുന്നതു സമ്പത്തും ലൗകികസന്തോഷങ്ങളുമല്ല; പ്രത്യുത ക്ഷമയും സ്നേഹവുമാണ്. അവരെല്ലാവരും ഒരുകാലത്തു സ്വർഗ്ഗത്തിൽ എത്തിച്ചേരുന്നതുകാണുവാൻ എനിക്കിടവരട്ടെ. പിന്നെ എന്തുവന്നാലും വിരോധമില്ല. എല്ലാം ദൈവമഹത്വത്തിനും എന്റെ പാപങ്ങളുടെ പരിഹാരത്തിനുമായി ഞാൻ സഹിച്ചുകൊള്ളാം. ഓ ഈശോ, അങ്ങയുടെ സ്നേഹത്തെപ്രതി ഞാൻ മരിക്കട്ടെ.

## ഏപ്രിൽ 24-ാം നു തിങ്കൾ

ഭക്താഭ്യാസങ്ങളിലെ ഏകാഗ്രതയെ സംബന്ധിച്ചിടത്തോളം ഈ മാസം അത്ര മോശമായിട്ടില്ല. അതിനു ഞാൻ കർത്താവിനോട് കൃതജ്ഞനാണ്. ഞാൻ ബലഹീനനും ദുർബലനും ആയതുകൊണ്ട് ഇതു നിലനില്ക്കുകയില്ലെന്നു ഞാൻ അനുസ്മരിക്കണം. ആന്തരിക വിശുദ്ധി സമ്പാദിക്കുന്നതാണ് ഏററവും വലിയ കാര്യം; അതിന്റെ ബാഹ്യവേഷം വെറും വസ്ത്രംമാത്രം. യഥാർത്ഥ എളിമയിൽ അധിഷ്ഠിതമായ ഭക്തിയാണ് എനിക്കേററവും ആവശ്യം. ആകയാൽ ഞാൻ ആശാനിഗ്രഹം പാലിക്കണം; വിശിഷ്യ വിചാരങ്ങൾ നിയന്ത്രിച്ചും സുകൃതജപങ്ങൾ ചൊല്ലിയും ദൈവത്തോടു ഞാൻ ഐക്യപ്പെടേണ്ടിയിരിക്കുന്നു. അങ്ങനെ അടുത്തുവരുന്ന മെയ്മാസത്തിനു ഞാൻ ഒരുങ്ങേണ്ടിയിരിക്കുന്നു. ആമ്മേൻ.

## മേയ് 7-ാംനു ഞായർ

മേയ്മാസം കുറെ മുമ്പോട്ടു പോന്നുകഴിഞ്ഞു. ധ്യാനത്തിലും ജപമാലയിലും കുറേക്കൂടി ഏകാഗ്രത ആവശ്യമാണ്. ഭക്താഭ്യാസങ്ങളിൽ ഞാൻ ഒരു കവിയെപ്പോലെയാണ്. ഏതായാലും സ്ഥിതിഗതികൾ തീരെ മോശമല്ല. ഇതിനു ദൈവത്തോടും കന്യകാമറിയത്തോടും ഞാൻ കൃതജ്ഞനാണ്.

കഴിഞ്ഞകൊല്ലം കന്യകാമറിയത്തോടു ഞാൻ രണ്ടു കാര്യമാവശ്യപ്പെട്ടു: എളിമയും സ്നേഹവും. മാസത്തിന്റെ പാതിയായപ്പോഴേക്കും എന്റെ പ്രാർത്ഥന ശ്രാവ്യമായി. രണ്ടു പുണ്യങ്ങളും അഭ്യസിക്കുവാനുള്ള സന്ദർഭം എനിക്കുണ്ടായി. ഇക്കൊല്ലം വീണ്ടും അതേനിലയിൽ ഞാൻ എത്തിച്ചേർന്നിരിക്കയാണ്. ദൈവമാതാവ് എന്റെ

www.malankaralibrary.com

പ്രാത്ഥനകൾ കേൾക്കുമെന്നാണ് എൻെറ വിശ്വാസം. അവിടുന്ന് അത്ര ദയാലുവാണ്. വാസ്തവം പറയുകയാണെങ്കിൽ, എളിമപ്പെട്ടുക എനിക്ക് എത്രയും വിഷമമാണ്. എന്നാൽ ഈ പരിശ്രമത്തിന് എനിക്കു സമ്മാനം ലഭിക്കും. പ്രാരംഭം നന്നായിരിക്കണമെന്നുമാത്രം. ഈശോ, മറിയമേ, നിങ്ങളെ തൃപ്തിപ്പെടുത്താനും നിങ്ങളെ സ്നേഹിക്കുവാനും ഞാനാഗ്രഹിക്കുന്നു എന്നു നിങ്ങൾക്കറിയാമല്ലോ.

## മേയ് 22—ാനു പെന്തക്കുസ്താ കഴിഞ്ഞ തിങ്കൾ (ധ്യാനം)

കത്താവേ, ഞാൻ ഏററവും വലിയ പാപിയാണ്; എന്നോടു ക്ഷമിക്കണമെ. കൂടതലായി എനിക്കെന്തു പറയുവാൻ കഴിയും? എനിക്കു ഇഷ്ടമുണ്ടെങ്കിലും ഇല്ലെങ്കിലും ശരി. ഏററു പറയാതെ നിവൃത്തിയില്ല. എൻെറ പരാജയങ്ങൾക്കുള്ള സിദ്ധൗഷധം ഈ വിചാരമാണ്. ഈ ദിവങ്ങളിൽ ദൈവാനുഗ്രഹത്താൽ ഞാൻ അശ്രദ്ധമായി വ്യാപരിച്ചിട്ടില്ല; നിപതിച്ചിട്ടുമില്ല. എങ്കിലും എൻെറ ഭാവന പ്രവത്തനനിരതമായിരുന്നു. എൻെറ ബുദ്ധിശക്തി ഭാവനയ്ക്കു പൂണ്ണമായി വഴിമാറിക്കൊടുക്കുന്നില്ലെന്നുമാത്രമല്ല, അതിനെ നിയന്ത്രിക്കുകതന്നെ ചെയ്യുന്നുണ്ടെങ്കിലും അതു ബുദ്ധിക്കു ദ്രോഹം വരുത്തിയിട്ടുണ്ട്. എൻെറ പുതിയ ഇടവകവികാരിയുടെ (പുതിയഇടവകവികാരി ഫാദർ ലൂയി ബററാലിയാ (1852-1917 )യുടെ പെരുന്നാളിന് എഴുതിയ കവിതയാണ് ഇവിടെ സൂചിതം) പെരുന്നാളാഘോഷങ്ങളും തദവസരത്തിൽ ഞാനെഴുതിയ കവിതയും പുരോഹിതാഭിഷേകാർത്ഥികളുടെ കാര്യങ്ങളും എൻെറ സ്വാത്മപ്രതിപത്തിയുടെ രഹസ്യമോഹങ്ങളുമെല്ലാം അഹങ്കാരത്തിനു വളംവച്ചു. എൻെറ ഭാവന ഇങ്ങനെ ഭ്രാന്തടിച്ചുനടക്കുന്നതിനെപ്പററി ഞാൻ സൂക്ഷിക്കേണ്ടിയിരിക്കുന്നു. ഈ ഭാവനാചിത്രങ്ങൾ ദൈവാനുഗ്രഹത്താൽ എൻെറ മനസ്സിനെ വഴിതെററിച്ചില്ല; എങ്കിലും സ്വല്പം എളിമപ്പെടുന്നതിൽ തെററില്ല. സദാ ആരെങ്കിലും എന്നെ എളിമപ്പെടുത്തുന്നു. ഞാൻ എതിപ്പ്പ്രകാശിപ്പിക്കുന്നില്ലെന്നുകണ്ടു് അവർ രക്തം വലിച്ചുകുടിക്കുകയാണ്. മൗനമായി സഹിക്കുവാനുള്ള സന്ദർഭമാണിവ. ഞാൻ ഒരു ഭോഷനാണെന്നാണ് അവരുടെ വിശ്വാസവും സംസാരവും. പക്ഷെ, അങ്ങനെയായിരിക്കാം; എന്നാൽ അങ്ങനെ ചിന്തിക്കുവാൻ എൻെറ അഹങ്കാരം എന്നെ അനുവദിക്കുന്നില്ല. ഇതാണ് അതിൻെറ ഫലിതവശം! അതിനാൽ ക്ഷമയും ആശാനിഗ്രഹവും പാലിച്ച് എൻെറ പ്രിയപ്പെട്ട അമലോത്ഭവമാതാവിനെ ഞാൻ തൃപ്തിപ്പെടുത്തണം.

www.malankaralibrary.com

ഇനി എന്തു പറയേണ്ടുവെന്ന് എനിക്കറിഞ്ഞുകൂടാ പരിശുദ്ധാത്മാവേ, ദിവ്യകാരുണ്യഈശോ, അമലോത്ഭവമറിയമേ നിങ്ങൾക്ക് എന്റെ പ്രവൃത്തികളറിയാവുന്നതാണ്. ഒരു മിട്ടക്കനാണു ഞാനെന്ന് അറിയപ്പെടാനുള്ള എന്റെ ആഗ്രഹവും എന്റെ കുററങ്ങളും നിങ്ങൾ ഗ്രഹിച്ചിട്ടുണ്ടല്ലോ. സ്വയം താഴ്ത്തപ്പെടാനും നിന്ദിതനായി മറയിൽകഴിയുവാനും എനിക്കുള്ള ആവശ്യം നിങ്ങൾ മനസ്സിലാക്കിയിട്ടുള്ളതാണ്. ഇങ്ങനെയുള്ള കുററങ്ങളൊക്കെയുണ്ടെങ്കിലും നിങ്ങളെ സ്നേഹിക്കുവാനും ഒരു വിശുദ്ധനാകുവാനുമുള്ള എന്റെ ആഗ്രഹം നിങ്ങൾക്കറിയാവുന്നതാണ്. ആകയാൽ നിങ്ങളെന്നെ എളിമപ്പെടുത്തണം, കാത്തുകൊള്ളണം, വിശുദ്ധീകരിക്കണം. എളിമയും സ്നേഹവും!

## മേയ് 28-ാംനു ഞായർ

വലിയ മോശമില്ല. മേയ്മാസത്തിലെ ഈ അവസാന നാളുകളിൽ പ്രത്യേകിച്ചും കൂടുതൽ ഏകാഗ്രത ആവശ്യമാണ്. ദൈവമേ, എന്നെ സ്നേഹാഗ്നികൊണ്ട് എരിയിക്കുക. ഇതു ദിവ്യകാരുണ്യ ഈശോയുടെ ആഴ്ചയാണ്. ഈ ആഴ്ചയിലാണു വി. കുഞ്ഞാനയുടെ തിരുനാൾ.

www.malankaralibrary.com

# വിശുദ്ധവത്സരമായ 1900-ാം മാണ്ടു ഫെബ്രുവരിയിൽ ബെർഗാമോ സെമിനാരിയിൽ നടത്തിയ ധ്യാനത്തിലെ ചിന്തകളും പ്രതിജ്ഞകളും

1 ഞാനാരാണ്? ഞാൻ എവിടെനിന്നു വരുന്നു? എവിടേക്കു പോകുന്നു? ഞാൻ ശൂന്യനാണ്. എനിക്കുള്ള സമസ്തവും എൻെറ ജീവനും ബുദ്ധിയും മനസ്സും ഓർമ്മശക്തിയുമെല്ലാം ദൈവം തന്നതാണ്. അവ സമസ്തവും അവിടുത്തേതാണ്. ഇരുപതു കൊച്ചുവത്സരങ്ങൾക്കു മുമ്പു ഞാൻ എൻെറ ചുററും കാണുന്നവയെല്ലാം നിലവിലുണ്ടായിരുന്നതാണ്. ഇതേ സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും ഇതേ പർവ്വതങ്ങളും സമുദ്രങ്ങളും മരുഭൂമികളും മൃഗങ്ങളും സസ്യങ്ങളും മനുഷ്യരും അന്നുണ്ടായിരുന്നു. ദൈവപരിപാലനയിൽ അവയെല്ലാം മുന്നേറിക്കൊണ്ടിരുന്നു. ഞാനോ? ഞാൻ ഇവിടെ ഉണ്ടായിരുന്നില്ല. എന്നെക്കൂടാതെ എല്ലാം നടന്നുകൊണ്ടേയിരിക്കുന്നു. ആരും എന്നെപ്പററി ചിന്തിച്ചതേയില്ല. ഞാൻ ജനിച്ചിട്ടില്ലാതിരുന്നതുകൊണ്ടു സ്വപ്നത്തിൽ പോലും യാതൊരുത്തർക്കും എന്നെപ്പററി ചിന്തിക്കുവാൻ കഴിഞ്ഞിരുന്നില്ല.

യുഗങ്ങൾക്കുമുമ്പേ അനാദിയായി സ്ഥിതിചെയ്യുന്ന ദൈവമേ, ശൂന്യതയിൽനിന്ന് അങ്ങ് എന്നെ പുറത്തേക്കു കൊണ്ടുവന്നു. അങ്ങ് എനിക്കു ജീവനും ആത്മാവും ശരീരാത്മാക്കളുടെ സകല അവയവങ്ങളും തന്നു. എൻെറ ചുററുമുള്ള പ്രകാശം ദർശിക്കുന്നതിന് അങ്ങ് എനിക്കു കണ്ണുതന്നു. അങ്ങ് എന്നെ സൃഷ്ടിച്ചു. ആകയാൽ അങ്ങ് എൻ്റെ ഗുരുവും ഞാൻ അങ്ങയുടെ സൃഷ്ടിയുമാണ്. അങ്ങയെക്കൂടാതെ ഞാനൊന്നുമാകുന്നില്ല. ഞാൻ എന്തായിരിക്കുന്നുവോ അതു് അങ്ങു വഴിയാണ്. അങ്ങയെക്കൂടാതെ എനിക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല. എല്ലാനിമിഷവും അങ്ങെന്നെ സംരക്ഷിക്കുന്നില്ലെങ്കിൽ, ഞാൻ പുറപ്പെട്ടുപോന്ന ശൂന്യതയിലേക്കുതന്നെ പിന്തിരിയും. എന്നിട്ടും ഞാൻ അഹങ്കരിക്കുന്നു. ദൈവം എനിക്കു നല്കിയ അനുഗ്രഹങ്ങളെല്ലാം എൻേറതെന്നവണ്ണം അഹങ്കാരത്തോടെ ഞാൻ പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നു. ഞാനെന്തൊരു വിഡ്ഢി! "നീ സ്വീകരിക്കാത്തതായി നിനക്കെന്തുണ്ട്? നീ അവ സ്വീകരിച്ചവയാണെങ്കിൽ, ദാനങ്ങളല്ലാത്തവണ്ണം അവയെപ്പറ്റി നീ എന്തിന് അഹങ്കരിക്കുന്നു.?" (1 കൊറി 4,7).

ദൈവം എന്നെ സൃഷ്ടിച്ചു. എന്നാൽ അവിടുത്തേക്ക് എന്നെക്കൊണ്ടു യാതൊരാവശ്യവുമില്ല. ചുററുമുള്ള പ്രാപഞ്ചിക വസ്തുക്കളെല്ലാംതന്നെ എൻെറ സഹായംകൂടാതെ നിലനിന്നുകൊള്ളും.

www.malankaralibrary.com

ആകയാൽ ഞാൻ ലോകത്തിനു് അത്യന്താപേക്ഷിതനാണെന്നു ഞാനെന്തിനു കരുതുന്നു? ഒരു ഉറുമ്പോ മണൽത്തരിയോ അല്ലാതെ ഞാനെന്താണു്? ഞാനെന്തിനു് ഇങ്ങനെ അഹങ്കരിക്കുന്നു? ഔദ്ധത്യം, നിഗ്ഗളം, ആത്മപ്രശംസ! ഞാനെന്താണു് ഈ ലോകത്തിൽ ചെയ്യേണ്ടതായിട്ടുള്ളതു്? ദൈവത്തെ ശുശ്രൂഷിക്കുക. അവിടുന്നു് എന്നെ സൃഷ്ടിച്ചവനായതുകൊണ്ടു് എൻെറ ഗുരുവാണു്. അവിടുന്നു് എന്നെ രക്ഷിച്ചതുകൊണ്ടു് ഞാൻ അവിടുത്തെ ഭൃത്യനാണു്. ആകയാൽ എന്റെ ജീവിതം മുഴുവനും അവിടുത്തേക്കു പ്രതിഷ്ഠിതമായിരിക്കണം; എല്ലാ സമയത്തും എല്ലാ കാര്യങ്ങളിലും അവിടുത്തേ ആഗ്രഹങ്ങൾ ഞാൻ നിറവേററേണ്ടിയിരിക്കുന്നു. ആകയാൽ ദൈവത്തെപ്പററി ചിന്തിക്കാതെ എൻെറ സുഖത്തേയും സ്വാതന്ത്ര്യത്തേയും എൻെറ യശസ്സിനേയും ഞാൻ കാര്യമായി കരുതുമ്പോൾ, ഞാൻ അനുസരണയില്ലാത്ത ഭൃത്യനായിത്തീരുന്നു. അപ്പോൾ അവിടുന്നു് എന്നോടെന്തുചെയ്യും? കർത്താവേ, അങ്ങയുടെ നീതിയുടെ മിന്നൽപിണറുകൾ എൻെറമേൽ വീശരുതേ. ഞാൻ ശരിയായി അർഹിക്കുന്നുണ്ടെങ്കിലും അങ്ങയുടെ ശുശ്രൂഷയിൽ നിന്നു് എന്നെ അങ്ങു പിരിച്ചു വിടരുതേ.

ദൈവദാസൻ! എത്ര മെച്ചമായ സ്ഥാനനാമമാണിതു്! എത്ര അത്ഭുതകരമായ ശുശ്രൂഷ! അങ്ങയുടെ ഭാരം ലഘുവും അങ്ങയുടെ നുകം മാധുര്യമുള്ളതുമാണെന്നു് അങ്ങു് അരുൾച്ചെയ്തിട്ടുള്ളതല്ലേ? അങ്ങയുടെ വിശുദ്ധഗ്രന്ഥങ്ങളിൽ എഴുതപ്പെട്ടിട്ടില്ലേ അങ്ങയെ ശുശ്രൂഷിക്കുന്നതു രാജവാഴ്ചയാണെന്നു്. (വി. ഇറനേവൂസിൻെറ തിരുനാളിനുള്ള കുർബ്ബാനകാണുക) ഒരുത്തനെപ്പററി ദൈവദാസൻ എന്നു ജനങ്ങൾ പറയുന്നതു് ഒരു മഹാ ബഹുമാനമല്ലേ? അങ്ങയുടെ ഭൗമിക പ്രതിനിധിയായ പരിശുദ്ധ പിതാവു്, "ദൈവദാസന്മാരുടെ ദാസൻ" എന്ന അഭിധാനത്തിൽ ആനന്ദം കൊള്ളുന്നു. ആകയാൽ, എൻെറ ദൈവമേ, അങ്ങയെ ശുശ്രൂഷിക്കുന്നതു് എത്ര മഹാബഹുമാനം! എന്നിട്ടും ഞാൻ എൻെറ ചുമതല വിസ്മരിച്ചുകളയുന്നു. ഇത്ര നല്ലവനും നീതിമാനും പരിശുദ്ധനുമായ ഒരു ഗുരുവിനെ ശുശ്രൂഷിക്കാതിരിക്കുന്നതു് എത്ര ലജ്ജാവഹം!

ദൈവത്തെ ശുശ്രൂഷിച്ചാലെന്താണു സമ്മാനം? എൻെറ ഭവനമായ സുന്ദരസ്വർഗ്ഗം. അതെ, എൻെറ ലക്ഷ്യം പറുദീസായാണു്. അവിടെയാണു് എൻെറ സമാധാനവും സന്തോഷവും! അവിടെ ഞാൻ ദൈവത്തെ അഭിമുഖം യഥാതഥം ദർശിക്കും (1 കൊറി 13, 12; 1 യോ. 3, 2)

www.malankaralibrary.com

കർത്താവേ, എത്രയും തുച്ഛമായ സേവനത്തിനു് അങ്ങു് ഒരുക്കി വച്ചിരിക്കുന്ന സമ്മാനത്തെ പ്രതിയും അങ്ങു് എനിക്കു നിർദ്ദേശിച്ചു വച്ചിട്ടുള്ള ബഹുമാനത്തെപ്രതിയും ഞാൻ അങ്ങേക്കു നന്ദിപറയുന്നു. ഞാൻ ഭൂമിയിൽ ഒരു തീർത്ഥകനാണു്. സ്വർഗ്ഗമാണു് എന്റെ ലക്ഷ്യവും എന്റെ പാർപ്പിടവും ജന്മഭൂമിയും. സ്വർഗ്ഗമേ, നീ എത്ര സുന്ദരം! നീ എനിക്കുള്ളതാണു്. എല്ലാ വിഷമങ്ങളിലും കഷ്ടതകളിലും പരാജയങ്ങളിലും ഇതായിരിക്കും എന്റെ ആശ്വാസം: ഈ പ്രത്യാശ എന്റെ ഹൃദയത്തിന്റെ മുമ്പിൽ വയ്ക്കുക; സ്വർഗ്ഗത്തെ വീക്ഷിക്കുക; പറുദീസായെപ്പററി ചിന്തിക്കുക! ഇതാണു വിശുദ്ധർ ചെയ്തിരുന്നതു്. വി. ഫിലിപ്പുനേരിയും എന്റെ ഫ്രാൻസിസു സെയിൽസും വി. ജോസഫ് കൊത്തലെങ്കോയും അങ്ങനെതന്നെ ചെയ്തു. "സ്വർഗ്ഗം, സ്വർഗ്ഗം!" എന്നു സദാ വി. കൊത്തലെങ്കോ ഉരുവിട്ടുകൊണ്ടിരുന്നു.

ദൈവമേ, ഇവയെല്ലാമാണു് അങ്ങു് എന്നെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നതു്. സുന്ദരവും യഥാർത്ഥവുമായ ഇക്കാര്യങ്ങൾ എനിക്കു് അറിയാം; മനസ്സിലാകുന്നില്ലെന്നുമാത്രം. ഞാൻ ശൂന്യമാണു്; എന്നാൽ ഒരു മഹാനാണെന്നാണു് എന്റെ ഭാവം. ഞാൻ ശൂന്യതയിൽ നിന്നു് ഉളവായി, ദൈവം തന്ന ദാനങ്ങളെപ്രതി ഞാൻ അഹങ്കരിക്കുന്നു. ഞാൻ എന്റെ സ്രഷ്ടാവിനെ ശുശ്രൂഷിക്കേണ്ടതാണു്; എന്നാൽ ഞാനതു വിസ്മരിക്കുന്നു. ഞാൻ അവിടുത്തെപ്പററി ചിന്തിക്കുന്നില്ല. എന്റെ സ്വാർത്ഥത്തേയും അതിമോഹത്തേയും ഞാൻ സേവിക്കുന്നു. ഞാൻ സ്വർഗ്ഗത്തിലേക്കു ക്ഷണിക്കപ്പെട്ടിരിക്കുന്നുവെങ്കിലും എന്റെ ചിന്ത ഈ ലോകത്തിന്റെ പ്രതാപത്തെപ്പററിയാണു്. കർത്താവേ, എന്തൊരു വിരോധാഭാസം! "ഞാൻ എന്നെ അറിയുന്നെങ്കിൽ, അങ്ങയേയും അറിയും. ഞാൻ എന്നെ നിന്ദിച്ചു് അങ്ങയെ സ്നേഹിക്കും" എന്നു് അങ്ങയുടെ ആഗുസ്തീനോസ് പറഞ്ഞിട്ടുള്ളതാണല്ലോ. ഈ വാക്കുകൾ മനസ്സിലാക്കുവാൻ അങ്ങു് എന്നെ സഹായിക്കുക.

കർത്താവേ, അങ്ങു കടന്നുപോകുമ്പോൾ തന്നെ സഹായിക്കുവാൻ അഭ്യർത്ഥിക്കുന്ന ഈ കുരുടനെ അങ്ങു ശ്രവിക്കുക. എന്റെ കണ്ണുകളുടെ പ്രകാശമായ കർത്താവേ, കാണാനെനിക്കു പ്രകാശം നല്കുക. "കർത്താവേ, എനിക്കു കാഴ്ച നല്കുക".

2 എനിക്കു് ഒരാത്മാവുണ്ടു്; എത്ര മഹത്തായ ഒരു യാഥാർത്ഥ്യം! ഞാൻ ഒരു കല്ലോ, സസ്യമോ, ഏതെങ്കിലും മൃഗമോ അല്ല; ജീവൻ നല്കുന്ന എന്റെ ആത്മാവു നിമിത്തം ഞാൻ ഒരു മനുഷ്യനാണു്.

www.malankaralibrary.com

എൻെറ ആത്മാവുവഴി, ദിവ്യവദനത്തിൽനിന്നു് ഒരു രശ്മി എന്നെ പ്രകാശിപ്പിക്കുന്നു. ഓർമ്മശക്തിവഴി ഞാൻ പിതാവിനു സദൃശനാണു്; ബുദ്ധിശക്തിവഴി ഞാൻ പുത്രനു സദൃശനാണു്; മനസ്സുവഴി ഞാൻ പരിശുദ്ധാത്മാവിനു സദൃശനാണു്. ഇത്രമാത്രമല്ല, ദൈവത്തിൻെറ രക്തത്തിൻെറ വിലയുള്ള മനുഷ്യാത്മാവിനു് അനന്തമൂല്യമാണുള്ളതു്. ആകയാൽ ഒരു കാപ്പിരിയുടെ ആത്മാവിനു ലോകത്തിലെ സകല നിധികളേക്കാൾ വില കൂടുതലാണു്. ഒരാത്മാവു് എത്ര അമൂല്യം! ദൈവത്തിൻെറ സൗഭാഗ്യമാണു് അതിനു ഭാഗധേയമായി നിശ്ചയിച്ചിട്ടുള്ളതു്. ആകയാൽ ഈശ്വരസൗഭാഗ്യത്തിൽ ഭാഗഭാക്കാകുന്ന ആത്മാവിനെ ദ്രോഹിക്കുവാൻ ഞാനെങ്ങനെ ധൈര്യപ്പെടും? പാപത്താൽ അതിനെ ഒരു ഭാരമൃഗമോ ശരീരത്തിൻെറ അടിമയോ ആക്കിത്തീർക്കുകയോ? ശരീരത്തെ ആജ്ഞാപിക്കുവാനുള്ളതല്ലേ ആത്മാവു്. എന്നാൽ ഞാൻ ആത്മാവിനെ ശരീരത്തിൻെറ അടിമയാക്കിത്തീർത്തു. അതെന്നെ എത്രകണ്ടു് എളിമപ്പെടുത്തുന്ന ഒരു ചിന്തയാണു്?

ആത്മാവിനു വേണ്ടിയാണു ദിവ്യമായ പരിപൂർണ്ണതകൾ ആവിഷ്കൃതമായതു്. സൃഷ്ടിയിലും മനുഷ്യാവതാരത്തിലും ദൈവത്തിൻെറ സ്നേഹവും വിജ്ഞാനവും അനന്തശക്തിയും പ്രകാശിതമായി. മനുഷ്യാത്മാവിനുവേണ്ടി മരണമുൾപ്പെടെ സമസ്തവും സഹിച്ചു. ആത്മാവു് എൻേറതാണു്; വേറെയാരുടേയുമല്ല. അതിനെ രക്ഷിക്കുവാൻ വേണ്ടി ഞാനും എൻെറ വശത്തുനിന്നു സഹിക്കുകയും ആത്മനിഗ്രഹം അനുഷ്ഠിക്കുകയും ചെയ്യേണ്ടതല്ലേ?

3 ഭൂമിയിൽ എല്ലാ മനുഷ്യരും ദൈവത്തിൻെറ ഛായ വഹിക്കുന്നു. അവരെപ്രതി അവിടുന്നു എന്തുമാത്രം വേദനയനുഭവിച്ചു. എന്നിട്ടും പലരും ദൈവത്തെ സ്നേഹിക്കുന്നില്ല; അവിടുത്തെ ശുശ്രൂഷിക്കുന്നില്ല; പകരം അവർ അവിടുത്തെ നിന്ദിക്കുന്നു; പലരും അവിടുത്തെ അറിയുന്നപോലുമില്ല.

ഇതിനെപ്പററി ചിന്തിക്കുമ്പോൾ അവരുടെ ആത്മാക്കളോടു് എനിക്കു് അനുകമ്പ തോന്നുന്നു; അവരെ രക്ഷിക്കുവാനുള്ള ആഗ്രഹം എൻെറ ഹൃദയത്തെ എരിയിക്കുന്നു. വേറൊന്നും ചെയ്യാൻ നിവൃത്തിയില്ലെങ്കിൽ ഞാൻ അവർക്കുവേണ്ടി പ്രാർത്ഥിക്കുകയെങ്കിലും ചെയ്യും. ക്രിസ്തുവിൻെറ രക്തം അവരെ ശിക്ഷിക്കുവാനുള്ള കാരണമായിത്തീർന്നിരിക്കുകയാണല്ലോ. അവിടുത്തെ രക്തം അവർക്കായി വൃഥാ ചിന്തപ്പെട്ടിരിക്കുന്നുവെന്നു് ഓർമ്മിക്കുമ്പോഴെല്ലാം അവർക്കായി ഞാൻ പ്രാർത്ഥിക്കും.

www.malankaralibrary.com

എല്ലാവക്കും ദൈവഛായയുണ്ടെങ്കിൽ, ഞാൻ അവരെ എന്തുകൊണ്ടു സ്നേഹിക്കുന്നില്ല? ഞാൻ അവരെ എന്തിനു നിന്ദിക്കുന്നു? അവരെ ഞാൻ ബഹുമാനിക്കേണ്ടതല്ലേ? എൻെറ സഹോദരന്മാരെ ദ്രോഹിക്കുന്നതിൽനിന്നു് എന്നെ അകററിനിറുത്തുന്ന ഒരു ചിന്തയായിരിക്കും ഇതു്. അവരെല്ലാവരും ദൈവത്തിൻെറ ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുകയാണല്ലോ. പക്ഷേ അവരുടെ ആത്മാവു് എൻേറതിനേക്കാൾ സുന്ദരവും ദൈവത്തിനു കൂടുതൽ സംപ്രീതവുമായിരിക്കാം.

4 ഞാൻ ആത്മപ്രശംസ ചെയ്യുന്നു. ദൈവത്തിൻെറ കൃപാവരത്തിനു് എനിക്കു് അവകാശമുണ്ടെന്നാണു് എൻെറ ഭാവം. ഞാനെന്തെങ്കിലും നന്മ ചെയ്യുകയാണെങ്കിൽ, ഫരിസേയനേപ്പോലെ അവിടുത്തേ സന്നിധിയിൽ ഞാനെത്തുന്നു. എന്നുവരികിലും ഞാൻ പാപിതന്നെ. ഒരു ദൈവാലയത്തിലോ മറേറതെങ്കിലും സ്ഥലത്തോ പ്രവേശിക്കുമ്പോൾ ഇതു് എൻെറ ഓർമ്മയിലുണ്ടായിരിക്കേണ്ടതാണു്. ഞാൻ പാപിയാണു്. അതുകൊണ്ടു് ഉദ്ധതമായൊന്നും പറയരുതു്; ധാർഷ്ട്യഭാവവുമരുതു്. ദൃഷ്ടികൾ താഴട്ടെ. ബുദ്ധിയുടേയും ഹൃദയത്തിൻേറയും എളിമവേണം; എൻെറ സഹോദരന്മാരോടു സ്നേഹഭാവവും അത്യന്താപേക്ഷിതമാണു്. ദൈവതിരുമുമ്പിൽ ഞാൻ ചുങ്കക്കാരനെപ്പോലെ വർത്തിക്കേണ്ടിയിരിക്കുന്നു. അയാൾ ബലിപീഠത്തിൽനിന്നു വളരെ അകലെപ്പോയി തൻെറ നെഞ്ചിലിടിച്ചുകൊണ്ടു പറഞ്ഞു: "ദൈവമേ, പാപിയായ എന്നോടു കൃപയുണ്ടാകണമേ". എനിക്കു് അനുഗ്രഹങ്ങളും ആശ്വാസങ്ങളും ലഭിക്കുമ്പോൾ, അവ ദൈവത്തിൻെറ ദാനമായി ഞാൻ കരുതണം.അവയെപ്പററി ആത്മപ്രശംസ ചെയ്യാതെ നമ്മുടെ അയോഗ്യത നാം ഏററു പറയണം.

5 എൻെറ വിദ്യാഭ്യാസംകൊണ്ടു് എനിക്കു ലഭിക്കുവാൻ പോകുന്ന ബഹുമാനങ്ങളെല്ലാം എൻെറ മരണനേരത്തു് എന്തിനുപകരിക്കും? ബഹുമാനബോധം എൻെറ അഹന്തയെ ഊതിവീപ്പിക്കുമ്പോൾ, അവയെ തള്ളിക്കളയുവാൻ കാര്യക്ഷമവും ദൃഢവുമായ ഒരു മാർഗ്ഗമുണ്ടു്: മരണനേരത്തെപ്പററി ചിന്തിക്കുക; അപ്പോളെൻെറ വിചാരങ്ങളെന്തായിരിക്കുമെന്നു ധ്യാനിക്കുക. ഞാൻ എന്നോടു ചോദിക്കണം; "ഇതു നിത്യായുസ്സിനു് എന്തുമാത്രം ഉപകരിക്കും?"

6 എൻെറ മായാസ്തുതികളും ധ്യാനം, ആത്മശോധന, കന്യകാമറിയത്തിൻെറ ഒപ്പീസ്സു്, ജപമാല മുതലായ എൻെറ ഭക്താഭ്യാസങ്ങളിലെ പലവിചാരങ്ങളും ഞാൻ എന്തുമാത്രം പഠിച്ചിട്ടുണ്ടെന്നു കാണിക്കുവാൻ തട്ടിവിടുന്ന ഫലിതങ്ങളും വശ്യോല്ലുകൊണ്ടുള്ളതോ സ്വെയിനി

www.malankaralibrary.com

ല്ലുള്ളതോ ആയ കോട്ടകൾ പോലെയുള്ള ആകാശക്കോട്ടകളും മൗനസമയത്തെ സകല സംസാരങ്ങളും, പരിത്യക്തമാക്കിക്കളഞ്ഞ സദ്പ്രേരണകളുമെല്ലാം വിധിക്കപ്പെട്ടും. എന്റെ ദൈവമേ, ഞാൻ ഭയപ്പെട്ടുപോകുന്നു. എന്തു പാപക്കൂമ്പാരം! എന്റെ സൽപ്പേരിനേയും അഹങ്കാരത്തേയും പററി ഇത്ര നിഷ്കർഷയുള്ള ഞാൻ എന്തുമാത്രം ലജ്ജിക്കേണ്ടിയിരിക്കുന്നു.

എന്റെ ആത്മാവേ, നീ ഇക്കാര്യങ്ങളെപ്പററിയൊക്കെ ചിന്തിക്കണം. നീ നിന്റെ ചിന്തകളെ ക്രമപ്പെടുത്തുക; അല്ലെങ്കിൽ നീ എളിമപ്പെടേണ്ടിവരും; അതിന്റെ ഭവിഷ്യത്തുകൾ സഹിക്കുകയും വേണ്ടിവരും. ഈ യാഥാർത്ഥ്യത്തെപ്പററി വേണ്ടുംവണ്ണം ചിന്തിക്കുക. ഈ കുററങ്ങളെല്ലാം ആവർത്തിക്കുന്നതിനുമുമ്പ് കണക്കുകളെല്ലാം ശരിയാക്കുക; എന്നാൽ വ്യർത്ഥമായി പിന്നീട് പശ്ചാത്തപിക്കേണ്ടി വരുകയില്ല. "ശരിയായി നാമിപ്പോൾ നമ്മളെത്തന്നെ വിധിക്കുകയാണെങ്കിൽ, നാം വിധിക്കപ്പെടുകയില്ല".

നരകത്തിന്റെ ഓർമ്മ എന്നെ ഭയപ്പെടുത്തുന്നു. അത് എനിക്കു സഹിച്ചുകൂടാ. അതെനിക്ക് അസാധ്യമായിത്തോന്നുന്നു. എന്നെ ഇത്രയധികം സ്നേഹിച്ച ദൈവം എന്നെ ആട്ടിപ്പായിക്കത്തക്കവിധം എന്നോടു കോപിക്കുമെന്ന് എനിക്ക് ഊഹിക്കവയ്യാ. എങ്കിലും നരകം എത്രയും ഉറപ്പുള്ള യാഥാർത്ഥ്യമാണ്. എന്റെ അഹങ്കാരത്തിനും ധാർഷ്ട്യത്തിനും അഹന്തയ്ക്കും ശിക്ഷയായി നരകം എന്നെ കാത്തിരിക്കയാണ്. എന്തൊരു ഭയങ്കര ചിന്ത! ഓ പ്രിയപ്പെട്ട ഈശോ, അങ്ങയെ ഒരിക്കലും ഇനി സ്നേഹിക്കുവാൻ കഴിയുകയില്ലേ? ഞാൻ അങ്ങയുടെ മുഖം ഒരിക്കലും കാണുകയില്ലേ? എന്നെ അങ്ങ് ആട്ടിപ്പായിക്കുമോ? ഇതു സംഭവിക്കുകയില്ലെന്നു പ്രതീക്ഷിക്കട്ടെ; എന്നാൽ അങ്ങനെ സംഭവിച്ചേക്കാം. ആകയാൽ ഭയത്തോടും വിറയലോടുംകൂടെ ഞാനെന്റെ രക്ഷയ്ക്കായി പരിശ്രമിക്കേണ്ടിയിരിക്കുന്നു. അതേസമയം ആശാനിഗ്രഹങ്ങൾ വഴിയോ ബാഹ്യവസ്തുക്കളുടെ ദർശനം വഴിയോ നരകത്തിന്റെ ഓർമ്മ സദാ സജീവമായി പരിപാലിക്കുന്നതു നല്ലതാണ്. തീ കാണുകയാണെങ്കിൽ ഞാൻ വിചാരിക്കും നരകാഗ്നിയോടു തട്ടിച്ചാൽ ഈ തീ എരിയുന്ന അഗ്നികുണ്ഡത്തിന്റെ ചിത്രം മാത്രമെന്ന്. വല്ല പല്ലുവേദനയോ നാവിറങ്ങിപ്പോകുമാറുള്ള ദാഹമോ ഉണ്ടാകുകയാണെങ്കിൽ, അഥവാ ശൈത്യം കൊണ്ടോ ജ്വരപ്പനികൊണ്ടോ വിറയ്ക്കുകയാണെങ്കിൽ, ഞാൻ അവയൊക്കെ സഹിക്കതന്നെ വേണം. നരകം പീഡനസ്ഥലമാണല്ലോ. തീച്ചൂളയിലെ കനൽപോലെ നമ്മൾ നരകത്തിൽ

www.malankaralibrary.com

കത്തിയെരിയും. നരകത്തിൽ കരച്ചിലും പല്ലിറുമ്മലുമുണ്ടാകും. നരകത്തിൽ എനിക്കു് ഒരു വിരലനക്കുവാൻ കഴിയുകയില്ല. ഏതെങ്കിലും പ്രാൎത്ഥനയോ ജപമാലയോ ഒപ്പീസോ ചൊല്ലുന്നതിനു നരകത്തിൽ സാധ്യമല്ല. ഭയങ്കര വിലാപം നമ്മുടെ ചെവിയിൽ മാറെറാലിക്കൊള്ളും; എന്നാൽ ഇപ്പോൾ എനിക്കു് ഒരു അപസ്വരവും കേട്ടുകൂടാ. നരകത്തിൽ ഭയങ്കര വിശപ്പുണ്ടാകും; എന്നാൽ ഇവിടെ എനിക്കു് മധുരമായ ഒരു പലഹാരക്കഷണം വജ്ജിക്കുവാൻ വഹിയാ. നരകത്തിൽ ദുഷ്ടാത്മാക്കളും പിശാചുക്കളുമായിരിക്കും എൻെറ ചങ്ങാതിമാർ; എന്നാൽ ഇപ്പോൾ ഇഷ്ടമില്ലാത്ത ഒരാളുടെ സാന്നിദ്ധ്യംപോലും എനിക്കു് അരോചകമാണു്. ഒരായിരം പ്രാവശ്യം നരകത്തിനു ഞാൻ യോഗ്യനായിട്ടുള്ളതല്ലേ? വീണ്ടും ഞാൻ യോഗ്യനായെന്നു വരുകയില്ലേ?

എത്രയും മാധുര്യമുള്ള ഈശോ, എൻെറ ഈ പ്രാൎത്ഥന ശ്രവിക്കുക. ഈ ജീവിതത്തിൽ എല്ലാത്തരം രോഗങ്ങളും എനിക്കു് അയച്ചുതരികയെന്നു ഞാൻ അപേക്ഷിക്കുന്നു. എൻെറ കിടക്കയിൽ എന്നെ ബന്ധിച്ചിട്ടുകൊള്ളുക. കാട്ടിൽ ഒരു കുഷ്ഠരോഗിയായി എന്നെ തള്ളിക്കൊള്ളുക. ഈ ലോകത്തിലുള്ള എത്രയും ഭയങ്കരമായ വേദനകളെല്ലാം എൻെറ തോളിൽ നിക്ഷേപിച്ചുകൊള്ളുക. ഇവയെല്ലാം എൻെറ പാപങ്ങൾക്കു പരിഹാരമായി ഞാൻ സ്വീകരിച്ചുകൊള്ളാം. അവക്കു ഞാൻ അങ്ങയോടു നന്ദി പ്രദൎശിപ്പിച്ചുകൊള്ളാം. എന്നാൽ അങ്ങയുടെ സ്നേഹത്തെ ഓൎത്തു് എന്നെ നരകത്തിൽ തള്ളരുതേ. അങ്ങയുടെ സ്നേഹവും നിത്യമായ അഭിമുഖദൎശനവും എനിക്കു നിഷേധിക്കരുതു്. ഓ ഈശോ, എൻ്റെ ഹൃദയമൊക്കെയോടുംകൂടെ ഞാൻ അപേക്ഷിക്കുന്നു: "ഇവിടെ എന്നെകത്തിച്ചു ദഹിപ്പിച്ചുകൊള്ളുക; ഇവിടെ ദാക്ഷിണ്യം കൂടാതെ എന്നെ മൎദ്ദിച്ചുകൊള്ളുക; എന്നാൽ നിത്യമായി രക്ഷിക്കുക.

8 ദൈവമേ, അങ്ങയുടെ വിധി ഭയങ്കരമാണു്. അവയെപ്പററിയുള്ള ചിന്തതന്നെ ഭയംകൊണ്ടെന്നെ വിറപ്പിക്കുന്നു. അങ്ങയുടെ കാരുണ്യത്തിൻെറ അഗാധം ആക്കു് അളന്നുനോക്കുവാൻ കഴിയും? അങ്ങയുടെ ദിവ്യലക്ഷണങ്ങളെ, അങ്ങയുടെ വിജ്ഞാനത്തേയും ശക്തിയേയും ആരെങ്കിലും സ്തുതിച്ചുകൊള്ളട്ടെ. എന്നാൽ ഞാൻ അങ്ങയുടെ കാരുണ്യം ഒരിക്കലും പ്രകീൎത്തിക്കാതിരിക്കയില്ല. എത്രയും മാധുര്യമുള്ള ഈശോ, ഭൂമി അങ്ങയുടെ കാരുണ്യംകൊണ്ടു സമ്പൂൎണ്ണമല്ലേ? ആകാശത്തിലും ഇതരസൃഷ്ടികളിലും അങ്ങയുടെ കാരുണ്യം പ്രസ്പഷ്ടമല്ലേ? അങ്ങു കാരുണ്യത്തിൻെറ പിതാവും എല്ലാ ആശ്വാസങ്ങളുടേയും ദൈവവുമല്ലേ? ബലിയല്ല കാരുണ്യമാണു് അങ്ങു് ഇഷ്ടപ്പെടുന്നതെന്നു്

www.malankaralibrary.com

അങ്ങുതന്നെ പ്രസ്താവിച്ചിട്ടില്ലേ? (സങ്കീ 88, 1; 32, 5; 144, 9; 2 കൊറി 1, 3; മത്താ 9, 13) നീചപാപിയായ ഞാൻതന്നെ അങ്ങയുടെ കാരുണ്യത്തിൻെറ അത്ഭുതസാക്ഷ്യമല്ലേ? ഞാനാണു നഷ്ടപ്പെട്ട ആട്ട്. എന്നെ സ്നേഹപൂർവ്വം അന്വേഷിച്ചു കണ്ടുപിടിച്ച ഇടയൻ അങ്ങാണ്. സഹസ്രക്കണക്കിനു് എന്നെ ചുംബിച്ചശേഷം അങ്ങു് സന്തോഷപൂർവ്വം എന്നെ തോളിലെടുത്തു് ആട്ടിൻ പററത്തിലാക്കി. ജെറീക്കോയിലേക്കുള്ള മാർഗ്ഗത്തിൽ കള്ളന്മാർ പിടിച്ചു തല്ലിമുറിപ്പെടുത്തി നഗ്നനും അർദ്ധപ്രാണനുമായി വിട്ടുംവച്ചു പോയതു് എന്നെയാണ്. എൻെറ മുറിവിൽ വീഞ്ഞൊഴിച്ചു സുഖപ്പെടുത്തിയ കൃപാലുവായ സമരിയാക്കാരൻ അങ്ങാണ്. അതായതു് മന്ദതയിൽനിന്നു് ഉണർത്താൻ പററിയ ഭയങ്കര സത്യങ്ങൾ എന്നെ അഭ്യസിപ്പിച്ചതു് അങ്ങാണ്. അങ്ങയുടെ ആശ്വാസങ്ങളാകുന്ന തൈലംകൊണ്ടു് അങ്ങു് എന്നെ പൂശി. അങ്ങയുടെ ഉദാരമായ ഹൃദയം എനിക്കായി അങ്ങു തുറന്നിട്ടു. സ്വാഭാവികവും അതിസ്വാഭാവികവുമാകുന്ന ദാനങ്ങളായ സമ്പത്തു മുഴുവനും നശിപ്പിച്ച ധൂർത്തപുത്രനാണു ഞാൻ. സർവ്വവും സൃഷ്ടിച്ച വചനമാകുന്ന അങ്ങയിൽനിന്നു് ഞാൻ ഓടിപ്പോയതുകൊണ്ടു്, എത്രയും നീചമായ അവസ്ഥയിലേക്കു ഞാൻ അമന്നു. അവിടുന്നിൽനിന്നു് അകന്നിരിക്കുന്നവരെല്ലാം തിന്മയിലേക്കു തിരിയുന്നു; കാരണം അവയൊക്കെ സ്വതവേ ശൂന്യമാണല്ലോ. എൻെറ തെററുകളെക്കുറിച്ചു് അനുതപിച്ചു് അങ്ങയുടെ ഭവനത്തിലേക്കു ഞാൻ തിരിച്ചുവന്നപ്പോൾ അങ്ങു് എന്നെ ആശ്ലേഷിച്ചു അങ്ങയുടെ ഭവനത്തിൽ എനിക്കു സ്വാഗതമരുളി. അങ്ങു് എന്നെ അങ്ങയുടെ പുത്രനായി സ്വീകരിച്ചു് അങ്ങയുടെ മേശയിൽ എന്നെയും ഇരുത്തി, അങ്ങയുടെ സന്തോഷങ്ങളിൽ എന്നെയും ഓഹരിക്കാരനാക്കി. അങ്ങയുടെ അവകാശത്തിൽ എനിക്കും ഓഹരി നല്കി. കുട്ടതലായി ഞാനെന്തു പറയേണ്ടു? അങ്ങയെ ഒററിക്കൊടുത്ത വഞ്ചകനായ ശിഷ്യനാണു ഞാൻ; അങ്ങയെ നിഷേധിച്ചു തനിവേറിയ മനുഷ്യനാണു ഞാൻ; അങ്ങയെ പരിഹസിക്കുകയും പുച്ഛിക്കുകയും ചെയ്ത ഭീരുവാണു്; അങ്ങയെ മുൾമുടി ധരിപ്പിച്ച ക്രൂരനാണ്. ഞാൻ അങ്ങയെ ചമ്മട്ടികൊണ്ടടിച്ചു; ഞാൻ അങ്ങയുടെ തോളിൽ കുരിശുവച്ചു. അങ്ങയുടെ പീഡാനുഭവ വേളയിൽ ഞാൻ അങ്ങയെ പുച്ഛിച്ചു. ഞാൻ അങ്ങയെ അടിച്ചു; ഞാൻ അങ്ങേക്കു കയ്പുനീരും ചുറുക്കായും കുടിക്കാൻ കൊടുത്തു; ക്രൂരമായ കുന്തംകൊണ്ടു് അങ്ങയുടെ ഹൃദയത്തെ കുത്തിപ്പൊളിച്ചു. എൻെറ പാപങ്ങൾ വഴി ഞാനിതും ഇതിലധികവും ചെയ്തു. എന്നെ എളിമപ്പെടുത്താൻ എത്ര നല്ല ചിന്ത! എൻെറ നേത്രങ്ങളിൽനിന്നു കയ്പേറിയ അനുതാപബാഷ്പം ചൊരിയിക്കുന്ന ചിന്ത! എന്നെ സ്നേഹിതൻ എന്നുവിളിച്ച ശാന്തനായ കുഞ്ഞാട്ടും,

www.malankaralibrary.com

നല്ല ഈശോയുമാണ് അങ്ങ്. പാപിയായ എന്നെ സ്നേഹപൂർവ്വം അങ്ങ തൃക്കൺപാർത്തു. ഞാൻ അങ്ങയെ ശപിച്ചപ്പോൾ അങ്ങ് എന്നെ ആശീർവ്വദിച്ചു. കുരിശിൽ കിടന്ന് അങ്ങെനിക്കുവേണ്ടി പ്രാർത്ഥിച്ചു. കുന്തത്താൽ പിളർക്കപ്പെട്ട അങ്ങയുടെ ഹൃദയത്തിൽ നിന്നൊഴുകിയ തിരുരക്തം എൻെറ ആത്മാവിലെ മാലിന്യം നീക്കി പാപങ്ങളെ തുടച്ചു മാററി. എനിക്കുവേണ്ടി മരിച്ചു മരണത്തിൽനിന്ന് അങ്ങ് എന്നെ മോചിച്ചു. മരണത്തെ ജയിച്ച് അങ്ങ് എനിക്കു ജീവൻ നല്കി. സ്വർഗ്ഗവാതിലുകൾ എനിക്കായി അങ്ങു തുറന്നു.

ഹാ ഈശോയുടെ സ്നേഹമേ! ഈ സ്നേഹം അവസാനം വിജയം വരിച്ചു. ഇതാ ഞാൻ എൻെറ ഗുരുവും സ്നേഹിതനും വരനും പിതാവുമായ അങ്ങയുടെകൂടെയാണ്. ഞാൻ അങ്ങയുടെ ഹൃദയത്തിൽ വസിക്കുന്നു. ഞാനെന്തുചെയ്യണമെന്നാണ് അങ്ങയുടെ ആഗ്രഹം? ഞാൻ ക്രൂരതയുടെ മാർഗ്ഗത്തിലാണു നടന്നിരുന്നത്. ഡമാസ്കസ്സിലേക്കുള്ള മാർഗ്ഗത്തിൽ പൗലോസെന്നപോലെ ഞാൻ അന്ധനായി "കർത്താവേ, ഞാനെന്തുചെയ്യണം?" (നട 22, 10) അങ്ങയുടെ സത്യം എന്നെ പഠിപ്പിക്കുക; ഞാൻ നടക്കേണ്ടവഴി എനിക്കു കാണിച്ചുതരിക. എൻെറ ഈശോ, ഞാനങ്ങയെ സ്നേഹിക്കുന്നു! ഞാൻ അങ്ങയോടു ചേർന്നു നില്ക്കുന്നു. പൗലോസിൻേറയും അങ്ങയുടെ പ്രിയപ്പെട്ട യോഹന്നാൻേറയും സകല വിശുദ്ധരുടെയും സ്നേഹത്തോടും കൂടെ ഞാൻ അങ്ങയെ സ്നേഹിക്കുന്നു. പ്രവൃത്തിയിലേക്ക് ആനയിക്കുന്നതും മരണത്തോളം ഉറച്ചു നില്ക്കുന്നതുമാണ് ആ സ്നേഹം, വിശപ്പോ ദാരിദ്ര്യമോ ശൈത്യമോ വേദനയോ സഹനമോ മരണമോ യാതൊന്നും എന്നെ ക്രിസ്തുവിൻെറ സ്നേഹത്തിൽ നിന്നു വേർതിരിക്കുകയില്ല. (റോമാ 8,39) ഓ ഈശോ അ അങ്ങയുടെ കൃപാവരത്തിൻെറ സഹായത്തിൽ ഞാൻ ശരണപ്പെടുന്നു. അങ്ങ് എന്നെ അവസാനത്തോളം സ്നേഹിച്ചതുകൊണ്ട് അങ്ങ് എൻെറ പാപങ്ങൾ അവഗണിക്കുകയും എന്നെ അങ്ങയുടെ അടുക്കലേക്കു വിളിക്കുകയും അങ്ങയുടെ ശുശ്രൂഷകനും വിശ്വസ്തസ്നേഹിതനും അങ്ങയുടെ രഹസ്യങ്ങൾ കൈകാര്യംചെയ്യുന്നവനുമായി എന്നെ തെരഞ്ഞെടുക്കുകയുംചെയ്തു. അങ്ങയുടെ സ്നേഹത്തിൻെറ മധുരവും രഹസ്യവുമായ സന്ദേശങ്ങൾ അങ്ങ് എനിക്കു നല്കി; അങ്ങയുടെ ആശ്വാസമാകുന്ന മധുരവും അമൂല്യവും മഹത്തരവുമായ അഭിലാഷങ്ങളോടൊപ്പം എനിക്കു തന്നു, അങ്ങയുടെ തിരുഹൃദയമാകുന്ന ബലിപീഠത്തിന്മേൽ അങ്ങേക്കുള്ള ഒരു ബലിയായി ഞാൻ കത്തിദഹിക്കുമാറാകട്ടെ. ഞാൻ സദാ അങ്ങയെ അന്വേഷിക്കുകയും കണ്ടെത്തുകയും ചെയ്യുമാറാകട്ടെ. അങ്ങയുടെ വിജ്ഞാനത്തിൻേറയും ബുദ്ധിയുടേയും ആത്മാവിനെ ഞാൻ ധരിക്കട്ടെ.

www.malankaralibrary.com

അങ്ങനുതപിച്ചു് അങ്ങയുടെ അടുക്കൽവരാൻ സകല പാപാപികളേയും ഞാൻ ഉദ്ബോധിപ്പിക്കട്ടെ. അങ്ങയുടെ കുരിശിന്റെ ഛായയിൽ സമ്മേളിച്ചിരിക്കുന്ന ഞങ്ങളെല്ലാവരും അങ്ങയുടെ കാരുണ്യത്തെ എന്നെന്നേക്കും സ്തുതിക്കട്ടെ.

9 ഞാൻ ഒരു ക്രിസ്ത്യാനിയാണു്; അല്ല ഒരു ശെമ്മാശനുംകൂടിയാണു്. ആകയാൽ എല്ലായിടത്തും എല്ലാപ്രവൃത്തികളിലും ഞാൻ യേശുക്രിസ്തുവിനെ പ്രതിനിധിവൽക്കരിക്കണം. "പുരോഹിതർ ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു", എന്ന വി. ഗ്രിഗരി നസിയാൻസൻ പ്രസ്താവിച്ചിട്ടുള്ളതാണെല്ലോ. ആകയാൽ ഇതാ എനിക്കു് ഒരു മോഡൽ: "യേശുക്രിസ്തു".

തൊട്ടിലിൽ ഒരു ശിശുവായി അവിട്ടത്തെകാണുക. പ്രപഞ്ചസ്രഷ്ടാവും ലോകാധിനാഥനും മനുഷ്യരുടെ രക്ഷകനുമായക്രിസ്തു ഭൂമിയിലേക്കുവന്നപ്പോൾ തന്നെ സ്വാഗതം ചെയ്യാൻ ആരുമുണ്ടായിരുന്നല്ല. താമസിക്കുവാനൊരിടവും അവിട്ടത്തെക്കുണ്ടായിരുന്നില്ല; അവിട്ടത്തേക്കുസംരക്ഷണംനല്കാൻ ആരുമുണ്ടായിരുന്നില്ല. അവിട്ടത്തേക്കുസ്ഥലമില്ലെന്നാണു് എല്ലാവരും പറഞ്ഞതു്. ആകയാൽ അവിട്ടന്നു് ഒരു തൊഴുക്കൂട്ടിൽ അഭയംതേടി, പരിത്യക്തമായികിടന്നിരുന്ന ആ സ്ഥലത്തുവച്ചാണു് അവിട്ടന്നു മനുഷ്യർക്കു് ആദ്യം പ്രത്യക്ഷപ്പെട്ടതു്.

എന്തൊരെളിമ! എന്നാൽ വെറും ശൂന്യനായ എന്നെജനങ്ങൾ തണുപ്പോടെ സ്വീകരിക്കുകയോ ബഹുമാനിക്കാതിരിക്കുകയോ എന്റെ വിജ്ഞാനത്തെ സമാദരിക്കാതിരിക്കുകയോ ഇതരരുടെ മുമ്പിൽ വച്ചു പിമ്പിലേക്കു മാറിഇരിക്കേണ്ടിവരുകയോ ചെയ്താൽ ഞാൻ കോപിക്കുകയായി. ഞാൻ സഹായിക്കുന്നവർ എന്നെ നിന്ദിക്കുകയോ എന്നോടു കൃതജ്ഞത പ്രദർശിപ്പിക്കാതിരിക്കുകയോ ചെയ്താൽ എനിക്കു വലിയ ഈച്ചതോന്നുന്നില്ലേ? എന്റെ തലവന്മാർക്കു് എന്നോടു മതിപ്പില്ലാത്തതായും അവരെന്റെ പ്രവൃത്തികൾ തെററിധരിക്കുന്നതായും അന്യർ എന്നെ കുററംപറയുന്നതായും അവരെന്റെ വ്യാപാരങ്ങളെ ദുർവ്യാഖ്യാനം ചെയ്യുന്നതായും കണ്ടാൽ എനിക്കെന്തുവൈരാഗ്യമാ? അല്ലയോ അഹങ്കാരമേ, ഈശോയുടെ എളിമയുടെ മുമ്പാകെ നീ മുഴംകാൽ മടക്കുക. ഭൂമിയെപുഷ്പങ്ങളണിയിച്ചതു് ഈശോയാണു്; ചെറുപക്ഷികൾക്കു മാർദ്ദവമുള്ളതൂവലുകൾ പ്രദാനം ചെയ്തതും സൂര്യനെ പ്രകാശവസ്ത്രം ഉടുപ്പിച്ചതും ഗിരിഹൃദയങ്ങളിലും മണലാരണ്യങ്ങളിലും അമൂല്യരത്നങ്ങളും സ്വർണ്ണവും വജ്രവുമൊക്കെ നിക്ഷേപിച്ചതും ഈശോതന്നെ. എന്നിട്ടും

www.malankaralibrary.com

അവിടുന്നു ദാരിദ്ര്യത്തിൽ ജനിച്ചു; തന്നെ ആച്ഛാദനംചെയ്യുന്നതിനു വേണ്ടവസ്ത്രവും അവിടുത്തേക്കുണ്ടായിരുന്നില്ല. എന്തൊരു ദാരിദ്ര്യം! എന്നാൽ ഒന്നിനും അർഹതയില്ലാത്തവനായ ഈ നീചൻ ദരിദ്രമാതാപിതാക്കന്മാരിൽ നിന്നു ദരിദ്രനായി ജനിച്ചതിനെപ്പററിയും അന്യരുടെ സഹായത്തോടുകൂടെ ജീവിക്കുകയും വസ്ത്രംധരിക്കുകയും ചെയ്യേണ്ടിവന്നതിനെപ്പററിയും പിറുപിറുക്കുന്നു. ഇക്കാര്യത്തിൽ ഈശോയെ അനുകരിക്കുവാൻ സൗകര്യം ലഭിച്ചതിൽ ഞാൻ ആശ്വസിക്കുകയല്ലാ ആനന്ദിക്കുകയും അവിടുത്തേക്കു കൃതജ്ഞത പ്രദർശിപ്പിക്കുകയും ചെയ്യേണ്ടതല്ലേ? ദാരിദ്ര്യം കുറച്ചു കിട്ടാൻ എനിക്ക് ആഗ്രഹിക്കാമോ? ഒന്നുകൂടി നന്നായി ഉടുത്തുകെട്ടി നടക്കണമെന്നു നാണംകൂടാതെ എനിക്ക് വിചാരിക്കുവാൻ പാടുണ്ടോ? "ആത്മനാദരിദ്രർ ഭാഗ്യവാന്മാരാകുന്നു അവർക്ക്ള്ളതാകുന്നു സ്വർഗ്ഗരാജ്യം", എന്ന ഈശോയുടെവാക്കുകൾ എനിക്കു വിസ്മരിക്കുവാൻ കഴിയുമോ?

പിതാവായ ദൈവത്തിൻെറ സാരാംശമായ ഈശോ തൊഴുക്കൂട്ടിലെ വയ്ക്കോലിലാണു ജനിച്ചതു്. അവിടുന്നു തണുപ്പുകൊണ്ടു മരവിച്ചു കിടക്കയാണ്; കാലാവസ്ഥയുടെ സകല അന്തരങ്ങൾക്കും അവിടുന്നു വിധേയനാണ്. ആദ്യമണിക്കൂർ മുതൽക്കുതന്നെ മനുഷ്യരക്ഷയ്ക്കു വേണ്ടി എല്ലാത്തരത്തിലുമുള്ള കഷ്ടതകളും അവിടുന്ന് അനുഭവിച്ചു തുടങ്ങി. എന്തൊരു ആത്മനിഗ്രഹമായിരുന്നു അവിടുത്തേതു്! എൻെറ നിരവധി പാപങ്ങൾ നിമിത്തം ക്രൂരശിക്ഷയ്ക്ക് അർഹനായ ഞാൻ ഒരു തണുത്തകാററു വീശുകയോ, ഒരു ഈച്ച പറന്നടുക്കുകയോ, കാലാവസ്ഥ തെല്ലുപ്രതികൂലമാകയോ ചെയ്താൽ എന്നുവേണ്ടാ എന്തുചെറിയ കാര്യത്തിനും ആവലാതിപ്പെടുന്നതോർത്തു് ലജ്ജിക്കേണ്ടതല്ലയോ?

ഏററം സുഖകരമായ രീതിയിൽ നടക്കാനും ഇരിക്കാനും ഞാൻ ആഗ്രഹിക്കാമോ? പാപഹേതുക്കളെ ഉപേക്ഷിച്ചു നേർവഴിയിൽക്കൂടെ നടക്കാൻ ഞാൻ എന്നെത്തന്നെ നിഗ്രഹിക്കേണ്ടതാണ്. ഈശോയാകട്ടെ പാപത്തിൽനിന്നു പൂർണ്ണവിമുക്തനാണ്, ഒരു പാപമേ ചെയ്തിട്ടില്ല.

10 ഈശോ എങ്ങനെയാണു നസറത്തിൽ ജീവിച്ചതു്? ഒരു നല്ല ശെമ്മാശനെപ്പോലെ അവിടുന്നു ജീവിച്ചു; അങ്ങനെയാണു ഞാൻ ജീവിക്കേണ്ടതും.

അവിടുന്ന് ഏകാകിയായി ജീവിച്ചു; ആരും അവിടുത്തെപ്പററി ഒന്നും അറിഞ്ഞിരുന്നില്ല. കാഴ്ചയിൽ അവിടുന്നു മറിയത്തിൻേറയും ഒരു തച്ചൻേറയും പുത്രനെപ്പോലെ ഇരുന്നു. അവിടുത്തേ ദിവ്യമായ

www.malankaralibrary.com

ഉത്ഭവത്തിൻേറയോ ഭാവിമഹത്വത്തിൻേറയോ യാതൊരടയാളവും കാണാനില്ലായിരുന്നു. അഹന്തയാൽ പ്രേരിതനായി എൻെറ സ്വാഭാവികാപദാനങ്ങളെ പൊന്തിച്ചു പിടിച്ചിരുന്ന എനിക്കു് എന്തൊരുപാഠം! ഇത്രയേറെ ബലഹീനതകളുള്ള എനിക്ക മൗനം ഭജിക്കാൻ എത്രമാത്രം ന്യായമുണ്ടു്! ഞാനും ഏകാന്തതയിൽ താമസിക്കേണ്ടതാണു്. ലോകത്തിൻെറ ആരാവാരങ്ങളിൽനിന്നു മാറി എൻെറ ഹൃദയത്തിൽനിന്നു സംസാരിക്കുന്ന ഈശോയുടെ സ്വരം ഞാൻ ശ്രവിക്കേണ്ടിയിരിക്കുന്നു.

ദൈവാനുഗ്രഹത്താൽ എനിക്കുണ്ടാകുന്ന ചെറിയ നേട്ടങ്ങൾ മറച്ചു വയ്ക്കുവാൻ ഞാൻ വളരെയേറെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ മായാസ്തുതി ആ നേട്ടങ്ങളെ നിർമ്മൂലമാക്കും. പിശാചു് അവ അപഹരിച്ചെടുക്കുകയും ചെയ്യും. എല്ലാം ബഹിർപ്രകാശിപ്പിക്കുവനുള്ള എൻെറ ഈ തൃഷ്ണ എവിടെ നിന്നാണാവോ? എൻെറ സ്വാത്മപ്രതിപത്തിയെ തൃപ്തിപ്പെടുത്തുവാൻ ഞാൻ പണിതീർക്കുന്ന ആകാശക്കോട്ടകളെന്താണാവോ? അഹങ്കാരം തന്നെ; അഹങ്കാരമല്ലാതെ വേറെയൊന്നുമില്ല. ആർക്കും എന്നെ കാണുവാൻ കഴിയാത്തതും യാതൊരുത്തനും എന്നോടു സമ്പർക്കം പുലർത്തുവാൻ കഴിയരുതാത്തതുമായ ഒരു വിജനപ്രദേശത്തു ഞാൻ ബന്ധിതനായിരുന്നെങ്കിൽ! പിന്നെ ആർക്കും എന്നെപ്പററി ഒന്നും സംസാരിക്കുവാൻ കഴിയുകയില്ല. ദൈവഹിതപ്രകാരം ഇതല്ല എൻെറ ദൈവവിളിയെങ്കിൽ, ഞാൻ സെമിനാരിയിൽ അറിയപ്പെടാതെ മാറി മാറി നടക്കുവാൻ കടപ്പെട്ടവനാണു്. ഒഴിവുകാലത്തു് എൻെറ മുറിയിൽ ഏകാന്തനായി ഞാൻ കഴിയണം. വി. തോമസ്സ് എന്നെ ഇപ്രകാരം ഉദ്ബോധിപ്പിക്കുന്നു. "സ്നേഹത്തിൻെറ അറയിലേക്ക പ്രവേശനം ആഗ്രഹിക്കുന്നുവെങ്കിൽ, നിൻെറ മുറിയിൽ നീ അടങ്ങിയൊതുങ്ങിക്കഴിയുക. എൻെറ നാമകാരണ മദ്ധ്യസ്ഥനായ വി. ജോൺബർക്ക്മാൻസിൻെറ ഏററവും പ്രിയപ്പെട്ട ഒരു ചൊല്ലാണു്, "ഞാൻ എൻെറ മുറി ഇഷ്ടപ്പെടുന്നു" വെന്നതു്. നസറത്തിൽ ഈശോ ഒരാശാരിയേപ്പോലെ പ്രഭാതം മുതൽ പ്രദോഷംവരെ പണിയെടുത്തുകൊണ്ടാണിരുന്നതു്, അഖിലലോകവും സൃഷ്ടിച്ചതും നക്ഷത്രങ്ങളെ യഥാസ്ഥാനങ്ങളിൽ സ്ഥാപിക്കുകയും ചെയ്ത കരങ്ങൾ, വാളും ഉളിയും തൻെറ ജോലിക്കു് ആവശ്യമായ ഇതരായുധങ്ങളുമെടുത്തിരുന്ന കരങ്ങൾ ഞാൻ ദർശിച്ചിരുന്നുവെങ്കിൽ! ഈശോ ദൈവവുംകൂടി ആയിരുന്നല്ലോ! വിശ്രമംകൂടാതെ വളരെയേറെ കൊല്ലം അവിടുന്നു് ആ ജോലിചെയ്തുപോന്നു. ലക്ഷോപലക്ഷം ആത്മാക്കളെ തന്നിലേക്കാനയിച്ചവനാണല്ലോ അവിടുന്നു്. മഹാത്യാഗംകൊണ്ടു മുദ്രവയ്ക്കപ്പെട്ട എത്രയും മഹത്തായ കൃത്യം നിർവ്വഹിക്കാനിരുന്ന ആ മഹാപുരോഹിതൻെറ സെമി

www.malankaralibrary.com

നാരി ഏകാന്തമായിരുന്നു. പ്രാത്ഥനയും ജോലിയും! മുപ്പതുകൊല്ലം കൊണ്ടു് എത്രപേരെ മാനസാന്തരപ്പെടുത്തുകയും പവിത്രീകരിക്കുകയും ചെയ്യാമായിരുന്നു! എത്ര അത്ഭുതങ്ങൾ പ്രവത്തിക്കാമായിരുന്നു! സ്വഗ്ഗസ്ഥനായ പിതാവു മറിച്ചാണു ദ്രശിച്ചിരുന്നതു്: മുപ്പതുകൊല്ലത്തെ അധ്വാനവും ഏകാന്തവും! അവിടുത്തെ ഇഷ്ടം നിറവേററണ്ടതായിരുന്നു; അവിടുന്നു് അപ്രകാരം ചെയ്തു.

അതുപോലെതന്നെ ബലിപീഠത്തിലേക്കുള്ള മാഗ്ഗത്തിലൂടെ ഒരു ദിവ്യകരം എന്നെ നയിച്ചുകൊണ്ടിരുന്നു. ഏകാന്തം, പ്രാത്ഥന, ജോലി! പ്രാത്ഥിച്ചുകൊണ്ടു് അധ്വാനിക്കുക! അധ്വാനിച്ചുകൊണ്ടു് പ്രാത്ഥിക്കുക. ഉത്സാഹപൂവ്വം പഠിക്കുകയാണു എൻെറജോലി പഠിക്കുക; വിജ്ഞാനത്തെക്കുറിച്ചു വീമ്പിളക്കാതിരിക്കുക. അക്ഷീണം പഠിക്കുക; പ്രകാശദാതാവും നിത്യപ്രകാശത്തിൻെറ പ്രതിബിംബവുമായ ഈശോയിലേക്കു് അടുക്കുക. പഠനംതന്നെ ഒരു പ്രാത്ഥനയാകത്തക്കവിധം പഠിക്കുക. ഈ ലോകത്തിൽ പഠനംകൂടാതെ മുന്നോട്ടു നീങ്ങുക സാധ്യമല്ല; നമ്മൾ അധ്വാനിച്ചേ മതിയാവൂ. നമുക്കു നല്ലഒരു പരിശ്രമംചെയ്യാം; സ്നേഹത്തെ പ്രതി അധ്വാനിക്കാം. അതാണു കത്താവു് ആവശ്യപ്പെടുന്നതു്. പ്രാത്ഥനാപരമായ ഏകാന്തതയോടെ നസറത്തിൽ ഈശോയോടു ചേന്നു ഞാൻ അധ്വാനിക്കും. എനിക്കു ലഭിക്കാൻ പോകുന്ന ഉദ്യോഗത്തിൻെറ ചുമതലകൾ നിവ്വഹിക്കാൻ വേണ്ടി ഞാനൊരുങ്ങും. വിജ്ഞാനവും സ്നേഹവും ആവശ്യമായ ഉദ്യോഗമാണെനിക്കു വരാൻ പോകുന്നതു്. പ്രേഷിതവേലയുടെ നക്ഷത്രമകുടംകൊണ്ടു് ഈശോ എന്നെ മകുടം ചാത്തുന്നതിനു ഞാൻ അർഹനാകണം.

11 ഇതാ എനിക്കു സഹായകമായ ഒരു ചിന്ത! ഈശോ ബെഥനിഗ്രാമത്തെ സമീപിക്കാറായപ്പോൾ ചിലർ മറിയത്തിൻെറ അരികെ ചെന്നു് അവിടുത്തെ ആഗമനത്തെപ്പററി സംസാരിച്ചു: "ഇതാ ഗുരു വന്നെത്തിയിരിക്കുന്നു; അവിടുന്നു നിന്നെ വിളിക്കുന്നു". എത്ര സുന്ദരമായ പദങ്ങൾ! തൻെറ ദിവ്യാതിഥിയെ അഭിവാദ്യം ചെയ്യാൻ മറിയം സ്നേഹപൂവ്വം ധൃതികൂട്ടുന്നതു ഭാവനം ചെയ്യുക. ഓരോ പ്രവൃത്തിയുടെ ആരംഭത്തിലും അടിക്കുന്ന മണി എന്നോടു് ഇങ്ങനെ പറയുന്നതായി ഞാൻ സങ്കല്പിക്കും: "ഇതാ ഗുരുവന്നു നിന്നെ വിളിക്കുന്നു". പഠിക്കാനും വിശ്രമിക്കാനും നടക്കാനും ഗുരുവായ ഈശോ വന്നു് എന്നെ വിളിക്കുന്നുവെന്നോക്കുമ്പോൾ, ഈശോ നിദ്ദേശിക്കുന്നതുപോലെ എൻെറ കൃത്യങ്ങൾ നിവ്വഹിക്കാതിരിക്കുവാൻ എനിക്കെങ്ങനെ കഴിയും?

www.malankaralibrary.com

12 മാരകപാപം! എന്തൊരു നീചത്വം! അതിനെപ്പററി ചിന്തിക്കുമ്പോൾ ഞാൻ വിറച്ചുപോകുന്നു: പാപദോഷത്തിന്റെ ഗൗരവവും അതു വരുത്തിക്കൂട്ടുന്ന ദ്രോഹവും പരിഗണിക്കുകയാണെങ്കിൽ അതും മാരകപാപംപോലെ വജ്ജിക്കേണ്ടതാണു്. അതു നരകത്തിനു നമ്മളെ യോഗ്യമാക്കുകയോ ദൈവവരപ്രസാദം നഷ്ടപ്പെടുത്തുകയോ ചെയ്യുന്നില്ലെങ്കിലും, അതു ദൈവത്തെ വെറുപ്പിക്കുന്നതുതന്നെ. ശരി ദൈവത്തെ സദാ പൂണ്ണമായി സ്നേഹിക്കുവാൻ ഞാനാഗ്രഹിക്കുകയാണെങ്കിൽ അവിടുത്തേക്കു് അതൃപ്തി നല്കുന്ന ലഘുവായ കൃത്യങ്ങൾ പോലും ഞാൻ വജ്ജിക്കേണ്ടിയിരിക്കുന്നു. സ്നേഹം അത്രസൂക്ഷ്മമാത്രം വികാരസ്പൎശകമാണു്.

എന്റെ ദൈവമേ, മാരകപാപം ചെയ്തു് ഞാൻ അങ്ങയെ ദ്രോഹിക്കുമേ? ഇല്ല, ഇല്ല! പാപദോഷങ്ങളും ദൂരെപ്പോകട്ടെ; പ്രത്യേകിച്ചു് അതിനോടുള്ള മമത. എന്റെ ആത്മാവിൽ ഒരു പാപദോഷം ഉണ്ടായിരിക്കുന്നതിനേക്കാൾ മരണം എനിക്കു ഭേദം. കത്താവേ, എന്റെ ആത്മാവു നിമ്മലവും കളങ്കരഹിതവും അങ്ങയുടെ പരിശുദ്ധ ദൃഷ്ടിയിൽ പ്രീതികരവുമായിരിക്കുന്നതിനു്. അങ്ങു് എന്നെ സഹായിക്കുക. ഞാൻ അങ്ങയുടെ സ്നേഹമസൃണമായ മാറിൽ ചാരിക്കിടക്കട്ടെ: ആരും എന്നെ അങ്ങയുടെ അടുക്കൽനിന്നു വലിച്ചിഴക്കാതിരിക്കട്ടെ. എന്നിൽ എന്തൊക്കെയാണുള്ളതെന്നു് അങ്ങേക്കു് അറിയാം; എന്തെല്ലാം തിന്മകളാണു് എന്നിൽ വേരൂന്നിയിട്ടുള്ളതെന്നും അങ്ങേക്കു നിശ്ചയമുണ്ടു്. മാൎഗ്ഗമദ്ധ്യേ വീണുപോകാതിരിക്കാൻ അങ്ങയുടെ കരം നീട്ടി എന്നെ നയിക്കുക. എന്റെ ആത്മാവിനെ വിരൂപമാക്കുന്ന തിന്മകൾ ഞാൻ ഗ്രഹിക്കുന്നതിനു് എന്റെ ബുദ്ധിയെ അങ്ങു പ്രകാശിപ്പിക്കുക. അനന്തസ്നേഹത്തിനു യോഗ്യനായ അങ്ങയെ തൃപ്തിപ്പെടുത്തുവാൻ ഉജ്ജ്വലമായ ആഗ്രഹം എനിക്കു നല്കുക.

13 എന്റെ ചുമതലകൾ, അഥവാ ഒരു ശെമ്മാശനുണ്ടായിരിക്കേണ്ടഗുണങ്ങൾ നാലാണു്, ഭക്തി, പഠനതൃഷ്ണ, ആത്മപരിത്യാഗം, സ്വഭാവദാർഢ്യം. അതെ, വാനവസദൃശമായ ഭക്തി! അക്ഷീണമായപഠനം! അനുസ്യൂതമായ ആശാനിഗ്രഹം, സർവ്വോപരി സ്വാത്മനിഗ്രഹവും കണ്ണടക്കവും ഒരു യഥാൎത്ഥ പുരോഹിതനുണ്ടായിരിക്കേണ്ട സ്വഭാവഗുണം. ബാഹ്യഭാവം നടപടി, വസ്ത്രം, സംഭാഷണം എന്നിവയിലാണു പുരോഹിതസ്വഭാവവിശേഷം പ്രകടമാകുന്നതെന്നത്രേ ടൈൻറ്സൂനഹദോസു പറയുന്നതു്.

www.malankaralibrary.com

## 9 വി: അലൂഷ്യസ് ഗൊൺസാഗായുടെ മാധ്യസ്ഥ്യത്തിൽ ഈശോയുടെ തിരുഹൃദയത്തോടു ചെയ്യുന്ന വാഗ്ദാനം

**1900 ഫെബ്രുവരി 27.**

ഒരു ക്രിസ്ത്യാനിയും ഒരു സെമ്മിനാരി വിദ്യാർത്ഥിയുമെന്ന നിലയിൽ എൻെറ എത്രയും പ്രധാനമായ ചുമതല ഈശോയുടെ ദിവ്യശുശ്രൂഷയും അവിടുത്തേ പരിശുദ്ധമായ സ്നേഹത്തിനും എന്നെ പൂർണ്ണമായിപ്രതിഷ്ഠിക്കുകയാണെന്നു ദൈവാനുഗ്രഹത്താൽ എനിക്കു പരിപൂർണ്ണബോധ്യം വന്നിട്ടുണ്ട്.

ഈശോയുടെ ദിവ്യമായ പരിപൂർണ്ണതയും അവിടുത്തേ എത്രയും പരിശുദ്ധ ഹൃദയത്തിൻെറ അതിരററസ്നേഹവും പരിഗണിക്കുമ്പോൾ ഒരു സാധുസൃഷ്ടിയായ ഞാൻ അവിടുത്തെ എത്രമാത്രം സ്നേഹിക്കേണ്ടതാണെന്ന് എനിക്കു മനസ്സിലാകുന്നുണ്ട്. പരിപൂർണ്ണതയുടേയും പൂർണ്ണസ്നേഹത്തിൻേറയും മാർഗ്ഗത്തിൽക്കൂടെ ഞാൻ നടക്കുമ്പോൾ മേൽപറഞ്ഞ ബോധ്യം എന്നെ ഇളക്കിമറിക്കുകയാണ്. മാരകപാപവും പാപദോഷവുംവഴി എൻെറ പരിശുദ്ധമായ ചുമതലയിൽ വന്നുപോയേക്കാവുന്ന പരാജയവും ഞാൻ ചിന്തിക്കുന്നുണ്ട്. പാപദോഷത്തിനു ഗൗരവം സ്വല്പം കുറവുണ്ടെങ്കിലും ഈശോയ്ക്കെതിരായ ഒരു മഹാദ്രോഹമാണ്! പരിപൂർണ്ണസ്നേഹത്തിൽ നിന്ന് അതെന്നെ വ്യതിചലിപ്പിക്കുന്നു.

ആകയാൽ അനുഗ്രഹത്തിൻെറ 1900-ാമാണ്ട് എൻെറ പത്തൊമ്പതാമത്തേ വയസ്സിൽ ജ്ഞാനധ്യാനത്തിൻെറ അന്തിമദിവസം അതായതു ഫെബ്രുവരി 27-ാംനു ദിവ്യകാരുണ്യം വഴി ഈശോയുടെ തിരുഹൃദയത്തോടു കൂദാശപ്രകാരം ഐക്യപ്പെട്ടിരിക്കേ, എൻെറ പരിശുദ്ധ അമ്മയായ അമലോത്ഭവ മറിയത്തിൻെറയും അവിടുത്തേ വിരക്തഭർത്താവും എൻെറ പ്രധാന സംരക്ഷകനുമായ വി. യൗസേപ്പിൻെറയും എൻെറ മദ്ധ്യസ്ഥന്മാരായ എല്ലാ വിശുദ്ധന്മാരുടേയും എൻെറ കാവൽമാലാഖായുടേയും സ്വർഗ്ഗവാസികളുടേയും സന്നിധിയിൽ, ഒരു സെമ്മിനാരി വിദ്യാർത്ഥിയും പാപിയുമായ ഞാൻ ആഞ്ചെലോ ജോസഫ് എൻെറ ഈ പ്രവൃത്തിക്കുണ്ടാകാവുന്ന സകല ശക്തിയോടും പ്രതാപവിശേഷത്തോടുംകൂടെ ഈശോയുടെ തിരുഹൃദയത്തോടു വാഗ്ദാനം ചെയ്യുന്നു. ഇന്നും എല്ലാക്കാലത്തും ദൈവാനുഗ്രഹത്താൽ ബോധപൂർവ്വമായ പാപദോഷത്തോടുള്ള പ്രതിപത്തിയൊക്കെയിൽനിന്നും ഓടിയകന്നു

www.malankaralibrary.com

കൊള്ളാമെന്നു് എൻെറ ബലഹീനത നിമിത്തം സ്വയപരിശ്രമം കൊണ്ടു് ഈ വാഗ്ദാനം ഭാവിയിൽ പാലിക്കാമെന്നു് എനിക്കുറപ്പില്ലാത്തതിനാൽ ബോധത്തിലും ഹൃദയത്തിലും നിർമ്മലനും പാപത്തിൻെറ സകല കളങ്കത്തിൽനിന്നും സർവ്വഥാസ്വതന്ത്രനും വാനവസദൃശനായ യുവാവുമായ വി. അലൂഷ്യസ് ്ഗോൺസാഗയുടെ കരങ്ങളിൽ എൻെറ വാഗ്ദാനം ഞാൻ ഏല്പിക്കുന്നു. ഇതിനു് അദ്ദേഹത്തെ എൻെറ പ്രത്യേക മദ്ധ്യസ്ഥനും സംരക്ഷകനുമായി തെരഞ്ഞെടുക്കുന്നു. കൃപാലുവും സ്നേഹശാലിയുമായ അലൂഷ്യസിനോട്ടു്ഈ വാഗ്ദാനം സ്വീകരിച്ചു സംരക്ഷിക്കുവാൻ കനിയണമെന്നും വാഗ്ദാനപാലനത്തിനു പ്രാർത്ഥനകൊണ്ടു് എന്നെ സഹായിക്കണമെന്നും ഞാൻ യാചിക്കുകയും അപേക്ഷിക്കുകയും ചെയ്യുന്നു.

എത്രയും മാധുര്യമുള്ള ഈശോ, അങ്ങയോടുള്ള എൻ്റെ സ്നേഹത്തിൻ്റെ—അഥവാ എൻ്റെ ഹൃദയമൊക്കെയോടും കൂടെ അങ്ങയെ സ്നേഹിക്കുവാനും എൻ്റെ സ്നേഹിതനും, പിതാവും മണവാളനുമായ അങ്ങയോടുള്ള സ്നേഹത്താൽ എരിയുവാനുമുള്ള എൻെറ അത്യുജ്ജ്വലമായ അഭിലാഷത്തിൻെറ-ഒരു ലഘുസാക്ഷ്യമായി ഈ വാഗ്ദാനത്തെ സ്വീകരിക്കുവാൻ കനിയണമേയെന്നു ഞാനപേക്ഷിക്കുന്നു. നിലനില്പിനുള്ള അങ്ങയുടെ കൃപാവരം നല്കുക. ശിഷ്യന്മാരിൽ നിന്നു വേർപിരിയുതിനുമുമ്പു് അങ്ങു അവരോട്ടു് അരുൾചെയ്തതുപോലെ, അങ്ങയുടെ പ്രസാദവരം കൂടാതെയാതൊന്നുംസാധ്യമല്ല. എനിക്കും അതുനന്നായറിയാം

ഞങ്ങളോടുള്ള സ്നേഹത്താൽ എരിയുന്ന ഈശോയുടെ തിരുഹൃദയമേ, അങ്ങയോടുള്ള സ്നേഹത്താൽ ഞങ്ങളുടെ ഹൃദയങ്ങളെ ഉജ്ജ്വലിപ്പിക്കണമെ.

## 10 വിശുദ്ധവത്സരം 1900-ഈശോ, മറിയമേ, യൗസേപ്പേ!

### ആഗസ്റ്റ് 22– ാംനു ബുധനാഴ്ച – മാസധ്യാനം

എൻെറ ചിന്തകളും എൻേറതായി ഞാൻകരുതുന്ന നേട്ടങ്ങളുമൊക്കെ എഴുതിവയ്ക്കാൻ ഇന്നു ധ്യാനവേളയിൽ എനിക്കു തോന്നി. ഈ പ്രാവശ്യം ഞാൻ ആ വിചാരത്തെ എതിർത്തില്ല, ഇന്നത്തേ ധ്യാനത്തിൽ നിന്നു് എന്തുതീരുമാനങ്ങളാണു ഞാനെടുത്തിട്ടുള്ളതു്? ഞാൻ ഈശോയുടെ തിരുഹൃദയത്തിനു സംപ്രീതനായ ഒരു സെമ്മിനാരിവിദ്യാർത്ഥിയാകണമെങ്കിൽ ഇനിയും പലതു ഞാൻ ചെയ്യാനുണ്ടു്. എളിമയെ സംബന്ധിച്ചു പറയുകയാണെങ്കിൽ അതിൻെറ ഒരു നിഴൽ

www.malankaralibrary.com

മാത്രമാണ് എന്നിലുള്ളതു്. എൻെറ ഉള്ളിൽ വളരെയേറെ അഹ ങ്കാരമുണ്ടു്.; അതിൻെറ അവകാശങ്ങൾ ശ്രവിക്കുവാൻ അതെന്നെ പ്രേരിപ്പിച്ചുകൊണ്ടിരിക്കയാണു്. സ്നേഹത്തെ സംബന്ധിച്ചു പറയുക യാണെങ്കിൽ എനിക്കു കുറെയൊക്കെ തീക്ഷ്ണതയുണ്ടു്; അഥവാ അ ങ്ങനെയുണ്ടെന്നു ഞാൻ വിചാരിക്കുന്നു. ചില നല്ല ആഗ്രഹങ്ങൾ എ നിക്കുണ്ടു്. എല്ലാം സഹിക്കുവാൻ സന്നദ്ധതയുള്ള വിശുദ്ധന്മാരുടെ സ്നേഹത്തിൽ നിന്നു്, ദൈവത്തോടും ഈശോയുടെ തിരുഹൃദയത്തോടുമു ള്ള അവരുടെ ഉദാരസ്നേഹത്തിൽ നിന്നു് ഞാനെത്രമാത്രം അകന്നാണി രിക്കുന്നതു്. ഏതായാലും അതിനോടു് അടുത്തുറകൊണ്ടാണിരിക്കുന്ന തെന്നു നമുക്കുകരുതാം. അമലോത്ഭവ മാതാവിൻെറ സഹായത്താൽ വി ശുദ്ധപുണ്യത്തിനെതിരായ പ്രലോഭനങ്ങൾ എനിക്കുണ്ടാകുന്നില്ല. എ ന്നാൽ എൻെറ ശിരസ്സിൽ രണ്ടു നേത്രങ്ങളുണ്ടെന്നും അവ ആവശ്യ ത്തിൽ കൂടുതൽ കാണാൻ വെമ്പൽ കൊള്ളുന്നുവെന്നും ഞാൻ ഏററു പറയുന്നു. അവ ചിലപ്പോൾ ഞാനറിയാതെ ആത്മാവിനെ അപഥ സഞ്ചാരിയാക്കുന്നുണ്ടു്. എൻെറ പ്രത്യേക സംരക്ഷകനും മോഡലുമാ യ ഫ്രാൻസിസ്സ്സെയിൽസുപുണ്യവാനിൽ പ്രശോഭിച്ചിരുന്ന ശാന്തത, ക്ഷമ, ആർദ്രത മുതലായ പുണ്യങ്ങളുടെ അഭ്യാസത്തെ സംബന്ധിച്ചി ടത്തോളം വിലപിക്കുവാനൊന്നുമില്ലെങ്കിലും എനിക്കുവേണ്ടിടത്തോളം പുരോഗമിക്കുവാനോ ദൈവവരപ്രസാദംകൊണ്ടു സമ്പാദിക്കാവുന്നിട ത്തോളം അവ സമ്പാദിക്കാനോ എനിക്കു കഴിഞ്ഞിട്ടില്ല. ചിലപ്പോൾ സംഭാഷണമദ്ധ്യേ ഞാൻ ക്ഷോഭിച്ചുപോകുന്നു; ചിലപ്പോൾ കുടുംബാം ഗങ്ങളോടു പരുഷത പ്രകാശിപ്പിക്കുവാനിടയാകുന്നു. ഉപചാരം ചില പ്പോൾ മതിയാകുന്നില്ല. മററുപലതെററുകളുമുണ്ടു്. എൻെറ ഭക്താഭ്യാ സങ്ങളെപ്പററി ഒന്നും പറയാതിരിക്കുകയാണു നല്ലതു്; അവയിൽ ജപ മാല പ്രത്യേകിച്ചും തീരെ അതൃപ്തികരമാണു്. ധ്യാനം ഏതായാലും കഴിഞ്ഞു; ഇനികാര്യമായിട്ടു് ആരംഭിക്കാം.

പരിശുദ്ധമായി ജീവിക്കാനുള്ള എൻെറ പ്രതിജ്ഞ ഞാൻ ന വീകരിക്കുന്നു. ഈശോയുടെ സ്നേഹമുള്ള ഹൃദയമേ, എന്റെ ഈശോ, അങ്ങു് ആഗ്രഹിക്കുന്നതുപോലെ അങ്ങയെ സ്നേഹിക്കാനും അങ്ങയുടെ ചൈതന്യത്താൽ പൂരിതരായിത്തീരാനും ഞാനാഗ്രഹിക്കുന്നുവെന്നു ഞാൻ ശപഥപൂർവ്വം ഏറ്റുപറയുന്നു. കുറേ അടികൾ മുന്നേറുന്നതിനു് ഇന്നും എല്ലായ്പോഴും നാലുകാര്യങ്ങൾ ചെയ്യാമെന്നു ഞാൻ പ്രതിജ്ഞ ചെയ്യുന്നു. ഒന്നാമതായി ഈശോയോടു് ഐക്യപ്പെടണം. പ്രഭാത ത്തിൽ എഴുന്നേല്ക്കുന്നതു മുതൽ രാത്രിയിൽ കണ്ണടയ്ക്കുന്നതുവരെയും എന്നു വേണ്ടാ രാത്രി സ്വപ്നത്തിൽക്കൂടിയും അവിടുത്തെ ഹൃദയത്തിൽ ഏകാ

www.malankaralibrary.com

ഗ്രതയോടെ കഴിയണം. "ഞാൻ നിദ്രയിലായിരുന്നു; എന്നാൽ എന്റെ ഹൃദയം ഉണൎന്നിരുന്നു". ജപമാല ശരിയായി ചൊല്ലാൻ ഞാൻ എല്ലാ പരിശ്രമവും ചെയ്യണം. രണ്ടാമതായി, ചെയ്യുന്നതു ശരിയായി ചെയ്യുക, എന്ന പഴമൊഴി ഞാൻ വിസ്മരിക്കരുതാത്തതാകുന്നു. സകല പ്രവൃത്തികളും മനസ്സമാധാനത്തോടെ വേണം ചെയ്യാൻ. മൂന്നാമതായി വചനത്തിലും നോട്ടത്തിലും അങ്ങേയററം ഞാൻ അടക്കം പാലിക്കേണ്ടിയിരിക്കുന്നു. ഇതിൻെറ സാരം സ്പഷ്ടമാണല്ലോ. നാലാമതായി വേണ്ടതു പ്രശാന്തത, സമാധാനം, സന്തുഷ്ടി, ഉപചാരബോധം, നിഷ്കളങ്കത, ഹൃദയാവജ്ജകത്വം, ആത്മാൎത്ഥത; എന്നാൽ ഭീരുത്വമോ, കൊള്ളരുതായ്മയോ, കോപഭാവമോ, അലസതയോ അരുതു്. ഒരു കാൎയ്യംകൂടി പറയേണ്ടിയിരിക്കുന്നു: എൻെറ ഉററമിത്രങ്ങളുടേയോ മററു വല്ലവരുടേയോ പരാജയങ്ങളെപ്പററി സംസാരിക്കുന്നതു് എൻെറ പ്രശംസയ്ക്കായി ഭവിക്കുമെങ്കിൽ അവയെപ്പററി മിണ്ടാതിരിക്കുകതന്നെ വേണം. അഥവാ, അവയെപ്പററി സംസാരിക്കേണ്ടിവരികയാണെങ്കിൽ, സംയമനപൂൎവ്വം സംസാരിക്കണം. അവരുടെ പരാജയങ്ങൾ മൂടിവച്ചുകൊണ്ടു നല്ലവശങ്ങളുള്ളതു ഞാൻ പറയും. അവരുടെ പരാജയങ്ങൾ വെളിപ്പെടുത്തുന്നതുകൊണ്ടു് എൻെറ ഉള്ളിൽ ഒളിച്ചിരിക്കുന്ന മായാസ്തുതി പ്രകടമാകുയേ ഉള്ളൂ. ഇവയാണു് എൻെറ ധ്യാനത്തിൻെറ ഫലങ്ങൾ.

ഓ ഈശോ, അങ്ങയെ സ്നേഹിക്കുവാനും അങ്ങയുടെ യഥാൎത്ഥ ശുശ്രൂഷകനാകാനുമുള്ള എൻെറ അഗാധാഗ്രഹം അങ്ങു കാണുന്നുണ്ടല്ലോ! നന്മ ചെയ്യാനുള്ള ആഗ്രഹം എനിക്കു തരിക. ഈ വിനീത പ്രതിജ്ഞകൾ എനിക്കു പാലിക്കുവാൻ കഴിയുമോ? ഓ ഈശോ, അങ്ങയുടെ പ്രസാദവരത്തിൽ എനിക്കു മഹാപ്രതീക്ഷകളാണുള്ളതു്.

## ആഗസ്റ്റ് 22-ാംനു ബുധനാഴ്ച വൈകുന്നേരം.

പ്രത്യേക കാരണമൊന്നുമില്ലെങ്കിൽ സായംകാലത്തു് ഇടവകവികാരിയെ സന്ദൎശിക്കുക ദിവ്യകുൎബാനയിൽ ഈശോയെ സന്ദൎശിച്ചശേഷം മാത്രമായിരിക്കും. ഇതിനും പുറമേ, ഇന്നു പ്രഭാതത്തിലെടുത്ത പ്രതിജ്ഞകളെല്ലാം ഞാനുറപ്പിക്കുന്നു. പ്രതിജ്ഞയെടുക്കുന്നതും പ്രതിജ്ഞ നിറവേറ്റുന്നതും വെവ്വേറെ കാൎയ്യങ്ങളാണു്.

## ആഗസ്റ്റ് 23-ാംനു വ്യാഴാഴ്ച സായംകാലം.

ആകപ്പാടെ ഇന്നു വലിയ മോശമായിട്ടില്ല. സെമ്മിനാരിയിലെ സഹപാഠികളോടു സംസാരിക്കുമ്പോൾ ഞാൻ വളരെ ശ്രദ്ധിക്കേ

www.malankaralibrary.com

ണ്ടിയിരിക്കുന്നു. ഒളിവിൽ നിന്നു് എന്റെ മായാസ്തുതി പുറത്തുചാടി. ഒരു വലിയ ആളാകാൻ ഭാവിക്കുന്ന സന്ദർഭങ്ങളുണ്ടാകുമ്പോൾ ഞാൻ കൂടുതൽ സൂക്ഷിക്കണം. ഈശോയുടെ തിരുഹൃദയത്തെപ്പററി ചെയ്യാനുള്ള പ്രസംഗത്തെപ്പറ്റി ഞാൻ തീരെ ആകുലനാകരുതു്. ആകുലത ചിന്താക്കുഴപ്പം വരുത്തുകയേ ഉള്ളൂ. ഫലം മോശവുമായിരിക്കും. ഞാൻ കുഴപ്പം സൃഷ്ടിക്കുകയാണു ചെയ്യുക. ഓ ഈശോ എന്റെ സ്തുതികൾ അങ്ങു സ്വീകരിക്കുക.

## ആഗസ്റ്റ് 24 -ാം നു- വെള്ളിയാഴ്ച സായംകാലം;

ക്രിസ്ത്വാനുകരണത്തിൽ നാം വായിക്കുന്നതുപോലെ, ചിലകാലങ്ങളിൽ മനുഷ്യന്റെ അധമഭാഗം അവനു് ഇഷ്ടമുണ്ടെങ്കിലും ഇല്ലെങ്കിലും അവന്റ ഉത്തമാംശത്തിൻെറമേൽ ഭരണം നടത്തി അതിനെ നശിപ്പിക്കുന്നുവെന്നതു വാസ്തവമാണു്. ഇന്നു മദ്ധ്യാഹ്നത്തിനുശേഷം സംഭവിച്ചതു കാണുക. ഫലപ്രദമായി പഠിക്കുവാൻ ഞാൻ പണിപ്പെട്ടെങ്കിലും എനിക്കു് ഒന്നുംചെയ്യാൻകഴിഞ്ഞില്ല, എല്ലാം എനിക്കു് അരോചകമായിരുന്നു: പ്രസംഗവും, വായനയും, എല്ലാമെല്ലാം എനിക്കു് അനിഷ്ടകരയിത്തോന്നി. ഞാൻ എന്തുചെയ്യും? എങ്കിലും ദൈവത്തിനു സ്തുതിയായിരിക്കട്ടെ. എന്തുതന്നെ സംഭവിച്ചുകൊള്ളട്ടെ! നാം അവിടുത്തെകരങ്ങളിലാണു്. പഠിക്കുവാനും മഹാനാകാനുമുള്ള എന്റെ അതിമോഹത്തെ നിഗ്രഹിക്കുവാൻ അതു നല്ല ഒരു സന്ദർഭമായി. ഇക്കാര്യത്തിലും നല്ല ഈശോ എന്നെ സഹായിച്ചു. ഒരു പുസ്തകം തുറന്നുകഴിയുമ്പോഴേക്കു ഞാനതു് അടച്ചുവേറൊന്നെടുക്കും. ഏതായാലും ഞാൻ അലസനായിരുന്നില്ല; തന്നിമിത്തം പിശാചിനെ തോല്പിക്കുവാൻ എനിക്കു കഴിഞ്ഞു. ദൈവത്തിനുസ്തുതിയായിരിക്കട്ടെ. ആ ജപമാല ഈ സായാഹ്നത്തിലും മോശമായി. ഏതായാലും മനഃപൂർവ്വമല്ല ഇങ്ങനെ സംഭവിക്കുന്നതു്. എന്റെ വിചാരങ്ങൾ പാറിപ്പറക്കുന്നുവെന്നു തോന്നുമ്പോഴെല്ലാം ഞാൻ ഏകാഗ്രനാകാൻ ഉത്സാഹിച്ചിരുന്നു.

എന്റെ അമ്മേ, എന്റെ നാഥേ, അങ്ങുതന്നെ വല്ലതും ഇക്കാര്യത്തിൽ ചെയ്യുതരണം; സ്വതവേ ഞാൻ നിസ്സഹായനാണു്.

## ആഗസ്റ്റ് 25 -ാംനു- ശനിയാഴ്ച സായംകാലം

എന്റെ ദിവ്യകാരുണ്യ സന്ദർശനം മൂകമായിരുന്നു; എന്റെവിചാരം അവിടെയെങ്ങുമായിരുന്നില്ല. ജപമാലയെപ്പററിയും അതുതന്നെ പറയാവുന്നതാണു്. മഹാവിശുദ്ധന്മാരെ അനുകരിക്കാനാണു്

www.malankaralibrary.com

എൻെറ പ്രതിജ്ഞ; എന്നാൽ ഒരു സാധാരണ ക്രിസ്ത്യാനിയുടെ ചുമതലകൾപോലും യഥാർഹം നിർവ്വഹിക്കുവാൻ എനിക്കുകഴിയുന്നില്ല, ഓ ഈശോ, അങ്ങാണ് എൻെറ പ്രതീക്ഷയും അഭയവും.

## ആഗസ്റ്റ് 26 -ാംനു ഞായറാഴ്ച സായംകാലം.

ഞായറാഴ്ച കർത്തൃദിനമാണ്; തന്നിമിത്തം അന്നുകൂടുതൽ ഏകാഗ്രത ഉണ്ടാകേണ്ടതായിരുന്നു. എന്നാൽ മറിച്ചാണ് അനുഭവം! എന്റെ വിചാരങ്ങളെ നിയന്ത്രിക്കുന്നതു സംബന്ധിച്ച് ബുധനാഴ്ച എടുത്ത പ്രതിജ്ഞകൾ ഇത്രവേഗം വലിച്ചെറിയുകയോ? ഇങ്ങനെ സംഭവിക്കാതിരിക്കുന്നതിനു് ഓ കാരുണ്യവാനായ ഈശോ, എനിക്കു ശക്തിനല്കണമേ. വി. അലക്സാണ്ഡറിനു പ്രതിഷ്ഠിതമായ ദിവസമാണല്ലോ ഇന്നു്; അല്ലയോ പുണ്യവാനേ, അങ്ങയുടെ പുണ്യവും ശക്തിയും നന്മചെയ്യുന്നതിലുള്ള ധൈര്യവും എനിക്കുനല്കുക.

## ആഗസ്റ്റ് 28-ാംനു ചൊവ്വാഴ്ച

കഴിഞ്ഞ രാത്രി എൻെറ ആത്മശോധനയുടെ ഫലങ്ങൾ എഴുതിവയ്ക്കുന്നകാര്യം ഓർത്തതേയില്ല. ഇന്നുപലകാര്യങ്ങളും ശ്രദ്ധിക്കേണ്ടതായി കാണുന്നുണ്ടു്. അലസമായകാരണങ്ങളെച്ചൊല്ലി ഇന്നു വി. കുർബാനയുടെ സന്ദർശനം നീട്ടിവച്ചു; പിന്നീടു് അതു് അതിവേഗം ശ്രദ്ധകൂടാതെ നിർവ്വഹിച്ചു. അതു് ഈശോയ്ക്കു് ഇഷ്ടമാകാത്ത കാര്യമാണു്; എനിക്കതു തീരെ ബഹുമാനവുമല്ല. അല്ലയോ എൻെറ നല്ലചങ്ങാതി, നിൻെറ നാവിനെ നീ ശരിയായി സൂക്ഷിക്കണം. നിൻെ സംസാരത്തിൽ നിന്നാണു, പ്രത്യേകിച്ചു സഹവിദ്യാർത്ഥികളോടു സംസാരിക്കുമ്പോഴാണു നിൻെറസ്വാർത്ഥസ്നേഹം പുറത്തുവരുന്നതു്. ഞാൻ പറയുന്നതു ശുദ്ധഅബദ്ധമാകട്ടെ, സത്യമാകട്ടെ, സ്വാർത്ഥസ്നേഹം അതിൽ ഒളിച്ചിരിക്കുന്നുണ്ടാകും. സംഭാഷണംകഴിയുമ്പോൾ എനിക്കു് എന്നോടു് അതൃപ്തിതോന്നുന്നു. എൻെറ ഗുരുവായ കാരുണ്യവാനീശോ എൻെറ ഹൃദയത്തിലിരുന്നു പറയുന്നു തനിക്കും തൃപ്തിതോന്നുന്നില്ലെന്നു്. വാസ്തവത്തിൽ വളരെയേറെ സുകൃതജപങ്ങൾആവശ്യമാണു്. ഈശോയുടെ തിരുഹൃദയത്തിൽ ചെന്നു പതിക്കുന്ന സ്നേഹാസ്ത്രങ്ങളാണവ. അവ ക്രിസ്തീയസ്നേഹം വർഷിക്കുന്നു. എൻെറ മോഡലായ വി. ഫ്രാൻസിസു സെയിൽസിൽ നിന്നു് എത്രവിദൂരത്താണു ഞാൻ സ്ഥിതിചെയ്യുന്നതു്! ഓ ഈശോ, ഈ അകൽച്ചയിൽ എനിക്കു മഹാസങ്കടമുണ്ടു്, അതുമനസ്സിലാകുമ്പോൾ ഞാൻ അനുതപിക്കുന്നു; എന്നോടുതന്നെ എനിക്കു് വെറുപ്പുതോന്നുന്നു. ഞാൻ അങ്ങയോടു് അടുക്കുമ്പോഴെല്ലാം അങ്ങയുടെ

www.malankaralibrary.com

എളിമയും ശാന്തതയും അനുകരിക്കുവാനുള്ള അതിതീക്ഷ്ണമായ ഒരാഗ്രഹം എന്റെ ഹൃദയത്തിൽ വളൎന്നുവരുന്നതു് എനിക്കു് അനുഭവവേദ്യമാകുന്നുണ്ടു്. എത്രയും കാരുണ്യവാനായ ഈശോ, എന്റെ സഹായത്തിനു് അണ്ടുവരിക. ശാസിക്കുമ്പോൾക്കൂടി മധുരമായ അങ്ങയുടെ സ്വരം ഞാൻ ശ്രവിക്കട്ടെ; അതെ, "അങ്ങയുടെ സ്വരം ഞാൻ ശ്രവിക്കട്ടെ," (ഉത്ത 2, 14) ഓ ഈശോ, എന്റെ ഹൃദയം അങ്ങേക്കായി കേഴുന്നു. ആരോടും ഒരു വൈരാഗ്യവും എനിക്കില്ലെന്നു് ഉറപ്പിച്ചു് പറയുവാൻ എനിക്കു കഴിയും. അങ്ങു് എന്നെ കടാക്ഷിക്കുകയാണെങ്കിൽ, ശേഷമെല്ലാം ശരിയായിക്കൊള്ളും.

ഈശോമറിയമേ യൗസേപ്പേ!

## ആഗസ്റ്റ് 29 ാം – നു ബുധനാഴ്ച സായംകാലം.

ഇന്നു് ആകപ്പാടെ മോശമായിട്ടില്ല. എന്നാൽ ഒന്നു തീൎച്ചതന്നെ: ദിവ്യകാരുണ്യസ്വീകരണമില്ലാത്ത ദിവസങ്ങളിൽ എന്തോ കുറവുണ്ടു്. കന്യകാമറിയത്തിന്റെ പിറവിത്തിരുനാളിനുള്ള നൊവേനദിവസങ്ങളിൽ എന്റെ അഭിരുചിക്കു് അനുയോജ്യമായി യാതൊന്നും ഞാൻ ഭക്ഷിക്കുകയില്ല. പഴങ്ങൾ ധാരാളമുള്ള ഇക്കാലത്തു് എന്റെ ബലഹീനതയ്ക്കു വളരെയേറെ സ്ഥാനമുണ്ടു്,

ഇന്നുവൈകുന്നേരം നിസ്സാരമെങ്കിലും എന്റെ മനസ്സമാധാനം നശിപ്പിക്കാനിടയായ ഒരു സംഭവമുണ്ടായി. അതു് എന്നെ അഗാധമായി സ്പൎശിച്ചു. ഞാൻ പറഞ്ഞ ഒരുകാരം എന്റെ അമ്മയെ വേദനിപ്പിച്ചു. ഒരുവിഷയത്തെ സംബന്ധിച്ചു് അറിയുവാൻ അമ്മ പ്രദൎശിപ്പിച്ച ആഗ്രഹത്തെ ഞാൻ കുററപ്പെടുത്തി. അമ്മയ്ക്കു് അതു് അങ്ങേയറ്റം അനിഷ്ടമായിത്തോന്നി. ഞാൻ അമ്മയിൽ നിന്നു തീരെ പ്രതീക്ഷിക്കാതിരുന്ന പലതും അമ്മ എന്നോടു പറഞ്ഞു. ദൈവമാതാവും വിശുദ്ധരും കഴിഞ്ഞാൽ വേറെയാരെയും ഞാൻ ഇത്രമാത്രം സ്നേഹിച്ചിട്ടില്ല. ഞാൻ അമ്മയോടു തീരെ മര്യാദയില്ലാതെയും ശാന്തതകൂടാതെയും ഉപചാരരഹിതമായുമാണു പെരുമാറുന്നതെന്നുകേട്ടപ്പോൾ എനിക്കു വലിയ വിഷമം തോന്നി. അമ്മപറഞ്ഞതു തീരെവാസ്തവമല്ലെന്നു് ആത്മാൎത്ഥമായി എനിക്കു പറയുവാൻ കഴിയും. അമ്മ എന്നെപ്രതി സന്തപിച്ചു; അമ്മ ഇങ്ങനെപറഞ്ഞതും ദുഃഖിക്കുന്നതും കണ്ടു് ഞാൻ വളരെ സങ്കടപ്പെട്ടു. ഞാൻ ഇത്രമാത്രം അമ്മയെ സ്നേഹിച്ചിട്ടും ഞാൻ അമ്മയെ വെറുക്കുന്നുവെന്നുകേൾക്കേണ്ടിവന്നല്ലോ. അമ്മ പറഞ്ഞ മററുകാര്യങ്ങളൊന്നും ഞാൻ ഓൎമ്മിക്കുവാൻ ഇഷ്ടപ്പെടുന്നില്ല. ഇത്രമാത്രം സ്വാഭാവിക സ്നേഹമുള്ള ഒരു മകന്റെ ഹൃദയത്തിനു് അവ ഓൎമ്മിക്കുക ദുൎവ്വ

www.malankaralibrary.com

ഹമാണ്. ഇതു് എന്നെ അധികം വേദനിപ്പിച്ചു; എന്റെ ഹൃദയത്തിന്റെ എത്രയും ആർദ്രമായ തന്ത്രികൾപോലും ക്ഷതപ്പെട്ടു. എനിക്കു് എങ്ങനെ കരയുവാൻകഴിയും? അമ്മേ, ഞാൻ അമ്മയെ എത്രമാത്രം സ്നേഹിക്കുന്നുവെന്നും അമ്മ സന്തുഷ്ടയായിരിക്കാൻ എത്രമാത്രം ആഗ്രഹിക്കുന്നുവെന്നും അമ്മ അറിയുകയാണെങ്കിൽ അമ്മയുടെ സന്തോഷത്തിനു് ഒരറുതിയുമുണ്ടാകയില്ല.

എന്റെ ഈശോ, ഞാൻ അങ്ങയുടെ ഹൃദയത്തിനു കാഴ്ചവയ്ക്കുന്ന ഈ ത്യാഗം അങ്ങു സ്വീകരിച്ചു് എനിക്കു കൂടുതൽ ശാന്തതയും സമാധാനവും നല്കുക. ശരിയായ അന്തസ്സു പാലിക്കുവാനിടയാകട്ടെ എന്റെ സാധുവായ അമ്മയ്ക്കു കൂടുതൽ മനോധൈര്യം നല്കുക. വ്യാകുലമാതാവേ, എന്നെ ഒരിക്കലും സഹായിക്കാതിരിക്കരുതു്.

## സെപ്റ്റംബർ 1-ാംതീയതി ശനിയാഴ്ച സായംകാലം

ബുധനാഴ്ച ഞാൻ ബെർഗാമോയിലായിരുന്നു. ബെർഗാമോയിൽ നിന്നു സോത്തോ ഇൽമോന്തേയിലേക്കു നടക്കുകയാൽ ഇന്നലെരാത്രി ഞാൻ എത്രയും ക്ഷീണിതനായിരുന്നു. കാർവിക്കോയിലെ മണികൾ വെഞ്ചരിക്കുന്ന ചടങ്ങുകഴിഞ്ഞപ്പോഴേക്കു ഞാൻ തീരെ കുഴഞ്ഞു വശായിരുന്നു. പിന്നെ മറെറല്ലാക്കാര്യങ്ങളും, അതുകൊണ്ടാണു് എന്റെ ഡയറിയിൽ രണ്ടു ദിവസം ഒഴിവായി കിടന്നതു്. കുറിപ്പുകളിലേക്കു ഞാൻ മടങ്ങിവരികയാണു്. ഈ ദിവസങ്ങളിലെ എന്റെ വ്യാപാരങ്ങൾ പരിഗണിക്കുമ്പോൾ, രണ്ടുകാര്യങ്ങൾ വിവരിക്കേണ്ടതായി ഞാൻ കാണുന്നുണ്ടു്. അവയിൽ ആദ്യത്തേതു കഴിഞ്ഞമാസം മുപ്പതും മുപ്പത്തൊന്നും തീയതികളിൽ നടന്നതാണു്. സമയപരിപാടിയിലെ വ്യത്യാസം നിമിത്തവും വീട്ടിലെ മുഷിഞ്ഞ ജീവിതത്തിനു വന്ന അന്തരം നിമിത്തവും എന്റെ ഭക്താഭ്യാസങ്ങളിൽ തെല്ലുക്രമക്കേടുണ്ടായി. ബഹുമാനപ്പെട്ട വൈദികരോടു ഞാൻ രാഷ്ട്രീയത്തെപ്പററി അധികാരപൂർവ്വമാണു ചിലപ്പോൾ സംസാരിക്കുന്നതെന്നു് എനിക്കു തോന്നുന്നു. സകല പ്രശ്നങ്ങളെപ്പററിയും ഞാൻ എന്റെ അഭിപ്രായങ്ങൾ ഒന്നൊന്നുപിറകെ ഒന്നായി തട്ടിവിടുന്നു. എന്റെ നിലയിലുള്ള ഒരു സെമ്മിനാരി വിദ്യാർത്ഥിക്കു തീരെ അയോഗ്യമായ രീതിയിൽ വാദപ്രതിവാദങ്ങളിൽ ഞാൻ ചെന്നു വീഴുന്നു. ഇങ്ങനെ ചെയ്യുമ്പോഴെല്ലാം ഞാൻ യഥാർത്ഥത്തിൽ പശ്ചാത്തപിക്കുന്നുണ്ടു്; എന്നാൽ ആദ്യമേ അങ്ങനെയൊന്നു വിചാരിച്ചു കൂടേ? ഈദൃശസംഗതികളിൽ നമ്മുടെ തീക്ഷ്ണത നാം മാററിവയ്ക്കണം; അതുകൊണ്ടു പ്രയോജനമൊന്നുമില്ല. എല്ലാ

www.malankaralibrary.com

ത്തിനും ഒരു കാലമുണ്ട്. (പോത്താപ്പീയാ തകത്തതിന്റെ മുപ്പതാമത്തേ വാഷിക്കാഘോഷമാണ് ഇവിടെ സൂചിതമെന്നു തോന്നുന്നു. ആ ദേശീയാഘോഷങ്ങൾ പാപ്പാവിരുദ്ധവും സഭാവിരുദ്ധവുമായിരുന്നു). ചിലകാര്യങ്ങൾ ഞാൻ ഒരു പുരോഹിതനാകുന്നതുവരെ കാത്തിരിക്കേണ്ടതാണ്. തത്കാലം കഴിയുന്നിടത്തോളം വായിച്ചു ദൃഢവും സനാതനവുമായ തത്വങ്ങളനുസരിച്ചു വിവരങ്ങൾ ശേഖരിക്കുകയാണു വേണ്ടതു്. മേല്പറഞ്ഞ കാര്യങ്ങളെപ്പററി അജ്ഞത ഭാവിച്ചുകൊണ്ടു ശ്രദ്ധാപൂർവ്വം ഇതരരെ ശ്രവിക്കുന്നതാണ് എനിക്കു ഭേദം. സാധാരണ സംഭാഷണങ്ങളിൽ പ്രതിപാദിക്കാറുള്ളതിനേക്കാൾ പ്രാധാന്യമേറിയ സംഗതികൾ ഇടവക വികാരിയോടും അസ്തേന്തിയോടും കൈകാര്യം ചെയ്യുമ്പോൾ പ്രത്യേകിച്ചും മൗനം ഭൂഷണം. ഈദൃശസാഹചര്യങ്ങളിൽ വി. ഫ്രാൻസിസ്സ സെയിൽസ് എങ്ങനെയാണു പെരുമാറുക?

## സെപ്ററംബർ 2-ാം തീയതി ഞായറാഴ്ച സായംകാലം.

ഇന്നലെ രാത്രി കുറിച്ചിടാൻ മറന്നുപോയ കാര്യങ്ങളിൽ വേറൊന്നാണ് എന്റെ ഭക്ഷണക്കൊതി. ഇതു ലജ്ജാവഹമാണ്. ആകയാൽ കന്യകാമറിയത്തിന്റെ ജനനത്തിരുനാളിനുള്ള നൊവേന ദിവസങ്ങളിൽ അവിടുത്തെ ബഹുമാനിക്കുവാനുള്ള ഈശ്വരദത്തമായ സന്ദർഭങ്ങൾ ഞാൻ നഷ്ടപ്പെടുത്തരുതു്. ആവശ്യമുള്ളിടത്തോളം മാത്രം ഭക്ഷിക്കുക; ഒട്ടും കൂടുതലാകരുതു്. ഇനിയും സുകൃതജപത്തിന്റെ കുറവുണ്ടെന്നുള്ള കാര്യം ഞാൻ ഓർമ്മിക്കണം; തന്നിമിത്തം ആദ്ധ്യാത്മിക പുരോഗമനത്തിനു പ്രതിബന്ധമുണ്ടു്.

ഈശോ മറിയമേ, ഞാൻ അങ്ങയുടെ സംരക്ഷണത്തിൽ നിന്നു് അകന്നു പോകാതിരിക്കാൻ എന്നെ കാത്തു സൂക്ഷിക്കുക.

## സെപ്ററംബർ 3-ാംതീയതി തിങ്കളാഴ്ച സായംകാലം.

ഏകാഗ്രതയും ആശാനിഗ്രഹവും! എന്റെ ഹൃദയമൊക്കെയോടും എന്റെ കഴിവുകളൊക്കെയോടുംകൂടെ ഓ ഈശോ, ഞാൻ അങ്ങയെ സ്നേഹിക്കുവാൻ ആഗ്രഹിക്കുന്നുവെന്നു് അങ്ങു കാണുന്നു.

## സെപ്ററംബർ 4-ാംതീയതി ചൊവ്വാഴ്ച സായംകാലം.

കൊള്ളാം. ദൈവത്തിനു സ്തുതി. റോമാമാപ്പാപ്പാമാരിൽ ഒരു ഉജ്ജ്വലരത്നവും തിരുസ്സഭയുടെ മഹത്വവുമായ വി. ഗ്രിഗരിയുടെ തിരുനാളാണിന്നു്. അദ്ദേഹത്തിന്റെ പ്രതാപചിത്രത്തിന്റെ മുമ്പാകെ

www.malankaralibrary.com

നില്ക്കുമ്പോൾ എനിക്കു 13–ാം ലെയോൻ മാപ്പാപ്പായോടു കൂടുതൽ സ്നേഹവും ബഹുമാനവും തോന്നുന്നു. അദ്ദേഹത്തിനെതിരായി ഇന്നു നീചവും നിന്ദ്യവുമായ അവഹേളനങ്ങളാണു പൊന്തിവരുന്നതായിക്കാണുന്നതു്. കാലം വളരെ മോശം. ലെയോൻ മാപ്പാപ്പായ്ക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം; അതെ, നമുക്കു പ്രാർത്ഥിക്കാം.

## സെപ്റ്റംബർ 6–ാംതീയതി വ്യാഴം സായംകാലം.

ഇന്നത്തെ ദിവസം ദൈവം അയച്ചുതന്നതു തന്നെ. കർത്താവു തിരുമനസ്സായ സമസ്തവും ചെയ്യാൻ ഞാൻ നിർബ്ബന്ധിതനായി. അവിടുന്നു് എനിക്കു് ഒരു തലവേദന അയച്ചുതന്നു: ഞാൻ അതിനോടു കുറേയൊക്കെ ചെറുത്തുനിന്നുവെങ്കിലും അവസാനം പഠനം മാറ്റി വയ്ക്കേണ്ടിവന്നു; തിരുഹൃദയത്തെപ്പററിയുള്ള പ്രസംഗം ഒരുങ്ങാനും കഴിഞ്ഞില്ല. ദൈവം തിരുമനസ്സാകുമ്പോൾ അതവസാനിക്കും.

അന്ത്യത്തിലെത്താനുണ്ടായ അക്ഷമതയ്ക്കുള്ള ശിക്ഷയാണിതു്. ദൈവഹിതത്തിനു കീഴ്വഴങ്ങുന്നതിൽ ഞാൻ പരാജയപ്പെട്ടില്ല. ദൈവത്തിനു സ്തുതി. എന്റെ ഈശോയ്ക്കുവേണ്ടി എന്തു സഹിക്കാനും ഞാൻ തയ്യാറാണു്. അവിടുത്തെ ഹൃദയം എന്നെ എത്രമാത്രം സ്നേഹിക്കുന്നു!

ദൈവമാതാവിന്റെ നൊവേനയുടെ കാലത്തു ഞാൻ ശ്രദ്ധിക്കേണ്ടതും തീരെ ഒഴിച്ചുവയ്ക്കുവാൻ പാടില്ലാത്തതുമായ ഒരു സംഗതിയുണ്ടു്. പ്രാർത്ഥന ചൊല്ലുന്നതിലുള്ള എന്റെ അശ്രദ്ധയും ക്രമരാഹിത്യവും.

എന്റെ ഈശോ, ഞാൻ ഇങ്ങനെ കൃപാവരം ചോദിക്കുന്നതു കേട്ടുകൊണ്ടിരിക്കുവാൻ അങ്ങേക്കു് എന്തുമാത്രം ക്ഷമവേണം? എന്റെ നല്ല ചങ്ങാതി, എന്തൊരു നടപടിയാണിതു്! എല്ലാം കണ്ടുകൊണ്ടിരിക്കുന്ന മാലാഖാമാരെന്തു പറയും? മനുഷ്യസഹോദരന്മാരോടു് ഇങ്ങനെ സംസാരിച്ചാൽ അവരെന്തു പറയും?

ഇക്കാര്യത്തിലും വേണ്ടതു ശാന്തതയാണു്. പ്രാർത്ഥനകളുടെ എണ്ണം കുറയ്ക്കാം; എന്നാൽ സഹോദരന്മാരോടു സംസാരിക്കുമ്പോൾ പ്രദർശിപ്പിക്കാറുള്ളിടത്തോളമെങ്കിലും ശ്രദ്ധ പ്രാർത്ഥനയിൽ നമുക്കു വേണം. അതു സുഗമമായിത്തീരാൻ ഏകാഗ്രത ശരിയായി ഞാൻ പാലിക്കും. എല്ലായ്പ്പോഴും ഒരു കാര്യം വേണം: "ചെയ്യുന്നതു ശരിയായി

www.malankaralibrary.com

ചെയ്യുക". നാളെ നൊവേനയുടെ അന്തിമ ദിനമാകയാൽ എല്ലാ ദിവസത്തേയ്യും പോരായ്മയ്ക്കു പരിഹാരം ചെയ്യണം. ഞാൻ നാളെ ഒരു പഴവും തിന്നുകയില്ലെന്നു കന്യകാമറിയത്തിൻെറ സ്തുതിക്കായി നിശ്ചയിക്കുന്നു. മറിയമേ, എന്നെ സഹായിക്കുക.

## സെപ്ററംബർ 7-ാംതീയതി വെള്ളിയാഴ്ച സായംകാലം

ആകപ്പാടെ ഇന്നു് അത്ര മോശമായിട്ടില്ല. കന്യകാമറിയത്തിൻെറ സ്തുതിക്കായി എൻെറ കൊതിയുംകൂടെ ഞാൻ സൂക്ഷ്മമായി നിഗ്രഹിച്ചു. എന്നാൽ എനിക്കു് എന്താകാമായിരുന്നുവെന്നു ചിന്തിക്കുമ്പോൾ, എൻെറ ഇപ്പോഴത്തെ അവസ്ഥ എന്നെ നിരുത്സാഹപ്പെടുത്തുന്നു. എൻെറ പ്രായത്തിൽ സെൻറ് ജോൺ ബെക്കുമാൻസും സെൻറ് ഫ്രാൻസിസ്സുസെയിൽസും എങ്ങനെ ആയിരുന്നു?

കർത്താവേ, അങ്ങു് എൻെറ ഹൃദയവും അതിൻെറ ആഗ്രഹങ്ങളും കാണുന്നുണ്ടല്ലോ. നവജാതയായ ശിശുവായിട്ടു കന്യകാംബികയെ ധ്യാനിക്കേണ്ട ദിവസമാണു നാളെ. ആകയാൽ ഏകാഗ്രത, പ്രാത്ഥന, സർവ്വോപരി പരിശുദ്ധമായ ആനന്ദം.

www.malankaralibrary.com

# 11 റോമൻ സെമ്മിനാരി

# 1901

## ജ്ഞാനധ്യാനം; 1901 ഏപ്രിൽ 28 – ാം തീയതി, റോമാ. ഉയിർപ്പുകഴിഞ്ഞു മൂന്നാം ഞായർ.

റോമയിൽ വന്നിട്ട് ഇതു് ആദ്യത്തേ ധ്യാനമാണ്. ഞാൻ എങ്ങനെയിരിക്കുന്നു? ഈശോ എനിക്ക് അനുവദിച്ചുതന്ന കൃപാവരങ്ങളേയും അവർണ്ണനീയമായ ആനന്ദത്തേയും എല്ലാത്തിന്മേലും ആനന്ദം പൊഴിഞ്ഞ ആഹ്ലാദനിമിഷങ്ങളേയും പററി എനിക്കു് ആവലാതി പറയുവാൻ പാടില്ല. എന്നെ സംബന്ധിച്ചിടത്തോളം എന്നിലൊരന്തരവും വന്നിട്ടില്ലെന്നു ഞാൻ ഏററു പറയുന്നു. എല്ലാം നന്നായി ചെയ്യാനും കർത്താവു് അർഹിക്കുന്നതുപോലെ അവിടുത്തെ സ്നേഹിക്കുവാനും തീക്ഷ്ണമായ ആഗ്രഹം എനിക്കുണ്ടു്. ക്രിസ്തുവിനു് ആത്മാക്കളെ നേടാൻ ഇന്നു വിജ്ഞാനം അത്യന്താപേക്ഷിതമായിത്തീർന്നിട്ടുണ്ടു്. എന്നാലും വളരെയേറെ പഠിക്കാനും ഗ്രഹിക്കുവാനുമുള്ള അഭിലാഷം മായാസ്തുതിയുടെ കലർപ്പു കൂടാത്തതൊന്നുമല്ല. യഥാർത്ഥത്തിൽ ഞാൻ പലകാര്യങ്ങളിലും പരാജയപ്പെടുന്നു; പ്രത്യേകിച്ചു ധ്യാനവും ജപമാലയും ശരിയായി നടത്തുവാനുള്ള പരിശ്രമത്തിലാണെന്റെ പരാജയം. സ്വാർത്ഥപ്രതിപത്തിയിൽനിന്നു് അകന്നു ദൈവത്തോടു് ഐക്യപ്പെടാനും പുണ്യങ്ങൾ അഭ്യസിക്കുവാനും ഞാൻ എന്റെ പൊതുആത്മശോധനയിൽനിന്നും പ്രത്യേകാത്മശോധനയിൽ നിന്നും ഫലമെടുക്കേണ്ടതാണു്. അതിലും എന്റെ പരാജയം ഞാൻ കാണുന്നു.

ഇവിടെ റോമയിൽ എനിക്കു വേണ്ടതെല്ലാം ഉണ്ടെന്നു ഞാൻ പറയുന്നു. എന്റെ അഹങ്കാരത്തിനു ചില തിരിച്ചടികൾ ലഭിച്ചേക്കാവുന്ന സന്ദർഭങ്ങളുണ്ടായിരുന്നു. ആകയാൽ ഞാൻ ഒന്നുകൂടി ധൈര്യപ്പെട്ടു് എന്റെ കാര്യങ്ങൾ ശരിയാക്കേണ്ടതുതന്നെ. സർവ്വോപരി അത്യുത്സാഹത്തോടും സദുദ്ദേശ്യത്തോടുംകൂടെ എന്റെ ധ്യാനം ഞാൻ നടത്തും. അതതു ദിവസത്തേക്കുള്ള പ്രായോഗിക പ്രതിജ്ഞ അതിൽനിന്നുണ്ടാകേണ്ടിയിരിക്കുന്നു. ആത്മശോധനയുടെ ഒരു പ്രധാന വിഷയം ഇതായിരിക്കും. ദിവസവട്ടത്തിൽ സുകൃതജപങ്ങൾ വളരെയേറെ

www.malankaralibrary.com

ചൊല്ലണം, പ്രത്യേകിച്ച് ക്ലാസ്സുസമയത്തും പഠനസമയത്തും. അടുത്ത മേയ്മാസത്തിൽ ദൈവമാതാവിൻെറ സ്തുതിക്കായി ഞാൻ ജപമാല ചൊല്ലും. ആത്മീയാഭ്യാസങ്ങളുടെ ഇടയിലോ അതിൻ തൊട്ടുമുമ്പോ ഞാൻ എൻെറ പഠനകാര്യങ്ങളെപ്പററി ചിന്തിക്കുകയില്ല. പ്രത്യേക തീക്ഷ്ണതയോടും വിനയത്തോടുംകൂടെ വി. കുർബ്ബാന ഞാൻ സന്ദർശിക്കും. ചില പ്രദേശങ്ങളിൽക്കൂടെ നടക്കുമ്പോൾ പ്രത്യേകിച്ചും ഞാൻ എൻെറ കണ്ണുകളെ ശരിയായി സൂക്ഷിക്കും. ഉലാത്തൽ കഴിഞ്ഞ്, എന്നാൽ സായാഹ്നപഠനത്തിനു മുമ്പ് ഞാൻ പ്രത്യേകാത്മശോധന ചെയ്യും. എൻെറ സംഭാഷണങ്ങളും ആത്മാഭിമാനവുമായിരിക്കും പരിശോധനാ വിഷയം. ഹൃദയവും മനസ്സും പ്രശാന്തമായിരിക്കണം; എല്ലാത്തിലും ക്രമവും അഗാധമായ ഏകാഗ്രതയും വേണം.

തിരുസ്സഭാ സംരക്ഷകനായ എൻെറ പ്രിയപ്പെട്ട വി. യൗസേപ്പിൻെറ മാധ്യസ്ഥ്യത്തിരുനാളാണു സഭ ഇന്നു കൊണ്ടാടുന്നത്. ഞാൻ എന്നെത്തന്നെ അങ്ങേയ്ക്കു പൂർണ്ണമായി കാഴ്ചവയ്ക്കുന്നു; എൻെറ ഈ പ്രതിജ്ഞകൾ അങ്ങേക്കു ഞാൻ സമർപ്പിക്കുകയും ചെയ്യുന്നു. അങ്ങയിൽ ഞാൻ വിലമതിക്കുന്ന ആന്തരികജീവിതവും പ്രാർത്ഥനയിൽ ഏകാഗ്രതയുമാണു ഞാൻ പ്രധാനമായി ചോദിക്കുന്നത്; അങ്ങനെ എൻെറ പ്രതിജ്ഞകൾ പാലിക്കുവാൻ അങ്ങയുടെ മാധ്യസ്ഥ്യം എന്നെ സഹായിക്കട്ടെ. അതിനായി ഞാൻ പ്രാർത്ഥിക്കുന്നു. ഞാൻ സദാ അങ്ങയെ സ്നേഹിക്കും. ഇത്ര പ്രതാപവാനായ ഒരു മധ്യസ്ഥൻെറ കാരുണ്യത്തിൽ എല്ലാവരും ഭാഗഭാക്കുകളാകുന്നതിന് അന്യരും അങ്ങയെ സ്നേഹിക്കുന്നതിനു ഞാൻ പ്രേരിപ്പിക്കും. ആമേൻ.

"ഭാഗ്യപ്പെട്ട യൗസേപ്പേ, നിഷ്കളങ്കമായ ജീവിതം നയിക്കാൻ കൃപാവരം ഞങ്ങൾക്കു വാങ്ങിത്തരണമേ; ഞങ്ങളുടെ ജീവിതം അങ്ങയുടെ മധ്യസ്ഥതയാൽ കവചിതമാകട്ടെ".

www.malankaralibrary.com

ഈശോ മറിയമേ യൗസേപ്പേ!
ബാബിലോണിയൻ അടിമത്തത്തിനുശേഷം ഫാദർ ഫ്രൻസെസ്ലോ പിത്തോക്കിയുടെ കീഴിൽ നടത്തിയ ജ്ഞാനധ്യാനത്തിൽ എഴുതിയ കുറിപ്പുകൾ. നിർബ്ബന്ധ സൈനിക സേവനമാണു ബാബിലോൺ അടിമത്തമായി ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്. രക്ഷകൻെറ സഭയിൽപ്പെട്ട ഒരു വൈദികനാണ് പിത്തോക്കി (1852 – 1922) റോമൻ സെമ്മിനാരിയിലെ ജ്ഞാനപിതാവായിരുന്ന അദ്ദേഹം;

1 ആരാണു ഞാൻ? ശൂന്യം. എൻെറ പേരെന്ത്? കുലീനത്വമുള്ള എൻെറ അവകാശങ്ങളേവ? ഒന്നുമില്ല. ഞാൻ ഒരു ഭൃത്യനാണ്; ഉപരിയായി യാതൊന്നുമില്ല. എൻെറ സ്വന്തമായി എനിക്കൊന്നുമില്ല. ജീവൻപോലും എൻെറയല്ല. ദൈവമാണ് എൻെറ ഗുരു. ജീവൻേറയും മരണത്തിൻേറയും സർവ്വശക്തനായ ഗുരു. ഈ ലോകത്തിൽ എനിക്കു മാതാപിതാക്കളില്ല, ബന്ധുക്കളില്ല, ഗുരുക്കന്മാരില്ല. എൻെറ യഥാർത്ഥഗുരു ദൈവമാണ്.

ആകയാൽ ദൈവത്തിൻെറ ലഘുവായ ആജ്ഞകൾക്കുടി അനുസരിക്കുവാനാണു ഞാൻ ജീവിക്കുന്നത്. ദൈവം തിരുമനസ്സാകാതെ എൻെറ ഒരു കൈയോ ഒരു വിരലോ ഒരു കണ്ണോ ഇളക്കുവാൻ എനിക്കു സാധ്യമല്ല, എൻെറ മുമ്പിലേക്കോ പിറകിലേക്കോ നോക്കാനും നിവൃത്തിയില്ല. ഒരു നികൃഷ്ടനായ പടയാളി തൻെറ ഓഫീസരുടെ മുമ്പിൽ നില്ക്കുന്നതുപോലെ, എന്തും ചെയ്യാൻ തയ്യാറായി, വേണമെങ്കിൽ തീയിൽ ചാടാൻകൂടി സന്നദ്ധനായി ഞാൻ ദൈവസന്നിധിയിൽ നില്ക്കുന്നു. ജീവിതം മുഴുവനും ഇതാണെൻെറ ജോലി; ഇതിനായി ഞാൻ ജനിച്ചു. ഞാൻ അവിടുത്തെ ഭൃത്യനാണ്.

ഞാൻ എന്നെ സദാ ഒരു ഭൃത്യനായി കരുതണം. ആകയാൽ എൻെറ താൽപര്യങ്ങൾക്കും സന്തോഷങ്ങൾക്കും മായാസ്തുതിയ്ക്കും കുഴലൂതാൻ എനിക്കുതെല്ലും സമയമില്ല. അങ്ങനെചെയ്യുന്നപക്ഷം ഞാൻ ഒരുകള്ളനേക്കാൾ ഭേദമല്ല; എൻേറതല്ലാത്തസമയം ഞാൻ കട്ടെടുക്കുകയാണ്; ഞാൻ വിശ്വസ്തതയില്ലാത്ത, എൻെറ കൂലിക്ക് അർഹതയില്ലാത്ത നീചനായ ഒരു ഭൃത്യനാണ്. ഇതാണ് യഥാർത്ഥത്തിൽ എൻെറ സ്ഥിതി. ഞാൻ ലജ്ജിക്കുകയാണ്. എന്തൊരഹങ്കാരം, ഔദ്ധത്യം, തുനിവ്! ഒരു ഭൃത്യനാകാനും ഞാൻ കൊള്ളരുതാത്തവനാണ്.

www.malankaralibrary.com

എൻെറ കർത്താവേ, അങ്ങേക്കു് എൻെറമേലുള്ള അവകാശം എനിക്കറിയാം. എന്റെ അവിശ്വസ്തതയെക്ഷമിക്കുക. അങ്ങയുടെ ശുശ്രൂഷയിലുണ്ടായിരിക്കേണ്ട വിശ്വസ്തതയെ ദുഷ്ടവാസനകൾ നശിപ്പിക്കുന്നു. മേലിൽ ഇങ്ങനെയൊന്നുമായിരിക്കയില്ല. ഞാൻ അങ്ങയുടെ ശുശ്രൂഷയ്ക്കു് എന്നെ ഉഴിഞ്ഞുവച്ചുകൊണ്ടു സെൻറ് ഫ്രാൻസിസ്സുസേവിയറിനെപ്പോലെ അങ്ങയുടെ മുമ്പിൽ നില്ക്കുന്നു. കർത്താവേ, ഞാൻ അങ്ങയുടെ ഭൃത്യനാണു്; കർത്താവേ, അങ്ങയുടെ കല്പനകൾ ഗ്രഹിക്കുന്നതിനു് എനിക്കു ബുദ്ധിനല്കണമേ.

2 എൻെറ ഗുരുവായ കർത്താവു് എനിക്കു കല്പന തന്നുകഴിഞ്ഞിരിക്കയാണു്. ജീവിതം മുഴുവനും ഞാൻ അവിടുത്തെ അറിയുകയും സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. എത്ര ഭാഗ്യപ്പെട്ടദാസ്യം! എന്തുമഹത്വം! എത്ര വലിയ ബഹുമാനം! ഞാൻ സദാ രാജാവിനെ അനുഗമിക്കുന്ന ദാസനാണു്! അവിടുത്തേ രഹസ്യങ്ങളിലേക്കു്എനിക്കു പ്രവേശനം ലഭിച്ചിരിക്കുന്നു. പ്രതിഫലം കൂടാതെ അനുസരിച്ചുകൊണ്ടിരിക്കേണ്ട ഞാൻ കുറഞ്ഞൊരുകാലത്തേ ശുശ്രൂഷയ്ക്കുശേഷം സ്വർഗ്ഗീയ മഹത്വത്തിൽ പങ്കുകാരനാക്കപ്പെടുന്നു. അങ്ങയുടെ അടുക്കലേക്കു് എത്തിച്ചേരുന്നതിനും അങ്ങയെ സ്നേഹിക്കുന്നതിനും വേണ്ടി ഈ ഭൂമിയിലുള്ള സകല സൃഷ്ടികളേയും പ്രകൃതിയുടെ ദാനങ്ങളേയുമെല്ലാം എനിക്കു് ഏല്പിച്ചുതന്നിരിക്കയാണു്. ഇതിനാണു് അവ നിലകൊള്ളുന്നതു്. ആകയാൽ സൃഷ്ടികളെ എന്റെ ആനന്ദത്തിനായി ഉപയോഗിക്കുമ്പോൾ ദൈവപരിപാലനയുടെ ക്രമം ഞാൻ തെറ്റിക്കുകയാണു്; പ്രപഞ്ചത്തിൻെറ അത്ഭുതകരമായ സംഘടനയെ ഞാൻ തകർക്കുകയാണു്; ദൈവത്തിനെതിരെ നില്ക്കുകയാണു്. ഹാ എന്തൊരു നീചഭൃത്യൻ!

ദൈവത്തിങ്കലേക്കു് അടുക്കുവാൻ ഉതകത്തക്കവണ്ണം ഞാൻ എല്ലാസൃഷ്ടികളേയും ഉപയോഗിക്കും. ദൈവത്തിൽ നിന്നു് അവ എന്നെ അകറ്റുന്നുവെങ്കിൽ, ഞാൻ അവയെ വർജ്ജിക്കണം. പ്രായോഗികകാര്യങ്ങളിൽ ഇതായിരിക്കണം സുവർണ്ണതത്വം. ദൈവഹിതമനുസരിച്ചു് അവ ഉപയോഗിക്കുമ്പോൾ ഒരു ദോഷവും വരുകയില്ല.

ഞാൻ ആരോഗ്യം ഇഷ്ടപ്പെടുമ്പോൾ ദൈവം എനിക്കു രോഗം അയയ്ക്കുന്നു. കൊള്ളാം; രോഗം വാഴ്ത്തപ്പെട്ടതാകട്ടെ. പരിശുദ്ധമായ നിഷ്പക്ഷത അവിടെ ആരംഭിക്കുന്നു. അതു വഴിയാണു വിശുദ്ധർ പുണ്യപട്ടം നേടിയതു്. അനുകൂല സാഹചര്യങ്ങളിലും പ്രതികൂലസാഹചര്യങ്ങളിലും എനിക്കു പ്രശാന്തതയും മനസ്സമാധാനവും നേടാൻ കഴിയുകയാണെങ്കിൽ, ക്ലേശങ്ങളുടെ ഇടയിലും എൻെറ ജീവിതം മധുരതര

www.malankaralibrary.com

വും സൗഭാഗ്യകരവുമാകുമായിരുന്നു. ദരിദ്രനായാലും സമ്പന്നനായാലും ബഹുമാനിതനായാലും നിന്ദിതനായാലും മലനാട്ടിൽ വികാരിയായാലും ഒരു മഹാരൂപതയുടെ മെത്രാനായാലും എല്ലാം ഒന്നുപോലെയാണ്. എൻെറ ഗുരുവിൻെറ ഇഷ്ടം നിറവേററുകയും വിശ്വസ്തദാസനായി എൻെറ കൃത്യം നിർവ്വഹിക്കുകയും എന്റെ ആത്മാവിനെ രക്ഷിക്കുകയും ചെയ്താൽ മതിയാകും. എനിക്കിഷ്ടംപോലെ ഒരു തെരഞ്ഞെടുപ്പു നടത്തുകയാണെങ്കിൽ, ധനത്തേക്കാൾ കൂടുതലായി ദാരിദ്ര്യവും, മനുഷ്യരുടെ സമ്മാനങ്ങളേക്കാൾ കൂടുതലായി അവരുടെ നിന്ദയും ഉന്നതസ്ഥാനങ്ങളേക്കാൾ കൂടുതൽ അജ്ഞാതോദ്യോഗങ്ങളും ഞാൻ തെരഞ്ഞെടുക്കേണ്ടതാണ്. ഏതെങ്കിലും ഒരു പ്രത്യേകവിഷയം പഠിക്കുവാൻ ഞാൻ തീരുമാനിക്കുകയും തലവന്മാർ അതു നിഷേധിക്കുകയും ചെയ്യുകയാണെങ്കിൽ, ആ പഠനം വേണ്ടെന്നുവയ്ക്കണം; സദാ സന്തുഷ്ടനായിരിക്കുകയും വേണം. ഉയിപ്പിന്ന് അഞ്ചാംപട്ടം കിട്ടുമെന്നാന്ന് എൻെറ പ്രതീക്ഷ. തലവന്മാക്ക് അതിനിഷ്ടമില്ലെങ്കിൽ ഞാൻ സന്തുഷ്ടിയോടെ കാത്തിരിക്കും. എനിക്ക് ഒരു വ്യത്യാസവും വരരുതെന്നാണ് എൻെറ ആഗ്രഹം. എന്നാൽ എൻെറ തലവന്മാർ എനിക്ക് നിന്ദ്യവും എൻെറ അഹങ്കാരത്തെ ക്ഷതപ്പെടുത്തുന്നതുമായ ഒരുദ്യോഗം തരുന്നുവെന്നു കരുതുക. അതനുസരിക്കുവാൻ തെല്ലു പ്രയാസമുണ്ടാകും; എന്നാൽ ഞാൻ അനുസരിക്കണം. നീ ധൈര്യപ്പെടുക; കത്താവിൽ നീ ആഹ്ലാദിക്കുക. എല്ലാ അക്ഷമതയേയും പ്രശാന്തമാക്കുന്നതും അവശ്യവസ്തുക്കളുടെ അഭാവത്തെ മധുരമാക്കുന്നതും ഈ ജീവിതത്തിലെ ക്ലേശങ്ങളുടെഇടയിൽക്കൂടി നമ്മെ ആനന്ദിപ്പിക്കുന്നതും ഈ ഔഷധമാണ്.

3 വിപ്ലവകാരികളായ വാനവക്ക് ഈശോയുടെ ഒരു തുള്ളി രക്തംപോലും പ്രയോജനപ്പെടുകയില്ല. എന്നാൽ അവരുടെ പാപം വിചാരംകൊണ്ടുള്ള ഒന്നുമാത്രമായിരുന്നു; അതും ആദ്യത്തേ പാപമായിരുന്നു. തുടരെത്തുടരെ പാപം ചെയ്യുന്ന എനിക്ക് പീഡാനുഭവത്തിൻെറ സകല ഫലങ്ങളും പ്രാപിക്കാവുന്നതത്രേ; ഒരു പ്രാവശ്യമല്ല പലപ്പോഴും. എന്നിട്ടും ഞാൻ ദൈവത്തെ കാത്തുനിറുത്തുകയാണ്. കാരുണ്യത്തിൻെറ മഹാത്ഭുതം! അതു് എന്നെ ലജ്ജിപ്പിക്കുന്നു. കത്താവേ, മതി; ഇതൊക്കെയൊന്നു നമുക്ക് അവസാനിപ്പിക്കാം. ഈ നിമിഷം മുതൽ ഞാൻ അങ്ങയെ സദാ അന്വേഷിക്കും; അങ്ങയെ നിരന്തരം വാഴ്ത്തുകയും പുകഴ്ത്തുകയും ചെയ്യാൻ വേണ്ടി അധഃപതിച്ച മാലാഖമാരുടെ സ്ഥാനം ഞാനെടുക്കും. അഹങ്കാരത്തിൻെറ ഏകചിന്തയുടെ ശിക്ഷയായി അവർ മിന്നൽപിണർപോലെ നരകത്തിൽ നിപതിച്ചു. എന്നാൽ എൻെറ തല അതുകൊണ്ടു നിറഞ്ഞിരിക്കയാണ്. എൻെറ മാനസികദാ

www.malankaralibrary.com

നങ്ങളും ഓർമ്മശക്തിയും യുക്തിയും എടുത്തുകളയുവാൻ ദൈവത്തിനു് എന്തു വിഷമമമാണുള്ളതു്? അല്ലെങ്കിൽ എന്നെ രോഗിയാക്കിക്കൂടെ യോ? ആകയാൽ ശാന്തമായി ഞാൻ പറയുന്നു: തുനിവു കുറയേണ്ടിയി രിക്കുന്നു. എന്നെ ഞാൻ വിശ്വസിക്കരുതു്; കുറെക്കൂടെ എളിമ വേണം.

4 എൻെറ ധനവും സമ്പാദ്യവും ആസ്ഥികളുമെന്താണു്? അ നുസരണക്കുറവു്, അഹങ്കാരം, കൃത്യവിലോപം, വികാരങ്ങൾ വേണ്ട പോലെ നിയന്ത്രിക്കാതിരിക്കുക, അനന്തമായി അന്യചിന്തകൾ, വി ചാരത്തിലും സംസാരത്തിലും പ്രവൃത്തിയിലും മായാസ്തുതി, പാപങ്ങളു ടെ കുമ്പാരം. ഇവയൊക്കെ എൻേറതാണു്; എൻെറ സ്വന്തം.

ഇവയാണു് എനിക്കു പ്രശംസിക്കാനുള്ളതു്. എന്നിട്ടും ഞാൻ അന്യരേക്കാൾ വലിയവനാകാൻ ഭാവം; പേരെടുക്കാനുള്ള വെമ്പൽ, ആത്മപ്രശംസ, എൻെറ കഴിവുകളുടെ ഒരു പ്രകടനം ഞാൻ ഒരു നല്ല മനുഷ്യനും തികഞ്ഞ സെമ്മിനാരി വിദ്യാർത്ഥിയുമെന്നാണു് എൻെറ വി ചാരം. സത്യം വിദൂരത്താണു സ്ഥിതിചെയ്യുന്നതു്. അവിവേകത്തി ൻേറയും യുക്തിരാഹിത്യത്തിൻെറയും ഉച്ചകോടിതന്നെ എന്നു് ഏതൊ രു മനുഷ്യനും ബോധ്യമാകും.

5 എൻെറ നല്ല ദൈവമേ, ഞാൻ നരകത്തിലേക്കുതള്ളപ്പെട്ടു മോ? അവിശ്വാസിയും കാട്ടുജാതിക്കാരനുമായവൻെറകൂടെ അജ്ഞരായ സാധുക്കൾ സ്വർഗ്ഗത്തിലേക്കുപോകുമ്പോൾ പൊൻപുലരിമുതൽ അങ്ങ യുടെ മടിയിൽ കിടന്നുവളൻ ഞാൻ പിശാചുക്കളോടൊപ്പം നരകത്തി ലേക്കുപോകുമോ? ഒരു പട്ടാളക്യാമ്പിലേ ജീവിതമെന്തെന്നു് എനിക്കു റിയാം. അക്കാര്യംഓർമ്മിക്കുമ്പോൾ ഞാൻ വിറയ്ക്കുന്നു.

അവിടെ എന്തുമാത്രം ദൈവദൂഷണവും വൃത്തികേടുമാണു ഞാൻ കണ്ടതു്! എൻെറ കൂട്ടുപടയാളികൾ തിന്മയുടെ പരിസരങ്ങളിൽ ജീവി ച്ചു സ്വർഗ്ഗത്തിൽ പോകുക! ഞാൻ അവിടെ കിടന്നുമരിച്ചെങ്കിൽ എന്താ കുമായിരുന്നു എൻ്റെകഥ? ഞാൻ അതോർക്കുമ്പോൾ ഭയചകിതനാകുന്നു. എല്ലാപാപികളോടും എനിക്കു ഭയംതോന്നുന്നു! ദൈവം എന്നോടു പ്രദ ർശിപ്പിച്ചിട്ടുള്ള കാരുണ്യത്തിനു ഞാൻ നന്ദിപറയുന്നു. അതിനെ ഞാൻ അങ്ങേയറ്റം വിലമതിക്കണം; എന്നാൽ അതു കൊണ്ടു് എന്തും സാധ്യമാ ണെന്നു ഞാൻ ചിന്തിച്ചുപോകരുതു്. ഞാൻ ഒരു പാപിയാണു് തീ രെ ദൃഢതയില്ലാത്തവൻ.

ദൈവനീതി കാരുണ്യത്തെ മുന്നിട്ടുകയാണെങ്കിലോ? കർത്താവേ, നരകമൊഴിച്ചു മറെറന്തും ഞാൻ സഹിക്കാം. അങ്ങയോടുള്ള പരിശു ദ്ധ സ്നേഹാഗ്നികൊണ്ടു ഞാൻ കത്തിയെരിയട്ടെ.

www.malankaralibrary.com

6. എല്ലാവരും മരിക്കും; എന്നാൽ അതുഞാൻ ചിന്തിക്കുന്നില്ല. ഒരോ കാലടിവയ്ക്കുമ്പോഴും ഒരോനിമിഷം കടന്നുപോകുമ്പോഴും ഞാൻ മരണത്തെ സമീപിച്ചുകൊണ്ടിരിക്കുകയാണ്. പഠനത്തേയും അധ്യാനത്തേയും ക്രിസ്തുവിൻെറ മഹത്വത്തിനും സഭയുടേയും സമുദായത്തിൻേറയും നന്മയ്ക്കുമായി ഉഴിഞ്ഞുവച്ചിട്ടുള്ള ജീവിതത്തേയും സംബന്ധിച്ച സുന്ദരസ്വപ്നങ്ങളും ആദർശങ്ങളുമാണെനിക്കുള്ളത്. ഇതു നല്ലതു തന്നെ; എന്നാൽ ഇവിടെയും അഹങ്കാരമുണ്ട്. പട്ടം കിട്ടുന്നതിനു മുമ്പ് ഞാൻ മരിക്കുകയാണെങ്കിലൊ? എൻെറ പൗരോഹിത്യത്തിന്റെ സമീപനവേളയിൽ നാളെത്തന്നെ ഞാൻ മരിച്ചാലോ!

ഈ വിചാരം എന്നെ സ്പർശിക്കുന്നില്ല. ദൈവം മാതൃസഹജമായ സ്നേഹാർദ്രത എന്നോടു പ്രകാശിപ്പിച്ചുകൊണ്ടിരിക്കുന്നതായി എനിക്കു തോന്നുന്നു. പല വിഷമങ്ങളിൽ നിന്നും അവിടുന്ന് എന്നെ രക്ഷിച്ചിരിക്കുന്നു. എണ്ണിത്തിട്ടപ്പെടുത്തുവാൻ പാടില്ലാത്ത കരുണപ്രവൃത്തികൾവഴി അവിടുന്ന് എന്നെ റോമയിലെത്തിച്ചിരിക്കുന്നു. അവിടുത്തേക്ക് എന്തെങ്കിലും ഉദ്ദേശ്യമുണ്ടായിരിക്കും; അല്ലാതെ അവിടുത്തേ അനന്തമായ ഔദാര്യത്തിനു കാരണമൊന്നുമില്ല. ഇത്രയുമൊക്കെ ചെയ്തശേഷം എൻെറ ജീവനെടുത്തുകളയുമെന്നു ചിന്തിക്കുക ദുർഗ്രഹമാണ്! അവിടുത്തേക്ക് അതെത്രയും എളുപ്പമാണ്. എൻെറ സഹായം അവിടുത്തേക്കാവശ്യമില്ല. ഇത്രകണ്ടു ജീവിതദൈർഘ്യം അനുവദിക്കാമെന്ന് അവിടുന്നു വാഗ്ദാനം വല്ലതും ചെയ്തിട്ടുണ്ടോ? വി. അലൂഷ്യസ്, വി. സ്റ്റനിസ്ലാസ്, വി. ജോൺ ബെക്കുമൻസ് എന്നിവരോട് അവിടുന്ന് ഇങ്ങനെ ചെയ്തില്ലേ?

കർത്താവേ, അങ്ങയുടെ ഇഷ്ടംപോലെ എന്നോടു ചെയ്തുകൊള്ളുക. അങ്ങു തിരുമനസ്സാകുന്നെങ്കിൽ സന്തോഷത്തോടും സംതൃപ്തിയോടുംകൂടെ മരണം ഞാൻ സ്വീകരിക്കുന്നു. അങ്ങ് എൻെറ ആദർശങ്ങളുടെ കേന്ദ്രവും ആകെത്തുകയും അന്തിമലക്ഷ്യവുമാണ്. ഞാൻ അങ്ങയുടെ പരിശുദ്ധ സ്നേഹത്തിൽ മരിക്കട്ടെ. ഭൂമിയിൽ അങ്ങു സ്നേഹിക്കപ്പെടുവാൻ വേണ്ടതുചെയ്യാനും അങ്ങയെ സ്തുതിക്കുവാനും എനിക്കു നല്കിയിട്ടുള്ള ശക്തി സ്വർഗ്ഗത്തിൽ അങ്ങയെ കൂടുതൽ തീക്ഷ്ണതയോടെ സ്നേഹിക്കാനും സ്തുതിക്കുവാനും ഞാൻ വിനിയോഗിക്കും.

പക്ഷേ സമീപസ്ഥമായിരിക്കുന്ന മരണത്തെപ്പററിയുള്ള ചിന്ത എനിക്കു ഗൗരവാവഹമായ വീക്ഷണഗതി പ്രദാനം ചെയ്യുമാറാകട്ടെ. അഹങ്കാരവും അതിമോഹവും മായാസ്തുതിയും നശിക്കട്ടെ. മരണം ഇത്ര സമീപമായിരിക്കുമ്പോൾ എൻെറ കഷ്ടതകളെപ്പററി ചിന്തിക്കാൻ സമയമെവിടെ?

www.malankaralibrary.com

7 മനുഷ്യൻ ഒരിക്കൽ മരിക്കുമെന്നും മരണത്തിനുശേഷം വിധിക്കപ്പെടുമെന്നും നിശ്ചയിച്ചിരിക്കുന്നു. ഞാൻ മാപ്പാപ്പായാകുവാനും എന്റെ പേരുവിളിച്ച് അപേക്ഷിക്കപ്പെടാനും മാമ്പിൾശിലയിൽ എൻെറ നാമം ഉല്ലിഖിതമാകാനും സന്ദർഭംവന്നാൽത്തന്നെ ഞാൻ ദിവ്യന്യായാധിപൻെറ മുമ്പിൽ നില്ക്കേണ്ടിവരും. അപ്പോളെന്തായിരിക്കും എനിക്കുള്ള വില? വലുതൊന്നുമുണ്ടാകയില്ല. ഇത്ര ആർദ്രതയോടും കാരുണ്യത്തോടും കൂടെ എന്നോടു വർത്തിക്കുന്ന എൻെറ ഈശോ കോപപൂർവ്വം എന്നെ വിധിക്കാൻ വരുമെന്നു ഞാൻ കരുതുന്നില്ല. എങ്കിലും, ഇതു് ഒരു വിശ്വാസസത്യമാണ്., ഞാൻ അതു വിശ്വസിക്കുന്നു. ആ വിധി എന്തായിരിക്കും? മൗനസമയത്തുള്ള സംസാരം വികൃതിത്തരം, യോഗ്യതാഭാവം, കള്ളദൃഷ്ടി, പ്രൊഫസരെപ്പോലെയുള്ള തലപിടിത്തം, അളന്നുതിട്ടപ്പെടുത്തിയതുപോലെയുള്ള ഉപചാരാദികൾ, ശരിക്കു പററിയല്ലോവ, നല്ലഷൂസ്, മധുരമായ ഭക്ഷണങ്ങളിലുള്ള സംതൃപ്തി, അസൂയാകലുഷിതമായചിന്തകൾ, ആകാശക്കോട്ടകൾ, ഭക്താഭ്യാസസമയത്തുദീർഘമല്ലെങ്കിലും ഇടയ്ക്കിടയ്ക്കു പ്രത്യക്ഷപ്പെടുന്ന അന്യചിന്തകൾ ഇവയെല്ലാം എനിക്കെതിരായി ഉന്നയിക്കപ്പെടും? ഗുരുതരമായ എന്റെ പാപങ്ങളോ?

ദൈവമേ, എൻെറ ആത്മാവു് അപ്പോളെന്തുമാത്രം ലജ്ജിക്കും? എനിക്കുള്ള ബഹുമാനങ്ങളോ, വിജ്ഞാനപ്രശസ്തിയോ, ഭക്തനെന്നും പരിശുദ്ധനമെന്നപേരോ ആ നിമിഷത്തിൽ വൃഥായാണ്. ഡിഗ്രികളും വിശിഷ്ടപ്രബന്ധങ്ങളും വ്യർത്ഥമായ വിജ്ഞാനവുമൊക്കെ അന്ന് എങ്ങനെ പരിഗണിക്കപ്പെടും? എൻെറ ബലഹീനത മനസ്സിലാക്കി അതിനുവല്ല പ്രതിവിധിയും കണ്ടെത്തുന്നതിന് ദൈവമേ, അങ്ങയുടെ ദിവ്യപ്രകാശം സ്വല്പമായി എന്നിൽ ചിന്തണമേ. ചെറിയ വസ്തുക്കൾപോലും ദൃഷ്ടിയിൽപ്പെടാതെ കടന്നുപോകാതിരിക്കാൻ എൻെറ കണ്ണുകൾ അങ്ങു തുറക്കണമേ. അങ്ങയുടെ പ്രകാശത്താൽ ഒരു ദിവസം സമസ്തവും വെളിയിൽ വരുമല്ലൊ. "മരണനിദ്രയിൽ അകപ്പെടാതിരിക്കാൻ കർത്താവേ, എൻെറ കണ്ണുകളെ പ്രകാശിപ്പിക്കണമേ '!(സങ്കീ 12, 4)

ഒരു പുരോഹിതന്റെ ഹൃദയത്തിലുണ്ടായിരിക്കേണ്ട വെണ്മയെ സൂര്യരശ്മികളാൽ ഉദ്ദീപ്തമായ നിർമ്മല ക്രിസ്റ്റൽപോലെയാണു ഞാൻ വീക്ഷിക്കുന്നതു്. മാലാഖാമാരുടെയും പരിശുദ്ധ മറിയത്തിൻേറയും യേശുക്രിസ്തുവിൻേറയും സ്വരൂപം പ്രതിബിംബിപ്പിക്കുന്ന ഒരു ദർപ്പണമായിരിക്കണം എൻെറ ആത്മാവു്. ഈ ദർപ്പണം ലഘുവായിത്തന്നെ പുകപിടിച്ചാലും ഞാൻ എന്നെ പൊടിച്ചു കുപ്പയിൽ ഇടേണ്ടിയിരി

www.malankaralibrary.com

ക്കുന്നു. ഞാനെന്തൊരു ദപ്പണമാണ്! ലോകം മലിനവും അശുദ്ധവും വിരസവുമാണ്. ഒരു കാലത്തു ഞാനിതു മനസ്സിലാക്കിട്ടുള്ളതാണ്. സൈന്യം മാലിന്യം കവിഞ്ഞൊഴുകുന്ന നീർച്ചാലാണ്; നഗരങ്ങളെയൊക്കെ പൂർണ്ണമായി മൂട്ടുവാൻ അതുമതി. ദൈവം സഹായിക്കുന്നില്ലെങ്കിൽ ആർക്ക് ആ മാലിന്യപ്രളയത്തിൻ നിന്നു രക്ഷപ്പെടാൻ കഴിയും?

എൻെറ ദൈവമേ, ഇത്രമാത്രം അശുദ്ധതയിൽ നിന്ന് എന്നെ രക്ഷിച്ചതിനു് അങ്ങേക്കുസ്തുതി. അങ്ങയുടെ എത്രയും ശ്രേഷ്ഠമായ ദാനമാണിതു്! അതിനു ജീവിതം മുഴുവനും ഞാൻ അങ്ങയോടു കൃതജ്ഞനായിരിക്കും.

ബുദ്ധിശക്തിയുള്ള മനുഷ്യൻ ഇത്രമാത്രം അധഃപതിക്കുമെന്നു ഞാൻ കരുതിയില്ല; എങ്കിലും അതു വാസ്തവമാണ്. എൻെറ തുച്ഛമായ അനുഭവത്തിൽ നിന്നു മനസ്സിലാകുന്നതു മനുഷ്യവർഗ്ഗത്തിൽ പകുതിയിലധികം ലജ്ജാരഹിതം, ജീവിതത്തിൻെറ ഏതാനുംകാലം, കന്നുകാലികളെപ്പോലെയാണു കഴിയുന്നതു്. ഹാ പുരോഹിതന്മാർ! ദൈവമേ, അവരിൽചിലരും തങ്ങളുടെ പരിശുദ്ധ വിളിക്കു വിശ്വാസമില്ലാതെ കഴിയുന്നുണ്ടെന്നു ചിന്തിക്കുമ്പോൾ ഞാൻ വിറച്ചുപോകയാണു്.

ഇന്നു യാതൊന്നും എനിക്ക് അത്ഭുതകരമായിതോ തോന്നുന്നില്ല. ചിലകഥകൾ എന്നെ സ്പർശിക്കുകപോലും ചെയ്യുന്നില്ല. എത്രയും പരിശുദ്ധനായ ഈശോ, "അവൻ തൻെറ അജഗണത്തെ ലില്ലികളുടെ ഇടയിൽ മേയ്ക്കുന്നു," എന്നു് അങ്ങയെപ്പററി പറഞ്ഞിട്ടുള്ളതാണല്ലൊ അങ്ങയുടെ ശുശ്രൂഷകരുടെ എത്രയും ലജ്ജാവഹമായ നടപടികൾകൂടി അങ്ങുക്ഷമിക്കുകയാണ്. മാത്രമല്ല അവരുടെ കൈകളിൽ അവിടുന്നു് ഇറങ്ങിവരുകയും അവരുടെ ഹൃദയങ്ങളിൽ വസിക്കുകയും ചെയ്യുന്നു. അവിടുന്നു് അവർക്ക് ഉടനടി ശിക്ഷയൊന്നും നല്കുന്നില്ല.

ഈശോകർത്താവേ, എൻെറ കാര്യം ഓർത്തും ഞാൻ വിറയ്ക്കുകയാണ്. ആകാശത്തിലേ നക്ഷത്രങ്ങൾ ഭൂമിയിൽ നിപതിച്ചു വെങ്കിൽ മൺമയനായ എനിക്ക് എന്തുപ്രത്യാശയാണുള്ളതു്?

ലോകംമുഴുവൻേറയും പരിഹാസപാത്രമാകയാണെങ്കിലും വിരോധമില്ല; ഈ വിഷയത്തിൽ ഞാൻ അങ്ങേയററം സൂക്ഷിക്കണം. അശുദ്ധ വിഷയങ്ങൾ പ്രതിപാദിക്കാതിരിക്കാൻവേണ്ടി വിശുദ്ധ പുണ്യത്തെപ്പററി തീരെ സംസാരിക്കാതിരിക്കയോ വളരെ കുറച്ചുമാത്രം സം

www.malankaralibrary.com

സാരിക്കുകയോ ആയിരിക്കും ഉത്തമം. "മൺപാത്രങ്ങളിലാണ് നമ്മുടെ ഈ നിധിസ്ഥിതിചെയ്യുന്നത്"." ഞാൻ വിറച്ചേക്കുണ്ടിയിരിക്കുന്നു. എന്റെ മാംസം ഇരിമ്പോ മറ്റോ ആണോ?

കഴിഞ്ഞ ധ്യാനങ്ങളിലെ പ്രതിജ്ഞകൾ ഞാൻ അനുസ്മരിക്കുകയാണ്. അവ ഞാൻ എഴുതിയിട്ടുണ്ടല്ലൊ. എന്തുവിലകൊടുത്തും അവ അനുസരിക്കുമെന്ന് എൻെറ എത്രയും വിരക്ത മാതാവായ പരിശുദ്ധമറിയത്തോടു ഞാൻ വാഗ്ദാനം ചെയ്യുന്നു.

9 ക്രിസ്തുരാജനുസ്തുതി. അങ്ങയുടെ പടകൾ പൊരുതുന്നതിന് അങ്ങെന്നെ ക്ഷണിക്കുന്നു. ഒരു നിമിഷത്തേതാമസം കൂടാതെ, ഇരുപതുവയസ്സുകാരന്റെ ഉത്സാഹത്തോടും അങ്ങു നല്കിയിട്ടുള്ള കൃപാവരത്തോടും കൂടെ അങ്ങയുടെ സന്നദ്ധഭടന്മാരുടെ ഗണത്തിൽ ഞാൻ പേരുകൊടുക്കുന്നു. ജീവിതത്തിലും മരണത്തിലും അങ്ങയുടെ സേവനത്തിനു ഞാൻ എന്നെത്തന്നെ പ്രതിഷ്ഠിക്കുന്നു. അങ്ങയുടെ കുരിശു ഒരു പതാകയും ആയുധവുമായി അങ്ങെനിക്കുനല്കുന്നു. അജയ്യമായ ഈ ആയുധത്തിൽ കൈവച്ചുകൊണ്ടു്. എൻെറ യുവഹൃദത്തിൻെറ തീക്ഷ്ണതയൊക്കെയോടുംകൂടെ മരണംവരെ വിശ്വസ്തതാപൂർവ്വം വ്യാപരിച്ചുകൊള്ളാമെന്ന് എത്രയും ഉറപ്പായി ഞാൻ വാഗ്ദാനംചെയ്യുന്നു. ആകയാൽ അങ്ങയുടെ ഭൃത്യനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്ന ഞാൻ അങ്ങയുടെ സൈനികനായിരിക്കുന്നു. ഞാൻ അങ്ങയുടെ വസ്ത്രം ധരിക്കുന്നു; അങ്ങയുടെ വാളണിയുന്നു. ക്രിസ്തുവിൻെറ യോദ്ധാവെന്നു സംബോധന ചെയ്യുന്നതിൽ ഞാൻ അഭിമാനംകൊള്ളുന്നു. ഓ ഈശോ, ഒരു സൈനികൻെറ ഹൃദയവും ഒരു യോദ്ധാവിൻെറ ധൈര്യവും എനിക്കു നല്കുക. ജീവിതത്തിലെ ക്ലിഷ്ടസന്ദർഭങ്ങളിലും, ത്യാഗങ്ങളിലും, പരീക്ഷണഘട്ടങ്ങളിലും, സമരങ്ങളിലും, വിജയമണിക്കൂറുകളിൽക്കൂടിയും ഞാൻ അങ്ങയുടെക്കൂടെയുണ്ടായിരിക്കും. എനിക്കുള്ള സമരകാഹളം ഇതുവരെയും ഊതിയിട്ടില്ലാത്തതിനാൽ ഞാൻ എൻെറ സമയം പ്രതീക്ഷിച്ചുകൊണ്ടു പാളയത്തിൽ കാത്തു നില്ക്കയാണ്. എൻെറ ശക്തി പ്രയോഗിച്ച് എൻെറ ശത്രുക്കളെ ആട്ടിപ്പുറത്താക്കുന്നതിന് അങ്ങയുടെ ഉജ്ജ്വലമാതൃകയാൽ അങ്ങ് എന്നെ പഠിപ്പിക്കണമേ. ഓ ഈശോ, ശത്രുക്കൾ ധാരാളമാണ്; അവക്ക് അനുകമ്പ തീരെ ഇല്ലതാനും. എന്തു ചതിയും പ്രയോഗിക്കാൻ മടിയില്ലാത്ത ഒരു പ്രത്യേകശത്രു എനിക്കുണ്ടു്; അവൻ അഹങ്കാരിയും സൂത്രശാലിയുമാണ്. അവൻ എന്നെ പററിപ്പിടിച്ചു നില്ക്കുന്നു; സമാധാനമുണ്ടാക്കാൻ നില്ക്കുന്നുവെന്നാ

www.malankaralibrary.com

ണവൻെറ ഭാവം; എന്നാൽ അവൻെറ ജോലി എന്നെ പരിഹസിക്കകയാണ്. അവൻ വ്യവസ്ഥകൾ പറയുന്നുണ്ട്; ചിലപ്പോൾ സൽപ്രവൃത്തികളിൽക്കൂടി അവൻ കൈയിടുന്നു.

ഓ ഈശോകർത്താവേ, അതാരാണെന്നു് അങ്ങേക്കറിയാമല്ലോ. എൻെറ സ്വാത്മസ്നേഹവും, അഹങ്കാരവും, തുനിവും, മായസ്തുതിയുമാണ്. അവനെ ഒന്നുപുറത്തുചാടിക്കുവാൻ എന്നെ സഹായിക്കുക. അതു സാധ്യമല്ലെങ്കിൽ അവനെ നിലയ്ക്കുനിറുത്തണം. അങ്ങനെ തടസ്സം കൂടാതെ അപകടസ്ഥാനത്തെത്തി അങ്ങയുടെ പരിശുദ്ധ താത്പര്യങ്ങൾ സംരക്ഷിക്കുന്നവരും രക്ഷയുടെ കീർത്തനം പാടുന്നവരുമായ യോദ്ധാക്കളുടെ കൂട്ടത്തിൽ ഞാൻ നില്ക്കും.

10 ദൈവവചനം സഹിച്ച അപമാനങ്ങളും കന്യകാംബികയുടെ മഹത്വവും അവിടുത്തേ എളിമയ്ക്കു ലഭിച്ച സമ്മാനവും ഈശോതൻെറ ആദ്യത്തെ മുപ്പതുകൊല്ലം നയിച്ച ജീവിതവും എൻെറ സ്ഥിതിയും ചേർത്തു ചിന്തിക്കുമ്പോൾ ഞാൻ ലജ്ജിച്ചുമൂകനായിപ്പോകുന്നു. യൗസേപ്പിൻെറ പണിപ്പുരയിൽനില്ക്കുന്ന ബാലനായ ഈശോയോടു് ഇന്നു സായാഹ്നത്തിൽ ഞാൻ സംസാരിച്ചു. തൽസമയം "അവിടുന്നു് അവർക്കു കീഴ്പ്പെട്ടിരുന്നു", എന്ന വിശുദ്ധഗ്രന്ഥത്തിൻെറ പ്രസ്താവന ഞാൻ ഓർമ്മിക്കുകയും എൻെറ നേത്രങ്ങൾ കണ്ണുനീരുകൊണ്ടു നിറയുകയുംചെയ്തു. ഒരു ശിശുവിനെപ്പോലെ ഞാൻ കരഞ്ഞു.

എൻെറ കർത്താവായ ഈശോ, അങ്ങയുടെ അനുഗ്രഹത്താൽ അങ്ങയുടെ പ്രകാശമാനമായ മാതൃക, വാക്കുകൊണ്ടു മാത്രമല്ല, പ്രവൃത്തികൊണ്ടു് അനുകരിക്കുവാൻ എനിക്കു സാധ്യമാകയില്ലേ? അങ്ങു് അനന്തമായി സ്വയം താണു; അങ്ങു തന്നെത്തന്നെ ശൂന്യമാക്കി. (ഫിലി 2, 7). എനിക്കു് ഇങ്ങനെ ചെയ്യേണ്ടതില്ല; ഞാൻ ഇപ്പോഴേ ശൂന്യമാണ്. കണ്ണു തുറന്നു ഞാൻ എന്നെത്തന്നെ ഒന്നു നോക്കിയാൽമതി. അങ്ങു് ഈ ഭൂമിയിലേക്കു ദരിദ്രനായി വന്നു. എന്നാൽ എന്നെക്കാൾ ദരിദ്രനായി ആരുണ്ടു്? ഇന്നുവരെ എല്ലാനേരവും ഭക്ഷണം അങ്ങുതന്നെയാണല്ലോ നല്കിയതു്. ഞാൻ സെമ്മിനാരിവിദ്യാർത്ഥിയായ നാൾമുതൽ ധരിച്ചിട്ടുള്ള വസ്ത്രങ്ങളെല്ലാം കരുണാശാലികളായ വല്ലവരും നല്കിയതല്ലേ? അങ്ങു ബാല്യംമുതൽതന്നെ അദ്ധ്വാനിച്ചുതുടങ്ങി. "യൗവനംമുതൽ ഞാൻ ദരിദ്രനും അദ്ധ്വാനശീലനുമായിരുന്നു" (സങ്കീ. 76, 11) എന്നു് അങ്ങു് അറിയുന്നുവല്ലോ.

www.malankaralibrary.com

അങ്ങു് ഒരു നിയമത്തിനും കീഴല്ലായിരുന്നുവെങ്കിലും ഒരു നിയമത്തിൽനിന്നും തന്നെത്തന്നെ അവിടുന്നു് ഒഴിവാക്കിയില്ല. അങ്ങയുടെ ശുശ്രൂഷകരുടെമേൽ വച്ചുകെട്ടിയിരിക്കുന്ന നീതിരഹിതവും വന്യവുമായ ഒരു ചുമതലയാണു സൈനികസേവനം. അതിനു ഞാനും കീഴ്പ്പെടേണ്ടിവന്നു.

നസറത്തിലെ തിരുഭവനത്തിലെ ഏകാന്തത്തിൽ അങ്ങയുടെ ജീവിതത്തിലെ ആദ്യത്തെ മുപ്പതു സംവത്സരങ്ങൾ അങ്ങു കഴിച്ചുകൂട്ടി. ലോകത്തിൽനിന്നുപിരിഞ്ഞു് അങ്ങയുടെ വിശുദ്ധ സംരക്ഷണയിൽ ഞാൻ വന്നു താമസിക്കാൻ തുടങ്ങിയിട്ടു് ഇപ്പോൾ പത്തുസംവത്സരമായിരിക്കുന്നു. അങ്ങയുടെ കാരുണ്യംകൊണ്ടു് ആർക്കാണു് എന്നെക്കാൾ കൂടുതൽ പ്രയോജനമുണ്ടായിട്ടുള്ളതു്? അങ്ങയെ അനുകരിക്കുവാൻ ആർക്കാണു് എന്നെക്കാൾ കൂടുതൽ എളുപ്പമായിരുന്നതു്? ആർക്കെങ്കിലും എനിക്കുണ്ടായിട്ടുള്ളതിനേക്കാൾ ത്യാഗം കുറവായിരുന്നിട്ടുണ്ടോ? എന്നിട്ടും എന്തുകൊണ്ടാണു ഞാൻ അങ്ങയെപ്പോലെ ആയിത്തീരാത്തതു്? എനിക്കു് ഇരുപതു വയസ്സു തികഞ്ഞു: എന്നാൽ നന്നായിട്ടു് എന്തുചെയ്യാൻ കഴിഞ്ഞിട്ടുണ്ടു്! വി. സ്റ്റനിസ്ലാവോസ്, വി. ബക്കമാൻസ്, വി. അലൂഷ്യസ് എന്നിവരൊക്കെ ഈ പ്രായത്തിനകം വിശുദ്ധരായിക്കഴിഞ്ഞു.

അവരുടെ സാഹചര്യങ്ങൾ എന്റേതിനേക്കാൾ നിർഭാഗ്യകരമായിരുന്നതിനാൽ വിശുദ്ധിയിലേക്കുള്ള അവരുടെ പ്രയാണം എന്റേതിനേക്കാൾ കഠിനമായിരുന്നു. ഇതിനെപ്രതി എത്രമാത്രം ഞാൻ വിലപിക്കേണ്ടിവന്നിട്ടുണ്ടു്? എത്ര പ്രാവശ്യം ഒരേറോഡിൽക്കൂടി ഞാൻ കടന്നുപോകേണ്ടിവന്നിട്ടുണ്ടു്. എന്റെ ദൈവത്തോടുള്ള ഈ കളിക്കു് ഒരറുതിവരുത്തേണ്ടതുണ്ടു്. ആ വിശുദ്ധന്മാർ വിശുദ്ധീകരണമാർഗ്ഗം നടന്നുതീർത്ത പ്രായത്തിൽ ഞാൻ തുടങ്ങുന്നതേയുള്ളു. ഞാൻ പറഞ്ഞു. "ഇതാ ഞാൻ തുടങ്ങുന്നു." (സങ്കീ. 76, 11) ഞാൻ പതിനൊന്നാം മണിക്കൂറിലാണു വരുന്നതു്; അതുകൊണ്ടു് അങ്ങെന്നെ തിരസ്കരിക്കുമോ? കർത്താവേ, ഞാൻ പരിഭ്രാന്തനായിരിക്കുന്നു. അങ്ങയുടെ തിരുവിഷ്ടം നിറവേററുവാൻ ഞാനെന്തുചെയ്യണമെന്നു് അങ്ങു് എന്നോടരുൾചെയ്യുക.

11) ഈശോ തന്റെ സഭ എങ്ങനെ സ്ഥാപിച്ചുവെന്നു ചിന്തിക്കുക എനിക്കു് ഇഷ്ടമാണു്. മഹാകളരികളിൽനിന്നോ, ജപാലയങ്ങളിൽനിന്നോ, വിദ്യാലയങ്ങളിൽനിന്നോ വിജ്ഞരേയും പണ്ഡി

www.malankaralibrary.com

തരേയും ക്ഷണിക്കുന്നതിനുപകരം അവിടുന്ന് അജ്ഞരും അസംസ്കൃതരുമായ പന്ത്രണ്ടു മീൻപിടുത്തക്കാരുടെമേൽ തന്റെ ദൃഷ്ടി പതിച്ചു. അവിടുന്ന് അവരെ തന്റെ കളരിയിൽ ചേർത്തു; തന്റെ രഹസ്യചിന്തകളിൽ അവരെ പങ്കുകാരാക്കി; അവരെ അങ്ങേയററം അവിടുന്നു പരിപാലിച്ചു; മനുഷ്യവർഗ്ഗത്തെ പാടെ പരിഷ്കരിക്കുന്ന ജോലി അവരെ അവിടുന്ന് ഏല്പിച്ചു.

തന്റെ രാജ്യം വിസ്തൃതമാക്കാനും തന്റെ പ്രേഷിതജോലിയിൽ എനിക്കും പങ്കുതരാനും വേണ്ടി സമയത്തിന്റെ പൂർണ്ണതയിൽ എന്നെ വിളിക്കുവാൻ അവിടുന്നു കനിഞ്ഞു. ഒരു ഗ്രാമീണബാലനായ എന്നെ വീട്ടിൽനിന്നു വിളിച്ച് ഒരു വത്സലമാതാവിന്റെ സ്നേഹത്തോടെ എനിക്കാവശ്യമുള്ളതെല്ലാം അവിടുന്ന് എനിക്കു നല്കി. എനിക്ക് തിന്നാനൊന്നുമില്ലാതിരുന്നപ്പോൾ അവിടുന്ന് എനിക്കു ഭക്ഷണം തന്നു. എനിക്കു ധരിക്കാനൊന്നുമില്ലാതിരുന്നപ്പോൾ അവിടുന്ന് എനിക്കു വസ്ത്രം നല്കി. എനിക്കു പുസ്തകങ്ങളുണ്ടായിരുന്നില്ല. അവിടുന്ന് എനിക്കു വേണ്ടത്ര പുസ്തകവും തന്നു. ചിലപ്പോൾ ഞാൻ അവിടുത്തെ വിസ്മരിച്ചു; അപ്പോഴെല്ലാം അവിടുന്ന് എന്നെ വിളിച്ചു. എന്റെ സ്നേഹം തണുത്തുപോയാൽ അവിടുന്ന് എന്നെ മാറിൽക്കിടത്തി ചൂടുപിടിപ്പിച്ചുകൊണ്ടിരുന്നു; അവിടുത്തെ ഹൃദയം സ്നേഹംകൊണ്ട് ഉജ്ജ്വലിക്കുകയാണല്ലോ. അവിടുത്തേയും അവിടുത്തെ സഭയുടേയും ശത്രുക്കൾ എന്നെ വളഞ്ഞ് എനിക്കു കെണിവയ്ക്കുകയും ലോകത്തിലെ അഴുക്കിന്റേയും മാലിന്യത്തിന്റേയും ഇടയിലേക്ക് എന്നെ വലിച്ചിഴച്ചുകൊണ്ടുപോകുകയും ചെയ്തു. എല്ലാ നാശത്തിൽനിന്നും അവിടുന്ന് എന്നെ രക്ഷിച്ചു. എന്നെ വിഴുങ്ങുവാൻ പ്രപഞ്ചസാഗരത്തെ അവിടുന്ന് അനുവദിച്ചില്ല. വിശ്വാസത്തിന്റേയും സ്നേഹത്തിന്റേയും ശക്തിമത്തായ പ്രചോദനം എനിക്കുണ്ടാകുന്നതിന് അവിടുന്ന് എന്നെ ഈ സ്ഥലത്തേക്കാനയിച്ചു. ഈ സ്ഥലം അനുഗ്രഹസമൃഷ്ടമാണ്. അവിടുത്തെ പ്രതിനിധിയുടെ സംരക്ഷണത്തിൽ, കത്തോലിക്കാസ്നേഹത്തിന്റെ ഉറവയുടെ അടുത്ത് ശ്ലീഹന്മാരുടെ ശവകുടീരത്തുങ്കൽ ഞാൻ വസിക്കുന്നു. രക്തസാക്ഷികളുടെ നിണമണിഞ്ഞ ഭൂമി; വന്ദകരുടെ വിശുദ്ധിയുടെ സൗരഭ്യം വീശുന്ന അന്തരീക്ഷം. ഒരമ്മ തന്റെ ശിശുവിനെ ശുശ്രൂഷിക്കുന്നതിനേക്കാൾ കൂടുതൽ വാത്സല്യത്തോടെ അവിടുന്ന് അഹോരാത്രം എന്നെ ശുശ്രൂഷിക്കുന്നു. ഈ സ്നേഹാർദ്രതയെല്ലാം പ്രതിഫലമായി അവിടുന്നു ചോദിക്കുന്നത് ഒന്നുമാത്രമാണ്; "എന്റെ മകനേ, നീ എന്നെ സ്നേഹിക്കുന്നുവോ?" കത്താവേ, കത്താവേ, ഞാനെങ്ങനെ ഉത്തരം പറയും? എന്റെ കണ്ണീരു

www.malankaralibrary.com

കാണുക; ത്രസിക്കുന്ന എന്റെ ഹൃദയവും വിറയ്ക്കുന്ന എന്റെ അധരങ്ങളും എന്റെ വിരലുകളുടെ ഇടയിൽനിന്നു വഴുതിപ്പോകുന്ന തൂലികയും അങ്ങു വീക്ഷിക്കുക.......... ഞാനെന്തു പറയും? "കർത്താവേ, ഞാൻ അങ്ങയെ സ്നേഹിക്കുന്നുണ്ടെന്നു് അങ്ങേയ്ക്കു് അറിയാമല്ലോ."
(യോഹ. 21, 15)

പത്രോസു് അങ്ങയെ സ്നേഹിച്ചതുപോലെയും പൗലോസിന്റേയും സകലരക്തസാക്ഷികളുടേയും തീക്ഷ്ണതയോടുകൂടെയും ഞാൻ അങ്ങയെ സ്നേഹിച്ചിരുന്നെങ്കിൽ! എന്റെ സ്നേഹം എളിമയോടു്, എന്നെപ്പററി താണ അഭിപ്രായത്തോടു ചേർന്നു നില്ക്കണം. ഈ ലോകത്തിലെ വസ്തുക്കളോടു് അമിതമായ പ്രതിപത്തി പാടില്ല. കർത്താവേ, അങ്ങയുടെ ഇഷ്ടംപോലെ എന്നെ ഒരു രക്തസാക്ഷിയോ പ്രേഷിതനോ ആക്കുക.

എന്റെ ദാരിദ്ര്യത്തെപ്രതി ഞാൻ ലജ്ജിക്കേണ്ടതില്ലെന്നുള്ളതാണു് ഒരു പ്രധാനകാര്യം. ഈ ലോകത്തിലെ പ്രഭുക്കൾ തങ്ങളുടെ കുലീനതയിലും സ്ഥാനമാഹാത്മ്യങ്ങളിലും സേവക ഭൃഷണങ്ങളിലും അഭിമാനം കൊള്ളുന്നു; ഞാനെന്റെ ദാരിദ്ര്യത്തിൽ അഭിമാനം കൊള്ളേണ്ടിയിരിക്കുന്നു. ഞാൻ ക്രിസ്തുവിന്റെ തറവാടിൽപ്പെട്ടവനാണു്. എനിക്കിനി കൂടുതലെന്തുവേണം? ഇതുവരെ ചെയ്തിട്ടുള്ളതുപോലെ, ദൈവപരിപാലനതന്നെ വേണ്ടതെല്ലാം സമൃദ്ധമായി തന്നുകൊള്ളും, എന്റെ മായാസ്തുതി എന്റെ യോഗ്യതയായിക്കരുതുന്ന എന്നിലുള്ള നന്മ എന്റേതൊന്നുമല്ല; ഒരിക്കലും എന്റെയല്ല. ഈശോ പ്രദർശിപ്പിച്ച പ്രത്യേക സ്നേഹമില്ലായിരുന്നുവെങ്കിൽ, എത്രയും നീചനും എത്രയും അജ്ഞനും എത്രയും അസംസ്കൃതനുമായ ഒരു കർഷകനായി ഞാൻ കഴിയുമായിരുന്നു.

ഞാൻ എന്നെപ്പറ്റി വിചാരിക്കുന്നതുപോലെയൊന്നുമല്ല ഞാൻ; എന്റെ അഹങ്കാരം എന്നെപ്പററി പറയുന്നതുപോലെയുമല്ല ഞാൻ. കളപറിച്ചും കിളച്ചും കാലം കഴിക്കുന്നവനാണു് എന്റെ പിതാവു്. ഞാൻ എന്റെ പിതാവിനേക്കാൾ ഒട്ടും മെച്ചമല്ല; കുറച്ചുകൂടി മോശമാണു്. എന്റെ പിതാവു നല്ലവനും നിഷ്കളങ്കനുമാണു്; എന്നാൽ എന്നിൽ തിന്മ മാത്രമേ ഉള്ളു. എന്റെ സ്വാർത്ഥസ്നേഹം സ്വല്പകാലത്തേക്കു നിശ്ശബ്ദമാക്കുകയും ഞാൻ എന്നെത്തന്നെ പൂർണ്ണമായി ദൈവത്തിനു സമർപ്പിക്കുവാനും യഥാർത്ഥത്തിൽ പൂർണ്ണമായും സംയമനം കൂടാതെയും പ്രവൃത്തികൾകൊണ്ടു് എന്റെ പ്രതിജ്ഞ പ്രകാശമാക്കുവാനും നിശ്ചയിക്കുകയും ചെയ്തുകഴിയുമ്പോൾ എനിക്കു ഭയവും പരിഭ്രമവുമായി. ഈശോ

www.malankaralibrary.com

എനിക്കുവേണ്ടി ചെയ്തിട്ടുള്ളതെല്ലാം ചിന്തിച്ചു ഞാൻ ധൈര്യം വരിക്കണം. അവിടുത്തേക്കു യോഗ്യമായ എന്തോ ഉദ്ദേശ്യത്തോടുകൂടെയാണ് അവിടുന്ന് ഇതെല്ലാം ചെയ്തത്. ഇതുവരെ അവിടുന്നുതന്നെ എല്ലാം പ്രവർത്തിച്ചു. എൻെറ ഭാഗത്തു സന്മനസ്സുള്ളിടത്തോളം കാലം തൻെറ പ്രവൃത്തി പൂർത്തിയാക്കാൻവേണ്ടി അവിടുന്ന് ഇനിയും പ്രസാദവരം ചിന്താൻ തയ്യാറാണ്.

ഈശോയുടെ പന്ത്രണ്ടു പ്രഥമശ്ലീഹന്മാരിൽ യൂദാസ് ഉണ്ടായിരുന്നകാര്യം ഞാൻ ഒരിക്കലും വിസ്മരിക്കരുതാത്തതാണ്. ദിവ്യഗുരുവിൻെറ ആർദ്രമായ സ്നേഹത്തോടു സഹകരിക്കാഞ്ഞതിനാൽ അവൻ സാവധാനത്തിൽ അദൃശ്യമായി ഗുരുദ്രോഹിയായി മാറി; ശപ്തനായ ഒരു രക്ഷസ്സുതന്നെ. സ്നേഹം ഭയത്തെ നീക്കുമെങ്കിൽ, ഭയം സ്നേഹത്തെ നേർവഴിയിലാക്കിത്തീർക്കതന്നെ ചെയ്യും.

12. എത്രയും ശാന്തനായ എൻെറ ഈശോ സ്വയം താഴ്ത്തുകയും ഒരു കുഞ്ഞാടിനെപ്പോലെ മർദ്ദനത്തിനും പീഡനത്തിനും വഞ്ചനയ്ക്കും മരണത്തിനും സ്വയം സമർപ്പിക്കുകയും ചെയ്തിരിക്കുന്നതു കണ്ടു് എൻെറ ആത്മാവു പരിഭ്രമിക്കുകയും ലജ്ജിക്കുകയും നിലം വരെ താണുപോകുകയും ചെയ്യുന്നു. എനിക്കു വാക്കുകൾ കിട്ടുന്നില്ല. എൻെറ അഹങ്കാരവുംകൂടി ലജ്ജാപൂർവ്വം തലതാഴ്ത്തുന്നു. എത്രയും മാധുര്യമുള്ള ഈശോ, തീർത്ഥാടനം ചെയ്തുകൊണ്ടിരിക്കുന്ന ആത്മാവിൻെറ ആശ്വാസകാ, അങ്ങയുടെ മുമ്പിൽ എനിക്കു മിണ്ടാൻ നാവില്ല. എന്നാൽ എൻെറ മൗനം തന്നെ അങ്ങയോടു സംസാരിക്കുന്നു.

ഈശോ പന്ത്രണ്ടു ദരിദ്രരായ മീൻപിടുത്തക്കാരുടെ കാലുകൾ കഴുകാൻ സന്നദ്ധനായി. ഇതാണു യഥാർത്ഥ ജനാധിപത്യം. ഇക്കാര്യത്തിൽ വൈദികരായ നാം എല്ലാവർക്കും കണ്ടാസ്വദിക്കാവുന്ന മാതൃകയായിരിക്കണം. എൻെറ രക്ഷകനായ ഈശോ എത്രപ്രാവശ്യം എൻ്റെ പാദങ്ങളും എൻെറ കരങ്ങളും ശിരസ്സും കഴുകിയിട്ടുണ്ടു്. ദരിദ്രരും എളിയവരുമായ ജനങ്ങൾക്ക് അതേസേവനം ചെയ്തുകൊടുക്കുവാൻ ഞാൻ എന്തിനു ലജ്ജിക്കുന്നു?

"എടുത്തുഭക്ഷിക്കുവിൻ, ഇതു് എൻെറ ശരീരമാണ്." (മത്താ. 26, 26) ഇതോടുകൂടി അവിടുത്തെ സ്നേഹത്തിനു തരാവുന്നതൊക്കെ തന്നുതീർന്നു. അവിടുന്ന് എല്ലാം, തൻെറ ജീവനുംകൂടെ എനിക്കു തന്നിരിക്കുകയാണ്.

www.malankaralibrary.com

കത്താവേ, അങ്ങ് അങ്ങയെത്തന്നെ ഞങ്ങളുടെ കൈകളിൽ വച്ചുതന്നിരിക്കുന്നു. അതുപോലെതന്നെ എന്റെ ശരീരവും ആത്മാവും എന്റെ സർവ്വസ്വവും അങ്ങേക്കു പ്രതിഷ്ഠിക്കുന്നു. അങ്ങയുടെ ഇഷ്ടം പോലെ എന്നെക്കൊണ്ടു ചെയ്തുകൊള്ളുക.

"എന്റെ ആത്മാവു മരിക്കത്തക്കവിധം ദുഃഖിക്കുന്നു. എന്റെ കൂടെ ഉണ്ടായിരിക്കുക." (മത്താ. 26, 38) ആകയാൽ ഈശോയ്ക്കും ഭയത്തിന്റെ മണിക്കൂറുണ്ടായി. അവിടുത്തേക്കു നമ്മുടെ മാനുഷിക ബലഹീനത അനുഭവപ്പെട്ടു. ചെറിയകാര്യങ്ങൾക്കു നിർവീര്യരായി ത്തീരുന്ന നമുക്കു് ഇതൊരാശ്വാസമാണ്. നമുക്കു് അനുകരിക്കാവുന്ന ഒരു ദിവ്യമാതൃകയുമാണ്. നമ്മുടെ ആത്മാക്കൾ വിഷാദപ്പെടുകയും നമ്മുടെ ഹൃദയം വ്രണപ്പെടുകയും ചെയ്തിരിക്കുമ്പോൾ, നമുക്കു് ഈശോ യെ സമീപിക്കാം, ബലിപീഠത്തിലേക്കടുക്കാം. നമ്മുടെ സങ്കടം അവി ടുത്തെ ധരിപ്പിക്കാം, അപ്പോൾ നമുക്കു ശക്തിയും സമാധാനവുമുണ്ടാകും.

"ശെമയോൻ, നീ ഉറങ്ങുകയാണോ?" (മർക്കോ. 14, 37) ഈ ശോയുടെ ഈ വാക്കുകൾ എത്ര സന്തപ്തവും അർത്ഥവത്തുമാണ്! ക്ഷീ ണിതനായി പ്രാർത്ഥിക്കുവാനും അദ്ധ്വാനിക്കുവാനും വിമുഖനായിരിക്കു മ്പോൾ ഞാൻ എന്നോടുതന്നെ ഈ വാക്കുകൾ പറയും. ഈശോ പ്രാ ർത്ഥിക്കുകയും അദ്ധ്വാനിക്കുകയും കരയുകയും ചെയ്യുമ്പോൾ ഞാനുറങ്ങു കയോ?

"അവൻ അവിടുത്തെ ചുംബിച്ചു" (മത്താ. 26, 49) ഈശോ യുടെ നെററിയിൽ ആ നാരകീയചുംബനത്തിന്റെ സ്വരം! ഓരോദിവ സവും ഇത്തരം വഞ്ചന അഭ്യസിക്കുന്ന എത്ര വൈദികരുണ്ട്! പരിഭ്ര മജനകമായ ഒരു ചിന്ത!

ഓ ഈശോ, എന്റെ സ്നേഹചുംബനങ്ങൾ അങ്ങയുടെ ഹൃദയ ത്തിൽ അങ്ങു സ്വീകരിക്കുക. അങ്ങയെ സ്നേഹിക്കുകയും തന്റെ പാപ ങ്ങളെപ്രതി അങ്ങയോടു മാപ്പുചോദിക്കുകയും ഇനി പാപം ചെയ്യുക യില്ലെന്നു വാഗ്ദാനംചെയ്യുകയും ചെയ്യുന്ന ഈ മകന്റെ ചുംബനങ്ങൾ അങ്ങു സ്വീകരിക്കുക.

"എന്നാൽ ഈശോ നിശ്ശബ്ദനായിരുന്നു." (മത്താ. 26, 63) ഞാൻ കുററാരോപിതനാണോ? നിന്ദിതനാണോ? ശരിയായോ തെ ററായോ ശാസിതനാണോ? ജനങ്ങൾ എന്നെപ്പററി മോശമായി സംസാ രിക്കുന്നുണ്ടോ? എന്റെ വിജ്ഞാനവും പുണ്യവും പ്രദർശിപ്പിക്കു

www.malankaralibrary.com

വാൻ എന്റെ മായാസ്തുതി എന്നെ പ്രേരിപ്പിക്കുന്നുവോ? അപ്പോഴെക്കെ, "ഈശോ നിശ്ശബ്ദനായിരുന്നു", എന്ന വാക്കുകൾ ഞാൻ ഓർമ്മിക്കണം. മൗനം കനകമാണു്.

"തൽസമയം അവർ എന്റെ മുഖത്തു തുപ്പി; എന്നെ തല്ലി; ചിലർ എന്നെ അടിച്ചു." (മത്താ. 26, 67) ഭീരുത്വംകൊണ്ടു ശിഷ്യന്മാർ ഈശോയെ നിഷേധിക്കുകയോ കയ്ഫാസിന്റെ ഭവനത്തിൽ ഉപേക്ഷിച്ചിട്ടുംകൊണ്ടു പോകുകയോചെയ്തു. വിശ്വസ്തരായ വൈദികർക്ക് ഈ കാര്യത്തിൽ ദൈവം നല്കുന്ന സമ്മാനം ഇതാണ്. "അവിടുത്തെ നാമത്തെപ്രതി അപമാനം സഹിക്കുവാൻ യോഗ്യരായി അവർ എണ്ണപ്പെട്ടു," (നട. 5, 41)

കർത്താവേ, അങ്ങയോടുകൂടെ സ്നേഹത്തെപ്രതി ഈദൃശമഹത്വത്തിൽ പങ്കുകാരനാകാൻ എനിക്ക് അനുഗ്രഹംനല്കണമേ; അങ്ങയെ പ്രതി നിന്ദിക്കപ്പെടുവാൻ ഞാൻ ആഗ്രഹിക്കുകയെങ്കിലും ചെയ്യട്ടെ.

"തീർച്ചയായും ഇതു ദൈവപുത്രനായിരുന്നു" (മത്താ.27, 54). ഈശോയുടെ കുരിശിനരികേയുണ്ടായിരുന്ന ദൈവമാതാവിന്റേയും യോഹന്നാന്റേയും ഭക്തസ്ത്രീകളുടേയും മനോവേദന എനിക്കുണ്ടാകുക ദുർഘടമാകയാൽ, ക്രൂശിതനായ നസറത്തുകാരന്റെ ദൈവത്വം നെഞ്ചത്തടിച്ചു് ഏററുപറഞ്ഞുകൊണ്ടു ഗാഗുൽത്തായിൽനിന്നു് ഇറങ്ങിവന്ന ശതാധിപന്റെ വികാരത്തിലെങ്കിലും എന്നെ ഓഹരിക്കാരനാക്കുക. കർത്താവേ, ഒരു പാപിയായതുകൊണ്ടു കണ്ണുനീരിന്റെദാനത്തിനു ഞാൻ യോഗ്യനായിട്ടില്ല. എന്നാൽ എന്റെ പാപങ്ങളെപ്രതി ചിന്തിയ അങ്ങയുടെ ചോരയാൽ പവിത്രീകൃതമാകാൻ എനിക്ക് എല്ലാ അവകാശവുമുണ്ടു്.

ഈശോയുടെ എത്രയും പരിശുദ്ധഹൃദയമേ, സ്വസ്തി.

ജ്ഞാനധ്യാനം കഴിഞ്ഞു. നമുക്കു മച്ചുപായ് വിരിക്കാം. ധാരാളം കൃപാവരം എന്റെമേൽ ചിന്തപ്പെട്ടിരിക്കുന്നു. തന്റെ സഭയിൽ ഞാൻ വല്ലനന്മയുംചെയ്യണമെന്നും തന്റെ സ്നേഹഹൃദയത്തിലേക്ക് ആത്മാക്കളെ ആകർഷിക്കണമെന്നും കർത്താവാഗ്രഹിക്കുന്നു. അവിടുത്തേക്കു് എന്നെ പൂർണ്ണമായി സമർപ്പിക്കേണ്ടതിന്റെ ആവശ്യം ഇന്നത്തെപ്പോലെ മറെറാരിക്കലും ഇത്ര ദൃഢമായും സത്യമായും അനുഭവവേദ്യമായിട്ടില്ല.

എന്റെ ബുദ്ധിയെ പ്രകാശിപ്പിക്കാനും, എന്റെ കാൽച്ചുവടുകളെ നയിക്കാനും ഒരു നല്ല ജ്ഞാനപിതാവിനെ അയച്ചുതന്നിരിക്കുന്നുവെന്നുള്ളതാണ് ഏററവും വലിയ കാര്യം. അതെനിക്ക് അത്യാ

www.malankaralibrary.com

വശ്യമായിരുന്നു. എന്റെ ആത്മാവിനെപ്പററി ആത്മാത്ഥമായും ഹൃദയംഗമമായും അദ്ദേഹത്തോട്ട സംസാരിക്കുവാൻ അദ്ദേഹം എനിക്കു സന്ദർഭമുണ്ടാക്കിത്തന്നു. തന്നിമിത്തം ഇന്നെനിക്കു് ആദ്ധ്യാത്മിക പുരോഗമനത്തെപ്പററി ഉറപ്പു തോന്നുന്നുണ്ടു്; അതിന്റെ പ്രത്യാശയും എനിക്കുണ്ടു്. [ഫാദർ പിത്തോക്കിയുടെ കാര്യം സൂചിതം]

ഈ ദിവസങ്ങളിൽ എന്റെ ആത്മാവിൽ പ്രവത്തിച്ച പ്രസാദവരത്തിന്റെ ഫലമായും എന്റെ പുതിയ ജ്ഞാനപിതാവിന്റെ നിർദ്ദേശമനുസരിച്ചും സംക്ഷിപ്തമായി കുറേ ചിന്തകളും നിശ്ചയങ്ങളും ഞാനിതാ നിരത്തിവയ്ക്കുന്നു. എന്റെ ആത്മാവിന്റെ യഥാർത്ഥനന്മയെ ലാക്കാക്കി ഈശോയുടെ തിരുഹൃദയത്തിന്റെ സഹായത്താൽ അവ അനുഷ്ഠിച്ചു കൊള്ളാമെന്നു ഞാൻ വാഗ്ദാനം ചെയ്യുന്നു.

1. എന്നിൽ ദൈവമാണു സവ്വസ്വവും ഞാൻ വെറും ശൂന്യം. എനിക്കു് ഊഹിക്കാവുന്നതിലും നീചനായ ഒരു പാപിയാണു ഞാൻ. എന്റെ ജീവിതത്തിൽ ഞാൻ വല്ല നന്മയും ചെയ്തിട്ടുണ്ടെങ്കിൽ അതു ദൈവാനുഗ്രഹത്താലാണു്. ഞാൻ പ്രതിബന്ധങ്ങളുണ്ടാക്കിയില്ലായിരുന്നെങ്കിൽ അവിടുത്തെ കൃപാവരം ശ്രേഷ്ഠമായ ഫലങ്ങൾ പുറപ്പെടുവിക്കുമായിരുന്നു.

എന്റെ ശൈശവം മുതൽ ഇന്നുവരെ ദൈവം എന്റെ ആത്മാവിൽ ചിന്തിയിരിക്കുന്ന അനുഗ്രഹങ്ങളിൽനിന്നും അവിടുന്നു കാണിച്ചിട്ടുള്ള അടയാളങ്ങളിൽനിന്നും സ്പഷ്ടമാകുന്നതു തന്റെ ആരാധ്യമായ ഉദ്ദേശ്യങ്ങൾക്കായി എന്നെ വിശുദ്ധനാക്കണമെന്നാണു്. ഇതു സദാ എനിക്കു ബോധ്യമായിരിക്കേണ്ടതാണു്. എന്തു വിലകൊടുത്തും ഞാൻ ഒരു പുണ്യവാനാകാൻ ശ്രമിക്കണം. ഇതുവരെ ഞാൻ ചെയ്തിട്ടുള്ള എത്രയും നിസ്സാരമായ കാര്യങ്ങൾ വെറും ബാല ലീലയത്രേ, സമയം കടന്നു പോകുന്നു. ഇന്നു് ഇരുപത്തൊന്നാം വയസ്സിൽ ഞാൻ ആരംഭമിടണം: "ഇപ്പോൾത്തന്നെ ഞാൻ ആരംഭിച്ചിരിക്കുന്നു".

ഞാൻ ദൈവവുമായി ഐക്യം പ്രാപിക്കണം. ദൈവേഷ്ടത്തിനു് അനുസരണമായി സമസ്തവും, എന്റെ പഠനവുംകൂടി ദൈവകരങ്ങളിൽ ഇട്ടുകൊടുത്തും കൊണ്ടു് അവിടുത്തോടു് ഐക്യം പ്രാപിക്കുവാൻ ഞാൻ പരിശ്രമിക്കണം. ഈ തത്വത്തിനു് അനുയോജ്യമായിരിക്കണം പ്രാപഞ്ചിക വസ്തുക്കളോടുള്ള എന്റെ ബന്ധവും പ്രവൎത്തനങ്ങളും· ഈശോയുടെ തിരുഹൃദയത്തിൽ എന്നെത്തന്നെ ശൂന്യമാക്കിത്തീക്കണം.

www.malankaralibrary.com

3) ഞാൻ സ്വീകരിക്കേണ്ട മാർഗ്ഗം, അഥവാ ശരിയായ മാർഗ്ഗം എളിമയുടെ മാർഗ്ഗമാണ്. ആ വഴിയിൽക്കൂടെ നേരെ ഞാൻ പോകണം; തിരിഞ്ഞുനോക്കരുത്. എന്തുരൂപം കൈക്കൊണ്ടാലും വേണ്ടതില്ല, ഞാൻ എന്റെ അഹങ്കാരത്തിനെതിരായി ആയുധമെടുക്കണം. എന്റെകൂടെ ഞാൻ കൊണ്ടുനടക്കുന്ന ശത്രുവിന് ഒരു നിമിഷം വിശ്രമമനുവദിക്കരുത്. ഈ ഉദ്ദേശ്യത്തോടുകൂടെ ഞാൻ പ്രത്യേകാത്മശോധന നടത്തും; എല്ലാ ദിവസവും അങ്ങനെ ചെയ്യും.

4) ക്രിസ്തുവിന്റെ കാര്യങ്ങൾക്കും അവിടുത്തെ പ്രതാപസമന്വിതമായ വിജയത്തിനും ക്രിസ്തീയ ജീവിതത്തിന്റെ സർവ്വവിധവികസനത്തിനും വേണ്ടി എന്റെ ഹൃദയത്തിൽ തിങ്ങിനില്ക്കുന്ന യുവസഹജവും ഉജ്ജ്വലവും അപ്രതിരോധവുമായ ഉത്സാഹം പരിശുദ്ധമാണെങ്കിലും അതിൽനിന്നുള്ള പ്രചോദനങ്ങൾ അസ്പഷ്ടവും ചിലപ്പോഴൊക്കെ വിപൽകരങ്ങളുമാണ്. പ്രസ്തുത പ്രചോദനങ്ങൾ സമയം നഷ്ടപ്പെടുത്തുകയേ ഉള്ളൂ. ഫലം തുച്ഛവും. ഇന്ന് എന്റെ ദൈവം എന്നിൽനിന്ന് ആവശ്യപ്പെടുന്നത് ഒരു കാര്യം മാത്രമാണ്. പരിശുദ്ധമായ ഈ ആദർശങ്ങളൊന്നും അവഗണിക്കാതെ, ഒരു നല്ല വൈദികനാകാൻ എന്റെ തീക്ഷ്ണതയൊക്കെയും ശക്തിയും എന്നിലുള്ള സജീവാഗ്നിയും വിനിയോഗിക്കണം. ഇതാണ് ഇന്നാവശ്യം, വേറൊന്നും വേണ്ടതില്ല.

എന്റെ സ്ഥിര പരിശ്രമ വിഷയം സെമിനാരി നിയമങ്ങളനുസരിക്കുകയായിരിക്കണം, നിയമങ്ങൾ മാത്രമല്ല നിശ്ചിതമായ ചട്ടങ്ങളും. നിയമത്തിനെതിരായി ഒന്നും അറിയാതിരിക്കുക സമസ്തവും അറിയുകയാണ്. എന്റെ ആദ്ധ്യാത്മികാഭ്യാസങ്ങളുടെ അതിപ്രധാനവും കാതലുമായ ഫലം ഇതത്രേ.

ഞാൻ എന്തല്ലയോ അതാകാനല്ല ഞാനാഗ്രഹിക്കുന്നത്; ഞാൻ എന്താണോ അതു യഥാർത്ഥത്തിൽ പൂർണ്ണമായി ആകാനാണ് എന്റെ ആഗ്രഹം. ഇതാണ് എന്റെ സെന്റ്ഫ്രാൻസിസു സെയിൽസ് എനിക്കു പറഞ്ഞുതരുന്നത്.

5) പാപത്തിൽനിന്ന് എന്നെ അകററിനിറുത്താനും ഈശോയിൽനിന്നു ഞാൻ അകന്നുപോകാതിരിക്കാനും വേണ്ടി ഈശോയുടെ ദിവ്യകാരുണ്യഹൃദയത്തോടുള്ള ഭക്തിയാണു ദൈവം ഉപയോഗിച്ചിരിക്കുന്നത്. ഈ ഭക്തി എന്റെ ആദ്ധ്യാത്മിക പുരോഗമനത്തിന്റെ അതിപ്രധാന ഘടകമായിരിക്കും.

www.malankaralibrary.com

ദിവ്യകാരുണ്യ ഈശോയോടുള്ള എൻെറ സ്നേഹാദരങ്ങൾ എന്നെ മുഴുവനേയും എൻെറ വിചാരങ്ങളേയും പ്രവൃത്തികളേയും വാക്കുകളേയും ഉത്തേജിപ്പിക്കട്ടെ. എൻെറ എല്ലാ പ്രവൃത്തികളിലും പ്രസ്തുത വികാരങ്ങൾ പ്രകടമാകട്ടെ. ഇതിനു് ഈശോയോടു് എത്രയും അഗാധമായ ഐക്യം അത്യന്താപേക്ഷിതമാണു്. സക്രാരിയുടെ മുമ്പിൽത്തന്നെ സമയം മുഴുവനും കഴിക്കണം. ദിവ്യകാരുണ്യസ്തുതികീർത്തനങ്ങൾ ഞാൻ ചൊല്ലിക്കൊണ്ടിരിക്കണം, ദിവ്യകാരുണ്യ സ്വീകരണത്തിലും സന്ദർശനത്തിലും കൂടുതൽ സ്നേഹം വേണം. ഈശോയുടെ തിരുഹൃദയത്തിനു വേണ്ടിമാത്രമാണു ഞാൻ ജീവിക്കുന്നതെന്നു ഞാൻ കരുതണം.

6) ദൈവപരിപാലന എനിക്കു് അയച്ചുതന്നിരിക്കുന്ന ജ്ഞാനപിതാവു പ്രായോഗികകാര്യങ്ങളിൽ എനിക്കു സർവ്വസ്വവുമായിരിക്കണം. അദ്ദേഹത്തിൻെറ ഉപദേശവും അംഗീകാരവുംകൂടാതെ യാതൊന്നും എനിക്കു ഞാൻ അനുവദിക്കുകയില്ല. എല്ലാ പ്രശ്നങ്ങളും ബാലിശമെന്നു തോന്നുന്നവകൂടെയും എൻെറ മനസ്സാക്ഷിയിൽ ഉദിക്കുന്നതുപോലെ ഞാൻ അദ്ദേഹത്തിൻെറ മുമ്പിൽ വയ്ക്കണം. ഞാൻ എന്നോടെങ്ങനെയോ അതുപോലെ അദ്ദേഹത്തോടു് ആത്മാർത്ഥത പ്രകടിപ്പിക്കണം. കൃത്യമായി ആദ്ധ്യാത്മികമെന്നു പറയാൻ പാടില്ലാത്ത സംഗതികളിലും ഞാൻ അദ്ദേഹത്തിൻെറ ഉപദേശവും നിർദ്ദേശവും സ്വീകരിക്കും. അദ്ദേഹത്തിൻെറ വാക്കുകൾ എൻെറ മനസ്സാക്ഷിയുടെ നിർദ്ദേശമായിട്ടുതന്നെ ഞാൻ സ്വീകരിക്കും.

7) ആശാനിഗ്രഹം ആവുന്നിടത്തോളം അഭ്യസിക്കണം, പ്രത്യേകിച്ചു നാവിൻെറ. സദാ എളിമപ്പെടാൻ ഞാൻ തയ്യാറായിരിക്കണം, വിശിഷ്യ, കാര്യങ്ങൾ മോശമായിപ്പോകുമ്പോൾ. ശാരീരികാശാനിഗ്രഹങ്ങൾ കുറച്ചുമതി: എന്നാൽ സ്ഥിരമായിരിക്കണം. വലിയ നിർബന്ധത്തോടെ വേണ്ടതില്ല. ഉപ്പു മുഴുവനായി ഞാൻ ഉപേക്ഷിക്കും; സായംകാലത്തു പഴങ്ങൾ ഉപയോഗിക്കയില്ല. ഒരു ഗ്ലാസിലധികം വീഞ്ഞു ഞാൻ കുടിക്കയുമില്ല. വീഞ്ഞോ, മാംസമോ, പഴമോ, കേക്കോ, എന്നുവേണ്ട ഏതുഭക്ഷണസാധനം എൻെറ മുമ്പിൽ വച്ചാലും ഒരു കടിക്കുള്ളതെങ്കിലും ഞാൻ മിച്ചം വയ്ക്കും. എൻെറ ഭക്ഷണമാരംഭിക്കുമ്പോൾ മേശയിൽ വച്ചിരിക്കുന്നതല്ലാതെ ഒരു കഷണം അപ്പംപോലും ഞാൻ കൂട്ടത്തിലെടുക്കുകയില്ല. എന്തെങ്കിലും മേശയിൽ കുറവുണ്ടെങ്കിൽ, അക്കാര്യം ആരോടും ഞാൻ പറയുകയില്ല. ആശാനി

www.malankaralibrary.com

ഗ്രഹചൈതന്യത്തിന് അതിൻെറ ചിട്ടകൾക്കെന്നതിനേക്കാൾ ഞാൻ കൂടുതൽ പ്രാധാന്യം കല്പിക്കും. ഓരോ സംഗതിയും അതിൻെറ സ്വഭാവമനുസരിച്ചു ഞാൻ തീരുമാനിക്കും.

8) പ്രത്യേക ഭക്തികൾ കുറച്ചുമതി; എന്നാൽ അവ ശരിക്കു ചെയ്യണം. അപ്പപ്പോഴായി കിട്ടുന്ന സമയം വിനിയോഗിച്ചു കന്യകാമറിയത്തിൻെറ ഒപ്പീസു ദിനംപ്രതി ചൊല്ലണം. ഗോവണികയറുമ്പോഴും, ഒരു ക്ലാസിൽനിന്നു മറെറാരു ക്ലാസിലേക്കു പോകുമ്പോഴും, കപ്പേളയിലേക്കു പോകുമ്പോഴും, നടക്കാൻ പോകുമ്പോഴുമൊക്കെ ചൊല്ലാമല്ലോ. ഞാൻ എത്രയും ശ്രദ്ധിക്കേണ്ട അഭ്യാസം അനുദിന ദിവ്യകാരുണ്യസന്ദർശനമാണ്.

9) എല്ലായ്പോഴും പ്രസന്നതയും പ്രശാന്തതയും അനാകുലമനസ്സും അത്യന്താപേക്ഷിതമാണ്. ഞാനെൻെറ പ്രതിജ്ഞകൾ ശ്രദ്ധാപൂർവ്വം പാലിച്ചിരിക്കുന്നുവെന്നു കാണുമ്പോൾ, ദൈവം നല്കിയിട്ടുള്ള എല്ലാ അനുഗ്രഹങ്ങൾക്കും ഹൃദയപൂർവ്വം ഞാൻ നന്ദി പറയും. ഞാൻ പരാജയപ്പെട്ടുമ്പോൾ നിരുത്സാഹനാകയില്ല. ഞാൻ കൂടുതൽ എളിമപ്പെടാനും, ദൈവത്തിൻെറ സ്നേഹപരിപാലനയ്ക്കു പൂർണ്ണമായി എന്നെത്തന്നെ സമർപ്പിക്കാനും ദൈവം അനുവദിച്ച പരാജയമാണെന്നു ഞാൻ വിചാരിക്കും. ഒരു കുററംചെയ്താൽ ഞാൻ അഗാധമായ ഒരു എളിമപ്രകരണം ചെയ്യും. എന്നിട്ടു പ്രസന്നതയോടുകൂടെ വീണ്ടും ആരംഭിക്കും. ദൈവം എന്നെ ആശ്ലേഷിക്കുകയും ചുംബിക്കുകയും തൻെറ കരങ്ങൾകൊണ്ടെടുത്ത് എന്നെ പൊക്കുകയും ചെയ്തിരിക്കുന്നുവെന്നു കരുതി ഞാൻ മന്ദഹാസം തൂകും. ശരണത്തോടും ആനന്ദത്തോടുംകൂടെ കർത്താവിൻെറ നാമത്തിൽ ഞാൻ പുറപ്പെടും. നല്ല ഈശോ, അങ്ങയെ സ്നേഹിക്കുവാൻ എത്രമാത്രം ഞാനാഗ്രഹിക്കുന്നുവെന്ന് അങ്ങേക്ക് അറിയാമല്ലോ.

www.malankaralibrary.com

# 13 അനുഗ്രഹവത്സരം 1902

കർത്താവിൻെറ നാമത്തിൽ ആദ്ധ്യാത്മിക ഡയറി — ഞങ്ങളോടുള്ള സ്നേഹത്തെപ്രതി ജ്വലിക്കുന്ന ഈശോയുടെ ഹൃദയമേ, അങ്ങയോടുള്ള സ്നേഹത്താൽ ഞങ്ങളുടെ ഹൃദയത്തെ ഉജ്ജ്വലിപ്പിക്കണമേ

## ഡിസംബർ 16-ാംനു

"ദൈവം സർവ്വസ്വം; ഞാൻ ശൂന്യം:" ഇതുമതി ഇന്നേക്കു്.

## ഡിസംബർ 17-ാംനു

എൻെറ ചുററും സമരധൂളി പറക്കുകയാണു്. യുവസഹജമായ ഉത്സാഹവും ഉജ്ജ്വല ആദർശങ്ങളും പ്രകാശമാനമായ കാഴ്ചകളും! ഈ സ്വപ്നങ്ങൾ സുന്ദരങ്ങളാണു്; എന്നാൽ ഇവ ശ്രദ്ധാപൂർവ്വം കൈകാര്യംചെയ്യേണ്ടിയിരിക്കുന്നു. അവ എത്ര ഉൽകൃഷ്ടവും വിശുദ്ധവുമാണെങ്കിൽത്തന്നെയും സമയനഷ്ടത്തിനു കാരണമാകും. ആകയാൽ ഞാൻ അവയെ സൂക്ഷിക്കണം; വളരെ ശ്രദ്ധിക്കണം.

ദൈവതാൽപര്യങ്ങളുടെ വിജയത്തിനു ഞാൻ അനുധാവനം ചെയ്യേണ്ടമാർഗ്ഗം, ഭാവിയിൽ ഈശോയുടെ രാജ്യത്തിൽ ഫലപ്രദമായി അദ്ധ്വാനംചെയ്യുന്നതിനുള്ള ഉറച്ച മാർഗ്ഗം എളിമയാണു്. ശേഷമെല്ലാം പിന്നാലെ വന്നുകൊള്ളും. എളിമ അവയ്ക്കെല്ലാം അടിത്തറയായിരിക്കും. എൻെറ ജ്ഞാനപിതാവു് എനിക്കു നല്കിയ ഉപദേശമാണിതു്. പരിശുദ്ധാത്മാവു് അദ്ദേഹംവഴി സംസാരിക്കുന്നു.

## ഡിസംബർ 18-ാംനു

നമ്മുടെ സൽപ്രവൃത്തികളോടും ആശാനിഗ്രഹങ്ങളോടുംകൂടെയാണു ദൈവം തൻെറ അനുഗ്രഹങ്ങൾ ചേർത്തുവയ്ക്കുന്നതെന്നു പറയപ്പെടുന്നു. തന്നിമിത്തം നമ്മുടെ പ്രാർത്ഥനകളിലും ധ്യാനങ്ങളിലും സ്വാർത്ഥ പ്രതിപത്തിയോടുള്ള സമരങ്ങളിലും, സ്വർഗ്ഗീയാനന്ദമോ നമ്മൾ പ്രതീക്ഷിക്കുന്ന ആദ്ധ്യാത്മിക സന്തോഷത്തികവോ അനുഭവവേദ്യമാകുന്നില്ലെങ്കിൽ ഒട്ടും വിസ്മയിക്കാനില്ല. നമ്മളെന്തോ മോശമായി ചെയ്തിട്ടുണ്ടു്; അല്ലെങ്കിൽ കൃപാവരം ചേർത്തുതരാനുദ്ദേശിച്ചിരുന്ന ആശാനിഗ്രഹം നാം ചെയ്തില്ലെന്നതുമാകാം കാരണം. ആകയാൽ അനുമാനം സ്പഷ്ടം: എല്ലാത്തിലും നല്ല ശ്രദ്ധ: ചെറിയകാര്യങ്ങളിൽ ആവുന്നിടത്തോളം പരിപൂർണ്ണത.

www.malankaralibrary.com

## ഡിസംബർ 19-ാംനു

കർത്താവേ, ഈ ലോകത്തിൽ ഒരു കാര്യം മാത്രമേ എനിക്കാവശ്യമുള്ളു: എന്നെത്തന്നെ അറിയുക, അങ്ങയെ സ്നേഹിക്കുക. "അങ്ങയുടെ സ്നേഹവും കൃപാവരവും എനിക്കു തരിക. അവ എന്നെ സമ്പന്നനാക്കും; മറെറാന്നും ഞാൻ ആവശ്യപ്പെടുന്നില്ല."

## ഡിസംബർ 20-ാംനു ശനിയാഴ്ച

എല്ലാ നിമിഷവും എനിക്കു് ഓരോ സന്ദർഭങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ടു്. ഇന്നു പ്രഭാതത്തിൽ ജ്ഞാനധ്യാനത്തിനുശേഷം ദൈവത്തിൽനിന്നു നിരവധി അനുഗ്രഹങ്ങൾ പ്രാപിച്ചിരിക്കുന്ന ഞാൻ സ്വാഭാവികമായും വളരെ ഉത്സാഹത്തോടെ, എല്ലാം ശരിയായി ചെയ്യണമെന്നുള്ള നിശ്ചയത്തോടെ, പ്രത്യേകിച്ചു നിയമങ്ങൾ ശരിയായി അനുസരിക്കണമെന്നുള്ള പ്രതിജ്ഞയോടെയാണു പുറത്തിറങ്ങിയതു്.

എന്നിട്ടും ഇന്നത്തെ പ്രത്യേകാത്മശോധനയിലും പൊതു ആത്മശോധനയിലും പല പരാജയങ്ങളും ഞാൻ കണ്ടു. പല കാര്യങ്ങളും അതൃപ്തികരമായി ചെയ്തിരിക്കുന്നതു ഞാൻ ദർശിച്ചു. തന്നിമിത്തം ഞാൻ പരിഭ്രാന്തനാണു്. ഇതിൻെറ സാരമെന്തു്? എല്ലാം ഞാൻ പ്രവർത്തിച്ചതുതന്നെ. എങ്കിലും പരിപൂർണ്ണമനുഷ്യൻെറ ഭാവത്തിൽ ചുവടുവച്ചും വേഷമണിഞ്ഞും ഞാൻ നടക്കുന്നു.

നവാഭിഷിക്തരായ എൻെറ ചങ്ങാതിമാരുടെകൂടെ കാനോനനമസ്കാരവും ദൈവമാതാവിൻെറ ചെറിയ ഒപ്പീസും ചൊല്ലിയപ്പോൾ എൻെറ മനസ്സു് എവിടെയൊക്കെയാണു പറന്നുപോയതു്?

ശയനമുറിയുടെ പുറമേവച്ചു് എൻെറ സ്നേഹിതരോടു സംസാരിച്ചതും മൗനസമയത്തു പറഞ്ഞ വാക്കുകളും സ്വന്തംകാര്യങ്ങളെപ്പററി നടത്തിയ ദീർഘസംസാരവും ചെറിയകാര്യങ്ങളാണോ? ഇവ പുണ്യമാണോ? ഇങ്ങനെയാണോ എൻെറ പ്രതിജ്ഞകൾ ഞാൻ നിറവേറ്റാൻ തുടങ്ങുന്നതു്.

പൊതുവെ പറയുകയാണെങ്കിൽ എൻെറ പെരുമാററത്തിൽ പരിശുദ്ധമായ ഒരു ഉന്മേഷം ഞാൻ കാണുന്നില്ല. അതാണല്ലോ നടപടികൾക്കു് ആകർഷണവും സ്വരൂപവും നല്കുന്നതു്. ആദ്ധ്യാത്മികാഭ്യാസങ്ങളിൽക്കൂടി തെല്ലു പ്രസന്നതയും ചൊടിയും ആവശ്യമാണു്.

www.malankaralibrary.com

പ്രാത്ഥനയും പ്രതിജ്ഞകളും നിദ്രാമയക്കത്തോടെന്നപോലെയല്ല നമ്മുടെ കത്താവിനു സമപ്പിക്കേണ്ടതു്. അവിടുത്തെ ക്ഷമ പരീക്ഷിക്കുവാൻ സദാ സാധ്യതയുണ്ടു്.

ആകയാൽ ഒന്നുകൂടി ധൈര്യം വരിക്കുക. എളിമ പരിശീലിക്കുക. നമ്മുടെ തെററുകൾ ദൈവത്തിലേക്കു് അടുക്കുന്നതിനു വേറൊരവസരം നല്കുന്നുണ്ടു്. അവിടുത്തേക്കുമാത്രമേ എന്നെ സുഖപ്പെടുത്തുവാൻ കഴിയൂ.

ഇന്നത്തെ കാര്യങ്ങളൊക്കെ മോശമായി. മറെറന്താണു പ്രതീക്ഷിക്കാവുന്നതു്. നാളെ കൂടുതൽ ശ്രദ്ധവേണം; ദൈവത്തിൽ കൂടുതൽ ശരണം വേണം. കത്താവേ, അങ്ങു് എൻെറ അയോഗ്യത കാണുന്നുണ്ടല്ലോ. എന്നെ സഹായിക്കുക. അങ്ങാണു് എൻെറ ശരണം.

## ഡിസംബർ 22-ാംനു

ഈശോകത്താവേ, ഞാൻ അങ്ങയുടെമുമ്പിൽ പൊടിമണ്ണോളം താഴുന്നു. ഞാനെത്ര നിസ്സഹായനാണെന്നു് അങ്ങു കാണുന്നുണ്ടല്ലോ. ദിവസന്തോറും ഞാൻ ഇക്കാര്യത്തെപ്പററി ചിന്തിക്കുമ്പോഴൊക്കെ അങ്ങു് ഇതെനിക്കു സ്പഷ്ടമാക്കിത്തരുന്നുണ്ടു്. ഞാൻ പശ്ചാത്തപിച്ചു പുനരാരംഭിക്കുന്നു. അപ്പോൾ അന്യവിചാരവും ആത്മനിയന്ത്രണത്തിൻേറയും പ്രതിജ്ഞാശക്തിയുടേയും അഭാവവും സംഭാഷണങ്ങളിൽ പ്രത്യേകിച്ചുമുള്ള അപൂണ്ണതകളുമാണു പ്രകടമാകുന്നതു്. എങ്കിലും ദൃഢമായ ഒരു അചഞ്ചലമനസ്സു് എനിക്കുണ്ടു്. ഇന്നത്തേ അഭ്യാസങ്ങളുടെ തുച്ഛമായഫലങ്ങൾകാണുമ്പോൾ ഞാൻ ആകുലനും പരിഭ്രാന്തനുമാകുന്നു. ഈശോ കത്താവേ, അങ്ങയുടെ കൃപാവരം വൃഥാവിലാകാതിരിക്കട്ടെ. എനിക്കു് അങ്ങയുടെ മുമ്പാകെ വരാനുള്ള ഹൃദയമില്ല. അങ്ങയുടെ ജനനത്തിരുനാളിനു് ഇനി രണ്ടു ദിവസവും കൂടിയുള്ളൂ. അന്നത്തേക്കുള്ള എൻ്റെദാനങ്ങൾ അങ്ങു പ്രതീക്ഷിക്കുകയായിരിക്കുമല്ലോ. കത്താവേ, അങ്ങയോടുള്ള എൻെറസ്നേഹം പ്രായോഗികമായി പ്രദശിപ്പിക്കുവാൻ ഞാൻ അങ്ങേയററം ആഗ്രഹിക്കുന്നുണ്ടെങ്കിലും അങ്ങയെ തൃപ്തിപ്പെടുത്തുവാൻ കഴിയാത്തതിൽ ഞാൻ സന്തപിക്കുകയാണു്. അങ്ങു് എന്നിൽ സംപ്രീതനാണെന്നും അങ്ങു് എന്നെ ആശ്ലേഷിക്കുന്നുവെന്നും അങ്ങയുടെ പരിശുദ്ധ സ്നേഹംകൊണ്ടു് അങ്ങു് എന്നെ നിറയ്ക്കുന്നുവെന്നും അറിഞ്ഞു ക്രിസ്മസ്ദിവസം ആനന്ദിക്കുന്നതിനു് എൻ്റെ ആത്മാവിനെ ഒരുക്കുകയാണു്; ഭൂതലത്തെ പോരായ്മകൾക്കു പരിഹാരം ചെയ്യുകയാണു്.

www.malankaralibrary.com

മറിയമേ, വി. യൗസേപ്പേ, എന്നെ ഒന്നു കടാക്ഷിക്കുക; എനിക്കുവേണ്ടി പ്രാർത്ഥിക്കുക; ഈശോ, മറിയമേ, യൗസേപ്പേ, ഞാൻ നിങ്ങൾക്കുവേണ്ടി ജീവിക്കുകയും സഹിക്കുകയും മരിക്കുകയും ചെയ്യട്ടെ. ഈ വാക്കുകൾ ആവർത്തിക്കുന്നതു് എത്ര മധുരം!

## ഡിസംബർ 23-ാംനു

ഇന്നു് ഇന്നലത്തേക്കാൾ ഭേദം; നാളെ ദൈവാനുഗ്രഹങ്ങൾ ഇന്നത്തേക്കാൾ ഭേദമാകണം. അങ്ങനെ മുന്നോട്ടു പോകണം. ഞാൻ വേണ്ടപോലെ ചിന്തിച്ചിട്ടില്ലാത്ത ഒരു സംഗതിയുണ്ടു്. വേറൊന്നും ചെയ്യാനില്ലാത്തതുപോലെ, ഈ ഒരുകാര്യത്തിനായിത്തന്നെ കർത്താവു് എന്നെ ഈ ലോകത്തിലാക്കിയെന്നതുപോലെ, വേറൊന്നും ചിന്തിക്കാതെ ഈ ഒരു കാര്യം ചെയ്യുന്നതിലാണു വിശുദ്ധീകരണം അടങ്ങിയിരിക്കുന്നുവെന്നതുപോലെ കരുതി എല്ലാം ചെയ്യണം, പ്രാർത്ഥന ചൊല്ലണം, നിയമം അനുസരിക്കണം.

ഇതു് ഒരു മഹാതതപമാണു്. ഇതു ശരിയായി പാലിച്ചാൽ വിശുദ്ധജലം പിശാചിനെ ഓടിക്കുന്നതുപോലെ അന്യവിചാരങ്ങളെ ആട്ടിപ്പായിക്കുവാൻ നമുക്കു കഴിയും. അതു് ഏകാഗ്രതയുടെ തതപമാണു്. "ചെയ്യുന്നതെല്ലാം ശരിക്കു ചെയ്യുക" എന്ന തതപംതന്നെ. എന്തു ചെയ്യുന്നുവോ അതിൽ ശ്രദ്ധപതിക്കുക; ദൈവസാന്നിധ്യബോധമുണ്ടായിരിക്കുക. ഇതു ഫലപ്രദമാകണമെങ്കിൽ പ്രഭാതത്തിൽ പ്രാരംഭപ്രവൃത്തികൾ മുതൽക്കുതന്നെ ഈ തതപം നടപ്പിലാക്കണം.

നാളെ വലിയ ഏകാഗ്രതയുടേയും തീക്ഷ്ണതയുടേയും ദിനമായിരിക്കണം. ഈശോ സമീപസ്ഥനാണു്; അമ്മയുടെ ഉദരത്തിൽ നിന്നു് അവിടുന്നു പുറത്തുവരാൻ പോകുന്നു. അവിടുത്തെ സ്വരം കേട്ടുകഴിഞ്ഞു: "കണ്ടാലും! ഞാൻ വരുന്നു". അവിടുത്തെ ആഗമനത്തിനൊരുങ്ങുന്നതുകൊണ്ടു പല പ്രയോജനങ്ങളുമുള്ളതിനാൽ ഞാൻ പ്രത്യേകം ഒരുങ്ങുകയാണു്. എനിക്കു് അവിടുത്തോടു മഹാകാര്യങ്ങൾ പറയാനുണ്ടു്. എനിക്കു തരാൻ ധാരാളം ദാനങ്ങൾ അവിടുത്തെ കൈവശമുണ്ടു്. അവിടുത്തെ സക്രാരി ഇപ്പോൾ ബെത്ലഹമിലെ തൊഴുക്കൂടായി മാറിയിരിക്കയാണല്ലോ. ആകയാൽ എന്റെ ഹൃദയവും മനസ്സും നാളെ മുഴുവനും സക്രാരിയുടെ മുമ്പിലായിരിക്കണം. വരിക നല്ല ഈശോ, വരിക: താമസിക്കല്ലേ. എന്റെ ആത്മാവിനു് ഇപ്പോൾ പ്രത്യാശയുണ്ടു്.

www.malankaralibrary.com

## ഡിസംബർ 24-ാംനു

രാത്രിയായിരിക്കുന്നു. പ്രകാശോജ്ജ്വല നക്ഷത്രങ്ങൾ ശീതമാരുതനിടയിൽ മിന്നിത്തിളങ്ങിക്കൊണ്ടിരുന്നു. കണ്ണാരുന്നുതമായ നാദം നഗരിയിൽനിന്ന് എൻെറ ചെവിയിലെത്തുന്നു. നമ്മുടെ രക്ഷകന്റെ ദാരിദ്ര്യത്തെ ആഹ്ലാദപൂർവ്വം കൊണ്ടാടുന്ന ലൗകായതികരുടെ സന്തോഷപ്രകടനമാണതു്. എൻെറ ചുററും അവരവരുടെ മുറികളിൽ എൻെറ ചങ്ങാതിമാർ ഉറങ്ങുന്നു; ഞാൻ ബെത്ലഹമിലെ രഹസ്യങ്ങളെപ്പററി ചിന്തിച്ചുണർന്നിരിക്കയാണു്.

വരിക ഈശോ, വരിക. ഞാൻ അങ്ങയെ കാത്തിരിക്കുന്നു. സമയം അടുത്തുവന്നു മറിയത്തിനും യൗസേപ്പിനും മനസ്സിലായി. നഗരവാസികൾ അവരെ സ്വീകരിക്കാൻ തയ്യാറായില്ല; തന്നിമിത്തം വിശ്രമത്തിനായി അവർ വയലുകളിലേക്കു തിരിഞ്ഞു. ഞാൻ ഒരു ദരിദ്ര ഇടയനാണു്. എനിക്കു കൊള്ളരുതാത്ത ഒരു തൊഴുത്തും പുൽക്കൂട്ടം കുറേ വയ്ക്കോലും മാത്രമേയുള്ളു. ഇവയെല്ലാം ഞാൻ അങ്ങേക്കു കാഴ്ചവയ്ക്കുന്നു; എൻെറ ഈ തൊഴുക്കൂട്ടിലേക്കു് അങ്ങു വേഗം വരിക. എൻെറ ഹൃദയം ഞാൻ അങ്ങേക്കു കാഴ്ചവയ്ക്കുന്നു. എൻെറ ആത്മാവു പുണ്യമില്ലാതെ തരിശായി കിടക്കയാണു്. അപൂർണ്ണതയാകുന്ന വയ്ക്കോൽത്തുരുമ്പു് അങ്ങയെ കുത്തിത്തറയ്ക്കും: അങ്ങു കരയും. എന്റെ കർത്താവേ, അങ്ങേക്കു് എന്തു പ്രതീക്ഷിക്കാം? ഇതുമാത്രമേ എൻെറ കൈയിലുള്ളു. അങ്ങയുടെ ദാരിദ്ര്യം എന്നെ സ്പർശിച്ചിരിക്കുന്നു; കണ്ണീരു വരുന്നു. എന്നാൽ കൂട്ടതലായൊന്നും എനിക്കു കാഴ്ചവയ്ക്കാനില്ല. എന്റെ ആത്മാവിലേക്കു് ഇറങ്ങിവന്നു് അതിനെ ആദരിക്കുക; അങ്ങയുടെ കൃപാവരംകൊണ്ടു് അതിനെ അലങ്കരിക്കുക. ഈ വയ്ക്കോലുകത്തിച്ചു് അങ്ങയുടെ പരിശുദ്ധ ശരീരത്തിനു പററിയ ശയ്യയായി മാററുക.

ഈശോ, ഞാനിവിടെ അങ്ങയുടെ ആഗമനത്തെ കാത്തിരിക്കയാണു്. നീചമനുഷ്യർ അങ്ങയെ ഓടിച്ചുകളഞ്ഞു. കാററു മഞ്ഞുപോലെയാണു്. അതു് എൻെറ ഹൃദയത്തിലേക്കു വരിക. ഞാൻ ദരിദ്രനാണു്; എന്നാൽ എൻെറ കഴിവനുസരിച്ചു ഞാൻ അങ്ങയെ ചൂടുപിടിപ്പിക്കാം. അങ്ങയെ ചൂടോടെ സ്വാഗതംചെയ്യാനും അങ്ങയെ സ്നേഹിക്കാനും അങ്ങേക്കുവേണ്ടി ത്യാഗങ്ങൾ സഹിക്കാനും ഞാൻ ആഗ്രഹിക്കുന്നു. അതിൽ അങ്ങു സന്തുഷ്ടനാകുക.

ഒരു വിധത്തിൽ അങ്ങു ധനികനാണു്. എൻെറ ആവശ്യങ്ങൾ അങ്ങു കാണുന്നുമുണ്ടു്. അങ്ങു സ്നേഹജ്ജ്വാലയാണു്. അങ്ങയുടെ പരിശുദ്ധ ഹൃദയത്തിനു യോജിക്കാത്ത സകലത്തിൽനിന്നും

www.malankaralibrary.com

എന്റെ ഹൃദയത്തെ അങ്ങു ശുദ്ധമാക്കും. അങ്ങ് അസ്പൃഷ്ടപരിശുദ്ധിയാണ്. എന്റെ ആത്മാവിനു നവജീവൻ നല്കുന്ന അനുഗ്രഹങ്ങൾകൊണ്ട് അങ്ങ് എന്നെ നിറയ്ക്കുക: ഓ ഈശോ, അങ്ങു വരിക! എനിക്ക് അങ്ങയോടു പലതും പറയാനുണ്ട്; പലസങ്കടങ്ങളും ആഗ്രഹങ്ങളും വാഗ്ദാനങ്ങളും പ്രത്യാശകളും അങ്ങയെ അറിയിക്കാനുണ്ട്.

എനിക്ക് അങ്ങയെ ആരാധിക്കണം; അങ്ങയുടെ നെററിയിൽ എനിക്കു ചുംബിക്കണം. ഓ! ഉണ്ണീശോ, എന്നേക്കുമായി ഞാൻ എന്നെത്തന്നെ അങ്ങേക്കു നല്കുന്നു. എന്റെ ഈശോ, വരിക. ഒട്ടും താമസിക്കരുതു്; എന്റെ അതിഥിയായി വരിക.

ഇതാ വൈകിയിരിക്കുന്നു. ഉറക്കം വന്ന് എന്നെ പിടികൂടുന്നു. എന്റെ തൂലിക കരങ്ങളിൽനിന്നു വഴുതിപ്പോകുന്നു. ദൈവമാതാവും യൗസേപ്പും മുറി ഒരുക്കുമ്പോഴേക്ക്, ഓ ഈശോ, ഞാൻ തെല്ലുറങ്ങട്ടെ.

രാത്രിയിലെ സുഖകരമായ അന്തരീക്ഷത്തിൽ ഞാൻ ഇവിടെ വിശ്രമിക്കട്ടെ. അങ്ങു വരുമ്പോൾ അങ്ങയുടെ പ്രകാശധോരണികൊണ്ട് എന്റെ കണ്ണുകളഞ്ചിപ്പോകും. സ്തുതിയുടേയും സമാധാനത്തിന്റേയും കീർത്തനങ്ങൾകൊണ്ട് അങ്ങയുടെ മാലാഖാമാർ എന്നെ ഉണർത്തും. സാനന്ദം അങ്ങേക്കു സ്വാഗതമരുളാനും എന്റെ ദരിദ്രദാനങ്ങൾ അപ്പിക്കുവാനും ഞാൻ ഓടിവരും. എന്റെ വീടും എന്റേതായുള്ള തുച്ഛം സാമാനങ്ങളും അങ്ങേക്ക്. ഞാൻ അങ്ങയെ ആരാധിക്കും; അങ്ങയുടെ തിരുഹൃദയത്തിനു സ്തുതികീർത്തനങ്ങൾപാടുന്ന മാലാഖാമാരോടും എന്നോടുചേർന്നുനില്ക്കുന്ന ഇടയന്മാരോടുംകൂടെ എന്റെ സ്നേഹം ഞാൻ അങ്ങയുടെനേക്കു പ്രദർശിപ്പിക്കും. വരിക, ഞാൻ അങ്ങയെ കാത്തിരിക്കുന്നു.

## ഡിസംബർ 26–ാംനു

അവിടുന്നു വന്ന് എന്നെ ആശ്വസിപ്പിച്ചു. എനിക്കു പറയാനുള്ളതെല്ലാം പറഞ്ഞുതീക്കാൻമാത്രം സമയം ഞാൻ അവിടുത്തോടുകൂടെ കഴിച്ചുകൂട്ടി. ഒരു കാര്യംമാത്രം ഞാൻ ശരിക്കു ചെയ്തില്ല; അഥവാ ഒട്ടും ചെയ്തില്ല. എന്റെ ജ്ഞാനപിതാവു് ഉപദേശിച്ചിരുന്നതുപോലെ ഞാൻ അവിടുത്തോടു നന്ദി പറഞ്ഞില്ല.

നന്ദി പറയുമ്പോൾ പുതിയ കൃപാവരങ്ങൾ സംസിദ്ധമാകുമെന്നു നിണ്ണയം. ഞാൻ എന്നേയും എന്റെ ആവശ്യങ്ങളേയുംപററി കൂടുതൽ വിചാരിച്ചുകൊണ്ടാണിരുന്നതു്. ഇതു മര്യാദകേടായിപ്പോയി.

www.malankaralibrary.com

അവിടുത്തേ ഹൃദയത്തിനൊത്തവിധം ജീവിച്ചും അവിടുത്തേ പിറവിത്തിരുനാളിൽ പ്രഗല്ഭമായി അങ്ങു സാക്ഷ്യം വഹിച്ചിട്ടുള്ള പുണ്യങ്ങളെ അനുകരിച്ചും അങ്ങയോടു കൃതജ്ഞത പ്രകാശിപ്പിക്കുവാൻ ഞാൻ ഉത്സാഹിക്കും.

അവിടുത്തോടു നന്ദി പറയുന്നതോടൊപ്പം മേല്പറഞ്ഞ കാര്യങ്ങളിൽ കൂടുതൽ സഹായം ചോദിക്കേണ്ട ആവശ്യം ഞാൻ കാണുന്നു. എന്റെ ആഗ്രഹങ്ങളും പ്രതിജ്ഞകളും പരിഗണിക്കുകയാണെങ്കിൽ ഞാൻ ഒരു പുണ്യവാനായെന്നു തോന്നും. എന്നാൽ ഞാൻ പ്രവർത്തിക്കുന്നതു കാണുമ്പോൾ, കഷ്ടം! ഞാനെത്ര വിരൂപനും നീചനുമാണ്! ഈശോയോടുചേർന്നു പരിശുദ്ധമായ ആഗ്രഹങ്ങളുടെ ഒരു പ്രവാഹം നിലനിറുത്തിക്കൊണ്ടുപോകാൻ എനിക്കു സാധിച്ചിട്ടില്ല. ഏകാഗ്രത ഞാൻ ശ്വസിക്കുന്ന വായു പോലെ ആയിരിക്കേണ്ടതാണ്. അതും എനിക്കു കഴിഞ്ഞിട്ടില്ല.

എന്റെ സെന്റ് അലൂഷ്യസ്, സെൻറ് ബർക്കുമൻസ്, ദൈവത്തോടുള്ള നിങ്ങളുടെ ഐക്യത്തിൽ നിങ്ങളിൽനിന്നു ഞാൻ വളരെ അകലെയാണു സ്ഥിതിചെയ്യുന്നതു്. എങ്കിലും കുറേശ്ശേ മുന്നോട്ടു നീങ്ങാൻ ഞാൻ ഇനിയും പരിശ്രമിക്കണം. ഒന്നും നേടാൻ കഴിയാത്തപ്പോൾ ഞാൻ ചെയ്യാറുള്ളതുപോലെ ഒരിക്കലും ആകുലനാകരുതു്. ഇവിടെയും പ്രശ്നം ഭാഗികമായി അഹങ്കാരംതന്നെ. വേറൊരു കാര്യവുംകൂടി ഞാൻ മനസ്സിലാക്കിയിട്ടുണ്ടു്. ഞാൻ ഒരുത്തനോടു ദീർഘനേരം എന്റെ നന്മയൊന്നും വെളിപ്പെടുത്താൻ ഉദ്ദേശിക്കാതെ സംസാരിച്ചു കഴിയുമ്പോൾ ഞാൻ അതിനെപ്പററി ചിന്തിച്ചു് ആകുലനും നിർവീര്യനുമാകുന്നു. ഇതാ അഹങ്കാരം അഹങ്കാരത്തെപ്രതി വിലപിക്കുന്നു. നക്രബാഷ്പംതന്നെ!

ഞാൻ എത്രകണ്ടു കൂടുതൽ എന്നെപ്പററി സംസാരിക്കുന്നുവോ അത്രകണ്ടു കൂടുതൽ പുണ്യം എനിക്കു നഷ്ടമാണു്. ഓരോ വാക്കിലും നിർദ്ദോഷമെന്നു കരുതുന്ന ഓരോ വചനത്തിലും മായാസ്തുതി മുന്നിട്ടു നില്ക്കുന്നു. ഞാൻ അന്യരുടെകൂടെ നില്ക്കുമ്പോൾ അവരെല്ലാം എന്റെ ശ്രേഷ്ഠരാണെന്നു ഞാൻ കരുതണം. ഏററവും നല്ലതു മൗനം; അല്ലെങ്കിൽ എത്രയും സമീചീനവും അനുയോജ്യവുമായതുമാത്രം പറയുക. പ്രത്യേകം ചോദിക്കാത്തപ്പോൾ എന്നെപ്പററി യാതൊന്നും പറയേണ്ടതില്ല. അങ്ങനെ ചോദിക്കുകയാണെങ്കിൽ എത്രയും കുറച്ചുമാത്രം സംസാരിക്കുക, അല്ലാതെ ശ്രോതാക്കളുടെ ശ്രദ്ധ വശീകരിക്കാൻ ശ്രദ്ധിക്കരുതു്. എന്റെ കുററങ്ങൾ നിമിത്തം എന്റെ ചങ്ങാതിമാരുടെ

www.malankaralibrary.com

കൂടെ ചേൎന്നിരിയ്ക്കാൻ ഞാൻ യോഗ്യനല്ലെന്നു സദാ കരുതേണ്ടിയിരിക്കുന്നു. ഇങ്ങനെ ചിന്തിക്കുന്നപക്ഷം, എങ്ങനെ ഒരുത്തനു തന്റെ സ്തുതികൾ പാടാൻ ധൈര്യമുണ്ടാകും?

## ഡിസംബർ 27–ാംനു

സെൻറ് സ്റ്റീഫൻ, സുവിശേഷകനായ സെൻറ് ജോൺ.

ഇന്നലെ തിരുസഭ വി. സ്റ്റീഫന്റെ ഓൎമ്മ കൊണ്ടാടി. യേശുക്രിസ്തുവിലുള്ള വിശ്വാസത്തെപ്രതി മരിച്ച പ്രതാപവാനായ ഈ രക്തസാക്ഷിയെ ബഹുമാനിക്കുവാൻ എനിക്കും പ്രചോദനംതോന്നി. ഞാൻ വി. സ്റ്റീഫനെപ്പററി അറിഞ്ഞിട്ടില്ലാഞ്ഞതിനാൽ ഈ അടുത്തകാലംവരെ ഞാൻ അദ്ദേഹത്തെപ്പററി ചിന്തിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ ജീവിതലക്ഷ്യവും പ്രവൎത്തനവും തെല്ലൊന്നു മനസ്സിലാക്കാൻ തുടങ്ങിയപ്പോൾമാത്രമേ ഈ വീരയോദ്ധാവിന്റെ ചിത്രം എന്റെ ഹൃദയത്തിലും മനസ്സിലും പതിഞ്ഞുള്ളു. ഇപ്പോൾ ഞാൻ അദ്ദേഹത്തിലേക്ക് ആകൎഷിക്കപ്പെടുന്നു. അഗാധവും ആൎദ്രവുമായ സ്നേഹത്തോടെ ഞാൻ അദ്ദേഹത്തെ ബഹുമാനിക്കുന്നു; അദ്ദേഹത്തിന്റെ മാധ്യസ്ഥ്യം അപേക്ഷിക്കുകയും ചെയ്യുന്നു.

പുതിയ മതത്തിന്റെ സാൎവ്വത്രികത്വത്തെപ്പററി പൂൎണ്ണമായ ധാരണ ആദ്യം ഉണ്ടായതു സെൻറ് സ്റ്റീഫനാണ്. യഹൂദന്മാരുടെ സ്വപക്ഷപാതിത്വത്തെ ആദ്യം എതിൎക്കുന്നതും യേശുക്രിസ്തുവിന്റെ ജീവദായകമായ സ്നേഹത്തിനുള്ള പുതിയ പാതകൾ വെട്ടിത്തുറക്കുന്നതും അദ്ദേഹംതന്നെ. അടയ്ക്കപ്പെട്ടുപോയെന്നു കരുതിയിരുന്ന ഒരു പുതിയ വാതിൽ അദ്ദേഹം തുറന്നു. ക്രിസ്തുവിന്റെ രാജ്യത്തിന്റെ അന്തിമവിജയംവരെ ക്രിസ്തുമതം വികസിക്കുവാനും ക്രിസ്തുവിനെ ജനതകളുടെ അടുക്കലേക്ക് അടുപ്പിക്കുവാനും ആ വാതിൽ, വഴി തുറന്നിട്ടു.

ജറുസലേമിനുപുറമേ, പുതിയമതം പ്രചരിപ്പിക്കുകയെന്ന മഹത്തായജോലി മഹാത്മാവായ വി. പൗലോസാണു സമാരംഭിച്ചതു്. അങ്ങനെ റോമാക്കാർ ക്രിസ്തുമതത്തെ ബഹുമാനിക്കാനും ആശ്ലേഷിക്കാനും ഇടയായി. എന്നാൽ ഈ മഹാപ്രസ്ഥാനത്തിന്റെ ആദ്യത്തെ കാൽവയ്പു സ്റ്റീഫനിൽനിന്നാണ്. ഈ മഹാസംരംഭത്തിനു സ്വന്തംരക്തംകൊണ്ടു മുദ്രവയ്ക്കുകയുംചെയ്തു. ഈശോയുടെ മരണത്തിനുശേഷം ആദ്യം ചിന്തപ്പെട്ട രക്തം വി. സ്റ്റീഫന്റേതാണ്. മഹത്തായ ഒരു പ്രഥമസ്ഥാനംതന്നെ. തദ്വാരാ, ഈ യുവരക്തസാക്ഷി ഗാഗുൽത്തായിലെ ദിവ്യരക്തസാക്ഷിയോടു് എത്രയും അടുത്തുവന്നു. അദ്ദേഹത്തിന്റെ മകുടം അങ്ങനെ കൂടുതൽ അമൂല്യവും സംപൂജ്യവുമായി.

www.malankaralibrary.com

വി. സ്റ്റീഫൻ, എന്നെപ്പോലെ യുവാവായ അങ്ങ്, ഞാൻ എന്തിനുവേണ്ടി ജീവിക്കുന്നുവോ, എന്തിൽ പ്രത്യാശ വയ്ക്കുന്നുവോ, അതേ കാര്യത്തിന്ന് ജീവിക്കുകയും മരിക്കുകയും ചെയ്തു. സഹരക്തസാക്ഷിയും ധീരനുമായ വി. ലോറൻസിനോടുകൂടെ കമ്പോവെരാനോയിൽ കിടക്കുന്ന അങ്ങയുടെ അസ്ഥികളെ സഹോദരസ്നേഹത്തോടെ ഞാൻ അഭിവാദ്യംചെയ്യുന്നു. അങ്ങയുടെ വിശ്വാസവും അങ്ങയുടെ ധൈര്യവും അങ്ങയുടെ ഉത്സാഹവും സർവ്വോപരി, അജയ്യനായ അങ്ങയുടെ ആത്മശക്തിയും ധീരതയും എനിക്കും നല്കുക.

## ഡിസംബർ 28-ാംനു

യഥാർത്ഥ ആത്മീയ പുരോഗമനത്തിനു് എൻെറ ജ്ഞാനപിതാവു് എനിക്കു തന്നിരിക്കുന്ന ഉപദേശങ്ങളുടെയെല്ലാം അടിസ്ഥാനം മൂന്നു കാര്യങ്ങളാണു്: എളിമയുടെ മാർഗ്ഗം, ദൈവവുമായുള്ള ഐക്യം, എൻ്റെ ഇഷ്ടത്തിനല്ല, ദൈവതിരുവിനുവിഷ്ടത്തിനുള്ള അനുസരണ. ഇവ പ്രാവർത്തികമാക്കാൻ ഞാൻ സദാ അനുസ്മരിക്കും. ഇതല്ലാതെ വേറൊരു ചുമതല എനിക്കില്ല. "ഇതാണു് എൻെറ ചുമതല, ഇതാണു് എൻ്റെ ജോലി."

എളിമയെസംബന്ധിച്ചു ഞാൻ പറയാം, കഴിയുന്നിടത്തോളം ഉത്തമപുരുഷൻ ഉപയോഗിച്ചു ഞാൻ സംസാരിക്കയില്ല. "ഞാൻ," "എന്നെ" എന്ന വാക്കുകൾ വിഷസപ്പത്തെയെന്നപോലെ ഞാൻ വർജ്ജിക്കും. ചില സാഹചര്യങ്ങളിലും ചില സന്ദർഭങ്ങളിലും ചില വിഷയങ്ങളെസംബന്ധിച്ചും എൻെറ സന്ദർഭം കാത്തുനില്ക്കാതെ ഞാൻ സംസാരിക്കുകയില്ല.

എൻെറ ബഹുമാനപ്പെട്ടഅധികാരികൾ രോഗീശുശ്രൂഷകൻെറ ജോലി എനിക്കു് ഏല്പിച്ചു തന്നിരിക്കുന്നു. എന്നെത്തന്നെ താഴ്ത്തുവാനും സ്നേഹം അഭ്യസിക്കുവാനും ചെറിയ ത്യാഗങ്ങൾ അനുഷ്ഠിക്കുവാനും ഇതാ ഒരു പുതിയ സന്ദർഭം. ഇന്നുരാത്രിപോലും സമാധാനത്തിൽ ഉറങ്ങാമെന്നു് എനിക്കു് ഉറപ്പില്ല. നന്മചെയ്യുക എനിക്കു് ഇഷ്ടമാകയാൽ എൻെറ അടുത്തുള്ള മുറിയിലെ ഒരു സഹവിദ്യാർത്ഥിക്കു സ്വല്പം സേവനംചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു. അയാളുടെ സ്ഥിതി ഗൗരവാവഹവും വിപൽകരവുമാണു്.

എൻെറ ഈശോകർത്താവേ, പ്രിയ മരിയാംബികേ, ആ രോഗിയുടെ സഹനം ലഘൂകരിക്കാനോ, വിപത്തു് അകറ്റാനോ എൻെറ ത്യാഗം ഉപകരിക്കുമെങ്കിൽ, ഇതാ ഞാൻ എന്തിനും തയ്യാർ. അങ്ങു്

www.malankaralibrary.com

ഇഷ്ടപ്പെട്ടുന്ന സഹനമൊക്കെ എനിക്കയയ്ക്കുക. അങ്ങയുടെ പ്രതിനിധിയായ ഈ സഹോദരൻവഴി അങ്ങയെ ഞാൻ സ്നേഹിക്കുന്നുവെന്നു സ്പഷ്ടമാക്കുക എനിക്കൊരാനന്ദമാണ്.

## ഡിസംബർ 31-ാംനു

കുറച്ചു മണിക്കൂറുകൾകൂടി കഴിഞ്ഞാൽമതി, ഈ വർഷം സമാപിച്ചു ചരിത്രത്തിലമരും. ഞാനും വർഷം അവസാനിപ്പിച്ചു സന്തോഷത്തോടെ നവവത്സരോദയത്തിനു കാത്തുനില്ക്കുന്നു. നിത്യത്വത്തിന്റെ തുറമുഖത്തിൽ നങ്കൂരമിടുന്നതിനു മുൻപു ഞാൻ ഇനി എത്രവർഷങ്ങൾ കാണും? വളരെയാകാം, കുറച്ചാകാം; പക്ഷേ ഒരുവർഷം തികച്ചില്ലെന്നും വന്നേക്കാം.

എന്റെ കർത്താവായ ഈശോ, അങ്ങയുടെ വത്സരങ്ങൾ സമാപിക്കയില്ല. അങ്ങ് എന്റെ വത്സരങ്ങൾ എണ്ണിത്തിട്ടപ്പെടുത്തിവച്ചിരിക്കുന്നു. മരണത്തിന്റെ നിഴലിലേക്കു തള്ളപ്പെടാതിരിക്കാൻ ഏതു സമയത്തു് അങ്ങു വിളിക്കുകയാണെങ്കിലും എന്റെ വിളക്ക് എണ്ണ ഉള്ളതായി കാണപ്പെടട്ടെ.

ഇപ്പോൾ ഞാൻ മുട്ടുകുത്തി എന്റെ ദൈവത്തിൽനിന്ന് ഇക്കൊല്ലം എനിക്കുലഭിച്ച കാരുണ്യത്തെ അനുസ്മരിച്ചു മഃണ്ണാളംതാണുകൊണ്ടു ദൈവത്തിനു നന്ദി പറയുന്നു.

സൈനികസേവനവത്സരമായ 1902 ഞാൻ എല്ലാക്കാലവും അനുസ്മരിക്കും. അതു വൈരുദ്ധ്യവത്സരമായിരുന്നു. പല സാധുക്കൾക്കും പറ്റിയതുപോലെ എനിക്കും എന്റെ ദൈവവിളി നഷ്ടപ്പെടാമായിരുന്നു. എങ്കിലും നഷ്ടപ്പെട്ടില്ല. എന്റെ ചാരിത്രം നഷ്ടപ്പെടാമായിരുന്നു. ദൈവം തന്റെ അനുഗ്രഹത്താൽ അതനുവദിച്ചില്ല. ഞാൻ ചളിയിൽക്കൂടെ കടന്നുപോന്നു; പങ്കിലനായില്ല. ഇന്നും ഞാൻ കൂടുതൽ ഓജസ്സോടും ആരോഗ്യത്തോടും മറേറതുകാലത്തേക്കാളും ഭേദമായി ജീവിക്കുന്നു. ഈശോ, ഞാനങ്ങയെ സ്നേഹിക്കുന്നു: അങ്ങേക്കു നന്ദി.

www.malankaralibrary.com

# 1903

## 14 ആദ്ധ്യാത്മിക കുറിപ്പുകൾ

**1903 ജനുവരി 1-ാംനു**

ഒരു നവവത്സരത്തിന്റെ പ്രഥമപുലരി ഞാൻ ദർശിച്ചുകഴിഞ്ഞിരിക്കുന്നു. കർത്താവിന്റെ നാമത്തിൽ ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. ഇതു സൽപ്രവൃത്തികളുടെ ഒരു വത്സരവും എന്റെ രക്ഷയുടെ വത്സരവും എന്നെ വിശുദ്ധനാക്കാനുള്ള വത്സരവുമാകേണ്ടതിനു് ഈ നവവത്സരം ഈശോയുടെ സ്നേഹഹൃദയത്തിനു ഞാൻ ഒന്നുകൂടി പ്രതിഷ്ഠിക്കുന്നു. ഈശോ, എന്നെന്നേക്കും ഞാൻ അങ്ങയുടേതാകുന്നു.

ഈ നവവത്സരത്തിലെ ആദ്യത്തെ വെള്ളിയാഴ്ചയാണു നാളെ. അതു തിരുഹൃദയത്തിനു പ്രതിഷ്ഠിതമായിരിക്കുന്നു. അസാധാരണ തീക്ഷ്ണതയുടേയും സ്നേഹത്തിന്റേയും ദിവസമായിരിക്കും അതു്.

എന്റെ ജ്ഞാനധ്യാനത്തിനുശേഷം എന്റെ പ്രതിജ്ഞകളെ സ്ഥിരീകരിക്കാനും എന്റെ ആത്മാവിന്റെ മുമ്പാകെ ചില ഉൽകൃഷ്ടമാതൃകകൾ നിരത്തിവയ്ക്കാനും അങ്ങനെ വീണ്ടും ആരംഭിക്കാനും അത്യാവശ്യമുള്ളതുപോലെ എനിക്കുതോന്നി. എന്റെ ആത്മാവു മന്ദതയിൽ അമർന്നുകൊണ്ടിരിക്കയാണു്.

എനിക്കിഷ്ടമില്ലെങ്കിലും എന്റെ പ്രാപ്തിക്കുറവു ഞാനേററുപറയാതെ കഴിയുകയില്ല. ഞാൻ ഒരു സാധുപാപിയും പ്രയോജനശൂന്യനും വിശ്വസ്തതാരഹിതനുമായ ഒരു ദാസനുമാണു്. കൺപുരികംവരെ അഹങ്കാരത്തിൽ ഞാനാണ്ടുകഴിഞ്ഞിരിക്കുന്നു. ഞാൻ അശ്രദ്ധനും മര്യാദകെട്ടവനും പ്രയോജനശൂന്യനുമാണു്. എന്റെ ഈശോ, എന്റെമേൽ കൃപയുണ്ടാകണമേ.

നവവത്സരം ആരംഭിച്ചുകഴിഞ്ഞു. അതു നവജീവനുമായിരിക്കട്ടെ. നാളത്തെ ദിവ്യകാരുണ്യസ്വീകരണം അതിപ്രധാനമായ ഒരു സംഭവമായിട്ടാണു ഞാൻ കരുതുന്നതു്. ജ്ഞാനധ്യാനം കഴിഞ്ഞയുടനെ എന്നപോലെ നാളത്തേ ദിവ്യകാരുണ്യസ്വീകരണം ഞാൻ നടത്തും. അന്നത്തേ വികാരങ്ങളും പ്രതിജ്ഞകളും വാഗ്ദാനങ്ങളും ഞാൻ അനുസ്മരിക്കും; കഴിഞ്ഞ കുറേ ദിവസങ്ങളിലേ പരാജയംകൊണ്ടു സ്പഷ്ടമായിരിക്കുന്ന എന്റെ ദുർബ്ബലവശത്തെപ്പററി പ്രത്യേകം ഞാൻ ചിന്തിക്കും.

www.malankaralibrary.com

എനിക്കു മാർഗ്ഗദർശകമായ തത്വങ്ങൾക്കു് അന്തരമൊന്നുമില്ല. എല്ലാക്കാര്യങ്ങളിലും പ്രത്യേകിച്ചു സംസാരത്തിലെ എളിമ; ദൈവവുമായിട്ടുള്ള ഐക്യം (അതിന്റെ ആവശ്യം ഇന്നു കൂടുതലായിട്ടാണു് അനുഭവപ്പെടുന്നതു്) എല്ലാ പ്രവൃത്തികളിലും എന്റെ ഇഷ്ടമല്ല ദൈവഹിതംതന്നെ മാനദണ്ഡം. ഞാൻ എന്റെ ജോലി നോക്കണം; എന്നെപ്പററിയും ഭക്തജീവിതത്തെപ്പററിയും പരിഭ്രമംവിനാ ചിന്തിക്കണം. തീക്ഷ്ണവും ഏകാഗ്രവും പ്രശാന്തവുമായ പഠനം. എല്ലാസമയത്തും എല്ലാക്കാര്യങ്ങളിലും മഹാസമാധാനവും ഹൃദയമാധുര്യവും.

നാളെ ക്ലാസ്സുകളാരംഭിക്കും. പഠിക്കാൻ എനിക്കു് അതീവാഗ്രഹം തോന്നുന്നു; അതിനു് ആവശ്യവുമുണ്ടു്. പുതിയ അദ്ധ്യയനകാലം ഈശോയുടെ തിരുഹൃദയത്തിന്റെ മദ്ധ്യസ്ഥതയിൽ ഞാൻ ആരംഭിക്കും; അവിടുന്നു് അതിനുപററിയ സന്ദർഭം നല്കിയിരിക്കുന്നു.

ഓ ഈശോ, ഞാനങ്ങയെ കാത്തിരിക്കുന്നു. അലഞ്ഞുനടന്നു ഞാൻ ക്ഷീണിച്ചു. ഞാൻ തിരിയെവന്നു് എന്റെ മുമ്പേയുള്ള ദീർഘയാത്രയെ ഉദ്ദേശിച്ചു് അങ്ങയുടെ മടിയിൽ ഇരുന്നു വിശ്രമിക്കുകയും ശക്തിസംഭരിക്കുകയുംചെയ്യും. ഈശോ, അങ്ങയുടെകുഞ്ഞാട്ടു് അങ്ങയുടെ അടുക്കലേക്കു വരികയാണു്. എനിക്കു വിശക്കുന്നു; അല്പം ഭക്ഷണം ഒരുക്കുക.

## ജാനുവരി 4-ാംനു

എന്റെ പഠനം വ്യഗ്രതയ്ക്കു കാരണമാകരുതു്. പ്രത്യുത ദൈവത്തിങ്കലേക്കു പറന്നുയന്നു് അവിടുന്നിൽ നിവസിക്കുവാനുള്ള ചിറകുകളും അഭിമുഖദർശനത്തിനു നാന്ദിയുമായിരിക്കണം. പലപ്പോഴും പഠനസമയത്തു് എന്റെ പ്രതിജ്ഞകൾ ഞാൻ വിസ്മരിച്ചുകളയുകയും എന്റെ ഏകാഗ്രത നഷ്ടപ്പെടുത്തുകയും ചെയ്യുകയാണു്. ഭക്താഭ്യാസങ്ങൾ അനാകർഷകങ്ങളായിപ്പോകുന്നു. ഭക്തജീവിതത്തിനു വേണ്ട നിർമ്മല ജീവവായു ഞാൻ വൃഥാകളയുന്നു. ഇതു ശരിയല്ല. എന്റെ പഠനം അനുസ്യൂത പ്രാർത്ഥനയായിരിക്കണം; എന്റെ പ്രാർത്ഥന ഇടമുറിയാത്ത പഠനമായിരിക്കണം.

സർവ്വോപരി ഉപരിപ്ലവതയും അസ്ഥിരതയും ഞാൻ സൂക്ഷിക്കണം. പഠനമോ, നവവസ്തുക്കളോ, നൂതനഗ്രന്ഥങ്ങളോ, പുതിയ സിദ്ധാന്തങ്ങളോ, ജനതകളോ എന്നെ പരിഭ്രാന്തനാക്കരുതു്. ഈ സംഗതികളെപ്പററി സംസാരിക്കുമ്പോൾ ഞാൻ സൂക്ഷിക്കണം. എല്ലാ

www.malankaralibrary.com

സാഹചര്യങ്ങളും കണക്കിലെടുത്തുകൊണ്ടു കത്തോലിക്കാസംസ്കാരത്തിന്റെ പുരോഗമനത്തെ സാനന്ദം ഞാൻ അനുധാവനം ചെയ്യണം. എല്ലാം യഥാനുപാതം ചെയ്യണം. ഒന്നും അധികമായിപ്പോകരുത്.

പണ്ഡിതനും പരിശുദ്ധനുമായ "ക്രിസ്ത്വാനുകരണ" ഗ്രന്ഥകർത്താവിന്റെ വജ്ഞാനമുത്തുകൾ ഞാൻ സദാ സ്മരിക്കും. നിന്നെപ്പററിയുള്ള വിനീതവിജ്ഞാനമാണ് അഗാധപാണ്ഡിത്യത്തേക്കാൾ ദൈവത്തിങ്കലേക്കുള്ള സുരക്ഷിതമാർഗ്ഗം. വിജ്ഞാനമല്ല ദോഷംചെയ്യുന്നത്. യാതൊന്നിനെപ്പററിയുള്ള വിജ്ഞാനവും കുററകരമല്ല. അവയൊക്കെ ദൈവത്താൽ നിയുക്തവും സ്വതവേ നല്ലതുമാണ്. നല്ല മനസ്സാക്ഷിയും പരിശുദ്ധജീവിതവും ഒന്നുകൂടി മെച്ചമാണ്......നമ്മൾ എന്തുവായിച്ചുവെന്നല്ല വിധിദിവസം ചോദിക്കുന്നത് എന്തു ചെയ്തുവെന്നാണ്, എത്ര നന്നായി പ്രസംഗിച്ചുവെന്നല്ല എത്ര പരിശുദ്ധമായി ജീവിച്ചുവെന്നാണ്......എളിമയുള്ളവനും വലിയ ബഹുമാനങ്ങളെ ഗണ്യമാക്കാത്തവനുമാണു യഥാർത്ഥത്തിൽ മഹാൻ. യേശുക്രിസ്തുവിനെത്തന്നെ പ്രതിഫലമായി ലഭിക്കുന്നതിനു വേണ്ടി ഭൗമികവസ്തുക്കളെ കുപ്പയായിക്കരുതുന്നവനാണു യഥാർത്ഥവിജ്ഞൻ. സ്വന്തം ഇഷ്ടത്തെ പരിത്യജിച്ചു ദൈവേഷ്ടം നിറവേററുന്നവനാണു യഥാർത്ഥ പണ്ഡിതൻ.

## ജാനുവരി 7–ാംനു

എന്റെ ജീവിതം ഒരു ദീർഘത്യാഗമാണ്. മേലിൽ ഞാനല്ല ജീവിക്കുന്നത്; ക്രിസ്തു എന്നിൽ ജീവിക്കുന്നു (ഗലാ, 2, 20) ഇവ വി. പൗലോസിന്റെ വാക്കുകളാണ്. ദൈവത്തോടും സഹജീവികളോടുമുള്ള സ്നേഹത്താൽ എരിയുന്ന മഹാത്മാവും ഉദാരഹൃദയവും അദ്ദേഹത്തിനുണ്ടായിരുന്നു. എനിക്കു സദുദ്ദേശ്യങ്ങളുണ്ട്; പ്രവൃത്തികൾ അവയോടു പൊരുത്തപ്പെട്ടു പോകുന്നില്ല.

കർത്താവേ, എന്റെ എല്ലാ പ്രവൃത്തികളിലും ഞാൻ അങ്ങയെ സ്നേഹിക്കുന്നുവെന്നു തെളിയിക്കുന്നതിന് എനിക്കു കൃപാവരം തരിക. എന്റെ ആത്മപിതാവു സദാ പറയുന്നതുപോലെ ഞാൻ കൈനീട്ടി ദയനീയമായി യാചിക്കുന്ന ഒരു ഭിക്ഷുവാണ്. ഈശോ കർത്താവേ, അങ്ങു കൃപാലുവും സമ്പന്നനുമാണ്. എനിക്കു ധർമ്മം തരിക.

## ജാനുവരി 8–ാംനു

ഇന്നലെ സമർത്ഥനായ സഭാചരിത്രാധ്യാപകൻ (മോൺ. ഉമ്പെർട്ടോ ബെനീഞ്ഞി 1862 – 1934) എനിക്ക് എത്രയും വിശിഷ്ട

www.malankaralibrary.com

മായ ഒരുപദേശം നല്കി. അതെനിക്കു പ്രത്യേകിച്ച് പ്രയോജനകരമായിരുന്നു. "കുറച്ചുവായിക്കുക. കുറച്ച്; എന്നാൽ നന്നായിട്ട്". വായനയെപ്പററി അദ്ദേഹം പറഞ്ഞതു് എല്ലാക്കാര്യത്തിനും ഞാൻ പ്രയോഗിക്കും "കുറച്ച്; എന്നാൽ നന്നായിട്ട്" എൻെറ പഠനകാലത്തും, വെക്കേഷൻകാലത്തും സൈനികസേവനസമയത്തും ഞാൻ എന്തുമാത്രം പുസ്തകങ്ങളും വലിയ ഗ്രന്ഥങ്ങളും മാസികകളും പത്രങ്ങളും വായിച്ചു? അവയിൽ എന്തു ഞാൻ ഇന്നു് ഓർമ്മിക്കുന്നുണ്ട്? ഒന്നുമില്ല· ഏറെക്കുറെ പൂജ്യം. ജ്ഞാനഗ്രന്ഥങ്ങളിൽനിന്നും വിശുദ്ധന്മാരുടെ ജീവചരിത്രഗ്രന്ഥങ്ങളിൽനിന്നും ഞാനെന്തു് ഓർമ്മിക്കുന്നുണ്ട്? ഒന്നുമില്ല; ഏറെക്കുറെ പൂജ്യം.

എല്ലാം അറിയാനും എല്ലാ ഗ്രന്ഥകാരന്മാരേയും പഠിക്കാനും ശാസ്ത്രത്തിന്റെ വിവിധവശങ്ങൾ പരിചയപ്പെടാനും എനിക്കു വളരെ താത്പര്യമുണ്ട്. എന്നാൽ യഥാർത്ഥത്തിൽ ഞാൻ ഒരുപുസ്തകം വയിക്കുന്നു; വേറൊന്നു വിഴുങ്ങുന്നു; എന്നാൽ ഒന്നും അധികം മുന്നോട്ടുപോകുന്നില്ല "അധികം അറിയാനുള്ളശ്രമം വർജ്ജിക്കുക; അതു് അന്യചിന്തയ്ക്കു് ഇടം കൊടുക്കുന്നു; നിന്നെ വഴിതെററിച്ചുവെന്നും വരാം." (ക്രിസ്ത്വാനുകരണം)

## ജാനുവരി 9-ാംനു-

കഴിഞ്ഞകൊല്ലത്തേ ഭയങ്കാ മാർച്ചുകളുടെ ഇടയ്ക്കുണ്ടായ ഭയങ്കര ഊഷ്മാവുപോലെയുള്ള തീക്ഷ്ണതകൊണ്ടു് എൻെറ ദിവസങ്ങൾ കത്തിജ്വലിക്കണം. ആ കഷ്ടപ്പെട്ടനാളുകളിൽ ഓരോ രോമവും വിയർപ്പുകൊണ്ടു കുളിച്ചിരിക്കയായിരുന്നു. എൻെറ രാജാവായ യേശുക്രിസ്തുവിൻെറ ശുശ്രൂഷയ്ക്കു ഞാൻ സദാ തയ്യാർ. രോഗീമുറിയിലുള്ള എൻെറ ചങ്ങാതിമാരെ ശുശ്രൂഷിക്കുമ്പോൾ ഞാൻ ഈശോയെ ശുശ്രൂഷിക്കുന്നു. ഉദയം മുതൽ എൻെറ ദിവ്യകാരുണ്യസ്വീകരണം കഴിയുന്നതുവരെ എൻെറമാറിൽ ഒരുചൂട്ട്. "മേലിൽ ഞാനല്ലജീവിക്കുന്നതു്, ക്രിസ്തു എന്നിൽ ജീവിക്കുന്നു."

ഓ ഈശോ, എൻെറ പ്രതാപവാനായ നേതാവേ, ഞാൻ അങ്ങയെ പ്രതി ചെയ്യുന്ന കാര്യങ്ങളിലൊക്കെ അങ്ങയുടെ സ്നേഹംകൊണ്ടു ഞാൻ നെട്ടവീർപ്പെട്ടുകയും വിയർക്കുകയും ചെയ്യട്ടെ.

www.malankaralibrary.com

**ജാനുവരി 11-ാംനു**

ക്രിസ്ത്വാനുകരണഗ്രന്ഥകർത്താവു് ഇന്നു് എനിക്കു് ഒരുപദേശം നല്കി. അതു് ഇന്നത്തെ എന്റെ പ്രത്യേക സാഹചര്യങ്ങൾക്കു് എത്രയും അനുയോജ്യമാണു്. "സമയം നഷ്ടപ്പെടുത്താതെ ഉണർന്നിരുന്നു പ്രാർത്ഥിക്കണം. നീ സംസാരിക്കുന്നതു് ഉചിതവും ന്യായവുമാണെങ്കിൽ ഹൃദയത്തെ ഉയർത്തുന്ന കാര്യങ്ങളെപ്പററി സംസാരിക്കുക." ആകയാൽ സൂക്ഷിക്കുക. അലസമായ സംഭാഷണത്തിൽ ഒരു നിമിഷവും നഷ്ടപ്പെടുത്തരുതു്. ഒന്നുകഴിയുമ്പോൾ ഇടമുറിയാതിരിക്കാൻ, വേറൊന്നാരംഭിക്കണം. ഞാൻ സംസാരിക്കേണ്ടതായിവരുന്ന പക്ഷം, എന്നെപ്പററി നന്നായിട്ടോ മോശമായിട്ടോ സംസാരിക്കുകയില്ല. പ്രത്യേകം ചോദിക്കാത്തപക്ഷം എന്റെ കാര്യങ്ങളെപ്പററി ഒന്നും ഞാൻ പറയുകയില്ല.

എന്റെ സംഭാഷണം ഹൃദ്യവും പുണ്യപ്രദ്യോതകവും ഒരു വൈദികവിദ്യാർത്ഥിക്കു് അനുയോജ്യവുമായിരിക്കണം

**ജാനുവരി 13 – ാംനു**

ഇന്നു ദെനഹാ തിരുനാളിന്റെ എട്ടാംനാൾ ഞാൻ സെമ്മിനാരി വിദ്യാർത്ഥികളെല്ലാവരോടുംകൂടെ വി. സിൽവെസ്റ്ററിന്റെ ദൈവാലയത്തിലേക്കു പോയി. [സെന്റ് ആൻഡ്രൂവിന്റെ ദൈവാലയമാണുദ്ദേശിക്കുന്നതു്. യുവവിദ്യാർത്ഥി റോമയിലേ ദൈവാലയങ്ങളായി പരിചയപ്പെട്ടുവരുന്നതേയുള്ളു.] വാഴ്ത്തപ്പെട്ട പലോട്ടി സ്ഥാപിച്ച ഉണ്ണീശോയുടെ തിരുനാളിന്റെ എട്ടാംനാൾ കൊണ്ടാടുന്ന ദിവസമായിരുന്നു അതു്. വിവിധ കത്തോലിക്കാ റീത്തുകളിലേ മെത്രാന്മാർ വ്യത്യസ്ത വേഷാഡംബരങ്ങളോടുകൂടെ സന്നിഹിതരായിരുന്നു. എത്രയും ഭംഗിയായി അലങ്കരിച്ചിരുന്ന ഒരു തൊഴുക്കൂട്ടിൽ തിരുവോസ്തിയിൽ ഈശോ സന്നിഹിതനായിരുന്നു. ഇടയന്മാരും മൂന്നു രാജാക്കന്മാരും വന്നു് ഈശോയെ ആരാധിച്ചപ്പോൾ, എന്തെല്ലാം വിചാരങ്ങളും വികാരങ്ങളുമാണു് എന്നിൽ സംജാതമായതു്. ലോകമാസകലമുള്ള യഥാർത്ഥത്തിൽ കത്തോലിക്കയായ സഭയിലെ മിഷൻ പ്രസ്ഥാനങ്ങളേയും വിജാതീയരുടെ ഇടയിലുള്ള സുവിശേഷ പ്രസംഗങ്ങളേയുംപറ്റി ഞാൻ വിചാരിച്ചു. എന്റെ കർത്താവായ ഈശോ, അങ്ങയുടെ നക്ഷത്രം എല്ലാ സ്ഥലത്തും പ്രത്യക്ഷപ്പെട്ടു; എന്നാൽ എല്ലാവരും അതു മനസ്സിലാക്കിയില്ല. പ്രേഷിതരുടെ സ്വരം ലോകത്തിന്റെ അറുതികൾ വരെ എത്തി; എങ്കിലും അനേകർ അതു ശ്രവിക്കുന്നില്ല; അല്ലെങ്കിൽ ആ സ്വരത്തെ തകർത്തുകളയുന്നു.

www.malankaralibrary.com

താർസിസ്സീൽനിന്നും അടുത്ത ദ്വീപുകളിൽനിന്നും രാജാക്കന്മാർ അങ്ങേക്കു കാഴ്ചകൾ കൊണ്ടുവന്നു. ഇന്നു ലോകരാജാക്കന്മാർക്ക് അങ്ങയെ ആവശ്യമില്ല; അങ്ങയുടെ അവകാശങ്ങൾ അവർ അംഗീകരിക്കുന്നില്ല. ഫറവോൻ രാജാവിനെപ്പോലെ അവർ പച്ചയ്ക്കുപറയുന്നു: "ഞാൻ കർത്താവിനെ അറിയുകയില്ല; ഞാൻ അവനെ സേവിക്കുകയുമില്ല." എത്ര ഭയങ്കരചിന്ത! അങ്ങയുടെ വാഗ്ദാനങ്ങൾ, കർത്താവേ, നിറവേറട്ടെ. അങ്ങ് ഇന്നു ഭൂമിയിൽ ഉയർത്തപ്പെട്ടിരിക്കുന്നതിനാൽ എല്ലാവരേയും അങ്ങയുടെ പക്കലേക്ക് അടുപ്പിക്കുക. വിജാതീയരുടെ അന്ധകാരത്തെ ചിതറിക്കുക; പാഷണ്ഡതയുടെ വ്യാജപ്രകാശത്തെ അണച്ചു വെല്ലുക; അവയെ കെടുത്തുകയും ചെയ്യുക. എല്ലാ ജനങ്ങളും അങ്ങയെ ശുശ്രൂഷിക്കുകയും സ്നേഹിക്കുകയും തങ്ങളുടെ രക്ഷകനായി പ്രഖ്യാപിക്കുകയും ചെയ്യട്ടെ. "എന്തുകൊണ്ടെന്നാൽ അങ്ങയുടേതാകുന്നു ശക്തി: അങ്ങയുടേതാകുന്നു രാജ്യം എന്നേക്കും".

## ജാനുവരി 16 – ാംനു

എനിക്കായി ഞാൻ സ്വീകരിച്ചതും പ്രയോഗിച്ചതുമായ പരിശുദ്ധിയുടെ ആദർശം തെററിപ്പോയിരിക്കുന്നു. എന്റെ എല്ലാ പ്രവൃത്തികളിലും ഉടനടി ഞാൻ മനസ്സിലാക്കിയിട്ടുള്ള സകല പരാജയങ്ങളിലും ഞാൻ അനുകരിക്കാനായി ഒരു വിശുദ്ധനെ എന്റെ ഭാവനയിൽ നിറുത്തിയിരുന്നു. റാഫേലിന്റെ ഒരു ചിത്രം അതേപടി വരയ്ക്കാനുദ്യമിക്കുന്ന ഒരു ചിത്രകാരനെപ്പോലെ ചെറിയ കാര്യങ്ങളിൽക്കൂടി ആ പുണ്യവാനെ അനുകരിക്കാനായിരുന്നു എന്റെ പരിശ്രമം. ഞാൻ എന്നോടുതന്നെ ഇങ്ങനെ പറഞ്ഞിരുന്നു: "ഈ സാഹചര്യത്തിൽ അലൂഷ്യസ് ഇങ്ങനെ ചെയ്യുകയില്ലായിരുന്നു; അല്ലെങ്കിൽ അതു ചെയ്യുകയില്ലായിരുന്നു". എനിക്കു ചെയ്യാമെന്നു ഞാൻ കരുതിയതു് എനിക്കു ചെയ്യാൻ കഴിഞ്ഞില്ലെന്നുള്ളതാണു പരമാർത്ഥം. അതെന്നെ ആകുലനാക്കി. എന്റെ പദ്ധതി ശരിയായിരുന്നില്ല. വിശുദ്ധരുടെ പുണ്യജീവിതത്തിന്റെ സത്തയെടുക്കാനേ പററൂ; അതിന്റെ ചെറിയ വശങ്ങൾ അനുകരിക്കുക സാധ്യമല്ല. ഞാൻ വിശുദ്ധ അലൂഷ്യസല്ല; തന്നിമിത്തം അദ്ദേഹം ചെയ്തതുപോലെ തന്നെ ചെയ്യാൻ ഞാൻ ഒരുമ്പെടരുതു്. എന്റെ പ്രകൃതിയും സ്വഭാവവും ജീവിതസാഹചര്യങ്ങളുമനുസരിച്ചു ഞാൻ വ്യാപരിക്കണം; അല്ലാതെ ഞാൻ അനുകരിക്കുന്ന ആൾ എത്ര പരിപൂർണ്ണനായിരുന്നാലും ഞാൻ അദ്ദേഹത്തിന്റെ രക്തരഹിതമായ വെറും പകപ്പാകരുതു്. വിശുദ്ധന്മാരുടെ ജീവിതത്തിലേ ഭക്താഭ്യാസങ്ങളുടെ സജീവമായ കറ വലിച്ചെടുത്തു നമ്മുടെ രക്തമായി മാററ

www.malankaralibrary.com

ണം. അവരെ അനുകരിക്കുമ്പോൾ നമ്മുടെ വ്യക്തിപരമായ കഴിവുകളും പ്രത്യേകസാഹചര്യങ്ങളും കണക്കിലെടുക്കണം. സെൻറ് അലൂഷ്യസ് എന്നെപ്പോലെ ആയിരുന്നെങ്കിൽ തുലോം വ്യത്യസ്തമായ രീതിയിൽ ഒരു പുണ്യവാനായേനേ.

## ജാനുവരി 18-ാംനു. മാസധ്യാനം.

ഇന്നലെ ഡമാസോയിൽ വി. ലോറൻസിൻെറ ദൈവാലയത്തിൽ കർദ്ദിനാൾ പരോക്കിയുടെ ശവസംസ്കാരത്തിൽ ഞാൻ പങ്കുകൊണ്ടു. അതിൻെറ ചിന്തകളായിരുന്നു ഇന്നുമുഴുവനും; ആ ചിന്ത എൻ്റെ മനസ്സിൽനിന്നു പോകുന്നില്ല. എൻെറ ഹൃദയത്തിൽ അദ്ദേഹത്തെപ്പററി വലിയ മതിപ്പും സ്നേഹവും ഉണ്ടായിരുന്നു. അദ്ദേഹംമാത്രംമതിയായിരുന്നു കർദ്ദിനാൾസംഘത്തിൻെറ മാഹാത്മ്യം പൊക്കിപ്പിടിക്കാൻ. കാൽ ശതാബ്ദത്തോളം ക്രിസ്തീയലോകം അദ്ദേഹത്തേപ്പററി സംസാരിച്ചുകൊണ്ടിരുന്നു. സഭാചരിത്രത്തിൽ അധികം കണ്ടുമുട്ടാത്ത ഒരാളായിരുന്നു കർദ്ദിനാൾ പരോക്കി. സഭ അജ്ഞതയുടെ കേന്ദ്രമാണെന്നു കുററപ്പെടുത്തുന്നവരോടു കർദ്ദിനാൾ പരോക്കിയുടെ പേരുമാത്രം പറഞ്ഞാൽമതി. അവിശ്വാസികൾപോലും അദ്ദേഹത്തിൻെറ മുമ്പാകെ തലകുനിച്ചിരുന്നു; ശാസ്ത്രജ്ഞന്മാർ അദ്ദേഹത്തിൻെറ സന്നിധിയിൽ സംസാരിക്കുവാൻ സന്ദേഹിച്ചിരുന്നു. അദ്ദേഹത്തിൻെറ പാണ്ഡിത്യം എല്ലാ വിജ്ഞാനശാഖകളിലും വ്യാപൃതമായിരുന്നു. ഏതെങ്കിലും ഒരു സമയത്ത് ഏതു പണ്ഡിതനും അദ്ദേഹത്തെ കണ്ടിട്ടുണ്ടായിരിക്കും. സത്യമായതും നന്മയായതും സുന്ദരമായതുമായ എല്ലാത്തോടും അദ്ദേഹത്തിനുണ്ടായിരുന്ന സ്നേഹത്തിനു തുല്യമായിരുന്നു തിരുസഭയോടും മാർപ്പാപ്പായോടുമുള്ള അദ്ദേഹത്തിൻെറ ഉജ്ജ്വലസ്നേഹം. കർദ്ദിനാൾ പരോക്കിയുടെ രാഷ്ട്രീയാഭിപ്രായങ്ങളെപ്പറ്റി അഭിപ്രായാന്തരമുണ്ടായിരിക്കാം. ചില ദുസ്സൂചനകൾ ഞാൻ കേട്ടിട്ടുണ്ട്. എന്നാൽ ആരും അദ്ദേഹത്തിൻെറ ധൈര്യത്തേയോ തിരുസഭയോടും മാർപ്പാപ്പായോടുമുള്ള വിശ്വസ്തതയേയോ ചോദ്യംചെയ്യുകയില്ല; പ്രത്യേകിച്ച് ഉദാരാത്മാക്കൾക്കു സംഭവിക്കാറുള്ളതുപോലെ അദ്ദേഹത്തിൻെറ മനശ്ശക്തി അങ്ങേയററം പരീക്ഷിക്കപ്പെട്ട സന്ദർഭങ്ങളിൽപ്പോലും ആക്ഷേപസ്വരമുയന്നില്ല. അദ്ദേഹത്തിൻെറ വിജ്ഞാനവും മനശ്ശക്തിയും എനിക്കുണ്ടായിരുന്നെങ്കിൽ ഞാൻ തൃപ്തിപ്പെട്ടുമായിരുന്നു. അദ്ദേഹത്തിൻെറ മരണത്തിൽ സർവ്വരും സന്തപ്തരായി. പരിശുദ്ധസിംഹാസനത്തിനുതന്നെ വലിയ ഒരു നഷ്ടമായി. ചുററും പ്രകാശംവീശിയിരുന്ന കർദ്ദിനാളിന് അന്തിമാദരങ്ങൾ പ്രകാശിപ്പിക്കുവാൻ അദ്ദേഹത്തിൻെറ ശവമഞ്ചത്തിനരികെ അഖിലലോകത്തിൻേറയും പ്രതിനിധികളുണ്ടായിരുന്നു. കർദ്ദി

www.malankaralibrary.com

നാളന്മാരും മെത്രാന്മാരും മോൺസിഞ്ഞോർമാരും സന്യാസസഭാശ്രേഷ്ഠന്മാരും നമ്മുടെ രാജ്യത്തുനിന്നും മററു രാജ്യങ്ങളിൽനിന്നും ഉൽബുദ്ധരായ പണ്ഡിതന്മാരും വൈദികരും അൽമേയരും നയതന്ത്രപ്രമാണികളും ഒരു മഹാജനക്കൂട്ടവും അദ്ദേഹത്തിൻെറ ശവകുടീരത്തിങ്കൽ ആദരാഞ്ജലികൾ സമർപ്പിക്കാൻ തടിച്ചുകൂടിയിരുന്നു. ഇത്രയും വലിയ ഒരു സമൂഹം ഞാൻ ഇതിനുമുമ്പു കണ്ടിട്ടില്ല. മരിച്ചുവേർപെട്ടന്ന മക്കൾക്കു സ്വർഗ്ഗീയമഹത്വം നല്കണമേയെന്നപേക്ഷിക്കുന്നതും ശവകുടീരത്തിനപ്പുറമുള്ള പുനരുത്ഥാനത്തെ പ്രഖ്യാപിക്കുന്നതുമായ തിരുസഭയുടെ സുന്ദരവചസ്സുകൾ ഇതിനുമുമ്പൊന്നും ഇത്രമാത്രം എന്നെ സ്പർശിച്ചിട്ടില്ല. നിത്യപ്രകാശത്തിൻെറ ഉജ്ജ്വലപ്രതിബിംബമായിരുന്ന മഹാകർദ്ദിനാളിൻെറ ആത്മാവിനു നിത്യോജ്ജ്വലപ്രകാശം നല്കപ്പെട്ടുമാറാകട്ടെ. അദ്ദേഹത്തിനു വിശ്വാസവും പ്രത്യാശയും സ്നേഹവുമുണ്ടായിരുന്നു. തൻെറ വിശ്വസ്തദാസരെ എങ്ങനെ വിധിക്കുമെന്നറിയാവുന്ന ഈശോയിൽ അദ്ദേഹം പുനരുത്ഥാനവും ജീവനും കണ്ടെത്തട്ടെ.

കർദ്ദിനാൾ പരോക്കിയുടെ ശവസംസ്കാരകർമ്മങ്ങൾ എൻെറ മാസധ്യാനത്തിനു് ഒരു മുഖവുരയായിത്തീർന്നു. തലേരാത്രിതന്നെ ഞാൻ ധ്യാനം ആരംഭിച്ചു. ശവസംസ്കാരകർമ്മം മരണത്തെപ്പററി ധ്യാനിക്കാനുള്ള ഒരു സന്ദർഭമായിത്തീർന്നു. എന്നിലേക്കും എൻെറ സ്വാത്മപ്രതിപത്തിയിലേക്കും മായാസ്തുതിയിലേക്കും പ്രസ്തുതചിന്തകൾ എളുപ്പത്തിൽ തിരിഞ്ഞു. അനുമാനങ്ങൾ എത്രയും സ്പഷ്ടമായിരുന്നു. ദൈവാനുഗ്രഹത്താൽ ശേഷം ധ്യാനവും നന്നായി; ധ്യാനഫലങ്ങൾ വളരെ ശ്രേഷ്ഠമായിരുന്നുവെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

ജ്ഞാനധ്യാനംകഴിഞ്ഞുള്ള ആദ്യമാസത്തെ എൻെറ വ്യാപാരം ഞാൻ പരിശോധിച്ചു. ധ്യാനം എൻെറ ആത്മാവിനു വളരെയേറെ സൽഫലങ്ങൾ ഉളവാക്കിയെങ്കിലു ഇനിയും വളരെയേറെ ചെയ്തുതീർക്കാനുണ്ടെന്നു് എനിക്കറിയാം. ഇനി എന്താണുചെയ്യേണ്ടതെന്നറിയുവാൻ ഞാൻ ഒരുസർവ്വേ നടത്തി. ഇന്നു ഞാനെടുത്ത പ്രതിജ്ഞകൾ വിവരിക്കുവാൻ ഈ രാത്രി എനിക്കു കഴിയുകയില്ല; സമയം വളരെ വൈകിയിരിക്കുന്നു. ആകയാൽ എൻെറ പ്രതിജ്ഞകൾ സംക്ഷിപ്തമായി പറയാം.

ഇതുവരെ ഒന്നുംചെയ്തിട്ടില്ലാത്തവണ്ണം ഞാൻ ആരംഭിക്കേണ്ടിയിരിക്കുന്നു. എൻെറ ചെറുതും വലുതുമായ ഭക്താഭ്യാസങ്ങളിലെല്ലാം പരിപൂർണ്ണതപ്രാപിക്കുവാൻ ഞാൻ ശ്രമിക്കും. നാവിനെ സമ്പൂർണ്ണമായി നിയന്ത്രിക്കണം, ദീർഘമായ സംഭാഷണമൊന്നുംവേണ്ടതില്ല — ച

www.malankaralibrary.com

ട്ടവാദപ്രതിവാദം പ്രയോജനശൂന്യമാണ്. എൻെറ സംഭാഷണങ്ങളിൽ, "ഞാൻ" എന്ന പദം പ്രയോഗിക്കയില്ല; ഈ ലോകത്തിൽ "ഞാൻ" തീരെ വജ്ജ്യം. അഹങ്കാരം ക്ഷതപ്പെട്ടാലും ഏകാഗ്രതയും പ്രസന്നതയും പരിപാലിക്കണം. ഇപ്പോൾ എത്രയും പരിപൂണ്ണമായി, ചെയ്യാനുള്ള കാര്യങ്ങൾ നന്നായി ചെയ്യാനുള്ള ഏകോദ്ദേശ്യത്തിനു പ്രാധാന്യം മുഴുവനും കല്പിക്കണം. സവ്വോപരി ഈശോകർത്താവിൽ ധൈര്യം വരിക്കുക.

## ജാനുവരി 20-ാംനു

ഇന്നുവരെ ആകെപ്പാടെ മോശമായിട്ടില്ല. ദൈവത്തിനു നന്ദി പറയേണ്ടിയിരിക്കുന്നു. രണ്ടുകാര്യങ്ങൾ ഞാൻ ഓമ്മിക്കണം: സദാ പ്രശാന്തത, പ്രത്യേകിച്ച് എൻെറ ഭക്താഭ്യാസങ്ങളിലും ഏതെങ്കിലും തെററുചെയ്യാനിടയാകുമ്പോഴും, സംസാരത്തിലും "ഞാൻ" പ്രയോഗത്തിലും കൂടുതൽ സൂക്ഷം ആവശ്യമാണ്.

ഇന്നു വി. സെബാസ്റ്റ്യൻ, നാളെ വി. ആഗ്നസ്. രണ്ടു ധീരയുവാക്കൾ; ഒരു പടയാളിയും ഒരു കന്യകയും. സ്നേഹപൂവ്വം ഞാൻ അവരെപ്പററി ചിന്തിക്കും. പടയാളിയുടെ ഉത്സാഹത്തോടും കന്യകയുടെ കളങ്കരഹിതമായ നൈർമ്മല്യത്തോടുമൊപ്പം രക്തസാക്ഷിത്വത്തിൽ അവർക്കുണ്ടായിരുന്ന സ്ഥിരത എൻെറ ആത്മാവിൽ ചിന്തണമേ എന്നു ഞാൻ പ്രാത്ഥിക്കുന്നു. യേശുക്രിസ്തുവിൽ അനുഗൃഹീതരേ, നിങ്ങളിരുവരേയും ഞാൻ അഭിവാദ്യംചെയ്യുന്നു.

## ജാനുവരി 22 – ാംനു

പുറമേ മഴ ചൊരിയുന്നു. എൻെറ ആത്മാവു ചീഞ്ഞുപോകാതിരിക്കാൻ ദൈവമേ, അങ്ങു കനിയണമേ. വെള്ളം ഉള്ളിലേക്കു കടക്കാനാണു ഭാവം. ശത്രുവിനു കടന്നുവരാവുന്ന അദൃശ്യമായ ചെറിയ പൊട്ടലുകളുണ്ടായേക്കും. ഞാൻ അവ സൂക്ഷിക്കണം. അധികപ്പററായ ഒരു വാക്കോ, ലഘുവായ സ്വാത്മപ്രതിപത്തിയോ, ഏതെങ്കിലും ചെറിയ പ്രാത്ഥനകൾ അശ്രദ്ധമായി ചൊല്ലുന്നതോ ആകാം ആ അദൃശ്യപൊട്ടലുകൾ. സൂക്ഷിച്ചുകൊള്ളുക. ഒന്നാമത്തേ കുററം കഴിയുമ്പോൾ രണ്ടാമത്തേതു്; രണ്ടാമത്തേതു കഴിയുമ്പോൾ മൂന്നാമത്തേതു്, മൂന്നാമത്തേതുകഴിയുമ്പാൾ നാലാമത്തേതു്. അലസമായ വാക്കും അശ്രദ്ധമായ കൃതജ്ഞതാപ്രദശനവും കഴിഞ്ഞു് അലസമായ സംഭാഷണവും ശ്രദ്ധയില്ലാത്ത കൊന്തയും ജപമാലയും വരുന്നു. ഞാൻ സൂക്ഷിക്കണം;

www.malankaralibrary.com

പ്രാരംഭത്തിൽത്തന്നെ തടയുക. "ധാരാളം ജലം സ്നേഹത്തെ കെട്ടുത്തുകയില്ല; ജലപ്രളയങ്ങൾക്കു് അതിനെ മുക്കിത്താഴ്ത്താനും കഴിയുകയില്ല" (ഉത്ത 8, 7) എന്നു് എന്നെപ്പററി പറയുവാനിടയാകട്ടെ.

## ജാനുവരി 23 – ാംനു

ഇന്നു ഞാൻ ഈശോസഭക്കാരുടെ ദൈവാലയത്തിലേക്കു പോയി. തിരുക്കുടുംബത്തിൻെറ സ്തുതിക്കുള്ള ത്രിദിനാപേക്ഷയുടെ സമാപനച്ചടങ്ങുകളിൽ ഞാൻ പങ്കുകൊണ്ടു. ഇററലിക്കും ഈ രാജ്യത്തിലേ സഭയ്ക്കും വിവാഹമോചനം കൊണ്ടുവന്നേക്കാവുന്ന വിപത്തുകൾ തടയുവാൻ തിരുക്കുടുംബത്തോടു പ്രാർത്ഥിക്കുവാൻ വലിയ ജനക്കൂട്ടം വന്നുകൂടയിരുന്നു. ഈ രാജ്യത്തിലേ കുടുംബങ്ങളിന്മേൽ വിവാഹമോചനബാധ പിടികൂടാതിരിക്കാനായിരുന്നു പ്രാർത്ഥന.

ഇററലിയുടെ എല്ലാഭാഗത്തു നിന്നും ഉയന്നുകൊണ്ടിരിക്കുന്ന പ്രാർത്ഥന കർത്താവു ശ്രവിക്കുമെന്നു തീച്ചയാണു്. ഏതായാലും ഭാവി കർത്താവിൻെറ കരങ്ങളിലാണു്. എല്ലാം അവിടുത്തേ മഹത്വത്തെ വദ്ധിപ്പിക്കുവാനിടയാകുമാറാകട്ടെ. എനിക്കു് ഇത്രയും മതി; അതാണെൻെറ ധൈര്യം. എന്തും സംഭവിക്കട്ടെ; ഞാൻ പ്രാർത്ഥന തുടരും. തിരുക്കുടുംബത്തെപ്പററി ചിന്തിക്കുന്നതിലും അവരുടെ വികാരങ്ങളിൽ ഭാഗഭാക്കാകുന്നതിലും ഞാൻ ആനന്ദം കണ്ടെത്തും. അവരുടെ പുണ്യങ്ങൾ അനുകരിക്കുന്നതിൽ ഞാൻ പരിശ്രമിക്കും; അതിൽ വിജയം നേടാൻ പ്രാർത്ഥിക്കും. ആ പുണ്യങ്ങൾ എനിക്കു് അത്യാവശ്യമാണു്. ഈശോ മറിയമേ യൗസേപ്പേ, എൻെറ മാധുര്യമേ, ഞാൻ അങ്ങേക്കായി ജീവിക്കുകയും സഹിക്കുകയും അങ്ങയെപ്രതി മരിക്കുകയും ചെയ്യട്ടെ.

## ജാനുവരി 27 – ാംനു

അന്യരെപ്പററി സംസാരിക്കുമ്പോൾ പ്രത്യേകിച്ചും ഞാൻ മഹാശ്രദ്ധ പതിക്കും; വളരെ കുറച്ചുമാത്രം ഉരിയാടും. വിപത്തു വദ്ധിച്ചുകൊണ്ടാണിരിക്കുന്നതു്, നാവു് എത്ര സ്വതന്ത്രമായി ചലിക്കുന്നുവോ അത്രകണ്ടു കുററങ്ങൾ വദ്ധിക്കുന്നു. തുറന്നു് ആത്മാത്ഥയോടെ സംസാരിക്കുക; എന്നാൽ വിവേകം വേണം. "ഈശോ, എന്നെ തിരിഞ്ഞുനോക്കുക; എന്നോടു കരുണ കാണിക്കുക".

www.malankaralibrary.com

## ജാനുവരി 29 – ാംനു

ഇന്നത്തേ തിരുനാൾ മനോഹരമായിരുന്നു. എത്രയും പ്രശാന്തനായ വി. ഫ്രാൻസിസ്സ സെയിൽസിൻെറകൂടെ ഞാനിന്നു സമയം കഴിച്ചു. എത്ര നല്ല മനുഷ്യൻ, പുരോഹിതൻ, മെത്രാൻ! ഞാൻ അദ്ദേഹത്തെപ്പോലെയാകുന്നെങ്കിൽ, എന്നെ അവർ മാപ്പാപ്പാ ആക്കിയാലും വിരോധമില്ല. അദ്ദേഹത്തേയും അദ്ദേഹത്തിൻെറ സുകൃതങ്ങളേയും ഉപദേശങ്ങളേയും പററി ചിന്തിക്കുവാൻ ഞാൻ ഇഷ്ടപ്പെടുന്നു. ഞാൻ അദ്ദേഹത്തിൻെറ ജീവിതം പല പ്രാവശ്യം വായിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ ഉപദേശങ്ങൾ എൻെറ ഹൃദയത്തിനു് എത്രയും സ്വീകാര്യമാണു്. അദ്ദേഹത്തിൻെറ മാതൃകയുടെ വെളിച്ചത്തിൽ ഞാൻ എളിമയും ശാന്തതയും സമാധാനവും ഇഷ്ടപ്പെടുന്നു. സൽഫലങ്ങൾ പുറപ്പെടുവിക്കണമെങ്കിൽ, ഞാൻ വി. ഫ്രാൻസിസ്സ സെയിൽസിൻെറ പകർപ്പായിത്തീരണമെന്നാണു കർത്താവ് എന്നോടു പറയുന്നതു്. എന്നിലും എൻെറ പെരുമാററത്തിലും അസാധാരണത്വമൊന്നും വേണ്ടാ; സാധാരണകാര്യങ്ങൾ ചെയ്യണം. "സാധാരണ രീതിയിൽ സകല സാധാരണകാര്യങ്ങളും ചെയ്യുക". യേശു ക്രിസ്തുവിനോടും അവിടുത്തേ സഭയോടും എരിയുന്ന സ്നേഹം, അചഞ്ചലമായ മനശ്ശാന്തത, സഹജീവികളോടു് അത്ഭുതകരമായ ശാന്തത – ഇവയൊക്കെമതി.

എൻെറ പ്രിയപ്പെട്ട വിശുദ്ധാ, അങ്ങയുടെമുമ്പാകെ മുട്ടുകുത്തുമ്പോൾ എനിക്കു പലതും പറയാനുണ്ട്. ഞാൻ അങ്ങയെ ആർദ്രതാപൂർവ്വം സ്നേഹിക്കുന്നു. ഞാൻ സദാ അങ്ങയെ ഓർമ്മിക്കും; അങ്ങയുടെ സഹായം പ്രതീക്ഷിക്കുകയും ചെയ്യും. വി. ഫ്രാൻസീസ്സ്, എനിക്കും ഒന്നും കൂടുതൽ പറയാൻ സാധിക്കുന്നില്ല; അങ്ങേക്കു് എൻെറ ഹൃദയം കാണാമല്ലോ. അങ്ങയെപ്പോലെയാകുവാൻ എനിക്കാവശ്യമായതു തരിക.

## ജാനുവരി 31–ാംനു

ചെറിയ കാര്യങ്ങൾക്കു ഞാൻ വളരെയേറെ പ്രാധാന്യം കല്പിക്കും. നഷ്ടപ്പെടുത്തിയ ഒരു നിമിഷം, അലസവും അനാവശ്യവുമായ ഒരു വാക്കു് എന്നിവമതി 24 മണിക്കൂർ നേരത്തേക്കു പ്രക്ഷുബ്ധനായിരിക്കുവാൻ. ഇതെല്ലാം അഹങ്കാരമാണു്; എന്നാൽ നല്ല വിലകൊടുത്തും അഹങ്കാരത്തെ ക്ഷതപ്പെടുത്തിയും ഞാൻ പഠിക്കേണ്ടിയിരിക്കുന്നു. സുകൃതിയായ എൻെറ ജ്ഞാനപിതാവു പരിപൂർണ്ണതയ്ക്കായി പരിശ്രമിക്കു

www.malankaralibrary.com

വാനും ദൈവത്തിനു് എത്രയും ഇഷ്ടമുള്ളതുചെയ്യാനും എന്നെ നിരന്തരം ഉദ്ബോധിപ്പിച്ചുകൊണ്ടിരിക്കുന്നു. അനിഷേധ്യമായ ഈ തത്വം ഹൃദയത്തിലിരിക്കെ, എൻെറ സ്വന്തം ചാച്ചിലുകളെ പിഞ്ചെല്ലുന്നതിനു് ഒരു നീതീകരണവുമില്ല. ഓ ഈശോ, എൻെറ നിസ്സഹായത അങ്ങു കാണുന്നുണ്ടല്ലോ! അങ്ങേക്കുമാത്രമേ എന്നെ അങ്ങയുടെ പക്കലേക്കു് ഉയർത്തുവാൻ കഴിയുകയുള്ളു. ഞാൻ അങ്ങയുടെ കരങ്ങളിൽ മൃതവസ്തുപോലെയാണു്. ഓ ഈശോ, എനിക്കു ജീവൻ നല്കുക.

## ഫെബ്രുവരി 1–ാംനു

എൻെറ ഹൃദയം നിറഞ്ഞിരിക്കേണ്ട നിർമ്മലവും സംസ്കൃതവുമായ ആനന്ദം എളിമപ്രവൃത്തിയിലാണു പ്രത്യക്ഷപ്പെടുന്നതു്. ആകയാൽ ഞാൻ സൂക്ഷിക്കണം. മററുള്ളവർ മനസ്സിലാക്കാത്തവിധം ഒരു തരം ക്ഷമയോടെ എതിർപ്പുകൾ സഹിച്ചാൽ പോരാ; അവർണ്ണനീയമായ മാധുര്യവും പ്രശാന്തതയും ഞാൻ എന്നിൽ കാണണം. ഒരു ചെറു പുഞ്ചിരി അധരങ്ങളിൽ ദൃശ്യമാകണം. വിഷമം തോന്നുകയും പ്രശാന്തത നഷ്ടപ്പെടാതിരിക്കാൻ പണിപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ ഒരു തികഞ്ഞ പുഞ്ചിരി എൻെറ അധരങ്ങളിലുണ്ടാകണം. പ്രസന്നവും മന്ദഹാസസമന്വിതവുമായ ക്ഷമയാണാവശ്യം; അധികം ഗൗരവം പാടില്ല. അല്ലെങ്കിൽ യോഗ്യതയെവിടെയാണു്? "എളിമയും ഹൃദയശാന്തതയുമുള്ള ഈശോ, എൻെറ ഹൃദയത്തെ അങ്ങയുടെ ഹൃദയത്തോടു് ഒത്തതാക്കണമേ."

## ഫെബ്രുവരി 2–ാംനു

എന്തു വിലയുംകൊടുത്തു വിശുദ്ധീകരണം നേടാനുള്ള എൻെറ കടമ സദാ മനസ്സിലുണ്ടായിരിക്കണം. അതു പ്രശാന്തവും സമാധാനപരവുമായ ചിന്തയായിരിക്കേണ്ടതാണു്; അല്ലാതെ ക്ഷീണവും മുഷിച്ചിലുംവരുത്തുന്ന വിചാരമാകരുതു്. ഇതു് എല്ലാസമയത്തും ഞാൻ ഓർമ്മിക്കണം. പ്രഭാതത്തിൽ ആദ്യം കണ്ണുതുറക്കുമ്പോൾ മുതൽ രാത്രി കണ്ണടയ്ക്കുന്നതുവരെ ഇതുതന്നെ ചിന്ത. പഴയ നടപടികളിലേക്കും സമ്പ്രദായങ്ങളിലേക്കും ഞാൻ തിരിയെപ്പോകാൻ ഇടയാകരുതു്. പ്രസന്നതയും സമാധാനവും നിലനില്പും നിശ്ചയദാർഢ്യവും. എന്നെ തെല്ലും വിശ്വസിക്കാതിരിക്കുക; എന്നെപ്പററി താണ അഭിപ്രായം ഉണ്ടായിരിക്കുക; അതേസമയം ദൈവത്തോടു് അനുസ്യൂതവും സ്നേഹാത്മകവുമായ ഐക്യം പാലിക്കണം. ഇതാണു് എൻെറ ചുമതല; ഇ

www.malankaralibrary.com

താണ്‌ എന്റെ ജോലി. നല്ല ഈശോ, എന്നെ സഹായിക്കുക. "മ റിയമേ, അങ്ങു് എന്റെ അമ്മയാണെന്നു കാണിക്കുക."

## ഫെബ്രുവരി 3-ാംനു

നാളെ മാസാദ്യവെള്ളിയാഴ്ചയാണ്‌; അതു് ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിതമാകയാൽ ഒരു മഹാതിരുനാളാണ്‌. എനിക്കു മഹാ തീക്ഷ്ണതയും ഏകാഗ്രതയും വേണം; എന്റെ നാവിനു് ഒരു നല്ല കാവലിടണം. "എന്നോടുള്ള സ്നേഹത്തെപ്രതി എരിയുന്ന ഈശോ, അങ്ങയോടുള്ള സ്നേഹത്താൽ എന്റെ ഹൃദയത്തെ എരിയിക്കണമേ."

## ഫെബ്രുവരി 6-ാംനു

ഈ ദിവസങ്ങളിൽ എന്റെ പ്രധാനചിന്ത പഠനമാണ്‌. അഹങ്കാരപ്രശ്നം കത്തിയെരിയുന്നതല്ലേ ഈ കാണുന്നതു്? നമ്മൾ മഹാപണ്ഡിതന്മാരല്ലെങ്കിൽ, നമ്മൾ മഹാന്മാരാകയില്ലെന്നാണു നമ്മുടെ ഭാവം. ഇതു ലൗകായതിക മനഃസ്ഥിതിയാണ്‌; നമ്മൾ വ്യത്യസ്തമായ ഒരു ചിന്താഗതി സ്വീകരിക്കുവാൻ പരിശ്രമിക്കണം. ദൈവതിരുമനസ്സു പൂർണ്ണമായും വേണ്ടപോലെയും നിറവേററുന്നതിലാണ്‌ എന്റെ യഥാർത്ഥമഹത്വം സ്ഥിതിചെയ്യുന്നതു്. എന്റെ പുസ്തകങ്ങൾ ദഹിപ്പിച്ചുകളയാനോ, ഒരു ദരിദ്ര അൽമായ സഹോദരനായി പരിത്യക്തമായ ഒരു ആശ്രമത്തിൽ എത്രയും എളിയ ജോലികൾ ചെയ്യുവാനോ ദൈവം എന്നോടാവശ്യപ്പെടുകയാണെങ്കിൽ, എന്റെ ഹൃദയം തകരും. എങ്കിലും ഞാൻ അതു ചെയ്യണം. അങ്ങനെ ചെയ്യുമ്പോൾ ഞാൻ യഥാർത്ഥത്തിൽ വലിയവനാകും. ആകയാൽ പഠനത്തെപ്പററി ഞാൻ ഇങ്ങനെ ആകുലപ്പെടേണ്ടതില്ല. ഒന്നും അധികമായിപ്പോകരുതു്.

## ഫെബ്രുവരി 15-ാംനു മാസധ്യാനം

എന്റെ ഡയറിയിൽ പത്തുദിവസം ഒഴിവായിക്കിടക്കുന്നു. എന്താണിതു്? എനിക്കറിഞ്ഞുകൂടാ. എന്റെ കുററമാണോ? അങ്ങനെയാണെന്നു തോന്നുന്നില്ല; അതുകൊണ്ടു ഞാൻ ദുഃഖിക്കേണ്ടതില്ല. അതിനെപ്പററി ഞാൻ ദുഃഖിക്കുകയാണെങ്കിൽ ഈ കുത്തിവരയ്ക്കലിനു വളരെ പ്രാധാന്യം കല്പിക്കുന്നുവെന്നു വരും. പരിപൂർണ്ണത ഇതിലല്ല സ്ഥിതിചെയ്യുന്നതു്; ദൈവത്തെ സ്നേഹിക്കുന്നതിലും തന്നെത്തന്നെ നിന്ദിക്കുന്നതിലുമത്രേ.

www.malankaralibrary.com

ഇന്നേദിവസം ധ്യാനദിവസമെന്നു ഞാൻ വിളിക്കുകയില്ല. വാസ്തവത്തിൽ ഇതു ധ്യാനദിവസമായിരുന്നു. ഇന്നു ധ്യാനദിവസമാണെന്ന് എന്നോടുതന്നെ പറഞ്ഞുകൊണ്ടിരിക്കുകമാത്രമാണു ഞാൻ ചെയ്തിരുന്നതു്. എന്റെ തലവന്മാർ ആവശ്യപ്പെട്ടിരുന്നപ്രകാരം ഞാൻ ദിവസം കഴിച്ചു. പള്ളിയിലും വീട്ടിലും ഉല്ലാസത്തിലും നടപ്പിലും സമയം കടന്നുപോയി. ഒരു ധ്യാനമോ, ഭക്താഭ്യാസമോ, പ്രത്യേകചിന്തകളോ ഒന്നുംതന്നെയുണ്ടായില്ല. കർത്താവേ, അങ്ങു് എല്ലാം കാണുന്നുണ്ടല്ലോ. എന്റെ മനഃസാക്ഷി എങ്ങനെയിരിക്കുന്നു? ഒരുമാസം മുമ്പെന്നതിൽനിന്നു തുലോം വ്യത്യസ്തംതന്നെ. ഞാനെന്തുപറയേണ്ടിയിരിക്കുന്നുവെന്നു് എനിക്കറിഞ്ഞുകൂടാ. ഞാൻ പുരോഗമിക്കുന്നുണ്ടോ? കാഴ്ചയിൽ പുരോഗമനം തെല്ലുമില്ല. അന്യവിചാരങ്ങളുണ്ടു്. ആദ്യകാലത്തു് എന്റെ വിചാരങ്ങളിലുണ്ടായിരുന്ന നിയന്ത്രണം കുറഞ്ഞുതുടങ്ങി, ഇടയ്ക്കു കാൽമണിക്കൂറുംമററും നഷ്ടപ്പെട്ടുത്തിയിരിക്കുന്നതായി ഞാൻ കാണുന്നു. എങ്കിലും എനിക്കു സമാധാനമുണ്ടു്. കൂടുതൽ ചെയ്യാൻ തുടങ്ങുമ്പോൾ ഒരു നല്ലമാർഗ്ഗം കാണാനില്ല. ഇതെന്തുകൊണ്ടാണെന്നു് എനിക്കു് അറിഞ്ഞുകൂടാ. എന്നെത്തന്നെ കൂടുതൽ എളിമപ്പെടുത്തുന്നതിനും എന്റെ നിസ്സഹായതകണ്ടു് എന്റെ യഥാർത്ഥജീവനായ ഈശോയുടെ ഹൃദയത്തിലേക്കു കൂടുതൽ കൂടുതൽ അടുക്കുന്നതിനുംവേണ്ടി കർത്താവു് എന്റെ പരാജയങ്ങളിൽ എന്നെ വിട്ടുകളയുന്നുവെന്നാണു് എനിക്കുതോന്നുന്ന നീതീകരണം. ആകയാൽ വാഴ്ത്തപ്പെട്ടവനായ ഈശോ, എന്റെ അന്യവിചാരങ്ങളോടും അഹങ്കാരത്തോടും പാപങ്ങളോടുംകൂടെ ഞാൻ അങ്ങയുടെ മുമ്പിൽ വീഴുന്നു. എനിക്കു് ഒന്നും കൂടുതലായി ചെയ്യാൻ കഴിയുന്നില്ല. പ്രത്യേകം പ്രതിജ്ഞകളും ഞാനെടുക്കുന്നില്ല. നോമ്പാരംഭത്തിലുള്ള ഈ ഉല്ലാസദിവസങ്ങളിൽ [CARNIVAL] എന്റെ ചിന്തകൾ അങ്ങയോടുകൂടിയായിരിക്കും. എല്ലാനിമിഷവും പരാജയങ്ങളുണ്ടെങ്കിലും മഹാശാന്തതയാണുള്ളതു്. എല്ലാത്തിലും എല്ലാത്തിനും നിയമംതന്നെ. ദൈവത്തിനു സ്തുതിയായിരിക്കട്ടെ. ഹൃദയത്തിന്റെ പ്രത്യാശയായ ഈശോ, എന്നെ അനുസ്മരിക്കുക.

## ഫെബ്രുവരി 18-ാംനു

ഒരു മനുഷ്യൻ ഏററവും വലിയവനായിരിക്കുക അവൻ മുട്ടുകുത്തി പ്രാർത്ഥിക്കുമ്പോഴാണു്. ക്രിസ്തുവിന്റെ ഒരു മഹായോദ്ധാവായ ലൂയിവോയിലോയുടെ ചൊല്ലാണിതു്. അതു ഞാൻ സദാ ഓർത്തിരിക്കണം. ആകയാൽ മഹത്വവും പ്രതാപവും അത്യുച്ചിയിലെത്തുന്നതു

www.malankaralibrary.com

പഠനംകൊണ്ടല്ല; നമ്മളെത്തന്നെ അറിയുന്നതുകൊണ്ടാണ്; ദൈവത്തിന്റെ മുമ്പാകെ നാം ശൂന്യമാണെന്നും ദൈവത്തെ നമുക്ക് ആവശ്യമുണ്ടെന്നും അറിയുന്നതാണ്. രാക്ഷസാകാരമുണ്ടായിരുന്നാലും അവിട്ടത്തെക്കൂടാതെ നാം ചെറുപ്രാണികൾമാത്രം! ഓ മറിയമേ!

## ഫെബ്രുവരി 20-ാംനു-

ഒരു മഹാ സുദിനം! പരിശുദ്ധപിതാവു് പാപ്പാസ്ഥാനം സ്വീകരിച്ചിട്ട് ഇന്ന് 25 വത്സരം പൂർത്തിയായിരിക്കുന്നു. പത്തൊമ്പതു ശതാബ്ദങ്ങളുടെ ഇടയ്ക്കു രണ്ടുപ്രാവശ്യമേ ഇങ്ങനെ സംഭവിച്ചിട്ടുള്ളൂ. (ഒമ്പതാം പീയൂസ് 1846– 1878, 13–ാം ലെയോൻ (1878-1903), ഈ മംഗളസന്ദർഭത്തിൽ കത്തോലിക്കാലോകം അനുമോദനാഞ്ജലികളോടെ അദ്ദേഹത്തിന്റെ പാദാന്തികത്തിലെത്തിയിരിക്കുന്നു. ഇതു് അദ്ഭുതാവഹമായ ഒരു സംഭവമാണ്. ഇതു് വിശ്വാസരഹിതമായ ഇന്നത്തേ സമുദായത്തിൽ ദൈവസാന്നിധ്യബോധം ഉളവാക്കിയിട്ടുണ്ട്. പേപ്പൽകിരീടം അണിഞ്ഞപ്പോൾ മരിക്കാറായിരിക്കുന്നുവെന്നു കരുതിയ മാർപ്പാപ്പായാണു ലെയോൻ; എന്നാൽ സമയത്തിന്റെ കെട്ടുതികൾ 25 കൊല്ലത്തേക്ക് അദ്ദേഹം ചെറുത്തുനിന്നു. ലോകമാസകലം അദ്ദേഹത്തിന്റെ നാമം ഇന്നു പ്രസിദ്ധമാണ്. അദ്ദേഹത്തിന്റെ മദ്ധ്യകരെല്ലാവരും മരിച്ചുപോയി. ശ്ലൈഹികസിംഹാസനം സ്ഥാപിതമായിരിക്കുന്ന പാറമേൽ അവരുടെ അഹന്തനിറഞ്ഞ ശിരസ്സുകൾ തല്ലിത്തകന്നു. ഓരോരുത്തരായി അവരെല്ലാവരും ശവകുടീരത്തിൽ അമർന്നിരിക്കുന്നു. അവിടുന്ന് അവരെല്ലാവരേയും അതിജീവിച്ചിരിക്കുന്നു. തൊണ്ണൂററിമൂന്നുകാരനേക്കാൾ യുവത്വമുള്ള ആകാരത്തോടേ ദൈവത്തിന്റെ പ്രവൎത്തനങ്ങൾ അദ്ഭുതസ്തബ്ധമായ ലോകത്തോടു വിവരിച്ചു പറഞ്ഞുകൊണ്ടിരിക്കുന്നു. ലൊമ്പാർഡിലേ തീർത്ഥകർ അവരുടെ പാരമ്പര്യമനുസരിച്ച് തീക്ഷ്ണമായ സ്തുതികളോടെ അതിവന്ദ്യനായ വയോവൃദ്ധനു നന്ദിപറഞ്ഞിരിക്കുന്നു. വി. അമ്പ്രോസിന്റെ "തെദേവും" എന്ന കീർത്തനം മൈക്കൾ ആഞ്ചലോയുടെ താഴികക്കുടത്തിൻകീഴ തത്സമയം പ്രതാപപൂർവ്വം മാറെറാലിക്കൊണ്ടിരുന്നു. ചിരപ്രതീക്ഷിതമായ പ്രസ്തുത ദിനത്തിലേ ആനന്ദധോരണികളാൽ മനുഷ്യഹൃദയങ്ങളുടെ തന്ത്രികൾ സാഹ്ലാദം മുഴങ്ങി. അഖിലലോകത്തിൻേറയും മംഗളധ്വനിയോടുകൂടെ എന്റെ സ്വരവും ഞാൻ ചേർക്കുകയാണ്. ജനക്കൂട്ടത്തിന്റെ ഇടയ്ക്കുനിന്നു വി. പത്രോസിന്റെ ശവകുടീരത്തിങ്കൽ മഹാനായ മാർപ്പാപ്പായ്ക്കുവേണ്ടി ഞാനും ഇന്നു പ്രാർത്ഥിച്ചു. ഓ! ലെയോൻ പാപ്പാ, അങ്ങേക്ക് ആശിസ്സുകളും അനുഗ്രഹങ്ങളുമുണ്ടാകുന്നതിനും

www.malankaralibrary.com

അങ്ങയുടെ അധ്വാനങ്ങൾ വിജയിക്കുന്നതിനുംവേണ്ടി എന്റെ പ്രാത്ഥന സ്വഗ്ഗത്തിലേക്കുയരുന്നു. അങ്ങേക്കു് അപരിചിതമെങ്കിലും അങ്ങയോടു പുത്രനിവ്വിശേഷമായ സ്നേഹവും ബഹുമാനവും അചഞ്ചലമായ ഭക്തിയും ഇളക്കമില്ലാത്ത വിശ്വസ്തതയുമുള്ള ഒരു ഹൃദയമാണു് എനിക്കുള്ളതു്. അഖിലലോകത്തിന്റേയും മംഗളാശംസകളോടുകൂടെ ഈ യുവഹൃദയത്തിന്റെ മംഗളങ്ങളും കൂടിച്ചേരട്ടെ. തിരുസ്സഭയുടേയും നമ്മുടെ രാജ്യത്തിന്റേയും നന്മയ്ക്കായും ക്രിസ്തു തന്റെ അജഗണത്തിൽ വിജയംനേടുന്നതിനും കത്താവു് അങ്ങയെ സംരക്ഷിക്കട്ടെ. സൗഭാഗ്യത്തിനായി കേഴുന്ന ഞങ്ങളുടെ ആത്മാക്കൾക്കു സുവിശേഷസ്നേഹത്തിന്റേയും നീതിയുടേയും സ്പഷ്ടമായ ആദശ്ങ്ങൾ കാണിച്ചുതരുന്നതിനു ശോഷിച്ചു മെലിഞ്ഞിരിക്കുന്ന അങ്ങയുടെ ശരീരത്തിനു നിത്യായുസ്സിന്റെ ശക്തിമത്തായ നിശ്വസനം ഉത്തേജനം നല്കട്ടെ. അങ്ങയുടെ മക്കളുടെ സ്നേഹം അങ്ങേക്കു സിദ്ധിക്കട്ടെ; ശ്ലൈഹികസിംഹാസത്തോടുള്ള ബഹുമാനം വദ്ധിക്കട്ടെ, തിരുസ്സഭയുടെ പരിശ്രമങ്ങൾ നിരവധി ഫലം അരുളട്ടെ. അവിടുന്നു് അങ്ങയെ ശത്രുക്കളിൽനിന്നു സംരക്ഷിക്കുകയും മഹാശാന്തിയുടെ ദിനത്തിന്റെ ഉദയം വിദൂരത്തുനിന്നു കാണാൻ അങ്ങയെ ഇടയാക്കുകയുംചെയ്യട്ടെ. സത്യത്തിന്റേയും സ്നേഹത്തിന്റേയും നീണ്ടപോരാട്ടത്തിൽ വിജയികളും പരാജിതരും അങ്ങയുടെ സിംഹാസനത്തിൻമുമ്പാകെ സഹോദരസമാനം ആശ്ലേഷിക്കും. അങ്ങു് ഒരു രാജാവെന്നതിനേക്കാൾ പിതാവെന്നപോലെ അങ്ങയുടെ വിറയ്ക്കുന്ന കരം ചുംബിക്കുവാനും ആശീവ്വദിക്കുവാനുമായി നീട്ടും. അങ്ങു പത്രോസാണു്; അങ്ങു ക്രിസ്തുവാണു്.

## ഫെബ്രുവരി 24-ാം നു

ഈ സായാഹ്നത്തോടുകൂടി ഒഴിവു ദിവസങ്ങൾ അവസാനിക്കുകയായി. ലൗകായതിക ഭാഷയിൽ ഈ ഒഴിവുകാലത്തിനു കാർണിവൽ ദിവസങ്ങളെന്നാണു പേരു് (ജഡികദിനങ്ങൾ). ഈ ഒഴിവുകാലത്തു രണ്ടു കാര്യങ്ങളാണു് എന്റെ ഹൃദയത്തിൽ പതിഞ്ഞിട്ടുള്ളതു്; നല്ല ശരണത്തിന്റെ മാതാവിന്റെ തിരുനാൾ, ഏഴു ദൈവാലയങ്ങളിലേക്കുള്ള സന്ദർശനം. [MADONNA DELLA FIDUCIA = നല്ല ശരണത്തിന്റെ മാതാവു്. ഈ അഭിധാനത്തിൽ ദൈവമാതാവിന്റെ ഒരു ചിത്രം റോമൻ സെമ്മിനാരിയിലുണ്ടായിരുന്നു. അത്തരം ഒരു ചിത്രമാണു മാർപ്പാപ്പാ തിരുമേനി തന്റെ അഞ്ചാം പട്ടത്തിന്റെ സ്മാരകക്കാർഡിനായി തെരഞ്ഞെടുത്തതു്.] ആകയാൽ പ്രഥമചിന്ത കന്യകാമറിയംതന്നെ. അവിടുത്തെ പരിശുദ്ധമായ ഒരു പ്രതിമ രണ്ടാം നിലയിൽ ദൈവശാസ്ത്രവിദ്യാത്ഥികൾക്കുള്ള പ്രാത്ഥനാലയത്തിൽ സൂക്ഷി

www.malankaralibrary.com

ച്ചുവച്ചിരുന്നു. വ്യക്തിപരമായ ചിന്തകളാണ് ആ ചിത്രം മനസ്സിൽ വരുത്തുന്നത്. ഈശോയെ ശരിയായി സ്നേഹിക്കുവാൻ എന്നെ പഠിപ്പിച്ച പരേതരായ പലരുടേയും അനേകം പ്രായശ്ചിത്തപ്രവൃത്തികളുടേയും ഓർമ്മ മനസ്സിൽ തിങ്ങിക്കൂടി വരുന്നു. ദൈവാലയസന്ദർശനം പല സ്നേഹപ്രകരണങ്ങൾക്കും പ്രതിജ്ഞകൾക്കും കാരണമാകുന്നുണ്ട്. നമുക്കു മുമ്പ് ഇതേ തീർത്ഥാടനം നടത്തിയ മഹാവിശുദ്ധന്മാരോട് അങ്ങനെ ഐക്യപ്പെടാൻ കഴിയുന്നു. നമ്മുടെ ഈ യുഗത്തിൽനിന്ന് അത്രവിദൂരമോ, വ്യത്യസ്തമോ അല്ലാത്ത ഒരുയുഗത്തിൽ അവർ പുരോഹിതാനുയോജ്യവും ക്രിസ്തീയവുമായ പുണ്യങ്ങളുടെ ഉജ്ജ്വലമാതൃകകളായിരുന്നു. പ്രസ്തുത തീർത്ഥാടനം ദൈവഭക്തിയും പുണ്യാഭ്യസനത്തിനുള്ള ആഗ്രഹവും ജനിപ്പിക്കുന്നു. ഈ വികാരങ്ങൾ ദൈവസഹായത്താൽ നിലനില്ക്കുമെന്നു കരുതുന്നു. നാളെ ഈ ദിവസങ്ങളിലുണ്ടായിരുന്ന സ്വാതന്ത്ര്യവും ഉല്ലാസവും അവസാനിപ്പിച്ചു ഞങ്ങൾ ഗൗരവമായ കാര്യങ്ങളിലും പഠനത്തിലും ഏർപ്പെടും. കൂടുതൽ ശ്രദ്ധയോടും ഏകാഗ്രതയോടുംകൂടെ നാളെ പുണ്യാഭ്യസനമാരംഭിക്കും. ഈ ദിവസത്തെ ആഹ്ലാദങ്ങളുടേയും വിനോദങ്ങളുടേയും ഇടയ്ക്കു് എന്റെ ആത്മാവു ദൈവാനുഗ്രഹത്താൽ ഏകാഗ്രത ഏറെ നഷ്ടപ്പെടുത്തിയില്ല. എല്ലാം മൗഢ്യം പോലെ എനിക്കു തോന്നുകയാൽ ഒരുതരം മുഷിച്ചിലാണ് എനിക്ക് അനുഭവപ്പെട്ടത്. വൈദികരുടെ ഇടയിലും കാർണിവൽ ദിവസങ്ങൾക്ക് അതിനേക്കാൾ നല്ല ഒരു പേരുണ്ടെന്നു തോന്നുന്നില്ല.

എന്റെ ദൈവമേ, ഇക്കൊല്ലത്തെ കാർണിവൽ അവസാനിച്ചല്ലോ. ആഹ്ലാദങ്ങളുടെ ഈ അന്തിമരാത്രിയിൽ, ലൗകികർ തങ്ങളുടെ ഭോഷത്തരങ്ങളും പാപങ്ങളും നൃത്തങ്ങളും ലജ്ജാവിഹീനമായ വ്യാപാരങ്ങളുംകൊണ്ടു നാടകശാലകളിലേക്കും ദുഷ്പേരുള്ള ഭവനങ്ങളിലേക്കും ഉദ്യാനങ്ങളിലേക്കും തെരുവീഥികളിലേക്കും ചെല്ലുന്നു. തൽസമയം ഓ ഈശോ, അങ്ങയുടെ സ്നേഹയോഗ്യമായ ഹൃദയം വ്രണപ്പെടുന്നു. അങ്ങയുടെ സന്താപത്തേയും സന്താപകരമായ ബലിയേയുംപററി ചിന്തിച്ചുകൊണ്ടു ഞാൻ നിദ്രയിലമരുന്നു. എന്റെ അനേകം നിർഭാഗ്യസഹോദരരുടെ പൈശാചികമായ ദുരാശകൾ അങ്ങു വിസ്മരിക്കുന്നതിനു് അങ്ങയെ സ്നേഹിക്കുവാനുള്ള എന്റെ അത്യാശ ഇടയാക്കട്ടെ. നാളെ എല്ലാവരും തിരുസ്സഭയുടെ ഉദ്ബോധനം സ്വീകരിക്കുമെന്നു കരുതട്ടെ. നല്ല കാര്യങ്ങൾ ചെയ്യാനുള്ള ഒരുപദേശമാണു ലഭിക്കാൻപോകുന്നത്. അങ്ങയുടെ ദൃഷ്ടിയിൽ മനുഷ്യൻ എന്താണെന്നും അന്തിമദിനം എന്തായിരിക്കുമെന്നുമാണ്: "മനുഷ്യാ, നീ പൊടിയാകുന്നു പൊടിയിലേക്കു നീ പിന്തിരിയും" എന്ന സഭയുടെ ഉദ്ബോധനം വ്യഞ്ജിപ്പിക്കുന്നതു്.

www.malankaralibrary.com

## ഫെബ്രുവരി 26 – ാംനു

നോമ്പ്: ആകയാൽ വേണ്ടതു്: ഗൗരവം, മിതത്വം, ആശാനിഗ്രഹം, ഏകാഗ്രത, പ്രാർത്ഥന, ഈ ദിവസങ്ങളിൽ ഇങ്ങനെയായിരിക്കണം എൻെറജീവിതം; അഞ്ചാം പട്ടത്തിനു ഞാൻ ഒരുങ്ങുകയും വേണം, അല്പഷ്യസുപുണ്യവാൻ എന്തുചെയ്യുമായിരുന്നു! ഓ ഈശോ വിജനപ്രദേശത്തു് അങ്ങു നടത്തിയ നാല്പതുദിവസത്തെ ഉപവാസത്തിൽ ആത്മനാ ഞാൻ യോജിക്കുന്നു. അങ്ങു പ്രാർത്ഥനാപൂർവ്വം പരസ്യജീവിതമാരംഭിച്ചു. ഞാൻ ഈ നോമ്പുകാലത്തു് അങ്ങയിൽ നിന്നുവല്ലതും പഠിച്ചാൽ ഉയിർപ്പുദിനമടുക്കുമ്പോൾ പുണ്യത്തിൻെറയും ഐക്യത്തിൻെറയും മാർഗ്ഗത്തിൽ ഞാൻ ഒരടി മുന്നോട്ടു വച്ചിട്ടുണ്ടായിരിക്കും. അങ്ങയോടുകൂടെ എൻെറ ആത്മാവു പ്രതാപം പ്രാപിക്കും.

## മാർച്ചു 3–ാംനു

ഒരു വിജയദിനം! പരിശുദ്ധ പിതാവു നീണാൾ വാഴട്ടെ. ഇന്നു വി. പത്രോസിൻെറ ബസിലിക്കയിൽ ലോകത്തിൻെറ മുഴുവനും പ്രതിനിധികളുണ്ടായിരുന്നു. പരിശുദ്ധപിതാവിനോടുള്ള മഹാസ്നേഹത്തിൻെറ അംബുധിയിൽ എൻെറഹൃദയം അമർന്നു. പാട്ടുപൂജയുടെ സമയത്തു് ശ്ലീഹന്മാരുടെ ശവകുടീരത്തുങ്കൽ എൻെറ സജീവവും ഉജ്ജ്വലവുമായ വിശ്വാസം ഞാൻ ഏറ്റുപറഞ്ഞു. ഈശോയ്ക്കും സഭയ്ക്കും മാർപ്പാപ്പായ്ക്കുംവേണ്ടി എന്റെ കഴിവിന്റെ അങ്ങേയറ്റംവരെ അദ്ധ്വാനിക്കുവാൻ ഞാൻ തീരുമാനിച്ചു. പരിശുദ്ധപിതാവേ, ഞാൻ മുഴുവനും അങ്ങയുടേതാണു്. ഞാൻ ഇതാ ആയുധം വയ്ക്കുന്നു. ഒരു പുണ്യവാനും അങ്ങയുടെ പുത്രനുമാകുവാൻ അങ്ങു് അനുഗ്രഹിക്കണമേ.

## മാർച്ചു 7 – ാംനു

വാനവസദൃശനായ ഡോക്ടർ തോമസ് അക്വിനസ്സിനെപ്പററി അവസാനമായി ഒന്നുചിന്തിക്കാതെ ഈ ദിവസം സമാപിപ്പിക്കുക എനിക്കസാധ്യമല്ല. ആ സാധുസന്യാസി എത്ര മഹാൻ! എന്തൊരു വിജ്ഞാനം എന്തൊരു പരിശുദ്ധി! അദ്ദേഹം എല്ലാവരേയും വിശിഷ്യ എന്നെയും ഒരു പാഠം അഭ്യസിപ്പിക്കുന്നു. "ദൈവഭയമാണു വിജ്ഞാനാരംഭം." "പഠിക്കാനുള്ള തീക്ഷ്ണതയിൽ ദൈവഭക്തി രണ്ടാംസ്ഥാനത്തേക്കു മാറുന്നു." ഭക്താഭ്യാസങ്ങൾക്കായി സമയം നീക്കിവയ്ക്കുന്നതു് ഒരു നഷ്ടമെന്നപോലെയാണു നമ്മൾ പെരുമാറുന്നതു്. സമകാലിക പണ്ഡിതരിൽ അഗ്രഗണ്യനായ വിശുദ്ധതോമസ്സ് പാണ്ഡിത്യം നേടുന്ന

www.malankaralibrary.com

തിനു മുമ്പുതന്നെ വിശുദ്ധിനേടി. ഒരു പുണ്യവാനായിരുന്നതു കൊണ്ടാണ് അദ്ദേഹം മഹാവിജ്ഞാനിയായതു്. വി. തോമസ്സ്, ഞാൻ അങ്ങയുടെ ഗ്രന്ഥങ്ങൾ ഹൃദിസ്ഥമാക്കുന്നതോടൊപ്പം ഈ സത്യം എന്നെ ഗ്രഹിപ്പിക്കുക. സർവ്വഥാ ഞാൻ നന്നാകണമെങ്കിൽ, എൻെറ ആദർശങ്ങൾ നിവർത്തിച്ചു തിരുസ്സഭയ്ക്കും ക്രിസ്തുവിനും പ്രയോജനംവരുത്തണമെങ്കിൽ, ഞാൻ എന്തു വിലകൊടുത്തും പരിശുദ്ധിനേടണം.

## മാർച്ച് 18-ാംനു

പരീക്ഷകൾ, രോഗീശുശ്രൂഷ, ശാരീരികക്ഷീണം, പട്ടം ഇവയെല്ലാം നിമിത്തം കുറേനാളായി നോട്ടൊന്നും കുറിക്കുവാൻ കഴിഞ്ഞില്ല. ഇന്നു് എൻെറ കഴിവനുസരിച്ചു് ഒരു നല്ല മാസധ്യാനം നടത്തുവാൻ ശ്രമിച്ചു. എൻെറ തീരുമാനങ്ങൾ നാളേക്കു മാററിവയ്ക്കുകയാണ്. വിശുദ്ധ യൗസേപ്പിൻെറ സഹായത്തോടെ യഥാർത്ഥമായ ഏകാഗ്രത പാലിക്കാമെന്നു കരുതുന്നു. ഈ ദിവസങ്ങൾ വല്ലാത്തതുപോലെ തോന്നുന്നു. പലതരം വേദനയും നോവും നിമിത്തം എനിക്കു് എഴുന്നേററു നില്ക്കാൻ സാധിക്കുന്നില്ല. പല്ലുവേദന എന്നെ നിരന്തരം അലട്ടിക്കൊണ്ടിരുന്നു. "കർത്താവേ, അങ്ങു കാണുന്നുണ്ടല്ലോ. ആത്മാവു സന്നദ്ധമാണ്; എന്നാൽ ശരീരം ദുർബ്ബലമത്രേ."

## മാർച്ച് 19-ാംനു

വി. യൗസേപ്പിനെപ്പററിയുള്ള ചിന്ത സുമധുരവും പ്രസന്നവും പ്രശാന്തവുമാണ്. നിരന്തരക്ലേശങ്ങളുടെ ഇടയിൽ ഞാൻ ഒരുകാര്യം അവിടുത്തോടു ചോദിച്ചിട്ടുണ്ടു്; ആന്തരികജീവിതചൈതന്യം, പ്രത്യേകിച്ചു വേണ്ടപോലെ ധ്യാനിക്കുവാനും, വി. കുർബ്ബാന സ്വീകരിക്കാനുമുള്ള അനുഗ്രഹം. എൻെറ മാസധ്യാനത്തിലെ പ്രധാന തീരുമാനങ്ങളാണിവ. എൻെറ ആധുനികാദ്ധ്യാത്മികസ്ഥിതിയിൽ ഇതാണ് എൻെറ കാതലായ അഭ്യർത്ഥന. മഹത്വമേറിയ വിശുദ്ധ യൗസേപ്പേ, എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ.

## മാർച്ച് 22-ാംനു

അകാലികമായ ചിന്തകളേയും, ഞാനറിയാതെ നുഴഞ്ഞുകയറുന്ന അന്യവിചാരങ്ങളേയും സംബന്ധിച്ചു് എനിക്കു കൂടുതൽ സൂക്ഷം വേണം. "നിൻെറ ശ്രദ്ധ വായനയിലും പഠനത്തിലുമായിരിക്കട്ടെ; നിന്നേയും പ്രബോധനങ്ങളേയും സംബന്ധിച്ചു സൂക്ഷമുണ്ടായിരിക്ക

www.malankaralibrary.com

ട്ടെ", എന്ന നിർദ്ദേശത്തെപ്രതി എനിക്കു് ഒരിക്കലും മുഷിച്ചിൽ തോന്നരുതു്.

എന്റെ ആദ്ധ്യാത്മികജീവിതത്തിനു വെക്കേഷൻ ഉണ്ടാകരുതു്. ജ്ഞാനധ്യാനം ഉടനെ സമീപിക്കും. ദൈവാനുഗ്രഹങ്ങൾ സ്വീകരിക്കുവാനൊരുങ്ങാം. എന്റെ പട്ടം അടുത്തുവരുന്നു. കർത്താവേ, ഞാൻ യഥാർത്ഥത്തിൽ അങ്ങയുടേതാകുന്നുവോ? ഞാൻ അതിനു യോഗ്യനല്ല.

## മാർച്ച് 24–ാംനു

നാളെ ഒരു വലിയ തിരുനാളാണു്. മാലാഖാ മറിയത്തിനു നല്കിയ മംഗളവാർത്തയെപ്രതി ലോകമാസകലമുള്ള മണികൾ ആഹ്ലാദപൂർവ്വം "ണാം, ണാം" എന്നടിക്കും. മാലാഖാമാർ മധുരമായി മംഗളങ്ങൾ പാടും; മനുഷ്യർ ആ മംഗളവാക്യങ്ങൾ ആവർത്തിക്കും.

പ്രശാന്തതയും മാധുര്യവും ഭക്തിയുമായ കന്യകാമറിയമേ, അങ്ങയെ അഭിവാദ്യംചെയ്യുന്നവരുടെ സ്വരത്തോടൊപ്പം എന്റെ സ്വരവും അങ്ങു ശ്രവിക്കുക. മറിയമേ, സ്വസ്തി!

## മാർച്ച് 25–ാംനു

"വചനം മാംസമായി" ഈ വാക്കുകളേക്കാൾ കൂടുതൽ അർത്ഥപുഷ്ടമായ വാക്കുകളില്ല. വചനം മാംസമായി, എന്തൊരെളിമ! എന്തൊരു സ്നേഹം! മറിയത്തിന്റെ ഉദരത്തിൽ വചനം മാംസമായി. എന്തൊരു മഹത്വം! കന്യകയ്ക്കു് എന്തൊരു പ്രതാപം! ഒരു ദിവസം ഞാൻവഴി ഒരസാധാരണ കാര്യം സംഭവിക്കും. മാംസമായ വചനം തന്നെത്തന്നെ എന്റെ കരങ്ങളിൽ സ്ഥാപിക്കും; അപ്പത്തിന്റേയും വീഞ്ഞിന്റേയും സാദൃശ്യത്തിൽ എന്റെ ഹൃദയത്തിൽ പ്രവേശിക്കും. എന്റേയും ലോകമാസകലത്തിന്റേയും രക്ഷയ്ക്കായി അവിടുന്നു വീണ്ടും ബലിചെയ്യപ്പെടും. സമയം സമാഗതമാകുന്നു. ഇനി വേറൊരുകാര്യം എങ്ങനെ ചിന്തിക്കുവാൻകഴിയും? ഈ സംഗതിയിൽനിന്നു് എന്റെ മനസ്സു് അന്യവിഷയങ്ങളിലേക്കു തിരിഞ്ഞുപോകുക അനുവദനീയമോ? ഓ ഈശോ, ഓ മറിയമേ, എന്റെ ആത്മാവു് അതിനായിത്തന്നെ കാത്തിരുന്നു് ഉരുകിപ്പോകട്ടെ.

## ഏപ്രിൽ 1–ാംനു

അഞ്ചാംപട്ടത്തിനൊരുക്കമായി ജ്ഞാനധ്യാനം വീണ്ടും ആരംഭിച്ചു. ഇതുവരെ എനിക്കു കയററവും ഇറക്കവും ഉണ്ടായിട്ടുണ്ടു്. എ

www.malankaralibrary.com

തായാലും വീണ്ടും തുടരുകതന്നെ. ഈശോ എനിക്ക് ഈ ദിവസങ്ങളിൽ ഒരനുഗ്രഹം നല്കിയിരുന്നെങ്കിൽ, അതായത് എൻെറ ധ്യാനത്തിൽ ഏകാഗ്രത! അവിടുന്ന് ഇതു തീച്ച്യയായും അനുവദിച്ചുതരും. ഞാൻ ഈ ദിവസങ്ങൾ ഈശോയുടെ മദ്ധ്രിതഹൃദയത്തിനു പ്രതിഷ്ഠിക്കുന്നു. പരിശുദ്ധാത്മാവേ, പുണ്യസമ്പാദത്തിനുള്ള പരിശുദ്ധമായ ആഗ്രഹംകൊണ്ടു് എൻെറ ഹൃദയത്തെ നിറയ്ക്കുക; എൻെറ കറകൾ അങ്ങു കഴുകിക്കളയുക; എൻെറ കാഠിന്യത്തെ മയപ്പെടുത്തുക; എൻെറ മുറിവുകൾ സുഖപ്പെടുത്തുക. കുരിശിലെ വേദനകൾ കണ്ടു് അനുഭവിച്ചപ്പോൾ എനിക്കു ജന്മം നല്കിയ വ്യാകുലകന്യകേ, മറിയമേ, അങ്ങു് എനിക്കു ഒരമ്മയാണെന്നു കാണിക്കുക. "അങ്ങു് എൻെറ അമ്മയാണെന്നു് എനിക്കു കാണിച്ചുതരിക. അങ്ങയെ നിന്ദിക്കാതെ മനുഷ്യാവതാരം ചെയ്തവനു ഞങ്ങളുടെ നെടുവീർപ്പുകൾ കാഴ്ചവയ്ക്കുക." ആന്തരികജീവിതത്തിൻെറ ഉജ്ജ്വലമാതൃകയായ വി. യൗസേപ്പേ, ആന്തരികജീവിതമെന്ന ദാനം എനിക്കു വാങ്ങിത്തരിക. പരിശുദ്ധ അപ്പസ്തോലന്മാരായ പത്രോസേ, പൗലോസേ നിങ്ങളുടെ വിശ്വാസവും സ്നേഹവും എനിക്കു തരിക. കരുണാസമ്പൂർണ്ണരായ എൻെറ രക്ഷകരേ, വി. ഫ്രാൻസീസ് സെയിൽസ്, വി. ഫിലിപ്പു നേരി, വി. ഇഗ്നേഷ്യസ് ലൊയോള, വി. അലൂഷ്യസ്, വി. സ്റ്റനിസ്ലാസ്, വി. ജോൺ ബെർക്കുമൻസ്, രക്തസാക്ഷിയായ വി. അലക്സാണ്ടർ, വി. ചാൾസ് ബൊറോമ്യ എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ. എൻെറ കാവൽമാലാഖേ, ഈ ദിവസങ്ങളിലെ എൻെറ ഏകാഗ്രത അങ്ങേ സൂക്ഷത്തിനു പ്രത്യേകമായി ഏല്പിക്കുന്നു. അന്യചിന്തകൾ എന്നിൽനിന്നു് അകററിനിറുത്തുക. എൻെറ മന്ദതയിൽനിന്നു് എന്നെ ഉണർത്തുക. എല്ലാക്കാര്യങ്ങളിലും പ്രശാന്തമായും, പ്രസന്നമായും, ആത്മനിയന്ത്രണത്തോടുകൂടിയും എന്നെ സൂക്ഷിക്കുക. "എൻെറ മാലാഖേ, എന്നെ പ്രകാശിപ്പിക്കുക; സംരക്ഷിക്കുക; ഭരിക്കുക, നിയന്ത്രിക്കുക. ആമ്മേൻ."

## ഏപ്രിൽ 12-ാംനു ഉയിർപ്പുതിരുനാൾ

"ഇതു ദൈവം സൃഷ്ടിച്ചദിവസമാണു്, നമുക്കു് ആനന്ദിച്ചാഹ്ലാദിക്കാം." (സങ്കീ. 117. 24) ഹല്ലേലൂയ്യാ. ഇക്കൊല്ലം അത്ഭുതകരവും സമാധാനപൂർണ്ണവുമായ ഒരു ഉയിർപ്പുതിരുനാൾ ഈശോ എനിക്കു് അനുവദിച്ചുതന്നിരിക്കുന്നു. ഇന്നു് എൻെറ ജീവിതത്തിലെ ഒരു മഹാ ദിനമാണു്. ഇന്നു ധ്യാനത്തിനൊരുങ്ങിക്കഴിഞ്ഞപ്പോൾ ഭാവിയിൽ എനിക്കു തരാനിരിക്കുന്ന സ്നേഹാശിസ്സുകളുടെ മാധുര്യം മുൻകൂട്ടി എന്നെ അനുഭവിപ്പിച്ചു. "ദൈവത്തെ ശുശ്രൂഷിക്കുന്നതു രാജവാഴ്ചതന്നെ" എന്നു കാണിച്ചുതരാനും അവിടുന്നു കനിഞ്ഞു. ഇന്നു് ഔദ്യോഗികമാ

www.malankaralibrary.com

യി അഞ്ചാംപട്ടക്കാരനായ ഞാൻ സ്വർഗ്ഗവാസികളുടെയും തിരുസ്സഭയുടെയും മുമ്പാകെ ഈശോയുടെ ഒരു ശുശ്രൂഷകനായി പ്രതിഷ്ഠിതനായിരിക്കുന്നു. സ്വാതന്ത്ര്യത്തിൽനിന്നു വരുന്ന ശരണം എന്നെ ആശ്ചര്യഭരിതനാക്കി. ഈശോയുടെ മഹത്വമേറിയ മരണവും ഉയിർപ്പുംവഴി പരിശുദ്ധമായസ്വാതന്ത്ര്യം നമുക്ക് അവിടുന്നു വാങ്ങിത്തന്നു. ഇന്നു ഭൗമികമായ ബന്ധങ്ങളിൽനിന്നു ഞാൻ വിമുക്തനായിരിക്കുന്നു. അവിടുത്തോടുകൂടിയും അവിടുത്തേക്കുവേണ്ടിയും, ത്യാഗത്തിന്റെ ഉച്ചകോടിയിലേക്ക് ഉയരുന്നതിനുവേണ്ട ശക്തിയും സന്നദ്ധതയും എനിക്കു കൈവന്നിരിക്കുന്നു. ഈശോ, സ്നേഹബഹുമാനങ്ങൾകൊണ്ടു ഞാൻ വിറയ്ക്കുന്നു. ചിരപ്രതീക്ഷിതവും ചിരകാലം കിനാവുകണ്ടിരുന്നതുമായ ആ സുദിനം സമാപിക്കുന്നതിനുമുമ്പ് അങ്ങേക്ക് ഒന്നുകൂടി നന്ദിപറയുന്നതിനായി അങ്ങയുടെ തൃച്ചേവടികളിൽ ഞാൻ വീഴുന്നു. എന്റെ ഹൃദയം കവിഞ്ഞൊഴുകത്തക്കവിധം അത്ര സൗഭാഗ്യം എന്നിൽ ചിന്തിയിരിക്കുന്നു; തെരഞ്ഞെടുക്കപ്പെട്ടവരുടെ ഗണത്തിൽ അങ്ങ് എന്നെയും ചേർത്തു; ഇവയൊക്കെയുംപ്രതി ഞാൻ എന്നും അങ്ങേക്കു നന്ദി പ്രദർശിപ്പിച്ചുകൊണ്ടിരിക്കും. അങ്ങയോടുകൂടി ഞാൻ ഉയർത്തെഴുന്നേല്ക്കുകയും അങ്ങയുടെ തിരുഹൃദയത്തിൽനിന്നൊഴുകുന്ന സ്നേഹമഹത്വങ്ങളുടെ പ്രതാപത്താൽ ഞാൻ ഉദ്ദീപ്തനാകുകയും ചെയ്തിരിക്കുകയാൽ അങ്ങയുടെ പുനരുത്ഥാനത്തിന്റെ അടയാളമായി ഇന്നലെ എനിക്കു നല്കിയ പട്ടംകൊണ്ട് എനിക്കു കൈവന്നിരിക്കുന്ന പ്രസാദവരം എന്നും ഞാൻ സംരക്ഷിച്ചുപോരുന്നതിന് ഈ വിജയദിനം ഞാൻ പ്രാർത്ഥിക്കുന്നു. ഇന്നുമുതൽ അങ്ങയുടെ മഹത്വം ദർശിക്കുവാൻ ഞാൻ യോഗ്യനാകുന്നതുവരെ ശക്തിയിൽനിന്നു ശക്തിയിലേക്കു ഞാൻ മുന്നേറട്ടെ.

## ഏപ്രിൽ 14

ജ്ഞാനധ്യാനകാലത്തും പട്ടംകിട്ടിയ ദിവസവും ഈശോ എനിക്കു സമീപസ്ഥനായിരുന്നതുപോലെ എല്ലായ്പോഴും എനിക്കനുഭവപ്പെട്ടിരുന്നെങ്കിൽ! ഞാൻ ഇതുകൊണ്ട് അത്ഭുതപ്പെടുകയോ നിരാശനാകയോ ചെയ്യേണ്ടതില്ല. പഠനം, ഉല്ലാസം മുതലായ ഇതരജോലികൾ പരോക്ഷമായിട്ട് എന്റെ മനസ്സിനേയും ഹൃദയത്തേയും ദൈവത്തിലേക്കു തിരിയുന്നതിനു പ്രതിബന്ധമാകുന്നുണ്ട്. ഇതാണു ദൈവത്തിന്റെ ഇഷ്ടം; ആകയാൽ ഞാൻ സംതൃപ്തനായിരിക്കണം. എന്നാൽ ഇത്തരം ജോലികൾകൊണ്ടു ഞാൻ വ്യഗ്രചിത്തനാകാതിരിക്കാൻ ശ്രമിക്കുക എന്റെ കർത്തവ്യമാണ്. ഈശോക്ക് എന്നോടു തൃപ്തിയാണെന്നും എന്നെ സ്നേഹിക്കുന്നുവെന്നുമുള്ള വിചാരം എന്റെ സകല പ്രവൃത്തികളേയും സജീവമാക്കുന്നുണ്ട്. അങ്ങനെ അവിടുത്തെപ്പറ്റി പലപ്പോഴം

www.malankaralibrary.com

വിചാരിച്ച് ആന്തരികജീവിതത്തിന്റെ പ്രചോദനത്തോടുകൂടെ എന്റെ സകല പ്രവൃത്തികളും ഞാൻ ചെയ്യണം. വി. യൗസേപ്പ് പ്രഭാതം മുതൽ രാത്രി ഇരുളുന്നതുവരെ അദ്ധ്വാനിച്ചിരുന്നെങ്കിലും അദ്ദേഹത്തിൻെറ ഹൃദയവും മനസ്സും ഈശോയോടുകൂടെ ആയിരുന്നു. ഓ പ്രിയപ്പെട്ട പുണ്യവാനേ, അങ്ങയെ അനുകരിക്കുവാൻ എന്നെ സഹായിക്കുക.

## ഏപ്രിൽ 16

എൻെറ നാവിനെനിയന്ത്രിക്കാൻ ഞാൻ പഠിച്ചുകഴിയുമ്പോൾ എൻെറ അയൽക്കാരോടുള്ള ബന്ധം യഥാർത്ഥത്തിൽ പവിത്രീകൃതമാകും. ഇതു മനസ്സിൽവച്ചുകൊണ്ടു കൂടുതൽ വിവേകത്തോടെ വ്യാപരിക്കണം. എൻെറ സഹോദരന്മാരേയും അന്യരേയുംപററി കുററകരമായി സംസാരിക്കുവാൻ ഞാൻ അനുവദിക്കുകയില്ല. ഇങ്ങനെ എന്നെത്തന്നെ മെരുക്കുവാനുള്ള നിരവധി സന്ദർഭങ്ങൾ ദിവസവട്ടത്തിലുണ്ടാകും. എന്റെ മനസ്സിനെ ദൈവത്തിങ്കലേക്ക് ഉയർത്തുന്നതിനും എന്നെത്തന്നെ എളിമപ്പെടുത്തുന്നതിനും ഈ സന്ദർഭങ്ങൾ ഞാൻ വിനിയോഗിക്കും. എൻെറ കൂട്ടുകാർ എന്നെക്കാൾ ശ്രേഷ്ഠന്മാരാണെന്നും അവർ അങ്ങേയററം ബഹുമാനിക്കപ്പെടേണ്ടതാണെന്നുമുള്ള ബോധ്യം എനിക്കുണ്ടാകണം. ഓ, നല്ല ഈശോ, "എൻെറ വായിൽ കാവൽ വയ്ക്കുക; കർത്താവേ, എൻെറ അധരങ്ങളാകുന്ന വാതില്ക്കൽ കാവൽക്കാരെ നിറുത്തുക".

(സങ്കീ. 140,3)

## ഏപ്രിൽ 19 പുതിയ ഞായറാഴ്ച

ഇന്ന് ഉയിർപ്പ് എട്ടാം നാളായിരുന്നു. എനിക്കു വി. അപ്പൊളിനാരിസ്സിൻെറ പള്ളിയിൽ പാട്ടുപൂജയിൽ സംബന്ധിച്ച് എൻെറ പട്ടത്തിനുള്ള അവകാശം ആസ്വദിക്കുവാൻ കഴിഞ്ഞു. എനിക്ക് ഇപ്പോഴും എല്ലായ്പോഴും ഉയിർപ്പുതിരുനാൾ തന്നെ. ആത്മാവിൻെറ പുനരുത്ഥാനവും പരിശുദ്ധനാകാനുള്ള ആഗ്രഹവും എനിക്കു കൂടിയേ കഴിയൂ. ഓ ഈശോ, അങ്ങയെ വിട്ടുപിരിഞ്ഞുപോകാൻ ഞാനാഗ്രഹിക്കുന്നില്ല. "കർത്താവേ, സന്ധ്യയാകാറായല്ലോ, ഞങ്ങളോടുകൂടെ വസിക്കുക" (ലൂക്കാ. 24, 29). ദിവസന്തോറുമുള്ള എൻെറ റോന്തുചുററിനിടയ്ക്കു രണ്ടുകാര്യം ഞാൻ സൂക്ഷിക്കും. ഒന്നാമതായി എല്ലാകാര്യങ്ങളിലും എല്ലാ സമയത്തും ഞാൻ എളിമ പാലിക്കും. ദൈവസന്നിധിയിൽ എത്ര നീചനാണു ഞാനെന്നും എൻെറ കൂട്ടുകാരെ അപേക്ഷിച്ചു ഞാനെത്രകണ്ടു കൂടുതൽ നീചനാണെന്നും മനസ്സിലാക്കുവാൻ ശ്രമി

www.malankaralibrary.com

ക്കും. ഇങ്ങനെ ഞാൻ പരിശ്രമിക്കേണ്ടതു് ആവശ്യമാണെന്നു സദാ എനിക്കു ബോധ്യമാണു്. രണ്ടാമതായി, ദിവ്യകാരുണ്യ ഈശോയുടെ സന്നിധിയിൽ ഞാൻ എളിമയോടെ കഴിക്കണം. അവിടുന്നു തൻെറ തിരുഹൃദയത്തിൻെറ പ്രകാശധോരണിയിൽനിന്നു നമ്മുടെ എല്ലാവരുടെമേലും പ്രകാശം വീശുന്നു. എൻെറ നല്ല അമ്മേ, എളിമയുടെ നാഥേ, എന്നെ അങ്ങയെപ്പോലെയാക്കണമേ.

## ഏപ്രിൽ 22

പാപവും വിഷാദവും എൻെറ ഭവനത്തിൽനിന്നു് ഓടിയകലേണ്ടിയിരിക്കുന്നു. എൻെറ വികാരങ്ങളെ ക്ഷതപ്പെടുത്തുന്നവയൊക്കെ ഞാൻ സഹിക്കേണ്ടിയിരിക്കുന്നു; എന്നോടു യോജിച്ചുപോകാത്ത കൂട്ടുകാരോടും ഞാൻ പ്രശാന്തനായി സമാധാനപൂർവ്വം ക്ഷമിക്കേണ്ടതുതന്നെ. അല്ലാത്തപക്ഷം എനിക്കു് ഒരു യോഗ്യതയുമില്ല; ദൈവത്തിനു് ഒരു തൃപ്തിയും തോന്നുകയില്ല. കാഴ്ചയിൽ ഒരു പുണ്യവും ദർശനീയമല്ലാത്തപ്പോൾക്കൂടി ഞാൻ അന്യരിൽ വല്ല നന്മയും കണ്ടെത്തും. സർവ്വോപരി ഞാൻ എന്നോടുതന്നെ പറയണം: "എൻെറ നിരവധി പാപംനിമിത്തം എന്നോടു യോജിച്ചുപോകാൻ അന്യർക്കു് വളരെയേറെ പരിശ്രമിക്കേണ്ടതുണ്ടായിരിക്കും. എളിമ, അതെ എളിമ ആത്മസന്തുഷ്ടിയോടു ചേരുമ്പോൾ, എനിക്കു വ്യതിയാനം ഉണ്ടാകയില്ല; ഞാൻ ഭാഗ്യവാനാകും. ഓ ഈശോ, എന്നെ എളിമയുള്ളവനാക്കുക.

## ഏപ്രിൽ 26

ഉയിർപ്പുകഴിഞ്ഞു രണ്ടാം ഞായറാഴ്ചയായ ഇന്നു സെമ്മിനാരി തങ്ങളുടെ മൂന്നു വിശുദ്ധ മദ്ധ്യസ്ഥരുടെ തിരുനാൾ ആഘോഷിക്കുന്നു. (ഫ്ളൊറെൻറീനൂസ്, സോചിയൂസ്, വിക്റെറാറീനൂസ് എന്നീ മൂന്നു വിശുദ്ധരുടെ തിരുശേഷിപ്പ് 1693 ഏപ്രിൽ 16-ാംനു- മുതൽ റോമൻ സെമിനാരിയിലാണു് ഇരുന്നിട്ടുള്ളതു്. അക്കാര്യം ഇവിടെ സൂചിതം). പ്രസ്തുത വിശുദ്ധരുടെ ഭൗതികാവശിഷ്ടം ബലിപീഠത്തിന്റെ അരികെ ഭക്തിപൂർവ്വം സൂക്ഷിച്ചുവരികയാണു്. ഗാർഹിക തിരുനാളുകളിൽ ഒന്നാണതു്; അതു് ആത്മാവിനു വളരെ നല്ലതാണുതാനും. ക്രിസ്തീയരക്തംകൊണ്ടു നനഞ്ഞിരിക്കുന്നതും ഭാഗ്യസ്മരണാർഹവുമായ റോമാനഗരത്തിൽ രക്തസാക്ഷികളുടെ സ്മരണ, അവരുടെ വിശ്വാസവും സ്നേഹവും ഒരു സാധാരണ സംഗതി മാത്രമാണു്. ആ ഭക്താത്മാക്കളോടു ബന്ധിക്കുന്ന ബലിഷ്ഠമായ ബന്ധനമുള്ളപ്പോൾ അവരുടെ സ്മരണ ഒന്നുകൂടി പ്രിയംകരമാണു്. ഇവർ മൂന്നു യുവാക്കളായിരുന്നു; മൂന്നു

www.malankaralibrary.com

ലില്ലികളെപ്പോലെ ഇവർ നിർമ്മലരുമായിരുന്നു. അവരുടെ ജീവിത വസന്തത്തിൽത്തന്നെ മൃത്യുവിൻെറ ഖഡ്ഗം അവരെ വെട്ടിവീഴ്ത്തി. അവർ യഥാർത്ഥത്തിൽ ഭാഗ്യവാന്മാരാണ്. വിഡ്ഢികളുടെ ദൃഷ്ടി യിൽ അവർ മൃതരായിരിക്കുന്നു; എന്നാൽ അവർ സമാധാനത്തോടെ ജീ വിക്കുന്നു.. അവർ ക്രിസ്തുവിനുവേണ്ടി ജനിക്കുകയും മരിക്കുകയും ചെ യ്തുവെന്നുമാത്രം നമുക്ക് അറിയാം; വേറെ യാതൊന്നും നമുക്ക് അറി ഞ്ഞുകൂടാ എന്നാൽ ദൈവത്തിനു് അവരെ അറിയാം. അവരുടെ പേരും പുണ്യങ്ങളും ജീവൻെറ പുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നു അവരുടെ ഫാലസ്ഥലത്തു മഹത്വമകുടം ചാർത്തിയിട്ടുണ്ടു്; അവരുടെ ആനന്ദം അതിരററതു്; അവരുടെ സ്മരണ ശാശ്വതം. ഓ പ്രിയപ്പെട്ട വിശുദ്ധരേ, ഫ്ളെരെന്തീനൂസ്, സോചിയൂസ്, വിക്ടൊറിനൂസ്, എൻെറ ജീവിതം അജ്ഞാതമായി താണ നിലയിൽ കഴിയു ന്നതിനു നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. ഓ ഈ ശോ, അങ്ങയുടെ സ്നേഹത്തെപ്രതി ഞാൻ രക്തം ചിന്തും. ഒരിക്കൽ പ്രതാപവസ്ത്രമണിഞ്ഞു് അങ്ങയുടെ ആനന്ദത്തിൽ പങ്കുകൊള്ളുവാനും, "കുഞ്ഞാടു പോകുന്നിടത്തെല്ലാം അവിടുത്തെ അനുഗമിക്കുവാനും" ഒരി ക്കൽ ഇടവരണമെന്നുമാത്രം.

## ഏപ്രിൽ 28

രക്തസാക്ഷികൾ കഴിഞ്ഞു് ഒരു വന്ദകൻ വരുന്നു. ഗാഗുൽ ത്തായിലേ രക്തസാക്ഷിയുടെ ചൈതന്യം ആ വന്ദകൻ പ്രദർശിപ്പിച്ചി രുന്നു. അവിടുത്തേ പേരും പതാകയും ആ വിശുദ്ധൻ വഹിച്ചു. കു രിശിൻെറ വി. പൗലോസ് എന്നു പേർ. ഇന്നു് ആ വന്ദകൻെറ ഭൗ തികാവശിഷ്ടങ്ങൾ ഞാൻ സന്ദർശിച്ചു. ഇന്നും ആ അവശിഷ്ടം അഴി ഞ്ഞു പോയിട്ടില്ല. കൊളോസിയത്തിനടുത്തു ചേലിയൻകുന്നിൽ അ ജയ്യ രക്തസാക്ഷികളായ വി. യോഹന്നാനും പൗലോസിനും പ്രതിഷ്ഠി ക്കപ്പെട്ടിരിക്കുന്ന സുന്ദരദൈവാലയത്തിലാണു പ്രസ്തുത അവശിഷ്ടമി രിക്കുന്നതു്. കൊളോസിയത്തിലെ മല്ലരംഗം ക്രിസ്തീയ രക്തംകൊണ്ടു് ഇന്നും നനഞ്ഞിരിക്കുന്നു. ഈശോയുടെ പീഡാനുഭവത്തോടുള്ള ഭക്തി യും അവിടുത്തോടുള്ള സ്നേഹവും പരിത്യാഗപരമായ ജീവിതത്തോടു പ്രതിപത്തിയും തരണമേയെന്നു വി. പൗലോസിനോടു ഞാനപേക്ഷി ച്ചു. പലരും തങ്ങളുടെ രക്തം ഈശോയെപ്രതി ചിന്തുവാൻ സന്നദ്ധ രായിരുന്നു; എന്നാൽ അതിനു സന്ദർഭമില്ലാതെ വന്നപ്പോൾ തങ്ങളുടെ ജീവിതം മുഴുവനും ഈശോയുടെ സ്നേഹത്തെപ്രതി ബലിയർപ്പിക്കുന്ന തിനുള്ള മാർഗ്ഗം കണ്ടെത്തിയിരുന്നു. എൻെറ പാപങ്ങൾക്കു പരിഹാ

www.malankaralibrary.com

രമായും എന്റെ ആത്മാവിന്റെ നന്മയ്ക്കായും അന്യരുടെ രക്ഷയ്ക്കായും ചെറിയ ആശാനിഗ്രഹങ്ങളെങ്കിലും ഞാൻ അനുഷ്ഠിക്കേണ്ടതല്ലേ? ദൈവസ്തുതിക്കായി സഹനത്തിന്റേയും അക്ഷീണ യത്നത്തിന്റേയും ഉത്തമമാതൃകകളെ കാണുമ്പോൾ പാപിയായ ഞാൻ ലജ്ജാഭരിതനാകുന്നു. മർദ്ദനങ്ങളും ധാർമ്മികവും ശാരീരികമായ വേദനകളും സന്തോഷപൂർവ്വം സഹിക്കുവാൻ ഇന്നുമുതൽ പരിശീലിക്കുന്നില്ലെങ്കിൽ ഞാൻ വിശുദ്ധനാകയില്ലെന്നും ക്രിസ്തുവിന്റെ മുന്തിരിത്തോട്ടത്തിൽ കൊള്ളാവുന്ന ഒരു വേലക്കാരനാകയില്ലെന്നും ഞാൻ മനസ്സിലാക്കേണ്ടതുണ്ട്. കർത്താവേ, അങ്ങയുടെ ഈ പ്രശസ്ത ശിഷ്യന്റെ പ്രാർത്ഥനകളെപ്രതി എന്റെ ഞെരുക്കങ്ങളിൽ ആനന്ദപൂർവ്വമായ ക്ഷമയും അങ്ങയോടുകൂടെ അങ്ങയുടെ സ്നേഹത്തെപ്രതി സഹിക്കുവാനുള്ള തീക്ഷ്ണമായ ആഗ്രഹവും എനിക്കു തരിക. "നാം അവിടുത്തോടുകൂടി നശിച്ചാൽ, അവിടുത്തോടുകൂടെ മഹത്വം പ്രാപിക്കുകയും ചെയ്യും.

## ഏപ്രിൽ 29

ഇംഗ്ലണ്ടിലെ രാജാവായ എഡ്‌വേർഡു സപ്തമനെ സ്വീകരിക്കുവാൻ റോമാനഗരം ഇപ്പോൾ ഒരുങ്ങുകയാണ്. പതാകകൾ കൊടിക്കൂറകൾ വീഥിയിലെഅലങ്കാരങ്ങൾ, പ്രകാശോജ്ജ്വലമായ വസ്ത്രങ്ങൾ, പടയാളികൾ, സൈനികപരേഡുകൾ, സ്വീകരണങ്ങളങ്ങനെ. മേളം കൂട്ടുന്ന ഈ ജനത നാളെ ശപിക്കുകയായിരിക്കും. പരിഭ്രമജനകമായ സംഭവങ്ങളുടെ ഘോഷയാത്ര: കലഹം, ബഹളം, പരിഭ്രമം. സ്വല്പസമയത്തേക്കു ജനതതി തങ്ങളുടെ ഉൽക്കണ്ഠകളെല്ലാം വിസ്മരിക്കുന്നു. ലോകത്തിലെ ഗൗരവമതികൾ കൂടി ഈ നൂതനാഭാടങ്ങളിൽ കൂടിച്ചേന്നു് ഒപ്പം ഒച്ചപ്പാടുണ്ടാക്കുന്നു. ആർക്കുവേണ്ടി ഇതൊക്കെ? ലോകം വിസ്മരിച്ചുകളഞ്ഞിരിക്കുന്ന നിരവധിനിർഭാഗ്യരേക്കാൾ ധാർമ്മികമായി അധഃസ്ഥിതനായിരിക്കാം അദ്ദേഹം. അടുത്തകാലത്തു യൂറോപ്പിലെ അഭ്യസ്തവിദ്യർ അദ്ദേഹത്തിന്റെ കിരീടധാരണത്തിനു കാത്തിരിക്കയായിരുന്നു. എന്നാൽ നിശ്ചിതദിവസം ഭയങ്കരമായ രോഗം പിടിപെട്ടു് അദ്ദേഹം അവശനായി. അങ്ങനെ അദ്ദേഹം എല്ലാവരുടേയും അനുകമ്പാപാത്രമായിത്തീന്നു. ഒരു മഹാനിർഭാഗ്യംതന്നെ, നാളെ, പക്ഷേ, അതേ രോഗത്തിന്റെ ഒരാവർത്തനംവഴി അദ്ദേഹം നമ്മിൽനിന്നു വേർപിരിഞ്ഞെന്നുവരാം. അങ്ങനെ മനുഷ്യഹൃദയങ്ങളിൽനിന്നു് അദ്ദേഹം പുറംതള്ളപ്പെട്ടേക്കാവുന്നതാണ്. ഈ മനുഷ്യനു മഹാധികാരമാണുള്ളതു്. അദ്ദേഹം ഒരു മഹാരാജ്യത്തിന്റെ അധിപനാണ്. ആകയാൽ അദ്ദേഹം ബഹുമാനാദരങ്ങൾക്കു് അർഹനാണ് [എഡ്‌വേർഡ് VII (1841–1910) 1903–ൽ ഇറ്റലി സന്ദർശിച്ചു. ഏപ്രിൽ

www.malankaralibrary.com

27-ാംനു- ഇററാലിയൻ രാജാവു വിക്ററർ എമ്മാനുവലും 29-ാംനു- ലെയോൻ മാപ്പാപ്പായും അദ്ദേഹത്തെ സ്വീകരിച്ചു. 1901 ജൂൺ 26-ാംനു- നിശ്ചയിച്ചിരുന്ന കിരീടധാരണം എന്തോ രോഗം നിമിത്തം ഓഗസ്റ്റ് 9-ാംനു- ക്കു നീട്ടേണ്ടതായി വന്നു.]

ജനം മുഴുവനും ഈ മനുഷ്യൻെറ ചുററും കൂടി. അദ്ദേഹം സുന്ദരവസ്ത്രഭൂഷിതനായിരുന്നതുകൊണ്ടും വർണ്ണശബളമായ ഒരു വൃന്ദം അദ്ദേഹത്തെ അകമ്പടിസേവിച്ചിരുന്നതുകൊണ്ടും ജനം അദ്ദേഹത്താൽ ആകൃഷ്ടമായി. പ്രതാപത്തിൻേറയും ആഡംബരത്തിൻേറയും പാരമ്യമായിരുന്നു ഇതെന്നു ജനങ്ങൾ കരുതി. മോന്തോമരിയോയുടെ ഉച്ചിയിൽനിന്നു് ഇവയൊന്നും കാണുകയോ കേൾക്കുകയോ ചെയ്യാൻ പാടില്ലെന്നു് അവർ അറിഞ്ഞിരുന്നില്ല. മോന്തേ മരിയായുടെമേലും എന്നുവേണ്ട, ഭൂമിയിലെ യാതൊരു മലയുടെ മുകളിലും ഈ ചില്ലറസംഭവങ്ങൾ അറിയപ്പെടുന്നില്ലെന്നും, എന്നാൽ എല്ലാം കണ്ടും കേട്ടും കൊണ്ടിരിക്കുന്ന സർവ്വേശ്വരൻ അവയ്ക്കു മീതെയുണ്ടെന്നും ജനത അറിയുന്നില്ല. അവിടുത്തെ സന്നിധിയിൽ ഈ മനുഷ്യനും ചുററുംകൂടിയിരിക്കുന്ന മേളക്കാരും നിസ്സാര ധൂളിപോലെയാണു്. അവിടുന്നാണു് അവരെയൊക്കെ വിധിക്കുക. അപ്പോൾ അവർ താഴ്ത്തപ്പെടും, ശൂന്യമാകും, തകർന്നുതരിപ്പണമാകും. ലോകത്തിൻെറ അഭിപ്രായങ്ങൾ എത്ര മൂഢം! അതിൻെറ വിധികൾ എത്ര അന്ധം! വെഞ്ചാമരയും സേവകസമൂഹവുംമതി മനുഷ്യരെ ആനന്ദത്തിൽ ആറാടിക്കുവാൻ. അതേസമയം ദൈവത്തെ ദ്രോഹിക്കാനോ വൃഥാ അവിടുത്തെ തിരുനാമം ഉപയോഗിക്കാനുമല്ലാതെ ദൈവ വിചാരം ഒരു ത്തരമില്ല. ഗൗരവബോധമുള്ളവർപോലും പ്രാപഞ്ചികരെപ്പോലെ ഇവയിൽ കുടുങ്ങിപ്പോകുന്നു.

ഞാനും രാജാവിനെ കണ്ടു; എന്നാൽ ആ ബഹളമൊക്കെ എന്നെ കുപിതനാക്കി. ചക്രവർത്തിയുടേയും അകമ്പടിക്കാരുടേയും സുന്ദരമായ വണ്ടികൾ വളരെവേഗം നീങ്ങുന്നതു കണ്ടപ്പോൾ എനിക്കു വളരെ സ്പഷ്ടമായിട്ടു മനസ്സിലായി, "ഇങ്ങനെ കടന്നുപോകുന്ന പ്രാപഞ്ചിക പ്രതാപം", "മായയിൽവച്ചു മഹാമായ; സമസ്തവും മായ"

ഈ പ്രോട്ടസ്റ്റന്റ് റോമയിലായിരുന്നപ്പോൾ യഥാർത്ഥത്തിൽ ഒരു നല്ല കാര്യം ചെയ്തു, ഇതാണുസംഗതി. ഇവിടേയും മറ്റു രാജ്യങ്ങളിലും വൈദികവിദ്വേഷം നടമാടിയിരുന്നസമയത്തു് അധികാരത്തിന്റെ അത്യുച്ചിയിലിരുന്ന രാജാവു് മർദ്ദിതനായ ഒരു വൃദ്ധനും യേശുക്രിസ്തുവിന്റെ പ്രതിനിധിയുമായ മാപ്പാപ്പായെ സന്ദർശിക്കുക തനിക്കു് ഒരു ബഹുമാനമാണെന്നു കരുതി; അങ്ങനെ മാപ്പാപ്പാ തന്നെക്കാൾ വലിയവനാണെന്നു രാജാവു് അംഗീകരിച്ചു.

www.malankaralibrary.com

ഇന്നത്തെ ഈ സംഭവം റോമാമാർപ്പാപ്പാമാരുടെ ചരിത്രത്തിൽ പ്രതാപമേറിയ ഒരു പക്ഷമായിരിക്കും. കത്തോലിക്കാസഭയെ മൂന്നു ശതകത്തോളം മർദ്ദിച്ച ഇംഗ്ലണ്ടിലെ പാഷണ്ഡിതനായ രാജാവു സ്വഭവനത്തിൽ കാരാഗൃഹവാസിയെപ്പോലെ കഴിയുന്ന ഒരു സാധുവും വയോവൃദ്ധനുമായ മാർപ്പാപ്പായെ സന്ദർശിക്കുക എത്രയും അർത്ഥവത്തായ ഒരു സംഭവമാണ്.

അതു് ഈ യുഗത്തിന്റെ ഒരടയാളമാണ്. കൊടുങ്കാറ്റുള്ള രാത്രികൾ കഴിഞ്ഞു വത്തിക്കാനിൽനിന്ന് ഒരു പുത്തൻപുലരി ഉദയം ചെയ്യുന്നു. രാജ്യങ്ങൾ തങ്ങളുടെ പൊതുപിതാവിന്റെ കരങ്ങളിലേക്കു യഥാർത്ഥമായും ആത്മാർത്ഥയോടുംകൂടെ പിന്തിരിയുകയാണ്. ആ പിതാവു് അവരുടെ ഭാവിയെക്കുറിച്ചു കരഞ്ഞും ക്രിസ്തുരാജന്റെ വിജയത്തെ കാത്തുമിരിക്കുകയാണ്, അവിടുന്നു കുരിശിൽ ഉയർത്തപ്പെട്ടു കഴിയുമ്പോൾ എല്ലാവരും അവിടുത്തേക്ക് ആകർഷിക്കപ്പെടുമല്ലോ.

ഇക്കാരണത്താൽ എഡ്‌വേർഡ് രാജാവിന്റെ സന്ദർശനം ലൗകികപ്രശസ്തിയുടെ വ്യർത്ഥത വ്യഞ്ജിപ്പിക്കുന്നുണ്ടെങ്കിലും ദൈവത്തോടു നന്ദിപറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. അവിടുന്നു മനുഷ്യഹൃദയങ്ങളുടെ താക്കോലുകൾ കൈയിൽ പിടിച്ചിരിക്കുന്നു. രാഷ്ട്രീയ ചരടുവലികളുടെ ഇടയിൽക്കൂടി തന്റെ നാമത്തിന്റേയും തിരുസ്സഭയുടെയും മാഹാത്മ്യം പ്രകടമാക്കുവാൻ അവിടുന്നു വഴികാണുന്നു.

## ഏപ്രിൽ 30

ഈലോകത്തിലെ ക്ഷണികവസ്തുക്കളുടെ ഇടയിൽനിന്നു മനസ്സു സ്വർഗ്ഗീയപ്രതാപത്തിലേക്കുയരുന്നു. ലൗകികാഡംബരങ്ങളുടെ വ്യർത്ഥശോഭയിൽനിന്നു പുണ്യത്തിന്റെ പ്രശാന്തസൗന്ദര്യത്തിലേക്കു മനസ്സു കടന്നുപോകുന്നു. ഇന്നത്തെ പുണ്യവതി, സീയന്നായിലെ വി. കത്രീനായെപ്പററി ചിന്തിക്കുന്നതു വളരെ ആശ്വാസദായകമാണ്. നിന്ദിതയും ബലഹീനയുമായിരുന്നെങ്കിലും തിരുസ്സഭയുടെ നന്മയ്ക്കായി എത്രയും വലിയ കാര്യങ്ങൾ അവൾ ഊർജ്ജസ്വലമായി ചെയ്തു. "ശക്തരെ ലജ്ജിപ്പിക്കുവാൻ ദൈവം ബലഹീനരെ തെരഞ്ഞെടുത്തു" (1 കൊറി 1, 27 - 28). ഇക്കാര്യം കത്രീനാപുണ്യവതിയുടെ ജീവിതം അന്വർത്ഥമാക്കിയിരിക്കുന്നു.

തന്നെത്താൻ താഴ്ത്തി ഏകാന്തതയിൽ തന്റെ ദിവ്യമണവാളനെ സ്നേഹിച്ചുകഴിയുവാൻ ഉദ്ദേശിച്ചിരുന്ന ഈ സ്ത്രീ മാർപ്പാപ്പായെ റോമ

www.malankaralibrary.com

യിലേക്കു തിരിയെ വിളിച്ചു തിരുസ്സഭയ്ക്കു സമാധാനം നല്കാൻ തെരഞ്ഞെടുക്കപ്പെട്ടു. അവളോടു തുലനംചെയ്യുമ്പോൾ അക്കാലത്തെ വിജ്ഞരും നേതാക്കളും മഹാന്മാരും എന്താണു്? എൻെറ അഹങ്കാരത്തിനു് എത്ര നല്ല പാഠം! നമ്മുടെ പരാജയങ്ങളെ നികത്തി തൻെറ ദൃഷ്ടിയിലും ലോകത്തിൻെറ ദൃഷ്ടിയിലും മഹാനായിത്തീരാൻ പഠിപ്പിക്കുന്ന വസ്തം സർവ്വവും വശമായവനുമായ ദൈവത്തിൽ ശരണംവയ്ക്കുവാൻ എത്ര വലിയ ന്യായം!

## മെയ് 1 മറിയമേ, സ്വസ്തി,

ഇന്നു തൊഴിലാളികൾ ദൈവവും മതവും കൂടാതെ ജനങ്ങളാൽ ചൂഷിതരും ദരിദ്രരുമായിക്കഴിയുന്നു. ചിന്തിക്കാത്ത ജനത തങ്ങളുടെ ആദർശങ്ങൾ വിളിച്ചുപറഞ്ഞു തങ്ങളുടെ തിരുനാളാഘോഷിക്കുന്നു. പ്രസ്തുതാദർശങ്ങളിൽ പലതും അപ്രായോഗികമാണു്. ചിലതു നീതിയുക്തമാണെങ്കിലും വിരൂപവും ഹീനവുമായി കാണപ്പെടുന്നു. വിശ്വാസികൾ സമാധാനരാജനാം യേശുക്രിസ്തുവാകുന്ന മഹാവചനത്തിൻെറ അമ്മയെ അഭിവാദ്യംചെയ്തുകൊണ്ടു മെയ്മാസം ആരംഭിക്കുന്നു. തങ്ങളുടെ ഭക്തിപ്രകടനങ്ങൾക്കായി അവർ ദൈവമാതാവിൻെറ ബലിപീഠത്തെ സമീപിക്കുന്നു. കന്യകാമറിയത്തോടുള്ള ഈ ഭക്തിയിൽ വളരെ മാധുര്യവും പ്രശാന്തതയുമുണ്ടു്: തന്നിമിത്തം വിശ്വാസത്തിൻേറയും ദൈവഭക്തിയുടേയും വികാരങ്ങൾ തീരെ നഷ്ടപ്പെട്ടവരുടെ ഹൃദയങ്ങളെക്കൂടി പ്രസ്തുതഭക്തി മയപ്പെടുത്തുന്നു. കന്യകാംബികയോടുള്ള സ്നേഹവായ്പോടെ ഞാൻ അവിടുത്തെ പാദങ്ങളിൽ വീഴുന്നു. എന്നേയും എൻെറ സകല പ്രവൃത്തികളേയും പ്രത്യേകിച്ചു് ഈ മാസം ഞാൻ അവിടുത്തേക്കു പ്രതിഷ്ഠിക്കുന്നു. ഈശോയോടു് ഒന്നുകൂടി തീക്ഷ്ണമായ സ്നേഹം എനിക്കു തരണമെന്നു ഞാൻ അപേക്ഷിക്കുന്നു.

മറിയത്തെപ്പററിയുള്ള സ്നേഹവിചാരങ്ങളും വികാരങ്ങളുംകൊണ്ടു് എൻെറ മനസ്സിനെ പൂരിപ്പിക്കുവാൻ ഞാൻ ശ്രമിക്കും. സുകൃതജപങ്ങൾവഴി വീണ്ടുംവീണ്ടും അവിടുത്തെ ഞാൻ അഭിവാദ്യംചെയ്യും. മറിയത്തിൻെറ തിരുനാമം വിളിച്ചപേക്ഷിച്ചും അവിടുത്തെ സംരക്ഷണ അഭ്യർത്ഥിച്ചും പവിത്രീകൃതമാകുന്ന പുണ്യപ്രവൃത്തികളും ബഹുമാനാദരങ്ങളും ജ്ഞാനമഞ്ജരികളും അങ്ങേക്കു കാഴ്ചവയ്ക്കുക എൻെറ ആനന്ദമായിരിക്കും. നിയമം കൃത്യമായി അനുസരിക്കുക തുടങ്ങിയ സാധാരണ കാര്യങ്ങളിൽ പരിപൂർണ്ണത നേടാനുള്ള പരിശ്രമമായിരിക്കും എൻെറ പ്രിയപ്പെട്ട അമ്മയെ അവിടുത്തേ മാസത്തിൽ പ്രസാദിപ്പിക്കുവാനുള്ള ഉത്തമമാർഗ്ഗം. വിഷാദത്തോടുകൂടെയല്ല നിയമം അനുസരി

www.malankaralibrary.com

ക്കേണ്ടതു്; പ്രത്യുത, എനിക്കു മുഷിച്ചൽ തോന്നാത്തവിധത്തിലുള്ള പ്രസന്നതയോടും ആനന്ദത്തോടുംകൂടെവേണം നിയമം അനുസരിക്കാൻ.

**മെയ് 4**

ആന്തരികജീവിതം നയിക്കുന്നതിനു സർവ്വഥാ സഹായകമല്ലാത്ത സംഗതികളാൽ വ്യതിയാനംവരാതിരിക്കാൻ ഞാൻ പരിശ്രമിക്കും. തോണി മുക്കിനശിപ്പിക്കുന്ന ജലം അദൃശ്യമായ പൊട്ടലുകളിൽക്കൂടെ അല്പാല്പമായി തോണിയിൽ പ്രവേശിക്കുകയാണു ചെയ്യുന്നതു്. എന്റെ മനസ്സിൽ പ്രവേശിക്കുന്ന ഓരോ വ്യഗ്രചിന്തയും എന്റെ ആന്തരികജീവിതത്തെ സ്വയം തകർക്കുന്നു. ആകയാൽ ചെറിയ കാര്യങ്ങളിൽ ഞാനെത്ര ശ്രദ്ധാലുവായിരിക്കണം. "മറിയമേ, എത്രയും ഭക്തയായ കന്യകേ, എന്റെ ചിന്തകൾ അപഥസഞ്ചാരംചെയ്യാതെ സൂക്ഷിക്കുക."

**മെയ് 8**

ജർമ്മനിയിലെ വില്യം ചക്രവർത്തിയുടെ ബഹുമാനാർത്ഥം നടത്തിയ ഘോഷങ്ങൾ എനിക്കിഷ്ടമില്ലായിരുന്നെങ്കിലും പലവിചാരത്തിനു കാരണമായി. ഉച്ചിയിലെത്തിയിട്ടുള്ള ലൗകികപ്രതാപത്തിന്റെ മനോഹരമായ കാഴ്ച കണ്ടു് എന്റെ കണ്ണു് അഞ്ചിപ്പോയി; ആന്തരികമായ ഏകാഗ്രത ദുഷ്കരമായായി. ഈ സംഭവം വളരെ അസാധാരണവും അർത്ഥപുഷ്ടവുമാണു്. വാസ്തവത്തിൽ അതു ദൈവപരിപാലനതന്നെയാണു്; പാപ്പാസ്ഥാനത്തിന്റെ മഹത്തായ ഒരു വിജയമാണു്. അനേകശതാബ്ദങ്ങളായി നീണ്ടുനിന്ന ശത്രുതയ്ക്കുശേഷം ഒരു പ്രോട്ടസ്റ്റന്റു ചക്രവർത്തി അനന്യസാധാരണമായ ആഡംബരത്തോടും ആഘോഷത്തോടുംകൂടെ വത്തിക്കാൻ ഗോവണി കയറുന്നു; പാപ്പാസിംഹാസനത്തിന്റെ മഹത്വത്തിന്റെ മുമ്പിൽ നമിക്കുന്നു! ഞങ്ങളെപ്പോലെയുള്ള യുവാക്കൾക്കു് ഈ സംഭവം ശുഭപ്രതീക്ഷകൾക്കും നിർമ്മലമായ ആനന്ദത്തിനും വഴി തെളിക്കുന്നു. ഇതു ഞങ്ങളെ വ്യഗ്രചിത്തരാക്കുന്നതിനുപകരം ദൈവത്തേയും തിരുസ്സഭയുടെ നിത്യരാജനായ യേശുക്രിസ്തുവിനേയുംപററിയുള്ള നമ്മുടെ ചിന്തകൾ സമുൽകൃഷ്ടമാക്കിത്തീർക്കുകയും അവിടുത്തോടും അവിടുത്തേ പ്രവൃത്തികളോടും ആത്മാർത്ഥവും തീക്ഷ്ണവുമായ സ്നേഹം ജനിപ്പിക്കുകയും ചെയ്യേണ്ടതാണു്.

പ്രശസ്തനും പ്രകീർത്തിതനുമായ ഈ ചക്രവർത്തി ഒരു പാഷണ്ഡിതനല്ലായിരുന്നുവെങ്കിൽ, ആധുനികകാലത്തെ കാർളമാൻ ചക്രവർത്തിയാകുമായിരുന്നു. അദ്ദേഹം സ്വരാജ്യമായ ബർലിനിലേക്കു മടങ്ങിക്ക

www.malankaralibrary.com

ഴിഞ്ഞു. എല്ലാം സാധാരണപ്പടിയിലായി. [വിദ്യാൎത്ഥിയായിരുന്ന റൊങ്കാല്ലി ചക്രവൎത്തിയെ മെയ് 2-ാം തീയതി കണ്ടു].

ഞാൻ മറിയത്തിൻെറ മടിയിലേക്കും ഈശോയുടെ സ്നേഹഹൃദയത്തിലേക്കും മടങ്ങുന്നു. ഈ ലൗകികാഘോഷങ്ങൾക്കുശേഷം എത്രകണ്ടു ശൂന്യത എനിക്കനുഭവപ്പെട്ടുവോ അത്രകണ്ടു കൂടുതലായി മുന്നോട്ടുവന്നു് ഈശോയോടു ചേൎന്നുനില്ക്കേണ്ട ആവശ്യം എനിക്കുതോന്നി.

## മെയ് 15

മരിയാ മാസത്തിലെ ഈ സുന്ദരദിനങ്ങളിൽ എൻെറ സ്ഥിതി അത്ര മോശമായിട്ടില്ല. ഇടയ്ക്കിടയ്ക്കു് ഈശോയേയും മറിയത്തേയുംപററിയുള്ള ചിന്ത എൻെറ ആത്മാവിലേക്കു കടന്നുവന്നു ഞാൻ ആഹ്ലാദിക്കുകയാണു്.

കാസിൽഗൊണ്ടോൾഫയുടെ സമീപമുള്ള വയലിൽ നവമായി നിൎമ്മിച്ച വി. യൊവാക്കിമിൻെറ സുന്ദര ദൈവാലയത്തിൽ ഞാൻ ഏതാണ്ടു കാൽമണിക്കൂർ അതീവാഹ്ലാദത്തോടെ കഴിച്ചുകൂട്ടി. അതു പതിമൂന്നാം ലെയോൻ മാൎപ്പാപ്പായ്ക്കു കത്തോലിക്കാലോകം സ്നേഹപൂൎവ്വം നല്കിയ കാഴ്ചയാണു്.

പല ഇററാലിയൻ നഗരങ്ങളിലും ക്രിസ്തീയരാജ്യങ്ങളിലും പ്രവൎത്തനോത്സുകരായ യുവകത്തോലിക്കർ തൊഴിലാളികളുടെ മാൎപ്പാപ്പാ ഇറക്കിയ, "റേരും നൊവാരും" എന്ന ചാക്രികലേഖനത്തെ സ്മരിച്ചു് ആഘോഷങ്ങൾ നടത്തി. ക്രിസ്തീയജനാധിപത്യത്തെപ്പററിയുള്ള നൂതനാശയങ്ങൾ സാനന്ദം അവർ കൊണ്ടാടി. പ്രേഷിതജോലിക്കു് ഇനിയും സന്നദ്ധനായിട്ടില്ലാത്ത ഞാൻ കരുതി ഈ മഹാസംഭവം ആഘോഷിക്കുവാനും എൻേറതായ സ്തുതികൾ അൎപ്പിക്കുവാനും ആ മഹാശയത്തെ പിന്താങ്ങുവാനുള്ള എൻെറ തീക്ഷ്ണത പ്രകടമാക്കുവാനും ആവശ്യമായിട്ടുള്ളതു സ്നേഹവും പ്രാൎത്ഥനയുംവഴി ഈശോയോടു കൂടുതൽ അടുക്കുകയാണെന്നു്. ലോകത്തിനു ജീവൻ നല്കുന്ന സ്വൎഗ്ഗീയ അപ്പമായ ദിവ്യകുൎബാനയുടെ മുമ്പാകെ ഞാൻ ഉത്സാഹപൂൎവ്വം പ്രാൎത്ഥിച്ചു. നവജാതമായ അമേരിക്കൻ ഐക്യസംസ്ഥാനക്കാരുടെ വക പുഷ്പാലംകൃതമായ പ്രാൎത്ഥനാലയത്തിൽ നിൎമ്മലയും അമലോത്ഭവയുമായ കന്യകയുടെ മുമ്പിൽ ഞാൻ പ്രാൎത്ഥിച്ചു. ഏററവും തീക്ഷ്ണതയോടെ മോൺമാത്തറിലെ തിരുഹൃദയ സ്വരൂപത്തിൻെറ മുമ്പാകെ ഞാനപേക്ഷിച്ചു. പശ്ചാത്തപിച്ച ഭക്തയായ ഫ്രാൻസുരാജ്യം നല്കിയ കാഴ്ചയാണു് ആ സ്വരൂപം. അമൂല്യമായ ബലിപീഠത്തിന്മേൽ ദിവ്യ

www.malankaralibrary.com

ക്രൂദാശയിൽ ഈശോ എത്ര സുന്ദരനും പ്രതാപവാനുമാണ്. ആനന്ദിക്കുന്ന വിശുദ്ധന്മാരുടേയും ആരാധിക്കുന്ന മാലാഖാമാരുടേയും ഇടയിൽ എത്ര സ്നേഹമസൃണമായ ചിത്രം! സാമുദായികപ്രശ്നം ജീവൽപ്രശ്നമാണ്; ഭൗതികജീവിതത്തിൻെറ മാത്രമല്ല, ആദ്ധ്യാത്മികജീവിതത്തിന്റേയും പ്രശ്നംതന്നെ. ചിന്തകരുടെ പരിഭ്രമങ്ങളിലും ദരിദ്രരുടെ വിലാപങ്ങളിലും പ്രേഷിതാത്മാക്കളുടെ അധ്വാനത്തിലും കഷ്ടപ്പാടുകളിലും യാഥാർത്ഥ്യഗ്രഹണത്തിലും വിജയത്തിലും എൻെറ ശ്രദ്ധയും താൽപര്യവും പതിയുന്നു. ആ ചിത്രത്തിൻെറ പശ്ചാത്തലത്തിൽ വാസന്തികസൂര്യൻ വിശാലസമുദ്രത്തിൽനിന്ന് ഉയർന്നുവരുന്നതുപോലെ ഈശോ ഉയർന്നു വരുന്നതു ഞാൻ കാണുന്നു. അവിടുത്തെ മുഖം പ്രസന്നവും പ്രശാന്തവുമാണ്. അവിടുന്നു കരങ്ങൾ വിരിച്ചുപിടിച്ചിരിക്കുന്നു; എല്ലാററിനേയും ഉജ്ജ്വലിപ്പിക്കുന്ന അഗ്നികൊണ്ട് അവിടുത്തെ ഹൃദയം എരിയുന്നു. ഓ ദിവ്യഹൃദയമേ, എല്ലാ പ്രശ്നങ്ങളുടേയും ഉത്തരമാണ് ക്രിസ്തു, അവിടുത്തെ ദിവ്യഹൃദയം. ഞങ്ങളുടെ പ്രത്യാശയൊക്കെ അങ്ങയിലാണ്. രക്ഷയ്ക്കായി അങ്ങയുടെ പക്കലേക്കു ഞാൻ തിരിയുന്നു.

ഓ ഈശോ, ഞങ്ങളുടെ സമുദായത്തിലേക്കും കുടുംബജീവിതത്തിലേക്കും ആത്മാക്കളിലേക്കും സമാധാനരാജാവായി അങ്ങു വരിക. ജനങ്ങളുടെ നന്മയ്ക്കും അങ്ങയുടെ ദരിദ്രർക്കുംവേണ്ടി അധ്വാനിക്കുന്നവരുടെ ആത്മാക്കളെ അങ്ങയുടെ ആർദ്രഹൃദയത്തിൽ സ്ഥിതിചെയ്യുന്ന വിശ്വാസത്തിൻേറയും സ്നേഹത്തിൻേറയും പ്രഭകൊണ്ട് ഉദ്ദീപ്തമാക്കുക അങ്ങയുടെ ചൈതന്യം, അതെ അച്ചടക്കത്തിൻേറയും ക്രമത്തിൻേറയും പ്രശാന്തതയുടേയും ചൈതന്യം അവർക്കു നല്കുക. അങ്ങനെ അവരുടെ ഹൃദയത്തിൽ ഉത്സാഹജ്ജ്വാല സദാ കത്തിജ്ജ്വലിക്കട്ടെ.

ഓ ഈശോ, ഒരുകാലത്ത് അങ്ങയുടെ സഹായത്താൽ എന്തെങ്കിലും നന്മചെയ്യാൻ കഴിയുകയാണെങ്കിൽ, ഇതാ അങ്ങയുടെ യോദ്ധാക്കളുടെ ഇടയിൽ ഞാൻ! ശരിയായ മാർഗ്ഗം പെട്ടെന്നു നഷ്ടപ്പെടാവുന്നതുകൊണ്ട്, അങ്ങയുടെ വിദ്യാലയത്തിലുള്ള എൻെറ പഠനം അഗാധവും സൽഫലദായകവും യഥാർത്ഥത്തിൽ ഉത്സാഹഭരിതവുമായിരിക്കട്ടെ. അങ്ങു സാമുദായികജീവിതത്തിൻെറ കേന്ദ്രമാകുന്നതും ആഹ്ലാദഭരിതരായ ജനങ്ങളുടെ തോളുകളിൽ വഹിക്കപ്പെടുന്നതുമായ ദിനം അതിവേഗം സമാഗതമാകട്ടെ.

## മെയ് 26

ഈ ദിവസങ്ങളിൽമുഴുവനും ശ്വാസംവിടാൻ സമയമില്ലാതെ ജോലിയായിരുന്നു. രോഗിമുറിയിലെ പണികൾക്കും എൻെറ പഠന

www.malankaralibrary.com

ത്തിനും എന്റെ സമയംമുഴുവനും വേണ്ടിവന്നു. "അധികമായാൽ അമൃതും വിഷം". ഞാൻ കൂടുതൽ കൂടുതൽ ഗ്രഹിക്കട്ടെ. ശാന്തമായി വിധിച്ചുകൊണ്ടു ചിന്തിക്കട്ടെ. എല്ലാത്തിനും ഒരു സമയമുണ്ടെന്നു ഞാൻ ഓർമ്മിക്കുകയുംവേണം.

ഇതാ മെയ് മാസം അവസാനിക്കാൻപോകുന്നു. ഞാൻ കന്യകാംബികയ്ക്കു കാഴ്ചവയ്ക്കാൻ പോകുന്ന പുഷ്പങ്ങൾ തുച്ഛവും അനാകർഷകവുമാണ്.

ഓ മറിയമേ, ഞാൻ ദരിദ്രനാണ്; അങ്ങയുടെ പുത്രനുമാണ്. എന്റെ ഹൃദയത്തിലേക്ക് അങ്ങു നോക്കുക. വി. ഫിലിപ്പുനേരിയുടെ ചിന്ത ഇന്നു മുഴുവനും എനിക്ക് ആഹ്ലാദം നല്കിയ ചിന്തയാണ്. വാല്ലിസെല്ലായിലെ ദൈവാലയത്തിൽ ഗായകർക്കുള്ള മുറിയിൽനിന്നു ഞാൻ തിരുക്കർമ്മങ്ങളിൽ പങ്കുകൊണ്ടു. കപ്പോച്ചിയുടെ ഗാനമേള ഞാൻ ആസ്വദിച്ചു. രണ്ടാം നിലയിലുണ്ടായിരുന്ന വിശുദ്ധന്റെ മുറി സന്ദർശിച്ചപ്പോൾ ഞാൻ വികാരതരളിതനായി. കരീത്തായിലേ വി. ജിറൊളാമോയുടെ ദൈവാലയത്തിലേ ചരിത്രമൂല്യമേറിയ മുറികൾ ഞാൻ സന്ദർശിച്ചപ്പോൾ ഞാൻ വികാരതരളിതനായി. [ഈ ദൈവാലയത്തിലാണു കുറേ വൈദികരോടുകൂടെ വി. ഫിലിപ്പുനേരി താമസിച്ചിരുന്നത്.] എന്റെ ഹൃദയവും എന്റെ മനസ്സും എന്റെ കണ്ണും പ്രതാപമേറിയ ശവകുടീരത്തിലമർന്നുപോയി. ഞാൻ വളരെയേറെ പ്രാർത്ഥിച്ചു. ഞാനാഗ്രഹിക്കുംപടി, എന്റെ ഹൃദയം വർണ്ണിക്കുംവിധം ഈ വിശുദ്ധനെപ്പററി എഴുതാനുള്ള കഴിവും സമയവുമുണ്ടായിരുന്നെങ്കിൽ! എനിക്ക് ഏററവും പരിചയമുള്ള പുണ്യവാനാണ് ഈ വിശുദ്ധൻ. അദ്ദേഹത്തിന്റെ നാമം വ്യക്തിപരമായ ചില പ്രിയപ്പെട്ട സ്മരണകളോടു ബന്ധപ്പെട്ടാണു കിടക്കുന്നത്. എനിക്ക് അദ്ദേഹത്തോടു പ്രത്യേകഭക്തിയുണ്ടെന്നു തോന്നുന്നു. വിശ്വസ്തതയോടെ ഞാൻ എന്നെത്തന്നെ അദ്ദേഹത്തിന് ഏല്പിക്കുന്നു.

എന്റെ പ്രിയപ്പെട്ട പിതാവായ വി. ഫിലിപ്പേ, എന്റെ വിചാരങ്ങൾ വാക്കുകളിലേക്കു പകർത്തുന്നില്ലെങ്കിലും, അങ്ങേക്ക് എന്നെ മനസ്സിലാക്കുവാൻ കഴിയുമല്ലോ! സമയം മുന്നോട്ടുപോകുന്നു. അങ്ങയുടെ ഒരു പകർപ്പാകേണ്ടിയിരുന്ന ഞാൻ എവിടെ? അങ്ങയുടെ പുണ്യങ്ങളുടെ ഒരു പകർപ്പാണോ ഞാൻ? അങ്ങയുടെ മൗതികവിദ്യാലയത്തിൽ ആത്മാക്കളെ പഠിപ്പിക്കുന്ന യഥാർത്ഥതത്വങ്ങൾ എന്നെ അഭ്യസിപ്പിക്കുക: എളിമയും സ്നേഹവും! ഭാഗ്യപ്പെട്ട ഫിലിപ്പുപുണ്യവാനേ, എനിക്ക് ഏകാഗ്രതയും നിർമ്മലവും പരിശുദ്ധവുമായ പ്രസന്നതയും മഹാപ്രവർത്തനങ്ങൾക്കുള്ള ഉത്സാഹവും ആവശ്യമായിരിക്കുന്നു.

www.malankaralibrary.com

ഒരിക്കൽ അങ്ങയുടേതായിരുന്ന പരിശുദ്ധാത്മാവിൻെറ നെ, വേനയിൽ ഞാൻ വീണ്ടും അങ്ങയുടെ അടുക്കൽ വരും. എൻെറ ആത്മാവിനെ പരിശുദ്ധാത്രപിയുടെ ആലയമാക്കിത്തീക്കവാൻ, വി. ഫിലിപ്പേ, എന്നെ സഹായിക്കുക. സ്നേഹംകൊണ്ടും പരിശുദ്ധാത്മാവിനെക്കൊണ്ടും ഉജ്ജ്വലിക്കുന്ന നിൻെറ ഹൃദയത്തോടു തണുത്തുമരവിച്ച എൻെറ ഹൃദയം ഞാൻ ചേത്തുവയ്ക്കുന്നു. എൻെറ ഹൃദയത്തേയും ഉജ്ജ്വലിപ്പിക്കുക.

## ജൂലായി 20

സംക്ഷിപ്തമായ എൻെറ സായാഹ്നക്കുറിപ്പുകളിൽ ഒരു വലിയ വിടവു കാണുന്നല്ലോ, രോഗിമുറിയിലെ ജോലികളും പരീക്ഷയ്ക്കുള്ള പഠനവും നിമിത്തം ധൃതിയിൽ എഴുതിത്തീക്കാറുള്ള കുറിപ്പുകൾകൂടി നഷ്ടപ്പെട്ടിരിക്കയാണ്.

വലിയ തിരുനാളുകളും ഈശോയുടെ തിരുഹൃദയത്തിൻെറ മാസവും പ്രിയപ്പെട്ട ചില സന്ദർഭങ്ങളും അങ്ങനെ കടന്നുപോയി. എങ്കിലും ഞാൻ ഇതിൽ ദുഃഖിക്കുന്നില്ല. ഈ ചെറിയ കാര്യങ്ങളിൽ ഒട്ടിപ്പിടിച്ചിരിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. അവ എൻെറ സ്വാത്മപ്രതിപത്തി വദ്ധിപ്പിക്കുകയാണെങ്കിൽ ഏതു സമയത്തും അവ തീയിലിട്ടു ചുട്ടുവാൻ ഞാൻ സന്നദ്ധനാണ്.

# 15 ഈശോ മറിയമേ യൗസേപ്പേ! 1903 ഏപ്രിൽ 1 മുതൽ 10 വരെ തീയതികളിൽ അഞ്ചാം പട്ടത്തിന് ഒരുക്കമായി നടത്തിയധ്യാനത്തിലെ കുറിപ്പുകൾ.

ഓ ഈശോ, ഇക്കൊല്ലം ഇതാ വീണ്ടും അങ്ങയുടെ ദിവ്യോപദേശം കേൾക്കാൻ ഞാൻ അങ്ങയുടെ സന്നിധിയിലെത്തിരിക്കുന്നു, എന്നെയെന്നേക്കുമായി സവ്വാഘോഷങ്ങളോടുംകൂടെ എന്നെ ഞാൻ പ്രതിഷ്ഠിക്കുന്നു. തിരുസ്സഭ എന്നെ വിളിച്ചിരിക്കുന്നു. അങ്ങ് എന്നെ ക്ഷണിച്ചിരിക്കുന്നു. "കണ്ടാലും ഞാൻ വരുന്നു." (ഹെബ്രാ. 10, 7-9) എനിക്കു വലിയ കാര്യങ്ങൾ ചെയ്യാമെന്നു വിചാരമില്ല; മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള പദ്ധതികളുമില്ല. സ്വാത്മം എന്നിൽ നിന്നു് ഉരിഞ്ഞുമാററാൻ ശ്രമിക്കുകയാണ്; ഞാൻ എൻെറ സ്വന്തമല്ല. എന്റെ

www.malankaralibrary.com

ആത്മാവു് എഴുതാത്ത കടലാസു പോലെ അങ്ങയുടെ മുൻമ്പിൽ തുറന്നു കിടക്കുന്നു. കർത്താവേ, അങ്ങേക്കിഷ്ടമുള്ളതു് അതിലെഴുതുക. കർത്താവേ, ഞാൻ അങ്ങയുടേതാണു്.

"സ്നേഹിതാ, നീ എന്താ ഇവിടെ നില്ക്കുന്നതു്?" ദൈവത്തെ അറിഞ്ഞു ജീവിതം മുഴുവനും അവിടുത്തെ സ്നേഹിച്ചു സേവിച്ചു മരണശേഷം അവിടുത്തോടു കൂടി സ്വർഗ്ഗത്തിൽ എന്നേക്കും ആനന്ദിക്കുന്നതിനാണു്. വേദോപദേശത്തിൽനിന്നുള്ള ഈ ചുരുങ്ങിയ വാക്കുകളോളം വിലപ്പെട്ടതാകയില്ല നമ്മുടെ വിദ്വച്ഛിരോമണികളുടെ ഉത്തരങ്ങൾ. എന്റെ ജീവിതത്തിലെ എല്ലാ ചുമതലകളും ഈ മൂന്നുവാക്കുകളിൽ ഒതുങ്ങി നില്ക്കുന്നുണ്ടു്. ഇത്രയും മാത്രമേ ഞാൻ ചെയ്യേണ്ടതുള്ളു: "ദൈവത്തെ എല്ലായ്പ്പോഴും എന്തു വിലയും കൊടുത്തു് അറിയുക, സ്നേഹിക്കുക, സേവിക്കുക." ദൈവതിരുവിഷ്ടമായിരിക്കണം എന്റെ ഇഷ്ടം. ചെറിയകാര്യങ്ങളിൽക്കൂടി അതുമാത്രം ഞാൻ അന്വേഷിക്കണം, ഇതാണു പ്രഥമവും മൗലികവുമായ തത്വം.

എന്റെ ചുററുമുള്ള വസ്തുക്കളെപ്പററി ഞാനെന്തു പറയണം? ദൈവം അവയെ എനിക്കു നല്കിയിട്ടുള്ളതാണെങ്കിൽ അവ വിശേഷവിധിയാണു്. അവ എല്ലാവർക്കും കൊടുക്കപ്പെട്ടിട്ടില്ല; എല്ലാവർക്കും ഒരേതോതിൽ കൊടുത്തിട്ടുമില്ല. അവയുടെ ഉദ്ദേശ്യം മനുഷ്യനെ തന്റെ അന്ത്യപ്രാപ്തിക്കായി സഹായിക്കുകയാണു്. മറേറതെങ്കിലും വിധത്തിൽ അവ വിനിയോഗിക്കുന്നതു തെററാണു്, പ്രകൃതിക്രമത്തെ തകിടം മറിക്കുകയാണു്. അവ എന്നെ നിർഭാഗ്യസ്ഥിതിയിലെത്തിക്കുന്നു. അവയോടു ഞാൻ പൂർണ്ണനിഷ്പക്ഷത പാലിക്കണം. അതു് ഒരു സ്വർണ്ണനിയമമാണു്; അതനുസരിക്കുന്നതിനാലാണു വിശുദ്ധർ പ്രശംസാർഹരാകുന്നതു്. അവയ്ക്കെല്ലാവയ്ക്കുംവേണ്ടി എന്റെ വിശുദ്ധ ഫ്രാൻസിസു സെയിൽസ് സംസാരിച്ചിരിക്കുന്നു. സൃഷ്ടവസ്തുക്കളിൽനിന്നുള്ള അകൽച്ച ചില ആളുകളിൽ ദൃശ്യമാകുന്ന അവയോടുള്ള സ്വാഭാവികമായ വെറുപ്പല്ല; അതു് അതിസ്വാഭാവികമായ ഒരു പുണ്യമാണു്; എല്ലാ വസ്തുക്കളിൽ നിന്നും ദൈവത്തിന്റെ ഇഷ്ടവും സന്തുഷ്ടിയുമനുസരിച്ചുള്ള അകൽച്ചയാണു്; അതു പ്രസന്നതയും പ്രശാന്തതയും ആത്മോൽകർഷവും അഗാധതത്വശാസ്ത്രവുമാണു്. തന്നിമിത്തം നാം ഉന്നതാദർശങ്ങളെ ഉന്നംവയ്ക്കുമ്പോൾ അധമവും വിലയില്ലാത്തതുമായ വസ്തുക്കൾക്കു പ്രാധാന്യം കല്പിക്കുകയില്ല. സൃഷ്ടവസ്തുക്കളെ കാണുംപടി ഉപയോഗിച്ചു നാം ദൈവത്തിങ്കലേക്കു് ഉയരുന്നു; പുണ്യങ്ങൾ അഭ്യസിക്കുവാനും വിശുദ്ധി നേടാനും വേണ്ടി അവ നാം പ്രയോഗിക്കുന്നു. എന്നെ സംബന്ധിക്കു

www.malankaralibrary.com

ന്ന ചില ഉദാഹരണങ്ങൾ ഞാൻ ഇവിടെ വിവരിക്കാം; അവ ശ്രദ്ധാപൂർവ്വം ഞാൻ സ്മരിക്കേണ്ടതാണ്.

കർത്താവ് എനിക്കു ധനം തരാൻ തിരുമനസ്സായെന്നും ഇല്ലെന്നും വരാം. എനിക്ക് അവകാശമുള്ളതല്ല ധനം. എനിക്കു ധനം വേണ്ടതില്ലെന്ന് അവിടുന്നു നിശ്ചയിച്ചു, അതിനെപ്പററി ഞാനെന്തിനു് ആവലാതിപ്പെടുന്നു. ദാരിദ്ര്യം എനിക്കു വിശുദ്ധീകരണമാർഗ്ഗമായിത്തീർന്നു. ആകയാൽ കർത്താവിൻെറ നാമം വാഴ്ത്തപ്പെട്ടതാകട്ടെ. ചിലപ്പോൾ അത്യാവശ്യം നിമിത്തം ഖജാൻജിയുടെ പക്കൽനിന്നു ചെറിയ സംഖ്യകൾ കടം വാങ്ങേണ്ടിവരുന്നു. എനിക്കതു് ഇഷ്ടമില്ല; വളരെ വെറുപ്പുതോന്നാറുണ്ട് അങ്ങനെ ചെയ്യാൻ. ഇതു ശരിയല്ല. ദൈവം അനുവദിക്കുന്നതാണ് ഈ ദാരിദ്ര്യം. ഇതു ധാരാളം മതി.

ഓർമ്മയും ബുദ്ധിയും ദൈവദാനങ്ങളാണ്. മററുള്ളവക്ക് എന്നെക്കാൾ കൂടുതലായി ഈ ദാനങ്ങളുണ്ടെങ്കിൽ ഞാനെന്തിനു് അധൈര്യപ്പെടുന്നു? എനിക്കു ലഭിച്ചിട്ടുള്ളതിൽ കുറവായി ദൈവത്തിനു തരാൻപാടില്ലായിരുന്നോ? പരീക്ഷാഫലങ്ങൾക്കും വിജയങ്ങൾക്കും എനിക്കിഷ്ടമുണ്ടെങ്കിലും ഇല്ലെങ്കിലും ഞാൻ വളരെയേറെ വിലകല്പിക്കുന്നുണ്ട്. ദൈവം ആവശ്യപ്പെടുന്നതുപോലെയൊക്കെ ചെയ്തശേഷം എൻെറ പഠനത്തിൻെറ ഫലം നല്ലതോ മോശമോ ആയാലെന്താ?

എൻെറ ഭക്താഭ്യാസങ്ങളിൽ പ്രശാന്തത പരിശീലിക്കാനും ദൈവത്തോടു സംസാരിക്കുന്നതിലുള്ള മാധുര്യമെല്ലാം ആസ്വദിക്കാനും വേണ്ടി ചെയ്യുന്ന തീക്ഷ്ണമായ പരിശ്രമങ്ങളും കൂടി പരാജയമടയുന്നുണ്ട്. എൻെറ ഹൃദയം പാറക്കല്ലുപോലെ തോന്നുന്നു. എനിക്കുധാരാളം അന്യചിന്തകളുണ്ടാകുന്നുണ്ട്. കർത്താവ് ഒളിച്ചിരിക്കുന്നപോലെ തോന്നുന്നു. സന്താപവും അതൃപ്തിയും എന്നിൽ സ്ഥാനംപിടിച്ചു ഞാൻ പരിഭ്രാന്തനാകുന്നു. ഈ ബലഹീനതകളെല്ലാം ദൂരെ പോകട്ടെ. എല്ലാ സാഹചര്യങ്ങളിലും നാം പ്രശാന്തരും പ്രസന്നരുമായിരിക്കണം. എല്ലാം ദൈവതിരുമനസ്സാകകൊണ്ടു നാം സന്തുഷ്ടരായിരിക്കേണ്ടതാണ്.

മഴയാകട്ടെ വെയിലാകട്ടെ, തണുപ്പാകട്ടെ ചൂടാകട്ടെ, അധികൃതർ എന്നെ എങ്ങനെയെങ്കിലും നിയോഗിക്കട്ടെ, എൻെറ മനസ്സു അക്ഷുബ്ധമായിരിക്കണം. പരസ്യമായോ രഹസ്യമായോ ഒരാവലാതിയും എതിർപ്പുമരുതു്. എൻെറ മന്ദഹാസം പ്രസന്നവും ആത്മാർത്ഥവും സ്നേഹപൂർവ്വകവുമായിരിക്കണം. സൗഭാഗ്യത്തിൽ ഞാൻ അഹങ്കരിക്ക

www.malankaralibrary.com

രുതു്; ജീവിതത്തിലെ കയ്പേറിയനിമിഷങ്ങളിൽ ഞാൻ മ്ലാനവദനനാകരുതു്.

ഇതുകൊണ്ടു പ്രകൃതിയുടെ ചാച്ചില്വകളും ഇന്ദ്രിയ വാസനകളും നിഷേധിക്കുന്നില്ല. ദൈവസ്നേഹത്തിൻെറ ആസ്വാദനം എന്നിലുള്ള സമസ്തവും സ്വായത്തമാക്കണം. അവിടുത്തെ തിരുമനസ്സിനുള്ള പൂർണ്ണമായ കീഴ്വക്കം എൻെറ അധമവശത്തിലുള്ള എല്ലാ ആഗ്രഹങ്ങളേയും നീക്കി അതിനെ സംസ്കരിക്കണം.

ഏതു സ്ഥലത്തും സാഹചര്യങ്ങളിലുമായിരുന്നാലും എല്ലാ നിമിഷവും ഈ തത്വം പ്രായോഗികമാക്കുകയാണ് എൻെറ ജോലി; എൻെറ ആത്മശോധനയിലെ പ്രധാന വിഷയങ്ങളിലൊന്ന് ഇതായിരിക്കണം.

പ്രശാന്തനും ഹൃദയഎളിമയുള്ളവനുമായ ഈശോ, ഈ സത്യം ഗ്രഹിക്കുന്നതിനും പൂർണ്ണമായി ജീവിതത്തിൽ പ്രായോഗികമാക്കുന്നതിനും അങ്ങു ഞങ്ങളെ സഹായിക്കുക. "ഞാൻ ഊമനാകുന്നു; ഞാൻ എൻെറ വായ് തുറക്കുന്നില്ല; അങ്ങാണ് എന്നെ അപ്രകാരമാക്കിയതു്." (സങ്കീ. 3, 8, 9) കർത്താവിൻെറ തിരുനാമം വാഴ്ത്തപ്പെട്ടതാകട്ടെ. മറിയമേ എത്രയും ശാന്തയായ കന്യകാമാതാവേ, എന്നെ സഹായിക്കുവാൻ വരിക.

2. മാലഖമാരുടെ ഒരു മഹാവൃന്ദം മുഴുവനും നിത്യമായി നരകത്തിൽ നിപതിച്ചതു് ഒരേ ഒരു അഹങ്കാരവിചാരം കൊണ്ടാണ്. ഒരു ബലഹീന നിമിഷത്തിലാണ് ഹവ്വ സർപ്പത്തിൻെറ വഞ്ചനകൾക്കു വഴിപ്പെട്ടതും ലോകത്തിനു സകല നാശവും വരുത്തിയതും. ഇതു് എനിക്ക് എത്ര നല്ല പാഠം! നിസ്സാരമായ ഒരു സൽപ്രവൃത്തിക്കു നല്ലവനായ ദൈവം അനുഗ്രഹം വർഷിക്കുമെങ്കിൽ, പുണ്യം അഭ്യസിക്കാനുള്ള ഏതെങ്കിലുമൊരു സന്ദർഭം ലഘുവായ തോതിൽ അവഗണിക്കയാണെങ്കിൽക്കൂടി വളരെയേറെ അനുഗ്രഹങ്ങൾ നഷ്ടപ്പെടാനിട വന്നേക്കാം. ദൈവാനുഗ്രഹംകൂടാതെ എനിക്കൊന്നും ചെയ്യാൻ കഴിയുകയില്ല; യാതൊന്നും ചെയ്യാൻ കഴിയുകയില്ല.

ഈ സത്യത്തിൻെറ വെളിച്ചത്തിൽ സാധാരണമായി ലഘുവെന്നു കരുതപ്പെടുന്നതും നിസ്സാരമായിത്തള്ളുന്നതുമായ എൻെറ പരാജയങ്ങൾ ഞാൻ പരിചിന്തനം ചെയ്യണം. എൻെറ ആദ്ധ്യാത്മിക ജീവിതം ഇത്ര സാവധാനത്തിൽ പുരോഗമിക്കുന്നതിനുള്ള കാരണം ഇതാണ്. ദൈവത്തിൻെറ പക്ഷത്തുനിന്നുള്ള അനുകമ്പയുടേയോ കാരുണ്യ

www.malankaralibrary.com

ത്തിൻേറയോ കു ാവല്ല, നമ്മുടെ സഹകരണത്തിന്റെ കൂട്ടതലോ കുറവോ ആണു പ്രശ്നം. അവിട്ടത്തെ കൃപാവരം എപ്പോഴും നമുക്കു ലഭിക്കാവുന്നതാണു്; അതു പ്രയോജനപ്പെട്ടുത്താത്തതു നമ്മുടെ കുററമാണു്.

ആകയാൽ ചെറിയകാര്യങ്ങളിൽക്കൂടി വളരെയേറെ ശ്രദ്ധവേണം; ഞാൻ ചെയ്യുന്ന സകലകാര്യങ്ങളിലും വളരെയേറെ വിവേകവും വേണം. പുണ്യവാന്മാരുടെ വിശുദ്ധി ആർഭാടങ്ങളിലല്ല സ്ഥിതിചെയ്യുന്നതു്. പ്രത്യുത ലോകത്തിനു നിസ്സാരമെന്നു തോന്നുന്ന കാര്യങ്ങളിലാണു്. യേശുക്രിസ്തു തൻെറ ജീവിതത്തിൻെറ ആദ്യത്തെ മുപ്പതു സംവത്സരം ഉജ്ജ്വലമായ മാതൃകകളാണു നമ്മുടെ മുമ്പിൽ വയ്ക്കുന്നതു്. "നോക്കൂ; ഈ മാതൃകയനുസരിച്ചു പ്രവത്തിക്കൂ." (പുറ. 25,40)

3. ധ്യാനത്തിൻെറ ആദ്യത്തേ ഈ മൂന്നു ദിവസത്തെ ശുഷ്കതയും വരൾച്ചയുംവഴി എൻെറ മനസ്സിൻെറ ഇന്നത്തെ സ്ഥിതിയുടെ പ്രാധാന്യം ഏതാണ്ടു മനസ്സിലാക്കിത്തരുവാൻ നല്ലവനായ ദൈവം തിരുമനസ്സായിരിക്കകൊണ്ടു് ഞാൻ ഈ വിഷയത്തിലേക്കു തിരിച്ചുവരികയാണു്. എൻെറ ആദ്യകാലത്തേ ചാപല്യങ്ങൾ ചാവുദോഷങ്ങളായോ ഇല്ലയോ എന്നു തീത്തു പറയാൻ എനിക്കു കഴിയുന്നില്ല. അതെങ്ങനെ ആയിരുന്നാലും ആ പ്രായത്തിനു് അവ വളരെ ഗുരുതരമാണു്. ഇപ്പോഴും ദൈവസന്നിധിയിൽ നില്ക്കുമ്പോൾ ഞാൻ അവയെപ്പററി ലജ്ജിക്കുന്നു. കുററക്കാരനെപ്പോലെ ഞാൻ കരയുന്നു, എൻെറ പാപം എൻെറ കപോലങ്ങളിൽ ലജ്ജ ജനിപ്പിക്കുന്നു. ആ പ്രഥമ പാപങ്ങൾക്കുശേഷം ഗുരുതരമായ പാപങ്ങൾ ഒന്നിനുശേഷം ഒന്നായി കുന്നുകൂടിയിരിക്കുന്നു. എല്ലാദിവസവും എല്ലാ മണിക്കൂറും അന്യവിചാരവും അഹങ്കാരവും പഠനസമയം നഷ്ടപ്പെട്ടുത്തലും വിചാരങ്ങളിലും വാക്കുകളിലും പ്രവൃത്തികളിലും മായാസ്തുതികളിലും ഉപവിയുടെ അഭാവവും. എൻെറ ദൈവമേ, പാപങ്ങളുടെ എന്തൊരു കുമ്പാരം! എന്നെ തകക്കുവാൻ അവ മതിയാകും.

ആകയാൽ ഞാൻ ഒരു പാപിയാണു്; മഹാപാപിയാണു്; എനിക്കു് അങ്ങനെ തോന്നുന്നു; എനിക്കു് പൂണ്ണബോധ്യവുമുണ്ടു്. എനിക്കു ലജ്ജതോന്നുന്നു; "കത്താവേ, അങ്ങയുടെ അഭയാത്ഥിയെ സംരക്ഷിക്കണമേ."

ഇക്കാര്യമൊക്കെ ബോധ്യപ്പെട്ടശേഷം, ഇതുസംബന്ധിച്ചു ഞാനെന്തുചെയ്തിട്ടുണ്ടെന്നു നോക്കാം. എൻെറ പാപങ്ങളെപ്രതി പരിഹാരംചെയ്തുവോ? എങ്കിലും എല്ലാത്തിനും അവസാനത്തെ പൈശാ

www.malankaralibrary.com

വരെ കണക്കുകൊടുക്കണമെന്നുള്ളതു തീർച്ചയാണ്, ആകയാൽ ഞാൻ എല്ലാപ്പോഴും കർത്താവിനു കടപ്പെട്ടിരിക്കുന്നുവെന്നോർക്കണം. എനിക്കുള്ള ഏററവും ചെറിയ ചുമതലകൾപോലും വളരെയേറെ ശ്രദ്ധയോടെ ചെയ്യാൻ കൃത്യമായ കടമുണ്ടെന്നു ഞാൻ ഓർമ്മിക്കണം. അതു് ഒരു അധികപ്പററൊന്നുമല്ല. എൻെറ കടം വീട്ടുന്നതുവരെ ദൈവം അയച്ചുതരുന്ന സഹനത്തേയും ആത്മീയ ശുഷ്കതയേയുംസംബന്ധിച്ചു് എനിക്കു് ആവലാതിപ്പെടാൻ അവകാശമൊന്നുമില്ല. ഞാൻ നിന്ദിതനും പരിത്യക്തനും ഏകാകിയുമായിരിക്കുമ്പോൾ ഞാൻ വിനയപൂർവ്വം ശിരസ്സുനമിക്കേണ്ടിയിരിക്കുന്നു. ദൈവഹിതത്തിനു കീഴ്പ്പെട്ടുകൊണ്ടു ഞാൻ പറയണം: "ഈശോ, ഞാൻ അങ്ങയെ വാഴ്ത്തുന്നു; ഞാൻ അങ്ങയോടു നന്ദിപറയുന്നു; ഞാൻ അങ്ങയെ സ്നേഹിക്കുന്നു."

ഞാൻ നീചനായിരുന്നിട്ടുകൂടി കർത്താവു തൻെറ അസാധാരണമായ വിശാഷ്ടാനുഗ്രഹങ്ങൾ എൻെറമേൽ ധാരാളമായി ചിന്തിക്കൊണ്ടിരുന്നു. അവ എന്തുകൊണ്ടു ഫലം പുറപ്പെടുവിച്ചില്ല? സെൻറ് അലൂഷ്യസ്; സ്റ്റനിസ്ലാവോസ് എന്നിവരെപ്പോലെ എന്തുകൊണ്ടു ഞാൻ ഒരു പുണ്യവാനായില്ല; അഥവാ അവരെക്കാൾ കൂടുതൽ വിശുദ്ധനായില്ല. അതിനുള്ള കാരണം എൻെറ തെററുകൾ തന്നെ

കഴിഞ്ഞ ജ്ഞാനധ്യാനത്തിനുശേഷം ഏകാഗ്രത തീരെ ഇല്ലാതായതും എൻെറ അനുദിനധ്യാനങ്ങൾ ഫലശൂന്യമായതും എന്തുകൊണ്ടാണ്? ഈ ജ്ഞാനധ്യാനത്തിൻെറ ആദ്യ ദിവസങ്ങളിൽ ശുഷ്കത അനുഭവപ്പെട്ടതും വിശുദ്ധരെ വിറപ്പിച്ച ഭയങ്കര നിത്യസത്യങ്ങളുടെ മുമ്പാകെ എൻെറ ഹൃദയം കഠിനപ്പെട്ടുകിടന്നതും എന്തുകൊണ്ടാണ്? നിശ്ശബ്ദതയുടെസമയത്തു വല്ലപ്പോഴുമൊക്കെ ഓരോ വാക്കു പറഞ്ഞതും ചെറിയ നിയമങ്ങൾ ലംഘിച്ചതുമായിരിക്കും കാരണം. ഓ! ഈ നിസ്സാര സംഗതികൾ! ഇവ എൻെറ ആധ്യാത്മികജീവിതത്തിൽ കുഴഞ്ഞുമറിഞ്ഞു കിടക്കുകയാണ്. കൃപാവരങ്ങൾ കൂടുതൽ കൃപാവരത്തിനു വഴിതെളിക്കുന്നതുപോലെ ഒന്നിനുപിറകെ ഒന്നായി വരുന്ന തെററുകൾ പ്രസാദവരത്തിൻെറ ഫലങ്ങൾ ഇല്ലാതാക്കുന്നു. അങ്ങനെ തെററുകൾ അതിരില്ലാതെ വർദ്ധിച്ചു് അവ നമ്മളെ കുഴിയുടെ അടുക്കലെത്തിക്കുന്നു.

ഇതാണ് അനുമാനം: ഓരോ അനുസരണക്കേടും എത്ര ലഘുവായിരുന്നാൽത്തന്നെയും ഓരോ പോരായ്മയും ഓരോ അലസവാക്കും ഭോഷഭാഷണവും എൻെറ ആധ്യാത്മികജീവിതത്തെ നഷ്ടത്തിലേക്കാനയിക്കുന്നു. ആകയാൽ നമ്മുടെ കണക്കുകൾ ശരിയായി പരിശോധി

www.malankaralibrary.com

ക്കാം. എല്ലാം സൂക്ഷ്മമായി നമുക്ക ശോധനചെയ്യാം. ബലഹീനതയുടെ പ്രഥമചലനംമുതൽക്കുതന്നെ ശോധന ആരംഭിക്കാം.

4 കൊടുങ്കാററിനുശേഷം അങ്ങു ശാന്തത ഉളവാക്കുന്നു, മൂന്നു ദിവസത്തെ ശുഷ്ക്കതയും അനിശ്ചിതാവസ്ഥയും കഴിഞ്ഞു നല്ലവനായ എൻെറ കർത്താവു് എന്നെ അവിടുത്തെ സന്നിധിയിലേക്കു് അടുപ്പിക്കുവാനും എൻെറമേൽ തൻെറ പ്രകാശത്തിൻെറ ഒരു രശ്മി ചിന്താനുമിടയായി. എന്നെയും എൻെറ സ്വാത്മപ്രതിപത്തിയുടെ ഉദ്ദേശ്യങ്ങളേയുംപററി ശ്രദ്ധപൂർവ്വം ചിന്തിച്ചപ്പോൾ എനിക്കു മനസ്സിലായി അപഥസഞ്ചാരിയായ ഭാവനാശക്തിക്കു പുറമേ എന്നിൽ യുക്തിവാദം നടത്തുന്ന രണ്ടു മനസ്സുകളുണ്ടെന്നു്. ഓരോന്നും ശ്രവിക്കപ്പെടുന്നതിനു് അവ രണ്ടും ആവുംവിധം പണിപ്പെട്ടുകൊണ്ടിരിക്കയാണു്. ഒന്നു ശരിയായി യുക്തിവാദംചെയ്യുന്ന എൻെറ സ്വന്തം മനസ്സു്; മറേറതു് എൻെറ ശത്രുവാണു്. ഞാൻ നന്മയെപ്പററി പൊതുവായും പ്രായോഗികമായും ഉത്സാഹപൂർവ്വം ധ്യാനിക്കുമ്പോൾ രണ്ടാംമനസ്സു ചില വ്യവസ്ഥകളും ഉപാധികളും കൊണ്ടുവരുന്നു; എൻെറ പ്രതിജ്ഞകളെ അവജ്ഞാപൂർവ്വം വീക്ഷിക്കുന്നു. ഏതെങ്കിലും ആക്ഷേപം അതു കണ്ടെത്തും; അതിനനുകൂലമായി ആശ്വാസദായകമായ യുക്തികൾ കണ്ടുപിടിക്കും. എൻെറ ഭാവനയുടെ വിസ്മയാവഹമായ സഹായത്തോടെ എൻെറ ബുദ്ധിശക്തിയെ സന്ദേഹമേഘപടലങ്ങൾകൊണ്ടു മൂടും. എൻെറ ശുദ്ധനിയോഗങ്ങളെ നശിപ്പിച്ചുകളയും. എൻെറ ശുദ്ധമനസ്സിനെ രണ്ടാമത്തെ മനസ്സു പരാജയപ്പെടുത്തുന്നു. അതു് അനുകമ്പയില്ലാത്ത ധീരസ്വേച്ഛാധിപതിയാണു്.

നാം സംശയിച്ചുപോകരുതു്. എപ്പോഴും ഇതു പിശാചിൻെറ പണിയാണു്. അവൻ കുളം കലക്കി മീൻ പിടിക്കാനാണു് ഇഷ്ടപ്പെടുന്നതു്. അങ്ങനെ അവൻ നമ്മളെ നിരുത്സാഹപ്പെടുത്താനും നമ്മുടെ നല്ല വികാരങ്ങളേയും താൽപര്യങ്ങളേയും അടിപറിക്കാനും ശ്രമിക്കുന്നു. ശരിയായ എളിമയും പാപത്തോടു വെറുപ്പുമുണ്ടെങ്കിൽ എനിക്കു ചെറുത്തു നില്ക്കാൻ കഴിയും. പാപം വെറുക്കപ്പെടേണ്ടതും നിന്ദിക്കപ്പെടേണ്ടതുമാണെങ്കിലും അതിനുള്ള അഗാധന്യായങ്ങൾ എൻെറ അജ്ഞതയാൽ എനിക്കു കണ്ടെത്തുവാൻ കഴിയുന്നില്ല. എല്ലാ ആക്രമണങ്ങളേയും ധീരതയോടെ ചെറുത്തുനിന്നു പാപത്തിനു സമ്മതം നല്കുന്ന വാതിൽ അടച്ചിടുകയാണെങ്കിൽ, ദൈവത്തിനു സംതൃപ്തിയായി. അവിടുന്നു കൂടുതലൊന്നും ആവശ്യപ്പെടുന്നില്ല.

വിശുദ്ധ ഫ്രാൻസിസുസെയിൽസിൻെറ ഉപദേശം ഞാൻസ

www.malankaralibrary.com

ദാ സ്മരിക്കും. ദ്വിതീയ മനസ്സാകുന്ന പിശാച്ച് നമ്മുടെ ഹൃദയത്തിന്റെ വാതിൽക്കൽനിന്നു തട്ടുകയും വിലപിക്കുകയും ചെയ്തുകൊള്ളട്ടെ. അവിടെ നിന്നു് അവൻ ഒരായിരം ഭാവനകളും അനുചിതമായ ചിന്തകളും ഉൽപാദിപ്പിച്ചുകൊള്ളട്ടെ. അവനു നമ്മുടെ സമ്മതമാകുന്ന വാതിൽ വഴിമാത്രമേ നമ്മുടെ ഉള്ളിൽ കടക്കുവാൻ നിവൃത്തിയുള്ളൂ. ആ വാതിൽ ശരിയായി അടച്ചിടുക; നിന്റെ മനസ്സ് അക്ഷുബ്ധമായിരിക്കട്ടെ. തിരമാല നിന്റെ തോണിക്കെതിരെ ആഞ്ഞടിക്കുമ്പോൾ, നീ ഭയപ്പെടേണ്ട ദൈവം നിന്റെ കൂടെയുണ്ടല്ലോ.

ആകയാൽ സദ്യശസ്സ്, ബഹുമാനങ്ങൾ, ശ്രേഷ്ഠമായ ഉദ്യോഗങ്ങൾ എന്നിവ ആഗ്രഹിച്ചുകൊണ്ടു് അഹങ്കാരചിന്തകൾക്കു വഴി നല്കുമ്പോൾ ഞാൻ പ്രസ്തുത ചിന്തകൾക്കു പ്രോത്സാഹനം നല്കാതെ ഡിസ്മിസ്സു ചെയ്വാൻ പരിശ്രമിക്കുകയാണെങ്കിൽ ഞാൻ ഭയപ്പെടേണ്ടതില്ല. ആ വിചാരങ്ങൾക്കു് അകത്തു പ്രവേശിക്കുവാൻ അനുമതി നല്കാതെ ദൃഢമായി ഞാൻ നില്ക്കണം. യുക്തികളും വാദപ്രതിവാദങ്ങളും ശ്രവിക്കരുതു്. എളിയ വിചാരങ്ങളും വികാരങ്ങളും കൊണ്ടു ശക്തി സമാർജ്ജിക്കണം; എന്നാൽ അഹങ്കാരത്തിനു് എന്റെ മേൽ ശക്തിയുണ്ടായിരിക്കയില്ല.

5 ഈശോ ആദ്യത്തെ മുപ്പതു സംവത്സരം നയിച്ച നിഗൂഢവും വിനീതവുമായ ജീവിതത്തെപ്പററി ചിന്തിക്കുമ്പോൾ ഞാൻ കൂടുതൽ കൂടുതൽ ആശ്ചര്യപ്പെടുന്നു. വാക്കുകൾ ലഭിക്കുന്നില്ല. ഉജ്ജ്വലമായ ആ മാതൃകയുടെ മുമ്പാകെ ലൗകായതികരുടെ അഭിപ്രായങ്ങൾക്കും ചിന്താഗതികൾക്കുമെന്നല്ല വൈദികലോകത്തുള്ളവരിൽത്തന്നെ അനേകരുടെ അഭിപ്രായങ്ങൾക്കും യാതൊരു വിലയുമില്ല; മാത്രമല്ല ഈശോയുടെ ദൃഷ്ടാന്തത്തിനു കടകവിരുദ്ധമാണെന്നുകൂടെ സുസ്പഷ്ടമാണു്. എന്നെസംബന്ധിച്ചിടത്തോളം എളിമ എങ്ങനെയിരിക്കണമെന്നു പറയുവാൻ എനിക്കു കഴിവില്ല. ഞാൻ അതിനെപ്പററി എന്തുമാത്രം പഠിച്ചാലും അതിന്റെ ഒരു ഛായമാത്രമാണു് എനിക്കു സിദ്ധിക്കുന്നതു്. അതിന്റെ യഥാർത്ഥ ചിത്രമാണു നസറത്തിലെ ഈശോ. "അറിയപ്പെടാതിരിക്കാൻ ഇഷ്ടപ്പെടുക" എന്ന ക്രിസ്ത്വാനുകരണ വാക്യത്തിലെ വാക്കുകൾ മാത്രമേ എനിക്കറിയാവൂ. നമ്മുടെ ദിവ്യരക്ഷകൻ ദൈവമായിരുന്നിട്ടും മുപ്പതുകൊല്ലം അജ്ഞാതനായിക്കഴിഞ്ഞു. അവിടുന്നു പിതാവിന്റെ സാരാംശത്തിന്റെ പ്രഭാപൂരമാണു്. അവിടുന്നു ലോകത്തെ രക്ഷിക്കാൻ വന്നു. അവിടുന്നു് ഇങ്ങനെയൊക്കെ ചെയ്തതു് എളിമ എത്രകണ്ടു നമുക്കാവശ്യമാണെന്നും അതെങ്ങനെ അഭ്യസിക്കണമെന്നും കാണിച്ചുതരാനാണു്. ഞാൻ ഒരു മഹാപാപി, തീരെ അയോ

www.malankaralibrary.com

ഗ്യൻ. എനിക്കു് എന്നിൽ സംതൃപ്തി തോന്നുന്നു; എൻെറ വിജയങ്ങളെപ്രതി ഞാൻ എന്നെത്തന്നെ അനുമോദിക്കുന്നു. ഇതൊക്കെ തെല്ലു ലൗകികബഹുമാനത്തെ ഉദ്ദേശിച്ചാണു്. എൻെറ ഏറ്റവും പരിശുദ്ധമായ ചിന്തകളുടെയും മനുഷ്യരുടെ മുമ്പാകെ എനിക്കുള്ള പ്രശസ്തിയെപ്പററിയുള്ള വിചാരങ്ങളുടെ കലർപ്പോടുകൂടെയാണു പ്രത്യക്ഷപ്പെടുന്നതു്. ഭക്തജീവിതം കഴിക്കാനും സ്നേഹവും ത്യാഗവും അനുഷ്ഠിക്കാനും ഞാനെത്ര പരിശ്രമിച്ചാലും "അഹ"ത്തിൻെറ കലർപ്പുകൂടാതെ ഉത്തമാദർശം ഭാവനം ചെയ്യുവാൻ എനിക്കു കഴിയുകയില്ല. ഞാൻ വലിയവനാണെന്നു് ഏവൎക്കും തോന്നണം; എല്ലാവരും എൻെറ കഴിവുകൾ അംഗീകരിച്ചു പറയണം; പാടുണ്ടെങ്കിൽ ലോകത്തിലുള്ളവരെല്ലാവരും എന്നെസ്തുതിക്കണം. യഥാൎത്ഥത്തിൽ അജ്ഞാതാവസ്ഥയിലേക്കു ദൈവഹിതമനുസരിച്ചു നീങ്ങാൻ ഞാൻ വളരെയേറെ പണിപ്പെടേണ്ടിവരും; പ്രത്യേകിച്ചു് ഈശോ നയിച്ചതും നമ്മൾ അഭ്യസിക്കണമെന്നു് അവിടുന്നു് ആവശ്യപ്പെടുന്നതുമായ അജ്ഞാതജീവിതം നയിക്കാൻ ഞാൻ അങ്ങേയററം പരിശ്രമിക്കേണ്ടിവരും.

ഒരുകാര്യം നമ്മൾ സമ്മതിക്കണം. ഈ ജ്ഞാനധ്യാനത്തിൽ എനിക്കുണ്ടായിട്ടുള്ള പ്രധാനമായ ഒരനുഭവം ഞാൻ സദാ ഓൎമ്മിക്കേണ്ടതാണു്. 1) അജ്ഞാതാവസ്ഥയെ ഞാൻ എത്രകണ്ടു കൂടുതൽ സ്നേഹിക്കുന്നുവോ അത്രകണ്ടു കൂടുതലായി ദൈവത്തിൻേറയും മനുഷ്യരുടേയും മുമ്പാകെ എനിക്കു സ്ഥാനമുണ്ടാകും. എൻെറ പുരോഹിതശുശ്രൂഷ കൂടുതൽ പ്രയോജനകരമാകും. 2) ഞാൻ എളിമയുടെ അഭ്യാസത്തിൽ വളരെ പിറകിലാണു്. എളിമയുടെ ഒന്നാംപദവി ഞാൻ അറിഞ്ഞിരിക്കേണ്ടതും മനസ്സിലാക്കിയിരിക്കേണ്ടതുമാണു്. 3) പൂൎണ്ണമായ എളിമ അഭ്യസിക്കാനും എൻെറ ബഹുമാനത്തേയും പ്രശസ്തിയേയും അവഗണിക്കാനുംവേണ്ടി ശാന്തതയും എളിമയുമുള്ള ഈശോയുടെ ഹൃദയത്തോടു് ഈ സംഗതി ശരിയായി മനസ്സിലാക്കാനും കൂടുതലായി സഹായങ്ങൾ അരുളാനും ഞാൻ അപേക്ഷിക്കേണ്ടിയിരിക്കുന്നു.

"അജ്ഞാതനായിരിക്കുവാൻ ഇഷ്ടപ്പെടുക", "പ്രശംസിക്കപ്പെടാതിരിക്കുവാൻ ഇച്ഛിക്കുക" എന്നുമാത്രമല്ല "നിന്ദിക്കപ്പെടുവാൻ താൽപര്യപ്പെടുക" എന്നുംകൂടിയാണു കൎത്താവു് എന്നോടാവശ്യപ്പെടുന്നതെന്ന കാര്യം ഞാൻ വിസ്മരിക്കരുതു്. "ഈശോയോടുകൂടെ ഞാൻ ക്രൂശിതനായിരിക്കുന്നു", എന്നു പറയുവാനുള്ള എളിയ മനോഭാവം എനിക്കു വേണം. തൽക്കാലം ഓ ഈശോ, ഇതിനുള്ള ആത്മാൎത്ഥമായ ആഗ്രഹം എനിക്കു തരിക.

www.malankaralibrary.com

6. "അഹം"കൊണ്ടു ഞാൻ നിറഞ്ഞിരിക്കയാണ്. എൻെറ പ്രശസ്തിയാണ് എൻെറ ഉന്നം. ഞാൻ തീരെ അജ്ഞനാണ്. ഇതു് എല്ലാദിവസവും എല്ലാമണിക്കൂറും എനിക്കു ബോദ്ധ്യമാകുന്നുണ്ടു്. എത്രകണ്ടു കൂടുതൽ ഞാൻ പഠിക്കുന്നുവോ അത്രകണ്ടു കൂടുതൽ എനിക്കതു ബോധ്യം വരുന്നു. ഞാൻ ഒരു മഠയനാണെന്നു ചിന്തിച്ചു ശീലിക്കണം. സദാ എനിക്കു പററിയ ഒരു സ്ഥാനം ഞാനെടുക്കണം. ഇങ്ങനെ ബുദ്ധിഹീനമായ അഹന്ത തകർന്നുകൊള്ളും.

ഈ വിനീതമനസ്സു് എല്ലായിടത്തും എനിക്കാവശ്യമാണ്. ക്ലാസിലും പഠനത്തിലും സംഭാഷണങ്ങളിലുമൊക്കെ ഈ മനഃസ്ഥിതി ഉണ്ടായിരിക്കണം. എനിക്കുള്ള വിജ്ഞാനത്തെപ്പററി വീമ്പടിക്കാതിരിക്കാൻ ഞാൻ ശ്രമിക്കും. "അറിയപ്പെടാതിരിക്കാൻ ആഗ്രഹിക്കുക" എന്നതായിരിക്കും ഇതിലും എൻെറ മുദ്രാവാക്യം. ദിവ്യശിശുവായ ഈശോയുടെ മനഃസ്ഥിതിയായിരിക്കും എൻെറ തലവന്മാരോടും സഹപാഠികളോടും അന്യരോടും ഞാൻ പുലർത്തുക. "അവിടുന്നു് അവരെ ശ്രവിക്കയും ചോദ്യങ്ങൾ ഉന്നയിക്കയും ചെയ്തു." (ലൂക്കാ. 2, 46) എന്നല്ലേ നാം വായിക്കുന്നതു്.

7. ഈശോ സമീപിച്ചുകൊണ്ടിരിക്കുകയാണെന്നു് എനിക്കു തോന്നുന്നു. ഈ ദിവസങ്ങളിൽ എൻെറ ഹൃദയാഗാധങ്ങളിലേക്കിറങ്ങിഎൻെറ നീചത്വവും അഹങ്കാരവും മനസ്സിലാക്കുന്നതിനും അവിടുത്തേക്കൊണ്ടെനിക്കുള്ള ആവശ്യം എനിക്കു ബോധ്യംപ്പെടുന്നതിനും അവിടുന്നു അനുവദിച്ചു. ഞാൻ മുങ്ങിച്ചാകാൻ തുടങ്ങുമ്പോൾ അവിടുന്നു മന്ദസ്മിതപൂർവ്വം ജലത്തിൻ മീതെ നടന്നു് എൻെറ അടുക്കലെത്തുന്നു. പത്രോസിനോടുകൂടെ ഞാൻ അവിടുത്തോടു പറയും: "കർത്താവേ, ഞാനൊരു പാപിയായതുകൊണ്ടു് അങ്ങു് എന്നിൽനിന്നു് അകന്നുപോകുക" (ലൂക്കാ. 5, 7.) എന്നാൽ അവിടുത്തെ ആർദ്രഹൃദയം അതനുവദിക്കുന്നില്ല. അവിടുന്നു് ആർദ്രതാപൂർവ്വം അരുൾചെയ്യുന്നു: "ഭയപ്പെടേണ്ട". (ലൂക്കാ. 5, 20).

ഞാൻ അങ്ങയുടെകൂടെ ആയിരിക്കുമ്പോൾ ഞാൻ യാതൊന്നും ഭയപ്പെടുന്നില്ല. നഷ്ടപ്പെട്ടുപോയ ആടിനെപ്പോലെ ഞാൻ അങ്ങയുടെ മടിയിൽ വിശ്രമിക്കുന്നു. ഓ ഈശോ, അങ്ങയുടെ ഹൃദയത്തിൻെറ സ്പന്ദനം എനിക്കു കേൾക്കാവുന്നതാണ്. ഞാൻ വീണ്ടും അങ്ങയുടേതാകുന്നു; എന്നേക്കും അങ്ങയുടേതു തന്നെ. അങ്ങയുടെകൂടെ ആയിരിക്കുമ്പോൾ ഞാൻ യഥാർത്ഥത്തിൽ വലിയവൻതന്നെ. അങ്ങയെക്കൂടാതെ ഞാൻ ബലഹീനമായ ഞാങ്കണമാത്രം; അങ്ങയുടെമേൽ ചാരിനില്ക്കു

www.malankaralibrary.com

മ്പോൾ ഒരു മഹാസ്തംഭംതന്നെ. എൻെറ നിസ്സഹായത ഞാൻ വിസ്മരിക്കരുതു്; ഞാൻ എന്നെ സദാ അവിശ്വസിക്കും. ഞാൻ നിന്ദിതനം ലജ്ജിതനുമായിരിക്കുമ്പോൾ മഹാവിശ്വാസത്തോടെ ഞാൻ അങ്ങയെ കെട്ടിപ്പിടിക്കണം. എൻെറ നിസ്സഹായതയിലാണു് അങ്ങയുടെ കാരുണ്യവും സ്നേഹവും സ്ഥാനം പിടിച്ചിരിക്കുന്നതു്. "നല്ലവനായ ഈശോ, ഞാൻ സദാ അങ്ങയോടുകൂടെ. എന്നിൽനിന്നു് അങ്ങു് ഒരിക്കലും അകന്നുപോകല്ലേ."

8 ഈശോയുടെ തിരുഹൃദയത്തിൻെറ മഹാദിനമായ പെസഹാവ്യാഴം. അവിടുത്തെ വിവാഹദിനം; സ്നേഹനിയമത്തിൻ്റെ ദിനം.

ഉജ്ജ്വലമായ സൂര്യകിരണം ആകാശത്തിലെ മേഘങ്ങളെ ഉരുക്കി ജീവങ്കലേക്കു നമ്മളെ വിളിക്കുന്നതുപോലെ എൻെറ ഗുരു എന്നെ ഉയത്താനും അവിടുത്തെ പ്രകാശധോരണി എൻെറമേൽ ചൊരിയാനും ഇന്നു കനിഞ്ഞു. ഒരുവിധത്തിൽ ഇക്കൊല്ലത്തെ ഏററവും മഹാസുദിനമാണിന്നു്. വി. കർബ്ബാനയിൽ അവിടുത്തെ സ്വീകരിക്കാൻചെന്നപ്പോൾ ഒരു മഹാസമാധാനം എനിക്കുതോന്നി. അവിടുത്തെ സാന്നിദ്ധ്യത്തിനുള്ള ആനന്ദം എനിക്കു് അനുഭവപ്പെട്ടു. അവിടുത്തെ അന്തിമപ്രഭാഷണവും യാത്ര പറച്ചിലും ഞാൻ കേട്ടു. "വിശ്രമബലിപീഠ" (Altar of Repose) ത്തിലേക്കു ഞാൻ അവിടുത്തെ അനുധാവനം ചെയ്തപ്പോൾ എന്തോ ഒരാർദ്രത എനിക്കു് അനുഭവപ്പെട്ടു.

ദിവ്യകാരുണ്യ ഈശോയോടു് ഉജ്ജ്വലമായ സ്നേഹം ഉണ്ടായിരിക്കണമെന്നു് അവിടുന്നു സ്പഷ്ടമാക്കി. ഞാൻ അവിടുത്തെ ഉൾക്കൊള്ളുമ്പോഴെല്ലാം അവിടുത്തേക്കുവേണ്ടിമാത്രം ജീവിക്കാനും പാപങ്ങളിൽനിന്നു് അകന്നു ജീവിക്കാനുള്ള അനുഗ്രഹം ആവശ്യപ്പെട്ടുവാനും വലിയ ഒരാഗ്രഹം എനിക്കു തോന്നിയിരുന്നു. അവിടുന്നു സഹായിക്കുന്നില്ലെങ്കിൽ ഞാനെന്തുമാത്രം പാപംചെയ്യുമായിരുന്നു! അവിടുത്തേക്ഷണം ഞാനെങ്ങനെ നിരസിക്കും?

ഒടുക്കത്തെ അത്താഴത്തിൽ പ്രധാന പുരോഹിതനായ ഈശോ, പൗരോഹിത്യം സ്ഥാപിച്ചു. ഉൽകൃഷ്ടമായ പ്രസ്തുത ശുശ്രൂഷയ്ക്കു് അയോഗ്യനായ എന്നെ ഇപ്പോൾ അവിടുന്നു ക്ഷണിക്കുന്നു. ധാരാളംകൊല്ലങ്ങളായി ഞാൻ ഒരുങ്ങുകയായിരുന്നു. ക്രമമായ ചെറുപട്ടങ്ങൾ കടന്നു് ആ മഹാപ്രതിഷ്ഠയ്ക്കു ഞാൻ അടുത്തിരിക്കുന്നു. ഇപ്പോൾ അവിടുന്നു് എന്നിൽനിന്നു പരിപൂർണ്ണമായ ഒരു സമർപ്പണം ആവശ്യപ്പെടുന്നു. അവിടുത്തെ ശുശ്രൂഷയിൽ പൂർണ്ണമായ വിശ്വസ്തത പാലിച്ചുകൊള്ളാമെന്നും ഈ ലോകത്തിലെ സൃഷ്ടവസ്തുക്കളിൽനിന്നു് അകന്നു നിന്നുകൊ

www.malankaralibrary.com

ള്ളാമെന്നും അഭേദ്യമായി വാഗ്ദാനംചെയ്യുവാൻ അവിടുന്ന വിളിക്കു ന്നു. ഓ ഈശോ, ചിരപ്രതീക്ഷിതമായ ആ ക്ഷണത്തെ ഞാൻ കാത്തി രിക്കുന്നു. ഞാൻ എന്റെ ഭവനവും കുടുംബവും മീൻപിടിക്കാനുള്ള വലകളും എന്നുവേണ്ട സമസ്തവും അങ്ങയോടുകൂടെ പോരാൻവേണ്ടി ഉ പേക്ഷിക്കുകയാണ്. പത്രോസിനേയും യോഹന്നാനെയും മാത്യുവിനേ യും മററും സ്വീകരിച്ചതുപോലെ അങ്ങ് എന്നെ സ്വീകരിക്കുക. അ ങ്ങയുടെ മേശയ്ക്കിരിക്കുവാൻ ഞാൻ യോഗ്യനല്ലെങ്കിൽ, നിലത്തുവീഴുന്ന കഷണങ്ങൾ പെറുക്കിയെടുക്കുന്നതിനു ഞാൻ അങ്ങയുടെ പാദങ്ങളി ലിരിക്കും. "ദുഷ്ടന്മാരുടെ കൂടാരങ്ങളിൽ വസിക്കുന്നതിനേക്കാൾ എന്റെ ദൈവത്തിന്റെ ഭവനത്തിന്റെ വാതിൽ കാവല്ക്കാരനായിരി ക്കാൻ ഞാനാഗ്രഹിക്കുന്നു. (സങ്കീ. 83, 10)

അങ്ങ് അങ്ങയുടെ പിതാവിനോടുകൂടെ ഒന്നായിരിക്കുന്നതുപോ ലെ ഞാൻ അങ്ങയോടുകൂടെ ഒന്നായിരിക്കുന്നതിന്, അങ്ങയുടെ പരി ശുദ്ധ സ്നേഹത്തിൽ വസിക്കുന്നതിനു ഞാൻ കൊതിക്കുകയാണ്. ക ഷ്ടമേ, അങ്ങയുടെ അന്തിമവചസ്സുകളിൽനിന്ന്, അങ്ങയുടെ ദിവ്യമുഖ ത്തെ ഗ്ലാനതയിൽനിന്ന് എനിക്കറിയാം എന്താണു വരാൻപോകുന്ന തെന്ന്. യൂദാസിന്റെ നാരകീയ ചുംബനം. ഭയംകൊണ്ടു വിറച്ചും അഞ്ജലീബദ്ധനായും ഞാൻ അപേക്ഷിക്കുന്നു: "ഒരു ദിവസം എന്റെ വാഗ്ദാനങ്ങൾ ലംഘിക്കുവാനിടയാകുമെങ്കിൽ, ഇന്നുതന്നെ ഈ മഹാ കാൽവയ്പു നടത്തി വിശ്വസ്തത വാഗ്ദാനംചെയ്യുന്നതിനു മുമ്പുതന്നെ ഞാൻ മരിച്ചുകൊള്ളട്ടെ.

9 ഇന്നുമുതൽ കൂടുതൽശ്രദ്ധയോടും സ്നേഹത്തോടുംകൂടെ ദിവ്യ വിജ്ഞാനത്തിന്റെ പാഠങ്ങൾ പഠിക്കാൻ എനിക്കുള്ളപുസ്തകം കുരിശു രൂപമാണ്. മാനുഷികകാര്യങ്ങളും വിജ്ഞാനവും ഈ മഹാ ഗ്രന്ഥ ത്തിന്റെ തത്വങ്ങളനുസരിച്ചു ഞാൻ വിധിക്കും. സത്യത്തിന്റെ യഥാർത്ഥ ഉറവയെ വിസ്മരിക്കാനും വ്യർത്ഥമായ കാഴ്ചപ്പാടുകൊണ്ടു വഞ്ചിക്കപ്പെടാനും എളുപ്പമാണ്. ഞാൻ കുരിശുരൂപത്തിന്മേൽ നോ ക്കുമ്പോൾ എന്റെ എല്ലാവിഷമങ്ങളും അലിഞ്ഞുപോകുന്നു. പഠന രംഗത്തുള്ള സിദ്ധാന്തപരവും പ്രായോഗികവുമായ എല്ലാ ആധുനികപ്ര ശ്നങ്ങളും ഇല്ലാതാകുന്നു. സകല വിഷമങ്ങൾക്കും പരിഹാരം ക്രിസ്തു വാണ്.

ഈശോയുടെ പീഡാനുഭവത്തെപ്പററി ധ്യാനിച്ചപ്പോൾ എന്റെ കർത്താവ് എന്നിൽ ജനിപ്പിച്ച ചിന്തകളും വികാരങ്ങളും ഞാൻ എഴു തിയിടുകയാണെങ്കിൽ ഒരാഴ്ച അതിനു മതിയാകയില്ല. ശ്രദ്ധാരഹിത മായ നിമിഷംപിടിച്ച് എന്റെ ആത്മാവ് ആകാശക്കോട്ടകൾ നിർ

www.malankaralibrary.com

മ്മിക്കുകയും എന്നെ പൊന്തിച്ചുപിടിക്കുവാൻ ഉത്സാഹിക്കുന്നതായും കാണുമ്പോൾ ഞാൻ, "ഗെത്"സെമിൻ, കയ്ഫാസിന്റെ ഭവനം, ഗാഗുൽത്താ എന്നീ മൂന്നു സ്ഥലങ്ങളെപ്പററി ചിന്തിക്കു"മെന്നു" ഒരു നിശ്ചയം എടുത്തുകഴിഞ്ഞിട്ടുണ്ട്". എന്റെ ക്ലേശങ്ങളിൽ കുരിശുരൂപം എനിക്കു ശക്തിയുടേയും ആശ്വാസത്തിന്റേയും ഉറവയാണു". പാപികളെ ആശ്ലേഷിക്കുവാൻ ഈശോ തന്റെ കുരിശിൽനിന്നു കൈനീട്ടിയിരിക്കയാണു". എന്തെങ്കിലുമൊരു പാപംചെയ്യുകയോ ആകുലനായി പരിണമിക്കുകയോ ചെയ്യുന്നെങ്കിൽ, മറിയം മഗ്ദലേനയെപ്പോലെ ഞാൻ കുരിശിന്റെ കടക്കൽ മുട്ടുകുത്തിനില്ക്കുന്നതായി ഭാവനംചെയ്യും. രക്ഷകന്റെ ക്ഷതമായ ഹൃദയത്തിൽനിന്നു" ഇററിററുവീഴുന്ന രക്തവും ജലവും മറിയം മഗ്ദലേന തന്റെ ശിരസ്സിൽ സ്വീകരിച്ചു.

വി. ഫ്രാൻസിസു" സെയിൽസു പറയുന്നു: "ഗാഗുൽത്താ സ്നേഹിതന്മാരുടെ കുന്നാണു"; നിർമ്മലമായ സ്നേഹത്തിന്റെ വിദ്യാലയമാണു". ആകയാൽ അതു നന്നായിട്ടു ഞാൻ മനസ്സിലാക്കണം. അവിടെവച്ചാണു മനുഷ്യർക്കു തന്റെ തിരുഹൃദയം അവിടുന്നു പ്രതാപപൂർവ്വം തുറന്നിട്ടതു".

എന്തൊരു ഹൃദയശാന്തത! നല്ലവനായ ഈശോ മരിക്കാറായപ്പോൾ തന്നെ സ്നേഹിക്കുന്നവരെയെല്ലാം ചുംബിക്കാനായിട്ടു തന്റെ തല കുനിച്ചു. നമ്മൾ സ്നേഹപ്രവൃത്തികൾ ചെയ്യുമ്പോഴെല്ലാം ഈശോയെ ചുംബിക്കുകയാണു". മഹാമല്പാനായ വി. ആഗുസ്തീനോസു പറയുന്നു: "ലൊഞ്ചീനൂസു തന്റെ കുന്തംകൊണ്ടു ക്രിസ്തുവിന്റെഹൃദയം എനിക്കു തുറന്നുതന്നു. ഞാൻ അതിൽ കയറി വിശ്രമിക്കുന്നു." എന്റെ രക്ഷകന്റെ കരങ്ങളിൽ ജീവിക്കുവാനും മരിക്കുവാനും ഞാനാഗ്രഹിക്കുന്നു. അവിടെ സുരക്ഷിതനായിരുന്നു ഞാൻ പാടും. "കർത്താവേ, ഞാൻ അങ്ങയെ സ്തുതിക്കും; എന്തുകൊണ്ടെന്നാൽ അങ്ങെന്നെ വലിച്ചുയർത്തിയിരിക്കുന്നു. എന്റെ ശത്രുക്കൾ എന്നെപ്രതി ആഹ്ലാദിക്കുവാൻ അവിടുന്നു" അനുവദിച്ചില്ല."

10 സമയം അടുത്തുവരുന്നു. നമുക്കുവേഗം വിളക്കു കത്തിക്കാം. "ഇതാ മണവാളൻ വരുന്നു!" (മത്താ. 35, 6.) എന്തൊരാനന്ദം! എന്തൊരാശ്വാസം! ഓ ഈശോ, തിരുസ്സഭ മുഴുവന്റേയും മുമ്പാകെ അങ്ങയുടെ ബലിപീഠത്തിന്മേൽ നിന്നുകൊണ്ടു" അങ്ങയുടെ ശുശ്രൂഷയ്ക്കു" എന്നെത്തന്നെ ദൃഢമായി പ്രതിഷ്ഠിക്കുവാൻ പോകുന്ന നിമിഷത്തിലുള്ള ആനന്ദം മുൻകൂട്ടി എനിക്കു തരാൻ കനിഞ്ഞതിനു ഞാൻ അങ്ങയോടു നന്ദി പറയുന്നു. എന്റെ ദാരിദ്ര്യം അങ്ങു നോക്കേണ്ട

www.malankaralibrary.com

എൻെറ സന്മനസ്സിനെ നോക്കുക. നാളെ ഉദയത്തോട്ടുകൂടി ലോകത്തിലെങ്ങുമുള്ള മണികൾ അങ്ങയുടെ ഉയിപ്പു കൊട്ടി അറിയിക്കുമ്പോൾ അങ്ങയുടെ സകല സൗന്ദര്യത്തോട്ടും പ്രതാപത്തോട്ടുംകൂടെ അങ്ങയോട്ടുള്ള എൻെറ വിവാഹനിശ്ചയത്തിനു് അങ്ങു വരും. ഈ രാത്രി എനിക്കു് അവശേഷിച്ചിരിക്കുന്ന കുറച്ചു മണിക്കൂറുകളുടെ ഇടയിൽ, പരിശുദ്ധാത്മാവേ, അങ്ങു് എഴുന്നള്ളിവന്നു് എൻെറ ദുർബ്ബലഹൃദയത്തെ ഉജ്ജ്വലിപ്പിക്കുക, ദഹിപ്പിക്കുക, പുതിയരൂപംകൊടുത്തു ശരിപ്പെടുത്തുക. അതിനെ ക്രിസ്തുവിനു യോഗ്യമായ ഒരു പാത്രമാക്കിത്തീർക്കുക.

മറിയമേ, എൻെറ പ്രിയപ്പെട്ട അമ്മേ, അങ്ങയുടെ കണ്ണുനീരു തുടച്ചുകളയുക; അങ്ങയുടെ പുത്രൻ വീണ്ടും ഉയിർത്തെഴുന്നേല്ക്കും. സ്വർഗ്ഗറാണീ, അങ്ങു് ആഹ്ലാദിക്കുക. ഞാൻ അങ്ങയുടെ കരങ്ങളിൽ വന്നു വീഴുന്നു; അങ്ങു് എന്നെ ഈശോയുടെ പക്കലേക്കാനയിക്കുക. മറിയത്തിൻെറ ഭർത്താവായ വി. യൗസേപ്പേ, സുവിശേഷകനായ വി. യോഹന്നാനേ, ഈശോയുടെ ഹൃദയസ്പന്ദനങ്ങൾ ആനന്ദിച്ചവരേ, ഈശോയോട്ടുള്ള നിങ്ങളുടെ സ്നേഹത്തിൻെറ ഒരു സ്ഫുലിംഗം എനിക്കു നല്കുക. വി. യോഹന്നാൻെറ ബസിലിക്കയിലാണല്ലോ ഞാൻ പട്ടം സ്വീകരിക്കാൻ പോകുന്നതു്. വി. പത്രോസേ, പൗലോസേ, റോമായിലേയും അഖിലലോകത്തിലേയും പരിശുദ്ധ രക്തസാക്ഷികളെ, ശാന്തനായ വി. ഫ്രാൻസിസു സെയിൽസേ, എനിക്കു പ്രിയപ്പെട്ട പ്രത്യേക മദ്ധ്യസ്ഥരേ, നിങ്ങളെല്ലാവരും എനിക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുക. ഈശോയിൽ അനുഗ്രഹിക്കപ്പെട്ട ഒരു പാപിയായ ഞാൻ സ്വർഗ്ഗവാസികളുടെ മുമ്പാകെ വിനയപൂർവ്വം മുഴങ്കാൽ മടക്കിക്കൊണ്ടു പറുദീസായിലുള്ള എല്ലാവരോട്ടും എനിക്കുവേണ്ടി പ്രാർത്ഥിക്കുവാൻ യാചിക്കുന്നു. കറയററ കുഞ്ഞാടിനെ എല്ലായിടത്തും അനുധാവനം ചെയ്യുകയും ഗാഗുൽത്തായിലെ രക്തം ശേഖരിക്കുകയും അവിടുത്തെ പ്രതാപമേറിയ പുനരുത്ഥാനം പ്രഖ്യാപിക്കുകയുംചെയ്ത നിർമ്മലവാനവരേ, പരിശുദ്ധാത്മാവിനെ വിളിച്ചപേക്ഷിക്കാനും ബലഹീനനായ എനിക്കു ശക്തി നല്കാനും, എൻെറ ഉത്സവത്തിനു വന്നുചേരാനും എനിക്കുവേണ്ടി മാദ്ധ്യസ്ഥ്യംവഹിക്കാനും എൻെറ കാവൽമാലാഖയോട്ടുകൂടി നിങ്ങളും ചേരുവിൻ. എന്റെ ആത്മാവു നിങ്ങൾക്കായി കാത്തിരിക്കുന്നു.

11 എൻെറ പട്ടത്തിനുള്ള സന്തോഷം വർണ്ണിക്കുവാൻ വഹിയാത്തവിധം വളരെ വലുതാണു്; "സൈന്യങ്ങളുടെ കർത്താവേ, അങ്ങയുടെ ഭവനം എത്ര സുന്ദരം! എൻെറ ആത്മാവു കർത്താവിൻെറ മന്ദിരത്തെ കാത്തിരിക്കുന്നു: അതിനെ അത്യധികം ആഗ്രഹിക്കുന്നു. എന്റെ

www.malankaralibrary.com

ശരീരവും ഹൃദയവും ആനന്ദപൂർവ്വം സജീവനായ ദൈവത്തെ പാടിസ്തു തിക്കുന്നു." (സങ്കീ 83, 1—1)

ഇന്നു സെൻറ് ജോൺ ലാറററൻ ബസിലിക്കയിൽവച്ചു നടന്ന ചടങ്ങുകൾ വളരെ മോടിയായിരുന്നു; എനിക്കു വിസ്മരിക്കുവാൻ സാധിക്കാത്ത ഒന്നായിരുന്നു. ഇപ്പോൾ ഞാനൊരു പുതിയ മനുഷ്യനാണ്; നിശ്ചയം എടുത്തുകഴിഞ്ഞു.

ഈ ലോകവസ്തുക്കളുടെ തിരസ്കരണത്തേയും ഈശോയ്ക്കു പൂർണ്ണ ഹൃദയത്തോടും പരിപൂർണ്ണമായും അചഞ്ചലമായും ചെയ്തിട്ടുള്ള പ്രതിഷ്ഠയേയും പരിശുദ്ധപിതാവിൻേറയും തിരുസ്സഭയുടേയും നാമത്തിൽ കർദ്ദിനാൾ വികാരി (പ്പിയെട്രോ റെസ്പീഗി) സ്വീകരിച്ചു; അനുഗ്രഹിച്ചു, പവിത്രീകരിച്ചു,

സാഷ്ടാംഗപ്രണാമത്തിനുശേഷം ഞാൻ ബലിപീഠത്തെ സമീപിച്ചപ്പോൾ കർദ്ദിനാൾ എൻെറ വ്രതം സ്വീകരിക്കുകയും മഹത്വമേറിയതും നവവുമായ എൻെറ വസ്ത്രങ്ങൾ എന്നെ അണിയിക്കുകയുംചെയ്തു. ബസിലിക്കയിലെ ശവകുടീരങ്ങളിൽ നിദ്രചെയ്തിരുന്ന മാർപ്പാപ്പാമാരും വന്ദകരും രക്തസാക്ഷികളും എഴുന്നേററു് എന്നോടൊപ്പം ആഹ്ലാദിച്ചുകൊണ്ടു സഹോദരന്മാരെപ്പോലെ എന്നെ ആലിംഗനം ചെയ്യുകയുണ്ടായി. അയോഗ്യനായ ഈ സൃഷ്ടിയെ ഇത്ര ഉന്നതമായ സ്ഥാനത്തേക്കു് ഉയർത്തിയ ഈശോയെ സ്തുതിച്ചുകൊണ്ടിരുന്ന പുനരുത്ഥാനവാനവരുടെ പല്ലവിയിൽ മേല്പറഞ്ഞവരെല്ലാവരും ചേർന്നു. ആ സമയത്തെ വികാരങ്ങൾ നാവിനു വർണ്ണിക്കാവുന്നതല്ല. അതിൻെറ ഓർമ്മ എന്നും നിലനില്ക്കും. എൻെറ ദൈവത്തിൻെറ സ്നേഹവും മഹത്വവും പ്രതാപവുംഞാൻ ഒരിക്കലും സ്തുതിക്കാതിരിക്കയില്ല.

വിറയ്ക്കുന്ന എൻെറ നാവിനു്, "ഞാനല്ല ജീവിക്കുന്നതു ക്രിസ്തു എന്നിൽ ജീവിക്കുന്നു," എന്ന പൗലോസ്സ്ലീഹായുടെ വാക്കുകൾ ഉരുവിടാൻ മാത്രമേ കഴിയുന്നുള്ളു. ഇപ്പോൾ ഞാനെൻെറ സ്വന്തമല്ല; ഞാൻ ക്രിസ്തുവിൻേറതാണു്. "ഈശോകർത്താവേ, എന്റെ സ്വാതന്ത്ര്യം മുഴുവനും അങ്ങു് എടുത്തുകൊള്ളുക."

ഇത്ര മഹാ അനുഗ്രഹത്താൽ പരിഭ്രാന്തനും ക്ഷീണിതനുമായ എന്നോടു്, കർത്താവേ, കൃപയുണ്ടാകണമേ; വേണ്ടപോലെ നന്ദിപ്രകാശിപ്പിക്കുവാൻ എനിക്കു കഴിയുന്നില്ല. ഉയിപ്പുകാലം മുഴുവനും എനിക്കു് ഒരു ഉത്സവമായിരിക്കും. ആനന്ദതുന്ദിലമായ എൻെറ ഹൃദയത്തിൽ ഇപ്പോൾ കൂടുതൽ സമാധാനമുണ്ടു്. നല്ലവനായ അങ്ങയിൽ

www.malankaralibrary.com

ഞാൻ അഭിമാനംകൊള്ളുന്നു: അങ്ങയുടെ സ്നേഹവിരുന്നിൽനിന്നു ഞാൻ എഴുന്നേല്ക്കുകയില്ല. എന്റെ വിചാരങ്ങളും നവജീവന്റെ ആദർശങ്ങളും ഞാൻ അങ്ങയെ അറിയിക്കാം. ഇന്നു് എന്റെ ഹൃദയത്തിൽ അങ്ങു കാരുണ്യപൂർവ്വം എരിയിച്ച സ്നേഹാഗ്നി ആ നവജീവിതത്തിൽ അങ്ങു ദർശിക്കും. "ആനന്ദത്തിന്റെ നെടിയങ്കി അങ്ങു് എന്നെ ധരിപ്പിച്ചു. ഹല്ലേലൂയ്യാ, ഹല്ലേലൂയ്യാ."

12 ഈ ആധ്യാത്മികാഭ്യാസങ്ങളുടെ സുഭഗസമാപനമായിരുന്നു പട്ടം. നവമായ ആയുധങ്ങൾ അണിഞ്ഞും പുതിയ ഒരു മനുഷ്യനായും ജീവിതസമരത്തിനു്, ദൈവരാജ്യത്തിനുവേണ്ടിയുള്ള പോരാട്ടത്തിനു ഞാൻ പുറപ്പെടുകയാണു്.

ആനന്ദം കവിഞ്ഞൊഴുകുന്നതും എന്റെ ഓട്ടം ഓടുവാനുള്ള തിക്ഷ്ണത ഉജ്ജ്വലിക്കുന്നതും ഈശോയെപ്രതി എന്നെത്തന്നെ ബലി ചെയ്യാൻ സന്നദ്ധതയുള്ളതുമായ ഈ വേളയിൽ ഞാൻ പ്രത്യേകപ്രതിജ്ഞകളൊന്നും എടുക്കുന്നില്ല. മാത്രമല്ല അങ്ങനെ ചെയ്യരുതെന്നു് എന്റെ ആദ്ധ്യാത്മികപിതാവു് സ്പഷ്ടമായി ആജ്ഞാപിച്ചിരിക്കുന്നു. കഴിഞ്ഞ ക്രിസ്തുമസ്സിലെ അന്തിമാഭ്യാസങ്ങൾ ഒന്നുകൂടി പഠിക്കുവാൻ അദ്ദേഹം കല്പിച്ചിരിക്കയാണു്. ഇതു ഞാൻ കൃത്യമായി പരിശോധിക്കണം. ഇപ്പോൾ ഇത്രയും മതി. ഭാവിയിൽ പരിശുദ്ധാത്മാവു് ഇഷ്ടപ്പെടുന്നതുപോലെ ഞാൻ ചെയ്തുകൊള്ളാം.

## 16 റൊക്കാന്തിക്കായിൽ വച്ച് ഒഴിവുകാലത്തു നടത്തിയ ധ്യാനം 1903 ഓഗസ്റ്റ് 29

സെമ്മിനരിയിലെ നീണ്ട ഗ്രീഷ്മാധ്യയനകാലം, പരീക്ഷയുടെ വിചാരം, ജൂലായിലേയും ഓഗസ്റ്റിലേയും അസാധാരണ സംഭവങ്ങൾ (ജൂലായി 20-ാംനു- ലെയോൻ പാപ്പയുടെ മരണം, ഓഗസ്റ്റു 4-ാംനു- പത്താം പീയൂസിന്റെ കിരീടധാരണം) സർവ്വോപരി എന്റെ അപൂർണ്ണതകൾ, ബലഹീനത, അസ്ഥിരത എന്നിവ എന്റെ പ്രാഥമിക ശുഷ്കാന്തിയെ വളരെയേറെ തണുപ്പിച്ചു. പ്രത്യേകാത്മശോധന ഏതാണ്ടു് ഇല്ലാതായതും ധ്യാനത്തിൽ കൂടുതൽ അന്യചിന്തകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതും ഇതിനു തെളിവാണു്. ധ്യാനത്തിനു പ്രായോഗിക ഫലങ്ങളൊന്നുമില്ലാതായിരിക്കുകയാണു്. കാനോന ന

www.malankaralibrary.com

മസ്കാരം ചൊല്ലുന്നതിൽ സന്തോഷമില്ലാതായി. ആത്മധൈര്യവും ഉറച്ച സ്വതന്ത്രബുദ്ധിയും പ്രത്യക്ഷപ്പെട്ടിരിക്കുന്നു; എന്നാൽ വിവേകം കാണുന്നില്ല; എൻെറ ആദ്ധ്യാത്മികപുരോഗമനത്തിനു വേണ്ടി ആത്മശക്തികൾ കേന്ദ്രീകരിക്കുന്നുമില്ല. ആരംഭശൂരതയാൽ ഈ കേന്ദ്രീകരണം വളരെയേറെ ശക്തിപ്പെട്ടു പക്ഷം ക്ഷീണമായിരിക്കും ഫലം. ഏതായാലും ഒരു നിശ്ചിതതോതിൽ അതു് എല്ലാ സമയത്തും സാഹചര്യങ്ങളിലും അത്യന്താപേക്ഷിതമാണു്.

ഈ ധ്യാന ദിവസം പ്രാഥമിക തീക്ഷ്ണതയിലേക്കു പിന്തിരിയുവാൻ നല്ലവനായ ദൈവം നല്കുന്ന സ്നേഹമസൃണവും പ്രശാന്തവുമായ ക്ഷണമാണു്. അതേ സമയം മുൻഅനുഭവങ്ങൾ എന്നെ എളിമയോടുകൂടെ സംരക്ഷിച്ചു പോരുന്നു; എനിക്കു നന്മായി യാതൊന്നും ചെയ്യുവാൻ കഴിയുകയില്ലെന്നു ബോധ്യവും ഉണ്ടായിട്ടുണ്ടു്. ആകയാൽ നിരുത്സാഹപ്പെടാൻ കാരണമില്ല; കൂടുതൽ ധീരതയും പരിശ്രമവുമാണുവേണ്ടതു്. മരണം അടുത്തിരിക്കാം. എൻെറ വിളക്കിൽ എണ്ണയില്ലെങ്കിലോ!

ഓ ഈശോ, എൻെറമേൽ കൃപയുണ്ടാകണമേ.

പ്രായോഗിക വശത്തേക്കു് ഇറങ്ങി വരാം. മൂന്നുകാര്യം ഞാൻ പ്രത്യേകം സൂക്ഷിക്കണമെന്നു നിശ്ചയിക്കുന്നു. 1) എൻെറ പ്രത്യേകാത്മശോധന. എൻെറ പ്രാർത്ഥനകളുടേയും ആദ്ധ്യാത്മികാഭ്യാസങ്ങളുടെയും കാനോനനമസ്കാരത്തിൻേറയും സ്ഥിതി ഞാൻ പരിശോധിക്കും. തക്കസമയത്തും സ്ഥലത്തും വേണ്ട സൂക്ഷ്മതയോടും ആദരത്തോടുമാണോ കാനോന നമസ്കാരം ചൊല്ലുന്നതെന്നു് ആരായേണ്ടതുണ്ടു്. 2) എൻെറ ദിവ്യകാരുണ്യ സന്ദർശനങ്ങൾ 3) സുകൃതജപങ്ങളും സ്നേഹപ്രകരണങ്ങളും.

നല്ലവനായ ഈശോയും പരിശുദ്ധമറിയവും അവരുടെ സ്നേഹത്തിലേക്കു് എന്നെ തിരിച്ചെടുക്കുകയും ഞാൻ എന്നെത്തന്നെ കീഴടക്കി പുണ്യത്തിലും ദൈവസ്നേഹത്തിലും പുരോഗമിക്കുവാൻ എനിക്കു ശക്തി നല്കുകയും ചെയ്യട്ടെ. ദൈവമാതാവിൻെറ ജനനത്തിരുനാളിനുള്ള നൊവേന ആരംഭിക്കുവാൻ പോകയാണല്ലോ.

www.malankaralibrary.com

# 17 അധ്യയന വത്സരത്തിൻെറ ആരംഭത്തിലേ ത്രിദിനാപേക്ഷ റോമാ, 1903 നവംബർ 1—3.

സാധാരണ സെമ്മിനരി ജീവിതത്തിലേക്കുള്ള പ്രത്യാഗമനം എനിക്കു വളരെ ഉപകാരപ്രദമായി. ഈ ത്രിദിനാപേക്ഷയിൽ അസാധാരണമായി യാതൊന്നുമില്ല; ഏകാഗ്രവും പ്രതിഷ്ഠിതവുമായ ജീവിതത്തിലേക്കു പിന്തിരിയാനുള്ള ഒരു പരിശ്രമം മാത്രമാണതു്.

എൻെറ ആദ്ധ്യാത്മിക പുരോഗമനത്തെ ദൈവം സൂക്ഷിച്ചുകൊണ്ടാണിരിക്കുന്നതു്. ഒഴിവുകാലത്തിൻെറ മദ്ധ്യേ വന്ന ധ്യാനത്തിൽ നിന്നു ഞാൻ മനസ്സിലാക്കിയതു് ഞാൻ എൻെറ അലസത നിമിത്തം പുരോഗമിച്ചിട്ടില്ലെന്നാണു്. യഥാൎത്ഥ പുണ്യത്തിലും ആദ്ധ്യാത്മിക പുരോഗമനത്തിലും എത്രഭയങ്കര പരാജയം! കഷ്ടം! എത്രയേറെ അനുഗ്രഹങ്ങളാണു നല്ലവനായ കൎത്താവു് എനിക്കു് ഈ കഴിഞ്ഞവത്സരത്തിൽ അരുളിയതു്! ഞാൻ പൂൎണ്ണവളൎച്ചയിലെത്തിയ ഒരു മനുഷ്യനാണെന്നാണു കരുതിയിരുന്നതു്; എന്നാൽ ഇപ്പോഴും വെറും നീചബാലൻ മാത്രം.

വരുത്തിക്കൂട്ടിയ ദ്രോഹത്തിനൊക്കെ പരിഹാരം ചെയ്യാൻ ശ്രമിക്കുന്ന ബാലനെപ്പോലെ ഞാൻ വീണ്ടും വരുന്നു; എന്നാൽ ഈ പ്രാവശ്യം വളരെ ദൃഢചിത്തതയോടെ എൻെറ പ്രതിജ്ഞയെ ഞാൻ സമീപിക്കുന്നു. ദൈവാനുഗ്രഹത്താൽ ഇനി ഞാൻ പരാജയപ്പെടുകയില്ലെന്നു് എനിക്കു് ഉറപ്പു തോന്നുന്നു.

അനുദിന പ്രത്യേകാത്മശോധനയാണു് ഏററവും പ്രധാനമായ അഭ്യാസം. അതു ശരിക്കു ചെയ്യാൻ എല്ലാററിലും ഉപരിയായി ഞാൻ പരിശ്രമിക്കും. ഈ പരിശുദ്ധമായ ധ്യാനത്തിൽ എത്രയും സ്നേഹയോഗ്യമായ ഈശോയുടെ ഹൃദയത്തോടു ചെയ്യുന്ന വാഗ്ദാനമാണിതു്. വൈദികശിക്ഷണത്തിൻെറ പ്രശസ്ത നിയന്താവായ വി. ചാൾസിൻെറ കരങ്ങളിൽ ഈ വാഗ്ദാനം ഞാൻ ഏല്പിക്കുന്നു. എന്റെ തലവന്മാരുടെ നിശ്ചയപ്രകാരം ഞാൻ എൻെറ പഠനത്തിൻെറ കാൎയ്യം മാത്രം നോക്കിയാൽ പോരാ 'പ്രീഫെക്റ്റ്'' എന്നനിലയിൽ ഞാൻ മററുകുട്ടികളുടെ പഠനകാൎയ്യം കൂടി അന്വേഷിക്കേണ്ടതാണു്. ആകയാൽ ഈ അധ്യയനവത്സരം ഒരു മഹാമൈത്രാപ്പോലീത്തായും അധ്യാപകരുടെ യഥാൎത്ഥ മാതൃകയും ഉദാരഹൃദയനായ പുരോഹിതനും

www.malankaralibrary.com

ഒരു പ്രേഷിതനുമായ വി. ചാൾസിൻെറ സമുന്നത മാധ്യസ്ഥ്യത്തി നു ഞാൻ ഏല്പിക്കുന്നു.

പ്രാത്ഥനാസമയത്തും ആധ്യാത്മികാഭ്യാസങ്ങളുടെ ഇടയ്ക്കും ഞാൻ എങ്ങനെ വ്യാപരിക്കുന്നുവെന്നുമാത്രമല്ല പ്രത്യുത എൻെറ നാവ് എങ്ങനെ ഉപയോഗിക്കുന്നുവെന്നും അനുദിനം ഞാൻ പരിശോധിക്കും. നാവിൻെറ നിയന്ത്രണം വിട്ടാൽ എൻെറ ഉദ്യോഗത്തിനും എൻെറ പുതിയ ചുമതലകൾക്കും വീഴ്ചകൾ വരും.

എനിക്കു മാർഗ്ഗദർശകമായ തത്വവും നിശ്ചിതമായ ആദർശവും ഒരു നിമിഷത്തേക്കു മാററി വയ്ക്കാവുന്നതല്ല. എല്ലാത്തിലും നിസ്സാരമായ കാര്യങ്ങളിൽക്കൂടിയും സന്മാതൃക നല്കുക എൻെറ പ്രത്യേക കടമ യാണ്. എൻെറ എല്ലാ പ്രവൃത്തികളും സഹവിദ്യാത്ഥികളുടെ നിരൂപകദൃഷ്ടിയിൽ പതിയുമെന്നും എൻെറ വ്യാപാരങ്ങളെല്ലാം അവക്കു മാതൃകയായിത്തീരണമെന്നുമുള്ള ബോധ്യത്തോടുകൂടെ ഞാൻ ചെയ്യണം. ഞാൻ സദാ എൻെറ വിധികത്താവായ ഈശോയുടെ ദൃഷ്ടിയിലാണു വ്യാപരിക്കുന്നതു്.

## 18 ഈശോ മറിയമേ യൗസേപ്പേ!
## ആറാം പട്ടത്തിനൊരുക്കമായ ധ്യാനം
## 1903 ഡിസമ്പർ 9 മുതൽ 18 വരെ

കത്താവേ, അങ്ങു സംസാരിക്കുക. അങ്ങയുടെ ദാസൻ ശ്രവിക്കുന്നു. "അങ്ങയുടെ ഇഷ്ടം നിറവേററുവാൻ എന്നെ അഭ്യസിപ്പിക്കുക." (1രാജ 3, 9-10; സങ്കീ 142, 10)

ഈ ഒരു കൊല്ലത്തിനിടയ്ക്കു മൂന്നാം പ്രാവശ്യം പരിശുദ്ധമായ ഒരു ധ്യാനത്തിനു കത്താവ് എന്നെ വിളിക്കുന്നു. "ഇതാ ഗുരു വന്നെത്തിയിരിക്കുന്നു; നിന്നെ അവിടുന്നു വിളിക്കുന്നു." (യോഹ 11, 28) ഈ മൂന്ന് അഭ്യാസങ്ങൾ പുണ്യമാർഗ്ഗത്തിൽ നാഴികക്കുററികളായിരിക്കേണ്ടിയിരുന്നു. അല്പമൊക്കെ ചെയ്യാൻ സാധിച്ചിട്ടുണ്ടെങ്കിലും വളരെയേറെ ചെയ്യാൻ കിടക്കുന്നു. എൻെറ നേട്ടങ്ങൾ എത്രയും തുച്ഛമാകയാൽ ഞാൻ ലജ്ജാഭരിതനായിരിക്കുന്നു.; എളിമപ്പെട്ടുത്തപ്പെട്ടിരിക്കുന്നു. എങ്കിലും ഞാൻ നിരുത്സാഹനാകുന്നില്ല. ഗ്രീഷ്മകാലത്തേ മഹാ ഉഷ്ണത്തിനിടയ്ക്കു നദീതീരത്തു നില്ക്കുന്ന തീത്ഥകനെപ്പോലെ

www.malankaralibrary.com

കൃപാവരമാകുന്ന സുഖസംദായക ജലത്തിൽ ഞാൻ മുങ്ങി സ്നേഹമാധുര്യത്താൽ പവിത്രീകൃതനാകും; ബലം പ്രാപിക്കും. ആഴ്സിലെ പുണ്യവാനായ വികാരിയുടെ വാക്കുകളിൽ പറയുന്ന പക്ഷം ഞാൻ സൗഭാഗ്യവാനാകും; കാരണം, മറുതീരത്തു മന്ദസ്മിതപൂർവ്വം ഈശോ എന്നെ കാത്തുനില്ക്കുകയാണ്, ഓ ദൈവമേ, എന്റെ സഹായത്തിനു വരിക.

ഈ ജ്ഞാനധ്യാനം പ്രഥമതഃ ഈശോയുടെ തിരുഹൃദയത്തിനും രണ്ടാമതായി പരിശുദ്ധ അമലോത്ഭവ കന്യകയ്ക്കും ഞാൻ കാഴ്ചവയ്ക്കുന്നു. അമലോത്ഭവസത്യം പ്രഖ്യാപനംചെയ്തതിന്റെ സുവർണ്ണജൂബിലി ഇങ്ങനെ ഉദ്ഘാടനംചെയ്യാൻ സാധിച്ചതിൽ ഞാൻ ആനന്ദം കൊള്ളുന്നു. എന്റെ കാവൽമാലാഖയ്ക്കു സംരക്ഷണവും. ദൈവശാസ്ത്രപഠനത്തിന്റേയും പൗരോഹിത്യത്തിനുള്ള ഒരുക്കത്തിന്റേയും ഈ അന്തിമവർഷത്തിലെ എന്റെ മധ്യസ്ഥന്മാരായി വി. ഇഗ്നേഷ്യസ്സിന്റേയും വി. ചാൾസ്സ് ബൊറോമേയ്യുടെയും പ്രശസ്തനായ വി. ഫ്രാൻസീസ്സ് സെയിൽസിന്റേയും പ്രതാപവാന്മാരും ദൈവത്തോടും തങ്ങളുടെ അയൽക്കാരോടുമുള്ള സ്നേഹത്തിന് ഉത്തമമാതൃകകളും ക്രിസ്തീയ വിശ്വാസത്തെപ്രതി രക്തസാക്ഷിത്വം വരിച്ചവരുമായ വി. സ്റ്റീഫൻ, വി. ലോറൻസ്സ് എന്നീ ഡീക്കന്മാരുടേയും മധ്യസ്ഥാപേക്ഷയും ഞാൻ യാചിക്കുകയാണ്.

1 ദൈവത്തെ ബഹുമാനിച്ചും സ്തുതിച്ചും സേവിച്ചും ആത്മരക്ഷ നേടാൻവേണ്ടിയാണു മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ദൈവത്തെ ബഹുമാനിക്കണമെങ്കിൽ ദൈവസാന്നിദ്ധ്യബോധം വേണം. ദൈവം ചിലപ്പോൾ പൂർവ്വപിതാക്കന്മാർക്കും പ്രവാചകന്മാർക്കും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. അപ്പോൾ അവർ അമ്പരന്നിട്ടുമുണ്ട്. അതുപോലെ അവിടുന്ന് എന്റെ ദൃഷ്ടിയിൽപ്പെടുകയാണെങ്കിൽ എന്റെ ബഹുമാനം ശരിയായ രൂപമെടുക്കും. ഞാൻ നിവർന്നുനില്ക്കണം; എന്നാൽ ഔദ്ധത്യമരുത്. അധികമാളുകൾ ഉള്ള സ്ഥലങ്ങളിൽ പ്രത്യേകിച്ചും ഞാൻ എന്റെ ശിരസ്സുയർത്തിപ്പിടിക്കണം; എന്നാൽ കണ്ണുകൾ താഴ്ന്നിരിക്കണം. വലിയഭാവം കൂടാതെ അടിവച്ചുനടക്കണം. വിട്ടുവായനാകാതെ തുറന്നഹൃദയമുള്ളവനായിരിക്കണം. എന്റെ സംസാരം സുചിന്ത്യവും യോഗ്യവുമായിരിക്കണം. ഗൗരവം കലർന്ന പ്രസന്നത സദാ എന്റെ മുഖത്തു സ്ഫുരിക്കണം. ഒരു ഭാവവും നടിക്കാതെ സ്വാഭാവികമായിരിക്കണം നടപടികളൊക്കെ. എന്റെ ബാഹ്യഭാവം കണ്ടാൽ ദൈവത്തെപ്പററിയാണു ഞാൻ ചിന്തിച്ചുകൊണ്ടിരിക്കുന്നതെന്നു മനുഷ്യർക്കു തോന്നണം. അദൃശ്യനായ ദൈവത്തെ സദാ ഞാൻ ധ്യാനിച്ചുകൊണ്ടിരിക്കണം.

www.malankaralibrary.com

ആത്മാവിനു് അങ്ങനെ ഒരു വികാരമേ ഉണ്ടാകാവൂ. ദൈവം സദാ എന്നെ കാണുന്നു; തന്റെ പ്രകാശം എന്റെമേൽ വീശുന്നു; എന്റെ എല്ലാ പ്രവൃത്തികളും വിശിഷ്യ എന്റെ ഹൃദയത്തിന്റെ അദൃശ്യമായ ചലനങ്ങളും ദൈവത്തെക്കൊണ്ടു് എനിക്കുള്ള അത്യാവശ്യവും ഞാൻ ചെയ്തിട്ടുള്ള പാപങ്ങളും ഇപ്പോഴും ഇതിനുമുമ്പും ലഭിച്ചിട്ടുള്ള കൃപാവരങ്ങളും അവിടുന്നു ദർശിക്കുന്നു. ഈ പരിഗണനകൾ ദൈവത്തോടുള്ള ഐക്യത്തിൽ നമ്മെ സദാ സംരക്ഷിക്കണം; എന്റെ മനസ്സാക്ഷിയുടെ ചലനങ്ങൾ ഗ്രഹിക്കുവാൻ എനിക്കു വേറൊന്നും ആവശ്യമുണ്ടാകരുതു്.

2 ഈ പ്രഥമദിവസങ്ങളിലെ ധ്യാനങ്ങളെല്ലാത്തിൽനിന്നുമുള്ള അമൂല്യവും സുവർണ്ണവുമായ നിഗമനം സൃഷ്ടിവസ്തുക്കളിൽനിന്നുണ്ടായിരിക്കേണ്ട അകൽച്ചയാണു്. താത്വികമായി ഇക്കാര്യത്തിൽ എന്റെ വിജയം സമ്പൂർണ്ണമാണു്: എന്നാൽ പ്രായോഗികമായി ഞാൻ എത്രയും പിറകിലാണു സ്ഥിതി ചെയ്യുന്നതു്. പരോക്ഷമായി എന്നെ സംബന്ധിക്കുന്ന ഒരു സംഗതിയാണെങ്കിൽക്കൂടി എന്റെ ഭാവനാശക്തിയും എന്റെ അഹങ്കാരവും അങ്ങേയററം എന്നെ വേദനിപ്പിക്കുന്നു. എന്നാൽ ആദ്ധ്യാത്മിക സദനത്തിന്റെ മൂലക്കല്ലു് ഇതാണു്. "എന്റെ ഇഷ്ടമല്ല ദൈവത്തിന്റെ ഇഷ്ടം ചെയ്യുക; എന്റെ വികാരങ്ങൾക്കും അഹന്തയ്ക്കുമെതിരാണെങ്കിലും ദൈവം തരുന്ന എന്തും സ്വീകരിക്കുക."

പ്രധാന കാര്യങ്ങളിൽ വിഷമമില്ല. എന്റെ തലവന്മാരോ ആദ്ധ്യാത്മിക പിതാവോ നിർദ്ദേശിക്കുന്നതല്ലാതെ വേറെ യാതൊന്നും ഞാൻ ചെയ്യുകയില്ല. അനുസരണത്തിൻകീഴ ഞാൻ ചെയ്യേണ്ടതു ചെയ്യാതിരിക്കുന്നതല്ല പ്രശ്നത്തിന്റെ കാതൽ. എന്റെ ഭാവനയുടെ പരക്കം പാച്ചിലുകളും ബാഹ്യദൃഷ്ടിക്കു നല്ലതും പരിശുദ്ധവുമെന്നുതോന്നുന്ന എന്റെ വീക്ഷണഗതികളും മാററിവച്ചു് എന്റെ തലവന്മാരുടെ അഭിലാഷങ്ങൾക്കും ഉപദേശങ്ങൾക്കും അനുയോജ്യമായി എന്റെ ബുദ്ധിശക്തിയെ തിരിച്ചുവിടുന്നതാണു പ്രശ്നം.

ആകയാൽ ഉൽകണ്ഠകളൊന്നും വേണ്ടാ; ആകാശക്കോട്ടകളും വേണ്ടാ; ചില ആദർശങ്ങൾ വേണം; എന്നാൽ അവ ഉത്തമങ്ങളും ഗൗരവാവഹങ്ങളുമായിരിക്കണം. ആഗ്രഹങ്ങൾ കുറവാക്കേണ്ടിയിരിക്കുന്നു. ഒന്നു മാത്രമേ ആവശ്യമുള്ളൂ!! (ലൂക്കാ 10, 42) ഈയൊരുവിധമല്ലാതെ മററുവിധത്തിലൊന്നും ചെയ്യാൻ പാടില്ലെന്നുള്ള സുവർണ്ണ സ്വപ്നങ്ങൾ, നാളെയോ അടുത്തകൊല്ലമോ പിന്നീടോ ഞാൻ ചെയ്യാനുദ്ദേശിക്കുന്ന വലിയ പൊണ്ണക്കാര്യങ്ങൾ, ഇവയൊക്കെ ദൂരെപ്പോകട്ടെ.

www.malankaralibrary.com

ഞാൻ എന്തായിരിക്കണമെന്നു കർത്താവു് ആഗ്രഹിക്കുന്നുവോ അതാകുകതന്നെചെയ്യും. നിഗൂഢവും പരിത്യക്തവും എല്ലാവരാലും പക്ഷേ നിന്ദിതവും ദൈവത്തിനുമാത്രം സുജ്ഞാതവുമായ ഒരു ജീവിതത്തെപ്പറ്റി ചിന്തിക്കുക എനിക്കു വിഷമമാണു്. ഇതു് എന്റെ അഹങ്കാരത്തിനു വിരുദ്ധമാണു്. എന്റെ അഭീഷ്ടങ്ങളേയും അനിഷ്ടങ്ങളേയും എതിരിട്ടു് അജ്ഞാതാവസ്ഥ സ്വാഗതാർഹവും ആസ്വാദ്യവുമാകുന്നതുവരെ ദൈവം എന്നോടാവശ്യപ്പെട്ടുന്നതുചെയ്യാൻ പഠിച്ചുവെന്നു പറയുവാൻ വഹിയാ.

3 മാലാഖാമാരുടെയൊക്കെ വിജ്ഞാനമുണ്ടായിരിക്കുകയും ആദ്യം പാപം ചെയ്തവരെപ്പോലെ എന്റെ മനസ്സിൽ അഹങ്കാരം സ്ഥാനം പിടിക്കുകയും ചെയ്താൽ ഞാനെന്തായിരിക്കും? പിശാചു തന്നെ. ഒട്ടും അന്തരമില്ല.

എന്നാൽ മാലാഖാമാരെ അപേക്ഷിച്ചു ഞാൻ തുലോം അജ്ഞനാണെന്നുള്ളതാണു വാസ്തവം; എന്നിട്ടു ദിവസവട്ടത്തിൽ പലപ്പോഴും അഹങ്കാരവികാരങ്ങളുണ്ടാകുന്നു. ഞാനെന്താണു്. ഞാൻ പാപംചെയ്യുമ്പോഴൊക്കെ ദൈവം ശിക്ഷിക്കുകയാണെങ്കിൽ ഇപ്പോഴും എന്റെ സ്ഥിതി എന്തായിരിക്കും? ദൈവമേ, അക്കാര്യം ഓർമ്മിക്കുമ്പോൾ ഞാൻ വിറയ്ക്കുന്നു. അതുകൊണ്ടു തന്നെ ഞാൻ അതിനെപ്പററി പലപ്പോഴും ചിന്തിക്കണം.

4 ഈ ലോകത്തിൽ നന്നായി ജീവിക്കാനും മരണശേഷം സൗഭാഗ്യം പ്രാപിക്കാനുമുള്ള പ്രധാനോപാധി, സാരമായ ഘടകം പ്രായശ്ചിത്തമാണു്. ആകയാൽ ജീവിതത്തിന്റെ ഈ സുന്ദരഘട്ടത്തിൽ ഞാൻ സഹിച്ചു ശീലിക്കണം; സ്വാത്മപരിത്യാഗത്തെ സ്വാഗതം ചെയ്യണം. വേറൊരു മാർഗ്ഗവുമില്ല. പുണ്യവാന്മാരുടെ തപഃക്രിയകൾ അനുകരിക്കുക എനിക്കു് അസാദ്ധ്യമായിത്തോന്നുന്നു. എങ്കിലും ചില ആശാനിഗ്രഹങ്ങൾക്കു ഞാൻ തയ്യാറാകണം; ചെറിയ കാര്യങ്ങളിൽ പ്രത്യേകിച്ചു ഭക്ഷണകാര്യങ്ങളിൽ ആശാനിഗ്രഹത്തിനു ഞാൻ സദാ സന്നദ്ധനാകണം. ഒരു തുള്ളി കയ്പുകലരാതെ മാധുര്യമുള്ള യാതൊന്നും ഞാൻ ഭക്ഷിക്കുകയില്ല. ദൈവപരിപാലനയും അപ്രകാരമല്ലേ? സങ്കടത്തിന്റെ കലർപ്പുകൂടാതെ സർവ്വേശ്വരൻ സന്തോഷങ്ങൾ പ്രദാനം ചെയ്യുന്നുണ്ടോ?

എന്റെ കണ്ണുകളെ ഞാൻ പൂർണ്ണമായി നിയന്ത്രിക്കും. എനിക്കു് ഒരു കാര്യത്തിലും ഉറപ്പില്ല, കണ്ണുകളുടെദുരാശ വലിയ നാശത്തിലേക്കു്

www.malankaralibrary.com

എന്നെ ആനയിച്ചേക്കാം. എൻെറ വീഞ്ഞിൽ ധാരാളം വെള്ളം ചേത്തിരിക്കേണ്ടതാണ്. അതാണ് ആരോഗ്യത്തിനും തലയ്ക്കും നല്ലത്.

5 എനിക്കു ചിന്തിക്കുവാൻ എത്രയും പ്രയാസമുള്ള കാര്യം ഇതാണ്: എൻെറ ആത്മാവു നരകത്തിൽ നിപതിച്ചേക്കാമെന്നുള്ള സാധ്യത. അക്കാര്യം ഭയംകൂടാതെ ചിന്തിക്കുവാൻ അസാധ്യം. എന്നാൽ അവിടെ എനിക്കു ഒരു സ്ഥലമുണ്ട്. ഞാൻ മന്ദഭക്തനായാൽ അതിൻെറ വക്കിലെത്തിച്ചേരും. ഏതു പാപിക്കുമെന്നതുപോലെ ഒരു പാപം മതി എന്നെ അതിലേക്കു തള്ളിയിടാൻ. ഹാ ഞാനെന്തൊരു നീചൻ! ഈ ഭയം എന്നെ എളിമയിൽ ഒതുക്കിനിറുത്തേണ്ടതാണ്. ഞാൻ നിപതിച്ചേക്കും; എന്നാൽ ഞാൻ അതിനെപ്പററി ചിന്തിക്കുന്നില്ല.

എൻെറ കർത്താവേ, ഞാൻ ഒന്നുകൂടി പറയുന്നു: ആ സ്ഥലത്തുനിന്ന് എന്നെ രക്ഷിക്കുകയാണെങ്കിൽ ഞാനെന്തും ചെയ്തുകൊള്ളാം. തെരുവീഥിയിലെ മണൽത്തരിപോലെ ഞാൻ ചവിട്ടിമെതിക്കപ്പെട്ടുകൊള്ളട്ടെ. ദൈവമേ, അങ്ങയുടെ സ്നേഹജ്വാലകൊണ്ട് എന്നെ ദഹിപ്പിക്കുക.

6 മരണമേ, നിന്റെ വിധി എത്രസ്വാഗതാർഹം! (പ്രഭാ–41,3) നാളത്തേ കാര്യം, എന്റെ പ്രബന്ധം, എന്റെ ബിരുദം എന്നിങ്ങനെയുള്ള അപ്രധാനമായ സംഗതികളെപ്പറ്റി ഞാൻ ഇത്രമാത്രം ചിന്തിക്കുന്നതെന്തിന്? ഇന്നത്തേകാര്യം തന്നെ ദൈവം ഉറപ്പു തന്നിട്ടില്ല; പിന്നെ ഭാവിയെപ്പററി എന്തു പറയുവാനാണ്, ദൈവം ആഗ്രഹിക്കുന്നത് ഓരോ നിമിഷവും എൻെറ പൂർണ്ണഹൃദയത്തോടെ ഞാൻ ചെയ്യണം. ഭാവി ദൈവത്തിൻെറ കരങ്ങളിലേല്പിക്കുക. എങ്ങനെ ജീവിക്കണമെന്നു പരിശീലിപ്പിക്കുന്ന മരണവുമായി ഞാൻ പരിചയപ്പെടണം. യാതൊന്നിനോടും, എത്ര അപ്രധാനമായിരുന്നാൽത്തന്നെയും ഞാൻ ഒട്ടിപ്പിടിക്കരുത്; വസ്തുക്കളോടോ ചിത്രങ്ങളോടോ, ഗ്രന്ഥങ്ങളോടോ ലേഖനങ്ങളോടോ ഭക്തവസ്തുക്കളോടു തന്നെയോ മമതപാടില്ല. എല്ലാററിനോടും ഒരു ദിവസം യാത്രപറയേണ്ടിവരും. ഒരിക്കൽ എന്നെ പുറന്തള്ളും.

7 പരീക്ഷയുടെ ചിന്തയും എന്നെ ആകുലനാക്കുന്നുണ്ട്. എൻെറ അധ്യാപകരേയും വന്നുചേരുന്ന എല്ലാ അധ്യാപകരേയും ഞാൻ പഠിച്ചിട്ടുള്ളത് എന്തൊക്കെയാണെന്നു ഗ്രഹിപ്പിക്കേണ്ട കാര്യം എനിക്ക് ഓർമ്മിക്കുക വഹിയാ. അങ്ങനെയെങ്കിൽ ദിവ്യന്യായാധിപനായ ഈശോയുടേയും സ്വർഗ്ഗവാസികളുടേയും മുമ്പിൽ പാപിയായ

www.malankaralibrary.com

ഞാൻ തനിച്ചു നില്ക്കുമ്പോൾ എൻെറ ആത്മാവിൻെറ കഥ എന്തായിരിക്കും! വിശുദ്ധന്മാർ ഇതിനെപ്പററി ചിന്തിച്ചപ്പോൾ വിരണ്ടു വനാന്തരങ്ങളിലേക്കോടി. എന്നാൽ അവർ പരിശുദ്ധരായിരുന്നു. ഞാനെന്തൊരു വിഡ്ഢി! ഒന്നും ഭയപ്പെടാനില്ലാത്തപ്പോൾ ഞാൻ ഭയപ്പെടുന്നു; എന്നാൽ ഞാൻ പരിഭ്രാന്തനാകേണ്ട കാര്യത്തെപ്പററി ചിന്തിക്കപോലും ചെയ്യുന്നില്ല. ആകയാൽ കുറേക്കൂടി കാര്യബോധം വേണം. ഇവിടെയുള്ള ഈ പരീക്ഷകളെയൊന്നും അത്രയധികം ഭയപ്പെടേണ്ടതില്ല. യോഗ്യതകൾ സമ്പാദിക്കുവാനും സൽപ്രവൃത്തികൾ ചെയ്യാനും ധീരപരിശ്രമം ചെയ്തു ദൈവത്തിൻെറ വിധിയുടെ ഭയങ്കരത കുറയ്ക്കുവാനും ഞാൻ പരിശ്രമിക്കണം.

ഒരു സംഗതി കൂടി. എൻെറ പഠനത്തിൻെറ വിജയത്തേയും ഫലത്തേയും സംബന്ധിച്ച് എനിക്ക് എന്തുകൊണ്ടാണ് ഇത്രയേറെ ഉൽക്കണ്ഠയും വിറയലും? മനുഷ്യരെന്തു പറയുമെന്നുള്ളതാണ് എന്റെ ഉൽക്കണ്ഠാവിഷയം! മനുഷ്യരുടെ അഭിപ്രായത്തിനു ഞാൻ വളരെയേറെ വില കല്പിക്കുന്നു. ഞാൻ എൻെറ അഹങ്കാരത്തിൻെറ അടിമതന്നെ. എന്തൊരു മൗഢ്യം! മനുഷ്യരുടെ അഭിപ്രായമെന്തായാലും എനിക്കെന്താ? അവരാണോ എനിക്കു പ്രതിഫലം തരുന്നതു്? ഞാൻ അന്വേഷിക്കുന്നതു ദൈവത്തെയല്ലേ?

മനുഷ്യരുടെ അഭിപ്രായങ്ങളെ ഞാൻ അഭിമുഖീകരിക്കണം; അവയെ ഞാൻ അവഗണിക്കണം, വലിച്ചു ദൂരെ എറിയണം. ഒരു വൈദികനെന്ന നിലയിൽ വല്ലതും കാര്യമായി ചെയ്യണമെങ്കിൽ മനുഷ്യരുടെ അഭിപ്രായങ്ങളെ അവഗണിക്കുകയും എതിർക്കുകയും ചെയ്യേണ്ടിവരും. "ഞാൻ മനുഷ്യരെ സംതൃപ്തിപ്പെടുത്താൻ തുടങ്ങുകയാണെങ്കിൽ, ക്രിസ്തുവിൻെറ ദാസനായിരിക്കയില്ല" എന്നാണു വി. പൗലോസു പ്രസ്താവിച്ചിട്ടുള്ളതു്. (ഗലാ. 1, 10)

8 ഈ ജ്ഞാനധ്യാനത്തിൽ അഹങ്കാരത്തെപ്പററി ചിന്തിക്കണമെന്നാണ് എൻെറ ആദ്ധ്യാത്മികപിതാവു നിർബ്ബന്ധിക്കുന്നതു്. അതിനെ ഉരിഞ്ഞുകളയാതെ എനിക്കു സൽപ്രവൃത്തികൾ ചെയ്യാൻ കഴിയുകയില്ല, ആദ്ധ്യാത്മികമായി ഉയരുകയുമില്ല.

സ്വാത്മപ്രതിപത്തി! അതിനെപ്പററി ചിന്തിക്കുകയാണെങ്കിൽ ഒരു മഹാ പ്രശ്നമാണെന്നു കാണാൻ കഴിയും. ആരതു നിർവ്വചിച്ചിട്ടുണ്ടു്? ഏതു തത്വശാസ്ത്രജ്ഞൻ അതിനെപ്പററി പ്രതിപാദിച്ചിട്ടുണ്ടു്? ജീവനും മരണവും ഉൾക്കൊള്ളുന്ന ഒരു മഹാ പ്രശ്നമാണു നമുക്കു കൈകാര്യം ചെയ്യാനുള്ളതു്. എന്നാൽ ആരതു ചിന്തിക്കുന്നുണ്ടു്? നമ്മുടെ

www.malankaralibrary.com

സകല പ്രവൃത്തികളേയും നശിപ്പിക്കുന്ന മരണകാരിയായ ശത്രുവിനെ എതിർക്കേണ്ടതെങ്ങനെയെന്നു് നമ്മളെ സ്പഷ്ടമായി പഠിപ്പിച്ചിട്ടുണ്ടു്. അടുത്തകാലത്തെ എന്റെ ധ്യാനങ്ങളിൽനിന്നു് അതെനിക്കു ബോധ്യമായിട്ടുണ്ടു്.

ക്രിസ്തുവിന്റെ സുവിശേഷം അത്ഭുതാവഹമായ പഠനങ്ങളുടെ സമാഹാരമാണു്; അതെന്റെ ചിന്തയ്ക്കു ധാരാളം വിഷയം നല്കുന്നു. ഞാൻ ഇതിനുമുമ്പും ക്രിസ്തുവിനെ ശ്രവിച്ചിട്ടുണ്ടെങ്കിലും അത്ഭുതകരവും അഗാധവും രഹസ്യാത്മകവുമായ പല വശങ്ങളും ഇന്നു ഞാൻ തെളിഞ്ഞുകാണുന്നുണ്ടു്. ഈ കോണിൽനിന്നു നമ്മുടെ ദിവ്യരക്ഷകന്റെ ജീവിതത്തെപ്പററി ചിന്തിക്കുമ്പോൾ, അതു ലൗകികാശയങ്ങളുടെ ഒരു മറിച്ചടിയാണു്; ഭക്തരും നല്ലവരുമായ പലരുടേയും ചിന്താഗതിക്കു കടകവിരുദ്ധമാണു്. അതോക്കുമ്പോൾ എന്റെ വിസ്മയം വർദ്ധിക്കുന്നു.

ഒന്നുകിൽ നാം പുണ്യവാന്മാരായിക്കഴിഞ്ഞിട്ടുണ്ടു്; അല്ലെങ്കിൽ എളിമയുടെ മൂന്നാമത്തേ പദവിയിലെത്തുവാൻ അതായതു് സഹിക്കുവാനും നിന്ദിക്കപ്പെടുവാനും നാം ആഗ്രഹിക്കുകയായിരിക്കും. അല്ലെങ്കിൽ നാം വെറുതെയാണു്, എളിമയുടെ ഒന്നാമത്തേ പദവിയിലെത്തുകമാത്രമേ ചെയ്യുന്നുള്ളുവെങ്കിൽ, യേശുക്രിസ്തു പഠിപ്പിച്ചകാര്യങ്ങൾ ഫലരഹിതമായിത്തീരുന്നു. സ്വാത്മപ്രതിപത്തി കാഴ്ചയിൽ മാത്രം തകൎക്കപ്പെടുന്നതേയുള്ളു. ഇതാണു ശരിയായ നിഗമനമെങ്കിൽ, എന്റെ സ്ഥിതിയെന്താണു്? എളിമയുടെ പ്രഥമ പദവിയിൽപ്പോലും ഞാൻ എത്തിയിട്ടില്ലല്ലോ!

പ്രിയപ്പെട്ട ഈശോ, എനിക്കു ഭാവനം ചെയ്യാൻ കഴിയാത്തതുപോലും പ്രാവൎത്തികമാക്കുവാൻ അങ്ങേക്കു കഴിയുമെന്നു ഞാൻ വിശ്വസിക്കുന്നു. അങ്ങയുടെ പാദത്തിങ്കൽ ഞാൻ മുഴംകാൽ മടക്കുന്നു. ഏതു സ്ഥലത്തും എന്തുവിലകൊടുത്തും എന്തും സഹിച്ചും ഞാൻ അങ്ങയെ സേവിക്കും; എനിക്കു ചെയ്യാൻ കഴിയുന്ന യാതൊന്നുമില്ല. എന്നെത്തന്നെ താഴ്ത്താൻ പോലും എനിക്കറിഞ്ഞുകൂടാ. എങ്കിലും അങ്ങയോടു് ഒരു കാര്യം ഞാൻ പറയാം. അതും ഉറപ്പിച്ചു ഞാൻ പറയാം: എനിക്കു് എളിമ വേണമെന്നാഗ്രഹമുണ്ടു്. എളിമപ്പെടുത്തപ്പെടാനും സതീൎത്ഥ്യരാൽ അവഗണിക്കപ്പെടാനും എനിക്കു് ഇഷ്ടമാണു്. അങ്ങു് എനിക്കു് അയച്ചുതരാൻ തിരുമനസ്സാകുന്ന നിന്ദനത്തിൻേറയും സഹനത്തിൻേറയും ലജ്ജയുടേയും പ്രളയത്തിൽ അതീവാഹ്ലാദത്തോടെ കണ്ണടച്ചു മുങ്ങിക്കുളിക്കുവാൻ ഞാനാഗ്രഹിക്കുകയാണു്. ഇതു് അങ്ങയോടു പറയുന്നതു മനസ്സില്ലാമനസ്സോടെയാണു്. എന്റെ ഹൃദയം ഭേ

www.malankaralibrary.com

ദിക്കുന്നുണ്ട്; എങ്കിലും ഞാൻ ഇതു വാഗ്ദാനം ചെയ്യുന്നു. എനിക്കു സഹിക്കണം; അങ്ങേപ്രതി ഞാൻ നിന്ദിക്കപ്പെടണം. എന്തു ചെയ്യുമെന്നു് എനിക്കറിഞ്ഞുകൂടാ. ഞാൻ എന്നെ വിശ്വസിക്കുന്നില്ല. "നിന്ദിക്കപ്പെടുകയും സഹിക്കുകയുംചെയ്യുക," എന്ന തത്വം പൂർണ്ണഹൃദയത്തോടും ആത്മാവോടും കൂടെ ഞാൻ സ്വീകരിക്കുകയാണു്.

9 വിശുദ്ധ കുർബ്ബാനയെപ്പററിയുള്ള ഫാദർ ഫേബറിൻെറ മനോഹരമായ ഗ്രന്ഥം വായിച്ചപ്പോൾ അതിൽ അദ്ദേഹം സമർത്ഥമായി പ്രതിപാദിച്ചിരുന്ന ഒരാശയം എൻെറ ശ്രദ്ധയെ ആകർഷിച്ചു. ബലിപീഠത്തിലേക്കുള്ള പുഷ്പങ്ങൾ വി. കുർബ്ബാനയോടുള്ള ആത്മാർത്ഥമായ ഭക്തിയുടെ സൽഫലങ്ങളാണു്. അവയിൽ ആദ്ധ്യാത്മികാനന്ദത്തിനാണു് ഒന്നാംസ്ഥാനം. ധീരപുണ്യങ്ങളുടെ അന്തരീക്ഷമാകുന്ന ആദ്ധ്യാത്മിക ജീവിതത്തിലെ പ്രധാന ഘടകമാണു് ഈ ആനന്ദം. ഇതാണ ധീരത, സാമർത്ഥ്യം, അവർണ്ണനീയമായ കൃപാവരം. ആദ്ധ്യാത്മിക ജീവിതത്തിൽ പരസ്പരം പൊരുത്തമില്ലാത്ത ഗുണവിശേഷങ്ങളെ യോജിപ്പിച്ചു കൊണ്ടുപോകുന്ന മനഃസ്വാതന്ത്ര്യത്തിന്റെ യഥാർത്ഥ ഉറവയായിട്ടു പ്രസ്തുത ആനന്ദത്തെ കരുതണം. ആശാനിഗ്രഹത്തോടു് അഭേദ്യമായി ഒട്ടിനില്ക്കുന്ന സ്നേഹത്തിൻെറ സ്വാഭാവികപ്രകടനങ്ങൾക്കു സ്വാതന്ത്ര്യം നല്കുന്നതാണു് ആനന്ദം. ഈ ആനന്ദത്തിൻെറ ഇടയ്ക്കു നാം ആശാനിഗ്രഹം പാലിക്കണം. ആനന്ദം വർദ്ധിക്കുന്നതിനു് ആശാനിഗ്രഹം അഭ്യസിക്കുകതന്നെ വേണം.

ആകയാൽ ഞാൻ സദാ ആനന്ദത്തിൽ കഴിയണം. ഒരു നിമിഷം പോലും ആത്മപരിത്യാഗത്തിൽനിന്നു നാം ഒഴിഞ്ഞുമാറരുതു്. ആദ്ധ്യാത്മിക പുരോഗമനത്തിനു പ്രതിബന്ധമായി നില്ക്കുന്നതും നമ്മളെ സങ്കടപ്പെടുത്തുന്നതും സ്വാർത്ഥപ്രതിപത്തിയാണു്. ആത്മപരിത്യാഗം ജീവനും പ്രസന്നതയും പ്രദാനം ചെയ്യുന്നു.

വിശുദ്ധർ സദാ സന്തുഷ്ടരാണു്; സന്യാസികളും സന്യാസിനികളും എല്ലായ്പ്പോഴും പ്രസന്നരായി കാണപ്പെടുന്നു; എന്തുകൊണ്ടെന്നാൽ കാരുണ്യംകൂടാതെ, എന്നാൽ വളരെ വിവേകത്തോടെ അവർ വി. പൗലോസിനെപ്പോലെ തങ്ങളുടെ ശരീരത്തെ അടിച്ചമർത്തുന്നു. തന്നെത്തന്നെ നിഷേധിക്കുന്നവൻ സ്വർഗ്ഗീയ സന്തുഷ്ടി ആസ്വദിച്ചാനന്ദിക്കും.

10 വിശ്വാസം ഒരു സാധാരണ പുണ്യമാണു്; തന്നിമിത്തം വൈദികർ അതിനെ അത്ര കാര്യമായി ഗണിക്കുന്നില്ല. ക്രിസ്തീയജീ

www.malankaralibrary.com

വിതത്തിൽ അതിനു വായുവിൻെറ സ്ഥാനമാണുള്ളതു്. നമ്മൾ ശ്വസിക്കുന്ന വായുവിൻെറ കാര്യം ആരു ശ്രദ്ധിക്കുന്നു? എന്നാൽ നമ്മുടെ ഈ കാലത്തു് ഈ പുണ്യത്തിനുള്ള പ്രായോഗിക പ്രാധാന്യം ഞാൻ ശരിയായി കാണുന്നുണ്ടു്.

ഒരു പരിശുദ്ധ നിധിയെന്നപോലെ എൻെറ വിശ്വാസത്തെ ശ്രദ്ധാപൂർവ്വം ഞാൻ സംരക്ഷിക്കും. ആധുനികാന്തരീക്ഷത്തിൽ വിശ്വാസചൈതന്യം തകർന്നുപോകുന്നുണ്ടു്; എന്നാൽ ഞാൻ പ്രസ്തുതചൈതന്യത്തോടു വിശ്വസ്തത പാലിക്കും. എനിക്കു കർത്താവു ദീർഘജീവിതം അനുവദിക്കുകയും അവിടുത്തെ സഭയിൽ ഒരു നല്ല വൈദികനായിരിക്കാൻ സന്ദർഭം തരികയും ചെയ്യുകയാണെങ്കിൽ, സജീവവും അചഞ്ചലവുമായ വിശ്വാസമുള്ള ഒരു വൈദികനായിരുന്നുവെന്നു് എന്നെപ്പററി പറയുന്നതാണു മറേറതു സ്ഥാനത്തേക്കാളുമെനിക്കു് ഇഷ്ടം. എല്ലാ കാര്യത്തിലും ഞാൻ മാർപ്പാപ്പായോടുകൂടെ നില്ക്കും. ഔദ്യോഗികമായി നിർവ്വചിക്കാത്ത കാര്യങ്ങളിൽക്കൂടി മാർപ്പാപ്പായെ പിന്താങ്ങി നില്ക്കുവാനും ചിന്തിക്കുവാനുമാണെനിക്കാഗ്രഹം. ഭാഗ്യസ്മരണാർഹരായ ബെർഗമാ പുരോഹിതന്മാരെപ്പോലെയായാൽ മതി എനിക്കു്. മാർപ്പാപ്പായും മെത്രാന്മാരും കാണുന്നതിൽ കൂടുതലായൊന്നും അവർ കാണാൻ ആഗ്രഹിച്ചില്ല. തിരുസ്സഭയുടെ വിവേകവും ചിന്താഗതിയും തന്നെ അവരുടേതു്.

മതാത്മകമായ എല്ലാ കാര്യങ്ങളിലും ദൈവശാസ്ത്രപരവും വിശുദ്ധഗ്രന്ഥസംബന്ധവുമായ എല്ലാ വിഷയങ്ങളിലും തിരുസ്സഭയുടെ ഔദ്യോഗികമായ പഠനം എന്താണെന്നു ഞാനാരായും. അതിൻെറ അടിസ്ഥാനത്തിന്മേൽ സമകാലീകപണ്ഡിതന്മാരെ ഞാൻ വിധിക്കും: വിമർശനം ഞാൻ വെറുക്കുന്നില്ല. വിമർശകരെപ്പററി മോശമായി വിചാരിക്കാതിരിക്കാനും അവരോടു് അനാദരമായി പെരുമാററാതിരിക്കാനും ഞാൻ ശ്രദ്ധിക്കും; വിമർശനം ഞാൻ ഇഷ്ടപ്പെടുന്നു. ആധുനികഗവേഷണങ്ങൾ പരിചയപ്പെടുന്നതു് എനിക്കു സന്തോഷമാണു്. ആധുനികചിന്താഗതികളും അവയുടെ അനുസ്യൂതമായ പുരോഗമനവും വളർച്ചയും ഞാൻ പഠിക്കും. എന്നെസംബന്ധിച്ചിടത്തോളം വിമർശനം പ്രകാശവും സത്യവുമാണു്. പരിശുദ്ധമായ സത്യം ഒന്നേയുള്ളു. ഈ ദുശവിഷയങ്ങളെപ്പററിയുള്ള ചർച്ചകളിൽ അയോജ്യമായ ഉത്സാഹവും വഞ്ചനയും കടന്നുകൂടാവുന്നതാണു്. തന്നിമിത്തം മിതത്വം ഐക്യബോധം, സമചിത്തത, ശാന്തമായ വിധി, വിവേകസമന്വിതമായ വിശാലത എന്നിവ അത്യന്താപേക്ഷിതമാണു്. സംശയകരമായ വിഷയങ്ങളിൽ അജ്ഞനെപ്പോലെ ഞാൻ മൗനം അവലംബി

www.malankaralibrary.com

ക്കും. തിരുസ്സഭയുടെ തീരുമാനങ്ങളിൽനിന്ന ലഘുവായ വ്യതിയാനമുള്ള സിദ്ധാന്തങ്ങൾകൂടി ഞാൻ സമാദരിക്കയില്ല. ഒന്നും എന്നെവിസ്മയിപ്പിക്കുകയില്ല. ചില അനുമാനങ്ങൾ വിശ്വാസ ഭണ്ഡാഗാരത്തെ സ്പർശിക്കുന്നില്ലെങ്കിലും അപ്രതീക്ഷിതമായെന്ന വരാം. വിസ്മയം അജ്ഞതയുടെ പുത്രിയാണ്. തൻെറ ആവിഷ്കരണമാകുന്ന നിർമ്മലവിധിയെ അഴക്കിൽ നിന്ന മാററി അച്ഛസ്ഫടികമാക്കാൻ ദൈവം ഇങ്ങനെയൊക്കെ ചെയ്യുന്നതിൽ ഞാൻ ആഹ്ലാദം കൊള്ളുന്നു.

പൊതുവേ പറയുന്ന പക്ഷം ഞാൻ എല്ലാം ശ്രവിക്കും. എല്ലാവരേയും ശ്രവിക്കും. ധാരാളം ഞാൻ ചിന്തിക്കുകയുംപഠിക്കുകയും ചെയ്യും. വിധിയൊക്കെ സാവധാനത്തിൽ മതി. അധികം സംസാരിക്കരുത്; ഇതരരുടെ ശ്രദ്ധ ആകർഷിക്കുവാൻ ഉത്സാഹിക്കുകയുമരുത്. തിരുസ്സഭയുടെ ചിന്താഗതിയിൽനിന്ന് അണുപോലും വ്യതിയാനം പാടില്ല. സിസറോ പ്രസ്താവിച്ചിരിക്കുന്നതുപോലെ. "മനുഷ്യരുടെ കണ്ടുപിടിത്തങ്ങളെ സമയംനശിപ്പിക്കും. സത്യം ഓജസ്സോടെ നിലനില്ക്കും; അല്ല കൂടുതൽ ശക്തിപ്പെട്ടും; എന്നേക്കും സജീവമായിത്തുടരും"

ഞാൻ എല്ലാം മനസ്സിലാക്കാൻ നന്നായി ശ്രമിച്ചുകൊണ്ടിരിക്കും; എല്ലാത്തിൻേറയും വില സമ്മതിച്ചുകൊടുക്കും; എല്ലാവരോടും അനുകമ്പാപൂർവ്വം പ്രവർത്തിക്കും. എനിക്കും ഇതരക്കും ഭക്ത സംവദ്ധകമായ കാര്യങ്ങളുടെ യാഥാർത്ഥ്യത്തിലേക്കു കൂടുതലായി ഞാൻ ചുഴിഞ്ഞു നോക്കേണ്ടതില്ല. റോമാനഗരത്തിൽ ഞാൻ സമസ്തവും പരിഗണിക്കേണ്ടതുണ്ട്. ശരിയായ വസ്തുതകളുടേയും യുക്തികളുടേയും താങ്ങില്ലാത്ത നിസ്സാരകാര്യങ്ങളും എൻെറ വിശ്വാസം തളരാതെ പുഷ്ടിപ്പെട്ടുന്നതിനും ദൃഢമായി പരിപാലിക്കപ്പെട്ടുന്നതിനും പ്രയോജകീഭവിച്ചേന്നുവരും. അവക്കു് അവണ്ണനീയവും ലളിതവുമായ ഒരാകർഷണമുണ്ട്. ഇക്കാര്യത്തിൽ ഈശോയുടെ മഹത്തായ ഉപദേശം നാം ആശ്ലേഷിക്കണം. "നിങ്ങൾ പിന്തിരിഞ്ഞു ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ, സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല." (മത്താ 18, 13)

11 ഈ ധ്യാനം അവസാനിക്കുമ്പോൾ, ഞാനെന്തു ചെയ്യും? പരിശുദ്ധമായ എളിമ പരിശീലിക്കുന്നതു സംബന്ധിച്ച് എനിക്കുള്ള ആശയങ്ങൾ ആദ്ധ്യാത്മിക പുരോഗമനവും ക്രിസ്തീയ പരിപൂർണ്ണതയും പ്രാപിക്കുന്ന കാര്യത്തിൽ ആശങ്കയാണുളവാക്കുന്നത്. ഈദൃശസന്ദേഹം വളരെ ഉപദ്രവകരമാണ്. അതു പിശാചിൻെറ പരീക്ഷയാണ്.

www.malankaralibrary.com

വളരെയേറെ വലിച്ചുകൂട്ടാതിരിക്കാനും നിർമ്മാണപരമായി യാതൊന്നും നേടാതെ പരിഭ്രാന്തനാകാതിരിക്കാനും ഞാൻ ഒന്നേ ചെയ്യേണ്ടതുള്ളു. എൻെറ ആദ്ധ്യാത്മിക പിതാവു് ഉപദേശിക്കുന്നതുപോലെ ഞാൻ എല്ലാ ദിവസവും വി. സ്റ്റനിസ്ലാസുകോസ്കായെപ്പോലെ ജീവിക്കണം; എല്ലാ മണിക്കൂറും വി. ബെർക്കുമൻസിനെപ്പോലെ കഴിക്കുകയും വേണം. ഇപ്പോൾ ഞാനെന്താണു ചെയ്യേണ്ടതു്? അതായിരിക്കണം എൻെറ പരിശ്രമങ്ങളുടെയും എല്ലാം ഉദ്ദേശ്യം; ഇതുതന്നെ പരിപൂർണ്ണത സമ്പാദിക്കുവാനുള്ള ഉത്തമാഭ്യാസം. എല്ലാ പ്രവൃത്തികളും ഓരോന്നായി യഥാതഥം കൂടിച്ചേർന്നു് ഒരു നല്ല യോഗ്യനായ പുരോഹിതനുണ്ടാകുക എന്നുള്ളതാണു് ഞാൻ ചെയ്യുന്ന സകല പ്രവൃത്തികൾക്കുമുള്ള പരിപൂർണ്ണതയുടെ നൈസർഗ്ഗിക ഫലം. അതു തൽക്ഷണം ദൃശ്യമായെന്നു വരികയില്ല. ഞാൻ എത്ര പ്രവൃത്തികൾ ചെയ്യുവെന്നല്ല എങ്ങനെ ചെയ്യുവെന്നാണു ദൈവം പരിശോധിക്കുക. ഹൃദയമല്ലാതെ വേറൊന്നും അവിടുന്നാവശ്യപ്പെടുന്നില്ല. എല്ലാ സൃഷ്ടികളുടേയും അന്ത്യമായ സർവ്വേശ്വരൻെറ സാന്നിധ്യബോധം, എന്നെത്തന്നെ പൂർണ്ണമായി വിസ്മരിക്കുക എന്നീ രണ്ടു കാര്യങ്ങൾ ഒത്തുചേരുമ്പോൾ ഞാൻ ചെയ്യുന്നവ പൂർണ്ണമായിരിക്കും.

ഫാദർ ഫേബർ വിജ്ഞാനപൂർവ്വം പ്രസ്താവിച്ചിരിക്കുന്നതുപോലെ, നമ്മുടെ പ്രവൃത്തികൾ മുഴംകാൽ മടക്കി നില്ക്കുന്ന വ്യക്തികളെപ്പോലെ ആയിരിക്കണം. അവരുടെ മുഖം സ്നേഹസൂചകമായിരിക്കണം. തങ്ങളെത്തന്നെ പൂർണ്ണമായി വിസ്മരിച്ചു കൈകൂപ്പി ദൃഷ്ടികൾ സ്വർഗ്ഗത്തിലേക്കു തിരിച്ചു് ആരാധനാനിമഗ്നരായി അവർ നില്ക്കണം.

എൻെറ ചുമതലകൾ നിർവ്വഹിക്കേണ്ടിവരുമ്പോൾ പ്രശാന്തമായി ഏകാഗ്രതയോടും സമാധാനത്തോടുംകൂടെ ഞാൻ നിർവ്വഹിക്കും, ആ ഒരൊററ പ്രവൃത്തി ചെയ്യാൻ നിയുക്തനായതുപോലെ, ഞാനെങ്ങനെ എൻെറ കൃത്യം നിർവ്വഹിക്കുന്നുവെന്നു കാണുവാൻ കല്പനതന്നശേഷം ഈശോ കാത്തുനിന്നാലെന്നപോലെ, ഞാൻ ആ പ്രവൃത്തി ചെയ്യും. മററു ചുമതലകൾ അതാതിനു നിശ്ചയിച്ചിരിക്കുന്ന സമയത്തു യാതൊരു ധൃതിയും ഉൽക്കണ്ഠയും വെപ്രാളവും അശ്രദ്ധയും കൂടാതെ പൂർണ്ണമായി നിറവേററും.

ഞാനിങ്ങനെയൊക്കെ തുടർന്നുകൊണ്ടുപോകയാണെങ്കിൽ, സ്വാർത്ഥപ്രതിപത്തിക്കു പിന്നെ എവിടെയാണു സ്ഥാനമുള്ളതു്? തിട്ടപ്പെടുത്തുവാൻ വഹിയാത്ത മഹാഫലങ്ങൾ ഈ ഭക്താഭ്യാസങ്ങൾ പുറപ്പെടുവിക്കുകയില്ലേ?

www.malankaralibrary.com

നിന്ദയുടേയും എളിമയുടേയും മാർഗ്ഗത്തിലൂടെ ധീരമായി ഞാൻ പുറപ്പെട്ടപ്പോൾ എന്നെ അഭിമുഖീകരിച്ചേക്കാവുന്ന സകല വിഷമങ്ങളും നമ്മുടെ ദിവ്യഗുരുവിൻെറ പീഡാനുഭവദൃശ്യങ്ങളെപ്പററി ധ്യാനിക്കുമ്പോൾ അത്ഭുതകരമായി മാഞ്ഞുപോകും. എല്ലാപ്രശ്നങ്ങൾക്കും പരിഹാരം ക്രിസ്തുവാണ്; ക്രൂശിതനായ ക്രിസ്തുവാണ്. ഈ വാസ്തവം ഞാൻ സ്പഷ്ടമായി കാണുന്നു. ഈശോ തൻെറ ലജ്ജയുടെനിമിഷത്തെ തീക്ഷ്ണതയോടെ കാത്തുനിന്നു; ദിവ്യമായ ഔത്സുക്യത്തോടെ അതിനു സ്വാഗതമരുളുകയുംചെയ്തു. ഈ കാത്തിരുപ്പിൽ ഈശോ പ്രദർശിപ്പിച്ച സമചിത്തതയും ധൈര്യവും ആത്മാർത്ഥതയും ധ്യാനിച്ചപ്പോൾ ഫാദർ ഡെലാ കൊളൊമ്പിയർ വിസ്മയസ്തബ്ധനായി. എളിമയുടെ സാഗരത്തിൽ മുങ്ങിക്കുളിക്കുവാൻ എനിക്കാഗ്രമുണ്ട്; ഏതു പരീക്ഷണങ്ങൾക്കും വിധേയമാകുന്നതിൽ എനിക്ക് അവർണ്ണനീയമായ ആനന്ദമുണ്ട്; തെല്ലു പരിഭ്രമവും പാരവശ്യവുമൊക്കെയുണ്ട്. എന്നുവരികിലും ഇങ്ങനെ സ്വാർത്ഥത്തെ ദൈവാനുഗ്രഹത്താൽ പരാജയപ്പെടുത്താമല്ലോ. എൻെറ സെമ്മിനരി ജീവിതത്തിൽ എന്നെത്തന്നെ താഴ്ത്തുവാനും എൻെറ സ്വാർത്ഥപ്രതിപത്തിയെ തകക്കാനും എനിക്കു ധാരാളം ചെറിയ സന്ദർഭങ്ങളുണ്ടാകും; പുരോഹിതജീവിതത്തിൽ കൂടുതൽ സന്ദർഭങ്ങളുണ്ടാകും. ആദ്ധ്യാത്മികപിതാവു പറയാറുള്ളതുപോലെ, ഇവയൊക്കെ കുരിശിൻെറ വഴിയിലെ സ്ഥാനങ്ങളാണ്. അവ കാണുമ്പോൾ എല്ലാത്യാഗവും എനിക്ക് എളുപ്പമായിത്തീരും.

ക്രിസ്തുനാഥൻെറ ഈ ഉൽകൃഷ്ടമാതൃക മുമ്പിൽവച്ചുകൊണ്ട് എളിമയോടുകൂടെ ജീവിക്കാനും നിന്ദിക്കപ്പെടാനും വേണ്ട പ്രതിജ്ഞകൾ ഞാനെടുക്കും. ഈശോയോടുകൂടെ മേശയ്ക്കിരുന്ന ശിഷ്യനാണ് അവിടെനിന്നെഴുന്നേററു് അവിടുത്തെ ചുംബിച്ചുകൊണ്ട് ഒററിക്കൊടുത്തതു്. ഈശോയുടെ പ്രത്യേക കരുണയ്ക്കു പാത്രമായിരുന്ന വേറൊരു ശിഷ്യനാണ് അവിടുത്തെ നിഷേധിച്ചതു്. എല്ലാവരും അവിടുത്തെ ഉപേക്ഷിച്ചെങ്കിലും അവിടുന്ന് എല്ലാവരോടും സ്നേഹപൂർവ്വം സംസാരിക്കുകയും ക്ഷമാപൂർവ്വം അവരെ കടാക്ഷിക്കുകയുമാണ് ചെയ്തതു്. എൻെറ കരുണ പ്രാപിച്ചിട്ടുള്ളവരുടെ കൃതജ്ഞതയേയോ അവഗണനയേയോ അശ്രദ്ധാഭാവത്തേയോ അതൃപ്തിയോടെ ഞാൻ വീക്ഷിക്കരുതു്.

ഈശോയുടെ അധ്യാപനം വളച്ചൊടിക്കപ്പെട്ടിരുന്നപ്പോഴും വഞ്ചകനായി അവിടുന്നു മുദ്രകുത്തപ്പെട്ടപ്പോഴും നിന്ദാവഹേളനങ്ങൾക്കു വിഷയമായപ്പോഴും അവിടുന്നു മൗനം അവലംബിക്കുകയാണുണ്ടായതു്. തന്നെ അപമാനിച്ചവരോടു് അവിടുന്നു വിദ്വേഷം പ്രകാശിപ്പി

www.malankaralibrary.com

ച്ചില്ല. പ്രഹരിക്കപ്പെടുന്നതിനും ചമ്മട്ടികൊണ്ടു് അടിക്കപ്പെടുന്നതിനും ഭ്രാന്തനായി പരിഗണിക്കപ്പെടുന്നതിനും അവിടുന്നു വിരോധം പ്രകടിപ്പിച്ചില്ല. അവിടുത്തെ പ്രശാന്തതയ്ക്കു് ഒരിക്കലും ഒരു കുറവുണ്ടായില്ല; മൗനം അവിടുന്നു ഭഞ്ജിച്ചതുമില്ല.

ആകയാൽ ജനങ്ങൾ എന്നെപ്പറ്റി എന്തുപറയുന്നതിനും ഞാൻ സമ്മതം കൊടുക്കും. അവരെന്നെ താഴ്ത്തിക്കെട്ടുകയോ എന്റെ വാക്കുകളും പ്രവൃത്തികളും തെററിദ്ധരിക്കയോ ചെയ്താലും ഞാൻ എന്നെ നീതീകരിക്കാനോ ഒഴിവുകഴിവുകൾ കണ്ടുപിടിക്കാനോ തുനിയുകയില്ല. ഒരുവാക്കുപോലും ഉരിയാടാതെ തലവന്മാരുടെ ശാസനങ്ങൾ സന്തോഷപൂർവ്വം ഞാൻ സ്വീകരിക്കും.

സഹനത്തിന്റേയും നിന്ദയുടേയും വിശാലസാഗരത്തിലേക്കു തള്ളപ്പെട്ട ക്രൂശിതനീശോ വിലപിക്കുന്നില്ല; തന്റെ ശത്രുക്കളോടു കരുണാപൂർവ്വം ക്ഷമിക്കുന്നു. എന്റെ കർത്താവു് എനിക്കു് അയച്ചുതരാൻ തിരുമനസ്സാകുന്ന കഷ്ടതകളുടെ ഇടയിൽ ഞാൻ ഒന്നും മിണ്ടുകയില്ല; എന്റെ സ്നേഹിതന്മാരോടുപോലും ഞാൻ അവയെപ്പററി സംസാരിക്കുകയില്ല. പഠനത്തിലെ പരാജയംകൊണ്ടു ഞാൻ ഭഗ്നാശനാകുകയാണെങ്കിൽക്കൂടി മനുഷ്യരുടെ പ്രശംസകൾ തേടിനടക്കാതെ ദൈവനിശ്ചയത്തിനു ശിരസ്സു നമിക്കതന്നെ ചെയ്യും; സന്തോഷപൂർവ്വം വൈരാഗ്യമൊന്നുംകൂടാതെ ഒരു ദാനമോ, അഭിനന്ദനമോ, ആശ്ലേഷമോ ഈശോയിൽനിന്നു ലഭിച്ചാലെന്നപോലെ ഈ പരാജയത്തിൽ ഞാൻ വർത്തിക്കും. എല്ലാ സാഹചര്യങ്ങളിലും "എന്റെ അഭിമാനം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കുരിശിലല്ലാതെ വേറൊന്നിലുമായിരിക്കയില്ല." (ഗലാ. 6, 14)

13. ഞങ്ങളുടെ ധ്യാനത്തിന്റെ സമാപനദിനത്തിന്റെ തലേദിവസം ഞാൻ ഈശോയുടെ പീഡാനുഭവത്തെപ്പററി ധ്യാനിച്ചു. എന്റെ ഹൃദയത്തിൽ ഒരു മഹാ സമാധാനം എനിക്കു് അനുഭവപ്പെട്ടു. പ്രത്യേകിച്ചു വി. ക്ലോഡു ഡെലാ കൊളമ്പിയർ ലണ്ടനിൽവച്ചു നടത്തിയ ജ്ഞാനധ്യാനത്തിൽ പ്രാപിച്ച അനുഗ്രഹങ്ങളെ സംബന്ധിച്ചു ഭക്ഷണമേശയിൽ വായിച്ചുകേട്ടപ്പോൾ എന്റെ സന്തോഷം സമ്പൂർണ്ണമായി. പരിശുദ്ധമായ എളിമയും ദൈവത്തിന്റേയും മനുഷ്യരുടേയും മുമ്പാകെ വിനീതമായ നിലപാടും സ്വീകരിച്ചു യഥാർത്ഥ വിശുദ്ധി നേടാൻ തീക്ഷ്ണവും ഉജ്ജ്വലവുമായ ഒരാഗ്രഹം എനിക്കുതോന്നി. എന്റെ ആദ്ധ്യാത്മികാഭ്യാസങ്ങളൊക്കെ വർദ്ധമാനമായ തീക്ഷ്ണതയോടെ നിർവ്വഹിക്കുവാൻ എനിക്കു നവമായ ഒരു പ്രചോദനമുണ്ടായി. ഒരു വി

www.malankaralibrary.com

ദ്യാത്ഥിയും വിദ്യാത്ഥികളുടെ പ്രീഫെക്ററുമെന്ന നിലയിൽ എൻെറ ചുമതലകളെല്ലാം നിവ്വഹിക്കാനും പ്രസ്തുതാടിസ്ഥാനത്തിൽ എൻെറ ആദ്ധ്യാത്മികജീവിതം പാടെ നവീകരിക്കുവാനുമുള്ള ആഗ്രഹം എന്നിൽ ശക്തിപ്രാപിച്ചു. ഈ പ്രാഥമികചൈതന്യം നഷ്ടപ്പെട്ടുകഴിയുമ്പോൾ ഞാൻ പൂവ്വസ്ഥിതിയിലേക്കു പ്രത്യാഗമിച്ചേക്കുമെന്ന് എനിക്കു ഭയമുണ്ട്. ആകയാൽ ഇന്ന് എനിക്കുള്ള തീക്ഷ്ണതയും വികാരങ്ങളും എന്നും എനിക്കു നല്കണമെന്ന് അനുസ്യൂതം ഈശോയോടു ഞാൻ പ്രാത്ഥിക്കും. അവിടുന്ന് എന്നെ അനുഗ്രഹിക്കുകയും സദാ താങ്ങുകയും ചെയ്യട്ടെ.

എൻെറ പരാജയങ്ങൾ ഞാനിപ്പോഴെ കാണുന്നു. എൻെറ ഈശോ, എൻെറ ഇഷ്ടപ്രകാരമല്ല ഈ പരാജയങ്ങൾ ഉണ്ടായിട്ടുള്ളതു്. ഈശോയുടെ തിരുഹൃദയമേ, എന്നെ പരാജയംകൂടാതെ സംരക്ഷിക്കുക. എന്നെ ഒന്നിനും കൊള്ളുകയില്ല, എന്നാൽ ഞാൻ അങ്ങയെ സ്നേഹിക്കുന്നു; ഞാൻ അങ്ങയെ സ്നേഹിക്കുന്നു.

14 ഈശോയുടെ തിരുഹൃദയത്തെപ്പററിയോ വി. കുർബ്ബാനയെപ്പററിയോ ആരെങ്കിലും സംസാരിക്കുമ്പോൾ എനിക്ക് അവണ്ണനീയമായ ആനന്ദം തോന്നുന്നു. അമൂല്യ സ്മരണകളുടേയും മധുരമായ സ്നേഹത്തിൻേറയും ആനന്ദ സംദായകമായ ശരണത്തിൻേറയും ഒരു രംഗം സാധുവായ എന്നിൽക്കൂടെ കടന്നു വരികയും സാനന്ദം ഞാൻ വിറച്ചുപോകുകയും ചെയ്യുന്നു. എൻെറ ആത്മാവ് ആർദ്രതാപൂണ്ണമാകുന്നു. എല്ലാ നന്മയുടേയും ഉറവയായ ഈശോയുടെ തിരുഹൃദയത്തിങ്കൽ ഞാൻ സദാ ഉണ്ടായിരിക്കേണ്ടതിന് ഈശോ നല്കുന്ന സ്നേഹമസ്സണമായ ക്ഷണങ്ങളാണിവ. ദിവ്യകാരുണ്യസാദൃശ്യങ്ങളുടെ കീഴിൽ രഹസ്യമാംവിധം അവിടുത്തെ തിരുഹൃദയം തുടിക്കുകയാണ്. തിരുഹൃദയത്തോടുള്ള ഭക്തി എൻെറ ജീവിതം മുഴുവനും എന്നിൽ വളർന്നു കൊണ്ടാണിരുന്നിട്ടുള്ളതു്. എൻെറ വലിയ അച്ഛൻെറ സഹോദരൻ സാവേരിയോ മാമ്മോദീസാ കുളത്തിൽ ശിശുവായ എന്നെ സമർപ്പിച്ചപ്പോൾ ആ ഗ്രാമീണ ദേവാലയത്തിൽ വച്ചുതന്നെ എന്നെ ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിച്ചു. അവിടുത്തെ സംരക്ഷണയിൽ ഒരു നല്ല ക്രിസ്ത്യാനിയായി വളരുന്നതിനാണ് അങ്ങനെ അദ്ദേഹം പ്രതിഷ്ഠിച്ചതു്. അദ്ദേഹത്തിൻെറ അടുക്കൽ ഇരുന്നു സുന്ദരമായ ഒരു പ്രാത്ഥന ഞാൻ പഠിച്ചു. അതു് ഇന്നും ആവത്തിക്കുവാൻ ഞാൻ ഇഷ്ടപ്പെടുന്നു. "എൻെറ ഈശോയുടെ തിരുഹൃദയമേ, അങ്ങയെ അധികമധികം സ്നേഹിക്കുവാൻ എന്നോടു കൃപചെയ്യണമേ".

www.malankaralibrary.com

എന്റെ ഇടവയിൽ എല്ലാ കൊല്ലവും സെപ്റ്റംബറിലേ നാലാം ഞായറാഴ്ചയാണ് ഈശോയുടെ തിരുഹൃദയത്തിന്റെ തിരുനാൾ കൊണ്ടാടിയിരുന്നത്. എന്റെ വലിയ ചിററപ്പൻ സവേരിയോയുടെ തിരുനാളെന്നാണ് എല്ലാവരും അതിനു പേരിട്ടിരുന്നത്. വളരെ തീക്ഷ്ണതയോടെ അദ്ദേഹം പ്രസ്തുത തിരുനാൾ കൊണ്ടാടിയിരുന്നു. എന്റെ ചെറുപ്രായത്തിനൊത്തവണ്ണം തിരുനാളിനൊരുങ്ങാൻ അദ്ദേഹം എന്നോടും അവശ്യപ്പെട്ടു. എന്റെ മാതാപിതാക്കന്മാരും വലിയചിററപ്പനും ഞാൻ അവരെപ്പോലെ ഒരു കർഷകനാകണമെന്നാണ് നിയോഗിച്ചിരുന്നത്. എന്നാൽ തിരുഹൃദയം എന്നെ തനിക്കായി തിരഞ്ഞെടുത്തു. അക്കാര്യം സാധിക്കുന്നതിന് അവിടുന്നു നിയോഗിച്ചതു് എന്റെ ഇടവകവികാരി ഭാഗ്യസ്മരണാർഹനായ ഫാദർ ബൈസീനിയെയാണ്. അദ്ദേഹവും ഒരു തിരുഹൃദയ ഭക്തനായിരുന്നു. ഭയാനകമായ അദ്ദേഹത്തിന്റെ യൗവനകാലത്തു തിരുഹൃദയത്തിന്റെ വിജയത്തിനായി അദ്ദേഹം കഠിനാദ്ധ്വാനം ചെയ്തു. 1895 —ൽ മിലാനിൽ നടത്തിയ ദിവ്യകാരുണ്യ സമ്മേളനം ഞാൻ വിസ്മരിക്കുകയില്ല; അ കൊല്ലമാണ് എനിക്ക് ആസ്ഥപ്പാട്ടു പട്ടം കിട്ടിയതു്. പ്രസ്തുത സംഭവം വി. കുർബ്ബാനയോടുള്ള എന്റെ ഭക്തി വർദ്ധിപ്പിച്ചു. സെമ്മിനാരിയിൽ വൈദിക വിദ്യാർത്ഥികൾക്കായി നല്കിയിരുന്ന ഉപദേശശകലങ്ങളും ശരൽക്കാലത്തെ ദീർഘമായ ഒഴിവു ദിവസങ്ങളിൽ സോത്തോഇൽമോന്തേ ദൈവാലയത്തിൽ നടത്തിയ ദിവ്യകാരുണ്യ സന്ദർശനങ്ങളും എനിക്കു വിസ്മരിക്കുവാൻ കഴിയുന്നതല്ല. പിന്നീട് ഈശോയുടെ തിരുഹൃദയത്തിനു തുടർച്ചയായി പലപ്രാവശ്യം ഞാൻ പ്രതിഷ്ഠകൾ നടത്തി; തിരുഹൃദയത്തെപ്പററിയുള്ള ഒരു പ്രസംഗത്തിനു വളരെയേറെ ഒരുങ്ങി. അവസാനം പ്രസംഗം നടന്നില്ലെങ്കിലും ഈ പ്രിയംകരമായ ഭക്തിയെപ്പററി പല പുസ്തകങ്ങളും ലേഖനങ്ങളും ഞാൻ വായിക്കുവാനിടയായി.

അതീവ സന്തോഷത്തോടെയാണ് വളരെ തുച്ഛമെങ്കിലും ഈ നിസ്സാര കാര്യങ്ങൾ ഞാൻ ഓർമ്മിക്കുന്നതു്. അവ റോമയിലേക്കുള്ള ദുർഘടമായ എന്റെ പഥത്തിലേ ചൂണ്ടിപ്പലകകളാണ്. ഇപ്പോഴും ഒഴുകിക്കൊണ്ടിരിക്കുന്ന അരുവിയിൽനിന്നു നിരവധി അനുഗ്രഹങ്ങൾപ്രാപിക്കുവാൻ വഴിതെളിഞ്ഞല്ലോ റോമയിൽ.

ഇന്നു് തിരുഹൃദയത്തെ സംബന്ധിക്കുന്ന സമസ്തവും എനിക്കു വളരെ പരിചിതവും പ്രിയംകരവുമായിത്തീർന്നിരിക്കുകയാണ്. സക്രാരിയിൽ നിന്നു വീശുന്ന പ്രകാശത്തിൽ ചെലവഴിക്കാനുദ്ദേശിക്കപ്പെട്ടതാണെന്നു തോന്നുന്ന എന്റെ ജീവിതം. എന്റെ വിഷ

www.malankaralibrary.com

ങ്ങൾക്കെല്ലാം പരിഹാരം തേടേണ്ടതു് ഈശോയുടെ തിരുഹൃദയത്തിൽ ത്തന്നെയാണു്. തിരുഹൃദയത്തെപ്രതി എൻെറ രക്തം ചിന്താൻ പോലും ഞാൻ സന്നദ്ധനാണെന്നു് എനിക്കു തോന്നുന്നു. എൻെറ സ്നേഹത്തിൻെറ അമൂല്യ വിഷയത്തെപ്രതി എന്തെങ്കിലും ചെയ്യാൻകഴിയണമെന്നുള്ളതാണു് എൻെറ ആഗ്രഹം. എൻെറ ഔദ്ധത്യത്തേയും അവിശ്വസനീയമായ സ്വാത്മപ്രതിപത്തിയേയും നിരർത്ഥകമായ എൻെറ ഭയങ്ങളേയും സംബന്ധിച്ച ചിന്തകൾ എന്നെ ഭയപ്പെടുത്തുന്നു; എൻെറ ധൈര്യം കവർന്നുകളയുന്നു. എങ്കിലും വി. മാർഗരററ് അലക്കോക്കിനോടുള്ള ഈശോയുടെ വാക്കുകൾ എനിക്ക് ആശ്വാസം നല്കുന്നു് "നീ അജ്ഞതയുടേയും അയോഗ്യതയുടേയും അഗാധമായതുകൊണ്ടു് എൻെറ ഹൃദയത്തിൻെറ അത്ഭുതങ്ങൾ വെളിപ്പെടുത്തുവാൻ നിന്നെ ഞാൻ തിരഞ്ഞെടുത്തിരിക്കയാണു്."

ഹാ, ഈശോയുടെ തിരുഹൃദയത്തെ ഇന്നുമെന്നും സേവിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. സ്നേഹത്തിൻെറ കൂദാശയിൽ മറഞ്ഞിരിക്കുന്ന ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തി എൻെറ ആദ്ധ്യാത്മിക പുരോഗമനത്തിൻെറ അളവുകോലാകണമെന്നാണെൻെറ ആഗ്രഹം. ദിവ്യകാരുണ്യഈശോയുടെ തിരുഹൃദയത്തോട് അഗാധമായി ഐക്യപ്പെട്ടു് എൻെറ പ്രവൃത്തികളെല്ലാം ചെയ്യണമെന്നുള്ള ഒരു നിശ്ചയമാണു് എൻെറ ഈ ജ്ഞാനധ്യാനത്തിലെ അന്തിമ പ്രതിജ്ഞ.

ആകയാൽ എൻെറ എല്ലാ പ്രവൃത്തികളിലും ദൈവസാന്നിധ്യബോധത്തിനും ആരാധനയ്ക്കുമുള്ള എൻെറ വിഷയം ദിവ്യകാരുണ്യത്തിൽ സന്നിഹിതനായിരിക്കുന്ന നരദൈവമായ ഈശോയാണു്. വിശുദ്ധ കൂദാശയിൽ നിന്ദിതനും അപമാനിതനുമായ ഈശോയെപ്പററിയുള്ള നിരന്തരചിന്തകൊണ്ടു മനുഷ്യദൃഷ്ടിയിൽ എനിക്കുണ്ടാകുന്ന ത്യാഗത്തേയും താഴ്ചയേയും നിന്ദയേയും സഹിക്കാനുള്ള ശക്തി ഞാൻ സമാർജ്ജിക്കും.

ഞാൻ ദിവ്യഹൃദയത്തോടു് ഐക്യപ്പെട്ടിരിക്കുമ്പോൾ, മനുഷ്യരുടെ നിന്ദാപാത്രമായിത്തീർന്നിരിക്കുന്ന എനിക്കു സ്വയം താഴ്ത്തപ്പെടുന്നതും ലജ്ജിക്കുന്നതും മധുരമായിത്തോന്നും. സകല ആശ്വാസങ്ങളുടേയും ഉറവയായ ഈശോയുടെ തിരുഹൃദയത്തിൽ ആശ്വാസം തേടിപ്പിടിക്കുന്നതായിരിക്കും എൻെറ എത്രയും വലിയ ആനന്ദം.

അനുദിനം അഭ്യസിക്കേണ്ട രണ്ടു കാര്യങ്ങളാണു് എൻെറ ബോധത്തിലും മനസ്സിലും ഞാൻ പതിച്ചുവയ്ക്കുന്നതു്: ദിവ്യകാരുണ്യസ്വീക

www.malankaralibrary.com

രണവും സായാഹ്ന സന്ദർശനവും. അതിനുപുറമേ വി. അല്ല്യഷ്യസ്സിനെപ്പോലെ ഞാൻവചനത്തിൻെറ തിരുഹൃദയത്തെ അനുസ്യൂതസുകൃതജപങ്ങൾകൊണ്ടു ഭേദിക്കും. ഈശോയുടെ തിരുഹൃദയത്തിൽ ഞാൻ എത്തിച്ചേർന്നിരിക്കുന്നുവെന്നു യഥാർത്ഥത്തിൽ പറയാറാകുന്നതുവരെ ഞാൻ സമാധാനപ്പെടുകയില്ല.

ദിവ്യഹൃദയമേ, എനിക്കു വാഗ്ദാനംചെയ്യാനേ കഴിയൂ; അങ്ങനെ ഇന്നെനിക്കുള്ളതായി തോന്നുന്ന സ്നേഹം പ്രകാശിപ്പിക്കുവാനേ എനിക്കു മാർഗ്ഗമുള്ളൂ. എന്നാൽ എൻെറ പ്രതിജ്ഞകളെപ്പററി എനിക്ക് ഉൽക്കണ്ഠയുണ്ട്. ഈ സംഗതികൾ ഇനി വല്ലപ്പോഴും വായിക്കാനിടയാകയാണെങ്കിൽ ഇവ എൻെറ ശിക്ഷയ്ക്ക് ഇടവരുത്തുകയില്ലെന്നു ഞാൻ കരുതട്ടെ.

15 ഈ ജ്ഞാനധ്യാനത്തിൽ എൻെറ അയോഗ്യതയുടേയും അഹങ്കാരത്തിൻേറയും മൂടുപടം നീക്കിക്കളഞ്ഞു യഥാർത്ഥ വിശുദ്ധിനേടുന്നതിനു സഹായകമായ കാര്യങ്ങൾ നല്ലവനായ ദൈവം എനിക്കു കാണിച്ചുതന്നിരിക്കുന്നു. എൻെറ ആത്മാവിൻെറ അതിസ്വാഭാവിക വിശുദ്ധീകരണം ആറാംപട്ടംവഴി പരിശുദ്ധാത്മാവു സാധിക്കുവാൻപോകയാണ്.

ഞാൻ എൻെറ പ്രതിജ്ഞകൾ ഇനി വിവരമായി എഴുതുകയാണെങ്കിൽ എല്ലാം വെറും ഒരാവർത്തനമായിരിക്കും; അതിൽനിന്നു് ഒരു പ്രയോജനവും ഉണ്ടാകുവാൻ പോകുന്നില്ല. ദൈവസാന്നിദ്ധ്യസ്മരണ, എളിമ, ഈശോയോടു് അഗാധമായ സ്നേഹം ഇത്രയും മതി. "ഇതു ചെയ്യുക; നീ ജീവിക്കും." (ലൂക്കാ. 10, 28).

അമലോത്ഭവമാതാവിൻെറ മാധ്യസ്ഥ്യത്തിലാണു ഞാൻ എന്റെ ധ്യാനം ആരംഭിച്ചതു്. അവിടുത്തെ പാദത്തിങ്കൽ എൻെറ ധ്യാനം ഞാൻ സമാപിപ്പിക്കുന്നു. മരിയാവിജയത്തിൻെറ വത്സരമാണിതു്; മരിയാവിജയത്തിൻെറ തിരുനാൾ. എൻെറ ദൈവശാസ്ത്രപഠനത്തിൻെറ അന്തിമവർഷം. പുരോഹിതാഭിഷേകവത്സരം! ഇവ ഏകോപിച്ചുവന്നതു് എത്ര വലിയ ഭാഗ്യം! ഇതിനെപ്പററി ചിന്തിക്കുമ്പോൾ എൻെറ ഹൃദയം നിർമ്മലമായ ആനന്ദംകൊണ്ടു നിറയുകയാണ്. "സമയം ഹ്രസ്വമാണ്. ആകയാൽ അതു നന്നായിട്ടു വിനിയോഗിക്കണം; സൽപ്രവൃത്തികൾചെയ്യാൻ നാം ധൃതി കൂട്ടണം." (എഫേ. 5, 16)

ഓ ഈശോ മറിയമേ, ഇതു് അവസാനം എൻെറ രക്ഷയുടെ സംവത്സരമാകാൻ എന്നെ സഹായിക്കുക. (Annus Salutis)

www.malankaralibrary.com

# 1904

# പുരോഹിതാഭിഷേകവത്സരം

## 19 തിരുക്കുടുംബത്തിൻെറ തിരുനാൾ, 1904 ജാനുവരി 24.

എൻെറ ആദ്ധ്യാത്മികജീവിതം എങ്ങനെയിരിക്കുന്നുവെന്നു മനസ്സിലാക്കുവാൻ ഈ മാസത്തെ എൻെറ പുരോഗമനം ഇന്നു ഞാൻ പരിശോധിച്ചുനോക്കി. "ചുരുക്കംകാര്യങ്ങളിൽ കുറച്ചുമാത്രം." ഞാൻ ഇപ്പോഴും ഒരു പാപിതന്നെ; ഭേദഗതി വളരെ സാവധാനത്തിലാണ്. എൻെറ അഹങ്കാരം എന്നെ വിഷമിപ്പിക്കുന്നുണ്ട്; പ്രത്യേകിച്ചു പരീക്ഷാഫലങ്ങൾ അതൃപ്തികരമായതുകൊണ്ട്. ഒരു നല്ല പ്രഹരമായിരുന്നു പരീക്ഷാഫലം. യഥാർത്ഥ എളിമ അഭ്യസിക്കുന്നതിലും സ്വാത്മാവഗണയനിലും ഞാൻ അക്ഷരമാലകൊണ്ടു തുടങ്ങേണ്ടിയിരിക്കുന്നു, എനിക്ക് അറിഞ്ഞുകൂടാത്ത എന്തോ ഒന്നിന് എനിക്ക് ഒരു മോഹം. അടിത്തട്ടില്ലാത്ത സഞ്ചി നിറയ്ക്കുന്നതുപോലെയാണ് എൻെറ സ്ഥിതി.

ഞാൻ തോന്നുമ്പോഴൊക്കെ അതിവേഗം പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. മനശ്ശാന്തതയും സമാധാനവുമില്ല. ആത്മപരിത്യാഗത്തിൽ ഞാൻ അശ്രദ്ധനായിരിക്കുന്നു; സ്വാർത്ഥപ്രീണനമാണു നോട്ടം. ഓരോ ചെറുനിമിഷവും ഞാൻ ഉപയോഗിക്കുന്നുണ്ടെങ്കിലും ഒന്നും സാധിക്കാതെ മണിക്കൂറുകൾതന്നെ ഞാൻ നഷ്ടപ്പെടുത്തുന്നു. സംഭാഷണം ഞാൻ സംയമനം ചെയ്യുന്നില്ല; പ്രത്യുത, കുറച്ചേ തുറന്നടിക്കുകയാണ്. വിമർശനകാര്യങ്ങളിൽ സൂക്ഷവും കുറഞ്ഞിട്ടുണ്ട്. പൊതുവേ ഒന്നുകൂടി പുണ്യമായി ജീവിക്കേണ്ടതുണ്ട്; ഒന്നുകൂടി നല്ല ആദ്ധ്യാത്മികാന്തരീക്ഷത്തിൽ സ്വഭാവരൂപവൽക്കരണത്തിലും ആത്മനിശ്ചയങ്ങളിലും ശ്രദ്ധ പതിച്ചു ഞാൻ ജീവിക്കേണ്ടിയിരിക്കുന്നു.

ഞാൻ വീണ്ടും അനുഭവവിജ്ഞാനത്തോടെ ജോലി ആരംഭിക്കുകയാണ്. എല്ലാത്തിലും എത്രയും പ്രധാനമായ കാര്യം പരിശുദ്ധമായ ധ്യാനമാണ്. പ്രസ്തുത അമൂല്യനിമിഷങ്ങളിൽ എൻെറ ചിന്തകൾ ശരിയായി നടക്കണം. നിശ്ചിത ധ്യാനവിഷയം എനിക്ക് ഇഷ്ടപ്പെ

www.malankaralibrary.com

ട്ടന്നില്ലെങ്കിൽ എൻെറ ആത്മാവിൻെറ സ്ഥിതിയെപ്പററിയോ ഈശോയുടെ പീഡാനുഭവത്തെപ്പററിയോ ഞാൻ ധ്യാനിക്കും. എൻെറ പാപങ്ങളെക്കുറിച്ച് ആത്മാർത്ഥമായി ഞാൻ മനസ്തപിക്കും. ഈശോയോടുള്ള സ്നേഹത്തെപ്രതി ഞാൻ ചിന്തിക്കും; അല്ലെങ്കിൽ അന്നേക്കു വേണ്ട പ്രതിജ്ഞകളെപ്പററി ഞാൻ വിചാരിക്കും.

ക്ലാസ്സുമുറിയിൽ എൻെറ നാവിനെ ഞാൻ ശരിയായി നിയന്ത്രിക്കണം. അങ്ങനെ ചെയ്താൽ ഈശോയ്ക്കു വളരെ ആശ്വാസം നല്കാൻ എനിക്കു കഴിയും.

സംസാരത്തിൽ വളരെ നിയന്ത്രണം വേണം; എന്തുപറയുന്നു, എങ്ങനെ പറയുന്നുവെന്നു പരിശോധിക്കണം. ആരെയും പരോക്ഷമായിപ്പോലും കുററം പറയരുത്. സ്വാഭാവികമായി ഒരന്തസ്സു പാലിക്കണം; എന്നാൽ അന്തസ്സു നടിക്കരുത്. തലവന്മാരെപ്പററി സംസാരിക്കുമ്പോൾ ഞാൻ വളരെ സൂക്ഷിക്കണം. സ്വന്തം കാര്യങ്ങൾ തുറന്നടിക്കാതിരിക്കുന്നതു ഭൂഷണമായിരിക്കും. എൻെറ വികാരങ്ങൾ എല്ലാവരുടേയും മുമ്പിൽ ചൊരിയുകയുമരുത്.

എൻെറ പ്രഥമ ചിന്ത പഠനത്തിനുള്ള ഓരോ നിമിഷവും ഭംഗിയായി വിനിയോഗിക്കുകയായിരിക്കണം. ആവശ്യമില്ലാത്തതു വായിക്കാൻ പോകരുത്. ഇക്കാര്യത്തിൽ തെല്ലു കണിശം വയ്ക്കാൻ പോകയാണ്. ഓരോ ദിവസവും നിദ്രയ്ക്കു അണയുന്നതിനുമുമ്പ് ഞാനെന്തുമാത്രം പഠിച്ചുവെന്നും എത്രമാത്രം സമയം നഷ്ടപ്പെട്ടുത്തിയെന്നുമുള്ളതിൻെറ ഒരു കണക്ക് ഞാൻ ഈശോയ്ക്കു നല്കും;

ധ്യാനവും സുകൃതജപവും പ്രാർത്ഥനയുംവഴി ഈശോയുടെ തിരുഹൃദയത്തോടും അമലോത്ഭവകന്യകയോടും സ്നേഹപൂർവ്വകമായ ഐക്യത്തിൽ ഞാൻ ജീവിക്കും. അഹങ്കാര വിചാരങ്ങൾകൊണ്ട് എൻെറ മനസ്സു പതറിപ്പോകാതിരിക്കട്ടെ. ഞാൻ എന്തു ചെയ്തുകൊണ്ടിരിക്കുന്നുവോ അതു പൂർണ്ണഹൃദയത്തോടെ ഞാൻ ചെയ്യണം. വേറൊന്നും ചിന്തിക്കാൻ തുടങ്ങരുത്. ഈശോ കർത്താവേ, ഞാൻ അങ്ങിൽ ശരണപ്പെടുന്നു.

## 20 വിശുദ്ധ വാരത്തിലെ ത്രിദിനാപേക്ഷ.
## 1904 മാർച്ച് 28, 29, 30

പതിവുള്ള വിലാപം ആവർത്തിക്കാതിരിക്കാൻ, പറഞ്ഞകാര്യങ്ങൾ പിന്നെയും പറയുവാനിടയാകാതിരിക്കാൻ ചുരുങ്ങിയ ദിവ

www.malankaralibrary.com

സത്തേ ഈ പരിശുദ്ധ ധ്യാനത്തിന്റെ പ്രത്യേക സാരം മാത്രം ഞാൻ പ്രതിപാദിക്കാം.

കഴിഞ്ഞതു കഴിഞ്ഞു. എന്റെ അവിശ്വസ്തതയെപ്പററി ഞാൻ ലജ്ജിക്കേണ്ടിയിരിക്കുന്നു. ദൈവം എന്റെമേൽ വർഷിച്ചിട്ടുള്ള നിരവധി അനുഗ്രഹങ്ങൾക്കു ഞാൻ നന്ദി പറയുന്നു.

പുരോഹിതാഭിഷേകദിനം എന്നെ സമീപിക്കുകയാണ്. അതിന്റെ അവർണ്ണനീയമായ ആനന്ദം സ്വല്പമായി മുൻകൂട്ടി ഞാൻ ആസ്വദിച്ചുതുടങ്ങിയിരിക്കുന്നു. കൂദാശക്കുട്ടത്ത അനുഗ്രഹം ഒരിക്കൽമാത്രമേ ലഭിക്കൂ; ആൎക്കു കൂടുതൽ അർഹതയുണ്ടോ അവനു കൂടുതൽ അനുഗ്രഹങ്ങൾ സിദ്ധിക്കുന്നു. ആകയാൽ പൗരോഹിത്യത്തിനു് എത്രയും നന്നായിട്ടു ഞാൻ ഒരുങ്ങണം; ആ മഹാസുദിനം സമീപിക്കാറായിരിക്കേ എന്റെ പരിശ്രമം ദ്വിഗുണീഭവിക്കേണ്ടതാണ്.

ആകയാൽ ഈ അന്തിമ മാസങ്ങൾ വളരെ ഏകാഗ്രതയോടെ ഞാൻ കഴിക്കും. ഈശോ എനിക്കു് ഒരുക്കി വച്ചിരിക്കുന്ന ആ മഹാനുഗ്രഹത്തെപ്പററിയായിരിക്കും എന്റെ സകല ചിന്തയും; സകല പ്രവൃത്തികളും അതിനൊരുക്കമായിട്ടായിരിക്കും ചെയ്യുക. ആദ്യകാലങ്ങളിൽ ഞാൻ പരിശീലിച്ചിരുന്ന സമസ്ത ആദ്ധ്യാത്മികാഭ്യാസങ്ങളും ഞാൻ ആവൎത്തിക്കും. അങ്ങനെ എന്റെ തീക്ഷ്ണത നിർമ്മലവും സുരഭിലവും ഉജ്ജ്വലവുമായി പാലിക്കും. വീണ്ടും ഒരു സ്കൂൾ വിദ്യാൎത്ഥിയാകുവാൻ ഞാൻ ആഗ്രഹിക്കുകയാണു്; പ്രസ്തുത സുഭഗസംവത്സരങ്ങളിലേക്കു തിരിയെ പോകാനാണെന്റെ ഇഷ്ടം. എന്റെ പ്രിയ മദ്ധ്യസ്ഥരായ മൂന്നു യുവാക്കൾ വി. അലൂഷ്യസ്സ്, സ്റ്റനിസ്ലാസ്, ജോൺബെൿമൻസു് എന്നിവരുടേയും വി. ഫിലിപ്പ് നേരി, വി. ഫ്രാൻസിസ് ദെ സാലസ്, വി. അൽഫോൻസു ലിഗോരി, വി. തോമസ്സ് അക്വിനാസ്, വി. ഇഗ്നേഷ്യസ്സ് ലെയോള, വി. ചാൾസ് ബൊറോമിയോ തുടങ്ങിയ പുണ്യവാന്മാരുടെയും ബഹുമാനാൎത്ഥം എന്റെ ആർദ്രമായ ഭക്താഭ്യാസങ്ങൾ ആവൎത്തിക്കുന്നതിൽ ഞാൻ ആഹ്ലാദം കണ്ടെത്തുന്നു.

www.malankaralibrary.com

## 21 ✠ ഈശോ മറിയമേ യൗസേപ്പേ,

## 1904 ഓഗസ്റ്റ് 1 – 10. ചേലിയൻ കുന്നിലുണ്ടായിരുന്ന വി. യോഹന്നാൻേറയും വി. പൗലോസിൻേറയും പാഷനിസ്ററ് സന്യാസികളുടെ ധ്യാനമന്ദിരത്തിൽ പുരോഹിതാഭിഷേകത്തിന് ഒരുക്കമായി നടത്തിയ ധ്യാനത്തിൽ എഴുതിയ കുറിപ്പുകൾ.

(ധ്യാനഗുരു ഫാദർ മത്തീനോ ദെൻ വോൾത്തോ സാന്തോ ആയിരുന്നു. 1843 – 1928)

1 ഈ പ്രഥമ ദിനങ്ങളിൽ എനിക്കു വലിയ നേട്ടമൊന്നുമുണ്ടായിട്ടില്ല. ഞാൻ താമസിക്കുന്ന സ്ഥലവും ഞാൻ കാണുന്ന ജനങ്ങളും എന്നിൽ സദ്വികാരങ്ങൾ ജനിപ്പിക്കുന്നു; ഗൗരവാവഹമായ ധ്യാനത്തിന് എനിക്ക് ഇടം നല്കുന്നു. സൃഷ്ടികളോടു പരിശുദ്ധമായ നിഷ്പക്ഷത പാലിക്കുന്നതു സംബന്ധിച്ചു കഴിഞ്ഞ ധ്യാനങ്ങളിലും ഞാൻ ചിന്തിച്ചിട്ടുണ്ട്. എന്നാൽ പ്രായോഗിക വശത്തുനിന്നു വീക്ഷിക്കുമ്പോൾ ഞാൻ ഇക്കാര്യത്തിൽ മുന്നേറിയിട്ടില്ലെന്നു കാണാം. ഗുരുതരമായ പാപങ്ങളിൽ ഞാൻ നിപതിക്കുമായിരുന്നു; എന്നാൽ ദൈവം എന്നെ അവയിൽ നിന്നു സംരക്ഷിക്കുന്നുണ്ട്. പരിപൂർണ്ണത പ്രാപിക്കുവാൻ ഞാൻ ഉന്നം വയ്ക്കുന്നുണ്ട്; എന്നാൽ പരിപൂർണ്ണതയുടെ മാർഗ്ഗം ദൈവം കാണിച്ചു തരുന്നതായാൽ പോരാ; ഞാൻ വെട്ടിത്തെളിക്കുന്നതായിരിക്കണമെന്ന് എൻെറ ഭാവം. വാസ്തവത്തിൽ ഇക്കൊല്ലത്തേ എൻെറ പഠനത്തെപ്പററിയും റോമയിൽനിന്ന് എന്നെ മടക്കിവിളിക്കുന്നതിനെപ്പററിയും എനിക്കുണ്ടായ ഭയവും ഉൽക്കണ്ഠയും ഞാൻ പറഞ്ഞ കാരണങ്ങളും മേൽപ്പറഞ്ഞ വസ്തു ഉപോദ്ബലകമാണ്. വാക്കുകളൊന്ന്, പ്രവൃത്തികൾ മററൊന്ന്. സൃഷ്ടികളോടുള്ള നിഷ്പക്ഷത ആത്മനിഷ്കളങ്കതയിൽനിന്നും പരിത്യാഗത്തിനുള്ള സന്നദ്ധതയിൽ നിന്നും ഉത്ഭൂതമാകണം. തപോദീക്ഷ കുറച്ചുമതി. പ്രാർത്ഥനയും ദൈവശരണവുമാണുവേണ്ടതു്.

എൻെറ കാര്യങ്ങൾ ശരിക്കു നടക്കാതെ വരുമ്പോൾ പ്രത്യേകിച്ചും ഞാൻ സൂക്ഷിക്കണം. എൻെറ ജ്ഞാനപിതാവിനോടും എന്നെ

www.malankaralibrary.com

സഹായിക്കാൻ കഴിയുന്ന വല്ലവനോടുമല്ലാതെ എന്റെ രഹസ്യങ്ങൾ ഞാൻ പറയുകയില്ല. മററുള്ളവരോടു സംസാരിക്കുകയാണെങ്കിൽ എനിക്കു കിട്ടാവുന്ന യോഗ്യത നഷ്ടപ്പെട്ടുകയേയുള്ളൂ. പരിശുദ്ധമായ ആനന്ദം ഞാനൊരിക്കലും നഷ്ടപ്പെടുത്തരുത്"; എന്തുകൊണ്ടെന്നാൽ എന്തുതന്നെ സംഭവിക്കുന്നതായാലും, "അവിടുന്നിൽ ഞാൻ ജീവിക്കുന്നു; ചലിക്കുന്നു; അവിടുന്നിലാണ് എന്റെ സർവ്വസ്വവും." എന്തു കാര്യത്തിൽ ഞാൻ ഏർപ്പെട്ടിരിക്കുമ്പോ അതല്ലാതെ വേറൊന്നിൽ ഞാൻ ഇടപെടരുത്", "ചെയ്യുന്ന കാര്യം ശരിക്കു ചെയ്യുക." എനിക്കു ഭാവിയിൽ എന്തുസംഭവിക്കും.? ഞാൻ തികഞ്ഞ ഒരു ദൈവശാസ്ത്രജ്ഞനോ, കാനൻനിയമപടുവോ, ഗ്രാമീണ വികാരിയോ, വെറും ഒരു സാധാരണ വൈദികനോ എന്തായിരിക്കും.? എന്തായാലും എനിക്കെന്താ? ഇതൊന്നുമാകാതിരിക്കാനോ ഇതിനൊക്കെ ഉപരിയാകാനോ ഏതാണു ദൈവം തിരുമനസ്സാകുതെങ്കിൽ ഞാൻ അതിനു സന്നദ്ധനാകണം. എന്റെ ദൈവം എന്റെ സർവ്വസ്വം. ലോകദൃഷ്ടിയിൽ ഒരു മഹാനാകാമെന്നുള്ള എന്റെ സ്വപ്നം ഈശോയ്ക്കു തകക്കാൻ പാടില്ലേ?

ദൈവം എന്നെ സ്നേഹിക്കുന്നു. തന്നിമിത്തം അതിമോഹം കലർന്ന യാതൊന്നും എനിക്കു വിഹിതമല്ലെന്നു ഞാൻ ധരിക്കണം. ആകയാൽ ഞാൻ എന്റെ തല പുണ്ണാക്കിയിട്ടു കാര്യമൊന്നുമില്ല.

ഞാൻ ഒരടിമയാണ്; എന്റെ യജമാനന്റെ അനുമതികൂടാതെ എനിക്ക് അനങ്ങാൻ പാടില്ല. ദൈവത്തിന് എന്റെ കഴിവുകളറിയാം. തിരുസ്സഭയുടെ നന്മയ്ക്കും ആത്മാക്കളുടെ രക്ഷയ്ക്കുംവേണ്ടി എനിക്കു ചെയ്യാവുന്നതും ചെയ്യാൻ കഴിവില്ലാത്തതും അവിടുത്തേക്കു നിശ്ചയമുണ്ട്. ആകയാൽ അവിടുത്തെ പ്രതിനിധികളായ എന്റെ തലവന്മാർവഴി ഞാൻ അവിടുത്തേക്ക് ഒരു ഉപദേശം നല്കേണ്ടതില്ല.

വിശുദ്ധന്മാർ തങ്ങളുടെ പ്രതിഭാവിശേഷവും സ്വാഭാവികഗുണങ്ങളും കൈചൂണ്ടിയ മാർഗ്ഗത്തിൽനിന്നു തുലോം വ്യത്യസ്തമായ പാതയല്ലേ ചെറുപ്പകാലത്തു തരണം ചെയ്തിട്ടുള്ളത്? എന്നിട്ടും അവർ വിശുദ്ധരായി; മഹാ വിശുദ്ധരും, സമുദായ പരിവർത്തകരും, സന്യാസസഭാ സ്ഥാപകരും മററുമായി. സൃഷ്ടികളോടുള്ള പരിശുദ്ധമായ നിഷ്പക്ഷത അവർ അഭ്യസിച്ചു. ദൈവസ്വരം കേൾക്കുവാൻ അവർ സന്നദ്ധരായിരുന്നു. എന്നോടു സംസാരിച്ചിരുന്നതുപോലെ ദൈവം അവരോടും സംസാരിച്ചിരുന്നു. തങ്ങളുടെ അഹങ്കാരം കണക്കിലെടുത്തല്ല എന്തുചെയ്യണമെന്ന് അവർ നിശ്ചയിച്ചിരുന്നത്; പ്രത്യുത ദൈവം ആവശ്യപ്പെടുന്നതു ചെയ്യാൻ അന്ധമായി തങ്ങളെത്തന്നെ സമർപ്പി

www.malankaralibrary.com

ച്ചു, എന്റെ കുഞ്ഞേ, "നോക്കു, നോക്കി മോഡലനുസരിച്ച് അതു ചെയ്യൂ". എല്ലാക്കാര്യത്തിലും ഇങ്ങനെതന്നെ വേണം. ഞാൻ പറയുന്നതും ചെയ്യുന്നതുമൊക്കെ അഹങ്കാരമത്തപ്രതിയാണ്. വേറെയൊരു വാക്കില്ല അതു വിവരിക്കാൻ. ഞാൻ എന്റെ ഇഷ്ടപ്രകാരം മുന്നോട്ടു പോകയാണെങ്കിൽ, ഞാൻ ശരിയായി അദ്ധ്വാനിക്കും, വിയർക്കും, എന്നിട്ട് അവസാനമെന്ത്? വായു ശേഖരിച്ചിരിക്കുന്ന ഒരുസഞ്ചി മാത്രം.

ഞാൻ ഒരു തികഞ്ഞ പുരോഹിതനാകണമെങ്കിൽ, കുരിശിൽ കിടക്കുന്ന ഈശോയെപ്പോലെ ഞാൻ എന്നിൽനിന്ന് എല്ലാം ഉരിഞ്ഞു മാററണം. എന്റെ ജീവിതത്തിൽ സംഭവിക്കുന്ന എല്ലാ കാര്യങ്ങളും എന്നെ സംബന്ധിക്കുന്ന എന്റെ അധികാരികളുടെ തീരുമാനങ്ങളും വിശ്വാസത്തിന്റെ വെളിച്ചത്തിൽ ഞാൻ കാണണം. ഈ സംഗതിയിൽ ഒരു വിമർശനവുമുണ്ടാകാതിരിക്കട്ടെ. എന്റെ ദൈവമേ! മഹാ ഭാഗ്യപ്പെട്ട നിഷ്കപടതയേ!

2 വീണ്ടും നിഷ്കപടതയിലേക്കുതന്നെ ഞാൻ തിരിച്ചുവരട്ടെ. എല്ലാം പരിഗണിക്കുമ്പോൾ ഇതാണ് എനിക്കു വിഴുങ്ങുവാൻ വിഷമമുള്ള ഗുളിക. ഒരു ചെറിയ സർവ്വേ നടത്തിക്കളയാം. ഇക്കൊല്ലത്തെ എന്റെ പരാജയം പൊതുവേ പറയുന്നപക്ഷം തീക്ഷ്ണതയുടെ കുറവാണ്; അമൂല്യ സന്ദർഭങ്ങളിൽക്കൂടി തീക്ഷ്ണതയുണ്ടായില്ല. പ്രാർത്ഥനകളിലും വിശിഷ്യ ദിവ്യകാരുണ്യസ്വീകരണവേളകളിലും ധ്യാനസമയത്തും എനിക്കുണ്ടായിരുന്ന വരൾച്ചയെപ്പററി ഞാൻ ഖേദിക്കുകയാണ്. അനസ്യൂതമായ അന്യവിചാരങ്ങളും; ആദ്ധ്യാത്മിക പുരോഗമന പരിശോധനയിൽ അനാസ്ഥയുംതന്നെ. ചുരുക്കിപ്പറയുന്നപക്ഷം ഒരു മന്ദത. നിഷ്പക്ഷതാ മനോഭാവം നേടുന്നതിലുള്ള പരാജയമാണ് അതിനുള്ള കാരണം. പരീക്ഷകളിൽ വൈദികശിരോമണികളുടെ മുമ്പാകെ വലിയ ആളാകാൻവേണ്ടി ഒരു പഠനഭ്രാന്ത്. റോമയിൽനിന്നു തിരിയെ വിളിച്ചേക്കുമെന്നുള്ള ഭയവും അഹങ്കാരവുംനിമിത്തം ഭയങ്കരമായ മാനസികാദ്ധ്വാനം; സൗഭാഗ്യനാളുകളിൽ കെട്ടിപ്പട്ടുത്ത മഹാ പ്രത്യാശകൾ വിനാശത്തിലമരുകയില്ലേ റോമയിൽനിന്നു മടങ്ങിയാൽ എന്ന വിചാരം. എല്ലാ അദ്ധ്വാനവും നല്ലതുതന്നെ; എന്നാൽ അതിനു ബലഹീനമായ ഒരു വശമുണ്ടായിരുന്നു. എന്റെ നടപടികൾ അങ്ങനെയാണു തിരിഞ്ഞുകൊണ്ടിരുന്നത്. എന്റെ ഹൃദയം പിളർന്നു പരിഭ്രാന്തമായിരിക്കുന്നതു ദൈവം കണ്ടു; അങ്ങനെ കുറെ മുന്നോട്ടുപോകുവാൻ എന്നെ അവിടുന്ന് അനുവദിച്ചു. അവസാനം എന്തു സംഭവിച്ചുവെന്നു നമുക്കറിയാം. ആകയാൽ ഭൂതകാലം

www.malankaralibrary.com

ഭാവിക്ക് ഒരു പാഠമായിരിക്കട്ടെ. എല്ലാ ദിവസവുമെന്നല്ല, എല്ലാ മണിക്കൂറും ഞാൻ ഉത്സാഹിക്കണം. ദൈവം എന്നെ നിയന്ത്രിക്കുന്നതിനായി ഞാൻ എന്നെത്തന്നെ ഉഴിഞ്ഞുവയ്ക്കണം. ദൈവസ്നേഹവും സമാധാനവും എന്റെ ഹൃദയത്തിലുണ്ടാകുന്നതിനും യഥാർത്ഥമായ ആദ്ധ്യാത്മികപുരോഗമനം ഉണ്ടാകുന്നതിനുംവേണ്ടി എളിമയും ആത്മപരിത്യാഗവും ഞാൻ അഭ്യസിക്കണം.

3 എന്റെ പഠനം! എന്തെല്ലാം ആദർശങ്ങളാണ് ഇതുസംബന്ധിച്ച് എനിക്കു മുമ്പേ ഉണ്ടായിരുന്നത്? ലൗകികരെപ്പോലെതന്നെ ഞാനും ചിന്തിച്ചു. സമകാലികാദർശങ്ങൾ എന്റെ തല തിരിച്ചു. വിജ്ഞാനം എല്ലായ്പോഴും നല്ലതുതന്നെ; എന്നാൽ ആധുനികകാലങ്ങളിൽ ആത്മരക്ഷാജോലിയിൽ അതിനു ദ്വിതീയസ്ഥാനമേയുള്ളൂ, പ്രയോജനകരമായ പുരോഹിതജീവിതത്തിൽ അതു ദ്വിതീയഘടകം മാത്രമാണ്. പഠനത്തെ താഴ്ത്തിക്കെട്ടുന്നതിനുള്ള വാഞ്ഛയിൽനിന്നു കർത്താവേ, എന്നെ രക്ഷിക്കുക; എന്നാൽ അതിരുകടന്ന പ്രാധാന്യം അതിനു കല്പിക്കാതിരിക്കാൻ ഞാൻ സൂക്ഷിക്കണം. പഠനം ഒരു കണ്ണാണ്; ഇടത്തേ കണ്ണ്. വലതുകണ്ണു നഷ്ടപ്പെട്ടുപോയാലോ? പഠനം മാത്രംകൊണ്ട് എന്തുഫലം? ബിരുദം കിട്ടിയതുകൊണ്ട് എനിക്ക് എന്തു നന്മയുണ്ടായിട്ടുണ്ട്? ഒന്നുമില്ല. സാധുവായ ഒരജ്ഞൻതന്നെ. ബിരുദധാരിയെന്നനിലയിൽ സഭയ്ക്ക് എന്നെക്കൊണ്ട് എന്തു പ്രയോജനമുണ്ട്? ആകയാൽ പഠനത്തെപ്പററിയുള്ള എന്റെ അഭിപ്രായം ഒന്നു പരിശോധിച്ചുനോക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽത്തന്നെയാണെങ്കിലും ഞാൻ വിചാരിക്കുന്നതും പ്രവർത്തിക്കുന്നതും തമ്മിൽ പൊരുത്തം വേണം. ഞാൻ തീർച്ചയായും പഠനം തുടരും: ഒരിക്കലും പഠനം വേണ്ടെന്നു വയ്ക്കുകയില്ല; എന്നാൽ ക്രമവും അനുപാതവും വേണം. "വിജ്ഞാനം ആത്മനിയന്ത്രണത്തോടെ അന്വേഷിക്കണം." (റോമ. 12, 3) എനിക്കു പണ്ഡിതനാകണം; എന്നാൽ വി. ഫ്രാൻസിസു ദെസാലസിനെപ്പോലെ പണ്ഡിതനാകണം. പണ്ഡിതരെന്നു പറയുന്നവർക്കു തന്നെ എന്തു വിലയുണ്ട്? അവർക്ക് എന്തറിയാം! വളരെ തുച്ഛം മാത്രം. യഥാർത്ഥത്തിൽ പാണ്ഡിത്യമുള്ളവരെപ്പററിയല്ല ഞാൻ പറയുന്നത്. നമ്മുടെ പരിശുദ്ധപിതാവു പത്താംപീയൂസ് സെമ്മിനാരിവിദ്യാർത്ഥികൾക്കു നല്കിയ ഉപദേശം എത്ര അർത്ഥവത്താണ്. "എന്റെ മക്കളേ, നിങ്ങൾ പഠിക്കണം; കഠിനമായി പഠിക്കണം; എന്നാൽ ദൈവസ്നേഹത്തെപ്രതി നല്ലവരായിരിക്കുവിൻ: വളരെ നല്ലവരായിരിക്കുവിൻ."

മേലിൽ മുമ്പത്തേക്കാൾ കൂടുതൽ ഉത്സാഹത്തോടെ ഞാൻ പഠിക്കേണ്ടിയിരിക്കുന്നു; എന്നാൽ പഠനത്തിന്റെ സ്വഭാവം ഞാൻ മന

www.malankaralibrary.com

സ്സിലാക്കിയിരിക്കണം. ഞാൻ പരീക്ഷയ്ക്കുവേണ്ടിയല്ല പഠിക്കുക; ജീവിതത്തിനുവേണ്ടി പഠിക്കും. ഞാൻ പഠിക്കുന്നതു് എൻെറ ഒരു അംശമായിത്തീരണം.

4 എൻെറ മുറി വെടിപ്പാക്കുകയും മേശയ്ക്കുവിളമ്പുകയും ചെയ്യുന്ന അല്മായസഹോദരൻ തോമസ് എനിക്കു ചിന്തിക്കാൻ ധാരാളം വക തരുന്നുണ്ടു്. (ബ്രദർ തോമസു് 1869 –1939) സ്പെയിനിൽ ജനിച്ചു; ബ്രസീലിൽ കൽവാരിയോ പ്രവിശ്യയിലേ ഒരു പാഷനിസ്റ്റ് സഹോദരനായിരുന്നു. വളരെ ക്ഷമയോടും സ്നേഹത്തോടും കൂടെയാണ് ആ സഹോദരൻ ആശ്രമവാസികളോടും സാധുക്കളോടും വർത്തിച്ചിരുന്നതു്. കുറേക്കാലം അദ്ദേഹം റോമയിലേ ചേലിയൻ ധ്യാനമന്ദിരത്തിൽ താമസിക്കുകയുണ്ടായി.) അദ്ദേഹം അത്ര ചെറുപ്പമല്ല; എന്നാൽ ഉപചാരം എത്രയും മനോഹരം. നല്ല ഉയരമുണ്ടു്; നല്ല കറുത്ത ളോവ അദ്ദേഹം ധരിച്ചുകൊണ്ടിരിക്കുന്നു. പരിശുദ്ധമായ വസ്ത്രമെന്നേ അദ്ദേഹം തൻെറ ഉടുപ്പിനെപ്പററി സംസാരിക്കുമ്പോൾ പറയുമായിരുന്നുള്ളൂ. എപ്പോഴും അദ്ദേഹം പ്രസന്നനാണ്. സദാ ദൈവത്തേയും ദൈവസ്നേഹത്തേയും പററി സംസാരിച്ചുകൊണ്ടിരിക്കുന്നു. ആരേയും അദ്ദേഹം കണ്ണുയർത്തി നോക്കുന്നില്ല. ദൈവാലയത്തിൽ വി. കുർബ്ബാനയുടെ മുമ്പാകെ വെറും നിലത്തു പ്രതിമപോലെ അദ്ദഹം സാഷ്ടാംഗം വീണുകിടക്കുന്നു. അദ്ദേഹം പാഷനിസ്ററു സഭയിൽ ചേരാൻ വേണ്ടി സ്പെയിനിൻനിന്നു റോമയിലെത്തി. സദാ സന്തുഷ്ടൻ; ആരു വിളിക്കുന്നുവോ അവിടെയുണ്ടു്, ആകർഷകങ്ങളായ അതിമോഹമൊന്നും കൂടാതെ എത്ര കണ്ടു ലളിതമായി ജീവിക്കാമോ അത്രകണ്ടു ലളിതമായി നിർദ്ദോഷനായി ജീവിക്കുന്നു. അദ്ദേഹത്തിൻെറ മുമ്പിൽ വർണ്ണശബളമായ മൃഗതൃഷ്ണയൊന്നുമില്ല. ജീവിതം മുഴുവനും ഒരു സാധുസഹോദരനായി കഴിയണമെന്നേ അദ്ദേഹത്തിനുള്ളൂ. സഹോദരൻ തോമസ്സിൻെറ നന്മയുടെ മുമ്പിൽ എൻെറ ശൂന്യത ഞാൻ ദർശിക്കുകയാണു്. ഞാൻ അദ്ദേഹത്തിൻെറ വസ്ത്രത്തിൻെറ വിളമ്പു ചുംബിക്കുകയും എൻെറ ഗുരുവായി അദ്ദേഹത്തെ ഞാൻ സ്വീകരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഞാൻ ഒരു പുരോഹിതനാകാറായിരിക്കുന്നു. ധാരാളം കൃപാവരം ഞാൻ സ്വീകരച്ചിരിക്കുന്നു. എന്നാൽ എൻെറ പ്രായശ്ചിത്തചൈതന്യവും എളിമയും വിനയവും പ്രാർത്ഥനാരുചിയും യഥാർത്ഥ വിജ്ഞാനവും എത്ര തുച്ഛമാണു്! ഹാ തോമസു സഹോദരാ, ഞാൻ അങ്ങയിൽനിന്നു് എന്തുമാത്രമാണു പഠിക്കേണ്ടിയിരിക്കുന്നതു്! ഈ എളിയ അൽമായ സഹോദരന്മാരിൽ പലരും പല അജ്ഞാത സന്യാസികളും സ്വർഗ്ഗരാജ്യത്തിലൊരിക്കൽ വളരെ പ്രശോഭിക്കും. എ

www.malankaralibrary.com

നിക്കും എന്തുകൊണ്ടു പ്രകാശിച്ചുകൂടാ? ഓ ഈശോ, പ്രായശ്ചിത്ത ത്തിൻേറയും ത്യാഗത്തിൻേറയും ചൈതന്യം എനിക്കു് അങ്ങു തരിക,

5 നടക്കാൻ പോകുമ്പോൾ ഒരു പ്രോട്ടസ്റ്റൻറുകാരനെ എന്റെ കൂട്ടുകാരനായി കൊണ്ടുപോകാൻ ഞങ്ങളുടെ ശ്രേഷ്ഠനായ ഡയറക്ടർ എന്നോടാവശ്യപ്പെട്ടിരിക്കുന്നു. പ്രോട്ടസ്റ്റൻറുവിശ്വാസം ഉപേക്ഷിക്കുന്ന തിനു് ഒരുക്കമായി അദ്ദേഹം ഇവിടെ ആതിഥ്യം സ്വീകരിച്ചിരിക്കയാ ണു്. സാധുയുവാവു്! പതിനെട്ടുവയസ്സുണ്ടു്. എനിക്കു് അയാളോടു് അനുകമ്പതോന്നുന്നു. പ്രോട്ടസ്റ്റൻറുകാർ സമത്ഥമായി നല്കുന്ന ഉപദേ ശം ഒമ്പതു കൊല്ലമായി അയാൾ സ്വീകരിക്കുവാൻ തുടങ്ങിയിട്ടു്. തിരുസ്സഭക്കെതിരായ ആക്ഷേപങ്ങളിൽ ഒന്നുപോലും അയാൾക്കു് അറി യാത്തതായില്ല. പാഷണ്ഡതതങ്ങളെല്ലാം അയാൾക്കു് അറിയാം. അ യാളുടെ കൂട്ടുകെട്ടു് അന്യചിന്തകൾക്കു് ഇടംനല്കുന്നുണ്ടെങ്കിലും എനി ക്കു പ്രയോജനകരംതന്നെയാണു്. ഇററലിയിൽ വിശ്വാസത്തിനുള്ള ഭയങ്കര വിപത്തു് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞു; വളരെയേറെ ക്രിസ്തീയവിഭാഗങ്ങൾ ഇന്നു് ഇററലിയിലുണ്ടു്. ഈ ലോകത്തിൻെറ സന്തതികൾ പ്രകാശത്തിൻെറ മക്കളേക്കാൾ സമത്ഥർതന്നെ. വിശ്വാ സമെന്ന മഹനീയ ദാനത്തിനു ഞാൻ ദൈവത്തോടു് എന്തുമാത്രം കട പ്പെട്ടിരിക്കുന്നുവെന്നു് ഈ അനുഭവം എന്നെ ബോധ്യപ്പെടുത്തി. ഇതി ൻെറ പ്രാധാന്യം ഗ്രഹിക്കുവാൻ ഏതാനും മണിക്കൂറുകൾ ഒരു പ്രോട്ട സ്റ്റൻറുകാരനോടു സംസാരിച്ചാൽമതി; ആകയാൽ, "അവിടുത്തെ സ്തുതി കൾ സദാ എന്റെ അധരങ്ങളിലുണ്ടായിരിക്കും" (സങ്കീ. 33, 2). സ ർവ്വോപരി ഈ ദാനത്തിനു ഞാൻ അവിടുത്തെ സ്തുതിക്കും. തിരുസ്സഭക്കു പുറമെയുള്ള നിർഭാഗ്യരെപ്രതി നമുക്കു സങ്കടം തോന്നേണ്ടതാണു്. സാ ധുജനങ്ങൾ! അവർക്കുവേണ്ടി തീക്ഷ്ണമായി നമ്മൾ പ്രാത്ഥിക്കുകയും അവരുടെ മാനസാന്തരത്തിനുവേണ്ടി പൂണ്ണഹൃദയത്തോടെ പ്രവത്തിക്കു കയും വേണ്ടതാണു്.

6 ഞാൻ പൗരോഹിത്യത്തെപ്പററി കാര്യമായി ഒന്നു ചിന്തി ക്കേണ്ടതാണു്. അതിനായിട്ടാണല്ലോ ഞാൻ ഈ ധ്യാനമന്ദിരത്തിൽ വന്നുചേന്നിട്ടുള്ളതു്. "ഈ ജോലി മഹത്താണു്;" (ദിന. 29, 1). എൻെറ ജീവിതത്തിലേ എത്രയും വലിയ ഒരു സംഭവംതന്നെ! ആ മ ഹാ ഗിരിയുടെ ശൃംഗത്തിൽ കുറച്ചുദിവസങ്ങൾക്കകം ഞാൻ എത്തി ച്ചേരും. അവിടെനിന്നു ഞാൻ പിറകോട്ടടിച്ചാലോ .........

ഇത്രയുമായപ്പോൾ ഞാൻ എഴുതിപ്പോന്ന ധ്യാനക്കുറിപ്പുകൾ നിറുത്താനിടയായി. എങ്കിലും അനുഗ്രഹപൂണ്ണമായ ആ ദിവസങ്ങളു

www.malankaralibrary.com

ടെ സ്മരണ അവിടെ അവസാനിച്ചില്ല. എട്ടുകൊല്ലങ്ങൾക്കുശേഷം 1912 ലാണു് ഈ കുറിപ്പുകൾ തുടന്നെഴുതിയതു്. അപ്പോഴും എൻെറ ഓർമ്മ എത്രയും വിശദമായിരുന്നു. ദൈവമേ, ഇവ ഒരിക്കലും ഞാൻ വിസ്മരിക്കാനിടയാകാതിരിക്കട്ടെ.

അക്കാലത്തു് ഈശോയുടെ തിരുഹൃദയത്തിൻെറ സന്നിധിയിൽ എൻെറ സ്വാത്മത്തെ നിശ്ശേഷം നിഹനിക്കുവാനുള്ള ഒരാഗ്രഹവും നിശ്ചയവും മൂത്തുവരുന്നുണ്ടായിരുന്നു. എൻെറ സ്വാത്മത്തെ പൂർണ്ണമായി ഉരിഞ്ഞു മാററിക്കഴിയുമ്പോൾ, ഞാൻ ദിവ്യഗുരുവിൻെറ കല്പനകൾ അനുസരിക്കുവാൻ കൂടുതൽ സന്നദ്ധനായും തിരുസ്സഭയിൽ എന്തെങ്കിലും വലിയ ഒരു നന്മ ചെയ്യാൻ എത്രയും പര്യാപ്തമായ ഒരുപകരണമായും പരിണമിക്കുമല്ലോ. എൻെറ അഹങ്കാരം കാണിച്ചുതരുന്ന സ്ഥലങ്ങളിലും മാർഗ്ഗങ്ങളിലുമല്ല, പ്രത്യുത എൻെറ തലവന്മാരുടെ ഇഷ്ടത്തിനു് അന്ധമായി കീഴ്പ്പെട്ടു് തിരുസ്സഭയിൽ എന്തെങ്കിലും നന്മയാണു ഞാൻ ചെയ്യേണ്ടതു്. എൻെറ ധ്യാനം കൂടുതൽ ഫലപ്രദമാകുന്നതിനു് അവിടുത്തെ നല്ല വൈദികരിലൊരാളുടെ പ്രസംഗം ഞാൻ കേട്ടുകൊണ്ടിരുന്നു. വ്യത്യസ്ത ദേശങ്ങളിൽനിന്നും വ്യത്യസ്ത കോളെജുകളിൽനിന്നും പത്തു പൗരോഹിത്യാർത്ഥികൾ അവിടെ ഉണ്ടായിരുന്നു. അവരിലൊരാൾ കപ്രാണിക്കായിൽനിന്നു് ഒരു ഫ്ളോറൻസുകാരൻ (പരിശുദ്ധ ത്രിത്വത്തിൻെറ എൻറിക്കോ) ആയിരുന്നു. റോമൻ സെമ്മിനാരിയിൽനിന്നു് എൻെറ പഴയ ഒരു പോത്തുഗീസു കൂട്ടുകാരനുണ്ടായിരുന്നു; ഡോൺ നിക്കൊളാ തുക്കി. വേറൊരു റോമൻ വിദ്യാർത്ഥിയുംകൂടെ ഉണ്ടായിരുന്നു. ദിവസന്തോറും ദൈവാലയത്തിൽ പോയി നടത്തിയ കുരിശിൻെറ വഴി എനിക്കു വളരെ സഹായകമായിരുന്നു. ആയിടയ്ക്കു വാഴ്ത്തപ്പെട്ടവൻ എന്നു നാമകരണംചെയ്യപ്പെട്ട വ്യാകുലമാതാവിൻെറ ഗബ്രിയേലിൻെറ ജീവചരിത്രം ശ്രവിക്കുന്നതും എനിക്കു് ആശ്വാസദായകമായിരുന്നു. അതാണു ഭക്ഷണസമയത്തു വായിച്ച ഗ്രന്ഥം. കുരിശിൻെറ വി. പൗലോസിൻെറ ശരീരം സൂക്ഷിച്ചിരുന്ന ദൈവാലയത്തിൽ ദൈവമാതാവിൻെറ സ്വർഗ്ഗാരോപണം പ്രമാണിച്ചുനടത്തിയിരുന്ന സായാഹ്ന നൊവേനയും ധ്യാനമന്ദിരത്തിലെ വൈദികരുടെ സന്മാതൃകയും എനിക്കു വളരെ ഉപകരിച്ചു. രാത്രി കാനോനനമസ്കാരം ചൊല്ലാൻ അവർ എഴുന്നേററുകൊണ്ടിരുന്നതും മായാത്ത സ്മരണയായി നിലകൊള്ളുന്നു. അവരുടെ കാലൊച്ചയും ഇരുണ്ട വരാന്തയിൽക്കൂടെ അവരുടെ നീണ്ട ളോവ വലിഞ്ഞുപോയിക്കൊണ്ടിരുന്നതിൻെറ സ്വരവും ഞാൻ ഓർമ്മിക്കുന്നു. അവിടെയുണ്ടായിരുന്ന ക്രിസ്തീയ സംഘടനകളും എന്നെ സ്പർശിച്ചു. ജനലിൽക്കൂടെ കൊളോസിയവും, ലാററൻ ബസിലിക്കയും അപ്പിയൻ വഴിയും കാണാമായിരു

www.malankaralibrary.com

ന്നു. ഉദ്യാനത്തിൽനിന്നു പാലററയിൻ കുന്നും ചേലിയൻ കുന്നും അവയ്ക്കു മകുടം ചാർത്തിയിരുന്ന ക്രിസ്തീയ സ്മാരകങ്ങളും വി. ഗ്രിഗരിയുടെ ദൈവാലയവും എനിക്കു കാണാമായിരുന്നു. ഞാൻ വസിച്ചിരുന്ന ഭവനത്തിൻെറ പാർശ്വത്തിലാണു സെൻറ് ജോണിൻേറയും പോളിൻേറയും ബസിലിക്ക. മുമ്പുപ്രസ്താവിച്ചിട്ടുള്ളതുപോലെ എല്ലാ സായംകാലവും സ്വർഗ്ഗാരോപണ നൊവേനയ്ക്കു ഞാൻ അവിടെ പോയിരുന്നു. ബസിലിക്കയുടെ കീഴ് ഒരു ചരിവിലായിരുന്നു രക്തസാക്ഷികളുടെ ഭവനം. എൻെറ മുറിയുടെ അടുത്തുണ്ടായിരുന്ന ഒരു മുറിയിൽവച്ചാണു കുരിശിൻെറ വി. പൗലോസ് അന്തരിച്ചതു്. അവിടെയാണു് എല്ലാ സായാഹ്നവും ഞങ്ങൾ വി. കുമ്പാന ചൊല്ലി പഠിച്ചതും. അവിടെ എല്ലാ വസ്തുക്കളിൽനിന്നുമുള്ള നിശ്വാസം പരിശുദ്ധിയും പരിത്യാഗവുമാണു്. കർത്താവേ, പൗരോഹിത്യത്തിൻെറ അന്തിമമായ ഒരുക്കം ഈ പരിശുദ്ധ സ്ഥലത്തു വച്ചു നടത്തുവാൻ കഴിഞ്ഞതിനു ഞാൻ അങ്ങയോടു നന്ദിപറയുന്നു.

ജ്ഞാനധ്യാനാഭ്യാസങ്ങൾ നടത്തിയിരുന്ന വിദ്യാർത്ഥികളുടെ മേലന്വേഷകൻ ഫാദർ ലൂയി ഡെൽ റൊസാരിയോ ആയിരുന്നു. അദ്ദേഹം എന്നോടു വളരെ ദയയോടെയാണു വർത്തിച്ചിരുന്നതു്. എൻെറ പട്ടത്തിൻെറ തലേദിവസം എൻെറ അഭ്യർത്ഥനയനുസരിച്ചു് അദ്ദേഹം പല വിശുദ്ധ സ്ഥലങ്ങളിലേക്കും എന്നെ കൂട്ടിക്കൊണ്ടുപോയി അവയൊക്കെ എനിക്കു കാണിച്ചുതന്നു. സെൻറ് ജോൺ ലാററൻ ബസിലിക്കയിൽ പോയി ഒരു വിശ്വാസപ്രകരണം ചൊല്ലി. തിരുഗോവണി മുട്ടിന്മേൽ കയറി. അനന്തരം ഞാൻ വി. പൗലോസിൻെറ ബസിലിക്കയിലേക്കു പോയി. വിജാതീയരുടെ ശ്ലീഹായുടെ കുഴിമാടത്തിങ്കൽ നല്ലവനായ കർത്താവിനോടു ഞാൻ എന്താണു പറഞ്ഞതു്? അതു് എൻെറ ഹൃദയത്തിൽ പൂട്ടിവച്ചിട്ടുണ്ടു്.

വി. ലോറൻസിൻെറ തിരുനാൾ ദിവസം ഉദിച്ചു. ആശ്രമത്തിൽനിന്നു് എന്നെ കൂട്ടിക്കൊണ്ടുപോകാൻ എൻെറ വൈസ് റെക്ടർ ഫാദർ സ്പ്രോൾവെരീനി വന്നുചേർന്നു. മൗനപൂർവ്വം നഗരത്തിലൂടെ ഞാൻ കടന്നുപോയി. വിശുദ്ധഗിരിയിലേ മറിയത്തിൻെറ ദൈവാലയത്തിൽവച്ചാണു് അവിസ്മരണീയമായ ആ തിരുക്കർമ്മം നടന്നതു്. എല്ലാ സാഹചര്യങ്ങളും ഇപ്പോഴും ഞാൻ ഓർമ്മിക്കുന്നുണ്ടു്. മോൺസിഞ്ഞോർ ജോസഫ് ചെപ്പെത്തെല്ലി (Vicegerent) ആണു് എനിക്കു പട്ടം നല്കിയതു്. കപ്രാനിക്കാ കോളെജിലെ ചില വിദ്യാർത്ഥികളായിരുന്നു ബലിപീഠ ശുശ്രൂഷകർ. എൻെറ മേലധ്യക്ഷനായ

www.malankaralibrary.com

മെത്രാനച്ചനെ അനുസരിക്കാമെന്നുള്ള സത്യപ്രതിജ്ഞയും മററും കഴിഞ്ഞു തിരുക്കർമ്മം അവസാനിച്ചപ്പോൾ ഞാൻ കണ്ണുയർത്തി നോക്കി. അപ്പോഴാണു പരിശുദ്ധയമ്മയുടെ സ്വരൂപം ഞാൻ കണ്ടതു്. അതുവരെ അതിൽ എൻെറ ശ്രദ്ധ പതിയുകയുണ്ടായില്ല. ദൈവമാതാവു് ബലിപീഠത്തിങ്കൽനിന്നു് എന്നെ നോക്കി പുഞ്ചിരിതൂകുന്നതായി എനിക്കു തോന്നി. അവിടുത്തെ കടാക്ഷം മധുരമായ സമാധാനവും ശരണവും എന്നിൽ ജനിപ്പിച്ചു. അവിടുത്തേക്കു സംതൃപ്തിയായെന്നും അവിടുന്നു് എന്നെ സദാ സംരക്ഷിക്കുമെന്നും പറഞ്ഞതുപോലെ എനിക്കു് അനുഭവപ്പെട്ടു. ചുരുക്കത്തിൽ അവിടുന്നു് എൻെറ ഹൃദയത്തിനു പ്രശാന്തതയും സമാധാനവും അയച്ചുതന്നു; അതു ഞാനൊരിക്കലും വിസ്മരിക്കുകയില്ല.

വൈവസ് റെക്ടർ എന്നെ സെമിനരിയിലേക്കു തിരിച്ചു കൊണ്ടുപോയി. സെമിനരി നിവാസികളെല്ലാം റൊക്കാന്നിക്കായിലേക്കു പോയിരുന്നതിനാൽ സെമിനരി ശൂന്യംപോലെ തോന്നി. അവിടെയെത്തിയ ഉടനെ ആദ്യം ചെയ്തതു ഭാഗ്യസ്മരണാർഹനായ എൻെറ മെത്രാൻ മോൺസിഞ്ഞോർ ഗിന്റാനിക്കു് ഒരു കത്തെഴുതുകയായിരുന്നു. മോൺസിഞ്ഞോർ ചെപ്പെത്തെല്ലിയുടെ പാദത്തിങ്കൽ കർത്താവിനോടു ഞാൻ പറഞ്ഞവാക്കുകൾ സംക്ഷിപ്തമായി ഞാൻ തിരുമേനിക്കു് എഴുതി. തിരുമേനിയോടു് അനുസരണവും സ്നേഹവും ഞാൻ വാഗ്ദാനം ചെയ്തു. എട്ടുകൊല്ലങ്ങൾക്കുശേഷം എത്ര ആനന്ദത്തോടെയാണു ഞാൻ ആ വാഗ്ദാനം നവീകരിക്കുന്നതെന്നറിയാമോ? എൻ്റെ ഹൃദയത്തിൻെറ ആനന്ദത്തിൽ പങ്കെടുക്കാൻ വേണ്ടി ഞാൻ പിന്നീടു് എഴുതിയതു് എൻെറ മാതാപിതാക്കന്മാർക്കാണു്. എന്നോടുകൂടെ കർത്താവിനു നന്ദി പറയുവാനും എന്നെ വിശ്വസ്തനായി സംരക്ഷിക്കണമെന്നു് അപേക്ഷിക്കുവാനും അവരോടു ഞാനാവശ്യപ്പെട്ടു. മദ്ധ്യാഹ്നത്തിനു ശേഷം ഞാൻ ഏകാകിയായി; എന്നെ ഇത്രയധികം ഉയർത്തിയ ദൈവവും ഞാനും മാത്രമായി. പൗരോഹിത്യത്തിൻെറ ആനന്ദവും എൻ്റെ പ്രതിജ്ഞകളും എൻെറ ചിന്താവിഷയമായി. റോമാ നഗരത്തിൽ ആരുമില്ലാതിരുന്നാലെന്നപോലെ എൻെറ കർത്താവിൽ നിമഗ്നനായി ഞാൻ പുറപ്പെട്ടു. എനിക്കു കൂടുതൽ ഭക്തി തോന്നിയിരുന്ന ദേവാലയങ്ങളും എൻെറ പ്രിയപ്പെട്ട വിശുദ്ധരുടെ ബലിപീഠങ്ങളും ദൈവമാതാവിൻെറ സ്വരൂപങ്ങളും ഞാൻ സന്ദർശിച്ചു. സന്ദർശനങ്ങൾ തീരെ ഹ്രസ്വമായിരുന്നു. പ്രസ്തുത സായാഹ്നത്തിൽ ആ വിശുദ്ധന്മാർക്കെല്ലാം എന്നോടെന്തോ പറയാനുണ്ടെന്നും എനിക്കു് അവരോടെന്തോ പറയാനുണ്ടെന്നും എനിക്കു തോന്നി. വാസ്തവം അങ്ങനെതന്നെ ആയിരുന്നു.

www.malankaralibrary.com

വി. ഫിലിപ്പുനേരി, വി. ഇഗ്നേഷ്യസ്, വി. ജോൺ ബാപ്'റ്റിസ്റ്റ് ദെ റോസി, വി. അല്യൂഷ്യസ്, വി. ജോൺ ബക്ക്മൻസ്, വി. കാഥറീൻ ദെ സീയെന്നാ, ലേലിസ്സിലേ വി. കമിലസ്, മുതലായ പല വിശുദ്ധരേയും ഞാൻ സന്ദർശിച്ചു. എൻെറ സദുദ്ദേശ്യങ്ങൾക്കു കർത്താവിൻെറമുമ്പിൽ സാക്ഷ്യം വഹിച്ച വിശുദ്ധരേ, എൻെറ ബലഹീനതകൾ ക്ഷമിക്കുവാനും ആ സുദിനത്തിൻെറ ഓർമ്മ കെട്ടുപോകാതെ എൻെറ ഹൃദയത്തിൽ ഉജ്ജ്വലമായി പാലിക്കുവാനും നിങ്ങൾ പ്രാർത്ഥിക്കുവിൻ.

അടുത്ത ദിവസം പ്രഥമപൂജ സമർപ്പിക്കുവാൻ എന്നെ വി. പത്രോസിൻെറ ബസിലിക്കയിലേക്കു കൊണ്ടുപോയതും എൻെറ പ്രിയപ്പെട്ട വൈസ് റെക്ടറാണ്. മഹാ അങ്കണത്തിൽക്കൂടെ കടന്നുപോയപ്പോൾ പ്രസ്തുത അങ്കണത്തിനു് എന്നോടു പലതും പറയാനുണ്ടായിരുന്നു. അതിലേ നടന്നുപോകുമ്പോഴൊക്കെ എൻെറ ഹൃദയം വികാരതരളിതമാകാറുണ്ടു്; എന്നാൽ ആ പ്രഭാതത്തിലെന്നപോലെ ഒരിക്കലും വികാരഭരിതമായിട്ടില്ല...... സഭാചരിത്രത്തിലേ ബഹുമാന്യ രേഖകളടങ്ങിയ ആ ബസിലിക്കയുടെ അകത്തു് എൻെറ വികാരങ്ങളുടെ കാര്യം പറയേണ്ടതില്ലല്ലോ. വി. പത്രോസിൻെറ കുഴിമാടത്തിൻെറ അരികെയുള്ള ഭൂഗർഭബലിപീഠത്തിലേക്കു ഞാൻ ഇറങ്ങിച്ചെന്നു. അവിടെ വൈസ് റെക്ടർ ക്ഷണിച്ചിരുന്ന കുറേ സ്നേഹിതന്മാർ ഇതിനകം വന്നുചേർന്നിരുന്നു. സന്മാർഗ്ഗശാസ്ത്രാദ്ധ്യാപകനായിരുന്ന മോൺ. ജോസെഫ് പാലിക്കാ, ഫാദർ എൻറീക്കോ ബെനെദെത്തി, ഫാദർ പീയെത്രൊ മൊറിക്കോണി, ഫാദർ ജോസഫ് ബാൾഡി, ഫാദർ എൻറീക്കോ ഫാസി തുടങ്ങിയ പലരും അവിടെ ഉണ്ടായിരുന്നതായി ഞാൻ ഓർമ്മിക്കുന്നു. വി. പത്രോസു പൗലോസു ശ്ലീഹന്മാരുടെ നേർച്ചക്കുർബാനയാണു ഞാൻ ചൊല്ലിയതു്. ആ കുർബ്ബാനയുടെ ആനന്ദം! എന്റെ ഹൃദയത്തിൽ കവിഞ്ഞൊഴുകിയിരുന്ന വികാരങ്ങളിൽ പ്രധാനമായവ തിരുസ്സഭയോടുള്ള മഹാസ്നേഹം, ക്രിസ്തുവിൻെറ താത്പര്യങ്ങൾക്കും മാർപ്പാപ്പായുടെ താത്പര്യങ്ങൾക്കും വേണ്ടിയുള്ള തീക്ഷ്ണത, ഈശോയുടേയും തിരുസ്സഭയുടേയും ശുശ്രൂഷക്കു പൂർണ്ണമായുള്ള പ്രതിഷ്ഠ, വി. പത്രോസിൻെറ സിംഹാസനത്തോടു പ്രത്യേക ഭക്തി വാഗ്ദാനംചെയ്തുകൊണ്ടുള്ള ഒരു വ്രതം, ആത്മാക്കളുടെ രക്ഷക്കുവേണ്ടി അക്ഷീണമായ യത്നം എന്നിവയായിരുന്നു. ഞാൻ നില്ക്കുന്ന സ്ഥലം, എൻെറ പ്രഥമ ദിവ്യപൂജ, അതിൻെറ സാഹചര്യങ്ങൾ എന്നിവ എൻെറ വ്രതത്തെ ഒന്നുകൂടെ പവിത്രീകരിച്ചു. അതു് ഇന്നും എൻെറ ഹൃദയത്തെ ത്രസിപ്പിക്കുന്നു; വാക്കുകൾക്കു് അതു വർണ്ണിക്കുവാൻ കഴിയുന്നില്ല. വി. പത്രോസിൻെറ കുഴിമാടത്തിങ്കൽവച്ചു ഞാൻ കർത്താവിനോടു പറഞ്ഞു: "കർ

www.malankaralibrary.com

ത്താവേ, അങ്ങേക്കു് എല്ലാം അറിയാം. ഞാൻ അങ്ങയെ സ്നേഹിക്കുന്നുവെന്നു് അങ്ങു് അറിയുന്നുണ്ടല്ലോ. കിനാവു കാണുന്നവനെപ്പോലെ ഞാൻ ദൈവാലയത്തിൽനിന്നു പുറത്തുവന്നു. ബസിലിക്കയുടെ ഭിത്തിയിൽ നിരത്തിവച്ചിരുന്ന ഓട്ടുകൊണ്ടും മാർബ്ബിൾകൊണ്ടുമുള്ള മാർപ്പാപ്പാമാർ അവരുടെ കുഴിമാടത്തിൽനിന്നു് എനിക്കു ധൈര്യവും ശരണവും തരുവാനോ എന്നു തോന്നുമാറു് നവമായ ചൈതന്യത്തോടെ എന്നെ കടാക്ഷിച്ചു.

മദ്ധ്യാഹ്നത്തിൽ പുതിയ ഒരാനന്ദം എന്നെ കാത്തിരുന്നു: പത്താം പീയൂസ് മാർപ്പാപ്പായുമായുള്ള അഭിമുഖസംഭാഷണം. എന്റെ വൈസ് റെക്ടറാണു് അതു ശരിപ്പെടുത്തിത്തന്നതു്. ആ സുദിനങ്ങളിൽ അദ്ദേഹം എനിക്കു ചെയ്തുതന്ന എല്ലാ കാര്യങ്ങൾക്കും ഞാൻ എത്ര കൃതജ്ഞനാണെന്നു് അറിയാമോ? അദ്ദേഹം എന്റെകൂടെ പോന്നു. ഞാൻ നിന്നിരുന്ന സ്ഥലത്തു പരിശുദ്ധ പിതാവു് എത്തിയപ്പോൾ വൈസ് റെക്ടർ എന്നെ തിരുമേനിക്കു പരിചയപ്പെടുത്തിക്കൊടുത്തു. മാർപ്പാപ്പാ പുഞ്ചിരിതൂകി. ഞാൻ പറയുന്നതു ശരിക്കു ശ്രവിക്കുന്നതിനു തിരുമേനി തലകുനിച്ചാണു നിന്നതു്. ഞാൻ മുട്ടുകുത്തി നില്ക്കുകയായിരുന്നു. അവിടുത്തെ പാദങ്ങളിലെത്താൻ സാധിച്ചതിൽ ഞാൻ ആനന്ദംകൊള്ളുന്നുവെന്നു പ്രസ്താവിച്ചശേഷം അന്നു വി. പത്രോസിന്റെ കുഴിമാടത്തിങ്കൽ പ്രഥമ ദിവ്യബലി സമർപ്പിച്ചപ്പോളുണ്ടായിരുന്ന നിയോഗങ്ങൾ എന്റെ കഴിവനുസരിച്ചു സംക്ഷിപ്തമായി ഞാൻ വിവരിച്ചു.

ഈ സമയമൊക്കെയും കുനിഞ്ഞുതന്നെ നിന്നിരുന്ന മാർപ്പാപ്പാതിരുമേനി തന്റെ കരങ്ങൾ എന്റെ ശിരസ്സിൽവച്ചുകൊണ്ടു ചെവിയിൽത്തന്നെ പറഞ്ഞു: "കൊള്ളാം, കൊള്ളാം, എന്റെ മകനേ, ഇതാണു ഞാൻ കേൾക്കാൻ ഇഷ്ടപ്പെടുന്നതു്. നീ ഈശോയുടെ തിരുഹൃദയത്തിനൊത്ത ഒരു വൈദികനാകുന്നതിനു നിന്റെ നിയോഗങ്ങളെ അനുഗ്രഹിക്കുവാൻ നല്ലവനായ കർത്താവിനോടു ഞാനപേക്ഷിക്കാം. നിനക്കുള്ള ഇതര നിയോഗങ്ങളും ഞാൻ അനുഗ്രഹിക്കുന്നു. നിന്നെപ്രതി ഇപ്പോൾ ആനന്ദംകൊള്ളുന്ന എല്ലാവരേയും ഞാൻ ആശീർവ്വദിക്കുന്നു." അവിടുന്നു് എന്നെ ആശീർവ്വദിച്ചശേഷം ചുംബിക്കുവാനായി എനിക്കു കരങ്ങൾ നീട്ടിത്തന്നു. തിരുമേനി എന്നിൽനിന്നു നീങ്ങി അടുത്തുനിന്നിരുന്ന ആളോടു സംസാരിക്കുവാൻതുടങ്ങി. അദ്ദേഹം പോളണ്ടുകാരനായിരുന്നുവെന്നു തോന്നുന്നു. പെട്ടെന്നു തിരുമേനി എന്റെ പക്കലേക്കു തിരിഞ്ഞുചോദിച്ചു: "നീ എപ്പോൾ വീട്ടിലെത്തും?" "സ്വർഗ്ഗാരോപണത്തിരുനാളിനു്" ഞാൻ പ്രതിവചിച്ചു. എന്റെ വീട്ടു്

www.malankaralibrary.com

എവിടെയാണെന്നു തിരുമേനി മുമ്പു ചോദിച്ചിരുന്നു. അതിന്റെ മറുപടി മനസ്സിൽവച്ചുകൊണ്ടു പറഞ്ഞു: "നിങ്ങളുടെ ഗ്രാമത്തിൽ ആ തിരുനാൾ എന്തായിരിക്കും? ബെർഗാമായിലെ മണികൾ അന്ന് എത്ര ആരവത്തോടെ മുഴങ്ങും?" മന്ദഹാസത്തോടെ അദ്ദേഹത്തിന്റെ സന്ദർശനങ്ങൾ തുടന്നു.

അന്നു വൈകുന്നേരം റൊക്കാന്തിക്കായിലേ സെമ്മിനരിവില്ലായിലേക്കു ഞാൻ തിരിച്ചു. ഫാദർ ജോസഫ് പിക്കിരില്ലി എന്നെ സ്വീകരിക്കുവാൻ പോഗിയോ മിർത്തേത്തോ സ്റ്റേഷനിലേക്കു വന്നു. ദീപങ്ങൾകൊണ്ട് വില്ല അലംകൃതമായിരിക്കുന്നതു കണ്ടപ്പോൾത്തന്നെ എന്റെ ഹൃദയം തരളിതമായി. ദൈവാലയത്തിൽ, "അങ്ങു പുരോഹിതൻ" എന്ന വാക്യം വിദ്യാർത്ഥികൾ പാടി. അടുത്തദിവസം കെങ്കേമമായ ആഘോഷങ്ങൾ. എല്ലാവരും ദിവ്യകാരുണ്യം സ്വീകരിച്ചു. റെക്ടർ, മോൺസിഞ്ഞോർ ബൃഗരീനി വി. കുർബാന ചൊല്ലാൻ എന്നെ സഹായിച്ചു. എന്റെ ജ്ഞാനപിതാവു ഫാദർ ഫ്രൻസെസ്കോ പിത്തോക്കി സുവിശേഷപ്രസംഗം നടത്തി. എന്നെപ്പററി അദ്ദേഹം വളരെ അനുകമ്പയോടെ സംസാരിച്ചു. അദ്ദേഹത്തിന്റെ സ്നേഹം അദ്ദേഹത്തെ അന്ധനാക്കിയെന്നു തോന്നുന്നു. അന്നുമുഴവനും ആഘോഷങ്ങൾതന്നെയായിരുന്നു.

പതിമൂന്നാം തീയതി ഫ്ളോറൻസിലേ മംഗലവാർത്താ ദൈവാലയത്തിൽ ഞാൻ ദിവ്യബലി സമർപ്പിച്ചു. സൈനികസേവനം തുടരുന്നതിനു മുമ്പു ഞാൻ എന്റെ ശുദ്ധത ദൈവമാതാവിനു സമർപ്പിച്ചിരുന്നു. അവിടുത്തോടു നന്ദി പ്രകാശിപ്പിക്കാനാണു ഞാൻ അവിടെ വി. കുർബാന ചൊല്ലിയതു്. 14-ാംനു മിലാനിൽ വി. ചാൾസ് ബൊറോമ്യയുടെ കുഴിമാടത്തിൽ ഞാൻ ദിവ്യപൂജ അണച്ചു. ... അദ്ദേഹത്തോട് എനിക്ക് എന്തെല്ലാം പറയാനുണ്ടായിരുന്നു! അന്നുമുതൽ അദ്ദേഹത്തോടുള്ള എന്റെ സ്നേഹവും ബഹുമാനവും വളരെയേറെ വദ്ധിച്ചു.

ഓഗസ്റ്റ് 15 ാംനു സ്വർഗ്ഗാരോപണത്തിരുനാൾ ദിവസം ഞാൻ സോത്തോ ഇൽമോന്തെയിലെത്തി. എന്റെ ജീവിതത്തിൽ എനിക്കും എന്റെ ബന്ധുജനങ്ങൾക്കും ഉപകാരികൾക്കും എന്നുവേണ്ടാ ഏവക്കും ഏററവും ആഹ്ലാദകരമായ ഒരു ദിവസമായിരുന്നു അതു്.

എന്തിനാണ് ഇതൊക്കെ ഞാനെഴുതിയതു്? വിശ്വാസവും എന്റെ വാഗ്ദാനങ്ങളും പാലിക്കുന്നതിനു് ഈ കുറിപ്പുകൾ ഉത്തേജകമായേക്കും; കർത്താവിന്റെ കാരുണ്യത്തിനു കൃതജ്ഞതാപ്രകാശന

www.malankaralibrary.com

വുമാകും. എൻെറ വിശ്വാസപ്രഖ്യാപനത്തിൽ അവിശ്വസ്തതയുണ്ടായാൽ ഈ കുറിപ്പുകൾ എന്നെ ഇക്കാര്യം അനുസ്മരിപ്പിക്കും. എൻെറ ദൈവവിളിക്ക് യോഗ്യനായ ഒരു വൈദികനാകാൻ, ക്രിസ്തുവിനു ഞാൻ അയോഗ്യനാകാതിരിക്കാൻ സർവ്വവും സഹായകമാകട്ടെ. ക്രിസ്തുവിനു സകല മഹത്വവും ഉണ്ടാകട്ടെ.

## 22 ഈശോ മറിയമേ യൗസേപ്പേ!
## 1904 നവംബർ 4

## അധ്യയനവത്സരം ആരംഭിക്കുന്നതിനു മുമ്പ് ത്രിദിനാപേക്ഷ.

എൻെറ പൗരോഹിത്യത്തിന് ഒരുക്കമായി നടത്തിയ നാലു ജ്ഞാനധ്യാനങ്ങളിലും എഴുതിയവ സമസ്തവും തന്നെയാണ് എൻെറ പൊതു പ്രതിജ്ഞകൾ. എൻെറ വ്യാപാരങ്ങൾ വേണ്ടപോലെ നിയന്ത്രിക്കാനും എൻെറ ആദ്ധ്യാത്മിക പുരോഗമനത്തിനു താങ്ങു കൊടുക്കാനും വേണ്ടി കീഴെ നല്കുന്ന പ്രതിജ്ഞകളിൽ ഞാൻ പ്രത്യേക ശ്രദ്ധ പതിക്കും. അവ വി. ചാൾസ് ബോറോമ്യയുടെ തിരുനാൾ ദിവസമായ ഇന്ന് അദ്ദേഹത്തിൻെറ സംരക്ഷണത്തിൻകീഴ് സമർപ്പിക്കുന്നു.

1 എഴുന്നേല്ക്കുന്ന സമയം മുതൽ വി. കുർബാന കഴിഞ്ഞു കുറച്ചുനേരവുംകൂടെ ആദ്ധ്യാത്മിക ചിന്തകളിലും അഭ്യാസങ്ങളിലും മാത്രം ഞാൻ ചെലവഴിക്കും. വാമൊഴിയായുള്ള പ്രാർത്ഥന, ആദ്ധ്യാത്മികപാരായണം, ധ്യാനം, ഒപ്പീസു മുതലായവ.

2 മദ്ധ്യാഹ്നത്തിനുമുമ്പ് അഞ്ചു മിനിററു നേരത്തേക്കു പ്രത്യേകാത്മശോധന പ്രയോജനകരമായി നടത്താൻ ഞാൻ ഉററു പരിശ്രമിക്കും.

3 അതീവതീക്ഷ്ണതയോടെ അനുദിനം ദിവ്യകാരുണ്യസന്ദർശനം നടത്തുക എൻെറ പ്രധാന ചുമതലയായിരിക്കും. ഞാൻ എല്ലാത്തിനും വി. കുർബാനയോടും ഈശോയുടെ തിരുഹൃദയത്തോടും കടപ്പെട്ടിരിക്കുന്നു. ആകയാൽ വി. കുർബാനയോട് എനിക്കു പ്രത്യേക ഭക്തിയുണ്ടായിരിക്കും.

www.malankaralibrary.com

4 പിറേറദിവസത്തേക്കുള്ള മൂന്നു് "നൊക്ടേൺ" (രാത്രി പ്രാർത്ഥന) ചൊല്ലാതെ ഞാൻ നിദ്രയ്ക്കു് അണയുകയില്ല. മറെറാന്നിനും ഇത്രയും പ്രാധാന്യമില്ല. കാനോനനമസ്കാരത്തിനു പ്രഥമസ്ഥാനം നല്കണം.

5 മാസധ്യാനത്തെ സംബന്ധിച്ചിടത്തോളം എനിക്കു നല്ല നിഷ്ഠവേണം. എല്ലാമാസവും ആദ്യഞായറാഴ്ചയ്ക്കു മുമ്പുവരുന്ന ശനിയാഴ്ച സായംകാലം മുതൽ പിറേറദിവസം ഉച്ചവരെയെങ്കിലും ധ്യാനത്തിൽ കഴിയണം.

6 ഏററവും ചെറിയ വിദ്യാർത്ഥികളെപ്പോലെ എല്ലാ സെമ്മിനാരിനിയമങ്ങളും ഞാൻ അനുസരിക്കും. ഒരു പ്രീഫെക്റ്റ് എന്നനിലയിൽ അവക്കു ചെയ്യാവുന്ന നന്മ എൻെറ സന്മാതൃകയെ ആശ്രയിച്ചിരിക്കുന്നു.

7 ഉലാത്താൻ പോകുമ്പോൾ ഏത്രയും അടക്കത്തോടെ വ്യാപരിക്കണമെന്നുള്ള നിശ്ചയം കൂടുതൽ ദൃഢമായി ഞാൻ നവീകരിക്കുന്നു. പൗരോഹിത്യം ഗുരുതര പാപങ്ങളിൽ നിന്നു മോചനം നല്കുന്നില്ല. ഏകാഗ്രതയും ആത്മീയതീക്ഷ്ണതയും പാലിക്കുന്നതിനുള്ള എൻെറ പരിശ്രമങ്ങൾക്കു സഹായകമായിരിക്കും അടക്കം പാലിക്കുന്നതിലുള്ള എൻെറ സൂക്ഷ്മം.

8 എൻെറ സമയം, വിശിഷ്യ, പഠനസമയം ഞാൻ ശരിയായി വിനിയോഗിക്കും. ആദ്യംതന്നെ ഇക്കൊല്ലത്തേ പഠനവിഷയങ്ങൾ; പിന്നെ ചെറിയ തോതിൽ മററു സംഗതികൾ.

9 എല്ലാക്കാര്യങ്ങളിലും എളിമ, ആദ്ധ്യാത്മികമായി മഹാതീക്ഷ്ണത, പ്രശാന്തത, എല്ലാവരോടും ഉപചാരം, അനുസ്യൂതമായ സന്തുഷ്ടി ഹൃദയത്തിൻേറയും മനസ്സിൻേറയും പ്രസന്നത.

ഞങ്ങളോടുള്ള സ്നേഹത്തെപ്രതി എരിയുന്ന ഈശോയുടെതിരുഹൃദയമേ, അങ്ങയോടുള്ള സ്നേഹത്താൽ ഞങ്ങളുടെ ഹൃദയത്തെ എരിയിക്കണമേ.

www.malankaralibrary.com

## 23 1904 ഡിസംബർ 8

# കന്യകാമറിയത്തിൻെറ അമലോത്ഭവം വിശ്വാസസത്യമായിപ്രഖ്യാപനം ചെയ്തതിൻെറ അമ്പതാം വാർഷികം

എൻെറ ജീവിതത്തിലേ ഒരു മഹാ സുദിനമായി ഇന്നത്തെ ദിനം ഞാൻ കരുതും: വത്തിക്കാൻ ബസിലിക്കായിലും നഗരത്തിലെ ഇതര ദൈവാലയങ്ങളിലും മറിയത്തിൻെറ വിജയം ആഘോഷിക്കുന്നതു ദർശിച്ചപ്പോൾ എൻെറ ഹൃദയം എത്രയും നിർമ്മലമായ ആനന്ദംകൊണ്ടു നിറഞ്ഞു,

സ്നേഹപൂർവ്വകമായ മാത്സര്യത്തോടെ റോമാനഗരം മുഴുവനും കന്യകാമറിയത്തോടുള്ള സ്നേഹത്തിൻെറ ഒരു പ്രകടനം നടത്താൻ നിശ്ചയിച്ചു. ജനനിബിഡമായ ആ മഹാ ദൈവാലയത്തിൽ, അവിടത്തെ മനോഹരമായ തിരുക്കർമ്മങ്ങളുടെ ആഡംബരങ്ങളുടെ ഇടയ്ക്കു കണ്ണഞ്ചുന്ന ദീപങ്ങളുടെ മദ്ധ്യേ പീഠത്തിന്മേൽ സ്ഥാപിതയായിരിക്കുന്ന അമലോത്ഭവകന്യകയുടെ എത്രയും ബഹുമാന്യമായ സ്വരൂപം, പ്രതാപപൂർണ്ണമായ വേഷത്താൽ സമലംകൃതനായ മാർപ്പാപ്പായേയും അണിനിരന്നിരിക്കുന്ന കർദ്ദിനാൾ സംഘത്തേയും ഭൂമിയുടെ സർവ്വഭാഗങ്ങളിൽനിന്നു വന്നുകൂടിയിരുന്ന മെത്രാന്മാരേയും വൈദികവരേണ്യരേയും അൽമായരേയും നോക്കി പുഞ്ചിരിതൂകുന്നതുപോലെ എനിക്കു തോന്നി. തിരുക്കർമ്മങ്ങളുടെ ഇടയിൽ വാനവഗായകസംഘത്തെ പ്രതിധ്വനിപ്പിക്കുന്ന പെറോസിയുടെ ഗാനവുമുണ്ടായിരുന്നു. മഹാതാഴികക്കുടത്തിൽ അതിന്റെ മാറ്റൊലി ശ്രാവ്യമായിരുന്നു. വിശ്വാസത്തിൻെറ ഒരു ദൃശ്യം! മറിയത്തിനു് എന്തൊരു വിജയം!

ഭൂമിയിൽ ഇതിനെക്കാൾ കൂടുതലായ ഒരു ബഹുമാനത്തെപ്പററി ചിന്തിക്കുവാൻ സാധിക്കുന്നില്ല. ലോകത്തിൻെറ നാനാഭാഗങ്ങളിൽ നിന്നുള്ള സെമ്മിനരിവിദ്യാർത്ഥികളുടെ മഹാവ്യൂഹത്താൽ ഞാൻ മറഞ്ഞുപോയെങ്കിലും ആഘോഷമായ തിരുക്കർമ്മങ്ങളെല്ലാം കാണത്തക്ക വിധം ഞാൻ ശ്ലീഹായുടെ കുഴിമാടത്തിനരികെയായിരുന്നു.

www.malankaralibrary.com

# ബെർഗാമോ മെത്രാൻ മോൺ. രദീനി
# തെദേഷിയുടെ സെക്രട്ടറി
# 1905 — 1914

[1905– ൽ ഫാദർ ആഞ്ചെലോ റൊങ്കാലി വാർഷികധ്യാനം നടത്തിയില്ല; പകരം ലൂർദ്ദിലേക്കുള്ള ഒരു തീർത്ഥയാത്രയിൽ പങ്കെടുത്തു. തദവസരത്തിൽ അദ്ദേഹം പാരലെമോനിയാ തുടങ്ങിയ പല തീർത്ഥ സ്ഥലങ്ങളും സന്ദർശിച്ചു. പ്രസ്തുത തീർത്ഥയാത്രയുടെ സ്മരണകൾ അദ്ദേഹം ഈ കുറിപ്പുകളിൽ സന്തോഷത്തോടെ സ്മരിക്കുന്നുണ്ട്. 1905 ഏപ്രിൽ 19 മുതൽ 21 വരെ മൂന്നു ദിവസം ഫ്രസ്കാത്തിയിൽ കമെൽ ദെ ലേസി സന്യാസിമാരുടെ ഭവനത്തിൽ ഒരു ധ്യാനം കഴിച്ചു. അതിന്റെ കുറിപ്പുകൾ അവശേഷിച്ചിട്ടില്ല. അവിടെ ഒരു മാർബിൾ ശിലയിൽ തിരുമേനിയുടെ അന്നത്തെ നിവാസം ശാശ്വതീകരിച്ചിട്ടുണ്ട്,

1906 ലെ ധ്യാനത്തിനു പകരം ഫാദർ റൊങ്കാലി വിശുദ്ധ സ്ഥലത്തേക്കുള്ള ദ്വിതീയ ഇററാലിയൻ തീർത്ഥാടനത്തിൽ പങ്കെടുത്തു. ഈ യാത്രയെപ്പററി അദ്ദേഹം ചില ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. അവയിൽനിന്നു ചില ഭാഗങ്ങൾ കീഴെ ചേർക്കുന്നു:]

## 1906 സെപ്ററംബർ 30

ഞാൻ കാനായിൽനിന്നു പോരുന്നു; എന്നാൽ ഹൃദയംഗമമായ പ്രാർത്ഥനയും പ്രത്യാശയും കൂടാതെയല്ല. കാനായിൽ ഈശോ തന്റെ പ്രഥമാത്ഭുതം പ്രവർത്തിച്ചു; അങ്ങനെ തൻെറ ദിവ്യത്വം പ്രകടമാക്കി. ഇന്നു കാനായിലുള്ള 1300 നിവാസികളിൽ ഭൂരിപക്ഷവും മുഹമ്മദീയരാണ്. ബാക്കിയുള്ളവർ മിക്കവരും ഗ്രീക്കു ശീശ്മക്കാരാണ്. വളരെ കുറച്ചുപേർ, അമ്പതുപേരുമാത്രം കത്തോലിക്കർ. ഇവരും പലസ്തീനായിലെ മററു കത്തോലിക്കരെന്നപോലെ വലിയ വിശ്വാസമൊന്നുമുള്ളവരല്ല; തീക്ഷ്ണതയുമില്ല. ഈശോയുടെ പ്രഥമാത്ഭുതത്തിൻെറ ഓർമ്മയ്ക്ക് ഒരു നവനക്ഷത്രം ഇന്നു ക്രൂദാശചെയ്യു. ചിതറിക്കിടക്കുന്ന ആത്മാക്കളെ ക്രിസ്തീയജീവിതത്തിൻെറ നിരന്തരാഭ്യാസത്തിലേക്കും കത്തോലിക്കാവിശ്വാസത്തിൻെറ ഐക്യത്തിലേക്കും ആ നക്ഷത്രം കൊണ്ടുവരാൻ കർത്താവു് അനുഗ്രഹിക്കട്ടെ.

www.malankaralibrary.com

## ഒക്ടോബർ 4

[ജെറൂസലം. മോൺ. തെദെഷീയുടെ പൊന്തിഫിക്കൽ കുർബ്ബാന.] വിദൂര രാജ്യങ്ങളിൽനിന്നുവരുന്ന ക്രിസ്ത്യാനികൾ നമ്മുടെ കർത്താവിൻെറ ശവകുടീരത്തിൻെറ അരികെയുള്ള ജനങ്ങളുടെ ബഹുളവും അവിടെയുള്ള സാധനങ്ങളും ഭാഷകളും റീത്തുകളും മതങ്ങളുമൊക്കെ കാണുമ്പോൾ പരിഭ്രാന്തരാകും. ഭക്തസ്ത്രീകൾ നമ്മുടെ കർത്താവിൻെറ ശവകുടീരത്തിലെ കല്ലു നീക്കപ്പെട്ടതായി കണ്ടപ്പോൾ അവർക്കുണ്ടായ പരിഭ്രമത്തോടാണു മെത്രാനച്ചൻതിരുമേനി വിദേശക്രിസ്ത്യാനികളുടെ പരിഭ്രമത്തെ ഉപമിച്ചതു്. ഒഴിഞ്ഞു കിടക്കുന്ന ശവകുടീരത്തിങ്കലേക്കു പുനരുത്ഥാനത്തിലേ മഹിമപ്രതാപത്തോടെ എഴുന്നള്ളിവന്നു് അവിടെയുള്ളവരെ ചിതറിക്കാനല്ല മാനസാന്തരപ്പെടുത്താൻ ക്രിസ്തുനാഥനോടു തിരുമേനി ആവേശത്തോടെ അഭ്യർത്ഥിച്ചു. പൗരസ്ത്യരാജ്യങ്ങളിലും റഷ്യയിലും ആഫ്രിക്കയിലും സർവ്വോപരി ഈ വിശുദ്ധ സ്ഥലത്തും, "ഒരു തൊഴുത്തും ഒരു ഇടയനും" എന്ന ആദർശം സാധിതമായിക്കാണാനിടയാകട്ടെ, എല്ലാവരുടേയും ദൃഷ്ടികൾ മെത്രാനച്ചൻെറനേർക്കു തിരിഞ്ഞു. എല്ലാ ഹൃദയങ്ങളും അദ്ദേഹത്തിൻെറ വാക്കുകളെ സമാദരിച്ചു. വേർപിരിഞ്ഞുപോയിരിക്കുന്ന സഹോദരർ സത്യതൊഴുത്തിലേക്കു തിരിയെ വരണമെന്നുള്ള എല്ലാവരുടേയും ആഗ്രഹം തിരുമേനിയുടെ പ്രാർത്ഥനയോടു ചേർന്നപ്പോൾ എല്ലാവരുടെ ഹൃദയങ്ങളും തുടിച്ചു.

എല്ലായിടത്തുമുള്ള ക്രിസ്ത്യാനികളുടെ സഹായത്താൽ ഇന്നത്തേ ഈ പ്രാർത്ഥന അടുത്തഭാവിയിൽ യഥാർത്ഥവൽകരിക്കാതിരിക്കുന്നതെന്തിനു്? ക്രിസ്തുവിൻെറ അത്ഭുതകരവും മനോഹരവുമായ ആ പ്രാർത്ഥന സഫലമായിത്തീരുന്നതിനു നമുക്കു യത്നിക്കാം. "ഒരു തൊഴുത്തും ഒരു ഇടയനുമാകണം" എന്ന ക്രിസ്തുവിൻെറ പ്രാർത്ഥന ഒരിക്കൽ, ജെറൂസലേമിൽ പ്രത്യേകിച്ചും, നിറവേറുമെന്നുള്ള ബോധത്തോടെ ദൈവപരിപാലനയ്ക്കു നമ്മുടെ അഭിലാഷം സമർപ്പിക്കാം.

www.malankaralibrary.com

# 1907

## 24 മത്തീനേങ്കോ തിരുക്കുടുംബ മഠത്തിൽവച്ച് 1907-ൽ നടത്തിയ ധ്യാനം. സെപ്ററംബർ 1—7

## ധ്യാനഗുരു: ഫാദർ സാമ്പോണി എസ്. ജെ.

അവസാനം ഏകാഗ്രമായ ചിന്തയ്ക്കു കുറേസമയം എനിക്കു ലഭിച്ചിരിക്കുന്നു. വളരെയേറെ ആഗ്രഹിച്ചിരുന്ന ഒരു ധ്യാനമാണിത്. പൂർവ്വപ്രതിജ്ഞകളെല്ലാം ഞാൻ പരിശോധിച്ചു; പൂർവ്വാനുഭവങ്ങൾ വീണ്ടും ഉണ്ടായിരിക്കുന്നു. എന്റെ പൗരോഹിത്യത്തിന്റെ പ്രാഥമിക വത്സരങ്ങളിൽ എനിക്ക് എന്നെപ്പററി കാര്യമായി ചിന്തിക്കുവാൻ സമയമുണ്ടായില്ല; ആകയാൽ എന്റെ ആദ്ധ്യാത്മികജീവിതത്തിനു കോട്ടം സംഭവിച്ചിട്ടുണ്ട്. പ്രധാനവും അപ്രധാനവുമായ നിരവധി കൃത്യങ്ങളുടെ ഇടയിൽ എന്റെ ആത്മാവു പതറിപ്പോയിരിക്കുന്നു. ഗുരുതരമായ പാപങ്ങളിൽനിന്ന് എന്നെ സംരക്ഷിച്ചതിനും സാധാരണവും അസാധാരണവും അമൂല്യവുമായ പല അനുഗ്രഹങ്ങൾ അനുസ്യൂതമായി ചിന്തിയിട്ടുള്ളതിനും ഇപ്പോഴും ചിന്തിക്കൊണ്ടിരിക്കുന്നതിനും ഞാൻ ദൈവത്തോടു നന്ദിപറയേണ്ടതല്ലേ? എന്റെ ദൈവമേ, അസാധാരണവും അവർണ്ണനീയവുമായ അനുഗ്രഹങ്ങൾ! എന്റെ തീക്ഷ്ണത ഉജ്ജ്വലിപ്പിക്കുന്നതിനും, പരിശുദ്ധമായ പുരോഹിത ജീവിതം നയിക്കാനുമുള്ള എന്റെ ആഗ്രഹം ശക്തിപ്പെടുന്നതിനും ഈ വിചാരംതന്നെ ഒരാഹ്വാനമാണ്. ഓ, ഈശോ, അങ്ങയുടെ വിളി ഞാൻ കേൾക്കും. ഇതു പക്ഷേ, അവസാനത്തെ വിളിയായിരിക്കും. എന്റെ ജീവിതംകൊണ്ട് അങ്ങ് ഉദ്ദേശിക്കുന്നതെന്താണെന്ന് ആരറിഞ്ഞു? അങ്ങയുടെ ഹൃദയത്തിലേക്ക് അങ്ങയുടെ ആശ്ലേഷത്തിനു ഞാൻ പ്രത്യാഗമിക്കുന്നു.

ഇക്കൊല്ലം എന്റെ അധ്യാപനജോലി വർദ്ധിച്ചിട്ടുണ്ട്. ഇതും മെത്രാനച്ചന്റെ സെക്രട്ടറിസ്ഥാനവും എന്റെ ജീവിതം എന്തായിരിക്കണമെന്നു സ്പഷ്ടമാക്കുന്നുണ്ട്. ഏകാഗ്രമായ ധ്യാനത്തിന്റേയും പ്രാർത്ഥനയുടേയും പഠനത്തിന്റേയും ജീവിതമായിരിക്കണം എന്റേത്.

www.malankaralibrary.com

ച്ചുരുക്കത്തിൽ ഞാൻ വീണ്ടും ഒരു സെമ്മിനരി വിദ്യാൎത്ഥിയെപ്പോലെ ആകണം; അങ്ങനെ ജീവിക്കാനാണ് എന്റെ ആഗ്രഹം. റോമായിലായിരുന്നപ്പോൾ ഞാനെഴുതിയകുറിപ്പുകളൊക്കെ ഞാൻ വായിച്ചുനോക്കി. എല്ലാ കാലത്തേക്കും പ്രയോജനകരമായ പല പ്രായോഗികസംഗതികളും അവയിലുണ്ട്. കുറേ കുറിപ്പുകളും പ്രതിജ്ഞകളുംകൂടി ഞാൻ ചേൎക്കാൻ പോകയാണ്. എന്റെ ആത്മപരിശോധനയിൽ ഞാൻ അവയിലേക്കു പലപ്പോഴും പിന്തിരിഞ്ഞുപോകും.

1 അനുസ്യൂതമായുണ്ടായിരുന്ന നിരവധി ജോലികൾ എന്റെ ആദ്ധ്യാത്മികാഭ്യാസങ്ങൾക്കു വിഘ്നം വരുത്തിയിരിക്കുന്നു. ആകയാൽ എല്ലാം അതാതിന്റെസ്ഥാനത്തേക്കു തിരികെ കൊണ്ടുപോകേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൻ ഞാൻ പാറപോലെ ഉറച്ചാണിരിക്കുന്നതു്. "മാറ്റിൻസ്, ലോഡ്സ്," എന്നീ കാനോനനമസ്കാരഭാഗങ്ങൾ ഞാൻ എല്ലാദിവസവും വൈകുന്നേരം ചൊല്ലും. വി. കുർബാനയുടെ മുമ്പു ധ്യാനത്തിനു് അരമണിക്കൂറോ, ഇരുപതു മിനിറേറാ, കാൽമണിക്കൂറോ, പത്തുമിനിററു നേരമെങ്കിലോ കണ്ടു പിടിക്കണം. യാതൊരു കാരണവശാലും ധ്യാനം ഉപേക്ഷിക്കാനിടയാകരുതു്. കാനോനനമസ്കാരത്തിലേ ചെറിയ മണിക്കൂറുകൾ ചൊല്ലാതെ ഞാൻ ദൈവാലയത്തിൽനിന്നുപോരുകയില്ല. സാഹചര്യങ്ങളനുസരിച്ചു് എല്ലാത്തിനും സമയമുണ്ടാകത്തക്കവിധം കാലേകൂട്ടി ഞാൻ പ്രഭാതത്തിൽ എഴുന്നേല്ക്കേണ്ടിയിരിക്കുന്നു. സാധരണയായി അഞ്ചരമണിക്കു ഞാൻ എഴുന്നേല്ക്കും. പതിനൊന്നരയ്ക്കു തന്നെ ഉറങ്ങാൻ പോകയാണെങ്കിലും എനിക്കു് ആറുമണിക്കൂറു് ഉറക്കം ലഭിക്കുമല്ലോ. അതു ധാരാളം മതി.

2 ധ്യാനദിവസങ്ങളിൽ വി. കുർബാനയോടും ഈശോയുടെ തിരുഹൃദയത്തോടും എനിക്കു കൂടുതൽ ഭക്തി തോന്നി. ഈ ഭക്തി എനിക്കു് എല്ലാമായിരുന്നു. ഒരു പുരോഹിതനായിരിക്കേ ഈ ഭക്തി എനിക്കു് എത്രയും പ്രിയംകരമായിരിക്കേണ്ടതത്രേ. സ്നേഹമുള്ളഹൃദയം അവിടുത്തെക്കൂടെ പോകും; അവിടുത്തെക്കൂടെ വരും; സദാ അവിടുത്തെക്കൂടെ വസിക്കും;" എന്നാണു ദൈവസ്നേഹമുള്ള ആത്മാവിനെപ്പററി ടാസോ പറഞ്ഞതു്. വിശുദ്ധകുൎബാനയിൽ കേന്ദ്രീകൃതമായ എന്റെ ജീവിതവും അങ്ങനെയായിരിക്കണം. അനുദിനദിവ്യകാരുണ്യസന്ദർശനം ഞാൻ ഒരിക്കലും ഉപേക്ഷിക്കുകയില്ല; ദിവസവട്ടത്തിലേ ശേഷംസമയത്തും ഞാൻ ഈശോയിലേക്കു പിന്തിരിഞ്ഞു് അവിടുത്തേക്കു് അഭിവാദനങ്ങൾ നല്കുകയും ചെയ്യും. ബഹുമാനിക്കുവാൻ ഇഷ്ടപ്പെടുന്ന ഒരു അതിഥിയെ എന്നപോലെ ഞാൻ ഈശോയോടു വൎത്തിക്കും. വി. കുർബാനയോടും ഈശോയുടെ തിരുഹൃദയത്തോ

www.malankaralibrary.com

ട്ടമുള്ള എന്റെ ഭക്തി എന്റെ ജീവിതം മുഴുവനിലും എന്റെ വിചാരങ്ങളിലും സ്നേഹത്തിലും ഞാൻ ചെയ്യുന്ന എല്ലാത്തിലും വ്യാപിക്കും. ഈശോയുടെ തിരുഹൃദയത്തോട്ടുകൂടെയും തിരുഹൃദയം വഴിയും മാത്രം ഞാൻ ജീവിക്കും. എന്റെ വി. കുർബാനയ്ക്കു ഞാൻ ശരിയായി ഒരുങ്ങണം; വി. കുർബാനയ്ക്കു ശേഷം കൃതജ്ഞതാപ്രകാശനവും ശ്രദ്ധാപൂർവ്വം ഞാൻ ചെയ്യണം. എല്ലാമാസവും ആദ്യഞായറാഴ്ച അല്ലെങ്കിൽ അതിനോട്ട് ഏററവും അടുത്ത ദിവസം കൃത്യമായി ഞാൻ മാസധ്യാനം നടത്തും. ദിവസന്തോറും സന്ധ്യാപ്രാർത്ഥന കഴിഞ്ഞു കണിശമായി ഞാൻ ആത്മപരിശോധന നടത്തും.

3 ഇതുവരെയും സമയം ശരിയായി വിനിയോഗിക്കാൻ പഠിച്ചിട്ടില്ലെന്നുള്ളതാണ് അക്കിപ്രധാനമായ എന്റെ കുററം. കുറച്ചു സമയത്തിനുള്ളിൽ ധാരാളം ചെയ്തു തീർക്കാനുള്ള ഒരു വഴി ഞാൻ കണ്ടെത്തണം. അതു മനസ്സിൽ വച്ചുകൊണ്ട് അലസമായ സംഭാഷണങ്ങളിലും പ്രയോജനരഹിതമായ കാര്യങ്ങളിലും ഒരു നിമിഷംപോലും നഷ്ടപ്പെടുത്താതിരിക്കാൻ ഞാൻ ശ്രദ്ധിക്കേണ്ടതുണ്ട്. പ്രാതൽ കഴിഞ്ഞാലുടനെ എന്റെ ഔദ്യോഗികചുമതലകളിലും എഴുത്തുകുത്തുകളിലും ഞാൻ ഏർപ്പെടും. ശേഷം സമയം മുഴുവൻ ക്ലാസ്സിനൊരുങ്ങാൻ മനസ്സാക്ഷിപ്രകാരം ഞാൻ ഉത്സാഹിക്കും; മററുകാര്യങ്ങൾ നിർവ്വഹിക്കുവാൻ ഉന്മേഷം തോന്നാത്ത സമയങ്ങളിൽ, ഉദാഹരണമായി, ഭക്ഷണത്തിനുശേഷം, നടക്കാൻ പോകുന്ന സമയയത്ത്, അങ്ങനെഅപ്പപ്പോഴായി കിട്ടുന്നസമയത്തു ഞാൻ വർത്തമാനക്കടലാസ്സുകൾ വായിക്കും, രാത്രി അവസാനമായി ചെയ്യുക എന്റെ ആത്മാവിന് ഉപകരിച്ചേക്കാവുന്ന ഏതെങ്കിലും സദ്ഗ്രന്ഥം വായിക്കുകയായിരിക്കും.

4 മെത്രാനച്ചന്റെ സെക്രട്ടറിയെന്ന നിലയിൽ ഗുരുതരമായ ചില ചുമതലകൾ എനിക്കുണ്ട്. വളരെ വിവേകവും നയവും അത്യന്താപേക്ഷിതമാണ്. ഇക്കാര്യങ്ങളിൽ വിജയം നേടുന്നതിനു ഞാൻ പരിശ്രമിക്കും. എല്ലാ സമയത്തും രഹസ്യവും പരസ്യവുമായ എല്ലാ പ്രവൃത്തികളിലും എന്റെ മനസ്സിലും ഹൃദയത്തിലും മെത്രാനച്ചനോട്ട വളരെ ബഹുമാനമുണ്ടായിരിക്കണം; തിരുമേനിയോട്ട മനസ്സാലും ഹൃദയത്താലും ഐക്യപ്പെട്ടിരിക്കുകയും തിരുമേനിയെ പൂർണ്ണമായി അനുസരിക്കുകയും വേണം. പുരോഹിതകൃത്യങ്ങൾ ശരിക്കു നിർവ്വഹിച്ചു മനുഷ്യരുടെ ദൃഷ്ടിയിൽ നന്മാതൃക പ്രദർശിപ്പിക്കുക എന്റെ ചുമതലയാണ്. എല്ലാസാഹചര്യങ്ങളിലും സ്നേഹത്തോടും ശാന്തതയോടുംകൂടെ ഞാൻ വ്യാപരിക്കണം; സംസാരത്തിൽ മിതത്വവും വിവേകവും പാലിക്കണം. കുറച്ചു സംസാരിക്കുക; പക്ഷേ നന്നായിട്ട് ഒരു

www.malankaralibrary.com

ഭാവവുംകൂടാതെയും ആക്കം മുഷിച്ചിൽ വരുത്താതെയും മൗനം പാലിക്കവാൻ ഞാൻ പഠിക്കേണ്ടിരിക്കുന്നു. ആത്മശാന്തതയോടും സമാധാനത്തോടുംകൂടെ സദുപചാരത്തോടെ ഞാൻ പെരുമാറണം; പ്രത്യേകിച്ചു സംസാരത്തിൽ ആരെയും നാം വെറുപ്പിക്കരുതു്. ചുരുക്കിപ്പറയുന്നപക്ഷം, വി. പൗലോസുതീത്തൂസിനു നല്കിയ ഉപദേശം ഞാൻ അനുസരിക്കണം: "എല്ലാവിധത്തിലും സൽപ്രവൃത്തികളുടെ മാതൃകയായിരിക്കുക." കർദ്ദിനാളായിരിക്കേ വി. പത്താം പീയൂസു മാർപ്പാപ്പാ എൻെറ മെത്രാനച്ചനോടു കൂടെ ബെർഗാമോയിൽ വരികയുണ്ടായി. അന്നു് അദ്ദേഹം പറഞ്ഞ വാക്കുകൾ ഞാൻ വിസ്മരിക്കുകയില്ല. "ഫാദർ ആഞ്ചെലോ താങ്കൾ ഒരു വിശ്വസ്തനും വിവേകമതിയുമായ ഒരു ഭൃത്യനായിരിക്കണം, വിവേകമതിയായ ഒരു ഭൃത്യൻ!" ലോകമെന്തു പറഞ്ഞാലും വിരോധമില്ല; നമുക്കു "ശരിയായി വ്യാപരിക്കുകയും ആനന്ദിക്കുകയും" ചെയ്യാം. എന്തെങ്കിലും വരട്ടെ.

www.malankaralibrary.com

# 1908

## 25 മർത്തിനേങ്കോയിൽ മെത്രാനച്ചനോടു കൂടെ നടത്തിയ ധ്യാനം. ഒക്ടോബർ 25—31.

1 ഇതുവരെ എന്നോടു ക്ഷമിച്ചതിനും ഈ ധ്യാനമാകുന്ന മഹാനുഗ്രഹം പ്രദാനം ചെയ്തതിനും ഞാൻ ദൈവത്തോടു നന്ദി പറയുന്നു. എൻെറ അയോഗ്യതയെപ്പററി അഗാധമായ ബോധവും എന്തു വിലകൊടുത്തും സ്വയം വിശുദ്ധീകരിക്കുവാനുള്ള നിശ്ചയത്തിൻെറ നവീകരണവുമാണ് എൻെറ പ്രഥമചിന്തകൾ. ഈ സുന്ദരവും അമൂല്യവുമായ വർഷങ്ങൾ അതിവേഗം കടന്നുപോകയാണ്; ആകയാൽ ഇപ്പോൾത്തന്നെ ആരംഭിക്കേണ്ടിയിരിക്കുന്നു.

2 മററുള്ളവക്കു ദൃശ്യമല്ലെങ്കിലും എൻെറ പ്രവൃത്തികളിലെല്ലാം ശാന്തതയുടേയും സമാധാനത്തിൻേറയും കുറവുള്ളതായി ഞാൻ കാണുന്നു. എനിക്കുള്ള നിരവധി ചുമതലകളുടെ ഇടയിൽ എൻെറ ശിരസ്സും എൻെറ ഹൃദയവും വളരെ പുകഞ്ഞുകൊണ്ടാണിരിക്കുന്നത്; തന്മൂലം ഒരു കാര്യത്തിലും പൂർണ്ണഹൃദയത്തോടും ഉത്സാഹത്തോടുംകൂടെ പ്രവേശിക്കുവാൻ കഴിയുന്നില്ല. അങ്ങനെ ഭക്തിചൈതന്യത്തിനു വലിയ ഹാനി തട്ടുന്നുണ്ടു്. ആകയാൽ എല്ലാത്തിലും ശാന്തതയും ക്രമവും, എന്തു വില കൊടുക്കേണ്ടിവന്നാലും ഭക്താഭ്യാസങ്ങൾക്കു മറെറല്ലാത്തിനുംമുമ്പേ സ്ഥാനം നല്കണം.

3 കൂടുതൽ തീക്ഷ്ണമായ പ്രാർത്ഥനാചൈതന്യവും എൻെറ ജോലിയുടെ ഇടയ്ക്കു് എൻെറ കർത്താവിനോടു കൂടുതൽ വിശ്വസ്തമായ ഐക്യവും എനിക്കു് അത്യന്താപേക്ഷിതമാണ്. ആകയാൽ എൻെറ ആദ്ധ്യാത്മികാഭ്യാസങ്ങൾ കൃത്യമായി അനുഷ്ഠിച്ചുകൊള്ളാമെന്നു ഞാൻ പ്രതിജ്ഞചെയ്യുന്നു. ധ്യാനത്തിനുള്ള സമയം കുറഞ്ഞുപോകാതിരിക്കാൻ എല്ലാ ദിവസവും മുടക്കംകൂടാതെ അഞ്ചരമണിക്കു ഞാൻ എഴുന്നേല്ക്കും. അത്താഴത്തിനുശേഷം അടുത്തദിവസത്തേ "മാററിൻസു", ലോഡ്സ്" എന്ന കാനോന നമസ്കാരഭാഗങ്ങൾ ഞാൻ ചൊല്ലിത്തീക്കും. താമസിക്കുന്ന സ്ഥലത്തുള്ള പള്ളിയിലോ പുറമെയോ പോയി വി. കുർബ്ബാന സന്ദർശിക്കാത്ത ഒരു ദിവസവുമുണ്ടാകയില്ല; സർവ്വോപരി, ജപമാലയും കാനോനനമസ്കാരവും ചൊല്ലുമ്പോൾ ഏകാഗ്രതയും ശ്രദ്ധയും ഉണ്ടാകാൻ ഞാൻ സൂക്ഷിക്കേണ്ടിയിരിക്കുന്നു. സർവ്വഥാ പ്രാർത്ഥനാചൈതന്യം സജീവമായി പാലിക്കുന്നതിനു ഞാൻ പരിശ്രമിക്കും. എൻെറ പ്രതിജ്ഞകൾ തീക്ഷ്ണമായി കാക്കുന്നതിന് ഇതു് അത്യാവശ്യംതന്നെ.

www.malankaralibrary.com

4 ഒരു വൈദികനാകുന്നതിൻെറ അത്ഥമെന്തെന്നും ഈ ബോധം എൻെറ പുരോഹിതജീവിതത്തെ എങ്ങനെ നിയന്ത്രിക്കണമെന്നും സ്പഷ്ടമായി കാണിച്ചുതരാൻ നല്ലവനായ എൻെറ കത്താവു് ഈയിടയ്ക്കു തിരുമനസ്സായി. ദൈവത്തിൻെറ കരങ്ങളിൽ സ്ഥിതിചെയ്യുന്ന ഒരു ബലിവസ്തുവായി ഞാൻ എന്നെത്തന്നെ പരിഗണിക്കണം. ദൈവത്തിൻെറ മഹത്വത്തിനും എൻെറ മെത്രാനച്ചനും എൻെറ രൂപതയുടെ നന്മയ്ക്കുംവേണ്ടി ഞാൻ പരിശുദ്ധവും ജീവദായകവും സ്വീകാര്യവുമായ ഒരു ബലി ആകേണ്ടിയിരിക്കുന്നു. ഈ വാക്കുകളുടെ പൂണ്ണമായ അത്ഥമെന്തെന്നു നിരന്തരമായി ഞാൻ ധ്യാനിച്ചുകൊണ്ടിരിക്കും. തന്നിമിത്തം എന്റെ കഴിവിനു് അതീതമായൊന്നും പരിശ്രമിക്കാതെയും ആവലാതിപറയാതെയും എൻെറ എല്ലാ പ്രവൃത്തികളിലും ദൃശ്യമാകുന്നതും പ്രശോഭിക്കുന്നതുമായ ആത്മീയാനന്ദം നഷ്ടപ്പെടുത്താതെയും എൻെറ സുഖവും സ്വാത്ഥസ്നേഹവും നിരന്തരമായി നിഗ്രഹിക്കുവാൻ പരിശീലിക്കുന്നതാണു്. വി. കുർബ്ബാന സമർപ്പിക്കുമ്പോൾ ഈ സംഗതി ഞാൻ അനുസ്മരിക്കും. അഖിലലോകത്തിൻേറയും ബലിവസ്തുവും പ്രധാനാചാര്യനുമായ യേശുക്രിസ്തുവിനോടു വി. കുർബാനയിൽ ഐക്യപ്പെടാൻ ഞാൻ പരിശ്രമിക്കും. സമചിത്തത നഷ്ടപ്പെടുത്താതെ അതാതു ദിവസത്തെ പരാജയങ്ങൾ മൗനപൂവ്വം സഹിക്കുന്നതും അക്ഷീണം അദ്ധ്വാനിക്കുന്നതും എത്ര നല്ലതാണു്. കൂടുതൽ സഹിക്കാനും രൂപതയുടെ നന്മയ്ക്കായി കൂടുതൽ അദ്ധ്വാനിക്കാനും എൻെറ സദ്ഗുരുവായ യേശുക്രിസ്തുവിനെ തൃപ്തിപ്പെടുത്താനുമുള്ള ആഗ്രഹം ഞാൻ സജീവമായി സംരക്ഷിക്കും; നിമ്മലമായി ജീവിക്കും.

5 റോമായിൽ ഒരു വിദ്യാത്ഥിയെന്ന നിലയിൽ പട്ടത്തിനൊരുങ്ങിക്കൊണ്ടിരിക്കുമ്പോൾ ഞാൻ നടത്തിയിട്ടുള്ള ജ്ഞാനധ്യാനങ്ങളുടെ കുറിപ്പുകൾ ഞാൻ വീണ്ടും വായിച്ചുനോക്കി. ശ്രദ്ധമായ നോട്ടുബുക്കുകളിൽ ഞാൻ ഇപ്പോഴും അവ സൂക്ഷിച്ചുവരുന്നുണ്ടു്. അന്നത്തെ എൻെറ സദുദ്ദേശ്യങ്ങൾ വിസ്മരിക്കുവാൻ, കത്താവേ, അങ്ങു് ഇടയാക്കരുതേ.

ഞാൻ പണ്ടത്തേപ്പോലെ ഒരു പാപിതന്നെ. അങ്ങു് എന്നോടു പ്രദശിപ്പിച്ചിട്ടുള്ള ആർദ്രമായ സ്നേഹത്തിനു ഞാൻ കൃതജ്ഞനുമാണു്. എങ്കിലും തിരുസ്സഭയ്ക്കു വല്ല ഉപകാരവും ചെയ്യുന്നതിനും പരിശുദ്ധി നേടുവാൻ അദ്ധ്വാനിക്കുന്നതിനും ഞാനാഗ്രഹിക്കുന്നു.

ഞാൻ വായിക്കുന്ന വിശുദ്ധന്മാരുടെ ജീവചരിത്രങ്ങൾ അവരെ ധീരതാപൂവ്വം അനുകരിക്കുവാൻ എന്നെ പ്രേരിപ്പിക്കുന്നുണ്ടു്. നല്ലവനായ ഈശോ, എൻെറ സന്നിയോഗങ്ങളെ അങ്ങു താങ്ങുക; എൻെറ സഹായത്തിനു് അങ്ങു വരിക;

www.malankaralibrary.com

# 1909

## 1909 സെപ്ററംബർ 19 മുതൽ 25 വരെ മെത്രാനച്ചനോടുകൂടെ മത്തിനേങ്കോയിൽവച്ചു നടത്തിയ ധ്യാനം

[ധ്യാനഗുരു: ഫാദർ റോസി എസ്. ജെ.]

1 പ്രാർത്ഥനാജീവിതത്തെ സംബന്ധിച്ചു കഴിഞ്ഞ രണ്ടു ധ്യാനത്തിലെടുത്ത പ്രതിജ്ഞകളിൽ ഒന്നും ഇവിടെ ചേർക്കേണ്ടതില്ല; ഒന്നും എടുത്തുകളയേണ്ടതുമില്ല. ഒരേ തെറ്റുകൾതന്നെ പിന്നെയും പിന്നെയും എടുത്തുപറയേണ്ടിവരുന്നതിൽ ഞാൻ ലജ്ജിക്കേണ്ടിയിരിക്കുന്നു; എന്നാൽ അങ്ങനെ ചെയ്യാതെ നിവൃത്തിയില്ലെന്നാണു വന്നിരിക്കുന്നതു്.

പ്രഭാതത്തിൽ കൃത്യം അഞ്ചരമണിക്കു് എഴുന്നേല്ക്കുന്നതിനു സ്വയം കാലേക്കൂട്ടി രാത്രി ഉറങ്ങുകയെന്ന ജ്ഞാനപിതാവിൻെറ ഉപദേശം ഒന്നുകൂടെ സൂക്ഷമായിത്തന്നെ പാലിക്കണം. പ്രഭാതത്തിൽ താമസം കൂടാതെ കൃത്യസമയത്തു് എഴുന്നേററാൽ അന്നത്തെ തുടക്കം നന്നായിരിക്കും. ദൈവാലയത്തിൽ വി. കർബാനയുടെ സന്നിധിയിൽ കാനോനനമസ്കാരം ചൊല്ലുകയെന്ന നല്ല സമ്പ്രദായം ഞാൻ തുടരും.

2 ഈ ധ്യാനത്തിൽ വിശുദ്ധ ഗ്രന്ഥം ഹൃദിസ്ഥമാക്കാൻ തീക്ഷ്ണമായ ഒരാഗ്രഹം എനിക്കുണ്ടായി. അതീവാനന്ദത്തോടെ വി. പൗലോസിൻെറ ലേഖനങ്ങൾ ഞാൻ വായിക്കാൻ തുടങ്ങിക്കഴിഞ്ഞു. ഇതു് ഇങ്ങനെ തുടരണം. ഇടയ്ക്കിടയ്ക്കു വി. ഗ്രന്ഥത്തിൽനിന്നു പ്രത്യേകിച്ചു പുതിയനിയമത്തിൽനിന്നു് ഒരു ഭാഗമെടുത്തു ഞാൻ എൻെറ ധ്യാനവിഷയമാക്കും. എല്ലാ ദിവസവും നിദ്രയ്ക്കു് അണയുന്നതിനു മുമ്പു വിശുദ്ധ ഗ്രന്ഥത്തിൽനിന്നു് ഒരദ്ധ്യായം ശാന്തമായി ഭക്തിപൂർവ്വം ഞാൻ വായിക്കും.

3 ചിലപ്പോഴൊക്കെ ചെയ്താൽ തീരാത്ത ജോലികളാണു് എനിക്കുള്ളതു്. അവ എനിക്കു ഭാരമാണു്; ചിലപ്പോൾ എൻെറ തല നേരെ നില്ക്കുന്നില്ല. ഇതു ശരിയല്ല. എൻെറ ജോലി മുഴുവനും മതാത്മകമായ ശ്രദ്ധയോടെ, എന്നാൽ എൻെറ ആത്മാവിൻെറ സമാധാന

www.malankaralibrary.com

ത്തിനും ശാന്തതയ്ക്കും ഭംഗം കൂടാതെ നിർവ്വഹിക്കണം. പാട്ടുള്ളതൊക്കെ ഞാൻ ചെയ്യും. ഞാൻ ചെയ്യുതീർക്കേണ്ട പ്രധാന കാര്യങ്ങൾ അവസാന നിമിഷത്തോളം നീട്ടി പ്രയാസപ്പെടാതിരിക്കാൻ ഞാൻ ശ്രദ്ധിക്കും.

4 ഈ ദിവസങ്ങളിൽ ഒരു ക്രൂപതാസന്യാസസഭയായ തിരുഹൃദയ വൈദിക സംഘത്തിൽ ഞാൻ ചേരാൻ നിശ്ചയിച്ചു. താമസിയാതെ എന്റെ ആഗ്രഹം സാധിതമാകുമെന്നു പ്രതീക്ഷിക്കുന്നു.

പണ്ടേ മുതല്ക്കുതന്നെ ഞാൻ കർത്താവിനോടു വാഗ്ദാനം ചെയ്തതിൽ കവിഞ്ഞൊന്നും ഞാൻ ചെയ്യേണ്ടതില്ല; അതായതു്, സർവ്വഥാ എന്റെ തലവന്മാരെ അനുസരിക്കുക. എന്നെസംബന്ധിച്ചിടത്തോളം അവരുടെ തീരുമാനങ്ങളെ ഒരു വഴിക്കോ വേറൊരു വഴിക്കോ തിരിച്ചുവിടാൻ ഞാൻ പരിശ്രമിക്കയില്ല. എന്നെത്തന്നെ പവിത്രീകരിക്കുന്നതിനും മററു പുരോഹിതർക്കു പ്രത്യേകിച്ചു യുവവൈദികർക്കു സന്മാതൃക നല്കുന്നതിനുമുള്ള എന്റെ പൂർവ്വനിയോഗങ്ങളിൽ ഉറച്ചുനില്ക്കുന്നതിനു് ഇതൊരു നവവും ദൃഢവുമായ പ്രേരണയായിരിക്കും. നവമായ സന്യാസസഭയിൽ അംഗമായിരിക്കുന്നതു് എളിമയും അനുസരണവും അന്യൂനമായി പാലിക്കുന്നതിനു സഹായകമായിരിക്കും. സ്വാർത്ഥംതേടാതെ ദൈവഹിതം പിഞ്ചെല്ലുവാനുള്ള എന്റെ ചുമതല വർദ്ധിക്കും; എന്റെ മെത്രാനച്ചന്റെ ഇഷ്ടമാണു ദൈവഹിതം. സന്തുഷ്ടമായ ഈ നിയോഗത്തെ കർത്താവും ദൈവജനനിയും അനുഗ്രഹിക്കട്ടെ.

5 മുൻഅവസരങ്ങളിൽ ഞാൻ സ്വീകരിച്ചിട്ടുള്ളതല്ലാതെ പ്രത്യേകം പ്രതിജ്ഞകളൊന്നും ഞാനെടുക്കുന്നില്ലെങ്കിലും ധ്യാനം കഴിഞ്ഞു പുറത്തുവരുമ്പോൾ എന്റെ ജീവിതത്തിൽ ഞാൻ ചില ഭേദഗതികൾ വരുത്താനുണ്ടു്. ജീവിത പരിഷ്കാരങ്ങളുടെ പൂർണ്ണഫലം എന്റെ ആത്മാവിൽ ദൃശ്യമാകണമെങ്കിൽ ഇതു വേണം.

എനിക്കുണ്ടായിരുന്ന ഉദ്ദേശ്യങ്ങൾ ഞാൻ അനുസരിക്കുന്നു. എന്റെ ആരോഗ്യത്തിനും കൂടി ഉപകരിക്കുന്ന ക്രിസ്തീയ ആശാനിഗ്രഹം ഞാൻ പരിശീലിക്കേണ്ടിയിരിക്കുന്നു. ആകയാൽ ഭക്ഷണകാര്യത്തിൽ ആശാനിഗ്രഹം പാലിച്ചുകൊള്ളാമെന്നു ഞാൻ വാഗ്ദാനം ചെയ്യുന്നു. പതിവിൽ കുറച്ചു ഭക്ഷിക്കുന്നതു് എനിക്കു് ഉപകാരമായിരിക്കും. ആകയാൽ എന്റെ ഭക്ഷണപദാർത്ഥങ്ങൾ പകുതിയായി ഞാൻ കുറയ്ക്കും; വളരെ കുറച്ചു വീഞ്ഞു് അതും വെള്ളം ചേർത്തു മാത്രമേ കുടിക്കുകയുള്ളൂ. പേർത്തുചിന്തിച്ചപ്പോൾ എനിക്കു തോന്നി എന്റെ പ്രതിജ്ഞ തെല്ലു കവിഞ്ഞുപോയെന്നു്. എന്റെ പ്രതിജ്ഞകൾ വി

www.malankaralibrary.com

ശ്വസ്തതാപൂർവ്വം പാലിക്കുന്നതിനും അവയിൽ ആനന്ദം, കണ്ടെത്തുന്നതിനും കർത്താവ് എന്നെ സഹായിക്കുമെന്നു കരുതട്ടെ.

6 അടുത്തകൊല്ലം വി. ചാൾസ്സ ബെറോമ്യയുടെ നാമകരണത്തിൻെറ തൃതീയ ശതാബ്ദഘോഷം ലൊമ്പാർഡിയിൽ നടക്കാനിരിക്കുന്നു: മഹാനായ ആർച്ചു ബിഷപ്പ് ബെർഗാമോയുടെ കൃതജ്ഞത നേടിയിട്ടുണ്ട്. അദ്ദേഹത്തിൻെറ സ്തുതിക്കായി ഞാൻ പലതും ഇവിടെ ചെയ്തുകഴിഞ്ഞിരിക്കുന്നു. മഹാനായ ഈ വിശുദ്ധനോട്ട് എന്റെ ഹൃദയവും മനസ്സും കൂടുതൽപരിചയപ്പെടാൻ ഞാൻ പരിശ്രമിക്കും; വിശുദ്ധനെ അനുകരിക്കുവാൻ അദ്ദേഹത്തിൻെറ സഹായം തേടും. ദൈവസഹായത്താൽ വി. ചാൾസിൻെറ മാതൃക നമ്മുടെ വൈദികരുടെ ആത്മാക്കൾക്ക് ഉത്തേജനം നല്കുകയാണെങ്കിൽ, ഗ്ലൈഹിക ജോലിക്കുള്ള അവരുടെ അഭിനിവേശം വദ്ധിക്കും; അതു രൂപതയുടെ ആദ്ധ്യാത്മികനന്മക്ക് ഉപകരിക്കും. ഞാൻ ഏറ്റെടുത്തിരിക്കുന്ന ജോലി ഭാരിച്ചതായിരിക്കാം; എങ്കിലും വി. ചാൾസിൻെറ ബഹുമാനാത്ഥം ഞാൻ അതു നിവ്വഹിക്കും. അങ്ങനെ അഭിലഷണീയമായ ഫലം സംജാതമാകുകയും ചെയ്യും.

www.malankaralibrary.com

# 1910

## 1910 ഒക്ടോബർ 2 മുതൽ 10 വരെ മത്തിനേങ്കോയിൽ മെത്രാനച്ചനോടു കൂടെ നടത്തിയ ധ്യാനം.

1 അനുഗ്രഹീതമായ മറെറാരു വർഷവും കൂടി കടന്നു പോയിരിക്കുന്നു. എന്നാൽ പരിപൂർണ്ണതയിൽ ഞാൻ പുരോഗമിച്ചിട്ടില്ല. ആകയാൽ ഞാൻ വിനീതനും ലജ്ജിതനുമായിരിക്കുന്നു. എങ്കിലും ഞാൻ അധൈര്യപ്പെടുന്നില്ല. കഴിഞ്ഞകൊല്ലം ഞാൻ എഴുതിവച്ചിരുന്ന വാഗ്ദാനങ്ങൾ പദാനുപദം ഞാൻ വായിച്ചു. എന്റെ ആദ്ധ്യാത്മിക ചുമതലകൾ വിശ്വസ്തതയോടും കണിശമായും നിർവ്വഹിക്കുന്നതിനു നിശ്ചയിച്ചുകൊണ്ടു ഞാൻ വീണ്ടും ആരംഭിക്കുകയാണ്. അന്യകാര്യങ്ങളെപ്പററിയുള്ള ചിന്തകൾ കുറഞ്ഞേ മതിയാവൂ. സാധ്യമായതുകൊണ്ടു സംതൃപ്തിപ്പെടാൻ ഞാൻ പരിശീലിക്കേണ്ടിയിരിക്കുന്നു. എന്റെ അയോഗ്യത നിമിത്തം എല്ലാകാര്യത്തിലും അഗാധമായ എളിമയുടെ ബോധം എനിക്കുണ്ടാകേണ്ടിയിരിക്കുന്നു. സർവ്വശക്തനായ ദൈവത്തിൽ എനിക്കു നിരന്തരശരണവും വേണം. ദൈവത്തോട് ഐക്യപ്പെട്ടാലേ എനിക്ക് എന്തും ചെയ്യാൻ കഴിയൂ; പറയാതെ അടക്കിവച്ച വചനം, വേണ്ടെന്നു വച്ചനേട്ടം, പ്രാർത്ഥനാപൂർവ്വകമായ നെടുവീർപ്പ് എന്നിവയൊക്കെ കർത്താവു കണക്കിലെടുക്കുന്നു. എല്ലാസമയത്തും എന്നെ ശക്തിപ്പെടുത്തുകയും സന്തോഷിപ്പിക്കുകയും പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ സാന്നിദ്ധ്യസ്മരണ നിരന്തരം അഭ്യസിക്കുവാൻ ഞാൻ യത്നിക്കും.

2 എന്റെ വിശ്വാസവും സഭയോടുള്ള മാനസികൈക്യവും അഭംഗുരമായും പരിപൂർണ്ണമായും പാലിക്കേണ്ട ആവശ്യം സംബന്ധിച്ച് ഈ ധ്യാനത്തിൽ അനുഗ്രഹീതനായ ഈശോനാഥൻ എനിക്കു സ്പഷ്ടമായ ബോധം നല്കിയിരിക്കുന്നു. ആധുനികാബദ്ധങ്ങളുടെ പിടിയിൽ നിന്നു പ്രത്യേകിച്ചു വൈദികരെ രക്ഷിക്കുവാൻ മാർപ്പാപ്പാ സ്വീകരിച്ച നടപടികളുടെ ഔചിത്യവും ശ്രേഷ്ഠതയും വിവേകവും പ്രോജ്ജ്വലമായ പ്രകാശത്തോടെ ഞാൻ ദർശിച്ചു. ആധുനികാബദ്ധങ്ങൾ കത്തോലിക്കാ തത്വസംഹിതയുടെ അടിത്തറ കൗടില്യപൂർവ്വം പറിച്ചു മാററുകയാണ്. അവിടവിടെ ഇക്കൊല്ലമുണ്ടായ വേദനാജനകമായ അനുഭവങ്ങൾ, പരിശുദ്ധപിതാവിന്റെ ഉൽക്കണ്ഠകൾ, മതാധികാരികളുടെ പ്രഖ്യാപനങ്ങൾ, എന്നിവ മററുതെളിവുകളൊന്നും കൂടാതെ സ്പഷ്ടമാക്കുന്നുണ്ട് ആധുനികാബദ്ധങ്ങളാകുന്ന കാററു

www.malankaralibrary.com

പ്രഥമ വീക്ഷണത്തിൽ ദൃശ്യമാകുന്നതിനേക്കാൾ വിപുലമായും ശക്തിമത്തായും വീശുന്നുണ്ടെന്ന്. ക്രിസ്തുമതത്തിലെ പ്രാചീന സത്യങ്ങൾ ആധുനികാവശ്യങ്ങൾക്ക് അനുരൂപപ്പെടുത്തുവാനുള്ള ആഗ്രഹത്താൽ പ്രേരിതരായിരിക്കുന്നവർ പോലും ആ കാററിൻെറ പ്രഹരമേററു തകരുകയാണ്. നല്ല മനുഷ്യരുൾപ്പെടെ വളരെപ്പേർ പ്രതിജ്ഞ കൂടാതെ ഈ അബദ്ധത്തിൽ നിപതിച്ചിരിക്കുന്നു; അബദ്ധാരംഗത്തേക്കു വലിച്ചിഴയ്ക്കപ്പെടുന്നതിന് അവർ സമ്മതിച്ചു. നവചിന്തകൾ അതിവേഗം അമിതസ്വാതന്ത്ര്യത്തിലേക്ക് അവരെ ആനയിച്ചു. എല്ലാത്തേയും എല്ലാവരേയും പററി സ്വന്തമായി വിധി പ്രഖ്യാപിക്കുവാൻ തുടങ്ങി.

നാവുകളും മസ്തിഷ്കങ്ങളും ഇളകിമറിഞ്ഞ അക്കാലത്ത് എന്നെ സുരക്ഷിതമായി പാലിച്ചതിനു കർത്താവിനോടു ഞാൻ നന്ദിപറയുന്നു. അന്യരുടെ അനുഭവവും ഇതുവരെ എനിക്കു ലഭിച്ച സംരക്ഷണവും ഒരു നല്ല ഉദ്ബോധനം എനിക്കു നല്കുന്നുണ്ട്. എൻെറ വിചാരങ്ങളേയും വികാരങ്ങളേയും അനുഭവങ്ങളേയും ശ്രദ്ധാപൂർവ്വം ഞാൻ സൂക്ഷിക്കേണ്ടിയിരിക്കുന്നു. വിനാശകമായ ഈ ചുഴലിക്കാററ് എല്ലാത്തേയും ബാധിക്കാവുന്നതാണ്. ക്രിസ്തുവിൻെറ സത്യം നിത്യമായി യുവതേജസ്സോടെ തിരുസ്സഭയിലുണ്ട്. അതു് എന്നും ഒന്നുതന്നെ. ജനങ്ങൾക്കും കാലങ്ങൾക്കും പരിവർത്തനം വരുത്തി രക്ഷ പ്രദാനം ചെയ്യുന്നതു തിരുസ്സഭയാണ്; അല്ലാതെ തിരുസ്സഭയ്ക്കു മാററം വരികയല്ല.

എൻെറ ആത്മാവിൻെറ ഏററവും വലിയ നിധി എൻെറ മാതാപിതാക്കന്മാരുടേയും എൻെറ കുടുംബത്തിലെ മററു നല്ല മനുഷ്യരുടേയും നിർമ്മലവും പരിശുദ്ധവും അകൈതവവുമായ വിശ്വാസമാണ്. എൻെറ വിശ്വാസത്തിൻെറ നൈർമ്മല്യത്തിനു ഹാനിസംഭവിക്കാതിരിക്കാൻ ഞാൻ ജാഗരൂകനായി സൂക്ഷത്തോടെ ഇരിക്കണം.

3 സെമ്മിനരിയിൽ പ്രൊഫസറെന്ന നിലയിൽ ഗുരുതരമായ ചുമതലകളാണ് എനിക്കു തലവന്മാർ ഏല്പിച്ചുതന്നിട്ടുള്ളതു്. ആകയാൽ എന്നെപ്രതിമാത്രം എൻെറ വിശ്വാസം നിർമ്മലമായിരുന്നാൽ പോരാ. എൻെറ വാക്കുകളിലും നടപ്പിലും വൈദികവിദ്യാർത്ഥികളെ അഭ്യസിപ്പിക്കുന്ന എല്ലാകാര്യങ്ങളിലും തിരുസ്സഭയോടും മാർപ്പാപ്പായോടും വിശ്വസ്തത പാലിക്കേണ്ടതാണ്. അങ്ങനെ അവരെ ശരിയായി ചിന്തിക്കുന്നതിനും സൽകാര്യങ്ങളിലേക്കു തിരിച്ചുവിടുന്നതിനും എനിക്കു സാധിക്കണം. ബുദ്ധിയെ ശക്തിപ്പെടുത്തുന്നതും ഹൃദയത്തെ സംസ്കരിക്കുന്നതുമായ എല്ലാപഠനകാര്യങ്ങളിലും എളിമയുടെയും പ്രാർത്ഥനയുടേയും ചൈതന്യം പ്രകടമാകുന്നതിനു ഞാൻ സംസാരിക്കുമ്പോഴും എന്തെങ്കിലും പ്രവർത്തിക്കുമ്പോഴും വളരെ സൂക്ഷിക്കേണ്ടിയിരിക്കുന്നു.

www.malankaralibrary.com

# 1911

## 28 1911 ഒക്ടോബർ 1 മുതൽ 7 വരെ മെത്രാനച്ചനോടുകൂടെ മർത്തിനേങ്കോയിൽ നടത്തിയ ധ്യാനം

(ധ്യാനഗുരു: ഫാദർ ബൊണ്ണോററി എസ്സ്. ജെ.)

1 ഭൂതകാലത്തെപ്പററി ചിന്തിക്കുമ്പോൾ ഞാൻ ഉത്സാഹഭരിതനാകുന്നുണ്ട്; അതേസമയം ലജ്ജിക്കുന്നുമുണ്ട്. ഞാൻ യേശുക്രിസ്തുവിൻെറ സേവനത്തിൽ അവിടുത്തെ താത്പര്യങ്ങൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന ഒരു സാമന്തനാണ്. നാളെ, നാളെ എന്ന ഭാവവും ബഹളവും, കഠിനാദ്ധ്വാനവും, ധൃതിയും കൂടാതെ എല്ലാ ജോലികളും പ്രസന്നമായും പ്രശാന്തമായും നിർവ്വഹിക്കേണ്ടിയിരിക്കുന്നു; വേറൊന്നും അന്വേഷിച്ചുപോകേണ്ടതില്ല.

2 എൻെറ ആദ്ധ്യാത്മികാഭ്യാസങ്ങളിൽ ക്രമവും ഏകാഗ്രതയും ഉണ്ടാകുന്നതിനു ഞാൻ പ്രത്യേകം ശ്രദ്ധിക്കുവാൻ പോകയാണ്. ഈ പ്രാവശ്യം ഫലം ഭേദമായിരിക്കുമെന്നു കരുതുന്നു. എനിക്ക് ഇതാവശ്യമാണ്. വൈകുന്നേരം അത്താഴംകഴിഞ്ഞു "മാററിൻസ്", ലോഡ്സ്" എന്ന കാനോനനമസ്കാരവിഭാഗം. അഞ്ചരമണിക്ക് എഴുനേററു മെത്രാനച്ചൻെറ കുർബ്ബാനക്കു ശുശ്രൂഷിച്ചശേഷം ഞാൻ കുർബ്ബാന ചൊല്ലും. കൃതജ്ഞതാപ്രകാശനത്തിനുശേഷം "ചെറിയ മണിക്കൂറുകൾ" എന്ന കാനോനാനമസ്കാരവിഭാഗം; എൻെറ ക്ലാസ്സുകഴിഞ്ഞു വരുമ്പോൾ വി. കുർബ്ബാനയുടെ സന്ദർശനം, മദ്ധ്യാഹ്നക്ലാസ്സുകൾക്കു മുമ്പു വീണ്ടും സന്ദർശനം. ലഘുവായ നിദ്രയ്ക്കുശേഷം "വെസ്പേഴ്സ്". എല്ലാം അതാതിൻെറ സമയത്തു്. ഇവ നിർബ്ബന്ധമാണ്. തീക്ഷ്ണതപോലെ കൂടുതൽ വല്ലതും ഉദ്യമിക്കണം.

ഈ വർഷം വി. കുർബ്ബാനയുടെ ആരാധകരായ വൈദികരുടെ സഖ്യത്തിൽ ഞാൻ ചേർന്നു. ആകയാൽ പ്രസ്തുത സംഘം ആവശ്യപ്പെടുന്ന തിരുമണിക്കൂർ വിശ്വസ്തതയോടെ നടത്തണം. എല്ലാത്തിലും പ്രശാന്തത; എന്നാൽ അതിൻെറ കൂട്ടത്തിൽ വിശ്വസ്തതയും കണിശവും.

3 ഹൃദയംകൊണ്ടും ബുദ്ധികൊണ്ടും തിരുസ്സഭയോടും മാർപ്പാപ്പായോടും ഞാൻ വിശ്വസ്തനായിരിക്കുമെന്നുള്ള കഴിഞ്ഞ വർഷത്തെ എല്ലാ നിശ്ചയങ്ങളും ഞാൻ ഉറപ്പിക്കുന്നു. സങ്കടത്തിലും അനിശ്ചിതാവസ്ഥയിലും വി. അൽഫോൻസ് ഇപ്രകാരം പറഞ്ഞിരുന്നു. "മാർപ്പാപ്പായുടെ നിശ്ചയം ദൈവനിശ്ചയംതന്നെ." (1773 ജൂലായി 22-ാം തീയതി ഈശോസഭ നിറുത്തലാക്കിയിരിക്കുന്നുവെന്ന കല്പന പുറപ്പെട്ടപ്പോൾ അൽഫോൻസ് ലിഗോരി മനോവേദനയോടെ പറഞ്ഞ വാക്കുകളാണിവ.) ഇതായിരിക്കും എൻെറ മുദ്രാവാക്യം. അതിനു ഞാൻ വിശ്വസ്തനുമായിരിക്കും. കർത്താവേ, എന്നെ സഹായിക്കുക. ഞാൻ അങ്ങയെമാത്രമേ അന്വേഷിക്കുന്നുള്ളു.

www.malankaralibrary.com

# 1912

## 1912 ഒക്ടോബർ 13 മുതൽ 19 വരെ മെത്രാനച്ചനോട്ടകൂടെ മത്തിനേങ്കോവിൽനടത്തിയ ധ്യാനം.

(ധ്യാനഗുരു: ഫാദർ ജിയാന്നിനി എസ്. ജെ.)

1 മുപ്പത്തിരണ്ടാമത്തെ വയസ്സിലേക്ക ഞാൻ കടക്കുവാൻപോകയാണ്. ഭൂതകാലസ്മരണ എന്നെ ലജ്ജിപ്പിക്കുകയും എളിമപ്പെടുത്തുകയും ചെയ്യുന്നു. ഇന്നും കർത്താവിൻെറ കാരുണ്യം അനുഭവവേദ്യമാകുന്നുവെന്നതിൽ എനിക്ക് ആശ്വാസം തോന്നുന്നുണ്ട്. ഭൂതകാലത്തെ നഷ്ടങ്ങൾക്ക പരിഹാരം ഭാവിയിൽ കണ്ടെത്താമെന്നുള്ള വിചാരം എന്നെ ധൈര്യപ്പെടുത്തുന്നു. എന്നാൽ ഭാവി എത്രത്തോളമുണ്ടാകും? പക്ഷേ എത്രയും ഹ്രസ്വം! ദീർഘമായിരുന്നാലും ഹ്രസ്വമായിരുന്നാലും കർത്താവേ ഭാവിമുഴുവനും അങ്ങേക്കുള്ളതാണെന്ന വീണ്ടും ഞാൻ ഏററുപറയുന്നു.

2 സുകൃതാഭ്യസനത്തിനുള്ള നൂതനമാർഗ്ഗമൊന്നും ഞാൻ തേടിപ്പോകേണ്ടതില്ല. ഞാൻ അനുഞ്ഞരണയിൻകീഴ ജീവിക്കുന്നു. അനുസരണ പല ചുമതലകളും ഭാരങ്ങളും എൻെറ തോളിൽ വച്ചിരിക്കുകയാണ്; തന്മൂലം തോളുതാണുപോകുന്നു. എന്നാൽ കർത്താവു തിരുമനസ്സാകുന്നെങ്കിൽ ഞാൻ ഈ ഭാരവും മററു ഭാരങ്ങളും വഹിച്ചുകൊള്ളാം, സ്വർഗ്ഗത്തിൽ ഞാൻ വിശ്രമിച്ചുകൊള്ളാം, ഇതു് അദ്ധ്വാന സംവത്സരങ്ങളാണ്. എൻെറ മെത്രാനച്ചൻ എന്നെക്കാൾ കൂടുതൽ അദ്ധ്വാനിച്ചു് എനിക്ക മാതൃകകാണിച്ചുതരുന്നുണ്ട്. ഒരു നിമിഷം പോലും നഷ്ടപ്പെടുത്താതിരിക്കാൻ ഞാൻ ഉത്സാഹിക്കും.

3 എൻെറ ജീവിതനിയമത്തോട്ട വിശ്വസ്തതാപൂർവ്വം വ്യാപരിക്കുമെന്നുള്ള എൻെറ പ്രതിജ്ഞ ഞാൻ ഒന്നുകൂടി ദൃഢമായി ഉറപ്പിക്കുന്നുവെന്നുപറയുന്നതു് എനിക്ക് അപമാനബോധം ഉളവാക്കുന്നുണ്ടെങ്കിലും അങ്ങനെ ചെയ്യേണ്ടതു് എൻെറ ചുമതലയായി ഞാൻ കരുതുന്നു. "അഞ്ചരമണിക്ക് എഴുന്നേല്ക്കുക, പിന്നീട്ട ധ്യാനം, മെത്രാനച്ചന്റെ കുർബ്ബാന, എന്റെ കുർബ്ബാന, കൃതജ്ഞതാപ്രകാശനം, കാനോനനമസ്കാരം (ചെറിയ മണിക്കൂറുകൾ), വിശുദ്ധ കുർബ്ബാന അടുത്തടുത്തു സന്ദർശിക്ക

www.malankaralibrary.com

ക, സ്വല്പം ഉറങ്ങിയശേഷം "വെസ്പേഴ്സ്", ഭക്തിപൂർവ്വം ജപമാല, അത്താഴം കഴിഞ്ഞു മാററിൻസും ലോഡ്സും, മുടക്കംകൂടാതെ സാമാന്യം ദീർഘമായി വിശുദ്ധകുർബ്ബാനയുടെ സന്ദർശനം, നിദ്രയ്ക്കു് അണയുന്നതിനുമുമ്പ് കുറേനേരം ജ്ഞാനവായന, ഇവയാണ മൗലികതത്വങ്ങൾ; ഇവയാണു് എന്റെ ജീവിതനിയമം.

കർത്താവേ, എൻെറ ബലഹീനത ഞാൻ ഏററു പറയുന്നു; ഈ അഭ്യാസങ്ങൾ വിശ്വസ്തതയോടെ നിർവ്വഹിക്കുവാൻ എന്നെ അങ്ങു സഹായിക്കുക. അടുത്തകൊല്ലം ലജ്ജാപൂർവ്വം ഇതുതന്നെ ഏററുപറയുവാൻ ഇടയാകാതിരിക്കട്ടെ.

4 ഭക്ഷണത്തിൻെറ സമയം ക്ലിപ്തമായിരിക്കകൊണ്ടും വളരെ കാര്യങ്ങൾ ചിന്തിക്കാനുള്ളതുകൊണ്ടും ഭക്ഷണക്കൊതി തെല്ലു കുറഞ്ഞിട്ടുണ്ടു്. അതുനന്നായി; എന്നാൽ ഇതു പോരാ. എൻെറ നീചശരീരം തടിച്ചു മെഴുത്തുവരുന്നു. ഈ മെഴുപ്പു് എൻെറ ചുറുചുറുപ്പിനു കുറവു വരുത്തുന്നതായി എനിക്കു തോന്നുന്നു. നന്മ ചെയ്യണമെങ്കിൽ ചുറുചുറുപ്പും ആവശ്യമാണു്. ശരീരം തൊഴിക്കാതിരിക്കണമെങ്കിൽ അതിനെ മെരുക്കിക്കൊണ്ടിരിക്കണം. "ഞാൻ എൻെറ ശരീരത്തെ പ്രഹരിച്ചു കീഴ്പ്പെടുത്തിക്കൊണ്ടിരിക്കുന്നു." (1 കൊറി 9, 27)

ആകയാൽ ഞാൻ പതുക്കെ കൊതികൂടാതെ ഭക്ഷിക്കണം. പൊതുവേ പറയുന്ന പക്ഷം, കുറച്ചു ഭക്ഷിക്കുക. വൈകുന്നേരം വളരെ കുറച്ചുമാത്രം. പാനീയങ്ങളെ സംബന്ധിച്ചും അതുതന്നെ പറയേണ്ടിരിക്കുന്നു, ഭക്ഷണത്തിലും പാനീയങ്ങളിലുമാണ ഞാൻ ആശാനിഗ്രഹം പാലിക്കേണ്ടതു്.

5 അടുത്തമാസം വി. ചാൾസിൻെറ തിരുനാൾ ദിവസം തിരുഹൃദയവൈദിക സംഘത്തിൽ ചേരുവാനുള്ള പ്രതിജ്ഞാവാചകം മെത്രാനച്ചനെഏല്പിക്കും. ഇക്കാര്യത്തിൽ പൊന്തിവന്ന ചില വൈഷമ്യങ്ങൾ എൻെറ സദുദ്ദേശ്യങ്ങളെ തെല്ലു ദുർബ്ബലപ്പെടുത്തിക്കളഞ്ഞു. മാനുഷികപരിഗണനകൾ കൊണ്ടും എൻെറ അഹങ്കാരം കൊണ്ടും ഉണ്ടായ വൈഷമ്യങ്ങളാണു്. ഞാൻ അവയൊക്കെ ചവിട്ടിത്താഴ്ത്തും. ഈശോ എന്നെ വിളിക്കുന്നിടത്തും എനിക്കു കണിച്ചുതരുന്ന സ്ഥലത്തേക്കും ഞാൻ ഓടിയെത്തും.

ലോകം എന്തുകരുതുമെന്നുള്ളതു്, പ്രത്യേകിച്ചു വൈദികലോകം എന്തുവിചാരിക്കുമെന്നുള്ളതു് എനിക്കു് ഒരു പ്രശ്നമല്ല. ദൈവമുമ്പാകെ എൻെറ നിയോഗം പരിശുദ്ധവും സത്യസന്ധവുമാണു്.

www.malankaralibrary.com

എന്റെ വൈദിക ജീവിതത്തിന്റെ പ്രാഥമിക വർഷങ്ങളിൽ എനിക്കുണ്ടായ അഭിനിവേശത്തിന്മേൽ ഒരു മുദ്ര, ദൃശ്യമായ ഒരു മുദ്ര പതിയേണ്ടതുണ്ട്; അപ്രധാനമായ കാര്യങ്ങളിൽക്കൂടി മെത്രാനച്ചനു പൂർണ്ണമായി കിഴ്പ്പെട്ടിരിക്കണമെന്നുള്ളതാണ് എന്റെ തൽപര്യം. ഞാൻ ചെയ്യുന്ന വാഗ്ദാനം അഖില സഭയുടെ മുമ്പാകെയുള്ള പ്രഖ്യാപനമാകണമെന്ന് എനിക്കാഗ്രഹമുണ്ട്. ഈശോയോടുള്ള സ്നേഹത്തെപ്രതിയും ആത്മാക്കളുടെ നന്മയ്ക്കായും എന്റെ ഇഷ്ടം തകർക്കപ്പെടണം. നിന്ദിക്കപ്പെടണം, അവഗണിക്കപ്പെടണം, എന്നും ദാരിദ്ര്യത്തിൽ ജീവിക്കുക, ഈ ലോകത്തിന്റെ നിധികളിൽ നിന്നും സമ്പത്തിൽനിന്നും അകന്നിരിക്കുക.

എനിക്കും എന്റെ പുരോഹിതശുശ്രൂഷയ്ക്കും പരിത്യാഗശീലം എത്ര പ്രാധാന്യമുള്ളതാണെന്ന് ദൈവം ഈ ധ്യാനത്തിൽ കാണിച്ചുതരാൻ തിരുമനസ്സായി. "യേശുക്രിസ്തുവിന്റെ ദാസനും തടവുപുള്ളിയുമെന്ന നിലയിൽ" വ്യാപരിക്കുന്നതിനു് ഈ പരിത്യാഗശീലം എനിക്കു പ്രചോദനം നല്കണം. ഇക്കൊല്ലം ഞാൻ ചെയ്യേണ്ടകാര്യങ്ങളെല്ലാം ഈ പരിത്യാഗചൈതന്യത്തോടെ ഞാൻ നിർവ്വഹിക്കും. എല്ലാം കർത്താവിനു വേണ്ടിയും കർത്താവിലും ഞാൻ ചെയ്യും. വളരെ ഉത്സാഹം വേണം; എന്നാൽ വിജയം കൂടിയാലും കുറഞ്ഞാലും ഉൽക്കണ്ഠ പാടില്ല. ഞാൻ ശൂന്യമാണെങ്കിലും എല്ലാം എന്നെ ആശ്രയിച്ചിരിക്കുന്നതുപോലെ എന്നാൽ ഒന്നിനോടും ഒരു മമതകൂടാതെ ചെയ്യണം. ഞാൻ അനുസരിക്കുവാൻ കടപ്പെട്ടിരിക്കുന്നവർ ഒന്നു കല്പിച്ചാൽ എന്തും നശിപ്പിക്കുവാനും ഉപേക്ഷിക്കുവാനും ഞാൻ തയ്യാറാകണം.

അനുഗ്രഹീതനായ ഈശോ, ഞാൻ ചെയ്യാനുദ്ദേശിക്കുന്നതു വിഷമകരമാണ്; ഞാൻ ദുർബ്ബലനും സ്വാത്മസ്നേഹപൂരിതനുമാണ്. എന്നാൽ എനിക്കു നന്മനസ്സുണ്ട്; അതു ഹൃദയത്തിൽനിന്നു തന്നെ ബഹിർഗ്ഗമിക്കുന്നു. എന്നെ സഹായിക്കുക, എന്നെ സഹായിക്കുക.

6 എന്റെ ശൂന്യതയെപ്പററിയുള്ള ബോധം എന്നെ കരുണാശീലനാക്കണം; വളരെ കാരുണ്യവും ക്ഷമയും എന്നിലുളവാക്കണം. അന്യരോടുള്ള പെരുമാററത്തിലും അവരെ വിധിക്കുന്നതിലും പ്രസ്തുത ക്ഷമാശീലം പ്രകടമാകണം; എനിക്കു വയസ്സു മുപ്പതുകഴിഞ്ഞതേയുള്ളുവെങ്കിലും എന്റെ ഞരമ്പുകൾ ക്ഷീണിച്ചതുപോലെ എനിക്കു തോന്നുന്നു. ഇതു പോരാ. എനിക്കു കോപം തോന്നുമ്പോൾ എന്റെ അയോഗ്യതയെപ്പററി ഞാൻ വിചാരിക്കുകയും അന്യരെ വിധിക്കാതെയും അ

www.malankaralibrary.com

വരുടെ വിഷമങ്ങളോർത്തു് അവരോടു് അനുകമ്പ പ്രദർശിപ്പിക്കുകയും വേണം. ഇങ്ങനെ എനിക്കു പ്രശാന്തതയോടെ വർത്തിക്കുവാൻ കഴിയും.

7 ഇപ്പോഴത്തെ എൻെറ ജോലിയിൽ സ്ത്രീകളോടു പലപ്പോഴും ഇടപഴകേണ്ടിവരുന്നതിനാൽ വളരെ വിവേകവും ശ്രദ്ധയും ആവശ്യമാണു്. [1910 ജാനുവരി 8–ാംനു മുതൽ ഇററാലിയൻ കത്തോലിക്കാവനിതാസംഘത്തിൻെറ ബെർഗാമോ ശാഖയുടെ വൈദികാധ്യക്ഷരായിരുന്ന ഫാദർ ആഞ്ചെലോ] എൻെറ വ്യാപാരം ദയാപൂർവ്വകവും അന്തസ്സുററതും അടക്കത്തോടുകൂടിയുമായിരിക്കണമെന്നാണു് എൻെറ ഉദ്ദേശ്യം. അവരുടെ ശ്രദ്ധ എന്നിലേക്കാകർഷിക്കാതെ അവരുടെ പ്രവൃത്തിയുടെ ആദ്ധ്യാത്മികവശത്തിലേക്കു് അവരെ തിരിച്ചുവിടണം, ഭക്തകാലാൻഭവം ഭാവിക്കു പ്രോത്സാഹനമാണു്. എന്നെപ്പററി താഴ്ന്ന അഭിപ്രായമുണ്ടായിരിക്കുകയും എൻെറ ശക്തിയിൽ വിശ്വസിക്കാതിരിക്കുകയും ഈശോയിലേക്കു് എൻെറ വിചാരങ്ങളെ നിരന്തരം തിരിച്ചുവിടുകയും ജോലിതീരുമ്പോൾത്തന്നെ അവിടുത്തെ അടുക്കലേക്കു പ്രത്യാഗമിക്കുകയും ചെയ്താൽ എൻെറ സ്ഥിതി സുരക്ഷിതമായിരിക്കും. ഈ ജോലിയിൽ ഒരു നിമിഷമെങ്കിലും ഞാൻ എൻെറ ശക്തിയിൽ ആശ്രയിക്കുകയാണെങ്കിൽ വിപൽക്കരമായിരിക്കും.

8 ഇന്നു് അലങ്കമായ സംസ്കാരം വളരെയേറെ നടക്കുന്നുണ്ടു്. പരിശുദ്ധ പിതാവിനോടുള്ള സ്നേഹത്തിലും ഭക്തിയിലും അനുസരണയിലും ഞാൻ വിശ്വസ്തനായിരിക്കും; തിരുമേനിയോടുള്ള വിശ്വസ്തതയ്ക്കു ഹാനിവരുത്തുന്ന എല്ലാം ഞാൻ വർജ്ജിക്കും. അലസമായ സംഭാഷണങ്ങളിൽ ഞാൻ ഏർപ്പെടുകയില്ല; അതിലേക്കു ഞാൻ ചെവികൊടുക പോലും ചെയ്യുകയില്ല. ധാരാളം ജോലി ചെയ്യാനുണ്ടു്. നമ്മുടെ പരിശുദ്ധപിതാവു പത്താം പീയൂസ് മാർപ്പാപ്പായുടെ വാക്കുകൾ വളരെ ശ്രദ്ധേയമാണു്. പ്രേഷിത തീക്ഷ്ണതയ്ക്കു തിരുമേനി നിർദ്ദേശിച്ചിരിക്കുന്ന സന്ദർഭങ്ങൾ ഇന്നു ജാസ്തിയാണു്; ആകയാൽ വർത്തമാനപ്പത്രങ്ങളിലെ പ്രശ്നങ്ങളിൽ ഞാൻ ഇടപെടുകയില്ല. ഇവയിൽനിന്നു് അകന്നുനിന്നുകൊണ്ടു പരിശുദ്ധപിതാവിനേയും അവിടുത്തെ നിർദ്ദേശങ്ങളേയുംപററി ആദരപൂർവ്വം ഞാൻ സംസാരിക്കും. എനിക്കു തോന്നുന്നതുപോലെ സ്നേഹവും ബഹുമാനവും പരിശുദ്ധപിതാവിനോടു് എല്ലാവർക്കും തോന്നുന്നതിനു പര്യാപ്തമാകുംവിധമായിരിക്കും എൻെറ സംഭാഷണം. ഇങ്ങനെയായിരിക്കും സെമ്മിനരിവിദ്യാർത്ഥികളോടുള്ള എൻെറ നടപടി.

9 എൻെറ മുൻധ്യാനങ്ങളിലെ നിശ്ചയങ്ങളെല്ലാം ഞാൻ നവീകരിച്ചു. പല കാലങ്ങളിലായി ഞാൻ എഴുതിവച്ചിട്ടുള്ള കാര്യങ്ങ

www.malankaralibrary.com

ളെല്ലാം ഇന്നത്തെ എന്റെ സാഹചര്യങ്ങൾക്കും ആവശ്യങ്ങൾക്കും പ്രയോജകീഭവിക്കുന്നവതന്നെയാണ്.

ഏതായാലും ശരണത്തോടെ പുറപ്പെടാം. ദൈവശാസ്ത്രനിഘണ്ടുവിലെ അർത്ഥത്തിലുള്ള "ഭക്തി"യുടെ ജീവിതം, അതേ പരിത്യാഗത്തിന്റെ ജീവിതം ഞാൻ നയിക്കും. സദാ സന്തോഷവും, സമാധാനവും, ശാന്തതയും.

എനിക്കു വർണ്ണിക്കുവാൻ വഹിയാത്തതും എന്നാൽ എന്റെ ഹൃദയത്തിൽ തീവ്രമായി സ്ഥിതിചെയ്യുന്നതുമായ വികാരങ്ങളെ ദർശിക്കുവാൻ കഴിയുന്ന എന്റെ മദ്ധ്യസ്ഥന്മാരേ, എന്റെ പ്രിയപ്പെട്ട ദൈവമാതാവേ, ഈശോയുടെ തിരുഹൃദയമേ, ദൃഢചിത്തനും, നല്ലവനും, വിശ്വസ്തനുമാകാൻ നിങ്ങളെന്നെ സഹായിക്കുക; എന്നെ ആശീർവ്വദിക്കുക.

www.malankaralibrary.com

# 1913

## 1913 ഒക്ടോബർ 19 മുതൽ 25 വരെ മെത്രാനച്ചനോടുകൂടെ മത്തീനോങ്കോവിൽ നടത്തിയ ധ്യാധം

(ധ്യാനഗുരു: ഫാ. ഗാമ്പാ)

1 എൻെറ ആത്മാവിൻെറ കാമ്യം ചിന്തിക്കുവാൻ പരിശുദ്ധവും പ്രിയംകരവുമായ ഈ സ്ഥലത്തേക്കു ഞാൻ വരുന്നതു് ഏഴാമത്തെ പ്രാവശ്യമാണു്. എൻെറ അതിപ്രധാനമായ കടമ ഒന്നുമാത്രം: എന്നെ സ്നേഹിക്കുകയും, ഗുരുതരമായ പാപങ്ങളിൽനിന്നു് എന്നെ സംരക്ഷിക്കുകയും, എൻെറ അയോഗ്യതയെപ്പററി എന്നെ ലജ്ജിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന കർത്താവിനു നന്ദിപറയുക.

ആദികാലങ്ങളിൽ നിർദ്ദേശിക്കുകയും എഴുതിവയ്ക്കുകയും ചെയ്തിട്ടുള്ളവ ഒന്നുകൂടെ ഉറപ്പിച്ചുവയ്ക്കുകയല്ലാതെ ഒന്നും എനിക്കു കൂട്ടിച്ചേർക്കുവാനില്ല. കർത്താവിനോടു് എനിക്കു ഇത്രമാത്രമേ പറയുവാനുള്ളു: "കർത്താവേ, സങ്കടത്തിനും സന്തോഷത്തിനും എന്നുവേണ്ട എന്തിനും തയ്യാറായി ഇതാ ഞാൻ നില്ക്കുന്നു". "എനിക്കു ജീവിതം മിശിഹായും മരണം ലാഭവുമാകുന്നു". (ഫിലി. 1, 21.) എന്റെ ചുമതലകളുടെ ഭാരം കുറച്ചു നീക്കിവയ്ക്കാനും തുടർന്നുകൊണ്ടുപോകാൻ ഉദ്ദേശിക്കുന്ന ചുമതല ഏതെന്നു ചൂണ്ടിക്കാണിക്കാനും ഞാനൊരിക്കൽ ആഗ്രഹിച്ചു. എന്നാൽ അക്കാര്യത്തിൽ ഞാനൊന്നും ചെയ്യേണ്ടതില്ലെന്നാണു പിന്നീടു തീരുമാനിച്ചതു്. എൻെറ തലവന്മാർക്കു് എല്ലാം അറിയാം; അതുമതി. എന്നോടു് ഇതിനെപ്പററി ഒന്നും ചോദിച്ചിട്ടില്ലാത്തതിനാൽ ഒന്നിനേക്കാൾ വേറൊന്നു് എനിക്കു ഇഷ്ടമാണെന്നു് ഞാൻ പറയുകയില്ല. ദൈവപരിപാലനയിൽ ആശ്രയിച്ചുകൊണ്ടു് ആത്മപിതാവിൻെറ നിർദ്ദേശംപോലെ ഞാൻ വ്യാപരിക്കണം.

2 ദൈവാനുഗ്രഹങ്ങൾ സമൃദ്ധിയായി സിദ്ധിച്ച ഏഴു വത്സരങ്ങളാണു് ഈ കടന്നുപോയതെന്നും ഇനി ഏഴു കൊല്ലത്തേ പഞ്ഞം ആരംഭിക്കുന്നുവെന്നും കരുതുക. ഇത്ര വളരെ കൃപാവരം ഞാൻ ശരിക്കുപയോഗിക്കാഞ്ഞതിനാൽ ഇങ്ങനെ ഒരു പഞ്ഞം ഞാൻ അർഹിക്കുന്നതുമാത്രമാണു്. പഞ്ഞം അതിൻെറ ശുചീകരണജോലി ആരംഭിക്കട്ടെ; അതായതു കഷ്ടവും അപമാനവും സഹനവും. ഈശോയോടുള്ള സ്നേഹത്തിൻെറ ആത്മാർത്ഥത പ്രകടമാക്കാൻ ഞാൻ അവയെല്ലാം സന്മനസ്സോടെ സ്വീകരിക്കും.

ആകയാൽ എൻെറ അഹങ്കാരത്തിനുവരുന്ന ക്ഷതങ്ങളുടേയും ലജ്ജയുടേയും അപമാനത്തിൻേറയും സന്ദർഭങ്ങൾ, വലുതോ ചെറുതോ

www.malankaralibrary.com

ആകട്ടെ, ഞാൻ പരിശുദ്ധമായ ആനന്ദത്തോടെ സ്വീകരിക്കും. ആകാശത്തിൽനിന്നു വീഴുന്ന മഞ്ഞുതുള്ളികളെ ശേഖരിച്ചു രൂപാന്തരപ്പെടുത്തുന്ന ഒച്ചുപോലെ ഒന്നിനും ഒരെതിർപ്പു ഞാൻ പ്രകാശിപ്പിക്കുകയില്ല.

ദൈവത്തിന്റെ മഹത്വത്തിനും എന്റെ നന്മയ്ക്കും എന്റെ ആത്മാവിന്റെ വിശുദ്ധീകരണത്തിനും ഉതകുന്നിടത്തോളംകാലം മനുഷ്യർ എന്നെ എത്രമാത്രം അധിക്ഷേപിച്ചാലും എനിക്കൊന്നുമില്ല.

എന്റെ അയോഗ്യതയും എളിയ സ്ഥിതിയും നിരന്തരം മനസ്സിൽവച്ചുകൊണ്ടു ഞാൻ ജീവിക്കും. ഞാൻ നിന്ദിക്കപ്പെട്ടപ്പോൾ ആനന്ദപൂർവ്വം ഞാൻ പറയും: "നിന്ദിക്കപ്പെട്ടതു് എനിക്കു നന്നായി".

3 ഇതുവരെ എടുത്തിട്ടുള്ളതും ഇപ്പോൾ നവീകരിച്ചതുമായ പ്രതിജ്ഞകൾ പാലിക്കേണ്ടതിനെപ്പററി ചിന്തിക്കുമ്പോൾ ഞാൻ ഭയപ്പെടുന്നു. എന്റെ ജോലികളുടെ അനിശ്ചിതാവസ്ഥയും, ഒരേസമയത്തു് ഒന്നിലധികം ജോലികൾ ആവിർഭവിക്കുവാനിടയാകുന്നതും എന്നെ ചഞ്ചലചിത്തനാക്കുന്നു. എന്റെ ഭക്ത്യഭ്യാസങ്ങൾ ക്രമപ്പെടുത്താനാണു പ്രയാസം.

ദൈവമാതാവേ, എന്റെ പ്രിയപ്പെട്ട അമ്മേ, ഞാൻ ഇതാ വളരെ താത്പര്യത്തോടെ ഒരു വാഗ്ദാനംചെയ്യുന്നു: "ഈ നവവത്സരത്തിൽ എല്ലാ സായാഹ്നവും ഭക്തിപൂർവ്വം ഞാൻ ജപമാലചൊല്ലും". ഈ അഭ്യാസത്തിൽ ഞാൻ വിശ്വസ്തനായിരുന്നുവെന്നതിൽ ഞാൻ ആനന്ദം കൊള്ളുന്നു. എന്നാൽ കഷ്ടമേ, ചിലപ്പോൾ പ്രാർത്ഥനകളുടെ വാക്കുകൾ ഉച്ചത്തിൽ ചൊല്ലുന്നതായിമാത്രം കലാശിക്കുന്നു. കൂടുതൽ ധ്യാനിച്ചു ഭക്തിപൂർവ്വം ചൊല്ലാമെന്നാണു് ഇപ്പോഴത്തേ എന്റെ വാഗ്ദാനം. ഇതുവഴി വിശുദ്ധ പുണ്യം പാലിക്കുന്നതിനു കൂടുതൽ സംരക്ഷണം ദൈവമാതാവിൽനിന്നു സിദ്ധിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. എന്റെ പ്രത്യേക ചുമതലകളുടെ ഇടയ്ക്കു വിശുദ്ധ പുണ്യം പാലിക്കുവാൻ വളരെ വിഷമമുണ്ടു്. അതേസമയം വിശ്വസ്തതാപൂർവ്വം അതു പാലിക്കണമെന്നു ഞാൻ നിശ്ചയിച്ചിരിക്കുകയാണു്. എന്റെ മററു പ്രതിജ്ഞകളും നിറവേററുവാൻ പരിശുദ്ധ അമ്മ സഹായിക്കുമെന്നു ഞാൻ കരുതുന്നു.

ഇതു് എന്റെ ജീവിതത്തിന്റെ അന്തിമവർഷമാണെങ്കിൽ സുരഭിലമായ എന്റെ പനിനീർപുഷ്പഹാരംകൊണ്ടു ദൈവമാതാവിന്റെ മുമ്പിൽ നില്ക്കുക എത്ര ആനന്ദസംദായകമായിരിക്കും! അതായിരിരിക്കും സ്വർഗ്ഗത്തിലേക്കുള്ള ഏററവും നല്ല പാസ്പോർട്ടു്!

"കർത്താവേ, എന്റെ സ്വാതന്ത്ര്യം മുഴുവനും അങ്ങു് എടുത്തുകൊള്ളുക. കർത്താവേ, എല്ലാം അങ്ങേക്കു് അറിയാമല്ലോ. ഞാൻ അങ്ങയെ സ്നേഹിക്കുന്നുവെന്നു് അങ്ങു് അറിയുന്നു."

www.malankaralibrary.com

# പത്തുകൊല്ലത്തെ പൗരോഹിത്യം
# 1904 – 1914

## ഗ്രൊപ്പിനോ 1914 ഓഗസ്റ്റ് 10

ഇന്ന് എൻെറ ഹൃദയത്തിന് ആനന്ദകരമായ ഒരു സംതൃപ്തിയുണ്ട്; ലജ്ജയുമുണ്ട്. ഇക്കഴിഞ്ഞ പത്തുകൊല്ലം ദൈവത്തിൽ നിന്നു സാധാരണവും പ്രത്യേകവുമായ പല അനുഗ്രഹങ്ങൾ എനിക്കു സിദ്ധിച്ചിട്ടുണ്ട്. സ്വീകരിച്ചിട്ടുള്ള കൂദാശകൾ; നല്കിയിട്ടുള്ള കൂദാശകൾ; എൻെറ പൗരോഹിത്യശുശ്രൂഷ, രഹസ്യമായും പരസ്യമായുമുള്ള സംസാരങ്ങളും, പ്രവൃത്തികളും, പ്രാർത്ഥന, പഠനം, വിഷമങ്ങൾ, ആശാഭംഗം. വിജയങ്ങൾ, പരാജയങ്ങൾ! തലവന്മാരോടും വൈദികരോടും എല്ലാ പ്രായത്തിലും സാമുദായിക നിലവാരങ്ങളിലുമുള്ള ജനങ്ങളോടുമുള്ള സമ്പർക്കം വഴി അനുഭവസമ്പത്തു വർദ്ധിച്ചിരിക്കുന്നു. റോമായിൽ മോന്തേസാന്തോയിലേ മറിയത്തിൻെറ ദൈവാലയത്തിൽ വച്ചു പുരോഹിതാഭിഷേകദിനം കർത്താവു ചെയ്ത വാഗ്ദാനം, "മേലിൽ നിന്നെ ഭൃത്യനെന്നു വിളിക്കയില്ല, സ്നേഹിതനെന്നു വിളിക്കും.". (യോഹ 15, 14) നിറവേറിയിരിക്കുന്നു. കർത്താവു യഥാർത്ഥത്തിൽ സ്നേഹിതനായിരുന്നു; തൻെറ ഹൃദയത്തിൻെറ പരിശുദ്ധമായ രഹസ്യങ്ങളിലെല്ലാം അവിടുന്ന് എന്നെ പങ്കുകാരനാക്കി. എന്നെപ്പററി അവിടുത്തേക്ക് അറിയാവുന്നതും എന്നിൽ അവിടുന്നു ദർശിച്ചിട്ടുള്ളതുമൊക്കെ ഞാൻ ഓർത്തുനോക്കുമ്പോൾ എൻെറ ആത്മവിന്ദ സംതൃപ്തിയൊന്നുമുണ്ടെന്നു പറയാതിരിക്കുകയാണെങ്കിൽ ആത്മാർത്ഥത ഇല്ലെന്നു പറയേണ്ടിവരും. ഞാൻ വിതച്ചതും അദ്ധ്വാനിച്ചതുമായ വയലിൽ കതിരുകൾ കുറവാണ്; പക്ഷേ ഒരു ചെറിയ കററയുണ്ടാകുമായിരിക്കും. കർത്താവേ, ഇതിനു ഞാൻ നന്ദി പറയുന്നു. ഇത് അങ്ങയുടെ സ്നേഹത്തിൻെറ ഫലമാണ്.

എന്നെ സംബന്ധിച്ചിടത്തോളം ഞാൻ കൂടുതൽ പ്രവർത്തിച്ചില്ലല്ലോ, ഇത്ര കുറച്ചു മാത്രമല്ലേ കൊടുത്തത് എന്നുള്ളതാണ് എന്നെ ലജ്ജിപ്പിക്കുന്ന സംഗതി. ശൂന്യമായ ഫലഭൂയിഷ്ഠമല്ലാത്ത ഭൂമി പോലെ ആയിരുന്നു ഞാൻ. എനിക്കു ലഭിച്ചിട്ടുള്ള പ്രസാദവരം കൊണ്ട്, എന്നുവേണ്ടാ, അതിൽ വളരെ കുറഞ്ഞ വരം കൊണ്ടു മററുപലരും ഇതിനകം വളരെപരിശുദ്ധരാകുമായിരുന്നു. ഫലംപുറപ്പെ

www.malankaralibrary.com

ട്ടവിക്കാത്ത പല നല്ല പ്രേരണകളും എനിക്കുണ്ടായിരുന്നു. എന്റെ കർത്താവേ, എന്റെ പരാജയങ്ങളും അയോഗ്യതയും ഞാൻ ഏററു പറയുന്നു. ഉദാരമായി അങ്ങ് എന്നോടു ക്ഷമിക്കുക; എന്നോടു കൃപ ചെയ്യുക.

എനിക്കു സംതൃപ്തി തോന്നുന്നുണ്ട്; ക്ഷമയുടെ ആവശ്യമുണ്ടെന്നു കാണുന്നുണ്ട്. അതേസമയം എനിക്കു കൃതജ്ഞതയും തോന്നുന്നു. കർത്താവേ, എല്ലാം അങ്ങയുടെ സ്തുതിക്കായി ഞാൻ ചെയ്യുന്നു. ഇപ്പോഴും എന്നേക്കും ഞാൻ അങ്ങയോടു നന്ദിപറയുന്നു.

പുരോഹിതനെന്ന നിലയിൽ പത്തുകൊല്ലം പൂർത്തിയാക്കിയതിലുള്ള ആനന്ദത്തിനിടയ്ക്കു് എന്റെ പ്രധാന ചിന്ത ഇതാണ്: ഞാൻ എനിക്കുള്ളവനല്ല; അന്യർക്കുവേണ്ടിയുള്ളവനാണ്. ജീവിതത്തിലും മരണത്തിലും ഞാൻ കർത്താവിനുള്ളവനാണ് .സാധുവും വിനീതനുമായ എന്റെമേൽ പത്തുകൊല്ലത്തിനിടയ്ക്കു ചിന്തിയിട്ടുള്ള അനുഗ്രഹങ്ങളും പൗരോഹിത്യത്തിന്റെ മഹാത്മ്യവും എന്നിൽ ചിലബോധ്യങ്ങളുളവാക്കിയിട്ടുണ്ട്. ഞാൻ സ്വാത്മത്തെ തകർക്കണം. മനുഷ്യരുടെ ഹൃദയത്തിലും ബോധത്തിലും ഈശോയുടെ രാജ്യം സ്ഥാപിക്കുന്നതിന് എന്റെ സകലശക്തിയും കാഴ്ചവയ്ക്കണം, അജ്ഞാതമായി എന്റെ എളിയ കഴിവനുസരിച്ച് ഞാനങ്ങനെ പ്രവർത്തിച്ചുപോരുകയായിരുന്നു. ഇന്നുമുതൽ കൂടുതൽ നിശ്ചയദാർഢ്യത്തോടെ വാക്കാലും പ്രവൃത്തിയാലും എന്റെ ജോലി ഞാൻ നിർവ്വഹിക്കേണ്ടതാകുന്നു.

എന്റെ സ്വാഭാവിക വാസന, എന്റെ അനുഭവം, എന്റെ ആധുനിക സാഹചര്യങ്ങൾ, എല്ലാം തന്നെ ശാന്തമായ അദ്ധ്വാനത്തിലേക്കാണു കൈചൂണ്ടുന്നതു്. എന്റെ പ്രവർത്തനം സമരസന്ധിയിലെത്തുന്നില്ല. എന്നാൽ തർക്കവും വാദവും മാത്സര്യവും ഇല്ലാതിരിക്കയില്ല. ശരി. കാര്യം ഇങ്ങനെയിരിക്കേ, എന്റെ ആത്മാവിനെ രക്ഷിക്കാൻ വിലയുററ ഒരു മൂലചിത്രം നശിപ്പിച്ച് എന്നിൽനിന്നു വ്യത്യസ്തനായ ഒരാളുടെ പകർപ്പാകുവാൻ ഞാനാഗ്രഹിക്കുന്നില്ല. ഈ സമാധാനവാസന സ്വാത്മപ്രതിപത്തിക്കു വളം വയ്ക്കുന്നില്ല; എന്റെ സുഖം ഞാൻ അന്വേഷിക്കുന്നില്ല; തത്വത്തിലും വിചാരത്തിലും മനോഭാവത്തിലും അന്ധമായി യോജിക്കുക എന്നർത്ഥമാക്കുകയും വേണ്ടാ. സദാ ഉണ്ടായിരിക്കേണ്ട മന്ദഹാസം സ്വാത്മത്തോടുള്ള ആന്തരിക സമരത്തെ മറച്ചുവയ്ക്കണം. ഈ സമരം ചിലപ്പോൾ ഭയങ്കരമാണു്. ഇന്ദ്രിയങ്ങളുടേയും അഹങ്കാരത്തിന്റേയും പ്രലോഭനങ്ങളുടെമേൽ ആത്മാവിനുള്ള വിജയം ആവശ്യം വരുമ്പോഴൊക്കെ ബഹിർപ്രകാശിപ്പിക്കുക. അങ്ങനെ എന്റെ നല്ല വശം ദൈവവും മനുഷ്യരും കാണാനിടയാകണം.

www.malankaralibrary.com

ഞാൻ പുരോഹിതനായിട്ട് ഇന്നേക്കു പത്തുകൊല്ലമായി. ഭാവിയിൽ എന്റെ ജീവിതമെന്തായിരിക്കും? അതു് എന്നിൽനിന്നു മറഞ്ഞിരിക്കയാണു്. എന്റെ അവസാനത്തെ കണക്കു കൊടുക്കാൻ പക്ഷേ കുറച്ചുകാലമേ ശേഷിച്ചിട്ടുള്ളുവെന്നു വരാം. ഈശോകർത്താവേ, വന്നു് എന്നെ കൊണ്ടുപൊയ്ക്കൊള്ളുക. കുറെയധികം കൊല്ലം ഞാൻ കാത്തിരിക്കേണ്ടതുണ്ടെങ്കിൽ, പ്രസ്തുത വർഷങ്ങൾ അത്യധ്വാനത്തിന്റെ വത്സരങ്ങളായിരിക്കും. അനുസരണയിലധിഷ്ഠിതമായിരിക്കും അവ. എല്ലാത്തിനും ഒരു മഹാഉദ്ദേശ്യമുണ്ടായിരിക്കും; എന്നാൽ അനുസരണയുടെ പരിധികൾ ഞാൻ കടന്നുപോകയില്ല. സ്വാത്മപ്രതിപത്തിയിൽനിന്നുത്ഭവിക്കുന്ന ഭാവിയെപ്പററിയുള്ള ഉൽക്കണ്ഠകൾ നമ്മിൽ ദൈവത്തിന്റെ പ്രവർത്തനത്തിനു പ്രതിബന്ധമുണ്ടാക്കുന്നു; ഭൗതികതാൽപര്യങ്ങളെ സുരക്ഷിതമാക്കുന്നുമില്ല. എല്ലായ്പ്പോഴും ഞാൻ വളരെ സൂക്ഷിക്കേണ്ടതാണു്. കാലാന്തരത്തിൽ, എന്നുവേണ്ടാ, അടുത്തഭാവിയിൽ എന്റെ അഹങ്കാരത്തോടു ഞാൻ വളരെയേറെ പടവെട്ടേണ്ടിവന്നേക്കും. ഇഷ്ടമുള്ളവരൊക്കെ എന്റെ മുമ്പിൽക്കൂടെ മുന്നേറട്ടെ. ദൈവപരിപാലന നിശ്ചയിക്കുന്നിടത്തു ഞാൻ നില്ക്കും. ഉൽക്കണ്ഠകൾ കൂടാതെ മററുള്ളവർക്കു ഞാൻ വഴിതെളിക്കും.

എന്റെ സമാധാനമാണു് എന്റെ സ്വാതന്ത്ര്യം; അതു് ഞാൻ പാലിക്കേണ്ടിയിരിക്കുന്നു. തോമസ്സ് അക്കെമ്പിസ്സിന്റെ അഭിപ്രായപ്രകാരം മഹാസമാധാനവും യഥാർത്ഥസ്വാതന്ത്ര്യവും നല്കുന്ന നാലു കാര്യങ്ങൾ ഞാൻ സദാ അനുസ്മരിക്കും. (ക്രിസ്ത്വാനുകരണം III, 23).

1 സ്വന്തം ഇഷ്ടം ചെയ്യാതെ അന്യരുടെ ഇഷ്ടം ചെയ്യുക.

2 കൂടുതലെന്നതിനേക്കാൾ കുറച്ചു തെരഞ്ഞെടുക്കുക.

3 എല്ലാവരുടെയും പിന്നിലാകാൻ താഴ്ന്ന സ്ഥലം സ്വീകരിക്കുക.

4 ദൈവതിരുമനസ്സു പൂർണ്ണമായി നിന്നിൽ നിറവേറുന്നതിനു നീ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുക.

കർത്താവേ, ഈ നിശ്ചയങ്ങളോടുകൂടെ അങ്ങയുടെ അഭിഷേകത്താൽ പവിത്രീകൃതമായിരിക്കുന്ന എന്റെ ആത്മാവാകുന്ന അമൂല്യ കാസ ഇന്നു വീണ്ടും ഞാൻ അങ്ങേക്കു കാഴ്ചവയ്ക്കുന്നു. പ്രേഷിതർക്കും രക്തസാക്ഷികൾക്കും വന്ദകർക്കും രൂപംകൊടുത്ത അങ്ങയുടെ ശക്തി കർത്താവേ, ഇന്നു വീണ്ടും ഞാൻ അങ്ങേക്കു കാഴ്ചവയ്ക്കുന്നു. അങ്ങേക്കും, അങ്ങയുടെ സഭയ്ക്കും, മനുഷ്യാത്മാക്കൾക്കുംവേണ്ടി നല്ലതും ശ്രേഷ്ഠവും

www.malankaralibrary.com

മഹത്തമായ കാര്യങ്ങൾക്ക് എന്നെ വിനിയോഗിക്കുക. ഇതിനായി, അതെ ഇതിനു മാത്രമായി ഞാൻ ജീവിക്കുന്നു.

എന്റെ പൗരോഹിത്യത്തിന്റെ അമൂല്യസ്മരണകൾ പരിശുദ്ധമായ ഈ വാർഷികദിനത്തിൽ എന്റെ ഹൃദയത്തെ കുളിർപ്പിച്ചു. ഞാൻ ഇക്കാര്യങ്ങളെപ്പററി ചിന്തിക്കുമ്പോൾ, എനിക്കു സർവ്വസ്വവുമായ എന്റെ മെത്രാനച്ചൻ അടുത്തു കിടക്കയിൽ കിടന്നു സഹിക്കുകയാണ്. എത്ര നാളായി അദ്ദേഹം സഹിക്കുന്നു! ഞാൻ അദ്ദേഹത്തിനുവേണ്ടിയും അദ്ദേഹത്തോടുകൂടെയും സഹിക്കുന്നു. എന്റെ ഈ ഒഴിവുകാലം വിഷാദാത്മകവും ഉൽക്കണ്ഠാകുലവുമായി. തന്റെ പ്രേഷിതജോലിക്ക് അദ്ദേഹത്തെ തിരിച്ചയയ്ക്കുക. അങ്ങയുടേയും തിരുസ്സഭയുടേയും ജോലിക്ക്, അങ്ങയുടെ മഹത്വത്തിനുവേണ്ടിയുള്ള ജോലിക്ക്, അദ്ദേഹത്തിന്റെ സന്തതികളുടെ സ്നേഹാസ്വാദനത്തിന് അദ്ദേഹത്തെ തിരിച്ചയയ്ക്കുക.

എന്റെ മെത്രാനച്ചനെപ്പററിയുള്ള മനോവേദനയേക്കാൾ ഹൃദയഭേദകമാണു യൂറോപ്പിന്റെ എല്ലാഭാഗത്തും മാറെറാലിക്കൊള്ളുന്ന സമരകാഹളം. ഞാൻ എന്റെ പുരോഹിതകരങ്ങൾ ഭൗതികശരീരത്തിന്റെമേൽനീട്ടി വി. ഗ്രിഗരിയുടെ പ്രാർത്ഥന അതീവ തീക്ഷ്ണതയോടെ ചൊല്ലുന്നു: "ദൈവമേ, ഞങ്ങളുടെ നാളുകളെ അങ്ങയുടെ സമാധാനത്തിൽ ക്രമപ്പെടുത്തണമേ."

ഈ ബഹളത്തിൽ തിരുസ്സഭയുടെ സ്ഥിതി എന്തായിരിക്കും! കർത്താവേ, അവളെ രക്ഷിക്കുക; അവളെ രക്ഷിക്കുക. പത്തുകൊല്ലംമുമ്പു റോമയിൽ വി. പത്രോസിന്റെ കുഴിമാടത്തിങ്കൽ ആദ്യമായി ഞാൻ ദിവ്യബലി സമർപ്പിച്ചപ്പോൾ മാർപ്പാപ്പായ്ക്കും തിരുസ്സഭയ്ക്കുംവേണ്ടി തീക്ഷ്ണമായി ഞാൻ പ്രാർത്ഥിച്ചതാണ്. ഭാഗ്യപ്പെട്ട സ്മരണ! ഈ പത്തു കൊല്ലം ആ ചിന്തയും പ്രാർത്ഥനയും കൂടുതൽ പ്രബലപ്പെട്ടിട്ടുണ്ട്.

കർത്താവേ, കൊടുങ്കാററുകളുടെ ഈ കാലത്ത്, രാജ്യങ്ങൾ തമ്മിലുള്ള ഈ സംഘട്ടനത്തിനിടയ്ക്ക് അങ്ങയുടെ തിരുസ്സഭയ്ക്കു സ്വാതന്ത്ര്യവും ഐക്യവും സമാധാനവും നല്കുക.

www.malankaralibrary.com

# തിരുഹൃദയ വൈദികരോടുകൂടെ 1914 സെപ്റ്റംബർ 27 നും ഒക്ടോബർ 3 നും മദ്ധ്യേ നടത്തിയ ധ്യാനം

## ധ്യാനഗുരു: ബോംബയിയോ മെത്രാൻ ഡോക്ടർ ലൂയിജി മരിയാ മരെല്ലി

### ഓഗസ്റ്റ് 10-ാംനു

1 പൗരോഹിത്യത്തിൽ പത്തുകൊല്ലം പൂർത്തിയായ ദിവസം ഞാൻ വിചാരിച്ചു എന്റെ ജീവിതത്തിൽ ഒരു വ്യത്യാസം ഉണ്ടാകുമെന്നും, ഉണ്ടാകണമെന്നും. എന്റെ ജീവിതത്തിലെ നവമായ ഒരു ഘട്ടത്തിലേക്കാണല്ലോ ഞാൻ പ്രവേശിച്ചതു്.

ദൈവമേ, അങ്ങയുടെ ഉദ്ദേശ്യങ്ങൾ അഗ്രാഹ്യമാണു്. താമസിയാതെ അതേ മാസം 22-ാംനു ബഹുമാനപ്പെട്ട മെത്രാനച്ചനെ അങ്ങു സ്വർഗ്ഗീയാനന്ദത്തിലേക്കു ക്ഷണിച്ചു. ഇതാ ഞാൻ തികച്ചും വ്യത്യസ്തമായ ഒരു സ്ഥിതിയിൽ!

എന്നായാലും ഞാൻ അധൈര്യപ്പെടുന്നില്ല. സങ്കടത്തിന്റേയും ഭയത്തിന്റേയും ഇടയ്ക്കു് എനിക്കു മഹാസമാധാനവും ആദ്ധ്യാത്മികാശ്വാസവും തോന്നി. ഞാൻ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്ത ആ മഹാത്മാവു് ഇപ്പോൾ സ്വർഗ്ഗത്തിൽ എനിക്കുവേണ്ടി പ്രാർത്ഥിക്കുന്നു; എന്നെ അനുഗ്രഹിക്കുന്നു; സംരക്ഷിക്കുന്നു; താങ്ങുന്നു. കർത്താവു് എന്നെ വിളിക്കുവാൻ ഇഷ്ടപ്പെടുമ്പോൾ ഞാനും അദ്ദേഹത്തെ അനുധാവനം ചെയ്യട്ടെ. തത്ക്കാലം അദ്ദേഹത്തിന്റെ പരിശുദ്ധ ചര്യകൾ ഞാൻ അനുകരിക്കും.

2 ഇന്നത്തെ പുതിയ സാഹചര്യങ്ങളിൽ ആത്മരക്ഷാജോലി അവഗണിക്കാതെതന്നെ എന്റെ ശ്രദ്ധ മുഴുവനും സെമിനാരിയിലേക്കു തിരിക്കുവാൻ കഴിയും. ആകയാൽ എന്റെ ജീവിതം പ്രശാന്തവും ഏകാഗ്രവുമായിരിക്കും. അതാണെനിക്കുവേണ്ടതു്. ഇതു കർത്താവിൽനിന്നുള്ള വേറൊരനുഗ്രഹമാണു്. അതിനു ഞാൻ കൃതജ്ഞനാണു്. ഞാൻ ആ അനുഗ്രഹം ശരിയായി പ്രയോഗിക്കും. എന്റെ മുറിയും ഏകാഗ്രതയും ഞാൻ ഇഷ്ടപ്പെടുന്നു. അവിടെ പ്രാർത്ഥനയിലും പഠനത്തിലും എനിക്കു വ്യാപൃതനായിരിക്കാമല്ലോ.

www.malankaralibrary.com

3 എല്ലാ ദിവസവും അഞ്ചരമണിക്കു് എഴുന്നേല്ക്കാൻ ഞാൻ സൂക്ഷിക്കേണ്ടിയിരിക്കുന്നു. ഉടനെ എൻെറ മുറിയിൽവച്ചു ഞാൻ ധ്യാനിക്കും. വി. മിഖായേലിൻെറ ദൈവാലയത്തിലേക്കു വി. കുർബ്ബാന സമർപ്പിക്കാൻ ഞാൻ പോകും; അനന്തരം കുമ്പസാരം കേൾക്കും. അനുദിനം അനുഷ്ഠിക്കേണ്ട മററു കാര്യങ്ങൾ ഞാൻ ഇവിടെ ആവർത്തിക്കുന്നില്ല. ഞാൻ എടുത്തിട്ടുള്ള പ്രതിജ്ഞകൾ അനുസ്മരിച്ചാൽ മതിയാകുമല്ലോ.

4 എൻെറ ഔദ്യോഗികകൃത്യങ്ങളിലും സെമ്മിനരി റെക്ടരോടും സഹതീർത്ഥ്യരോടും വിദ്യാർത്ഥികളോടുമുള്ള ബന്ധത്തിലും ഞാൻ മാതൃകായോഗ്യമായി വർത്തിക്കുവാനാഗ്രഹിക്കുന്നു. എല്ലാവരോടും സ്നേഹത്തോടും വിനയത്തോടുംകൂടെ ഞാൻ വ്യാപരിക്കും. ഗുരുതരമായ ചുമതലകൾ വിഭജിക്കപ്പെട്ടമ്പോൾ പരസ്പരസൗഹാർദ്ദവും സന്മാതൃകയും അത്യന്താപേക്ഷിതമാകയാൽ അതിനുവേണ്ടി എന്റെ കഴിവനുസരിച്ചു ഞാൻ പ്രവർത്തിക്കും. സർവ്വോപരി വിമർശനത്തിൽനിന്നും ആവലാതിയിൽനിന്നും ഞാൻ ഒഴിഞ്ഞുനില്ക്കും. വേറൊരിടത്തും ഇത്ര സുഖമായിക്കഴിയുവാൻ എനിക്കു സാധിക്കുകയില്ലെന്നു ഞാൻ വിചാരിക്കും.

5 പുതിയ മെത്രാൻ ആരുതന്നെ ആയിരുന്നാലും അദ്ദേഹത്തിന്റെ അവിസ്മരണീയനായ പുരോഗാമിയോടു ദൈവാനുഗ്രഹത്താൽ സദാ ഞാൻ പ്രദർശിപ്പിച്ചിരുന്ന സ്നേഹവും അനുസരണയും അതേ ആത്മാർത്ഥതയോടും ഔദാര്യത്തോടും പ്രസന്നതയോടുംകൂടെ ഞാൻ പ്രദർശിപ്പിക്കും. ഇക്കാര്യത്തിൽ ഞാൻ സന്മാതൃക നല്കിക്കൊണ്ടിരിക്കുന്നു. മെത്രാനച്ചനിൽ യേശുക്രിസ്തുവിനേക്കാൾ കുറഞ്ഞ ഒരാളെ ഞാൻ വീക്ഷിച്ചാൽ മതിയാകയില്ലെന്നു് എനിക്കു ബോദ്ധ്യമുണ്ടു്.

എന്റെ ഉദ്യോഗത്തിന്റെ വ്യത്യാസമനുസരിച്ചു മെത്രാനച്ചനോടുള്ള ബന്ധവും വ്യത്യസ്തമായിരിക്കും. സ്ഥിതിവ്യത്യാസം എന്തുതന്നെ ആയിരുന്നാലും സ്നേഹകുസുമത്തിൻെറ മാധുര്യമായ ബഹുമാനവും വിവേകവും പ്രസ്തുത ബന്ധത്തെ നിയന്ത്രിച്ചുകൊണ്ടിരിക്കും. പുതിയ മെത്രാനു ഞാൻ ഒരു പ്രതിബന്ധമാകാതെ നിർമ്മാണായുധവും ഉപകരണവുമാകും; അങ്ങനെ അദ്ദേഹത്തിനു് ആശ്വാസവും സംതൃപ്തിയും നല്കും. പുതിയ മെത്രാനോടു വാക്കിലും പ്രവൃത്തിയിലും സ്നേഹവും ബഹുമാനവും ഞാൻ പ്രദർശിപ്പിക്കും. എന്തുവിലകൊടുത്തും ഈ സദുദ്ദേശ്യങ്ങൾ വിശ്വസ്തതയോടെ പാലിക്കുന്നതിനുള്ള അനുഗ്രഹത്തിനായി ഞാൻ പ്രാർത്ഥിക്കും.

www.malankaralibrary.com

6 എന്റെ ഭാവിയെപ്പററി ആകുലപ്പെടാതിരിക്കാൻഞാൻ ഉത്സാഹിക്കും. അന്യരുടെ അഭിപ്രായങ്ങൾ എത്രനല്ലതും സദുദ്ദേശ്യപരവും വസ്തുനിഷ്ഠിതവുമായിരുന്നാലും അവ എന്നെ ഭരിക്കുവാൻ ഞാൻ അനുവദിക്കുകയില്ല. ഞാൻ ദരിദ്രനായി ജനിച്ചു; ദരിദ്രനായിത്തന്നെ മരിക്കണം; ദരിദ്രനായിത്തന്നെ മരിക്കുകയും ചെയ്യും. ഭൂതകാലത്തെന്നപോലെ വേണ്ടതും അതിലുമധികവും ദൈവപരിപാലന എനിക്ക് അനുവദിച്ചു തരും. ഈ ലോകവസ്തുക്കളോടു ലഘുവായ തോതിൽപ്പോലും ഒട്ടിപ്പിടിക്കുന്നതു് എനിക്കു നല്ലതല്ല.

7 സ്ഥാനമാനങ്ങളെ എന്റെ അഹങ്കാരം സ്വപ്നം കണ്ടേക്കും; അത്തരം വിചാരങ്ങൾക്കു സ്വാഗതമരുളാതിരിക്കാൻ ഞാൻ സൂക്ഷിക്കും; ഉടനടി ഞാൻ അവയെ പുറന്തള്ളും; അവ മനസ്സമാധാനം നശിപ്പിക്കുന്നു; ശക്തികെടുത്തുന്നു; വല്ല നന്മയും ചെയ്യുകയാണെങ്കിൽ അതിനുള്ള വിലയും യോഗ്യതയും ഇല്ലാതാകുന്നു; അതിൽ ഉണ്ടാകാവുന്ന ആനന്ദവും നഷ്ടപ്പെടുന്നു. ഞാൻ വളരെ വിനീതനായിക്കഴിയാനേ ആഗ്രഹിക്കാവൂ; ശേഷമെല്ലാം ദൈവത്തിനു വിട്ടുകൊടുക്കുക.

8 ഞാൻ തിരുഹൃദയ വൈദികനാണു്. ആ പരിശുദ്ധ സംഘടനയുടെ അംഗമെന്ന നിലയിൽ ചെയ്തിട്ടുള്ള പ്രത്യേക വാഗ്ദാനങ്ങൾക്കു പ്രകൃതത്തിൽ പ്രസക്തിയുണ്ടു്. സഭയിലെ ഇതരാംഗങ്ങളുടെ സാധാരണ പ്രവർത്തനങ്ങളിൽ ഞാനും പങ്കുകൊള്ളും. എന്റെ സന്മാതൃക വഴി എന്നെ സ്വീകരിച്ചിരിക്കുന്ന സഭയ്ക്കു ഞാൻ ബഹുമാനം വരുത്തും; അതിന്റെ ഉദ്ദേശങ്ങൾ സാധിക്കുന്നതിനു ഞാൻ യത്നിക്കും.

ചില കാര്യങ്ങൾ പുതിയ മെത്രാനോടുകൂടെ എങ്ങനെ കൈകാര്യം ചെയ്യണമെന്നാലോചിക്കാൻ വേണ്ടി മിലാനിലേ കർദ്ദിനാൾ മെത്രാപ്പോലീത്തായെ സന്ദർശിക്കേണ്ടി വന്നതിനാൽ ബ്യൂഷനാളത്തേ ധ്യാനം ഉപേക്ഷിച്ചു യാത്ര ചെയ്യേണ്ടിവന്നു. ഈ സന്ദർശനം എനിക്കു് ആശ്വാസവും ആനന്ദവും നല്കി. അനന്തരം വി. ചാൾസിന്റെ കുഴിമാടത്തിലേക്കു് ഇറങ്ങിച്ചെന്നു ദീർഘനേരം ഞാൻ പ്രാർത്ഥിച്ചു. ജീവിതത്തിലും മരണത്തിലും ഞാൻ ദൈവത്തോടു വിശ്വസ്തനായിരിക്കുമെന്നുള്ള എന്റെ പ്രതിജ്ഞ ഞാൻ നവീകരിച്ചു. ദൈവേഷ്ടപ്രകാരം ഇപ്പോഴുമെപ്പോഴും എന്തു ത്യാഗവും അനുഷ്ഠിക്കുവാൻ തയ്യാറായിക്കൊണ്ടു ദൈവത്തിന്റേയും തിരുസ്സഭയുടെയും ശുശ്രൂഷയ്ക്കും ആത്മാക്കളുടെ രക്ഷയ്ക്കും എന്റെ ശരീരത്തേയും ആത്മാവിനേയും ഞാൻ കാഴ്ചവയ്ക്കും [മിലാനിലേ കർദ്ദിനാൾ മെത്രാപ്പോലീത്താ ആന്ത്രേയാഫെറാറിയെ (1850 – 1921) 1963 ഫെബ്രുവരി 10–ാംനു യോഹന്നാൻ മാർപ്പാപ്പാ വാഴ്ത്തപ്പെട്ടവൻ എന്നു പേർ വിളിച്ചു. 1894 മുതൽ അദ്ദേഹം മിലാനിലേ മെത്രാപ്പോലീത്തായായിരുന്നു.]

www.malankaralibrary.com

# യുദ്ധം (1915-1918)

(1915 മേയ് 24–ാംനു ഇററലി ആസ്റ്റ്രിയാക്കു് എതിരായി യുദ്ധം പ്രഖ്യാപിച്ചു. തദവസരത്തിൽ ഫാ. റൊങ്കാലി ഒരു നോൺ കമ്മീഷൻഡ് ഉദ്യോഗസ്ഥനായി ബെർഗാമോ ആശുപത്രിയിൽ ജോലി ചെയ്തു. 1916 മാർച്ചു് 28-ാംനു സൈനികചാപ്ലനായി; 1918 ഡിസംബർ 10–ാംനു സൈനികജോലി സമാപിച്ചു).

## 1915

### 1915 മെയ് 23

നാളെ ഞാൻ സൈനിക മെഡിക്കൽവിഭാഗത്തിൽ ചേരാൻ പോവുകയാണു്. അവരെന്നെ എങ്ങോട്ടയയ്ക്കുമാവോ? പക്ഷേ, മുന്നണിയിലേക്കു്! ഞാൻ ബെർഗാമോയിലേക്കു മടങ്ങുമോ? അതോ സമരരംഗത്തു ഞാൻ മരിക്കണമെന്നാണോ ദൈവനിശ്ചയം! എനിക്കു് ഒന്നും അറിഞ്ഞുകൂടാ. എവിടെയും എല്ലാ സമയത്തും ദൈവഹിതം ചെയ്യണമെന്നും സമ്പൂർണ്ണമായ പരിത്യാഗശീലത്തോടെ ദൈവമഹത്വത്തിനുവേണ്ടി അദ്ധ്വാനിക്കണമെന്നുമാണെന്റെ ആഗ്രഹം. ഇപ്രകാരം, അതെ ഇപ്രകാരംമാത്രമേ എന്റെ ദൈവവിളിയോടു വിശ്വസ്തത പ്രദർശിപ്പിക്കുവാനും എന്റെ രാജ്യത്തോടും എന്റെ സഹോദരരുടെ ആത്മാക്കളോടും പ്രാവർത്തികമായി സ്നേഹം പ്രദർശിപ്പിക്കുവാനും എനിക്കു കഴിയൂ. എന്റെ ആത്മാവു തയ്യാറാണു്; പ്രസന്നമാണു്. അപ്രകാരം ഈശോകർത്താവേ, എന്നെ പാലിക്കുക. മറിയമേ, എത്രയും ദയയുള്ള മാതാവേ, എല്ലാത്തിലും ക്രിസ്തു മഹത്വീകരിക്കപ്പെടുന്നതിനു് എന്നെ സഹായിക്കണമേ.

## 1918-1920

ബെർഗാമോ സെമ്മിനരിയിലെ ആത്മനിയന്താവു്,

(1918 നവംബറിൽ ഫാദർ റൊങ്കാലി ബെർഗാമോ സെമ്മിനരിയിൽ നിയമിതനായി.)

www.malankaralibrary.com

# 1919

## 34 യുദ്ധാനന്തരം തിരുഹൃദയവൈദികരുടെ ആശ്രമത്തിൽ ധ്യാനം 1919 ഏപ്രിൽ 28 മുതൽ മേയ് 3 വരെ

(ധ്യാനഗുരു: ഫാദർ സ്പെരാൻസാ)

1 യാതനാപൂർണ്ണമായ ലോകത്തിൽ നാലു സമരവർഷം കർത്താവ് എന്നോടു എത്ര കാരുണ്യത്തോടെയാണു വർത്തിച്ചിട്ടുള്ളത്! എന്തെല്ലാം അനുഭവങ്ങൾ അവിടുന്ന് എനിക്കു അനുവദിച്ചു! എന്റെ സഹോദരരായ മാനവർക്ക് ഉപപകാരംചെയ്യാൻ എന്തുമാത്രം സന്ദർഭങ്ങളെനിക്കുണ്ടായി! എന്റെ ഈശോ, ഞാൻ അങ്ങേക്കു നന്ദിപറയുന്നു; ഞാൻ അങ്ങയെ സ്തുതിക്കുന്നു. ഇക്കാലമൊക്കെയും പരിചയപ്പെട്ട യുവജനങ്ങളെ ഞാൻ ഓർമ്മിക്കുകയാണ്. പലരേയും പരലോകജീവിതത്തിന്റെ ചവിട്ടുപടിവരെ ഞാൻ അനുഗമിച്ചു. അവരുടെ സ്മരണ എന്നെ പുളകംകൊള്ളിക്കുന്നു. അവരെനിക്കുവേണ്ടി പ്രാർത്ഥിക്കുമെന്നുള്ള ചിന്ത ആശ്വാസജനകവും ഉത്തേജകവുമാണ്.

2 ഒരു നവദിനം ഉദയം ചെയ്യുകയും നാം എഴുന്നേല്ക്കുകയും ചെയ്തിരിക്കയാണ്. ക്രിസ്തീയ വിശ്വാസത്തിന്റേയും പുരോഹിത ജീവിതത്തിന്റേയും തത്വങ്ങളാണ് എന്റെ യൗവ്വനത്തിലേ ഭക്ഷണം. ഇന്ന് അവ കൂടുതൽ പ്രകാശമാനവും ദൃഢവുമായിക്കാണുന്നു. ദൈവമഹത്വം, ആത്മാക്കളുടെ വിശുദ്ധീകരണം, സ്വർഗ്ഗം, തിരുസ്സഭ, മനുഷ്യാത്മാക്കൾ എല്ലാം സ്പഷ്ടമായിരിക്കുന്നു. നാലുകൊല്ലം ലോകത്തോടുണ്ടായ സമ്പർക്കംനിമിത്തം മേൽപ്പറഞ്ഞ കാര്യങ്ങൾ പ്രാവർത്തികമായിരിക്കുന്നു, അവയുടെ മാററു കൂടിയിരിക്കുന്നു: പ്രേഷിതചൈതന്യം കൂടുതൽ ഉജ്ജ്വലമായിരിക്കുന്നു. ഇന്ന് എനിക്കു പ്രായപൂർത്തി ആയിട്ടുണ്ട്. എന്തെങ്കിലും ഞാൻ നേടണം; അല്ലെങ്കിൽ ദൈവകാരുണ്യം നഷ്ടപ്പെടുത്തിയതിലുള്ള ഭയങ്കര കുററം തോളിലേന്തേണ്ടിവരും.

3 പ്രേഷിതവേലയുടെ അടിസ്ഥാനമായി ആന്തരികജീവിതം വേണം: ദൈവത്തെ അന്വേഷിക്കുക; അവിടുത്തോടുകൂടെ ഐക്യ

www.malankaralibrary.com

ത്തിൽ കഴിയുക; സഭ പഠിപ്പിക്കുന്ന സത്യങ്ങളെപ്പററി നിരന്തരം പ്രശാന്തമായി ധ്യാനിക്കുക. പ്രസ്തുത ധ്യാനം തിരുസ്സഭയുടെ ഉദ്ബോധനമനുസരിച്ചുള്ള ഭക്താഭ്യാസങ്ങൾക്കു വഴിതെളിക്കും; അവ എനിക്കു കൂടുതൽ കൂടുതൽ പ്രിയംകരമായിത്തീരുകയും ചെയ്യും. എന്റെ ഉപേക്ഷയാലും എന്റെ ആഗ്രഹപ്രകാരം എല്ലാം ചെയ്യാനുള്ള അസാധ്യത നിമിത്തവും സൈനികജീവിതകാലത്തു് ഭക്താഭ്യാസങ്ങൾ അനുഷ്ഠിച്ചതിനേക്കാൾ കൂടുതൽ വിശ്വസ്തതയോടെ അവ ഞാൻ അഭ്യസിക്കേണ്ടിയിരിക്കുന്നു.

സർവ്വോപരി ദിവ്യകാരുണ്യത്തിൽ ഈശോയോടുകൂടെ വസിക്കുന്നതിലുള്ള ആനന്ദം ഞാൻ അന്വേഷിക്കും. ഇന്നു മുതൽ വി. കുർബ്ബാന എന്റെ മുറിയുടെ അരികെയുണ്ടായിരിക്കുന്നതാണ്. ഞാൻ ഈശോയുടെകൂടെ കഴിച്ചുകൂട്ടും; ഈ മഹാ ബഹുമാനത്തിന്നു് അർഹനാകുവാൻ ഞാൻ പരിശ്രമിക്കും.

4 എനിക്കു സ്വന്തമായി ഒരു ഭവനമുണ്ടായിട്ടു കുറേ മാസമായി; അതു ശരിയായി സജ്ജമാക്കിയിട്ടുമുണ്ട്. എന്നാൽ ഇപ്പോൾ മറേറതു കാലത്തേക്കാളെന്നിയേ ദാരിദ്ര്യത്തിന്റെ സൗന്ദര്യവും മാധുര്യവും കർത്താവു് എനിക്കു മനസ്സിലാക്കിത്തന്നു. യാതൊരു മനസ്താപവും കൂടാതെ എല്ലാം വിട്ടുപേക്ഷിക്കുവാൻ ഞാൻ സന്നദ്ധനാണ്. എനിക്കു സ്വന്തമായ എല്ലാ വസ്തുക്കളിൽനിന്നും, ഏററം പ്രിയപ്പെട്ടവയിൽനിന്നുകൂടെ അകന്നിരിക്കുവാൻ ജീവിതകാലം മുഴുവൻ ഞാൻ പരിശ്രമിക്കുന്നതാണ്.

എന്നെത്തന്നെ മറന്നു് ആത്മീയമായി പരിപൂർണ്ണ ദാരിദ്ര്യം അനുഷ്ഠിച്ചുകൊള്ളാമെന്നു ഞാൻ വാഗ്ദാനംചെയ്യുന്നു. സ്ഥാനമാനങ്ങളും ഉദ്യോഗങ്ങളുംസംബന്ധിച്ചു് എനിക്കു് ഉൽക്കണ്ഠയില്ല. പൗരോഹിത്യമാകുന്ന അത്യുന്നത ബഹുമാനം എനിക്കു സിദ്ധിച്ചിട്ടില്ലേ? എന്റെ തലവന്മാർവഴി ദൈവപരിപാലന എന്നെ ഏല്പിച്ചിരിക്കുന്ന ജോലിയും ഒരു ബഹുമാനമല്ലേ?

ഇതു് എന്റെ നന്മയുടെ അടിസ്ഥാനമാകയാലാണ് ഇത്രയും ദീർഘമായി ഞാനതു പ്രതിപാദിക്കുന്നതു്. ഉയർന്ന സ്ഥാനങ്ങളും ബഹുമാനപ്രദമായ ചുമതലകളും ലഭിക്കുന്നതിനു തലവന്മാരെ പ്രേരിപ്പിക്കുവാൻവല്ലവിചാരവുമുണ്ടായാൽ ഞാൻ ഒരക്ഷരം അതിനെപ്പററിപ്പറയുകയില്ല. അതിനായി ഒന്നുംപ്രവർത്തിക്കയില്ല; ഒരു പ്രലോഭനമായിഞാനതിനെ തള്ളിക്കളയും. ചുമതലകൾ ഏറെറടുക്കുന്നതിനുമുമ്പു സൂക്ഷ്മി

www.malankaralibrary.com

ക്കേണ്ടതാണെന്ന് അനുഭവം എന്നെ പഠിപ്പിക്കുന്നു. അനുസരണയിൻ കീഴ് ഇവ ഏറെറടുക്കുകയാണെങ്കിൽ വളരെ നല്ല കാര്യം; നേരെമറിച്ച് ഇവയ്ക്കായി തേടിനടക്കുകയും വിളിക്കപ്പെടാതെ കയറിച്ചെല്ലുകയുമാണെങ്കിൽ സ്ഥിതി ഭയങ്കരമായിരിക്കും. വൈദികലോകത്തിലാണെങ്കിലും ബഹുജനങ്ങളും ഉന്നതസ്ഥാനങ്ങളും മായാമയമാണ്.

ഇവയുടെ മഹത്വം ഒരു ദിവസത്തേക്കുള്ളതാണ്. നിത്യമായ സ്വർഗ്ഗീയമഹത്വം ഇച്ഛിക്കുന്നവർക്ക് ഇവ വിപൽക്കരമായിരിക്കും. മാനുഷികവിജ്ഞാനത്തോടെ വീക്ഷിക്കുകയാണെങ്കിലും ഇവയ്ക്കു വലിയ വിലയൊന്നുമില്ല. ഞാൻ റോമായിൽ താമസിച്ചപ്പോഴെന്നപോലെ ഇത്തരം ഭോഷത്വങ്ങളുടെ ഇടയിൽ ആരെങ്കിലും വസിച്ചിട്ടുണ്ടെങ്കിൽ അവർ സമ്മതിക്കും ഇതിനേക്കാൾ നല്ല പേരു് ഇവയ്ക്കില്ലെന്നു്. എന്റെ പൗരോഹിത്യത്തിന്റെ ആദ്യത്തെ പത്തുകൊല്ലം ഞാൻ ഇങ്ങനെ ചെലവഴിച്ചിട്ടുള്ളവനാണ്. ഇത്തരം സ്ഥാനങ്ങൾ ഇച്ഛിക്കുന്നവരോടു ഞാൻ പറയും: മുമ്പോട്ടു നീങ്ങിക്കൊള്ളു; മുമ്പോട്ടു നീങ്ങിക്കൊള്ളു. അവരെ ഞാൻ തീരെ അസൂയപ്പെടുന്നില്ല. "കർത്താവിന്റെ അരികേ ഇരിക്കുന്നതും കർത്താവായ ദൈവത്തിൽ എന്റെ ശരണം വയ്ക്കുന്നതും എനിക്കു നല്ലതാണ്." (സങ്കീ: 72, 28.)

5 ഈ കഴിഞ്ഞ കൊല്ലങ്ങളിൽ ഞാൻ പലപ്പോഴും ചിന്തിച്ചിരുന്നു യുദ്ധം സമാപിക്കുമ്പോൾ ദൈവം എന്നിൽനിന്നു് എന്താവശ്യപ്പെടുമെന്നു്. ഇപ്പോൾ ഒരു അനിശ്ചിതാവസ്ഥയുമില്ല, വേറൊന്നു് അന്വേഷിക്കേണ്ടതുമില്ല. എന്റെ പ്രധാന ജോലി ഇവിടെത്തന്നെ; വിദ്യാർത്ഥികളുടെ ഇടയിലുള്ള പ്രേഷിതവേലയാണെന്റെ കർത്തവ്യം. (1918 നവംബറിൽ ബെർഗാമോയിൽ ഫാദർ റൊങ്കാലി വിദ്യാർത്ഥികളുടെ ഒരു ഹോസ്റ്റൽ തുടങ്ങിയിരുന്നു.) എന്റെ തലവന്മാർ വഴി ദൈവപരിപാലന എത്രയും സുഗമമായി പ്രവർത്തിച്ചതിന്റെ സാഹചര്യങ്ങളെപ്പററി ചിന്തിച്ചപ്പോൾ, ഇത്ര പെട്ടെന്നു് ഇങ്ങനെയൊക്കെ ഇതു രൂപമെടുത്തപ്പോൾ, എന്റെ ഹൃദയം തരളിതമായി. കർത്താവു് ഇവിടെയുണ്ടെന്നു ഞാൻ ഏററുപറയേണ്ടിയിരിക്കുന്നു. എന്റെ പ്രിയപ്പെട്ട വിദ്യാർത്ഥികളുടെ കാര്യം അന്വേഷിച്ചുകൊണ്ടിരിക്കുമ്പോൾ അതാതുദിവസമുണ്ടാകുന്ന സംഭവങ്ങളെപ്പററി സായംകാലം ഞാൻ ചിന്തിച്ചിരുന്നു. തൽസമയം എമ്മാവൂസിലേക്കു പോയിക്കൊണ്ടിരുന്ന ശിഷ്യന്മാർക്കു മാർഗ്ഗമദ്ധ്യേ ഉണ്ടായ അനുഭൂതിയാണു് എനിക്കുണ്ടായിരുന്നതു്. ദിവ്യമായ ഒരു സമ്പർക്കമുണ്ടായപോലെയാണു് എനിക്കു തോന്നിയിരുന്നതു്.

www.malankaralibrary.com

കർത്താവിന്ന് ഒരുത്തൻ തന്നെത്തന്നെ പൂർണ്ണമായി സമർപ്പിക്കുമ്പോൾ അവന്നു വേണ്ടതെല്ലാം സിദ്ധിക്കുന്നു. "ഒന്നുമില്ലായിരുന്നിട്ടും എല്ലാം ഉള്ളതുപോലെ" (2 കൊറി. 6, 10) എന്ന വാക്കുകൾ എല്ലാ ദിവസവും എൻെറ കൺമുമ്പാകെ അന്വത്ഥമായിക്കൊണ്ടിരിക്കുന്നു. കടം വാങ്ങിക്കാൻ എനിക്കിഷ്ടമില്ല, എനിക്കു കടമില്ലാതാനും. ഭാവിയിലേക്ക് ആവശ്യമായവ സജ്ജീകരിക്കുവാൻ എനിക്കു കഴിയുന്നില്ല. എന്നാൽ അവശ്യമുള്ളവ എപ്പോഴും ലഭിച്ചുകൊണ്ടിരിക്കുന്നു; ചിലപ്പോൾ കുറെ കൂടുതലായും.

ദൈവസഹായത്തിൻെറ ഈദൃശ ലക്ഷ്യങ്ങൾ എന്നെ അത്യധികം ആശ്വസിപ്പിക്കുന്നുണ്ട്. അതേസമയം എൻെറ ദൈവവിളിയോട് വിശ്വസ്തത പ്രദർശിപ്പിക്കുവാനും എൻെറ പ്രിയ യുവജനങ്ങളെ സംരക്ഷിക്കുക എന്ന ഈശോ എന്നെ ഏല്പിച്ചിരിക്കുന്ന ജോലിയിൽ അവസാനത്തോളം സഹകരിക്കുവാനും എൻെറ മാനം എന്നെ നിർബന്ധിക്കുന്നു.

ഈശോയുടെ മഹത്വത്തിന്, അതെ ആ ഒരൊററക്കാര്യത്തിന് എൻെറ സകല ശ്രദ്ധയും വിചാരവും സ്നേഹവും അദ്ധ്വാനവും പഠനവും അപമാനവും സന്താപവും ഞാൻ കാഴ്ചവസ്ക്കേണ്ടിയിരിക്കുന്നു. ഈശോയുടെ താത്പര്യങ്ങൾക്ക് അനുയോജ്യമായി നവതലമുറയ്ക്കു രൂപം കൊടുക്കുന്നതുതന്നെ അവിടുത്തേ മഹത്വം. ഇതിനേക്കാൾ വിശിഷ്ടവും ബഹുമാന്യവുമായി എനിക്കു വേറൊരു കാര്യമില്ല; ഇന്ന് ഇതിൽക്കൂടുതൽ പ്രാധാന്യം ദൈവത്തിൻെറ സഭയിലാകമാനം വേറൊന്നിനുമില്ല.

6 പ്രേഷിതവേലയിൽ വിജയം വരിക്കുന്നതിന് ഈശോയുടെ തിരുഹൃദയമല്ലാതെ വേറൊരു വിദ്യാലയം ഞാൻ അംഗീകരിക്കുന്നില്ല. "എന്നിൽനിന്നു പഠിക്കുക; എന്തുകൊണ്ടെന്നാൽ ഞാൻ എളിമയും ഹൃദയശാന്തതയും ഉള്ളവനാകുന്നു." (മത്താ. 11, 29) ഈ പദ്ധതിയാണു യഥാർത്ഥ വിജയമാർഗ്ഗം; പ്രസ്തുത പദ്ധതിയിൽ പ്രകാശിതമാകുന്ന വിവേകം അനുഭവം തെളിയിച്ചിട്ടുണ്ട്.

ഒരമ്മ തൻെറ മക്കളെ സ്നേഹിക്കുന്നതുപോലെ, ഞാൻ എൻെറ യുവവിദ്യാർത്ഥികളെ സ്നേഹിക്കും; എന്നാൽ എൻെറ സ്നേഹം കർത്താവിലായിരിക്കും. അവരെ തിരുസ്സഭയുടെ ഉത്തമ സന്താനങ്ങളായി വളർത്തുകയായിരിക്കും എൻെറ ഉദ്ദേശ്യം. ഭാവിയിൽ അവർ സത്യത്തിൻേറയും നന്മയുടേയും പ്രേഷിതരായിക്കാണുവാൻവേണ്ടി ഞാൻ പാടുള്ളതു

www.malankaralibrary.com

ചെയ്യും. അവർ നമ്മുടെ രാജ്യത്തിൻേറയും കുടുംബങ്ങളുടേയും പ്രത്യാശയായിത്തീരണം.

എൻെറ ഭവനത്തിൽ വിശുദ്ധപുണ്യത്തിൻെറ ഒരു നിമ്മലാന്തരീക്ഷം പാലിക്കുവാൻ ഞാൻ പ്രത്യേകം യത്നിക്കും. പ്രസ്തുതാന്തരീക്ഷത്തിൻെറ ഓമ്മ അവരിൽ സ്ഥായിയായി പതിയുകയും അനന്തരകാലത്തു ജീവിതമത്സരങ്ങളിൽ ഈ അന്തരീക്ഷം അവക്കു താങ്ങായിത്തീരുകയും ചെയ്യണം. നാട്യവും ഉപരിപ്ലവതയും പാടില്ല. സംഭാഷണവും വ്യാപാരവും ലളിതമായിരിക്കണം. അവണ്ണനീയമായ ഈ ഗുണവിശേഷമാണു പ്രാചീനരും അർവ്വാചീനരുമായ സവ്വ വിശുദ്ധഗുരുഭൂതന്മാർക്കും സ്വർഗ്ഗീയമായ ഒരു അന്തരീക്ഷത്തിൽ ജീവിക്കുവാനുള്ള ഭാഗ്യമരുളിയതു്. തന്നിമിത്തം അവക്കു വളരെ നന്മചെയ്യാനും മഹാത്മാക്കൾക്കു രൂപംകൊടുക്കാനും കഴിഞ്ഞു. കത്താവേ, യുവജനങ്ങളുടെ ഈ മഹാ ഗുരുഭൂതന്മാർ കാണിച്ചുതരുന്ന മാതൃക വിദൂരത്തുനിന്നു വിനീതമായ തോതിലെങ്കിലും അനുകരിക്കുവാൻ അങ്ങെന്നെ സഹായിക്കുക.

7 ഞാൻ കൈവച്ചിരിക്കുന്ന ജോലി വളരെ വലുതാണു്. വയലിൽ ധാന്യം വിളഞ്ഞു സ്വണ്ണമയമായിക്കിടക്കുന്നു; എന്നാൽ കൊയ്ത്തുകാർ ചുരുക്കം. എല്ലാ ജോലികളേയും വെല്ലുന്ന ഈ ജോലിയോടു പ്രതിപത്തിയും താത്പര്യവും, വൈദികരിലും വൈദികവിദ്യാത്ഥികളിലും ജനിപ്പിക്കുവാൻ ഞാൻ ദൈവത്തോടു പ്രാത്ഥിക്കും; പരിശ്രമിക്കുകയും ചെയ്യും. യുവാക്കളോടുകൂടെ അദ്ധ്വാനിക്കുവാൻ പ്രത്യേകകഴിവുള്ളവക്കു് ഈ ജോലി ഞാൻ ആകഷകമാക്കും. ഒരു നല്ലവാക്കു്, അതിലും ഉപരിയായി സന്മാതൃക വിജയം വരിക്കുമെന്നു് ആക്കാണു് അറിയാൻപാടില്ലാത്തതു്? താമസിയാതെ യുവജനങ്ങളുടെ ഇടയിലുള്ള പ്രേഷിതവേലയ്ക്കു് ഒരു സഹോദരസമൂഹത്തെ ലഭിക്കുമെന്നാണു് എൻെറ പ്രത്യാശ. ഈദൃശജോലികളും ആദശങ്ങളും സ്വീകരിക്കുവാൻ തിരുഹൃദയവൈദികരെ ഞാൻ പ്രേരിപ്പിക്കും. ആ ഉദ്ദേശ്യത്തോടെയാണു് ആ സംഘം സ്ഥാപിച്ചിട്ടുള്ളതു്. ബെർഗാമോരൂപതമുഴുവനും പ്രേഷിതചൈതന്യവും വൈദികശിക്ഷണബോധവും വ്യാപിക്കണമെന്നുള്ള ഉദ്ദേശ്യത്തോടെ പ്രസ്തുത സംഘം സ്ഥാപിച്ചിട്ടുള്ളതുകൊണ്ടു് അതിൻെറ അംഗസംഖ്യ വദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

www.malankaralibrary.com

# 1921–1924

## റോമായിൽ വേദപ്രചാര സംഘത്തിൽ

# 1924

## റോമയിൽ കാർപെഞ്ഞാവില്ലായിൽ വച്ചു നടത്തിയ ധ്യാനം. 1924 ജാനുവരി 13-19

### I പൊതുചിന്തകൾ

[1921 ജനുവരി 18–ാം തീയതി പതിനഞ്ചാം ബെനദിക്തോസു മാപ്പാപ്പായുടെ അംഗീകാരത്തോട്ടുകൂടി കർദ്ദിനാൾ വാൻരോസം ഫാദർ റൊങ്കാലിയെ റോമായിലേക്കു വിളിച്ചു വേദപ്രചാര സംഘത്തിൽ നിയമിച്ചു.]

1 ജാനുവരി 18–ാംനു- വി. പത്രോസിൻെറ സിംഹാസനത്തിന്റെ തിരുനാളാണു്. ഞാൻ വേദപ്രചാരസംഘത്തിൽ ഇററാലിയൻ വിഭാഗത്തിൻെറ പ്രസിഡണ്ടായിട്ടു് ഇന്നേക്കു കൊല്ലം മൂന്നു തികഞ്ഞിരിക്കുന്നു. ഈശോകർത്താവേ, അങ്ങു് എല്ലാപ്പോഴും എൻെറ കൂടെയുണ്ടായിരുന്നു. അങ്ങു് എന്നോടു സ്നേഹത്തോടും കാരുണ്യത്തോടുംകൂടെ പ്രവർത്തിച്ചിരുന്നു. "കർത്താവേ, അങ്ങയുടെ സാക്ഷ്യങ്ങൾ തികച്ചുംവിശ്വാസ്യമാണു്." (സങ്കീ:92, 5.) എനിക്കു വളരെ ഇഷ്ടപ്പെട്ടിരുന്ന സെമ്മിനാരിയും എൻെറ ഹൃദയത്തിൻെറ വാത്സല്യവിഷയമായ വിദ്യാർത്ഥിസദനവും ഞാൻവളരെ സങ്കടത്തോടെയാണു ഞാൻ ബെർഗാമോയിൽ വിട്ടുംവച്ചുപോന്നതു്. ആ സെമ്മിനാരിയിലെ ആത്മനിയന്താവായി മെത്രാനച്ചൻ എന്നെ നിയമിച്ചിരിക്കുകയായിരുന്നല്ലോ. പുതിയ ജോലിയിൽ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടുംകൂടെ പ്രവേശിച്ചിരിക്കുകയാണു്. വേറൊന്നിനെപ്പററി ചിന്തിക്കാതെയും വീക്ഷിക്കാതെയും ഇവിടെ ഞാൻ താമസിക്കണം, താമസിക്കുകയും ചെയ്യും. കർത്താവു് എനിക്കു് ഇവിടെ അവർണ്ണനീയമായ ആനന്ദം അരുളിക്കൊണ്ടിരിക്കുന്നുമുണ്ടു്.

www.malankaralibrary.com

6 എൻെറ ശരീരവും ആത്മാവും എന്നെ മുഴവനം പുരോഹിതനൈമ്മല്യമുള്ള അന്തരീക്ഷത്തിൽ കത്താവു സംരക്ഷിക്കുന്നതിനും ഞാൻ എവിടേയും ക്രിസ്തുവിൻെറ സൗരഭ്യമായിത്തീരുന്നതിനും വേണ്ടി എൻെറ ഇഷ്ടങ്ങളെ നിഗ്രഹിക്കുന്നതിൽ ഞാൻ ശ്രദ്ധാലുവായിരിക്കും. ദൈവം എന്നെ സഹായിക്കുന്നില്ലെങ്കിൽ, എനിക്കു് ഒന്നും ചെയ്യുവാൻ കഴിയുകയില്ല.

7 എൻെറ ഉദ്യോഗത്തിൻെറ സ്വഭാവം പരിഗണിച്ചു തിരുസ്സഭ എനിക്കു് ഒരു മോൺസിഞ്ഞോറിൻെറ സ്ഥാനവും ബഹുമാനങ്ങളും അനുവദിച്ചുതന്നിരിക്കുന്നു. ഇതിനു് എനിക്കൊരർഹതയുമില്ല. തിരുസ്സഭയുടെ ഈ ഔദാര്യത്തെ സമാദരിക്കാൻ ഞാൻ അങ്ങേയററം ആദ്ധ്യാത്മിക എളിമ പരിശീലിക്കും. എല്ലാവരിലും വച്ചു് അയോഗ്യനും എത്രയും താഴ്ന്നവനുമായി ഞാൻ എന്നെ കരുതും. ദരിദ്രരോടും എളിയവരോടും ഞാൻ സ്നേഹത്തോടെ വത്തിക്കും,

8 ഞാൻ എൻെറ നാവിനെ ശരിയായി സൂക്ഷിക്കും. പരസ്നേഹത്തിനെതിരായ എല്ലാ വാക്കുകളും, അതെ എല്ലാ വാക്കുകളും, ഞാൻ വജ്ജിക്കും. ഈ വിഷയത്തിൽ പുരോഗമനത്തിനു സാധ്യതയുള്ളതുകൊണ്ടു ഞാൻ എൻെറ ആത്മശോധനയിൽ ഇക്കാര്യം ശ്രദ്ധാപൂവ്വം പരിശോധിക്കും.

9 എൻെറ സതീത്ഥ്യരോടും പ്രത്യേകിച്ചു് എൻെറ തലവന്മാരോടും സംസാരിക്കുമ്പോൾ ഞാൻ വളരെ ശ്രദ്ധിക്കും. അതേശ്രദ്ധ ആദ്ധ്യാത്മികാഭ്യാസങ്ങളിലും ഞാൻ പ്രകാശിപ്പിക്കും. എൻെറ ആദ്ധ്യാത്മികാനന്ദത്തിനും എൻെറ സതീത്ഥ്യക്കു സന്മാതൃക നല്കാനും വേണ്ടി ആദ്ധ്യാത്മികാഭ്യാസങ്ങൾ ശ്രദ്ധയോടും ഭക്തിയോടും യോഗ്യതാപൂവ്വം ഞാൻ നിവ്വഹിക്കും. "എന്നോടുള്ള സ്നേഹത്താൽ എരിയുന്ന ഈശോയുടെ തിരുഹൃദയമേ, അങ്ങയോടുള്ള സ്നേഹത്താൽ എൻെറ ഹൃദയത്തെ എരിയിക്കണമേ. ദൈവവരപ്രസാദത്തിൻെറ മാതാവായ മറിയമേ, എനിക്കുവേണ്ടി പ്രാത്ഥിക്കണമേ. വി. യൗസേപ്പേ, എനിക്കുവേണ്ടി പ്രാത്ഥിക്കണമേ. വി. ഫ്രാൻസിസു സേവിയറേ, എനിക്കുവേണ്ടി പ്രാത്ഥിക്കണമേ. വി. പൗലോസേ, സകല വിശുദ്ധരേ, എനിക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കണമേ.

## II പ്രത്യേക ചിന്തകൾ

സെൻറു ഫ്രാൻസിസു സേവിയറിൻെറ കരം സീയെന്നായിൽ കൊണ്ടുപോയി വണങ്ങിയ ഘട്ടത്തിൽ ഞാൻ പരിചയപ്പെട്ട ഫാദർ ഫോളിയും വേറൊരുഫാദർ സാന്തോപവോളയുമായിരുന്നു ധ്യാനത്തിൽ വൈദികസഹായികൾ. ധ്യാനം കഴിക്കുവാൻ അഞ്ചു വൈദികരേ

www.malankaralibrary.com

ഉണ്ടായിരുന്നില്ല. തന്മൂലം ആരും ധ്യാന വിഷയങ്ങൾ നിർദ്ദേശിക്കാനു ണ്ടായിരുന്നില്ല. ഓരോരുത്തരും തന്നെത്താൻ വിഷയങ്ങൾ കണ്ടുപിടിക്കേണ്ടതായി വന്നു.

വി. ഇഗ്നേഷ്യസിൻെറ ആദ്ധ്യാത്മികാഭ്യാസങ്ങൾക്കു ഫാദർ ബുച്ചെറോണി എഴുതിയുണ്ടാക്കിയിരുന്ന വ്യാഖ്യാനം എൻെറ മേശപ്പുറത്തുണ്ടായിരുന്നു. എന്നാൽ വി. ഇഗ്നേഷ്യസ്സിൻെറ മൂലഗ്രന്ഥം വായിച്ചു വിനയപൂർവ്വം തീക്ഷ്ണതയോടെ ധ്യാനിക്കുന്നതായിരുന്നു എനിക്കിഷ്ടം.

അയോഗ്യനെങ്കിലും "എന്നെത്തന്നെജയിച്ച്" എൻെറ ജീവിതം ക്രമപ്പെടുത്തുകയാണ്" ഇവിടെ എൻെറ ജോലി; അതായത് എന്നെ തടങ്കലിൽ വച്ചുകൊണ്ടിരിക്കുന്ന എൻെറ അലസതയെ ജയിച്ചു കൂടുതൽ ജോലിയും പ്രവർത്തനങ്ങളും കൊണ്ടുനടക്കുകയാണ് എൻെറ കർത്തവ്യം. എല്ലാവരും പറയുന്നുണ്ട് ഞാൻ വളരെ അദ്ധ്വാനിക്കുന്നുണ്ടെന്ന്; എന്നാൽ വിശ്വാസ പ്രചരണസംഘത്തിൻേറതായി എന്തെല്ലാം കാര്യങ്ങൾ എനിക്ക് ഔദ്യോഗികമായി നിർവ്വഹിക്കാമെന്നു ചിന്തിക്കുമ്പോൾ എനിക്കു മനസ്സിലാകുന്നതു ഞാൻ കുറച്ചേ അദ്ധ്വാനിക്കുന്നുള്ളുവെന്നാണ്.

ഒരു പുണ്യം സമ്പാദിക്കുവാൻ ചെയ്യുന്ന പരിശ്രമമാണു പുണ്യത്തേക്കാൾ കൂടുതലായി ഓരോരുത്തരിലും കാണുവാൻ വി. ഇഗ്നേഷ്യസ് ഇച്ഛിച്ചിരുന്നത്. സൃഷ്ടവസ്തുക്കളിൽ നിന്ന് അകന്നിരിക്കുവാൻ നാം പരിശീലിക്കണം. കുരിശുയുദ്ധങ്ങളെ സംബന്ധിക്കുന്ന മാർപ്പാപ്പായുടെ ലേഖനങ്ങളെപ്പററി സംസാരിക്കുന്നവരുടെ പാപങ്ങളെ ഉദാഹരണമാക്കി തലവന്മാരുടെ ഉപദേശങ്ങൾക്കും ആഹ്വാനങ്ങൾക്കുമെതിരായി പ്രവർത്തിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുന്നവരുടെ കുററത്തെപ്പററി ആദ്ധ്യാത്മികാഭ്യാസഗ്രന്ഥം പ്രതിപാദിക്കുന്നുണ്ട്.

ത്രിവിധ പാപങ്ങളെപ്പററിയുള്ള ധ്യാനത്തിൽനിന്നു നീ എന്തു പഠിക്കുന്നു?

ഞാൻ ക്രിസ്തുവിനുവേണ്ടി എന്തു ചെയ്തിട്ടുണ്ട്? വളരെകുറച്ചു മാത്രം, ഒന്നുമില്ല.

ഞാൻ ക്രിസ്തുവിനുവേണ്ടി എന്തു ചെയ്യുന്നു? ഏതാണ്ടൊക്കെ ചെയ്യുന്നുണ്ട്; എന്നാൽ ഒരലസനെപ്പോലെ.

ഞാൻ ക്രിസ്തുവിനുവേണ്ടി എന്തു ചെയ്യണം? കർത്താവേ, അങ്ങയുടെ പരിശുദ്ധമായ കൃപാവരം കൊണ്ട് എന്നെ സഹായിക്കുകയാണെങ്കിൽ ഞാൻ എല്ലാം ചെയ്യും.

www.malankaralibrary.com

യേശുക്രിസ്തുവിൻെറ രാജ്യത്തെപ്പററിയുള്ള ധ്യാനം എനിക്കു വളരെ ഉപകാരം ചെയ്തിട്ടുണ്ട്. എല്ലാ പ്രഭാതത്തിലും അതിലേക്കു പിന്തിരിഞ്ഞു വരാൻ ഞാനാഗ്രഹിക്കുന്നു. അതിൻെറ അവസാനത്തിലുള്ള "സൃഷ്ടികളുടെ നിത്യനാഥാ" എന്ന സുന്ദരവും തീക്ഷ്ണവുമായ പ്രാർത്ഥന ഞാൻ ചൊല്ലും.

ഞാൻ ഫാദർ ഫോളിയുടെ അടുക്കൽ കുമ്പസാരിച്ചു; ഇപ്പോൾ എൻെറ ആത്മാവിനു സമാധാനമുണ്ട്.

സ്വാർത്ഥപ്രതിപത്തി, സ്വന്തമനസ്സ്, സ്വാർത്ഥതാൽപര്യങ്ങൾ എന്നിവയിൽനിന്ന് ഒരുത്തൻ എത്രമാത്രം അകലുന്നുവോ അത്രമാത്രം അവൻ ആദ്ധ്യാത്മിക പരിപൂർണ്ണത നേടുമെന്നു ധ്യാനിക്കുക.

ആകയാൽ എന്റെ കർത്തവ്യം സ്പഷ്ടം: എന്നെയല്ല ദൈവത്തെ സ്നേഹിക്കുക; എൻെറ ഇഷ്ടമല്ല ദൈവത്തിൻെറ ഇഷ്ടം നിറവേററുക; എൻെറ നന്മയ്ക്കല്ല അന്യരുടെ നന്മയ്ക്കുവേണ്ടി അദ്ധ്വാനിക്കുക. ഇതു് എല്ലായ്പോഴും എല്ലായിടത്തും മഹാ ആനന്ദത്തോടും കൂടെ......

ഞാൻ സ്തുതികൊണ്ടോ ശാപവാക്കുകൊണ്ടോ ചഞ്ചലപ്പെടാത്തവനാവനെപ്പോലെയാകണം. ആഞ്ചെലോ എന്നു പേരുള്ളവൻ ഒരു മാലാഖയെപ്പോലെയാകേണ്ടതല്ലേ? ലോകത്തെ നിരസിക്കുവാൻ ഇതെന്തൊരു ഉത്തേജനം!

"മരിച്ചവരിൽ നിന്നുയിർത്തെഴുന്നെള്ളിയ ക്രിസ്തു മനുഷ്യജീവിതത്തെ ഒരാഹ്ലാദോത്സവമാക്കിത്തീർത്തിരിക്കുന്നു." ഈ ദിവസങ്ങൾക്ക്, എത്രയും പ്രിയപ്പെട്ട ഈ വിശുദ്ധദിനങ്ങൾക്ക് എത്രയും ഉചിതമായിട്ടുണ്ട് വി. അത്തനേഷ്യസ്സിൻെറ ആദ്ധ്യാത്മിക വികാരസമ്പന്നമായ ഈ വാക്കുകൾ.

വേദപ്രചാരസംഘത്തിലേ ജോലി സ്വീകരിക്കുവാൻ റോമായിലേക്കു വന്നതിൻെറ തൃതീയ വാർഷികമാണിന്ന്. എൻെറ ചിന്തകൾ സാദരം വി. പത്രോസിൻെറ സിംഹാസനത്തിലേക്കു തിരിയുന്നു. അവിടെ നിന്നാണു പ്രേഷിതവേലയ്ക്കു് ഉശിരും ഉദ്ദേശ്യശുദ്ധിയുമുണ്ടാകുന്നതു്. ധ്യാനത്തിനും വിശ്രമത്തിനും ഉതകിയ ഈ സ്ഥലത്തുനിന്നു പ്രതാപമേറിയ ആ താഴികക്കുടം എനിക്കു കാണാം. സത്യത്തിൻെറ ആ സിംഹാസനത്തെ ഞാൻ അഭിവാദ്യം ചെയ്യുന്നു. എൻെറ ബോധവും ഹൃദയവും അവിടെ ബഹുമാനാദരങ്ങൾ അർപ്പിക്കുന്നു.

ഇന്നു് അത്ഭുതകരമായ സൂര്യപ്രകാശം! കുരുവികൾ ചൂടുവായുവിൽ പാറിപ്പറക്കുന്നു. അവരുടെ പാട്ടും വി. പത്രോസിൻെറ ബസിലിക്കയിലെ മണികളുടെ നാദവും ശ്രവിക്കുക ഒരാനന്ദമുണ്ട്.

www.malankaralibrary.com

# 1925

## മെത്രാഭിഷേകം
## വില്ലാ കാർപ്പെഞ്ഞാ, റോം
## 1925 മാർച്ച് 13 — 17
## മെത്രാഭിഷേകത്തിന് ഒരുക്കം.

1 ഞാൻ ഈ പുതിയ ഉദ്യോഗം അന്വേഷിച്ചതല്ല; കർത്താവ് എന്നെ തിരഞ്ഞെടുക്കുകയാണുണ്ടായത്. അതു നിരസിക്കുക ഒരു മഹാ പാപമാണെന്ന് അവിടുത്തെ തിരുമനസ്സു സ്പഷ്ടമാക്കിയിരിക്കുന്നു. അവിടുന്നാണ് എൻെറ കുറവുകളെ പരിഹരിക്കേണ്ടതു്; എന്റെ അപൂർണ്ണതകൾ നീക്കം ചെയ്യേണ്ടതു്. ഈ വിചാരം എന്നെ ആശ്വസിപ്പിക്കുന്നു; എനിക്കു സമാധാനവും പ്രത്യാശയും നല്കുന്നു.

2 ഞാൻ ഒരു മെത്രാനാകേണ്ടിയിരിക്കുന്നു; ഒരുങ്ങാൻ ഇനി സമയമില്ല. പരിപൂർണ്ണത സമ്പാദിക്കേണ്ട ഒരന്തസ്സല്ല അതു്; പരിപൂർണ്ണത പ്രാപിച്ചിരിക്കേണ്ട അന്തസ്സാണ്. വി. തോമസ് അക്വീനാസ് പറയുന്നു: "മെത്രാന്മാർ പരിപൂർണ്ണരായിരിക്കുവാൻ കടപ്പെട്ടിരിക്കുന്നു; അവർ പരിപൂർണ്ണത പഠിപ്പിക്കുവാനുള്ള ഗുരുക്കന്മാരാണ്."

എന്നെ സംബന്ധിച്ചിടത്തോളം ഈ ചിന്ത ഭയങ്കരമാണ്. ഞാൻ നിസ്സഹായനും അശക്തനുമാണെന്ന് എനിക്ക് അറിയാം; എനിക്ക് തോന്നുന്നുമുണ്ട്. എളിമപ്പെടാൻ, അങ്ങേയററം എളിമപ്പെടാൻ ഇതാ വേറൊരു കാരണം,

3 ലോകം എന്നെ ആകർഷിക്കുന്നില്ല. ഞാൻ പൂർണ്ണമായി ദൈവത്തിനു സ്വന്തമായിരിക്കണം; അവിടുത്തെ പ്രകാശത്തിലമരണം; ദൈവത്തോടും മനുഷ്യരോടുമുള്ള സ്നേഹം എന്നിൽ വെട്ടിത്തിളങ്ങണം.

4 ക്രിസ്ത്വാനുകരണം മൂന്നാം പുസ്തകം ഒമ്പതാം അദ്ധ്യായത്തിൽ ഞാൻ പലപ്പോഴും വായിച്ചിട്ടുണ്ട്: "എല്ലാറ്റിൻേറയും അന്ത്യം ദൈവമാണെന്നു ഗ്രഹിച്ചുകൊള്ളണം." ഈ ദിവസങ്ങളിലേ ഏകാന്ത

www.malankaralibrary.com

ത്തിൽ ഈ പരമാർത്ഥം എന്നിൽ അഗാധമായി പതിഞ്ഞു. ഈ ചുരുങ്ങിയ വാക്കുകളിൽ സമസ്തവും അടങ്ങിയിരിക്കുന്നു.

5 എൻെറ പുതിയ അന്തസ്സിൽ പ്രാർത്ഥനാജീവിതം ഒരു പുതിയ രൂപം കൈക്കൊള്ളണം. "യോഗ്യതയോടും ഭക്തിയോടും ശ്രദ്ധയോടുംകൂടെ" എന്ന വാക്കുകൾക്കു് എന്നിൽ ഒരു പുതിയ അർത്ഥം പ്രകാശിതമാകണം; മററുള്ളവർക്കു ഞാൻ മാതൃകയുമാകണം.

6 ഒരു മെത്രാനെന്ന നിലയിൽ എൻെറ ഉദ്ദേശ്യങ്ങളും പരിപാടികളും മെത്രാഭിഷേകസമയത്തു ചെയ്യുന്ന വാഗ്ദാനങ്ങൾക്കു് അനുസ്യൂതമായിരിക്കും. "പൊന്തിഫിക്കാലേ" എന്ന ഗ്രന്ഥത്തിൽ സുന്ദരവും ഉത്തേജകവുമായ ആ വാഗ്ദാനങ്ങൾ കാണാവുന്നതാണു്.

a) വിശുദ്ധഗ്രന്ഥം പ്രതിപാദിക്കുന്ന അർത്ഥത്തിലുള്ള വിവേകമുണ്ടായിരിക്കുക ...... വാക്കാലും മാതൃകയാലും ജനങ്ങളെ വിശുദ്ധഗ്രന്ഥം പഠിപ്പിക്കുക.

b) ശ്ലൈഹികസിംഹാസനത്തിൻെറ കല്പനകളും പിതാക്കന്മാരുടെ പാരമ്പര്യവും ബഹുമാനപൂർവ്വം സ്വീകരിക്കുക, പഠിപ്പിക്കുക, സംരക്ഷിക്കുക.

c) എല്ലാക്കാര്യങ്ങളിലും വിശ്വസ്തതയും കീഴ്‌വഴക്കവും വി. പത്രോസ്സ്ലീഹായോടും റോമാമാർപ്പാപ്പായോടും അനുസരണവും പ്രകാശിപ്പിക്കുക.

d) എല്ലാ തിന്മകളിൽനിന്നും എൻെറ പ്രവൃത്തികളെ അകററി നിറുത്തുക. ദൈവസഹായത്തോടെ സമസ്തപ്രവൃത്തികളും നന്മയിലേക്കു തിരിച്ചുവിടുക.

e) വിരക്തിയും മിതത്വവും പാലിക്കുക, പഠിപ്പിക്കുക.

f) ലൗകികതാത്പര്യങ്ങളിൽനിന്നും നീചമായ ലാഭത്തോടുള്ള മമതയിൽനിന്നും വേർപെട്ടു ദൈവകാര്യങ്ങളിൽ വ്യാപൃതനാകുക.

g) എളിമയും ക്ഷമയും അഭ്യസിക്കുക; അവ അഭ്യസിക്കുവാൻ അന്യരെ പഠിപ്പിക്കുക.

h) ദൈവനാമത്തിൽ ആർദ്രമായ സ്നേഹത്തോടെ ദരിദ്രരോടും തീർത്ഥകരോടും പെരുമാറുക.

ഈ വാക്കുകളെ ഞാൻ പലപ്പോഴും എൻെറ പ്രത്യേകാത്മശോധനയുടെ വിഷയമാക്കും.

www.malankaralibrary.com

7 മെത്രാന്മാരുടെ സ്ഥാനവസ്ത്രം ആത്മാക്കളുടെ മഹത്വത്തെ അനുസ്മരിപ്പിക്കുന്നതിനു് എനിക്കുതകും. ആത്മാക്കളാണ മെത്രാന്മാരുടെ യഥാർത്ഥ മഹത്വം. അവ എന്നിൽ മായാസ്തുതി ജനിപ്പിക്കുന്നതിനു് ഇടവരുത്തരുതേ, ദൈവമേ.

8 എൻെറ സ്തുതികൾ "പൊന്തിഫിക്കാലേ" എന്ന ഗ്രന്ഥത്തിലേ വാക്കുകൾകൊണ്ടുമാത്രം വർണ്ണിക്കപ്പെടാനിടയാകട്ടെ; അതായതു വിശ്വാസത്തിൽ ദൃഢതയുള്ളവൻ, നിർമ്മലമായ സ്നേഹമുള്ളവൻ, സമാധാനത്തെ ആത്മാർത്ഥമായി സ്നേഹിക്കുന്നവൻ. സമാധാനവും ദൈവത്തിൻെറ സുവിശേഷവും പ്രചരിപ്പിക്കുന്നതിൽ എൻെറ പാദങ്ങൾ ദ്രുതമായി ചലിക്കട്ടെ.

വാക്കാലും പ്രവൃത്തിയാലും മനുഷ്യരെ ദൈവത്തോടു രമ്യപ്പെടുത്തുകയായിരിക്കണം എൻെറ ജോലി. എൻെറ പ്രസംഗം മാനുഷികവിജ്ഞാനത്തിൻെറ വശ്യവചസ്സുകൾകൊണ്ടായിരിക്കുകയില്ല. പ്രത്യുത പരിശുദ്ധാത്മാവോടും ശക്തിയോടുംകൂടെ ആയിരിക്കും. തിരുസ്സഭ എനിക്കു നല്കിയിരിക്കുന്ന അധികാരം എൻെറ മഹത്വത്തിനുവേണ്ടി ഉപയോഗിക്കുകയില്ല; തകർക്കാൻ ഉപയോഗിക്കയില്ല; നിർമ്മിക്കാൻ മാത്രം.

ഒരു മെത്രാൻെറ സെക്രട്ടറിയെപ്പറ്റി പുണ്യശ്ലോകനായ പത്താം പീയൂസു പറഞ്ഞ വാക്കുകൾ തന്നെയാണു് ഒരു മെത്രാനെന്ന നിലയിൽ ഞാനാഗ്രഹിക്കുന്ന പ്രശംസയും: അതായതു്, വിശ്വസ്തനും വിവേകിയുമായ ഒരു ഭൃത്യൻ! മെത്രാന്മാർ തിരുകർമ്മങ്ങൾക്കുപയോഗിക്കുന്ന "പൊന്തിഫിക്കാലേ" എന്ന ഗ്രന്ഥത്തിലേ പ്രാർത്ഥന എൻേറതാകട്ടെ. "ശരിയായി ചെയ്യുന്ന കാര്യത്തിൽ മെത്രാൻ അക്ഷീണിതനായിരിക്കട്ടെ. (ഇതാണെനിക്കാവശ്യം) അദ്ദേഹം തീക്ഷ്ണമതിയായിരിക്കട്ടെ, അഹങ്കാരത്തെ വെറുക്കട്ടെ; സത്യത്തേയും എളിമയേയും സ്നേഹിക്കട്ടെ, മുഖസ്തുതികൊണ്ടോ ഭയത്താലോ അവയെ കൈവെടിയാനിടയാകാതിരിക്കട്ടെ. പ്രകാശത്തെ അന്ധകാരമായും അന്ധകാരത്തെ പ്രകാശമായും അദ്ദേഹം കരുതരുതു്; നന്മയെ തിന്മയെന്നും തിന്മയെ നന്മയെന്നും അദ്ദേഹം വിളിക്കരുതു്. എല്ലാവരിൽനിന്നും ലാഭം നേടുവാൻ അദ്ദേഹം വിജ്ഞരിൽനിന്നും വിഡ്ഢികളിൽനിന്നും പഠിക്കട്ടെ."

9 ഒരു അപ്പസ്തോലിക സന്ദർശകനെന്ന നിലയിൽ ബുൾഗേരിയായിലേക്കു സമാധാനദൗത്യം വഹിച്ചുകൊണ്ടു പോകാനാണ തിരുസ്സഭ എന്നെ മെത്രാനാക്കുന്നതു്. അവിടെ എനിക്കു പല വിഷമതകൾ ഉണ്ടായെന്നുവരാം. എന്നാൽ കർത്താവിൻെറ സഹായത്തോടുകൂടെ

www.malankaralibrary.com

ഞാൻ എല്ലാത്തിനും തയ്യാറാണ്. ഈ ലോകത്തിന്റെ ആർഭാടം ഞാൻ ആഗ്രഹിക്കുന്നില്ല; അന്വേഷിക്കുന്നില്ല. സ്വർഗ്ഗത്തിൽ കൂടുതൽ മഹത്വം ഞാൻ പ്രതീക്ഷിക്കുകയാണ്.

10 മാമ്മോദീസായിൽ എനിക്കു തന്ന ഒരു പേരാണു യൗസേപ്പ്; ഇന്നുമുതൽ എന്നേക്കുമായി ആ പേരു ഞാൻ സ്വീകരിക്കുന്നു. ഈശോയും മറിയവും കഴിഞ്ഞാൽ ഈ മഹാപിതാവ് എന്റെ സംരക്ഷകനും മാതൃകയുമായിരിക്കും. വി. ഫ്രാൻസീസു സേവ്യർ, വി. ചാൾസ്, വി. ഫ്രാൻസിസ് ദെ സാലെസ്, റോമായുടേയും ബെർഗാമോയുടേയും മദ്ധ്യസ്ഥന്മാർ, വി. ഗ്രിഗരി ബെർബാരിഗോ എന്നിവരായിരിക്കും എന്റെ പ്രത്യേക സംരക്ഷകർ.

11 എന്റെ കുലമുദ്രയിൽ അനുസരണവും സമാധാനവും എന്ന വാക്കുകൾ ഞാൻ ചേർക്കും. വി. പത്രോസിന്റെ ബസിലിക്കയിൽ ശ്ലീഹായുടെ പാദങ്ങൾ ചുംബിക്കുമ്പോഴെല്ലാം സീസർ ബരോണിയസ്സു പറഞ്ഞുവന്നിരുന്ന വാക്കുകളാണിവ. ഈ വാക്കുകൾ ഒരു വിധത്തിൽ എന്റെ ചരിത്രവും ജീവിതവുമാണ്. ശതാബ്ദങ്ങൾതോറും എന്റെ വിനീതനാമത്തിന്റെ മഹത്വീകരണം ഈ വാക്കുകളാകട്ടെ.

www.malankaralibrary.com

# 1925 – 1934

## ബുൾഗേറിയായിൽ പേപ്പൽ പ്രതിനിധി·

## 1926

## റോമയിൽ വി. പൗലോസിൻെറ ആശ്രമത്തിൽ വച്ചു ധ്യാനം 1926 നവംബർ 27 മുതൽ ഡിസംബർ 2 വരെ

(ധ്യാനഗുരു: ഡോം ഇൽഡഫോൺസ് ഷൂസ്റ്റർ
പിന്നീട്ടമിലാനിലെ മെത്രാപ്പോലീത്താ)

1 മെത്രാനായിട്ട് 20 മാസമായി. ഞാൻ മുൻകൂട്ടി കണ്ടിരുന്നതുപോലെ എൻെറ ജോലി പല പരീക്ഷണങ്ങൾക്കും കാരണമായിത്തീർന്നിരിക്കുന്നു. ഈ വിഷമങ്ങളെല്ലാം ബുൾഗേറിയൻ ജനതയിൽനിന്നല്ല; പ്രത്യുത സഭാഭരണത്തിലേ കേന്ദ്രസംഘങ്ങളിൽ നിന്നാണ്. തീരെ അപ്രതീക്ഷിതമായ ഒരു ആശാനിഗ്രഹവും കഷ്ടപ്പാട്ടമായിരുന്നു ഇതു്. തന്നിമിത്തം ഇതെന്നെ അത്യധികം വേദനിപ്പിച്ചു. "കർത്താവേ, എല്ലാം അങ്ങേക്കു് അറിയാമല്ലോ" (യോഹ. 21,17)

2 ഇതുവരെ പ്രദർശിപ്പിച്ചിട്ടുള്ളതിനേക്കാൾ കൂടുതൽ ക്ഷമയോടും ശാന്തതയോടും ആന്തരിക സമാധാനത്തോടുംകൂടെ ഈ കുരിശു ഞാൻ വഹിക്കും; അങ്ങനെ ശീലിക്കും. ഇതിനെപ്പററി ആരോടെങ്കിലും സംസാരിക്കുകയാണെങ്കിൽ പ്രത്യേക ശ്രദ്ധയോടെ ഞാൻ സംസാരിക്കും. ഈ വിഷയത്തെപ്പററി സംസാരിക്കുമ്പോഴൊക്കെ ഞാൻ ക്ഷമയ്ക്കുള്ള യോഗ്യത നഷ്ടപ്പെടുത്തുകയാണ്. "കർത്താവേ, എൻെറ അധരങ്ങളുടെ കവാടങ്ങളിൽ അങ്ങു കാവൽ നിറുത്തണമേ." (സങ്കീ. 140, 3). വി. ഫ്രാൻസീസ് സെയിൽസിൻെറ പ്രബോധനാനുസാരം എൻെറ മൗനം ശാന്തവും കയ്പു കലരാത്തതുമാകണം; അതു് എൻെറ ആത്മശോധനയുടെ വിഷയമാകുകയും വേണം.

www.malankaralibrary.com

3 പ്രവൎത്തനങ്ങൾക്കു നല്കുന്ന സമയത്തോട്ട് ആനുപാതികമായിരിക്കണം ദൈവത്തിന്റെ ജോലിക്ക് അഥവാ പ്രാൎത്ഥനയ്ക്കു നല്കുന്ന സമയം. എന്റെ ജീവിതത്തിനു ശരിയായ രൂപം നല്കണമെങ്കിൽ അത്യുന്നതവും കൂടുതൽ തീക്ഷ്ണവുമായ പ്രാൎത്ഥന ആവശ്യമാണ്. ആകയാൽ ഞാൻ ധ്യാനത്തിനു കൂടുതൽ സമയം നല്കണം. ചിലപ്പോഴൊക്കെ വായിച്ചും ചിലപ്പോൾ പ്രാൎത്ഥനകൾ ഉച്ചത്തിൽ ചൊല്ലിയും അല്ലെങ്കിൽ മൗനം അവലംബിച്ചും ഞാൻ കൎത്താവിന്റെകൂടെ കൂടുതൽ സമയം കഴിക്കേണ്ടിയിരിക്കുന്നു. സോഫിയായിലേ എന്റെ ഭവനത്തിൽ വി. കുർബാന സൂക്ഷിക്കുവാനുള്ള അനുവാദം പരിശുദ്ധപിതാവു തരുമെന്നാണ് എന്റെ പ്രതീക്ഷ. ഈശോയുടെ കൂട്ടായിരിക്കും എന്റെ പ്രകാശവും എന്റെ ആശ്വാസവും എന്റെ ആനന്ദവും.

4 എന്റെ സംഭാഷണങ്ങളിൽ കൂടുതൽ പരസ്നേഹം പ്രകാശിപ്പിക്കുവാൻ ഞാൻ സൂക്ഷിക്കണം. വിശ്വസ്തരും ബഹുമാന്യരുമായവരോട് സംസാരിക്കുമ്പോൾപോലും മററുള്ളവരുടെ സൽപ്പേരിനെ സംബന്ധിക്കുന്ന കാൎയ്യങ്ങൾ സംസാരിക്കുന്നതു സൂക്ഷിച്ചുവേണം. അധികാരവും ഔന്നത്യവുമുള്ളവരെപ്പററി സംസാരിക്കുമ്പോൾ കൂടുതൽ സൂക്ഷിക്കേണ്ടിയിരിക്കുന്നു; എന്റെ ജോലിയിലേ എത്രയും മൃദുലമായ വശമാണതു്. തനിച്ച് ഏകാന്തമായി കഴിയുകയും വല്ലവരോടും സംഗതികൾ വിവരിച്ചു പറഞ്ഞു് ഉപദേശം ആരായേണ്ടതായും വരുമ്പോൾ ദൈവസ്നേഹത്തെപ്രതിയുള്ള സഹനം മൗനത്തേയും ഏകാന്തത്തേയും ഫലസംദായകമാക്കും.

5 മെത്രാനായതിനുശേഷം കഴിച്ചുകൂട്ടിയ ഈ മാസങ്ങളിലേ ചുരുക്കമായ അനുഭവം ഒരു കാൎയ്യം എന്നെ ബോധ്യപ്പെടുത്തിയിരിക്കുന്നു. എന്റെ കുരിശു ചുമക്കുന്നതിനേക്കാൾ വലിയ കാൎയ്യമല്ല. എന്റെ തോളിലും ഹൃദയത്തിലും ഈശോ കുരിശു വച്ചുതരുമ്പോൾ ഞാൻ തന്നെയാണു കുരിശു വഹിക്കുന്നതെന്നു ചിന്തിക്കുകയും മററൊന്നും ചിന്തിക്കാതെ അവിടുന്ന് അയച്ചുതരുന്ന കുരിശിനെ സ്നേഹിക്കുകയും ചെയ്യണം. ദൈവത്തിന്റെ സ്തുതിക്കും തിരുസ്സഭയുടെ സേവനത്തിനും ആത്മാക്കളുടെ സുസ്ഥിതിക്കും ഉതകാത്തവ എന്നെ സംബന്ധിക്കുന്നവയല്ല; എനിക്ക് അവ തീരെ അപ്രധാനവുമാണ്.

[1925 ഏപ്രിൽ 25-ാംനു ബിഷപ്പുറൊങ്കാലി സോഫിയായിലേ സേവനമാരംഭിച്ചു. വിശുദ്ധ വത്സരത്തിന്റെ ചിന്തയും മിഷൻ പ്രസ്ഥാനങ്ങൾക്കു 11-ാം പീയൂസു നല്കിയ ഉത്തേജനവും ബിഷപ്പുറൊങ്കാലിയെ കൎമ്മോത്സുകനാക്കി. തന്മൂലം അദ്ദേഹത്തിനു വിഷമങ്ങളും നേരിട്ടു.]

www.malankaralibrary.com

# 1927

## സ്ളൊവേനിയായിൽ ഈശോ സഭാ വൈദികരുടെ മന്ദിരത്തിൽ വച്ചു നടത്തിയ ധ്യാനം

## 1927 നവബർ 9 — 13

1 ഞാൻ കൂടുതൽ കൂടുതൽ പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു; തീക്ഷ്ണമായി പ്രാർത്ഥിക്കുന്ന ഒരു മനുഷ്യനാകേണ്ടിയിരിക്കുന്നു. ഈ സംഗതിയിൽ ഇക്കൊല്ലം തെല്ലും പുരോഗമനമുണ്ടായിട്ടുണ്ട്. ഈ തീക്ഷ്ണത നിലനില്ക്കണം. വിശുദ്ധ കുർബാന കാനോനനമസ്കാരം, വിശുദ്ധ ഗ്രന്ഥപാരായണം, ധ്യാനം, ആത്മശോധന, ജപമാല, വി. കുർബാനയുടെ സന്ദർശനം എന്നീ ഭക്താഭ്യാസങ്ങൾക്കു കൂടുതൽ ശ്രദ്ധയും പ്രാധാന്യവും ഞാൻ കല്പിക്കണം. എൻെറ ഭവനത്തിൽ വിശുദ്ധ കൂദാശയിൽ ഈശോ വസിക്കുന്നുണ്ട്; അവിടുന്നാണ് എൻെറ ആനന്ദം. എൻെറ ജീവിതത്തിലും എൻെറ ഭവനത്തിലും അവിടുത്തെ ദിവ്യഹൃദയത്തിനു് ആഹ്ലാദം നല്കുന്ന എന്തെങ്കിലും അവിടുന്നു കണ്ടെത്തട്ടെ.

2 എൻെറ കാര്യങ്ങളിലൊക്കെ കുറെക്കൂടി പ്രശാന്തത, അതെ, കുറെക്കൂടി പ്രശാന്തതയും മാധുര്യവും സമാധാനവും ആവശ്യമാണ്. എന്നെ ഏല്പിച്ചിരിക്കുന്ന മിഷൻ പ്രദേശങ്ങളിൽ ആത്മാക്കളുടെ നന്മയ്ക്കു് ആവശ്യമെന്നു ഞാൻ കരുതുന്ന നന്മയെല്ലാം ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ, ഞാൻ ഇതിനെപ്പററി ആകുലപ്പെടുകയോ ഉൽകണ്ഠ പ്രദർശിപ്പിക്കുകയോ ചെയ്യേണ്ടതില്ല. സ്നേഹത്തിൻെറ പ്രചോദനാനുസാരം എൻെറ ചുമതല നിർവ്വഹിച്ചാൽ ധാരാളം മതിയാകും. തൻെറ രാജ്യത്തിൻെറ വിജയത്തിനുവേണ്ടി സമസ്തവും എങ്ങനെ ഉപയോഗിക്കണമെന്നു കർത്താവിനു് അറിയാം. എനിക്കു കൂടുതൽ ചെയ്യാൻ കഴിയാത്തതും ബാഹ്യദൃഷ്ട്യാ പ്രവർത്തനരഹിതനായിരിക്കുവാൻ ഞാൻ പണിപ്പെടേണ്ടിവരുന്നതും കർത്താവിനറിയാം. അധ്വാനവും മാതൃകയും വഴി ഈ പ്രശാന്തതയും സമാധാനവും ഞാൻ അന്യർക്കു നല്കേണ്ടിയിരിക്കുന്നു.

www.malankaralibrary.com

3 എന്റെ നാവിനെ നിയന്ത്രിക്കുവാൻ ഞാൻ കൂടുതൽ സൂക്ഷിക്കും. എന്റെ അന്തേവാസികളോടുതന്നെ എന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിൽ ഞാൻ വളരെ സൂക്ഷം ചെലുത്തും. ഇതു് ഒരിക്കൽ കൂടി എന്റെ പ്രത്യേകാത്മശോധനയുടെ വിഷയമാക്കണം. പ്രശംസകളോ എത്രയും മൃദുലമായ പദങ്ങളുപയോഗിച്ചുള്ള അഭിപ്രായാന്തരപ്രസ്താവനകളോ സ്നേഹത്തിനും പുണ്യജീവിതത്തിനും പ്രേഷിതപ്രവർത്തനങ്ങൾക്കുമുള്ള ആഹ്വാനങ്ങളോ അല്ലാതെ മററുയാതൊന്നും എന്റെ അധരങ്ങളിൽനിന്നു പുറത്തു വരരുതു്.

ഞാൻ ഒരമിതഭാഷിയാണു്. വേണ്ടതുപോലെ സംസാരിക്കുവാൻ കഴിയുന്ന നാവു് ദൈവത്തിന്റെ അനുഗ്രഹമാണു്; എന്നാൽ അതു് അന്യക്ക മുഷിച്ചിൽ വരുത്താതെ സ്വാഗതാർഹമാകുന്നതിനു ശ്രദ്ധയോടും ബഹുമാനത്തോടും നിയന്ത്രണത്തോടുംകൂടെ പ്രയോഗിക്കേണ്ടിയിരിക്കുന്നു.

4 ഉന്നതരും അധമരുമായ കത്തോലിക്കരോടും ഓർത്തഡോക്സുകാരോടുമുള്ള എന്റെ എല്ലാ സമ്പർക്കങ്ങളിലും പ്രിയംകരമായ അന്തസ്സും സ്നേഹമസൃണമായ കാരുണ്യവും പാലിക്കണം. ഇവരുടെ മുമ്പാകെ എത്ര അയോഗ്യമായിട്ടാണെങ്കിലും പരിശുദ്ധ പിതാവിനെയാണു ഞാൻ പ്രതിനിധാനം ചെയ്യുന്നതു്. എന്നിൽ അദ്ദേഹം സ്നേഹിക്കപ്പെടുകയും പ്രശംസിക്കപ്പെടുകയും ചെയ്യണം. ഇതാണു കർത്താവു് ആഗ്രഹിക്കുന്നതു്. എന്തൊരു ചുമതല! എന്തൊരു ഭാരം!

5 ബൾഗേറിയായിലെ എന്റെ സേവനം പ്രയോജനകരമാകാൻ ഫ്രഞ്ചു, ബൾഗേറിയൻ ഭാഷകൾ ശരിയായി അഭ്യസിക്കുന്നതിനു ഞാൻ യത്നിക്കും.

5 ഞാൻ വൃദ്ധനായിക്കൊണ്ടിരിക്കയാണെന്നുള്ളതിനു ചില ലക്ഷണങ്ങൾ ഇക്കൊല്ലം കാണുകയുണ്ടായി, എന്റെ ശരീരം ക്ഷീണിച്ചിരിക്കുന്നപോലെ എനിക്കു തോന്നി. മരണത്തെപ്പററി ചിന്തിക്കുവാൻ ഇതു സഹായിക്കും; ജീവിതം ആനന്ദകരവും പ്രവർത്തനപരവും അദ്ധ്വാനാത്മകവുമാക്കുവാൻ അതു് ഉത്തേജനം നല്കും.

7 ഈശോയും മറിയവും യൗസേപ്പും എനിക്കേല്പിക്കപ്പെട്ടിട്ടിരിക്കുന്ന ആത്മാക്കളും തിരുസ്സഭയും മാർപ്പാപ്പായും സദാ എന്റെ ഹൃദയത്തിലുണ്ടായിരിക്കട്ടെ. പ്രേഷിതാദ്ധ്വാനത്തിന്റെ ആവശ്യകതയനുസരിച്ചു സ്വാർത്ഥപരിത്യാഗത്തിൽ പ്രശാന്തതയും സമാധാനവും ആനന്ദവും പ്രകടമാകട്ടെ. അന്യരോടുള്ള സമ്പർക്കത്തിൽ അന്തസ്സും എളിമയും ശാന്തതയും ക്ഷമയും, അതേ, സദാ ക്ഷമയും ഉണ്ടാകട്ടെ ...എന്നും എന്നേക്കും ആമേൻ.

www.malankaralibrary.com

# 1928

## ബോസ്പറസ്സിൽ ബാബെക്ക് എന്ന സ്ഥലത്തു ലാസറിസ്ററു വൈദികമന്ദിരത്തിൽ വച്ചുനടത്തിയ ധ്യാനം.

## 1928 ഡിസംബർ 20 — 24

### കുറിപ്പുകൾ:

1 തോമാശ്ലീഹായുടെ തിരുനാളായ ഇന്നു ഫാദർ ലൂസിയാനോ പ്രോയിയോട്ട് എൻെറ 25 കൊല്ലത്തേ പൗരോഹിത്യ കാലത്തേ കുമ്പസാരം നടത്തി. ദൈവം എൻെറ ഹൃദയത്തിലക്കു ശാന്തിയുടെ ഒരു നദിയെത്തന്നെ തിരിച്ചു വിട്ടു.

2 ഹാ 25 കൊല്ലം ഒരു പുരോഹിതൻ! എനിക്കു സിദ്ധിച്ചിട്ടുള്ള സാധാരണവും പ്രത്യേകവുമായ അനുഗ്രഹങ്ങളേയും ഗുരുതരമായ പാപങ്ങളിൽ നിന്ന് എനിക്കു ലഭിച്ചിട്ടുള്ള സംരക്ഷണയേയും നന്മ ചെയ്യുവാൻ ലഭിച്ച നിരവധി സന്ദർഭങ്ങളേയും ആരോഗ്യത്തേയും മനസ്സമാധാനത്തേയും ഞാനർഹിക്കുന്നതിനേക്കാൾ കൂടുതലായി കൈവന്ന പ്രശസ്തിയേയും അനുസരണയിൻ കീഴ ഞാൻ ഏറെറടുത്തിട്ടുള്ള സംരംഭങ്ങൾക്കുണ്ടായിട്ടുള്ള വിജയങ്ങളേയും കുറിച്ചു ഞാൻ ചിന്തിക്കുകയാണ്. കാലാന്തരത്തിൽ വൈദികബഹുമതികൾ വന്നുകൂടി. അവസാനം എൻെറ അർഹതകൾക്കെല്ലാം ഉപരിയെന്നല്ല, അവയോടു പൊരുത്തമില്ലാത്ത മെത്രാൻസ്ഥാനവും. ദൈവമേ, എന്തെല്ലാം അനുഗ്രഹങ്ങൾ! ഈ ചിന്ത സദാ ദൈവസ്നേഹത്തിലും എളിമയിലും ദൈവഭയത്തിലും എന്നെ നിലനിറുത്തിക്കൊണ്ടുപോരണം.

3 ഇരുപത്തഞ്ചു കൊല്ലത്തെ പൗരോഹിത്യത്തിനിടയ്ക്കു് എന്തു മാത്രം പരാജയങ്ങളും പോരായ്മകളും! എൻെറ ആദ്ധ്യാത്മികഘടന ദൈവാനുഗ്രഹത്താൽ ബലിഷ്ഠവും അരോഗദൃഢവുമാണ്; എന്നാൽ എത്ര ബലഹീനതകൾ! എന്തുമാത്രം അലസത! ഒന്നല്ലെങ്കിൽ മറെറാന്നിനുള്ള എൻെറ താൽപര്യമങ്ങനെ. പരിശ്രമവും അദ്ധ്വാനവും വേണ്ടിവരുന്നിടത്തു് ആന്തരികമായി എന്തൊരക്ഷമത! പരസ്യവും രഹസ്യവുമായ പ്രാത്ഥനകളിൽ അന്യവിചാരങ്ങൾ എത്രയേറേ? ഈ പ്രാ

www.malankaralibrary.com

ത്ഥനാപരിപാടികൾ കഴിഞ്ഞു കിട്ടാൻ ചിലപ്പോൾ എന്തൊരു ധൃതി! ഇന്നത്തേ ചുമതലകൾ നിർവ്വഹിക്കുവാൻ യാതൊരു വിധത്തിലും ബന്ധപ്പെടാത്ത ഗ്രന്ഥങ്ങൾ വായിച്ചു് എന്തുമാത്രം സമയമാണു ഞാൻ നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നതു്! ചില സ്ഥലങ്ങളോടും വസ്തുക്കളോടും സാഹചര്യങ്ങളോടും എനിക്കു് എന്തൊരു മമത! ഒരു തീത്ഥകനോ പ്രവാസിയോ എന്നപോലെ അവയുടെ ഇടയിൽക്കൂടെ ഞാൻ കടന്നു പോകേണ്ടതാണു്. ന്യായമായ ശ്രുപത്തിലും ഭക്തിയോടുംകൂടെത്തന്നെയാണെങ്കിലും സഹോദര സ്നേഹത്തിനു വിപരീതമായി വ്യാപരിച്ചിട്ടില്ല! എൻെറ ഭാവനയിലും ചിന്താസരണിയിലും പരിശുദ്ധവും അതിസ്വാഭാവികവും ദിവ്യവുമായവയുടെകൂടെ മാനുഷികവും ലൗകികവുമായ എന്തെല്ലാം കാര്യങ്ങളാണു കൂടിക്കുഴഞ്ഞു കിടക്കുന്നതു്? യേശുക്രിസ്തുവിൻെറ കുരിശിൻെറ ചൈതന്യത്തോടുകൂടെ ഈ ലോകത്തിൻെറ ചൈതന്യം കലന്നു കിടക്കുന്നു.

ആകയാൽ ക്ഷുദ്ര നീചനായ ഞാൻ തിരുസ്സഭയിലേ മെത്രാന്മാരിൽ ഏററവും താഴ്ന്നവനും അയോഗ്യനുമായി എന്നെ കാണേണ്ടിയിരിക്കുന്നു. ഏററവും എളിയ സ്ഥാനത്തിനാണെനിക്കു് അർഹത. കാരുണ്യത്താലും അനുകമ്പയാലും മാത്രം എൻെറ സഹോദരന്മാരുടെ ഇടയിൽ ഞാൻ ഉൾപ്പെട്ടു നില്ക്കുന്നു. വാക്കാൽ മാത്രമല്ല, ആന്തരികമായും ബാഹ്യമായ എളിമയാലും ഞാൻ യഥാത്ഥത്തിൽ എല്ലാവരുടെയും ഭൃത്യൻതന്നെ.

4 ഞാൻ യഥാത്ഥവിശുദ്ധി നേടേണ്ടതാണെന്നു് ഈ ജ്ഞാനധ്യാനത്തിൽ ഒന്നുകൂടി തീക്ഷ്ണമായി എനിക്കു് അനുഭവപ്പെട്ടിരിക്കുന്നു. മെത്രാനായിട്ടു് 25 കൊല്ലം ജീവിക്കുമെന്നു കത്താവു വാഗ്ദാനം ചെയ്തിട്ടില്ല; എന്നാൽ ഒരു വിശുദ്ധനാകാൻ ആഗ്രഹമുണ്ടെങ്കിൽ അതിനു വേണ്ട അനുഗ്രഹവും സമയവും തരുന്നതാണെന്നു് അവിടുന്നു് എന്നോടു പറയുന്നുണ്ടു്.

ഈശോ ഞാൻ അങ്ങേക്കു നന്ദി പറയുന്നു. ഇപ്പോൾത്തന്നെ ആരംഭിച്ചു വിജയം വരിക്കുവാൻ പരിശ്രമിക്കുമെന്നു് ആകാശത്തേയും ഭൂമിയേയും സാക്ഷിയായി വിളിച്ചു ഞാൻ വാഗ്ദാനം ചെയ്യുന്നു. എത്രയും ദയയുള്ളവളും എത്രയും പരിശുദ്ധയുമായ മറിയമേ, എനിക്കു് എത്രയും പ്രിയപ്പെട്ട സംരക്ഷകനായ വി. യൗസേപ്പേ, ഈശോയുടെ സിംഹാസനത്തിൻെറ മുമ്പാകെ ഞാൻ ഇന്നു ചെയ്യുന്ന വാഗ്ദാനങ്ങൾക്കു സാക്ഷികളായി ഞാൻ നിങ്ങളെ വിളിക്കുന്നു. ഞാൻ വിശ്വസ്തനായിരിക്കുന്നതിനു് എന്നെ സഹായിക്കുകയും അനുഗ്രഹിക്കുകയും ചെയ്യണമെന്നു ഞാൻ നിങ്ങളോടു് അഭ്യത്ഥിക്കുകയും ചെയ്യുന്നു.

5 ചെറിയ കാര്യങ്ങളിൽക്കൂടി കത്താവിൻെറ തിരുമനസ്സിനു പൂർണ്ണമായി വിധേയമായിരിക്കുന്നതിലാണു വിശുദ്ധിയുടെ പ്രാരംഭം

www.malankaralibrary.com

സ്ഥിതിചെയ്യുന്നതെന്നു മനസ്സിലാക്കാൻ ഇന്നെനിക്കു വിഷമമില്ല. അതുകൊണ്ടാണു് ഇക്കാര്യം ഞാൻ ഊന്നിപ്പറയുന്നതു്, പരിശുദ്ധ പിതാവിൻേറയും പരിശുദ്ധസിംഹാസനത്തിൻേറയും നിർദ്ദേശങ്ങളും കല്പനകളും അഭിലാഷങ്ങളും അനുവർത്തിക്കുന്നതിൽ കവിഞ്ഞൊന്നും ഞാൻ ആഗ്രഹിക്കുന്നില്ല; ആവശ്യപ്പെടുന്നുമില്ല.

എൻെറ സ്ഥിതിയിൽ എന്തെങ്കിലും ഭേദഗതി വരുത്താൻ, പ്രത്യക്ഷമായോ പരോക്ഷമായോ യാതൊന്നും ഞാൻ ചെയ്യുകയില്ല. ഞാൻ എൻെറ ഭാവിയെപ്പററി ചിന്തിക്കുന്നില്ല. മററുള്ളവർ എന്തെങ്കിലും പറയുകയും പ്രവർത്തിക്കുകയും എൻെറ മുമ്പിൽക്കൂടി കയറിപ്പോകുകയും ചെയ്തുകൊള്ളട്ടെ.

വി. ഇഗ്നേഷ്യസിൻെറ ആദ്ധ്യാത്മികാഭ്യാസങ്ങളിലെ രണ്ടു പ്രാർത്ഥനകളായിരിക്കും എൻെറ സാധാരണമായ അപേക്ഷകൾ: അതായതു് "കർത്താവേ, എൻെറ സ്വാതന്ത്ര്യം മുഴുവനും അങ്ങു് എടുത്തുകൊള്ളുക," രണ്ടാമത്തേതു്, "സർവ്വത്തിൻേറയും നിത്യസ്രഷ്ടാവേ, ഞാൻ കാഴ്ച സമർപ്പിക്കുന്നു." എൻെറ ഹൃദയം ഈ രണ്ടു പ്രാർത്ഥനകളിലും ഒതുങ്ങിനില്ക്കുകയാണു്. പ്രാപഞ്ചികസ്നേഹത്തിനു സ്ഥാനമുള്ള തിരുസഭാപ്രവർത്തനരംഗങ്ങളുടെ ആകർഷണത്തിനു് അടിപ്പെടാതെ കർത്താവു് എന്നെ സൂക്ഷിക്കുമാറാകട്ടെ.

6 പ്രാർത്ഥനാജീവിതവും ദൈവത്തോടുള്ള ഐക്യവും സംബന്ധിച്ചുള്ള എൻെറ പ്രതിജ്ഞകൾ ഞാൻ നവീകരിക്കുന്നു. വി. കുർബാന, കാനോനനമസ്കാരം മുതലായ തിരുക്കർമ്മങ്ങളേയും ജപമാല ധ്യാനിച്ചുചൊല്ലുന്നതിനേയും മററു ഭക്താഭ്യാസങ്ങളേയും സംബന്ധിച്ചു ഞാൻ അങ്ങേയററം ശ്രദ്ധിക്കും. പുരോഹിതവിശുദ്ധി സംരക്ഷിക്കാനുള്ള മാർഗ്ഗം ഭക്താഭ്യാസങ്ങൾ വിശ്വസ്തതയോടെ നിർവ്വഹിക്കുന്നതാണല്ലോ.

7 മററുള്ളവരോടുള്ള എൻെറ സമ്പർക്കം അന്തസ്സോടും കാരുണ്യത്തോടും അനാർഭാടത്തോടുംകൂടെയായിരിക്കണം; അതെ, പ്രശാന്തവും ഉജ്ജ്വലവുമായ കാരുണ്യത്തോടുകൂടെ ആയിരിക്കണം. കുരിശിനോടുള്ള സ്നേഹം സദാ എന്നിൽ ദൃശ്യമാകേണ്ടിയിരിക്കുന്നു. പ്രാപഞ്ചികവസ്തുക്കളോടുള്ള മമതയിൽനിന്നു പ്രസ്തുത സ്നേഹം എന്നെ അകററിനിറുത്തേണ്ടതാണു്. അതു് എന്നിൽ നീതിയും ക്ഷമയും ഉളവാക്കണം; സ്വാർത്ഥം മറക്കാനും ഒരു മെത്രാൻെറ സ്നേഹപ്രകാശനങ്ങളിൽ ആനന്ദം കണ്ടെത്താനും ഇടയാക്കണം. പ്രസ്തുതസ്നേഹം അന്യരോടുകൂടെ സഹിക്കുന്നു; നിർമ്മാണാത്മകമായവ ചെയ്യുന്നു; അന്യരെ ദ്രോഹിക്കുവാൻ വിമുഖനാക്കുന്നു; ചിലർക്കു വിധേയമായി വ്യാപരിക്കുന്നു.; ചിലരോടു ദൃഢതയോടെ വ്യാപരിക്കുന്നു; ചിലപ്പോൾ ഉപദേശിക്കുന്നു; ചിലപ്പോൾ ശാസിക്കുന്നു; എന്നാൽ ആരോടും ശത്രുതയില്ല; എല്ലാവർക്കും അമ്മയാണു്."

എൻെറ കുമ്പസാരങ്ങളിലും ആത്മശോധനകളിലും പലപ്പോഴും ഇതിലേക്കു ഞാൻ പിന്തിരിയും.

www.malankaralibrary.com

# 1930

## റുസ്ലച്ചുക്കിൽ പാഷനിസ്റ്റ് വൈദികരുടെ മന്ദിരത്തിൽവച്ചു നടത്തിയ ധ്യാനം. 1930 ഏപ്രിൽ 28 മുതൽ മേയ് 4 വരെ

അങ്ങയുടെ കുരിശിനെ ഞാൻ സ്നേഹിക്കുമാറാകട്ടെ....

പീഡിതനും ക്രൂശിതനും എൻെറ ഗുരുവും രാജാവുമായ ദൈവത്തിൻെറ ഹിതത്തിനു് ഈ ധ്യാനത്തിൽ സ്നേഹപൂർവ്വം വഴങ്ങുവാൻ ഉത്തേജനം നല്കുന്ന പല സംഭവങ്ങളും അടുത്ത കാലത്തു നടക്കുകയുണ്ടായി.

അടുത്ത മാസങ്ങളിൽ കർത്താവു് എൻെറ ക്ഷമ പരിശോധിക്കുന്നതായ പല കാര്യങ്ങളും സംഭവിക്കുകയുണ്ടായിട്ടുണ്ടു്. ബുൾഗേരിയൻ സെമ്മിനരി സ്ഥാപിക്കുന്നതു സംബന്ധിച്ച ഉൽക്കണ്ഠകൾ, ഈ രാജ്യത്തു ഞാൻ ചെയ്യേണ്ട കാര്യങ്ങളെസംബന്ധിച്ചു് അഞ്ചുകൊല്ലത്തിലധികം നിലനിന്നിട്ടുള്ള അനിശ്ചിതാവസ്ഥ, കൂടുതൽ ചെയ്യാൻ സാധിക്കാത്തതിലുള്ള എൻെറ പരാജയബോധവും മനഃപ്രയാസവും ആത്മാക്കൾക്കുവേണ്ടി പ്രത്യക്ഷമായി വല്ലതും ചെയ്യാനുള്ള എൻെറ അഭിലാഷത്തിനു വിരുദ്ധമായി ഒരുപൂർണ്ണ സന്യാസിയുടെ ജീവിതം നയിക്കാനുണ്ടാകുന്ന നിർബ്ബന്ധം, ഇതുവരെ നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടുള്ളവയാണെങ്കിലും എൻെറ സ്വാഭാവികമാനുഷികവാസനകളിലുള്ള അതൃപ്തി എന്നിവ ദൈവഹിതത്തിനു കീഴ്പ്പെടുക തെല്ലു സുഗമമാക്കിയിരിക്കുന്നു. ദിവ്യമാതൃകയെ പൂർണ്ണമായി അനുകരിക്കുക ഇതുതന്നെയാണല്ലോ

പ്രകൃതി പുഷ്പങ്ങളണിഞ്ഞുനില്ക്കുന്നു; മുമ്പിൽക്കൂടെ ഡാന്യൂബു നദി ഒഴുകുന്നു. ഇവയുടെ മദ്ധ്യേ ഈ മഹാമന്ദിരത്തിൽ ഏകാന്തം തന്നെ; സമ്പൂർണ്ണവും ശ്രേഷ്ഠവുമായ ഏകാന്തം! ഡാന്യൂബു നദിയുടെ അക്കരെ റുമേനിയൻ മൈതാനം പരന്നു കിടക്കുന്നു. അവിടെ രാത്രി ചില ഗാസുകൾ കത്തി ശോണിതജ്ജ്വാലകൾ പുറപ്പെടുവിക്കുന്നതു് എനിക്കു കാണാമായിരുന്നു. ദിവസവട്ടത്തിൽ മൗനം ഒരിക്കലും ഭഞ്ജി

www.malankaralibrary.com

ക്കപ്പെടുന്നില്ല. വൈകുന്നേരം പാഷനിസ്റ്റ് മെത്രാൻ മോൺ. തിലെൻ വന്നു് എൻെറ കൂടെഅത്താഴം കഴിച്ചു.

പകൽ മുഴുവനും എൻെറ ആത്മാവു പ്രാർത്ഥനയിലും ധ്യാനത്തിലും മുഴുകിയിരിക്കയാണു്. വളരെ ലഘുവായ അഭ്യാസങ്ങൾ! വി. ഇഗ്നേഷ്യസിൻെറ ആധ്യാത്മികാഭ്യാസങ്ങൾ ഞാൻ യഥേഷ്ടം വായിക്കുകയോ ധ്യാനിക്കുകയോ ചെയ്തുകൊണ്ടിരുന്നു.

വായിക്കാൻ ഫാദർ പ്ലൂവിൻെറ, "കുരിശിൻെറ മൗഢ്യം" എന്ന പുസ്തകം എനിക്കുണ്ടു്. ചില ഗ്രന്ഥങ്ങൾ ഞാൻ തൊട്ടകമാത്രമേ ചെയ്തിരുന്നുള്ളൂ;

ഓ ഈശോ, ഏകാന്തം എനിക്കു നല്ല വിശ്രമവും മനഃസമാധാനവും നല്കുന്നുണ്ടു്. അതിനു് അങ്ങേക്കു സ്തുതി.

ഈ ധ്യാനത്തിൻെറ ജ്ഞാനപുഷ്പമഞ്ജരിയായി കുറേ അനുമാനങ്ങൾ ഞാൻ ശേഖരിച്ചിരിക്കുന്നു.

1 എൻെറ ഭാവിയെപ്പററി കർത്താവു് എന്തുതന്നെ നിശ്ചയിക്കുകയാണെങ്കിലും ദൈവഹിതത്തിനു യഥാർത്ഥത്തിൽ കീഴ്പ്പെട്ടിരിക്കുവാൻ ഞാനാഗ്രഹിക്കുന്നു; ദൈവാനുഗ്രഹത്താൽ അങ്ങനെ എനിക്കു തോന്നുന്നുമുണ്ടു്. എന്നെപ്പററിയുള്ള കിംവദന്തികൾ എന്നെ സ്പർശിക്കുന്നില്ല. ഇന്നത്തെ സാഹചര്യങ്ങൾ യാതൊരു വ്യത്യാസവുംകൂടാതെ അനേകകൊല്ലത്തേക്കു തുടരുകയാണെങ്കിൽക്കൂടി ഇതുപോലെ തുടരാൻ ഞാൻ സന്നദ്ധനാണു്. ഇതു് എൻെറ ഹൃദയത്തിനു സ്വല്പം നോവുമെങ്കിലും മാററം ഞാനാവശ്യപ്പെട്ടുകയില്ല; അതിനു ലഘുവായ ആഗ്രഹംപോലും പ്രദർശിപ്പിക്കയില്ല.

അനുസരണയും സമാധാനവും. ഇതാണു മെത്രാനെന്ന നിലയിൽ ഞാൻ സ്വീകരിച്ചിട്ടുള്ള മുദ്രാവാക്യം. ചെറിയ കാര്യങ്ങളിൽക്കൂടി എൻെറ ചുമതല ഞാൻ നിർവ്വഹിച്ചിട്ടുണ്ടെന്നുള്ള സംതൃപ്തിയോടെ മരിക്കുവാൻ ഞാനാഗ്രഹിക്കുന്നു.

ഇപ്പോൾ ഞാൻ ചെയ്തുകൊണ്ടിരിക്കുന്നതല്ലാതെ മറെറന്തു ചെയ്യുവാനാണാഗ്രഹം എന്നു് എന്നോടുതന്നെ ചോദിക്കുകയാണെങ്കിൽ, എന്തുത്തരം നല്കണമെന്നു വാസ്തവത്തിൽ എനിക്കറിഞ്ഞുകൂടാ.

2 കുറേക്കാലമായിട്ടു് എല്ലാ ദിവസവും വി. കർബാനയ്ക്കുശേഷം, ദൈവരാജ്യത്തെപ്പററിയുള്ള ധ്യാനത്തിൻെറ അന്ത്യത്തിൽ വി. ഇ

www.malankaralibrary.com

ഗ്നേഷ്യസ്സ നിർദ്ദേശിച്ചിട്ടുള്ള "സർവ്വത്തിൻേറയും സ്രഷ്ടാവായ നിത്യനാഥാ," എന്ന പ്രാർത്ഥന ഞാൻ ചൊല്ലിക്കൊണ്ടാണിരിക്കുന്നതു്; ഹൃദയപൂർവ്വം ആ പ്രാർത്ഥന ചൊല്ലുന്നുണ്ടെന്നാണു് എൻെറ വിചാരം. വാസ്തവം പറയുകയാണെങ്കിൽ ഈ പ്രാർത്ഥന ചൊല്ലുക വിഷമമാണു്. എങ്കിലും ദൈവഹിതത്തിനു പൂർണ്ണമായി കീഴ്പ്പെട്ടിരിക്കുവാനും നിന്ദിതനും ക്രൂശിതനുമായ ഈശോയുടെ ചൈതന്യം പാലിക്കുവാനും ഞാനാഗ്രഹിക്കുന്നതിനാൽ ദിവസന്തോറും ഒരു കാര്യവുംകൂടി ഞാൻ പ്രതിജ്ഞചെയ്യും. എളിമയുടെ മൂന്നാമത്തെ പദവി വി. ഇഗ്നേഷ്യസ്സ വിവരിക്കുന്നതു് അതേവാക്കുകളിൽത്തന്നെയാണു്.

"സർവ്വത്തിൻേറയും നിത്യനാഥാ, സ്വർഗ്ഗീയപിതാവേ, അങ്ങയുടെ ദിവ്യപ്രതാപത്തിനും സ്തുതിക്കും ഉതകുകയും നമ്മുടെ കർത്താവായ ക്രിസ്തുവിനെ ഒന്നുകൂടെ ഭേദമായി അനുകരിക്കുന്നതിനു സഹായകമാകുകയും ചെയ്യുമെങ്കിൽ, ധനത്തേക്കാൾ കൂടുതലായി ദരിദ്രനായ ക്രിസ്തുവിനോടുകൂടെ ദാരിദ്ര്യവും, ബഹുമാനത്തേക്കാൾ കൂടുതലായി നിന്ദിതനായ ക്രിസ്തുവിനോടുകൂടെ നിന്ദയും ഞാനാഗ്രഹിക്കുന്നു. ലോകത്തിൽ വിവേകിയും വിജ്ഞനുമെന്നതിനേക്കാൾ വിഡ്ഢിയായി എണ്ണപ്പെട്ട ക്രിസ്തുവിനെപ്രതി വിഡ്ഢിയും വിലയില്ലാത്തവനുമായി എണ്ണപ്പെടാൻ ഞാൻ ഇഷ്ടപ്പെടുന്നു. ഈ പ്രതിജ്ഞയിൽ എന്നും വിശ്വസ്തനായിനില്ലുവാൻ അങ്ങേ അയോഗ്യദാസനെ അങ്ങു് അനുഗ്രഹിക്കണമേ."

എൻെറ പ്രകൃതിയുടെ വിരുദ്ധ മനോഭാവം എനിക്കറിയാം. ഞാൻ ദൈവത്തിൻെറ കൃപാവരത്തിൽ ആശ്രയിക്കുന്നു. തിരുസ്സഭയുടെ ഉജ്ജ്വലപ്രേഷിതരും ദൈവത്തിൻെറ മഹത്വത്തിനുള്ള ഉപകരണങ്ങളുമായിത്തീർന്ന അനേകം ആത്മാക്കളുടെ വിശുദ്ധീകരണത്തിനു പരിപൂർണ്ണ എളിമയുടെ അടിസ്ഥാനത്തിന്മേൽനിന്നു ദൈവത്തിൻെറ കൃപാവരം വിജയപൂർവ്വം പ്രവർത്തിച്ചതായി കാണുന്നുണ്ടു്.

3 ഈ ദിവസങ്ങളിൽ പ്രത്യേകിച്ചും എൻെറ കർത്താവിൻ്റെ കുരിശിനോടു് എത്രയും തീക്ഷ്ണമായ സ്നേഹം എനിക്കു തോന്നുന്നുണ്ടു്. ഓ ഈശോ, ഇതു് ആദ്യത്തെ മഴയിൽ കെട്ടുപോകുന്ന ഒരഗ്നിജ്വാലയാകാതെ കെടാത്ത അഗ്നിയായിപ്പരിലസിക്കുവാൻ സംഗതി വരുത്തണമേ.

ഈ ധ്യാനത്തിൽ എൻെറ ആദ്ധ്യാത്മിക ജീവിതത്തോടു് എത്രയും ഭംഗിയായി യോജിച്ചുപോകുന്ന ഒരു പ്രാർത്ഥന ഞാൻ കണ്ടെത്തി. അടുത്തകാലത്തു നാമകരണം ചെയ്യപ്പെട്ട വി. ജോൺ യൂഡ്

www.malankaralibrary.com

സിൻെറ ഒരപേക്ഷയാണതു്. വിനയപൂർവ്വം ഞാനതു് എൻെറ സ്വന്തമാക്കുന്നു; അങ്ങനെ ചെയ്യുന്നതു തുനിവായിരിക്കുകയില്ലെന്നു ഞാൻ കരുതുന്നു. കുരിശിനോടുള്ള ഒരു സ്നേഹപ്രകരണമാണതു്.

"ഓ ഈശോ, ക്രൂശിതനായ എൻെറ സ്നേഹമേ, എല്ലാ പീഡകളുടേയും ഇടയിൽ ഞാൻ അങ്ങയെ സ്നേഹിക്കുന്നു. ഇതുവരെ അങ്ങു് എനിക്കു് അയച്ചുതരാൻ തിരുമനസ്സായ എല്ലാ സഹനങ്ങളിലും വന്നുപോയിട്ടുള്ള സമസ്ത പരാജയങ്ങളേയും പ്രതി ഞാൻ അങ്ങയോടു മാപ്പുചോദിക്കുന്നു. അങ്ങയുടെ കുരിശിൻെറ ചൈതന്യത്തെ ഞാൻ ആശ്ലേഷിക്കുന്നു; അതേ ചൈതന്യത്തോടുകൂടി അങ്ങു് അയച്ചുതരുന്ന ശാരീരികവും മാനസികവുമായ എല്ലാ ക്ലേശങ്ങളും പൂർണ്ണഹൃദയത്തോടെ, അങ്ങയോടുള്ള സ്നേഹത്തെ പ്രതി സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സ്നേഹമൊക്കെയോടും കൂടെ ഞാൻ സ്വാഗതം ചെയ്യുന്നു. എൻെറ മഹത്വവും എൻെറ നിധിയും എൻെറ ആനന്ദവും അങ്ങയുടെ കുരിശിൽ അതായതു് അപമാനങ്ങളിലും കഷ്ടതകളിലും ക്ലേശങ്ങളിലും കണ്ടെത്തുമെന്നു ഞാൻ വാഗ്ദാനം ചെയ്യുന്നു. വി. പൗലോസിനോടുകൂടെ ഞാൻ പറയുന്നു: നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ കുരിശിലല്ലാതെ മററൊന്നിലും ഞാൻ അഭിമാനം കൊള്ളാതിരിക്കട്ടെ. എന്നെ സംബന്ധിച്ചിടത്തോളം എൻെറ കർത്താവായ യേശുക്രിസ്തുവിൻെറ കുരിശല്ലാതെ ഈ ലോകത്തിൽ വേറൊരു പറുദീസാ ഞാനാഗ്രഹിക്കുന്നില്ല."

വി. കുരിശിനോടു ചെയ്യുന്ന സ്നേഹവാഗ്ദാനം എനിക്കു് കുഴക്കമാകുന്നതിനു സമസ്തവും എന്നെ പ്രേരിപ്പിക്കുമെന്നു ഞാൻ കരുതുന്നു. 1925 മാർച്ചു 19ാംനു റോമായിൽ സാൻ കാർലോ അൽകോഴ്സോയിൽ വച്ചു നടന്ന മെത്രാഭിഷേകച്ചടങ്ങുകൾ മുഴുവനും അഗാധമായും ആശ്വതമായും എന്നിൽ പതിഞ്ഞുകിടപ്പുണ്ടു്. അനന്തരം ബൾഗേരിയായിൽ ശ്ലൈഹികസന്ദർശകൻ എന്നനിലയിൽ കഴിച്ച ഈ അഞ്ചുവർഷവും ഉണ്ടായിട്ടുള്ള ക്ലേശങ്ങളിലും പരീക്ഷകളിലും ഏകാശ്വാസം ഞാൻ നല്ല മനസ്സാക്ഷി പാലിച്ചുവെന്നുള്ളതു മാത്രമാണു്. ഭാവി ഏതാണ്ടു് ഇരുളടഞ്ഞതായിത്തോന്നുന്നു. വി. കുരിശിൻെറ രാജകീയ പാതയിൽക്കൂടെ നടക്കണമെന്നാണ കർത്താവിന്റെ ഇഷ്ടമെന്നു ഞാൻ വിചാരിക്കുന്നു. ഇതിൽക്കൂടെയല്ലാതെ വേറൊരു പഥത്തിൽക്കൂടെ അവിടുത്തെ അനുഗമിക്കണമെന്നു ഞാനാഗ്രഹിക്കുന്നില്ല.

ആകയാൽ നമ്മുടെ കർത്താവിൻെറ പീഡാനുഭവത്തെപ്പററിയുള്ള ധ്യാനങ്ങളും അതിനോടു ബന്ധപ്പെട്ട ആദ്ധ്യാത്മികാഭ്യാസങ്ങ

www.malankaralibrary.com

ളും ഞാൻ കൂടുതൽ ഉപയോഗിക്കും. കൂടുതൽ ഭക്തിയോടുകൂടെ ഞാൻ വി. കുർബാന സമർപ്പിക്കും. എന്റെ ആത്മാവിന്റെ പ്രധാന കാവല്ക്കാരനും ഇടയനുമായ ഈശോയുടെ രക്തംകൊണ്ട് എന്റെ ഹൃദയം ലഹരിപിടിക്കുന്നതിനു ഞാൻ ഇടയാക്കും.

ഈശോയുടെ പീഡാനുഭവത്തെപ്പററി ധ്യാനിക്കുമ്പോൾ എന്റെ ഹൃദയത്തിൽ സങ്കടവും വേദനയും അങ്കുരിക്കുവാനും കണ്ണുനീരു ചിന്തുവാനും വേണ്ടി വി. ഇഗ്നേഷ്യസ്സു നിർദ്ദേശിക്കുന്ന പരിശ്രമങ്ങളിൽ പാപിയായ എനിക്കു വിജയം വരിക്കുവാൻ കഴിഞ്ഞിരുന്നെങ്കിൽ കൊള്ളാമായിരുന്നു.

4 ഈ ധ്യാനത്തിന്റെ ഒരു പ്രത്യേകത ആന്തരിക സമാധാനവും സന്തോഷവുമാണ്. എനിക്കു പ്രിയപ്പെട്ടവപോലും കർത്താവിനു കാഴ്ചവയ്ക്കുവാൻ ഈ അനുഭവം എനിക്കു പ്രചോദനം നല്കുന്നു. ഞാനും എന്റെ ജീവിതം മുഴുവനും ഈദൃശപ്രശാന്തതയും ആനന്ദവുംകൊണ്ടു നിറയണം. ഇപ്പോൾ ഇവ രണ്ടും എന്നിലുളവാകുന്നുണ്ട്; എന്നാൽ ഭാവിയെതിർപ്പുകളും ക്ലേശങ്ങളും എന്നെ പരിഭ്രാന്തനാക്കിയേക്കാം. എന്റെ ആത്മാവിലും ബാഹ്യമായ നടപടികളിലും ഈപ്രസന്നത പാലിക്കുവാൻ ഞാൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. സഹിക്കുന്നകാര്യം അന്യരറിയാതെ സഹിക്കുവാൻ ഞാൻ പഠിക്കണം. ഭാഗ്യസ്മരണാർഹനായ മോൺ റദീനി തെദേഷിയിൽ നിന്നു് അവസാനമായി പഠിച്ച പാഠങ്ങളിൽ ഒന്നു് ഇതല്ലേ?

വി. ഫ്രാൻസിസു സെയിൽസ് ഉപയോഗിച്ചിരുന്ന ഉപമകകളിലൊരെണ്ണം ആവർത്തിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. "മുള്ളു നിറഞ്ഞ കുററിക്കാട്ടിൽ പാടിക്കൊണ്ടിരിക്കുന്ന പക്ഷിപോലെയാണു ഞാൻ" ഈ ചിന്ത എനിക്കു അനുസ്യൂതമായ ഒരുപ്രചോദനമായിരിക്കണം. ആകയാൽ എന്നെ വേദനിപ്പിക്കുന്ന സംഗതികളെപ്പററി ആരോടാണെങ്കിലും വളരെ കുറച്ചുമാത്രമേ ഞാൻ സംസാരിക്കാവൂ. മനുഷ്യരേയും മററു സാഹചര്യങ്ങളേയും സംബന്ധിച്ച എന്റെ വിധികൾ വിവേകത്തോടും ക്ഷമയോടുകൂടെവേണം പറയുവാൻ. എന്നെ വിഷമിപ്പിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിക്കുവാൻ ഞാൻ സന്നദ്ധനായിരിക്കണം. എല്ലാക്കാര്യങ്ങളിലും നിസ്സീമമായ ക്ഷമയും കാരുണ്യവും വേണം. മററു വികാരങ്ങൾ സങ്കലിതമായിരിക്കട്ടെ, അല്ലാതിരിക്കട്ടെ സുവിശേഷങ്ങൾക്കും സുവിശേഷപരിപൂർണ്ണതയ്ക്കും വിരുദ്ധമാണ്. സ്നേഹം വിജയിക്കുന്നിടത്തോളം കാലം ഞാൻ വിലയില്ലാത്തവനായി പരിഗണിക്കപ്പെട്ടുവാനാഗ്രഹിക്കും. എനിക്കു് എന്തുനാ

www.malankaralibrary.com

ശം വന്നാലും വേണ്ടില്ല, ധീരമായ തോതിൽ ക്ഷമയും സുകൃതവും അഭ്യസിക്കുവാനാണെൻെറ അഭിലാഷം. അപ്പോഴേ ഞാൻ ഒരു യഥാത്ഥ മെത്രാനായിരിക്കുകയുള്ളൂ; ഈശോയുടെ പൗരോഹിത്യത്തിൽ പങ്കാരനാകുകയുമുള്ളൂ. അപമാനവും ക്ലേശവും സഹിച്ച് അവിടുന്നു നമ്മുടെ രക്ഷകനും ഭിഷഗ്വരനുമായി. അവിടുത്തേ വ്രണങ്ങൾ വഴി നാം സുഖം പ്രാപിച്ചു.

എനിക്കു പ്രിയപ്പെട്ട മരിയാംബികയ്ക്കും എൻെറ പ്രശാന്ത സംരക്ഷകനായ വി. യൗസേപ്പിനും ആദ്ധ്യാത്മികജീവിതത്തിലേ നവീകൃതമായ എൻെറ പ്രതിജ്ഞകൾ ഞാൻ കാഴ്ചവയ്ക്കുന്നു. ഈ ധ്യാനത്തിൽനിന്നു പുറത്തുവരുമ്പോൾ എൻെറ കുരിശു സാനന്ദം ഞാൻ വീണ്ടും വഹിക്കും. സദാ മുന്നോട്ട്! എൻെറ പൗരോഹിത്യത്തിലേ പ്രഥമ ദശകം മുഴുവനും എൻെറ പ്രിയ ആത്മനിയന്താവും ഭാഗ്യസ്മരണാർഹനുമായ മോൺ. ഫക്കീനെത്തിയുടെ മുദ്രാവാക്യം ഞാൻ ഓമ്മിക്കുന്നു: "അനുസരണയിൽകീഴ് സദാ കുരിശിൽ"

(Semper in cruce, obedientia duce)

ക്രൂശിതജീവിതസമപ്പണം: എൻെറ ഈശോ, കഠിനവും അധ്വാനസമ്പുഷ്ടവും ബ്ലെഷഹികവും ക്രൂശിതവുമായ ഒരു ജീവിതം എനിക്കു നല്കുക. ത്യാഗത്തിനും സഹനത്തിനും ആത്മപരിത്യാഗത്തിനും എളിയ നിലയ്ക്കും വേണ്ടിയുള്ള വിശപ്പും ദാഹവും എൻ്റെ ആത്മാവിൽ വർദ്ധിപ്പിക്കണമേ. സംതൃപ്തിയും വിശ്രമവും ആശ്വാസവും ആനന്ദവും മേലിൽ ഞാൻ ആഗ്രഹിക്കുന്നില്ല. ഓ, ഈശോ, ഞാനാഗ്രഹിക്കുന്നതും അങ്ങയുടെ തിരുഹൃദയത്തോടു ഞാനപേക്ഷിക്കുന്നതും ഇതാണ്: അങ്ങയെപ്രതി മേലിൽ എല്ലാപ്പോഴും ഒരു ബലിവസ്തുവും കാഴ്ചദ്രവ്യവും പ്രേഷിതനും കന്യകയും രക്തസാക്ഷിയുമായിരിക്കുക്. (ബെൽജിയക്കാരനായ ഫാദർ ലിന്തെലോയുടെ പ്രാത്ഥനയാണിതു. അദ്ദേഹം വി. കുർബാനയോടുള്ള ഭക്തിയും ആദ്ധ്യാത്മികപരിഷ്കാരത്തിൻെറ ആവശ്യകതയും പ്രസംഗിച്ചിരുന്ന ഒരു പ്രേഷിതനായിരുന്നു,)

www.malankaralibrary.com

# 1931

## ബോസ്പറസ്സിൽ ബുജ്ജുകാട എന്ന സ്ഥലത്തുള്ള ഫ്രാൻസിസ്കൻ കൊൺവെഞ്ചുവൽ ആശ്രമത്തിൽ നടത്തിയ ചെറിയ ധ്യാനം.

## 1931 ജൂൺ 18–21

1 ഇന്നു് തിരുഹൃദയത്തിരുനാളിൻെറ എട്ടാം നാളാണ്. ഈ തിരുനാളിനുള്ള പുതിയ നമസ്കാരം ആദ്ധ്യാത്മികജീവിതത്തിന്റെ നവീകരണം സൂചിപ്പിക്കുന്നു. എൻെറ കൈയിൽ നമസ്കാരപ്പുസ്തകം മാത്രമേയുള്ളു. വേറൊന്നും ഞാൻ വായിക്കുന്നുമില്ല.

2 ഈശോയുടെ ഹൃദയത്തെ വി. ആഗുസ്തീനോസ് ജീവൻെറ വാതിലായി ചിത്രീകരിച്ചിരിക്കുന്നതു് എനിക്കു് എത്രയും ഇഷ്ടപ്പെട്ടു. അടുത്ത കാലങ്ങളിൽ തിരുഹൃദയത്തോടുള്ള ഭക്തി ഉച്ചിയിലെത്തിക്കഴിഞ്ഞിട്ടുണ്ടു്. എന്നാൽ ഈശോയുടെ ഹൃദയം യഥാർത്ഥത്തിൽ ജീവൻെറ വാതിലാണെങ്കിൽ തിരുഹൃദയഭക്തി ഒരിക്കലും അമിതമാകയില്ല; അതിരുകടക്കുകയുമില്ല. വാതിലിൽക്കൂടി അകത്തു കടക്കുകയും പുറത്തേക്കു വരികയും ചെയ്യാം. എനിക്കു് ആ വാതിലിൽക്കൂടി അകത്തു കടക്കണം.

3 എനിക്കു വളരെ ആത്മധൈര്യം തരുന്ന വേറൊരു ചിന്തയുണ്ടു്. അതു വി. ബർണ്ണാർദിൻേറതാണു്; അതും നമസ്കാരത്തിൽ ചേർത്തിട്ടുണ്ടു്. "നമ്മുടെ രക്ഷകൻെറ മുറിവുകളിലല്ലാതെ ബലഹീനർക്കു് എവിടെയാണു സുരക്ഷിതമായ ആലംബവും അഭയവും?" ലോകം എൻെറ ചുററും കോപിക്കുന്നു; എൻെറ ശരീരം എന്നെ കീഴ്പ്പോട്ടു വലിക്കുന്നു; പിശാചു് എനിക്കു കെണിവയ്ക്കുന്നു; എങ്കിലും ഞാൻ വീഴുന്നില്ല. ഞാൻ നില്ക്കുന്നതു് ഉറപ്പുള്ള പാറമേലാണു്. ഞാൻ വളരെയേറെ പാപം ചെയ്തു. എൻെറ മനസ്സാക്ഷി നീറുന്നു; എന്നാൽ ക്രിസ്തുവിൻെറ മുറിവുകളെപ്പററി ചിന്തിക്കുമ്പോൾ ഞാൻ നിരാശപ്പെടുകയില്ല. കുത്തിത്തുറക്കപ്പെട്ട വിലാവിൽക്കൂടി അവിടുത്തെ ഹൃദയത്തിൻെറ രഹസ്യങ്ങൾ വെളിയിൽ വരുന്നു. നമ്മുടെ കർത്താവിൻെറ കാരുണ്യ

www.malankaralibrary.com

മാകുന്ന മഹാകൂദാശ നാം കാണുന്നു. അതുവഴിയാണു നമ്മുടെ നേക്ക് അനുഗ്രഹപ്രവാഹമുണ്ടാകുന്നത്. കർത്താവേ, അങ്ങയുടെ മുറിവുകൾ ദർശിക്കുമ്പോഴല്ലാതെ എപ്പോഴാണ് അങ്ങയുടെ മാധുര്യവും ശാന്തതയും മഹാകാരുണ്യവും കൂടുതൽ സ്പഷ്ടമായി കാണുക?

അടുത്ത കാലത്ത് ക്രൂശിതനായ ഈശോയുടെ തിരുമുറിവുകളോടു സ്വാഭാവികമായി ഒരു ഭക്തി തോന്നിത്തുടങ്ങിയിരിക്കുന്നു. അതും തിരുഹൃദയഭക്തിയും അനുപൂരകങ്ങളാണ്. ഈ ഭക്തികൾ ഞാൻ ശരിയായി അഭ്യസിക്കും.

4 കഴിഞ്ഞ കൊല്ലം റസ്റ്റ്ചുക്കിൽ വച്ചു ഞാൻ ധ്യാനം നടത്തിക്കൊണ്ടിരിക്കുമ്പോൾ കുരിശിനോടുള്ള എൻെറ സ്നേഹവും എന്റെ ഗുരുവും രാജാവുമായ ഈശോയോടുകൂടെ സഹിക്കുവാനുള്ള ആഗ്രഹവും വർദ്ധിക്കുന്നതിന് എൻെറ സാഹചര്യങ്ങൾ ഇടവരുത്തി. ദൈവാനുഗ്രഹങ്ങളാൽ അഗാധങ്ങളായ പ്രസ്തുത ധ്യാനങ്ങൾ ഫലം അണിയാതിരുന്നില്ല. അന്നു മുതൽ ഭാവി എന്തുതന്നെ വരുത്തിക്കൂട്ടിയാലും അതു സ്വീകരിക്കുവാനുള്ള ധന്നദ്ധത എനിക്കുണ്ടെന്നു ഞാൻ കരുതിയിരുന്നു; ഇപ്പോഴും കരുതുന്നുണ്ടു്. ജയവും പരാജയവും ഒരേ മനസ്സോടെ പ്രശാന്തമായി സ്വീകരിക്കുവാൻ ഞാൻ ഒരുക്കമാണ്. തിരുസിംഹാസനത്തിൻെറ ജോലി ചെയ്യുകതന്നെ ഒരു മഹാ വിജയമായി ഞാൻ പരിഗണിക്കുന്നു.

പീഡിതനായ ഈശോയോടുകൂടെ സഹിക്കുവാനുള്ള പരിശുദ്ധമായ ആഗ്രഹവും താത്പര്യവും ഞാൻ പരിപാലിച്ചുകൊണ്ടിരിക്കും. വീണ്ടും വീണ്ടും പൂർവ്വോക്തചിന്തകളിലേക്കു ഞാൻ പിന്തിരിയും. ഇന്നു് എനിക്കു പ്രവർത്തിക്കുവാനൊന്നുമില്ലാത്ത അവസ്ഥയാണ്. കൂടുതൽ പ്രവർത്തിക്കുവാനുള്ള അക്ഷമത തള്ളിക്കളഞ്ഞു് ഇന്നത്തെ പരിതഃസ്ഥിതിയെ ഞാൻ സ്വാഗതം ചെയ്യും. വല്ലതും ചെയ്യാൻ എനിക്ക് ആഗ്രഹവും വാസനയുമുണ്ടെങ്കിലും സാഹചര്യങ്ങൾ അതിന് എന്നെ അനുവദിക്കുന്നില്ല. ഏതാണ്ടു് അജ്ഞാതമായ അവസ്ഥയിലാണു കർത്താവു് എന്നെ സംരക്ഷിക്കുന്നതു്; അതു ഞാൻ ഇഷ്ടപ്പെടുന്നു.

ഇന്നു തിരുസ്സഭയുടെ സേവനാർത്ഥം വളരെ കുറച്ചുമാത്രമേ ചെയ്യാനുള്ളുവെന്നുവരികിലെന്തു്? എനിക്കു് ഏല്പിക്കപ്പെടാവുന്ന മറ്റു ജോലികൾതന്നെ എന്താണ്? അവയ്ക്കെന്തു വിലയുണ്ടു്? ദൈവത്തിൻെറ മുമ്പാകെ എൻെറ ആത്മാവിൻെറ ആന്തരികസ്ഥിതിയുടെ വിലയാണു് അറിയ്ക്കുള്ളതു്. എത്രയും രഹസ്യമായ അക്കാര്യവും അവിടുന്നു്

www.malankaralibrary.com

അറിയുന്നു. മനുഷ്യദൃഷ്ടിയിൽ അവയൊക്കെ "കുറെ നിമിഷത്തേക്കു മാത്രം നിലനില്ക്കുന്ന പുക"പോലെയാണ് (യാക്കോ. 4, 14.). പലപ്പോഴും അവ കെണിയും വഞ്ചനയുമാണ്.

5 എനിക്ക് അമ്പതു വയസ്സായി; വാൎദ്ധക്യത്തിലേക്കു ചരിഞ്ഞുതുടങ്ങിയിട്ടുള്ള ഒരു പൂൎണ്ണ മനുഷ്യൻ. പക്ഷേ മരണം സമീപസ്ഥമായിരിക്കാം. അൎദ്ധശതാബ്ദത്തെ ജീവിതത്തിൽ പുരോഹിതനായിതന്നിട്ടുകൂടി എനിക്കു വളരെ കുറച്ചുമാത്ര മേ ചെയ്യാൻ കഴിഞ്ഞിട്ടുള്ളു. കൎത്താവിന്റെ മുമ്പിൽ ഞാൻ ലജ്ജിക്കുന്നു; എളിമപ്പെടുന്നു; എന്റെ നിസ്സീമമായ പാപങ്ങൾക്കു മാപ്പു ചോദിക്കുകയും ചെയ്യുന്നു. അക്ഷുബ്ധവും പ്രത്യാശാബദ്ധമനപീതവുമായ പ്രശാന്തതയോടുകൂടി ഞാൻ ഭാവിയിലേക്കു തിരിഞ്ഞുനോക്കുന്നു,

"പിതാവിനു എത്രയും പ്രസാദിച്ച ഈശോയുടെ തിരുഹൃദയമേ" എന്ന അപേക്ഷ ഈ ധ്യാനത്തിൽ എന്നെ അത്യന്തം സ്പൎശിച്ചിരിക്കുന്നു. പിതാവിന്റെ സംതൃപ്തി പ്രകാശിപ്പിക്കുന്ന സ്വരമുണ്ടായപ്പോൾ അജ്ഞാതനായി ജീവിച്ചതല്ലാതെ മററു യാതൊന്നും ഈശോ ചെയ്തിട്ടില്ലായിരുന്നു. മൗനത്തിൽ എളിയ ജോലി ചെയ്തു പ്രാൎത്ഥനയിൽ കഴിഞ്ഞിരുന്നതേയുള്ളു. ഈ വസ്തുത എത്ര ആശ്വാസസംദായകമാണ്!

6 അവശേഷിച്ചിരിക്കുന്ന കാലം ശരിയായി വിനിയോഗിക്കുവാനുള്ള ദൃഢനിശ്ചയത്തോടുകൂടെ വീണ്ടും എന്റെ മാൎഗ്ഗത്തിലൂടെ ഞാൻ ചരിക്കുകയാണ്. ശരീരത്തേയും ആത്മാവിനേയും കാരുണ്യം കൂടാതെ നയിച്ചു് എന്റെ നിശ്ചയങ്ങളിൽ ഞാൻ നിലനില്ക്കണം. ഇന്നത്തെ ജോലിതന്നെ എനിക്കു് ഉപകാരപ്രദമാകുംവിധം ഞാൻ നിൎവ്വഹിക്കും; നിൎവ്വഹിക്കുകയും വേണം. ആകയാൽ സമയം ശരിയായി വിനിയോഗിക്കുക; എല്ലാം ഉടനടി, വേഗത്തിൽ, മനസ്സാക്ഷിപ്രകാരം ചെയ്യുക. നാളേക്കു നീട്ടുകയില്ല. അപ്രധാന കാൎയ്യങ്ങൾ പ്രധാനമായവയുടെ മുമ്പു വയ്ക്കുകയില്ല. സദാ പ്രശാന്തൻ, സദാ ഉത്സാഹവാൻ, സദാ പ്രവൃത്ത്യുന്മുഖൻ.

സൎവ്വോപരി എല്ലാക്കാൎയ്യത്തിലും ഹൃദയശാന്തതയും എളിമയുമുള്ള ഈശോയുടെ സ്വരൂപം എന്നിൽ പ്രത്യക്ഷമാകണം; ആന്തരികജീവിതത്തിലും ബാഹ്യവ്യാപാരത്തിലും ദൈവം എന്നെ സഹായിക്കട്ടെ.

www.malankaralibrary.com

# 1933

## കപ്പൂച്ചിൻ വൈദികരോടുകൂടെ സോഫിയായിൽവച്ചു നടത്തിയ ധ്യാനം 1933 സെപ്റ്റംബർ 4 – 8

മഹാസമാധാനവും ശാന്തിയും. എല്ലാം ഞാൻ തന്നെ ചെയ്യേണ്ടതായി വന്നു. ധ്യാനഗുരു ഫാദർ സാമുവൽ തൻെറ സഹോദരക്കായി നല്ല കുറെ പ്രസംഗങ്ങൾ തയ്യാറാക്കിയിരുന്നു; എന്നാൽ അദ്ദേഹത്തിനു വി. ഇഗ്നേഷ്യസ്സിൻെറ ധ്യാനപദ്ധതി നിശ്ചയമില്ലായിരുന്നു.

പ്രാപഞ്ചിക വസ്തുക്കളിൽ കുടുങ്ങിപ്പോകാതിരിക്കുക എത്രയും ആവശ്യമാണെന്ന് ആദ്യദിവസം ഞാൻ ചിന്തിച്ചു. രണ്ടാം ദിവസം പതിവുള്ള എൻെറ എത്രയും നല്ല കുമ്പാസാരക്കാരൻ ഫാദർ ആൽബെർത്തോയുടെ അടുക്കൽ ഞാൻ പാപസങ്കീർത്തനം ചെയ്തു, എനിക്കു സംതൃപ്തി തോന്നി; എൻെറ ഹൃദയം പ്രശാന്തവും സമാധാനപൂർണ്ണവുമായിരുന്നു. മെത്രാനായശേഷമുള്ള ജീവിതത്തിലെ നല്ല പ്രതിജ്ഞകൾ ഞാൻ വീണ്ടും പരിശോധിക്കുകയും കർത്താവ് എനിക്കു തരാൻ തിരുമനസ്സായ തീക്ഷ്ണതയോടുകൂടെ അവ ഞാൻ നവീകരിക്കുകയും ചെയ്തു. ഞാൻ സാധുവും നിസ്സഹായനുമാണെന്നു തോന്നുന്നു. എന്തുവിലകൊടുത്തും ശാന്തമായും ക്ഷമാപൂർവ്വവും എൻ്റെ ആത്മാവിൻ്റെ കാവൽക്കാരനും ഇടയനുമായ ഈശോയിൽ പൂർണ്ണശരണം വച്ചും എന്നെത്തന്നെ വിശുദ്ധീകരിക്കുവാനുള്ള പ്രതിജ്ഞയിൽ ഞാൻ ഉറച്ചുനില്ക്കും.

ഇക്കാലങ്ങളിലെ എൻെറ പ്രതിജ്ഞ ക്രിസ്ത്വാനുകരണത്തിലെ ലളിത പദങ്ങളിൽ രേഖപ്പെടുത്താവുന്നതാണ്. "അജ്ഞാതനായിരിക്കാനും കൊള്ളരുതാത്തവനായി പരിഗണിക്കപ്പെടാനും ഇഷ്ടപ്പെടുക." എന്നാൽ ഇതുകൊണ്ടൊന്നും ഞാൻ അധൈര്യപ്പെടരുത്. അന്തിമനിമിഷംവരെ ഞാൻ സദാ പ്രശാന്തനും പ്രസന്നനും ധീരചിത്തനുമായിരിക്കണം: ഈശോ, മറിയമേ, യൗസേപ്പേ, സമാധാനത്തിൽ

www.malankaralibrary.com

എൻെറ ആത്മാവിനെ നിങ്ങളുടെ കരങ്ങളിൽ ഏല്പിക്കുവാൻ എന്നെ സഹായിക്കണമേ.

ഈ രാജ്യത്തെ ദീർഘമായ പേപ്പൽപ്രതിനിധി സ്ഥാനം എനിക്കു കഠിനമായ വേദനയും ക്ലേശവും വരുത്തുന്നുണ്ടു്; എന്നാൽ അതു പുറത്തു കാണിക്കാതിരിക്കുവാൻ ഞാൻ യത്നിച്ചുകൊണ്ടിരിക്കുകയാണു്. ഈശോയോടു് ആവും വിധം അനുരൂപപ്പെടാനും എല്ലാക്കാര്യങ്ങളിലും അവിടുത്തെ തിരുവിഷ്ടം നിറവേററാനും ശത്രുക്കളും പാവങ്ങളും എന്നാൽ നിർഭാഗ്യരുമായ ഈ ജനങ്ങളുടെ ഇടയിൽ അവിടുത്തെ കൃപാവരം വിജയം വരിക്കുവാനും വേണ്ടി ഈശോയുടെ സ്നേഹത്തെ പ്രതി എല്ലാം ഞാൻ പൂർണ്ണമനസ്സോടും സന്തോഷത്തോടും കൂടെ സഹിക്കും. എല്ലാം എൻെറ വിശുദ്ധീകരണത്തിനും തിരുസ്സഭയുടേയും പരിശുദ്ധ പിതാവിൻേറയും സേവനത്തിനും. "കർത്താവേ, അങ്ങേക്കു് എല്ലാം അറിയാമല്ലോ. ഞാൻ അങ്ങയെ സ്നേഹിക്കുന്നു." (യോഹ 21, 7)

www.malankaralibrary.com

# 1934

## പാഷനിസ്റ്റ് വൈദികരോടുകൂടെ റുസ്റ്റ്ചുക്കിൽ നടത്തിയ ധ്യാനം. ആഗസ്റ്റ് 27—31

1 വ്യാഗ്ഗാരോപണസന്യാസസഭയിലെ ഫാദർ അന്റോണിയോ ദെമ്മെരാമ്മായിരുന്നു ധ്യാനഗുരു. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ ഉത്തേജകവും തീക്ഷ്ണവുമായിരുന്നു; എന്നാൽ വി. ഇഗ്നേഷ്യസിന്റെ പദ്ധതിയനുസരിച്ചായിരുന്നില്ല. ഒരെസ്സിലെ വികാരിയും മോൺ. തീലെന്റെ വികാരിജനറാളുമായിരുന്ന ഫാദർ ഇസിദോരോ ദെത്തിന്റെ അടുക്കൽ ഞാൻ കുമ്പസാരിച്ചു. എനിക്കു തൃപ്തിയായി.

2 എന്റെ ആത്മാവു പ്രശാന്തമാണ്; ഈ വർഷം എത്രയും പ്രശാന്തമായിരുന്നു.

കർത്താവു തന്റെ വിളക്കുമെടുത്ത് എന്നെ സൂക്ഷിച്ചുനോക്കി വിധി പ്രസ്താവിക്കുവാൻപോകുന്നതോർക്കുമ്പോൾ ഞാൻ വിറച്ചുപോകുന്നു. കർത്താവിനെ തൃപ്തിപ്പെടുത്താനും വിശുദ്ധിപ്രാപിക്കാനും എനിക്കു കൂടുതലായി എന്തുചെയ്യാമെന്നു ഞാൻ എന്നോടുതന്നെ ചോദിക്കുമ്പോൾ, എനിക്ക് ഒരേ ഉത്തരമേ ലഭിക്കുന്നുള്ളു: "ഇന്നത്തേപ്പോലെ അനുസരണയിൻകീഴ് തുടരുക. ദിവസന്തോറും ഉൽക്കണ്ഠയും ഭാവവുമൊന്നുംകൂടാതെ നീ ചെയ്യേണ്ട സാധാരണ പ്രവൃത്തികൾ കൂടുതൽ ഉത്സാഹത്തോടും പൂർണ്ണതയോടുംകൂടെ ചെയ്യുക."

പുരോഹിതവിശുദ്ധിയുടെ പരിപാടികളിൽ വി. കുർബ്ബാന, ചെറിയ ഒരു ധ്യാനം, കാനോനനമസ്കാരം, ജപമാല, വി. കുർബാനയുടെ സന്ദർശനം, സദ്ഗ്രന്ഥപാരായണം എന്നിവയിലെല്ലാം വിശ്വസ്തനായിരിക്കുക; കൂടുതൽ സ്നേഹൌത്സുക്യത്തോടും വളരെയേറെ തീക്ഷ്ണതയോടുംകൂടെ എണ്ണ കവിഞ്ഞൊഴുകുന്നവിളക്കുപോലെ വ്യാപരിക്കുക.

ഭാവിയെപ്പററി ഉൽക്കണ്ഠ വേണ്ട; പ്രത്യുത നിത്യജീവന്റെ വാതില്ക്കലേക്കു നീ സമീപിക്കുകയാണെന്ന് ഓർത്തുകൊള്ളുക. ലോകദൃഷ്ടിയിൽനിന്നു മറഞ്ഞും നിന്റെ ശ്രേഷ്ഠന്മാരാൽ വിസ്മൃതനായും ഇതുപോലെ എന്നും ജീവിക്കുവാൻ താത്പര്യപ്പെടുക. ആരും നിന്നെ

www.malankaralibrary.com

വിലവയ്ക്കുന്നില്ലെന്നു കരുതി ദുഃഖിക്കരുതു്; പ്രത്യേക കൊള്ളരുതാത്തവനായി പരിഗണിക്കപ്പെടുന്നതിൽ ആനന്ദംകണ്ടെത്താൻ പരിശ്രമിക്കുക.

3 ബുൾഗേരിയായിൽ കഴിച്ചുകൂട്ടിയ ഈ പത്തുകൊല്ലത്തേ സാഹചര്യങ്ങളിൽനിന്നു് എനിക്കു മനസ്സിലാകുന്നതു തല്ക്കാലം ഞാൻചെയ്യുന്നതല്ലാതെ മററു യാതൊന്നും ചെയ്യേണ്ടതില്ലെന്നാണു്. മററുവിധത്തിൽ പ്രവൎത്തിക്കുവാൻ എൻെറസാഹചര്യങ്ങൾ എന്നെ അനുവദിക്കുന്നില്ല. ഇങ്ങനെ ഓരോ ദിവസവും ഞാൻ കഴിക്കണം. ഇവിടെ ഞാൻ നയിക്കുന്ന ജീവിതവും എൻെറ ബാഹ്യപ്രവൎത്തനങ്ങൾക്കു ഞാൻ വച്ചിരിക്കുന്ന നിയന്ത്രണവും എൻെറ ജീവിതത്തിലെ പ്രാൎത്ഥനകളും എൻെറ ആത്മാവിൻേറയും ഇവിടത്തേ മെത്രാന്മാരുടേയും വൈദികരുടേയും ആത്മാക്കളുടേയും രക്ഷയ്ക്കും വിശുദ്ധീകരണത്തിനും എല്ലാം വളരെ കൎക്കശമായിത്തോന്നുന്ന ഈ രാജ്യത്തിൽ സ്നേഹചൈതന്യം തഴച്ചുവളരുന്നതിനും കത്തോലിക്കരുടെ മതാത്മകമായ പുരോഗതിക്കും ബുൾഗേരിയൻജനതയുടെ ഐശ്വര്യത്തിനും പ്രകാശത്തിനും വേണ്ടി സ്നേഹപൂൎവ്വം ഞാൻ ഈശോയ്ക്കു കാഴ്ചവയ്ക്കുന്നു; ക്രിസ്തുവിൻെറ രാജ്യത്തിലും തിരുസ്സഭയിലും വളരെയേറെ സേവനം ചെയ്യാൻ കഴിവുള്ള ഈ ജനതയ്ക്കു മാൎഗ്ഗഭ്രംശം വന്നിരിക്കുകയാണു്.

4 ഈ കഴിഞ്ഞ കാലഘട്ടങ്ങളിലൊക്കെ അപ്പസ്തോലിക ഡെലിഗേഷനിൽ മോൺ. റൊങ്കാലി എന്താണു ചെയ്തിട്ടുള്ളതു്? വിശുദ്ധനാകാൻ ശ്രമിക്കുന്നു. ജീവിതത്തിൽ കാണാൻ കഴിഞ്ഞാലുമില്ലെങ്കിലും ബുൾഗേരിയായ്ക്കു് ആശീൎവ്വാദവും അനുഗ്രഹവും നേടാൻവേണ്ടി കാരുണ്യത്തോടും ആനന്ദത്തോടുംകൂടെ എളിയ രീതിയിൽ പ്രവൎത്തിച്ചുകൊണ്ടിരിക്കുകയാണു്.

ഇതാണു വേണ്ടതു്. നല്ല വാക്കുകൾ; നല്ല കാര്യം! ഇവയെല്ലാം ഓൎക്കുമ്പോൾ എൻെറ ഈശോ ഞാൻ ലജ്ജിച്ചുപോകുന്നു; ഇവയെപ്പററി സംസാരിക്കുവാൻ ഞാൻ നാണിക്കുന്നു. എൻെറ ഈശോ, ഇവ സാധിതമാകാൻ എനിക്കു ശക്തിയും അനുഗ്രഹവും ആശിസ്സുമരുളുക. മററൊന്നും ആവശ്യമില്ല. അവയെല്ലാം വ്യൎത്ഥമാണു്; അവയ്ക്കു വിലയില്ല; ആത്മാവിനു വേദന വരുത്തുന്നതേയുള്ളു.

ഈശോ മറിയമേ യൗസേപ്പേ, എൻെറ ഹൃദയവും ആത്മാവും അങ്ങേക്കുള്ളതാണു്; ഇന്നും എന്നേക്കും.

www.malankaralibrary.com

# 1935 – 1944

## ടർക്കിയിലും ഗ്രീസിലും പേപ്പൽ പ്രതിനിധി

## 1935

### ഈസ്റ്റൻബുളിൽ എൻെറ വൈദിക രോട്ടക്കൂടി ധ്യാനം – 1935 ഡിസംബർ

ഇവ വാസ്തവത്തിൽ ആദ്ധ്യാത്മികാഭ്യാസങ്ങളാണ്. കത്തീഡ്രലിലെ എൻെറ പ്രീയപ്പെട്ട വൈദികരോട്ടക്കൂടി അപ്പസ്തോലിക്കഡെലിഗേഷനിൽവച്ചാണ ഞാൻ ധ്യാനം നടത്തിയതു്. ഈശോസഭാ വൈദികരുടെ ശ്രേഷ്ഠൻ ഫാദർ പവോള സ്സീഗ്രെ പതിവുപോലെ നന്നായിട്ട പ്രസംഗിച്ചു.

കഴിവുപോലെ ഞങ്ങൾ നന്നായിട്ടൊക്കെ ചെയ്തു. എന്നാൽ പൂർണ്ണമായും തൃപ്തികരമായിരുന്നുവെന്ന പറയുവാൻ വയ്യാ. പതിവുള്ള സാഹചര്യങ്ങളിൽനിന്നും ജോലിയിൽനിന്നും അകന്നിരിക്കേണ്ടതായിരുന്നു. സ്വഭവനത്തിൽ താമസിക്കുകയും പതിവുള്ള ചുമതലകൾ നിർവ്വഹിക്കുകയും അതേസമയം ആത്മാവിൻെറ കാര്യം നോക്കുകയുംചെയ്യുക എളുപ്പമല്ല. ഇനി അതു വേറൊരു കൊല്ലമാകട്ടെ. ഇക്കൊല്ലം കഴിഞ്ഞ കാലങ്ങളിലെ ഉദ്ദേശ്യങ്ങൾ നവീകരിക്കുകമാത്രം ചെയ്യാം.

1934 ആഗസ്റ്റിനുശേഷം എൻെറ കാര്യങ്ങൾക്ക് എന്തുമാത്രം അന്തരം വന്നിരിക്കുന്നു! ഞാൻ ഇന്നു ടർക്കിയിലാണ്. ഒരു വിശുദ്ധനാകാൻ കൂടുതൽ സന്ദർഭങ്ങളും ദൈവാനുഗ്രഹങ്ങളും എന്താണാവശ്യമുള്ളതു്?

ബൾഗേറിയായിൽ പത്തുകൊല്ലം മൗനമായും മാററംകിട്ടണമെന്ന ആഗ്രഹം പ്രകടിപ്പിക്കാതെയും ഇരുന്നതു പരിശുദ്ധ പിതാവിനെ സ്പർശിച്ചുവെന്ന തിരുമേനി പറഞ്ഞതായി കർദ്ദിനാൾ സിൻജേരോ എന്നെ ഇങ്ങോട്ടയക്കുമ്പോൾ പറഞ്ഞു. എൻെറ പ്രതിജ്ഞ നിറവേററുവാനാണ ഞാൻ അങ്ങനെ നിശ്ശബ്ദനായിരുന്നതു്. അക്കാര്യത്തിൽ വിശ്വസ്തത പ്രദർശിപ്പിക്കുവാൻ കഴിഞ്ഞതിൽ ഞാൻ ആനന്ദംകൊള്ളുന്നു.

www.malankaralibrary.com

ഇവിടെ എനിക്കു ധാരാളം ജോലിയുണ്ടു്. തന്റെ വിശുദ്ധ ശുശ്രൂഷയിൽ എനിക്കു് ആനന്ദം നല്കുന്ന ദൈവത്തെ ഞാൻ സ്തുതിക്കുന്നു. എല്ലാക്കാര്യങ്ങളും കുറേക്കൂടെ കണിശമായും ശാന്തമായും നിവ്വഹിക്കുന്നതിനു ഞാൻ നിശ്ചയിക്കുന്നു.

ലൗകികവേഷം അണിഞ്ഞുകൊള്ളണമെന്നുള്ള നിയമവുംകൂടി എന്റെ വൈദികർ സ്വീകരിച്ചിരിക്കുന്നു. എന്നാൽ ഞാൻ സദാ സന്മാതൃക നല്കണം.

ഈശോയുടെ തിരുഹൃദയം എന്റെ ഹൃദയത്തെ കത്തിജ്ജ്വലിപ്പിക്കുകയും അവിടുത്തേ ചൈതന്യം എന്നിൽ വദ്ധിപ്പിക്കുകയുംചെയ്യട്ടെ. ആമ്മേൻ.

www.malankaralibrary.com

# 1936

## ബെർഗാമോയിൽ റാനിക്കായിൽ തിരുഹൃദയസഹോദരിമാരുടെ വിശ്രമസ്ഥലം 1936ഒക്ടോബർ 13 — 16

മോൺ. ബെനാലിയോയുടേയും വാഴ്ത്തപ്പെട്ട വെർസേരിയുടേയും പ്രിയപ്പെട്ട സ്ഥാപനത്തിൻെറ നവസന്യാസമന്ദിരമായ ഈ സുന്ദരഭവനത്തിൽ നടത്തുന്ന ഈ കൊച്ചു ധ്യാനം സമാധാനാത്മകംതന്നെ. തികഞ്ഞ ഏകാന്തവും.

ദൈവാനുഗ്രഹത്താൽ എൻെറ ആത്മസ്ഥിതി പരിശോധിക്കുവാൻ എനിക്കു കഴിഞ്ഞു. കഷ്ടമേ, എൻെറ ഉദ്യോഗവും കർത്താവ് എനിക്കു തരുന്ന അനുഗ്രഹങ്ങളനുസരിച്ചും എനിക്കുണ്ടായിരിക്കേണ്ട പരിപൂർണ്ണതയിൽനിന്നു ഞാൻ എത്ര അകന്നാണ് ഇരിക്കുന്നത്. എങ്കിലും ആ സ്ഥിതിയിലെത്തിച്ചേരാൻ ഞാൻ തീക്ഷ്ണമായും ഉത്സാഹത്തോടും ഉദ്യമിക്കണം.

ഈ ധ്യാനത്തിനു് എത്രയും പ്രയോജനകരമായ ഒരു സഹായിയെ എനിക്കു ലഭിച്ചു: ഫാദർ ബെല്ലേച്ചിയുസിൻെറ 'വിശുദ്ധ ത്രിദിനം' എന്ന ഗ്രന്ഥം. വിചാരത്തിലും സംസാരത്തിലും പ്രവൃത്തിയിലും ദൈവത്തോടു നിരന്തരമായ ഐക്യം പാലിക്കുക എന്നൊരു ശീലം ഞാൻ സമ്പാദിച്ചതായി കാണുന്നു. "അങ്ങയുടെ രാജ്യം വരണം, അങ്ങയുടെ തിരുവിഷ്ടം നിറവേറണം," എന്ന രണ്ടപേക്ഷകൾ സദാ എൻെറ മനസ്സിലുണ്ടു്; ഈ രണ്ടു് ആദർശങ്ങൾക്കു് അനുയോജ്യമായി എല്ലാം ഞാൻ കാണുന്നു. എന്നാൽ എൻെറ അനുദിനപ്രവൃത്തികളും ആദ്ധ്യാത്മികാഭ്യാസങ്ങളും എത്ര അതൃപ്തികരം! ശരി, ഞാൻ വീണ്ടും ആരംഭിച്ചു നന്നായി ചെയ്യണം.

പല വിഷമങ്ങളുണ്ടെങ്കിലും ടർക്കിയിലെ എൻെറ പുതിയജോലി എനിക്കു് ഇഷ്ടപ്പെട്ടു. എൻെറ പകലും രാത്രിയും കുറേക്കൂടി ശരിയായി ക്രമപ്പെടുത്തണം. പാതിരാത്രിക്കുമുമ്പ് ഉറങ്ങാൻപോകാത്തതു നല്ല. അത്താഴംകഴിഞ്ഞുള്ള മണിക്കൂറുകൾ ഒന്നു ശരിപ്പെടുത്തണം. റേഡിയോ, ധാരാളം സമയം നഷ്ടപ്പെടുത്തുന്നു; എല്ലാം താറുമാറാക്കുന്നു.

www.malankaralibrary.com

എൻെറ നിശ്ചിത നിയമം: വൈകുന്നേരം ഏഴുമണിക്ക് എല്ലാവക്കും കപ്പേളയിൽ ജപമാല. അത്താഴത്തിനും ഉല്ലാസത്തിനുംകൂടി മുക്കാൽ മണിക്കൂർ മതിയാകും. അനന്തരം "മാററിൻസ്സ്" എന്ന കാനോനനമസ്കാരവിഭാഗം; പിന്നീട്ട റേഡിയോയിൽ നല്ല പാട്ടു കുറച്ചു നേരം കേൾക്കാം. അനന്തരം എല്ലാവരും പിരിഞ്ഞുപോകണം; എന്റെ സെക്രട്ടറി അദ്ദേഹത്തിൻെറ മുറിയിലേക്കും, ഞാൻ എന്റെ ജോലിക്കും. പതിനൊന്നു മണിക്ക് ഉറങ്ങണം. എല്ലാ പ്രഭാതത്തിലും അതാതുദിവസത്തിനു രൂപംകൊടുക്കാൻ ഒരു സച്ചിന്ത ഞാൻ സ്വീകരിക്കും. ധ്യാനം ഒരിക്കലും ഉപേക്ഷിച്ചുകൂടാ. ദീഘമായി കഴിക്കുവാൻ സാധിച്ചില്ലെങ്കിൽ ചുരുങ്ങിക്കൊള്ളട്ടെ; എന്നാൽ ഉത്സാഹത്തോടും പ്രശാന്തതയോടും ആലോചനാപൂർവ്വവുമായിരിക്കണം. ദീഘമായ അഭിമുഖസംഭാഷണങ്ങൾ വജ്ജിക്കുക. വേറെയാരെയും കാണാനില്ലാത്തതുപോലെ എല്ലാവരോടും സ്നേഹമുണ്ടായിരിക്കുക; എന്നാൽ സംഭാഷണം ഹ്രസ്വവും കാര്യമാത്രപ്രസക്തവുമായിരിക്കണം.

ആരോഗ്യം സംരക്ഷിക്കാൻ ശരിയായ ഒരു ഭക്ഷണ സമ്പ്രദായം സ്വീകരിക്കണം. ഞാൻ വളരെ കുറച്ചേ വൈകുന്നേരം ഭക്ഷിക്കുന്നുള്ളു. മദ്ധ്യാഹ്നഭക്ഷണവും കുറയ്ക്കണം. ദിവസന്തോറും സ്വല്പനേരം നടക്കുന്നതു് എനിക്കു നല്ലതാണു്. കത്താവേ, ഇതു് എനിക്കു വിഷമമാണു്, സമയനഷ്ടവുമുണ്ടു്; എന്നാലും അതാവശ്യമാണു്. അങ്ങനെ ചെയ്യണമെന്നു് എല്ലാവരും എന്നോടാവശ്യപ്പെടുന്നു. ആകയാൽ ഞാൻ അങ്ങനെ ചെയ്യും; അതിനു വേണ്ടിവരുന്ന ത്യാഗം കത്താവിനു കാഴ്ച വയ്ക്കുകയും ചെയ്യും.

എല്ലാ മമതകളിൽനിന്നും ഞാൻ അകന്നാണിരിക്കുന്നതു്. പുരോഗമനത്തിനുള്ള ഒരു ചിന്തയും എനിക്കില്ല. എനിക്കു് ഒന്നിനും അർഹതയില്ല; യാതൊരു അക്ഷമയുമില്ല. സ്ഥലത്തുനിന്നു സാഹചര്യങ്ങൾ വീക്ഷിക്കുന്ന എൻേറയും റോമയിൽനിന്നു സംഗതികൾ തീരുമാനിക്കുന്നവരുടേയും ചിന്താഗതിയിൽ വളരെ അന്തരമുണ്ടെന്നുള്ളതു വാസ്തവമാണു്. അതു് എന്നെ വേദനിപ്പിക്കുകയും ചെയ്യുന്നു. അതുമാത്രമാണു് എനിക്കുള്ള കുരിശു്. എൻെറ പ്രധാന തലവന്മാരെ പ്രീതിപ്പെടുത്താൻ ഇതു ഞാൻ വിനയപൂർവ്വം വഹിക്കുകതന്നെ വേണം. ഇതല്ലാതെ വേറെ യാതൊന്നും ഞാനാഗ്രഹിക്കുന്നില്ല. ഞാൻ എല്ലായ്പോഴും സത്യമേ പറയൂ. എന്നോടു് എന്തെങ്കിലും ദ്രോഹം ചെയ്യുകയാണെങ്കിൽ ഞാൻ മൗനം അവലംബിക്കും. എന്നെത്തന്നെ ബലിചെയ്യാൻ ഞാൻ സന്നദ്ധനാണു്; ബലിചെയ്യപ്പെടുവാനും അങ്ങനെതു

www.malankaralibrary.com

ണെ. കത്താവു് എല്ലാം കാണുന്നുണ്ടു്; അവിടുന്നു് എന്നോടു നീതി പൂർവ്വം പ്രവർത്തിക്കും; സർവ്വോപരി തിന്മയ്ക്കു പകരം നന്മ ചെയ്യാനും മനുഷ്യരുടെ തന്ത്രങ്ങളെക്കാൾ സുവിശേഷ തത്വങ്ങളെ എല്ലാക്കാര്യങ്ങളിലും ആദരിക്കാനും ഞാനാഗ്രഹിക്കുന്നു.

ടർക്കിയിലെ ഭാഷ ശ്രദ്ധവച്ചു പഠിക്കാൻ ഞാനാഗ്രഹിക്കുന്നു. കർത്താവു് എന്നെ ടർക്കികളുടെ ഇടയിലേക്കു് അയച്ചിരിക്കുന്നു; അവരോടെനിക്കു് ഇഷ്ടമാണു്. എനിക്കു കഴിവുള്ളതെല്ലാം അവക്കു ചെയ്തുകൊടുക്കണം. അവരോടുള്ള എൻെറ പെരുമാററത്തിൽ തെററൊന്നുമില്ല. എൻെറ പെരുമാററം ശ്ലൈഹികമാണു്; കത്തോലിക്കക്കു് അനുയോജ്യവുമാണു്. എന്തു ത്യാഗവും സഹിച്ചു വിശ്വാസത്തോടും വിവേകത്തോടും ആത്മാർത്ഥതയോടുംകൂടെ ഇങ്ങനെതന്നെ തുടരണം.

ഓ ഈശോ, എൻെറ കീഴിലുള്ള ആത്മാക്കളെങ്ങനെ; ടർക്കികളുടേയും ഓർത്തഡോക്സു്"" സഹോദരരുടേയും ആത്മാക്കളെങ്ങനെ. "കർത്താവേ, അങ്ങയുടെ ജനത്തെ രക്ഷിക്കണമേ, അങ്ങയുടെ അവകാശത്തെ അനുഗ്രഹിക്കണമേ" (സങ്കീ. 27, 9).

www.malankaralibrary.com

# 1937

## ഈസ്റ്റൻബ്യുള്ളിൻ അപ്പസ്തോലിക്ക ഡെലിഗേഷനിൽ എൻെറ ഇടവക വൈദികരോടുകൂടെ നടത്തിയ ധ്യാനം 1937 ഡിസംബർ 12—18

### ധ്യാനഗുരു: ഫാദർ പവോളോ സ്പീഗ്രെ എസ്. ജെ.

1. ഏററവും പരിശുദ്ധവും ഗുരുതരവുമായ പ്രശ്നങ്ങളെപ്പററി പ്രതിപാദിക്കുന്ന ഒരു കുടുംബസമ്മേളനംപോലെയിരിക്കുന്നു ഇതു്. 1935-ലെ ധ്യാനത്തിൽ അനുഭവപ്പെട്ടതുപോലെ, അനുദിനസാഹചര്യങ്ങളിൽനിന്നു നീങ്ങിനില്ക്കാതെയുള്ള ഈ താമസവും എൻെറ വൈദികരുടെ പോക്കും വരവും ധ്യാനത്തിൻെറ ഫലം എടുത്തുകളയുന്നു.

പക്ഷേ മററുവിധത്തിൽ ക്രമപ്പെടുത്താൻ മാർഗ്ഗമൊന്നും കാണുന്നില്ല. ഈശോസഭാ വൈദികരുടെ മന്ദിരം സംശയകേന്ദ്രംപോലെയാണു വീക്ഷിക്കപ്പെടുന്നതു്. തന്നിമിത്തം അവിടെ അതിഥികളായി താമസിക്കുന്നതു വിപൽക്കരമാണു്. ആകയാൽ ഉള്ളതുകൊണ്ടു് ആവുംവിധം കഴിഞ്ഞുകൂടാം.

2 ഈ സന്ധിയിൽ എൻെറ ആദ്ധ്യാത്മികഘടനയെ ഒന്നു പരിശോധിച്ചുനോക്കേണ്ടതാണല്ലോ. ദൈവാനുഗ്രഹത്താൽ എല്ലാ അവയവങ്ങളും പ്രവർത്തിക്കുന്നുണ്ടു്; എന്നാൽ ചിലതു പൊടിപുരണ്ടിരിക്കുന്നു; ചിലതു ക്ഷീണിച്ചുവശായിട്ടുണ്ടു്; ചിലതു തുരുമ്പുപിടിച്ചിട്ടുണ്ടു്. സ്പ്രിംഗുകളും സ്ക്രൂകളും ശരിക്കു ജോലി ചെയ്യുന്നില്ല, അഥവാ മോശമായി കിടക്കുന്നു. ആകയാൽ അവയൊക്കെ വെടിപ്പാക്കുകയോ നവീകരിക്കുകയോ ചെയ്യണം. അവയ്ക്കു ജീവൻ കൊടുക്കണം,

ധ്യാനഗുരുവായ ഫാദർ സ്പീഗ്രെയുടെ അടുക്കൽ ഞാൻ കുമ്പസാരിച്ചു, എൻെറ ആത്മാവിനു സമാധാനം തോന്നുന്നുണ്ടു്. എന്നാൽ ഞാൻ ചെയ്യുന്നതു കർത്താവിനു് ഇഷ്ടമാണോ? ഇക്കാര്യത്തെപ്പററി ചിന്തിക്കുമ്പോൾ ഞാൻ വിറയ്ക്കുന്നു, കർത്താവിൻെറ കരങ്ങളിൽ എന്നെത്തന്നെ ഏല്പിക്കുന്നതും അവിടുത്തേമേൽ ശരണം വയ്ക്കുന്നതുമാണു് എൻെറ ധൈര്യം.

www.malankaralibrary.com

3 കഴിഞ്ഞകൊല്ലം ഡിസംബറിൽ ആഥെൻസിൽ താമസിക്കുമ്പോൾ എൻെറ ആരോഗ്യത്തെപ്പററി ഉൽക്കണ്ഠയുണ്ടായി. ഞാൻ വേണ്ടത്ര ശ്രദ്ധപതിച്ചു. ഒരുകൊല്ലം കഴിഞ്ഞു. കൊഴിഞ്ഞുപോകുന്ന തലമുടി വാദ്ധക്യലക്ഷണമാണെങ്കിലും. കഴിഞ്ഞകൊല്ലത്തേക്കാൾ ശക്തിതോന്നുന്നു. മരണത്തെപ്പററിയുള്ള ചിന്ത എനിക്കു വേണം. എന്നാൽ ദു:ഖിക്കാനല്ല, പ്രത്യുത അവശേഷിച്ചിരിക്കുന്ന ജീവിതകാലം വിവേകത്തോടും ആനന്ദത്തോടും ശാന്തതയോടുംകൂടെ കഴിച്ചുകൂട്ടാൻ.

എൻെറ യൗവ്വനത്തിൽ എൻെറ ഹൃദയത്തെ സ്പർശിച്ചിട്ടുള്ളതു ഭാഗ്യസ്മരണാർഹനായ എൻെറ മെത്രാൻ മോൺറദീനിയുടെ മരണമാണ്. അദ്ദേഹം മരിച്ചതു് 57-ാമത്തെ വയസ്സിലാണ്, ഇതുതന്നെ എൻെറ പ്രായം. ഞാൻ ഇത്രയും ജീവിക്കുകയില്ലെന്നാണ് എപ്പോഴും വിചാരിച്ചിരുന്നതു്. എന്നാൽ ഇന്നും ഞാൻ ജീവനോടെ ഇരിക്കുന്നു. ദൈവത്തിനു സ്തുതി. എൻെറ വിശുദ്ധീകരണത്തിനുവേണ്ടി കൂടുതൽ പരിശ്രമിക്കാൻ ഈ വസ്തുത എത്രകണ്ടു കൂടുതൽ എന്നെ നിർബന്ധിക്കുന്നു.

4 ഞാൻ എൻെറ സ്ഥാനംകൊണ്ടു സംതൃപ്തനാണ്. എനിക്കു സമാധാനവുമുണ്ടു്. എന്നാൽ എല്ലാക്കാര്യത്തിലും ഞാൻ ഒരു മാതൃകയല്ല; എനിക്കു പരിശുദ്ധിയുമില്ല. ഞാൻ എങ്ങനെ ആയിരിക്കേണമോ അങ്ങനെയായിട്ടില്ല. സ്ഥാനമാനങ്ങളും ഉദ്യോഗക്കയററവും എന്നെ സ്പർശിക്കുന്നില്ല. അത്തരം വിചാരങ്ങളെ ഞാൻ നിയന്ത്രിക്കുന്നുണ്ടെന്നു തോന്നുന്നു. കർത്താവേ, ഏതു സമയത്തും പ്രലോഭനങ്ങളുണ്ടാകാവുന്നതുകൊണ്ടു് അങ്ങു് എന്നെ സഹായിക്കുക. അങ്ങയെക്കൂടാതെ ഞാൻ നിസ്സഹായനാണ്. തിരുസ്സഭ എനിക്കുവേണ്ടി വളരെയേറെ ചെയ്തിരിക്കുന്നു. ഞാൻ എല്ലാവരിലും താണവൻ.

5 വി. കുർബാനയുടെ ഭക്തൻ (Vir Eucharisticus) എന്നു് എന്നെപ്പററി പറയുവാനിടയായിരുന്നെങ്കിൽ! ചില പ്രതിജ്ഞകൾ നവീകരിക്കേണ്ടിയിരിക്കുന്നു. മാററിൻസ് എന്ന കാനോനനമസ്കാരഭാഗം തലേരാത്രിതന്നെ ചൊല്ലണം. അങ്ങനെ ചെയ്താൽ കാലത്തു ധ്യാനത്തിനും ചെറിയ യാമങ്ങൾക്കും സമയമുണ്ടാകും. ദിവസംതോറും വി. കുർബാന സന്ദർശിക്കണം. സന്ദർശനം ദീർഘമോ, ഹ്രസ്വമോ ആയിരിക്കട്ടെ, ഭക്തിപരവും സ്നേഹാർദ്രവുമായിരിക്കണം. സന്ദർശനത്തിനു പുറമേ, വ്യാഴാഴ്ച രാത്രികളിൽ 10 മണിക്കും 11 മണിക്കും മദ്ധ്യേ എൻെറയും തിരുസ്സഭയുടേയും ആവശ്യങ്ങൾക്കായി ഞാൻ ഇപ്പോൾ ചെയ്തുവരുന്നതുപോലെ ഒരു തിരുമണിക്കൂർ നടത്തും.

www.malankaralibrary.com

6 ഇസ്താൻബുളിലെ സാഹചര്യങ്ങൾ തിരക്കുകൂടാതെ ജോലി ചെയ്യാൻ എനിക്കു രണ്ടുമണിക്കൂറേ അനുവദിക്കുന്നുള്ളു. അതു രാത്രി 10നും 12നും മദ്ധ്യേയാണ്. ഇതു പരിചയപ്പെടണം. പാതിരാത്രിയിലേ അന്തിമവാർത്താലേഖകഴിഞ്ഞു സ്വല്പസമയം പ്രാർത്ഥിച്ചശേഷം ഉടനെ ഉറങ്ങാൻ പോകണമെന്നുള്ളതു് എനിക്കു നിർബ്ബന്ധനിയമമായിരിക്കട്ടെ. രാത്രി ആറു മണിക്കൂർ നിദ്ര മതിയെന്നു് എനിക്കു മനസ്സിലായിട്ടുണ്ടു്. പിന്നീടു് ഇക്കാര്യത്തിൽ വല്ലമാററവും വരുത്താമോ എന്നു നോക്കാം. എല്ലാം ക്രമപ്രകാരവും ശാന്തമായിട്ടും ചൊടിയോടുകൂടെയും എന്നാൽ അക്ഷമതയൊന്നും കൂടാതെ നിർവ്വഹിക്കേണ്ടിയിരിക്കുന്നു.

7 അത്താഴത്തിന്റെ സമയത്തു ഭക്ഷണമുറിയിൽ എന്റെ സെക്രട്ടറി ഫാദർ ജിയോക്കോമോ തെസ്സായും ഞാനും കാരുണ്യത്തെപ്പററി ഫാദർ ഫേബർ എഴുതിയിട്ടുള്ള കുറേ വരികൾ വായിച്ചു. ഈ വിഷയം എനിക്കു് ഇഷ്ടമാണു്. എല്ലാം അതിലുണ്ടു്. ഞാൻ ശാന്തമായി സർവ്വോപരി എല്ലാവരോടും കരുണയോടും ക്ഷമയോടുംകൂടെ പ്രവർത്തിച്ചുകൊള്ളാം; അതുകൊണ്ടു ബലഹീനതയരുതു്. ഒരിടയന്റെ പിതാവിന്റെ യോജിക്കുന്ന കാരുണ്യം, പൈതൃകമായ ആർദ്രത എന്നിവ ഒരു മെത്രാനായ എന്റെ ജീവിതത്തിൽ പ്രകാശിതമാകണം. സ്നേഹവും കാരുണ്യവും; എത്ര മനോഹരം! "സമസ്തവും അവളോടുകൂടെ എനിക്കു കൈവന്നു". (വിജ്ഞ. 7, 11)

www.malankaralibrary.com

# 1939

## ഈസ്റ്റമ്പുളിൽ ഈശോസഭാവൈദികരുടെ ആശ്രമത്തിൽ ധ്യാനം

## 1939 നവംബർ 12-18

### വിചാരങ്ങളും ഉദ്ദേശ്യങ്ങളും

1 അവസാനം ഇതാ ഞാൻ കാത്തിരുന്ന തരത്തിലുള്ള ഒരു ധ്യാനം! ബാഹ്യലോകത്തോടു ബന്ധമില്ലാതെ എല്ലാം അടച്ചിട്ടിരിക്കുന്നു; ക്രമവും ശരിയായുണ്ട്. എൻെറ സഹപ്രവർത്തകരായ ഇടവക വൈദികരേയും മെത്രാന്മാരേയും ഞാൻ ഇവിടേക്കു ക്ഷണിച്ചിട്ടുണ്ട്. അവരെല്ലാവരും ഇവിടെയുണ്ട്; എല്ലാവരും വിവിധ റീത്തുകാരുമാണ്. അടുത്ത പ്രഭാതത്തിൽ വി. കുർബാന സമർപ്പിക്കാൻ ഇവരിൽ പലരും രാത്രി സ്വഭവനത്തിലേക്കു പോകുന്നു. അതു് അത്ര നല്ലതല്ല; എന്നാൽ അങ്ങനെയല്ലാതെ നിവൃത്തിയില്ല. ഈ ആഴ്ച മുഴുവനും ഇവിടെ ഏകാന്തത്തിൽ കഴിയുവാൻ സാധിച്ചതിൽ ഞാൻ ആഹ്ലാദംകൊള്ളുന്നു. കർത്താവിനു സ്തുതി.

2 വി. ഇഗ്നേഷ്യസിൻെറ ക്രമപ്രകാരം ഈശോസഭാസുപ്പീരിയർ ഫാദർ ഏലിയാക്കാർ ധ്യാനം പ്രസംഗിച്ചു. അദ്ദേഹം തൻെറ ജോലി നന്നായി ചെയ്യുന്നുണ്ട്; ചിന്താവിഷയങ്ങൾമാത്രം പറഞ്ഞുകൊണ്ടിരിക്കയല്ല. കാൽ മണിക്കൂറിനു പകരം അര മണിക്കൂർ എടുക്കുന്നുണ്ടല്ലോ. അനന്തരം ഞങ്ങളുടെ മുറിയിൽ ഞങ്ങൾ തനിച്ചു ധ്യാനിക്കേണ്ടിയിരിക്കുന്നു. വി. ഇഗ്നേഷ്യസിൻെറ അഭ്യാസങ്ങൾക്കു ലഘുവായ വ്യാഖ്യാനത്തോടെ ഫാദർ റൂത്താൻ രചിച്ചിട്ടുള്ള പരിഭാഷ വായിക്കുന്നതു് എനിക്കു സഹായകമായിരുന്നു.

വി. ഇഗ്നേഷ്യസിൻെറ ക്രമപ്രകാരം കൊടുക്കുന്ന ഈ കൊച്ചു ഡോസുകൾ എൻെറ വൈദികർക്കും മെത്രാന്മാർക്കും മതിയാകുമെന്നു തോന്നുന്നില്ല. ശേഷമെല്ലാം വ്യക്തികൾക്കു വിട്ടുകൊടുക്കുകയാണല്ലോ! ഞങ്ങൾ ശിശുക്കളെപ്പോലെയാണ്. ശരിയായി തയ്യാറായിവന്നിരിക്കുന്ന ഒരാളുടെ സജീവസ്വരംകൊണ്ടു ഞങ്ങൾ നയിക്കപ്പെടേണ്ടിയിരിക്കുന്നു. ആകയാൽ വി. ഇഗ്നേഷ്യസിൻെറ പദ്ധതി സ്വീകരിക്കുക; എന്നാൽ അതു കൈകാര്യംചെയ്യുന്നതു് ആധുനികസാഹചര്യങ്ങൾക്കൊ

www.malankaralibrary.com

ത്തവിധമാകണമെന്നു് എന്റെ നിഗമനം. ഹാ, സെമ്മിനരിയിൽ പ്രസംഗിച്ചിരുന്ന ബെർഗാമോ വൈദികർ എത്ര മഹാന്മാരായിരുന്നു! അവർ വി. ഇഗ്നേഷ്യസ്സിന്റെ ക്രമം സാഹചര്യങ്ങൾ അനുവദിക്കുന്നിടത്തോളം വിശ്വസ്തതയോടുകൂടിത്തന്നെ അനുധാവനംചെയ്തിരുന്നു.

3 കുറച്ചു ദിവസങ്ങളേ കഴിയേണ്ടതുള്ളൂ. ഈ മാസം 25–ാം തീയതി എനിക്കു് 58 വയസ്സു തികയും. മോൺ. റദീനി 57–ാമത്തെ വയസ്സിൽ മരിച്ചു. അദ്ദേഹത്തിന്റെ മരണത്തിനു ദൃക്സാക്ഷിയായ എനിക്കു് 57 വയസ്സിനു മീതെ ലഭിക്കുന്ന ജീവിതകാലമൊക്കെ പ്രത്യേകാനുഗ്രഹങ്ങളാണു്; കർത്താവേ, അങ്ങേക്കു സ്തുതി. ഇന്നും എനിക്കു് ആരോഗ്യവും ഉശിരും തോന്നുന്നു. എന്നാലും ഞാൻ ഒന്നും ആവശ്യപ്പെടുന്നില്ല. അങ്ങു വിളിക്കുമ്പോൾ ഞാൻ തയ്യാർ. മരണത്തിൽ അങ്ങേ മരണത്തിൽ, അങ്ങയുടെ തിരുവിഷ്ടം നിറവേറട്ടെ.

ചുററും കിംവദന്തികളും സംസാരവുമുണ്ടു് "വലിയ സ്ഥാനങ്ങൾ കാത്തിരിക്കുന്നു"വെന്നു്. ഈദൃശപ്രശംസകൾ ശ്രവിക്കുവാൻ മാത്രം ഞാൻ വിഡ്ഢിയല്ല. എനിക്കു് അതു ഒരു പ്രലോഭനമാണെന്നു ഞാൻ സമ്മതിക്കുന്നു. വഞ്ചന നിറഞ്ഞ ഈദൃശകിംവദന്തികൾ അവഗണിക്കുവാൻ ഞാൻ പണിപ്പെടുകയാണു്; അവ തമാശയായി ഞാൻ കരുതുന്നു. ചിരിച്ചുകൊണ്ടു് ഞാൻ അവയെ തള്ളിവിടുന്നു. എനിക്കുള്ള തെല്ലു യോഗ്യതയ്ക്കു്, അഥവാ ഒന്നുംകൂടാതെതന്നെ, എനിക്കു് രക്താംബരം ലഭിച്ചുകഴിഞ്ഞിട്ടുണ്ടു്. എന്റെ വില എത്ര തുച്ഛമെന്നു് അറിയാവുന്ന എനിക്കു് ഈ സ്ഥാനമാനങ്ങളുടേയും ചുമതലകളുടേയും മുമ്പാകെ ലജ്ജതോന്നുന്നു. ഉദ്യോഗക്കയററങ്ങൾക്കും മാററങ്ങൾക്കുമുള്ള ആഗ്രഹങ്ങളിൽനിന്നു വിമുക്തനായിരിക്കുന്നതു് എനിക്കെന്തൊരാശ്വാസം! ഈ സ്വാതന്ത്ര്യത്തെ ദൈവാനുഗ്രഹമായി ഞാൻ കരുതുന്നു. ഈ മനഃസ്ഥിതിയോടെ ദൈവം എന്നെ സദാ പരിപാലിക്കട്ടെ.

4 ഇക്കൊല്ലം എനിക്കു പ്രിയപ്പെട്ട പലരേയും കർത്താവു് എന്നിൽനിന്നെടുത്തുമാററി: എന്റെ പ്രിയപ്പെട്ട അമ്മ, എന്റെ പ്രഥമ ഉപകാരിയായിരുന്ന മോൺ. മൊർലാനി, സാൻകാർളോയിൽ എന്റെ സ്നേഹപ്രവർത്തകനായിരുന്ന ഫാദർ പിയെട്രോ ഫോർണ്ണോ, ഞാൻ ബെർഗാമോ സെമ്മിനരിയിൽ ആയിരുന്നപ്പോൾ, അതായതു് റോമയ്ക്കു പോകുന്നതിനു മുമ്പു് 1895 മുതൽ 1900 വരെ സോത്തോ ഇൽമൊന്തെയിലെ വികാരിയായിരുന്ന ഫാദർ ഇഗ്നാസിയോ വൽസേക്കി, എന്റെ റെക്ടർ സ്പ്രോൾ വെരീനി, മററു പല സ്നേഹിതന്മാരും, പരിച

www.malankaralibrary.com

യക്കാരും. ഭൂമിയുടെ മുഖം എന്നെ സംബന്ധിച്ചിടത്തോളം നവീകൃതമായിത്തോന്നുന്നു. "ഈ പ്രപഞ്ചത്തിൻെറ പ്രകൃതി മാറിയിരിക്കുന്നു." ഈ ചിന്ത പരലോകത്തോടു പരിചയപ്പെടാൻ എനിക്കു സഹായകമാകണം. പക്ഷേ താമസിയാതെ ഞാൻ അവിടെ ആയാലോ! പ്രിയപ്പെട്ട മരിച്ചവരേ, ഞാൻ നിങ്ങളെ ഓർക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു. എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ.

5 ഫാദർ ക്കാദിൻെറ അടുത്തു ഞാൻ എൻെറ വാർഷിക കുമ്പസാരം നടത്തി. എനിക്കു സമാധാനമുണ്ട്. ശരിക്ക് ഒരുങ്ങാൻവേണ്ടി ഞാൻ വി. കർബാന സമർപ്പിച്ചു; വേറൊരു കർബാനയും കൂടി. അനന്തരം അനുതാപത്തോടും ലജ്ജയോടുംകൂടെ ഞാൻ എഴുന്നേററു മുട്ടുകുത്തി. എൻെറ പാപങ്ങളെപ്പററി ചിന്തിക്കുമ്പോൾ ഞാൻ പരിഭ്രമിക്കുന്നു. ഞാൻ ലജ്ജിച്ചുപോകയാണ്...... എന്നെ നിത്യമായി ശിക്ഷിക്കരുതേ.

5 എൻെറ കുമ്പസാരക്കാരൻ പറയുന്നതു കർത്താവ് എൻെറ സേവനത്താൽ സംപ്രീതനാണെന്നത്രെ. യഥാർത്ഥത്തിൽ സംപ്രീതനാണോ? ഇതു വാസ്തവമായിരുന്നെങ്കിൽ! എനിക്കു പൂർണ്ണതൃപ്തിതോന്നുന്നില്ല. ഞാൻ ജീവിതാവസ്ഥ തിരഞ്ഞെടുത്തിട്ടു കാലമെത്രയായി! "ആത്മാക്കൾക്കുവേണ്ടി ചെലവുകൾ വഹിക്കുകയും എന്നെത്തന്നെ സമർപ്പിക്കുകയും ചെയ്യാം" (ii കൊറി. 12, 15.) എന്ന മുദ്രാവാക്യം സ്വീകരിച്ചതോടുകൂടി എൻെറ ജീവിതത്തിലെ എല്ലാ പരിപാടികളും പ്രവർത്തനങ്ങളും നിഷ്ഫ്ഫലമായി. വൈദികമേലദ്ധ്യക്ഷനെന്ന നിലയിലുള്ള എൻെറ ചുമതലകളൊന്നും ഞാൻ അവഗണിക്കുന്നില്ല; എന്നാൽ എത്ര മോശമായിട്ടാണു ചെയ്യുന്നതു്? ഞാൻ ചെയ്യുന്നതും ഞാൻ ചെയ്യാതെ അവശേഷിക്കുന്നതും, ഞാൻ ചെയ്യാനുദ്ദേശിക്കുന്നതും ചെയ്യുവാൻ സാധിക്കാതെവരുന്നതും തമ്മിലുള്ള അന്തരമാണ് എന്നെ എത്രയുമധികം വേദനിപ്പിക്കുന്നതു്. കൂറം കൂറേഭാഗം എൻേറതുതന്നെയാണ്. സ്നേഹമില്ലാത്തവൻ എന്നു പറഞ്ഞേക്കുമെന്നു ഭയന്നു ഞാൻ എഴുതുന്നു; എഴുത്തുകൾ നീണ്ടുപോകുന്നു. കുറച്ച് എഴുതിയാൽ മൈത്രിയില്ലെന്നു കരുതിയേക്കും. തിരുസ്സഭയെ സേവിക്കുവാനും ഉപവിപുലർത്തുവാനും നല്ലതു ദീർഘമായെഴുതുകയാണെന്നു തോന്നുന്നു.

വിവേകം മദ്ധ്യവർത്തിയായിരിക്കുകയാണല്ലോ. ആകയാൽ ഞാൻ വിവേകമാർഗ്ഗം സ്വീകരിക്കും. എന്തെങ്കിലും പിന്നെയും എന്നെ ഒരു ... ണെങ്കിൽ അതു ഞാൻ സഹിക്കും.

www.malankaralibrary.com

6 സകല മരിച്ചവരുടേയും തിരുനാൾദിവസം എന്റെ പ്രിയ സെക്രട്ടറി മോൺ. ജിയക്കോമോ ടെസ്റ്റാ എന്നെ വിട്ടുപിരിഞ്ഞുപോയി. അദ്ദേഹം നല്ല ഒരു മനുഷ്യനായിരുന്നു രണ്ടു കൊല്ലം അദ്ദേഹം എൻെറകൂടെ ജോലിചെയ്തു. എനിക്ക് അദ്ദേഹത്തെ ഇഷ്ടമായിരുന്നു. ദൈവഹിതം നിറവേറട്ടെ.

അദ്ദേഹത്തിൻെറ സ്ഥാനത്ത് ചെറുപ്പക്കാരനായ മോൺ. വിത്തോറേ ഉഗോ റീഗി വന്നിരിക്കുന്നു. തിരുസിംഹാസനത്തിനായി ശിക്ഷണം കൊടുക്കാനാണു തലവന്മാർ ഇദ്ദേഹത്തെ എൻെറ അടുക്കലേക്ക് അയച്ചിട്ടുള്ളതു്. ഇദ്ദേഹം നല്ലവനും ശാന്തനുമാണെന്നു തോന്നുന്നു. എൻെറ കഴിവനുസരിച്ച് ഞാൻ പരിശ്രമിക്കാം. ഔദ്യോഗികമായ എൻെറ എഴുത്തുകുത്തുകളിൽ ഒരുഭാഗം ഇദ്ദേഹത്തെ ഏല്പിച്ചുകളയാം. ചെയ്തതും ചെയ്യാനുള്ളതും തമ്മിലുള്ള വിടവ് ഇങ്ങനെ നികത്താം. ദൈവം എന്നെ സഹായിക്കട്ടെ.

7 പുതിയ മാർപ്പാപ്പായുടെ ആദ്യത്തേ ചാക്രികലേഖനത്തിനു ശേഷം ഭക്ഷണമുറിയിൽ വായിക്കുവാൻ മോൺ. ഡ്യുപ്പൻല്യൂയുടെ "സ്വന്തം കുറിപ്പുകൾ" എന്ന പുസ്തകം ഞാൻ തെരഞ്ഞെടുത്തു. അതു അപ്പസ്തോലിക ഡെലിഗേഷനിലുണ്ടായിരുന്ന ഒരു ഗ്രന്ഥമാണു്. അതു് എൻെറഹൃദയത്തെ അഗാധമായി സ്പർശിച്ചു.

ഇത്ര തീക്ഷ്ണമതിയായ ഒരു വൈദികൻ ആദ്ധ്യാത്മികാഭ്യാസങ്ങൾക്കും ആന്തരികജീവിതത്തിനും ഇത്രയേറെ പ്രാധാന്യം കല്പിച്ചു കണ്ടതു് എനിക്കിഷ്ടപ്പെട്ടു. വി. കുർബാന, കാനോനനമസ്കാരം, ധ്യാനം, വി. കുർബാനയോടും ദൈവമാതാവിനോടുമുള്ള ഭക്തി! ക്രിസ്ത്യാനികളുടെ സഹായമേ, മെത്രാന്മാരുടെ സഹായമേ, എന്നൊക്കെയാണു് അദ്ദേഹം ദൈവമാതാവിനെ സംബോധനചെയ്തിരുന്നതു്. സഹനത്തിൽ ഞങ്ങൾ ചങ്ങാതിമാരാണെന്നുള്ളതു് എനിക്കു് ആശ്വാസവും ധൈര്യവും നല്കുന്നുണ്ടു്. "മാററിൻസ്" എന്ന പ്രാർത്ഥന തലേദിവസംതന്നെ ചൊല്ലാൻ ശ്രദ്ധിക്കണം. മോൺ. റീഗിക്കു് എൻെറകൂടെ നമസ്കാരം ചൊല്ലാനാഗ്രഹം. എനിക്കും അതിഷ്ടമാണു്. അതിനാൽ അപ്രകാരം ചെയ്തുതുടങ്ങിയിരിക്കുന്നു. 'മാററിൻസ്' തലേദിവസം ചൊല്ലുകയാണെങ്കിൽ രാവിലേ ധ്യാനത്തിനു ധാരാളം സമയം കിട്ടും. പിറേറദിവസം എല്ലാക്കാര്യവും ചിട്ടയിൽ നീങ്ങും. ഞാൻ ആരംഭിച്ച കുടുംബജപമാല തുടരും. അതായിരുന്നു മോൺ. റദീനിയുടേയും മിലാനിൽ കർദ്ദിനാൾ ഫെറാറിയുടേയും പതിവ്.

www.malankaralibrary.com

8 ആത്മാനിഗ്രഹമെന്നവണ്ണം ടർക്കി ഭാഷ പഠിക്കണമെന്നാണ് എന്റെ ഉദ്ദേശ്യം. ഈസ്റ്റന്ബൂളിൽ അഞ്ചു കൊല്ലം താമസിച്ചിട്ടും ടർക്കി ഭാഷ ഇത്ര കുറച്ചുമാത്രമേ അറിയാവൂ എന്നുള്ളതു ലജ്ജാകരമാണ്. നീതീകരണത്തിനു് എന്തു മാർഗ്ഗമാണുള്ളതു്? എന്റെ ജോലിയുടെ സ്വഭാവം ശരിയായി ഗ്രഹിച്ചിട്ടില്ലെന്നു സാരം.

വർദ്ധമാനമായ ഓജസ്സോടെ ഞാൻ വീണ്ടുമാരംഭിക്കും. ഈ ആത്മാനിഗ്രഹം എന്റെ വിശുദ്ധീകരണത്തിനുപകരിക്കും. ടർക്കികളെ ഞാൻ ഇഷ്ടപ്പെടുന്നു. പരിഷ്കാരത്തിന്റെ പുരോഗതിയിൽ അവർക്ക് ഒരു സ്ഥാനമുണ്ട്. അവരുടെ ഗുണവിശേഷങ്ങൾ ഞാൻ വിലമതിക്കുന്നു. ഭാഷപഠിക്കുന്നതിൽ വിജയം വരിക്കുമോ എന്നുള്ളതു് എനിക്ക് ഒരു പ്രശ്നമല്ല. എന്റെ ചുമതല ചെയ്യുക, തിരുസിംഹാസനത്തിന്റെ അന്തസ്സു പാലിക്കുക; സന്മാതൃക നല്കുക. അതുമതി. ഈ പ്രതിജ്ഞയിൽ ഞാൻ ദൃഢമായി നില്ക്കുകയാണെങ്കിൽ എന്റെ ധ്യാനം ഫലമണിഞ്ഞുവെന്നു ഞാൻ കരുതും.

9 വേറേവല്ല നിയോഗങ്ങളുണ്ടോ? ഒന്നും ഓർമ്മ വരുന്നില്ല. അപ്പസ്തോലിക്കഡെലിഗേററും ലത്തീൻ സഭയുടെ അപ്പസ്തോലിക്ക വികാരിയുമെന്ന നിലയിൽ എന്റെ കൈകാലുകൾ ബന്ധിതമാണ്. എന്റെ പ്രയത്നത ഞാൻ പാലിക്കും; എന്നാൽ ആ പ്രയത്നതയുടെ ഇരട്ടി തീക്ഷ്ണത അത്യന്താപേക്ഷിതമാണ്. ഈ സംഗതിയിൽ ഞാൻ വിശ്വസ്തനായിരിക്കണം; എന്നുവച്ചാൽ എന്തെല്ലാം പ്രലോഭനങ്ങളും പ്രകോപനങ്ങളുമുണ്ടായിരുന്നാലും ഞാൻ ശാന്തനും സദാ എളിമയുള്ളവനുമായിരിക്കണം. എന്നാൽ എന്റെ ശാന്തത ദുർബ്ബലതയായി മാറാൻ ഞാൻ അനുവദിക്കുകയില്ല. ഞാൻ അധികം സംസാരിക്കുകയില്ല; രാഷ്ട്രീയകാര്യങ്ങളെപ്പററി തീരെ സംസാരിക്കുകയില്ല. മരണത്തോടു ഞാൻ പരിചയപ്പെടണം.

10 ഈശോ സഭാവൈദികരുടെ മന്ദിരത്തിലേ എന്റെ മുറിയിൽനിന്നു ബോസ്ഫറസ്സ് ഉൾക്കടലിൽ തടിച്ചുകൂടിയിരുന്ന ബോട്ടുകൾ എനിക്കു കാണാമായിരുന്നു. ഗോൾഡൻഹോൺ എന്ന സ്ഥലത്തു നിന്നു പത്തും നൂറും എന്ന കണക്കിനാണ് അവ വരുന്നതു്. ഒരു സ്ഥലത്തെത്തുമ്പോൾ അവർ വിളക്കു കൊളുത്തുന്നു. ചിലതു കൂടുതൽ ഉജ്ജ്വലമായി പ്രശോഭിക്കുന്നു. ആകപ്പാടെ വർണ്ണശബളമായ ഒരു കാഴ്ചയാണ്. ബയിറാം കടലിലേ ഒരുത്സവമെന്നാണ ഞാൻ കരുതിയതു്. എന്താണ്ട് ഇക്കാലത്താണ് ആ ഉത്സവം. മീൻ പിടിക്കാരുള്ള ഒരു സമ്മേളനമായിരുന്നു അതു്. കരിങ്കടലിൽനിന്നു വലി

www.malankaralibrary.com

യ മത്സ്യങ്ങൾ അവിടെ വന്നുചേർന്നിരുന്നുവെന്നാണു പറയുന്നതു്, ഈ ദീപങ്ങൾ രാത്രിമുഴുവനും പ്രകാശിക്കും; അപ്പോൾ മീൻപിടുത്തക്കാരുടെ ആനന്ദാരവം കേൾക്കുകയും ചെയ്യും.

എനിക്കു് ആ ദൃശ്യം ഇഷ്ടപ്പെട്ടു. ഒരുരാത്രി ഒരു മണിക്കു മഴ കോരിച്ചൊരിയുകയായിരുന്നു. എന്നിട്ടും മീൻപിടുത്തക്കാർ അവരുടെ ഭാരമേറിയ ജോലി ചെയ്തുകൊണ്ടുതന്നേ ഇരുന്നു.

ഈ മാതൃകയുടെ മുമ്പാകെ, പുരോഹിതരായ നാം (മനുഷ്യപ്പിടിത്തക്കാർ) എത്ര കണ്ടു ലജ്ജിക്കേണ്ടിയിരിക്കുന്നു. ഉപമാനത്തിൽനിന്നു് ഉപമേയത്തിലേക്കു കടന്നു നോക്കുക. ആത്മാക്കൾക്കു വേണ്ടിയുള്ള അദ്ധ്വാനവും തീക്ഷ്ണതയും പ്രവർത്തനങ്ങളും എങ്ങനെയിരിക്കണമെന്നു മനസ്സിലാക്കാൻ ഉതകിയ ഒരു കാഴ്ച യേശുക്രിസ്തുവിൻെറ രാജ്യത്തിൽ കാര്യമായിട്ടൊന്നും അവശേഷിച്ചിട്ടില്ല. വിത്തുംകളയും മാത്രം! മുഹമ്മദീയരുടേയും യഹൂദന്മാരുടേയും ഓർത്തഡോക്സുകാരുടേയും ഇടയിൽ ക്രിസ്തുവിനായി നേടിയെടുക്കേണ്ട ആത്മാക്കൾ അനേകമുണ്ടു്. ബോസ്ഫറസ്സിലേ മീൻപിടിത്തക്കാർ പകലും രാത്രിയും പന്തം കത്തിച്ചുപിടിച്ചുകൊണ്ടു് അധ്വാനിക്കുന്നു. അതുപോലെ നാമും അവരവരുടെ ബോട്ടിലിരുന്നു് ആദ്ധ്യാത്മികനേതാക്കന്മാരുടെ ആജ്ഞാപനമനുസരിച്ചു ജോലിചെയ്യണം. അതാണു നമ്മുടെ അതിപ്രധാനമായ കർത്തവ്യം.

11 ടർക്കിയിലെ എൻെറ ജോലി സുഗമമല്ല; എന്നാൽ അതു ശരിക്കു പോകുന്നൊന്നുള്ളതു് ആശ്വാസസംദായകമാണു്. കർത്താവിൻെറ സ്നേഹം ഇവിടെ ഞാൻ കാണുന്നു. വൈദികർ തമ്മിൽത്തമ്മിലും തങ്ങളുടെ ഇടയരോടും യോജിച്ചുപോകുന്നുണ്ടു്. അധികമൊന്നും ചെയ്യാൻ രാഷ്ട്രീയ സാഹചര്യങ്ങൾ അനുവദിക്കുന്നില്ല. എൻെറ കുററത്താൽ ഞാൻ സാഹചര്യങ്ങൾ മോശമാക്കുന്നില്ലെങ്കിൽ അതുതന്നെ വിജയമായിരിക്കും.

ഗ്രീസിലെ എൻെറ ജോലി ഒന്നുകൂടെ ഉൽക്കണ്ഠാകുലമാണു്. അതുകൊണ്ടുതന്നെ എൻെറ വെറുപ്പൊക്കെ നീക്കിവച്ചു് ആത്മാവോടും ഹൃദയത്തോടും കൂടെ അദ്ധ്വാനിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എനിക്കു് ഇതു് ഒരു കല്പനയാണു്; അതിനാൽ ഞാൻ അനുസരിക്കണം. വേറൊരാളെ ഈ ജോലി ഏല്പിക്കുന്നതായാൽ എനിക്കു വിരോധമൊന്നുമില്ല; എന്നാൽ എൻെറ ചുമതലയിലായിരിക്കുന്നിടത്തോളം കാലം എന്തു വിലകൊടുത്തും എൻെറ കർത്തവ്യം ഞാൻ നിർവ്വഹിക്കും. "കണ്ണു

www.malankaralibrary.com

നീരിൽ വിതയ്ക്കുന്നവർ ആനന്ദത്തോടെ കൊയ്യും"(സങ്കീർത്തനം 125, 6) മററുള്ളവരായിരിക്കും കൊയ്യുക എന്നുള്ള ചിന്ത എന്നെ അലട്ടുന്നില്ല.

12 ഇക്കൊല്ലം എനിക്ക് ഒഴിവ് അധികം സിദ്ധിച്ചില്ല; വേഗം മടങ്ങേണ്ടിവന്നതുകൊണ്ടു വെക്കേഷൻ ഗുണമായില്ല. എങ്കിലും റോമയിൽ പരിശുദ്ധ പിതാവിങ്കൽനിന്നും സെക്രട്ടറി ഓഫ് സ്റ്റേറ്റിൽ നിന്നും പൗരസ്ത്യസഭകളുടെ സംഘത്തിൽനിന്നും വളരെ പ്രോത്സാഹജന്യമായ സ്വാഗതം എനിക്കു ലഭിച്ചു. ദൈവത്തിനു സ്തുതി. ഞാനർഹിക്കുന്നതിൽ കൂടുതലാണിത്. മനുഷ്യരുടെ പ്രശംസകൾക്കു വേണ്ടിയല്ല ഞാൻ പ്രവർത്തിക്കുന്നതു്. കർത്താവുതന്നെ എടുക്കാതിരിക്കയാകുന്നെങ്കിൽ (അതിനു സാദ്ധ്യതയുണ്ട്) ഞാൻ അവിടുത്തെ നാമത്തെ സ്തുതിക്കുകതന്നെ ചെയ്യും.

13 കുർബാനയിൽ കൂടുതൽ ഭക്തിതീക്ഷ്ണത തോന്നാനും ഈ ധ്യാനത്തിൻെറ ഓർമ്മയ്ക്കായും ഞാൻ നിശ്ചയിക്കുകയാണ്. തനിച്ചു വി. കുർബ്ബാന ചൊല്ലുന്ന അവസരങ്ങളിൽ വി. കുർബ്ബാനയ്ക്കുമുമ്പു ചൊല്ലാൻ നിശ്ചയിച്ചിരുന്ന അപേക്ഷകൾ ഞാൻ ചൊല്ലും. ആരെങ്കിലുമുണ്ടായിരുന്നാൽ അവർ കുറേനേരം നില്ക്കട്ടെ. ഈ പ്രാർത്ഥനകൾ ചൊല്ലിയേമതിയാവൂ. അനേകംപേർ കാത്തുനില്ക്കേണ്ടിവരുമെങ്കിൽ അവരെ അക്ഷമരാക്കാതിരിക്കാൻമാത്രം ഈ പ്രതിജ്ഞ ഒഴിവാകും. സ്നേഹപൂർവ്വകമായ വിവേകം അഭ്യസിപ്പിക്കുവാൻ ഉതകിയ എത്രയും നല്ല ഗുരു വി. ഫ്രാൻസീസ് സെയിൽസാണ്.

www.malankaralibrary.com

# 1940

## ബോസ്ഫറായിൽ തെരാപ്പിയാ എന്ന സ്ഥലത്തു സീയോനിലെ നാഥയുടെ സഹോദരിമാരുടെ വില്ലായിൽ നടത്തിയ ധ്യാനം 1940 നവംബർ 25 — ഡിസംബർ 1

1 ഇക്കൊല്ലം യുദ്ധംനിമിത്തം അയാസ്പാസായിൽ ഈശോസഭാ വൈദികരുടെ മന്ദിരത്തിൽ ധ്യാനം നടത്തുവാൻ എനിക്കു കഴിഞ്ഞില്ല.

റുമേനിയായിലെ ജാസി, ഗാലററ്സ് എന്നീ സ്ഥലങ്ങളിൽ നിന്ന് അഭയംതേടി ഓടിപ്പോന്ന സഹോദരിമാരുടെ ചാപ്ലനായിട്ടു ഞാൻ ഇവിടെ എത്തിയിരിക്കയാണ്. എനിക്കുശേഷം എന്റെ വൈദികർ ഓരോരുത്തരായി അവരുടെ ധ്യാനത്തിന് ഇവിടെ വരും. ഈ ഏകാന്തം വളരെ സുന്ദരവും ആദർശപരവുമാണ്. ഈശോ, അങ്ങേക്കു സ്തുതിയും സ്തോത്രവും.

2 അറുപതാമത്തെ വയസ്സിലെ പ്രാരംഭദിനങ്ങളായതുകൊണ്ടാണു ഞാൻ ഈ ദിവസങ്ങൾ ധ്യാനത്തിനു തിരഞ്ഞെടുത്തതു്. ഒരുത്തൻ വൃദ്ധനെന്നു സമ്മതിക്കുന്ന ഘട്ടത്തിലേക്കു ഞാൻ പ്രവേശിച്ചിരിക്കുന്നു. മെത്രാനെന്ന നിലയിൽ ഞാൻ പരിപൂർണ്ണനായിരിക്കേണ്ടതാണ്; എന്റെ വാർദ്ധക്യം പരിപൂർണ്ണത പ്രാപിക്കുവാനുള്ള കാലമായിരിക്കട്ടെ! അനുതാപത്തോടും പ്രാർത്ഥനയോടും ധ്യാനത്തോടുംകൂടെ വാർദ്ധക്യം ആരംഭിച്ചിരിക്കുന്നതു കൊള്ളാം. അതു കർത്താവിനു് ഇഷ്ടമായിരിക്കും, അതു കാരുണ്യത്തിനുള്ള ഒരഭ്യർത്ഥനയായിക്കൊള്ളും.

3 ഞാൻ സാധാരണ പതിവുവിട്ടു് "കർത്താവേ, അങ്ങയുടെ കാരുണ്യാതിരേകമനുസരിച്ചു് എന്റെമേൽ കൃപയുണ്ടാകണമേ," എന്ന അനുതാപസങ്കീർത്തനത്തിലെ നാലു വാക്യങ്ങൾ അനുദിനം ധ്യാനിക്കുകയാണു ചെയ്തതു്. വയസ്സായാലും ഈദൃശകാര്യങ്ങളിൽ ഒരു മാർഗ്ഗദർശിയുണ്ടായിരിക്കുന്നതു നല്ലതാണ്. ഞാൻ വളരെ ബഹുമാനിക്കുന്ന ഫാദർ പവോളാ സെഞ്ഞേരിയുടെ സദ്യുക്തി—മായ ഗ്രന്ഥം ഞാൻ ധ്യാനസഖിയായി സ്വീകരിച്ചു. അതിനു ദൈർഘ്യം കൂടുതലാ

www.malankaralibrary.com

ണ്. ശൈലി അലംകൃതമെങ്കിലും ഊർജ്ജസ്വലമാണ്. അതു് സദ്വിചാരങ്ങളുടേയും പ്രായോഗിക ചികിത്സകളുടേയും നിധിയാണ്. ഞാൻ ഇതു വായിച്ചു ധ്യാനിച്ചു; കുറേ കാര്യങ്ങൾ തെരഞ്ഞെടുത്തു. അവ വളരെ പ്രയോജനകരവും രസാവഹവുമാണ്. എന്റെ ഉപയോഗത്തിനു ഞാൻ അതു സൂക്ഷിച്ചുവയ്ക്കും.

4 ഈ ധ്യാനാഭ്യാസംകൊണ്ടെന്തുപ്രയോജനമുണ്ടായി? വലരെ കാര്യമായി ഒന്നും തന്നെയില്ല; അസാധാരണമായൊന്നുമില്ല, കർത്താവിന്റെ മുമ്പിൽ എന്റെ സ്ഥിതിയെന്തെന്നു മനസ്സിലായി; എന്റെ ആദർശങ്ങളും സ്പഷ്ടമായിട്ടുണ്ട്. എന്റെ വിനീത ജീവിതവും തിരുസ്സഭാസേവനവും ഞാൻ വിലയിരുത്തി. ഹ്രസ്വമായ ഈ അവസാനകാലഘട്ടത്തിന്റെ പ്രാധാന്യം അതിവർണ്ണിക്കാതെതന്നെ ചുററുമുള്ള എല്ലാ വസ്തുക്കളോടുമുള്ള ബന്ധത്തിൽ ശരിയായ വളർച്ച എനിക്കുണ്ടായിട്ടുണ്ടെന്നു തോന്നുന്നു. എന്റെ ഭാവിയെ സംബന്ധിക്കുന്ന കാര്യങ്ങളോട് എനിക്കു തീരെ അടുപ്പമില്ലാതായിട്ടുണ്ടെന്നും സൃഷ്ടവസ്തുക്കളോടുള്ള നിഷ്പക്ഷതാമനോഭാവം ഒന്നുകൂടി ശക്തിപ്പെട്ടിട്ടുണ്ടെന്നും ഞാൻ മുമ്പു വളരെയേറെ ബന്ധപ്പെട്ടിരുന്ന ആളുകളിൽ നിന്നും സ്ഥലങ്ങളിൽ നിന്നും സംരംഭങ്ങളിൽ നിന്നും തെല്ലു് അകന്നിട്ടുണ്ടെന്നും എനിക്കു തോന്നുന്നു. സംഗതികൾ മനസ്സിലാക്കാനും അനുകമ്പ പ്രദർശിപ്പിക്കാനുമുള്ള വാസനയുണ്ടായിട്ടുണ്ട്; വിചാരങ്ങളിലും തീരുമാനങ്ങളിലും കുറേക്കൂടെ പ്രശാന്തതയും ലാളിത്യവുമുണ്ട്. സംസാരത്തിലും പെരുമാററത്തിലും ഒരു ഭാവവും കാണിക്കയില്ല. ഒരു സീനിയർ വൈദികാദ്ധ്യക്ഷനു സഹജമായ ഗൗരവവും സ്നേഹപൂർവ്വകമായ അന്തസ്സും എനിക്കുണ്ടായിരിക്കണം. എവിടേയും വിജ്ഞാനവും ശ്രേഷ്ഠതയും ഔദാര്യവും പ്രകടമാകണം.

5 വൈദികമേലദ്ധ്യക്ഷനെന്ന നിലയിലുള്ള എന്റെ ചുമതലകളെപ്പററി ഒന്നുകൂടി ഞാൻ ചിന്തിച്ചു. സർവ്വോപരി എളിമയും ക്ഷമയും അഭ്യസിക്കേണ്ട കാര്യവും അന്യരെ അവ അഭ്യസിപ്പിക്കേണ്ട കാര്യവും ഞാൻ പരിശോധിച്ചു, പലപ്പോഴും ഒരു മുള്ളു എന്നിൽ തറച്ചുകയറുന്നുണ്ട്; ചിലപ്പോൾ വളരെ മൂർച്ചയോടെ അതു കയറുന്നു. വാസ്തവത്തിൽ ഞാൻ കണിശമായ തീരുമാനങ്ങളെടുക്കേണ്ടതാണ്; അങ്ങനെ ആ മുള്ളു പറിച്ചുകളയുവാൻ കഴിയും. അപ്പോൾ കൂടുതൽ മൂർച്ചയുള്ള മുള്ളിനു ഞാൻ അർഹനാകയില്ലേ? അപ്പോൾ സത്യത്തിന്റേയും കാരുണ്യത്തിന്റേയും സ്നേഹത്തിന്റേയും സ്ഥിതി എന്താകും? മനുഷ്യാത്മാക്കളോടും എന്റെ ആത്മാവോടുതന്നെയും ഇടപെടുമ്പോഴുണ്ടാകേണ്ട ക്രിസ്തീയചൈതന്യത്തിനു് എന്തുപററും?

www.malankaralibrary.com

6 ഇക്കൊല്ലം ദൈവം എൻെറ കരങ്ങളിൽ വളരെയേറെ പണം വച്ചുതന്നു. ഞാൻ ആ പണമെല്ലാം ഭാഗിച്ചുകൊടുത്തു. കുറേ ദരിദ്രക്കും കുറേ എൻെറ ആവശ്യത്തിനും കുറേ എൻെറ കുടുംബാംഗങ്ങളുടെ ആവശ്യങ്ങൾക്കുമായി മാററി വച്ചു. ബാക്കിയുള്ളതിൽ വലിയ ഒരു ഭാഗം അപ്പസ്റ്റോളിക്കഡെലിഗേഷനിലേ അററകുററപ്പണികൾക്കും കുറേ പരിശുദ്ധാത്മാവിൻെറ മന്ദിരത്തിൽ എൻെറ വൈദികക്കായുള്ള മുറികൾ നന്നാക്കാനും ഞാൻ വിനിയോഗിച്ചു. ലോകത്തിൻെറ തീരുമാനങ്ങളനുസരിച്ചു മാനുഷികവിവേകത്തിൻെറ തത്വദീക്ഷയനുസരിച്ചും ഞാൻ ഒരു വിഡ്ഢിയായിരിക്കുന്നു. ലോകത്തിൻെറ ഈ ചിന്താഗതി വൈദിക ഹൃദയങ്ങളിലും കുന്നു പററാവുന്നതുമാണു്.

വീണ്ടും ഞാൻ ദരിദ്രനായിരിക്കുന്നു. കർത്താവിനു സ്തുതി. ദൈവാനുഗ്രഹത്താൽ ഞാൻ ചെയ്തതാണു ശരിയെന്നു് എനിക്കു തോന്നുന്നു. ഭാവിയിലേ അവിടുത്തെ ഔദാര്യത്തിൽ ഞാൻ വിശ്വസിക്കുന്നു. "കൊടുക്കുക: നിനക്കു തരപ്പെടും." (ലൂക്കാ 6, 38)

7 ടർക്കിഭാഷാപഠനമോ? അറുപതാമത്തെ വയസ്സിൽ ഞാനതു് അവഗണിക്കരുതു്. നന്മനസ്സും ഓജസ്സും മതി; കൂടുതലൊന്നും വേണ്ടാ. ഈ അദ്ധ്വാനം സന്മാതൃകയായി പരിലസിക്കുന്നുണ്ടെങ്കിൽ അതു തന്നെ വലിയ ഒരു നേട്ടമാണല്ലോ.

## കുറിപ്പുകൾ

നവംബർ 25-ാംനു തിങ്കളാഴ്ച. ഇന്നലെ പരിശുദ്ധ പിതാവു പന്ത്രണ്ടാംപീയൂസു മാർപ്പാപ്പാ അഖിലലോകത്തെയും ക്ഷണിച്ചു സകല പുണ്യവാളന്മാരുടെ ലുത്തിനിയായും "കരുണയുണ്ടാകണമേ" എന്ന അനുതാപസങ്കീർത്തനവും ചൊല്ലാൻ ആവശ്യപ്പെട്ടു.

പാശ്ചാത്യരും പൗരസ്ത്യരുമെല്ലാം അദ്ദേഹത്തോടു ചേർന്നു് അവ പാടി.

ഞാൻ ഏകാന്തത്തിൽ എൻെറ ധ്യാനം കഴിക്കുകയാണു്; അതേസമയം പരിശുദ്ധ പിതാവും വത്തിക്കാനിൽ ധ്യാനിക്കുന്നു. അങ്ങനെ ഞാൻ അറുപതാം വയസ്സിലേക്കു കടക്കുകയാണു്. (1881 നവംബർ 25 – 1940 നവംബർ 25) ഞാൻ എൻെറ അനുതാപസങ്കീർത്തനത്തിലേക്കു പിന്തിരിയുന്നു. അതിലേ 20 വാക്യങ്ങളിൽനിന്നു നാലെടുത്തു് എൻെറ ധ്യാനവിഷയമാക്കും.

www.malankaralibrary.com

ഫാദർ സെഞ്ഞേരി "കരുണയുണ്ടാകണമേ" എന്ന സങ്കീർത്തനത്തിനെഴുതിയിട്ടുള്ള വ്യാഖ്യാനമാണു് എൻെറ പ്രാരംഭം. അതിൻെറ കൂടെ സ്വതന്ത്രമായ ചിന്തകളും പ്രായോഗികധ്യാനങ്ങളും.

ഈ സങ്കീർത്തനത്തിൻെറ അഗാധമായ അർത്ഥം ഗ്രഹിക്കാൻ രാജകീയ പ്രവാചകൻെറ ചിത്രം അദ്ദേഹത്തിൻെറ അനുതാപത്തിൻേറയും സങ്കടത്തിൻേറയും സാഹചര്യങ്ങൾ എൻെറ ഭാവനയിൽ ഞാൻ പിടിച്ചുനിറുത്തും. വീണതു രാജാവാണു്; എഴുന്നേല്ക്കുന്നതും രാജാവാണു്.

പ്രഥമദിനം. നവംബർ 26—ാംനു ചൊവ്വാഴ്ച,

1—ാം വാക്യം: "ദൈവമേ അങ്ങയുടെ കാരുണ്യാതിരേകമനുസരിച്ചു് എന്നോടു കൃപയുണ്ടാകണമേ."

1 രാജ്യങ്ങളുടെ വിലാപം: യൂറോപ്പിൻെറ എല്ലാവശത്തുനിന്നും അതിൻെറ അപ്പുറത്തുനിന്നും ഈ കരച്ചിൽ എൻെറ ചെവിയിൽ പതിയുന്നു. മനുഷ്യ സമുദായത്തെ നിയന്ത്രിക്കുന്ന വിശുദ്ധ നിയമങ്ങൾ ലംഘിക്കപ്പെട്ടിരിക്കുന്നതിനാൽ കൊലയാളിയായ യുദ്ധം കരയിലും കടലിലും വായുവിലും നടമാടുന്നു. ഈ രാജ്യത്തേയും ആ രാജ്യത്തേയും മുറിവുകൂടാതെ സംരക്ഷിക്കാനും അന്തിമവിജയം നല്കാനും കടപ്പെട്ടിരിക്കുന്നുവെന്നും ചിലർ പറഞ്ഞിട്ടുണ്ടു്, ചിലർ പറയുന്നുമുണ്ടു്; എന്തുകൊണ്ടെന്നാൽ അവിടത്തെ നിവാസികൾ നല്ലവരാണത്രേ, നന്മചെയ്യുന്നുത്രേ. ദൈവമാണു രാജ്യങ്ങളുടെ സ്രഷ്ടാവെങ്കിലും അവയുടെ ഭരണഘടന അതാതു രാജ്യത്തിൻെറ ഇഷ്ടത്തിനു വിട്ടുകൊടുത്തിരിക്കയാണെന്നുള്ള കാര്യം നാം വിസ്മരിച്ചുകളയുന്നു. മനുഷ്യസമുദായത്തെ ഭരിക്കുന്ന നിയമങ്ങൾ അവിടുന്നു് എല്ലാവർക്കും വെളിപ്പെടുത്തിക്കൊടുത്തിട്ടുണ്ടു്. അവ സുവിശേഷത്തിൽ കാണാം. എന്നാൽ വിശ്വാസികളുടെ സമൂഹമായ തിരുസ്സഭയ്ക്കല്ലാതെ മററാർക്കും പ്രത്യേക സഹായം അവിടുന്നു വാഗ്ദാനം ചെയ്തിട്ടില്ല. തിരുസ്സഭയ്ക്കുതന്നെ നല്കുന്ന സഹായവും തെററുകളിൽനിന്നു് അവളെ രക്ഷിക്കുമെങ്കിലും പരീക്ഷണങ്ങളിൽ നിന്നും മർദ്ദനങ്ങളിൽനിന്നും വിമുക്തമാക്കുന്നില്ല.

മനുഷ്യാത്മാക്കൾക്കെന്നപോലെ രാജ്യങ്ങൾക്കും നീതിയുടേയും സമാധാനത്തിൻേറയും നിയമങ്ങളുണ്ടു്. ധനത്തിനും ആനന്ദങ്ങൾക്കും ലൗകികാധികാരങ്ങൾക്കും പരിധികളുണ്ടു്. ഈ നിയമങ്ങൾ ലംഘിക്കപ്പെടുമ്പോൾ ഭയങ്കര ശിക്ഷ താനേവരുന്നു. ഒരു രാഷ്ട്രത്തിനും ഒഴിവില്ല.

www.malankaralibrary.com

ഓരോന്നിനും അതാതിന്റെ കാലമുണ്ട്, യുദ്ധമാണ് ഭയങ്കര ശിക്ഷകളിലൊന്ന്. ദൈവമല്ല യുദ്ധം വേണമെന്നു വച്ചുന്നതു്; രാജ്യങ്ങളും ജനങ്ങളും തങ്ങളുടെ പ്രതിനിധികൾ വഴി യുദ്ധം ആവശ്യപ്പെടുകയാണ്. ഭൂകമ്പവും പ്രളയവും പഞ്ഞവും മാരിയും പ്രകൃതിനിയമങ്ങളുടെ പ്രയോഗമാണ്. ഈ നിയമങ്ങൾ അന്ധമാണ്. കാരണം പ്രകൃതിക്കു ബുദ്ധിയോ സ്വാതന്ത്ര്യമോ ഇല്ല. പരിശുദ്ധമായ നിയമങ്ങൾക്കെതിരായി മനുഷ്യർ ആവശ്യപ്പെടുന്നതാണു യുദ്ധം. അതുകൊണ്ടാണ് അതു് ഇത്ര വലിയ നാശമാകുന്നതു്. യുദ്ധത്തിനു പ്രചോദനം നല്കുന്നതു് ഈ ലോകത്തിന്റെ രാജകുമാരനാണ്. സമാധാനരാജനായ ക്രിസ്തുവിനോടു് അവനു് ഒരു ബന്ധവുമില്ല.

യുദ്ധം കൊടുമ്പിരിക്കൊള്ളുമ്പോൾ ജനങ്ങൾ "കരുണയുണ്ടാകണമേ" എന്നു് അപേക്ഷിക്കുകയേ നിവൃത്തിയുള്ളൂ; കാരുണ്യത്തിനു് അവിടുത്തെ നീതിയേക്കാൾ കൂടുതൽ തൂക്കമുണ്ടാകണം. ദൈവത്തിന്റെ കൃപാവരം ലോകത്തിലേ മഹാരഥന്മാരുടെ ബോധത്തെ ഇളക്കി സമാധാനത്തിനു പ്രചോദനം നല്കണമേ.

2 എന്റെ ആത്മാവിന്റെ വിലാപം. പ്രപഞ്ചത്തിൽ വലിയതോതിൽ നടക്കുന്നതെല്ലാം ചെറിയതോതിൽ ഓരോ വ്യക്തിയുടേയും ആത്മാവിൽ നടക്കുന്നു; എന്റെ ആത്മാവിലും സംഭവിക്കുന്നു. നാശം എന്നെ വിഴുങ്ങാതിരിക്കുന്നതു ദൈവത്തിന്റെ കൃപാവരത്താലാണ്. ചില പാപങ്ങൾ പ്രത്യേകതരമാണ്! ദാവീദിന്റെ പാപം, വി. പത്രോസിന്റേയും ആഗുസ്തിനോസിന്റേയും പാപങ്ങൾ. ദൈവകരം എന്നെ പിടിച്ചുനിറുത്തിയില്ലായിരുന്നെങ്കിൽ ഞാൻ എന്തുതന്നെ ചെയ്യുകയില്ലായിരുന്നു? ചെറിയകുററങ്ങൾക്കു് എത്രയും മഹാവിശുദ്ധന്മാർ ദീർഘവും കഠിനവുമായ പ്രായശ്ചിത്തം ചെയ്തു. അതുപോലെതന്നെ പലരും നമ്മുടെ കാലത്തു പരിഹാരം ചെയ്വാൻ മാത്രം ജീവിച്ചു. ചില ആത്മാക്കളുടെ ജീവിതം അവരവരുടെ പാപങ്ങളുടേയും ലോകത്തിന്റെ പാപങ്ങളുടേയും പരിഹാരത്തിനു മാത്രമാണ്. ഞാൻ എന്റെ ജീവിതകാലം മുഴുവനും പാപിയായിരുന്നു. ആകയാൽ ഞാൻ എന്റെ സമയം വിലാപത്തിൽ കഴിക്കേണ്ടയോ? കർദ്ദിനാൾ ഫ്രെഡറിക്കോയുടെ മറുപടി ഉത്തേജകവും ഉജ്ജ്വലവുമാണ്. „പ്രശംസകൾ ഞാൻ ആവശ്യപ്പെട്ടില്ല; അവ എന്നെ വിറപ്പിക്കുന്നു. എന്നെപ്പററി എനിക്കു് അറിയാവുന്നതു് എന്നെ പരിഭ്രമിപ്പിക്കുന്നു."

മററുള്ളവരോടു് എന്നെ താരതമ്യപ്പെടുത്തി ഞാൻ ആശ്വാസം തേടുന്നില്ല. എന്റെ പാപങ്ങളെപ്രതി, "കരുണയുണ്ടാകണമേ" എന്നു

www.malankaralibrary.com

പ്രാത്ഥന എൻെറ സ്വന്തമാകണം. ഞാൻ ഒരു വൈദികനും മെത്രാനുമാണ്; തന്നിമിത്തം പാപമോചനത്തിനും പാപികളുടെ മാനസാന്തരത്തിനുംവേണ്ടി ഞാൻ എന്നെത്തന്നെ പ്രതിഷ്ഠിച്ചിരിക്കുകയാണ്. ഈ ചിന്ത എൻെറ സന്താപത്തിനും, അനുതാപത്തിനും, കണ്ണീരിനും മാററു വർദ്ധിപ്പിക്കുമെന്നാണ വി. ഇഗ്നേഷ്യസ് പറയുന്നത്. ഈ ചമ്മട്ടിയടികളുടേയും നിലത്തോ ചാരത്തിലോ കിടന്നു മരിക്കുന്നതിൻേറയും സാരമെന്താണ്? കാരുണ്യത്തിനുവേണ്ടിയുള്ള ആത്മാവിന്റെ അനുസ്യൂതമായ പ്രാത്ഥനയാണത്; തങ്ങളുടെയും ലോകത്തിൻെറയും പാപങ്ങൾക്കു ബലിവസ്തുവാകാനുള്ള ആഗ്രഹമാണ് അവർ പ്രകടിപ്പിക്കുന്നത്.

3 മഹാകാരുണ്യം: സാധാരണമായ കാരുണ്യം ഇവിടെ മതിയാകയില്ല. സാമുദായികവും വ്യക്തിപരവുമായ ദുഷ്ടത വളരെ ഗുരുതരമാണ്; തന്നിമിത്തം പാപമോചനത്തിനു സാധാരണമായ സ്നേഹപ്രകടനം അപര്യാപ്തമായിരിക്കും. ആകയാൽ ദൈവത്തിന്റെ മഹാകാരുണ്യത്തിനായി നാം അപേക്ഷിക്കുന്നു. കാരുണ്യം ദൈവത്തിൻെറ മഹത്വത്തിന് അനുപാതകമാണ്. "അവിടുത്തെ പ്രതാപത്തോടൊക്കും അവിടുത്തെ കാരുണ്യം." (പ്രഭാ. 2, 23) നമ്മുടെ പാപങ്ങളാണ ദൈവത്തിൻെറ കാരുണ്യത്തിനു നിദാനമെന്നുകൂടി പറയാം. ദൈവത്തിൻെറ എത്രയും സുന്ദരമായ സ്ഥാനനാമം കാരുണ്യമാണെന്നുള്ളത് എത്രയും മനോഹരമായൊരു പ്രസ്താവനയാണ്. കണ്ണുനീരിൻെറ ഇടയിൽ ഇതു നമുക്കു പ്രത്യാശനല്കുന്നു. "കാരുണ്യം നീതിയുടെമേൽ വിജയംവരിക്കുന്നു." (യാക്കോ. 2, 13) ഇത് അമിതമായ പ്രത്യാശയായിരിക്കും. എന്നാൽ പരിത്രാണരഹസ്യം കരുണയെ ആശ്രയിച്ചിരിക്കുന്നെങ്കിൽ ഇതു അമിതപ്രത്യാശയെന്നും മററും പറയേണ്ടതില്ല. രക്ഷയും അതിൻെറ മുൻനിർണ്ണയവും കാരുണ്യത്തിൻെറ ഫലമാണ്. "ദൈവമേ, അങ്ങയുടെ മഹാകാരുണ്യമനുസരിച്ച് എൻെറമേൽ കൃപയുണ്ടാകണമേ."

വാക്യം 2: അങ്ങയുടെ കൃപാധികൃത്താൽ എൻെറ അകൃത്യങ്ങളെ മായിച്ചുകളയണമേ. ദൈവം കൃപാലുവും കാരുണ്യവാനുമാണ്. അവിടുത്തെ കാരുണ്യം ഹൃദയവികാരംമാത്രമല്ല ദാനങ്ങളുടെ ആധിക്യമായിരിക്കും.

പാപമോചനത്തോടുകൂടി ഒരു പാപിയുടെമേൽ എത്രമാത്രം അനുഗ്രഹങ്ങൾ ചിന്തപ്പെടുന്നുവെന്നു കാണുമ്പോൾ നാം ലജ്ജിക്കും. നമ്മുടെ പാപമോചനം, പുത്രനിലേക്കോ സ്നേഹിതനിലേക്കോ എന്നതുപോലെ ശുദ്ധീകരണവരപ്രസാദത്തിൻെറ പ്രവാഹം; കൃപാവരത്തോട

www.malankaralibrary.com

ചേൎന്നുനില്ക്കുന്ന ശീലങ്ങളുടേയും പുണ്യങ്ങളുടേയും നവോത്ഥാനം, നമ്മുടെ പാപത്തിനുമുമ്പുണ്ടായ യോഗ്യതയുടെ പുനർപ്രാപ്തി, ഈ പാപമോചനംവഴി ആത്മാവിലുണ്ടായിരുന്ന കൃപാവരത്തിന്റെ വൎദ്ധന, സൂൎയ്യൻ ഉയൎന്നുവരുമ്പോൾ രശ്മികൾ വൎദ്ധിക്കുന്നതുപോലെയും ഉറവകവിഞ്ഞൊഴുകുമ്പോൾ നദികൾ വീതിവയ്ക്കുന്നതുപോലെയും കൃപാവരത്തിന്റെ വർദ്ധനയോടൊപ്പമുണ്ടാകുന്ന മറ്റു ദാനങ്ങളുടെ വൎദ്ധന, ഇവയെല്ലാമാണു നമ്മിൽ ചിന്തപ്പെടുന്ന അനുഗ്രഹങ്ങൾ.

വാക്യം 3: എന്റെ കുറ്റങ്ങൾ എന്നിൽനിന്നു നിശ്ശേഷം നീക്കിക്കളയണമേ, എന്റെ പാപത്തിൽനിന്നു് എന്നെ കഴുകിവെടിപ്പാക്കണമേ. എന്റെ കുമ്പസാരം.

മൂന്നു ക്രിയകൾ: മായിച്ചുകളയുക, കഴുകുക, വെടിപ്പാക്കുക. ആദ്യം അകൃത്യം മായിച്ചുകളയണം, പിന്നെ കഴുകണം, അതായതു പാപത്തോടുള്ള എല്ലാ വാസനകളും ഇല്ലാതാക്കണം, അവസാനം വെടിപ്പാക്കണം: അതായതു പാപത്തോടു ഭയങ്കരമായ വെറുപ്പുണ്ടായിരിക്കുക, പാപത്തിനു വിരുദ്ധമായി എളിമയും ശാന്തതയും ആശാനിഗ്രഹവും പാപത്തിന്റെ വൈവിധ്യമനുസരിച്ചു് അനുഷ്ഠിക്കുക. ഈ മൂന്നു പ്രവൃത്തികൾ ഒന്നിനുപുറകെ ഒന്നായിവരുന്നു; എന്നാൽ ആദ്യത്തെ പ്രവൃത്തി ദൈവത്തിന്റേതാണു്. കഴുകുകയും വെടിപ്പാക്കുകയും എന്ന രണ്ടും മൂന്നും ജോലികൾ ദൈവവും ആത്മാവുംകൂടി സഹകരിച്ചുചെയ്യേണ്ടതാണു്. സാധുപാപികളായ നമുക്കു നമ്മുടെ ജോലി ചെയ്യാം. നമുക്കു് അനുതപിക്കാം; ദൈവസഹായത്തോടുകൂടെ നമുക്കു നമ്മളെ കഴുകുകയും വെടിപ്പാക്കുകയും ചെയ്യാം. മായിച്ചുകളയുക എന്ന ആദ്യത്തെ ജോലി കൎത്താവു ചെയ്യുമെന്നുള്ളതു തീൎച്ചയാണു്. അതു തൽക്ഷണംതന്നെ നടക്കും. സംശയംകൂടാതെ നാം അതു വിശ്വസിക്കണം. "പാപമോചനത്തിൽ ഞാൻ വിശ്വസിക്കുന്നു." നമ്മുടെ സഹകരണം ആവശ്യമുള്ള രണ്ടു പ്രവൃത്തികൾക്കു പരിശ്രമവും സമയവും വേണ്ടിവരും. അക്കാൎയ്യത്തിൽ പുരോഗതിക്കു സ്ഥാനമുണ്ടു്. തന്നിമിത്തം "എന്നെ കൂടുതലായി കഴുകണമേ......വെടിപ്പാക്കേണമേ" എന്നു് അപേക്ഷിക്കുന്നു.

നമ്മുടെ വിശുദ്ധീകരണം രഹസ്യമാംവിധം കുമ്പസാരമെന്ന കൂദാശയിൽ നിൎവ്വഹിക്കപ്പെടുന്നു. ക്രിസ്തുവിന്റെ രക്തം ഇടപെട്ടു നമ്മളെ കഴുകിവെടിപ്പാക്കുന്നു. ദിവ്യരക്തത്തിന്റെ ശക്തി ആത്മാവിൽ പ്രവൎത്തിച്ചുകൊണ്ടിരിക്കും; ഓരോ കുമ്പസാരത്തിലും അതിന്റെ പ്രവർത്തനം കൂടുതൽ കൂടുതൽ പ്രബലമാകും; കൂടുതൽ നിർമ്മലമാകും.

www.malankaralibrary.com

ആകയാൽ കുമ്പസാരത്തിൻെറ പ്രാധാന്യം സുവിദിതമാണ്. ആദ്ധ്യാത്മികജോലിയിലേപ്പെട്ടിരിക്കുന്ന വൈദികർക്കും മെത്രാന്മാർക്കും അടുത്തടുത്തുള്ള കുമ്പസാരം എത്രകണ്ടു കൂടുതൽ പ്രധാനം! പ്രതിവാരപാപസങ്കീർത്തനം ഭക്തിരഹിതവും വെറും കഴക്കവുമായിത്തീരുക എത്ര എളുപ്പം! ഈ അമൂല്യാഭ്യാസത്തിൽനിന്നു ഫലമെടുക്കാനുള്ള മാർഗ്ഗം ഇതാ: ക്രിസ്തുവിനെപ്പററി ചിന്തിക്കുക. അവിടുന്നു പൗലോസ്ലീഹാ പറയുന്നതുപോലെ "നമ്മുടെ വിജ്ഞാനവും, ഭീതിയും, വിശുദ്ധീകരണവും, രക്ഷയു"മായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. (1 കൊറി. 1, 30)

തന്നിമിത്തം ഞാൻ കുമ്പസാരിക്കുമ്പോൾ ഈശോയോട് എൻെറ വിജ്ഞാനമാകാൻ ആദ്യമായി അപേക്ഷിക്കണം. എൻെറ പാപങ്ങളെ ശാന്തമായും വിശദമായും കണിശമായും പരിശോധിച്ച് അവയെക്കുറിച്ചു മനസ്തപിക്കുവാനുള്ള സഹായമാണാവശ്യം. രണ്ടാമതായി അവിടുന്നു നമ്മുടെ നീതിയാണ്. ആകയാൽ ഞാൻ എൻെറ പാപങ്ങളെ ന്യായാധിപനായ കുമ്പസാരക്കാരനെ അറിയിക്കുകയും എൻെറ തെററുകളെപ്രതി ആത്മാർത്ഥതയോടുകൂടെ ഞാൻ എന്നെത്തന്നെ കുററപ്പെടുത്തുകയുംവേണം. വൈദികൻെറ കരങ്ങൾകൊണ്ടു പാപമോചനം നല്കുമ്പോൾ ഞാൻ തല കുനിക്കുന്നു. അപ്പോൾ ഈശോ എൻെറ വിശുദ്ധീകരണമാകുന്നു. പാപമോചനത്താൽ ശുദ്ധീകരണവരപ്രസാദം പുനരുദ്ധരിക്കപ്പെടുകയും വർദ്ധിക്കുകയും ചെയ്യുന്നു. അവസാനം ഞാൻ അർഹിക്കുന്ന മഹാശിക്ഷയ്ക്കു പകരം ലഘുവായ ഒരു പ്രായശ്ചിത്തംമാത്രം ലഭിക്കുന്നു. അപ്പോൾ ഈശോ എനിക്കു രക്ഷയാവുകയാണ്. പ്രായശ്ചിത്തം ലഘുവാണെങ്കിലും പരിഹാരം മഹത്താണ്; കാരണം അതു ക്രിസ്തുവിൻെറ രക്തത്തോടു കൂദാശവഴി ബന്ധപ്പെട്ടിരിക്കുന്നു. ആ തിരുരക്തം നമുക്കുവേണ്ടി മാദ്ധ്യസ്ഥ്യംവഹിക്കുന്നു, പരിഹാരം ചെയ്യുന്നു, എന്നെ കഴുകുന്നു, വെടിപ്പാക്കുകയും ചെയ്യുന്നു.

"എന്നെ കൂടുതൽ കഴുകണമേ", എന്നതായിരിക്കണം സാധാരണ കുമ്പസാരത്തിലെ എൻെറ മുദ്രാവാക്യം. എൻെറ ആദ്ധ്യാത്മിക പുരോഗമനം നിർണ്ണയിക്കുവാനുള്ള മാനദണ്ഡം ഈ കുമ്പസാരങ്ങളാണ്.

വാക്യം 4. എൻെറ അകൃത്യങ്ങൾ ഞാനറിയുന്നു; എൻെറ പാപം സദാ എൻെറ മുമ്പിലുണ്ട്.

സാത്വികസന്ധവും ഉത്തമവുമായ ജീവിതത്തിന് അടിസ്ഥാനമായിരുന്ന പ്രാചീന താത്വികരുടെ, "നീ നിന്നെത്തന്നെ ഗ്രഹിക്കുക" എന്ന ഉപദേശം. മഹാന്മാരുടെ പ്രധാന ഗുണവിശേഷമായ എളിമയ്ക്ക്

www.malankaralibrary.com

ഇതു തികച്ചും യോഗ്യമായ ഒരഭ്യാസമായിരുന്നു. ഒരു ക്രിസ്ത്യാനിയും ഒരു വൈദികനും താൻ പാപിയാണെന്നുള്ള കാരണത്താൽ നിരാശപ്പെടേണ്ടതില്ല; നമ്മളോട്ട ക്ഷമിക്കുകയും നമ്മളെ രക്ഷിക്കുകയും ചെയ്ത ഈശോയിൽ കൂടുതലായിട്ട ശരണം വയ്ക്കണമെന്നു സാരം. സഹോദരരോടും എല്ലാ മനുഷ്യാത്മാക്കളോടും ശരിയായ ബഹുമാനം വേണമെന്നു മനസ്സിലാക്കിക്കൊള്ളണം. നമ്മുടെ നേട്ടങ്ങളെപ്പററി അഹങ്കരിക്കാതിരിക്കുന്നതിനു "ഞാൻ പാപിയാണെന്നുള്ളബോധം" ഉപകരിക്കും. അനുതാപിയുടെ അറയിൽ, അഥവാ നമ്മുടെ ഹൃദയത്തിൻെറ അഗാധങ്ങളിൽ നാം വസിക്കുകയാണെങ്കിലും പാപിയെന്ന ബോധം തന്നെത്തന്നെ മനസ്സിലാക്കിയിരിക്കുന്ന ആത്മാവിന് അഭയമായിരിക്കും. അപ്പോൾ ആത്മാവു സ്വന്തം പ്രവൎത്തനങ്ങളിലും തീരുമാനങ്ങളിലും പ്രശാന്തമായിരിക്കുന്നതാണ്. ആത്മാക്കൾക്കുവേണ്ടിയുള്ള തീക്ഷ്ണതയെ എരിയിച്ചുകൊണ്ടിരിക്കുന്ന അഗ്നി അവിടെ ഉജ്ജ്വലമായി എരിയും. ശുദ്ധനിയോഗം പ്രകടമാകും. വിജയത്തെപ്പററിയുള്ള ഉൽക്കണ്ഠയിൽനിന്നു മനസ്സു സ്വതന്ത്രമായിരിക്കും. വിജയം നമ്മുടെ പ്രേഷിതവേലയുടെ ഒരംശമല്ലല്ലോ.

"നീയാണ് ആ മനുഷ്യൻ" (2രാജാ 12, 7) എന്ന പ്രവാചകൻെറ ശാസനം ദാവീദിനെ ഇളക്കേണ്ടതായിവന്നു. എന്നാൽ ആ നിമിഷം മുതൽ പാപം അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ സദാ ഉണ്ട്, അതു് ഒരു നിരന്തരോപദേശമായിത്തീൎന്നു. "എൻെറ പാപം സദാ എൻെറ മുമ്പിലുണ്ട്."

ഓരോ പാപത്തിൻേറയും തനിരൂപം ഓൎത്തിരിക്കേണ്ട ആവശ്യമില്ലെന്നു ഫാദർ സെഞ്ഞേരി പറയുന്നുണ്ട്. അങ്ങനെ ചെയ്യുന്നതു പ്രയോജനകരമല്ല; ഫലദായകവുമല്ല. എങ്കിലും പൂൎവ്വപരാജയങ്ങളുടെ ഓൎമ്മ ഭാവിയിൽ സൂക്ഷിക്കാൻ ഒരു പ്രേരണയാണ്; ആത്മാക്കൾക്കുവേണ്ടി പരിശുദ്ധ തീക്ഷ്ണതയോടെ പ്രവൎത്തിക്കുവാൻ ഉത്തേജനവുമാണ്. പാപത്തേയും പാപികളേയും പററിയുള്ള ഓൎമ്മ തിരുകൎമ്മങ്ങളിൽ ആവൎത്തിച്ചാവൎത്തിച്ചു കാണാം. ലത്തീൻ തിരുകൎമ്മങ്ങളിലെന്നിയേ കൂടുതൽ പ്രകടമാണ് ഇക്കാൎയ്യം പൌരസ്ത്യതിരുകൎമ്മങ്ങളിൽ. രണ്ടിലും നന്നായിട്ട് ഇക്കാൎയ്യം പ്രസ്താവിച്ചിട്ടുണ്ട്. ഗെത്ത്സെമിൻ തോട്ടത്തിലെ പീഡാനുഭവമദ്ധ്യേ മനുഷ്യരുടെ പാപങ്ങൾ ഈശോയുടെ മുമ്പിലെന്നപോലെയും പരമാദ്ധ്യക്ഷനെന്ന നിലയിൽ അധികാരത്തിൻെറ ഉച്ചിയിലിരിക്കുമ്പോൾ വി. പത്രോസിൻെറ മുമ്പിലെന്നപോലെയും പ്രേഷിതപ്രയാണത്തിനിടയിൽ വി. പൗലോസിൻെറ മുമ്പിലെന്നപോലെയും മഹാപാണ്ഡിത്യത്തിൻേറയും ഒരു മെത്രാനുണ്ടായിരിക്കേണ്ട വി

www.malankaralibrary.com

ശുദ്ധിയുടേയും ഇടയ്ക്കു വി. ആഗസ്തീനോസിൻെറ മുമ്പിലെന്നപോലെ യും,"എൻെറ പാപം സദാ എൻെറ മുമ്പിലുണ്ടു്."

തങ്ങളുടെ മുമ്പാകെ പാപത്തെ കാണുന്നതിനു പകരം അവയെ പിറകിൽ മറച്ചുവയ്ക്കുന്ന നിർഭാഗ്യവാന്മാരോടെനിക്കു് അനുകമ്പയൊന്നുമില്ല. അവർ പൂർവ്വപാപങ്ങളിൽ നിന്നോ ഭാവിപാപങ്ങളിൽ നിന്നോ വിമുക്തരായിരിക്കയില്ല.

രണ്ടാം ദിവസം- നവംബർ 27-ാംനു- ബുധനാഴ്ച.

വാക്യം 5: കർത്താവേ, അങ്ങേക്കെതിരായിത്തന്നെ ഞാൻ പാപം ചെയ്തു. അങ്ങയുടെ സന്നിധിയിൽ തിന്മയായുള്ളതു ഞാൻ ചെയ്തുപോയി. അങ്ങയുടെ വിധി നീതിയുക്തമാണു്. എന്നെ ശാസിക്കുമ്പോൾ അങ്ങു തികച്ചും നീതിമാൻതന്നെ.

പാപം ദൈവത്തിനെതിരായ ദ്രോഹമാണു്; തന്നിമിത്തം ഗുരുതരമായ ഒരു കുററമാണു്. ശേഷമെല്ലാം അപ്രധാനമാണു്. ബലാൽസംഗത്തിനു വിധേയയായ ഭാര്യയും ഭർത്തൃവധവും ദൈവത്തോടു ചെയ്യപ്പെടുന്ന ദ്രോഹത്തോടു താരതമ്യപ്പെടുത്തുമ്പോൾ നിസ്സാരമാണു്, ഇങ്ങനെയാണു ദാവീദു മനസ്സിലാക്കിയതു്; അങ്ങനെയാണു നാമും മനസ്സിലാക്കേണ്ടതു്. ഈ ലോകം എത്ര വ്യത്യസ്തമായിട്ടാണു ചിന്തിക്കുന്നതു്! ജനങ്ങൾ ദുഃഖിക്കുന്നതു ദൈവത്തെ ദ്രോഹിക്കുമ്പോഴല്ല അപമാനമോ, നിന്ദയോ, നഷ്ടമോ ഉണ്ടാകുമ്പോഴത്രേ;

വിശുദ്ധർ അങ്ങനെയല്ല കരുതിയിരുന്നതു്. "ഞാൻ അപേക്ഷിച്ചു; കർത്താവേ, എൻെറമേൽ കൃപയുണ്ടാകണമേ, അങ്ങേക്കെതിരായി പാപംചെയ്ത എന്നെ അങ്ങു സുഖപ്പെടുത്തണമേ," (സങ്കീ. 40, 4)

"ഞാൻ അങ്ങയുടെ സന്നിധിയിൽ കുററം ചെയ്തു." എന്നുള്ളതാണു വേറൊരു ചിന്ത. അയൽക്കാരനോ എനിക്കുതന്നെയോ എതിരായി ചെയ്യുന്ന പാപം ദൈവത്തിൻെറ പരിശുദ്ധ നിയമത്തെ ലംഘിക്കുകയാണു്. ദൈവത്തിൻെറ തിരുമുമ്പാകെ ചെയ്തതായതുകൊണ്ടു് അതു കൂടുതൽ ഗുരുതരമാണു്. നമ്മുടെ അമ്മാമ്മമാർ ചിത്രത്തയ്യലു നടത്തുമ്പോൾ, "ദൈവം എന്നെ കാണുന്നു"വെന്നു തയ്ച്ചുചേർക്കാറുണ്ടു്. അതു നമ്മുടെ ഭവനങ്ങളുടെ പഴയ ഭിത്തികളിൽ ഇപ്പോഴും തൂങ്ങിക്കിടക്കുന്നുണ്ടാകും. നമ്മുടെ പെരുമാററത്തിനു ഭംഗിവരുത്താൻ പററിയ ഒരു നല്ല ഉദ്ബോധനമാണിതിലുള്ളതു്. ദൈവം സർവ്വവ്യാപിയാണെന്നുള്ളതും അവിടുന്നു രഹസ്യതാവളങ്ങൾകൂടി ദർശിച്ചുകൊണ്ടിരിക്കുന്നുവെന്നതും എത്രയും അഗാധമായ ഒരു സത്യമാണു്, ഈ സത്യത്തെ

www.malankaralibrary.com

പ്പററി ഒരു മഹാതാപസഗ്രന്ഥംതന്നെ എഴുതാവുന്നതത്രെ. സ്ഫടികം പോലെ നിർമ്മലവും ശുദ്ധജലംപോലെ ശുദ്ധവുമായ ആത്മാക്കളുടെ നിർമ്മലസൌന്ദര്യം പ്രസ്തുത സത്യത്തിൽനിന്നുളവാകുന്നു. അവർ അന്യരോടോ തങ്ങളോടുതന്നെയോ പരമാർത്ഥതകൂടാതെ വ്യാപരിക്കുകയില്ല. മഹാമൗഢ്യമാണെങ്കിലും നമ്മൾ പലപ്പോഴും നമ്മോടുതന്നെ ആത്മാർത്ഥതയില്ലാതെ പ്രവർത്തിക്കുന്നു. "നീതിമാൻെറ നിഷ്കപടത നിന്ദിതമാകുന്നു" എന്നുള്ള മഹാനായ വി. ഗ്രിഗരിയുടെ അഭിപ്രായം എത്ര വാസ്തവം!

വാക്യം 6: ഇതാ അകൃത്യത്തിൽ ഞാൻ ജനിച്ചു; പാപത്തിൽ എൻെറ അമ്മ എന്നെ ഗർഭംധരിച്ചു.

ഇതു് ഒരു ഒഴിവുകഴിവായിത്തോന്നും; അതു സ്വന്തം ബലഹീനതയുടെ പ്രഖ്യാപനമാണു്. ദാവീദ് ഉത്ഭവപാപത്തിൻെറ നിയമത്തെ സൂചിപ്പിക്കുന്നു. വി. പൗലോസ് അതിനെപ്പററി സംസാരിക്കുന്നു. 'സ്വാഭാവികദുർബ്ബലത' എന്നു ദൈവശാസ്ത്രജ്ഞന്മാർ പറയുന്നു. ആത്മാവിൻെറ നിയമത്തിനെതിരായി ശരീരത്തിൽക്കാണുന്ന ഒരു നിയമമാണതു്. സ്വയം നീതീകരിക്കാനോ തിന്മ മറച്ചുവയ്ക്കാനോ അല്ല അദ്ദേഹം അതു് അനുസ്മരിപ്പിച്ചതു്.

നീചത്വം നമ്മിൽത്തന്നെയാണെന്നു നാം സമ്മതിച്ചേ മതിയാവൂ. പ്രലോഭനം പുറമേനിന്നു വരുന്നു; എതിർത്തു നില്ക്കാനുള്ള കൃപാവരം നമുക്കുണ്ടു്. അതു പ്രലോഭനത്തേക്കാൾ ശക്തിമത്താണു്. പിശാചുക്കൾ! എന്തു പിശാചുക്കൾ! അപ്പൊള്ളിനാരിസ്സിൽ കൃപാവരത്തെപ്പററി അധ്യാപനം നടത്തിയിരുന്ന പ്രൊഫസർ താബരെല്ലി പറയുന്നു: "നമ്മളാണു പിശാചുക്കൾ. നമ്മളാണു ചുമതലപ്പെട്ടവർ!" ദാവീദിനെപ്പററി വി. ആഗുസ്തീനോസു പറയുന്നു: സ്ത്രീ അകലെ ആയിരുന്നപ്പോൾ, മനുഷ്യൻെറ ആഗ്രഹം സമീപസ്ഥമായിരുന്നു. കാണാനാഗ്രഹിച്ചതും അദ്ദേഹത്തിൻ്റെ പാപത്തിനുള്ള കാരണവും വേറെ എങ്ങോ ആയിരുന്നു."

നമ്മുടെ ദുർബ്ബലതയെപ്പററിയുള്ള ബോധം നമ്മുടെ ആത്മാവിൻെറ ഭിഷഗ്വരനായിരിക്കണം; അന്യരെ പ്രോത്സാഹിപ്പിക്കാനും അവരോടു് അനുകമ്പ പ്രദർശിപ്പിക്കാനും അവരെ കൈത്താങ്ങിയേല്പിക്കുവാനും കാരണമായിത്തീരണം; അല്ലാതെ നമ്മളെ നീതീകരിക്കാൻ അതിനെ ആലംബമാക്കരുതു്.

www.malankaralibrary.com

പ്രകൃതിയെ തടഞ്ഞു നിറുത്താൻ നമ്മൾക്കു നല്കിയിരിക്കുന്ന പ്രസാദവരത്തെ സംരക്ഷിക്കുവാൻ നമുക്കു ഗുരുതരമായ ചുമതലയുണ്ടു്. നമ്മുടെ ബലഹീനപ്രകൃതിയിൽ അതിമോഹം, അഹങ്കാരം, കൊതി, അക്ഷമ, അസൂയ, അത്യാഗ്രഹം, അലസത, അശ്രദ്ധ എന്നിവയിലേക്കു ള്ള ചാച്ചിലുകൾ ഒളിഞ്ഞു കിടക്കുന്നുണ്ടു്. സെഞ്ഞേരി പറയുന്നതു പോലെ, ഇവ നമ്മുടെ ഉള്ളിൽ സ്ഥിതിചെയ്യുന്ന വന്യമൃഗങ്ങളും, ചെന്നായ്ക്കളും, കരടിയും, കട്ടവായും, സിംഹവും, പുള്ളിപ്പുലിയുമാണു്. ഇരുമ്പുവാതിലടഞ്ഞു കിടക്കുകയാണെങ്കിൽ, അവയ്ക്കു നമ്മളെ ഉപദ്രവിക്കുവാൻ കഴിയുകയില്ല. പ്രസാദവരം അവയെ അടച്ചിട്ടിരിക്കുന്നതുകൊണ്ടു് അവ അട്ടത്തെങ്ങുമില്ലാത്തതുപോലെയാണിരിപ്പു്. വാതിൽ തുറന്നുകഴിഞ്ഞാൽ അവ ഇരയുടെ നേരെ പാഞ്ഞെത്തും. "ഉറപ്പുള്ള ഒരു നഗരം നമുക്കുണ്ടു്; നമ്മളെ രക്ഷിക്കാൻ അതിൽ കോട്ടകളും ഭിത്തികളും സ്ഥാപിതമായിരിക്കുന്നു." (ഇസ 26, 1)ബാഹ്യവും ആന്തരികവുമായ കൃപാവരമാകുന്നകോട്ടയും ഭിത്തിയും തകർന്നാൽ അതു് ഒരുക്രിസ്ത്യാനിക്കു്, ഒരു സാധുപുരോഹിതനു് എത്രവലിയ നാശമായിരിക്കും!" കണ്ടാലും! ഞാൻ അകൃതത്തിൽ ജനിച്ചു; എന്റെ അമ്മ പാപത്തിൽ എന്നെ ഗർഭംധരിച്ചു." നമ്മുടെ പെററമ്മമാരല്ല; പ്രത്യുത മനുഷ്യവർഗ്ഗത്തിന്റെ പാപിഷ്ഠയായ പൂർവ്വമാതാവു്.

വാക്യം 7. കണ്ടാലും അങ്ങു സത്യത്തെ സ്നേഹിച്ചു; അങ്ങേ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ എന്നെ പഠിപ്പിക്കണമേ.

"അങ്ങയുടെ വിധി നീതിയുക്തമാണു്," "എന്നെ ശാസിക്കുമ്പോൾ, അങ്ങു തികച്ചും നീതിമാനാണു്" എന്നു പ്രവാചകൻ വഴി കർത്താവു പറഞ്ഞിട്ടുള്ള വാക്കുകൾ സങ്കീർത്തകൻ നീതീകരിക്കുകയാണു്.

ദൈവം സത്യത്തെ സ്നേഹിക്കുന്നവനാണെന്നു് ഇപ്പോൾ ദാവീദു പ്രഖ്യാപിക്കുന്നു. വാസ്തവത്തിൽ, ദൈവം സത്യമാണു്; സത്യത്തിന്റെ ഉറവ ദൈവത്തിലാണു്. ദൈവവചനമായ ഈശോ അരുൾ ചെയ്തിരിക്കുന്നു: "ഞാൻ സത്യമാണു്". നരദൈവത്തിൽ നിന്നല്ല ഈ വാക്കുകൾ അടർന്നു വീണതെങ്കിൽ അതു് ഒരു ഭ്രാന്തന്റേതായി തള്ളിയേനേ. ക്രിസ്തുവിന്റെ ഈ പ്രഖ്യാപനം റോമാഗവർണ്ണറെ പരിഭ്രാന്തനാക്കി: അദ്ദേഹം ചോദിച്ചു: സത്യം എന്താണു്?

ഫാദർ സെഞ്ഞേരി പറയുന്നതു ക്രമീകൃതമായ മാനുഷീകപ്രവർത്തനങ്ങളിലെല്ലാം സത്യം മൗലികമായ ഒരു ഗുണവിശേഷമാണെന്നത്രേ. വിവിധ തുറകളിൽ വിവിധ നാമധേയങ്ങളാൽ അതറിയപ്പെടുന്നു.

www.malankaralibrary.com

സ്കൂളുകളിൽ അതിന്റെ പേരു ശാസ്ത്രമെന്നാണ്; സംസാരത്തിൽ അതിന്റെ പേരു സത്യമെന്നുതന്നെ, വ്യാപാരങ്ങളിൽ അതിൻെറ പേര് ആത്മാർത്ഥത, സംഭാഷണങ്ങളിൽ പരമാർത്ഥത, പ്രവൃത്തികളിൽ മര്യാദ, കച്ചവടത്തിൽ യഥാർത്ഥസന്ധത, ഉപദേശങ്ങൾ നല്കുമ്പോൾ മുൻവിധി ഇല്ലാതിരിക്കുക; വാഗ്ദാനങ്ങളിൽ വിശ്വസ്തത, കോടതിയിൽ അതിന്റെ ബഹുമാന്യമായ നാമം നീതി. ഇതാണ് കർത്താവിൻെറ സത്യം; അത് എന്നന്നേക്കും നിലനില്ക്കുന്നു.

സത്യത്തോടുള്ള പ്രതിപത്തി: ഏതദ്സംബന്ധമായി തിരുസ്സഭ എനിക്കു ഒരു പ്രത്യേക നിർദ്ദേശം തന്നിട്ടുണ്ട്. "മെത്രാൻ സ്ഥാനാർത്ഥി എളിമയും സത്യവും സ്വീകരിക്കട്ടെ. പ്രശംസയോ ഭീഷണിയോ അവയെ കൈവെടിയുന്നതിന് ഇടയാക്കാതിരിക്കട്ടെ. അവൻ പ്രകാശത്തെ അന്ധകാരമെന്നോ, അന്ധകാരത്തെ പ്രകാശമെന്നോ, നന്മയെ തിന്മയെന്നോ, തിന്മയെ നന്മയെന്നോ വിളിക്കാതിരിക്കട്ടെ. എല്ലാവരിൽനിന്നും പ്രയോജനമെടുക്കാൻ അവൻ വിജ്ഞാനികളിൽനിന്നും വിഡ്ഢികളിൽനിന്നും പഠിക്കട്ടെ." എല്ലായിടത്തും എല്ലാ സാഹചര്യങ്ങളിലും എല്ലാവരുടേയും മുമ്പാകെ സന്തോഷത്തോടും ഉപചാരത്തോടും പ്രശാന്തതയോടുംകൂടെ നിർഭയം സത്യംപറയുവാൻ സ്വാഭാവികമായ ഒരു വാസന കർത്താവു് എനിക്കു തന്നിട്ടുണ്ട്. ഞാൻ അതിനു അവിടുത്തോടു നന്ദിപറയുന്നു. ബാല്യകാലത്തെ ചില്ലറ നുണകൾ വ്യാജത്തോടും വഞ്ചനയോടും ഒരു വലിയ വെറുപ്പ് എൻെറ ഹൃദയത്തിൽഉളവാക്കിയിട്ടുണ്ട്. പ്രായംചെല്ലുന്തോറും സത്യത്തോടുള്ള പ്രതിപത്തിയിൽ എനിക്കു കൂടുതൽ സൂക്ഷം വേണ്ടിയിരിക്കുന്നു. സുവിശേഷഗ്രന്ഥങ്ങളിൽ കൈവച്ച് ദൈവസഹായത്താൽ എന്നുപറഞ്ഞു പലപ്രാവശ്യം സത്യംചെയ്തിട്ടുണ്ട്.

ദിവ്യവിജ്ഞാനത്തിൻെറ നിഗൂഢരഹസ്യങ്ങൾ താനെ വെളിപ്പെടുന്നു. സത്യപ്രതിപത്തി ആനന്ദസംദായകവും ഉന്മേഷഭരിതവുമായ നിത്യശിശുത്വമാണ്. കർത്താവു് എത്രയും മഹാരഹസ്യങ്ങൾകൂടി ശിശുക്കൾക്കു വെളിപ്പെടുത്തുന്നു; വിജ്ഞരിൽനിന്നും ലോകം പണ്ഡിതരെന്നു കരുതുന്നവരിൽനിന്നും അവ മാററിവയ്ക്കുന്നു.

വാക്യം 8; ഹിസ്സോപ്പുകൊണ്ടു് എന്നെ ശുദ്ധീകരിക്കേണമേ, ഞാൻ നിർമ്മലനാകും; അങ്ങു് എന്നെ കഴുകിയാലും! ഞാൻ മഞ്ഞുകട്ടയേക്കാൾ വെണ്മയുള്ളവനാകും.

മോശയുടെ ക്രമപ്രകാരം കുഷ്ഠരോഗികളെ ശുദ്ധീകരിക്കുന്ന കർമ്മമാണ് ഇവിടെ സൂചിതം. രക്തത്തിൽ മുക്കിയ ഹിസ്സോപ്പുകൊണ്ടു

www.malankaralibrary.com

പുരോഹിതൻ അവരെ തെളിക്കണം. അനന്തരം നിർമ്മലജലത്തിൽ ആപാദചൂഡം കഴുകണം. ശരീരത്തേയും ആത്മാവിനേയും മലിനമാക്കുന്ന പാപങ്ങൾ ഇവിടെ നിഴലിച്ചുകാണുന്നു. കാഴ്ചയിൽ പ്രാകൃതമെങ്കിലും നല്ല ബലമുള്ള ഒരു ചെടിയാണു ഹിസ്സോപ്പ്. അതു പാറയിൽ കിളിർത്തു പാറയിൽത്തന്നെ വേരുപിടിപ്പിക്കുന്നു. ഈദൃശശുദ്ധീകരണം മനുഷ്യനു എത്രമാത്രം ആവശ്യമാണെന്നറിയാമോ? എത്രയും മഹാ ശുദ്ധീകർത്താവായി ഈശോയെ വീക്ഷിച്ച ഇസയാസ് എത്ര ശരിയായി സംസാരിച്ചിരിക്കുന്നു! "അവിടുന്നു പല ജനതകളേയും ഹിസ്സോപ്പുകൊണ്ടു പവിത്രീകരിക്കും." ദാവീദ് ഉപയോഗിച്ചിരിക്കുന്ന ഉപമയിൽ മൂശയുടെ ശുദ്ധീകരണകർമ്മംമാത്രമല്ല സൂചിതമായിട്ടുള്ളതു്. മാമ്മോദീസാ, കുമ്പസാരം എന്നീ രണ്ടു കൂദാശവഴിയുള്ള പ്രക്ഷാളനവും ഇവിടെ ഉദ്ദേശിച്ചിട്ടുണ്ടു്. നമ്മളെ പവിത്രീകരിക്കുന്നവൻ നമ്മുടെ രക്ഷകൻതന്നെയാണു്. അവിടുത്തെ ബലിക്കുള്ള പീഠം ഹിസ്സോപ്പുപോലെ വിനീതമാകുന്നു. എന്നാൽ അവിടുത്തെ രക്തം ശക്തിയേറിയതാണു്. ദിവ്യമായ ഔദാര്യത്തോടെ അതു വിശ്വാസികളുടെ ശരീരത്തിലും ആത്മാവിലും ചിന്തപ്പെടുന്നു. എന്തൊരു മഹാദാനം! ദിനംപ്രതി രക്ഷയുടേയും പാപമോചനത്തിൻേറയും കൂദാശകളിൽ അതു വർഷിക്കപ്പെടുന്നു. ഇവവഴി ഈ സാധുലോകം പവിത്രീകരിക്കപ്പെടുന്നു; മഞ്ഞുകട്ടയേക്കാൾ വെണ്മയോടെ എഴുന്നേല്ക്കുകയും ചെയ്യുന്നു.

ആഴ്ചതോറും ഈ കുമ്പസാരം കഴിക്കുമ്പോൾ, ഈ വാക്യം വീണ്ടും വീണ്ടും ഞാനുപയോഗിക്കും. ഹിസ്സോപ്പുകൊണ്ടു തെളിക്കുക; കർത്താവേ, ഞാൻ നിർമ്മലനാകും."

സ്വാത്മപ്രതിപത്തിയിൽനിന്നു കർത്താവു് എന്നെ മോചിക്കട്ടെ. സെഞ്ഞേരി പറയുന്നതുപോലെ, അതു മൂന്നുകാര്യങ്ങളോടു ബന്ധപ്പെട്ടിരിക്കുന്നു: തോന്നുംപോലെ ചെയ്യാനാഗ്രഹിക്കുന്ന മനഃസ്ഥിതിയോട്; നിന്ദകൾ സഹിക്കുവാൻ സമ്മതിക്കാത്ത പ്രശംസാതൃഷ്ണയോട്; സമയം വൃഥാ കളയുവാൻ പ്രോത്സാഹിപ്പിക്കുന്നതും സഹനത്തോടു വൈരാഗ്യം ജനിപ്പിക്കുന്നതുമായ സുഖപ്രിയത്തോട്.

ഇടവകപ്പള്ളികളിൽ വി. കുർബാനയ്ക്കുമുമ്പു തളിക്കുന്ന തീർത്ഥജലത്തെപ്പററിയും ഞാൻ ചിന്തിക്കുന്നു. മുററത്തേമുല്ലയ്ക്കു മണമില്ല. ഈ തിരുക്കർമ്മങ്ങളുടെ നിഗൂഢാർത്ഥം വിശ്വാസികൾക്കു നാം വിവരിച്ചുകൊടുക്കേണ്ടതും നാം ധ്യാനിക്കേണ്ടതുമാണു്. വരാനിരിക്കുന്ന നന്മകളുടെ പ്രധാന പുരോഹിതനായ ക്രിസ്തുവിൻെറ ആഗമനം നാമെങ്ങനെ വിസ്മരിക്കും? അവിടുന്നു തൻെറ രക്തം വഴി നിത്യരക്ഷ വാഗ്ദാനം

www.malankaralibrary.com

ചെയ്യുകയും തന്റെ വിശ്വസ്തജനത്തെ പവിത്രീകരിക്കുകയും ചെയ്യുന്നവല്ലോ.

മൂന്നാം ദിവസം നവംബർ 28-ാംനു- വ്യാഴാഴ്ച.

വാക്യം 9. ആനന്ദത്തിന്റേയും ആഹ്ലാദത്തിന്റേയും സ്വരം എന്നെ കേൾപ്പിച്ചാലും; തകർക്കപ്പെട്ട അസ്ഥികൾ സന്തോഷിക്കും.

"കർത്താവു നിന്റെ പാപം എടുത്തു കളഞ്ഞിരിക്കുന്നു." (2 രാജാ 12, 13) എന്ന പാപമോചനവാക്യം നാം ശ്രവിക്കുമ്പോൾ നാം ആനന്ദവും ആഹ്ലാദവും കൊണ്ടു നിറയുന്നു. പാപമോചനം കഴിഞ്ഞു കുമ്പസാരക്കാരന്റെ മുമ്പിൽ നിന്നു് എഴുന്നേററുപോരുമ്പോൾ ഈ അനുഭവം ഉണ്ടായിക്കാണും. ധ്യാനത്തിലോ ജീവിതത്തിലേ ഏതെങ്കിലും മഹാസന്ദർഭത്തിലോ ഈ അനുഭവം കൂടുതൽ പ്രകടമായിത്തോന്നും. ആനന്ദം ബുദ്ധിയിലും ആഹ്ലാദം ഹൃദയത്തിലുമാണു്. കായികശക്തിയും ശാരീരികോന്മേഷവും നവീകൃതമായിരിക്കുന്നതു് ഈ രണ്ടു് അനുഭവങ്ങൾ കൊണ്ടു പ്രകാശിതമായിരിക്കുന്നു. "തകർക്കപ്പെട്ട അസ്ഥികൾ സന്തോഷിക്കും" വേദപുസ്തകത്തിൽ ഇക്കാര്യം സംബന്ധിച്ചു് ഉത്തേജകമായ സൂചനകളുണ്ടു്. ഇസയാസു പറയുന്നു: "നിങ്ങളുടെ ഹൃദയം ആനന്ദിച്ചാഹ്ലാദിക്കും." (60, 5) സുഭാഷിതങ്ങളിൽ നാം വായിക്കുന്നു: "സന്തുഷ്ടഹൃദയം മുഖത്തെ പ്രസന്നമാക്കുന്നു." (15, 13)

വിശുദ്ധാത്മാക്കൾക്കു പ്രത്യേകമായ ആദ്ധ്യാത്മികാനന്ദത്തിന്റെ രഹസ്യം ഇവിടെ സുന്ദരവും ആകർഷകവുമായിക്കാണാം. നിത്യരക്ഷ അനിശ്ചിതമായിട്ടാണു് അവിടുന്നു വിട്ടിരിക്കുന്നതെങ്കിലും നമ്മുടെ ആത്മാക്കളെ പ്രശാന്തമാക്കാനും നമ്മളെ ആനന്ദിപ്പിക്കാനും പര്യാപ്തമായ അടയാളങ്ങൾ നമുക്കു നല്കുന്നുണ്ടു്.

"നമ്മൾ ദൈവപുത്രരാണെന്നു നമ്മുടെ ആത്മാവിനു സാക്ഷ്യം വഹിക്കുന്നതു് ആത്മാവു തന്നെയാണു്." (റോമാ 8, 16) നാം ദൈവപുത്രരാണെന്നറിയുന്നതു് ഒരു ചെറിയ കാര്യമാണോ എന്നു ഞാൻ നിങ്ങളോടു ചോദിക്കുകയാണു്. നമുക്കു വിവരിക്കുവാൻ കഴിയാതെ ഈ ശരണം നമ്മുടെ ഹൃദയത്തിലുണ്ടു്. അതാണു നമ്മുടെ ആനന്ദത്തിന്റെ വററാത്ത ഉറവ; യഥാർത്ഥ ദൈവഭക്തിയുടെ ഉറച്ച നിദാനം കർത്താവിന്റെ സ്നേഹാത്മകവും പൂർണ്ണവുമായ ശുശ്രൂഷയെ ആഗ്രഹിക്കുന്നതല്ലേ ദൈവഭക്തി. നമ്മുടെ ഈ ആഗ്രഹം സജീവവും കാര്യക്ഷമവുമായിരിക്കണമെന്നുള്ളതാണു പ്രധാന കാര്യം. അതു് ആനന്ദത്തിന്റെ

www.malankaralibrary.com

അതായതു് ആർദ്രമായ സ്നേഹത്തിൻേറയും മാധുര്യത്തിൻേറയും സന്തോഷത്തിൻേറയും ഉറവിടമായിരിക്കണമെന്നുള്ളതു പ്രധാന സംഗതിയാണു്; എന്നാൽ രണ്ടാംസ്ഥാനമേയുള്ളൂ. നമ്മുടെ കത്താവിനു നമ്മോടുള്ള കാരുണ്യവും നമ്മുടെ അയോഗ്യതയും നാം മനസ്സിലാക്കുന്നതു് ആനന്ദസംദായകമാണു്; അതേ സമയം സന്താപകരവുമത്രെ. ഈശോ അറിയപ്പെടുകയും സ്നേഹിക്കപ്പെടുകയും ശുശ്രൂഷിക്കപ്പെടുകയും ചെയ്യുന്നതിനു് ഇടയാക്കുക; ലോകത്തിൻെറ പാപങ്ങൾ നീക്കുക എന്ന ശ്രേഷ്ഠമായ പ്രേഷിത ശുശ്രൂഷയ്ക്കു് അതു പ്രോത്സാഹനം നല്കുന്നതിനാൽ സങ്കടത്തിനു കുറവുവരുന്നുണ്ടു്.

പ്രലോഭനങ്ങളുടേയും കുരിശുകളുടേയും ഇടയിൽ വിശുദ്ധി പുഞ്ചിരിതൂകുന്നുവെന്ന വിചാരം സദാ എൻെറയുള്ളിൽ ഉണ്ടു്. ക്രിസ്തുവിൻെറ വചനങ്ങളിലും വാഗ്ദാനങ്ങളിലും അധിഷ്ഠിതമായ ആന്തരിക പ്രശാന്തത മുഖത്തും വാക്കിലും പെരുമാററത്തിലും പ്രകടമായിക്കാണാവുന്ന ഇളക്കമില്ലാത്ത പ്രശാന്തത പുറപ്പെടുവിക്കുന്നു; സവ്വവും ജയിച്ചടക്കുന്ന സ്നേഹവായ്പായി ദൃശ്യമാകുന്നു. ആത്മീയവും ശാരീരികവുമായശക്തി നവീകൃതമായി നമുക്കു തോന്നുന്നു. കൂടെ ആത്മാവിനു മാധുര്യവും ശരീരത്തിനാരോഗ്യവും. (സുഭാ 16, 24) കത്താവിനോടുകൂടെ സമാധാനത്തിൽ ജീവിക്കുന്നതും നാം ക്ഷമിക്കപ്പെട്ടിരിക്കുന്നുവെന്നു കേൾക്കുന്നതും അന്യരോടു നാം ക്ഷമിക്കുന്നതും ആത്മാവിനു് ഒരു വിരുന്നാണു്; സങ്കീത്തകൻ പാടിയിരിക്കുന്ന മേദസ്സും കൊഴുപ്പുംകൊണ്ടുള്ള വിരുന്നാണതു്. "എൻെറ ആത്മാവു ദൈവത്തെ മഹത്വപ്പെടുത്തുന്നു" എന്ന അപേക്ഷ സദാ നമ്മുടെ ചുണ്ടുകളിലേക്കു വരികയും ചെയ്യും.

വാക്യം 10. "എൻെറ പാപങ്ങളിൽനിന്നു് അങ്ങു മുഖം തിരിക്കണമേ, എൻെറ സകല തെററുകളും അങ്ങു മായിച്ചുകളയണമേ."

അനുതാപിയായ രാജാവിൻെറ പ്രാത്ഥന ഒരിക്കൽക്കൂടി സപ്രശ്രയം ഉയന്നുവരുന്നു. "കരുണയുണ്ടാകണമേ" എന്ന കീത്തനം രചിക്കാൻ കാരണമായ ഘനമേറിയ പാപത്തിനു പുറമേ മറെറല്ലാപാപങ്ങളും പ്രാത്ഥനയുടെ വിഷയമാകുന്നു. കത്താവിൻെറ മുഖവും കണ്ണും ഭാവവും നോട്ടവും രോഷവും കോപവും സംബന്ധിച്ചുള്ള ഈ പരാമശം എത്ര പ്രചോദനാത്മകമാണു്! അന്തിമവിധിദിവസം നാം അവിടുത്തെ മുഖം ഒന്നുകൂടി കാണും. അനുതപിക്കാത്ത പാപികൾ നിത്യ നിരാശയും ഭയവുംകൊണ്ടുനിറയും.

നവീകൃതമായ അനുതാപത്തിൻെറ പ്രകടനമെന്നവണ്ണം ഈ വാക്യവുമായി ഞാൻ കൂടുതൽ പരിചയപ്പെടണം. ഒരുക്ഷണം തങ്ങുന്ന

www.malankaralibrary.com

യെ പാപിയെന്നു വിളിക്കുവാൻ ഭയപ്പെടരുതു്. അതിശയോക്തി കലന്ന വിവരണങ്ങൾ ഫലസംദായകമായിരിക്കയില്ല. ഓരോരുത്തനും അവനവൻെറ വാസനയനുസരിച്ചു സംസാരിക്കണം. കത്താവിൻെറ ക്ഷമ നമുക്കെല്ലാവക്കും ആവശ്യമാകയാൽ ദൈവകൃപയ്ക്കായി അഭ്യത്ഥിക്കുന്നതും സദാ അതിൽ ശരണം വയ്ക്കുന്നതും ഉത്തമം. "തകന്നു നുറുങ്ങിയ ഹൃദയം ദൈവമേ, അങ്ങു നിരസിക്കുകയില്ല". ദാവീദുതന്നെ ഇതു പ്രസ്താവിക്കുന്നുണ്ടു്. എന്നാൽ വിനീതമായ അനുതാപം പ്രകടിപ്പിക്കുന്ന വാക്കുകളൊന്നും നാം അവഗണിക്കരുതു്.

വാക്യം 11. ദൈവമേ, നിമ്മലമായ ഹൃദയം എന്നിൽ സൃഷ്ടിക്കണമേ, ശരിയായ അരൂപി എന്നിൽ നവീകരിക്കണമേ.

ഹൃദയമാണു മനസ്സു്, അരൂപിയാണു് ബുദ്ധി. ആകയാൽ നിമ്മലമായ ഒരു മനസ്സും നവീകൃതമായ ഒരു ബുദ്ധിയും നമുക്കു വേണം.

വികാരങ്ങൾ, വസ്തുക്കൾ, ജനങ്ങൾ, സാഹചര്യങ്ങൾ എന്നിവയെ സംബന്ധിച്ചിടത്തോളം എത്ര പ്രലോഭനങ്ങളും വശീകരണശക്തികളുമാണു നമ്മുടെ മനസ്സിനെ എതിർത്തുകൊണ്ടിരിക്കുന്നതു്! ചില ആളുകളുടെ ആകർഷണങ്ങൾ, യാദൃച്ഛികമായ അവരുടെ ഒരു സന്ദർശനം തന്നെ മനസ്സിനെ എത്രമാത്രം അലട്ടുന്നു! ഹൃദയം സ്വതവേ നിരാലംബമാണു്. അതിനു തകരാറുപററിയാൽ അനാവശ്യമായവ കൊണ്ടു അതിനെ ഒരിക്കൽ ദുബ്ബലപ്പെടുത്തിയാൽ നവീകരണം അത്യന്താപേക്ഷിതമായിത്തീരുന്നു. കേടുതീത്താൽപോരാ; എന്തെന്നാൽ ദുബ്ബലത പിന്നെയും പ്രകടമായിക്കാണും. പൗലോസിൻെറയും ആഗുസ്തീനോസിൻെറയും ഹൃദയങ്ങൾ നവസൃഷ്ടികളാണു്. ദൈവമേ, അവ എത്രൊരത്ഭുതമായിരുന്നു! അവർ ഒരു പുതിയ മാർഗ്ഗത്തിലേക്കു തിരിഞ്ഞശേഷം അവരുടെ മനസ്സു പിന്തിരിഞ്ഞിട്ടില്ല; ചലിച്ചിട്ടില്ല. അവരുടെ മരണസമയത്തും ഉത്കൃഷ്ടമനുഷ്യരായിരുന്നു.

വിശ്വസിക്കുകയും പ്രവത്തിക്കുകയും ചെയ്യേണ്ടതെന്തെന്നു ഗ്രഹിക്കുന്നതാണു ശരിയായ അരൂപി. ഇതു നവീകരിക്കപ്പെടാവുന്നതാണു്. ഇതിനു തൻെറ പ്രവത്തനങ്ങളുടെ പ്രധാനോദ്ദേശ്യത്തെപ്പററി ശരിയായ ബോധം വേണം; എന്തു ചെയ്യണമെന്നു തൃപ്തികരമായ അറിവുമുണ്ടായിരിക്കണം. പരിവത്തനം എന്നിൽ ആന്തരികവും അഗാധവുമായിരിക്കേണ്ടതാണു്; അതു ജീവിതത്തിൻെറ പല വശങ്ങളിൽ ബാഹ്യമായിക്കാണും. സംസാരത്തിലും കാഴ്ചയിലും കേൾവിയിലും എഴുത്തിലും പരിവത്തനമുണ്ടാകണം. ജീവിതത്തെപ്പററിയുള്ള

www.malankaralibrary.com

നവമായ ആദർശമനുസരിച്ചു നവമായ ജീവിതരീതി ഉളവാകുന്നു.

വാക്യം 12. അങ്ങയുടെ സന്നിധിയിൽ നിന്നു് എന്നെ തള്ളിക്കളയരുതേ; അങ്ങയുടെ പരിശുദ്ധാത്മാവിനെ എന്നിൽനിന്നു നീക്കിക്കളയുകയുമരുതേ.

തന്നെ വഞ്ചിച്ച തന്റെ പുത്രൻ അബ്സലോമിനു ദാവീദു കൊടുത്ത എത്ര വലിയ ശിക്ഷ ഇതാണു്: "അവൻ എന്റെ മുഖം കാണാതിരിക്കട്ടെ." അതുകൊണ്ടു മനസ്സിലാക്കാം എന്തിനാണു തന്നെ അവിടുത്തെ സന്നിധിയിൽ നിന്നു തള്ളിക്കളയരുതേയെന്നു പ്രാർത്ഥിച്ചതു്. നമ്മുടെ പാപങ്ങളിൽനിന്നു കർത്താവു മുഖം തിരിക്കുന്നതു് ഒരു കാര്യം; തന്റെ കാഴ്ചയിൽ നിന്നു പാപിയെ തള്ളിക്കളയുന്നതു വേറൊരു കാര്യം. കർത്താവിന്റെ മുഖത്തിന്റെ രഹസ്യം എത്ര ഭയങ്കരം! രക്ഷപ്പെട്ട ആത്മാവു കർത്താവിന്റെ മുഖം ദർശിക്കുന്നതിൽ എത്ര മഹത്തായ ആനന്ദമാണു കണ്ടെത്തുന്നതു്! അവസാനം കർത്താവു് എന്നെ തിരസ്കരിക്കാനുള്ള അനുഗ്രഹം അവിടുന്നു് എനിക്കു നല്കട്ടെ. ഞാൻ എല്ലാവരിലും ചെറിയവനും ഒടുവിലത്തവനുമാണെങ്കിലും അവിടുത്തെ എന്നും ദർശിക്കുന്നതിനു് എന്നെ അനുവദിക്കുവാൻ കൃപയുണ്ടാകണമേ.

വിശ്വസ്തമായ ആത്മാവിലുള്ള പരിശുദ്ധാത്മാവിന്റെ സാന്നിധ്യമാണു വേറൊരു കാര്യം. വ്യാഖ്യാനഗ്രന്ഥങ്ങളൊന്നുംകൂടാതെ ✠ കർത്താവിന്റെ പരിശുദ്ധാത്മാവു പരിശുദ്ധ ത്രിത്വത്തിലെ മൂന്നാമത്തെ ആളാണെന്നു് എനിക്കു തീർത്തുപറയുവാൻ അറിഞ്ഞുകൂടാ. അങ്ങനെയാണെന്നു് എനിക്കു തോന്നുന്നു. "നമ്മൾ അവനിലേക്കു ഇറങ്ങിച്ചെന്നു് അവനിൽ വസിക്കും" (യോഹ. 14, 23) എന്നുള്ളതു കൃപാവരം ആത്മാവിൽ ചെയ്യുന്ന പ്രവർത്തനമാണു്. ആകയാൽ പരിശുദ്ധ ത്രിത്വത്തിലെ മൂന്നാളുകളും അവരവരുടെ സ്വഭാവത്തോടുകൂടി ആത്മാവിലേക്കിറങ്ങിവരുമെന്നു സാരം. ജീവന്റെ നാഥനും ദാതാവുമാണു പരിശുദ്ധാത്മാവു്. അവിടുന്നാണു് ആത്മാവിനെ വിശുദ്ധീകരിക്കുന്നതു്. ക്രിസ്ത്യാനി പരിശുദ്ധാത്മാവിന്റെ സജീവാലയമല്ലേ? കർത്താവിന്റെ ആത്മാവിന്റെ നിവാസംകൊണ്ടു് ആത്മാവിനു സംസിദ്ധമാകുന്ന അനുഗ്രഹസമ്പത്തു് എത്ര വലുതു്! 24 ദാനങ്ങൾ വി. പൗലോസു് എണ്ണുന്നുണ്ടു്. സമാധാനവും സന്തോഷവുംകൊണ്ടു് അവ ആരംഭിക്കുന്നു.

✠ ദാവീദു വരാനിരിക്കുന്ന രക്ഷകന്റെ പിതാവാകുമെന്നുള്ള കർത്താവിന്റെ വാഗ്ദാനമാണു് 'കർത്താവിന്റെ പരിശുദ്ധാവു' കൊണ്ടു വിവക്ഷിക്കുന്നതെന്നു വ്യാഖ്യാനാന്തരമുണ്ടു്.

www.malankaralibrary.com

## നാലാംദിവസം; നവംബർ 29

വാക്യം 13; അങ്ങയുടെ രക്ഷയാകുന്ന ആനന്ദം എനിക്കു തിരി കെ തരേണമേ; പൂർണ്ണമായ അരൂപിയെ എന്നിൽ നിലനിറുത്തണമേ.

അങ്ങ് എന്നെ രക്ഷിക്കുമെന്നുള്ള ആനന്ദദായകമായ ഉറപ്പ് എനിക്കു നല്കണമേ. അങ്ങയുടെ രക്ഷയുടെ ആനന്ദം എന്നതിനു പ കരം വി. ജെറോം "അങ്ങേ ഈശോയുടെ ആനന്ദം" എന്ന് ഉചിതമാ യി പരിഭാഷപ്പെടുത്തിയിരിക്കുന്നു. മാപ്പുലഭിച്ച ഒരാത്മാവിൻെറ ആ നന്ദമാണിതു്; ഉള്ളിൽ വസിക്കുന്ന പരിശുദ്ധാവിൻെറ ആദ്യഫലമാ ണ്. തെരഞ്ഞെടുക്കപ്പെട്ടവരുടെ ഗണത്തിൽ എണ്ണപ്പെടുകയെന്ന ആനന്ദം. നമ്മുടെ ആത്മാക്കളെ തൻെറ ജീവനും ചൈതന്യവും നിറ ച്ച് അവയെ രക്ഷിച്ചതു രക്തംചിന്തിയ ഈശോയുടെ യോഗ്യതകൾ വഴിയാണ്. എന്നാൽ നമ്മുടെ ശരണം ഭയംകൂടാത്തതാകരുതു്; കാര ണം ദുർബ്ബലമായ പാത്രത്തിലാണ് കൃപാവരമാകുന്ന നിധി നാം വഹി ക്കുന്നതു്. ഒരു ചെറിയ കുലുക്കംമതി നമ്മൾ ഇടറിവീഴാൻ. പാത്രം ഉടനെ ഉടയുകയായി. നമ്മൾ എത്ര സാധുപാപികൾ! നാം നമ്മുടെ കഴിവനുസരിച്ചു പരിശ്രമിക്കുകയാണെങ്കിൽ, നാം കർത്താവിനുള്ളവ രാണെന്നു തോന്നിക്കുന്ന കൃപാവരം അവിടുന്നു തുടർന്നുനല്കിക്കൊണ്ടി രിക്കും. നമുക്കു നിത്യമായി ലഭിക്കാവുന്ന ഈശോയുടെ മൈത്രി മുൻ കൂട്ടി ആസ്വാദ്യമായിത്തുടങ്ങും. പ്രസ്തുത ദീർഘദിനത്തിനു അസ്തമയമി ല്ല. രക്ഷകൻ ഈശോയാണല്ലോ. ദാവീദു തൻെറ വിഷാദകീർത്തന ത്തിൽ പഴയ നിയമത്തെയും പുതിയ നിയമത്തെയുംപററി പാടിയിരി ക്കുന്നു. അതു ദിവസംമുഴുവനും എന്നെ ആനന്ദിപ്പിക്കുന്നു. ആദ്യക്രി സ്ത്യാനികൾ ഈ തത്വം മത്സ്യചിഹ്നംകൊണ്ടു പ്രദർശിപ്പിച്ചുപോന്നു. (Ikoye) രക്ഷകനും ദൈവപുത്രനുമായ യേശുക്രിസ്തു. ✠ പുനരുത്ഥാ നത്തിൻെറ അച്ചാരമായി ഈ അടയാളം ഭൂഗർഭാലയത്തിലെ കുഴിമാട ങ്ങളിൽ സ്ഥാപിച്ചിരുന്നു. ജ്ഞാനസ്നാനപ്പെട്ടവർക്കുമാത്രം ഗ്രഹിക്കാ മായിരുന്ന വിശുദ്ധ കുർബ്ബാനയുടെ ഒരു ചിഹ്നവുമായിരുന്നു. ഒരു വൈദികനും മെത്രാനുമായ എനിക്കു ഭാവിമഹത്വത്തിൻെറ അച്ചാരമാ യ മഹാകൂദാശയോടു് അനുദിനമുള്ള സമ്പർക്കത്തേക്കാൾ വലുതായി എന്തുണ്ട്?

---

✠ ''ദൈവപുത്രനും രക്ഷകനുമായ യേശുക്രിസ്തു'' എന്ന വാക്യത്തിൻെറ ഗ്രീക്കു പരിഭാഷയിലുള്ള വാക്കുകളുടെ ആദ്യക്ഷരങ്ങളെടുത്തു് ഉണ്ടാ കുന്ന ഒരു വാക്കാണു മത്സ്യം എന്നർത്ഥമുള്ള "ഇക്ത്തുസ്" എന്ന പദം.

www.malankaralibrary.com

"പൂൎണ്ണമായ അരൂപി" എന്താണു്? പറുദീസായിലുള്ള ആനന്ദപൂൎണ്ണമായ പ്രത്യാശ സംരക്ഷിച്ചുകൊണ്ടുപോകാൻ വേണ്ടിവരുന്ന ഒഴിച്ചുകൂടാത്ത വ്യവസ്ഥയാണതു്. അനുസ്യൂതമായി കൃപാവരം സ്വീകരിക്കുകയാണു പൂൎണ്ണമായ അരൂപി. അതു സ്വൎഗ്ഗവാസികളായ ആത്മാക്കളെയെന്നപോലെ ആത്മാവിനെ സന്ദേഹമൊന്നും കൂടാതെ സുകൃതത്തിലേക്കാനയിക്കുന്നു. കൃപാവരത്തിൽ ഉറപ്പിച്ചു നിറുത്തുന്നു. തിരഞ്ഞെടുക്കപ്പെട്ട പ്രസ്തുതാത്മാവറിയാതെ അസാധാരണ ദാനം ആത്മാവിനു നല്കുന്നു. ആത്മാവു രക്ഷയുടെ കാര്യം അറിയാതെ പ്രസ്തുതദാനത്തിൻെറ സഹായത്താൽ നിരവധി പുണ്യങ്ങൾ അഭ്യസിക്കുന്നു. വിരക്തമായ ഭയം, സൂക്ഷ്മം, എളിമ, നിരന്തരമായ ഈശ്വരാശ്രയം തുടങ്ങിയ പുണ്യങ്ങളൊക്കെ ആത്മാവു് അഭ്യസിക്കുന്നു.

ദാവീദു കൎത്താവിനോടാവശ്യപ്പെട്ട പൂൎണ്ണമായ അരൂപി സാധാരണമായ ചൈതന്യമല്ല; കുലീനനും ശ്രേഷ്ഠനുമായ ഒരു രാജകുമാരനു് സ്വാത്മപ്രതിപത്തിതീണ്ടിയിട്ടില്ലാത്ത ദൈവമഹത്വത്തെ ആഗ്രഹിക്കുന്ന ഒരാത്മാവിനു തികച്ചും യോഗ്യമായതാണു്. മററുള്ളവരോടു പ്രസംഗിച്ചശേഷം നശിക്കാതിരിക്കുന്നതിനു തൻെറ ശരീരത്തെ ചമ്മട്ടിയടിച്ചു നിഗ്രഹിച്ച പൗലോസും അതിനുവേണ്ടി അപേക്ഷിച്ചു. ദാവീദിൻേറയും പൗലോസിൻേറയും സമീപത്തു നില്ക്കാൻ യോഗ്യതയില്ലാത്ത ഞാനും ആ അനുഗ്രഹത്തിനായപേക്ഷിക്കുന്നു. ഒരു മഹാവരമാണു ഞാൻ ചോദിക്കുന്നതു്; കാരണം ഈ ദാനം എൻെറ അയോഗ്യത സ്പഷ്ടമാക്കിത്തരും; എന്നെപ്പററി എത്രയും താണ ഒരഭിപ്രായം എന്നിൽ ജനിപ്പിക്കും. അങ്ങയോടുകൂടെ ഇരിക്കാനുള്ള ഒരാഗ്രഹം അതുളവാക്കും. അങ്ങു് എനിക്കുവേണ്ടി മരിച്ചതുകൊണ്ടു ഞാൻ അങ്ങേക്കുവേണ്ടി ജീവിക്കേണ്ടതാണു്.

വാക്യം 14. ദുഷ്ടന്മാരെ അങ്ങയുടെ വഴി ഞാൻ പഠിപ്പിക്കും; പാപികൾ അങ്ങയുടെ പക്കലേക്കു പിന്തിരിയും.

എൻെറ പൗരോഹിത്യം ലോകത്തിൻേറയും എൻേറയും പാപങ്ങൾക്കുള്ള ബലി മാത്രമല്ല അൎത്ഥമാക്കുന്നതു്; പ്രത്യുത സത്യത്തിൻേറയും സ്നേഹത്തിൻേറയും പ്രേഷിതവേലകൂടെ അതു ഉദ്ദേശിക്കുന്നുണ്ടു്. എൻെറ ദൈവവിളി അതു് ആവശ്യപ്പെടുന്നുണ്ടു്. ഇതുവരെ വളരെകുറച്ചേ എനിക്കു ചെയ്യാൻ കഴിഞ്ഞിട്ടുള്ളു. അതും കഴിഞ്ഞകാലത്തെ പരാജയങ്ങൾക്കു കൎത്താവിൽ നിന്നു ലഭിച്ചിട്ടുള്ള മാപ്പും കൂടുതൽ തീക്ഷ്ണതയോടുകൂടിയ ജീവിതത്തിനു് എന്നെ ക്ഷണിക്കുന്നു.

www.malankaralibrary.com

സത്യവും കൃപയും ദൈവത്തിൻെറ സാധാരണ മാർഗ്ഗങ്ങളാണ്. ഇവിടെ ഒരു കാര്യം വ്യക്തമാക്കേണ്ടതുണ്ട്. ഞാൻ രാഷ്ട്രത്തിൻേറയോ നയതന്ത്രത്തിൻേറയോ മാനുഷികശാസ്ത്രങ്ങളുടേയോ അധ്യാപകനല്ല. അത്തരം അധ്യാപകർ അനേകരുണ്ട്. ഞാൻ സത്യത്തിൻേറയും കൃപയുടേയും അധ്യാപകനാണ്. ഇവ പഠിപ്പിച്ചാൽ അമെന്നാ സാമൂഹ്യഭദ്രത സുരക്ഷിതമാകും. ഇതും സങ്കീർത്തനത്തിൽ നാം വായിക്കുന്നുണ്ട്: "കാരുണ്യവും സത്യവും കൂടിക്കാഴ്ച നടത്തും; നീതിയും സമാധാനവും പരസ്പരം ചുംബിക്കും." വാക്കാലും മാതൃകയാലും ഞാൻ പഠിപ്പിക്കണം. ആകയാൽ അധരങ്ങളിൽ നിന്നു തത്വങ്ങളും ഉപദേശങ്ങളും വരണം; കത്തോലിക്കരുടേയും ഓർത്തഡോക്സുമാരുടേയും ഇതുക്തികളുടേയും യഹൂദരുടേയും മുമ്പാകെയുള്ള എൻെറ വ്യാപാരം അവർക്ക് പ്രോത്സാഹനമാകണം; വാക്കുകൾ ഇളക്കുന്നു; മാതൃക വലിച്ച് അടുപ്പിക്കുന്നു.

"പാപികൾ അങ്ങയുടെ പക്കലേക്കു പിന്തിരിയും." നിർമ്മതരുടേയും മതത്യാഗികളുടേയും മാനസാന്തരം എൻെറ ആത്മാവിനെ വളരെയേറെ അലട്ടുന്ന ഒരു നിഗൂഢപ്രശ്നമാണ്. അതിനു പരിഹാരം കണ്ടുപിടിക്കുക എൻെറ ജോലിയല്ല; അതു കർത്താവിൻെറ രഹസ്യമാണ്. എൻേറയും എല്ലാ പുരോഹിതന്മാരുടേയും ജോലിയാണ് ഈ ദുഷ്ടലോകത്തിൻെറ മാനസാന്തരത്തിനായി യത്നിക്കുക, പാഷണ്ഡികളും ശീശ്മക്കാരും സഭയുടെ ഐക്യത്തിലേക്കു തിരികെവരുന്നതിനു സഹായിക്കുക; ക്രിസ്തുവിനെ വധിച്ച യഹൂദന്മാരോടു സുവിശേഷം പ്രസംഗിക്കുക. ഫലം നോക്കേണ്ടതില്ല. ആത്മാക്കളുടെ രക്ഷ നമ്മളേക്കാൾ കൂടുതലായി രക്ഷകനായ ഈശോ ആഗ്രഹിക്കുന്നുണ്ടെന്നുള്ളതാണു നമ്മുടെ ആശ്വാസം. അതു മതിയല്ലോ നമ്മുടെ മനസ്സമാധാനത്തിന്. നമ്മുടെ സഹകരണംവഴി അവർ രക്ഷപ്പെടണമെന്നാണ് അവിടുത്തെ ഇഷ്ടം. എന്നാൽ അവരുടെ ആത്മാവിൽ പ്രവർത്തിക്കുന്ന കൃപാവരം മാത്രമേ അവരെ രക്ഷിക്കുകയുള്ളു. അവരുടെ മാനസാന്തരത്തിൻെറ സമയമാകുമ്പോൾ കൃപാവരത്തിൻ കുറവൊന്നും വരികയില്ല. സ്വർഗ്ഗത്തിൽ നമ്മുടെ മഹത്വപ്പെട്ട ആത്മാക്കൾക്കുണ്ടാകാവുന്ന ഒരസാധാരണ നിമിഷമായിരിക്കുമതു്.

വാക്യം 15: ദൈവമേ, എൻെറ രക്ഷകനായ ദൈവമേ, രക്തത്തിൽനിന്നു് എന്നെ മോചിക്കണമേ. എൻെറ നാവു് അങ്ങയുടെ നീതി ഉദ്ഘോഷിക്കും.

ഈ വാക്യത്തിൻെറ വ്യാഖ്യാനത്തിനു ഫാദർ സെഞ്ഞേരി 15 പക്കം വിനിയോഗിച്ചിട്ടുണ്ട്. ഭാഷ എത്രയും അലംകൃതം! എനിക്കു

www.malankaralibrary.com

വ്യാഖ്യാനം പ്രായോഗികവും ലളിതവുമായിരിക്കണം. എന്നു രക്തത്തിൽനിന്നു മോചിക്കണമെന്നാണു രാജകീയസങ്കീർത്തകൻ പ്രാർത്ഥിക്കുന്നതു്. വേദപുസ്തകവിദഗ്ദ്ധർ ഈ വാക്യം എങ്ങനെ വ്യാഖ്യാനിക്കുന്നുവെന്നു് എനിക്കറിഞ്ഞുകൂടാ. എൻെറ വീക്ഷണപ്രകാരം ഞാൻ വിവരിക്കുന്നു.

1 ജഡികവ്യാമോഹങ്ങളുടെ ചലനങ്ങൾ സ്വാഭാവിക ദൗർബലതയുടെ ഫലമാണു്. അധഃപതിച്ച ഹവ്വായിൽനിന്നു മനുഷ്യവർഗ്ഗത്തിനു് അവകാശമായി ലഭിച്ചിരിക്കുന്ന പാപപങ്കിലമായ രക്തത്തിൻെറ ദോഷമാണവ. പ്രായം കടക്കുമ്പോൾ, എന്നെപ്പോലെ അറുപതുകാരാകുമ്പോൾ, പാപവാസനകൾ കെട്ടുപോകുന്നു. എൻെറ യൗവനത്തിലും ഊർജ്ജസ്വലമായ പ്രായത്തിലുമുണ്ടായിരുന്ന പാപപ്രലോഭനങ്ങൾ പ്രശാന്തമായിക്കാണുന്നതും ജഡം നിരങ്കുശമായിക്കാണുന്നതും യഥാർത്ഥത്തിൽ ഒരാനന്ദമാണു്. എന്നുവരുകിലും നാം സൂക്ഷിക്കണം. അവിവേകിയും ഭോഷനുമായ വൃദ്ധനെപ്പററി വേദപുസ്തകം പ്രതിപാദിക്കുന്നുണ്ടല്ലോ. പ്രസംഗകൻ വെറുക്കുന്ന മൂന്നാളുകളിലൊരുവനാണവൻ.

2 തങ്ങളുടെ കുടുംബാംഗങ്ങളോടുള്ള ബന്ധം സ്നേഹത്തിൻെറ പരിധികൾ കടന്നുപോകുമ്പോൾ ഒരു പ്രതിബന്ധവും പരിഭ്രമകാരണവുമാകുന്നു. പ്രേഷിതത്വത്തിൻേറയും പൗരോഹിത്യത്തിൻേറയും നിയമം മാംസത്തിൻേറയും രക്തത്തിൻേറയും നിയമങ്ങൾക്കു് അതീതമാണു്. ആകയാൽ ബന്ധുജനങ്ങളെ ഞാൻ സ്നേഹിക്കണം; അവരുടെ ദാരിദ്ര്യം ആവശ്യപ്പെടുമ്പോൾ ഞാൻ അവരെ സഹായിക്കുകയും വേണം. അപരിചിതരെ ഇത്രയേറെ സഹായിച്ചുകൊണ്ടിരിക്കുന്ന എന്റെ കർത്തവ്യമാണതു്. എന്നാൽ എല്ലാം വിവേകത്തോടെ, പുരോഹിതാനുയോജ്യമാകുംവിധം നിഷ്പക്ഷമായും ക്രമമായും ചെയ്യണം. എന്റെ അടുത്ത ചാർച്ചക്കാർ – സഹോദരന്മാരും, സഹോദരിമാരും, അവരുടെ പുത്രീപുത്രന്മാരും, വളരെ കുറച്ചുപേരൊഴികെ എല്ലാവരും – മാതൃകാക്രിസ്ത്യാനികളാണു്. അവർ എനിക്കു വളരെ ആശ്വാസം നല്കുന്നു. എന്നാൽ അവരുടെ കാര്യങ്ങളിലും ഇടപാടുകളിലും ഞാൻ കെട്ടുപിണഞ്ഞു കിടക്കരുതു്. ഒരു മെത്രാനും തിരുസിംഹാസനത്തിൻെറ ഒരു സേവകനുമെന്ന നിലയിലുള്ള എൻെറ കൃത്യങ്ങളിൽ നിന്നു പ്രസ്തുത ബന്ധം എന്നെ അകററാനിടയാകരുതു്.

സ്വരാജ്യസ്നേഹം നല്ലതും പരിശുദ്ധവുമാണെങ്കിലും അതു ദേശീയവാദമായി പര്യവസാനിച്ചേക്കാം. അതു് ഒരു വൈദികമേല

www.malankaralibrary.com

ദ്ധ്യക്ഷൻെറ കർത്തവ്യനിർവ്വഹണത്തിനു പ്രതിബന്ധമായിരുന്നേക്കാം. ദേശീയവാദങ്ങളിൽനിന്നു ഞാൻ അകന്നിരിക്കണം. സുവിശേഷതത്വങ്ങൾക്കെതിരായി രക്തത്തിലും വർഗ്ഗത്തിലും അധിഷ്ഠിതമായ ദേശീയവാദംകൊണ്ടു ലോകം വിഷലിപ്തമാണ്. ഈ വിഷയം ഇന്നു വളരെയേറെ പ്രാധാന്യമേറിയ ഒന്നായതുകൊണ്ടു ഞാൻ പ്രാർത്ഥിക്കുകയാണ്. "രക്തമാഹാത്മ്യമുള്ള മനുഷ്യരിൽനിന്നു് എന്നെ മോചിക്കണമേ, ദൈവമേ." "എൻെറ രക്ഷകനായ ദൈവമേ" എന്ന സംബോധന ഇവിടെ അന്വർത്ഥമാണ്. നമ്മുടെ രക്ഷകനായ ഈശോ വർഗ്ഗമോ രക്തമോ നോക്കാതെ എല്ലാ ജനങ്ങൾക്കും വേണ്ടി മരിച്ചു. ദൈവത്തിലും സുവിശേഷത്തിലും അധിഷ്ഠിതമായ പുതിയ ദേശവാദത്തിലെ മൂത്ത സഹോദരനായിത്തീർന്ന, ഭൗമികബന്ധങ്ങളിൽനിന്നു വിമുക്തനായ ഒരു മെത്രാനും വൈദികനും എത്ര ഉത്സാഹത്തോടും സ്വാതന്ത്ര്യത്തോടുംകൂടെ സകല പുണ്യങ്ങളുടെയും ദൈവമായ പിതാവിൻേറയും രക്ഷകനായ പുത്രൻേറയും സമാശ്വാസദൈവമായ പരിശുദ്ധാത്മാവിൻേറയും നാമത്തിൽ പിതാവിൻെറ കല്പനകളെപ്പററി പ്രസംഗിക്കുവാനും അവിടുത്തെ നീതിയേയും കാരുണ്യത്തേയും സമാധാനത്തേയും പ്രശംസിക്കുവാനും പാടുണ്ടു്. ഈ പരിശുദ്ധമായ സ്വാതന്ത്ര്യമുള്ളപ്പോൾ ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടിയുള്ള ജോലിയിൽ എന്തുമാത്രം ആനന്ദമുണ്ടെന്നറിയാമോ? "എൻെറ പ്രവാസസ്ഥലത്തു് അങ്ങയുടെ നിയമങ്ങൾ എനിക്കു ഗാനവിഷയമായിത്തീർന്നു". (സങ്കീ. 118, 54) "വരുവിൻ, നമുക്കു് ആനന്ദത്തോടുകൂടെ കർത്താവിനെ സ്തുതിക്കാം; ആനന്ദപൂർവ്വം നമ്മുടെ രക്ഷകനായ ദൈവത്തെ സ്തുതിക്കാം" (സങ്കീ. 94, 1).

വാക്യം 16: കർത്താവേ, അങ്ങു് എൻെറ അധരങ്ങൾ തുറക്കണമേ, എൻെറ വായ് അങ്ങയുടെ സ്തുതികൾ പാടും.

സങ്കീർത്തനങ്ങളിൽ ഏററം പ്രിയപ്പെട്ട ഒരു വാക്യമാണിതു്. പുരോഹിതൻെറ പ്രഭാതപ്രാർത്ഥന ഈ സ്തുതിവാക്യങ്ങൾകൊണ്ടാണാരംഭിക്കുന്നതു്. അവയിൽ കവിതയും ആർദ്രതയുമുണ്ടു്. പുരോഹിതൻ ഒരു ഗുരുവാണു്. അവൻെറ അധരങ്ങൾ സത്യം പാലിക്കണം. എല്ലാ പ്രസംഗങ്ങളും ഉദ്ബോധനങ്ങളും ചർച്ചകളും, "കർത്താവേ, അങ്ങു് എൻെറ അധരങ്ങൾ തുറക്കണമേ" എന്ന അപേക്ഷയോടുകൂടെ ആരംഭിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു! ഈ അപേക്ഷയ്ക്കുശേഷം പകലും രാത്രിയും വ്യാപിച്ചുകിടക്കുന്ന നമസ്കാരം മുഴുവനും സമാരംഭിക്കുന്നു. സുവിശേഷപ്രസംഗമാകുന്ന വചനശുശ്രൂഷയ്ക്കു് ഇതു രൂപംകൊടുക്കുന്നു. കർത്താവിനുള്ള ഒരു മഹത്വകീർത്തനവും മതസത്യങ്ങളുടെ പുകഴ്ച്ചയുമാണല്ലോ സുവിശേഷപ്രസംഗം.

www.malankaralibrary.com

ഫാദർ സെഞ്ഞേരി ഈ വാക്യത്തിലെത്തിയപ്പോൾ ഒരു ചാട്ടമാണു ചാടിയിരിക്കുന്നത്. പദാനുപദ വ്യാഖ്യാനം ഉപേക്ഷിച്ചു കർത്താവിന്റെ മഹാപ്രവർത്തനമായ തിരുസ്സഭയുടെ സ്തുതികീർത്തനത്തിലേക്കു ധ്യാനാത്മാവിനെ അദ്ദേഹം ക്ഷണിക്കുന്നു. തിരുസ്സഭയുടെ സ്ഥാപനത്തിലാണല്ലോ ദൈവത്തിന്റെ ശക്തിയുടെ പൂർണ്ണത ഉപയോഗിച്ചിട്ടുള്ളത്. ദാവീദിന്റെ കാലശേഷം ഒരായിരം കൊല്ലം കഴിഞ്ഞു നടക്കാനുള്ള സംഭവം ദൈവത്തിന്റെ പ്രധാന കൈവേലയെന്ന നിലയിൽ ദാവീദു മുൻകൂട്ടിക്കണ്ടു. വേറൊരിടത്ത് അദ്ദേഹം പാടിയിരിക്കുന്നു: "കർത്താവു വലിയവനാകുന്നു; അത്യധികം സ്തുതിക്കപ്പെടേണ്ടവനാകുന്നു." (സങ്കീ. 47, 2) എവിടെയാണു സ്തുത്യർഹൻ? സമുദ്രത്തിലോ, വായുവിലോ, അഗ്നിയിലോ, ആകാശത്തിലോ, നക്ഷത്രങ്ങളിലോ, സൂര്യനിലോ അല്ല; "ദൈവഗിരിയിൽ, വിശുദ്ധപർവ്വതത്തിൽ" (സങ്കീ. 47,2) ഈ വ്യാഖ്യാനംതന്നെയാണു വി. ബെല്ലർമിൻ സ്വീകരിച്ചിരിക്കുന്നത്. ദൈവം വെളിപ്പെടുത്തിയിരിക്കുന്ന കാര്യങ്ങളിൽ തിരുസ്സഭയേക്കാൾ വലുതില്ല: ദൈവത്തിന്റെ മഹത്വം ഗ്രഹിച്ച് അവിടുത്തെ സ്തുതിക്കുവാനാണെങ്കിലും തിരുസ്സഭാസ്ഥാപനത്തേക്കാൾ മഹത്തായൊന്നില്ല." സെഞ്ഞേരി ഈ സംഗതി വിശദമാക്കിയശേഷം ദാവീദു തന്റെ വീണയ്ക്കു തിരുസ്സഭാസ്ഥാപനം വിഷയമാക്കിയതായി അനുമിക്കുന്നു. ദൈവത്തിൽനിന്നു പാപമോചനം പ്രാപിച്ച ദാവീദ് അവിടുത്തേക്ക് ഏററവും വലിയ സ്തുതി നല്കാൻ ആഗ്രഹിച്ചുവെന്നതുതന്നെ കാരണം. എല്ലാ യുഗങ്ങളിലേയും എത്രയും മഹത്തമമായ നേട്ടമാണിത്. ഒരു പ്രവാചകന്റെ ദൃഷ്ടിയോടെ ദാവീദ് അതു കണ്ടു. അതു പ്രഖ്യാപിക്കുന്നതിൽ അദ്ദേഹം താൽപര്യം പ്രദർശിപ്പിച്ചു. തന്നിമിത്തം അദ്ദേഹം പാടി: "എന്റെ വായ് അങ്ങയുടെ സ്തുതികൾ പാടും".

തിരുസ്സഭയുടെ നാമത്തിൽ എല്ലാ പ്രഭാതജപങ്ങളിലും ഈ വാക്കുകൾ ആവർത്തിക്കപ്പെടുന്നു. തിരുസ്സഭ തനിക്കുവേണ്ടിയും ലോകത്തിനുവേണ്ടിയും പ്രാർത്ഥിക്കുന്നു. കൃപാവരത്തിന്റെ തുണയോടെ നിരവധി അധരങ്ങൾ ഈ പ്രാർത്ഥന ആവർത്തിക്കുമ്പോൾ, കാഴ്ചപ്പാടു വികസിക്കുകയും സജീവമാകുകയും നിർവ്വിഘ്നമാകുകയും ചെയ്യുന്നു. ഇവിടെ തിരുസ്സഭയെ ഒരു ചരിത്രസ്മാരകമായിട്ടല്ല വീക്ഷിക്കുന്നത്, പ്രത്യുത സജീവ സ്ഥാപനമായിട്ടത്രേ. ഒരുവർഷംകൊണ്ടു പണിതീർക്കപ്പെട്ട ഒരു അരമനപോലെയല്ല തിരുസ്സഭ. ഒരു കാലത്തു ലോകം മുഴുവനും വ്യാപിക്കുവാനുള്ള ഒരു മഹാനഗരമാണത്; "അഖിലഭൂമിയുടേയും ആനന്ദത്തോടുകൂടെ സീയോൻ സ്ഥാപിതമായി; വടക്കേ അററത്തു മഹാരാജാവിന്റെ നഗരം". ഭവനനിർമ്മാണം ഇരുപതു ശതാബ്ദംമുമ്പ് ആ

www.malankaralibrary.com

രംഭിച്ചതാണ്. എല്ലായിടത്തും ക്രിസ്തു ആരാധിക്കപ്പെടുന്നതുവരെ അതു വ്യാപിച്ചുകൊണ്ടിരിക്കും. തിരുസ്സഭ വളരുന്നതോടൊപ്പം പുതിയ രാജ്യങ്ങൾ സുവിശേഷം മനസ്സിലാക്കി ആനന്ദം കൊള്ളും. "വിജാതീയർ ഇതു കേട്ടപ്പോൾ അവർ ആഹ്ലാദിച്ചു." (നട 13, 48) ഭക്തനും ധീരനുമായ വ്യാഖ്യാതാവു് ഒരു മനോഹരമായ ചിന്തയോടുകൂടെ ഈ ഭാഗം സമാപിച്ചിരിക്കുന്നു. കാനോനനമസ്കാരം ചൊല്ലുന്നവക്കെല്ലാം പ്രിയംകരമായ ഒന്നാണതു്. തിരുസ്സഭയുടെ നിർമ്മാണത്തിൽ എല്ലാവരും പങ്കെടുക്കണം; ഇതിനെപ്പററി പ്രസംഗിക്കേണ്ട സുവിശേഷദൂതൻ കർത്താവിനോടു പറയണം: "കർത്താവേ, എൻെറ അധരങ്ങൾ അങ്ങു തുറക്കണമേ, എൻെറ വായ് അങ്ങയുടെ സ്തുതികൾ പാടും." മിഷനറി പ്രവർത്തനങ്ങളിൽ വ്യാപൃതനല്ലാത്ത വൈദികൻ പ്രേഷിതജോലിൽ സഹകരിക്കുവാൻ ആഗ്രഹിക്കണം. സ്വന്തം മുറിയിലിരുന്നു സങ്കീർത്തനങ്ങൾ ചൊല്ലുമ്പോൾ അദ്ദേഹം പറയണം: "കർത്താവേ, എൻെറ അധരങ്ങൾ അങ്ങു തുറക്കണമേ." ആ സമയത്തു സുവിശേഷപ്രസംഗം ചെയ്യുന്ന വൈദികൻെറ സ്വരം സ്നേഹൈക്യത്താൽ സ്വന്തം സ്വരമായിക്കരുതാവുന്നതാണ്. ദൈവത്തിനുള്ള ഏററവും വലിയ സ്തുതിയാണു് ഈ വാക്യത്തിൻെറ സാരം. അതു വാക്കുകളെക്കാൾ കൂടുതലായി രഹസ്യങ്ങൾകൊണ്ടു സമ്പുഷ്ടമാണ്.

അഞ്ചാം ദിവസം. നവംബർ 30-ാംനു ശനി: വിശുദ്ധ അന്ത്രയോസിൻെറ തിരുനാൾ.

വാക്യം 17: ഹനനയാഗത്തിൽ അങ്ങു് ആനന്ദംകൊള്ളുന്നില്ല; ഹോമയാഗം ഞാൻ സമർപ്പിച്ചാൽ അങ്ങു സ്വീകരിക്കുകയുമില്ല

ഈ വാക്കുകളിൽ നിന്നു ദാവീദ് ഏതുതരം ബലി സമർപ്പിക്കാനും സന്നദ്ധനാണെന്നു കാണാം. താൻ ചെയ്ത പാപത്തിൻെറ ഭാരം അദ്ദേഹത്തിൻെറ ഹൃദയത്തിൽ ഘനം തൂങ്ങുന്നുണ്ട്. അന്യൻെറ ഭാര്യയോടുള്ള ബലാൽസംഗം, നിഷ്കളങ്കനായ ഒരു മനുഷ്യൻെറ വധം എന്നിങ്ങനെ താൻ ചെയ്ത രണ്ടു മഹാകുററവും അദ്ദേഹം ഏററുപറയുന്നുണ്ടു്. എന്നാൽ ഈ സംഗതി ബോധ്യപ്പെടാൻ ഒരു കൊല്ലത്തോളമെടുത്തു. ശരിയായ പരിഹാരം മരണമാണെന്നു് അദ്ദേഹത്തിനറിയാം. അതാണു മൂശയുടെ നിയമം അനുശാസിക്കുന്നതും. "കർത്താവു് നിൻെറ പാപം എടുത്തുനീക്കിയിരിക്കുന്നു; നീ മരിക്കുകയില്ല." എന്നു പ്രവാചകൻ ഉറപ്പുകൊടുത്തിട്ടുള്ളതുകൊണ്ടു പ്രതാപവാനായ ദൈവത്തിൻെറ മുമ്പാകെ മരണം അഥവാ സർവ്വംകഷമായ നശീകരണം സൂചിപ്പിക്കുന്ന ഒരു കാഴ്ച നല്കേണ്ടതാണെന്നു് അ

www.malankaralibrary.com

ദ്ദേഹത്തിനറിയാമായിരുന്നു. അതിനാലാണു നിയമാനുസൃതമായ ബലി കാഴ്ചവയ്ക്കുന്നതു്. ധനികനായിരുന്നതുകൊണ്ടു ഹോമയാഗത്തിനും ഹനനയാഗത്തിനും പ്രയാസമില്ലാതാനും. വയ്ക്കോലും മണ്ണും തീച്ചൂളയുമായി മല്ലിട്ടിരുന്ന ഈജിപ്തിൽവച്ചു യഹൂദർ സമർപ്പിച്ചിരുന്ന തരത്തിലുള്ള ബലികൾ ദാവീദു സമർപ്പിക്കണമെന്നു കർത്താവു് ആഗ്രഹിച്ചിരുന്നില്ല. ദൈവത്തിനു് ഇഷ്ടപ്പെട്ടവനായി തിരിഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ക്രിസ്തുവിൻെറ ഈ പിതാമഹനു് ഈ ദ്രശമായ ആരാധനയും പരിഹാരവും തീരെ യോജ്യമല്ലായിരുന്നു. ആകയാൽ കർത്താവു് അവ അദ്ദേഹത്തിൽ നിന്നു പ്രതീക്ഷിച്ചില്ല; ഹോമയാഗങ്ങളിൽ കർത്താവു പ്രസാദിച്ചില്ല. എന്നാൽ അവ സമർപ്പിക്കുവാൻ ദാവീദു സന്മനസ്സു പ്രകാശിപ്പിച്ചതു് എത്രയും നന്നായി. ദൈവകല്പനകൾ അനുസരിക്കുവാൻ അദ്ദേഹം സന്നദ്ധനാണെന്നു സാരം.

കർത്താവു് ആഗ്രഹിക്കുന്ന ആത്മപരിത്യാഗം അവിടുന്നു് ആവശ്യപ്പെടുന്ന തോതിൽ നല്കുവാനുള്ള ദാവീദിൻെറ സന്നദ്ധത എനിക്കു് ഒരു മാതൃകയും പാഠവുമാണു്. ഇതാണു് ആത്മാത്ഥവും വിശ്വസ്തവുമായ ഭക്തി. പ്രാത്ഥനാസമയത്തു് ആശ്വാസദായകമായ ബാഷ്പങ്ങൾ ചൊരിയുവാൻമാത്രമല്ല, ഏതു സാഹചയ്യത്തിലും ദൈവത്തെ ശുശ്രൂഷിക്കുവാൻകൂടി ദാവീദു സന്നദ്ധനായിരുന്നു. "ദൈവമേ, എൻെറ ഹൃദയം സന്നദ്ധമാകുന്നു; അതെ എന്റെ ഹൃദയം സന്നദ്ധമാകുന്നു." (സങ്കീ. 56, 8) വലുതായാലും ചെറുതായാലും ദൈവം ആവശ്യപ്പെടുന്നതു ചെയ്യുക; ദൈവം ഇഷ്ടപ്പെടാത്തതെന്തെന്നു മനസ്സിലാക്കി അതു ചെയ്യാതിരിക്കുക. പലപ്പോഴും ഇക്കാര്യത്തിൽ നാം വഞ്ചിതരാകാറുണ്ടു്. കർത്താവിനെ ശുശ്രൂഷിക്കുവാൻ നാം കണ്ടു പിടിക്കുന്ന മാർഗ്ഗങ്ങൾ നമ്മുടെ അഭിരുചിയും അതിമോഹവും ഉദ്ദേശ്യങ്ങളും ഉൾക്കൊള്ളുന്ന മാർഗ്ഗങ്ങളാണു്. "പാറകളുടെ പിളർപ്പുകളിൽ നിവസിക്കുവരേ, നിങ്ങളുടെ ഹൃദയത്തിൻെറ അഹങ്കാരം നിങ്ങളെ വഞ്ചിച്ചിരിക്കുന്നു." ദൈവശുശ്രൂഷയുടെ കാര്യത്തിൽ നിങ്ങളുടെ അറയിൽ നിന്നു നിങ്ങൾ പുറത്തിറങ്ങുകയില്ല. ചുററുമുള്ള കോളിൽനിന്നു രക്ഷപ്പെടാൻ നീ വിഷച്ചിലന്തിയെപ്പോലെ നിൻെറ അറയിൽ അഭയം തേടുന്നു. പവ്വതങ്ങൾക്കും കടലിനും അപ്പുറത്തുനിന്നു് ഒരു ക്ഷണം കിട്ടിയാൽ തൽക്ഷണം കഴുകനെപ്പോലെ പറക്കാമെന്നാണു നിൻെറ ഭാവം. നിൻെറ ഭക്തി നിന്നെ വഞ്ചിച്ചിരിക്കുന്നു. അനുദിനം ദൈവം തിരുമനസ്സാകുന്നവ നിവ്വഹിക്കുന്നതിലാണു നിൻെറ സന്നദ്ധത പ്രകടമാക്കേണ്ടതു്. തീക്ഷ്ണമായ നെടുവീർപ്പുകൾകൊണ്ടു മാത്രം സന്നദ്ധത പ്രകാശിപ്പിച്ചാൽ പോരാ.

www.malankaralibrary.com

വാക്യം 18 ദൈവമേ, തകർന്ന ഹൃദയമാണു് എന്റെ യാഗം, തകർന്നുനുറുങ്ങിയ ഹൃദയം, ദൈവമേ, അങ്ങു നിരസിക്കുകയില്ല.

പരീക്ഷകൾക്കു വിധേയമായ ഹൃദമാണു ദൈവത്തിനു് എത്രയും പ്രിയംകരം. മിക്കപ്പോഴും ഹൃദയവ്യഥയോടുകൂടെ ശാരീരികക്ലേശങ്ങളും വന്നുകൂടാറുള്ളതിനാൽ ദ്വിവിധക്ലേശങ്ങളുള്ളവരാണു ദൈവത്തിനു് ഇഷ്ടപ്പെട്ടവർ. തിന്മ ചെയ്യുന്നതിൽ ആത്മാവിനോടൊപ്പം ശരീരത്തിനും പങ്കുണ്ടല്ലോ. അനുതപിച്ച പാപിയായ ദാവീദിന്റെ കാര്യം മാററിവച്ചു് ഈ സംഗതി പരിശോധിക്കുകയാണെങ്കിൽ കുരിശിന്റേയും സഹനത്തിന്റേയും മാർഗ്ഗമാണു നാം കാണുക. അതുതന്നെയാണു് ഒരു പുരോഹിതനും ഒരു മെത്രാനും പരിപൂർണ്ണത പ്രാപിക്കുവാനുള്ള മാർഗ്ഗം.

1930 മേയ് മാസത്തിൽ ഞാൻ റുസ്റ്റ്ചുക്കിൽ വച്ചു ധ്യാനം നടത്തിയപ്പോൾ ഈ തത്വമായിരുന്നു എന്റെ പ്രധാന ചിന്താവിഷയം. എന്റെ മെത്രാഭിഷേകസമയത്തു സാൻകാർലോ അൽകോർസോയുടെ ബലിപീഠത്തിങ്കൽ ഞാൻ സാഷ്ടാംഗം വീണുകിടന്നപ്പോൾ ഈ തത്വം ഒന്നുകൂടി ഞാൻ തെളിഞ്ഞു കണ്ടു. ആ തിരുകർമ്മത്തിൽ നിന്നു പുറത്തുവന്നപ്പോൾ ക്രൂശിതനായ ക്രിസ്തുവിന്റെ ഒരു ഛായ ആത്മാവിൽ പതിഞ്ഞാലെന്നപോലെയുള്ള ഒരു പ്രതീതിയാണു് എനിക്കുണ്ടായതു്. "എന്നെക്കൊണ്ടു് അങ്ങയുടെ കുരിശിനെ സ്നേഹിപ്പിക്കുക," എന്നു സുകൃതജപം ഞാൻ പലപ്പോഴും ആവർത്തിക്കേണ്ടിയിരിക്കുന്നു. ഇതുവരെ ഞാൻ വളരെ കുറച്ചേ സഹിച്ചിട്ടുള്ളു. ആത്മാക്കൾക്കു വേണ്ടിയുള്ള തീക്ഷ്ണമായ പ്രവർത്തനങ്ങളിലേക്കു തീയിലേക്കെന്നപോലെ ചാടിവീഴുന്ന ധീരരും ഉദാരമതികളുമായ ആത്മാക്കൾക്കു സഹജമായ സഹനങ്ങളിൽ നിന്നു സന്തോഷപ്രകൃതി എന്നെ മാററി നിറുത്തി. അതു ദൈവത്തിൽ നിന്നുള്ള ഒരു മഹാദാനമാണു്. എന്റെ വിനീത ജീവിതം അവസാനിക്കുന്നതിനു മുമ്പ് വേദനയേറിയ അനുഭവങ്ങൾ കർത്താവു് എനിക്കു് അയച്ചുതരുമെന്നു പ്രതീക്ഷിക്കേണ്ടതാണു്. കൊള്ളാം, ഇവ അയച്ചു തരുന്ന കർത്താവു് ഇവ പ്രശാന്തതയോടും മാധുര്യത്തോടും അന്തസ്സോടും കൂടെ സഹിക്കുവാൻ ശക്തി നല്കുകയാണെങ്കിൽ ഞാൻ സന്നദ്ധനാണു് സഹിക്കാൻ. ഞാൻ ആമിഖ്യം സ്വീകരിച്ചിരിക്കുന്ന സീയോൺ സഹോദരികളുടെ നോവിസ് മിസ്ട്രെസ്സ് മരിയാഅൽഫോൺസായുടെ ജീവചരിത്രത്തിൽ ഞാൻ വായിച്ചു അവരുടെ സഭയുടെ ചൈതന്യം മഹാകാരുണ്യസമന്വിതമായ സ്വാത്മപരിത്യാഗമാണെന്നു്. ഈ മുദ്രാവാക്യം എനിക്കു് എത്രയും പററിയതാണു്. ആന്തരികത്യാഗം എളിമയോടും അനുതാപത്തോടും

www.malankaralibrary.com

തകർന്നഹൃദയത്തോടും ആശ്ലേഷിക്കുവാൻ ഞാൻ സന്നദ്ധനാണ്. പഴയനിയമത്തിലേ പ്രശസ്ത പാത്രങ്ങളെപ്പററി പറയുന്നതു് അവർ തകർന്നഹൃദയത്തോടെ ചാരത്തിൽകിടന്നിരുന്നുവെന്നാണ്. പുതിയനിയമത്തിലേ പുണ്യവാന്മാരും അങ്ങനെതന്നെ. വിശുദ്ധ ഫ്രാൻസിസ് അസീസ്സിയെപ്പററി ചിന്തിക്കുക. "ഓ ഈശോ, പാപിയായ എന്റെ മേൽ കൃപയുണ്ടാകണമേ," എന്നായിരുന്നു സദാ അദ്ദേഹത്തിന്റെ പ്രാത്ഥന. ഈ ഹൃദയത്തകർച്ച പ്രാപിക്കുവാൻ വളരെ സൂക്ഷത്തോടും തീക്ഷ്ണതയോടുംകൂടെ ഞാൻ വി. കുർബാന സമർപ്പിക്കും. അതു് എന്നെ ക്രിസ്തുവിന്റെ സഹനത്തിന്റെ നികേതനമായ ഗെത്ത്സെമിൻ ഉദ്യാനത്തിലേക്കു് ആനയിക്കുന്നു. ദിവസന്തോറുമുള്ള സൂചിക്കുത്തുകളാണ് എനിക്കാവശ്യമായ പരീക്ഷകൾ. ക്ഷമയും ആത്മസംയമനവും നീതിയും അന്തസ്സും ശാന്തതയും ദൈവഹിതത്തിനുള്ള വഴക്കവും വഴി ഈ സൂചിക്കുത്തുകൾക്കുത്തരം നല്കണം.

വാക്യം 19 ജെറുസലേമിന്റെ മതിലുകൾ നിർമ്മിച്ച കർത്താവേ, അങ്ങയുടെ അനുഗ്രഹത്താൽ സീയോനോടു് കൃപ ചെയ്യണമേ.

വേദപുസ്തകവ്യാഖ്യാതാക്കൾക്കു് ഇവിടെ നല്ല ഒരഭ്യാസത്തിനു സന്ദർഭം ലഭിച്ചിട്ടുണ്ടു്. അനുവാചികവും ആലങ്കാരികവും നിഗൂഢാത്മകവുമായ അത്ഥം ചർച്ചചെയ്തിരിക്കുന്നു. ബലിക്കു സന്നദ്ധനായി പാപത്തിൽനിന്നു് ഉയിർത്തെഴുന്നേററിരിക്കുന്ന രാജകീയ പ്രവാചകൻ ഭാവിയെ ഉററുനോക്കിക്കൊണ്ടു കാരുണ്യവാനായ ദൈവത്തിന്റെ മഹത്വീകരണത്തിനുവേണ്ടി പ്രാത്ഥിക്കുന്നു. സീയോൻപവ്വതത്തിൽ സ്ഥാപിതമായ തന്റെ ഭവനത്തിന്റെമേൽ അനുഗ്രഹമുണ്ടാകണമെന്നു് അദ്ദേഹം യാചിക്കുന്നു. രാജകീയ നഗരത്തിന്റെ ഭിത്തികൾ പുനരുദ്ധരിക്കുന്നതിനുള്ള അനുവാദം രക്ഷകനായ ക്രിസ്തുവിന്റെ ആഗമനത്തെയാണു നിഴലിപ്പിക്കുന്നതു്. "നമ്മുടെ രക്ഷകനായ ദൈവത്തിന്റെ നന്മയും സ്നേഹപൂവ്വകമായ കാരുണ്യവും ദൃശ്യമായിരിക്കുന്നു." (തീത്തുസ് 3, 4) യൂദാരാജാക്കന്മാരുടെ വംശങ്ങളൊക്കെ സീയോൻ കാണാനിരിക്കുന്നതേയുള്ളു. അവസാനം അവ കോൺസ്റ്റന്റയിൻ ചക്രവത്തിയുടെ താവഴിക്കും പിന്നീടു മാപ്പാപ്പാമാരുടെ അന്യൂനമായ ഭരണത്തിനും വഴിമാറിക്കൊടുത്തു. ജെറുസലമാണു തിരുസ്സഭ, ലോകമെങ്ങും അതു കൂടാരങ്ങൾ സ്ഥാപിക്കുന്നു. ബലിഷ്ഠമായ ഭീമഭിത്തികളുണ്ടു് അതിനു്. ചിലപ്പോൾ അവിടവിടെ പൊട്ടിത്തകന്നു കിടക്കും; എന്നാൽ വീണ്ടും കൂടുതൽ ശക്തിയോടെ നിർമ്മിക്കപ്പെടുന്നു. സമരസഭയായ ജറൂസലേമിൽനിന്നു ജേതൃസഭയായ സ്വർഗ്ഗീയ ജെറൂസലേമിലേക്കു നമ്മൾ ദൃഷ്ടികളുയർത്തുന്നു. അതു നമ്മളെ കാത്തിരിക്കയാണ്. "കരുണയുണ്ടാക

www.malankaralibrary.com

ണമേ", എന്ന ദാവീദിൻെറ സങ്കീർത്തനത്തിലെ അന്തിമ വാക്കുകൾ വി. യോഹന്നാൻെറ വെളിപാടിൻെറ ഓർമ്മയാണ ജനിപ്പിക്കുന്നതു്. "സമാധാനപൂർവ്വകമായ അഭിമുഖദർശനത്തെ" വിവരിച്ചശേഷം അദ്ദേഹം അപേക്ഷിക്കുന്നു: "ഈശോ കർത്താവേ, വരിക."

ഈദൃശപ്രതാപങ്ങൾ എൻെറ ഹൃദയത്തെ വികാരഭരിതമാക്കുകയും ആഹ്ലാദിപ്പിക്കുകയും ചെയ്യുന്നു. സീയോൻ പർവ്വതത്തിൽനിന്നു് ഈശോയുടെ ചൈതന്യം പ്രസംഗിക്കുന്നതിലും ജറൂസലേം ഭിത്തികൾ പുനരുദ്ധരിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നതിലും തിരുസ്സഭയെ സേവിക്കുന്നതിലും അവ എനിക്കു പ്രോത്സാഹനം തരുന്നു. തിരുസിംഹാസനത്തിൻെറ പ്രതിനിധികളിലും മെത്രാന്മാരിലുംവച്ചു ഞാൻ എത്രയും വിനീതനെങ്കിലും എൻെറ ദൈവവിളിയെ സമാദരിക്കുവാൻ ഞാനാഗ്രഹിക്കുകയാണു്. എന്നെ സംബന്ധിച്ചിടത്തോളം ദൈവപരിപാലന അതാണ നിശ്ചയിച്ചുവച്ചിട്ടുള്ളതു്.

സീയോൻെറ വിശുദ്ധശൃംഗങ്ങൾ മുതൽ ജെറൂസലേമിൻെറ ഭിത്തികൾവരെ തിരുസ്സഭയിൽ നിർവ്വഹിക്കപ്പെടുന്ന കാര്യങ്ങളിൽ ഉത്സാഹത്തോടും കാര്യക്ഷമമായും യോഗ്യതയോടും അംഗീകരിക്കുന്നതിനായിരിക്കണം അവശേഷിച്ചിരിക്കുന്ന ജീവിതകാലം ഞാൻ വിനിയോഗിക്കേണ്ടതു്. എൻെറ സദുദ്ദേശ്യം അവിടുന്നു സ്വീകരിക്കുകയും കാരുണ്യപൂർവ്വം അനുഗ്രഹിക്കുകയും ചെയ്യട്ടെ;

വാക്യം 20. അപ്പോൾ അങ്ങു് അർഹമായ യാഗങ്ങളും കാഴ്ചകളും ഹോമബലികളും സ്വീകരിക്കും; അപ്പോൾ അവർ അങ്ങയുടെ ബലിപീഠത്തിൽ കാളകളെ സമർപ്പിക്കും.

ക്രിസ്തു തന്നെത്തന്നെ മാധുര്യമുള്ള സുഗന്ധമായിട്ടു കാഴ്ചയും ബലിയും സമർപ്പിച്ചുവല്ലോ" (എഫേ. 5, 2). യഥാർത്ഥമായ ആ ബലിയെപ്പററിയാണ ദാവീദു് ഇവിടെ സംസാരിക്കുന്നതു്. ദാവീദു വിദൂരത്തിൽനിന്നു് ആ ബലി ദർശിച്ചു. നീതിയുടേയും സാർവ്വത്രിക പരിഹാരത്തിൻേറയും ബലിയാണതു്. സീയോനും മോറിയായ്ക്കും മദ്ധ്യേയുള്ള പരിശുദ്ധമായ കുന്നിൽനിന്നു സമർപ്പിതമായ ആ ബലി ലോകാരംഭകാലമുള്ള എല്ലാ ബലികൾക്കും അറുതിവരുത്തി. ശതാബ്ദങ്ങൾതോറും ലക്ഷോപലക്ഷങ്ങൾ സമർപ്പിക്കുന്ന ബലികൾക്കെല്ലാം ദിവ്യമായ ശക്തി പ്രദാനം ചെയ്യു. കുരിശിനോടുള്ള അഗാധസ്നേഹത്തെപ്രതി ക്രിസ്തുവിൻെറ മൗതികശരീരത്തിൽനിന്നു പ്രായശ്ചിത്തവും സഹനവും സമർപ്പിതമാകും.

www.malankaralibrary.com

കുരിശിലേ ബലിയുടെ അടുക്കൽനിന്നു് ഈ കാഴ്ചകളേയും ഹോമയാഗങ്ങളേയുംപററി ധ്യാനിക്കുന്നതു നല്ലതാണു്: അങ്ങനെ ബലിസമർപ്പിക്കുന്നവരാണു ശ്ലീഹന്മാർ. വന്ദകന്മാർ, രക്തസാക്ഷികൾ, എല്ലാ തുറകളിലുമുള്ള വിശുദ്ധന്മാർ. അതുപോലെതന്നെ കന്യകകൾ. അവരുടെ ജീവിതം തിരുസ്സഭയുടെ മഹത്വമായിത്തീരുന്നു. അവരുടെ ജീവിതം തീക്ഷ്ണതയും ത്യാഗവും രക്തവുംതന്നെ. "ദഹനബലിയായി അവനു് അവരെ സ്വീകരിച്ചു." (വിജ്ഞാ. 3, 6) അജ്ഞാതവും നിഗൂഢവുമായ കാഴ്ചകളും ബലികളും അത്യുന്നതന്റെ അടുക്കലേക്കു് അഖിലലോകത്തിന്റേയും പരിഹാരമായി ഉയരുന്നു. ബലിപീഠത്തിലെ കാളക്കുട്ടികളോ? വി. കുർബാനയുടെ ഛായയാണു പൊതുവേ വ്യാഖ്യാതാക്കൾ അവയിൽ ദർശിക്കുന്നതു്. കുരിശിന്റെ ബലി വി. കുർബാനയിൽ നിഗൂഢമായും നിരന്തരമായും യഥാർത്ഥമായും ആവർത്തിക്കപ്പെടുന്നു. ദിവ്യബലിവസ്തു ദിവസന്തോറും ബലിപീഠത്തിൽ സമർപ്പിക്കുവാൻ കഴിയുന്നതു് ഒരു വൈദികനും മെത്രാനും എത്ര വലിയ ബഹുമതിയാണു്!

ഈശോകർത്താവേ, എന്റെ ശൂന്യതയിൽ ഞാൻ അഭയം തേടുന്നു. എന്റെ പരാജയങ്ങളെ കരുണ്യപൂർവ്വം ക്ഷമിക്കണമെന്നു ഞാൻ പ്രാർത്ഥിക്കുന്നു. അങ്ങയുടെ ആരാധനയ്ക്കും സ്നേഹത്തിനും ബലിപീഠത്തിനുമായി എന്റെ ജീവൻ ഞാൻ കാഴ്ചവയ്ക്കുന്നു. എന്റെമേൽ കരുണയുണ്ടാകണമെ, ദൈവമേ, എന്റെമേൽ കരുണയുണ്ടാകണമെ.

www.malankaralibrary.com

# 1942

# അപ്പസ്തോലിക്ക ഡെലഗേഷനിൽവച്ച് എന്റെ വൈദികരോടുകൂടെ ക്രിസ്തുവിന്റെ രാജത്വതിരുനാൾ മുതൽ സകലവിശുദ്ധന്മാരുടെ തിരുനാൾവരെ നടത്തിയ ധ്യാനം

## 1942 ഒക്ടോബർ 25 – 31 ഈസ്റ്റമ്പൂൾ

1 കഴിഞ്ഞകൊല്ലം ഗ്രീസിൽ ക്ഷാമനിവാരണ കാര്യങ്ങളിൽ ഏർപ്പെട്ടിരിക്കകയായിരുന്നതിനാൽ എനിക്ക ധ്യാനിക്കുവാൻ കഴിഞ്ഞില്ല. ✠

1939 ലെന്നപോലെ ഈശോസഭാവൈദികരോടുകൂടെ ഞാൻ ധ്യാനം നടത്തുവാൻ ആകാംക്ഷനായിരുന്നു. എന്നാൽ അവിടെ പലരും കയറിയിരിക്കുന്നതു അന്വേഷകാരണമാകാവുന്നതുകൊണ്ട് അതു വിവേകപൂർണ്ണമല്ല. വൈദികർക്കും ഉറപ്പില്ല; അവർക്ക ഭയം തോന്നുന്നുണ്ട്. അതിനാൽ 1935 ലും 1937 ലുമെന്നപോലെ സ്വഭവനത്തിൽ വച്ചുതന്നെ ധ്യാനം നടത്തുവാൻ ഞാൻ നിശ്ചയിച്ചു. ആർമീനിയൻ മെത്രാപ്പോലീത്താ കിരെഡ്ജയൻ തിരുമേനിയേയും ബിസന്റയിൻ റീത്തിൽപ്പെട്ട ഗ്രീക്കുകാരുടെ മേലദ്ധ്യക്ഷനായ വരുഹാസു തിരുമേനിയേയും ഞാൻ ക്ഷണിച്ചിരുന്നു. വരുഹാസു തിരുമേനി മൂന്നുപേരെക്കൂടെ കൊണ്ടുവന്നിരുന്നു: ഫാദർ ബാസിൽ, ഫാദർ പോളിക്കാപ്പ്, ഡീക്കൻ ഷാരലംബോസ്. പൗരസ്ത്യറീത്തുകളുടെ മൂന്ന് അദ്ധ്യക്ഷന്മാരുണ്ടായിരുന്നു: മെൽക്കയിറ്റുകാരുടെ ഇടയിൽ നിന്നു കാമി, സുറിയാനിക്കാരിൽ നിന്നു ഫാക്കീർ, ബൾഗേറിയാക്കാരിൽ നിന്നു നിക്കൊളോഫ്. മെത്രാന്മാരും മൂന്നുറീത്തുകളുടെ പ്രതിനിധികളും ഡെലിഗേഷനിൽത്തന്നെ ആഹാരം കഴിക്കുന്നു. ആകെ ഞങ്ങൾ 15 പേരുണ്ടായിരുന്നു; നല്ല സംഖ്യ. ഫ്രഞ്ച് ഈശോസഭാവൈദികനായ ഫോളെ വളരെ നന്നായിട്ടു വേദപുസ്തകത്തോടു വിശ്വസ്തമായി പ്രസംഗിക്കുന്നുണ്ട്. ഇവിടെ പൂർണ്ണമൗനവും, പരിപാടിയോടു വിശ്വസ്തതയും. എല്ലാവരുടേ

---

✠ 1941 ൽ നാലുപ്രാവശ്യം ബിഷപ്പ് റൊങ്കാലി ഗ്രീസു സന്ദർശിച്ചു.

www.malankaralibrary.com

യും വശത്തുനിന്നു വളരെ നന്മനസ്സുമുണ്ട്; അതു് എല്ലാവക്കും ആനന്ദ സംദായകവും സംതൃപ്തിജനകവുമാണ്.

2 വി. ജെമയോൻേറയും വി. യൂദായുടേയും തിരുനാൾ ദിവസം ഞാൻ ഫാദർ ഫോളെയുടെ അടുക്കൽ കുമ്പസാരിച്ചു. അതിനുമുമ്പു ഞാൻ വി. കുർബാന ചൊല്ലുകയും കുമ്പസാരത്തിനു് ഒരുക്കമായി ഫാദർ ഫോളെയുടെ കുർബാന കാണുകയും ചെയ്തു. 1940 ഡിസംബർ മുതൽ രണ്ടു കൊല്ലത്തേ ജീവിതം പരിശോധിക്കുകയും അവ കുമ്പസാരത്തിൽ ഏററുപറയുകയും ചെയ്തു. എന്റെ പ്രായശ്ചിത്തം "കരുണയുണ്ടാകണമേ," "എന്റെ ആത്മാവു ദൈവത്തെ മഹത്വപ്പെടുത്തുന്നു." എന്നീ രണ്ടു സങ്കീർത്തനങ്ങൾ ചൊല്ലുക. എന്നാൽ സന്മാർഗ്ഗത്തിലേക്കു് സുഗമമായും മാന്യമായും പ്രവേശിക്കുന്നതിനു ഞാൻ മററുപ്രായശ്ചിത്തങ്ങൾ അനുഷ്ഠിച്ചു ശീലിക്കേണ്ടിയിരിക്കുന്നു. കത്താവു് എനിക്കു ശരിയായ ചൈതന്യം നല്കുമാറാകട്ടെ. ലോകത്തിനു മുഴുവനും മഹാപ്രായശ്ചിത്തം സമീപിക്കുന്നുണ്ടു്.

മഹാവിപത്തുകളിൽ വി. ചാൾസ് ബൊറോമിയോയും കാർഡിനൻ ഫ്രെഡറിക്കോയും ചെയ്തിരുന്നതുപോലെ മെത്രാന്മാരും വൈദികരും മാതൃക നല്കേണ്ടതാണു്. അവർ കഴുത്തിൽ കയറിട്ടും രോമച്ചട്ട ധരിച്ചും വിശുദ്ധ കുരിശിന്റെ തിരുശേഷിപ്പു വഹിച്ചും നഗ്നപാദരായി പരിഹാര പ്രദക്ഷിണം നടത്തി.

3 ചെയ്തു തീക്കേണ്ടതെല്ലാം പൂത്തിയാക്കുകയെന്ന പൂവ്വപ്രശ്നത്തെ സംബന്ധിച്ചിടത്തോളം തുടർച്ചയായ പരാജയമാണു് എനിക്കു വന്നുകൊണ്ടിരിക്കുന്നതു്. അക്കാര്യത്തിൽ മന:പ്രയാസവുമുണ്ടു്. സ്വാഭാവികമായി എനിക്കുള്ള അലസതയെ ഞാൻ സൂക്ഷിക്കേണ്ടിയിരിക്കുന്നു. ഞാൻ വെറുതെ ഇരിക്കുന്നില്ലെങ്കിലും വളരെ സാവധാനത്തിൽ ശാന്തമായിട്ടാണു് എന്റെ പോക്കു്. എളിമപ്പെടാനുള്ള എല്ലാ സന്ദർഭങ്ങളും ഞാൻ സ്വാഗതം ചെയ്യണം; താലോലിക്കുകയും വേണം. എന്നാൽ ആന്തരികമായ പ്രശാന്തത കൈവെടിയുവാനിടയാകരുതു്. അതാണെന്റെ മനോവേദനയ്ക്കുള്ള നിദാനം. വേഗം കാര്യങ്ങൾ ചെയ്യാൻ സാധിക്കാതെ വരുന്നതു പലകാരണങ്ങൾ കൊണ്ടായിരിക്കാം. വളരെയേറെ ചെയ്യാനുള്ളതുകൊണ്ടാകാമിതു്; ഇവിടത്തേയും ഗ്രീസിലേയും സാഹചര്യങ്ങളുമാകാം. എന്നാൽ എന്റെ കഴിവുകേടു കൊണ്ടെന്നു കരുതുന്നതാണുത്തമം. തോമസ് അക്കെമ്പിസ്സ് പറയുന്നതുപോലെ ഞാനതു ക്ഷമയോടും സന്തോഷത്തോടും സഹിക്കണം. (ക്രിസ്ത്വാനുകരണം 111, 57) ക്രിസ്ത്വാനുകരണത്തിലേ വേറൊരുപദേശം

www.malankaralibrary.com

ഞാൻ സ്മരിക്കേണ്ടതുണ്ട്; ഞാൻ മററെല്ലാവരേക്കാളും താഴ്ന്നവനാണെന്നു ബോധ്യപ്പെട്ടുന്നതുവരെ എനിക്കു് എളിമയുണ്ടെന്നു കരുതുവാൻ വഹിയാ.

4 ആദ്ധ്യാത്മിക ജീവിതത്തിലെ മൗലികതത്വം ഇന്നും നിലകൊള്ളുന്നു. ദൈവത്തിനു സ്തുതിയായിരിക്കട്ടെ. എൻെറ ശൂന്യാവസ്ഥയെപ്പററി ആകുലപ്പെടാതിരിക്കുക. അമ്പ്രോസിയൻ കർബാനയിലെ വാക്കുകൾ ഉപയോഗിച്ചു ഞാൻ എന്നോടു തന്നെ പറയണം: "ഞാൻ എല്ലാവരിലും കിഴ്, ഒരു പാപി. ഞാൻ കർത്താവിൻെറ തിരുമനസ്സിനു പൂർണ്ണമായിട്ടു് എന്നെത്തന്നെ സമർപ്പിക്കണം. തിരുസ്സഭയുടെ വിശ്വസ്തസേവനത്തിനും പ്രേഷിതവേലയ്ക്കും വേണ്ടിമാത്രം ഞാൻ ജീവിക്കണം. ഭാവിയെപ്പററി ഉൽക്കണ്ഠവേണ്ടാ. ദൈവത്തിൻെറ മഹത്വത്തിനും കൃത്യനിർവ്വഹണത്തിനും വേണ്ടി കർത്താവു് ഞാൻ യോഗ്യനെന്നു കരുതുന്നുവെങ്കിൽ എല്ലാം, ജീവിതംപോലും, കാഴ്ചവയ്ക്കാൻ ഞാൻ സന്നദ്ധനായിരിക്കണം. തിരുസ്സഭയുടേയും പരിശുദ്ധപാരമ്പര്യത്തിൻേറയും ഇംഗിതമനുസരിച്ചു് എനിക്കു വളരെയേറെ ആദ്ധ്യാത്മിക തീക്ഷ്ണത ആവശ്യമാണു്. ബാഹ്യമായ ആചാരോപചാരങ്ങൾ വർദ്ധിപ്പിച്ചിട്ടു കാര്യമില്ല. നിരന്തരമായ തീക്ഷ്ണതയും ശാന്തതയും വേണം; എല്ലാം ഉന്നം വയ്ക്കണം; എന്നാൽ ക്ഷമയോടും ശാന്തതയോടുംകൂടെ മാത്രം. ഗ്രാത്രിയിൽനിന്നു കാർഡിനൽ മെഴ്‌സിയേ ഉദ്ധരിച്ചിരിക്കുന്ന വാക്കുകൾ ഞാൻ അനുസ്മരിക്കേണ്ടിയിരിക്കുന്നു; "ശക്തിയുടെ പൂർണ്ണത ശാന്തതയാണു്." മരണത്തെപ്പററിയുള്ള ചിന്ത എപ്പോഴും വേണം; അതാണു ജീവിതത്തെ ആനന്ദപ്രദായകവും അനാകുലവുമാക്കുന്നതു്.

5 ഒരേ സംഗതികൾതന്നെ പിന്നെയും പിന്നെയും ചിന്തിക്കുന്നതു് എനിക്കു് ഒരു ആശാനിഗ്രഹമാണു്; എന്നാൽ അതാണു് എൻ്റെ ആത്മാവിനു വേണ്ടതു്. പ്രഭാതത്തിൽ ധ്യാനത്തിനു സമയമുണ്ടാകാൻ, "മാററിൻസ്" എന്ന പ്രാർത്ഥന തലേസായാഹ്നത്തിൽത്തന്നെ ചൊല്ലാനുള്ള നിശ്ചയം ഞാൻ നവീകരിക്കുന്നു. തുർക്കി ഭാഷയും ഗ്രീക്കും പഠിക്കുവാനുള്ള എൻെറ പ്രതിജ്ഞയും ഞാൻ ആവർത്തിക്കുകയാണു്. കുറേമാസങ്ങളായി ഞാൻ ഗ്രീക്കു പഠിക്കുകയായിരുന്നു; എനിക്കു് ഇക്കാര്യത്തിൽ തെല്ലു സംതൃപ്തിതോന്നുന്നുണ്ടു്. കഴിയുംവേഗം തുർക്കിഭാഷാ പഠനവും ഞാൻ തുടരും. ഈ ഭാഷകളിൽ പ്രാവീണ്യം നേടാമെന്നു കരുതിയിട്ടില്ല; പ്രത്യുത എൻെറ കൃത്യം നിർവ്വഹിക്കുവാനും എൻെറ പിൻഗാമികൾക്കു് ഒരു മാതൃക നല്കുവാനുമാണു്.

www.malankaralibrary.com

6 ഗ്രീസിലെ ജോലിയാണു വൈഷമ്യമേറിയതു്. തന്നിമിത്തം ആ ജോലിയെ ഞാൻ കൂടുതൽ ഇഷ്ടപ്പെടണം. മാത്രമല്ല, ഈ മാസങ്ങളിൽ ആ ജോലി എനിക്കു വളരെയേറെ ആശ്വാസം പ്രദാനം ചെയ്തിട്ടുണ്ടു്. ഇവിടെ ഈസ്റ്റൻബുള്ളിലായിരിക്കുമ്പോൾ അവിടേക്കു പോകാൻ ഞാനാഗ്രഹിക്കുന്നില്ല. ഗ്രീസു് ഇന്നു് മനഃപ്രയാസത്തിന്റെ ആസ്ഥാനമായിത്തീർന്നിരിക്കുന്നു. എന്നാൽ അവിടെ എത്തിക്കഴിയുമ്പോൾ വെള്ളത്തിൽ കിടക്കുന്ന മത്സ്യംപോലെ തന്നെ ആകുന്നുണ്ടു്. മോൺ. ജിയക്കോമോ തെസ്റ്റാ അവിടെ നന്നായിട്ടു ജോലിചെയ്യുന്നുണ്ടെന്നുള്ളതു് എനിക്കാശ്വാസമാണു്. എന്നാൽ തിരുസിംഹാസനം ചുമതല എന്നെ ഏല്പിച്ചിരിക്കുന്നിടത്തോളം കാലം എനിക്കു സ്വതന്ത്രനാകുക സാധ്യമല്ല.

7 ഇന്നു ലോകത്തിനു നാശം വരുത്തുന്ന രണ്ടു പ്രധാന തിന്മകൾ ലൗകായതികത്വവും ദേശീയത്വവാദവുമാണു്. (Secularism & Nationalism) അധികാരസ്ഥാനത്തിരിക്കുന്നവരുടേയും പൊതുവേ അല്മായരുടേയും വാസനയാണു ലൗകായതികത്വം. വൈദികർപോലും ദേശീയത്വവാദത്തിനു് അതീതരല്ല. ഇതരരെ അപേക്ഷിച്ചു് ഈ ദോഷം കുറഞ്ഞു നില്ക്കുന്നതു് ഇറ്റാലിയൻ വൈദികരിൽ, പ്രത്യേകിച്ചു്, ശ്രുപതാവൈദികരിലാണു്. എന്നാൽ ഒരു മെത്രാനും തിരുസിംഹാസനത്തിന്റെ പ്രതിനിധിയെന്ന നിലയിലും ഞാൻ വളരെയേറെ സൂക്ഷിക്കേണ്ടതുണ്ടു്. ഇറ്റലിയോടു് എനിക്കു വളരെ സ്നേഹമുണ്ടു്. എന്നാൽ ഇറ്റലിയെ സ്നേഹിക്കുന്നതു് ഒരു കാര്യം. ആ സ്നേഹം പരസ്യമായി പ്രകടിപ്പിക്കുക വേറൊരു കാര്യം. ഞാൻ പ്രതിനിധീകരിക്കുന്ന തിരുസ്സഭ എല്ലാ രാജ്യങ്ങളുടേയും അമ്മയാണു്. ഞാൻ സമ്പർക്കത്തിലേപ്പെടുന്നവരെല്ലാവരും പേപ്പൽപ്രതിനിധിക്കു് ഇതരരാജ്യങ്ങളോടു ബഹുമാനമുണ്ടെന്നു തോന്നണം. ആകയാൽ സാർവ്വത്രികവിശ്വാസം തോന്നുന്ന ശാന്തമായവിധിയും ആർദ്രതയും എന്റെ വ്യാപാരത്തിൽ പ്രകടമാകണം. തന്നിമിത്തം വളരെ സൂക്ഷ്മവും ബഹുമാനപൂർവ്വകമായ മൗനവും ഉപചാരവും സദാ വേണം. എന്റെ കൂടെയുള്ളവരും സ്വഭവനത്തിലും വെളിയിലും ഈ നടപടിതന്നെ സ്വീകരിക്കണം. ഞങ്ങളെല്ലാവരിലും ദേശീയത്വവാദം അന്തർലീനമായി കിടപ്പുണ്ടു്. ഈ ദോഷത്തിൽനിന്നു് അപ്പസ്തോലിക്കു ഡെലിഗേറ്റു് ഒഴിവായിരിക്കണം. ദൈവം എന്നെ സഹായിക്കട്ടെ.

8 മഹാസംഭവങ്ങളുടെ ഇടയിലാണു നമ്മൾ ജീവിക്കുന്നതു്. ശൂന്യത മുമ്പിൽ കാണപ്പെടുന്നു. ആകയാൽ ക്രിസ്തീയസാമുദായികക്രമത്തിന്റെ മൗലികതത്വങ്ങളിലേക്കു മടങ്ങുന്നതും ഇന്നു നടക്കുന്ന സം

www.malankaralibrary.com

ഗതികൾ സുവിശേഷത്തിൻെറ വെളിച്ചത്തിൽ പരിചിന്തനം ചെയ്യുന്നതും നമ്മളെ വിഴുങ്ങിക്കൊണ്ടിരിക്കുന്ന ഭീകരസംഭവങ്ങളുടെ ഇടയ്ക്കു ഭൂമിയിൽ ദൈവനിയമത്തെ സംരക്ഷിക്കുവാനുള്ള ശിക്ഷാവ്യവസ്ഥ ദശിക്കുന്നതും ഒരാവശ്യമാണ്. ഒരു മെത്രാൻ ഇതിന്റെ സ്വഭാവമൊക്കെ മനസ്സിലാക്കി ചരിത്രസംഭവങ്ങളുടെ താത്വികവശത്തെപ്പററി ഒരു വിശദീകരണം നല്കാൻ തയ്യാറായിക്കൊള്ളണം. രാഷ്ട്രീയവും സാമുദായികവുമായ ക്രമക്കേടുകളുടെ ചരിത്രതാളുകളോടു രക്തച്ചൊരിച്ചിലിൻെറ ചരിത്രതാളുകൾ ഇന്നു ചേർത്തുകൊണ്ടിരിക്കയാണല്ലോ. അതിനും ഒരു മെത്രാനു വിശദീകരണം നല്കാൻ കഴിയേണ്ടതാണ്. വി. ആഗുസ്തീനോസിൻെറ "ദൈവനഗരം" എന്ന പുസ്തകം വായിച്ച് എൻെറ തീരുമാനം ഞാനെടുക്കണം: വിവേകപൂർവ്വകമായ തീരുമാനം എൻെറ ശുശ്രൂഷ സ്വീകരിക്കുന്നവക്കു വളരെ പ്രകാശവും സൗഖ്യവും പ്രദാനം ചെയ്യും.

9 വിശുദ്ധ ഗ്രന്ഥങ്ങളിൽനിന്നു വിഷയങ്ങളെടുത്തു വിശ്വസ്തതയോടെ ധ്യാനാഭ്യാസങ്ങൾ നല്കിയിരുന്ന ഫാദർ റെനേ ഫോളെ ഒരു പ്രാവശ്യം പ്രസ്തുതസമ്പ്രദായംവിട്ടു പരിപൂർണ്ണനായ ഒരു മെത്രാൻെറ ചിത്രം നല്കുകയുണ്ടായി. വി. ഇസിദോർ സെവീൽ വി. ഫുൾജെൻസിയൂസിനെപ്പററി പറഞ്ഞ വാക്കുകൾ അദ്ദേഹം ഉദ്ധരിക്കുകയാണു ചെയ്തത്. അവ ഈ ധ്യാനത്തിൻെറ സ്മാരകവും എനിക്ക് ഒരുപദേശവുമായി ഇവിടെ ഞാൻ ഉദ്ധരിക്കുന്നു.

"ജനങ്ങളെ ഉപദേശിക്കാനും വേണ്ടപോലെ പരിശീലിപ്പിക്കുവാനും നിയുക്തരായിട്ടുള്ള അധികാരികൾ സർവ്വകാര്യങ്ങളിലും വിശുദ്ധിയുള്ളവരായിരിക്കണം; ഒരു കാര്യത്തിലും ശിക്ഷായോഗ്യരാകരുത്, അവരുടെ സംഭാഷണം നിർമ്മലവും ലളിതവും ഹൃദയംഗമവും അന്തസ്സുള്ളതും സത്യസന്ധവും വിശ്വാസസത്യങ്ങളാകുന്ന രഹസ്യങ്ങളെപ്പററി പ്രതിപാദിക്കുമ്പോൾ ശാന്തതയും സുഭഗതയും നിറഞ്ഞതുമായിരിക്കണം. നീതിയും വിരക്തിയും സംഭാഷണത്തിൽ പ്രകാശിച്ചുകാണണം: ഓരോരുത്തരുടേയും സന്മാർഗ്ഗജീവിതമനുസരിച്ചും ജോലിയനുസരിച്ചും ഉപദേശങ്ങൾ വ്യത്യസ്തമാകേണ്ടതാണ്. ആരോട്, എപ്പോൾ, എങ്ങനെ, എന്തിനെപ്പററി സംസാരിക്കുന്നുവെന്ന് അവർ മുൻകൂട്ടി അറിഞ്ഞിരിക്കേണ്ടതാണ്. വേദപുസ്തകം വായിക്കുക, കാനൻനിയമങ്ങൾ അറിഞ്ഞിരിക്കുക, വിശുദ്ധരെ അനുകരിക്കുക, ഉപവാസവും പ്രാർത്ഥനകളും പ്രായശ്ചിത്തങ്ങളും അനുഷ്ഠിക്കുക, അങ്ങോരന്മാരോടുകൂടെ സമാധാനപൂർവ്വം ജീവിക്കുക, ആരെയും വെറുപ്പിക്കാതിരിക്കുക, തെളിവുകൂടാതെ ആരെയും ശിക്ഷിക്കാതിരിക്കുക, ശരിയായ പരിശോ

www.malankaralibrary.com

ധനക്കൂടാതെ ആക്കും മഹറോൻശിക്ഷ നല്കാതിരിക്കുക എന്നിവ അവരുടെ പ്രധാന കത്തവ്യമാണ്. എളിമയും അധികാരവും മെത്രാനിൽ യോജിച്ചുപോകണം. അതിരുകടന്ന എളിമ നിമിത്തം കീഴുള്ളവരുടെ തിന്മകൾ വളരാൻ അനുവദിക്കരുതു്; കക്കശമായി അധികാരം വിനിയോഗിക്കുകയുമരുതു്. ക്രിസ്തുനാഥൻ എത്ര കണിശമായി തന്നെ വിധിക്കുമെന്നു് ഒരുത്തൻ കരുതുന്നുവോ അത്രയും സൂക്ഷമായി അയാൾ തന്റെ സൂക്ഷത്തിനു് ഏല്പിക്കപ്പെട്ടവരോടു വ്യാപരിക്കും.

എല്ലാ ദാനങ്ങളേയും അതിലംഘിക്കുന്ന ദൈവസ്നേഹം അവൻ അഭ്യസിക്കണം. അതുകൂടാതെയുള്ള സുകൃതം വ്യഥാവിലാണു്. അതാണു കന്യാവ്രതത്തിനുള്ള സംരക്ഷ; എന്നാൽ ഈ സംരക്ഷണമാർഗ്ഗം എളിമയിൽ അധിഷ്ഠിതമാണു്. ഇതിനുപുറമേ അവൻ കന്യാവ്രതം പാലിക്കണം; അങ്ങനെ ക്രിസ്തുവിനു പ്രതിഷ്ഠിതമാകുന്ന മനസ്സു ജഡികതിന്മകളിൽനിന്നു വിമുക്തമായിരിക്കും. മററു ചുമതലകൾക്കുപുറമേ അവന്റെ കത്തവ്യമാണു ദരിദ്രരോടു് അനുകമ്പ പ്രദശിപ്പിക്കുക; വളരെ ഔത്സുക്യത്തോടെ വസ്ത്രമില്ലാത്തവക്കു വസ്ത്രംകൊടുക്കുക, തീത്ഥകരെ സഹായിക്കുക, അടിമകളെ വീണ്ടെടുക്കുക, വിധവകളേയും അനാഥരേയും സംരക്ഷിക്കുക, എല്ലാവരേയും ശ്രദ്ധാപൂവ്വം പരിപാലിക്കുക, വിവേകപൂവ്വം എല്ലാവക്കും വേണ്ടതെല്ലാം ഉണ്ടാക്കിക്കൊടുക്കുക. ആതിഥ്യവും ഉദാരമായിരിക്കണം. കാരുണ്യത്തോടും ഉപവിയോടുംകൂടെ ആവശ്യങ്ങൾ നിറവേററുക. "ഞാൻ പരദേശിയായിരുന്നു; നിങ്ങൾ എന്നെ സ്വീകരിച്ചു", എന്ന വാക്യം എല്ലാ വിശ്വാസികളും കേൾക്കുവാനാഗ്രഹിക്കുന്നെങ്കിൽ, അത്രയ്ക്കും കൂടുതലായി മെത്രാനും അതാഗ്രഹിക്കേണ്ടതല്ലേ. അദ്ദേഹത്തിന്റെ ഭവനം എല്ലാവക്കും സംരക്ഷണ നല്കേണ്ടതത്രേ".

www.malankaralibrary.com

# 1943—1944

## കുറിപ്പുകൾ

1943ലെ ധ്യാനം തീരെ അനിശ്ചിതമായിപ്പോയി. അതു 1944 അവസാനത്തിലേക്കു മാററിവച്ചു. ഒരു ലാസറിസ്റ്റ് വൈദികൻ ഫാദർ ലെവെക്കു് ആയിരുന്നു ധ്യാനഗുരുവായി നിശ്ചയിക്കപ്പെട്ടിരുന്നതു്. എന്നാൽ ക്രിസ്തുമസ്സിനുമുമ്പു് പാരീസ്സിലേക്കു പോകുവാൻ ഉത്തരവായി.

[മോൺ. റൊങ്കാലിയെ ഫ്രാൻസിൽ അപ്പസ്തോലിക്കുന്നുൺഷിയോആയി നിയമിച്ച വിവരം 1944 ഡിസംബർ 6-ാംനു- അദ്ദേഹത്തിനു് അറിവുകിട്ടി. ഡിസംബർ 26—ാംനു- അങ്കാരയിൽനിന്നു ചാർജ് ഡി അഫയേഴ്സ്, മോൺ. പവോളോ പപ്പലാർഡോക്കു് ഇപ്രകാരമെഴുതി. "എന്നെപ്പററി നല്ലതുവല്ലതും കേൾക്കുകയാണെങ്കിൽ കർത്താവിനു നന്ദിപറയുക. എല്ലാം ചെയ്യുന്നതു് അവിടുന്നാണു്. വിമർശനം കേൾക്കുകയാണെങ്കിൽ പ്രാർത്ഥിക്കുക. വിമർശനം ശരിയാണെങ്കിൽ കർത്താവു് എൻെറ തെററു ക്ഷമിക്കാനും വിമർശനം തെററാണെങ്കിൽ വിമർശകനോടു കർത്താവു ക്ഷമിക്കാനും താങ്കൾ അപേക്ഷിക്കുക. 14 ഉപവി പ്രവൃത്തികളും അനുഷ്ഠിക്കാൻ ഈസ്റ്റനുപുൾ അപ്പസ്തോലിക്കു ഡെലിഗേഷൻ ധാരാളം സന്ദർഭങ്ങൾ നല്കുന്നുണ്ടു്. എൻെറ പ്രിയ പവോളോ, കാരുണ്യവാന്മാർ ഭാഗ്യവാന്മാരാകുന്നു. എനിക്കുവേണ്ടിയും പ്രാർത്ഥിക്കുക. ഇപ്പോൾ നടന്നിരിക്കുന്ന കാര്യം ഞാൻ അന്വേഷിച്ചതോ, ഭാവനം ചെയ്തതോ അല്ലാത്തതിനാൽ എനിക്കു വളരെ സമാധാനമുണ്ടു്. കർത്താവിലേ എൻെറ ശരണം പ്രശാന്തമാണു്. മെസെമ്പ്രിയാ മെത്രാപ്പോലീത്താ ആഞ്ചെലോ ജോസഫു് റൊങ്കാലി],

www.malankaralibrary.com

# 1945—1952

## ഫ്രാൻസിലെ പേപ്പൽ പ്രതിനിധി

## 1945

## സൊളെസ്മെസ്സിൽ വിശുദ്ധവാരത്തിൽ നടത്തിയ ധ്യാനം

## 1945 മാർച്ച് 26—ഏപ്രിൽ 2

ധ്യാനഗുരു: ആബട്ടുമജർമെയിൻ കോസ്സിയെൻ ഒ: എസ്. ബി. ചിന്തകളും പ്രതിജ്ഞകളും.

1 ദൈവത്തിൽ വിശ്വസിക്കുന്നവനു ദോഷം വരികയില്ല: കഴിഞ്ഞ മൂന്നുമാസങ്ങളിലെ എന്റെ ജീവിതം വിസ്മയാവഹമാണ്. ഭാവിയെപ്പററി ചിന്തിക്കാതിരിക്കാനും എനിക്കായി എന്തെങ്കിലും നേടാൻ ശ്രമിക്കാതിരിക്കാനും എന്റെ പ്രതജ്ഞകൾ പലപ്പോഴും നവീകരിക്കേണ്ടിവന്നു.

ഈസ്റ്റൻബുള്ളിൽനിന്ന് ഇതാ ഞാൻ പാരീസിലെത്തിയിരിക്കുന്നു! പ്രാരംഭവിഷയങ്ങൾ വിജയപൂർവ്വം തരണം ചെയ്തിരിക്കുന്നുവെന്നു ഞാൻ കരുതുന്നു. "അനുസരണയും സമാധാനവും" എന്ന എന്റെ മുദ്രാവാക്യം വീണ്ടും എനിക്ക് ഒരനുഗ്രഹം നേടിത്തന്നിരിക്കുന്നു. ആശാനിഗ്രഹം അനുഷ്ഠിക്കുന്നതിനും അഗാധമായ എളിമയും ശരണവും തേടുന്നതിനും തിരുസ്സഭാസേവനത്തിന് ഇനിയും അവശേഷിച്ചിരിക്കുന്ന സംവത്സരങ്ങൾ എന്റെ ആത്മാവിന്റെ വിശുദ്ധീകരണത്തിനും അന്യരുടെ നന്മയ്ക്കുമായി കർത്താവിനു പ്രതിഷ്ഠിക്കുന്നതിനും ഈ അനുഭവങ്ങളൊക്കെ നല്ല കാരണങ്ങളാണ്.

2 ഞാൻ വാർദ്ധക്യത്തിലെത്തിയിരിക്കുവെന്നുള്ള സത്യം ഇനിയും ഞാൻ എന്നിൽനിന്നു മറച്ചുവയ്ക്കരുത്. ഇന്നും എനിക്കു നല്ല ചുറുചുറുപ്പും ചൊടിയും തോന്നുന്നുണ്ട്. ഞാനൊരു ചെറുപ്പക്കാരനാണെന്ന് എനിക്കു തോന്നുന്നതിനാൽ, വൃദ്ധൻ എന്ന വിചാരം എനിക്ക് ഇഷ്ടമല്ല, ഞാൻ അതു വെറുക്കുകതന്നെ ചെയ്യുന്നു. കണ്ണാടിയിൽ

www.malankaralibrary.com

നോക്കുമ്പോൾ പരമാത്ഥം പൊന്തിവരുന്നു. എനിക്കു് ഇനി അധികം കാലം അനുഭവിച്ചിട്ടില്ലെന്നും നിത്യത്വത്തിൻെറ ഗോപുരത്തെ ഞാൻ സമീപിച്ചുകൊണ്ടിരിക്കയാണെന്നും ധ്യാനിച്ചുകൊണ്ടു് ഒന്നുകൂടി നന്നായിട്ടു വ്യാപരിക്കുവാൻ ശ്രമിക്കും. ഈദൃശവിചാരമാണു ഭിത്തിയിലേക്കു തിരിഞ്ഞു കരയുവാൻ എസക്കിയാസുരാജാവിനെ പ്രേരിപ്പിച്ചതു്. ഞാൻ കരയുന്നില്ല.

3 ഇല്ല, ഞാൻ കരയുന്നില്ല. ഒന്നുംകൂടി നന്നായി ജീവിക്കുവാൻവേണ്ടി ജീവിതം ആവത്തിക്കുവാൻ ഞാനാഗ്രഹിക്കുന്നില്ല. മോശമായിട്ടു ചെയ്തിട്ടുള്ളതെല്ലാം കത്താവിൻെറ കാരുണ്യത്തിനു ഞാൻ ഏല്പിക്കുകയാണു്. ഭാവി ഹ്രസ്വമോ ദീഘമോ ആകട്ടെ, അതിലേക്കു ഞാൻ തിരിയുന്നു. ഭാവി പരിശുദ്ധമാക്കാനും അന്യക്കു വിശുദ്ധീകരണമാഗ്ഗമാകാനും ഞാനാഗ്രഹിക്കുന്നു.

4 കാനോനനമസ്കാരം! ബെനഡിക്ടൻ സന്യാസികളോടുള്ള പരിചയവും വിശുദ്ധവാരത്തിലെ തിരുക്കമ്മങ്ങളും എൻെറ കാനോനനമസ്കാരം കൂടുതൽ ഭക്തിതീക്ഷ്ണമാകുന്നതിനു് എനിക്കു സഹായമായിരിക്കുന്നു. കപ്പേളയുടെ അരികെയാണു് എൻെറ മുറി. ആകയാൽ കാനോനനമസ്കാരം മുഴുവനും കപ്പേളയിൽ ഞാൻ ചൊല്ലും. മാററിൻസ് തലേ സായാഹ്നത്തിലോ രാത്രിയിലോ എത്തിക്കും. ആശ്രമനിയമമനുസരിച്ചു മാററിൻസിൻെറ സമയത്തു് എഴുന്നേല്ക്കുകയും ഇരിക്കുകയും ചെയ്യും. ഇതും ആദ്ധ്യാത്മികമായ ഏകാഗ്രതയ്ക്കു് ഉതകുന്നതാണു്. സങ്കീത്തനങ്ങൾ ഒന്നുകൂടി സ്പഷ്ടമായി മനസ്സിലാക്കുന്നതിനുവേണ്ടി അവ ഞാൻ ഒന്നുകൂടി കുലങ്കഷമായി പഠിക്കും. സങ്കീത്തനങ്ങളിൽ ധാരാളം തത്വങ്ങളും കവിതയുമുണ്ടു്.

5 എല്ലാം ലഘൂപ്പെടുത്താൻവേണ്ടി ദൈവികപുണ്യങ്ങളും സാന്മാഗ്ഗികപുണ്യങ്ങളും ഞാൻ ഓമ്മിക്കും. പ്രഥമ സാന്മാഗ്ഗികപുണ്യമാണു വിവേകം. മാപ്പാപ്പാമാരും മെത്രാന്മാരും രാജാക്കന്മാരും സേനാധിപന്മാരും വളരെ വിഷമമായിക്കണ്ടിട്ടുള്ള ഒന്നാണിതു്. ഇക്കാര്യത്തിൽ അവക്കു പലപ്പോഴും തെററു പിണഞ്ഞിട്ടുണ്ടു്. ഇതു നയതന്ത്രജ്ഞരുടെ ഒരു ഗുണവിശേഷമാകയാൽ പ്രത്യേക ശ്രദ്ധയോടെ ഇതു ഞാൻ അഭ്യസിക്കണം. എല്ലാ സായാഹ്നവും ഈ സംഗതി ഞാൻ കണിശമായി പരിശോധിക്കണം. എൻെറ നാവു പലപ്പോഴും ആവശ്യത്തിൽ കൂടുതൽ സംസാരിച്ചു് എന്നെ അപകടത്തിലേക്കാനയിക്കുന്നു. ആകയാൽ സൂക്ഷിക്കുക, അതെ സൂക്ഷിക്കുക. മൗനം പാലിക്കാ

www.malankaralibrary.com

നം മിതമായി സംസാരിക്കുവാനും ശീലിക്കുക. തലവന്മാർ ആവശ്യപ്പെടുമ്പോഴും ഗുരുതരമായ കാരണങ്ങൾ ഉള്ളപ്പോഴുമല്ലാതെ വിധിക്കരുതു്.

എല്ലാ സന്ദർഭങ്ങളിലും വേണ്ടതിൽ കുറച്ചു പറയുക; ഒട്ടും കൂടരുതു്. കൂടിപ്പോകുന്നതിനെപ്പററി ഭയം വേണം. സെവീലിലേ വി. ഇസിഡോർ വി. ഫുൾജെൻസിയൂസിനെ പ്രശംസിച്ചതു് അനുസ്മരിക്കുക. ഉപവി പാലിക്കുവാൻ പ്രത്യേകം സൂക്ഷിക്കുക. ഇതാണു് എൻെറ നിയമം.

www.malankaralibrary.com

# 1947

## പാരീസിൽ ഈശോസഭാവൈദികരുടെ മന്ദിരമായ വില്ലാമൻറേസായിൽ ധ്യാനം 1947 ഡിസംബർ 8 – 13

ധ്യാനഗുരു: ഫാദർ ദെസോരാസ്
ചിന്തകളും പ്രതിജ്ഞകളും.

1 ഫ്രാൻസിൽ അൺഷീയോ ആയിട്ട് മൂന്നു വത്സരം തികയാൻ പോകുന്നു. എൻെറ അയോഗ്യതയെപ്പററിയുള്ള ബോധം എനിക്കു വളരെ സഹായമാകുന്നുണ്ട്. ശരണം മുഴുവനും ദൈവത്തിൽ വയ്ക്കാൻ അതു പ്രചോദനം നല്കുന്നു. സദാ അനുസരണയിൻ കീഴ് ഞാൻ ജീവിക്കുന്നുവെന്നുള്ള വസ്തുത ഭയം നീക്കി എനിക്കു ധൈര്യം നല്കുന്നു. കത്താവ് എന്നെ സഹായിക്കുമെന്നു വാഗ്ദാനമുള്ളതാണ്. ഞാൻ അവിടുത്തെ സ്തുതിക്കുകയും അവിടുത്തോടു നന്ദി പറയുകയും ചെയ്യുന്നു. "അവിടുത്തെ സ്തുതി സദാ എൻെറ അധരങ്ങളിൽ" (സങ്കീ 33, 2)

2 പൂർവ്വസമ്പ്രദായമനുസരിച്ച് കൂട്ടമായുള്ള അഭ്യാസങ്ങളിലെല്ലാം ഞാൻ പങ്കുകൊണ്ടു. ഞങ്ങൾ അവിടെ മുപ്പതു പേരുണ്ടായിരുന്നു. മിക്കവരും രൂപതാവൈദികരായിരുന്നു; കുറേ സന്യാസികളും ഒരു മിഷ്യനറിയും. ധ്യാനഗുരു ഒരു ഈശോസഭാ വൈദികൻ ഫാദർ ദെസോരാസ് ആയിരുന്നു. അദ്ദേഹം കത്തോലിക്കാ പ്രവർത്തനത്തിൻെറ സഹായിയും പ്രതിഭാശാലിയും തീക്ഷ്ണമതിയുമായ ഒരു വൈദികനായിരുന്നു. സനാതനതത്വങ്ങൾ ആധുനിക രീതിയിലും ശൈലിയിലും അദ്ദേഹം പ്രസംഗിച്ചു. ഭാവനാസങ്കല്പങ്ങളും ആധുനികങ്ങളായിരുന്നു. 1945 മാർച്ചുമാസത്തിൽ സൊളെസ്മ്സിൽ വച്ചു നടത്തിയ വിശുദ്ധ വാരധ്യാനം മുതൽക്കുള്ള ഒരു കുമ്പസാരം ഞാൻ അദ്ദേഹത്തിന്റെ അടുക്കൽ നടത്തി. എനിക്കു സംതൃപ്തിയും ധൈര്യവും തോന്നുന്നു.

3 എൻെറ ജീവിതത്തെപ്പററി ചിന്തിക്കുമ്പോൾ ഈ ദിവസങ്ങളിൽ ഞാൻ ധ്യാനിക്കാറുള്ളത് എൻെറ മരണത്തെയും അതിനുള്ള ഒരുക്കത്തേയുംപററിയാണ്. പക്ഷേ മരണം സമീപസ്ഥമായിരി

www.malankaralibrary.com

ക്കാം. ഇന്നു് എനിക്കു് അറുപത്തേഴ വയസ്സുള്ളതുകൊണ്ടു് എന്തും സംഭവിക്കാവുന്നതാണു്. ഇന്നു ഡിസംബർ 12–ാംനു പ്രഭാതത്തിൽ നന്മരണവരത്തിനായി ഞാൻ പ്രാൎത്ഥിച്ചു. ഉച്ചകഴിഞ്ഞു വി. കുർബാനയെ ആരാധിക്കുമ്പോൾ, ഞാൻ അനുതാപകീൎത്തനങ്ങളും സകല വിശുദ്ധരുടേയും ലുത്തനിയായും മരിക്കാറായ ആത്മവിനു വേണ്ടിയുള്ള അപേക്ഷയും ചൊല്ലി.

ഇതു് ഒരു നല്ല ഭക്തസമ്പ്രദായമാണു്; പലപ്പോഴും ഞാൻ ഇങ്ങനെ തന്നെ ചെയ്യും. മരണത്തോടു് ഇങ്ങനെ പരിചയപ്പെട്ടിരുന്നാൽ അതിന്റെ മണിക്കൂർ വരുമ്പോൾ ഒരു പരിഭ്രമവും ഉണ്ടാകയില്ല.

4 ഇതിനെ അടിസ്ഥാനപ്പെടുത്തി 1938 ൽ ഞാൻ എഴുതി വച്ചിട്ടുള്ള മരണപത്രം ഒന്നു പുതുക്കി. സോത്തോഇൽമോന്തെയിലെ എൻെറ കുടുംബത്തിൻെറ പുതിയ സാഹചര്യമനുസ്സരിച്ചു വ്യവസ്ഥകൾ മാററി. ദാരിദ്ര്യത്തിൻെറ അരൂപിയോടുകൂടി ലോകവസ്തുക്കളിൽനിന്നു് അകന്നിരിക്കുവാനുള്ള എൻെറ ആഗ്രഹം കൎത്താവേ, അങ്ങു കാണുന്നുണ്ടല്ലോ. എന്തെങ്കിലും അവശേഷിച്ചിട്ടുണ്ടെങ്കിൽ അതു് ഇടവകയ്ക്കും ദരിദ്രമാക്കുമായി നീക്കിവയ്ക്കുന്നു.

5 ലോകത്തിലേയോ തിരുസ്സഭയുടേയോ ബഹുമാനങ്ങൾ ലഭിക്കുവാനുള്ള പ്രലോഭനങ്ങളൊന്നും എന്നെ സ്പർശിക്കുന്നില്ല. പരിശുദ്ധ പിതാവു് എന്നെ പാരീസിലേക്കു് അയച്ചതു് ഓൎമ്മിക്കുമ്പോൾ എനിക്കു പരിഭ്രമമാണുണ്ടാകുന്നതു്. ഹയറാൎക്കിയിൽ ഇനിയും ഉയൎന്ന ഒരു സ്ഥാനം ലഭിക്കുവാൻ എനിക്കാഗ്രഹമില്ല; നിഷ്പക്ഷമായ ഒരു ചിന്താശതിയാണു തൽസംബന്ധമായി എനിക്കുള്ളതു്. ഇതു് എനിക്കു് വളരെയേറെ മനസ്സമാധാനം തരുന്നുണ്ടു്. മാത്രമല്ല, ഞാൻ ചെയ്യേണ്ടതു് എന്തുവിലകൊടുത്തും എന്തുത്യാഗമനുഭവിച്ചും ചെയ്യാൻ എനിക്കു ശക്തി തരുന്നുണ്ടു്. എന്തെങ്കിലും ഒരു മഹാ ആത്മാനിഗ്രഹത്തിനും എളിമപ്രവൃത്തിക്കും ഞാൻ തയ്യാറാകണം; അതു രക്ഷയുടെ ലക്ഷ്യമായിത്തീരും. പല വിശുദ്ധാത്മാക്കളും ജീവിതത്തിൻെറ അവസാന ഘട്ടത്തിൽ ലഭിച്ച കൃപാവരംകൊണ്ടാണു യഥാൎത്ഥത്തിൽ വിശുദ്ധരായിട്ടുള്ളതു്. അതുതന്നെ എനിക്കും യഥാൎത്ഥ വിശുദ്ധിക്കു പ്രാരംഭമാകട്ടെ. രക്തസാക്ഷിത്വത്തെപ്പററിയുള്ള ചിന്ത എന്നെ ഭയപ്പെടുത്തുന്നു. ശാരീരിക വേദനയെ ചെറുക്കാനുള്ള എൻെറ ശക്തിയിൽ എനിക്കു വിശ്വാസമില്ല. എങ്കിലും ഈശോയ്ക്കുവേണ്ടി രക്തംചിന്തി സാക്ഷ്യം വഹിക്കുവാൻ കഴിയുകയായിരുന്നെങ്കിൽ എനിക്കു് എന്തുമാത്രം അനുഗ്രഹവും സ്വൎഗ്ഗീയ മഹത്വവും കൈവരുമായിരുന്നു!

www.malankaralibrary.com

6 എന്നെ ദൈവത്തോട്ട് അടുപ്പിക്കുന്ന ഭക്തസമ്പ്രദായങ്ങളോട്ട് എനിക്ക് ഏറെക്കുറെ പ്രീതി തോന്നുന്നുണ്ട്. പല ഗ്രന്ഥങ്ങൾ വായിച്ചശേഷം ഇന്ന് എനിക്കു കുർബാനക്രമവും, കാനോന നമസ്കാരപ്പുസ്തകവും, വിശുദ്ധഗ്രന്ഥവും, ക്രിസ്താനുകരണവും, ബോസുവേയുടെ സുവിശേഷങ്ങളെപ്പററിയുള്ള ധ്യാനങ്ങളുംകൊണ്ടു ഞാൻ സംതൃപ്തനാണ്. ആരാധനക്രമവും വിശുദ്ധഗ്രന്ഥവും എൻെറ ആത്മാവിനു സുഭിക്ഷമായ ആഹാരമാകുന്നുണ്ട്. ആകയാൽ ഞാൻ സമസ്തവും ലഘൂപ്പെടുത്തിക്കൊണ്ടിരിക്കയാണ്; അതു നല്ല കാര്യമായി എനിക്കു തോന്നുന്നു. വി. കുർബാനയോടുള്ള ഭക്തി ശക്തിപ്പെടണം. ഇന്ന് എന്റെ ഭവനത്തിൽത്തന്നെ വി. കുർബാനയുണ്ട്; എൻെറ മുറിയിൽനിന്നു തന്നെ പോയി ആരാധിക്കാം. ആകയാൽ വി. കുർബാനയുടെ സന്ദർശനത്തിൽ ഞാൻ കൂടുതൽ ശ്രദ്ധപതിക്കും. അനുതാപസങ്കീർത്തനങ്ങൾ ചൊല്ലിയും കുരിശിൻെറവഴി കഴിച്ചും മരിച്ചവരുടെ ഓഫീസു വായിച്ചും എൻെറ സന്ദർശനങ്ങൾക്കു ഞാൻ ആകർഷണവും വൈവിധ്യവും നല്കും. വി. കുർബാനയുടെ ഭക്തിയിൽ ഇവയെല്ലാം അന്തർലീനമല്ലേ?

7 എനിക്കു വായിക്കുവാൻ ഇഷ്ടമുള്ള പുസ്തകങ്ങൾകൊണ്ട് എൻെറ മുറി ഞാൻ നിറച്ചിട്ടുണ്ട്. കത്തോലിക്കാജീവിതത്തിൻെറ പ്രധാന വശങ്ങളെപ്പററിയൊക്കെ ഗ്രന്ഥങ്ങളുണ്ട്. എന്നാൽ ഈ പുസ്തകങ്ങൾ വ്യഗ്രതയ്ക്കു കാരണമാകുന്നു. ആനുകാലിക കാര്യങ്ങൾക്ക് അമായതു തിരുസിംഹാസനത്തിനു വേണ്ട റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനു ചിലവഴിക്കുന്ന സമയവും വായനയിൽ ചിലവഴിക്കുന്ന സമയവും തമ്മിൽ അനുപാതമില്ല. ഇക്കാര്യത്തിൽ ഒരു നല്ല പരിശ്രമം ചെയ്യേണ്ടതുണ്ട്; അതിനായി എൻെറ കഴിവുകളൊക്കെയോടുംകൂടെ ഞാനാരംഭിക്കാം. അപ്പസ്തോലിക്കു നൺഷിയോയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനു പ്രതിബന്ധമാകുമെങ്കിൽ വായിക്കുന്നതുകൊണ്ടും വിജ്ഞാനം കരസ്ഥമാക്കുന്നതുകൊണ്ടും എന്തു പ്രയോജനം?

8 വീട്ടിൽ എല്ലാം ഭംഗിയായി നടക്കുന്നു. എൻേറയും എൻെറ ഭവനത്തിലേയും അപൂർണ്ണതകൾ ഞാൻ ക്ഷമയോടെ സഹിക്കുകയാണ്. ഈസ്റ്റമ്പുളിൽ 1942ൽ നടത്തിയ ധ്യാനത്തിൻെറ കുറിപ്പുകളിൽ ഞാൻ ചേർത്തിട്ടുള്ളതും സെവീലിലെ വി. ഇസിദോർ വി. ഫുൾജെൻസിയുസിനു നല്കിയിട്ടുള്ളതുമായ പ്രശംസ ഞാൻ ഓർമ്മിച്ചിരിക്കേണ്ടതാണ്. എത്ര മനോഹരമായ വാക്കുകൾ! അവയിൽനിന്ന് എൻെറ ജീവിതത്തോടും എൻെറ സഹവർത്തികളോടും എൻെറ ഭൃത്യരോടുമുള്ള ബന്ധത്തെ സ്പർശിക്കുന്ന ഏതാനും വാക്യങ്ങൾ ഞാൻ തെര

www.malankaralibrary.com

ഞെത്തുടക്കന്നു: "അവൻ തൻെറ സഹോദരന്മാരോട്ടുകൂടെ സമാധാനപൂർവ്വം ജീവിക്കണം; ആരേയും വെറുപ്പിക്കരുതു്." എളിമയും അധികാരവും മെത്രാനിൽ ഒരുമിച്ചു പോകണം. അതിരു കടന്ന എളിമ നിമിത്തം കീഴുള്ളവരുടെ തിന്മകൾ വളരാൻ അനുവദിക്കരുതു്; കർക്കശമായി അധികാരം വിനിയോഗിക്കുകയുമരുതു്. ദൈവസ്നേഹം പരിപാലിച്ചുപോരേണ്ടകാര്യവും ഞാൻ ഓർമ്മിക്കും. "എല്ലാ ദാനങ്ങളേയും അതു് അതിലംഘിക്കുന്നു; അതു കൂടാതെയുള്ള സുകൃതം വൃഥാവിലാണു്." "ദൈവസ്നേഹമാണു കന്യാവ്രതത്തിനുള്ള സംരക്ഷ" എന്നു വി. ഇസിദോർ ഉറപ്പിച്ചുപറയുന്നു. "സർവ്വോപരി അവൻ പരിപൂർണ്ണമായ കന്യാവ്രതം പാലിക്കണം," എന്ന വി. ഇസിദോറിൻെറ വാക്കുകൾ ഞാൻ ഓർമ്മിക്കണം. പ്രസ്തുത കന്യാവ്രതം എന്തുവിലകൊടുത്തും ഞാൻ നേടണം. ആകയാൽ പെട്ടെന്നു കുററം വിധിക്കാതിരിക്കാൻ സംഭാഷണങ്ങളിൽ കൂടുതൽ സൂക്ഷ്മം വേണ്ടിയിരിക്കുന്നു. മെത്രാന്മാരോടും വൈദികാധികാരികളോടും ബഹുമാനക്കുറവു തോന്നരുതു്. ഈ നൺഷിയോകേന്ദ്രം ഉയർന്നവരും താണവരുമായ വൈദികാധികാരികളെ ആശ്രയിച്ചാണല്ലോ ഇരിക്കുന്നതു്. ഇതിനു സ്വയം താഴേണ്ടി വരികയോ ആന്തരികാശാനിഗ്രഹം അനുഷ്ഠിക്കേണ്ടി വരികയോ ചെയ്യുകയാണെങ്കിൽത്തന്നെ ഇക്കാര്യത്തിൽ വിജയം നേടിയേ മതിയാവൂ. എൻെറ സഹവർത്തികൾക്കു് അതു ബോധ്യമാകും; അതു സംതൃപ്തിക്കു കാരണമാകയേ ഉള്ളൂ. നൺഷിയോ മന്ദിരത്തിലേ കാരുണ്യവും സ്നേഹവും ആതിഥ്യവും അതുപോലെതന്നെ. "മെത്രാൻെറ ഭവനം എല്ലാവർക്കും സംരക്ഷണം നല്കണം", എന്നല്ലേ വി. ഇസിദോർ എഴുതിയിരിക്കുന്നതു്.

9 എൻെറ വാസനയും ശിക്ഷണവും തന്നെ എല്ലാവരോടും സ്നേഹവും ക്ഷമയും ഉപചാരവും അനുകമ്പയും പ്രദർശിപ്പിക്കണമെന്നുള്ളതാണു്, ഈ തഴക്കം ഞാൻ ഉപേക്ഷിക്കുകയില്ല. വി. ഫ്രാൻസിസു ദെസാലെസ്സാണു് എൻെറ ഗുരു; ഓ എല്ലാത്തിലും ഞാൻ അദ്ദേഹത്തെപ്പോലെ ആയിരുന്നെങ്കിൽ! കർത്താവിൻെറ മഹാകല്പന അനുസരിക്കാത്തവനായിത്തീരാതിരിക്കുന്നതിനു പരിഹാസവും നിന്ദയും സ്വീകരിക്കുവാൻ ഞാൻ തയ്യാറാകണം. ഒരു മെത്രാൻേറയും പേപ്പൽ പ്രതിനിധിയുടേയും മഹത്വമാണു് എളിമയും ഹൃദയശാന്തതയുമുള്ളവനായിരിക്കുക. അതിരുകടന്ന സൂത്രവും നയതന്ത്രജ്ഞതയുമൊക്കെ അന്യർക്കു വിട്ടുകൊടുത്തു സംസാരത്തിലും വ്യാപാരത്തിലും സാധുത്വവും മനുഷ്യത്വവുംകൊണ്ടു ഞാൻ തൃപ്തിപ്പെട്ടുകൊള്ളാം. കർത്താവിൻെറ മാതൃകയോടും ഉപദേശത്തോടും വിശ്വസ്തരായവർക്കു് എല്ലാം അവസാനം നന്മയായിപ്പരിണമിക്കുന്നു.

www.malankaralibrary.com

10 ഞാൻ കൂടുതൽ ഫ്രാൻസിൽ താമസിക്കുന്തോറും ഈ രാജ്യത്തെ കൂടുതൽ ഞാൻ സ്നേഹിക്കുന്നു; എത്രയും കുലീനമായ ഗള്ളിക്കൻ ജനതയോടുള്ള സ്നേഹം വദ്ധിക്കുകയും ചെയ്യുന്നു. എങ്കിലും എന്റെ മനസ്സാക്ഷിയെ വേദനിപ്പിക്കുന്ന ഒരു തകരാറു ഞാൻ കാണുന്നുണ്ട്. തിരുസ്സഭയുടെ മൂത്തമകളുടെ യഥാത്ഥ സ്ഥിതിയെപ്പററി ക്ലെല്ല് ഉൽകണ്ഠ എനിക്കുണ്ട്. അതൃപ്തി ജനിപ്പിക്കാതെ പ്രശംസകൾ വർഷിക്കാനുള്ള ആഗ്രഹം നിമിത്തം യാഥാത്ഥ്യം ഒളിച്ചുവയ്ക്കാൻ ഞാനാഗ്രഹിക്കുന്നില്ല. അതു തുറന്നു പറയേണ്ടതു് എന്റെ കത്തവ്യമാണു്. മതാനുഷ്ഠാനത്തിലുള്ള അവളുടെ പരാജയം, പരിഹരിക്കപ്പെടാതെ കിടക്കുന്ന സ്കൂൾ പ്രശ്നം, വൈദികരുടെ ദൗർല്ലഭ്യം, ലൗകായതികത്വത്തിന്റെയും കമ്യൂണിസത്തിന്റെയും പ്രചാരം മുതലായവ അവളുടെ പരാജയങ്ങളാണു്. ഈ അംശത്തിൽ എന്റെ ചുമതല സ്പഷ്ടമാണു്. തെറെറായതും വേദനാജനകമായതും ഉൾപ്പെടെ സമസ്തവും പ്രശംസിക്കുകയാണെങ്കിൽ തിരുസ്സഭയുടെ കണ്ണും ചെവിയുമാണു് ഞൻഷിയോ എന്നു പറയുവാൻ ഞാൻ യോഗ്യനായിരിക്കയില്ല.

ആകയാൽ ഞാൻ സംസാരിക്കുന്നതു വളരെ സൂക്ഷിച്ചുവേണം. കാക്കശ്യം കൂടാതെ മൃദുലമായ മൗനവും ആർദ്രതയും ക്ഷമയും നിറഞ്ഞ കരുണാമസൃണമായ വചസ്സുകളും പ്രത്യാശയോടും സദുദ്ദേശ്യത്തോടുംകൂടെ ചെയ്യുന്ന പ്രസ്താവനകളേക്കാൾ കൂടുതൽ ഉപകാരം ചെയ്യും. "കാണുകയും വിധിക്കുകയും ചെയ്യുന്ന" ഒരാളുണ്ടല്ലോ.

ഈ രാജ്യത്തെ പ്രത്യേകം ആദരിക്കുകയും അനുഗ്രഹിക്കുകയും ചെയ്ത ഈശോയുടെ തിരുഹൃദയമേ, ഫ്രാൻസിന്റെ രാജ്ഞിയായ അനുഗ്രഹീത കന്യകേ, നയതന്ത്രജ്ഞരുടെ മദ്ധ്യസ്ഥനും എന്റെ പ്രത്യേക പ്രകാശവും മാർഗ്ഗദർശിയുമായ വി. യൗസേപ്പേ, ഫ്രാൻസിന്റെ വിശുദ്ധ സംരക്ഷകരേ, എനിക്കു സഹായവും ആശ്വാസവും അനുഗ്രഹവുമായിരിക്കുക.

www.malankaralibrary.com

# 1948

## കാൽക്കാത്തിൽ (ദുർണെ) ബെനദിക്ടൻ സന്യാസികളുടെ വക തിരുഹൃദയാശ്രമത്തിൽ നടത്തിയ ധ്യാനം

### 1948 നവംബർ 23 - 27

ധ്യാഗുരു: ആബട്ട മെഫ്ളോറി.

1 നവംബർ 28-ാംനു ഞാൻ 68-ാമത്തെ വയസ്സിലേക്ക പ്രവേശിക്കും. ഇന്നലെ വൈകുന്നേരം ഔങ്ക്ഞേറിലെ പ്രിയോർ ഫാദർ ജെർമ്മെയിൻ ബാർബിയരുടെ അടുക്കൽ ഞാൻ കുമ്പസാരിച്ചു. എന്റെ മനസ്സിനു സമാധാനമായി. എന്റെ ചെറിയ ബെനഡിക്ടൻ ശയ്യയിൽ നിന്നു നന്മരണത്തിനു ഒരുങ്ങി. ഇതിനായി ബോസ്സുവേ നിശ്ചയിച്ചിരുന്ന എട്ടു പ്രാർത്ഥനകൾ സാവധാനത്തിൽ ഞാൻ ചൊല്ലി. എന്റെ ജീവിതം സമാപിച്ചതായി ഞാൻ കരുതുന്നു. കർത്താവ് ഇനി എനിക്ക് അയച്ചുതരുന്നതു് ഏതാനം ദിവസങ്ങളായിരുന്നാലും വർഷങ്ങളായിരുന്നാലും, അവ വിശേഷാവിധിയായുള്ളവയാണ്. വി. പൗലോസിന്റെ വാക്കുകൾ ഞാൻ ആവർത്തിക്കുകയും അനുവർത്തിക്കുകയും ചെയ്യും: "ഞാൻ മരിച്ചിരിക്കുന്നു; എന്റെ ജീവിതം ദൈവത്തിൽ മിശിഹായോടുകൂടെ നിഗൂഢമായി സ്ഥിതിചെയ്യുന്നു."

2 ഈ നിഗൂഢമരണം ഭൗതിക ബന്ധങ്ങളിൽനിന്നും എന്നിൽനിന്നുതന്നെയും എനിക്കുള്ള സന്തോഷങ്ങൾ, ബഹുമാനങ്ങൾ, വിജയങ്ങൾ, ഭൗതികവും ആത്മീയവുമായ ഉപകരണങ്ങൾ എന്നിവയിൽ നിന്നുമുള്ള എന്റെ വിരഹത്തെ കുറിക്കുന്നു. കർത്താവു തിരുമനസ്സാകാത്തതിൽനിന്നൊക്കെ ഞാൻ വിമുക്തനായിരിക്കണം; അങ്ങനെ പരിപൂർണ്ണനിഷ്പക്ഷത എനിക്കത്യാവശ്യം.

3 ക്ലമാത്തിൽ മൻറേസാവില്ലായിൽ ഈശോ സഭാ വൈദികരോടുകൂടെ ഞാൻ കഴിഞ്ഞ വർഷം നടത്തിയ ധ്യാനത്തിൽ എഴുതിയിട്ട കുറിപ്പുകളൊക്കെ ഈ ധ്യാനത്തിൽ വായിച്ചു നോക്കി. ഇന്നത്തെ സാഹചര്യങ്ങളിൽ എനിക്കുള്ള ആവശ്യങ്ങളെല്ലാം അവയില്ല

www.malankaralibrary.com

ണ്ട്. അവ ആവർത്തിക്കേണ്ടതില്ല. എന്നെത്തന്നെ തിരുത്താനും കൂടുതൽ പരിശ്രമത്തിനുള്ള ഉത്തേജനം പ്രാപിക്കുവാനും ഇടയ്ക്കിടയ്ക്ക് അവ തന്നെ വായിച്ചാൽ മതി.

4 പ്രായവും അനുഭവവും വർദ്ധിക്കുന്തോറും ഒരു കാര്യം എനിക്കു ബോധ്യം വന്നിരിക്കുന്നു. ഒരു വിശുദ്ധനാകാനും തിരുസിംഹാസനസേവനത്തിൽ വിജയം വരിക്കുവാനും ഉതകുന്ന സുരക്ഷിതമാർഗ്ഗം തത്വങ്ങളും ഉദ്ദേശ്യങ്ങളും പ്രവൃത്തികളുമൊക്കെ ലളിതവും പ്രശാന്തവുമാക്കുകയാണ്. എന്റെ മുന്തിരിയിലെ ഉപയോഗശൂന്യമായ പത്രസമൂഹവും ആവശ്യമില്ലാത്ത വള്ളികളും വെട്ടിക്കളഞ്ഞു സത്യത്തിലും നീതിയിലും സർവ്വോപരി സ്നേഹത്തിലും ശ്രദ്ധകേന്ദ്രീകൃതമാകണം. അന്യഥാ വ്യാപരിക്കുന്നതു സ്വാത്മപ്രതിപത്തിയാണ്, അതു താമസിയാതെ അതിന്റെ തനിനിറം കാട്ടും; അതു പരിഹാസ്യവും പ്രതിബന്ധവുമായിത്തീരും.

സുവിശേഷങ്ങളുടേയും ക്രിസ്ത്വാനുകരണത്തിന്റേയും വി. ഫ്രാൻസീസ്സിന്റെ ചെറുപുഷ്പങ്ങളുടേയും വി. ഗ്രിഗറിയുടെ "സാന്മാർഗ്ഗീകതത്വങ്ങൾ" എന്ന ഗ്രന്ഥത്തിലെ വാക്യങ്ങളുടേയും ലാളിത്യം എത്ര മനോഹരം! "നീതിമാന്റെ നിഷ്കളങ്കത നിന്ദിക്കപ്പെടുന്നു". ഇതും പിന്നീടു വരുന്ന വാക്കുകളും! ഈ പക്ഷങ്ങളിൽ കൂടുതൽ കൂടുതൽ ഞാൻ ആനന്ദം കൊള്ളുന്നു; ആഹ്ലാദപൂർവ്വം അവയിലേക്കു ഞാൻ മടങ്ങിപ്പോകുന്നു. ഈ ലോകത്തിലെ സകല വിദ്വാന്മാരും വഞ്ചിക്കാൻ നയതന്ത്രവിഭാഗത്തിൽപ്പെട്ടവരും കൂടെ ഉൾപ്പെടുന്ന കുശാഗ്രശാലികളും ഈശോയുടേയും അവിടുത്തെ വിശുദ്ധരുടേയും മൗലികതത്വങ്ങളുടെ പ്രകാശത്തിൻ മുമ്പാകെ എത്ര വിരൂപമായ ചിത്രങ്ങളായി മാറുന്നു! ഈ ലോകത്തിന്റെ വിജ്ഞാനത്തെ ലജ്ജിപ്പിക്കുന്ന സുനിശ്ചിത വിജ്ഞാനമാണിത്. ഉപചാരത്തോടും യഥാർത്ഥ കുലീനത്വത്തോടും ശാസ്ത്രരംഗത്തുള്ള ഉൽകൃഷ്ടനേട്ടങ്ങളോടും സമയവും സ്ഥലവും സാഹചര്യങ്ങളും ആവശ്യപ്പെടുന്ന ലൗകികവും സാമുദായികവുമായ ശാസ്ത്രത്തോടും അതു യോജിച്ചുപോകുന്നു; അല്ല, ഒന്നുകൂടി ഉയർന്നു നില്ക്കുന്നു.

ഈശോകർത്താവേ, ലളിതജീവിതം അഭ്യസിക്കുന്നതിലും അതിനെ സ്നേഹിക്കുന്നതിലും അങ്ങ് എന്നെ ഉറപ്പിച്ചുനിറുത്തണമേ. അതെന്നെ എളിമയിൽ ഒതുക്കിനിറുത്തുകയും അങ്ങയെപ്പോലെ ആകാൻ സഹായിക്കുകയും ആത്മാക്കളെ അങ്ങയിലേക്ക് അടുപ്പിച്ച് അവയെ രക്ഷിക്കുകയും ചെയ്യുന്നു.

5 മനുഷ്യരുടേയും ഇതരസൃഷ്ടികളുടേയും ദോഷങ്ങൾ കണ്ടുപിടിക്കുന്നതിനേക്കാൾ അവയുടെ നല്ലവശം കാണുന്നതിനാണ് എന്റെ വാസന എന്നെ നയിച്ചുകൊണ്ടിരിക്കുന്നത്. പ്രായം കൂടിയ

www.malankaralibrary.com

തോടുകൂടെ അനുഭവം വർദ്ധിച്ചിരിക്കുന്നു; മനുഷ്യഹൃദയത്തിന്റെ സ്വഭാവം കൂടുതലായി ഗ്രഹിക്കുവാൻ സാധിച്ചിരിക്കുന്നു. അങ്ങനെ എന്റെ വാസനയും വയോവ്യത്യാസവും നിമിത്തം എന്റെ കൂടെയുള്ളവരോട് എനിക്കു അനുകമ്പ തോന്നാതായിട്ടുണ്ട്. വിനീതരോടും ദരിദ്രരോടും സാമുദായികമായി അധഃസ്ഥിതരായവരോടും കാണിക്കുന്ന മര്യാദകേടും അവരോടു പ്രദർശിപ്പിക്കുന്ന അവിശ്വാസവും ചിന്താരഹിതവും വിനാശകരവുമായ വിമർശനങ്ങളും എന്നെ അങ്ങേയറ്റം വേദനിപ്പിക്കുന്നു. ഞാൻ ഒന്നും പറയുന്നില്ല; എന്നാൽ എന്റെ ഹൃദയത്തിൽ നിന്നു രക്തം പൊടിയുകയാണ്. എന്റെ സഹവർത്തികൾ നല്ല വൈദികരാണ്; അവരുടെ ഗുണങ്ങൾ ഞാൻ മതിക്കുന്നു. എനിക്കു അവരോടു വലിയ ഇഷ്ടമാണ്; അവർ എന്റെ സ്നേഹം അർഹിക്കുകയും ചെയ്യുന്നുണ്ട്. എങ്കിലും അവർ എനിക്കു വളരെ മനഃപ്രയാസത്തിനു കാരണമായിക്കൊണ്ടിരിക്കുന്നു. ചില ദിവസങ്ങളിലും ചില സാഹചര്യങ്ങളിലും ബലമായി പ്രതിഷേധിക്കുവാൻ എനിക്കു തോന്നാറുണ്ട്. എങ്കിലും ഞാൻ മിണ്ടാതിരിക്കയാണ്. അതു് ഒന്നുകൂടെ കാര്യക്ഷമവും ഉജ്ജ്വലവുമായ പ്രതിഷേധമാകുമെന്നാണെന്റെ വിശ്വാസം. ഇതു് എന്റെ പക്ഷത്തുള്ള ദൗർബ്ബല്യതയായിപ്പോകുമോ? ഈ ചെറിയ കുരിശു പ്രസന്നതയോടുകൂടെ ഞാൻ വഹിക്കണം; എന്റെ അയോഗ്യതയെപ്പറ്റിയുള്ള ചിന്തയും ഉണ്ടായിരിക്കട്ടെ. എല്ലാം ഞാൻ ദൈവത്തിനു വിട്ടുകൊടുക്കുന്നു. അവിടുന്നു് എല്ലാഹൃദയങ്ങളും കാണുന്നു; അവർക്കു തന്റെ സ്നേഹത്തിന്റെ വിശിഷ്ടവരങ്ങൾ കാണിച്ചുകൊടുക്കുകയും ചെയ്യുന്നു.

6 കഴിഞ്ഞകൊല്ലം ക്ലാമാത്തിൽ വച്ചു നടത്തിയ ധ്യാനത്തിൽ എഴുതിയ എട്ടാമത്തെ കുറിപ്പു ഞാൻ ഇത്തരുണത്തിൽ നവീകരിക്കുകയാണ്. നാല്പതുകൊല്ലം കഴിഞ്ഞിട്ടും ബെർഗാമോയിൽ മെത്രാനച്ചന്റെ മന്ദിരത്തിൽവച്ചു മോൺ. രദീനി തെഡിഷിയോടു ഞാൻ നടത്തിയ സംഭാഷണം സ്മരിച്ചുപോകുന്നു. പരിശുദ്ധ പിതാവു മുതൽ യാതൊരു വത്തിക്കാൻ ഉദ്യോഗസ്ഥനെപ്പറ്റിയും സ്നേഹാദരബഹുമാനങ്ങൾകൂടാതെ തിരുമേനി സംസാരിച്ചിരുന്നില്ല. സ്ത്രീകളേയും അവരെ സംബന്ധിക്കുന്ന കാര്യങ്ങളേയും സംബന്ധിച്ചു് ഒരു വാക്കുപോലും ഉരിയാടിയിരുന്നില്ല. സ്ത്രീകൾ ലോകത്തിൽ ഇല്ലായിരുന്നുവെന്നു തോന്നിപ്പോകും. അടുത്ത സ്നേഹിതന്മാരോടുപോലും സ്ത്രീകളെപ്പറ്റി സംസാരിച്ചിരുന്നില്ല. എന്റെ പൗരോഹിത്യത്തിന്റെ ആദ്യകാലങ്ങളിൽ എന്നിൽ ഗാഢമായി പതിഞ്ഞ ഒരു പാഠമാണിതു്. ഈ ശിക്ഷണം എനിക്കു നല്കിയ കരുണാശാലിയായ ആ മഹാനോടു് ഞാൻ അതീവ കൃതജ്ഞനാണ്.

www.malankaralibrary.com

7 ഈ പ്രാവശ്യം വിശുദ്ധഗ്രന്ഥം അധികമൊന്നും വായിക്കുവാൻ എനിക്കു കഴിഞ്ഞില്ല. എങ്കിലും ചെറിയ യാക്കോബിന്റെ സാർവ്വത്രികലേഖനത്തെപ്പററി ശ്രദ്ധാപൂർവ്വം ഞാൻ ധ്യാനിച്ചു. അതിലെ അഞ്ചു് അദ്ധ്യായങ്ങൾ ക്രിസ്തീയജീവിതത്തിന്റെ മനോഹരമായ ഒരു സംക്ഷേപമാണു്. ഉപവിയെപ്പററിയുള്ള ഉദ്ബോധനം, നാവിന്റെ ശരിയായ ഉപയോഗം, വിശ്വാസമുള്ള മനുഷ്യന്റെ ശക്തി, സമാധാനത്തിനു വേണ്ടി ഒത്തൊരുമിച്ചുള്ള പ്രവർത്തനം, അന്യരോടുവേണ്ട ബഹുമാനം, ധനികർക്കും നീതിരഹിതർക്കും ദുഷ്ടർക്കുമുള്ളവിധി, അവസാനമായി വിശ്വാസത്തിനും ശരണത്തിനും പ്രാർത്ഥനയ്ക്കുമുള്ള ആഹ്വാനം......ഇവ ഉപദേശങ്ങളുടേയും ഉദ്ബോധനങ്ങളുടേയും അതുല്യമായ ഒരു നിധിയായിത്തീർന്നിട്ടുണ്ടു്. വൈദികർക്കും സർവ്വകാലത്തുമുള്ള അല്മായർക്കും ഇവയൊക്കെ വളരെ പ്രായോഗികമായ നിർദ്ദേശങ്ങളാണു്. ഈഗ്രന്ഥം നാം മനഃപാഠമാക്കേണ്ടതാണു്. വാക്യം വാക്യമായി പിന്നീടു നാം ധ്യാനിക്കേണ്ടതുമത്രേ. 68–ാമത്തേ വയസ്സിലേക്കു കാലൂന്നിനില്ക്കുന്ന എന്നെപ്പോലെയുള്ളവർക്കു് ഇനി വാർദ്ധക്യം മാത്രമേ മുമ്പിലുള്ളു. എന്നാൽ ഈ ദിവ്യഗ്രന്ഥത്തിൽ വിജ്ഞാനമുണ്ടു്. ഇതാ ഒരു ഉദാഹരണം:

"നിങ്ങളിൽ വിജ്ഞാനിയും വിവേകിയുമായി ആരുണ്ടു്? അവൻ വിനീതമായ വിജ്ഞാനത്തോടുകൂടി നല്ല വ്യാപാരങ്ങൾകൊണ്ടു സദ്പ്രവൃത്തികൾ ചെയ്തുകാണിക്കട്ടെ. നിങ്ങളുടെ ഇടയിൽ കടുത്ത അസൂയയോ ഹൃദയഭിന്നതയോ ഉണ്ടെങ്കിൽപ്പോലും സത്യത്തിനു വിരുദ്ധമായി അഹങ്കരിക്കുകയോ വ്യാജം പറയുകയോ ചെയ്യരുതു്. ഈ ദുരജ്ഞാനം ഉന്നതതലങ്ങളിൽനിന്നു് ഇറങ്ങിവന്നിട്ടുള്ളതല്ല. അതു സ്വന്തം വിചാരത്തിൽനിന്നുണ്ടായിട്ടുള്ളതാണു്; ഭൗതികവും പൈശാചികവുമാണു്. എവിടെ അസൂയയും തർക്കവുമുണ്ടോ അവിടെ കലാപവും തിന്മയുമുണ്ടാകും. ഉന്നതതലങ്ങളിൽ നിന്നുള്ള ജ്ഞാനം ശുദ്ധവും സമാധാനപൂർണ്ണവും വിനീതവും അനുസരണയുള്ളതും കരുണയും സൽഫലങ്ങളുംകൊണ്ടു നിറഞ്ഞതും സന്ദേഹരഹിതവുമാകുന്നു. അതു മുഖം നോക്കുന്നില്ല. നീതിയുടെ ഫലങ്ങൾ സമാധാനപാലകർക്കായി സമാധാനത്തിൽ വിതയ്ക്കപ്പെടുന്നു". (യാക്കോ 3, 13—18)

www.malankaralibrary.com

# 1950

## അൾജീരിയായിൽ ഓരാനിൽ നടത്തിയ ചെറിയ ധ്യാനത്തിൽ എഴുതിയ കുറിപ്പുകൾ.

## 1950 ഏപ്രിൽ 6 – 9

### പെസഹാവ്യാഴം, ദുഃഖവെള്ളി, ദുഃഖശനി, ഉയിർപ്പു ഞായർ

എൻെറ മെത്രാഭിഷേകത്തിൻെറ 25-ാം വാർഷികദിനം മാർച്ചു 19-ാംനു- ഞാൻ ആഫ്രിക്കയിലേക്കു പുറപ്പെട്ടു. യാത്രയുടെ അവസാനം മൂന്നു ദിവസത്തെ വിശ്രമം. ധ്യാനം ഏപ്രിൽ 9-ാംനു- ഉയിർപ്പു തിരുനാൾ ദിവസം സമാപിച്ചു.

ഓരാനിലേ മെത്രാൻ മോൺ ലക്കാസ്റ്റ് സഹോദരസമാനമായ ആതിഥ്യം എനിക്കു നല്കി. ഞാൻ അദ്ദേഹത്തോടു കൃതജ്ഞനാണ്. ഉയിർപ്പു തിരുനാളിനു മുമ്പു പ്രാർത്ഥനയ്ക്കുള്ള ആ മൂന്നു ദിവസം സഹിക്കുകയും വിജയം വരിക്കുകയും ചെയ്ത ഈശോയോടു യോജിച്ചു ലോകമാസകലം എല്ലാ ദൈവാലയങ്ങളിലും പ്രാർത്ഥനയിൽ കഴിച്ചിരുന്ന പ്രിയപ്പെട്ട ആത്മാക്കളുടെ ഉദ്ദേശ്യങ്ങളോടു പ്രാർത്ഥനയും ധ്യാനവും മൗനവും വഴി ഞാൻ യോജിച്ചു. അയോഗ്യനും സാധുവുമെങ്കിലും തിരുസ്സഭ എന്നെ ഒരു മെത്രാനാക്കിയിട്ട് 25 കൊല്ലം പൂർത്തിയായിരിക്കുന്നു. എൻെറ ഭൂതകാലത്തേയും ഇന്നത്തേയും ഭാവിയിലേയും കാര്യങ്ങൾ ചിന്തിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്.

### പെസഹാവ്യാഴം — എൻെറ കഴിഞ്ഞ ജീവിതം.

1925 മുതൽ 1950 വരെ ഞാൻ എഴുതിവച്ചിരുന്ന ആത്മീയ കുറിപ്പുകളെല്ലാം ഈ യാത്രയിൽ ഞാൻ കൂടെ കൊണ്ടുവന്നിരുന്നു. അവ ബൾഗേറിയായിലും, ടർക്കിയിലും, ഫ്രാൻസിലും അനുവർഷം നടത്തിയ ധ്യാനങ്ങളിൽ എഴുതിയ കുറിപ്പുകളാണ്. എൻെറ ആത്മസംതൃപ്തി കൈവെടിഞ്ഞു് അനുതാപത്തിനുള്ള പ്രചോദനം പ്രാപിക്കുവാനും മെത്രാന്് അനുയോജ്യമായ തീക്ഷ്ണതയിലെത്തിച്ചേരാനും വേണ്ടിയാണ് അവ കൊണ്ടുവന്നു വായിക്കാൻ തീരുമാനിച്ചതു്. അവ മുഴുവനും ശാന്തമായി ഞാൻ വായിച്ചു. കമ്പസാരത്തിലെന്നപോലെ, "കരുണയുണ്ടാകണമേ" എന്ന സങ്കീർത്തനം സ്വന്തമായി ഞാൻ ചൊല്ലി.

www.malankaralibrary.com

"എന്റെ ആത്മാവു ദൈവത്തെ മഹത്വപ്പെടുത്തുന്നു" എന്ന കീർത്തനവും ചൊല്ലി. മഹത്വപ്പെടുത്തിയതു കർത്താവാണല്ലോ. പ്രായശ്ചിത്തമായും ആത്മാർത്ഥമായ എളിമയുടെ ഒരഭ്യാസമായും ഞാൻ ഇവ ഉരുവിട്ടു. 25 കൊല്ലം മുമ്പ് 1925 മാർച്ചു 13നും 17നും മദ്ധ്യേ കാർപെനാവില്ലായിൽ വച്ചു മെത്രാഭിഷേകത്തിനു ഒരുക്കമായി നടത്തിയ ധ്യാനത്തിലെ 4-ാ മത്തേ കുറിപ്പു ഞാൻ വീണ്ടും വായിച്ചു. സാൻകാർലോ അൽകോഴ്സോ ദൈവാലയത്തിൽ മാർച്ചു 19-ാംനു വി. യൗസേപ്പിന്റെ തിരുനാളിനായിരുന്നു എന്റെ മെത്രാഭിഷേകം. ക്രിസ്താനുകരണം മൂന്നാം പുസ്തകത്തിലെ ഒമ്പതാം അധ്യായം, അതായതു്, എല്ലാത്തേയും അവയുടെ അന്ത്യമായ ദൈവത്തിനു സമർപ്പിക്കേണ്ടതാണെന്നുള്ള അദ്ധ്യായം വീണ്ടും വീണ്ടും വായിച്ചുകൊള്ളാമെന്നു ഞാൻ പ്രതിജ്ഞ ചെയ്തു. ഈ അവസാന ദിവസങ്ങളിലെ ഏകാന്തതയിൽ ഈ വാക്കുകൾ എന്നെ അത്യധികം സ്പർശിച്ചു. ഈ ചുരുങ്ങിയ വാക്കുകളിൽ എല്ലാം അടങ്ങിയിരിക്കുന്നു. എന്റെ പുതിയ ജീവിതത്തിന്റെ പ്രാരംഭത്തിലാണു ഞാനിതു് എഴുതിയതു്. ഇന്നും അതുതന്നെയാണു് എന്റെ ബോധ്യം. കാൽ ശതാബ്ദത്തെ പരീക്ഷകൾക്കും ബലഹീനതകൾക്കും രോഗവിമുക്തികൾക്കും ശേഷം ക്രിസ്തുനാഥന്റെ ഉപദേശത്തിലേക്കു തന്നെ മടങ്ങിവരുന്നതു് എനിക്കു് ആനന്ദഹേതുകമായിരുന്നു. ലോകാരൂപിയുടെ വഞ്ചനയും പ്രലോഭനങ്ങളുമുണ്ടായിരുന്നിട്ടും കർത്താവിന്റെ അനുഗ്രഹത്താൽ എന്റെ മനസ്സു ദൃഢമായും വിശ്വസ്തമായും നിന്നു.

"എന്നിൽ നിന്നു് ഒരുറവയിൽ നിന്നെന്നവണ്ണം വിനീതരും മഹാന്മാരും ദരിദ്രരും ധനികരും ജീവന്റെ ജലം വലിച്ചെടുക്കുന്നു." എന്നതത്വം എന്നിൽ പ്രയോഗികമാക്കി കാണിച്ചു തന്നതിനു്, ഓ ഈശോ, ഞാൻ അങ്ങയോടു് എത്രമാത്രം കൃതജ്ഞനാണു്! ഹാ വിനീതരുടേയും ദരിദ്രരുടേയും ഗണത്തിൽ ഞാൻ എണ്ണപ്പെട്ടിരിക്കുന്നു. ബൾഗേരിയായിൽ മനുഷ്യർ വരുത്തിക്കൂട്ടിയ വിഷമങ്ങളേക്കാൾ കൂടുതലായി എന്റെ സാഹചര്യങ്ങളിൽ നിന്നുണ്ടായ വിഷമങ്ങൾ എനിക്കു നിശ്ശബ്ദമായ ആശാനിഗ്രഹത്തിനു കാരണമായി. ആ മുഷിഞ്ഞ ജീവിതം അനുദിനം സൂചിക്കുത്തും മാന്തലുമായിട്ടാണു കഴിഞ്ഞതു്. എന്നാൽ അങ്ങയുടെ കൃപാവരം എന്റെ ആന്തരികാനന്ദത്തെ സംരക്ഷിച്ചു; എന്റെ കഷ്ടങ്ങളും ക്ലേശങ്ങളും മറച്ചുവയ്ക്കാൻ അവ സഹായിച്ചു. ടർക്കിയിൽ എന്റെ ചുമതലകൾ ഒരേ സമയംതന്നെ ആനന്ദവും ക്ലേശവും നിറഞ്ഞതായിരുന്നു. എനിക്കു കൂടുതൽ ചെയ്യുവാനായിരുന്നുവോ? ഞാൻ കൂടുതൽ ചെയ്യേണ്ടതല്ലായിരുന്നുവോ? കൂടുതൽ പരിശ്രമിക്കാൻ പാടില്ലായിരുന്നുവോ? കൂടുതൽ പരിശ്രമിക്കേണ്ടതല്ലാ

www.malankaralibrary.com

യിരുന്നുവോ? എൻെറ വാസനകളുടെ പ്രത്യേകതയെന്നു പറയട്ടെ. ശാന്തത ശക്തിയുടെ പൂൎണ്ണതയായി നിൎവ്വചിക്കപ്പെട്ടിട്ടുണ്ട്; എന്നുവരികിലും കൎത്താവിൻെറ ചൈതന്യത്തിനു അനുയോജ്യമായി ഞാൻ കരുതിയിരുന്ന സമാധാനവും ശാന്തതയും അന്വേഷിച്ചതു വാളെടുക്കാനുള്ള വൈമുഖ്യം കൊണ്ടല്ലേ? എനിക്കു സൗകര്യമുള്ളതും സുഗമമായതും തെരഞ്ഞെടുക്കാനുള്ള താൽപര്യം നിമിത്തമല്ലേ? എൻെറ ഈശോ, അങ്ങ് എല്ലാ ഹൃദയങ്ങളേയും പരിശോധിക്കുന്നു. പുണ്യത്തിനു വേണ്ടിയുള്ള പരിശ്രമം പരാജയമടയുന്നതും അതിരുകടന്നുപോരുന്നതുമെപ്പോഴാണെന്നു അങ്ങേക്കു മാത്രം അറിയാം.

ഒന്നിനെപ്പററിയും വിമ്പടിക്കാതെ അങ്ങയുടെ കൃപാവരത്തിൻെറ ഫലമായി സമസ്തവും എണ്ണുന്നതാണു ഉത്തമമെന്നു എനിക്കറിയാം. കൃപാവരം കൂടാതെ മനുഷ്യനു യാതൊന്നുമില്ല. കൃതജ്ഞത വളരെ കണിശമായി അങ്ങു ആവശ്യപ്പെടുന്നുമുണ്ടു. "എൻെറ ആത്മാവു ദൈവത്തെ മഹത്വപ്പെടുത്തുന്നു," എന്ന കീൎത്തനം എന്നിൽ പൂൎണ്ണമായിരിക്കുന്നു! അങ്ങനെയാണല്ലോ വേണ്ടതു്. അങ്ങയുടെ കാരുണ്യമാണു എൻെറ യോഗ്യത," എന്ന വാക്യം എനിക്കു വളരെ പ്രിയംകരമാണു്. അതുപോലെതന്നെ വി. ആഗസ്തീനോസിൻെറ വാക്കുകൾ, "ഞങ്ങളുടെയോഗ്യതയ്ക്കു അങ്ങു കിരീടം വയ്ക്കുമ്പോൾ അങ്ങയുടെ ദാനങ്ങളെയാണു അങ്ങു മകുടം ചാൎത്തുന്നതു്."

ഈശോ, അങ്ങയോടുള്ള എൻെറ കൃതജ്ഞത ഒരിക്കലും അവസാനിക്കുകയില്ല. ദൈവസ്നേഹം എല്ലാറ്റിനേയും ജയിക്കുന്നു; ആത്മാവിൻെറ ശക്തികളെ പുഷ്ടിപ്പെടുത്തുന്നു. എൻെറ അഭിപ്രായം ശരിയാണു്. അങ്ങയിൽ മാത്രം ഞാൻ ആനന്ദിക്കുന്നു; അങ്ങയിൽ മാത്രം ഞാൻ പ്രത്യാശിക്കുന്നു. "ദൈവമല്ലാതെ നല്ലവനായി വേറെയാരുമില്ല" (ലൂക്കാ 18, 19). അവിടുന്നു എല്ലാ വസ്തുക്കളേക്കാളും സ്തുതിക്കപ്പെടേണ്ടവൻ; എല്ലാത്തിലും അനുഗ്രഹീതൻ. ആകയാൽ മെത്രാനായി ഞാൻ കഴിച്ച 25 കൊല്ലത്തെ ജീവിതത്തിൻെറ സമാപനമായി ക്രിസ്താനുകരണത്തിൽനിന്നു മുൻ ഉദ്ധരിച്ച ആ ചെറിയ അദ്ധ്യായത്തിലേ വാക്കുകൾതന്നെ ഇവിടെ ചേൎക്കുന്നു. എൻെറ ചൈതന്യത്തെ നിഗ്രഹിക്കുവാൻ വിചാരത്തിലും സംസാരത്തിലും പ്രവൃത്തിയിലും വന്നുപോയിട്ടുള്ള എൻെറ തെററുകളുടെ ഓൎമ്മ എനിക്കുണ്ടു്. അവ ഈ 25 കൊല്ലത്തിനിടയ്ക്കു വളരെയേറെ ഉണ്ടായിട്ടുണ്ടു്. അതേ, വളരെയേറെ. അതേസമയം എൻെറ നിരവധി പാപങ്ങൾക്കും പോരായ്മകൾക്കും ഉപേക്ഷകൾക്കും പരിഹാരമായി സമൎപ്പിക്കപ്പെടുന്ന ബലിയിൽ, ദിവ്യവും അമലോത്ഭവുമായ ബലിയിൽ എനിക്കു ശി

www.malankaralibrary.com

ഞ്ഞ വിശ്വാസമുണ്ട്. ശ്രുദ്ധനിയോഗങ്ങളുടെ മനോഹാരിതയോടുകൂടി 25 കൊല്ലം മെത്രാനായി അമപ്പിച്ച കുർബ്ബാനകൾ! അതേ സമയം ജീവിതവീഥിയിലെ പൊടിമണ്ണ്! കൃപാവരവും ലജ്ജയും കലന്ന രഹസ്യം! ഇയ്യേതം മെത്രാന്മമായ ഈശോയുടെ വരപ്രസാദം തന്റെ തെരഞ്ഞെടുക്കപ്പെട്ട പുരോഹിതന്മ ഭക്ഷിക്കുന്നു.

## ദുഃഖവെള്ളി - ഇന്നത്തേ എന്റെ നില:

കഴിഞ്ഞരാത്രി "മാററിൻസ്" ഞാൻ തനിച്ച് ചൊല്ലി. പ്രഭാതത്തിൽ കപ്പേളയിൽവച്ച് ചെറിയമണിക്കൂറുകളും നാലുപ്രാവശ്യം "കരുണയുണ്ടാകണമേ" എന്ന സങ്കീർത്തനവും ഞാൻ ചൊല്ലി. കുർബ്ബാനപ്പുസ്തകത്തിൽനിന്ന് ഇന്നത്തേ തിരുക്കർമ്മങ്ങൾ ഒരു വലിയ ദൈവാലയത്തിലേ ചടങ്ങുകൾ ഭാവനംചെയ്തുകൊണ്ട ഞാൻ വായിച്ചു. സോഫിയായിലോ, ഈസ്റ്റമ്പുളിൽ പരിശുദ്ധാത്മാവിന്റെ ദൈവാലയത്തിലോ അദ്ധ്യക്ഷത വഹിക്കുന്നതുപോലെ ഞാൻ കരുതി.

ഇന്നത്തേ എന്റെ നില: ഇതാ 69–ാമത്തേ വയസ്സിലും ജീവനോടുകൂടെ കുരിശിന്റെ മുമ്പിൽ സാഷ്ടാംഗം വീണിരിക്കുന്നു; ക്രിസ്തുവിന്റെ മുഖത്തും തിരുമുറിവുകളിലും ചുംബിക്കുന്നു. കുന്തംകൊണ്ട കുത്തിത്തുറക്കപ്പെട്ട ഹൃദയത്തെ ചുംബിക്കുന്നു. എന്റെ സന്തോഷവും സങ്കടവും ഞാൻ പ്രകടമാക്കുകയാണ്. ഇന്നും യുവാവായും ശരീരത്തിലും മനസ്സിലും ഓജസ്സുറ്റവനമായിരിക്കുന്ന ഞാൻ ഈശോയോടെങ്ങനെ കൃതഘ്നനായിരിക്കും? "നിന്നെത്തന്നെ മനസ്സിലാക്കുക". ഇതെന്നെ വലിയവനെന്ന ഭാവംകൂടാതെ എളിമയോടുകൂടെ പരിപാലിച്ചു പോരുന്നു. ചിലക്ക് എളിയവനായ എന്നോടു സ്നേഹവും ബഹുമാനവും തോന്നുന്നു. എന്നാൽ ദൈവാനുഗ്രഹത്താൽ എന്നേയും എന്റെ പോരായ്മകളേയും അയോഗ്യതയേയുംപ്രതി പരിശുദ്ധ പിതാവു തന്റെ കാരുണ്യത്താൽ എന്നെ നിയമിച്ചിരിക്കുന്ന ഈ പ്രാധാന്യമേറിയ സ്ഥാനത്തിരുന്നു ഞാൻ മഞ്ഞളിക്കുകയാണ്. കുറേക്കാലമായിട്ട ഞാൻ ലളിതജീവിതം കഴിക്കുകയായിരുന്നു; അതു് എനിക്ക് എളുപ്പമായിത്തീന്നിട്ടുണ്ട്. പരിശുദ്ധ സിംഹാസനത്തിന്റെ നയതന്ത്രശാലയിൽ ബാഹ്യമായ ആകാരത്തിന്റെ സുഭഗതയ്ക്കുപകരം ആന്തരികമായി മുത്തുപഴുത്ത ഫലം പ്രതീക്ഷിക്കുന്നവരെയൊക്കെ പ്രസന്നതയോടെ ഞാൻ പരാജയപ്പെടുത്തി. ഞാൻ എന്റെ തപത്തോടു വിശ്വസ്തതപാലിച്ചുകൊണ്ട തന്നെ ഇരിക്കുന്നു. അങ്ങിരുന്ന ഗിരിപ്രഭാഷണത്തിൽ ബഹുമാന്യമായ സ്ഥാനമുണ്ട്. ദരിദ്രരും, ശാന്തരും, സമാധാനപാലകരും, കരുണാശാലികളും, നീതിയെ വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവരും ഹൃദയശുദ്ധരും മദ്ദനവും ഞെരുക്കവും അനുഭവിക്കുന്നവരും അനുഗൃഹീതർ. അനുസരണത്തിന് കീഴ ക്രൂശിതനായ ക്രിസ്തുവിന്റെ വിശ്വസ്തസേവ

www.malankaralibrary.com

നത്തിൽ എൻെറ ഈ ജീവിതം ഞാൻ ചെലവഴിച്ചുകൊണ്ടിരിക്കുന്നു. "ക്രിസ്തു അനുസരിച്ചു", ഈ വാക്കുകൾ ഇക്കാലത്തു് എത്ര പ്രാവശ്യമാണ് ആവർത്തിക്കപ്പെട്ടതു്. ആകയാൽ ഞാൻ അവിടുത്തെപ്പോലെ എളിമയും ഹൃദയശാന്തതയും ഉള്ളവനാകണം; ദൈവസ്നേഹംകൊണ്ടു പ്രകാശിക്കണം, ക്രിസ്തുവിനും അവിടുത്തെ സഭയ്ക്കുംവേണ്ടി സഹിക്കുവാനും മരിക്കുവാനും തയ്യാറാകണം.

ഉത്തരാഫ്രിക്കയിലേക്കുള്ള ഈ യാത്രകൊണ്ടു വിശ്വാസമില്ലാത്ത ജനതയുടെ മാനസാന്തരപ്രശ്നത്തിൻെറ സ്വഭാവം എനിക്കു സ്പഷ്ടമായി മനസ്സിലായി. തിരുസ്സഭയുടേയും പൗരോഹിത്യത്തിൻേറയും യഥാർത്ഥനയതന്ത്രത്തിൻേറയും പൂർണ്ണമായ ഉദ്ദേശ്യവും ജീവനും ഇതാണു്. "എനിക്കു് ആത്മാക്കളെ തരിക; ശേഷമെല്ലാം നീ എടുത്തുകൊള്ളുക".

## ദുഃഖശനി - എൻെറ ഭാവി:

ഒരാൾക്കു് എഴുപതായാൽ ഭാവിയെപ്പറ്റി ഒരുറപ്പുമില്ല. "ഞങ്ങളുടെ ആയുഷ്കാലം എഴുപതുസംവത്സരം; ഏറിയാൽ എൺപതു സംവത്സരമത്രേ. അവയിലധികഭാഗവും അദ്ധ്വാനത്തിലൂടേയും, സങ്കടത്തിലൂടെയും അതിവേഗം കടന്നുപോകുന്നു. ഞങ്ങൾ വായുവേഗത്തിൽ കടന്നുപോകുന്നു". (സങ്കീ 89, 10–11) ആകയാൽ വ്യാമോഹം ഒന്നും വേണ്ടാ. അന്ത്യത്തെപ്പറ്റിയുള്ള ചിന്ത എനിക്കു സാധാരണമാകണം. മനസ്സിനെ ക്ഷീണിപ്പിക്കുന്ന ഭയമല്ല വേണ്ടതു്. ജീവിക്കുവാനും അദ്ധ്വാനിക്കുവാനും സേവിക്കുവാനുമുള്ള നമ്മുടെ ഉത്സാഹത്തെ സംരക്ഷിക്കുന്ന ശരണം വേണം. കുറേനാൾമുമ്പ് മരണത്തെ സാദരം പ്രതീക്ഷിച്ചുകൊണ്ടിരിക്കുവാൻ ഞാൻ ഒരു പ്രതിജ്ഞ എടുത്തിരുന്നു. ഈ ലോകത്തിൽനിന്നു വേർപിരിയുന്നതായിരിക്കണം എൻെറ ആത്മാവിൻെറ അന്തിമസൗഭാഗ്യം. ഇതിനെപ്പറ്റി പലപ്പോഴും സംസാരിച്ചു ഞാൻ അന്യരെ മുഷിക്കരുതു്. എന്നാൽ പലപ്പോഴും ഞാൻ അതിനെപ്പറ്റി ചിന്തിക്കണം. മരണചിന്ത (Judicium Mortis) ഒരു തഴക്കമാകുന്നതു മായാസ്തുതിയെ നിഗ്രഹിക്കുവാനും എല്ലാം ശാന്തമായും അടക്കത്തോടും നിർവ്വഹിക്കുവാനും ഉപകരിക്കും. ലൗകികകാര്യങ്ങളെ സംബന്ധിച്ചു പറയുകയാണെങ്കിൽ, എൻെറ മരണപത്രം ഞാൻ നവീകരിക്കണം. ദൈവാനുഗ്രഹത്താൽഞാൻ ദരിദ്രനാണു്; ദരിദ്രനായി മരിക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു.

ആത്മാവിനെ സംബന്ധിച്ചിടത്തോളം അതു് ഉജ്ജ്വലമായി എരിയുന്നതിന ഞാൻ പരിശ്രമിക്കും. അവശേഷിച്ചിരിക്കുന്ന ജീവിതകാലം അതിവേഗം കടന്നുപോകും; എന്നാൽ ഞാൻ ആ സമയം ന

www.malankaralibrary.com

ന്നായി വിനിയോഗിക്കും. ആകയാൽ ഈലോകവസ്തുക്കളിൽനിന്നും അന്തസ്സുകളിൽനിന്നും ബഹുമാനങ്ങളിൽനിന്നും അമൂല്യവസ്തുക്കളിൽ നിന്നും ഞാൻ അകന്നിരിക്കണം. വി. ചാൾസ് ബൊറോമിയോയുടെ ബെർഗാമോ സന്ദർശനം പൂർത്തിയാക്കി പ്രസിദ്ധം ചെയ്യാനുള്ള ശ്രമം ത്വരിതപ്പെടുത്തണം; അതുപേക്ഷിച്ചുപോകുകയെന്ന ആശാനിഗ്രഹത്തിനും ഞാൻ സന്നദ്ധനാകണം.

ചിലർ എന്നെ പ്രശംസിക്കുവാൻവേണ്ടി കർദ്ദിനാൾ സ്ഥാനത്തെപ്പററി സംസാരിക്കാറുണ്ട്. എനിക്ക് അതിൽ താൽപര്യമൊന്നുമില്ല. ഞാൻ എഴുതിയതു് ഒന്നുകൂടി ആവർത്തിക്കുന്നു. ഇതു നടക്കാതിരിക്കാൻ വളരെ സാദ്ധ്യതയുണ്ട്. എങ്കിൽ അതും ദൈവനിശ്ചയമെന്നു കരുതി ദൈവത്തിനു ഞാൻ നന്ദിപറയും.

പാരീസിലേക്കു മടങ്ങിക്കഴിയുമ്പോൾ എന്റെ സാധാരണ ജീവിതം അക്ഷമ കൂടാതെ തുടരും. എന്റെ കർത്തവ്യം വിശ്വസ്തതയോടുകൂടെ ഞാൻ ചെയ്യും. തിരുസിംഹാസനത്തിന്റെ സേവനം എന്റെ രാജാവും ഗുരുവും ദൈവവുമായ ഈശോയോടും മാധുര്യമുള്ള എന്റെ അമ്മയായ മറിയത്തോടും എന്റെ സ്നേഹിതനും മാതൃകയും സംരക്ഷകനുമായ വി. യൗസേപ്പിനോടും യോജിച്ചുകൊണ്ടു ശ്രദ്ധയോടും ക്ഷമയോടും സ്നേഹത്തോടുംകൂടെ ഞാൻ നിർവ്വഹിക്കും.

ഞാൻ അറിയുകയും സ്നേഹിക്കുകയും ചെയ്തിരുന്ന ആത്മാക്കൾ മിക്കപേരും ഇപ്പോൾ പരലോകത്തിൽ എനിക്കു വേണ്ടി പ്രാർത്ഥിക്കുകയാണെന്നു കരുതി ഞാൻ എന്നെത്തന്നെ ആശ്വസിപ്പിക്കണം. കർത്താവ് എന്നെ സ്വർഗ്ഗരാജ്യത്തിലേക്ക് അതിവേഗം ക്ഷണിക്കുമോ? ഇതാ ഞാൻ തയ്യാർ. നല്ല സമയത്തു് എന്നെ എടുക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. ഇനിയും അവിടുന്നു ദീർഘജീവിതം എനിക്ക് അനുവദിച്ചിരിക്കയാണോ? കൊള്ളാം, ഞാൻ അതിനു കൃതജ്ഞനാണ്: എന്നാൽ തിരുസ്സഭയ്ക്കു് ഉപയോഗമില്ലാതെ ഭാരമായിക്കഴിയുന്നതുവരെ എന്നെ ഭൂമിയിൽ ഇട്ടേക്കരുതേ എന്നു ഞാൻ അപേക്ഷിക്കുന്നു. എന്നാൽ ഇക്കാര്യത്തിലും ദൈവഹിതം; അതു മതി.

അടുത്തുള്ള തിരുഹൃദയ കത്തീഡ്രലിൽ ഉയിർപ്പിന്റെ മണിനാദം കേൾക്കുന്നു. അതോടൊപ്പം ഈ കുറിപ്പുകൾ അവസാനിപ്പിക്കുകയാണ്. ഈസ്റ്റമ്പുളിലെ എന്റെ ഒടുവിലത്തെ ഉയിർപ്പു പ്രസംഗം സാനന്ദം സ്മരിക്കുന്നു. "ദൈവതിരുമനസ്സു നമ്മുടെ സമാധാനം" എന്ന വി. ഗ്രിഗറി നസിയാൻസന്റെ വാക്കുകളെപ്പററിയാണു ഞാൻ പ്രസംഗിച്ചതു്.

www.malankaralibrary.com

# 1952

## മോൺമാത്തറിൽ കമ്മലീത്താ കന്യാസ്ത്രീകളോടു കൂടെ നടത്തിയ ധ്യാനം

### വിശുദ്ധ വാരത്തിലെ വ്യാഴം, വെള്ളി, ശനി:

### 1952 ഏപ്രിൽ 10 — 12

നമ്മുടെ കർത്താവു കുഴിമാടത്തിൽ കഴിച്ച മൂന്നുദിവസം പോലെയുള്ള മൂന്നു നാളുകൾ. പെസഹാ വ്യാഴാഴ്ചത്തെ കുർബാനയ്ക്കു മൺഷിയോ മന്ദിരത്തിലെ കന്യാസ്ത്രീകൾ വരാൻ അനുവദിച്ചതാണു് അതിനു കാരണം. ഉച്ചകഴിഞ്ഞു് ആ പരിശുദ്ധ നഗരത്തിലെ നാലു ദൈവാലയങ്ങൾ ഞാൻ സന്ദർശിച്ചു: വിശുദ്ധ പത്രോസിൻെറ ദൈവാലയം, വി. യോഹന്നാൻെറ ദൈവാലയം, ക്ലിഞ്ഞാങ്കോട്ടിലെ നമ്മുടെ അമ്മയുടെ ദൈവാലയം, രക്തസാക്ഷികളുടെ ദൈവാലയം. ദുഃഖവെള്ളിയാഴ്ച രണ്ടു മണിക്കൂർ നേരം വി. ജൂലിയൻ ലെ പാവ്രിൻെറ ദൈവാലയത്തിൽ ബിസന്റയിൻ റീത്തിൽ നടന്ന തിരുകർമ്മങ്ങളിൽ ഞാൻ പങ്കെടുത്തു. ലാസറിസ്റ്റ് വൈദികരുടെ ദൈവാലയത്തിൽ ഫാദർ ഫുഗാസായുടെ അടുക്കൽ ഞാൻ കുമ്പസാരിച്ചു. ഇങ്ങനെയൊക്കെയാണെങ്കിലും ഏകാഗ്രതയ്ക്കു കുറവൊന്നും വന്നില്ല. ഒരു കവിയെപ്പോലെ ഈശോയുടെ തിരുഹൃദയത്തിൻെറ മഹാബസിലിക്കയുടെ കീഴിൽ ചെന്നുകൂടിയതിലും ഉയിർപ്പുതിരുനാളിൻെറ തലേ ദിവസത്തെ പുതിയ ക്രമപ്രകാരമുള്ള ആഘോഷങ്ങളോടുകൂടെ ധ്യാനം അവസാനിപ്പിക്കുവാൻ കഴിഞ്ഞതിലും ഞാൻ ആനന്ദംകൊണ്ടു. ധ്യാനത്തിനും ആത്മശോധനയ്ക്കും വേണ്ട ദീർഘമായ കുറിപ്പുകളെഴുതാൻ ഈ ധ്യാനത്തിലെ സാഹചര്യങ്ങൾ എന്നെ അനുവദിച്ചില്ല. വീണ്ടും വീണ്ടും വായിച്ചുകൊണ്ടിരുന്നാൽ എൻെറ ആത്മാവിനു് ഉപകരിച്ചേക്കാവുന്ന കുറേ കുറിപ്പുകൾ ഞാൻ എഴുതാൻ പോകയാണു്.

### 1. നമുക്കു നന്ദിപറയാം

ജീവിതത്തിനുള്ള സാധാരണദൈർഘ്യം, എഴുപതുവത്സരം, ഇതാ പൂർത്തിയായിരിക്കുന്നു. എഴുപതുകൊല്ലത്തെ ജീവിതത്തിലേക്കു കണ്ണോടെ തിരിഞ്ഞുനോക്കാനേ നിവൃത്തിയുള്ളു. "എൻെറ നിരവധി പാപങ്ങളേയും പോരായ്മകളേയും ഉപേക്ഷകളേയും" പ്രതി ഇന്നും

www.malankaralibrary.com

ഞാൻ ദുഃഖിക്കുകയും ലജ്ജിക്കുകയുമാണ്. കർത്താവിൻേറയും തിരുസ്സഭയുടേയും ആത്മാക്കളുടേയും സേവനാർത്ഥം എനിക്കു ചെയ്യാമായിരുന്നതും എന്നാൽ വളരെ കുറച്ചു മാത്രം ചെയ്യാനിടയായിരിക്കുന്നതുമോർത്തു ഞാൻ ലജ്ജിക്കുന്നു. എൻെറ യോഗ്യതകൾക്കെല്ലാം വിരുദ്ധമായി ഈശോ എൻെറമേൽ വർഷിച്ചിരിക്കുന്ന കാരുണ്യത്തിൻേറയും അനുഗ്രഹങ്ങളുടേയും നിധി എനിക്കു വിസ്മരിക്കാവുന്നതല്ല. "ആകയാൽ അവിടുത്തെ സ്തുതി എന്നും എന്റെ അധരങ്ങളിലുണ്ടായിരിക്കും". (സങ്കീ 33, 2)

2 സംസാരത്തിലും ഹൃദയത്തിലും നിഷ്കപടത. പ്രായമാകുന്തോറും വിചാരത്തിലും സംസാരത്തിലും പ്രവൃത്തിയിലും നിഷ്കപടത പാലിക്കുന്നതിൻെറ സൗന്ദര്യവും മഹാത്മ്യവും ഞാൻ കൂടുതൽ കണ്ടുതുടങ്ങി. കുഴഞ്ഞ കാര്യങ്ങൾ ലഘൂകരിക്കപ്പെട്ടതാണും എല്ലാം സ്വാഭാവികമായും വിശദമായും പരിഗണിക്കാനും കൃത്രിമരൂപവും ശൈലിയും നല്കാതിരിക്കാനുമുള്ള ആഗ്രഹവും വർദ്ധിച്ചുവരികയാണ്. "വിവേകപൂർവ്വം നിഷ്കപടമായി വ്യാപരിക്കുക", എന്നതു വി. യോഹന്നാൻ ക്രിസോസ്റ്റമിൻെറ മുദ്രാവാക്യമായിരുന്നു. ഈ രണ്ടു വാക്കുകളിൽ എത്രമാത്രം താത്വികസമ്പത്തുണ്ടെന്നു കാണുക.

3 സ്നേഹം, പ്രസന്നത, പ്രശാന്തമായ ക്ഷമ! മൃദുലമായ മറുപടി കോപത്തെ വിപാടനം ചെയ്യുന്നുവെന്നു ഞാനോർമ്മിക്കണം. അക്ഷമവും പരുപരുത്തതും എടുത്തുചാട്ടമുള്ളതുമായ പ്രകൃതി എന്തുമാത്രം കയ്പുള്ളതാണെന്നറിയാമോ? കൊള്ളരുതാത്തവനായി തള്ളപ്പെട്ടുമെന്നുള്ള ഭയം വലിയവനെന്നുള്ള ഭാവത്തോടെ നടക്കുവാനും നമ്മുടെ അഭിപ്രായം അടിച്ചേല്പിക്കുവാനുമുള്ള ആഗ്രഹം ജനിപ്പിക്കും. ഇതു് എൻെറ പ്രകൃതിക്കു കടകവിരുദ്ധമാണ്. ഭാവമൊന്നുംകൂടാതെ നിഷ്കപടമായി വ്യാപരിക്കുക എനിക്കു് എളുപ്പമാണ്. ഇതു കർത്താവു് എനിക്കു നല്കിയിരിക്കുന്ന ഒരു മഹാനുഗ്രഹമാണ്. അതു ഞാൻ സംരക്ഷിച്ചുകൊണ്ടുപോകണം; അതിനു ഞാൻ അർഹനായിരിക്കുകയും വേണം.

4 ഫ്രഞ്ചുജനതയോടു മതിപ്പും ബഹുമാനവും എനിക്കു് അത്യാവശ്യമാണ്. അവരോടുകൂടെ ദീർഘകാലം കഴിച്ചുകൂട്ടുവാൻ സാധിച്ചതുകൊണ്ടു് അവരുടെ ശ്രേഷ്ഠമായ ആദ്ധ്യാത്മിക ഗുണവിശേഷങ്ങൾ വിലവയ്ക്കുവാനും വിവിധ വീക്ഷണഗതിയോടുകൂടിയ കത്തോലിക്കരുടെ തീക്ഷ്ണത മനസ്സിലാക്കുവാനും എനിക്കു കഴിഞ്ഞു. അതേസമയം അവരുടെ പരാജയങ്ങളും കുട്ടംകൈകളും ഞാൻ കണ്ടിട്ടുള്ളതാണ്,

www.malankaralibrary.com

ആകയാൽ എന്റെ സംസാരത്തിൽ ഞാൻ സൂക്ഷിക്കണം. എനിക്ക് ഇഷ്ടംപോലെ അഭിപ്രായങ്ങൾ സ്വീകരിക്കാവുന്നതാണ്; എന്നാൽ അവരുടെ വികാരങ്ങളെ ക്ഷതപ്പെടുത്തിയേക്കാവുന്ന ലഘുവും സ്നേഹപൂർവകവുമായ വിമർശനവുംകൂടി ഞാൻ വർജ്ജിക്കേണ്ടിയിരിക്കുന്നു. നമ്മളോട് ആരും പറയുവാനും ചെയ്യുവാനും ആഗ്രഹിക്കാത്തതൊന്നും നമ്മൾ പറയുകയോ ചെയ്യുകയോ അരുത്. ഇക്കാര്യത്തിൽ നമ്മൾ ശ്രദ്ധാലുക്കളല്ല. ആകയാൽ നമ്മുടെ നടപടിയുടെ അന്തസ്സും കാര്യക്ഷമതയും കുറച്ചേക്കാവുന്ന ഭാവഭേദങ്ങളൊക്കെ ശ്രദ്ധാപൂർവ്വം വർജ്ജിക്കേണ്ടിയിരിക്കുന്നു. ഇതു ഞാൻ എന്നെപ്പററി പറയുന്നു; അതുപോരാ, എന്റെ സഹപ്രവർത്തകർക്ക് ഞാൻ മാർഗ്ഗദർശിയും മാതൃകയുമായിരിക്കണം. എല്ലായ്പ്പോഴും ഒരാശ്ലേഷം ഒന്നു മാറ്റുന്നതിനേക്കാൾ ഭേദം.

5 മെത്രാന്മാരുടെ നിയമനം തിരുസിംഹാസനത്തോടുള്ള ബന്ധം, പ്രധാനവും കാലോചിതവുമായ വിവരങ്ങൾ നല്കുക എന്നിങ്ങനെ അതിപ്രധാനമായ സംഗതികളിൽ കൂടുതൽ ശ്രദ്ധ അത്യന്താപേക്ഷിതമാണ്. ധൃതിവേണ്ടാ; എന്നാൽ താമസം വരുത്തരുത്. ഇതു് എന്റെ പ്രത്യേകാത്മശോധനയുടെ വിഷയമായിരിക്കും.

6 എല്ലാകാര്യത്തിലും അന്ത്യത്തെപ്പററി ചിന്തിക്കുക. ഓരോ ദിവസം കഴിയുന്തോറും അന്ത്യം അടുത്തുവരികയാണ്. മരണം അടുത്തിരിക്കുന്നുവെന്ന ചിന്തയും നല്ലവണ്ണം മരിക്കേണ്ട ആവശ്യകതയുമായിരിക്കണം, അല്ലാതെ ദീർഘജീവിതത്തെപ്പററിയുള്ള സ്വപ്നമാകരുതു് എന്റെ പ്രധാന ഉൽക്കണ്ഠാവിഷയം. എന്നാൽ ഇതിനെപ്പററി ആകുലനാകരുതു്, അധികം സംസാരിക്കുകയുമരുതു്. ദൈവഭക്തിതമനസ്സാണ് ജീവിതത്തിലും അതിലും കൂടുതലായി മരണത്തിലും നമ്മുടെ സമാധാനം.

7 എനിക്കു വരാൻ പോകുന്നതു ബഹുമാനമോ, അപമാനമോ, എതിർപ്പോ എന്തുതന്നെയാകട്ടെ, ഇവയൊന്നും എനിക്ക് ആകുലത്തിനോ ഉൽക്കണ്ഠയ്ക്കോ കാരണമാകുന്നില്ല.

ഇക്കൊല്ലം വി. ചാൾസ് ബൊറോമിയോയുടെ ബെർഗാമോ സന്ദർശനം പൂർത്തിയാക്കി പ്രസിദ്ധം ചെയ്യണമെന്നു പ്രതീക്ഷിക്കുന്നു. ഒരു ബെർഗാമോക്കാരനെന്ന നിലയിൽ എനിക്കുള്ള അഭിലാഷങ്ങൾ ഇങ്ങനെ നിറവേറും.

8 എന്റെ ജീവിതം പരിശുദ്ധമായി അവസാനിപ്പിക്കണമെന്നുള്ളതാണ് എന്റെ ഏകാഗ്രഹം. എന്റെ കഴിവുകൾക്ക് അതീതമായ വിഷമങ്ങളും ചുമതലകളും വേദനകളും സഹിക്കേണ്ടകാര്യ

www.malankaralibrary.com

മോക്കമ്പോൾ ഞാൻ വിറച്ചുപോകുന്നു; എന്നാൽ കർത്താവിലാണ് എൻെറ ശരണം. വിജയങ്ങളോ അസാധാരണയോഗ്യതകളോ ഒന്നും എനിക്കില്ലല്ലോ.

9 എൻെറ ആദ്ധ്യാത്മിക ജീവിതം തീക്ഷ്ണമാകണം. നൂതനങ്ങളും അപ്രധാനങ്ങളുമായ ഭക്തികൾ വദ്ധിപ്പിക്കേണ്ടതില്ല; പ്രത്യുത, മൗലികമായ സംഗതികളിൽ വിശ്വസ്തതയും തികഞ്ഞ തീക്ഷ്ണതയും ആവശ്യമാണ്. വി. കുർബ്ബാന, കാനോനനമസ്ക്കാരം, ജപമാല, ധ്യാനം, സദ്ഗ്രന്ഥപാരായണം, വി. കുർബ്ബാനയിൽ ഈശോയോട്ട് അഗാധവും അനുസ്യൂതവുമായ ഐക്യം.

10 ഈ ധ്യാനത്തിൽ വലിയ അഭ്യാസങ്ങളും നീണ്ട ചിന്തകളും ഉണ്ടായിട്ടില്ല. കഴിഞ്ഞ ധ്യാനങ്ങളിലെ കുറിപ്പുകൾ വായിച്ചപ്പോൾ അന്ത്യത്തോട്ട് അടുത്തുകൊണ്ടിരിക്കുന്ന എനിക്ക് അവയിൽ സൽപ്രേരണകളും പ്രോത്സാഹനവും കണ്ടെത്താൻ കഴിഞ്ഞു. എന്റെ മനസ്സാക്ഷി ശാന്തമാണ്. ഈശോയിലും അവിടുത്തേക്കും എനിക്കും പ്രിയപ്പെട്ട അമ്മയിലും, വത്സലനായ വി. യൗസേപ്പിലും, സ്നാപകയോഹന്നാനിലും ഞാൻ ശരണം വയ്ക്കുന്നു. അവരുടെ വിശ്വാസത്തിൽ എൻെറ ബന്ധുജനങ്ങൾ അടുത്തുകൂടുന്നതു കാണുവാൻ ഞാനാഗ്രഹിക്കുന്നു. ഞാൻ തിരുഹൃദയ ദൈവാലയത്തിലേക്കു പോകയാണ്. അവിടെ ഒരു നല്ല രാത്രി എനിക്കു കഴിക്കുവാൻ സാധിക്കും. ആത്മാക്കളുടേയും തിരുസ്സഭയുടേയും എല്ലാ രാജ്യങ്ങളുടേയും പുനരുത്ഥാനത്തിൻെറ ഒരു പ്രതീകമാണിതു്. ഈശോയുടെ കുരിശും ഈശോയുടെ തിരുഹൃദയവും ഈശോയുടെ കൃപാവരങ്ങളും ലോകത്തിനു സർവ്വസ്വമാണ്; വിശുദ്ധാത്മാക്കൾക്കു കൈവരാനിരിക്കുന്ന ഭാവി സൗഭാഗ്യത്തിൻെറ പ്രാരംഭമാണ്. ഞങ്ങളുടെ ജീവനും ഞങ്ങളുടെ ഉത്ഥാനവും ഞങ്ങളുടെ സമാധാനവും ദൈവവുമായുള്ള ഞങ്ങളുടെ യോജിപ്പിനു നിദാനവുമായ ഈശോയുടെ തിരുഹൃദയമേ, അങ്ങിൽ ശരണപ്പെടുന്നവരുടെ രക്ഷയേ അങ്ങിൽ മരിക്കുന്നവരുടെ ശരണമേ, സകല വിശുദ്ധരുടേയും ആനന്ദമേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ, ഈശോയുടെ തിരുഹൃദയമേ.

www.malankaralibrary.com

# 1953 — 1958

## വെനിസ്സിലെ കാർഡിനൽ പേട്രിയാക്ക്

# 1953

## മൂന്നുവെനീഷ്യാ പ്രവിശ്യകളിലേയും മെത്രാന്മാരോടുകൂടി ഫിയെററായിൽ വെനീഷ്യൻ സെമ്മിനാരി വില്ലായിൽവച്ചു നടത്തിയ ധ്യാനം

### 1953 മേയ് 15—21

ധ്യാനഗുരു: കപ്പൂച്ചിൻ വൈദികനായ ഫാദർ ഫ്രെഡറിക്കു ബസേൽഗാ (ധ്യാനത്തിനു ട്രെന്റിലേയും ഗൊരീസിയായിലേയും ആച്ച്ബിഷപ്പുമാരും വിച്ചെൻസാ, പാദുവാ, ചോഗിയാ, ബെല്ലൂണോ, വിറേറാറിയോ വെനെറേറാ, കൺകോർദിയാ, റൊവീഗോ എന്നീ സ്ഥലങ്ങളിലേ മെത്രാന്മാരുമുണ്ടായിരുന്നു.)

കുറിപ്പുകൾ:

1 കഴിഞ്ഞ ഏപ്രിൽ മാസത്തിൽ പാരീസിൽ മോൺമാത്തറിൽ തിരുഹൃദയത്തിന്റെ തണലിൽ ഞാൻ അഭയംതേടി; ഇക്കൊല്ലം മേയ്മാസത്തിൽ ഇതാ വെനിസ്സിലെ കാർഡിനൽ പേട്രിയാക്കായി ഗ്രാപ്പായിലെത്തിരിക്കുന്നു. എന്റെ ചുററും എന്തൊരുമാററം! ഇനി എന്താണു പ്രതിപാദിക്കുക. "അവനോടു പറഞ്ഞപ്പോൾ, ഞാൻ ആനന്ദം കൊണ്ടു." (സങ്കീ 121, 1) അയോഗ്യതാബോധം ജനിപ്പിക്കുന്ന എളിമയും കർത്താവിലുള്ള ശരണവും! കർത്താവാണു് എന്റെ സഹായമൊന്നുംകൂടാതെ എല്ലാം ചെയ്തതു്! ഇത്ര മഹത്വമേറിയ സ്ഥാനം എനിക്കു ഭാവനം ചെയ്യാവുന്നതോ ആഗ്രഹിക്കാവുന്നതോ ആയിരുന്നില്ല. ഈ എളിമയും ശാന്തതയും എന്റെ പ്രകൃതിക്കു വിരുദ്ധമല്ല; എന്റെ വാസനയ്ക്കൊത്തുപോകുന്നു. എന്റെ കർത്താവേ, എന്തിനു് ഞാൻ അഹങ്കരിക്കുന്നു; വ്യർത്ഥമായി ആഹ്ലാദിക്കുന്നു?. ദൈവത്തിന്റെ കാരുണ്യമല്ലേ എന്റെ യോഗ്യതയെല്ലാം?

2 ആത്മരക്ഷ, ജോലി, അതെ, എന്റെ പുരോഹിത ജോലി ന്നാരംഭിച്ചസ്ഥലത്തേക്കുതന്നെ ദൈവപരിപാലനയാൽ ഞാൻ മട

www.malankaralibrary.com

ങ്ങിവന്നിരിക്കുന്നു. ഇപ്പോൾ ഞാൻ ആത്മാക്കളെ നേരിട്ട ശുശ്രൂഷി ക്കുകയാണു്. വാസ്തവത്തിൽ ഒരു വൈദികൻേറതെന്നു പറയുന്ന നയ തന്ത്രം ആത്മരക്ഷാജോലിയിൽ നിമഗ്നമായിരിക്കണം; അല്ലെങ്കിൽ അ തുകൊണ്ടു പ്രയോജനമില്ല. പരിശുദ്ധമായ ഒരു ജോലി പരിഹാസ്യ മായി കാണപ്പെട്ടും. ഇപ്പോൾ ഞാൻ തിരുസ്സഭയുടെ യഥാർത്ഥ ആവ ശ്യങ്ങളെ ഏററുമുട്ടുന്നു; ആത്മാക്കളെ രക്ഷിക്കുക, അവയെ സ്വർഗ്ഗത്തി ലേക്കു നയിക്കുക എന്ന ജോലി ഏറെറടുത്തിരിക്കുന്നു. ഇതു് എനിക്കു വേണ്ടുവോളം മതി; അതിനു കർത്താവിനോടു ഞാൻ കൃതജ്ഞനാണു്. മാർച്ച് 15-ാം തീയതി വെനീസ്സുനഗരത്തിലേക്കു് ആഘോഷമായി പ്ര വേശിച്ചദിവസം വി. മർക്കോസിൻെറ കത്തീഡ്രലിൽവച്ചു ഞാൻ ഇതു പ്രസ്താവിച്ചതാണു്. എനിക്കു് ഏല്പിക്കപ്പെട്ടിരിക്കുന്ന ആത്മാക്കൾക്കു വേണ്ടി ജീവിക്കുകയും മരിക്കുകയുമല്ലാതെ വേറൊന്നും ഞാൻ ചിന്തി ക്കുകയോ ആഗ്രഹിക്കുകയോ ചെയ്യുന്നില്ല. "നല്ല ഇടയൻ ആടുകൾക്കു വേണ്ടി തൻെറ ജീവൻ അർപ്പിക്കുന്നു......അവക്കു ജീവൻ ഉണ്ടാകുവാ നും സമൃദ്ധിയായി അതു് അവക്കു സംസിദ്ധമാകുന്നതിനും വേണ്ടി ഞാൻ വന്നിരിക്കുന്നു". (യോഹ. 10, 10-11)

3 എഴുപത്തിരണ്ടാമത്തേ വയസ്സിൽ, ഇതരർ തങ്ങളുടെ ആ ത്മീയ ശുശ്രൂഷ സമാപിപ്പിക്കുന്ന കാലത്തു ഞാൻ എന്റെ ശുശ്രൂഷസ മാരംഭിക്കുകയാണു്, ഞാൻ നിത്യരൂപത്തിൻെറ ഗോപുരത്തിലാണു നി ല്ക്കുന്നതു്. ഓ ഈശോ, ഞങ്ങളുടെ ആത്മാക്കളുടെ പ്രധാന അജപാല കനും മെത്രാനുമായവനേ, എൻെറ ജീവിതത്തിൻേറയും മരണത്തിന്റേ യും രഹസ്യം അങ്ങയുടെ കരങ്ങളിലാണു്, അങ്ങയുടെ ഹൃദയത്തിനു സമീപസ്ഥമാണു്. എൻെറ അന്തിമമണിക്കൂറിന്റെ ആഗമനത്തിങ്കൽ ഞാൻ വിറയ്ക്കുന്നു; അതേസമയം ഞാൻ അങ്ങയിൽ ശരണം വയ്ക്കുന്നു; അല്പ പിന്നേയും മുന്നോട്ടു നോക്കുന്നു. എൻെറ മനോഭാവം വി. അലൂ ഷ്യസ്സിൻേറതുതന്നെ. ഞാൻ ചെയ്തുകൊണ്ടിരിക്കുന്നതു തുടന്നു ചെയ്യു ക; തദാ പരിപൂർണ്ണതയ്ക്കായി ഉത്സാഹിക്കുക; കൂടുതലായി ദൈവത്തി ൻെറ കാരുണ്യത്തെപ്പററി ചിന്തിക്കുക.

ശേഷിച്ചിരിക്കുന്ന ജീവിതകാലം എൻെറ മുൻഗാമിയായിരു ന്ന വി. പത്താം പീയൂസ്സിനെപ്പോലെയും ഭാഗ്യസ്മരണാർഹനായ കാർഡിനൽ ഫെറാറിയെപ്പോലെയും എൻെറ പ്രിയപ്പെട്ട മോൺസി ഞ്ഞോർ രദീനി തെഡേഷിയെപ്പോലെയും പരിശുദ്ധനായ ഒരു ഇട യനായി ജീവിക്കുവാൻ ഞാനാഗ്രഹിക്കുന്നു. തെദേഷി തിരുമേനി എങ്ങനെ ജീവിച്ചിരുന്നുവോ, ഇപ്പോളുണ്ടായിരുന്നെങ്കിൽ എങ്ങനെ

www.malankaralibrary.com

ജീവിക്കുമായിരുന്നുവോ അതുപോലെ ഞാൻ ജീവിക്കേണ്ടിയിരിക്കുന്നു. ദൈവം അതിന്ന് എന്നെ സഹായിക്കട്ടെ.

4 ധ്യാനത്തിൽ വി. ഗ്രിഗരിയുടേയും ബെർണാർദിൻേറയും ഗ്രന്ഥങ്ങൾ ഞാൻ വായിച്ചു. രണ്ടുപേരും ഇടയന്മാരുടെ ആന്തരിക ജീവിതത്തെപ്പററിയാണ് പ്രതിപാദിക്കുന്നതു്. അവക്കു ബാഹ്യവും ലൗകികവുമായ ഉൽക്കണ്ഠകളുണ്ടായിരിക്കരുതു്. എൻെറ ദിവസങ്ങൾ ദീർഘമായ പ്രാർത്ഥനയുടെ ദിവസങ്ങളായിരിക്കണം. വെനീസു രൂപതയിലെ എൻെറ മക്കളുടെ അത്യാവശ്യങ്ങൾക്കും വൈദികർ, സെമ്മിനരിവിദ്യാർത്ഥികൾ, കന്യാസ്ത്രീകൾ ഭരണാധികാരികൾ, സാധുപാപികൾ എന്നിവക്കു വേണ്ടിയുംകൂടി കഴിയുമെങ്കിൽ വി. കുർബാനയുടെ മുമ്പാകെ ജപമാലയുടെ പതിനഞ്ചു രഹസ്യങ്ങളും ഞാൻ ദിവസം പ്രതി ചൊല്ലും. അവരെ നമ്മുടെ കർത്താവിനും പരിശുദ്ധ അമ്മയ്ക്കും ഞാൻ കാഴ്ചവയ്ക്കും.

വൈദികപ്രൗഢിയുടേയും കർദ്ദിനാൾ സ്ഥാനത്തോടുള്ള ബഹുമാനാദരപ്രകടനങ്ങളുടേയും ഇടയ്ക്കു് എനിക്കു ഭയങ്കര പ്രശ്നങ്ങളുണ്ടു്: പണത്തിനുള്ള ബുദ്ധിമുട്ടു്, സഹായങ്ങൾക്കും ഉദ്യോഗങ്ങൾക്കുമായി തടിച്ചുകൂടുന്ന ദരിദ്രജനങ്ങൾ.

എനിക്കും എൻെറ പിൻഗാമികൾക്കും വേണ്ടി ആദായമാർഗ്ഗങ്ങളുണ്ടാക്കുവാൻ പ്രതിബന്ധങ്ങളൊന്നും ഞാൻ കാണുന്നില്ല. പലപ്പോഴും പരിഭ്രാന്തിക്കും അപമാനത്തിനും ഇടവരുത്തുന്ന ഈ ദാരിദ്ര്യത്തെ പ്രതി കർത്താവിനു ഞാൻ നന്ദിപറയുന്നു. അതു ദരിദ്രനായ ഈശോയോടും വി. ഫ്രാൻസിസ്സിനോടും എന്നെ അടുപ്പിക്കുന്നു. വിശപ്പുകൊണ്ടു മരിക്കുകയില്ലെന്നു് എനിക്കറിയാം. ഭാഗ്യപ്പെട്ട ദാരിദ്ര്യമേ, അതു് എല്ലാത്തേയും, വിശിഷ്യ, ആത്മരക്ഷാജോലിയേയും അനുഗ്രഹിക്കും.

6 വെനിസ്സിലേക്കുള്ള എൻെറ വിജയയാത്രയും എൻെറ മക്കളോടു രണ്ടുമാസക്കാലത്തേക്കുണ്ടായ സമ്പർക്കവും വെനീഷ്യക്കു തങ്ങളുടെ പേട്രിയാർക്കിനോടുള്ള ബഹുമാനവും അവരുടെ നന്മനസ്സും സ്പഷ്ടമാക്കുന്നുണ്ടു്. അവർ എനിക്കു വളരെ പ്രോത്സാഹനം നല്കുന്നുണ്ടു്. പുതിയ നിയമങ്ങളൊന്നും എനിക്കാവശ്യമില്ല. എൻെറ വാസനയനുസരിച്ചു ഞാൻ തുടർന്നാൽ മതി. എളിമ, നിഷ്കപടത, അചഞ്ചലമായ ശാന്തതയോടെ വാക്കുകളിലും പ്രവൃത്തികളിലും സവിശേഷത്തോടു വിശ്വസ്തനായിരിക്കുക, വററിപ്പോകാത്ത ക്ഷമ, ആത്മാക്കളുടെ രക്ഷയെ പ്രതി അടക്കുവാൻ വഹിയാത്ത ഉത്സാഹം! ജന

www.malankaralibrary.com

ങ്ങൾക്കു എന്നെ ശ്രവിക്കുക ഇഷ്ടമാണു്. എന്റെ വാക്കുകൾ നേരെ അവരുടെ ഹൃദയത്തിലേക്കു കടന്നുചെല്ലുന്നു. എങ്കിലും എന്റെ പ്രസംഗങ്ങൾ ഉപകാരപ്രദമായിത്തീരുന്നതിനും അവസ്ഥയ്ക്കു് അന്തസ്സു കുറഞ്ഞുപോകാതിരിക്കുവാനും വേണ്ടി ഞാൻ ശരിയായി ഒരുങ്ങും.

7 എന്റെ മന്ദിരം അവസാനത്തിൽ രൂപംകൊള്ളും. പരിശുദ്ധ പിതാവു് എനിക്കു് ഒരു സഹായമെത്രാനെ നല്കുകയാണെങ്കിൽ, എനിക്കു് എല്ലാം എല്ലാവരുടേയും നന്മയ്ക്കു് ഉതകത്തക്കവിധം ചെയ്യുവാൻ കഴിയും.

8 എനിക്കു് അവശേഷിച്ചിരിക്കുന്ന കാലം ഹ്രസ്വമാണല്ലോ എന്ന ചിന്ത എന്റെ പ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കുന്നുണ്ടു്. എന്നാൽ ദൈവസഹായത്താൽ ഞാൻ ഒന്നും ഉപേക്ഷിക്കുകയില്ല. "മരിക്കുവാൻ ഞാൻ ഭയപ്പെടുന്നില്ല; ജീവിക്കുവാൻ എനിക്കു വൈമനസ്യമൊന്നുമില്ല." (സൾപിസിയുസ് സെവേരൂസ്) കർത്താവിന്റെ തിരുമനസ്സാണു് എന്റെ സമാധാനം.

എന്റെ ജീവിതമാകുന്ന വില്ലിനെ അതർഹിക്കുന്നതിനേക്കാൾ കൂടുതലായി തിരുസിംഹാസനം ബഹുമാനിച്ചിരിക്കുന്നു; ആ വില്ലു് എന്റെ ഗ്രാമത്തിൽനിന്നു് ഉയർന്നു് വി. മാർക്കിന്റെ കത്തീഡ്രലിലെ താഴികക്കുടത്തിന്റെമേൽ വളഞ്ഞു നില്ക്കുന്നു.

ബസിലിക്കയുടെ ഭൂഗർഭഭാഗത്തു് എനിക്കു് ഒരു താവളം തരണമെന്നുള്ള അപേക്ഷയുംകൂടി എന്റെ മരണപത്രത്തിൽ ചേർക്കേണ്ടതായിട്ടുണ്ടു്. വി. മാർക്കു് എനിക്കു പ്രിയംകരനും എന്റെ ആത്മാവിനു പരിചിതനുമായിരിക്കുന്നു. വി. പത്രോസിന്റെ മകനും ശിഷ്യനും വ്യാഖ്യാതാവുമാണല്ലോ വി. മാർക്കു്.

# 1954

[ഓഗസ്റ്റു് 10-ാംനു കാർഡിനൽ റൊങ്കാലി പൗരോഹിത്യത്തിന്റെ സ്വർണ്ണജൂബിലി സോത്തോ ഇൽമോന്തെയിൽ ആഘോഷിച്ചു. അന്നു് അദ്ദേഹം ഇങ്ങനെ എഴുതി: "ഓഗസ്റ്റു് 10-ാംനു സോത്തോ ഇൽ മോന്തെയിൽ എന്റെ പൗരോഹിത്യ സ്വർണ്ണജൂബിലി. രാത്രിയിലെ മഴകഴിഞ്ഞു പ്രകാശമാനമായ അംബരം. വി. യോഹന്നാന്റെ ദൈവാലയത്തിൽനിന്നുള്ള കുരിശുമണിയോടുകൂടെ ഞാൻ എഴുന്നേററു. അപ്പോൾ ഞാൻ പറഞ്ഞു: "കർത്താവേ, അങ്ങേക്കു സ്തുതി". ഒരു മണി

www.malankaralibrary.com

ക്കർനേരം ഞാൻ ദൈവാലയത്തിൽ പ്രാർത്ഥിച്ചു. വി. ലോറൻസിനെ പ്പററി കാനോനനമസ്കാരപ്പുസ്തകത്തിലുള്ള വായനകൾ എന്റെ കമങ്ങ ളിലും അധരങ്ങളിലും ഹൃദയത്തിലുമുണ്ടായിരുന്നു. അവ ഒരു പാദ്ദം തന്നെ. എന്റെ അസ്വസ്ഥതകൊണ്ടല്ലാതെ പൗരോഹിത്യജീവിതം എത്ര ദ രിദ്രം! ഈ കവിതയുടെ മങ്ങിയ ഒരു പ്രതിഛായമാത്രം. "എന്റെ യോഗ്യത......ദൈവത്തിന്റെ കരുണ മാത്രം!"]

# തൊറേലിയായിലെ ധ്യാനം
## 1954 ജൂൺ 6—12

ധ്യാനഗുരു: മോൺ. ലന്തുച്ചി.
കുറിപ്പുകളില്ല.

പകരം എന്റെ മരണപത്രം ഞാൻ തയ്യാറാക്കി. കഴിഞ്ഞ കൊല്ലത്തെ ധ്യാനത്തിലെ നിഗമനങ്ങൾകൊണ്ടു ഞാൻ തൃപ്തിയടഞ്ഞു. ഈ ദിവസങ്ങളിൽ ക്രിസ്ത്വാനുകരണം രണ്ടാംപുസ്തകത്തിലെ പന്ത്രണ്ട് അധ്യായങ്ങളിലായി പടന്നു കിടക്കുന്ന "ആന്തരികജീവിതത്തെ സം ബന്ധിക്കുന്ന ഉപദേശങ്ങൾ" വളരെ സഹായകമായ ധ്യാനമായി.

1 ആന്തരിക ജീവിതം
2 വിനീതമായ കീഴ്‌വഴക്കം.
3 സമാധാന പ്രിയനായ നല്ല ഒരു മനുഷ്യൻ
4 നിർമ്മലമനസ്സും ശുദ്ധനിയോഗവും.
5 തന്നെത്തന്നെ സംബന്ധിക്കുന്ന ചിന്തകൾ
6 നല്ല മനസ്സാക്ഷിയുള്ള ആനന്ദം
7 എല്ലാറ്റിനേക്കാളും ഉപരിയായി ഈശോയോടുള്ള സ്നേഹം.
8 ഈശോയോട് അഗാധമായ മൈത്രി
9 സുഖങ്ങളുടെ അഭാവം
10 ദൈവാനുഗ്രഹങ്ങൾക്കു കൃതജ്ഞത
11 ഈശോയുടെ കുരിശിനെ സ്നേഹിക്കുന്നവർ എത്ര ചുരുക്കം!
12 വി. കുരിശാകുന്ന രാജകീയ പാത.

www.malankaralibrary.com

# 1955

## മൂന്നു വെനേഷ്യാകളിലെ മെത്രാന്മാരോടുകൂടി പാദുവായിൽ തൊറേലിയായിലെ വില്ല ഇമ്മാക്കലാത്തായിൽ വച്ചു നടത്തിയ ധ്യാനം.

### 1955 മേയ് 20 — 25

**ധ്യാനഗുരു:** ഫാദർ റിക്കാർഡോ ലൊമ്പാർഡി എസ്. ജെ.

**കുറിപ്പുകളും പ്രതിജ്ഞകളും.**

1 എനിക്കു് 74 വയസ്സായിരിക്കുന്നു. 1456 ജനുവരി 8-ാംനു മരിച്ച വെനീസു പേട്രിയാർക്കു് വി. ലോറൻസു ജൂസ്റ്റീനിയന്റെ പ്രായം. അദ്ദേഹത്തിന്റെ ഭാഗ്യപ്പെട്ട മരണത്തിന്റെ അഞ്ചാം ശതാബ്ദാഘോഷത്തിനു ഞാനൊരുങ്ങുകയാണു്. എന്റെ മരണത്തിനു തന്നെ ഒരുങ്ങുവാനുള്ള ഒരു നല്ല വഴിയല്ലേ ഇതു്.

ഇതാ രക്ഷാകരവും ഗൗരവാവഹവുമായ ഒരു ചിന്ത: "മരിക്കുവാൻ ഞാൻ ഭയപ്പെടുന്നില്ല; ജീവിക്കുവാൻ എനിക്കു വൈമനസ്യവുമില്ല." അവശേഷിച്ചിരിക്കുന്ന ജീവിതം മരണത്തിനുള്ള ആനന്ദസമന്വിതമായ ഒരുക്കമായിരിക്കും. ഞാൻ മരണത്തെ സ്വീകരിച്ചു പ്രത്യാശയോടെ കാത്തിരിക്കുന്നു. ഒരു പാപിയായതു കൊണ്ടു് എന്റെ പ്രത്യാശ എന്നിലല്ല; പ്രത്യുത ഞാൻ എന്തായിരിക്കുന്നുവോ എനിക്കു് എന്തുണ്ടോ അതിനെല്ലാം ഞാൻ കടപ്പെട്ടിരിക്കുന്നതു് എന്റെ കർത്താവിന്റെ കാരുണ്യത്തിലാണു്. "കർത്താവിന്റെ കാരുണ്യം ഞാൻ എന്നേക്കും പാടും."

2 വെനീസ്സിലെ പേട്രിയാർക്കും കാർഡിനലുമായി നിയമിതനായ ദിവസം മുതൽ മരണചിന്ത എനിക്കു് നല്ല ഒരു ചങ്ങാതിയായിട്ടാണു നിലകൊള്ളുന്നതു്; അല്പം വിഷാദാത്മകനായ ചങ്ങാതിയാണെന്നുമാത്രം. 17 മാസങ്ങൾക്കിടയ്ക്കു മൂന്നു സഹോദരിമാർ എനിക്കു നഷ്ടപ്പെട്ടു. രണ്ടുപേർ എനിക്കും കർത്താവിനും വേണ്ടിമാത്രം ജീവിച്ചിരുന്നവരാണു്; തന്നിമിത്തം അവർ എനിക്കു വളരെ പ്രിയപ്പെട്ടവരായിരുന്നു; മുപ്പതുകൊല്ലം അവരെന്റെ ഭവനം സൂക്ഷിച്ചു; സഹോദരൻ

www.malankaralibrary.com

മെത്രാന്റെ കൂടെ അന്തിമവർഷങ്ങൾ കഴിക്കാമെന്നായിരുന്നു അവ വരുടെ വിചാരം. അവരുടെ മരണം എനിക്കു വലിയ നഷ്ടമായിരുന്നു. ചിന്തിക്കുന്ന മനസ്സിനല്ല സന്താപം; ഹൃദയത്തിനാണ്. ഞാൻ അവർക്കു വേണ്ടി പ്രാർത്ഥിക്കുന്നുണ്ടെങ്കിലും അവർ സ്വർഗ്ഗത്തിൽനിന്ന് എനിക്കു വേണ്ടി പ്രാർത്ഥിക്കുകയാണെന്നു കരുതുന്നതാണ് എനിക്ക് ഏറെയിഷ്ടം. എന്റെ കൂടെ ഉണ്ടായിരുന്നപ്പോഴെന്നതിനേക്കാൾ അവരിന്നു കൂടുതൽ സന്നദ്ധരായിരിക്കും എന്നെ സഹായിക്കുവാൻ. ഓ അഞ്ചീലാ, ഓ മരിയാ നിങ്ങൾ നിത്യപ്രകാശത്തിങ്കൽ ത്രേസ്യയോടും എൻറിക്കയോടും ചേർന്നു കഴിഞ്ഞില്ലേ? നിങ്ങൾ നാലുപേരും നല്ലവരും ദൈവഭക്തരുമാണ്. ഞാൻ സദാ നിങ്ങളെ ഓർമ്മിക്കുന്നു; നിങ്ങളെ പ്രതി ഞാൻ കരയുകയും നിങ്ങളെ ഞാൻ ആശീർവ്വദിക്കുകയും ചെയ്യുന്നു. (1)

ഈ വേർപാടു കർത്താവു തിരുമനസ്സായതാണെന്ന് ഇപ്പോൾ ഞാൻ വിശദമായി കാണുന്നു. ഇപ്പോളെനിക്കു വെനിസ്സിലെ എന്റെ മക്കളുടെ ആത്മീയ സുസ്ഥിതിക്കു വേണ്ടി പൂർണ്ണമായി എന്നെത്തന്നെ സമർപ്പിക്കുവാൻ കഴിയും. മെൽക്കീസെദെക്കിനെപ്പോലെ എനിക്കു മാതാവും പിതാവും കുടുംബമില്ലെന്ന് അവർക്കു തോന്നും. (ഹെബ്രാ. 7, 3)

എന്റെ ചാർച്ചക്കാരെ ഞാൻ സ്നേഹിക്കേണ്ടതാണ്; അവരെല്ലാവരും ദരിദ്രരും നല്ല ക്രൈസ്തവരുമായതു കൊണ്ട് അവരെ ഞാൻ കൂടുതൽ സ്നേഹിക്കേണ്ടതാണ്. അവരെനിക്ക് ആനന്ദവും ബഹുമാനവും നല്കുകയല്ലാതെ വേറൊന്നും ചെയ്തിട്ടില്ല. എന്നാലും ഞാൻ അവരിൽ നിന്ന് അകന്നു ജീവിക്കണം. വെനിസ്സിലെ വൈദികർക്കു ഞാൻ മാതൃക നല്കേണ്ടിയിരിക്കുന്നു. അവരിൽ പലരുടേയും കൂടെ സകാരണമായും അകാരണമായും കുടുംബാംഗങ്ങൾ വളരെയേറെ താമസിക്കുന്നതായി കാണുന്നു. അവർ ജീവിതത്തിലും മരണത്തിനുശേഷവും ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടിയുള്ള പരിശ്രമങ്ങൾക്കു പ്രതിബന്ധമായിട്ടാണു കാണുന്നതു്.

ഇന്ന് എനിക്ക് ഒരു ഇടയന്റെ ജോലിമാത്രമേയുള്ളു. അതിനെപ്പററി ഞാൻ എന്താണു പറയേണ്ടതു്? പ്രസ്തുത ജോലി എനിക്ക് ആനന്ദം നല്കുന്നതുകൊണ്ടു ഞാൻ സംതൃപ്തനാണ്. നല്ല ക്രമം പാലിക്കുന്നതിനു കഠിനമായ പ്രതിവിധികളൊന്നും ഉപയോ

---

(1) എൻറിക്കാ 1918 ൽ മരിച്ചു; അഞ്ചീലാ, ത്രേസ്യ 1954 ൽ. മരിയാ 1955ൽ. അഞ്ചീലായും മരിയായുമാണു സോത്തോ ഇൽമൊന്തോയിലേ ഭവനം കാത്തുപോന്നതു്.

www.malankaralibrary.com

ശിക്കേണ്ടി വരുന്നില്ല. ശ്രദ്ധാപൂർവ്വകമായ കാരുണ്യവും ക്ഷമയും വിട്ടുവീഴ്ചയും വഴി കാക്കശ്യവും ശിക്ഷോപകരണവുംവഴി എന്നതിനേക്കാൾ വളരെ വേഗം മുന്നേറുവാൻ കഴിയും. ഇതിനെ സംബന്ധിച്ച യാതൊരു വക സന്ദേഹങ്ങളും സംശയങ്ങളുമില്ല.

എല്ലാത്തിലും ശ്രദ്ധ പതിക്കുവാൻ കഴിയാത്തതിൽ എനിക്കു ഭയം തോന്നുന്നുണ്ട്. എല്ലാം ചെയ്യുതീക്കുന്നില്ലല്ലോ എന്ന് എനിക്കു ഭയം. എൻെറ സമാധാനവാസന ശാന്തമായ ജീവിതത്തിനു് എന്നെ പ്രേരിപ്പിച്ചുകൊണ്ടിരിക്കയാണ്. തന്നിമിത്തം ഭാരമുള്ള കാര്യങ്ങളിൽ പ്രവേശിക്കാതെ കഴിയുവാനാണ് എനിക്കു താത്പര്യം. "അനുസരിക്കുമെന്നു് ബോധ്യമുള്ളപ്പോൾ മാത്രമേ മെത്രാന്മാർ കല്പനകൾ നല്കാവൂ," എന്ന കർദ്ദിനാൾ ഗ്ലസ്മീനിയുടെ തത്വം എൻെറ സ്വാഭാവിക വാസനയ്ക്കു് അനുയോജ്യമാണ്. തിരുത്താമദ്ദേശിക്കുന്ന തിന്മ അനുസരണക്കേടിൻെറ പ്രതിഫലനം വഴി വർദ്ധിക്കുകയായിരിക്കും ചെയ്യുക.

എന്നാൽ ഇടയൻ നല്ലവനായിരിക്കണം; സർവ്വോപരി ഉത്തമനായിരിക്കണം. കൂലിക്കാരനെപ്പോലെ ചെന്നായ്ക്കു് അജഗണത്തെ വിട്ടുകൊടുത്തു കൊണ്ടു് അവൻ ഓടിപ്പോകുന്നില്ലെങ്കിലും അവൻ തൻെറ ജോലി നിർവ്വഹിക്കുന്നില്ലെങ്കിൽ പ്രയോജന ശൂന്യനായിത്തീരുന്നു. നല്ല ഇടയനായ ഈശോ, എൻെറ പ്രിയപ്പെട്ട വെനിഷ്യരുടെ ആത്മാക്കൾക്കു ഞാൻ ഒരു ഹോമയാഗവും ഹനനയാഗവുമായിത്തീരാൻ എൻെറ ജീവിതത്തിലെ ഈ അന്തിമനാളുകളിൽ അങ്ങയുടെ ചൈതന്യം എൻെറമേൽ വർഷിക്കണമേ.

4. തീക്ഷ്ണമായി ആന്തരികവും അതിസ്വാഭാവികവുമായ ജീവിതം നയിക്കുവാൻ എന്നത്തേക്കാളും കൂടുതലായി ഞാൻ പരിശ്രമിക്കും. കാലം കഴിയുന്തോറും പ്രാർത്ഥനാജീവിതം കൂടുതൽ ആനന്ദകരമായിത്തോന്നുന്നു. വി. കുർബാന, കാനോനനമസ്കാരം, ജപമാല, സ്വഭവനത്തിലുള്ള വി. കുർബാന ഇവയെല്ലാം എനിക്കു കൂടുതൽ ആസ്വാദ്യമായിരിക്കുന്നു. ഉഷസ്സു മുതൽ സന്ധ്യവരെയും രാത്രിയിലും ദൈവത്തോടും ദൈവകാര്യങ്ങളോടും ബന്ധപ്പെട്ടിരിക്കുന്നതു് അനുസ്യൂതമായ ആനന്ദമാണ്; ശാന്തതയോടും ക്ഷമയോടുംകൂടെ വർത്തിക്കുവാൻ അതു് ഒരു മഹാ സഹായമാണ്. ഭരണകാര്യങ്ങളും അതിനോടു ബന്ധപ്പെട്ട മററു സംഗതികളും എൻെറ സമയത്തിൽ വലിയ ഒരു ഭാഗം ആവശ്യപ്പെടുന്നതിനാൽ ഭക്താഭ്യാസങ്ങൾക്കും പ്രാർത്ഥനകൾക്കും ആവശ്യകമായ ശാന്തതയും സമാധാനവും സംസിദ്ധമാകാതെ എനിക്കു ശ്വാ

www.malankaralibrary.com

സം മുട്ടുന്നതുപോലെ തോന്നുന്നുണ്ട്. പ്രസ്തുതാഭ്യാസങ്ങൾക്കു ഞാൻ കൂടുതൽ പ്രാധാന്യം കല്പിക്കണം. സ്വഭവനവാസികളൊരുമിച്ചുള്ള ജപമാല തുടരുകതന്നെ വേണം. അതു ധ്യാനത്തിൻെറ ഓർമ്മ എന്നി ലുളവാക്കും. സെക്രട്ടറിയും, കന്യസ്ത്രീകളും, അന്തേവാസികളും; അതി ഥികളുമൊരുമിച്ച് ഒരു കുടുംബജപമാല!

5 ഫാദർ ലൊമ്പാർഡിയുടെ ധ്യാനം ഓരോ മെത്രാൻെറയും ജീവിതം സംബന്ധിക്കുന്നതല്ല; പൊതുവേ മെത്രാന്മാരെ സംബന്ധിക്കു ന്നതാണ്; വെനീഷ്യൻ മെത്രാന്മാരെയെല്ലാവരേയും സംബന്ധിക്കുന്ന താണ്. മെച്ചമായ ഒരു ലോകമാണ് അദ്ദേഹത്തിൻെറ ഭാവന!

[...] ഈ സംഗതികളൊന്നു പരിശോധിച്ചുനോക്കേണ്ടതാണ്. നല്ലതു സ്വീകരിക്കുക. അപ്രധാനസംഗതികളിൽ ഞാൻ കുടുങ്ങിപ്പോ കരുത്. പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പായാണു മെച്ചമായ ലോക ത്തിനുവേണ്ടിയുള്ള ഈ പ്രസ്ഥാനം [Better World Movement] സമാരംഭിച്ചതു്. അതിനു തിരുമേനിയുടെ അംഗീകാരവും പ്രോത്സാ ഹനവും ലഭിച്ചിട്ടുള്ളതാണ്. ആകയാൽ നാം ശരിയായ മാർഗ്ഗത്തിലൂ ടെയാണു നടക്കുന്നതു്. വിശുദ്ധീകരണത്തിൻെറ ഏഴു ദീപങ്ങൾ ദൈവികവും സാന്മാർഗ്ഗികവുമായ പുണ്യങ്ങൾ ഇവിടെയുമുണ്ട്. എൻ്റെ ആത്മാവേ, ഭൂമിയിൽ നിനക്കുള്ള കാലം സമാപിക്കാറായിരിക്കുന്നു; നിൻെറ പാദങ്ങൾ അസ്തമയത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കയാണ്. ധീരതാപൂർവ്വം മുന്നേറുക. പ്രകാശമോ, ആനന്ദമോ, കൃപാവരമോ കൂ ടാതെ നീ പുരോഗമിക്കയില്ല. സ്വർഗ്ഗപ്രതീക്ഷയുള്ളപ്പോൾ കുരിശു സ്വാ ഗതാർഹമാണ്; ശക്തിനിദാനവുമാണ്.

6 ഫാദർ ലൊമ്പാർഡിയോടുകൂടി നടത്തിയ ഈ ധ്യാനത്തിൻ്റെ പ്രഥമഫലം എല്ലാത്തരം മതപഠനവിദ്യാലയങ്ങളിലും ഞാൻ കൂടുതൽ ശ്രദ്ധചെലുത്തിക്കൊണ്ടിരിക്കണമെന്നുള്ള പ്രതിജ്ഞയാണ്. അതി നായി എൻെറ സഹായമെത്രാൻ മോൺ. അഗുസ്റ്റോയുടെ സഹായം ഞാൻ വിനിയോഗിക്കും. രൂപതാമതപഠനപ്രസ്ഥാനത്തിൻെറ അ ദ്ധ്യക്ഷപദം അദ്ദേഹമാണല്ലോ വഹിക്കുന്നതു്.

www.malankaralibrary.com

# 1956

## രക്ഷയുടെ മാതാവായ
## വി. മറിയത്തിൻെറ സെമ്മിനരിയിൽ
## (വെനിസിൽ) നടത്തിയ ധ്യാനം
## 1958 ജൂൺ 11-15

**ചെറിയ കുറിപ്പുകൾ:**

ഫാത്തിമായിലേക്കുള്ള എൻെറ തീർത്ഥയാത്രനിമിത്തം വെനീഷ്യൻ പ്രവശ്യയിലെ എൻെറ അഹപ്രവർത്തകരായ പ്രഗല്ഭ മെത്രാന്മാക്കുവേണ്ടി തൊറേസ്സിയായിൽ കീയെററിയിലെ ആച്ച് ബിഷപ്പ് മോൺ. ബോസിയോ പ്രസംഗിച്ച ധ്യാനത്തിൽ എനിക്കു ചേരുവാൻ കഴിഞ്ഞില്ല.

ഞാൻ ഇവിടെ രൂപതാ വൈദികർക്കായി ജേസിയിലെ മെത്രാൻ മോൺ. പർദീനി പ്രസംഗിക്കുന്ന ധ്യാനത്തിൽ ചേർന്നിരിക്കയാണ്. അദ്ദേഹം വൈദികരെ പററിയ ഒരുത്തമ ധ്യാനഗുരുവാണ്.

എൻെറ പ്രിയപ്പെട്ട വൈദികരോടുകൂടെ അവരുടെ ആകുലതകളിൽ ഭാഗഭാക്കായിരിക്കകൊണ്ട് എന്നെപ്പററി ചിന്തിക്കുവാൻ ആവശ്യകമായ ശാന്തത എനിക്ക് ഈ ധ്യാനത്തിൽ സിദ്ധിക്കുന്നില്ല. ആകയാൽ വൈദികർ എവിടെ ധ്യാനത്തിനു സമ്മേളിക്കുന്നുവോ അവിടെയൊക്കെ സൗകര്യംപോലെ ഞാൻപോയി അവരെ സന്ദർശിക്കും. എന്നാൽ എൻെറ ധ്യാനം ഞാൻ മെത്രാന്മാരോടുകൂടത്തന്നെ കഴിക്കും. എന്നാലേ, എൻെറ ആത്മാവിൻെറ കാര്യത്തെപ്പററിമാത്രം ചിന്തിക്കുവാൻ സാധിക്കുകയുള്ളു.

2 ഇക്കൊല്ലത്തേക്കു ഞാനെടുത്തിട്ടുള്ള പ്രായോഗിക തീരുമാനം മുമ്പു പലപ്രാവശ്യം എടുത്തിട്ടുള്ള പ്രതിജ്ഞ, അതായത്, ആദ്ധ്യാത്മികജീവിതം ശരിപ്പെടുത്തുകയെന്നുള്ളതുതന്നെ. ശാന്തത പരിപൂർണ്ണമാകണം. അനുദിനം തിരുസ്സഭയ്ക്കും ആത്മാക്കൾക്കുംവേണ്ടിയുള്ള ജോലിയിലും ഒരു പുരോഹിതനെന്ന നിലയിലുള്ള എൻെറ പ്രാർത്ഥനകളിലും ക്ഷമയും സ്നേഹവും പൂർണ്ണമാകണം. എന്തു വിലകൊടുത്തും, ശുദ്ധപാവമെന്ന മുദ്രകുത്തിയേക്കാമെങ്കിൽക്കൂടി എന്റെ പരിശ്രമം തുടരണം.

www.malankaralibrary.com

3 എൻെറ കഴിവുകേടിനെപ്പററിയുള്ള ബോധം സദാ എനിക്കുണ്ട്. അതു മായാസ്തുതിയിൽനിന്നു് എന്നെ സംരക്ഷിക്കുന്നു; ആകയാൽ അതു കർത്താവിൻെറ ദാനമാണു്. അതിനെ നിഷ്കപടനായി പരിപാലിച്ചുപോരുന്നു: ഒരു വിഡ്ഢിയാകാതെ കഴിയുവാനിടയാകുകയും ചെയ്യുന്നു.

ഞാൻ ദൃഢമായി വിശ്വസിക്കുന്നതും ജീവിച്ചിരിക്കുന്നിടത്തോളം കാലം ഉറപ്പിച്ചു പറയുന്നതുമായ ഒരു സംഗതിയാണു സുവിശേഷം അഭേദ്യമാണെന്നും സുവിശേഷത്തിൽ ഈശോ എളിമയും ശാന്തതയും നമുക്കു് ആവശ്യമാണെന്നു പഠിപ്പിക്കുന്നുണ്ടെന്നുമുള്ളതു്. ജനങ്ങൾ ഈ വസ്തുത ഗ്രഹിക്കുവാൻവേണ്ടി ഞാൻ വിഡ്ഢിയായി പരിഗണിക്കപ്പെട്ടാലും വിരോധമില്ല. ദുർബലതയും അലസതയുമല്ല എളിമയും ശാന്തതയും. വലിയ ഭാവവും സ്വന്തം അഭിപ്രായം അടിച്ചേല്പിക്കലും സ്വാർത്ഥതയാണു്; അവയൊക്കെ വ്യർത്ഥമായിപ്പരിണമിക്കും.

4 എൻെറ വൈദികരോടുകൂടെ ധ്യാനം നടത്തുന്നതു് എനിക്കു നല്ലതല്ലെന്നു ബോദ്ധ്യമായിരിക്കുന്നു. അവരുടെയെല്ലാവരുടേയും അഭ്യർത്ഥനകൾ ഞാൻ ശ്രവിക്കേണ്ടിവരുന്നതിനാൽ എൻെറ ആദ്ധ്യാത്മികാവശ്യങ്ങൾ നോക്കാൻ സമയമില്ല; സമാധാനവുമില്ല. ധ്യാനം ഞാൻ തന്നെ പ്രസംഗിച്ചെങ്കിലോ എന്നു തോന്നാറുണ്ട്. എന്നാൽ ശരിയായും ശാന്തമായും ഒരുങ്ങാൻ സമയം വേണ്ടിയിരിക്കുന്നു. അടുത്ത ഒരുക്കം വേണം; വിദൂരമായ ഒരുക്കവും ആവശ്യകവുമാണു്.

ഫാത്തിമായുടെ ഓർമ്മയും അവിടെ എനിക്കുണ്ടായ ആനന്ദവും "ദരിദ്രരോടു സുവിശേഷം പ്രസംഗിക്കുവാനും ഹൃദയം തകർന്നവരെ സുഖപ്പെടുത്തുവാനും" കർത്താവു തന്നിരിക്കുന്ന കല്പനയോടു കൂടുതൽ മതിപ്പു് എന്നിൽ ഉളവാക്കിയിരിക്കുന്നു.

www.malankaralibrary.com

# 1957

## തൊറേഗ്ലീയായിൽ മൂന്നു വെനീഷ്യ പ്രവിശ്യയിലെ മെത്രാന്മാരോടുകൂടെ നടത്തിയ ധ്യാനം.

## 1957 ജൂൺ 2–7

ധ്യാനഗുരു: പരിശുദ്ധപിതാവിന്റെ കപ്യാരു മോൺ. വാൻലേർഡ്.
വ്യക്തിപരമായ കുറിപ്പുകൾ.

1 "സന്ധ്യ സമീപിക്കുന്നു; എനിക്കു കൂടുതൽ പ്രകാശം തരിക". കർത്താവേ, ഞാൻ എന്റെ ജീവിതത്തിന്റെ സായാഹ്നത്തിലെത്തിയിരിക്കുന്നു; വയസ്സ് എഴുപത്താറായി. ജീവിതം നമ്മുടെ സ്വർഗ്ഗീയപിതാവിൽനിന്നുള്ള ഒരു മഹാദാനമാണ്. എന്റെ സമകാലികരിൽ മുക്കാൽഭാഗവും മറുതീരത്തേക്കു കടന്നുപോയിക്കഴിഞ്ഞിരിക്കുന്നു. ആകയാൽ ആ മഹാനിമിഷത്തിനു ഞാനും തയ്യാറായിരിക്കണം. മരണത്തെ ഞാൻ ഭയപ്പെടുന്നില്ല. എന്റെ അനുജന്മാരിലൊരാൾ, എന്റെ പ്രിയപ്പെട്ട ജൊവാണി മരിച്ചുപൊയ്ക്കഴിഞ്ഞിരിക്കുന്നു. എത്ര നല്ല ജീവിതം! എത്ര നല്ല മരണം! എന്റെ ആരോഗ്യം വളരെ നന്നായിരിക്കുന്നു; ഇപ്പോഴുമെനിക്കു നല്ല ശക്തി തോന്നുന്നുണ്ട്. "ഇതാ ഞാൻ", എന്ന് ഏത് അപ്രതീക്ഷിതസമയത്തും മറുപടി പറയാൻ ഞാൻ സന്നദ്ധനായിരിക്കണം.

2 കർത്താവിന്റെ ദാനമാണു വാർദ്ധക്യം. അത് ആന്തരികവും പ്രശാന്തവുമായ ആനന്ദത്തിനു കാരണമാണ്; കർത്താവിലുള്ള ശരണം അനുദിനം വർദ്ധിക്കുന്നതിന് അതു നിദാനവുമാണ്. ഒരു ശിശു തന്റെ പിതാവിന്റെ കരങ്ങളിലമരുന്നതുപോലെ ഞാൻ കർത്താവിലേക്കു തിരിയുകയാണിന്ന്.

3 ഒരുകെട്ടുചരട് അഴിഞ്ഞു നീളുന്നതുപോലെ എന്റെ നീണ്ടജീവിതം നിഷ്കളങ്കതയുടേയും നൈർമ്മല്യത്തിന്റേയും ബാഹ്യപ്രകടനത്തോടെ കടന്നുപോയിരിക്കുന്നു. "ഞാൻ വെറും ശൂന്യമാണ്; എന്നെ ഒന്നിനും കൊള്ളുകയില്ല" എന്നു സമ്മതിച്ച് അതങ്ങനെ ആവർത്തിച്ചുപറയുവാൻ എനിക്കു യാതൊരു പ്രയാസവുമില്ല.

www.malankaralibrary.com

ദരിദ്രമാതാപിതാക്കന്മാരിൽ നിന്നു ഞാൻ ജനിക്കുന്നതിനു് കർത്താവു് ഇടയാക്കി; എന്നാൽ എന്റെ എല്ലാ ആവശ്യങ്ങളും അവിടുന്നു നടത്തിത്തരുന്നു. ഞാൻ എന്റെ കാര്യം അവിടുത്തെ ഏല്പിച്ചിരിക്കുകയാണു്. വി. പത്രോസിന്റെ പാദം ചുംബിക്കുമ്പോൾ സീസർ ബരോണിയൂസു പറഞ്ഞ വാക്കുകൾ, "അനുസരണയും സമാധാനവും" ഒരു യുവവൈദികനായിരിക്കുമ്പോൾത്തന്നെ എന്റെ ഹൃദയത്തെ സ്പർശിച്ചു. ഞാൻ എല്ലാം ദൈവത്തിനു വിട്ടുകൊടുത്തുകൊണ്ടു് ദൈവപരിപാലനയ്ക്കു പൂർണ്ണമായി കീഴ്പ്പെടുകയാണു ചെയ്തിട്ടുള്ളതു്. വാസ്തവത്തിൽ: "ദൈവതിരുമനസ്സാണു് എന്റെ സമാധാനം". എന്റെ പ്രത്യാശ മുഴുവനും ദൈവത്തിന്റെ കാരുണ്യത്തിലാണു്. അവിടുന്നാണു് എന്നെ ഒരു പുരോഹിതനും ദൈവശുശ്രൂഷകനുമായി തെരഞ്ഞെടുത്തിട്ടുള്ളതു്. എന്റെ നിരവധി പാപങ്ങളേയും പോരായ്മകളേയും ഉപേക്ഷകളേയും അവിടുന്നു് വളരെയേറെ കാരുണ്യത്തോടെയാണു വീക്ഷിച്ചിട്ടുള്ളതു്. ഇന്നും അവിടുന്നു് എന്നെ ശക്തിയോടും ഓജസ്സോടുംകൂടെ സംരക്ഷിച്ചു പോരുന്നു.

ഞാൻ മരിച്ചു നിത്യാനന്ദത്തിലേക്കു പ്രവേശിക്കുന്നതിനു മുമ്പ് എന്റെ വിശുദ്ധീകരണത്തിനും പരിപൂർണ്ണമായ ആത്മനിഗ്രഹത്തിനും വേണ്ടി എന്തോ ശാരീരികവും ആത്മീയവുമായ കദനവും സഹനവും എനിക്കായി ഈശോ കർത്താവു സൂക്ഷിച്ചു വച്ചിട്ടുണ്ടെന്നും തോന്നുന്നു. കൊള്ളാം. എല്ലാം ഞാൻ പൂർണ്ണഹൃദയത്തോടെ സ്വീകരിക്കുന്നു. അതു് അവിടുത്തേ മഹത്വത്തിനും എന്റേയും എന്റെ ആത്മീയമക്കളുടേയും ആത്മാക്കളുടെ ഉപകാരത്തിനു വേണ്ടിയാണു്. വേദനകൾ സഹിക്കുവാനുള്ള എന്റെ അപ്രാപ്തിയെപ്പററി ഞാൻ ഭയപ്പെടുന്നു. എന്നെ സഹായിക്കുവാൻ അവിടുത്തോടു ഞാൻ ആവശ്യപ്പെടുകയും ചെയ്യുന്നു; കാരണം എന്നിൽ എനിക്കു വിശ്വാസമില്ല; ഈശോ കർത്താവിൽ എനിക്കു വിശ്വാസമുണ്ടു്. "രക്ഷസാക്ഷികളുടെ ധവളവസ്ത്രഭൂഷിതഗണം അങ്ങയെ സ്തുതിക്കുന്നു." (തെദേവും എന്ന പ്രാർത്ഥനയിൽ നിന്നു്)

5 സ്വർഗ്ഗത്തിലേക്കു് രണ്ടു് വാതിലുകളുണ്ടു്: അനുതാപവും നിഷ്കളങ്കതയും." ബലഹീനരായ നമ്മളിൽ ആർക്കു് നിഷ്കളങ്കതയുടെ ഗോപുരം തുറന്നു കിടക്കുന്നതു് ദർശിക്കുവാൻ കഴിയും? ഇതരഗോപുരത്തെപ്പററി നമുക്കു് ഉറപ്പിരിക്കാവുന്നതാണു്. നമ്മുടെ പാപങ്ങൾക്കു പരിഹാരമായി കുരിശുവഹിച്ചുകൊണ്ടു് ഈശോ അതിലൂടെ കടന്നു. തന്നെ അനുഗമിക്കുവാൻ അവിടുന്നു നമ്മളെ ക്ഷണിക്കുന്നു. അവിടുത്തെ അനുഗമിക്കുക എന്നു വച്ചാൽ പ്രായശ്ചിത്തം ചെയ്യുക; ചമ്മട്ടിയടി കൊള്ളുക; തന്നെത്താനും കുറേശ്ശേ അടിക്കുക.

www.malankaralibrary.com

മെത്രാൻ പദത്തിലേ ആനന്ദങ്ങളുടെ ഇങ്ങേ്, എന്റെ ഈശോ, ആത്മാനിഗ്രഹത്തിനുള്ള അനുസ്യൂത സന്ദർഭങ്ങളും എനിക്കുണ്ട്. ഞാൻ അവയെ സ്വാഗതം ചെയ്യുന്നു. അവ ചിലപ്പോൾ എന്റെ അഭിമാനത്തെ ക്ഷതപ്പെടുത്തുന്നുണ്ട്. എന്നാൽ ഈദൃശസഹനത്തിൽ ഞാൻ സന്തോഷം കണ്ടെത്തുകയും "ഇങ്ങനെ അപമാനിക്കപ്പെടുന്നതു് എനിക്കു നല്ലതാണെന്നു്" ഞാൻ എന്നോടുതന്നെ പറയുകയും ചെയ്യുന്നു. വി. ആഗുസ്തീനോസിന്റെ വാക്കുകൾ സദാ എന്റെ കൺമുമ്പിലുണ്ട്; അവ എന്നെ ആശ്വസിപ്പിക്കുന്നു.

# 1958

## കവാനിസ്സ വൈദികരോടുകൂടെ തിരുഹൃദയാശ്രമത്തിൽ പൊസാഞ്ഞോയിൽ നടത്തിയ ധ്യാനം

### 1958 സെപ്റ്റംബർ 22 — 26

### പോമ്പേ ആർച്ചു ബിഷപ്പു മോൺ. അവുറേലിയോ സിഞ്ഞോറായെയാണു ഞാൻ ധ്യാനഗുരുവായി ക്ഷണിച്ചതു്.

ഗ്രാപ്പയുടെ ചരിവിൽ എത്രയും ആമോദജനകമായ ഒരു സ്ഥലമാണിതു്. കവാനിസ് വൈദികർ എനിക്കു സ്വാഗതമരുളി. നല്ല നല്ല വൈദികർ! ശ്രേഷ്ഠൻ ഫാദർ വെല്ലെഗ്രീനോ ബൊൾസൊനെല്ലോ സ്നേഹവും ഉപചാരവും തന്നെയായിരുന്നു. എന്റെ കൂടെ പ്രോവികാരി മോൺ. ഗൊത്താർദിയും മോൺ. കപ്പോവില്ലായും രൂപതാ കച്ചേരിയിലേ ഉദ്യോഗസ്ഥവൃന്ദവും പല ഇടവക വികാരിമാരും കാനന്മാർ മോൺ. വെക്കിയും മോൺ. സ്സാവെന്നോയും എന്റെ പല യുവ വൈദികരുമുണ്ടായിരുന്നു. മോൺ. അവുറേലിയോ നന്നായിട്ടു പ്രസംഗിക്കുന്നു. ഞാൻ ഒരു വശത്തു് ഇരിക്കയായിരുന്നതുകൊണ്ടു് എനിക്കു് അദ്ദേഹത്തിന്റെ സ്വരം കേൾക്കുവാൻ പ്രയാസമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ തത്വങ്ങൾ വളരെ നല്ലതുതന്നെ; നല്ല ഭാഷയിൽ ആത്മാർത്ഥതയോടുകൂടെ അദ്ദേഹം സംസാരിക്കുമായിരുന്നു. വിറെറാറിയോ വെനെറോയിൽ നിന്നു കുറെ വൈദികരുമുണ്ടായിരുന്നു. ആകപ്പാടെ യോഗ്യമായ ഒരു ഗണം.

www.malankaralibrary.com

2 "തെല്ലു വിശ്രമിക്കാൻ" ഒരു "ഏകാന്തസ്ഥലം" തന്നെവേണമെന്നു രണ്ടാംപ്രാവശ്യം എനിക്കു ബോദ്ധ്യമായി. അഭിഷിക്തരായിരുന്നവരെ തൃപ്തിപ്പെടുത്താൻ ഞാനും സംസാരിക്കേണ്ടിവന്നു; പ്രഥമ സായാഹ്നത്തിൽ പൗരോഹത്യത്തെപ്പററി; രണ്ടാം സായാഹ്നത്തിൽ "പുരോഹിതവീക്ഷണഗതിയെപ്പററി", മൂന്നാം സായാഹ്നത്തിൽ ഫേൻസായിലെ എന്റെ പ്രഭാഷണത്തിൽനിന്നു് അഞ്ചു ചിന്താവിഷയങ്ങളെപ്പററി, നാലാംസായാഹ്നത്തിൽ പുരോഹിതഹൃദയത്തെപ്പററി. പുരോഹിതന്റെ സ്വഭാവം, സംസാരം, ശാന്തത, എളിമ, സംസാരത്തിലും പ്രസംഗത്തിലും ഉപചാരം എന്നിവ ഞാൻ ഊന്നിപ്പറഞ്ഞു.

ഇല്ല; ഇതു് പന്തിയാകുന്നില്ല. ധ്യാനത്തിനു ഞാൻ ഏകാകിയായിരിക്കണം. മൗനവും പ്രശാന്തതയും അത്യാവശ്യം. രൂപതാക്കച്ചേരിക്കാര്യത്തിൽനിന്നു വിമുക്തനുമായിരിക്കണം. എന്നിലും എന്റെ ആത്മാവിലും മാത്രം ശ്രദ്ധപതിയണം.

എന്റെ രൂപതയുടെ വെളിയിൽ പ്രസംഗങ്ങൾ സ്വീകരിക്കുന്ന കാര്യത്തിൽ എന്റെ പ്രായത്തിൽ തെല്ലൊരു നിയന്ത്രണം വേണം. എല്ലാം ആദ്യമേ എഴുതിയുണ്ടാക്കേണ്ടിയിരിക്കുന്നു. അതു വലിയ ഒരു ജ്ഞാനമാണു്; മാത്രമല്ല എന്റെ കഴിവുകേടിനെപ്പററിയുള്ള നിരന്തര ബോധമങ്ങനെ. കർത്താവു് എന്നെ സഹായിക്കുകയും എന്നോടു ക്ഷമിക്കുകയും ചെയ്യട്ടെ.

www.malankaralibrary.com

# 1958 - 1963

## മാർപ്പാപ്പാ

1958 ഒക്ടോബർ 28–ാം നു- മാർപ്പാപ്പായായി തിരഞ്ഞെടുക്കപ്പെട്ടു. നവംബർ 4–ാം തീയതി കിരീടധാരണവും നടന്നു. നവംബർ 30–ാം തീയതി മുതൽ ഡിസംബർ 6–ാം തീയതി വരെ വീണ്ടും ധ്യാനിച്ചു. ധ്യാനത്തിലെ പ്രസംഗവിഷയങ്ങൾമാത്രമേ കുറിപ്പിൽ കാണുന്നുള്ളൂ.

## 1959

വത്തിക്കാനിലെ ധ്യാനം.

1959 നവംബർ 29 മുതൽ ഡിസംബർ 5–ാം തീയതി വരെ. കന്നാലിലെ മെത്രാൻ മോൺ. ജോസഫ് അന്ത്രിസാക്കിയെയാണു ഞാൻ ധ്യാനഗുരുവായി ക്ഷണിച്ചതു്. ധ്യാനം എല്ലാവർക്കും വളരെ ഇഷ്ടപ്പെട്ടു.

ഇഗ്നേഷ്യൻ മോഡൽ! ധ്യാനങ്ങൾക്കും ഉപദേശങ്ങൾക്കും പൊതുവായ അടിസ്ഥാനം വിശുദ്ധ ഗ്രന്ഥത്തിൽനിന്നു സുവിശേഷങ്ങൾ, വി. പോൾ, വി. യോഹന്നാൻ. ലളിതം, സ്പഷ്ടം, പ്രോത്സാഹജനകം! സാഹചര്യങ്ങൾ എന്റെ ശ്രദ്ധയെ അങ്ങോട്ടും ഇങ്ങോട്ടും ആകർഷിച്ചിരുന്നതിനാൽ എനിക്കു പൂർണ്ണമായി ഏകാഗ്രത പാലിക്കുവാൻ കഴിഞ്ഞില്ല. എങ്കിലും എല്ലാം എന്റെ പ്രധാന ജോലിക്കു സഹായകമായിരുന്നു. ദൈവത്തിനു സ്തുതിയായിരിക്കട്ടെ; എല്ലാക്കാര്യങ്ങളിലും അവിടുത്തേ അനുഗ്രഹവും സമാധാനവും ഉണ്ടാകുമാറാകട്ടെ."

രണ്ടാം എവുജേനിയൂസു പാപ്പാക്കുവേണ്ടി വി. ബെർണാർദ് എഴുതിയ "ചിന്തകൾ" എന്ന പുസ്തകത്തിന്റെ ധാരാളം പക്ഷങ്ങൾ മോൺ. ലോറിസ്സ് എന്റെ ഭക്ഷണസമത്തു് എന്നെ വായിച്ചു കേൾപ്പിച്ചു. എന്നെപ്പോലെ ഒരു സാധു മാർപ്പാപ്പാക്കു്, എന്നുവേണ്ട, ഏതുകാലത്തും ഏതു മാർപ്പാപ്പാക്കും പ്രയോജനകരവും ആപ്പ്വവുമായി വേറെ യാതൊന്നുമില്ല. പന്ത്രണ്ടാം ശതാബ്ദത്തിലേ റോമൻ വൈദികരുടെ ഇടയിൽ യോജ്യമല്ലാത്ത പലതും നടപ്പിലുണ്ടായിരുന്നു; ഇന്നും അവയിൽ ചിലതു് അവശേഷിച്ചിട്ടുണ്ട്. ആകയാൽ നാം സൂക്ഷിക്കണം; ക്ഷമാപൂർവ്വം തെറ്റുകൾ തിരുത്തണം.

www.malankaralibrary.com

1 എൻെറ പ്രഥമ ചുമതല: മരണചിന്ത എന്നിൽ നിന്നു് അകന്നുപോകുന്നില്ല. ആകയാൽ മരണത്തിനൊരുക്കമായി എൻെറ മരണ പത്രം ഞാൻ ശരിയാക്കണം. എല്ലാം ക്രമമായി ചെയ്യണം. ദരിദ്രനും സാധുവുമായ ഒരു മാർപ്പാപ്പായുടെ മരണപത്രമായിരിക്കമതു്. എനിക്കു കുറച്ചു കാര്യങ്ങൾ മാത്രമേ ചേർക്കേണ്ടതായുള്ളൂ; അവ സ്പഷ്ടമാണു്. മാർപ്പാപ്പായുടെ മാതൃക കർദ്ദിനാളന്മാർക്കു് ഒരുദ്ബോധനവും പ്രോത്സാഹനവുമായിരിക്കും. മരണപത്രം ശരിയാക്കാതെ മരിക്കുന്നതു് ഒരു വൈദികനെ സംബന്ധിച്ചിടത്തോളം ഒരു കുററമായിരിക്കും. നിത്യതയെ അഭിമുഖീകരിക്കേണ്ടി വരുമ്പോൾ അതു് ഒരു ഭയങ്കര ചിന്തയായിരിക്കും.

2 ഈ മഹാസേവനത്തിനു് അയോഗ്യനായ എന്നെ കർത്താവു തിരഞ്ഞെടുത്തിരിക്കകൊണ്ടു് എനിക്കു് ജീവിതത്തിൽ ഇനി ബന്ധങ്ങളൊന്നുമില്ല, കുടുംബമില്ല, ഒരു രാജ്യവുമില്ല, പഠനത്തേയോ പദ്ധതികളേയോ സംബന്ധിച്ച യാതൊരു പ്രത്യേക വാസനകളും എനിക്കില്ല. ഞാൻ എന്നെത്തന്നെ ദൈവത്തിൻെറ അയോഗ്യനും വിനീതനുമായ ദാസനായി കാണുന്നു: "ദൈവത്തിൻെറ ദാസന്മാരുടെ ദാസൻ." ലോകം മുഴുവനും എൻെറ തറവാട്ടു്. ഞാൻ എല്ലാവരുടേയും ആളാണെന്നുള്ള വിചാരം എൻെറ മനസ്സിനും ഹൃദയത്തിനും പ്രവൃത്തികൾക്കും ഓജസ്സും ശക്തിയും നല്കുന്നു.

3 ഞാൻ ലോകം മുഴുവൻേറയും ആളാണെന്നുള്ള വിചാരം എൻെറ ദിനംപ്രതിയുള്ള വി. കുർബാന, കാനോന നമസ്കാരം, പുണ്യജപമാല, സക്രാരിയിൽ സ്ഥിതി ചെയ്യുന്ന ഈശോയുടെ സന്ദർശനം എന്നീ അഭ്യാസങ്ങൾക്കു നവമായ ഒരു പ്രചോദനമുണ്ടാകും. അവയെല്ലാം ഈശോയോടു വിശ്വസ്തമായും അഗാധമായും അടുപ്പിക്കുന്ന വിവിധ പ്രാർത്ഥനാക്രമങ്ങളാണല്ലോ.

വിവേകത്തോടും ക്ഷമയോടും കൂടെ സംഗതികൾ ശരിയാക്കാൻ ഈ പ്രഥമ വർഷത്തേ അനുഭവം എനിക്കു സഹായകമായിരിക്കും; പരിഷ്കരണത്തിനുള്ള എൻെറ ശ്രമങ്ങൾക്കു് പ്രസ്തുതാനുഭവത്തിൽനിന്നു പ്രകാശം വീശും.

4 സർവ്വോപരി, കർത്താവു് എനിക്കു തന്നിട്ടുള്ള സ്വാഭാവിക വാസനയ്ക്കു ഞാൻ നന്ദിയുള്ളവനാണു്. അതു് എന്നെ ഉൽകണ്ഠകളിൽ നിന്നും സംശയങ്ങളിൽനിന്നും സംരക്ഷിച്ചുപോരുന്നു. എല്ലാക്കാര്യങ്ങളിലും ഞാൻ അനുസരണയിൻ കീഴാണെന്നു തോന്നുന്നു. ഈ മനോ

www.malankaralibrary.com

ഭാവം ചെറിയ കാര്യങ്ങളിലും വലിയ കാര്യങ്ങളിലും അയോഗ്യനായ എനിക്കു സുസ്പഷ്ടമായ ധൈര്യം തരുന്നു. അതു സർവ്വഥാ സുവിശേഷാനുയോജ്യമായ ധൈര്യമാകയാൽ സാർവ്വത്രികമായ അംഗീകാരം എനിക്കു ലഭിക്കുന്നു; അനേകർക്കു സന്മാതൃകയായിത്തീരുന്നു. കർത്താവേ, ഞാൻ യോഗ്യനല്ല. കർത്താവേ, അങ്ങു എന്റെ ശക്തിയും എന്റെ ഹൃദയത്തിന്റെ ആനന്ദവുമായിരിക്കുക. എന്റെ ദൈവമേ, എന്റെ കാരുണ്യമേ!

5 അയോഗ്യനായ എനിക്കു ഉടനടി സിദ്ധിച്ച സ്വാതന്ത്ര്യവും എന്നെ സമീപിക്കുന്നവരെല്ലാം പ്രദർശിപ്പിക്കുന്ന സ്നേഹവും എന്നിൽ അത്ഭുതം ഉളവാക്കുകയാണ്. "നീ നിന്നെത്തന്നെ അറിയുക" എന്ന ആദർശം എന്റെ പ്രസന്നതയെ നിലനിറുത്തിക്കൊണ്ടുപോരുന്നു; എന്നെ ഉത്സാഹഭരിതനാക്കുകയും ചെയ്യുന്നു. എന്റെ കഴിവുകൾക്കു അതീതമായവയെ അന്വേഷിക്കാതെ, "എളിമയും ഹൃദയശാന്തതയും ഉള്ളവനായിരിക്കുന്നതിൽ സംതൃപ്തിയടയുന്നതാണു വിജയരഹസ്യം. എന്തെങ്കിലും കൊടുക്കുകയോ സംസാരിക്കുകയോ ജനങ്ങളോടു പെരുമാറുകയോ ചെയ്യുമ്പോൾ എളിമയും ശാന്തതയും ആ പ്രവൃത്തികളെ സുമധുരമാക്കിത്തീർക്കുന്നു. സഹിക്കാനും അനുകമ്പ പ്രദർശിപ്പിക്കുവാനും വേണ്ടക്ഷമയും മൗനം പാലിക്കാനും പ്രോത്സാഹനം നല്കാനും ആവശ്യകമായതു ശാന്തതയും എളിമയും തന്നെയാണ്. കർത്താവിന്റെ അപ്രതീക്ഷിതമായ നീക്കങ്ങൾക്കും നാം തയ്യാറായിരിക്കണം. കർത്താവു തനിക്കു പ്രിയപ്പെട്ടവരോടു വാത്സല്യത്തോടെയാണു വ്യാപരിക്കുന്നതെങ്കിലും രോഗം, ആത്മീയവ്യഥ, എതിർപ്പ് ഇങ്ങനെ പല പരീക്ഷകളും അവിടുന്നു അനുവദിച്ചുവെന്നുവരും. ദൈവദാസന്റെ ജീവിതത്തേയും എന്നുവേണ്ട, ദൈവത്തിന്റെ ദാസന്മാരുടെ ദാസന്റെ ജീവിതത്തേയും ക്ഷീണിപ്പിക്കുവാൻ ശക്തമായെന്നുവരാം എതിർപ്പുകൾ. ഒരു രക്തസാക്ഷിത്വം തന്നെയായേക്കാം. പരിശുദ്ധസ്മരണാർഹനായ ഒമ്പതാം പീയൂസ് മാർപ്പാപ്പായെപ്പററി ഞാൻ സദാ ചിന്തിക്കുന്നു. അദ്ദേഹത്തിന്റെ സഹനങ്ങൾ അനുകരിച്ചുകൊണ്ടു; അദ്ദേഹത്തിന്റെ നാമകരണം ആഘോഷിക്കുവാനുള്ള അർഹത എനിക്കുണ്ടാകണമെന്നു ഞാനാഗ്രഹിക്കുകയാണ്.

www.malankaralibrary.com

# 1960

## വത്തിക്കാനിലെ ധ്യാനം
## 1960 നവംബർ 27—ഡിസംബർ 3

ധ്യാനഗുരു: മോൺ. പീറോ സ്ലുവീസീ (ഒരു മിഷനറി)

മോൺ. സ്ലുവീസിയെ എനിക്കു പരിചയമുണ്ടായിരുന്നു. 1921 മുതൽ 1925വരെ റോമയിൽ വി. എവുസ്ലാക്കിയോയുടെ ദൈവാലയത്തിൽ വികാരിയായിരിക്കുമ്പോൾത്തന്നെ അദ്ദേഹത്തോട്ട് എനിക്കു വളരെ മതിപ്പുതോന്നിയിരുന്നു. അദ്ദേഹം മിടുക്കനും നല്ലവനുമാണ്. ധ്യാനങ്ങൾക്കും ഉപദേശങ്ങൾക്കും വേണ്ട വിഷയങ്ങൾ പുതിയ നിയമത്തിൽനിന്നാണ് അദ്ദേഹം എടുത്തിരുന്നത്. അവ അദ്ദേഹം നന്നായി കൈകാര്യം ചെയ്തിരുന്നു. തിരുസിംഹാസനത്തോട്ട് അടുത്തുനിന്നു പ്രവർത്തിക്കുന്ന വൈദികരുടെ പുരോഹിതജീവിതത്തിന്റെ മൗലികതത്വങ്ങൾ അദ്ദേഹം സ്പർശിച്ചിരുന്നു. മററിൽഡാകപ്പേളയിൽ അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കാൻ 18 കർദ്ദിനാളന്മാരും വത്തിക്കാൻ ഉദ്യോഗസ്ഥന്മാരുൾപ്പെടെ 58 മൊൺസിഞ്ഞോർമാരും ഞാനും അങ്ങനെ 77 പേരുണ്ടായിരുന്നു. ആരെയും എനിക്കു കാണാൻ പാടില്ലായിരുന്നു; എന്നാൽ എല്ലാം ഞാൻ ശ്രദ്ധിച്ചു ഭക്തിപൂർവ്വം ശ്രവിച്ചു.

ശ്ലൈഹികാശീർവാദത്തിനു മുമ്പു ധ്യാനാവസാനത്തിൽ ഞാൻ മൂന്നു ചിന്താവിഷയങ്ങൾ കുട്ടിച്ചേർത്തു.

1 പലസ്തീനായുടെ സുന്ദരചിത്രങ്ങൾ വർണ്ണിച്ചു വൈവിധ്യത്തോടെ പ്രസംഗിച്ച ധ്യാനഗുരുവിനു നന്ദി. പ്രസംഗങ്ങൾ തീക്ഷ്ണതയുള്ളതും വിവേകപൂർവ്വവും ബഹുമാനസമന്വിതവുമായ ചില കുത്തുകൾ നിറഞ്ഞതുമായിരുന്നു.

2 റോമൻ സുനഹദോസ്, പുതിയ നിയമം, ലോകത്തിൽ തിരുസ്സഭയ്ക്കുള്ള സാർവ്വത്രികമായ വീക്ഷണം എന്നിവയെപ്പററിയുള്ള അദ്ദേഹത്തിന്റെ പ്രതിപാദനം വളരെ നന്നായിരുന്നു.

3 വി. കുർബാനയോടുള്ള ഭക്തിയും ആരാധനയും സംബന്ധിച്ചു വളരെ ശാന്തമായും സ്നേഹതീക്ഷ്ണതയോടുകൂടെയും അദ്ദേഹം സംസാരിച്ചു. വി. കുർബാന എന്നുവച്ചാൽ "ദൈവം നമ്മോടുകൂടെ" എന്നർത്ഥമാണല്ലോ. ദൈവമാതാവിനോടുള്ള ഭക്തിയെപ്പററിയും അദ്ദേഹം ഭംഗിയായി സംസാരിച്ചു.

www.malankaralibrary.com

## തീക്ഷ്ണത നഷ്ടപ്പെടുത്താതെ ഒരു പുരോഹിതനെ പ്രോത്സാപ്പിക്കാനുള്ള ചിന്തകൾ

1958 ഒക്ടോബർ 28 മുതൽ ഈ കഴിഞ്ഞ രണ്ടു കൊല്ലത്തിനിടയ്ക്കു ക്രിസ്തുനാഥനോടും അവിടുത്തെ തിരുസ്സഭയോടും എനിക്കായി അവശേഷിച്ചിരിക്കുന്ന സ്വർഗ്ഗത്തോടുമുള്ള ഐക്യം താനേ ശക്തിപ്പെട്ടിരിക്കുന്നു.

ഈശോ എനിക്കു തന്നുകൊണ്ടിരിക്കുന്ന സമാധാനവും കൃപാവരത്തിൻെറ ബാഹ്യലക്ഷ്യങ്ങളും അവിടുത്തേ കാരുണ്യത്തിൻെറ അടയാളമായി ഞാൻ കരുതുന്നു. ദിവസവട്ടത്തിൽ എല്ലാസമയത്തും എന്നിൽ കാണുന്ന അക്ഷോഭ്യമായ പ്രസന്നത ആ അനുഗ്രഹത്തിൻെറ അടയാളമായി ഞാൻ കരുതുന്നു. നിത്യജീവൻ പ്രാപിക്കുന്നതിനായി സമസ്തവസ്തുക്കളോടും യാത്രപറയാൻ ഏതുസമയത്തും ഞാൻ സന്നദ്ധനാണ്. അതും ഈശോയുടെ കൃപാവരത്തിൻെറ ബാഹ്യലക്ഷ്യമാണ്.

എൻെറ പരാജയങ്ങളും കഴിവുകേടും എൻെറ നിരവധി പാപങ്ങളും പോരായ്മകളും ഉപേക്ഷകളും (അവയ്ക്കുവേണ്ടി അനുദിനം ഞാൻ വി. കുർബാന അർപ്പിക്കുകയാണ്) നിരന്തരമായ ആന്തരികാശാനിഗ്രഹത്തിനു കാരണമാണ്. ആത്മപ്രശംസയിൽനിന്ന് അവ എന്നെ അകററി നിറുത്തുന്നു; എന്നാൽ ദൈവത്തിലുള്ള പ്രത്യാശയേയും ശരണത്തേയും ദുർബ്ബലപ്പെടുത്തുന്നുമില്ല. അവിടുത്തെ വത്സല കരം എന്നെ ആശ്ലേഷിക്കുന്നതായും താങ്ങുന്നതായും പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നതായും ഞാൻ കാണുന്നു.

ആത്മസംതൃപ്തിക്കും മായാസ്തുതിക്കുമുള്ള പ്രലോഭനങ്ങൾ ഞാൻ കാണുന്നുമില്ല. എന്നെപ്പററി എനിക്ക് അറിയാവുന്നതുമതി എന്നെ ലജ്ജിപ്പിക്കാൻ. കർദ്ദിനാൾ ഫെഡെറിക്കോയുടെ അധരത്തിൽ മൻസോണി നിക്ഷേപിച്ചിരിക്കുന്ന വാക്യം എത്ര മനോഹരം! "ദൈവമേ, അങ്ങയിൽ ഞാൻ ശരണപ്പെട്ടു; ഒരുനാളും ഞാൻ ലജ്ജിക്കുകയില്ല (സങ്കീ. 30, 2).

എൺപതാമത്തെ വയസ്സ് ആരംഭിക്കുവാൻ പോകുന്നു. ഞാൻ എന്നെത്തന്നെ താഴ്ത്തി കർത്താവിൽ മറഞ്ഞുപോകുന്നതും അവിടുത്തേ കാരുണ്യത്താൽ നിത്യജീവൻെറ വാതിൽ തുറന്നു തരുമെന്നു ശരണപ്പെടുന്നതും എന്നെ സംബന്ധിച്ചു വളരെ പ്രധാനമായ ഒരു സംഗതിയാണ്. ഈശോ മറിയമേ യൗസേപ്പേ, ഞാൻ എൻെറ ആത്മാവിനെ സമാധാനത്തിൽ നിങ്ങളെ ഏല്പിക്കുമാറാകട്ടെ.

www.malankaralibrary.com

# 1961

## എൺപതാം വയസ്സു പൂർത്തിയാകുന്നതിനു് ഒരുക്കമായുള്ള ധ്യാനം
## കാസ്റ്റൽ ഗൊണ്ടോൾഫോ
## 1961 ഓഗസ്റ്റ് 10 – 15

1961 ഓഗസ്റ്റ് 10.

എന്റെ പതിവുള്ള ജോലി നിറുത്തി മൗനം അവലംബിച്ചിരിക്കയാണു്. എനിക്കു് ഇവിടെ കൂട്ടായിട്ടു് എന്റെ കുമ്പസാരക്കാരൻ മോൺ. കവാഞ്ഞ മാത്രമേയുള്ളു.

വി. ലോറൻസിന്റെ തിരുനാൾ ദിവസം രാവിലെ അഞ്ചേമുക്കാൽമണിക്കു റോമായിലേക്കു നോക്കിക്കൊണ്ടു വെണ്മാടത്തിൽനിന്നു ഞാൻ കാനോനനമസ്കാരം ചൊല്ലി.

1904 ഓഗസ്റ്റ് 10–ാം തീയതി വി. മറിയത്തിന്റെ ദൈവാലയത്തിൽ നടന്ന പുരോഹിതാഭിഷേകത്തിന്റെ വാർഷികത്തെപ്പററി ചിന്തിക്കുമ്പോൾ എന്റെ ഹൃദയം തരളിതമാകുന്നു. ഈസ്റ്റനൂപ്പിലെ സ്ഥാനിക പേട്രിയാർക്കും റോമായിലെ വികാരിയുമായ മോൺ. ചെപ്പെറ്റിയാണു് എനിക്കു പട്ടം തന്നതു്. 57 കൊല്ലം കഴിഞ്ഞെങ്കിലും എല്ലാം ഞാൻ ഓർമ്മിക്കുന്നു. അന്നുമുതൽ എന്റെ അയോഗ്യത ഞാൻ അറിഞ്ഞുകൊണ്ടാണിരുന്നിട്ടുള്ളതു്. "എന്റെ ദൈവമേ, എന്റെ കാരുണ്യമേ".

ഈ ധ്യാനത്തിനു പതിവിൽക്കവിഞ്ഞ പ്രാധാന്യമുണ്ടു്. കർത്താവിന്റെ കാരുണ്യം ഓർമ്മിക്കുമ്പോൾ എന്റെ ഹൃദയം ആഹ്ലാദിക്കുന്നു. അതേസമയം ദൈവത്തിൽനിന്നു സിദ്ധിച്ചിട്ടുള്ള ദാനങ്ങളോടു തീരെ അനുപാതമല്ല എന്റെ പ്രവൃത്തികളെന്നു മനസ്സിലാക്കി ഞാൻ ലജ്ജിക്കുന്നുമുണ്ടു്. ഇതു് എന്നെ ഇളക്കിമറിക്കുന്നതും ഭയപ്പെടുത്തുന്നതുമായ ഒരു രഹസ്യമാണു്.

വി. പത്രോസിന്റെ ശവകുടീരത്തിൽ ദിവ്യബലി സമർപ്പിച്ചശേഷം വി. പത്താം പീയൂസിന്റെ കരങ്ങളാണു് എന്റെ ശിരസ്സിൽ പതിഞ്ഞതു്. ഞാൻ ആരംഭിച്ച പൗരോഹിത്യത്തിനു് അതു് ഒരു

www.malankaralibrary.com

നല്ല അനുഗ്രഹമായി. അമരത്വാബ്ദത്തിനു ശേഷം, കൃത്യമായി പറയുന്നപക്ഷം 57 കൊല്ലം കഴിഞ്ഞു് ഇതാ എന്റെ കരം കത്തോലിക്കരുടെ, ലോകമാസകലമുള്ള കത്തോലിക്കരുടെമേൽ മാത്രമല്ല സകല മനുഷ്യരുടേയും സാഹോദര്യത്തിന്റെ ലക്ഷ്യമായി ലോകം മുഴുവന്റേയും മേൽ ഞാൻ നീട്ടിയിരിക്കുന്നു. വിശുദ്ധനായി പ്രഖ്യാപിതനായിരിക്കുന്ന പത്താംപീയൂസിന്റെതന്നെ പിൻഗാമിയായിത്തീർന്നിരിക്കുന്നു ഞാൻ. അദ്ദേഹത്തെപ്പോലെയും അദ്ദേഹത്തിന്റെ പുരോഗാമികളെപ്പോലെയും ഞാൻ പുരോഹിതസേവകനായി ജീവിക്കുന്നു. വി. പത്രോസിനെപ്പോലെ ഏകവും പരിശുദ്ധവും കാതോലികവും അപ്പസ്തോലികവുമായ ക്രിസ്തുവിന്റെ സഭയുടെ മുഴുവന്റേയും തലവന്മാരാണ് അവരെല്ലാവരും.

ഇവയൊക്കെ പരിശുദ്ധ പദങ്ങളാണ്. എന്റെ മഹത്വീകരണത്തേക്കാൾ കൂടുതൽ അർത്ഥവത്താണ് ആ വാക്കുകൾ. മാനുഷികമഹത്വത്തേക്കാളെല്ലാം ഉയർന്നു നില്ക്കുന്ന ഒരു ശുശ്രൂഷയ്ക്കാണ് ഞാൻ ഉയർത്തപ്പെട്ടിട്ടുള്ളതെങ്കിലും എന്റെ അയോഗ്യതയിൽ ഞാൻ ഇന്നും അമർന്നു കിടക്കയാണ്.

1958 ഒക്ടോബർ 28-ാംനു എന്റെ എഴുപത്തേഴാമത്തെ വയസ്സിൽ റോമാസഭയിലെ കർദ്ദിനാളന്മാർ യേശുക്രിസ്തുവിന്റെ അജഗണമഖിലത്തേയും ഭരിക്കുവാനായി എന്നെ തെരഞ്ഞെടുത്തപ്പോൾ ഇതു് ഒരു താൽക്കാലിക ഏർപ്പാടായിട്ടാണ് എല്ലാവരും കരുതിയതു്. എന്നാൽ ഇതാ എന്റെ വാഴ്ചയുടെ നാലാം വർഷം ആരംഭിക്കാറായിരിക്കുന്നു. അഖിലലോകത്തിന്റേയും മുമ്പിൽ വച്ചു് ഇതാ ഒരു മഹാപരിപാടി നിർവ്വഹിക്കുവാൻ പോകുന്നു. വി. മാർട്ടിന്റെ ചിന്താഗതിയാണ് എനിക്കുള്ളതു്. മരണത്തെ ഞാൻ ഭയപ്പെടുന്നില്ല; ജീവിക്കുവാൻ എനിക്കു വൈമനസ്യവുമില്ല.

മരിക്കുവാൻ, പെട്ടെന്നു മരിക്കുവാൻ പോലും ഞാൻ തയ്യാറായിരിക്കണം; അതുപോലെതന്നെ കർത്താവു തിരുമനസ്സാകുന്നിടത്തോളം കാലം ഇവിടെ ജീവിക്കുവാനും ഞാൻ സന്നദ്ധനാണ്. അതേ എൺപതാമത്തേ വയസ്സ് ആരംഭിച്ചിരിക്കുന്ന ഞാൻ മരണത്തിനും ജീവിതത്തിനും ഒരുപോലെ സദാ തയ്യാറായിരിക്കണം. എന്റെ ആത്മരക്ഷയുടെ കാര്യവും ഞാൻ ഓർമ്മിക്കണം. എല്ലാവരും എന്നെ "പരിശുദ്ധ പിതാവേ", എന്നു വിളിക്കുന്നു. ഞാൻ പരിശുദ്ധനാകണം; ഇതരരെ പരിശുദ്ധരാക്കുകയും ചെയ്യണം.

www.malankaralibrary.com

## എൻെറ വിശുദ്ധീകരണം:

വിശുദ്ധി പ്രാപിക്കുവാനുള്ള എൻെറ ആഗ്രഹവും അഭീഷ്ടവും സുനിശ്ചിതവും ഹൃദയപൂർണ്ണവുമാണെങ്കിലും വിശുദ്ധിയിൽനിന്നു ഞാൻ വളരെ ദൂരെയാണു വർത്തിക്കുന്നതു്. എനിക്കു വിശുദ്ധി പ്രാപിക്കുവാനുള്ള മാർഗ്ഗം കാസ്റ്റൽഗൊണ്ടോൾഫായിൽ വച്ച് ഒരു ചെറിയ പുസ്തകത്തിലും ഒരു ചെറിയ ചിത്രത്തിന്മേലും ഞാൻ കണ്ടു.

അന്തോണിയോ റോസ്മീനിയുടെ ക്രിസ്തീയ പരിപൂർണ്ണത എന്ന ഗ്രന്ഥത്തിൽ, 591-ാം പക്ഷത്തിൽ, വിശുദ്ധി എന്തിലടങ്ങിയിരിക്കുന്നുവെന്ന അദ്ധ്യായത്തിലാണ് ഞാൻ ആ മാർഗ്ഗം കണ്ടെത്തിയതു്.

"ഇതൊന്നു ചിന്തിച്ചു നോക്കുക. ശരിയായോ തെററായോ അപമാനിക്കപ്പെട്ടുകയോ എതിർക്കപ്പെട്ടുകയോ ചെയ്യുന്നതിലും അനുസരിക്കുവാൻ സന്നദ്ധമായിരിക്കുന്നതിലും പ്രസന്നതയോടെ കാത്തുനില്ക്കാൻ തയ്യാറായിരിക്കുന്നതിലും സ്വന്തം ഇഷ്ടം നോക്കാതെ നിൻെറ തലവന്മാരുടെ ഇഷ്ടം നിർവ്വഹിക്കുന്നതിലും നിനക്കു ലഭിക്കുന്ന അനുഗ്രഹങ്ങളും നിൻെറ യോഗ്യതയും ഏററുപറയുന്നതിലും അന്യരോടു വിശിഷ്യ, ദൈവശുശ്രൂഷകരോടു കൃതജ്ഞരായിരിക്കുന്നതിലും ആത്മാർത്ഥമായ സ്നേഹത്തിലും പ്രശാന്തതയിലും കീഴ്‌വഴക്കത്തിലും സമാധാനത്തിലും എല്ലാവർക്കും നന്മ ചെയ്യാനുള്ള ആഗ്രഹത്തിലും ഇടമുറിയാതെ ജോലി ചെയ്യുന്നതിലുമാണു് വിശുദ്ധി അടങ്ങിയിരിന്നതു്. ഞാൻ നിറുത്തുകയാണ്; കൂടുതൽ പറയാൻ സാധിക്കുന്നില്ല. ഇതു മതിയാകും." (സ്ട്രേസാ, 1840 സെപ്ററംബർ 6)

ബരോണിയസ്സിൽ നിന്നു ഞാനെടുത്തിരിക്കുന്ന, "അനുസരണയും സമാധാനവും", എന്ന എൻെറ മുദ്രാവാക്യത്തിന്റെ പ്രായോഗികവശങ്ങളാണ് ഇവയെല്ലാമെന്നു കാണുന്നതു് ആശ്വാസസംദായകമാണു്. ഓ ഈശോ, ഇതു തന്നെ തെളിയിക്കുന്നുണ്ട് അങ്ങു് എൻെറ കൂടെയുണ്ടെന്നു്. ഞാൻ പോകുന്നിടത്തൊക്കെ ഈ തത്വം എന്നെ അനുധാവനം ചെയ്യുന്നപോലെ തോന്നുന്നു. അങ്ങേക്കു നന്ദി.

**ചിത്രം:** ഇതു് ഈ ഗ്രൈഹികമന്ദിരത്തിലേ എത്രയും രഹസ്യവും പ്രാചീനവുമായ കപ്പേളയിലിരിക്കുന്നതാണ്. ഇതു് ഈ ഗ്രാമീണവസതിയിലെ എത്രയും അമൂല്യനിധിയാണു്. ഞാൻ അതു് എൻെറ ആത്മീയനിയന്താവു മോൺ. ആൽഫ്രെഡ് കവാഞ്ഞയ്ക്കു കാണിച്ചുകൊടുത്തു. എട്ടാം ഉർബൻ മാർപ്പായുടെ കാലത്തു് (1636-1644)

www.malankaralibrary.com

രചിച്ചതാണതു്. അതു് അദ്ദേഹത്തിന്റെ ഭക്തി വർദ്ധിപ്പിക്കുന്നതിനു സഹായകമായി. ഒമ്പതാം പീയൂസു മാർപ്പാപ്പായും ആ ചിത്രം ഉപയോഗിച്ചിരുന്നു; അതിന്റെ മുമ്പിലാണു് അദ്ദേഹം ദിവ്യബലി സമർപ്പിച്ചിരുന്നതു്. തന്റെ കുർബാനയ്ക്കു ശേഷം അദ്ദേഹം അടുത്ത പ്രാത്ഥനാമുറിയിൽ തന്റെ സെക്രട്ടറിയുടെ കുർബാന കാണുകയായിരുന്നു പതിവു്. ആ മുറി തങ്കപ്പണിക്കാരനും ചിത്രകാരനുമായ ലാജി സ്സിമോൺ പൂർണ്ണമായി അലങ്കരിച്ചു വച്ചിരുന്നതാണു്. ബലിപീഠത്തിന്റെ മുകളിൽ ഒരു ഭക്തചിത്രമുണ്ടു്: പീയെത്താ– വ്യാകുലമാതാവിന്റെ കരങ്ങളിൽ ഈശോ മരിച്ചുകിടക്കുന്ന ചിത്രം. ചിത്രങ്ങളും അലങ്കാരങ്ങളുമെല്ലാം വളരെ സമീചീനമായിരുന്നു. ചുററും കാണാം ഈശോയുടെ പീഡാനുഭവരംഗങ്ങൾ. ഏതു മാർപ്പാപ്പായ്ക്കും അതു് സമുചിതമായ ഒരു ശിക്ഷണാലയംതന്നെ.

ഈ ചിത്രങ്ങളും ഉല്ലേഖനങ്ങളും സഹനതത്വം മുറുകെ പിടിക്കുവാൻ എനിക്കു സഹായകമായിരുന്നു. ഈശോയുടെ ജീവിതരഹസ്യങ്ങളിൽ ഒരു മാർപ്പാപ്പായുടെ അനുസ്യൂതധ്യാനത്തിനു പററിയ ഏററവും പരിചിതമായ ചിന്തയാണു ക്രിസ്തുവിനെ പ്രതി ക്രിസ്തുവിനോടുകൂടെ സഹിക്കുകയും നിന്ദിക്കപ്പെടുകയും ചെയ്യുക"

ഞാൻ വാർദ്ധക്യത്തിലേക്കു പ്രവേശിക്കുവാൻ ഒരുങ്ങിയിരുന്നപ്പോൾ ഇതാണു പരിപൂർണ്ണതയുടെ അഭ്യാസത്തിൽ ആദ്യം ചിന്തപ്പെട്ട പ്രകാശം! "യേശുക്രിസ്തുവിൽ എന്റെ വിശുദ്ധീകരണമാണു ദൈവതിരുമനസ്സു്. "ഈശോ, "അങ്ങു് എന്റെ സഹായിയായിത്തീർന്നിരിക്കുന്നു. അങ്ങയുടെ ചിറകുകളുടെ നിഴലിന്റെ കീഴിൽ ഞാൻ ആഹ്ലാദത്തോടെ കഴിയുന്നു. എന്റെ ആത്മാവു് അങ്ങയോടു ചേർന്നിരിക്കുന്നു; അങ്ങയുടെ വലതുകൈ എന്നെ താങ്ങുന്നു." (സങ്കീ 62, 8-9)

## 1961 ഓഗസ്റ്റ് 11

ആദ്യമായി ഞാൻ ദൈവത്തോടു് ഏററുപറയുന്നു.

എന്റെ ജീവിതം മുഴുവനും ആഴ്ചതോറുമുള്ള കുമ്പസാരം മുടക്കാതെ ഞാൻ നടത്തിയിരുന്നു. ജീവിതത്തിൽ പല പ്രാവശ്യവും മുഴുവൻ കുമ്പസാരം ഞാൻ കഴിച്ചിട്ടുണ്ടു്. ആകയാൽ ചെറിയ ചെറിയ അംശതികളിലേക്കു കടക്കാതെ പൊതുവായ ഒരാത്മശോധന മതിയാകുന്നതാണു്. അനുദിന ദിവ്യബലിയിലെ കാഴ്ചവയ്പുസമയത്തു്, "എന്റെ നിരവധി പാപങ്ങളെയും പോരായ്മകളെയും ഉപേക്ഷകളെയും പ്രതി

www.malankaralibrary.com

ഞാൻ ചിന്തിച്ചിട്ടുണ്ടു്"". അവ ഞാൻ കുമ്പസാരിക്കുകയും, അവയെ പ്പററി മനസ്തപിക്കുകയും ഞാൻ അവയെ വെറുക്കുകയും ചെയ്തിട്ടുള്ള താണു്.

പാപങ്ങൾ:

എന്നോടുതന്നെയും അന്യരോടുമുള്ള ബന്ധത്തിൽ കന്യാവ്രതത്തെ സംബന്ധിച്ചിടത്തോളം ഒരിക്കലും ഗൗരവമായി ഒന്നും ചെയ്തിട്ടില്ല.

അന്യരെ നോക്കുന്നതിലും തൊടുന്നതിലും പ്രാരംഭയൗവ്വനത്തിലും തികഞ്ഞ യൗവ്വനത്തിലും പൂർണ്ണപ്രായത്തിലും വാർദ്ധക്യത്തിലും തെററൊന്നുമുണ്ടായിട്ടില്ല. അതുപോലെതന്നെ പുസ്തകപാരായണത്തിലും പ്രതിമകളും ചിത്രങ്ങളും വീക്ഷിക്കുന്നതിലും പാപത്തിനു കാരണം നല്കിയിട്ടില്ല. ദൈവാനുഗ്രഹത്താൽ, അതേ, ദൈവാനുഗ്രഹത്താൽ പരീക്ഷകൾ ജയിക്കാൻ ഞാൻ അനുവദിച്ചിട്ടില്ല; ഒരിക്കലും പരാജയമടഞ്ഞിട്ടുമില്ല. അവിടുന്നു എന്നെ സഹായിച്ചു. അനന്തകാരുണ്യത്തോടെ അവിടുന്നു് എന്നെ സഹായിച്ചു. പ്രസ്തുത കാരുണ്യത്തിൽ ഞാൻ ശരണംവയ്ക്കുന്നു; അതുവഴി എനിക്കു തിന്മയിൽനിന്നു് അകന്നു നില്പുവാൻ സാധിക്കുമെന്നു ഞാൻ കരുതുന്നു.

അനുസരണം:

അനുസരണത്തിനെതിരായി ഒരു പ്രലോഭനവും എനിക്കു തോന്നിയിട്ടില്ല. അനുസരിക്കുവാൻ വലിയ ഒരു പരിശ്രമം ചെയ്യേണ്ടിവന്നിരുന്നപ്പോഴും അതുതന്നെയായിരുന്നു സ്ഥിതി. ദൈവത്തിൻെറ ദാസന്മാരുടെ ദാസനായപ്പോഴും തഥൈവ.

എളിമ:

ഈ പുണ്യം അഭ്യസിക്കുവാനും പരിശീലിക്കുവാനും ഞാൻ പ്രത്യേകം ഉത്സാഹിക്കുന്നുണ്ടു്. എന്നോടു വേണ്ട ബഹുമാനം പ്രദർശിപ്പിക്കുന്നില്ലെന്നു തോന്നുമ്പോൾ ഇന്നും എനിക്കു വിഷമം തോന്നാതിരിക്കുന്നില്ലെന്നു പറയുവാൻ വയ്യിയാ. ഇതു ക്ഷമ അഭ്യസിക്കുവാനുള്ള ഒരഭ്യാസമായി കരുതി ദൈവതിരുമുമ്പാകെ ഞാൻ ആനന്ദംകൊള്ളുകയാണു്. എൻെറ പാപങ്ങൾക്കു പരിഹാരമായുള്ള അദ്ഭുതമായ ഒരു രോമവസ്ത്രമാണിതു്. അഖിലലോകത്തിൻേറയും പാപങ്ങൾക്കു മാപ്പുനേടാനുള്ള രോമച്ചട്ടതന്നെ.

www.malankaralibrary.com

## ഉപവി:

ഇതു് എനിക്കു സ്വാഭാവികമായുള്ള ഒരു ഗുണവിശേഷമാണു്. എന്നാൽ ഇതിനും ചിലപ്പോൾ ത്യാഗം വേണ്ടിവരുന്നുണ്ടു്. ചിലപ്പോൾ അക്ഷമത തോന്നാറുള്ളതുകൊണ്ടു വല്ലവരുമൊക്കെ സഹിക്കേണ്ടിവരുന്നുണ്ടാകും.

## തെററുകൾ:

ദൈവനിയമങ്ങൾക്കും തിരുസ്സഭാനിയമങ്ങൾക്കുമെതിരായി എത്രതെററുകൾ സംഭവിച്ചിട്ടുണ്ടെന്നു് ആർക്കറിയാം. അസംഖ്യം തെററുകൾ വന്നിട്ടുണ്ടാകും. ഈ തെററുകളെല്ലാം തിരുസ്സഭയുടെ നിയമങ്ങൾക്കെതിരായവയേ ആയിരിക്കുകയുള്ളൂ. പാപദോഷമോ ചാവദോഷമോ സംബന്ധിക്കുന്ന കാര്യങ്ങളാകയില്ല. എനിക്കു് എൻെറ ഹൃദയത്തിൽ ഈ നിയമങ്ങളോടും ചട്ടങ്ങളോടും നിർദ്ദേശങ്ങളോടും വളരെയേറെ താത്പര്യം തോന്നുന്നുണ്ടു്.

മാനുഷിക നിയമങ്ങളും തിരുസ്സഭാനിയമങ്ങളും അനുസരിക്കുന്നതു് എനിക്കു് എത്രയും പ്രിയംകരമാണു്. വിശ്വാസികൾക്കും വൈദികർക്കും മാതൃക നല്കത്തക്കവിധം നിയമങ്ങളനുസരിക്കുന്ന കാര്യത്തിൽ ഞാൻ അങ്ങേയററം സൂക്ഷിക്കും.

ഈ തെററുകളെല്ലാം തിരുത്താമെന്നുള്ള നിശ്ചയത്തോടുകൂടെ ഞാൻ കുമ്പസാരിച്ചിട്ടുള്ളതാണു്. വാർദ്ധക്യം ചെല്ലുന്തോറും കണിശമായും പരിപൂർണ്ണമായും സമസ്തവും നിർവ്വഹിക്കുവാൻ ഞാൻ അനുദിനം പരിശ്രമിക്കുന്നതാണു്.

## ഉപേക്ഷകൾ:

ഒരിടയനെന്ന നിലയിൽ എനിക്കുള്ള എല്ലാ ചുമതലകളും ഞാൻ നിർവ്വഹിക്കുന്നുണ്ടോ എന്നു ഞാൻ പരിശോധിക്കേണ്ടിയിരിക്കുന്നു. വി. പത്രോസിൻെറ പിൻഗാമിയായ ഒരു പ്രേഷിതനിൽ അത്യന്താപേക്ഷിതമായതു് ഇടയനടുത്ത സേവനമാണു്. എല്ലാവരും അതെന്നിൽനിന്നു പ്രതീക്ഷിക്കുന്നു.

എമ്പതു കൊല്ലത്തേക്കു നീണ്ടുനിന്നിട്ടുള്ള എൻെറ ജീവിതത്തിലെ പരാജയങ്ങളും "അസംഖ്യം പാപങ്ങളും തെററുകളും ഉപേക്ഷകളും" ഞാൻ ഇന്നു രാവിലെ എൻെറ ആത്മനിയന്താവായ മോൺ. കവാഞ്ഞായുടെ അടുക്കൽ എൻെറ ശരിയായ മുറിയിൽ വച്ചു ഞാൻ

www.malankaralibrary.com

കുമ്പസാരിച്ചു. ഇവിടെയാണു പതിനൊന്നാം പീയൂസും പന്ത്രണ്ടാം പീയൂസും കിടന്നുറങ്ങിയിരുന്നതു്. ഇവിടെത്തന്നെയാണു് 1958 ഒക്ടോബർ 9-ാംനു പന്ത്രണ്ടാം പീയൂസു മാർപ്പാപ്പ കിടന്നു മരിച്ചതു്. കാസ്റ്റൽഗൊണ്ടോൾഫായിലെ ഈ ഗ്രീഷ്മകാല വസതിയിൽവച്ചു് ഈയൊരു മാർപ്പാപ്പാ മാത്രമേ മരിച്ചിട്ടുള്ളു.

ഈശോകർത്താവേ, അങ്ങു് എന്നോടു നിത്യമായി ക്ഷമിക്കുന്നുണ്ടല്ലോ; എന്നും എൻെറമേൽ കൃപയുണ്ടാകണമേ.

## ഓഗസ്റ്റ് 11-ാംനു തന്നെ: പാപമോചനം പ്രാപിച്ച സായാഹ്നം

ആഴ്ചതോറും വെള്ളിയാഴ്ചയോ ശനിയാഴ്ചയോ നല്ല ഒരുക്കത്തോടുകൂടി നടത്തുന്ന കുമ്പസാരമാണു വത്തിക്കാനിലെ ആത്മീകമണ്ഡലത്തിനുള്ള ദൃഢമായ അടിസ്ഥാനം. അതെനിക്കു സമാധാനവും ധൈര്യവും നല്കുന്നുണ്ടു്. ഏതു ദിവസവും ഏതു സമയത്തും നല്ല ഒരു മരണം വന്നു ചേരുമെന്നുള്ള പ്രതീക്ഷയിൽ ഞാൻ കാത്തിരിക്കയാണല്ലോ. ഈ പ്രശാന്തതയും കർത്താവു തിരുമനസ്സാകുമ്പോൾ ലോകത്തോടു യാത്ര പറഞ്ഞു് അവിടുത്തെ സന്നിധിയിൽ നില്ക്കാനുള്ള എൻെറ സന്നദ്ധതയും സ്നേഹത്തിൻെറ — പ്രത്യാശയുടെ — ഒരടയാളമായി ഞാൻ കരുതുന്നു. ഈശോയുടെ കാരുണ്യത്തിനു ഞാൻ അർഹനായിരിക്കുന്നുവെന്നതിൻെറ ഒരു സൂചനയാണതു്. അവിടുത്തെ വികാരിയെന്നാണല്ലോ ഞാൻ വിളിക്കപ്പെടുന്നതു്.

ആകയാൽ നമുക്കു സാവധാനത്തിൽ അവിടുത്തെ സമീപിക്കാം. അവിടുന്നു കൈകനീട്ടി എന്നെ കാത്തിരിക്കയായിരിക്കും.

ഈശോ സഭയുടെ ഏഴാമത്തേ ജനറലായ ഫാദർ കരാഫായെ റോസ്മീനി ഉദ്ധരിച്ചുകാണുന്നുണ്ടു്. ദൈവത്തിലുള്ള എൻെറ ശരണം വർദ്ധിപ്പിക്കുവാൻ അതു പര്യാപ്തമാണു്. അദ്ദേഹം മൂന്നക്ഷരങ്ങൾ നിരന്തര ധ്യാനവിഷയമാക്കുമായിരുന്നു! ഒരു കറുത്ത അക്ഷരം, ഒരു ചുവന്ന അക്ഷരം, ഒരു വെളുത്ത അക്ഷരം. കറുത്ത അക്ഷരം അദ്ദേഹത്തിന്റെ പാപങ്ങളെ സ്മരിപ്പിച്ചുപോന്നു; ചുവന്ന അക്ഷരം നമ്മുടെ രക്ഷകനായ ഈശോ ചിന്തിയ രക്തത്തെ സൂചിപ്പിച്ചുകൊണ്ടിരുന്നു; ധവളാക്ഷരം സ്വർഗ്ഗത്തിൽ ഭാഗ്യപ്പെട്ട ആത്മാക്കൾക്കുള്ള മഹത്വം വിളിച്ചറിയിച്ചു കൊണ്ടുമിരുന്നു. ഈ മൂന്നു ചിഹ്നങ്ങൾ ക്രിസ്തീയ ധ്യാന കുസുമങ്ങളാണു്.

www.malankaralibrary.com

എന്നെ അറിഞ്ഞു് എൻെറ ആത്മാവിനെ വെടിപ്പാക്കുവാൻ കറുത്ത അക്ഷരം എന്നെ പഠിപ്പിക്കുന്നു; ശരീരത്തിലും ആത്മാവിലും ഭയങ്കര പീഡകൾ അഹിച്ച ഈശോയുടെ ഓർമ്മ ചുവന്ന അക്ഷരം എന്നിൽ ജനിപ്പിക്കുന്നു. നിരുത്സാഹവും മന്ദതയും സങ്കടവും എതിരിട്ടുന്നതിൽ വെളുത്ത അക്ഷരം എന്നെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നു. സഹനത്തിനുള്ള ശക്തി എല്ലാ വിശുദ്ധന്മാരും എന്നിലുളവാക്കുന്നു. "ഇന്നത്തേ സഹനങ്ങൾ നമ്മിൽ പ്രകടമാകാനിരിക്കുന്ന മഹത്വത്തോട്ട തുലനം ചെയ്യാവുന്നതല്ല," എന്നു വിശുദ്ധന്മാർ എന്നെ സദാ അനുസ്മരിപ്പിച്ചു കൊണ്ടിരിക്കുന്നു.

ഈ ചിന്ത വി. ഇഗ്നേഷ്യസ്സിൻെറ "ആദ്ധ്യാത്മികാഭ്യാസങ്ങൾ" എന്ന ഗ്രന്ഥത്തിലേ താപസതത്ത്വങ്ങളോട്ട സർവ്വഥാ യോജിച്ചുപോകുന്നുണ്ടു്. പ്രസ്തുത ഗ്രന്ഥം താൻ സദാ പാർശ്വത്തിൽ സൂക്ഷിച്ചിരുന്നുവെന്നാണു റോങ്കാലി പറയുന്നതു്.

## ഓഗസ്റ്റ് 12-ാംനു- ശനിയാഴ്ച: ക്രൂശിതനായ ഈശോയും വ്യാകുലാംബികയും:

ഒരു ക്രിസ്ത്യാനിയും ഒരു വൈദികനും ഒരു മെത്രാനുമെന്ന നിലയിൽ മാത്രമല്ല ഒരു മാർപ്പാപ്പാ എന്നനിലയിൽക്കൂടി ആത്മവിശുദ്ധീകരണത്തിൽ മുന്നേറുന്നതിനുള്ള ഒരു പരിശ്രമമാണു് എൻെറ ഈ ധ്യാനം. അയോഗ്യതയും പോരായ്മകളും അവഗണിച്ചു കർത്താവു് എന്നെ എല്ലാ ക്രിസ്ത്യാനികളുടേയും നല്ല പിതാവും നല്ല ഇടയനുമാക്കിയിരിക്കയാണല്ലോ.

ഈശോയുടെ അമൂല്യരക്തത്തെപ്പററി ഞാൻ പലപ്പോഴും ചിന്തിക്കാറുള്ളതാണു്. ഈശോയുടെ തിരുനാമത്തോടും തിരുഹൃദയത്തോടുമുള്ള ഭക്തിക്കു് അനുപൂരകമായി അമൂല്യരക്തത്തോടുള്ള ഭക്തി പ്രോത്സാഹിപ്പിക്കേണ്ടതാണെന്നു തോന്നി. മേല്പറഞ്ഞ രണ്ടു ഭക്തികളും പ്രശ്രുതവും വിശാലവ്യാപകവുമാണു്.

ഇതു പെട്ടെന്നുണ്ടായ നിവേശനമാണു്. റൊങ്കാലി സഹോദരന്മാരിൽ മൂത്തയാളായ സവേരിയോ വല്യച്ചൻ ഈ ഭക്തി അഭ്യസിച്ചിരുന്നതു കുട്ടിക്കാലത്തു ഞാൻ കണ്ടിട്ടുണ്ടു്. ആ ഭക്തി എനിക്കു് ഉപദേശിച്ചുതന്നതു് അദ്ദേഹമാണു്. അതിൽ നിന്നാണു് എൻെറ ജീവിതത്തിൻെറ പ്രാരംഭത്തിൽത്തന്നെ പരപ്രേരണയൊന്നും കൂടാതെ എനിക്കു ദൈവവിളിയുണ്ടായതെന്നു തോന്നുന്നു. മുട്ടുകുത്താനുള്ള ഡെ

www.malankaralibrary.com

സ്കൂളിൽ അദ്ദേഹം വച്ചിരുന്ന ഗ്രന്ഥങ്ങൾ ഞാൻ ഓർമ്മിക്കുന്നുണ്ട്, അവയുടെ കൂട്ടത്തിലുണ്ടായിരുന്ന "ഏറ്റവും അമൂല്യതിരുരക്തം" എന്ന ഗ്രന്ഥം. ജൂലായി മാസത്തിൽ അദ്ദേഹം അതുപയോഗിച്ചു പോന്നു. എന്റെ ബാല്യപ്രായത്തിലെ പരിശുദ്ധവും സുഭഗവുമായ സ്മരണകൾ! എന്റെ ജീവിതത്തിന്റെ അസ്തമയകാലത്ത് അവ എത്ര അമൂല്യം! വിശുദ്ധിനേടാനുള്ള എന്റെ പരിശ്രമങ്ങളിൽ അവ അമൂല്യ ധ്യാനവിഷയമായിരുന്നു. ഞാൻ മരണം വച്ചിരിക്കുന്ന നിത്യത്വത്തിൽ എനിക്ക് ആശ്വാസദായകമായ ദർശനവിഷയമാണ് അമൂല്യരക്തം. കുരിശുരൂപവും നിത്യത്വവും! ഒരിക്കലും സമാപിക്കാത്ത നിത്യത്വത്തിന്റെ പ്രകാശത്തിൽ ക്രിസ്തുവിന്റെ പീഡാനുഭവം! എന്തൊരു മാധുര്യവും സമാധാനവും! അത് എന്നും അങ്ങനെ വദ്ധിച്ചുകൊണ്ടിരിക്കുകതന്നെ വേണം. എന്റേയും ഈശോയുടേയും അമ്മയായ വ്യാകുലമാതാവിന്റെ കണ്ണേറിയ കണ്ണുനീരുകൊണ്ടു നനഞ്ഞതും ഈശോയുടെ അമൂല്യരക്തത്തിൽ കുളിച്ചിരിക്കുന്നതുമായ കുരിശിൽ നിന്നു വേണം അവശേഷിച്ചിരിക്കുന്ന എന്റെ ജീവിതത്തിലേക്കു ശക്തി നേടാൻ.

പെട്ടെന്നുണ്ടായ ഈ അഭിനിവേശം ഒരു നവചൈതന്യം എന്നിലുളവാക്കിയിരിക്കുന്നു; എന്റെ ഹൃദയത്തിനു തീക്ഷ്ണതയും ധൈര്യവും പ്രദാനം ചെയ്തിരിക്കുന്നു. എനിക്കാവശ്യമായ മൂന്നു കാര്യങ്ങളുണ്ട്.

1 എല്ലാറ്റിൽ നിന്നും അകന്നിരിക്കുക. പ്രശംസയും അപലപനവും ഒരു പോലെ ത്യാഗം ചെയ്യുക. ലോകമഹാസംഭവങ്ങൾ തന്നെ ആയിരുന്നാലും വ്യക്തിപരമായി അവയെപ്പററി ഉൽകണ്ഠയൊന്നും വേണ്ടാ.

2 കർത്താവിന്റെ ദൃഷ്ടിയിൽ ഞാൻ ഒരു പാപിയും മണൽത്തരിയുമാണ്. എനിക്കുള്ള സമസ്തവും ഈശോതന്നെയാണ്, അവിടുത്തെ കാരുണ്യത്താൽ ഞാൻ ജീവിക്കുന്നു. ഈശോയിൽനിന്നു സമസ്തവും ഞാൻ പ്രതീക്ഷിക്കുന്നു. തന്റെ വേദനയും സഹനവും വഴി ഞാൻ രൂപാന്തരം പ്രാപിക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുകയാണെങ്കിൽക്കൂടി പൂർണ്ണമായ അനുസരണത്തോടുകൂടെ അവിടുത്തെ ഇഷ്ടത്തിനു ഞാൻ വഴങ്ങുന്നു. ഇന്നു മുമ്പത്തേക്കാൾ കൂടുതലായി, എന്നു വേണ്ടാ ജീവിതം മുഴുവനും എല്ലാക്കാര്യങ്ങളിലും: "അനുസരണയും സമാധാനവും."

3 വി. പത്രോസിനേയും വി. പൗലോസിനേയും പോലെ ജീവിക്കുവാനും മരിക്കുവാനും സന്നദ്ധനായിരിക്കുക, തിരുസ്സഭയ്ക്കും ക്രി

www.malankaralibrary.com

സ്തു രക്ഷിച്ച എല്ലാ ആത്മാക്കൾക്കും വേണ്ടി എല്ലാം സഹിക്കുക; ചങ്ങലയും കഷ്ടപ്പാടും, പ്രാക്കും, രക്തസാക്ഷിത്വവും. ഈ പ്രതിജ്ഞ ഭയങ്കരമാണെന്ന് എനിക്കറിയാം. ബലഹീനനും എളുപ്പത്തിൽ വഴുതിപ്പോകുന്നവനുമാകയാൽ ഞാൻ വിറച്ചുപോകയാണ്. എന്നാൽ ക്രൂശിതനായ ക്രിസ്തുവിലും അവിടുത്തെ അമ്മയിലും ഞാൻ ശരണം വയ്ക്കുന്നു. എന്റെ കണ്ണു നിത്യത്വത്തിലേക്കു തിരിഞ്ഞിരിക്കുന്നു.

## ഓഗസ്റ്റ് 13-ാംനു ഞായർ - മാർപ്പാപ്പായ്ക്കും മെത്രാന്മാർക്കുമുണ്ടായിരിക്കേണ്ട വിവേകം:

വിശ്വാസവും ശരണവും സ്നേഹവും മെത്രാന്മാരുടെ മഹത്വത്തിലെ മൂന്നു നക്ഷത്രങ്ങളാണ്, മാർപ്പാപ്പാ തിരുസ്സഭയുടെ തലവനെന്ന നിലയിലും മെത്രാന്മാർ തിരുസ്സഭയിലെ മെത്രാന്മാരെന്ന നിലയിലും മാതൃക നല്കണം. മാർപ്പാപ്പായ്ക്കു തിരുസ്സഭ മുഴുവനും മെത്രാന്മാർക്ക് അവരുടെ രൂപതകളിലുമുള്ള മഹത്തായ ജോലി സുവിശേഷം പ്രസംഗിക്കുകയും എല്ലാവരേയും നിത്യരക്ഷയിലേക്കാനയിക്കുകയും ചെയ്യുകയാണ്. ഈ പ്രാഥമിക ജോലിക്കു ലൗകികവ്യാപാരങ്ങൾ പ്രതിബന്ധമാകാതിരിക്കുവാൻ എല്ലാവരും യത്നിക്കേണ്ടതാണ്. രാഷ്ട്രീയരംഗത്തും മാനുഷിക തീരുമാനങ്ങൾ നിമിത്തം പ്രതിബന്ധങ്ങളുണ്ടായെന്നു വന്നേക്കാം. ചിന്തകളുടേയും വികാരങ്ങളുടേയും ഗതിയനുസരിച്ചു പ്രതിബന്ധങ്ങൾ പലതുണ്ടായേക്കാം. സാമുദായിക ജീവിതത്തേയും മനുഷ്യവർഗ്ഗത്തേയും അലട്ടുന്ന അഭിപ്രായങ്ങൾക്കും കക്ഷികൾക്കും അതീതമാണു സുവിശേഷം. മാർപ്പാപ്പാ മെത്രാന്മാരോടു ചേർന്നു സുവിശേഷം വ്യാഖ്യാനിക്കുന്നു. ലൗകിക താൽപര്യങ്ങളിൽ ശ്രദ്ധ പതിക്കാതെ എല്ലാവരും സമാധാനനഗരിയിൽ നിവസിക്കണം. അവിടെ നിന്നാണ് അഖിലലോകത്തേയും ഭൗമികനശ്വരത്തേയും വിധിക്കുവാൻ കഴിയുന്ന ദൈവം ഇറങ്ങിവരുന്നതു്.

വിജ്ഞാനികൾ സഭയിൽനിന്ന് ഇതാണു പ്രതീക്ഷിക്കുന്നതു്. വേറെ യാതൊന്നും അവർ ആവശ്യപ്പെടുന്നില്ല.

പുതിയ മാർപ്പാപ്പായായി തിരഞ്ഞെടുക്കപ്പെട്ട നാൾമുതൽ ഈ മൂന്നു കൊല്ലവും എന്റെ മനസ്സാക്ഷി പ്രശാന്തമാണ്; എന്റെ മനസ്സിനു സമാധാനക്കുറവില്ല. ഈ നല്ല പ്രാരംഭമനുസരിച്ചു തുടരാൻ കർത്താവ് എന്നെ സഹായിക്കട്ടെയെന്നാണ് എന്റെ പ്രാർത്ഥന.

എല്ലാ മെത്രാന്മാരും ഇങ്ങനെതന്നെ പ്രവർത്തിക്കണം. മാർപ്പാപ്പായുടെ മാതൃക അവർക്കെല്ലാവർക്കും ഒരു പാഠവും പ്രോത്സാഹനവുമായിരിക്കും. തങ്ങളുടേതല്ലാത്ത കാര്യങ്ങളിൽ ഇടപെടാൻ മെത്രാന്മാർ കൂട്ട

www.malankaralibrary.com

തൽ പ്രലോഭനമുണ്ടാകും. ആകയാൽ അവർ വിവാദപ്രശ്നങ്ങളായ രാഷ്ട്രീയകാര്യങ്ങളിൽ പങ്കെടുക്കരുതെന്നും ഒരു ഗണത്തെ മറെറാരു ഗണത്തേക്കാൾ കൂടുതൽ അനുകൂലിക്കരുതെന്നും മാർപ്പാപ്പാ മെത്രാന്മാരെ ഉപദേശിക്കേണ്ടതാണ്. അവർ എല്ലാവരോടും ഒരുപോലെ പ്രസംഗിക്കണം. പൊതുവായി സ്നേഹം, നീതി, ശാന്തത, ക്ഷമ എന്ന പുണ്യങ്ങൾ അവർ പ്രതിപാദിക്കണം. തിരുസ്സഭയുടെ അവകാശങ്ങൾ അവഗണിക്കപ്പെടുകയാണെങ്കിൽ ഉപചാരപൂർവ്വം അവയെ സംരക്ഷിക്കണം.

എല്ലാക്കാലത്തും പ്രത്യേകിച്ച് ഇന്നു മെത്രാന്മാർ മനുഷ്യരുടെ മുറിവുകളിൽ മധുരതൈലം ഒഴിച്ചുകൊടുക്കണം. ധൃതിയിൽ അന്യരെ കുററപ്പെടുത്തുന്നതിൽനിന്നും ആരെയെങ്കിലും ചീത്തവാക്കുകളുപയോഗിച്ചു ശകാരിക്കുന്നതിൽനിന്നും ഭീഷണിക്കോ പ്രശംസക്കോ വഴങ്ങിക്കൊടുക്കുന്നതിൽനിന്നും വല്ലവക്കും ഉപകാരമുണ്ടായേക്കുമെന്നു കരുതി തിന്മയുടെ പക്ഷം പിടിക്കുന്നതിൽനിന്നും മെത്രാന്മാർ അകന്നിരിക്കണം. പെരുമാററം ഗൗരവത്തോടും ദാർഢ്യത്തോടുംകൂടെ വേണം; എന്നാൽ സദാ ശാന്തതയോടും സ്നേഹത്തോടുംകൂടെ അന്യരോടു വർത്തിക്കണം. പരിശുദ്ധ തത്വങ്ങളുടെ വെളിച്ചത്തിൽ നന്മ എന്തെന്നും തിന്മ എന്തെന്നും അവർ നിർദ്ദേശിക്കണം; എന്നാൽ വല്ലരെ ഭയങ്കരമായ ഭാഷ പ്രയോഗിക്കേണ്ടതില്ല. ലൗകികകാര്യങ്ങളിൽ മാനുഷികമാത്രമായ ചരടുവലികൾ വൃഥാവിലാണ്.

മെത്രാന്മാർ തീക്ഷ്ണവും ഉത്സാഹപൂർവ്വകവുമായ പ്രാർത്ഥനയോടുകൂടെ വിശ്വാസികളുടെ ഇടയിൽ ദൈവാരാധനയും ഭക്താഭ്യാസങ്ങളും പ്രോത്സാഹിപ്പിക്കണം. കൂദാശകളുടെ സ്വഭാവം അവക്കു ശരിയായി മനസ്സിലാക്കിക്കൊടുക്കുകയും അവ കൂടുതൽ താത്പര്യത്തോടെ സ്വീകരിക്കുന്നതിനു വിശ്വാസികളെ പ്രേരിപ്പിക്കുകയും വേണം. മതപഠനം അവർ അങ്ങേയററം പ്രോത്സാഹിപ്പിക്കണം. ലൗകിക പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഇതുമതി; മററു മാനുഷികോപാധികളേക്കാൾ ഭേദമായി മതപഠനംവഴി പ്രശ്നങ്ങൾ പരിഹൃതമാകും. ജനങ്ങൾക്ക് ഇതു ദൈവാനുഗ്രഹ സ്രോതസ്സായിരിക്കും; പല തിന്മകളിൽനിന്നും അവരെ രക്ഷിക്കും; സത്യമാർഗ്ഗത്തിൽനിന്ന് അകന്നുപോയവരെ തിരിച്ചുകൊണ്ടുപോരും. സഹായം ഉന്നതങ്ങളിൽ നിന്നുണ്ടാകും. സ്വർഗ്ഗീയ പ്രകാശം അന്ധകാരത്തെ വിപാടനം ചെയ്യുന്നു. 1848 നവംബർ 23-ാംനു റോമയിൽ വില്ലാ അൽബാനിയിൽനിന്നു അന്റോണിയോറോസ്മിനി ഇപ്രകാരമാണ് എഴുതിയതു്.

ഇടയനെന്ന നിലയിലുള്ള എന്റെ വിചാരവും ഉദ്ദേശ്യവുമൊക്കെ ഇതാണ്; ഇങ്ങനെതന്നെ ഇന്നും എന്നേയ്ക്കും.

www.malankaralibrary.com

## ഓഗസ്റ്റ് 13-ാംനു ഞായറാഴ്ചതന്നെ: ഉത്തമമായ പ്രേഷിത വേല:

എല്ലാവരോടും ബഹുമാനത്തോടും വിവേകത്തോടും സുവിശേഷാനുയോജ്യമായ ലാളിത്യത്തോടുംകൂടെ പെരുമാറണം.

മാർപ്പാപ്പായുടെ അനുദിനഭാഷതന്നെ രഹസ്യാത്മകവും ആശ്ചര്യജനകവുമായിരിക്കണമെന്നു് ഒരു പൊതുധാരണയുണ്ടു്. എന്നാൽ ഈശോ എല്ലാപ്പോഴും എത്രയും ലളിതമായിട്ടാണു സംസാരിച്ചിരുന്നതു്. അവിടുത്തെ മാതൃക നാം അനുകരിക്കണം. ദൈവം വിജ്ഞരും പരിശുദ്ധതമമായവർക്കു നല്കിയിരുന്ന വിവേകം പ്രസ്തുത ലാളിത്യത്തോടു ചേർന്നുപോകേണ്ടിയിരിക്കുന്നു. പണ്ഡിതന്മാർക്കു് അത്തരം ലളിതഭാഷ ഇഷ്ടപ്പെടുകയില്ലായിരിക്കും; അവർ പരിഹസിച്ചേക്കും. എന്നാൽ താദൃശ പണ്ഡിതന്മാരെ കണക്കിലെടുക്കേണ്ടതില്ല. അവരുടെ അഭിപ്രായങ്ങളും വ്യാപാരവും കുറേ അപമാനവും നമുക്കു വരുത്തിവച്ചുമെങ്കിലും അവരെ പരിഗണിക്കേണ്ട. അവസാനം അവർ പരാജയപ്പെടുകയും ലജ്ജിതരാകുകയും ചെയ്യും. ശുദ്ധബുദ്ധിയും ദൈവഭയമുള്ളവനും നിഷ്കളങ്കനുമാണു് എത്രയും യോഗ്യൻ, എത്രയും ശക്തൻ. സുന്ദരമായ വിവേകം അവനെ താങ്ങിക്കൊണ്ടിരിക്കണമെന്നുമാത്രം എല്ലാ സന്ദർഭങ്ങളിലും എല്ലാവരുടേയും മുമ്പിലും, സുവിശേഷത്തെ ബാലിശതരമായി തള്ളിക്കളയുന്നവരുടെ മുമ്പിൽക്കൂടി, പൂർണ്ണമായി സുവിശേഷം ഏററുപറയുവാൻ ലജ്ജിക്കാത്തവനാണു ലളിതസ്വഭാവിയായ മനുഷ്യൻ. സഹപ്രവർത്തകന്മാരാൽ അവൻ വഞ്ചിതനാകയോ മാർഗ്ഗഭ്രംശിതനാകുകയോ ചെയ്യുകയില്ല. അവരവനെ എങ്ങനെ നിന്ദിച്ചാലും അവൻെറ മനസ്സമാധാനത്തിനു കുറവുവരികയില്ല.

സത്യം മുഴുവനും പറയുന്നതു് ഉചിതമായിരിക്കയില്ലെങ്കിൽ, ആ ഭാഗത്തെപ്പററി മൗനമവലംബിക്കുന്നതാണു വിവേകം. എന്നാൽ മൗനം സത്യനിഷേധമായിത്തോന്നരുതു്. തൻെറ ഉദ്ദേശ്യങ്ങൾ പ്രാവർത്തികമാക്കുന്നതിനു കാര്യക്ഷമമായ മാർഗ്ഗങ്ങൾ തിരഞ്ഞെടുത്തു പ്രയോഗിക്കുന്നവരുണ്ടു്. തൻെറ മുമ്പിലുള്ള പ്രതിബന്ധങ്ങൾ എത്രമാത്രമെന്നു മനസ്സിലാക്കി വിഷമങ്ങളും വിപത്തുകളും കുറഞ്ഞ ഒരു മധ്യമാർഗ്ഗം തിരഞ്ഞെടുക്കുന്നു. നല്ലതും സമുന്നതവും ഉൽകൃഷ്ടവുമായ ഒരന്ത്യം തിരിഞ്ഞെടുത്തശേഷം അതു കൺമുമ്പാകെവച്ചു എല്ലാ പ്രതിബന്ധങ്ങളും തരണം ചെയ്യുവാൻ അവർ പരിശ്രമിക്കുന്നു. അങ്ങനെയുള്ളവർ പ്രധാനവും അപ്രധാനവുമായ സംഗതികൾ വേർതിരിച്ചു പ്രധാനമായ കാര്യങ്ങളിൽ ശ്രദ്ധപതിച്ചു് അന്ത്യത്തിലെത്തിച്ചേരാൻ സകല ശക്തികളും പ്രയോഗിക്കുന്നു. അവർ ദൈവത്തിലേക്കു തിരി

www.malankaralibrary.com

ഞ്ഞു ദൈവത്തിൽമാത്രം ശരണം വയ്ക്കുന്നു. അവരുടെ സകല പ്രവൃത്തികളുടേയും അടിസ്ഥാനം പ്രസ്തുത ശരണമാണ്. എല്ലാക്കാര്യങ്ങളിലും അവർ വിജയം വരിച്ചില്ലെങ്കിൽത്തന്നെയും എല്ലാം ദൈവത്തിന്റെ കൂടുതൽ മഹത്വത്തിനായി അവിടുത്തെ തിരുവിഷ്ടപ്രകാരം ചെയ്തിട്ടുള്ളതുകൊണ്ടു് അവർ കൃതാർത്ഥരാണ്.

സ്വഭാവലാളിത്യം വിവേകത്തിനെതിരല്ല; എന്നാൽ വിവേകം സ്വഭാവലാളിത്യത്തിനെതിരായി വരാം. സ്വഭാവലാളിത്യം സ്നേഹമാണ്; വിവേകം ചിന്തയാണ്. സ്നേഹം പ്രാർത്ഥിക്കുന്നു; ബുദ്ധിശക്തി ജാഗ്രതയോടെ കാത്തിരിക്കുന്നു. "ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ" എന്ന ഉപദേശത്തിൽ വൈരുധ്യമൊന്നുമില്ല. സ്നേഹം കുറുകുന്ന പ്രാവുപോലെയാണ്; ഒരിക്കലും നിലത്തു വീണു മുറിവുതട്ടാത്ത പാമ്പിനെപ്പോലെയാണു ബുദ്ധിശക്തി. പാമ്പു് ഇഴയുന്നതിനു മുമ്പു തല കൊണ്ടു പരിശോധിച്ചു നോക്കുന്നു നിലം സമനിരപ്പുള്ളതാണോ എന്നു്.

## എല്ലായ്പോഴും പ്രശാന്തത.

തിരുസ്സഭയുടെ സ്ഥാപകനായ ഈശോ എല്ലാക്കാര്യങ്ങളും വിജ്ഞാനത്തോടും ശക്തിയോടും അവർണ്ണനീയമായ കാരുണ്യത്തോടുംകൂടെ തെരഞ്ഞെടുക്കപ്പെട്ടവരുടെ നന്മയ്ക്കായി സ്വാഭിതമനുസരിച്ചു നയിക്കുന്നു. തെരഞ്ഞെടുക്കപ്പെട്ടവരുടെ സമൂഹമായ തിരുസ്സഭ അവിടുത്തെ പ്രിയ മണവാട്ടിയാണല്ലോ.

തിരുസ്സഭയുടെ നന്മയ്ക്കെതിരായി എന്തെല്ലാം സംഭവിക്കുകയാണെങ്കിലും ഞാൻ പ്രശാന്തത കൈവെടിയരുതു്. ഞാൻ അതിനെപ്പററി ദുഃഖിക്കാതിരിക്കുകയോ, "അങ്ങയുടെ തിരുമനസ്സു സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലുമാകണം", എന്നു പ്രാർത്ഥിക്കാതിരിക്കുകയോ ചെയ്യുകയില്ല.

ചിലയാളുകൾ രഹസ്യമായ അഹങ്കാരത്താൽ ആനീതരായി തിരുസ്സഭയിൽക്കൂടെ സംസാരിക്കുന്ന ദൈവത്തിന്റെ ക്ഷണം കൂടാതെ നന്മ ചെയ്യാൻ ഭാവിക്കാറുണ്ടു്. അയോഗ്യമായ അവരുടെ സഹകരണമാകട്ടെ മററാരുടെയെങ്കിലും സഹകരണമാകട്ടെ അവിടുത്തേക്കാവശ്യമില്ല. അവരുടെ ധാർഷ്ട്യം സ്പഷ്ടമാണ്.

സകല മനുഷ്യരുടേയും രക്ഷയ്ക്കായി ദൈവത്തോടു സഹകരിക്കുകയാണാവശ്യം. ഇതാണു നമ്മുടെ ജോലി; അതു് ഏററവും പ്രകടമായിക്കാണേണ്ടതു മാർപ്പാപ്പായിലാണ്.

www.malankaralibrary.com

"എല്ലാ കാര്യങ്ങളിലും അന്ത്യത്തെ വീക്ഷിക്കുക". ഞാൻ ഇപ്പോൾ മരണത്തെപ്പററിയല്ല ചിന്തിക്കുന്നതു്: പ്രത്യുത ദൈവപരിപാലനയിൽ ഒരു മാർപ്പാപ്പായുടെ ജീവിതലക്ഷ്യം എന്താണെന്നുള്ളതിനെപ്പററിയത്രേ.

പാപ്പാ സ്ഥാനത്തേക്കുള്ള ദൈവവിളിയിൽ ത്രിവിധമായ തേജസ്സുകളുണ്ട്: അദ്ദേഹത്തിൻെറ ജീവിതത്തെ ഭാസുരമാക്കിത്തീർക്കുന്ന വ്യക്തിപരമായ വിശുദ്ധി; പരിശുദ്ധവും സാർവ്വത്രികവുമായ സഭയ്ക്ക് അദ്ദേഹത്തോടുള്ള വാത്സല്യം; സ്വർഗ്ഗീയവരപ്രസാദത്തിൻെറ തോതനുസരിച്ചായിരിക്കും അദ്ദേഹത്തിനു വരാൻപോകുന്ന മഹത്വം; അവസാനമായി യേശുക്രിസ്തുവിൻെറ തിരുമനസ്സിനുള്ള കീഴ്‌വഴക്കം. മാർപ്പാപ്പാവഴി ഈശോതന്നെ തൻെറ ഹിതമനുസരിച്ച്, ഭൂമിയിലും സ്വർഗ്ഗത്തിലും ദൈവത്തിന്റെ മഹത്വത്തെ ലാക്കാക്കി തിരുസ്സഭയെ ഭരിക്കുന്നു.

ഈ മഹത്വത്തിൻെറ പ്രകാശത്തിൽ തൻെറ നിയോഗങ്ങളെല്ലാം നവീകരിക്കുകയും ക്രിസ്തുവിൻെറ പ്രബോധനവും കൃപാവരവുമനുസരിച്ചു ജീവിക്കുകയുമാകുന്നു വിനീതനായ ഒരു മാർപ്പാപ്പായുടെ പരിശുദ്ധമായ കർത്തവ്യം. അങ്ങനെ ക്രൂശിതനായ ക്രിസ്തുവിൻെറ പരിപൂർണ്ണതയെ അനുകരിക്കുകയെന്ന ബഹുമാനത്തിനു് അദ്ദേഹം അർഹനാകണം. ക്രിസ്തു തൻെറ രക്തംകൊണ്ടത്രേ ലോകരക്ഷകനും ലോകഗുരുവും എല്ലാക്കാലത്തും എല്ലാ ജനങ്ങളുടേയും ഉപദേഷ്ടാവുമായിത്തീർന്നിട്ടുള്ളതു്.

## ഓഗസ്റ്റ് 14-ാംനു തിങ്കൾ - പരിപൂർണ്ണതയുടെ ആറുതത്വങ്ങൾ:

എൻെറ ജീവിതലക്ഷ്യത്തെ വീക്ഷിച്ചു ഞാൻ തീരുമാനിക്കുന്നു:

1 ദൈവത്തിനു പ്രിയപ്പെട്ടവനാകുന്നതിനുവേണ്ടി ഞാൻ പരിശുദ്ധനും പുണ്യവാനുമാകുവാൻ ആഗ്രഹിക്കണം.

2 തിരുസ്സഭയുടെ മഹത്വം വർദ്ധിപ്പിക്കുന്നതിനും തിരുസ്സഭയെ സേവിക്കുന്നതിനും വേണ്ടി എല്ലാക്കാര്യങ്ങളും വിചാരങ്ങളും പ്രവൃത്തികളും ഞാൻ തിരിച്ചുവിടണം.

3 ഈ സ്ഥാനത്തു് എന്നെ വച്ചിട്ടുള്ളതു ദൈവമാണ്. എനിക്കോ തിരുസ്സഭയ്ക്കോ എന്തുതന്നെ സംഭവിച്ചാലും ഞാൻ പ്രസന്നത കൈവെടിയരുതു്. തിരുസ്സഭയുടെ നന്മയ്ക്കായി ക്രിസ്തുവിനോടു യോജിച്ചു ഞാൻ സഹിക്കുകയും അധ്വാനിക്കുകയും വേണം.

4 ദൈവപരിപാലനയ്ക്കു സദാ എന്നെത്തന്നെ സമർപ്പിക്കണം.

www.malankaralibrary.com

5 എൻെറ കഴിവില്ലായ്മ ഞാൻ അംഗീകരിക്കണം.

6 എൻെറ ദിവസങ്ങളെ സമർത്ഥമായും ക്രമമായും ശരിപ്പെടുത്തണം.

ക്രിസ്തുവിൻെറ പുരോഹിതന്മാരുടെയെല്ലാം പ്രഭു (PRINCE) എന്നാണല്ലോ എന്നെ വിളിക്കുന്നതു്. ഈ നാമം എനിക്കു് ഒരേ സമയം ബഹുമാനവും ലജ്ജയുമാണു്. എൻെറ പുരോഹിത ജീവിതം മഹാനിയമദാതാവായ എൻെറ ദിവ്യഗുരുവിൻെറ മുമ്പിൽ തുറന്നുകിടക്കുകയാണു്. കുരിശിൽ തൂങ്ങിക്കിടന്നു് അവിടുന്നു് എന്നെ നോക്കുകയാണു്. അവിടുത്തെ ശരീരം കീറിമുറിഞ്ഞും രക്തം പുരണ്ടുമിരിക്കുന്നു. അവിടുത്തെ ഹൃദയവും കൂടി കുത്തിമുറിപ്പെടുത്തിയിരിക്കുന്നു. കൈകാലുകൾ തുളച്ചിരിക്കുകയാണു്. അവിടുന്നു് എന്നെ കടാക്ഷിക്കുന്നു; തന്നെ വീക്ഷിക്കുവാൻ അവിടുന്നു് എന്നെ ക്ഷണിക്കുകയും ചെയ്യുന്നു. നീതി അവിടുത്തെ സ്നേഹത്തിലേക്കാനയിച്ചു; സ്നേഹം അവിടുത്തെ കുരിശിൽ തറച്ചു. ഇതാണു് എൻെറ ഭാഗധേയം: "ശിഷ്യൻ തൻെറ ഗുരുവിനേക്കാൾ വലിയവനല്ല."

ഓ ഈശോ, ഇതാ ഞാൻ അങ്ങയുടെ മുമ്പിൽ നില്ക്കുന്നു. അങ്ങു് എനിക്കുവേണ്ടി സഹിക്കുകയും മരിക്കുകയുമാണു്. വൃദ്ധനായ ഞാൻ എൻെറ സേവനത്തിൻേറയും ജീവൻേറയും അന്ത്യത്തിലേക്കു നീങ്ങുകയാണു്. എന്നെ അങ്ങയുടെ ഹൃദയത്തിനരികേ നിറുത്തുക. എൻെറ ഹൃദയം അങ്ങയുടെ ഹൃദയത്തോടു ചേർന്നു് അടിക്കട്ടെ. മൃദുലവും സുന്ദരവുമായ കണ്ണികളുണ്ടാക്കിയിട്ടുള്ള ഒരു സ്വർണ്ണശൃംഖലകൊണ്ടു് അങ്ങയോടു ബന്ധിക്കപ്പെട്ടിരിക്കുവാൻ ഞാനാഗ്രഹിക്കുന്നു.

ഒന്നാമത്തേ കണ്ണി: ഞാൻ എവിടേക്കുതിരിഞ്ഞാലും എൻെറ ദൈവത്തെ കാണുവാൻ എന്നെ നിർബന്ധിക്കുന്ന നീതി.

രണ്ടാമത്തേ കണ്ണി: എൻെറ പാദങ്ങളെ നയിക്കുന്ന പരിപാലനയും നന്മയും.

മൂന്നാമത്തേ കണ്ണി: അയൽക്കാരോടു് അക്ഷീണവും ക്ഷമാപൂർവ്വകവുമായ സ്നേഹം.

നാലാമത്തേ കണ്ണി: എൻെറ ഭാഗധേയമായിരിക്കേണ്ട ത്യാഗം, അതിനെ ഞാൻ എല്ലാക്കാലത്തും സ്വാഗതം ചെയ്യും.

അഞ്ചാമത്തേ കണ്ണി: ഈ ജീവിതത്തിലും നിത്യതയിലും ഈശോ വാഗ്ദാനം ചെയ്യുന്ന മഹത്വം.

ഓ ക്രൂശിതനായ ഈശോ, ഇപ്പോഴും എന്നേക്കും എൻെറ സ്നേഹമേ, എൻെറ കാരുണ്യമേ. "പിതാവേ, അങ്ങു തിരുമനസ്സാകുമെന്ന

www.malankaralibrary.com

ങ്കിൽ ഈ കാസ എന്നിൽനിന്നു് അകററണമേ; എന്നാൽ എന്റെ ഇഷ്ടമല്ല; അങ്ങയുടെ ഇഷ്ടം നിറവേറട്ടെ". (ലൂക്കാ 22, 42)

ചിന്തകൾ 1. കഷ്ടതകളുടെ ഉദ്ദേശ്യം.

എന്നിലേക്കും എന്റെ വിനീതജീവിതത്തിലേ വിവിധ സംഭവങ്ങളിലേക്കും എന്റെ വിചാരങ്ങൾ ഞാൻ തിരിക്കുമ്പോൾ, കർത്താവു് എന്നെ വളരെയേറെ കഷ്ടതകളിൽനിന്നു് ഒഴിച്ചു നിറുത്തിയിരിക്കുന്നതായി ഞാൻ കാണുന്നു. പല ആത്മാക്കൾക്കും സത്യത്തിന്റെയും നീതിയുടേയും സ്നേഹത്തിന്റേയും ശുശ്രൂഷ കഠിനവും അരോചകവുമാകുന്നതു കഷ്ടതകളാലാണു്. ദാരിദ്ര്യത്തിന്റെ ദുരന്തഫലങ്ങൾ അനുഭവിക്കാതെയാണു് എന്റെ ബാല്യവും യൗവ്വനവും ഞാൻ കഴിച്ചുകൂട്ടിയിട്ടുള്ളതു്. എന്റെ കുടുംബത്തേയോ എന്റെ പഠനത്തേയോ സൈനികസേവനംപോലെയുള്ള വിപൽസാഹചര്യങ്ങളേയോ സംബന്ധിച്ചു് എനിക്കു യാതൊരു ഉൽക്കണ്ഠകളുമുണ്ടായിട്ടില്ല. സൈനികസേവനം ഇരുപതാമത്തേ വയസ്സിലായിരുന്നു. 1919 മുതൽ 1921 വരെ നീണ്ടുനിന്ന യുദ്ധാനന്തര കെട്ടുപാടുകളുമങ്ങനെ.

ഭാവമൊന്നുമില്ലാതെ വിനീതനായിട്ടാണു ഞാൻ എന്നെ അറിയുന്നതു്. ബെർഗാമോ സെമ്മിനാരിയിലും റോമാസെമ്മിനാരിയിലും എന്നുവേണ്ടാ ഞാൻ പോയിടത്തെല്ലാം എനിക്കു സ്വാഗതമാണുണ്ടായിട്ടുള്ളതു്. പത്തുകൊല്ലം ജന്മനഗരത്തിൽ എന്റെ മെത്രാന്റെ കൂടെ ഞാൻ കഴിച്ചു. 1921ൽ റോമായിലെത്തി; കുറേ ചുററിക്കറങ്ങിയശേഷം റോമായിൽത്തന്നെ ഞാൻ തിരിച്ചെത്തിയിരിക്കുന്നു. എന്റെ ദൈവമേ, അങ്ങയുടെ നാമത്തിൽ എന്റെ ഇഷ്ടം നിറവേററാനല്ല, അങ്ങയുടെ ഇഷ്ടം നിറവേററാൻ ഞാൻ പോയിടത്തെല്ലാം എനിക്കു ലഭിച്ച സ്വാഗതത്തിനു ഞാൻ നന്ദിപറയുന്നു. കർത്താവു് എനിക്കു ചെയ്തിട്ടുള്ള ഉപകാരങ്ങൾക്കെല്ലാം ഞാൻ എന്തുപകാരം കൊടുക്കും? കർത്താവിനോടും എന്നോടുതന്നെയുമുള്ള ഉത്തരം ഇതാണു്. "രക്ഷയുടെ കാസ ഞാനെടുത്തുകുടിക്കും; കർത്താവിന്റെ നാമം ഞാൻ വിളിച്ചപേക്ഷിക്കും".

ഞാൻ ഈ പക്ഷങ്ങളിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ, ആ മഹാദുരന്തം വന്നുചേരുമ്പോൾ, ഞാനതു സന്മനസ്സോടെ സ്വീകരിക്കേണ്ടതാണു്. അതുവരാൻ താമസിക്കുകയാണെങ്കിൽ, ഈശോയുടെ തിരുരക്തം അനുഭവിച്ചും ദൈവം അയയ്ക്കുന്ന ചെറുതും വലുതുമായ കഷ്ടതകൾ സഹിച്ചും ഞാൻ മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കണം. 130–ാമത്തേ സങ്കീർത്തനം എന്നെ വളരെയേറെ സ്പർശിച്ചിട്ടുള്ളതാണു്; ഇണം

www.malankaralibrary.com

എൻെറ ഹൃദയത്തെ സ്പർശിക്കുന്ന ഒന്നാണ്"; "കർത്താവേ, എൻെറ ഹൃദയം അഹങ്കരിക്കുന്നില്ല; എൻെറ കണ്ണുകൾ ധാർഷ്ട്യം പ്രകടിപ്പിക്കുന്നില്ല. എൻെറ കഴിവിനു് അതീതമായ സംഗതികളിലോ വൻകാര്യങ്ങളിലോ ഞാൻ ഇടപെടുന്നില്ല. മുലകുടി നിറുത്തിയ പൈതലിനെയെന്നപോലെ എൻെറ ആത്മാവിനെ ഞാൻ ആശ്വസിപ്പിച്ചു സംതൃപ്തിപ്പെടുത്തി". എനിക്കു് എത്ര ഇഷ്ടമാണെന്നറിയാമോ ഈ വാക്കുകൾ! എൻെറ ജീവിതത്തിൻെറ അവസാനത്തിൽ ഈ വാക്കുകളെനിക്കു് ആശ്വാസമരുളുന്നില്ലെങ്കിൽ, ഈശോ കർത്താവേ, എൻെറ കഷ്ടതകളിൽ അങ്ങുതന്നെ എന്നെ ശക്തിപ്പെടുത്തുക. അങ്ങയുടെ കാസയിൽനിന്നു് അതായതു് അങ്ങയുടെ ഹൃദയത്തിൽനിന്നു ഞാൻ കുടിക്കുന്നരക്തം നിത്യരക്ഷയുടേയും സൗഭാഗ്യത്തിൻേറയും അച്ചാരമായിരിക്കും. "ഇപ്പോഴത്തേ ലഘുവായ കഷ്ടപ്പാടു നിസ്തുലമായ നിത്യമഹത്വം എനിക്കു് ഒരുക്കിത്തരുകയാണു്". (iiകൊറി 4, 17)

ചിന്തകൾ 2: പ്രവചനങ്ങൾകൊണ്ടു സമയം നഷ്ടപ്പെടുത്താതെ അനുദിനപ്രേഷിതവേലകൊണ്ടു സംതൃപ്തിയടയുക.

"യേശുക്രിസ്തു ഇന്നും ഇന്നലേയും എന്നും ഒന്നുതന്നെ". (ഹെബ്രാ 13, 8)

നീ പ്രവചിക്കാതിരിക്കുക; ഭാവിയിൽ ആശ്രയിക്കാതിരിക്കുക, ഇതാണു് എൻെറ നിയമം. പ്രധാന പുരോഹിതനായ മാർപ്പാപ്പായുടെ ഈ പ്രശാന്തതയിൽനിന്നും സ്ഥിരതയിൽനിന്നും വിശ്വാസികൾക്കും എൻെറ സഹപ്രവർത്തകർക്കും പ്രകാശവും പ്രോത്സാഹനവും സിദ്ധിക്കണം.

വി. തോമസ് അക്വിനാസ് പറയുന്നതുപോലെ പൗരോഹിത്യത്തിൻെറ ഉറവ ക്രിസ്തുവാണു്. പഴയനിയമത്തിലെ പുരോഹിതൻ ക്രിസ്തുവിൻെറ ഒരു പ്രതീകമായിരുന്നു. പുതിയനിയമത്തിലെ പുരോഹിതൻ ക്രിസ്തുവിൻെറ നാമത്തിൽ പ്രവർത്തിക്കുന്നു. ഇതു പ്രഥമതഃ മാർപ്പാപ്പായെപ്പററി പറയാവുന്നതാണു്; കാരണം മാർപ്പാപ്പായുടെ മനസ്സാക്ഷി ക്രിസ്തുവിൻെറ അനുഗ്രഹവും സാന്നിധ്യവും പ്രകാശവുംകൊണ്ടു നിറഞ്ഞാണിരിക്കുന്നതു്; മാർപ്പാപ്പാ തൻെറ ചിന്തകളും പ്രേഷിതവേലയുടെ വിവിധ വശങ്ങളും ക്രിസ്തുവിനെ ഏല്പിച്ചാണുമിരിക്കുന്നതു്. ഇന്നത്തേകാര്യങ്ങൾ മാത്രം ഇപ്പോൾ ചിന്തിച്ചാൽ മതി. ഭാവിക്കു രൂപംകൊടുക്കുന്നകാര്യത്തിൽ ഉൽക്കണ്ഠയൊന്നും വേണ്ടാ. ക്രിസ്തു എന്താണു് ആവശ്യപ്പെടുന്നതെന്നു ക്രിസ്തുവിൻെറ വികാരിക്കു് അറിയാം; ക്രിസ്തുവിനു് അവിടുത്തേ വികാരി ഉപദേശം കൊടുക്കേണ്ടതില്ല;

www.malankaralibrary.com

സ്വന്തമായി പദ്ധതികളൊന്നും നിർദ്ദേശിക്കേണ്ടതുമില്ല. മാർപ്പാപ്പായുടെ അടിസ്ഥാനതത്വം ഇതായിരിക്കണം. ഇന്നത്തെ സ്ഥിതിഗതികളിൽ സംതൃപ്തിപ്പെടുക; ഭാവിയെപ്പററി ഉൽക്കണ്ഠയില്ലാതിരിക്കുക. കർത്താവിൽനിന്നു വരുന്നതു നാം അതേപടി സ്വീകരിക്കുക. ഭാവിയെ ആശ്രയിക്കുകയോ മാനുഷികമായ മാർഗ്ഗങ്ങൾ അതിനായി അവലംബിക്കുകയോ ചെയ്യേണ്ടതില്ല. അതിനെപ്പററി ദൃഢമായോ പ്രാസംഗികമായോ ആരോടും സംസാരിക്കുകയുമരുതു്.

ഭയത്തോടും വിറയലോടുംകൂടെ കർത്താവിൻെറ തിരുവിഷ്ടമനുസരിച്ചു ഞാൻ മാർപ്പാപ്പായായി. കൊൺക്ലേവിൽ സമ്മേളിച്ച കർദ്ദിനാളന്മാർ കർത്താവിൻെറ ഇഷ്ടം പ്രകടമാക്കി. ഇപ്പോൾ മാർപ്പാപ്പായായിട്ടു മൂന്നുകൊല്ലമായി. ഈ മൂന്നുകൊല്ലത്തെ അനുഭവം ഒരുകാര്യം സ്പഷ്ടമാക്കിത്തന്നിരിക്കുന്നു: ഇന്നത്തേ സകല സംഗതികളിലും ദൈവത്തിൽ പൂർണ്ണമായി ശരണംവയ്ക്കുക; ഭാവിയെ സംബന്ധിച്ചു പൂർണ്ണമായ പ്രശാന്തത പാലിക്കുക.

മാർപ്പാപ്പായെന്നനിലയിൽ ചെയ്തിട്ടുള്ള പ്രേഷിത ജോലിയുടെ ഉത്തേജനമെല്ലാം പ്രശാന്തവും സ്നേഹപൂർവ്വകവും നിശ്ശബ്ദവുമായ ദൈവനിവേശനംപോലെയാണെന്നുതന്നെ ഞാൻ പറഞ്ഞുകൊള്ളട്ടെ. തൻെറ വിനീതദാസനോടു കർത്താവുതന്നെ സംസാരിക്കുന്നു. എൻെറ യോഗ്യതകൊണ്ടൊന്നുമല്ല ഈശോയുടെ മഹത്വത്തിനും ആത്മാക്കളുടെ സംതൃപ്തിക്കും ഇടവന്നിട്ടുള്ളതു്; തക്കംകൂടാത്ത കീഴ്‌വഴക്കം കൊണ്ടുതന്നെ.

ഉയർന്നവരോടും താഴ്ന്നവരോടുമുള്ള എൻെറ പ്രഥമ സമ്പർക്കം, അവിടേക്കും ഇ പിടേക്കും നടത്തിയ സ്നേഹസന്ദർശനങ്ങൾ, പ്രോത്സാഹനം നല്കുന്നതിലും ആശയങ്ങൾ സ്പഷ്ടമാക്കുന്നതിലും ഞാൻ പ്രദർശിപ്പിച്ച ശാന്തതയും എളിമയും, പുതിയ ഇടവകകളിലേക്കു നടത്തിയ നോമ്പുകാല സന്ദർശനങ്ങൾ, റൂപതാ സൂനഹദോസിൻെറ അപ്രതീക്ഷിതമായ വിജയം വിവിധരാജ്യങ്ങളിൽ നിന്നും വർണ്ണക്കാരിൽ നിന്നും വർഗ്ഗക്കാരിൽ നിന്നും നിയമിതരായ കർദ്ദിനാളന്മാരും മെത്രാന്മാരുംവഴി ക്രിസ്തീയലോകവും പാപ്പാസ്ഥാനവും തമ്മിലുളവായ അടുത്ത ബന്ധം, പൊതുസൂനഹദോസിനു വേണ്ടി നടന്നുകൊണ്ടിരിക്കുന്ന തിരക്കിട്ട പ്രവർത്തനങ്ങൾ —ഇവയെല്ലാം— ദൈവത്തെ കാത്തിരിക്കുന്നതിലും ഈശോയുടെ സൽപ്രേരണകളെ വിശ്വാസത്തോടും വിനയത്തോടും ശരണത്തോടുംകൂടെ ഏററുപറയുന്നതിലും അന്തർലീനമായ വിജ്ഞാനത്തെ പ്രദ്യോതിപ്പിക്കുന്നു. മനുഷ്യൻെറ സൃഷ്ടിയുടേയും രക്ഷയുടേയും അന്തിമമഹത്വീകരണത്തിൻേറയും പരമലക്ഷ്യങ്ങളെ നയിക്കുന്നതും ലോകത്തെ ഭരിക്കുന്നതും ഈശോയാണല്ലോ.

www.malankaralibrary.com

## 1961 ഓഗസ്റ്റ് 15-ാംനു സ്വർഗ്ഗാരോപണത്തിരുനാൾ.

ഭക്തിപ്രകടനങ്ങൾക്കുള്ള ശ്രേഷ്ഠവും പ്രിയംകരവുമായ ഒരു സന്ദർഭം ഇതാ. എന്റെ അടുത്ത മുൻഗാമി പന്ത്രണ്ടാം പീയൂസു മാർപ്പാപ്പാ 1950 നവംബർ മാസം 1-ാം തീയതി ഇതു് ഒരു വിശ്വാസസത്യമായി പ്രഖ്യാപനം ചെയ്തു. ഫ്രാൻസിലെ ഞൺഷിയോ എന്ന നിലയിൽ നൊൻ്ര് പീറേഷെ്‌ഷിന്റെ അങ്കണത്തിൽ സ്ഥാനം പിടിക്കുവാനുള്ള ഭാഗ്യം എനിക്കും ലഭിച്ചു. ഇതു് ഞാനെന്നും വിശ്വസിച്ചിട്ടുള്ള ഒരു സത്യമായതുകൊണ്ടു് എനിക്കു് ഒരുൽക്കണ്ഠയുമുണ്ടായിരുന്നില്ല. പൗരസ്ത്യയൂറോപ്പിൽ ഗ്രീക്കുകാരുടേയും സ്ലാവുകാരുടേയും ദൈവാലയങ്ങളിൽ "കന്യകാമറിയത്തിന്റെ ഭാഗ്യപ്പെട്ട നിദ്ര"യുടെ ചിത്രത്തിൽ എന്റെ ദൃഷ്ടികൾ പലപ്പോഴും പതിഞ്ഞിട്ടുള്ളതാണു്.

സ്വർഗ്ഗാരോപണത്തിരുനാൾ ദിവസം അതീവാർദ്രതയോടെ സോത്തോ ഇൽമോന്തെയുടെ കാര്യം ഞാൻ ഓർമ്മിച്ചുപോകുന്നു. അവിടെ ദൈവമാതാവിന്റെ രണ്ടു പ്രതിമകൾ എന്റെ ശ്രദ്ധയെ ആകർഷിക്കുന്നു. ഞാൻ ജ്ഞാനസ്നാനം സ്വീകരിച്ച ബ്രൂഷിയോ ദൈവാലയത്തിൽ സാൻസി ഉണ്ടാക്കിവച്ചിരുന്ന ഭക്തവസ്ത്രാലംകൃതമായ മാതൃരൂപവും, പുതിയ ഇടവകപ്പള്ളിയിൽ മൻസോണി ഉണ്ടാക്കി സ്ഥാപിച്ച രൂപവും. ഇടവകവികാരിയായിരുന്ന ഫാദർ കാർലോ മരിനെല്ലി ദാനം കൊടുത്തതാണു രണ്ടാമത്തേ രൂപം. ഒരു നല്ല വൈദികനായിരുന്ന ഫാദർ മരിനെല്ലി. എന്റെ വൈദികശിക്ഷണത്തിൽ അദ്ദേഹം വളരെയേറെ എന്നെ സഹായിച്ചിട്ടുണ്ടു്. കൃതജ്ഞതാപൂർവ്വം ഞാൻ അദ്ദേഹത്തെ അനുസ്മരിക്കുന്നു.

ലോകത്തിലെ രാഷ്ട്രീയാന്തരീക്ഷം സമാധാനസംരക്ഷണം വിഷമകരമാക്കിയിട്ടുണ്ടു്. കാസിൽഗൊണ്ടോൾഫായിലെ ഇടവകപ്പള്ളിയിലേക്കു് ഇടവകക്കാരേയും യാദൃച്ഛിക സന്ദർശകരേയും ക്ഷണിച്ചുകൊണ്ടു് അവിടെ കുർബാന ചൊല്ലാനാണു ഞാൻ തീരുമാനിച്ചതു്. ഒരു വലിയ ജനക്കൂട്ടമായിരുന്നു അതു്. കർദ്ദിനാൾ അഗജ്ഞാനിയനും മോൺ. ബ്രിജിസ്മോണ്ടിയും പ്രൊപ്പഗാന്താ സെമ്മിനരിയിൽനിന്നു കുറേപ്പേരും അവിടെ ഉണ്ടായിരുന്നു. കുർബാന കഴിഞ്ഞുള്ള എന്റെ പ്രാർത്ഥന എന്റെ ഹൃദയത്തിൽ നിന്നു വികാരസമന്വിതം പുറത്തുവന്നു. ഇന്നലെ ഈ ചടങ്ങുകളെ സംബന്ധിച്ച വിവരങ്ങൾ ലോകമാസകലം റേഡിയോവഴി ഞാൻ അറിയിച്ചിരുന്നു. എല്ലാ രാജ്യത്തുമുള്ള മെത്രാന്മാർക്കും വൈദികർക്കും കത്തോലിക്കാ ജനതയ്ക്കും മാർപ്പാപ്പായോടുകൂടെ ചേർന്നു കൂട്ടമായി കന്യകാംബികയോടു പ്രാർത്ഥിക്കുവാൻ ഞാൻ ആഹ്വാനം നല്കി.

www.malankaralibrary.com

എൻെറ ധ്യാനത്തിൻെറ അവസാന ദിവസത്തേ പരിപാടികൾക്ക് ഈ സംക്ഷിപ്ത ചടങ്ങു മുഖവുരയായി.

എൻെറ പ്രധാനമായ ചിന്ത എല്ലാവക്കും സുപരിചിതമായ ആ വാക്യമായിരുന്നു: "മറിയം വഴി ഈശോയിലേക്ക്."

അസ്തമയത്തിലേക്ക് അടുത്തിരിക്കുന്ന എൻെറ ജീവിതത്തിന് അവസാനമായി ചെയ്യാവുന്നതു മരിയാസുതനായ ഈശോയിലേക്ക് എൻെറ ചിന്തകളെല്ലാം തിരിച്ചുവിടുകയാണ്. എൻെറ ആത്മാവിൻെറ ആശ്വാസത്തിനും ആനന്ദത്തിനുമായി മറിയം തൻെറ കരങ്ങളിൽ ഈശോയെ എനിക്കു വച്ചു നീട്ടിത്തരുന്നു.

ആകയാൽ എൻെറ ശ്രദ്ധയും ആനന്ദവും എത്രയും അത്ഥവത്തായ മൂന്നു വാക്കുകളിലേക്കു തിരിഞ്ഞുപോകുന്നു. പരിപൂണ്ണത സമ്പാദിക്കുവാനുള്ള എൻെറ എല്ലാ പരിശ്രമങ്ങളും അവയിൽ ഒതുങ്ങി നില്ക്കുന്നു: ഭക്തി, ശാന്തത, സ്നേഹം.

വി. കുർബാന, കാനോനനമസ്കാരം, പൂണ്ണജപമാല, ഈശോയോടുള്ള സ്നേഹം എന്നീ എന്റെ ഭക്തസമ്പ്രദായങ്ങളെ മുഴമിപ്പിക്കാൻ ഇനിയും ഞാൻ പരിശ്രമിച്ചുകൊണ്ടിരിക്കും. ശിശുവായും ക്രൂശിതനായും വി. കുർബാനയിൽ ആരാധ്യനായും ഞാൻ അവിടുത്തെ ഭാവനംചെയ്യും. കാനോനനമസ്കാരം സദാ എന്റെ ആത്മാവിനെ ഉയർത്തുന്നു, വി. കുർബാന ഈശോയുടെ നാമവും തിരുഹൃദയവും തിരുരക്തവും വഴി എൻെറ ആത്മാവിനെ വിശുദ്ധീകരിക്കുന്നു. എൻെറ പ്രഭാതബലിയിൽ എത്രമാത്രം സ്നേഹാർദ്രതയും സൗഭാഗ്യവുമാണു ഞാൻ കണ്ടെത്തുന്നതു്!

1953 മുതൽ ജപമാല പൂർണ്ണമായി ഭക്തിപൂവ്വം ചൊല്ലാൻ ഞാൻ നിശ്ചയിച്ചിട്ടുള്ളതാണ്. അതു് ഇന്നു നിരന്തര ധ്യാനവിഷയവും പ്രശാന്തമായ ദർശനവസ്തുവുമായിട്ടുണ്ട്. ആത്മാക്കളുടെ പിതാവും തിരുസ്സഭയിലെ അത്യുന്നത ഇടയനുമെന്ന നിലയിലുള്ള എൻെറ കൃത്യങ്ങൾ നിവ്വഹിക്കുന്നതിനു ജപമാല സഹായകമായിത്തീർന്നിരിക്കുന്നു.

ധ്യാനം അവസാനിക്കുന്നതോടൊപ്പം ദൈവപരിപാലനയിൽ ഈശോ എന്നെ ഏല്പിച്ചിരിക്കുന്ന ദൗത്യം ഞാൻ ശരിയായി കാണുണ്ടു്.

"ക്രിസ്തുവിൻെറ വികാരി" എന്ന നാമത്തിനു ബത്തീസ്താ റൊങ്കാലിയുടേയും മരിയാനയുടേയും വിനീത സുതനായ ഞാൻ യോഗ്യനാണോ? അവർ വാസ്തവത്തിൽ നല്ല ക്രിസ്ത്യാനികളാണ്; എന്നാൽ

www.malankaralibrary.com

എത്ര വിനീതരും താഴ്ന്ന നിലയിലുള്ളവരും.!! ക്രിസ്തുവിൻെറ വികാരി അങ്ങനെയായിരിക്കണം. പുരോഹിതനും ബലിവസ്തുവും. പൗരോഹിത്യം എന്നെ ആനന്ദതുന്ദിലനാക്കുന്നു. എന്നാൽ പൗരോഹിത്യത്തിൽ അന്തർലീനമായ ത്യാഗം എന്നെ വേപഥുഗാത്രനാക്കുന്നു.

നരദൈവമായ ഈശോ, ജീവിതത്തിലും മരണത്തിലും നിത്യത്വത്തിലും ഞാൻ എന്നെ അങ്ങേക്കു പ്രതിഷ്ഠിക്കുന്നു.

എൻെറ ജീവിതസംഭവങ്ങളേയും എൻെറ സാഹചര്യങ്ങളേയും സംബന്ധിച്ചു ചിന്തിക്കുവാൻ തുടങ്ങുമ്പോൾ സ്വാഭാവികമായിത്തന്നെ ഗാഗുൽത്താമലയിലേക്ക് എൻെറ ശ്രദ്ധ ചാഞ്ഞുപോകുന്നു. അവിടെ മരിക്കാറായിരിക്കുന്ന ഈശോയോടും വ്യാകുലാംബികയോടും സംസാരിച്ചശേഷം ഞാൻ സക്രാരിയെ സമീപിക്കുന്നു. ഞാൻ ഇരുന്നുവായിക്കുന്ന മേശയിൽത്തന്നെ ഇരുന്നു കാനോനനമസ്കാരം ചൊല്ലുന്നതാണെനിക്കിഷ്ടം; എന്നാൽ ജപമാലയും ജപമാലരഹസ്യങ്ങളെപ്പററിയുള്ള ധ്യാനവും വി. കുർബാനയുടെ മുമ്പാകെ മുട്ടുകുത്തി ചൊല്ലുന്നതാണെനിക്കു താൽപര്യം.

ഈ ദിവസങ്ങളിലേ തീക്ഷ്ണതയുടേയും ദൈവനിവേശനങ്ങളുടേയും ഇടയ്ക്കു ഈശോയോടു നടത്തിയ സംഭാഷണങ്ങളിൽ നിന്നു ഞാൻ നാലുകാര്യങ്ങൾ കുറിച്ചിടാനാഗ്രഹിക്കുന്നു.

1. പ്രഭാതത്തിൽ വി. കുർബ്ബാനയ്ക്കുമുമ്പു "സെക്സ്റ്റ്" വരെയുള്ള കാനോനനമസ്കാരം ചൊല്ലണം. വി. കുർബ്ബാനകഴിഞ്ഞു "നോണ" എന്ന ജപവും ജപമാലയും.

2. മദ്ധ്യാഹ്നഭക്ഷണം കഴിഞ്ഞു ഭക്ഷണമുറിയിൽനിന്നു പോരുമ്പോൾത്തന്നെ വി. കുർബാനയുടെ സന്ദർശനവും പിന്നീടു വിശ്രമവും.

3. വിശ്രമം കഴിഞ്ഞു കിടക്കയിലല്ല സോഫയിൽ കിടന്നു വെസ്പേഴ്സ്, കോംപ്ലിൻ, ജപമാലയിലേ ദുഃഖരഹസ്യങ്ങൾ എന്നിവ ചൊല്ലണം. ഈ പ്രാർത്ഥനകൾ വി. കുർബാനയുടെ സന്ദർശനമായും കഴിക്കാവുന്നതാണ്.

4. വൈകുന്നേരം ഏഴരമണിക്കു മൂന്നാമത്തേ ജപമാല. പേപ്പൽ മന്ദിരത്തിലേ നിവാസികളും സെക്രട്ടറിയും കന്യാസ്ത്രീകളുമൊരുമിച്ചുവേണം ഈ ജപമാല ചൊല്ലാൻ. സൗകര്യമുണ്ടെങ്കിൽ ദിവ്യകാരുണ്യസന്ദർശനം ഒരിക്കൽക്കൂടി. രാത്രിയിൽ സംരക്ഷണം ചോദിക്കാൻ ഈ സന്ദർശനം വിനിയോഗിക്കാവുന്നതാണ്.

www.malankaralibrary.com

ഹൃദയശാന്തത പാലിക്കുന്നതു സംബന്ധിച്ച് ഞാൻ ഒന്നും ചേക്കുന്നില്ല. വാക്കിലും പ്രവൃത്തിയിലും ശാന്തതയും എളിമയും പാലിക്കുന്നതിനു കർത്താവ് എന്നെ സഹായിച്ചിട്ടുണ്ട്. ഞാൻ അതിന് അവിടുത്തോടു കൃതജ്ഞനാണ്.

സ്നേഹത്തെപ്പററിയും അതുതന്നെ പറയേണ്ടിയിരിക്കുന്നു! പരിശുദ്ധാത്മാവാണു നമ്മിൽ ജീവിക്കുന്നതും സംസാരിക്കുന്നതും പ്രവർത്തിക്കുന്നതും. മഹാക്ഷമയും നിർവ്യാജമായ സ്നേഹവുമായി വൈദികരുടേയും അല്മായരുടേയും മേൽ പരിശുദ്ധാത്മാവുതന്നെ ചിന്തപ്പെടുന്നു.

"ദൈവമേ, ഞാൻ വിശ്വസിക്കുന്നു. ദൃഢതരമായി വിശ്വസിക്കുവാൻ എന്നെ സഹായിക്കണമേ" എന്നു തുടങ്ങുന്ന 11-ാം ക്ലെമന്റ് മാർപ്പാപ്പായുടെ പ്രാർത്ഥനയ്ക്ക് 1960 മാർച്ച് 11-ാംനു ഞാൻ ഒരു പൂർണ്ണദണ്ഡവിമോചനം അനുവദിച്ചിട്ടുണ്ട്. ജൊവാനി ഫ്രൻസെസ്കോ അൽബാനി എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. (1700—1721) അദ്ദേഹം വി. യൗസേപ്പിന്റെ ഭക്തനായിരുന്നു; വി. യൗസേപ്പു പിതാവിന്റെ മരണത്തിരുനാൾ ദിവസമാണ് അദ്ദേഹം മരിച്ചതു്. ഞാൻ അദ്ദേഹത്തിന്റെ പ്രാർത്ഥന പലപ്പോഴും ചൊല്ലും. "പിത്തളയേയും മാർബിളിനേയുംകാൾ ശാശ്വതമായ ഒരു സ്മാരകമെന്നാണു പാസ്റ്റർ ആ പ്രാർത്ഥനയെ സംബോധനം ചെയ്യുന്നതു്.

"യോനായുടെ മകനായ ശീമോനേ, നീ ഇവരേക്കാൾ കൂടുതലായി എന്നെ സ്നേഹിക്കുന്നുവോ?... എന്നെ സ്നേഹിക്കുന്നുവോ?... എന്നെ സ്നേഹിക്കുന്നുവോ"? (യോഹ 21, 15-17)

**ധ്യാനസമാപ്തി:** എന്റെ പ്രിയപ്പെട്ട മോൺ. കാവഞ്ഞ ഇന്നു നിർദ്ദേശിച്ചിരിക്കുന്ന വിഷയം അത്ഭുതകരമായ മത്സ്യപ്പിടിത്തവും അതിനുശേഷം ഈശോയും പത്രോസും തമ്മിലുണ്ടായായ സംഭാഷണവും അതിന്റെ അവസാനത്തിൽ "എന്റെ ആടുകളെ മേയ്ക്കുക," എന്നു് ഈശോയിൽ നിന്നുണ്ടായ കല്പനയുമാണ്.

സാർവ്വത്രിക സഭയുടെ ഇടയനായി മാർപ്പാപ്പായെ നിയമിക്കുന്ന ഈ വാക്കുകൾക്കു വളരെ പ്രാധാന്യമുണ്ട്. പത്രോസു തന്നെ സ്നേഹിക്കുന്നുണ്ടോ എന്നു് ഈശോ നിർബ്ബന്ധപൂർവ്വം ചോദിക്കുകയും മൂന്നു പ്രാവശ്യം പത്രോസു തന്റെ സ്നേഹം ആവർത്തിച്ചുറപ്പിക്കുകയും ചെയ്യുന്നു. സ്നേഹം തന്നെ അഖില സംരമൂഴിയിൽ. ഈശോ അതാവശ്യപ്പെടുന്നു; പത്രോസ് അതു വാഗ്ദാനംചെയ്യുന്നു.

www.malankaralibrary.com

പത്രോസിൻെറ പിൻഗാമി ചെയ്യുന്ന എല്ലാക്കാര്യങ്ങളിലും എല്ലാത്തിലും പ്രചോദനം നല്കുന്നതും എല്ലാത്തേയും താങ്ങുകയും അലങ്കരിക്കുകയും ചെയ്യുന്നതുമായ സ്നേഹവും കൃപാവരവും പ്രകടമാകണമെന്നു പ്രസ്തുത പിൻഗാമിക്കു് അറിയാവുന്നതാണു്. യോനായുടെ പുത്രനായ ശെമയോൻ പത്രോസും ഈശോയും തമ്മിലുള്ള സ്നേഹമാണ തിരുസ്സഭയുടെ അടിസ്ഥാനമെന്നു അഖിലലോകക്കുമറിയാം. ഈ അടിസ്ഥാനം ഒരേ സമയം ദൃശ്യവും അദൃശ്യവുമാണു്. ഈശോ മാംസചക്ഷുസ്സുകൾക്കു് അദൃശ്യനാണു്; ക്രിസ്തുവിൻെറ വികാരിയായ മാർപ്പാപ്പാ അഖിലലോകത്തിനും ദൃശ്യനാണു്. ഈശോയും തൻെറ പ്രതിനിധിയും തമ്മിലുള്ള ഈ സ്നേഹരഹസ്യത്തെപ്പററി ചിന്തിക്കുന്നതു എനിക്കു് എത്ര വലിയ സന്തോഷവും ബഹുമാനവുമാണെന്നറിയാമോ? അതേസമയം എൻെറ അയോഗ്യതയും നിന്ദ്യാവസ്ഥയും എന്നെ അത്യന്തം ലജ്ജിപ്പിക്കുന്നു.

എൻെറ ജീവിതം ഈശോയോടുള്ള സ്നേഹം കൊണ്ടു നിറയണം; അതേസമയം അഖിലലോകത്തേയും വ്യക്തികളുടേയും മേൽ എൻെറ ത്യാഗവും വാത്സല്യവും ചൊരിഞ്ഞു കാണണം. മാർപ്പാപ്പാ ഈശോയോടു വാഗ്ദാനം ചെയ്തിട്ടുള്ളതും അങ്ങനെ ആത്മാക്കളോടു വാഗ്ദാനം ചെയ്തിട്ടുള്ളതുമായ സ്നേഹത്തെ സംബന്ധിക്കുന്ന സുവിശേഷവിവരണം പരിത്യാഗനിയമത്തിൻെറ തൊട്ടടുത്ത പടിയാണു്.

ഈശോതന്നെ അതു പത്രോസിനെ മുൻകൂട്ടി അറിയിച്ചു: "സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു: നീ ചെറുപ്പമായിരുന്നപ്പോൾ നീ തന്നെ നിൻെറ അരകൾ കെട്ടിയിരുന്നു; നിനക്കു് ഇഷ്ടമുള്ളിടത്തു നീ പോയിരുന്നു. നീ വൃദ്ധനാകുമ്പോൾ നീ നിൻെറ കൈകൾ നീട്ടുകയും മറെറാരുത്തൻ നിൻെറ അരകൾ കെട്ടി നീ ഇച്ഛിക്കാത്ത സ്ഥലത്തേക്കു നിന്നെ കൊണ്ടുപോകുകയും ചെയ്യും." (യോഹ. 21, 18)

നിരാലംബമായ വർദ്ധക്യത്തിലേക്കു ദൈവാനുഗ്രഹത്താൽ ഞാൻ പ്രവേശിച്ചിട്ടില്ല. എന്നാൽ എനിക്കു് എമ്പതു വയസ്സു തികഞ്ഞിരിക്കകൊണ്ടു ഞാൻ വാർദ്ധക്യത്തിൻെറ ചവിട്ടു പടിയിലെത്തിക്കഴിഞ്ഞു. ആകയാൽ ജീവിതത്തിൻെറ അന്തിമഘട്ടത്തിനു ഞാൻ ഒരുങ്ങി നില്ക്കണം. അപ്പോൾ പ്രതിബന്ധങ്ങളും ത്യാഗങ്ങളും എനിക്കുണ്ടായെന്നു വരും. ശരീരംതന്നെ പരിത്യജിച്ചു നിത്യജീവങ്കലേക്കു ഞാൻ പ്രവേശിക്കാറായിരിക്കുന്നു. ഓ ഈശോ, ബലഹീനമായി വിറയ്ക്കുന്നകരങ്ങൾ നീട്ടുവാൻ ഞാൻ ഇതാ തയ്യാർ; മററുള്ളവർ എന്നെ ഉടുപ്പിക്കുകയും വഴിയിൽ താങ്ങിക്കൊണ്ടുപോകുകയും ചെയ്തു കൊള്ളട്ടെ!

www.malankaralibrary.com

"നീ ഇച്ഛിക്കാത്ത സ്ഥലത്തേക്കു നിന്നെ കൊണ്ടുപോകുകയും ചെയ്യും." എന്നുകൂടി കർത്താവു പത്രോസിനോട് അരുൾചെയ്തല്ലോ.

എന്റെ ജീവിതത്തിൽ എന്റെമേൽ ചിന്തപ്പെട്ടിരിക്കുന്ന നിരവധി അനുഗ്രഹങ്ങൾക്കു ശേഷം എനിക്കു് ഒന്നും നിഷേധിക്കാവുന്നതല്ല. ഓ ഈശോ, അങ്ങെനിക്കു മാർഗ്ഗം കാണിച്ചുതന്നിരിക്കുന്നു. അങ്ങു പോകുന്നിടത്തെല്ലാം ഞാൻ പോകും. പരിത്യാഗം, ആശാനിഗ്രഹം, മരണം.

"മററാളുകൾക്കു മരണശേഷമാണു വിശ്രാന്തിയുടെ സമ്മാനവും മഹത്വപൂർണ്ണമായ വിശ്രമവും ലഭിക്കുന്നതു്."

മരണം അടുത്തിട്ടുണ്ടു്; വളരെ ദൂരമല്ല. പ്രസ്തുത ചിന്ത മരിക്കുന്നവരുടെ സംരക്ഷകനായ വി. യൗസേപ്പിന്റെ ഓർമ്മ എന്നിൽ ജനിപ്പിക്കുന്നു. ജീവിതം മുഴുവനും അദ്ദേഹം ഈശോയുടേയും മറിയത്തിന്റേയും കൂടെ കഴിച്ചുകൂട്ടിയതിനാൽ അദ്ദേഹത്തിന്റെ ഭാഗ്യപ്പെട്ട മരണത്തിലും അവർ കൂടെയുണ്ടായിരുന്നു. തിരുസ്സഭാഗാനം ഇങ്ങനെ തുടരുന്നു: "വാനവസദൃശ്യനായ അങ്ങു ജീവിതത്തിൽ പൂർണ്ണ യൗഭാഗ്യവാനായിരുന്നു; ദൈവത്തെ അങ്ങു മാറിലണച്ചു."

പരിശുദ്ധത്രിത്വത്തിന്റെ സ്തുതിക്കായി തിരുസ്സഭ രചിച്ചിരിക്കുന്ന കീർത്തനത്തോടുകൂടെ ഈ ധ്യാനക്കുറിപ്പു് അവസാനിപ്പിക്കുന്നതു് എനിക്കു മഹാനന്ദമാണു്. ✠ മറിയത്തിന്റെ മണവാളനായ വി. യൗസേപ്പിനെ ഞാൻ സ്മരിക്കുമ്പോൾ പരിശുദ്ധത്രിത്വത്തിൽ നിന്നു നിത്യജീവന്റെ പ്രകാശമാന അനുഗ്രഹങ്ങൾ എന്റെമേൽ വർഷിക്കപ്പെടുന്നു.

---

✠ ധ്യാനാവസരത്തിൽ മോൺ. കവാഞ്ഞസ്സു് ഇപ്രകാരമെഴുതി:

"ബഹുമാനപ്പെട്ട ആത്മപിതാവേ, എന്റെ പ്രിയ മോൺസിഞ്ഞോർ, നമ്മുടെ ധ്യാനം എനിക്കു് വളരെ ആശ്വാസവും പ്രോത്സാഹനവും നല്കിയിരിക്കുന്നു. അതിനു് എന്റെ കൃതജ്ഞത സ്വീകരിക്കുക. ഈ സന്ദർഭത്തിൽപ്പോലും പൂർണ്ണമായ ഏകാന്തത പാലിക്കുവാനുള്ള നമ്മുടെ ആഗ്രഹം നിറവേറിയില്ല. തിരുസിംഹാസനത്തിലെ രണ്ടു മഹാന്മാരായ കർദ്ദിനാളന്മാർ, തർദീനിയും കനാലിയും കടന്നുപോയിരിക്കുന്നു. ദൈവദാസന്മാരുടെ ദാസന്റെ ചുമതലകൾ വഹിക്കുന്ന കാര്യത്തിൽ അവരുടെ മരണം എന്നെ ആകുലനാക്കുന്നു........അടുത്ത കൊല്ലം ആഴ്ചയിൽ രണ്ടു പ്രാവശ്യം നമുക്കുകൂട്ടിമുട്ടാം; അതു് ഏകാന്തതയിലായിരിക്കുവാൻ ദൈവം അനുഗ്രഹിക്കട്ടെ. ധ്യാനത്തിൽ നമ്മളൊരുമിച്ചു വായിച്ച പുസ്തകത്തിൽ ഭക്തനായ വൈദീക ഗ്രന്ഥകാരന്റെ പ്രാർത്ഥന കണ്ടോ: ഓ ഈശോ പിതാവായ ദൈവത്തിനു് അങ്ങു് കീഴ്പ്പെട്ടിരുന്നതുപോലെ, എന്നെ അങ്ങേക്കു കീഴ്പ്പെടുത്തി നിറുത്തുക;'' ഒരിക്കൽകൂടി മോൺസിഞ്ഞോറിനു നന്ദി. സന്തോഷവും സമാധാനവും ആശീർവ്വാദവും ശാന്തിയും''. ദൈവത്തിന്റെ സഭയിൽ പത്രോസിന്റെ അയോഗ്യപിൻഗാമി, എത്രയും വത്സലനായ 23–ാം യോഹന്നാൻ.

www.malankaralibrary.com

"പരിശുദ്ധാത്രിതയമേ, അങ്ങയുടെ സഹായം അഭ്യർത്ഥിക്കുന്ന ദാസന്മാരെ സംരക്ഷിക്കുക. യൗസേപ്പിനെപ്രതി സ്വർഗ്ഗത്തിലേക്കു അങ്ങളുടെ പ്രാർത്ഥന ഉയരട്ടെ. കൃതജ്ഞതാനിർഭരമായ ഹൃദയങ്ങൾ അങ്ങേക്കു ആനന്ദം സ്തുതികീർത്തനങ്ങൾ പാടട്ടെ" ആമേൻ. (വി. യൗസേപ്പിന്റെ വെസ്പേഴ്സ് പ്രാർത്ഥനയിൽ നിന്നു്.)

## വത്തിക്കാനിലെ ധ്യാനം

### 1961 നവംബർ 26 മുതൽ ഡിസംബർ 2-ാംനു വരെ

ധ്യാനഗുരു; ഫാദർ ഇലാരിനോ, ഒ. എഫ്. എം. കാപ്പ്

ചെറിയ കുറിപ്പുകൾ:

1 എന്പതാമത്തെ പിറന്നാൾ ദിവസം കാസ്റ്റൽഗൊണ്ടോൾഫോയിൽ ഞാൻ ഏകാകിയായി എന്റെ ആത്മപിതാവു മോൺ. കവാഞ്ഞയോടുകൂടെ ഇരിക്കുമ്പോൾ ഞാൻ എഴുതിയ ധ്യാനക്കുറിപ്പുകളിലേക്കു് എന്റെ ഓർമ്മ തിരിച്ചുവരുന്നു.

2 എൺപതുവയസ്സു പൂർത്തിയായതിൽ എനിക്കു് ഒരുൽകണ്ഠയുമില്ല. എന്റെ പ്രസന്നതയും പ്രശാന്തതയും വർദ്ധിക്കുകയാണു ചെയ്തിട്ടുള്ളതു്. കർത്താവു് എനിക്കു തന്നുകൊണ്ടിരിക്കുന്നതല്ലാതെ ഒന്നും കൂടുതൽ ചോദിക്കുന്നില്ല, ഒട്ടും കുറച്ചുതരണമെന്നും അപേക്ഷിക്കുന്നില്ല. എല്ലാ ദിവസവും ഞാൻ അവിടുത്തേക്കു നന്ദിപറയുന്നു; എന്തിനും ഞാൻ തയ്യാർ.

3 വൃദ്ധസഹജമായ ചിലവിഷമങ്ങൾ എന്റെ ശരീരത്തിൽ എനിക്കു് അനുഭവപ്പെട്ടു തുടങ്ങിയിട്ടുണ്ടു്. അതു വിഷമകരമാണെങ്കിലും ഞാൻ സന്തോഷത്തോടെ സ്വീകരിക്കുന്നു. പക്ഷേ അതു കൂടുതൽ ക്ലേശകരമായിത്തീർന്നേക്കാം. അതിനെപ്പററി അധികം ചിന്തിക്കുന്നതു് നല്ലതല്ല. എന്തിനും ഞാൻ തയ്യാറാണു്.

4 വി. കുർബാന, കാനോനനമസ്കാരം, പൂർണ്ണജപമാല, രഹസ്യങ്ങളെപ്പററിയുള്ള ധ്യാനം, ദൈവസാന്നിധ്യബോധം ഇത്യാദി ആത്മീയകാര്യങ്ങളിൽ ഇടപെട്ടിരിക്കുന്നതു് എനിക്കു് ഒരാനന്ദമാണു്.

5 ഉപരിപ്ലവ ചിന്തകനാകാതെ കാര്യസാരം ഗ്രഹിക്കുന്നവനായിത്തീരുന്നതിനു മഹാന്മാരായ പ്രാചീന മാർപ്പാപ്പാമാരുടെ ഗ്രന്ഥങ്ങളുമായി പരിചയപ്പെടുവാൻ ഞാനാഗ്രഹിക്കുന്നു. മഹാനായ വി.

www.malankaralibrary.com

ലെയോൻ പാപ്പായേയും ഇന്നൊസെൻറു തൃതീയനേയും അടുത്തകാല ത്തു ഞാൻ നന്നായി പരിചയപ്പെട്ടു. ദൈവശാസ്ത്രപരവും ആത്മരക്ഷാ ശാസ്ത്രപരവുമായ മനോഹരചിന്തകൾകൊണ്ടു സമ്പന്നരായ ഈ ഗ്രന്ഥ കാരന്മാരെ വായിച്ചു പഠിച്ചിട്ടുള്ള വൈദികർ നന്നേ കുറവാണ്. വിശുദ്ധ വിജ്ഞാനംകൊണ്ടു സമ്പന്നമായ ഈ മനോഹരകാവ്യങ്ങ ങ്ങളിൽ നിന്നു കോരിക്കുടിക്കുന്നതിൽ എനിക്കു തെല്ലും ക്ഷീണം തോ ന്നുന്നില്ല.

സർവ്വോപരി, കർത്താവിനോട് അടുക്കുവാൻ ഞാൻ പരിശ്രമി ക്കണം. അവിടുത്തോടു പ്രസന്നവും സ്നേഹസമന്വിതവുമായ സംഭാഷ ണം നടത്തേണ്ടിയിരിക്കുന്നു. പിതാവിൻെറ വചനം മാംസം ധരി ച്ചവനാണ് അവിടുന്ന്. മൗതികശരീരത്തിൻെറ കേന്ദ്രവും ജീവനു മാണ്; ദിവ്യസാഹോദര്യത്തിൻെറ തുടർച്ചയാണ്. ദത്തപുത്രത്വം വഴി ഞാൻ അവിടുത്തെ സഹോദരനും മരിയാസുതനുമായിത്തീർന്നി രിക്കുന്നു.

7 ക്രിസ്തുവിൻെറ പ്രതിനിധിയായ, പരിശുദ്ധ കത്തോലി ക്കാസഭയുടെ പ്രധാന പുരോഹിതൻെറ ഉദ്യോഗവും ചുമതലകളും മേല്പറഞ്ഞ ബന്ധത്തിൽ അധിഷ്ഠിതമാണ്. ദിവസന്തോറും പ്രഭാത ത്തിൽ തിരുവോസ്തി കൈയിലെടുത്ത് എളിമയോടും സ്നേഹത്തോടും കൂടെ, "കർത്താവേ ഞാൻ യോഗ്യനല്ല" എന്നുച്ചരിക്കുമ്പോൾ എന്നി ലുണ്ടാകുന്ന വികാരങ്ങൾ എത്ര അഗാധങ്ങളാണ്!

8 എൻെറ അനുദിനജോലികളിൽ ഒരു വലിയ ഭാഗം രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ ഒരുക്കമാണ്. ലോകമാസകലമുള്ള രൂപതാ വൈദികരുടേയും സന്യാസികളുടേയും കന്യാസ്ത്രീകളുടേയും പ്രാർത്ഥന ആവശ്യപ്പെട്ടുവാനുള്ള ഒരാഗ്രഹം എൻെറ ഹൃദയത്തിൽ തടിച്ചുകൂടിയിരിക്കുകയാണ്.......

(ഡയറിയിലെ അടുത്ത പക്ഷങ്ങൾ സൂനഹദോസിനെ സംബ ന്ധിക്കുന്ന സാങ്കേതിക സംഗതികളാണ്. ആ ഭാഗം ഉപേക്ഷിച്ചു ഒസ്സെർ വത്തോരേറോമാനോയിൽ നിന്നു ചില ഭാഗങ്ങൾ ഇവിടെ പരിഭാ ഷപ്പെടുത്തി ചേർക്കുന്നു: 1963 ജൂലായി 3-ാം തീയതിയിലെ സത്യ ദീപത്തിൽ ഈ ഭാഗം ഞാൻ തന്നെ പ്രസിദ്ധം ചെയ്തതാണ്.)

ഞാൻ സമാരംഭിച്ചിരിക്കുന്ന ഈ സൂനഹദോസ്! ദൈവത്തി നറിയാം ഞാൻ അതെങ്ങനെയാണ് ഉദ്ഘാടനം ചെയ്തതെന്ന്! അതു് അവസാനിപ്പിക്കുവാൻ അങ്ങ് എന്നെ അനുവദിക്കുമോ? അ

www.malankaralibrary.com

വിട്ടന്നു് സ്തുതിക്കപ്പെടട്ടെ. അവിട്ടന്നു് അനുവദിക്കാതിരിക്കുമോ? ദൈവകൃപയാൽ അപ്പസ്തോലത്തിൽനിന്നു് അതിന്റെ അന്ത്യം കാണാമെന്നു് ഞാൻ പ്രതീക്ഷിക്കുന്നു; അല്ല, തീർച്ചയായും ഞാൻ കാണും.

"ഭൂമിയിൽ സമാധാനം." ഇതു് എന്തു മാത്രം ഒച്ചപ്പാടു് ഉണ്ടാക്കിയിരിക്കുന്നു. ഈ ലേഖനത്തിൽ എന്റേതായി വല്ലതുമുണ്ടെങ്കിൽ, എന്റെ ദരിദ്രജീവിതത്തിൽ ഞാൻ നല്കിയിട്ടുള്ള വിനീതമാതൃകയാണു്- "സമാധാനകതുകിയായ ഒരു നല്ല മനുഷ്യന്റെ മാതൃക". (ക്രിസ്താനുകരണം 2, 3)

"ലോകം ഉണർന്നിട്ടുണ്ടു്. ചാക്രികലേഖനത്തിൽ ഭംഗിയായി വിവരിച്ചിട്ടുള്ള തത്വം മനസ്സാക്ഷികളിൽ ക്രമേണ കടന്നുചെല്ലും."

"എന്നെപ്പററി എന്തെഴുതിയാലും സംസാരിച്ചാലും എനിക്കു് ഒരുൽക്കണ്ഠയുമില്ല. ജീവിതത്തിലും കുരിശുമരണത്തിലും കർത്താവു് അനുഭവിച്ച വേദനയോടും പ്രകാശിപ്പിച്ച സ്നേഹത്തോടും താരതമ്യപ്പെടുത്തിയാൽ ഇതെന്താണു്."

"ജപമാല ചൊല്ലുമ്പോൾ അങ്ങേക്കു് അറിയാവുന്ന നിയോഗങ്ങളോടൊപ്പം വേറെ ചില നിയോഗങ്ങളും ഞാൻ ചേർക്കാറുണ്ടു്. എന്റെ ജീവിതകാലത്തെ ഒന്നു പരിശോധിച്ചു നോക്കട്ടെ. ബെർഗാമോ, ബുൾഗേരിയാ, ടർക്കി, ഗ്രീസ് എന്നീ സ്ഥലങ്ങളിൽ കഴിച്ച ആ പത്തുകൊല്ലം ഞാൻ ഓർമ്മിക്കുന്നു. ഫ്രാൻസിൽ കഴിച്ച എട്ടു കൊല്ലവും ഞാൻ അനുസ്മരിക്കുന്നു. ഹാ, ഞാൻ സ്നേഹിച്ചവരും ഇന്നും സ്നേഹിക്കുന്നവരുമായ ഫ്രഞ്ചുജനത എന്നെ സ്നേഹിച്ചിരുന്നു. എന്റെ ഹൃദയത്തിലും അധരത്തിലും കുടികൊള്ളുന്ന വെനീസ്, എന്റെ വെനീസു് ഞാൻ കാണുന്നു. വി. പത്രോസിന്റേയും വി. ജോൺ ലാററന്റെയും ബസിലിക്കകളുടെ അരികേ ഇതാ ഞാൻ കഴിയുന്നു. മാർപ്പാപ്പായായിട്ടു് ആദ്യത്തെ ദിവസങ്ങളിൽ എനിക്കു് അറിഞ്ഞുകൂടായിരുന്നു, എന്താണു് സാർവ്വത്രിക സഭയുടെ സംരക്ഷകനും, റോമയുടെ മെത്രാനുമാകുക എന്നുവച്ചാലെന്നു്. വാരങ്ങൾ കഴിയുന്തോറും ആ ഭാരം സ്പഷ്ടമായി ഞാൻ കണ്ടുതുടങ്ങി. ആജീവനാന്തം എന്റെ ജോലി ഇതുതന്നെയായിരുന്നുവെന്ന നിലയിലെത്തി.

മരണത്തോടു സമരം ചെയ്തു കഴിച്ച അവസാനത്തെ 92 മണിക്കൂറിനിടയ്ക്കു ബോധം പോയുംവന്നുമിരുന്ന സമയത്തു തിരുമേനി പറഞ്ഞ വാക്കുകൾ ഹൃദയസ്പർശകമാണു്. അപ്പോഴും ഫലിതത്തിനു വലിയ കുറവില്ലായിരുന്നു. സർവ്വദാ സമീപത്തുണ്ടായിരുന്ന പ്രൈവററ് സെക്ര

www.malankaralibrary.com

ട്ടറി മോൺ. കപ്പോവില്ലോയോട്ട് തിരുമേനി ഇങ്ങനെ പറഞ്ഞു: "ഇത വജ്ഞാനിക്കുമ്പോൾ താങ്കൾ പോയി താങ്കളുടെ അമ്മയെ കാണണം."

കട്ടിനാൾ ചിക്കോഞ്ഞാനിയോട്ട്: "കട്ടിനാൾ സംഘത്തിന്റ് ഉപകാരം."

ബ്രിട്ടീഷുരാജ്ഞിയുടെ കമ്പിക്കു തിരുമേനി ഇങ്ങനെ മറുപടി അയച്ചു: "അങ്ങയുടെ കുട്ടികളെ ഞാൻ പ്രാൎത്ഥനാപൂൎവ്വം സ്മരിക്കുന്നു. അങ്ങയുടെ അധരങ്ങളിൽനിന്നുതന്നെ അവരുടെ പേരു് ഞാൻ ശ്രവിച്ചല്ലോ. അങ്ങയേയും രാജകുടുംബത്തേയും അനുഗ്രഹിക്കുവാൻ ഞാൻ ദൈവത്തോടു പ്രാൎത്ഥിക്കുന്നു."

ജൂൺ 2–ാം തീയതി രോഗനില മരണവക്ത്രത്തിലേക്കടുത്തു കൊണ്ടാണിരുന്നതു്. പനി 40°C, Pulse 135. ഇതാണു കാലത്തെ ബുള്ളറ്റിനിൽ അറിയിച്ചതു്. 3–ാംനു കാലത്തു് 5 മണിക്കു വത്തിക്കാൻറേഡിയോ ഇപ്രകാരം പ്രഖ്യാപിച്ചു: "ഇന്നത്തെ സൂൎയ്യോദയത്തോടുകൂടി, പരിശുദ്ധപിതാവനുഭവിക്കുന്ന ഉഗ്രസഹനം നാലാം ദിവസത്തിലേക്കെത്തിയിരിക്കയാണു്. ലോകമെങ്ങുമുള്ള കത്തോലിക്കർ അവരുടെ വത്സലതാതന്റെ മരണക്കിടക്കയോടു് പ്രാൎത്ഥനയിൽ ഒന്നിക്കുന്നു." രണ്ടും മൂന്നും തീയതികളിൽ അവിടത്തേക്കു അടുത്തടുത്തു് അബോധാവസ്ഥയും, സുബോധാവസ്ഥയും അനുഭവപ്പെട്ടു. ഭയങ്കര വേദനനുഭവിക്കുന്ന അവസരങ്ങളിൽ, പരി. പിതാവു് കുരിശുരൂപം നെഞ്ചിനോടു ചേൎത്തുപിടിച്ചു് ഇടയ്ക്കിടയ്ക്കു സ്നേഹപൂൎവ്വം അതിനെ ചുംബിച്ചുകൊണ്ടു് ഇപ്രകാരം ഉച്ചരിച്ചു: "എനിക്കു ദുസ്സഹവേദനയനുഭവപ്പെടുന്നു. എന്നാൽ ഞാൻ സന്തോഷത്തോടെ സഹിക്കുന്നു."

ചില സമയത്തു ദൈവമാതാവിന്റെ ഒരു ചിത്രത്തെ നോക്കി തിരുമേനി സങ്കീൎത്തനങ്ങൾ ഉരുവിട്ടിരുന്നു: "എന്നോടു പറഞ്ഞതു കേട്ടു ഞാൻ ആനന്ദിക്കുന്നു; നമ്മൾ കൎത്താവിന്റെ ഭവനത്തിലേക്കു പോകാം."

തിരുസ്സഭയ്ക്കും സുനഹദോസിനും സമാധാനത്തിനുംവേണ്ടി തന്നെത്തന്നെ ഒരു ബലി വസ്തുവായി പലപ്പോഴും തിരുമേനി കാഴ്ചവച്ചുകൊണ്ടിരുന്നു. അവസാനമായി ഓൎമ്മ പോകുന്നതിനു മുമ്പു തിരുമേനി ഇങ്ങനെ അപേക്ഷിച്ചു:

"എല്ലാവരും ഒന്നാകുന്നതിന്നു്."

www.malankaralibrary.com

3-ാംനു വൈകുന്നേരം 7 മണിക്കു് വി. പത്രോസിൻെറ ബസ്സിലിക്കാങ്കണത്തിൽ റോമൻത്രൂപതയുടെ പ്രോവികാരി ജനറാൾ കർദ്ദിനാൾ ത്രാലിയ രോഗാതുരനായ മാർപ്പാപ്പാക്കുവേണ്ടി ദിവ്യബലിയർപ്പിച്ചു. കർബാന കഴിഞ്ഞതു് 7-45നാണു്. 8 മണിക്കുള്ള വത്തിക്കാൻ റേഡിയോ ഇപ്രകാരം അറിയിച്ചു: "മാർപ്പാപ്പയുടെ മരണവാർത്ത ദുഃഖസമേതം ഞങ്ങൾ പ്രക്ഷേപണം ചെയ്യുന്നു." പ്രാർത്ഥിച്ചു നിർവൃതിയടഞ്ഞിരുന്ന ആ ജനക്കൂട്ടം കണ്ണുനീരോടുകൂടി ആ വാർത്ത ശ്രവിച്ചു. അമേരിക്കയിൽ Connecticut-ലെ Cheshire അക്കാഡെമിയുടെ പേരിൽ Mr. Robert Heveyപറഞ്ഞതുപോലെ, "ജീവിക്കുവാൻ മാത്രമല്ല, മരിക്കുവാൻപോലും അവിടുത്തെ മാതൃക നമ്മെ പഠിപ്പിക്കുന്നു!"

# നാലെഴുത്തുകൾ

# 1901—1961

## മാതാപിതാക്കന്മാർക്കുള്ള എഴുത്തു്:

✠ ഈ. മ. യൗ റോമാ. 16—1—1901

എൻെറ പ്രിയപ്പെട്ട മാതാപിതാക്കന്മാരേ, സഹോദരന്മാരേ, സഹോദരിമാരേ, വല്യപ്പാ, ചിററപ്പാ,

എൻെറ ഈ എഴുത്തു നിങ്ങൾ വായിക്കുവാൻ തുടങ്ങുമ്പോഴേക്കു നിങ്ങൾക്കു് ആത്മീയാനുഗ്രഹങ്ങൾ ധാരാളം പ്രദാനം ചെയ്ത ധ്യാനപ്രസംഗങ്ങൾ സമാപിച്ചു കാണുമല്ലോ. ആത്മരക്ഷയെപ്പററിയും നിത്യസൗഭാഗ്യത്തെപ്പററിയും കാര്യമായി ചിന്തിക്കുന്നതിനു് അസൂയാർഹമായ ഒരു സന്ദർഭം നിങ്ങൾക്കു ലഭിച്ചതായി കാണുന്നതിൽ ഞാൻ നിങ്ങളെ അനുമോദിക്കുകയും നിങ്ങളോടുകൂടെ ആനന്ദിക്കുകയും ചെയ്യുന്നു.

നിങ്ങൾക്കായി ഞാൻ ദൈവത്തോടു് അപേക്ഷിക്കാറുള്ളതു് ആത്മരക്ഷയും സ്വർഗ്ഗീയസൗഭാഗ്യവും നിങ്ങൾക്കു തരണമെന്നത്രേ. എൻെറ കുടുംബത്തിനു ധനവും സന്തോഷങ്ങളും വിജയവും വന്നുചേരണമെന്നു ഞാൻ പ്രാർത്ഥിച്ചിട്ടില്ല; പ്രത്യുത നിങ്ങൾ എല്ലാ ജനങ്ങളോടും സമാധാനത്തിൽ ജീവിക്കുവാനും ദൈവപരിപാലനയുടെ സ്നേഹകരങ്ങളിൽ അമർന്നു കാണാനും ഉത്തമ ക്രിസ്ത്യാനികളായി ജീവിക്കുവാനും വേണ്ട അനുഗ്രഹം നിങ്ങൾക്കു തരണമെയെന്നായിരുന്നു എൻെറ പ്രാർത്ഥന.

www.malankaralibrary.com

ആത്മാവു നഷ്ടപ്പെടുത്തിക്കൊണ്ടു ലോകത്തിലെ സ്വർണ്ണമെല്ലാം സ്വായത്തമാക്കിയതുകൊണ്ടു നമുക്കെന്തു പ്രയോജനം. ഇതു് എന്നും നിങ്ങളുടെ ഓർമ്മയിലിരിക്കട്ടെ; ഒരിക്കലും ആ സത്യം വിസ്മരിക്കരുതു്.

നമ്മുടെ ദരിദ്രാവസ്ഥയെപ്പററി സന്താപിക്കേണ്ടതില്ല; നമ്മൾ ക്ഷമിച്ചിരിക്കണം. മേലോട്ടുനോക്കി സ്വർഗ്ഗത്തെപ്പററി നമുക്കു വിചാരിച്ചിരിക്കാം.

സ്വർഗ്ഗം! സ്വർഗ്ഗം! അവിടെ നാം വിശ്രമം കണ്ടെത്തും. മനസ്സിലായോ? അവിടെ നമുക്കു കഷ്ടതകളൊന്നുമുണ്ടാകയില്ല. ക്ഷമയോടുകൂടെ സമസ്തവും സഹിക്കുന്നപക്ഷം നമ്മുടെ സഹനങ്ങളുടേയും ജോലികളുടേയും കൂലി നമുക്കു സിദ്ധിക്കും. ഈ അന്ത്യത്തിലേക്കു നിങ്ങളുടെ പ്രവൃത്തികളും ത്യാഗങ്ങളും തിരിച്ചു വിടുക. അവ നിങ്ങളെ സൗഭാഗ്യരാക്കും; സ്വർഗ്ഗത്തിൽ നിങ്ങളെ ഉൽകൃഷ്ടീകരിപ്പെടുത്തും.

നല്ലവനായ ഈശോ നമുക്കുവേണ്ടി ചെയ്തിട്ടുള്ളതും സഹിച്ചിട്ടുള്ളതും ഓർക്കുക. അവിടുന്നു മഹാദാരിദ്ര്യം അനുഭവിച്ചു; പ്രഭാതം മുതൽ രാത്രിവരെ അദ്ധ്വാനിച്ചു; നിന്ദിക്കപ്പെട്ടു; മർദ്ദിതനായി. അവിടുന്നു സ്നേഹിച്ചവർതന്നെ അവിടുത്തെ കുരിശിൽ തറച്ചു.

കോപിക്കാതിരിക്കാനും ആവലാതിപ്പെടാതിരിക്കാനും ആരെയും മുഷിപ്പിക്കാതിരിക്കുവാനും നമ്മളെ ദ്രോഹിക്കുന്നവരോടു് ഏതെങ്കിലും വൈരാഗ്യം വച്ചു പുലർത്താതിരിക്കുവാനും നമുക്കു് അവിടുത്തെ അടുക്കൽനിന്നു് പഠിക്കാം. നമ്മളെല്ലാവരും ഒരുതരത്തിൽ അല്ലെങ്കിൽ മറെറാരുതരത്തിൽ കുററക്കാരാണു്. ആകയാൽ നാമെല്ലാവരേയും സ്നേഹിക്കണം. ഞാൻ ഉദ്ദേശിക്കുന്നതു മനസ്സിലായോ? നമ്മളെ ദ്രോഹിച്ചിട്ടുള്ളവരേയും ദ്രോഹിക്കുന്നവരേയും നാം സ്നേഹിക്കണം. അവരോടു നാം ക്ഷമിക്കുകയും അവർക്കുവേണ്ടി നാം പ്രാർത്ഥിക്കുകയും വേണം. പക്ഷേ ദൈവത്തിൻെറ ദൃഷ്ടികളിൽ അവർ നമ്മളേക്കാൾ ഭേദമായിരിക്കും.

ഇതാണു ധ്യാനത്തിൽനിന്നു നിങ്ങൾ പഠിക്കേണ്ട ശരിയായ പാഠം. ഈ ലോകത്തിൽ വിവിധ കഷ്ടതകളുടെ ഇടയിൽ സൗഭാഗ്യത്തോടെ ജീവിക്കാൻ ഇതുതന്നെ മാർഗ്ഗം. നിങ്ങൾ പ്രാർത്ഥിക്കണം, സദാ പ്രാർത്ഥിക്കണം, നന്നായി പ്രാർത്ഥിക്കണം. അടുത്തടുത്തു കുമ്പസാരിച്ചു വി. കുർബാന സ്വീകരിക്കുക, ഈശോയുടെ തിരുഹൃദയത്തോടും ദൈവമാതാവിനോടും ഭക്തിയുണ്ടായിരിക്കുക. എല്ലാ ദിവസവും വി. കുർബാന കാണുക. സുവിശേഷപ്രസംഗവും വേദോപദേശവ്യാഖ്യാനവും വിടുകളയരുതു്. കുരിശുമണികഴിഞ്ഞു പുറത്തുപോകരുതു്.

www.malankaralibrary.com

ഞാൻ ഒരു വൈദികനാകണമെന്നാണു കർത്താവിന്റെ തിരുമനസ്സ്. അതിനാലത്രേ ഇത്രമാത്രം അനുഗ്രഹങ്ങൾ അവിടുന്നു് എന്റെമേൽ വർഷിച്ചതു്. അവിടുന്നു് എന്നെ റോമയിലേക്കു്, അനേകം രക്തസാക്ഷികളുടേയും പരിശുദ്ധന്മാരായ വൈദികരുടേയും കുഴിമാടങ്ങൾ സ്ഥിതിചെയ്യുന്ന പരിശുദ്ധ നഗരത്തിലേക്കു പരിശുദ്ധപിതാവിന്റെ അടുക്കലേക്കുതന്നെ അയച്ചിരിക്കുന്നു.

എന്നാൽ ആരെയെങ്കിലും തൃപ്തിപ്പെടുത്താനോ പണമുണ്ടാക്കാനോ സുഖമായിജീവിക്കാനോ ബഹുമാനങ്ങളും സന്തോഷങ്ങളും തേടാനോ ഞാൻ പുരോഹിതനാകുകയില്ല. ദൈവം അതിനു് ഇടവരുത്താതിരിക്കട്ടെ. ദരിദ്രജനങ്ങൾക്കു് ഏതെങ്കിലും വിധത്തിൽ ഉപകരിക്കണമെന്നു മാത്രമേ എനിക്കാഗ്രഹമുള്ളൂ. അതിനാൽ ആദ്യമായി നിങ്ങൾക്കുതന്നെ ഉപകാരം വരണം. നിങ്ങളെന്തുമാത്രം ഉപകാരം എനിക്കു ചെയ്തിട്ടുണ്ടു്! നിങ്ങളുടെ ആദ്ധ്യാത്മികപുരോഗതിയാണു് എന്റെ ഹൃദയത്തിനു് ഇഷ്ടം. നിങ്ങൾക്കുവേണ്ടി ദിവസന്തോറും, അല്ലാ എല്ലാ മണിക്കൂറുകളിലും തന്നെ പ്രാർത്ഥിക്കുന്നു.

ധ്യാനത്തിൽനിന്നു നിങ്ങൾക്കു വളരെ പ്രയോജനമുണ്ടായെന്നു കേൾക്കുവാൻ സാനന്ദം ഞാൻ കാത്തിരിക്കയാണു്. നിങ്ങൾ മുമ്പത്തേക്കാൾ നല്ല ക്രിസ്ത്യാനികളായെന്നു കേൾക്കുവാൻ ഞാനാഗ്രഹിക്കുകയാണു്. അങ്ങനെതന്നെയെന്നു് എനിക്കു് ദൃഢമായ ശരണമുണ്ടു്, നിങ്ങളുടെ സദുദ്ദേശ്യങ്ങൾ എനിക്കു് അറിയാവുന്നതാണു്.

പൊതുദിവ്യകാരുണ്യവേളയിൽ നിങ്ങളെന്നെ ഓർമ്മിക്കുക. എന്റെ മംഗളാശംസകൾ നിങ്ങൾ സ്വീകരിക്കുക; ബന്ധുജനങ്ങൾക്കും എന്റെ ആശംസകൾ നല്കുക.

നിങ്ങളുടെ സെമ്മിനാരിവിദ്യാർത്ഥി, ആഞ്ചലോ. എന്റെ ആരോഗ്യം വളരെ മെച്ചം. വികാരിയച്ചനും അസ്സേന്തിയച്ചനും മംഗളങ്ങൾ.

[72.] 1901നും 1957നും മദ്ധ്യേ റോമൻസെമ്മിനാരി റെക്ടർമാർക്കു 116 എഴുത്തു് എഴുതിയിട്ടുണ്ടു്. സൈനികസേവനത്തിനു പോയ കാലത്തു സെമിനാരിറെക്ടർ മോൺ. വിൻസെൻസോ ബുഗദീനാ (1852–1924)ക്കെഴുതിയ രണ്ടുകത്തുകൾ കീഴെ ചേർക്കുന്നു:

www.malankaralibrary.com

✠ ഈ. മ. യൗ

സോമ്മേജൽമോന്തേ
19-8-1901

എത്രയും പെ. ബ. മോൺസിഞ്ഞോർ,

റോമയിൽനിന്നു വളരെ സങ്കടത്തോടെയാണു പുറപ്പെട്ടതു്. ഇപ്പോൾ നാളുകൾ കുറേയായി റോമയിൽനിന്നു പോന്നിട്ടു്. ബഹുമാനപ്പെട്ട അച്ചനു് എന്റെ ബഹുമാനാദരങ്ങൾ സമർപ്പിക്കുക എന്റെ കർത്തവ്യമാണെന്നു ഞാൻ കരുതുന്നു. അങ്ങയോടുകൂടെ താമസിച്ചിരുന്ന കാലത്തു് എനിക്കു ലഭിച്ചിട്ടുള്ള മഹാനുഗ്രഹങ്ങൾക്കു ഞാൻ കൃതജ്ഞനാണു്. ഒരു പിതാവിന്റെ വാത്സല്യത്തേക്കാൾ കൂടുതലാണു് എനിക്കു് അനുഭവപ്പെട്ടിട്ടുള്ളതു്. പകരം എനിക്കുള്ള ഹൃദയംഗമമായ സ്നേഹം ഇവിടെ പ്രകാശിതമാക്കാൻ ഞാനാഗ്രഹിക്കുകയാണു്.

അവർണ്ണനീയമായ സൗഭാഗ്യമാണു പരിശുദ്ധ നഗരത്തിൽ എനിക്കു് അനുഭവപ്പെട്ടതു്. പ്രസ്തുത നഗരത്തോടും അവിടെ എനിക്കു് എത്രയും ബഹുമാനം തോന്നിയിരുന്ന അനേകരോടും യാത്രപറഞ്ഞു പോന്നപ്പോൾ റോമയിലും റോമൻ സെമ്മിനാരിയിലും എന്റെ ഒരു വലിയ ഭാഗം നീക്കിവച്ചാണു യാത്രപറഞ്ഞുപോന്നതെന്നു് എനിക്കു തോന്നുന്നു.

അങ്ങയിൽനിന്നു് എനിക്കു് അനുഭവവേദ്യമായ കാരുണ്യവും സ്നേഹമസൃണമായ ഉപദേശങ്ങളും പണ്ഡിതോചിതമായ നിർദ്ദേശങ്ങളും ദൈവം സാധുക്കളായ സെമ്മിനാരി വിദ്യാർത്ഥികൾക്കു നല്കുന്ന അനുഗ്രഹങ്ങളും ചേർന്നു് എന്റെ കഷ്ടതകളിൽ എനിക്കു സംതൃപ്തിയും സൗഭാഗ്യവുമരുളുന്നുവെന്നു പറയുവാൻ എനിക്കു കഴിയും. എന്റെ പഠനം ഭഞ്ജിച്ചു തീരെ അനഭിലഷണീയമായ ഒരു ജീവിതം ഇപ്പോൾ സ്വീകരിക്കേണ്ടിവന്നിരിക്കുന്നു. അതും എനിക്കു സ്വാഭാവികമായിത്തീർന്നിട്ടുണ്ടു്. ഇങ്ങനെ സമൃദ്ധമായ അനുഗ്രഹങ്ങൾക്കു കർത്താവു് എന്നെ ഒരുക്കുകയായിരുന്നെന്നും യുവസഹജമായ എന്റെ ശക്തികളും എന്നെത്തന്നെയും ഞാൻ സമർപ്പിച്ചിരിക്കുന്ന ശുശ്രൂഷയിൽ അന്ത്യത്തോളം പൂർണ്ണഹൃദയത്തോടെ നിലനില്ക്കുന്നതിനു് എന്നെ സഹായിക്കുമെന്നും ഞാൻ കരുതുന്നു.

എനിക്കു കൈവന്നിരിക്കുന്ന മനസ്സമാധാനത്തിൽനിന്നു് അങ്ങു വിചാരിക്കരുതു് എന്റെ പ്രിയപ്പെട്ട റോമൻ സെമ്മിനാരിയിലേക്കു് അതിവേഗം മടങ്ങാൻ ഞാൻ ആഗ്രഹിക്കുന്നില്ലെന്നും. ഞാൻ

www.malankaralibrary.com

പിരിഞ്ഞു പോന്ന പ്രിയജനങ്ങളെ ഓർമ്മിക്കുന്നില്ലെന്നും അങ്ങു വിചാരിക്കുന്നതിനേക്കാൾ കൂടുതൽ സ്നേഹത്തോടെ പലവുരു ഞാൻ നിങ്ങളെ അനുസ്മരിക്കുന്നുണ്ട്.

എന്റെ പഠനങ്ങളെപ്പററിയും എന്റെ ആരോഗ്യത്തെപ്പററിയും ഞാൻ ഒന്നും എഴുതുന്നില്ല. മററുമാർഗ്ഗങ്ങളിലൂടെ ആ വിവരങ്ങൾ അങ്ങ് അറിഞ്ഞുകാണുമല്ലോ.

അങ്ങേക്കും മററുതലവന്മാർക്കും എന്റെ ഹൃദയംഗമമായ സ്നേഹവും കൃതജ്ഞതയും ഒന്നുകൂടി ആവർത്തിച്ചുറപ്പിച്ചു കൊണ്ടും നിങ്ങളുടെ പ്രാർത്ഥനകളിൽ എന്നെ അനുസ്മരിക്കണമെയെന്ന് അപേക്ഷിച്ചുകൊണ്ടും ഞാൻ ഈ എഴുത്ത് അവസാനിപ്പിക്കുകയാണ്.

ഈശോയുടെ തിരുഹൃദയവും സൽബുദ്ധിയുടെ മാതാവും ബഹുമാനപ്പെട്ട അച്ചനേയും സെമ്മിനരിയേയും എന്നെയും അനുഗ്രഹിക്കട്ടെ എന്നാണ് അയോഗ്യപുത്രനായ ഞാൻ അനുദിനം അപേക്ഷിക്കുന്നത്.

സ്നേഹപൂർവ്വം അങ്ങേകരം ഞാൻ ചുംബിക്കുന്നു; സാനന്ദം പുത്രനിർവ്വിശേഷമായ സ്നേഹത്തോടെ ഏററുപറയുന്നു, ഞാൻ അങ്ങയുടെ സെമ്മിനരി വിദ്യാർത്ഥിയാണ്, ആഞ്ചെലോ റൊങ്കാലി.

✠ ഈ. മ. യൗ

ബെർഗാമോ
23–12–1901

എത്രയും ബഹുമാനപ്പെട്ട മോൺസിഞ്ഞോർ,

എന്റെ വിവരങ്ങളെഴുതുന്നതിന് ഇന്നുവരെ ഞാൻ കാത്തിരുന്നു. എന്താണു സംഭവിക്കാൻ പോകുന്നതെന്നു നിശ്ചയമില്ലാതിരുന്നതിനാൽ ക്രിസ്മസ്സുവരാൻ കാത്തിരിക്കയായിരുന്നു. അത് ഏഴുത്ത് എഴുതാൻ പററിയ ഒരു സന്ദർഭമാണല്ലോ.

എനിക്ക് ഈ സ്ഥലം വിദേശം പോലെയാണ്. ഇവിടെ കുറേനാൾ താമസിച്ചുകഴിഞ്ഞപ്പോൾ അങ്ങു പറഞ്ഞിരുന്നതുപോലെതന്നെ എല്ലാം അനുഭവപ്പെട്ടുവെന്ന് അറിയിക്കുവാൻ എനിക്കു സന്തോഷമുണ്ട്. ദൈവതിരുമനസ്സിനു കീഴ്പ്പെടുന്നതിന് അങ്ങയുടെ വാക്കുകൾ പ്രോത്സാഹനമായി; ഞാൻ ഇവിടെ ദൈവത്തിന്റെ കരങ്ങളിലാണ്. സൈനികജീവിതത്തെപ്പററി എനിക്കു മുമ്പേ ഉണ്ടായിരുന്ന അഭിപ്രായങ്ങളൊക്കെ നീങ്ങിയിരിക്കയാണ്.

www.malankaralibrary.com

എൻെറ ജീവിതം സഹനത്തിൻെറ ജീവിതമാണ്; ഒരു ശുദ്ധീകരണസ്ഥലംതന്നെ. എങ്കിലും കർത്താവ് എൻെറ സമീപെ ഉണ്ട്; എൻെറ പ്രതീക്ഷയ്ക്ക് അതീതമായി അവിടുത്തെ പരിശുദ്ധപാലന എനിക്കുണ്ട്. ചിലപ്പോൾ ഈ ഭയങ്കര പ്രശ്നത്തിൻെറ സുഭഗമായ പരിഹാരം കണ്ട് എനിക്കു വിസ്മയമാണുണ്ടാകുന്നത്. പ്രിയജനങ്ങൾ പലരും വാഗ്ദാനം ചെയ്തിരുന്നതുപോലെ എനിക്കുവേണ്ടി പ്രാർത്ഥിക്കുന്നു. ശരണത്തിൻെറ മാതാവായ കന്യകാംബികയുടേയും ഈശോയുടെ തിരുഹൃദയത്തിൻേറയും മെഡലുകൾ എൻെറ മാറിലുണ്ട്; ഇവയുടെ പരിണതഫലമായിരിക്കാം ഞാനനുഭവിക്കുന്ന ദൈവപരിപാലന. ഒരു യുവാവെന്നനിലയിലും ദിവസവും സ്വല്പം നന്മചെയ്യാൻ ആഗ്രഹിക്കുന്ന ഒരു സെമ്മിനരിവിദ്യാർത്ഥിയെന്നനിലയിലും എന്റെ തീക്ഷ്ണമായ ആദർശങ്ങളുടേയെല്ലാം കേന്ദ്രം ഈശോയുടെ തിരുഹൃദയമാണ്.

ഇനി എന്താണു പറയുക? വിശേഷമെന്താണെഴുതുക?

എൻെറ അധികൃതർ വളരെ നല്ലവരാണ്. അവർക്ക് എന്നോടു വളരെ താത്പര്യമുള്ളതുപോലെ തോന്നി. എന്നോട് അവർക്കു ബഹുമാനവുമുണ്ട്. സെമ്മിനരിവിദ്യാർത്ഥിയെന്നപോലെ ബഹുമാനിക്കപ്പെടണമെന്ന് അവർക്കു നിർബന്ധം തന്നെയാണ്. വാസ്തവത്തിൽ അവരെന്നെ വേണ്ടപോലെ പരിഗണിക്കുന്നുണ്ട്. അതാണ് എനിക്കു മനസ്സിലാകാത്തതു്. ഭക്താഭ്യാസങ്ങൾക്കു സ്വാതന്ത്ര്യം തരുന്നുണ്ടെന്നുള്ളതു പ്രത്യേകം ശ്രദ്ധാർഹമാണ്.

ബെർഗാമോ, ബ്രെഷിയാ എന്നീ സ്ഥലങ്ങളിൽനിന്നുള്ള സൈനികർക്കു പ്രത്യേകിച്ചും എന്റെ സ്ഥിതി അറിയാമായിരുന്നു. അവരിൽനിന്ന് ഇന്നുവരെ സ്നേഹാദരങ്ങളേ എനിക്ക് അനുഭവപ്പെട്ടിട്ടുള്ളു: ചെറിയ സേവനങ്ങൾ ചെയ്യുന്നതിൽ അവർ മത്സരിക്കുകയാണ്; തന്നിമിത്തം അസൗകര്യങ്ങൾ വളരെ കുറയുന്നുണ്ട്. എല്ലാ സായാഹ്നവും സൈനിക താവളങ്ങളിൽനിന്നു പോരുമ്പോൾ ഞാൻ പോയി എൻെറ പ്രിയപ്പെട്ട റെക്ടറെ കാണുന്നുണ്ട്. അദ്ദേഹം എന്നെ ഒരു പിതാവിനെപ്പോലെ സ്വീകരിച്ചു സൈനികസേവനം ചെയ്യുന്ന റോമൻ സെമ്മിനരിയിലെ വിദ്യാർത്ഥികൾക്കെന്നപോലെ ഒരു ചെറിയ നിയമാവലി എനിക്കു തരുന്നു. ചുരുക്കത്തിൽ പറയുന്നപക്ഷം, എൻെറ ബാഹ്യചര്യങ്ങളെപ്പററി ആവലാതിപ്പെടാൻ എനിക്കൊന്നുമില്ല. എങ്കിലും ഈജീവിതം ഞാൻ അങ്ങേയററം വെറുക്കുന്നു; റോമായിലെ സൗഭാഗ്യ ജീവിതത്തിലേക്കു പിന്തിരിയാനുള്ള സമയം ഞാൻ കാത്തിരിക്കുക

www.malankaralibrary.com

യാണ്; എന്നുവരുകിലും ഞാൻ ദൈവഹിതത്തിനു കീഴ്പ്പെട്ടിരിക്കയാണ്; പ്രശാന്തനായിക്കഴിയുകയും ചെയ്യുന്നു. ദൈവത്തിന്റെ മഹത്വത്തിനും തിരുസ്സഭയുടെ നന്മയ്ക്കും ഇക്കൊല്ലത്തെ അനുഭവം വളരെയേറെ പ്രയോജകീഭവിക്കുമെന്നു ദിവ്യസംപ്രീതി ഓർമ്മിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നവരെപ്പററി ചിന്തിച്ചു ഞാൻ ആശ്വാസം തേടുന്നു. അവരെന്റെ വരവു കാത്തിരിക്കയാണ്. അവരെ കാണാനും എന്റെ സാന്നിധ്യംകൊണ്ട് അവരെ ആഹ്ലാദിപ്പിക്കുവാനും അതിതീക്ഷ്ണമായി ഞാൻ കൊതിക്കുകയാണ്.

എന്റെ ജോലികളും സൈനികാഭ്യാസങ്ങളും പ്രത്യേകിച്ച് ആരംഭനാളുകളിൽ എത്രയും ക്ഷീണകരവും കഠിനവുമായിരുന്നു. തന്നിമിത്തം റോമൻ സെമ്മിനരിയിലേ എന്റെ അധികാരികളോരോരുത്തരോടുമുള്ള എന്റെ സ്നേഹവും കൃതജ്ഞതയും ബഹുമാനവും ഇതുവരെയും പ്രകാശിപ്പിക്കുവാൻ സാധിക്കാത്തതിൽ ഞാൻ ദുഃഖിക്കുന്നു. ഈ എഴുത്ത് ഒരാഴ്ച മുമ്പ് എഴുതിത്തുടങ്ങിയതാണ്. ഇന്നേ അതു തീർക്കുവാൻ കഴിഞ്ഞുള്ളുവെന്നു പറയുമ്പോൾ സംഗതി ഊഹിക്കാമല്ലോ. ആകയാൽ ഞാൻ എഴുതി ആശംസിക്കുവാനിരിക്കുന്ന മംഗളങ്ങൾ അങ്ങുതന്നെ ബഴ്സാക്കും കാനൺ ബോർജിയായ്ക്കും വൈസ്റെക്ടർക്കും മോൺ. സ്പോൾ വെരീനിക്കും എന്റെ ഇതരാധിപന്മാർക്കും നല്കുക.

ഒന്നുകൂടി എന്നെത്തന്നെ അങ്ങയുടേയും സെമ്മിനരി അന്തേവാസികളുടേയും പ്രാർത്ഥനയ്ക്കു സമർപ്പിച്ചുകൊണ്ട് ഈ എഴുത്ത് അവസാനിപ്പിക്കുന്നു. സമയം കിട്ടുമ്പോഴൊക്കെ എന്റെ വിശേഷങ്ങൾ ഞാൻ എഴുതി അയയ്ക്കാതിരിക്കയില്ല.

അങ്ങയുടെ പ്രിയപുത്രൻ,
സെമ്മിനരി വിദ്യാർത്ഥി ആഞ്ചെലൊ

## റൊങ്കാലി കുടുംബത്തിനുള്ള ആത്മീയ വിൽപത്രം;

## വത്തിക്കാൻ, 3 ഡിസംബർ 1961

എന്റെ പ്രിയ ജ്യേഷ്ഠൻ സെവേരോ,

ഇന്ന് അങ്ങയുടെ നാമകാരനായ വി. ഫ്രാൻസിസു സേവിയറിന്റെ തിരുനാളാണ്. അതുതന്നെയായിരുന്നു ഇളയ അച്ഛന്റേയും സഹോദരപുത്രന്റേയും നാമധേയം.

അവസാനം ടൈപ്പ്റൈറർ ഉപയോഗിച്ചതു മൂന്നു കൊല്ലം മുമ്പാണ്. ടൈപ്പിങ്ങ് എനിക്ക് ഇഷ്ടമായിരുന്നു. ഇന്ന് എനിക്കു

www.malankaralibrary.com

സ്വന്തമായ ഒരു പുതിയ മെഷീൻ ഉപയോഗിച്ചു ഞാൻ ടൈപ്പു ചെയ്യുന്നുണ്ടെങ്കിൽ അതു് എനിക്കു വയസ്സായിരിക്കുന്നുവെന്നു് അറിയിക്കാനാണു്. 80-ാ ജന്മദിനത്തിന്റെ ബഹളമൊക്കെ ഓർമ്മിക്കുമ്പോൾ വാർധക്യത്തെപ്പററി ഞാൻ എങ്ങനെ ബോധവാനല്ലാതാകും? ഇന്നും എനിക്കു് ആരോഗ്യമുണ്ടു്. എന്തെങ്കിലും വിഷമമുണ്ടാകുകയാണെങ്കിൽ ഞാൻ മനസ്സിലാക്കുന്നതു് 80 വയസ്സു് എന്നു പറയുന്നതു് അമ്പതും അറുപതും പോലെയല്ലെന്നാണു്. കർത്താവിന്റേയും തിരുസ്സഭയുടേയും സേവനം ഇന്നും എനിക്കു തുടരാം.

എന്റെ പ്രിയ സെവേരോ, ഞാൻ എഴുതുന്ന ഈ എഴുത്തിൽ നിങ്ങളെല്ലാവർക്കും ആൽഫ്രെഡ്, ജോസഫ്, അസുന്താ, ജ്യേഷ്ഠത്തി കത്തറീനാ, അങ്ങയുടെ പ്രിയപ്പെട്ട മരിയാ, വിർജീനിയോ, ആഞ്ചെലോ ഗിസ്‌ലേനി എന്നിങ്ങനെ നമ്മുടെ വലിയ കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും ഒരു സന്ദേശമുണ്ടു്. ഈ സന്ദേശം ഇപ്പോഴും ചൂടും ചുറുചുറുപ്പുമുള്ള എന്റെ ഹൃദയത്തിൽ നിന്നുള്ളതായിരിക്കണമെന്നു് എനിക്കാഗ്രഹമുണ്ടു്. ഒരു വലിയ ഉദ്യോഗത്തിലിരിക്കുന്നതുകൊണ്ടു ലോകം മുഴുവന്റേയും ദൃഷ്ടി എന്റെ പക്കലേക്കു തിരിഞ്ഞിരിക്കയാണു്; ജോലിത്തിരക്കുമുണ്ടു്. എന്നു വരികിലും എന്റെ കുടുംബാംഗങ്ങളെ എനിക്കു മറക്കുവാൻ കഴിയുന്നില്ല. എന്റെ ചിന്ത ദിനംപ്രതി അവരുടെ നേർക്കു തിരിയുന്നു.

നിങ്ങൾക്കു മുമ്പത്തെപ്പോലെ എന്നെ കാണാൻ സാധിക്കാത്തതിനാൽ എന്നോടു പറയുന്നതുപോലെ വിവരങ്ങളെല്ലാം മോൺ. കപ്പോവില്ലായോടു പറഞ്ഞാൽ മതി. അദ്ദേഹത്തിനു നിങ്ങളെയെല്ലാം താല്പര്യമാണു്.

മൂന്നു കൊല്ലത്തെ പാപ്പാസ്ഥാനത്തിനിടയ്ക്കു ഞാൻ കുടുംബാംഗങ്ങൾക്കു് എഴുതിയിട്ടുള്ള ചുരുക്കം ചില എഴുത്തുകളിൽ ഒന്നാണിതു്. എന്റെ രക്തബന്ധുക്കൾക്കുപോലും കൂടുതൽ എഴുതാൻ സാധിക്കാത്തതിന്റെ കാരണം നിങ്ങൾ ശരിയായി മനസ്സിലാക്കുമെന്നു കരുതുന്നു. നിങ്ങളോടുള്ള ബന്ധത്തിൽ ഞാൻ വരുത്തിയിരിക്കുന്ന ഈ ആശാനിഗ്രഹം നിങ്ങൾക്കു് ഊഹിക്കാവുന്നതിനേക്കാൾ കൂടുതൽ ബഹുമാനവും മതിപ്പും എനിക്കും നിങ്ങൾക്കും വരുത്തുന്നുണ്ടു്.

മാർപ്പാപ്പയുടെ 80—ാം ജന്മദിനത്തിനുള്ള സ്നേഹാദരപ്രകടനങ്ങളെല്ലാം സമാപിച്ചിരിക്കുന്നു. അങ്ങനെ അതവസാനിച്ചതിൽ ഞാൻ ആഹ്ലാദിക്കുകയാണു്; കാരണം മനുഷ്യരുടെ സ്തുതികളേക്കാളും

www.malankaralibrary.com

മംഗളാശംസകളേക്കാളും ദൈവത്തിൻെറ കാരുണ്യം ആസ്വദിക്കുവാൻ ഞാനാഗ്രഹിക്കുന്നു. അവിടുന്നാണ് ഈ മഹാകാര്യങ്ങൾക്ക് എന്നെ തെരഞ്ഞെടുത്തത്. അവിടുന്നു തന്നെ എൻെറ ജീവിതാന്ത്യം വരെ എന്നെ സംരക്ഷിക്കുമെന്നു ഞാൻ കരുതുന്നു.

എൻെറ പ്രശാന്തത മനുഷ്യഹൃദയങ്ങളെ സ്പർശിക്കുന്നുണ്ട്. അതു് അനുസരണയിൽ നിന്നുണ്ടായിട്ടുള്ളതാണ്. എന്നും അനുസരണയിൽ ഞാൻ ജീവിച്ചു; ഇന്നിമിത്തം മരണദൂതൻ ഞാൻ പ്രതീക്ഷിക്കുന്നതുപോലെ സ്വർഗ്ഗത്തിലേക്ക് എന്നെ ആനയിക്കുവാൻ വരുമ്പോൾ ഒരു ദിവസവുംകൂടി ജീവിക്കുവാൻ ഞാനാഗ്രഹിക്കുകയില്ല.

അതുകൊണ്ടു ക്രിസ്തുവിൻെറ പ്രതിനിധിയും ഇരുപതുശതകങ്ങളിലേ മാപ്പാപ്പാമാരുടെ പിൻഗാമിയുമായി എന്നെ തെരഞ്ഞെടുത്തതിനു ദൈവത്തോടു കൃതജ്ഞത പ്രദർശിപ്പിക്കുന്നതിൽ നിന്നു് എന്നെ യാതൊന്നിനും തടഞ്ഞുനിറുത്തുവാൻ കഴിയുകയില്ല.

ഈ തെരഞ്ഞെടുപ്പുനിമിത്തം റൊങ്കാലി എന്ന നാമധേയം ലോകമാസകലം അറിയപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്യുന്നു. ഞാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നതുപോലെ നിങ്ങളും ലോകത്തിൻെറ ക്ഷണവും ആർഭാടവും അവഗണിച്ച് എളിമയോടുകൂടെ ജീവിച്ചുപോരുന്നതു വിവേകം തന്നെയാണ്. പണമുണ്ടാക്കണം, ജീവിതം സന്തോഷത്തിൽ കഴിക്കണം, എന്തുവില കൊടുത്തും, വേണമെന്നുതോന്നുകയാണെങ്കിൽ അക്രമം തന്നെ പ്രയോഗിച്ചും തന്നിഷ്ടം സാധിക്കണം ഇവയാണു ലോകത്തിൻെറ അതിമോഹം.

പ്രിയ സെവേരോ, എൻെറ കുടുംബാംഗങ്ങളേ, പെട്ടെന്നുള്ള വിയോഗത്തിനു തയ്യാറായിരിക്കുന്നതാണു പ്രധാന കാര്യം. എല്ലാം കാണുകയും എല്ലാവർക്കും വേണ്ടതു സജ്ജമാക്കുകയും ചെയ്യുന്ന കർത്താവിൻെറ നന്മയിൽ ശരണപ്പെട്ടുകൊണ്ടു നിത്യജീവൻെറ കാര്യം സുരക്ഷിതമാക്കുക. അങ്ങയോടെന്നപോലെ എന്നോടും എൻെറ 80 കൊല്ലത്തെ ജീവിതം ഇതാണുപദേശിക്കുന്നതു്.

എൻെറ പ്രിയ സെവേരോ, ഞാൻ ഇതു് അങ്ങേക്കെഴുതുന്നതു് അങ്ങു് ഇതു് നമ്മുടെ ബന്ധുജനങ്ങൾ എവിടെയൊക്കെ ഉണ്ടോ അവരെയൊക്കെ അറിയിക്കാനാണ്. അവരുടെ വിവരങ്ങൾ കൃത്യമായി എനിക്കറിഞ്ഞുകൂടാ. അങ്ങയുടെ വിവേകത്തിന് ഇതു വിട്ടുതരുന്നു. ഇക്കാര്യത്തിൽ എൻറിക്കായും ഡോൺബറസ്സിസ്റ്റായും അങ്ങയെ സഹായിക്കുമെന്നുതോന്നുന്നു.

www.malankaralibrary.com

പഴയതും പുതിയതുമായ റൊങ്കാലി കുടുംബാംഗങ്ങളേ, നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കോരുത്തർക്കും വെവ്വേറെ എഴുതുവാൻ എനിക്കു സാധിക്കുകയില്ലെന്നു നിങ്ങൾക്കറിയാമല്ലോ. ജോസെപ്പിനോ എന്നോടു പറഞ്ഞതു ശരിയാണ്. "അങ്ങു സുഭിക്ഷമായിക്കഴിയുന്ന ഒരു ജെയിൽവാസിയാണ്; അങ്ങു് ആഗ്രഹിക്കുന്നതെല്ലാം ചെയ്യുവാൻ കഴിയുകയില്ല".

ഏറ്റവും പ്രധാനപ്പെട്ട ചിലരുടെ പേരുകൾ ഞാൻ അനുസ്മരിക്കുന്നു. അങ്ങയുടെ പ്രിയ ഭാര്യ മരിയാ, അവൾക്കു് ആശീർവാദം. നിങ്ങൾ രണ്ടുപേർക്കും, തനിക്കുതന്നെയും സഹനംവഴി സ്വർഗ്ഗം നേടിയെടുക്കുന്നവളാണു റീത്താ. നമ്മുടെ ജൊവാനിയുടെ ഭാര്യ കത്തറീനാ; ജൊവാനി സ്വർഗ്ഗത്തിൽനിന്നു നമ്മളെ കടാക്ഷിക്കുന്നുണ്ടാകും. മിലാനിലേക്കു പോയിട്ടുള്ള നമ്മുടെ ചാർച്ചക്കാരും റൊങ്കാലി കുടുംബാംഗങ്ങളും.

വിഡ്ഢിത്തം പുലമ്പുന്ന ജനങ്ങളിൽനിന്നു നിങ്ങൾക്കു കുറേ ആശാനിഗ്രഹങ്ങൾക്കു വകയുണ്ടാകും; ലോകമാസകലം സമാദരിക്കപ്പെടുന്ന ഒരു മാർപ്പാപ്പാ കുടുംബത്തിലുണ്ടാകുക; എന്നിട്ടും കുടുംബാംഗങ്ങൾക്കു പൂർവ്വസാമുദായികനിലവാരംതന്നെ. അതേ എളിയ സ്ഥിതിയിൽത്തന്നെ കഴിയുക! വിനീതരും ബഹുമാന്യരുമായ മാതാപിതാക്കന്മാരുടെ പുത്രനായ മാർപ്പാപ്പാ ആരെയും വിസ്മരിക്കുകയില്ല. അദ്ദേഹത്തിനു തന്റെ രക്തബന്ധുക്കളോടു സ്നേഹമുണ്ടു്. അദ്ദേഹം അടുത്തകാലത്തുണ്ടായ മാർപ്പാപ്പാമാരുടെ സാഹചര്യങ്ങളിൽത്തന്നെയാണു സ്ഥിതിചെയ്യുന്നതു്. ബന്ധുക്കളെ ധനവാന്മാരാക്കുന്നതുകൊണ്ടു് ഒരു മാർപ്പാപ്പായ്ക്കും ബഹുമാനമുണ്ടാവുകയില്ല. ആവശ്യവും സാഹചര്യവും അനുസരിച്ചു സ്നേഹപൂർവ്വം അവരെ സഹായിക്കാം.

യോഹന്നാൻ മാർപ്പാപ്പായുടെയും റൊങ്കാലികളുടെയും ബഹുമാനവും യോഗ്യതയും ഇതായിരിക്കും.

എന്റെ മരണത്തിൽ പുണ്യശ്ലോകനായ പത്താം പീയൂസിനു ലഭിച്ച പ്രശംസ എനിക്കും ലഭിക്കാതിരിക്കയില്ല: അദ്ദേഹം ദരിദ്രനായി ജനിച്ചു; ദരിദ്രനായി മരിച്ചു."

എനിക്കു് 80 വയസ്സു പൂർത്തിയായതുകൊണ്ടു ശേഷമെല്ലാവരും എന്റെ പിന്നാലെ വരും. നമ്മൾ ശരിയായ കൂട്ടുകാരാണ്. നമ്മുടെ കുടുംബത്തിൽ നിന്നു മരിച്ചവരുടെയൊക്കെ ചിത്രം അവരുടെ പേരെഴുതി എന്റെ കിടക്കയുടെ അരികേ വച്ചിട്ടുണ്ടു്. വല്യച്ഛൻ ആഞ്ചെലോ, ഇളയച്ഛൻ സവേരിയോ, നമ്മുടെ പ്രിയപ്പെട്ട മാതാപിതാക്കന്മാർ, നമ്മുടെ സഹോദരൻ ജൊവാനി, നമ്മുടെ സഹോദരിമാർ തെരേസാ,

www.malankaralibrary.com

അഞ്ചീലാ, മരിയാ, എൻറിക്കാ. നമുക്കു വേണ്ടി പ്രാർത്ഥിച്ചുകൊണ്ടു കാത്തിരിക്കുന്ന ഒരു സമൂഹം ആത്മാക്കൾ. പ്രാർത്ഥനയിൽ അവരെ ഓർമ്മിക്കുന്നതു് സന്തോഷവും ധൈര്യവും സ്വർഗ്ഗത്തിലേ നിത്യമഹത്വത്തിൽ അവരോടു ചേരാമെന്നുള്ള ശരണവും എനിക്കു് അരുളുന്നു.

നിങ്ങളെയും റൊങ്കാലി കുടുംബത്തെ ആഹ്ലാദിപ്പിക്കാനെത്തിയിട്ടുള്ള നിങ്ങളുടെ ഭാര്യമാരെയും പുതിയ പേരുകളോടുകൂടെ പുതിയ കുടുംബങ്ങളെ ആഹ്ലാദിപ്പിക്കുവാൻ വേർപെട്ടു പോയിട്ടുള്ളവരേയും ഞാൻ ആശീർവ്വദിക്കുന്നു. ഹാ കുട്ടികൾ, കുട്ടികൾ! സന്താനസമ്പത്തു്! എന്തൊരനുഗ്രഹം!

23-ാം യോഹന്നാൻ പാപ്പാ.

## ആത്മീയ വിൽപത്രവും എൻെറ അന്തിമ നിശ്ചയങ്ങളും

വെനീസ്, 1954 ജൂൺ 29

എന്നെ സൃഷ്ടിക്കുകയും രക്ഷിക്കുകയും വൈദികനും മെത്രാനുമായി തെരഞ്ഞെടുക്കുകയും അനന്തവരങ്ങൾ എൻെറമേൽ വർഷിക്കുകയും ചെയ്ത ത്രിയേകദൈവമേ, അവിടുത്തേ മുമ്പിൽ ഞാൻ നിറുത്തപ്പെട്ടപ്പോൾ അവിടുത്തേ കാരുണ്യത്തിനു് എൻെറ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു. എൻെറ പാപങ്ങളേയും പരാജയങ്ങളേയും കുറിച്ചു ഞാൻ ക്ഷമായാചനം ചെയ്യുന്നു. അവിടുത്തേ മഹത്വത്തിനും തിരുസ്സഭയുടെ സേവനത്തിനും എൻെറ സഹോദരരുടെ ഉപകാരത്തിനുമായി അവിടുത്തേ സഹായംകൊണ്ടു് അപൂർണ്ണമായോ അയോഗ്യമായോ എന്തെങ്കിലും നന്മ ചെയ്യുവാൻ എനിക്കു കഴിഞ്ഞിട്ടുണ്ടെങ്കിൽ, ഞാൻ അതു് അവിടുത്തേക്കു കാഴ്ചവയ്ക്കുന്നു. നിത്യസൗഭാഗ്യത്തിലേക്കു തൻെറ വിശുദ്ധന്മാരുടെ ഇടയിൽ കാരുണ്യവാനും ആർദ്രശാലിയുമായ ഒരു പിതാവിനെപ്പോലെ എനിക്കു് അവസാനം സ്വാഗതമരുളണമേയെന്നു് ഞാൻ പ്രാർത്ഥിക്കുന്നു.

എൻെറ കത്തോലിക്കാ ക്രൈസ്തവവിശ്വാസം ഞാൻ ഒന്നുകൂടി ഏറ്റുപറയുന്നു. പരിശുദ്ധവും ശ്ലൈഹികവുമായ റോമാസഭയിലേ ഒരംഗമെന്ന നിലയിൽ പൂർണ്ണഭക്തിയോടും അനുസരണയോടുംകൂടെ അതിൻെറ തലവനായ മാർപ്പാപ്പായ്ക്കു ഞാൻ കീഴ്വഴങ്ങുന്നു. കിഴക്കും പടിഞ്ഞാറും പല രാജ്യങ്ങളിൽ ഞാൻ അവിടുത്തെ പ്രതിനിധാനം ചെയ്തുവനാണല്ലോ. അവസാനം തിരുമേനി എന്നെ ഇവിടേക്കു കർദ്ദിനാൾ പേട്രിയാർക്കായി അയച്ചു. ഈ മഹാസ്ഥാനം ലഭി

www.malankaralibrary.com

കുന്നതിനു മുമ്പേതന്നെ അദ്ദേഹത്തോട് എനിക്ക് ആത്മാർത്ഥമായ സ്നേഹമുണ്ടായിരുന്നു. എന്റെ അയോഗ്യതയേയും എളിയ സ്ഥിതിയേയും സംബന്ധിച്ച ബോധം എന്നെ എളിമയോടും ശാന്തതയോടുംകൂടെ കാത്തുപോന്നു. എന്റെ കർത്താവും എന്റെ സർവ്വസ്വവുമായ ഈശോയുടെ രാജ്യത്തിന്റേയും ആത്മാക്കളുടേയും താത്പര്യങ്ങൾ ലാക്കാക്കി അനുസരണയും സ്നേഹവും അനുസ്യൂതമായി പ്രാവർത്തികമാക്കിക്കൊണ്ടിരുന്നു. ഈശോയ്ക്ക് എല്ലാ സ്തുതിയും ഉണ്ടാകുമാറാകട്ടെ. എനിക്കും എന്റെ യോഗ്യതകൾക്കും അവിടുത്തെ കാരുണ്യം മാത്രമാണു വേണ്ടതു്. കർത്താവിന്റെ കാരുണ്യം മാത്രമാണ് എന്റെ യോഗ്യത. കർത്താവേ, ഞാൻ അങ്ങയെ സ്നേഹിക്കുന്നുവെന്ന് അങ്ങേക്ക് അറിയാം. എനിക്ക് ഇതു മതിയാകും.

അറിയാതെ ഞാൻ ദ്രോഹിച്ചിട്ടുള്ളവരോടും നന്മ ചെയ്യാൻ ഞാൻ പ്രേരണ ചെയ്യാതിരുന്നവരോടും ഞാൻ ക്ഷമായാചനം ചെയ്യുന്നു. എനിക്ക് ആരോടും ക്ഷമിക്കാനില്ല. എന്നോട് ഇടപഴകിയിട്ടുള്ളവർ എന്നെ ദ്രോഹിക്കുകയോ, നിന്ദിക്കുകയോ, ന്യായമായിത്തന്നെ എന്നു പറയട്ടെ, വിലവയ്ക്കാതിരിക്കുകയോ, സഹിക്കുവാൻ അവസരമുണ്ടാക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽത്തന്നെ ഞാൻ പറയുക അവരെന്റെ സഹോദരന്മാരും ഉപകാരികളുമാണെന്നാണ്. അവരോടെനിക്കു നന്ദിയാണുള്ളതു്. അവർക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു; എന്നും പ്രാർത്ഥിക്കുകയും ചെയ്യും.

ഞാൻ ദരിദ്രനായി വിനീതരായ മാതാപിതാക്കന്മാരിൽനിന്നു ജനിച്ചു. ദരിദ്രനായി മരിക്കുന്നതിൽ എനിക്കു സന്തോഷമേയുള്ളൂ. ദരിദ്രരുടേയും എന്നെ സംരക്ഷിച്ച തിരുസ്സഭയുടേയും സേവനത്തിനായി എന്റെ കഴിവുപോലെയും ആവശ്യത്തിന്റെ ഗുരുലഘുത്വംപോലെയും എന്റെ കൈയിൽ വന്നതെല്ലാം ഞാൻ വിഭജിച്ചുകൊണ്ടിരുന്നു. വൈദികനായിരുന്നപ്പോഴും മെത്രാനായിരുന്നപ്പോഴും അങ്ങനെതന്നെയാണു ചെയ്തിട്ടുള്ളതു്. വളരെ കുറച്ചുമാത്രമേ എന്റെ കൈയിലെത്തിയിരുന്നുള്ളൂ. ധനം വളരെ ഉണ്ടെന്നു തോന്നിയിരുന്നപ്പോഴും ദാരിദ്ര്യത്തിന്റെ മുള്ളുകൾ ഒളിച്ചിരിക്കുന്നുണ്ടായിരുന്നു; തന്നിമിത്തം എന്റെ അഭീഷ്ടംപോലെ ധർമ്മം നല്കുവാൻ എനിക്കു കഴിഞ്ഞില്ല. ദാരിദ്ര്യത്തിനു ഞാൻ നന്ദിപറയുന്നു. യുവാവായിരിക്കുമ്പോൾത്തന്നെ ദാരിദ്ര്യം, അതെ ആത്മാവിന്റെ ദാരിദ്ര്യം ഞാൻ നേർന്നിട്ടുള്ളതാണു്. തിരുഹൃദയവൈദികരുടെ ദാരിദ്ര്യം ഞാൻ ആശ്ലേഷിച്ചിരുന്നു. ഭൗതികദാരിദ്ര്യം എന്റെ നിശ്ചയത്തെ ദൃഢപ്പെടുത്തി. സ്ഥാനമാനങ്ങളോ, പണ

www.malankaralibrary.com

മോ, പ്രത്യേക സഹായങ്ങളോ ഞാൻ ആവശ്യപ്പെട്ടിട്ടില്ല; എനിക്കു വേണ്ടിയോ എന്റെ ബന്ധുമിത്രാദികൾക്കുവേണ്ടിയോ ഞാൻ ഒന്നും അഭ്യർത്ഥിച്ചിട്ടില്ല.

രക്തബന്ധമുള്ള എന്റെ കുടുംബത്തിൽനിന്നു യാതൊരു ഭൗതികവസ്തുക്കളും എനിക്കു ലഭിച്ചിട്ടില്ല. അവൎക്ക് ഒരു പ്രത്യേകാശീൎവ്വാദം ഞാൻ നല്കുന്നു. ദൈവഭയം സംരക്ഷിച്ചുകൊണ്ടുപോകാൻ ഞാൻ അവരോടു യാചിക്കുകയാണ്. അതാണ് അവരെ എന്നോട് എത്രയും അടുപ്പിച്ചിട്ടുള്ളതു; അതാണ് അവരെ കൂടുതൽ പ്രിയംകരരാക്കിത്തീൎത്തതു. വിനീതരായി എളിമയോടെ ജീവിക്കുവാൻ ഞാൻ അഭ്യൎത്ഥിക്കുകയാണ്. ഇതിനെപ്പററി തെല്ലും ലജ്ജിക്കേണ്ടതില്ല; ഇതാണു വാസ്തവത്തിൽ അവരുടെ കുലീനത്വം. ദരിദ്രർ ദരിദ്രനെ സഹായിക്കുന്നതുപോലെ ഞാൻ ചിലപ്പോൾ അവരെ സഹായിച്ചിട്ടുണ്ട്. എന്നാൽ ബഹുമാന്യവും തൃപ്തികരവുമായ അവരുടെ ദാരിദ്ര്യത്തിൽനിന്നു ഞാൻ അവരെ ഉയൎത്തിയിട്ടില്ല. അവരുടെ സുസ്ഥിതിക്കുവേണ്ടി ഞാൻ പ്രാൎത്ഥിക്കുന്നുണ്ട്; എന്നും പ്രാൎത്ഥിക്കുകയും ചെയ്യും. മാതാപിതാക്കന്മാരുടെ മതാത്മകപാരമ്പര്യങ്ങളോടുള്ള സ്ഥിരതയും വിശ്വാസവും പുതിയ കുഞ്ഞുതലമുറയിൽ കാണുന്നുണ്ടെന്നുള്ളതു് എനിക്ക് ആഹ്ലാദം നല്കുന്നുണ്ട്. അതുതന്നെയായിരിക്കും അവരുടേയും സൗഭാഗ്യം. സൗഭാഗ്യസമ്പുഷ്ടമായ പുനരൈക്യത്തിൽ എന്റെ ബന്ധുക്കളിലൊരുത്തൻപോലും ഇല്ലാതാകാനിടയാകരുതെന്നാണെന്റെ ഹൃദയംഗമമായ ആശംസ.

സ്വൎഗ്ഗീയപഥത്തിലേക്കു തിരിയാറായിരിക്കുന്നുവെന്നു ഞാൻ കരുതുന്ന ഈ ഘട്ടത്തിൽ ഒന്നിനുപിറകേ ഒന്നായി ബെർഗാമോയിലും റോമായിലും പൗരസ്ത്യരാജ്യങ്ങളിലും ഫ്രാൻസിലും വെനിസ്സിലും എനിക്കുണ്ടായ ആത്മീയമക്കളേയും സഹപൗരന്മാരേയും ഉപകാരികളേയും വിദ്യാൎത്ഥികളേയും സഹപ്രവൎത്തകരേയും സ്നേഹിതരേയും പരിചയക്കാരേയും പുരോഹിതരേയും അല്മേനികളേയും സന്യാസിനികളേയും ഞാൻ ആശീൎവ്വദിക്കുന്നു; അഭിവാദ്യം ചെയ്യുന്നു; അവരോടു നന്ദിപറയുന്നു. ദൈവപരിപാലനയിൽ ഞാൻ അവരുടെ അയോഗ്യസഹോദരനും പിതാവും ഇടയനുമാണല്ലോ.

എന്റെ ജീവിതത്തിൽ ഞാൻ കണ്ടുമുട്ടിയിട്ടുള്ളവരെല്ലാവരും ഈ എളിയവനോടു പ്രദൎശിപ്പിച്ചിട്ടുള്ള കാരുണ്യം എന്റെ ജീവിതത്തെ എത്രയും പ്രശാന്തമാക്കിത്തീൎത്തു. മരണം സമീപസ്ഥമായിരിക്കുന്ന ഈ ഘട്ടത്തിൽ എന്റെ മുമ്പേ അന്തിമപഥത്തിലൂടെ യാത്രചെ

www.malankaralibrary.com

സ്സവരേയും എനിക്കശേഷം എൻെറ പിന്നാലെ വരാനിരിക്കുന്നവരേയും ഞാൻ അനുസ്മരിക്കുന്നു. അവരെനിക്കുവേണ്ടി പ്രാർത്ഥിക്കട്ടെ. ഞാൻ സ്വീകരിക്കപ്പെടുന്നതു സ്വർഗ്ഗത്തിലായാലും ശുദ്ധീകരണസ്ഥലത്തായാലും ഞാൻ അവക്കുവേണ്ടി അവിടെനിന്നു പ്രാർത്ഥിക്കുന്നതാണ്. എവിടെ ഞാൻ എത്തിച്ചേരുകയാണെങ്കിലും അതു് എൻെറ സ്വന്തം യോഗ്യതകൊണ്ടായിരിക്കയില്ല, കർത്താവിൻെറ കാരുണ്യത്താലായിരിക്കും.

എല്ലാവരേയും ഞാൻ അനുസ്മരിക്കുന്നു; എല്ലാവർക്കുംവേണ്ടി ഞാൻ പ്രാർത്ഥിക്കുകയും ചെയ്യും. എൻെറ പുരോഹിതജീവിതത്തിലെ അന്തിമാശ്വാസവും ആനന്ദവുമായി നല്കപ്പെട്ടിരിക്കുന്ന വെനിസ്സിലെ മക്കളെ ഞാൻ പ്രത്യേകം അനുസ്മരിക്കുന്നു. അവരോടുള്ള എൻ്റെ ബഹുമാനത്തിൻേറയും കൃതജ്ഞതയുടേയും സ്നേഹത്തിൻേറയും ലക്ഷ്യമാണ് ഈ അനുസ്മരണം. എല്ലാവരേയും, പുരോഹിതരേയും അല്മേനികളേയും യാതൊരു വ്യത്യാസവുംകൂടാതെ അരൂപിയിൽ ഞാൻ ആശ്ലേഷിക്കുന്നു. എല്ലാവരേയും ഒരു വ്യത്യാസവും കൂടാതെ ഒരേ കുടുംബത്തിലെ അംഗങ്ങളെയെന്നപോലെ ഞാൻ സ്നേഹിച്ചു. എല്ലാവരും എൻ്റെ പുരോഹിത സ്നേഹത്തിൻ്റേയും ശ്രദ്ധയുടേയും വിഷയമാണ്. "അങ്ങു് എനിക്കു തന്നിരിക്കുന്നവർ, നമ്മൾ ഒന്നായിരിക്കുന്നതുപോലെ ഒന്നായിരിക്കുന്നതിനുവേണ്ടി, അവരെ അങ്ങയുടെ നാമത്തിൽ പരിപാലിക്കണമേ." (യോ. 17, 11)

മരണനേരത്തു് അഥവാ യാത്രാസമയത്തു് ജീവിതത്തെ സ്പർശിക്കുന്നതു യേശുക്രിസ്തുവും അവിടുത്തെ തിരുസ്സഭയും അവിടുത്തെ സുവിശേഷവുമാണെന്നു വീണ്ടും ഞാൻ ആവർത്തിച്ചു പറയുന്നു. സുവിശേഷത്തിൽ ഞാൻ അന്വേഷിക്കുന്നതു് ഈശോയുടെ ഹൃദയത്തിൻ്റെ അനുരൂപനായ നമ്മുടെ പിതാവിനെയാണ്. സുവിശേഷങ്ങളിലെ നന്മയും സത്യവും എൻെറ ചിന്താവിഷയമാകും. ശാന്തതയും കാരുണ്യവും അധ്വാനവും ക്ഷമയും സമൃദ്ധമായി ചേർന്നിരിക്കുന്നതാണു നന്മ. അതു് അജയ്യമായി സ്ഥിതിചെയ്യണം.

എൻെറ മക്കളേ, എൻെറ സഹോദരന്മാരേ, ഞാൻ നിങ്ങളോടു യാത്രപറയുന്നു. പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ; നമ്മുടെ സ്നേഹമായ ഈശോയുടേയും അവിടുത്തേയും നമ്മുടേയും മാധുര്യമുള്ള അമ്മ മറിയത്തിൻേറയും എൻെറ പ്രിയപ്പെട്ട പ്രഥമ സംരക്ഷകനായ വി. യൗസേപ്പിൻേറയും നാമത്തിൽ. വി. പത്രോസിൻേറയും, സ്നാപകയോഹന്നാൻേറയും വി. മർക്കോസി

www.malankaralibrary.com

ൻേറയും, വി. ലോറൻസ് ജ്യൂസ്റ്റീനിയൻേറയും വി. പത്താം പീയൂസി ൻേറയും നാമത്തിൽ ആമേൻ. കർദ്ദിനാൾ ആഞ്ചെലോ ജോസഫ് റൊങ്കാലി.

## എൻെറ വിൽപ്പത്രം

കാസ്റ്റൽഗോണ്ടോൾഫോ,
1961 സെപ്റ്റംബർ 12

കർത്താവു മരണത്തെ എന്തു സാഹചര്യങ്ങളിൽ അയയ്ക്കുകയാണെങ്കിലും ഞാൻ സന്തോഷത്തോടെ അവളെ സ്വാഗതം ചെയ്യും. സഹോദരി മരണത്തിൻെറ ആഗമനം ഞാൻ കാത്തിരിക്കയാണ്.

ദിവസന്തോറും ദിവ്യബലി സമർപ്പിക്കുമ്പോൾ ചെയ്തിട്ടുള്ളതുപോലെ, എൻെറ നിരവധി പാപങ്ങൾക്കും നിന്ദകൾക്കും ഉപേക്ഷകൾക്കും ഞാൻ കാരുണ്യവാനായ പിതാവിനോടു മാപ്പു ചോദിക്കുന്നു.

ഈശോയിൽനിന്ന് എൻെറ എല്ലാ പാപങ്ങൾക്കും മോചനം സിദ്ധിക്കുന്നതിനും അങ്ങനെ നിത്യസൗഭാഗ്യ നികേതനമായ സ്വർഗ്ഗത്തിൽ എൻെറ ആത്മാവിനു പ്രവേശനം ലഭിക്കുന്നതിനും വേണ്ടി ഒരു പുരോഹിതനും മെത്രാനും കർത്താവിൻെറ ദാസന്മാരുടെ ദാസനുമെന്ന നിലയിൽ എന്നെ അറിഞ്ഞ് എന്നെ അനുധാവനം ചെയ്തിട്ടുള്ള എല്ലാവരുടേയും പ്രാർത്ഥനാസഹായം ഞാൻ ആവശ്യപ്പെടുന്നു.

കാതോലികവും ശ്ലൈഹികവുമായ റോമാ സഭയിലുള്ള എൻെറ സമ്പൂർണ്ണമായ വിശ്വാസം ആനന്ദതുന്ദിലമായ ഹൃദയത്തോടെ ഞാൻ ഏററുപറയുന്നു. വിശ്വാസപ്രകരണം പലവിധത്തിലുള്ളതിൽ വി. കുർബാനയിൽ വൈദികരും മെത്രാന്മാരും ചൊല്ലുന്ന വിശ്വാസപ്രമാണമാണ് എനിക്കിഷ്ടം. "സർവ്വശക്തനായ ഏകദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു," എന്നുമുതൽ "നിത്യായുസ്സിൽ ഞാൻ വിശ്വസിക്കുന്നു," എന്നതുവരെ എല്ലാം സാർവ്വത്രിക സഭയിലും വിവിധ റീത്തുകളിലും എല്ലാ ശതകങ്ങളിലും സമസ്തദേശങ്ങളിലും ചൊല്ലി വരുന്നതാണല്ലോ.

## II
## എൻെറ അന്തിമ നിശ്ചയങ്ങൾ

a) വെനീസ്സിലേ പേട്രിയാക്ക് എന്ന നിലയിൽ എനിക്കു സിദ്ധിച്ചിട്ടുള്ള എല്ലാത്തേയും സംബന്ധിച്ച നിശ്ചയങ്ങൾ.

www.malankaralibrary.com

ബെർഗാമോയിൽനിന്നു ഞാൻ വെനിസ്സിലേക്കു കൊണ്ടുവന്നിട്ടുള്ള എന്റെ സാമഗ്രികൾ — അലമാരി, മേശ, കസേരകൾ, ഞാൻ വാങ്ങിച്ചവയും കർദ്ദിനാൾ സ്ഥാനത്തേക്കുയർത്തിയപ്പോൾ ബെർഗാമോയിലേ ജനങ്ങൾ എനിക്കു സമ്മാനിച്ചവയുമായ മേശവിരികളും രജതസാമഗ്രികളും പേട്രിയാർക്ക് അരമനയിൽ എന്റെ പിൻഗാമികളുടെ ഉപയോഗത്തിനായി ഞാൻ വിട്ടുകൊടുക്കുന്നു. ഒരു ചെറിയ പ്ലെയിററിൽ എന്റെ പേരുകൊത്തി അവയിൽ വയ്ക്കുന്നതു നന്നായിരിക്കും. എന്റെ കുപ്പായങ്ങളും കളസങ്ങളും ളോവകളും കറുപ്പും ചുവപ്പുമായി പല നിറത്തിലുള്ള വസ്ത്രങ്ങളും എന്റെ സഹോദരി മരിയയ്ക്കും സഹോദരപുത്രി എൻറീക്കായ്ക്കും എന്റെ ഓർമ്മയ്ക്കായി സൂക്ഷിക്കുകയോ വല്ലവർക്കും കൊടുക്കുകയോ ചെയ്യാം. താഴെ വിവരിച്ചിരിക്കുന്നതുപോലെ എന്റെ വിശേഷതരം റോച്ചററ് ബെർഗാമോ കത്തീഡ്രലിനു ഇരിക്കട്ടെ. മററു റോച്ചററുകൾ ഏററവും നല്ലവിലയ്ക്ക് വിററ് വെനിസ്സിലേ ദരിദ്രർക്കു പണമായിത്തന്നെ കൊടുക്കുക. അവർ ക്രിസ്തുവിന്റെ ദരിദ്രരാകയാൽ അവരുടെ മെത്രാനച്ചന്റെ ഹൃദയത്തിനു് എത്രയും പ്രിയപ്പെട്ടവരാണ്. തങ്ങളുടെ പ്രാർത്ഥനകളോടുകൂടി സ്വർഗ്ഗത്തിലേക്ക് എന്നെ അനുധാവനം ചെയ്യാൻ ഞാൻ അവരോടഭ്യർത്ഥിക്കുന്നു. എന്റെ മോതിരങ്ങളും കുരിശുകളും എത്രയും കൂടുതൽ വിലയ്ക്കുവിററ് ദരിദ്രർക്ക് ഏതെങ്കിലും രൂപത്തിൽ കൊടുക്കുക.

ദരിദ്രർക്കു വിതരണം ചെയ്യുമ്പോൾ കന്യാസ്ത്രീകളേയും സെമ്മിനാരി വിദ്യാർത്ഥികളേയും അവശരായ വൈദികരേയും സ്മരിക്കണം. എന്റെ മരണശേഷം സാധാരണപതിവുപോലെ പേട്രിയാർക്കു സ്ഥാനത്തിനുള്ള അവകാശങ്ങൾ നീക്കിയശേഷം ബാക്കിയുള്ളതു മുഴുവനും ദരിദ്രർക്കു കൊടുക്കണം. ഞാൻ ചൊല്ലിത്തീർക്കാത്ത കുർബാനകളുണ്ടെങ്കിൽ അവയുടെ ധർമ്മം എന്റെ സെക്രട്ടറിക്കും പേട്രിയാർക്കു കച്ചേരിയിലുള്ള വൈദികർക്കും വിഭജിച്ചുകൊടുക്കുക.

എന്റെ വിൽപ്പത്രം നടപ്പിൽ വരുത്തുന്നവരോടു് ഇക്കാര്യം വളരെ സൂക്ഷ്മത്തോടെ ചെയ്യണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. ഈ സംഗതിയിൽ സൂക്ഷ്മക്കുറവുവന്നാൽ എന്റെ ആത്മാവു ശുദ്ധീകരണസ്ഥലത്തു സഹിക്കേണ്ടിവരികയില്ലേ? ആദ്യം കുർബാനധർമ്മം; പിന്നെ ദരിദ്രരുടെ കാര്യം.

ഞാൻ മരിക്കുന്നതിനുമുമ്പു സാധിച്ചില്ലെങ്കിൽ എന്റെ ഔദ്യോഗികകുരിശു പാരീസു നൺഷിയോ മന്ദിരത്തിലേക്ക് കൊടുത്തയയ്ക്കണം. അതിൽ ഇങ്ങനെ ഉല്ലേഖനം ചെയ്യാൽകൊള്ളാം: "പാരീസു

www.malankaralibrary.com

ഞൺഷിയോ മന്ദിരത്തിലുള്ളതിന്റെ പിൻഗാമികൾക്ക് കർദ്ദിനാൾ ആഞ്ചെലാ ജോസഫ് റൊങ്കാലിയിൽനിന്നു'' (1945—1952)

ബെർഗാമോയിലെ ജനങ്ങൾ സമ്മാനിച്ച വെള്ളിപൂശിയ കുരിശു വെനിസ്സിൽ വണങ്ങപ്പെട്ടുന്ന ദിവ്യജനനിയുടെ നേർക്കുള്ള ബഹുമാനത്തെ പ്രഞ്ജിയും അവിടുത്തോടുള്ള ഭക്തി പ്രോത്സാഹിപ്പിക്കുന്ന പേടിയാക്കൻ സെമ്മിനാരിയോടുള്ള എന്റെ പിതൃസഹജമായ സ്നേഹത്തിന്റെ ലക്ഷ്യമായും വെനിസ്സിലെ ആരോഗ്യമാതാവിനു കാഴ്ചയായി നല്കണം.

b) സോത്തോഇൽമോന്തെയിലേ എന്റെ വസ്തുവകകളേയും സാമഗ്രികളേയും പററിയുള്ള എന്റെ നിശ്ചയം.

സഹോദരന്മാരുടേയും സഹോദരിമാരുടേയും പേർക്കു വസ്തുവിഭജിച്ചപ്പോൾ എന്റെ പേരിൽ നിശ്ചയിച്ചുവച്ചിരുന്ന വസ്തുക്കളും വയലുകളും പറമ്പുകളും സഹോദരൻ ജൊസെപ്പിനോയുടെ കൈയിലാണ്. ജ്യേഷ്ഠൻ തന്നെയാണ് അവയിൽനിന്നു് ആദായമെടുത്തിരുന്നതും നികുതികൾ കൊടുത്തിരുന്നതും. അവയൊക്കെ ആ ജ്യേഷ്ഠനും ജ്യേഷ്ഠന്റെ കുടുംബത്തിനുമുള്ള എന്റെ ഒരു ദാനമായിരിക്കും.

എന്റെ സഹോദരൻ യൊവാന്നിയെ ഞാൻ പല കാര്യങ്ങളിലും പല സാഹചര്യങ്ങളിലും സഹായിച്ചിട്ടുണ്ട്. എന്റെ ഭാഗിനേയനും ജൊവാന്നിയുടെ പുത്രനുമായ ഡോൺ ബാത്തിസ്റ്റായുടെ സെമിനാരി ചെലവുകൾ ഞാനാണു വഹിച്ചുപോന്നതു്. അവൻ റോമൻ സെമ്മിനരിയിൽ പഠിച്ചു വൈദികനാകാറായിരിക്കുകയാണല്ലോ. അവന്റെ അംഗരക്ഷ എനിക്ക് തെല്ലു സഹനത്തിനും ഉൽക്കണ്ഠകൾക്കും ഇടയായി. അവന്റെ സുകൃതത്തിലും ഉത്സാഹത്തിലും പുരോഹിത ജീവിതത്തിലുണ്ടാകാൻപോകുന്ന വിജയത്തിലുള്ള ശരണമാണ്, ആ കഷ്ടതകൾ സഹിക്കുവാൻ എനിക്കു ധൈര്യം നല്കിയതു്. എന്റെ സഹോദരി മരിയായുടേയും അവന്റെ സഹോദരി എൻറിക്കായുടേയും കാരുണ്യത്തിനു് ഞാൻ അവനെ ഭരമേല്പിക്കുന്നു. കമായിത്തീനോയിലുള്ള പുസ്തകങ്ങളും സാമഗ്രികളും അവർക്ക് ഇഷ്ടമുണ്ടെങ്കിൽ അവനു കൊടുക്കാമല്ലോ.

ഒരിക്കലും മറക്കാൻവയ്യാത്ത സഹോദരിയാണ് അഞ്ചെലാ. സോദരിയെ അതിജീവിച്ചിരിക്കുന്ന എന്റെ സഹോദരി മരിയായും ജൊവാനിയുടെ മകൾ അഥവാ എന്റെ ഭാഗിനേയിയായ എൻറിക്കായുമാണു കമായിത്തീനായിലെ എന്റെ സാമഗ്രികളെല്ലാം ഞാൻ ഏ

www.malankaralibrary.com

ല്പിച്ചിട്ടുള്ളതു്. എൻെറ സഹോദരന്മാരിൽനിന്നു പിരിഞ്ഞശേഷം സൗഭാഗ്യവതികളായ മരിയായും എൻറിക്കായും പരേതയായ പ്രിയപ്പെട്ട അഞ്ചിലയുമായിരുന്നു എൻെറ വത്സലകുടുംബം. അവരെന്നെ സ്നേഹത്തോടും ക്ഷമയോടുംകൂടെ ശുശ്രൂഷിച്ചു; തന്നിമിത്തം അവർ പ്രത്യേകമായ ബഹുമാനവും പരിഗണനയും അർഹിക്കുന്നുണ്ടു്. എൻെറ സഹോദരി മരിയായും എൻെറ സഹോദരൻ ആൽഫ്രെഡോയും സ്വർഗ്ഗത്തിൽനിന്നു ലഭിക്കുന്ന എന്തു കാരുണ്യത്തിനും ഞാൻ കൃതജ്ഞനായിരിക്കും. ആൽഫ്രെഡോ വാർദ്ധക്യം പ്രാപിക്കുന്തോറും കൂടുതൽ സ്നേഹവും സഹായവും അർഹിക്കുന്നുണ്ടു്.

ഞാൻ മരിക്കുമ്പോൾ എൻെറ കൈയിലുള്ള പണത്തിൽനിന്നു് എൻെറ സഹോദരന്മാർ സവേരിയോ, ആൽഫ്രെഡോ, ജൊവാനി, ജോസെപ്പീനോ എന്നിവർക്കും എൻെറ സഹോദരിമാരായ തെരേസായുടേയും മരിച്ചുപോയ അസുന്തായുടേയും കുടുംബങ്ങൾക്കും ഒരു ചെറുസമ്മാനമായി പതിനായിരം ലീരവീതം കൊടുക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഞാൻ എൻെറ സഹോദരന്മാരെയും സഹോദരിമാരെയും ഉൽക്കൃഷ്ടസ്നേഹത്തോടെ സ്നേഹിക്കുന്നു. അവർക്കെല്ലാവർക്കും കമായിത്തീനോയിലുള്ള എൻെറ സാമാനങ്ങളിൽനിന്നു് എന്തെങ്കിലും ഓരോന്നു് എൻെറ ഓർമ്മയ്ക്കായി കൊടുക്കുക.

എൻെറ കസിൻ എലീസാ മസോളായും അവളുടെ സഹോദരൻ ജൊവാനിക്കും കാർവിക്കോയിലുള്ള മാഞ്ഞി സഹോദരന്മാർക്കും എന്തെങ്കിലും നമ്മുടെ വത്സലമാതാവിൻെറ പേരിൽ എൻെറ ഓർമ്മയ്ക്കായി നല്കണം. അമ്മ മസോളകുടുംബക്കാരിയാണല്ലോ. അമ്മായി ഫെലിച്ചെ മാഞ്ഞികുടുംബത്തിലേക്കു വിവാഹംചെയ്തു കൊടുക്കപ്പെട്ടിരിക്കയാണല്ലോ. എൻെറ ബഹുമാനവും സ്നേഹവും അനുസ്മരിപ്പിക്കുന്ന ചെറിയ സാധനങ്ങളെന്തെങ്കിലും കൊടുത്താൽ മതി.

c) മരണസമയത്തുള്ള പണത്തെ സംബന്ധിച്ച തീരുമാനങ്ങൾ. വത്തിക്കാനിലെ "ഇൻസ്റ്റിത്തുത്തൊ ദെ ഓപെരെ ദി റിലീജിയോണെ" എന്നസ്ഥാപനത്തിൽ ഞാൻ നയതന്ത്രജോലിയിൽ ഏർപ്പെട്ടിരുന്ന കാലത്തെ ശമ്പളം നിക്ഷേപിച്ചിട്ടുണ്ടു്. അതു് ഇങ്ങനെ വിഭജിക്കണം.

"പിക്കോളോ ക്രെദിത്തോ ബെർഗമാസ്കോ" എന്ന ബാങ്കിലെ എൻെറ കടങ്ങൾ വീട്ടുക. ആ സ്ഥാപനത്തിൻെറ ഉപവിപ്രവൃത്തികൾ വികസിക്കുന്നതിനു് എൻെറ അനുഗ്രഹവും ആശംസകളും.

പരിശുദ്ധപിതാവിനു പുത്രനിർവ്വിശേഷമായ സ്നേഹത്തിൻെറ അടയാളമായി അമ്പതിനായിരം ലീറാ.

www.malankaralibrary.com

ബെർഗാമോയിലെ രൂപതാകച്ചേരിക്ക് അഞ്ചുലക്ഷം ലീരാ. അതിന്റെ പലിശയിൽനിന്ന് എന്റെ ഇടവക ദൈവാലയത്തിൽ നാല്പതുമണി ആരാധനയ്ക്കു് ഒരു സഹായം നല്കുക. ഞാൻ വൈദികനായിരിക്കുമ്പോൾ അതിന്റെ പണി ആരംഭിച്ചതാണ്. ഞാൻ അതു കൂദാശ ചെയ്തു. ഇതിനു പ്രതിഫലമായി ആരാധനദിവസങ്ങളിൽ ഒരു കുർബാന എനിക്കും എനിക്കു മുമ്പോ പിമ്പോ മരിക്കുന്ന ബന്ധുജനങ്ങൾക്കുമായി കാഴ്ചവയ്ക്കണം.

മാസംതോറും എനിക്കുവേണ്ടി ഒരു കുർബാനയും മരണവാർഷിക ദിവസം ആഘോഷമായി ഒരു ഒഫീസും എന്റെ ഇടവകയായ സോത്തോ ഇൻമോന്തെയിൽ ചൊല്ലുന്നതിന് ആവശ്യമായ ഒരു നല്ല സംഖ്യ ബെർഗാമോ രൂപതാ കച്ചേരിയെത്തന്നെ ഏല്പിക്കുക. നാല്പതുമണി ആരാധനയുടേയും വാർഷികദിനത്തിലേയും കുർബാനകൾ മേല്പറഞ്ഞ മാസക്കുർബാനകളിൽ ചേർത്ത് എണ്ണാവുന്നതാണ്.

ഇററലിയിലെ പൊന്തിഫിക്കൽ വേദപ്രചാരസംഘത്തിന്റെ പ്രഥമ പ്രസിഡൻറായി ദൈവപരിപാലന നിയോഗിച്ചതു് എന്നെയാണല്ലോ. അതിന്റെ ദേശീയ കേന്ദ്രകമ്മററിക്ക് ഒരു ലക്ഷം ലീരാ.

ഈ ചെലവുകളെല്ലാം നിർവ്വഹിച്ചശേഷം ബാക്കിയുള്ള തുകയിൽ ഒരു ഭാഗം ആവശ്യാനുസാരം എന്റെ സഹോദരി മരിയായ്ക്കും എന്റെ ഭാഗിനേയി എൻറിക്കായ്ക്കും നല്കുക. യഥാർത്ഥത്തിൽ ദരിദ്രരും മുന്നോട്ടുവരാൻ ലജ്ജിക്കുന്നവരുമായ സാധുക്കളെ അവർ വിസ്മരിക്കരുതു്. ദരിദ്രരോടുള്ള ഉപവി നമ്മുടെ കുടുംബപാരമ്പര്യമാണെന്നാണു ശൈശവംമുതലുള്ള എന്റെ ഓർമ്മ. ഈ പാരമ്പര്യം തുടരുന്നതു് അവർക്കും ഭാവിയിൽ അനുഗ്രഹകാരണമായിരിക്കും.

ദരിദ്രർക്കായി എന്റെ കഴിവനുസരിച്ചു് ഒരു സംഖ്യ മാററിവയ്ക്കാനാണു ഞാൻ തീരുമാനിക്കുന്നതു്. എന്റെ വസ്തുവകകൾ വിററഴിച്ചുകഴിയുമ്പോൾ ആ സംഖ്യ സോത്തോ ഇൽമോന്തെയിലെ അനാഥശാലയ്ക്കായി ബെർഗാമോ രൂപതകച്ചേരിയിൽ ഞാൻ ഏല്പിക്കും. ഇടവക വികാരിയായ ഫാദർ ജൊവാനി ബിരോലിനിയോടൊപ്പം ഞാനും എന്റെ വിനീതകഴിവുകളനുസരിച്ചു് ആ അനാഥശാലയെ സഹായിച്ചുകൊണ്ടാണിരുന്നിട്ടുള്ളതു്. ഒരിടവകയുടെ അനുഗ്രഹം അനാഥശാലയിൽനിന്നാരംഭിക്കുന്നു; തന്നിമിത്തം ഈ ഉപവിപ്രവൃത്തി എനിക്ക് എത്രയും ഇഷ്ടമായിരുന്നു.

www.malankaralibrary.com

d) പുസ്തകങ്ങളും സാമാനങ്ങളും ചിത്രങ്ങളും സംബന്ധിച്ച തീരുമാനങ്ങൾ.

എന്റെ ഗ്രന്ഥശേഖരം മുഴുവനും ബെർഗാമാ ചിത്രങ്ങളും വത്തിക്കാൻ ലൈബ്രറിക്കായി പരിശുദ്ധപിതാവിനെ ഏല്പിക്കുക. അതു് എന്റെ ഒരു കാഴ്ചയായിരിക്കുമെന്നു മാത്രമല്ല ഇററലിയിലും വിദേശങ്ങളിലുമുള്ളവക്കു് അപ്രകാരംതന്നെ പ്രവത്തിക്കുവാൻ ഒരു പ്രചോദനവുമായിരിക്കും. അങ്ങനെ ആ ഗ്രന്ഥശേഖരം കൂടുതൽ വിപുലവും അലംകൃതവുമാകുമല്ലോ.

ബെർഗാമോ മെത്രാസനത്തിൽ ഭാഗ്യസ്മരണാർഹനായ മോൺ. രദീനി തെദേഷിയുടെ പ്രൈവററു സെക്രട്ടറിയായി കഴിച്ചുകൂട്ടിയ പൗരോഹിത്യത്തിലെ എത്രയും സൗഭാഗ്യകരമായ പ്രഥമ ദശാബ്ദത്തിന്റെ ഓമ്മയ്ക്കു് (1905—1914) ബെർഗാമോ മെത്രാസനത്തെ അലങ്കരിക്കുവാൻ താഴെ പറയുന്ന ചിത്രങ്ങൾ കൊടുക്കുക; 1915-ൽ പൗരാണികവസ്തു സൂക്ഷിപ്പുകാരനായ കാർലോ കെരേസായിൽനിന്നു വാങ്ങിയ ദൈവമാതാവിന്റെയും ശിശുവിന്റെയും വി. യോഹന്നാന്റെയും കാൻവസ്ചിത്രം; അതേസ്ഥാനത്തുനിന്നുതന്നെ വാങ്ങിച്ച വി. അലെക്സാന്ററിന്റെ ചിത്രം. കൂടെ ഒരു ശിശുവും ശിശുവിന്റെ കൈയിൽ ഒരു പുഷ്പപാത്രവുമുണ്ടു്. രക്തസാക്ഷിയുടെ അത്ഭുതകരമായ രക്തത്തിൽനിന്നു പുഷ്പങ്ങൾ വികസിച്ചുവരുന്നതു പുഷ്പപാത്രത്തിൽ കാണാം; പാരീസിൽ അപ്പസ്തോലിക നൺഷിയോ ആയിരുന്ന ബെർഗാമോയിൽനിന്നുള്ള ജെറോലാമോ റഗസോണി മെത്രാന്റെ ചിത്രം. ഇതു് പീനോ തെർസി പ്രഭു സമ്മാനിച്ച ചിത്രമാണു്.

മെത്രാനും കർദ്ദിനാളുമായ ശേഷവും ഞാൻ ബെർഗാമോ കത്തീഡ്രലിലെ ഒരു അയോഗ്യകാനനായിരുന്നു. പ്രസ്തുത കത്തീഡ്രലിനു് എന്റെ പട്ടുകാപ്പയും ബുറാനോ ലേസു് വച്ചിട്ടുള്ള റോച്ചററും.........

ബെർഗാമോ രൂപതാസെമ്മിനരി എനിക്കു് എത്രയും പ്രിയപ്പെട്ട സ്ഥാപനമാണു്. അവിടെ വിദ്യാത്ഥിയും അദ്ധ്യാപകനുമായി 25 കൊല്ലം കഴിച്ചിട്ടുണ്ടു്. ചിത്രകാരൻ സ്പിനെല്ലി വരച്ചിട്ടുള്ള മോൺ. രദീനി തെദേഷിയുടെ ചിത്രവും എന്റെ കൈയെഴുത്തുഗ്രന്ഥങ്ങളും എഴുത്തുകളും ആ സെമ്മിനരിക്കു്. ഇവ അധികമൊന്നുമില്ല. മിക്ക എഴുത്തുകളും രേഖകളും വത്തിക്കാനിലും ബൾഗേരിയായിലും ടക്കിയിലും ഗ്രീസിലും പാരീസിലുമാണു്. ഭരണകാര്യങ്ങളെ സംബന്ധിച്ച എഴുത്തുകളൊഴികെ ശേഷം രഹസ്യക്കുറിപ്പുകളും എഴുത്തുകളും ബെർഗാമോ സെമ്മിനരിയിലേക്കു് അയച്ചുകൊടുക്കണം.

www.malankaralibrary.com

അമാസെയായിലേ ആച്ചുബിഷപ്പു ഗുസ്താവോ ടെസ്റ്റായുടെ സഹായത്തോട്ടുകൂടെ 1943ൽ സഭാപിതാക്കന്മാരുടെ ഗ്രന്ഥങ്ങൾ (Migne Edition) ഞാൻ സെമ്മിനരിക്കു വാങ്ങിക്കൊടുത്തിട്ടുള്ളതാണ്. അവയ്ക്കുപുറമേ, 1953-ൽ പാരീസിൽനിന്നു വെനീസ്സിലേക്കു കൊണ്ടുവന്ന സകല പുസ്തകങ്ങളും സെമ്മിനരിക്കിരിക്കും.

വി. ചാൾസു ബൊറോമിയോയുടെ അപ്പസ്തോലികപ്രവർത്തനങ്ങളെപ്പററിയുള്ള എൻെറ ഗ്രന്ഥത്തിൻെറ ആദായം മുഴുവനും സെമ്മിനരിക്കുതന്നെ. ആ ഗ്രന്ഥം ഇററലിയിലും വിദേശത്തുമുള്ള പ്രധാന സ്ഥാപനങ്ങളിലേക്കെല്ലാം എത്തിക്കണം. അതു് അച്ചടിക്കുവാനുള്ള ചെലവുമുഴുവനും ഞാനാണുവഹിച്ചിട്ടുള്ളതു്. മരിക്കുന്നതിനുമുമ്പു് ആ ചരിത്രം മുഴുവനും പ്രസിദ്ധീകരിക്കുവാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു........

കമയിത്തീനോയിൽ ചിത്രകാരൻ ലൂയാനാ വരച്ചിട്ടുള്ള മോൺ. രദീനി തെദേഷിയുടെ ഒരു ചിത്രവും അദ്ദേഹം മരണം വരെ ഉപയോഗിച്ച ഒരു മേശയുമുണ്ട്. അതു് മോൺസിഞ്ഞോർ രദീനി എനിക്കു സമ്മാനിക്കുകയുണ്ടായി. ആ ചിത്രവും മേശയും ബെർഗാമോയിലെ തിരുഹൃദയവൈദികർക്കു്.

ഞോത്തോ ഇൽമോന്തെയിലേ എൻെറ ഇടവകപ്പള്ളിക്കു ഞാൻ ചില ദാനങ്ങൾ നിശ്ചയിച്ചു കഴിഞ്ഞിട്ടുള്ളതാണ്. ഇടവകപ്പള്ളിക്കു് ഉദാരമായി കാഴ്ചകൾ നല്കാൻ ഞാനാഗ്രഹിക്കുന്നു. രജതവർണ്ണമുള്ള ശീലയിൽ സ്വർണ്ണപ്പണികളുള്ള ഒരു കുർബാനക്കുപ്പായം ഫ്രാൻസിൽനിന്നു് എനിക്കു ലഭിച്ചു. അതും എൻെറ മീത്രകളും ഇടവകപ്പള്ളിക്കു്. തിരുക്കർമ്മവിധി അനുഷ്ഠിക്കുമ്പോഴെല്ലാം എൻെറ മീത്രകൾ മദ്ബഹായിലെ മേശയിൽ വയ്ക്കാറുള്ളതാണ്. വ്യാകുലമാതാവിന്റെ സ്തുതിക്കായി ഞാനുണ്ടാക്കിയിട്ടുള്ള മരംകൊണ്ടുള്ള ബലിപീഠം ഇടവകപ്പള്ളിക്കുതന്നെ.

എൻെറ സ്വകാര്യകപ്പേളയിൽ എൻെറ മരണശേഷം വി. കുർബാന സമർപ്പണമുണ്ടായില്ലെങ്കിൽ അതിലെ അലങ്കാരമെല്ലാം കനേവിലേ ദൈവമാതാവിൻെറ തീർത്ഥാലയത്തിനുള്ളതായിരിക്കും. എൻെറ മെത്രാഭിഷേകാവസരത്തിൽ മപ്പെല്ലിപ്രഭു നല്കിയ ബറോക്കുകാസാ അതേ തീർത്ഥാലയത്തിനുതന്നെ.

വിയാലാത്തായിൽ എൻെറ മന്ദിരത്തിൽവച്ചു മരിച്ച റോമൻ സെമ്മിനരി റെക്ടർ മോൺ. വിൻസെൻസോ ബുഗരീനി എനിക്കു

www.malankaralibrary.com

സമ്മാനിച്ച വെള്ളിക്കാസ എൻെറ ഭാഗിനേയൻ ഡോൺ ബാററിസ്റ്റാ യ്ക്കു നല്കണം.

എന്നെ ജ്ഞാനസ്നാനപ്പെടുത്തിയ ബ്രൂസിക്കോയിലേ ദൈവ മാതൃദൈവാലയത്തിനു് വെനിസ്സിൽ ഞാൻ ഉപയോഗിച്ചുകൊണ്ടിരി ക്കുന്ന മററെ കാസ കൊടുക്കുക. ശ്രീമതി എവുജേനിയോ വോൾപ്പി സമ്മാനം തന്നതാണു് ആ കാസ.

എൻെറ സ്വപ്നവാച്ചും ചെയിനും എൻെറ പ്രത്യേക വാത്സല്യ ത്തിൻെറ ലക്ഷ്യമായി എൻെറ സഹോദരൻ ആൽഫ്രെഡോയ്ക്കു്.

സവേരിയോ, ജൊവാനി, ജൊസെപ്പിനോ എന്ന സഹോദര ന്മാക്കു് അവശേഷിച്ചിരിക്കുന്ന ദൈവമാതൃ ചിത്രങ്ങളിൽ ഓരോന്നു കൊടുക്കുക. അവയിലൊന്നു ഇസ്തംബൂളിൽ വച്ചു ഞാൻ വാങ്ങിയ താണു്.

e) ശവസംസ്കാരത്തെ സംബന്ധിച്ചു് എൻെറ ആഗ്രഹങ്ങ ളും അപേക്ഷകളും.

അന്തിമ പുനരുത്ഥാനം പ്രതീക്ഷിച്ചു കാത്തുകിടക്കുവാൻ പോ കുന്ന എൻെറ അസ്ഥികളുടെ വിശ്രമസ്ഥാനത്തെ സംബന്ധിച്ചു് വെനിസ്സിലേ എൻെറ മക്കളോടു ഞാൻ എൻെറ ആഗ്രഹം അറിയിച്ചു കൊള്ളുന്നു. പ്രത്യേക പരിഗണനയ്ക്കു് ഞാൻ അർഹനല്ല. ശവസംസ്കാ രം ഒരുപവി പ്രവൃത്തിയാകയാൽ എന്നെ സ്നേഹിക്കുകയും ഞാൻ സ്നേ ഹിക്കുകയും ചെയ്ത ജനങ്ങളോടു് ഇങ്ങനെ അഭ്യർത്ഥിക്കുന്നു: വി. മ ർക്കോസിൻെറ ശവകുടീരത്തിൻെറ അരികേ ഭദ്രാലയത്തിൽ എൻെറ ശരീരത്തിനു് ലോകമാസകലം കത്തോലിക്കാസഭയ്ക്കുള്ള പാരമ്പര്യമ നുസരിച്ചു് ഒരു സ്ഥലം നല്കണം. പേട്രിയാക്കൽ സെമ്മിനരിയിൽ പരിശുദ്ധ ത്രിത്വത്തിൻെറ ദൈവാലയത്തിലേ ചെറിയ കപ്പേളയി ലോ, വി. മിഖായേലിൻെറ ദ്വീപിലോ മരണംകിടക്കുകയാണു് എന്റെ അടുത്തമുൻഗാമികൾ. വെനിസ്സിൻെറ മദ്ധ്യസ്ഥൻെറ കുഴിമാടത്തി ൻെറ ചുററും അവരുടെ കുഴിമാടങ്ങളും ഉയത്തിപണിയിക്കണമെന്നു് വി. മർക്കോസിൻെറ പള്ളിയിലേ കസ്സാരന്മാരോടു് ഞാൻ അഭ്യർത്ഥി ക്കുന്നു. നിസ്തുലമായ ഈ കത്തീഡ്രലിൻെറ സൗന്ദര്യം സംരക്ഷിച്ചു പോരുന്ന കാര്യത്തിൽ അവരോടൊരുമിച്ചു പ്രവത്തിക്കുക എനിക്കു് എത്രയും ഇഷ്ടമുള്ള ഒരു കാര്യമായിരുന്നു. അവക്കും അവരുടെ കുടുംബ ങ്ങൾക്കും ഈ ലോകത്തുനിന്നു് എൻെറ ആശീവ്വാദവും അടുത്തലോക ത്തുനിന്നു പ്രാത്ഥനയും.

www.malankaralibrary.com

ഇക്കാര്യത്തിൽ എന്റെ ആഗ്രഹം അനുവദിക്കുക സാദ്ധ്യമല്ലെങ്കിൽ ആരോഗ്യമാതാവിന്റെ ദൈവാലയമാണ് പുനരുത്ഥാനത്തിനു മുമ്പുള്ള എന്റെ ശരീരത്തിന്റെ വിശ്രമസ്ഥലമായി ഞാൻ തിരഞ്ഞെടുക്കുന്നതു്. അവിടെ ഞാൻ മരിച്ചവരുടേയും ജീവിക്കുന്നവരുടേയും അമ്മയുടെ കരുണാപൂർവ്വകമായ സംരക്ഷണത്തിലായിരിക്കും. വെനിസ്സിൽ തിരുസ്സഭയുടെ പ്രതീക്ഷകൾ മൊട്ടിട്ടു വികസിക്കുന്ന പേട്രിയാർക്കൽ സെമ്മിനാരി എന്റെ പാർശ്വത്തിലുമായിരിക്കുമല്ലോ ആമേൻ.

പ്രസിദ്ധനും വിശ്വസ്തനും പ്രിയപ്പെട്ടവനുമായ എന്റെ സെക്രട്ടറി മോൺ. ലോറിസ് കപ്പോവില്ലോ ഈ അനുഗ്രഹങ്ങളെല്ലാം നിറവേററണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. ഒരു വ്യക്തിയെന്ന നിലയിലും ഒരു മെത്രാനെന്ന നിലയിലും എനിക്കു് അദ്ദേഹം നിസ്തുലമായ ഭക്തിയോടും സ്നേഹത്തോടും കൂടെ ചെയ്തുതന്നിട്ടുള്ള സമർത്ഥമായ സേവനങ്ങൾക്കു ഞാൻ ഭൂമിയിലും സ്വർഗ്ഗത്തിലും കൃതജ്ഞനായിരിക്കും. എന്റെ കുടുംബത്തിലെ എത്രയും വിനീതരായ അംഗങ്ങളോടും ഞാൻ ശാന്തതയോടും ക്ഷമയോടും വിവേകത്തോടും വർത്തിക്കുന്നുവെന്നു് അദ്ദേഹത്തിനറിയാവുന്നതുകൊണ്ടു് അദ്ദേഹം തന്റെ കൃത്യം എന്റെബഹുമാനം സമാർജ്ജിക്കത്തക്ക വിധം നിർവ്വഹിക്കുമെന്നു് എനിക്കുറപ്പുണ്ടു്. അദ്ദേഹത്തിനു് ഇഷ്ടമാണെങ്കിൽ തന്റെ സ്നേഹിതന്മാരുടെ ഉപദേശം ആരായാവുന്നതാണു്; എന്നാൽ ഈ വിൽപ്പത്രത്തിൽ പ്രകാശിപ്പിച്ചിട്ടുള്ള എന്റെ ആഗ്രഹങ്ങൾ നടപ്പിൽ വരുത്തുന്ന കാര്യത്തിൽ അദ്ദേഹം തന്നെ മാദ്ധ്യസ്ഥ്യം വഹിക്കുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്താൽ മതി.

എന്റെ കൃതജ്ഞതയുടെ സ്മാരകമായി എന്റെ സാമാനങ്ങളിൽനിന്നു് ഒന്നോ ഒന്നിലധികമോ അദ്ദേഹത്തിനു് എടുക്കാവുന്നതാണു്. സ്വർഗ്ഗത്തിൽനിന്നു ഞാൻ അദ്ദേഹത്തിനു് അയച്ചുകൊടുക്കാനിരിക്കുന്ന ആശീർവ്വാദത്തിനു് അച്ചാരമായിരിക്കും ആ സ്മാരകം. സ്വർഗ്ഗത്തിൽ ഞാൻ അദ്ദേഹത്തെ കാത്തിരിക്കും; നിത്യസൗഭാഗ്യത്തിൽ ഒന്നിച്ചുചേരുന്നതിനു ഞാൻ പ്രതീക്ഷിച്ചിരിക്കും.

ഒരിക്കൽകൂടി എന്നു വേണ്ടാ എല്ലായ്പോഴും;
പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
പരിശുദ്ധരാജ്ഞി, കരുണയുടെ മാതാവേ, സ്വസ്തി;
വി. യൗസേപ്പേ, എനിക്കുവേണ്ടി അപേക്ഷിക്കണമേ.

കർദ്ദിനാൾ ആഞ്ചെലോ ജോസഫ് റൊങ്കാലി
വെനിസ് പേട്രിയാർക്കു്.

www.malankaralibrary.com

വെനീസ്,
വി. പത്രോസിൻെറ തിരുനാൾ,
1954 ജൂൺ 29-ാംനു-

## ജപമാലയെപ്പററിയുള്ള ചാക്രികലേഖനം

ബ. സഹോദരരേ, പ്രിയ മക്കളെ, നിങ്ങൾക്കു് ശ്ലൈഹികാശീർവാദവും സ്വാഗതവും.

സെപ്ററംബർ 10-ാംനു- കാസ്റ്റൽഗോണ്ടോൾഫായിൽ അഖില ലോകത്തുനിന്നു സമ്മേളിച്ച നിരവധി കർദ്ദിനാളന്മാരുടേയും മെത്രാന്മാരുടേയും നയതന്ത്ര പ്രധാനികളുടേയും വിശ്വാസികളുടേയും പ്രധാന ഉൽക്കണ്ഠാവിഷയം സമാധാനപ്രശ്നമായിരുന്നു.

ഈ സാധു അവിടെയുണ്ടായിരുന്നതും വികാരഭരിതനായി സംസാരിച്ചതും തന്നെ ആ സമ്മേളനത്തിൻെറ പ്രധാനവും പ്രോജ്ജ്വലവും മാർഗ്ഗദർശകവുമായ വശം. നമ്മുടെ അഭിഷിക്തവും അനുഗ്രഹീതവുമായ കരങ്ങൾ ദിവ്യകാരുണ്യത്തിൽ നമ്മുടേയും ലോകത്തിൻേറയും പരിത്രാതാവും എല്ലാജനങ്ങളുടെയും എല്ലാക്കാലത്തേയും സമാധാന രാജനുമായ ഈശോയെ ഉയർത്തിപ്പിടിച്ചു.

എല്ലാരാജ്യങ്ങളുടേയും പ്രതിനിധികൾ അവിടെ ഉണ്ടായിരുന്നതിനാൽ ആ സമ്മേളനം അഖിലലോക സമ്മേളനമായിരുന്നുവെന്നു പറയാം. പ്രൊപ്പഗാന്റാ കോളെജിൽ നിന്നു വളരെ വിദ്യാർത്ഥികളുണ്ടായിരുന്നു; തന്നിമിത്തം എല്ലാവരും അക്രൈസ്തവരും കൂടി നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ടെന്നു് എനിക്കു തോന്നി.

വികാരഭരിതനായും ദൈവത്തിൽ പ്രത്യാശിച്ചും നാം പ്രഖ്യാപിച്ചു സന്ദർഭങ്ങൾ ആവിർഭവിക്കും പടി ലോകസമാധാനവും സംസ്കാരവും സംരക്ഷിക്കുവാനുള്ള നമ്മുടെ മൗലികകർത്തവ്യം നിർവ്വഹിക്കുന്നതിനു് ഈദൃശസമ്മേളനങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതാണെന്നു്. അതിനാണു കുറേ ദിവസങ്ങൾക്കു മുമ്പു് നമ്മുടെ ഗ്രീഷ്മകാല വസതിയുടെ സമീപെയുള്ള സെന്റ് കലിസ്റ്റസ്സിന്റെ ഭൂഗർഭാലയം നാം സന്ദർശിച്ചു പ്രാർത്ഥിച്ചതു്. എൻെറ മുൻഗാമികളായ പതിന്നാലു മാർപ്പാപ്പാമാരുടേയും പല മെത്രാന്മാരുടേയും ചരിത്രപ്രസിദ്ധരായ രക്തസാക്ഷികളുടേയും സ്മരണകളാണു് അവിടെയുള്ളതു്. എല്ലാ രാജ്യങ്ങൾക്കും സമാധാനം സംപ്രാപ്തമാകുന്നതിനു് അവരുടെ സ്വർഗ്ഗീയ മാധ്യസ്ഥ്യം ഞാൻ പ്രാർത്ഥിച്ചു. ക്രിസ്തുവായ മഹാസമാധാനഭണ്ഡാഗാര

www.malankaralibrary.com

ത്തിൽ എല്ലാവരും ഏതെങ്കിലും വിധത്തിൽ ഉൾപ്പെട്ടിരിക്കുന്നുണ്ട ല്ലോ. "ക്രിസ്ത്യൻ ജനതയ്ക്കു സമാധാനവും ഐക്യവും നല്കുവാൻ, ദൈവമേ, അങ്ങു കനിയണമേ."

നമ്മൾ ഒക്ടോബർ മാസത്തെ സമീപിക്കയാണല്ലോ. പരി ശുദ്ധവും വിശ്വസ്തവുമായ പാരമ്പര്യവും ക്രിസ്തീയസ്നേഹവുമനുസരി ച്ച് ആ മാസം ജപമാലനാഥയുടെ വണക്കത്തിനു വേണ്ടി പ്രതി ഷ്ഠിതമാണ്. വ്യക്തികൾക്കും കുടുംബങ്ങൾക്കും ജനങ്ങൾക്കും സജീ വ പ്രാധാന്യമുള്ള ഒരു മഹാകാര്യത്തിനു വേണ്ടി കർത്താവിനോടു പ്രാ ർത്ഥിക്കുവാനുള്ള ഒരു സന്ദർഭം തന്നെ ഇതു്.

ഭാഗ്യസ്മരണാർഹനായ പതിമൂന്നാം ലെയോൻ മാർപ്പാപ്പാ യുടെ മാതൃകയാൽ പ്രചോദിതനായി അദ്ദേഹത്തിൻെറ "റേരും നൊ വാരും" എന്ന ചാക്രിക ലേഖനത്തിലുള്ള ഉദ്ബോധനങ്ങൾ "മാതാ വും ഗുരുനാഥയും" എന്ന നമ്മുടെ ചാക്രികലേഖനത്തിൽ ഒന്നുകൂടി വിശദീകരിച്ചിരിക്കുന്നു. ഇന്നത്തേ മനുഷ്യസമുദായത്തിൻെറ ആവശ്യ ങ്ങളുമായി തിരുമേനിയുടെ ഉദ്ബോധനങ്ങൾ നാം പൊരുത്തപ്പെടു ത്തിയിരിക്കുന്നു.

നമ്മുടെ ബാലപ്രായത്തിൽ ഈ മാർപ്പാപ്പാ ഒരു മാർഗ്ഗദർശനവും പ്രകാശവും നല്കിയിട്ടുള്ളതാണ്, അന്നു നാം പൗരോഹിത്യത്തിനു് ഒരുങ്ങുകയായിരുന്നു. ജപമാല ചൊല്ലാൻ ക്രിസ്തീയ ലോകത്തെ അദ്ദേഹം പലപ്പോഴും ക്ഷണിക്കുകയുണ്ടായി. പരിശുദ്ധവും ഫലദാ യകവുമായ ധ്യാനത്തിനും ആത്മാവിൻെറ വിശുദ്ധീകരണത്തിനും അഖിലസഭയ്ക്കും സ്വർഗ്ഗീയാനുഗ്രഹങ്ങൾ സംസിദ്ധമാകുന്നതിനും വേ ണ്ടി തിരുസ്സഭയുടെ സന്താനങ്ങൾക്കു് ഈ അഭ്യാസം തിരുമേനി നി ർദ്ദേശിച്ചുകൊടുത്തു.

ഈ ഭക്തപാരമ്പര്യം തിരുമേനിയുടെ പിൻഗാമികൾ തുടർന്നു. ക്രിസ്തുവിൻെറ അജഗണത്തിൻെറ മഹാന്മാരായ ഈ ഇടയന്മാരെ വിനീതമായി പിഞ്ചെല്ലുന്നതിനു നാം ഉദ്ദേശിക്കുന്നു. ഭൗമിക ജീവിത ത്തിൽ നീതിയും സാഹോദര്യവും പാലിക്കുന്നതിൽ മാത്രം നാം ശ്ര ദ്ധിച്ചാൽ പോരല്ലോ. ആത്മാക്കളുടെ വിശുദ്ധീകരണത്തിലും തീ ക്ഷ്ണമായ നമ്മുടെ ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു. അതിലാണു ന മ്മുടെ ശക്തിയും വിജയവും. ഭൂമിയിൽ സത്യവും സ്നേഹവും അഭില ഷിക്കുന്ന ആത്മാക്കളിൽ നിന്നു് ഉയർന്നുവരുന്ന അപേക്ഷകൾക്കു സ്വർഗ്ഗത്തിൽനിന്നുള്ള മറുപടിയാണു വിശുദ്ധീകരണമെന്ന ദാനം.

www.malankaralibrary.com

1959 ഒക്ടോബർ മാസം ആരംഭത്തിൽ "ഗ്രാത്ത റെക്കോർദാസിയോ" (GRATA RECORDATIO) എന്ന ചാക്രികലേഖനം നാമെഴുതി. അതുത്തകൊല്ലം അതേ ഉദ്ദേശ്യത്തോടെ റോമാരൂപതയുടെ കർദ്ദിനാൾ വികാരിക്ക് ഒരെഴുത്തും അയച്ചു.

ആകയാൽ ബ. സഹോദരരേ, ലോകമാസകലമുള്ള പ്രിയമക്കളേ, പരിശുദ്ധ ജപമാലഭക്തിയെപ്പറ്റി ചില പ്രായോഗികചിന്തകൾ ഇക്കൊല്ലവും നിങ്ങളുടെ മുമ്പാകെ വയ്ക്കുവാൻ നാം ആഗ്രഹിക്കുന്നു. അവ നിങ്ങളുടെ ചിന്തകളെയും പ്രാർത്ഥനകളെയും നയിക്കുന്നതിനും പരിപുഷ്ടിപ്പെടുത്തുന്നതിനും പര്യാപ്തമാകുമെന്ന കരുതുന്നു. പ്രശാന്തവും പരിപൂർണ്ണവുമായ ക്രിസ്തീയഭക്തിയുടെ ഒരു പ്രകടനമാണിതു്. എല്ലാ ജനതകളുടെയും വ്യക്തികളുടെയും സമാധാനത്തിനുവേണ്ടിയുള്ള അഖിലലോകപ്രാർത്ഥനയാണതു്.

തിരുസ്സഭാകുടുംബത്തിലെ ഒരു വലിയവിഭാഗമായ ലത്തീൻ റീത്തിലെ വൈദികരുടെഇടയിൽ പരിശുദ്ധകുർബാനയും കാനോനനമസ്കാരവും കഴിഞ്ഞാൽ ക്രിസ്തീയ ഭക്തികളിൽ പ്രഥമസ്ഥാനം ജപമാലയ്ക്കാണ്; അൽമായരുടെഇടയിൽ കൂദാശസ്വീകരണം കഴിഞ്ഞാൽ വലുതു ജപമാലയാണ്. അതു ദൈവത്തോടുള്ള ഒരു തരം ഐക്യമാണ്; ആത്മാവിനെ ദൈവത്തിങ്കലേക്ക് ഉയർത്തുന്നതിനുള്ള ശക്തി അതിനുണ്ടു്.

അധരശുശ്രൂഷയിൽനിന്നു് ഉയരുവാനുള്ള ശിക്ഷണം ലഭിക്കാത്ത ആത്മാക്കളെ സംബന്ധിച്ചിടത്തോളം ജപമാലഭക്തി സ്വർഗ്ഗസ്ഥനായ പിതാവേ, നന്മനിറഞ്ഞമറിയമേ, ത്രിത്വസ്തുതി എന്ന അപേക്ഷകളുടെ ആവർത്തനമാണ്; മുഷിച്ചിൽവരുത്തുന്ന ആവർത്തനം. 15 ദശകമായി വിഭജിച്ചിട്ടുണ്ടെന്നുമാത്രം. അതുതന്നെ ഒരു നല്ലകാര്യമാണ്. പ്രതീക്ഷാജനകമായ ഒരു പ്രാർത്ഥനയുടെ ആരംഭം അഥവാ ബാഹ്യപ്രകടനമാണ് അതു്; എല്ലാമനുഷ്യരോടുമുള്ള നിഗൂഢസ്നേഹത്തിന്റെ ഉൽകൃഷ്ടരഹസ്യങ്ങളിൽ ദൈവവുമായി നടത്തുന്ന ആനന്ദസന്ദായകമായ ഒരു സംഭാഷണമാകുന്നില്ലായിരിക്കാം.

യഥാർത്ഥമായി ധ്യാനിച്ചു ചൊല്ലുന്ന ജപമാലയാകുന്ന ശൃംഖലയ്ക്കു മൂന്നു പിരിയുണ്ടു് ഐക്യവും ശക്തിയും വർദ്ധിപ്പിക്കുവാൻ. ഈശോയുടേയും മറിയത്തിന്റേയും ജീവിതത്തിലെ സംഭവങ്ങൾ ക്രമാനുഗതം ഇടപഴകി കിടക്കുന്നു. പ്രാർത്ഥിക്കുന്നവരുടെ വിവിധസാഹചര്യങ്ങളോടും സാർവ്വത്രികസഭയുടെ അഭിനിവേശങ്ങളോടും യോജിച്ചു പോകുന്നവയാണ് ഈ സംഭവങ്ങൾ.

www.malankaralibrary.com

ഓരോ ദശകത്തിനും ഒരു ചിത്രമുണ്ടു്: ഓരോ ചിത്രത്തിനും മൂന്നു പ്രത്യേകതകളുണ്ടു്: നിഗൂഢാർത്ഥമുള്ള ദർശനം, സ്വന്തം ധ്യാനം, ഭക്ത നിയോഗം.

ആദ്യം ഓരോ രഹസ്യത്തിന്റെയും നിർമ്മലവും സ്പഷ്ടവും പ്രത്യക്ഷവുമായ ദർശനം; അതായതു്, ക്രിസ്തുവിന്റെ രക്ഷണകൃത്യത്തെ സംബന്ധിക്കുന്നതായ വിശ്വാസസത്യങ്ങളുടെ ദർശനം. നമ്മൾ ഈ ദർശനം നടത്തുമ്പോൾ, ദൈവത്തിന്റെയും കന്യകാമറിയത്തിന്റെയും പുത്രനായ ഈശോയുടെ ജീവിതത്തോടും ഉപദേശങ്ങളോടും നമ്മുടെ വിചാരങ്ങളും വികാരങ്ങളും ഐക്യപ്പെടണം. നമ്മളെ രക്ഷിക്കുവാനും ഉപദേശിക്കുവാനും പവിത്രീകരിക്കുവാനുംവേണ്ടി അവിടുന്നു ലോകത്തിൽ ജീവിച്ചു. രഹസ്യജീവിതകാലത്തെ മൗനത്തിലും പീഡാനുഭവകാലത്തെ കഷ്ടപ്പാടുകളിലും ഉയിർപ്പിന്റെ മഹത്വത്തിലും സ്വർഗ്ഗത്തിലെ മഹത്വത്തിലും അവിടുന്നു സദാ അധ്വാനിക്കുകയും പ്രാർത്ഥിക്കുകയുമായിരുന്നു. സ്വർഗ്ഗത്തിൽ അവിടുന്നു പിതാവിന്റെ വലതുഭാഗത്തു് ഇരുന്നു പരിശുദ്ധാത്മാവിനോടൊപ്പം താൻ സ്ഥാപിച്ച സഭയ്ക്കു ജീവൻ നല്കുകയും അതിനെ സഹായിക്കുകയും അതു് അങ്ങനെ കാലാകാലത്തോളം മുന്നേറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

രണ്ടാമത്തെ ഘടകം ധ്യാനമാണു്. അതു ക്രിസ്തുവിന്റെ ജീവിതരഹസ്യങ്ങളുടെ പ്രകാശം പ്രാർത്ഥിക്കുന്ന ആത്മാവിന്റെമേൽ വീശുന്നു. ഓരോരുത്തനും അവനവനെ പററിയതും തന്റെ ജീവിത വിശുദ്ധീകരണത്തിനും സാഹചര്യങ്ങൾക്കും അനുയോജ്യവുമായ പാഠങ്ങൾ അതിൽനിന്നു സ്വന്തമാക്കുന്നു. കൃപാവരത്താൽ സമലംകൃതമായ ആത്മാവിന്റെ അഗാധത്തിൽനിന്നു പരിശുദ്ധാത്മാവു "നമുക്കുവേണ്ടി അവർണ്ണനീയമായ നെടുവീർപ്പുകളോടെ അപേക്ഷിക്കുന്നു." (റോമാ 8, 26) പ്രസ്തുത രഹസ്യങ്ങളിൽനിന്നു സംസിദ്ധമാകുന്ന ശക്തികൊണ്ടു് എല്ലാവരും അവരവരുടെ ജീവിതത്തെ അഭിമുഖീകരിക്കുന്നു; തന്റെ ആത്മീയാവശ്യങ്ങൾക്കും അനുദിന ജീവിതാവശ്യങ്ങൾക്കും അവയിൽ വററാത്ത സഹായം കണ്ടെത്തുന്നു.

അവസാനം നിയോഗം. വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സാമുദായികവും വ്യക്തിപരവുമായ ആവശ്യങ്ങൾക്കും വേണ്ടി പ്രാർത്ഥന സമർപ്പിക്കേണ്ടതുണ്ടു്. ഭക്തനായ ഒരു കത്തോലിക്കൻ തന്റെ അയൽക്കാർക്കു വേണ്ടി അപേക്ഷിക്കുക സ്നേഹത്തിന്റെ ലക്ഷ്യം മാത്രമാണു്. മിശിഹായുടെ മൗതികശരീരത്തിലേ ഭാഗഭാഗിത്വത്തിൽനിന്നാണു് ഈ സ്നേഹം നമ്മുടെ ഹൃദയത്തിൽ സജീവരൂപം പ്രാപിക്കുന്നതു്.

www.malankaralibrary.com

അങ്ങനെ ജപമാല വ്യക്തികളുടേയും രക്ഷിത സമൂഹത്തിന്റേയും ലോകവ്യാപകമായ പ്രാർത്ഥനയായിട്ടുണ്ട്. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നും ഒരേപ്രാർത്ഥന പുറപ്പെടുന്നു. വ്യക്തികളുടെ ആവശ്യങ്ങൾ സാധിക്കാൻ രഹസ്യമായി ഓരോരുത്തൻ പ്രാർത്ഥിക്കുന്നു; തിരുസ്സഭയാകട്ടെ സകല മനുഷ്യരുടേയും ആവശ്യങ്ങൾക്കായി പ്രാർത്ഥിക്കുന്നു. സാമൂഹ്യക്കുഴപ്പങ്ങളിൽനിന്നുള്ള വിഷമങ്ങളുടേയും മാത്സര്യങ്ങളുടേയും കൊടുങ്കാറ്റുകളുടേയും മദ്ധ്യേ തിരുസ്സഭ ജീവിക്കണമെന്നു ദൈവം തിരുമനസ്സായിരിക്കുന്നു. പലപ്പോഴും പ്രസ്തുത കുഴപ്പങ്ങൾ ഒരു ഭീഷണിതന്നെയായിത്തീരുന്നുണ്ട്. എങ്കിലും തിരുസ്സഭയുടെ ദൃഷ്ടികളും അവളുടെ ശക്തിയും ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾ നിറവേററുകയെന്ന പരമലക്ഷ്യത്തെ ഉന്നം വയ്ക്കുന്നു.

ജപമാലയുടെ വിവിധ ഘടകങ്ങളാണിവ. അവ ഒരു വാചികപ്രാർത്ഥനയായി കൂട്ടിയിണക്കപ്പെട്ടിരിക്കയാണ്; വളരെ മനോഹരമായി നെയ്തു ചേർത്തിരിക്കുന്നു; ആത്മീയസൗന്ദര്യവും ഓജസ്സും ചേർന്നു നില്ക്കുന്നു.

വാചികപ്രാർത്ഥനകൾ ഇങ്ങനെ അർത്ഥസമ്പുഷ്ടമായിത്തീരുന്നു. സർവ്വോപരി, കർതൃജപം ജപമാലയുടെ കാതലും ജീവനുമാകുന്നു; അതാണു ജപമാലയ്ക്കു രൂപം കൊടുക്കുന്നത്. ഒരു രഹസ്യത്തിൽനിന്ന് അടുത്ത രഹസ്യത്തിലേക്കു കടന്നുപോകുന്നതു കർതൃജപത്തിൽക്കൂടെയാണ്. അനന്തരം മാലാഖായുടെ സ്വസ്തിവാക്യം. അതു സ്വർഗ്ഗത്തിന്റേയും ഭൂമിയുടേയും ആനന്ദം സ്ഫുരിപ്പിക്കുന്നു. ഈശോയുടേയും കന്യകാമറിയത്തിന്റേയും ജീവിതരംഗങ്ങളെ അനുധാവനം ചെയ്യുന്ന മാലാഖായുടെ അഭിവാദനം. അവസാനം പരിശുദ്ധ ത്രീത്വത്തിന്റെ ബഹുമാനാർത്ഥം ത്രിതൈസ്തുതി.

ഓ! എത്ര മനോഹരമാണു നിഷ്കളങ്കരായ ശിശുക്കൾ ഇങ്ങനെ ജപമാല ചൊല്ലുമ്പോൾ! അതുപോലെതന്നെ രോഗികളും. ആവൃതത്തിൽ അമർന്നിരിക്കുന്നവരോ ഉപവിപ്രവൃത്തികൾക്കും എളിമയും പരിത്യാഗവുംചേർന്ന ജീവിതത്തിനും പ്രതിഷ്ഠിതരോ ആയ കന്യകകളും ക്രിസ്തീയ ചുമതലകളെപ്പറ്റി ബോധവാന്മാരായ കുടുംബനായകന്മാരും നായികമാരും പ്രാചീനകുടുംബപാരമ്പര്യം പരിപാലിച്ചുപോരുന്ന ഭവനങ്ങളും ലോകത്തിൽ ക്ലേശങ്ങളുടേയും പ്രലോഭനങ്ങളുടേയും മദ്ധ്യേ താപസരെപ്പോലെ ജീവിക്കുവാൻ നിർബ്ബന്ധിതരെങ്കിലും ലോകത്തെ വെറുത്തു ലൗകായതികത്വത്തെ വെടിഞ്ഞു് ഏകാഗ്രതയിലും മൗനത്തിലും ജീവിക്കുന്നവരും ജപമാലചൊല്ലുന്നതു ചേതോഹരമാണ്!

www.malankaralibrary.com

അങ്ങനെയാണ തങ്ങളുടെ ജീവിതസാഹചര്യങ്ങളെപ്പററി ബോധാവാന്മാരായ ഭക്താത്മാക്കളുടെജപമാല.

വ്യക്തികളുടെ സാഹചര്യങ്ങളെല്ലാം കണക്കിലെടുക്കുന്ന മരിയൻ ജപമാല പ്രാചീന കാലം മുതൽക്കുള്ള നിരന്തരഭക്തിയാണ്. അങ്ങിനെ നാം ബഹുമാനിക്കുന്നു; അതേ സമയം ആധുനിക സമുദായത്തിൽ എല്ലാമേഖലകളിലും പല മാററങ്ങളും സംഭവിച്ചിട്ടുള്ള കാര്യം ചൂണ്ടിക്കാണിക്കുവാൻ നാം ആഗ്രഹിക്കുന്നു. ശാസ്ത്രീയ കണ്ടുപിടിത്തങ്ങളങ്ങനെ. തൊഴിലാളിസംഘടനകൾക്കു രൂപഭേദം വന്നിട്ടുണ്ട്. ലോകത്തെപ്പററി വിശദവും വിശാലവുമായ ഒരു ബോധം നമുക്കു വന്നുചേർന്നിട്ടുണ്ട്. തന്നിമിത്തം ക്രിസ്തീയ പ്രാത്ഥനകളുടെ സ്വഭാവത്തേയും രൂപത്തേയും സംബന്ധിച്ചു നവമായ ഒരു ബോധം ഉളവായിരിക്കുന്നു. പ്രാത്ഥിക്കുന്നവൻ തന്റെ ആത്മീയവും ലൗകികവുമായ കാര്യങ്ങളെപ്പററി ചിന്തിക്കേണ്ട ഒരു വ്യക്തിമാത്രമാണെന്നു കരുതുന്നില്ല. അവൻ ഒരു സമൂഹത്തിന്റെ ചുമതലകളിൽ ഭാഗഭാക്കാണെന്നും അതിന്റെ നന്മകൾ ആസ്വദിക്കുന്നതോടൊപ്പം അതിനുണ്ടാകുന്ന ക്ലേശങ്ങളേയും വിപത്തുകളേയും ഭയപ്പെടേണ്ടിയിരിക്കുവെന്നും ഏതുകാലത്തുമെന്നതിനേക്കാൾ കൂടുതൽ ഇന്നു ബോധവാനാണ്. കുർബാനയിലേയും കാനോനനമസ്കാരത്തിലേയും പ്രാത്ഥനകൾക്കു് ഈ പ്രത്യേകതയുണ്ട്. "നമുക്കു പ്രാത്ഥിക്കാം" എന്നു പറയുമ്പോഴൊക്കെ ഒരു കൂട്ടം ജനത്തെ മാത്രമല്ല ഉദ്ദേശിക്കുന്നതു്; പ്രസ്തുതസമയത്തു പ്രാത്ഥിക്കുന്നവരും പ്രാത്ഥിച്ചതിനുശേഷം മറുപടിക്കായി കാത്തിരിക്കുന്നവരുമായ എല്ലാവരേയും ഉദ്ദേശിക്കുന്നു, മതാത്മകവും സാമുദായികവുമായ ജീവിതത്തിൽ സകല മനുഷ്യസഹോദരക്കും വേണ്ടിയുള്ള ഒരു പ്രാത്ഥനയാണതു്.

ഇങ്ങനെ മരിയൻ ജപമാലക്കും പരസ്യവും സാർവ്വത്രികവുമായ പ്രാത്ഥനയുടെ സ്ഥാനമുണ്ട്. അഖിലലോകരാഷ്ട്രങ്ങളുടേയും തിരുസ്സഭയുടേയും സാധാരണവും അസാധാരണവുമായ ആവശ്യങ്ങൾ സാധിക്കണമേയെന്നുള്ള ഒരപേക്ഷയാണതു്.

യൂറോപ്പിലേ എത്രയും കരുത്തേറിയ രാഷ്ട്രങ്ങൾക്കു പോലും മഹാവിപത്തുകൾ നിറഞ്ഞ ഘട്ടമുണ്ടായിരുന്നു. അനുസ്മൃതമായ പല സംഭവങ്ങളും രാഷ്ട്രങ്ങളെ കണ്ണുനീരും രക്തവും കൊണ്ടു നനച്ചു.

ആപന്മുഖമായ രാഷ്ട്രങ്ങൾക്കു് ഐശ്വര്യവും സാമുദായികക്രമവും ആത്മീയവിജയങ്ങളും നേടിക്കൊടുക്കുന്ന കാര്യത്തിൽ മരിയാ

www.malankaralibrary.com

ഭക്തിക്കുള്ള ശക്തി ചരിത്രദൃഷ്ട്യാ രാഷ്ട്രീയ സംഭവവികാസങ്ങൾ പഠിക്കുന്നവർക്കു നന്നായി അറിയാവുന്നതാണു്.

ആറുകൊല്ലം നാം താമസിച്ച നമ്മുടെ പ്രിയപ്പെട്ട വെനിസ്സു നഗരത്തിന്റെ കാര്യം നാം സദാ ഓർമ്മിക്കുന്നുണ്ടു്. ആത്മാക്കളുടെ രക്ഷക്കായി പ്രവർത്തിക്കുവാൻ അവിടെ അമൂല്യമായ സന്ദർഭങ്ങളുണ്ടായിരുന്നു. വി. യോഹന്നാന്റേയും പൗലോസിന്റേയും നാമത്തിൽ ഡൊമിനിക്കൻ സന്യാസികൾ പണിതീർത്തിരുന്ന ബസിലിക്കയിൽ ജപമാലക്കപ്പേള ഭംഗിയായി പുനരുദ്ധരിച്ചകാര്യം നമ്മുടെ ഹൃദയത്തെ ആനന്ദംകൊണ്ടു കുളിർപ്പിക്കുകയുണ്ടായി.

കടന്നുപോയ ശതാബ്ദങ്ങളിൽ വിശ്വാസത്തിന്റെ വിജയത്തെ കുറിക്കുന്ന പല സ്മാരകങ്ങൾ വെനിസ്സിലുണ്ടായിട്ടുണ്ടു്. ട്രെന്റു സൂനഹദോസു കഴിഞ്ഞു് 1563 മുതൽ 1575 വരെയുള്ള ആ കാലഘട്ടത്തെ സ്മരിപ്പിക്കുന്ന പ്രസ്തുത കപ്പേള മേല്പറഞ്ഞ സ്മാരകങ്ങളുടെ ഇടയിൽ വെട്ടിത്തിളങ്ങുന്നു. മരിയൻ ജപമാലഭക്തി ക്രൈസ്തവലോകത്തിൽ തീക്ഷ്ണമായ കാലമാണതു്. അന്നുമുതൽക്കാണു മറിയത്തെ ക്രിസ്ത്യാനികളുടെ സഹായമെന്നു സംബോധന ചെയ്യപ്പെട്ടു തുടങ്ങിയതു്.

ഹാ മറിയത്തിന്റെ വാഴ്ത്തപ്പെട്ട ജപമാല! അതു നിഷ്കളങ്കരായ ശിശുക്കളുടേയും പരിശുദ്ധരായ വൈദികരുടേയും നിർമ്മലഹൃദയരുടേയും പ്രാർത്ഥനയുടെ മൂല്യവും കാര്യക്ഷമതയും അംഗീകരിക്കുന്ന യുവാക്കളുടേയും വൃദ്ധരുടേയും കരങ്ങളിൽ ഉയർത്തിപ്പിടിച്ചിരിക്കുന്നതു കാണുക എന്തൊരാനന്ദമാണു്! നാം പ്രതീക്ഷിക്കുന്ന സമാധാനത്തിന്റെ പതാകയും പ്രതീകവുമായി ജനതതിയിൽ, മനുഷ്യഹൃദയങ്ങളിൽ അതു വിരാജിക്കുന്നതു് എത്ര ആഹ്ലാദജനകം!

ക്രിസ്തീയവും മാനുഷികവുമായ ഭാഷയിൽ സമാധാനമെന്നു പറയുന്നതു രാഷ്ട്രങ്ങളുടെ ഇടയിലുള്ള സത്യസന്ധതയും നീതിയും പരിപൂർണ്ണസാഹോദര്യവുമാണു്. അവ മനുഷ്യമനസ്സിൽ പൂർണ്ണമായി പ്രവേശിക്കുന്ന പക്ഷം സകല കലഹങ്ങളും ശണ്ഠകളും അകന്നുപോകും. എല്ലാവരുടേയും മനസ്സിനെ സുവിശേഷോദ്ബോധനങ്ങളോടു് അവ പൊരുത്തപ്പെടുത്തുന്നു; ഭക്തരായ ഏവർക്കും സുപരിചിതമായ ഈശോയുടേയും മറിയത്തിന്റേയും ജീവിത രഹസ്യങ്ങളോടു യോജിച്ചു പോകുവാൻ അവ ഇടയാക്കുന്നു. അപ്പോൾ എല്ലാ ആത്മാക്കളും പരിശുദ്ധ നിയമത്തിനു പൂർണ്ണമായി കീഴ്പ്പെടും. പ്രസ്തുത നിയമം മനു

www.malankaralibrary.com

ഷ്യഹൃദയങ്ങളെ ഭരിച്ചുകൊണ്ടു് എല്ലാവരുടേയും പ്രവൃത്തികളെ ക്രിസ്തീയ സമാധാനപ്രാപ്തിക്കും ജീവിതാനന്ദത്തിനും സുനിശ്ചിതമായ നിത്യസൗഭാഗ്യത്തിനുമായി തിരിച്ചുവിട്ടും.

പ്രിയ സഹോദരരേ, മക്കളേ, മരിയൻ ജപമാലയെ സംബന്ധിച്ച ഹൃദയാവർജ്ജകമായ ചില ഭക്ത ചിന്തകൾ ഞാൻ കാണുന്നുണ്ടു്. അവ ഉത്തേജകങ്ങളും വശ്യശക്തിയുള്ളവയുമാണു്. കർത്താവിൻെറ സമാധാനവും ഈ ലോകത്തിൽത്തന്നെ മനുഷ്യർക്കും രാഷ്ട്രങ്ങൾക്കും സൗഭാഗ്യവും കൈവരുത്തുന്ന ഒരു പ്രാർത്ഥനയാണതു്. ജപമാലയുടെ ഓരോ രഹസ്യത്തെ സംബന്ധിച്ചും നിങ്ങളുടെ ശ്രദ്ധയ്ക്കായി ഈ ലൈഹിക ലേഖനത്തിനു് അനുബന്ധമെന്നവണ്ണം ചില ഭക്തചിന്തകൾ ക്രമാനുസൃതം ചേർക്കുന്നു. രഹസ്യത്തിൻെറ പ്രകൃതി, ധ്യാനം, നിയോഗം എന്നീ മൂന്നു കാര്യങ്ങൾക്കു മുൻസൂചിപ്പിച്ചിട്ടുള്ളതുപോലെ പ്രാധാന്യം കൊടുത്താണു് അവ രചിച്ചിട്ടുള്ളതു്. നമ്മുടെ ഹൃദത്തിൽനിന്നു പുറത്തുവരുന്ന ഈ കുറിപ്പുകൾ ജപമാല ചൊല്ലുന്നതിലുള്ള മുഷിച്ചിലിനെ ജയിക്കുന്നതിനു് ഉപകരിക്കും. എല്ലാ മനുഷ്യരുടേയും രക്ഷയ്ക്കും സമാധാനത്തിനും വേണ്ടിയുള്ള ഈ പ്രാർത്ഥനയ്ക്കു കൂടുതൽ തീക്ഷ്ണതപ്രദാനം ചെയ്യുന്നതിനും വ്യക്തികളുടെ ഭക്തിവർദ്ധിപ്പിക്കുന്നതിനും എത്രയും പര്യാപ്തമായ, സന്ദർഭോചിതമായ ചിന്തകളാണിവ.

എൻെറ അവസാനചിന്ത വി. യൗസേപ്പിനെപ്പററിയാണു്. ജപമാലയുടെ സന്തോഷരഹസ്യങ്ങളിൽ അദ്ദേഹത്തിൻെറ ചിത്രം പലപ്രാവശ്യം പ്രത്യക്ഷപ്പെടുന്നുണ്ടു്. 1885 ലും 1886 ലും അങ്ങനെ മൂന്നുപ്രാവശ്യം പതിമൂന്നാം ലെയോൻ മാർപ്പാപ്പാ യൗസേപ്പിൻെറ കാര്യം ലോകത്തെ അനുസ്മരിപ്പിച്ചു. "ഭാഗ്യപ്പെട്ട മാർ യൗസേപ്പേ," എന്നാരംഭിക്കുന്ന പ്രാർത്ഥന തിരുമേനി നമ്മളെ പഠിപ്പിച്ചതാണു്. ആനന്ദസംദായകമായ ബാല്യത്തിൽ നാം പഠിച്ച ഒരു പ്രാർത്ഥനയാണതു്; തന്മൂലം നമുക്കു് എത്രയും പ്രിയപ്പെട്ട ഒരപേക്ഷയുമാണു്,

ആ പ്രാർത്ഥന വീണ്ടും നാം നിങ്ങൾക്കു നിർദ്ദേശിച്ചു തരികയാണു്. മറിയത്തിൻെറ വിരക്ത ഭർത്താവും ഈശോയുടെ വളർത്തുപിതാവുമായ വി. യൗസേപ്പിൻെറ മാധ്യസ്ഥ്യം നമ്മുടെ അപേക്ഷകളേയും പ്രതീക്ഷകളേയും ശക്തിപ്പെടുത്തട്ടെ.

ജപമാലത്തിരുനാളിലെ കാനോനനമസ്കാരത്തിൽ മറിയത്തെ "ഭാഗ്യപ്പെട്ട അമ്മേ, അഭംഗയായ കന്യകേ, ലോകത്തിൻെറ പ്രതാപവതിയായ രാജ്ഞീ" എന്നുസംബോധനചെയ്തിട്ടുണ്ടു്. അവിടുത്തോടു നി

www.malankaralibrary.com

ഗ്ഗുഢമായി ഐക്യപ്പെടാനുള്ള മാസമാണ് ഒക്ടോബർ. അതാണ് ഭക്താത്മാക്കളുടെ ബോധ്യം. എല്ലാവരുടെയും സമാധാനത്തിനും സൗഭാഗ്യത്തിനും വേണ്ടിയുള്ളതാണ പ്രസ്തുത ഐക്യം.

23-ാം യോഹന്നാൻ മാപ്പാപ്പാ
കാസ്ററൽ ഗൊണ്ടോൾഫോ
1961 സെപ്ററംബർ 29-ാംനു-
മുഖ്യദൈവദൂതനായ വി. മിഖായേലിൻെറ തിരുനാൾ

# II

## ജപമാലരഹസ്യങ്ങളെപ്പററിയുള്ള ചിന്തകൾ.

## സന്തോഷരഹസ്യങ്ങൾ

1 മംഗലവാൎത്ത

ഇതാണ സ്വൎഗ്ഗത്തിൻെറയും ഭൂമിയുടെയും ഐക്യത്തിൻെറ പ്രഥമ പ്രകാശമാനബിന്ദു. എക്കാലത്തുമുണ്ടായിട്ടുള്ള മഹാസംഭവങ്ങളിൽവച്ച് ഒന്നാമത്തേതു് ഇതാണ്.

പിതാവിൻെറ വചനമാകുന്ന ദൈവപുത്രനെക്കൂടാതെ സൃഷ്ടിക്കപ്പെട്ടിട്ടുള്ള യാതൊന്നും സൃഷ്ടിക്കപ്പെട്ടിട്ടില്ല. എല്ലാമനുഷ്യരേയും രക്ഷിക്കുവാൻ വചനം മനുഷ്യസ്വഭാവം സ്വീകരിച്ചു മനുഷ്യനാകുന്നതാണ് ഈ രഹസ്യം.

മാലാഖായുടെ അഭിവാദ്യത്തിനുത്തരമായി സൃഷ്ടിയിൽവച്ചു് എത്രയും സുരഭിലമായപുഷ്പം, അമലോത്ഭവകന്യക "കൎത്താവിൻെറ ദാസി ഇതാ", എന്നു പറഞ്ഞപ്പോൾ ദൈവമാതൃത്വം അവിടുന്നു സ്വീകരിക്കുകയാണുചെയ്തതു്. അതു് അപ്പോൾത്തന്നെ നിറവേറി. നമ്മുടെ പിതാവായ ആദാമിൽ നിന്നു ദത്തപുത്രസ്ഥാനത്തോടെ നാം ജനിക്കേണ്ടവരായിരുന്നു. എന്നാൽ പ്രസ്തുതസ്ഥാനത്തുനിന്നു നാം അധഃപതിച്ചു. മംഗലവാൎത്തയോടുകൂടി ആരംഭിച്ച രക്ഷണകൎമ്മം നമ്മെളെ വീണ്ടും പിതാവായ ദൈവത്തിൻെറ ദത്തപുത്രരാക്കി. അന്നു കന്യകാമറിയത്തിൻെറ ഉദരത്തിൽ സ്ഥാനം പിടിച്ച ഈശോയോടുകൂടെ കുരിശരികെവച്ചു നാം മറിയത്തിൻ്റെ മക്കളായിത്തീൎന്നു. അന്നുമുതൽ മറിയം ദൈവത്തിൻെറ അമ്മയും നമ്മുടെ അമ്മയുമായി.

ഈ പ്രഥമരഹസ്യംതന്നെ എത്ര ശ്രേഷ്ഠം! ആൎദ്രതാപൂൎണ്ണമായ എന്തൊരു സ്നേഹം! നമ്മളെ രക്ഷിക്കുവാൻ കൎത്താവു മനുഷ്യനായിത്തീൎന്നതിലും അങ്ങനെ നമ്മുടെ സഹോദരനായിത്തീൎന്നതിനും അവിടുത്തോ

www.malankaralibrary.com

ട്ട നന്ദിപ്രകാശിപ്പിക്കുകയാണു നമ്മുടെ അതിപ്രധാനമായ കത്തവ്യം. സ്ത്രീയിൽനിന്നു ജനിച്ച അവിടുന്നു നമ്മളിൽ ഒരുവനായി; കുരിശരികേ നമ്മൾ ആ സ്ത്രീയുടെ ദത്തപുത്രരായി. സ്വർഗ്ഗീയപിതാവിൻെറ ദത്തപുത്രമായ നാം തൻെറ സ്വന്തം അമ്മയുടെ മക്കളായിരിക്കണമെന്നായിരുന്നു അവിടുത്തേ അഭിലാഷം.

നമ്മുടെ ധ്യാനത്തിനു നിരത്തിവച്ചിരിക്കുന്ന ഈ പ്രഥമ ചിത്രം ദശിക്കുമ്പോൾ നമ്മുടെ നിയോഗം അനുസ്യൂതമായ കൃതജ്ഞതയ്ക്കും പുറമേ കന്യകാമറിയത്തിൻെറ എളിമയും നൈമ്മല്യവും തീക്ഷ്ണമായ സ്നേഹവും സമ്പാദിക്കുവാനുള്ള നിരന്തരമായ പരിശ്രമമായിരിക്കണം. ഈ പുണ്യങ്ങളുടെ അമൂല്യമായ മാതൃകയാണ് മരിയാംബിക നല്കുന്നത്.

2 മറിയം തന്റെ സഹോദരി എലിസബത്തിനെ സന്ദശിക്കുന്നു.

തൻെറ സഹോദരി എലിസബത്തിനോടുകൂടെ മറിയം കഴിച്ചുകൂട്ടിയ മൂന്നുമാസം എത്ര മധുരവും പ്രശാന്തവുമായിരുന്നു! രണ്ടുപേരും ഗഭസ്ഥരാണ്. കന്യകാമറിയത്തിൻെറ മാതൃത്വം ഭൂമിയിൽ നമുക്കു ഭാവനം ചെയ്യാവുന്ന മാതൃത്വങ്ങളെല്ലാത്തേക്കാളും എത്രയും പരിശുദ്ധമായിരുന്നു. അവരിരുവരുടേയും കീത്തനങ്ങൾ യോജിച്ച് ഒന്നായിത്തീരുന്നു. "അങ്ങു സ്ത്രീകളിൽ അനുഗൃഹീതയാകുന്നു" എന്നൊരാൾ. "എൻെറ രക്ഷകനായ ദൈവം തൻെറ ദാസിയുടെ എളിയസ്ഥിതി തൃക്കൺപാത്തു. ഇന്നുമുതൽ എല്ലാ തലമുറകളും എന്നെ അനുഗൃഹീത എന്നു വിളിക്കും"

ഹെബ്രോൺ കുന്നിൽ അയിൻകാരിമ്മിൽ നടന്ന കാര്യങ്ങൾ ക്രിസ്തീയകുടുംബങ്ങളുടെമേൽ ദിവ്യവും മാനുഷികവുമായ പ്രകാശം വീശുന്നു. പരിശുദ്ധ ജപമാലയുടെ പാരമ്പര്യമുള്ളതായിരിക്കണം കുടുംബങ്ങൾ. എല്ലാ സായംകാലവും കുടുംബത്തിൽ ജപമാല ചൊല്ലുന്നുണ്ടായിരിക്കണം. ആയിരത്തിലോ നൂറിലോ ഒരു കുടുംബത്തിൽ മാത്രമല്ല, എല്ലാ കുടുംബങ്ങളിലും എല്ലാവരും ലോകത്തിലെല്ലായിടത്തും ജപമാല ചൊല്ലുന്നുണ്ടാകണം. നമ്മളിൽ ആരെങ്കിലും കഷ്ടപ്പെടുകയോ സമരം ചെയ്യുകയോ പ്രാത്ഥിക്കുകയോ ചെയ്യുന്നിടത്തൊക്കെ അങ്ങനെ വേണം. പൗരോഹിത്യത്തിലേക്കുള്ള ദിവ്യാഹ്വാനം സ്വീകരിച്ചവരുണ്ടാകാം. മിഷനറി ശുശ്രൂഷയ്ക്കോ പ്രേഷിതവേലയ്ക്കോ വിളിക്കപ്പെട്ടവരുണ്ടാകാം. അവരും ജപമാല ചൊല്ലണം. തൊഴിലിനോ വ്യാപാരങ്ങൾക്കോ സൈനിക സേവനത്തിനോ പഠനത്തിനോ മറേറതെങ്കിലും ജോലിക്കോ വന്നുകൂടിയിരിക്കയാണെങ്കിലും അവിടെയൊക്കെ ജപമാല വേണം.

www.malankaralibrary.com

ഓരോ രഹസ്യത്തിൻേറയും പത്തു "നന്മനിറഞ്ഞ മറിയമേ" എന്ന നമസ്കാരം ചൊല്ലുമ്പോൾ രക്തവും ഗാർഹികബന്ധവുംവഴി ബന്ധപ്പെട്ടിരിക്കുന്ന നിരവധി ആത്മാക്കളുടെ സുന്ദരമായ പുനരൈക്യമുണ്ടാകുന്നുണ്ട്. പ്രസ്തുത ഐക്യം നമ്മുടെ പ്രേഷ്ഠഗണങ്ങളെ ബന്ധിപ്പിക്കുന്ന സ്നേഹത്തെ പവിത്രീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു. മാതാപിതാക്കളെയും കുട്ടികളേയും സഹോദരന്മാരേയും ബന്ധുജനങ്ങളേയും ഒരേ സ്ഥലത്തുനിന്നുള്ള ജനങ്ങളേയും ഒരേ വർഗ്ഗത്തിൽപ്പെട്ടവരേയും കൂട്ടതൽ അടുപ്പിക്കുന്നു. സാർവ്വത്രികസ്നേഹത്തെ സംരക്ഷിച്ചു കൊണ്ടുപോകുന്നതിനും വർദ്ധിപ്പിക്കുന്നതിനും പ്രസരിപ്പിക്കുന്നതിനുമാണ് ഇതെല്ലാം. നമ്മുടെ ജീവിതത്തിലേ എത്രയും അഗാധമായ ആനന്ദവും പരമമായ ബഹുമാനവും സാർവ്വത്രികമായ സ്നേഹമാണ്.

3 ബെത്ലഹേമിലേ കാലിത്തൊഴുത്തിൽ ഈശോ ജനിക്കുന്നു.

കന്യകാമറിയത്തിൻെറ വിമലമായ ഉദരമാകുന്ന തീർത്ഥസ്ഥലത്തുനിന്നു മനുഷ്യസ്വഭാവം സ്വീകരിച്ചു മനുഷ്യനായിത്തീർന്ന ദൈവവചനം മനുഷ്യപ്രകൃതിയുടെ നിയമം നിശ്ചയിച്ച മണിക്കൂറിൽ പുറത്തുവന്നു. ലോകത്തിൽ അവിടുന്നു ദൃശ്യനായതു് ഒരു കാലിത്തൊഴുത്തിലാണ്. കന്നുകാലികൾ അവിടെനിന്നു വയ്ക്കോൽ തിന്നുന്നു; ചുററും നിശ്ശബ്ദതയും ദാരിദ്ര്യവും നിഷ്കളങ്കതയും. നവജശിശു നമുക്കു കൊണ്ടുവന്നിരിക്കുന്ന സമാധാനത്തെ ദൈവദൂതന്മാർ മേഘങ്ങളിൽനിന്നു പ്രഖ്യാപിച്ചുകൊണ്ടിരുന്നു. അവിടുത്തേ പ്രഥമാരാധകർ അവിടുത്തേ അമ്മ മറിയവും പിതാവെന്നു കരുതപ്പെട്ടിരുന്ന യൗസേപ്പും മാലാഖാമാരുടെ ക്ഷണം സ്വീകരിച്ചു് അടുത്ത കുന്നുകളിൽനിന്നു് ഇറങ്ങിവന്നിരുന്ന ആട്ടിടയന്മാരുമാണ്. പിന്നീട്ട് വിദൂരത്തുനിന്നു നക്ഷത്രത്താൽ സമാനീതരായ ഒരു പ്രശസ്തഗണം അവിടെയെത്തി. നിഗൂഢാർത്ഥമുള്ള അമൂല്യദാനങ്ങൾ അവർ കാഴ്ചവച്ചു. ആ രാത്രി ലോകത്തിനു മുഴുവനും ഗ്രഹിക്കാവുന്ന ഒരു ഭാഷ ബെത്ലഹമിൽ അവർ സംസാരിച്ചു.

ഈ രഹസ്യത്തെപ്പററി ധ്യാനിച്ചുകൊണ്ടു് എല്ലാവരും തൊഴുക്കൂടിൻെറ മുമ്പിൽ മുഴംകാൽ മടക്കണം. വിദൂരത്തേക്കു നോക്കികൊണ്ടുകിടക്കുന്ന ശിശുവിൻെറ ദൃഷ്ടിയിലേക്കു് എല്ലാവരും ദൃഷ്ടി തിരിക്കണം. അവിടുന്നു ഭൂമിയിലേ എല്ലാ ജനങ്ങളെയും കാണുന്നു. തൻെറ മുമ്പിൽക്കൂടെ കടന്നുപോകുന്നവരെയെല്ലാം നോക്കി മനസ്സിലാക്കി അവക്കു് ഒരു പുഞ്ചിരി നൽകുന്നു. യഹൂദരും റോമാക്കാരും ഗ്രീക്കുകാരും ചൈനാക്കാരും ഇന്ത്യാക്കാരും ആഫ്രിക്കരും വിവിധ പ്രായത്തിലുള്ള

www.malankaralibrary.com

അഖിലലോകജനങ്ങളും അവിടുത്തേ മുമ്പാകെ നടന്നുപോകുന്നു. ഭൂതം ഭാവി വർത്തമാനം എന്നിങ്ങനെ എല്ലാക്കാലത്തേയും ആളുകളാണവർ. വിദൂരവും അജ്ഞാതവും വിജനവുമായ ദേശങ്ങളിൽ നിന്നൊക്കെയാണ് അവരുടെ ആഗമനം. അവിടവിടെയായി ലോകത്തിൽ കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ പകലും രാത്രിയും ജനിച്ചിട്ടുള്ള ശിശുക്കളെയൊക്കെ ആക്ക് എണ്ണിത്തിട്ടപ്പെടുത്തുവാൻ കഴിയും. അവരെയെല്ലാം പരിശുദ്ധ പിതാവ് ഉണ്ണീശോയ്ക്കു കാഴ്ചവയ്ക്കുന്നു. ഈ പത്തു "നന്മനിറഞ്ഞമറിയമേ" ജപങ്ങൾ അവർക്കായി കാഴ്ചവയ്ക്കുക. ശിശുക്കളുടെ സംഖ്യ വളരെ വലുതുതന്നെ. അവർ ജ്ഞാനസ്നാനം സ്വീകരിച്ചവരാണെങ്കിലും അല്ലെങ്കിലും ബെത്ലഹെമിൽ ജനിച്ച ഈശോയ്ക്കുള്ളവർതന്നെ; അവർ അവിടുത്തേ സഹോദരന്മാരാണ്. എത്രയും മഹത്തായ അവിടുത്തേ രാജ്യം സ്ഥാപിക്കുവാൻ ക്ഷണിക്കപ്പെട്ടവരാണവർ. ദൈവത്തിനും മനുഷ്യനും അർഹമായതും ലോകചരിത്രത്തിൽ എത്രം പ്രശാന്തമായതുമാണ് ആ രാജ്യം. പ്രകാശത്തിൻേറയും സമാധാനത്തിൻേറയും രാജ്യമാണതു്. "സ്വർഗ്ഗസ്ഥനായ പിതാവേ" എന്ന ജപം ചൊല്ലുമ്പോൾ പ്രസ്തുത രാജ്യത്തിനു വേണ്ടിയാണു നാം അപേക്ഷിക്കുന്നതു്.

4. ദൈവാലയത്തിൽ ഈശോയുടെ സമർപ്പണം.

ഈശോയെ സ്വന്തം അമ്മ സ്വകരങ്ങളിലെടുത്തു പുരോഹിതനു കാഴ്ചവയ്ക്കുന്നു. അവിടുന്നു തൻെറ കരങ്ങൾ പുരോഹിതൻെറ നേർക്കു നീട്ടുന്നു. ഇരുകരങ്ങളുടേയും സംയോജനം രണ്ടു് ഉടമ്പടികളുടേയും ഏററുമുട്ടലാണ്. തിരഞ്ഞെടുക്കപ്പെട്ട ജനത്തിൻെറ പ്രഭാപൂരമായ മരിയാസ്യതൻ "വിജാതീയരുടെ വെളിപാടിൻെറ പ്രകാശമാണ്." നിയമാനുസൃതമുള്ള സമർപ്പണകർമ്മത്തിൽ വി. യൗസേപ്പും തുല്യമായ പങ്കുവഹിച്ചു.

ഈ സംഭവം തിരുസ്സഭയിൽ അനുസ്യൂതമായി പല രൂപത്തിൽ ആവർത്തിക്കപ്പെടുന്നുണ്ട്. ഈ സമർപ്പണങ്ങളുടെയൊക്കെ സാരാംശം ഒന്നുതന്നെ. "നന്മനിറഞ്ഞ മറിയമേ" എന്ന ജപം ആവർത്തിക്കുമ്പോൾ വളരുന്ന ധാന്യങ്ങളും ഫലമൂലാദികളും ദർശിക്കുന്നതു് എത്ര സുന്ദരമാണ്. "കണ്ണുകളുയർത്തി നോക്കുവിൻ; ഇതാ വയലുകൾ വിളഞ്ഞു കൊയ്ത്താറായി കിടക്കുന്നു." പുരോഹിതരുടേയും അവരോടു സഹകരിക്കുന്ന പുരുഷന്മാരുടേയും സ്ത്രീകളുടേയും ആനന്ദസംദായകവും പ്രോജ്ജ്വലവുമായ പ്രതീക്ഷകളാണവ. ഒരിക്കലും തികയുകയില്ലെങ്കിലും അങ്ങനെയുള്ളവരുടെ സംഖ്യ, സെമ്മിനരികളിലും സന്യാസമന്ദിര

www.malankaralibrary.com

ങ്ങളിലും മിഷനറി കോളെജുകളിലുമുള്ള യുവജനങ്ങളുടെ സംഖ്യ വലുതാണു്. അവരും കത്തോലിക്കാ സർവ്വകലാശാലകളിൽ പ്രേഷിതരാകാനുള്ളവരല്ലേ? അവർ ക്രിസ്ത്യാനികളാണല്ലോ! അത്യാവശ്യമായ ഭാവി അൽമായപ്രേഷിതവർഗ്ഗത്തിന്റെ അടിസ്ഥാനമാണവർ. മതമർദ്ദനമുള്ള രാജ്യങ്ങളിൽക്കൂടി വിഷമങ്ങളും എതിർപ്പുകളുമുണ്ടായിരുന്നിട്ടും അൽമായ പ്രേഷിതത്വം വളർന്നുവരികയാണു്. എത്രയും ആശ്വാസദായകമായ ഒരു കാഴ്ചയാണിതു്; ആനന്ദവും വിസ്മയവും നമ്മിൽ ജനിപ്പിക്കുന്ന കാഴ്ച.

"വിജാതീയർക്കുള്ള വെളിപാടിനുവേണ്ടിയ പ്രകാശമാണു് ഈശിശു;" തിരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ മഹത്വവുമാണു്.

**5. ദൈവാലയത്തിൽ നിയമജ്ഞരുടെ ഇടയിൽ ഈശോയെ കണ്ടെത്തുന്നു.**

ഈശോയ്ക്കു പന്ത്രണ്ടുവയസ്സാണപ്പോൾ. നൈയാമികമായ പ്രാർത്ഥനകൾക്കായി മറിയവും യൗസേപ്പും ഈശോയെ ജെറുസലേമിലേക്കു കൊണ്ടുപോയിരുന്നു. അവർ എത്രയും ജാഗരൂകരും സ്നേഹസമ്പൂർണ്ണരുമാണെങ്കിലും ഈശോ മുന്നറിവുനല്കാതെ അവരിൽനിന്നു് അപ്രത്യക്ഷനാകുന്നു. മൂന്നുദിവസത്തേക്കു മഹാഉൽകണ്ഠ! വിഫലമായ ഒരന്വേഷണവും നടന്നു. അവരുടെ സന്താപം അവസാനം സന്തോഷമായി മാറി. ദൈവാലയമണ്ഡപത്തിൽ നിയമജ്ഞരുമടക്കുടെഇരുന്നു് അവിടുന്നു സംസാരിക്കുന്നതായി അവർ കണ്ടെത്തി. ശ്രദ്ധാപൂർവ്വം വിശദീകരണം നല്കിയിട്ടുള്ള വിവരണം എത്ര അർത്ഥവത്തായിരിക്കുന്നു! നിയമജ്ഞരുടെ ഇടയിൽഇരുന്നു് അവരെ ശ്രവിക്കുകയും അവരോടു ചോദ്യങ്ങൾ ചോദിക്കുന്നതായും അവർ കണ്ടു. അക്കാലത്തു നിയമജ്ഞരോടുള്ള ഇടപഴകൽ പാണ്ഡിത്യത്തിന്റെയും വിജ്ഞാനത്തിന്റെയും പഴയനിയമത്തിന്റെ വെളിച്ചത്തിൽ ജീവിതത്തെ നിയന്ത്രിക്കുവാനുള്ള സാമർത്ഥ്യത്തിന്റേയും എന്നുവേണ്ടാ എല്ലാ വൈശിഷ്ട്യത്തിന്റേയും തെളിവാണു്.

യുഗങ്ങളിലെ വിജ്ഞാനം ശേഖരിക്കുകയാണു് എക്കാലത്തും ബുദ്ധിശക്തിയുടെ കർത്തവ്യം. സനാതനതത്വങ്ങൾ അടുത്ത തലമുറയെ ഏല്പിക്കുകയും ശാസ്ത്രീയഗവേഷണം നടത്തുകയുമാണാവശ്യം. നാമോരോരുത്തരും മരിച്ചു ദൈവത്തിങ്കലേക്കു് അടുക്കുന്നു; എന്നാൽ മനുഷ്യവർഗ്ഗം ഭാവിയിലേക്കു നീങ്ങിക്കൊണ്ടേ ഇരിക്കുന്നു.

സ്വാഭാവികവും അതിസ്വാഭാവികവുമായ ആവിഷ്കരണത്തിൽ ക്രിസ്തു സദാ സന്നിഹിതനാണു്. അവിടുന്നു സദാ അവിടുത്തെ സ്ഥാന

www.malankaralibrary.com

ത്തുണ്ട്. "എന്തുകൊണ്ടെന്നാൽ നിങ്ങൾക്കു് ഒരു ഗുരുവേയുള്ളു: ക്രിസ്തു." (മത്താ 23, 10)

ഇതു് അഞ്ചാമത്തേ രഹസ്യമാണു്; സന്തോഷരഹസ്യങ്ങളിൽ ഒടുവിലത്തേതു്. സ്വാഭാവികമായ അപദാനങ്ങളാലോ, ജീവിത സാഹചര്യങ്ങളാലോ തലവന്മാരുടെ ആഗ്രഹത്താലോ സത്യത്തിൻെറ ശുശ്രൂഷയ്ക്കും ഗവേഷണത്തിനും ഉപദേശത്തിനും ഗ്രന്ഥങ്ങളോ റേഡിയോ പ്രഭാഷണങ്ങളോ ടെലവിഷനോവഴി പ്രാചീന വിജ്ഞാനം പകുത്തുകൊടുക്കുന്നതിനും വിളിക്കപ്പെട്ടിരിക്കുന്നവക്കുവേണ്ടി ഈ പത്തു "നന്മനിറഞ്ഞമറിയമേ" ജപം കാഴ്ചവയ്ക്കാം. ഇവരും ഈശോയെ പിഞ്ചെല്ലുവാൻ വിളിക്കപ്പെട്ടവരാണു്. ബുദ്ധിജീവികളും ഉദ്യോഗസ്ഥന്മാരും പത്രപ്രവത്തകരും ആ ഗണത്തിൽപ്പെടുന്നു. സത്യത്തെ സമാദരിക്കുകയും വിശ്വസ്തതയോടും വിവേകത്തോടുംകൂടെ എന്നാൽ സത്യം വളച്ചൊടിക്കുകയോ സ്വന്തം കണ്ടുപിടിത്തങ്ങൾ കൂട്ടിച്ചേക്കപ്പെടുകയോ ചെയ്യാതെ കൈകാര്യം ചെയ്യുകയും വേണ്ടതാണു്.

പുരോഹിതരും അൽമേയരുമായ അവക്കെല്ലാവക്കുംവേണ്ടി നാം പ്രാത്ഥിക്കുന്നു. ഇതിനു ഹൃദയനൈർമ്മല്യം ആവശ്യകമാണു്. സത്യം ഗ്രഹിക്കുവാൻ മാനസികമായി അഗാധ എളിമയും അത്യന്താപേക്ഷിതമാണു്. സത്യം പരിപാലിച്ചുകൊണ്ടുപോകാൻ അനുസരണയും വേണം. ഇതായിരുന്നു ഈശോയുടേയും അവിടുത്തേ വിശുദ്ധന്മാരുടേയും ശക്തി. അനുസരണംകൊണ്ടുമാത്രമേ സമാധാനം കൈവരൂ. അതിൻെറ സാരം വിജയംതന്നെ.

## ദുഃഖരഹസ്യങ്ങൾ

1. ഈശോ ഗെദ്സെമിൻ തോട്ടത്തിൽ.

ഈശോ അഗാധവേദനയനുഭവിച്ച സ്ഥലത്തിൻേറയും സമയത്തിൻേറയും ഓമ്മ നമ്മുടെ മനസ്സിൽ പൊന്തിവരുമ്പോൾ നമ്മുടെ ഹൃദയം തരളിതമാകുന്നു. "അവിടുന്നു രക്തം വിയത്തു; രക്തബിന്ദുക്കൾ നിലത്തു് ഇറ്റിറ്റു വീണു." അന്തരാത്മാവിൽ സഹനം; ഏകാന്തതയുടെ അതിരറ്റ കയ്പു്; തകന്ന ശരീരത്തിൻെറ ക്ഷീണം. പീഡകളുടെ സാമീപ്യംകൊണ്ടേ, അവിടുത്തേ മനോവേദന അളക്കുവാൻ കഴിയൂ. പീഡാനുഭവം അകലെയല്ല, ആ മണിക്കൂറിൽത്തന്നെ തുടങ്ങുന്നതായിട്ടാണു് അവിടുന്നു കാണുന്നതു്.

ദൈവം അയയ്ക്കുന്നതോ അനുവദിക്കുന്നതോ ആയ സഹനം സ്വീകരിക്കുവാൻ ഗെത്സ്സെമിനിലേ കാഴ്ച നമ്മളെ ശക്തിപ്പെടുത്തു

www.malankaralibrary.com

കയും നമുക്കു ധൈര്യം നല്കുകയും ചെയ്യുന്നു. "എന്റെ ഇഷ്ടമല്ല, അങ്ങയുടെ ഇഷ്ടം നിറവേറട്ടെ." ഈ വാക്കുകൾ ഹൃദയത്തെ പിളക്കുകയും വീണ്ടും സുഖപ്പെടുത്തുകയും ചെയ്യുന്നു. സഹിച്ചുകൊണ്ടിരിക്കുന്ന ക്രിസ്തുവിനോടുകൂടെ സഹിക്കണമെങ്കിൽ ഒരു ക്രിസ്ത്യാനിക്ക് എന്തുമാത്രം തീക്ഷ്ണത വേണമെന്നു പ്രസ്തുത വാക്കുകൾ നമ്മളെ പഠിപ്പിക്കുന്നു. അവിടുന്നു നമുക്കു നേടിത്തന്ന അവർണ്ണനീയ യോഗ്യതകളെ സംബന്ധിച്ച് അഥവാ ദിവ്യജീവിതത്തെ സംബന്ധിച്ചു നമുക്ക് ഉറപ്പുതരുന്നു. ഇന്നു കൃപാവരത്തിന്റേതാണ് ആ ജീവിതം; നാളെ സ്വർഗ്ഗീയപ്രതാപത്തിന്റേതായിരിക്കും.

ഈ രഹസ്യത്തെപ്പററി ധ്യാനിക്കുമ്പോൾ "എല്ലാ ക്രൈസ്തവ സമൂഹങ്ങളേയും സംബന്ധിച്ചുള്ള ഉൽകണ്ഠ" നമ്മുടെ പ്രാർത്ഥനയുടെ നിയോഗമാകേണ്ടിയിരിക്കുന്നു. ജെനാസറത്തു തടാകത്തിൽ "കാററ് അവർക്കെതിരായിരുന്നപ്പോൾ" അപ്പസ്തോലന്മാർക്കുണ്ടായ മനഃക്ഷോഭം പോലെയാണ് ഈ ഉൽകണ്ഠ നമ്മുടെ മനസ്സിനെ അലട്ടുന്നത്. പരിശുദ്ധ പിതാവിന്റെ അനുദിനപ്രാർത്ഥനയുടെ നിയോഗം അതുതന്നെ. അതിപ്രധാന മണിക്കൂറുകളിൽ അത്യുന്നത അജപാലകനുള്ള ഉൽകണ്ഠ കാണുക! പരിശുദ്ധ പിതാവിനോടുകൂടെ സഹിച്ചുകൊണ്ടിരിക്കുന്നതും ഭൂമിയിൽ മുഴുവനും വ്യാപിച്ചു കിടക്കുന്നതുമായ തിരുസ്സഭയുടെ മനോവേദനയങ്ങനെ. വിശ്വസിക്കുവാനും ചിന്തിക്കുവാനും ജീവിക്കുവാനുമുള്ള സ്വാതന്ത്ര്യത്തിനെതിരായി തിരിച്ചുവിടുന്ന മർദ്ദനങ്ങൾക്ക് അടിപ്പെട്ടിരിക്കുന്ന ക്രിസ്തുവിന്റെ ആടുകളങ്ങനെ. "ആരു സഹിക്കുമ്പോഴാണു ഞാൻകൂടെ സഹിക്കാത്തതു്" (ii കൊറി 11, 29)

നമ്മുടെ സഹോദരന്റെ വേദനയിൽ പങ്കെടുക്കുന്നതു്, സഹിക്കുന്നവരോടുകൂടെ സഹിക്കുന്നതു്, വിലപിക്കുന്നവരോടുകൂടെ വിലപിക്കുന്നതു് അനുഗ്രഹസംദായകമാണ്; തിരുസ്സഭയ്ക്കു മഹായോഗ്യതയാണ്. ഈശോയുടെ രക്തത്തിലും വിശുദ്ധന്മാരുടേയും സജ്ജനങ്ങളുടേയും സ്നേഹത്തിലും നമ്മളെല്ലാവരും ഓഹരിക്കാരാകുന്നതല്ലേ "വിശുദ്ധന്മാരുടെ ഐക്യം" എന്നു പറയുന്നതു്? ഇതു് ഐകമത്യം മാത്രമല്ല, ഐക്യമാണ്. അതിനെപ്പററി നാം ചിന്തിക്കാറുണ്ടോ? കഷ്ടമേ, നമ്മുടെ പാപങ്ങളും പരാജയങ്ങളും! കർത്താവിന്റെ കുരിശു നമ്മളെ ഉയർത്തുകമാത്രമല്ല ചെയ്യുന്നതു്; നമ്മുടെ ആത്മാക്കളെക്കൂടി അവിടുത്തേ അടുക്കലേക്കു വലിച്ചടുപ്പിക്കുന്നു. "ഞാൻ ഉയർത്തപ്പെട്ടപ്പോൾ, എല്ലാവരേയും ഞാൻ എന്റെ അടുക്കലേക്കു വലിച്ചടുപ്പിക്കും" (യോഹ. 12, 32) എല്ലാ വസ്തുക്കളേയും എല്ലാ മനുഷ്യരേയും.

www.malankaralibrary.com

2 ചമ്മട്ടിയടി.

ഈശോയുടെ നിര്‍മ്മലവും പരിശുദ്ധവുമായ ശരീരത്തില്‍ നിര്‍ദ്ദയമായി ചമ്മട്ടികൊണ്ടു് അടിച്ച രംഗമാണു് ഈ രഹസ്യം നമ്മളെ അനുസ്മരിപ്പിക്കുന്നതു്.

ശരീരവും ആത്മാവും കൂടിച്ചേര്‍ന്ന വസ്തുവാണല്ലോ മനുഷ്യന്‍. ശരീരം എത്രയും നീചമായ പരീക്ഷകള്‍ക്കു വിധേയമാണു്. ദുര്‍ബ്ബലമായ മനസ്സു പരാജയപ്പെട്ടേക്കും. ഈ രഹസ്യത്തില്‍ രക്ഷാകരമായ പ്രായശ്ചിത്തത്തിനുള്ള ഒരാഹ്വാനമുണ്ടു്. മനുഷ്യന്‍റെ യഥാര്‍ത്ഥമായ ആരോഗ്യത്തിനു് അതു നല്ലതാണു്; ശരീരത്തിന്‍റേയും ആത്മാവിന്‍റേയും ആരോഗ്യത്തിനു് പററിയതാണു്.

ഇവിടെ നമുക്കു് ഒരു നല്ലപാഠമുണ്ടു്; ക്രൂരമായ രക്തസാക്ഷിത്വത്തിനു നാം വിളിക്കപ്പെട്ടില്ലെന്നുവരാം എന്നാല്‍ അനുസ്യൂതമായ ശിക്ഷണവും ആശാപാശങ്ങളുടെ നിഗ്രഹവും നമുക്കാവശ്യമാണു്. ഈ മാര്‍ഗ്ഗം യഥാര്‍ത്ഥത്തില്‍ കുരിശിന്‍റെ ഒരു വഴിയാണു്: ദിവസന്തോറും അവശ്യം നാം നടക്കേണ്ടിവരുന്ന ഒരു മാര്‍ഗ്ഗംതന്നെ. ചിലപ്പോള്‍ ധീരമായ ത്യാഗമായിരിക്കും അവക്കു വേണ്ടിവരിക. പദം പദം വച്ചു മുന്നേറുമ്പോള്‍ യേശുക്രിസ്തുവിനോടു നാം കൂടുതല്‍ സദൃശരായെന്നുവരും. നമ്മളിലും എല്ലാ ജനങ്ങളിലുമുള്ള പാപങ്ങള്‍ക്കു് അവിടുത്തെ രക്തം വഴി സംസിദ്ധമാകുന്ന പരിഹാരത്തില്‍ നമുക്കു് ഓഹരി സിദ്ധിക്കുന്നു. അതുപോലെതന്നെ അവിടുത്തെ യോഗ്യതകളിലും അത്യുത്സാഹഭാവമോ മതഭ്രാന്തോ മതിയാകയില്ല. മതഭ്രാന്തു നിഷ്കളങ്കമായിരുന്നാലും ദ്രോഹകാരണമായേക്കാം.

സ്വപുത്രന്‍ ചമ്മട്ടികൊണ്ടു് അടിക്കപ്പെടുന്നതു് വ്യാകുലാംബിക ദര്‍ശിച്ചു. പരിശുദ്ധ അമ്മയുടെ മനോദുഃഖം എത്രമാത്രമായിരുന്നിരിക്കണം! പല അമ്മമാരും തങ്ങളുടെ മക്കള്‍ നല്ല ശിക്ഷണത്തോടും ആരോഗ്യത്തോടുംകൂടെ വളര്‍ന്നുകാണാനാഗ്രഹിക്കാറുണ്ടു്; എന്നാല്‍ അവരുടെ പ്രതീക്ഷകള്‍ അസ്ഥാനത്താകയും അവരെ പ്രതികരയുകയും ചെയ്യാനിടവരുന്നു. അവരുടെ ജാഗ്രതയും ഉല്‍ക്കണ്ഠയും ഇങ്ങനെ പര്യവസാനിച്ചല്ലോ എന്നാണു് അവരുടെ ഖേദം,

ആകയാല്‍ ഈ രഹസ്യത്തിലെ "നന്മനിറഞ്ഞ മറിയമേ" എന്ന അപേക്ഷകള്‍ കുടുംബങ്ങളുടേയും സമുദായത്തിന്‍റേയും പവിത്രീകരണത്തിനുവേണ്ടി കാഴ്ചവയ്ക്കണം. പ്രത്യേകിച്ചു ജഡികപരീക്ഷകള്‍ക്കു വി

www.malankaralibrary.com

ധേയരായ യുവജനങ്ങൾക്കു വിശുദ്ധ പുണ്യത്തോടുള്ള പ്രതിപത്തിയുണ്ടാകാൻ നമുക്കു കാഴ്ചവെയ്ക്കാം. അതേസമയം എന്തു വിലകൊടുത്തും സ്വഭാവദാർഢ്യം അവർ പാലിക്കേണ്ടതാണല്ലോ. അവരെടുത്തിരിക്കുന്ന പ്രതിജ്ഞകളോടും അവക്കു സിദ്ധിച്ചിട്ടുള്ള ഉപദേശങ്ങളോടും അവർ വിശ്വസ്തരായിരിക്കണമല്ലോ. ആകയാൽ ഈ നിയോഗത്തിനായി ഈ രഹസ്യം നമുക്കു ചൊല്ലാം.

3. മുൾക്കിരീടം ശിരസ്സിൽ വയ്ക്കുന്നു.

സമുദായഭരണത്തിൽ ഗുരുതരമായ ഭാരം വഹിക്കുന്നവരെ അനുസ്മരിച്ച് ഈ രഹസ്യം നമുക്കു ധ്യാനിക്കാം. ഇതു നിയമദാതാക്കളുടേയും ഭരണകർത്താക്കളുടേയും ന്യായാധിപന്മാരുടേയും രഹസ്യമാണെന്നു പറയാം. ക്രിസ്തുരാജൻ മുൾക്കിരീടം ധരിക്കുന്നു, ഭരണാധിപന്മാരും കിരീടം ധരിക്കുന്നുണ്ട്. അതിന് അനിഷേധ്യവൈശിഷ്ട്യവും മേന്മയുമുണ്ട്. ദൈവത്തിൽനിന്നുവരുന്ന ദിവ്യമായ അധികാരത്തെ പ്രതിനിധാനം ചെയ്യുന്നതാണു പ്രസ്തുത കിരീടങ്ങൾ. എന്നുവരികിലും ആ കിരീടത്തിൻെറയുള്ളിൽ ഭാരമേറിയതും വേദനിപ്പിക്കുന്നതുമായ ചില മുള്ളുകളുണ്ട്. ആ മുള്ളുകൾ നമ്മളെ നിരുത്സാഹപ്പെടുത്തുകയും സംശയാധീനരാക്കുകയും ചെയ്യുന്നു. നിർഭാഗ്യങ്ങളും മനുഷ്യരുടെ പാപങ്ങളും വരുത്തിക്കൂട്ടുന്ന സഹനങ്ങളും വിവിധ ഉൽകണ്ഠകളുമാണ് ആ മുള്ളുകൾ. മനുഷ്യരെ നാം എത്രകണ്ടു കൂടുതൽ സ്നേഹിക്കുന്നുവോ അത്രകണ്ടു സഹനം കൂടുതലായിരിക്കും. മനുഷ്യരുടെ മുമ്പിൽ സ്വർഗ്ഗസ്ഥനായ പിതാവിൻെറ പ്രാതിനിധ്യം നാം വഹിക്കേണ്ടിയിരിക്കുന്നു. അപ്പോൾ ഈശോയ്ക്കെന്നതുപോലെ അവക്കും സ്നേഹം ഒരു മുൾക്കിരീടമായിത്തീരുന്നു. തങ്ങളെ സ്നേഹിക്കുന്നവൻെറ ശിരസ്സിനു ക്രൂരർ മെടഞ്ഞുണ്ടാക്കുന്നതാണു മുൾക്കിരീടം.

ഈ രഹസ്യത്തെപ്പററി മറെറാരുവിധത്തിൽക്കൂടി ചിന്തിക്കാം. കൂടുതൽ ടാലൻറുകൾ കിട്ടിയിട്ടുള്ളവരുടെ ഭാരമേറിയ ചുമതലകളെപ്പററി ഈ രഹസ്യത്തിൽ ധ്യാനിക്കാവുന്നതാണ്. അവർ തങ്ങളുടെ ബുദ്ധിശക്തിയും കഴിവുകളും വിനിയോഗിച്ചു കൂടുതൽ ഫലം പുറപ്പെടുവിക്കേണ്ടതാണല്ലോ: വളരെയേറെ ബുദ്ധിശക്തി ലഭിച്ചിട്ടുള്ളവർ ഇതരക്കു പ്രകാശവും നായകന്മാരായിരിക്കുവാൻവേണ്ടി വളരെ ക്ഷമയോടെ വ്യാപരിക്കണം; അഹങ്കാരത്തിൻേറയും സ്വാർത്ഥത്തിൻേറയും, അനൈക്യത്തിൻേറയും പ്രലോഭനങ്ങളെ ചെറുക്കണം. അവ വിനാശകരമാണ്.

www.malankaralibrary.com

4. കുരിശിന്റെ വഴി.

മനുഷ്യജീവിതം അന്തസ്യൂതവും ദീർഘവും ശ്രമകരവുമായ ഒരു തീർത്ഥയാത്രയാണ്. കല്ലും കുണ്ടും കുഴിയുമുള്ള ഒരു വഴി ഒരു കുന്നിൽക്കൂടെ മുന്നോട്ടുപോകുന്നു. ഈ രഹസ്യത്തിൽ ഈശോ അഖില മനുഷ്യരേയും പ്രതിനിധാനം ചെയ്യുന്നു. നമുക്കോരോരുത്തർക്കും ഒരു കുരിശു വഹിക്കാനുണ്ട്. അല്ലാത്തപക്ഷം സ്വാർത്ഥതയും ക്രൂരതയും നമ്മളെ പരീക്ഷിച്ചുകൊണ്ടിരിക്കും. താമസിയാതെ നാം വഴിയിൽ വീഴും.

ഗാഗുൽത്തായിലേക്കു കുരിശുംവഹിച്ചുകൊണ്ടു കയറിപ്പോകുന്ന ഈശോയെ ദർശിക്കുന്ന നാം കുരിശിനെ ആശ്ലേഷിക്കുവാനും ചുംബിക്കുവാനും സാനന്ദം സധീരം കുരിശുവഹിക്കുവാനും ഹൃദയംകൊണ്ടും മനസ്സുകൊണ്ടും നാം പഠിക്കുന്നു. "കുരിശിലാണു നമ്മുടെ രക്ഷ, കുരിശിലാണു നമ്മുടെ ജീവൻ, കുരിശിലാണു നമ്മുടെ ജീവനും, നമ്മുടെ ശത്രുക്കളെ എതിരിടാനുള്ള രക്ഷണായുധവും." എന്നാണല്ലോ നാം ക്രിസ്ത്വാനുകരണത്തിൽ വായിക്കുന്നതു്.

പീഡിതനായ ഈശോയെ പിഞ്ചെല്ലുകയും അവിടുത്തെ കഷ്ടതകളിലും യോഗ്യതകളിലും അടുത്തുനിന്നു പങ്കെടുക്കുകയും ചെയ്ത കന്യകാമറിയത്തെ നമ്മുടെ പ്രാർത്ഥനയിൽനിന്നു് എങ്ങനെ മാറ്റിനിറുത്തും?

അനാഥർ, വൃദ്ധർ, രോഗികൾ, അഗതികൾ, കാരാഗൃഹവാസികൾ, വിപ്രവാസികൾ എങ്ങിങ്ങനെ കഷ്ടപ്പെടുന്ന എല്ലാവരേയും ഈ രഹസ്യത്തിൽ നാം ദർശിക്കണം. അവർക്കു ശക്തിയും, ആശ്വാസസംദായകമായ പ്രത്യാശയും നല്കണമെന്നു് നാം പ്രാർത്ഥിക്കുന്നു; വികാരഭരിതനായി രഹസ്യമായ ബാഷ്പകണങ്ങളോടുകൂടെ നാം വിളിച്ചുപറയണം: "ഞങ്ങളുടെ ഏക പ്രത്യാശയായ കുരിശേ, സ്വസ്തി!"

5, ഈശോയുടെ മരണം.

"ജീവനും മരണവും, ഭയങ്കരവും അജ്ഞാതവുമായ ഒരു സമരത്തിൽ ഏററുമുട്ടി" (ഉയിർപ്പുകുർബാനക്രമം) ക്രിസ്തുവിന്റെ ബലിയിലെ വിധിനിർണ്ണായകവും അതിപ്രധാനവുമായ രണ്ടു ഘടകങ്ങളാണു ജീവനും മരണവും. ബെത്ലഹമിലെ അവിടുത്തെ പുഞ്ചിരി എല്ലാ മനുഷ്യശിശുക്കളുടേയും മുഖത്തു് അവർ ഭൂമിയിൽ ആദ്യം പ്രത്യക്ഷപ്പെടുമ്പോൾ പുഞ്ചിരി വരുത്തുന്നു; അതുപോലെതന്നെ കുരിശിൽനിന്നുള്ള അവിടുത്തെ അവസാന നെടുവീർപ്പു മനുഷ്യരുടെ സഹനങ്ങളെയെല്ലാം ഒരുമിച്ചുകൂട്ടി നമ്മുടെ പാപങ്ങൾക്കു പരിഹാരം ചെയ്തുകൊ

www.malankaralibrary.com

ണ്ടു് അവ മായിച്ചുകളയുന്നു. ക്രിസ്തു ഭൂമിയിലെങ്ങനെയാണു ജീവിച്ചതെന്നു നമുക്കറിയാം. ശിശുവായ് ക്രിസ്തുവിൻെറ അരികേ ബെത്ലഹമിൽ കന്യാകമറിയമുണ്ടായിരുന്നു; കുരിശിൻെറ പാർശ്വത്തിലും മറിയം ഉണ്ടായിരുന്നു. "ഇപ്പോഴും നമ്മുടെ മരണനേരത്തും" നമുക്കുവേണ്ടി പ്രാർത്ഥിക്കണമേയെന്നു് പരിശുദ്ധയമ്മയോടു നമുക്കു അപേക്ഷിക്കാം.

ദൈവപുത്രൻ തങ്ങൾക്കു വേണ്ടി ചിന്തിയ രക്തത്തെപ്പററി കേൾക്കുക പോലും ചെയ്യാത്തവരുണ്ടാകും, കടുത്തപാപികളും അവിശ്വാസികളും സുവിശേഷപ്രകാരം പരിത്യജിക്കുന്നവരുമങ്ങനെ, അവരെയെല്ലാം ഈ രഹസ്യത്തിൽ നാം ദർശിക്കുന്നു. എത്ര അന്താപകരമായ ചിന്ത! ഈ ചിന്ത നമ്മിൽ വലിയ ഒരാഗ്രഹം ജനിപ്പിക്കുന്നു; പരിഹാര മനുഷ്യവീർപ്പു വരുന്നു; നമ്മുടെ പ്രേഷിത വേല ഭൂമിയുടെ അതിർത്തിവരെ എത്തണമെന്നൊരാഗ്രഹം ജനിപ്പിക്കുന്നു. എല്ലാമനുഷ്യർക്കും വേണ്ടി ചിന്തപ്പെട്ടിരിക്കുന്ന അമൂല്യരക്തം എവിടേയും എല്ലാവർക്കും രക്ഷയും മാനസാന്തരവും അരുളട്ടെയെന്നു നാം തീക്ഷ്ണതാപൂർവ്വം പ്രാർത്ഥിക്കണം. ക്രിസ്തുവിൻെറ രക്തം നിത്യജീവൻെറ അച്ചാരവും വാഗ്ദാനവുമായിരിക്കട്ടെ.

## മഹത്വരഹസ്യങ്ങൾ

1. നമ്മുടെ കർത്താവിൻെറ പുനരുത്ഥാനം.

മരണത്തെ വെല്ലുവിളിച്ചു പരാജയപ്പെടുത്തിയിരിക്കുന്നതാണു് ഈ രഹസ്യം. പുനരുത്ഥാനം ക്രിസ്തുവിൻെറ മഹാ വിജയമാണു്; പരിശുദ്ധ കത്തോലിക്കാസഭയുടെ ഭൂതഭാവിമർദ്ദനങ്ങളുടെ ഇടയിൽ വിജയസൂചിയാണു്. "ക്രിസ്തു ജയിക്കുന്നു; ക്രിസ്തു ഭരിക്കുന്നു; ക്രിസ്തു ആജ്ഞാപിക്കുന്നു." ക്രിസ്തു പുനരുത്ഥാനത്തിനുശേഷം ആദ്യം പ്രത്യക്ഷപ്പെട്ടതു ഭക്തസ്ത്രീകൾക്കാണു്. അവിടുത്തെ വിനീത ജീവിതത്തിൽ അവർകൂടെ ഉണ്ടായിരുന്നു; അവിടുത്തെ സഹനങ്ങളുടെ ഇടയ്ക്കു ഗാഗുൽത്താമലവരെ അവർ അനുധാവനം ചെയ്തു; അവിടുത്തോടുകൂടെ അവർ കഴിച്ചുകൂട്ടുകയും ചെയ്തു. നമുക്കു് എത്രയും പ്രിയപ്പെട്ടവരും നമ്മളോടുകൂടെ ജീവിച്ചവരും നമ്മളോടുകൂടെ സഹിച്ചവരും പുനരുത്ഥാനം ചെയ്ത ഈശോയോടു് ഐക്യപ്പെട്ടിരിക്കുന്നതായി വിശ്വാസത്തിൻെറ ദൃഷ്ടിയോടെ നാം ഈ രഹസ്യത്തിൽ കാണുന്നു. ക്രിസ്തുവിൻെറ പുനരുത്ഥാനത്തിൻെറ വെളിച്ചത്തിൽ മരിച്ചവരുടെ ഓർമ്മ നമ്മുടെ ഹൃദയത്തിൽ എത്രയും സജീവമായി പൊന്തിവരുന്നു. ക്രൂശി

www.malankaralibrary.com

തൻെറ പുനരുത്ഥാനം ചെയ്യപ്പെട്ടവനുമായ നമ്മുടെ കത്താവിൻെറ ബലിയിൽ നാം അവരെ അനുസ്മരിക്കുന്ന പ്രാത്ഥനയാണല്ലോ നമ്മുടെ ജീവിതത്തിലേ എത്രയും ശ്രേഷ്ഠമായ ഭാഗം. അതിലും ഈശോയിലും അവക്ക് ഓഹരി ലഭിക്കും.

പൗരസ്ത്യശവസംസ്കാരകമ്മം സകല മരിച്ചവക്കുംവേണ്ടിയുള്ള അല്ലേലൂയാകൊണ്ടാണ സമാപിക്കുന്നതു്. മരിച്ചവക്ക നിത്യഭവനത്തിലേ പ്രകാശം നല്കണമേയെന്നു് അപേക്ഷിക്കുമ്പോൾത്തന്നെ നമ്മുടെ ശരീരത്തിനുണ്ടാകാനിരിക്കുന്ന പുനരുത്ഥാനത്തിലേക്കു നമ്മുടെ ചിന്തകൾ തിരിയുന്നു. "മരിച്ചവരുടെ പുനരുത്ഥാനവും ഞാൻ പ്രതീക്ഷിക്കുന്നു." ഈശോയുടെ പുനരുത്ഥാനം നമ്മുടെ പുനരുത്ഥാനത്തിൻെറ അച്ചാരമാണു്. അങ്ങിനായി കാത്തിരിക്കുന്നതു സ്വഗ്ഗത്തിൻെറ മുൻകൂട്ടിയുള്ള ആസ്വാദനംതന്നെയാണു്.

2. ഈശോയുടെ സ്വഗ്ഗാരോഹണം.

ഈശോയുടെ വാഗ്ദാനങ്ങളുടെ അന്തിമപൂത്തീകരണമാണു് ഈ ചിത്രത്തിൽ നാം ദശിക്കുന്നതു്. സ്വഗ്ഗത്തിനായുള്ള നമ്മുടെ കാത്തിരിപ്പിനു് അവിടുന്നു നല്കുന്ന മറുപടിയാണിതു്. പിതാവിൻെറ അടുക്കൽനിന്നു് ഒരു ദിവസം അവിടുന്നു ലോകത്തിലേക്കു് ഇറങ്ങിവന്നു. "നിങ്ങൾക്കു് ഒരു സ്ഥലമൊരുക്കുവാൻ പോകുന്നു" (യോഹ. 14, 2) എന്ന അവിടുത്തെ വാഗ്ദാനത്തിനു് ഉറപ്പാണു പിതാവിലേക്കുള്ള അവിടുത്തെ പ്രത്യാഗമനം.

തങ്ങളുടെ ദൈവവിളിയെപ്പററി ചിന്തിച്ചുകൊണ്ടിരിക്കുന്ന ആത്മാക്കൾക്കു് ഈ രഹസ്യം പ്രകാശവും മാഗ്ഗനിദ്ദേശവും നല്കുന്നു. ഈലോകത്തിലേ ധനത്തിൽ കുടുങ്ങിയിട്ടില്ലാത്ത വൈദികരുടെ ഹൃദയങ്ങളിൽ ഉന്നതങ്ങളിലേക്കു പറന്നുകയറാനുള്ള ആദ്ധ്യാത്മികാഭിനിവേശം നാം ദശിക്കുന്നു. അവർ തങ്ങളെത്തന്നെയും അന്യരെയും പരിശുദ്ധിയിലേക്കാനയിക്കുന്നു. പുരോഹിതരും സന്യാസികളും സന്യാസിനികളും മിഷനറിമാരും ദൈവത്തേയും തിരുസ്സഭയേയും ആത്മാക്കളേയും സ്നേഹിക്കുന്ന അൽമായരും പരിപൂണ്ണതയിൽ എത്തിച്ചേരേണ്ടതാണു്. ക്രിസ്തുവിൻെറ സൗരഭ്യമാണു് ആത്മാക്കൾ. അവർ എവിടെയായിരിക്കുന്നുവോ അവിടെയൊക്കെ ഈശോയുടെ സാന്നിദ്ധ്യം പ്രകാശിതമാക്കുന്നു. സ്വഗ്ഗീയജീവിതത്തിൽ അവരെന്നും ഭാഗഭാക്കുകളാണു്.

നമുക്കു തടസ്സമുണ്ടാക്കുന്നതും ഭാരം വരുത്തുന്നതുമായ എല്ലാത്തിൽനിന്നും ഒഴിഞ്ഞുമാറി നില്ക്കാൻ ഈ രഹസ്യം നമ്മളെ ഉദ്ബോധിപ്പിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുന്നു. സ്വഗ്ഗത്തിലേക്കു നമ്മളെ

www.malankaralibrary.com

വലിച്ചടുപ്പിക്കുന്ന ദൈവതിരുമനസ്സിനു കീഴ്പ്പെടുവാനും അതു പ്രേരിപ്പിക്കുന്നു. പിതാവിലേക്കു മടങ്ങാൻ ഈശോ സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്തപ്പോൾ, തന്റെ പ്രഥമ ശിഷ്യന്മാരേയും അവിടുത്തെ വിശ്വസിച്ച് ശ്ലീഹാന്മാരുടെ പാദങ്ങളെ അനുധാവനം ചെയ്തവരേയും ആശീർവ്വദിക്കുവാൻ അവിടുന്നു കൈനീട്ടി. അവിടുത്തോടും പരിരക്ഷിതരായ എല്ലാവരോടും നിത്യാനന്ദത്തിൽ ഐക്യപ്പെടുന്നതിന്റെ പ്രശാന്തമായ സാക്ഷീകരണമാണ് അവരുടെ ഹൃദയത്തിൽ അവിടുത്തെ ആശീർവ്വാദം ഉളവാക്കിയതു്.

3. പരിശുദ്ധാത്മാവിന്റെ ആഗമനം.

ഒടുക്കത്തെ അത്താഴത്തിൽ പരിശുദ്ധാത്മാവിന്റെ വാഗ്ദാനം ശ്ലീഹന്മാർക്കു ലഭിച്ചു. പിന്നീടു് അതേ മുറിയിൽ ഈശോയുടെ അഭാവത്തിൽ എന്നാൽ മറിയം സന്നിഹിതനായിരിക്കേ ക്രിസ്തുവിന്റെ പരമദാനമായ പരിശുദ്ധാത്മാവിനെ അവർ സ്വീകരിച്ചു. ജീവദാതാവും ആശ്വാസകനുമല്ലാതെ എന്താണു പരിശുദ്ധാത്മാവു്? പരിശുദ്ധാത്മാവു് എല്ലാ ദിവസവും അനുസ്യൂതമായി തിരുസ്സഭയുടെ മേൽ ചിന്തപ്പെടുന്നു. എല്ലാ യുഗങ്ങളും എല്ലാ മനുഷ്യരും പരിശുദ്ധാത്മാവിന്റേതാണു്. ബാഹ്യമായി സഭയുടെ വിജയങ്ങൾ സദാ ദൃശ്യമല്ല. എന്നാൽ എല്ലായ്പോഴും അവ ഉണ്ടാകുന്നുണ്ടു്. അത്ഭുതാവഹവും ആശ്ചര്യജനകവുമാണവ.

തീർത്ഥകസഭ സൂനഹദോസിനായി ആവേശത്തോടെ ഒരുങ്ങിക്കൊണ്ടിരിക്കുന്ന ഈ വത്സരം ഈ രഹസ്യം ഒരു പ്രത്യേകോദ്ദേശ്യത്തോടെ കാഴ്ചവയ്ക്കേണ്ടതാണു്. സൂനഹദോസു വിശ്വാസത്തിന്റേയും പ്രേഷിതവേലയുടേയും മനുഷ്യരുടെ സുസ്ഥിതിക്കുള്ള അസാധാരണാനുഗ്രഹങ്ങളുടേയും ലോകസമാധാനത്തിന്റേയും ഒരു നവ പെന്തക്കുസ്തയായിരിക്കണം.

ഇശോയുടെ അമ്മയായ മറിയം, നമ്മുടെ എത്രയും മാധുര്യമുള്ള അമ്മ പെന്തക്കുസ്തയ്ക്കു ശ്ലീഹാന്മാരോടുകൂടെ അത്താഴമുറിയിലുണ്ടായിരുന്നു. ഇക്കൊല്ലം മുഴുവനും നമുക്ക് അവിടുത്തോടുകൂടെ ജപമാല വഴി യോജിച്ചിരിക്കാം. നമ്മുടെ പ്രാർത്ഥന അവിടുത്തെ പ്രാർത്ഥനയോടുകൂടെ ചേർന്ന് ആ പ്രാചീനാത്ഭുതം നവീകൃതമാകുന്നതു് കത്തോലിക്കാ സഭയ്ക്കു് ഒരു പൊൻപുലരിയുടെ ഉദയമായിരിക്കും. സഭ പരിശുദ്ധവും കാതോലികവുമാണു്; അതു് ഇക്കാലത്തു കൂടുതൽ പരിശുദ്ധവും കൂടുതൽ കാതോലികവുമാകും.

www.malankaralibrary.com

4. ദൈവമാതാവിൻെറ സ്വർഗ്ഗാരോപണം.

കന്യകാമറിയത്തിൻെറ രാജകീയ രൂപം ഒരു സൃഷ്ടിക്കു പ്രാപിക്കാവുന്ന മഹത്വംകൊണ്ടു സമലംകൃതവും പ്രകാശമാനവുമാണ്. പൗരസ്ത്യക്രിസ്ത്യാനികൾ ഭാവനം ചെയ്യുന്ന "മറിയത്തിൻെറ നിദ്രാ"രംഗം എത്ര മധുരവും പ്രതാപസമന്വിതവും സുന്ദരവുമാണ്. മരണമാകുന്ന പ്രശാന്തനിദ്രയിൽ മറിയം അമർന്നിരിക്കയാണ്. ഈശോ അവിടുത്തെ സമീപത്തുനിന്ന്, അവിടുത്തെ ആത്മാവിനെ ഒരു കുഞ്ഞു ശിശുവിനെയെന്നപോലെ ഹൃദയത്തോടുചേർത്തു കൈയിൽ പിടിക്കുന്നു. അങ്ങനെ മറിയത്തിൻെറ പുനരുത്ഥാനത്തെയും മഹത്വീകരണത്തേയും അവിടുന്നു വ്യഞ്ജിപ്പിക്കുന്നു.

മറിയത്തിൻെറ ശരീരവും ആത്മാവും നിത്യരാജ്യത്തിലേക്കു വഹിച്ചുകൊണ്ടുപോകുന്ന രംഗത്തേക്കു ദൃഷ്ടിയും ഹൃദയവും തിരിക്കുകയാണു പാശ്ചാത്യക്രിസ്ത്യാനികൾ ചെയ്യുന്നത്. മഹാന്മാരായ കലാകാരന്മാരെല്ലാം മറിയത്തെ ഇങ്ങനെ നിസ്തുലമായ ദിവ്യസൗന്ദര്യത്തോടെ ഭാവനംചെയ്തു. മാലാഖാമാരുടെ അകമ്പടിയോടുകൂടി സ്വർഗ്ഗത്തിലേക്കു കയറിപ്പോകുന്ന കന്യകാമറിയത്തോടുകൂടെ നമുക്കും കയറിപ്പോകാം.

ദുഃഖസങ്കടങ്ങളുടെ കാലത്ത് ഭക്താത്മാക്കൾക്ക് ഇതു വിശ്വാസത്തിൻേറയും പ്രത്യാശയുടേയും നിദാനമായിരിക്കും. കൃപാവരത്തോടു സഹകരിക്കുകയാണെങ്കിൽ നമുക്കെല്ലാവർക്കും ഭക്താത്മാക്കളാകാം. പരിശുദ്ധി നേടുന്നതാണ് എത്രയും സുന്ദരമായ വിജയം. അതിനായി പ്രശാന്തതയോടെ ദൈവം ആത്മാക്കളെ ഒരുക്കുന്നു.

സ്വർഗ്ഗാരോപണരഹസ്യം മരണത്തിൻെറ ഓർമ്മ, നമ്മുടെ മരണത്തിൻെറ ഓർമ്മ നമ്മിൽ ജനിപ്പിക്കുന്നു; പ്രശാന്തമായ പ്രത്യാശ നമ്മിലുളവാക്കുകയും ചെയ്യുന്നു. നമ്മുടെ അന്തിമവേളയിൽ അമർത്ത്യമായ നമ്മുടെ ആത്മാവിനെ തന്റെ കരങ്ങളിൽ സ്വീകരിക്കുവാൻ നാം അഭിലഷിക്കുന്നതുപോലെ കർത്താവു നമ്മുടെ അരികേ ഉണ്ടാകുമെന്ന് ഈ രഹസ്യം നമ്മെ പഠിപ്പിക്കുന്നു.

"അമലോത്ഭവ കന്യകേ, അങ്ങയുടെ കൃപാവരം സദാ ഞങ്ങളുടെകൂടെ ഉണ്ടായിരിക്കട്ടെ.

5. മാലാഖാമാരുടേയും പുണ്യവാന്മാരുടേയും രാജ്ഞിയായി മറിയത്തെ കിരീടം ധരിപ്പിക്കുന്നു.

www.malankaralibrary.com

ആനന്ദവും മഹത്വവുമേറിയ ഈ രംഗത്തിൽ ജപമാലയുടെ സാരം മുഴുവനും നിക്ഷിപ്തമായിരിക്കുന്നു. അതോടെ ജപമാല അവസാനിക്കുകയും ചെയ്യുന്നു.

മറിയത്തിനു മാലാഖായിൽനിന്നു സിദ്ധിച്ച സന്ദേശത്തോടുകൂടിയാരംഭിച്ച പ്രവർത്തനങ്ങൾ പ്രകാശോജ്ജ്വലമായ അഗ്നിപോലെ വിവിധരഹസ്യങ്ങളിൽക്കൂടെ കടന്നുപോയി. നമ്മുടെ രക്ഷയെ സംബന്ധിച്ചിടത്തോളം ദൈവത്തിനുള്ള നിത്യമായ ഉദ്ദേശ്യങ്ങൾ ഓരോ രഹസ്യത്തിലും വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു. നമ്മുടെ മാർഗ്ഗത്തിൽ അവ നമ്മെ അനുധാവനം ചെയ്തശേഷം സ്വർഗ്ഗീയ പ്രതാപത്തിലേക്കു നമ്മളെ തിരിച്ചുകൊണ്ടുവരുന്നു.

ഈശോയുടേയും നമ്മുടേയും അമ്മയായ മറിയത്തിന്റെ മഹത്വം പരിശുദ്ധ ത്രിത്വത്തിന്റെ അപ്രാപ്യമായ പ്രകാശത്തിൽ പ്രഭാപൂരിതമാകുന്നു; പരിശുദ്ധസഭയിൽ തേജോമയമാകുംവിധം പ്രസ്തുത മഹത്വം പ്രതിബിംബിക്കുന്നു; സ്വർഗ്ഗത്തിൽ വിജയം വരിച്ചിരിക്കുന്നു; ശുദ്ധീകരണസ്ഥലത്തും സമരസഭയിലും സ്വർഗ്ഗപ്രതീക്ഷയോടെ സഹിക്കുന്നു.

മറിയമേ, അങ്ങു ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു; സദാ അങ്ങു ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. അതു ഞങ്ങൾക്കറിയാം; ഞങ്ങൾക്ക് അനുഭവവേദ്യവുമാണ്. സ്വർഗ്ഗീയവും മാനുഷികവുമായ വികാരങ്ങൾ കൈമാറുന്നതും ദിവ്യമായ വാക്കുകളും പ്രവൃത്തികളും ജപമാല നമ്മുടെ മുമ്പിൽ നിരത്തിവയ്ക്കുന്നതും എത്ര ആനന്ദസന്ദായകമാണ്! എത്ര വലിയ മഹത്വമാണ്! എന്തൊരു യാഥാർത്ഥ്യമാണ്! മാനുഷിക കഷ്ടതകൾ ശമിക്കുന്നു. ഈ ലോകത്തിന്റേതല്ലാത്ത സമാധാനത്തിന്റെ രുചി മുൻകൂട്ടി അനുഭവപ്പെടുന്നു. നിത്യജീവന്റെ പ്രത്യാശയും!

www.malankaralibrary.com

# ബെർഗാമോ സെമ്മിനരിയിൽ സെമ്മിനരി വിദ്യാൎത്ഥികൾക്കുള്ള ആദ്ധ്യാത്മിക നിയമങ്ങൾ

## ആഞ്ചെലോ റൊങ്കാലിയുടെ ഉപയോഗത്തിനു്

## (1895 — 1900)

പരിപൂൎണ്ണതാമാൎഗ്ഗത്തിൽ പുരോഗമിക്കുവാൻ ആഗ്രഹിക്കുന്ന സെമ്മിനരി വിദ്യാൎത്ഥികൾക്കുവേണ്ട ജീവിതനിയമങ്ങൾ.

എല്ലാദിവസവും

1 കാൽമണിക്കൂർ നേരമെങ്കിലും ധ്യാനിക്കുക.

2 വി. കുർബാന കാണുക; ഒന്നുകൂടി ഭേദം ശുശ്രൂഷിക്കുക.

3 വിശുദ്ധന്മാരുടെ ജീവചരിത്രമോ ആദ്ധ്യാത്മികവിഷയങ്ങളെപ്പററി പ്രതിപാദിക്കുന്ന ഗ്രന്ഥമോ വായിക്കുക.

4 വി. കുർബാന സന്ദൎശിക്കുക; കന്യകാമറിയത്തിനു പ്രതിഷ്ഠിതമായ ബലിപീഠവും.

5 ക്രിസ്ത്വാനുകരണത്തിൽനിന്നു ലത്തീനിൽ ഏതെങ്കിലുംഭാഗം വായിക്കുക.

6 സായംകാലത്തെ പൊതുവായ ആത്മശോധനയോ പാപത്തെക്കുറിച്ചുള്ള മനസ്താപപ്രകരണമോ ഉപേക്ഷിക്കരുതു്.

7 പ്രത്യേകാത്മശോധന നിൎവ്വഹിക്കുക.

8 സുകൃതജപങ്ങളുപയോഗിച്ചു ദൈവത്തിലേക്കു ചിന്തകൾ തിരിച്ചുവിടുക. പ്രധാന സുകൃതജപങ്ങൾ: "കൎത്താവേ, അങ്ങയുടെ ഇഷ്ടം നിറവേറട്ടെ". "എന്റെ ഈശോ, കൃപയുണ്ടാകണമെ; മറിയമേ, സഹായിക്കുക". "എനിക്കല്ല, കൎത്താവേ, എനിക്കല്ല; അങ്ങയുടെ നാമത്തിനു സ്തുതി".

9 ജപമാലയുടെ അഞ്ചു രഹസ്യങ്ങളും കന്യകാമറിയത്തിന്റെ ഒപ്പീസിൽ ചില ഭാഗങ്ങളും ചൊല്ലുക.

എല്ലാആഴ്ചകളിലും

1 പഠനക്കളരികളിലും സൊഡാലിററിമീററിംഗുകളിലും ഉത്സാഹത്തോടെ ഹാജരാകുക.

2 നിന്റെ ആദ്ധ്യാത്മികപിതാവു നിർദ്ദേശിക്കുന്നതുപോലെ കുമ്പസാരിക്കുക; വി. കുർബാന കൈക്കൊള്ളുക.

www.malankaralibrary.com

3 ഈശോയുടെ പീഡാനുഭവത്തെക്കുറിച്ചു വെള്ളിയാഴ്ചകളിലും ദൈവമാതാവിനെപ്രതി ശനിയാഴ്ചകളിലും ഉപവസിക്കുക.

4 ആദ്ധ്യാത്മികകാര്യങ്ങളെപ്പററി സംസാരിക്കുവാൻ ചിലപ്പോഴൊക്കെ നല്ല ചെങ്ങാതികളെ സമീപിക്കുക. തിന്മയെ വെറുക്കുവാനും പുണ്യം സമ്പാദിക്കുവാനും ഉതകുന്ന കാര്യങ്ങളെ സംബന്ധിച്ചു നിങ്ങൾക്കുള്ള സച്ചിന്തകൾ കൈമാറുക.

എല്ലാമാസവും

1 നന്മരണത്തിനു് ഒരുങ്ങുവാനായി ഒരു ദിവസം വയ്ക്കുക. കുററങ്ങൾ തിരുത്തുന്നതിനും നിയമങ്ങൾ അനുസരിക്കുന്നതിനും പുണ്യങ്ങൾ പരിശീലിക്കുന്നതിനും പററിയ പരിശോധനകൾ നടത്തുക.

2 ഈ നിയമങ്ങൾ പലപ്പോഴും വായിക്കുക. ഇവ എങ്ങനെ അനുസരിക്കുന്നുവെന്നു തിട്ടപ്പെടുത്തുവാൻ മററുള്ളവരുടെ മുമ്പിൽ വച്ചു് ഈ നിയമങ്ങൾ വായിക്കുന്നതാണു നല്ലതു്.

3 ജ്ഞാനപിതാവിനെ പൂർണ്ണമായി വിശ്വസിക്കുക. ഈ സംഗതികളിൽ അദ്ദേഹത്തിൻെറ ഉപദേശങ്ങൾ അനുവർത്തിക്കുക.

എല്ലാ കൊല്ലവും

1 പ്രധാനതിരുനാളുകൾക്കു തീക്ഷ്ണമായ പ്രാർത്ഥനയോടുകൂടെ ഒരുങ്ങുക. അവയ്ക്കുള്ള നൊവേനകൾ ആരംഭിക്കുന്നതിനുമുമ്പു് മററുള്ളവരോടു് ആലോചിച്ചു് എന്തുചെയ്യണമെന്നു തീരുമാനിക്കുക. എല്ലായ്പ്പോഴും ജ്ഞാനപിതാവിൻെറ ഉപദേശം സ്വീകരിക്കുക.

2 നൊവേനകൾ നടത്തുക. പെന്തക്കുസ്താ, തിരുഹൃദയത്തിരുനാൾ, ക്രിസ്മസ്, ദൈവമാതാവിൻെറ പ്രധാന തിരുനാളുകൾ, കാവൽമാലാഖായുടേയും വി. യൗസേപ്പിൻേറയും തിരുനാളുകൾ എന്നിവയുടെ നൊവേനകളാണു കൂടുതൽ പ്രധാനപ്പെട്ടവ.

3 ഒഴിവുകാലം പ്രമാണിച്ചു സ്വഭവനത്തിലേക്കുപോകുന്നതിനു മുമ്പു ജ്ഞാനപിതാവിനെ കണ്ടു് ഒഴിവുദിവസങ്ങൾ കർത്താവിൻെറ കൂടെ എങ്ങനെ കഴിക്കാമെന്നു നിശ്ചയിക്കുക.

4 വാർഷികധ്യാനവും വാർഷിക കുമ്പസാരവും കഴിക്കുക.

എല്ലാസമയത്തേക്കും

1 നിങ്ങളുടെ കൂട്ടുകാരോടു പ്രത്യേകസ്നേഹമുണ്ടായിരിക്കുക. അതു ദൈവത്തിൽ ആരംഭിക്കുകയും ദൈവത്തിലേക്കു് ആനയിക്കുകയും വേണം.

2 കൂട്ടുകാർക്കുവേണ്ടി, പ്രത്യേകിച്ചു് അത്യാവശ്യഘട്ടങ്ങളിൽ പ്രാർത്ഥിക്കുക. എല്ലാസമയവും കൂട്ടുകാർക്കുവേണ്ടി ഒരു പ്രാവശ്യം ദിവ്യകാരുണ്യസ്വീകരണം കാഴ്ചവയ്ക്കുക.

www.malankaralibrary.com

3 തെററുകൾ പരസ്പരം തിരുത്തുക. തെററു തിരുത്തിക്കിട്ടിയവർ തെററുതിരുത്തിയവനുവേണ്ടി ഒരു പ്രാവശ്യം "നന്മനിറഞ്ഞമറിയമേ" ചൊല്ലുക.

4 ഓരോരുത്തരും കൂട്ടുകാരിൽനിന്നൊരാളെ തെററുകൾ തിരുത്താനായി തിരഞ്ഞെടുക്കുക.

5 ഒഴിവുകാലത്തു പരസ്പരം എഴുത്തുകൾ എഴുതുന്നതു നല്ലതാണ്. പ്രത്യേകിച്ചും നൊവേന കഴിക്കുമ്പോൾ സദുദ്ദേശങ്ങളിൽ നിലനില്ക്കാൻ.

6 ആരും മററാളുകളെ തൊടരുത്. തമ്മിൽത്തമ്മിൽ സംസാരിക്കുമ്പോൾ, വളരെ പരിചയമുള്ളവർ പ്രയോഗിക്കാറുള്ള, "നീ", എന്ന പദം പ്രയോഗിക്കരുത്. ഗ്രാമ്യപദങ്ങൾ വർജ്ജിക്കുക; പ്രത്യേകിച്ച് അടക്കത്തിനു വിരുദ്ധമായ പദങ്ങൾ. ഇത്തരം വാക്കുകൾ കേൾക്കുകയാണെങ്കിൽ, നീ ആ സ്ഥലത്തുനിന്നുമാറിപ്പോകുക. താദൃശ സംഭാഷണങ്ങളിൽ പങ്കെടുക്കുകയില്ലെന്നു് അങ്ങനെ വിശദമാക്കുക.

7 ചീത്ത കൂട്ടുകെട്ടുകാരെ പ്രത്യേകിച്ചു പുണ്യത്തേയും സന്മാതൃകയേയും വിമർശിക്കുന്നവരെ അണലിസന്തതികളെന്നപോലെ പരിത്യജിക്കുക

8. മാനുഷിക പരിഗണനകളെപ്പററി ബോധവാനായിരിക്കുക. മനുഷ്യരെന്തു പറഞ്ഞേക്കുമെന്നു ഭയന്നു തിന്മചെയ്യാനോ നന്മ ചെയ്യാതിരിക്കാനോ ഇടവരരുത്.

9. വിശുദ്ധ പുണ്യത്തോടു വലിയ മതിപ്പുണ്ടായിരിക്കുക. അതു പുരോഹിതക്കു മാർഗ്ഗം നിർദ്ദേശിച്ചുതരുന്ന നക്ഷത്രമാണ്; ജീവിതത്തെ മുഴുവനും പ്രഭാഭാസുരമാക്കുന്ന പുണ്യമാണ്. ഇന്ദ്രിയങ്ങളെ പ്രത്യേകിനേത്രങ്ങളെ നിഗ്രഹിക്കുക. സ്ത്രീകളുടെ സംസർഗ്ഗം വർജ്ജിക്കുക. അലസത വെടിയുക.

10. അശുദ്ധതയുടെ കളങ്കമുള്ള യാതൊരുഗ്രന്ഥവും നീ വായിക്കരുത്. കവിതാഗ്രന്ഥങ്ങൾ പ്രത്യേകിച്ചും ആത്മീയപിതാവിൻെറ അംഗീകാരം കൂടാതെ വായിക്കാനിടയാകരുത്.

11. പരസ്യമായ കാഴ്ചകൾക്കോ പ്രദർശനങ്ങൾക്കോ പോകരുത്. ലൗകിക പ്രഭാഷണങ്ങൾ ശ്രവിക്കുകയോ വിഷയലമ്പടമായ വിനോദങ്ങളിൽ സന്നിഹിതനാകുകയോ ചെയ്യരുത്. ശൃംഗാരഗാനങ്ങൾ പാടരുത്.

12. വിശുദ്ധപുണ്യം പരിപാലിച്ചു ജീവിക്കുന്നതിന്ന കന്യകാമറിയത്തോടു നിനക്കു പ്രത്യേകഭക്തി വേണം. ഈ പുണ്യം അഭ്യർത്ഥിച്ചുകൊണ്ടു നിനക്കും നിൻെറ കൂട്ടുകാർക്കുംവേണ്ടി മൂന്നു "നന്മനിറഞ്ഞമറിയമേ" ചൊല്ലുക.

www.malankaralibrary.com

13. കന്യകാംബികയുടെ പ്രധാന തിരുനാളുകൾക്കെല്ലാം ഒരുനേരമെട്ടുക്കുക. കാവൽമാലാഖായോടും വി. അലൂഷ്യസു ഗൊൺസാഗോയോടും പ്രത്യേക ഭക്തിയുണ്ടായിരിക്കുക; തിരുനാളിനുമുമ്പുള്ള ആറു ഞായറാഴ്ചഭക്തിയും ത്രിദിനാപേക്ഷയും അനുഷ്ഠിക്കുക.

14. വി. കുർബാനയോടായിരിക്കണം നിൻെറ പ്രധാന ഭക്തി തന്നിമിത്തം ദൈവാലയത്തിൽ വിശിഷ്യ വി. കുർബാന പരസ്യമായി എഴുന്നെള്ളിച്ചു വച്ചിരിക്കുമ്പോൾ ഏകാഗ്രത പാലിക്കുക. പാടുള്ളപ്പോഴൊക്കെ നല്ല ഒരുക്കത്തോടും ഭക്തിയോടുംകൂടെ വി. കുർബാന സ്വീകരിക്കുക. കൃതജ്ഞതാ പ്രകാശനം ദീർഘമായിരിക്കട്ടെ. വി. കുർബാനയിൽ ഈശോയെ പല പ്രാവശ്യം സന്ദർശിക്കുക; അവിടുത്തേ സഹവാസത്തിൽ ആനന്ദംകൊള്ളുക.

15. നിയമാനുസാരം വസ്ത്രം ധരിക്കുക. മേളത്തിനും വൈവിധ്യത്തിനും വേണ്ടി വസ്ത്രം ധരിക്കേണ്ടതില്ല. ക്രിസ്തുവിൽ ഉത്തമ ജീവിതം നയിക്കുവാനാഗ്രഹിക്കുന്നവർ മറ്റിതരാകുമെന്നോത്തും മനുഷ്യർ എന്തുപറയുമെന്നു വിചാരിച്ചു ഭയപ്പെടാതെയും വ്യാപരിക്കുക.

16. പള്ളിയിൽ ഏതു ശുശ്രൂഷക്കു പോകുമ്പോഴും ളോഹ ധരിക്കുക.

17. ഭക്തിപൂർവ്വം ദൈവാലയകർമ്മങ്ങളിൽ പങ്കെടുക്കുക. അങ്ങനെ "ചെറുപ്പകാലത്തു നടന്ന വഴിയിൽക്കൂടെ മനുഷ്യൻ വാർദ്ധക്യത്തിലും നടക്കുന്നു; അതിൽനിന്നു വ്യതിചലിക്കുകയില്ല" (സുഭാ: 22, 6) എന്ന പഴമൊഴി നിന്നിൽത്തന്നെ നിറവേറും.

**മേയ്മാസത്തേക്കുള്ള അഭ്യാസങ്ങൾ.**

നിൻെറ കൂട്ടുകാരുടെ പേരിൽക്കൂടി ദൈവമാതാവിനെ സ്തുതിക്കുവാൻ ദൈവം നിന്നെ തെരഞ്ഞെടുത്തിരിക്കയാണ്. ആകയാൽ നിൻെറ തീക്ഷ്ണത എത്രമാത്രമായിരിക്കണം! ഭക്തിതീക്ഷ്ണതയുള്ളവനാകണമെന്നുണ്ടെങ്കിൽ, ഇതാണു സമയം. ഇതാ ചില ഭക്താഭ്യാസങ്ങൾ:

1. രാവിലേ എഴുന്നേല്ക്കുമ്പോൾത്തന്നെ അന്നു ദൈവമാതാവിനോടു ഭക്തിയുള്ളവനായിരിക്കുമെന്ന നിശ്ചയത്തോടെ നിൻേറയും നിൻെറ കൂട്ടുകാരുടേയും ഹൃദയങ്ങളെ ദൈവമാതാവിനു കാഴ്ചവയ്ക്കുക. അന്നുചെയ്യാനുദ്ദേശിക്കുന്ന സുകൃതങ്ങൾ അവിടുത്തേക്കു കാഴ്ചവയ്ക്കുക. നിന്നെയും നിൻെറ കൂട്ടുകാരേയും ആശീർവ്വദിക്കുവാൻ നീ അഭ്യർത്ഥിക്കുക.

2. വൈകുന്നേരം നിദ്രയ്ക്കു അണയുമ്പോൾ, നീ ചെയ്ത സുകൃതങ്ങൾ കൂടുതൽ സ്വീകാര്യയോഗ്യമാകാൻ വി. അലൂഷ്യസ്സിൻേറയും വി. സ്റ്റനിസ്ലാവൂസിൻേറയും കരങ്ങൾവഴി പരിശുദ്ധയമ്മയ്ക്കു ഞാൻ സമ

www.malankaralibrary.com

ഷ്ടിക്കം. അതൃപ്തികരമായ സേവനത്തിനു നീ മാപ്പുചോദിക്കുക. അവിട്ടത്തേ ക്ഷമയ്ക്കു പ്രതിഫലമായി മരണംവരെ കൂടുതൽ വിശ്വസ്തതയോടെ അവിട്ടത്തെ ശുശ്രൂഷിച്ചുകൊള്ളാമെന്ന വാഗ്ദാനം ചെയ്യുക. മരണസമയത്തേക്കു് അവിട്ടത്തെ സഹായം അഭ്യർത്ഥിക്കുക.

3. ക്ലോക്കു മണിക്കൂറടിക്കുമ്പോഴൊക്കെ, അഥവാ, അങ്ങിനെ തോന്നുമ്പോഴൊക്കെ നിന്റെ ആത്മാവു മറിയത്തിന്റെ സിംഹാസനത്തിലേക്കുയരട്ടെ. അനന്തരം നിന്റേയും നിന്റെ കൂട്ടുകാരുടേയും ജീവിതം അവിട്ടത്തേക്കു കാഴ്ചവച്ചുകൊണ്ടു സാഷ്ടാംഗംവീണു്, "നന്മനിറഞ്ഞമറിയമേ" എന്ന ജപം ഒരു പ്രാവശ്യം ചൊല്ലുക. നിന്റെ ഇഷ്ടപ്രകാരം ഒരു ആശാനിഗ്രഹവും അനുഷ്ഠിക്കുക.

4. നിനക്കു പതിവുള്ള സന്ദർശനത്തിനുപുറമേ വിശേഷവിധിയായി വി. കുബ്ബാനയെ സന്ദർശിക്കുക; രണ്ടുപ്രാവശ്യം കന്യകാമറിയത്തേ സന്ദർശിക്കുക, രണ്ടിനുംകൂടി അരമണിക്കൂർ ചെലവഴിക്കണം. തൽസമയം പിതാവിന്റേയും കന്യകാമറിയത്തിന്റേയും ഏകസുതനായ ഈശോമിശിഹായെ ആരാധിക്കുക, അവിട്ടത്തേ സ്നേഹിക്കുക, എന്നും അവിട്ടത്തെ സ്നേഹിക്കാമെന്നും വേണ്ടിവന്നാൽ ജീവൻവച്ചുപോലും പാപംകൂടാതെ ജീവിക്കുന്നതാണെന്നും നീ വാഗ്ദാനം ചെയ്യുക.

5. ആത്മീയമായി വി. കർബാന സ്വീകരിക്കുക, നീയും കൂട്ടുകാരും ഈശോയെ അങ്ങേയററം സ്നേഹിക്കുവാനും മറിയത്തോടു പ്രത്യേക ഭക്തിയുള്ളവരായിരിക്കുവാനുംവേണ്ടി ഈശോയോടു ധാരാളം അനുഗ്രഹങ്ങൾ ചോദിക്കുക. സഹപാഠികൾക്കുവേണ്ടിയും അപേക്ഷിക്കുക. ദൈവമാതാവിനെ ഇത്രമാത്രം ഉയർത്തിയതിനു ദൈവമാതാവിനുള്ള സന്ദർശനവേളയിൽ പരിശുദ്ധ ത്രിത്വത്തിനു കൃതജ്ഞത പ്രകാശിപ്പിക്കുക; മറിയത്തെ അനുമോദിക്കുക. നിന്റെ പൂർണ്ണഹൃദയത്തോടെ കന്യകാംബികയെ സ്നേഹിക്കുമെന്നും അവിട്ടത്തേ പ്രിയസുതനായിരിക്കുവാൻ പരിശ്രമിക്കുമെന്നും നീ വാഗ്ദാനം ചെയ്യുക.

6. നിനക്കും നിന്റെ കൂട്ടുകാർക്കും ഇന്നു ലഭിക്കണമെന്നു് ആഗ്രഹിക്കുന്ന ഒരനുഗ്രഹത്തെപ്പററി ചിന്തിക്കുക, എളിമയോടും തീക്ഷ്ണതയോടുംകൂടെ അതിനായി നീ ചോദിക്കുക; നിനക്കു ലഭിക്കും. മറിയം എത്രയും ആർദ്രയായ അമ്മയാണു്.

7. ഇതുവരെ കൊടുക്കാൻ തയ്യാറാകാതിരുന്നതും കർത്താവു പലപ്പോഴും നിന്നോടു ചോദിച്ചിട്ടുള്ളതുമായ അനുഗ്രഹം മറിയത്തിന്റെ കരങ്ങൾവഴി നീ നല്കുക.

8. ചിന്താപൂർവ്വം നാലഞ്ചുമിനിററുനേരം മറിയത്തെപ്പററി വായിക്കുക. സമയമുള്ളപ്പോൾ അവിട്ടത്തെ പുണ്യങ്ങളേയും വൈശിഷ്ട്യത്തേയും മഹത്വത്തേയും നമ്മളോടു് അവിട്ടത്തേക്കുള്ള സ്നേഹത്തേ

www.malankaralibrary.com

യുംപററി ചിന്തിക്കുക. ഇതു നിനക്കു വളരെയേറെ പ്രയോജനകരമായിരിക്കും; ദൈവമാതാവിനു വലിയ ബഹുമാനവുമായിരിക്കും. അവിടത്തെ അനുഗ്രഹം നിന്റെ ഹൃദയത്തിൽ പതിയും.

9. കൂടുതൽ ശ്രദ്ധയോടെ എല്ലാം ചെയ്യുക. നിങ്ങൾ അനുസരിക്കുന്നതിൽ തീക്ഷ്ണതയും ഉത്സാഹവും പ്രദർശിപ്പിക്കുക. നിന്റെ ഓരോ വിചാരവും വാക്കും പ്രവൃത്തിയും ദൈവമാതാവിനു പ്രിയം കരമാകത്തക്കവിധം നീ ചെയ്യുക. കന്യകാമറിയം നിന്റെ മുമ്പിലുണ്ടെന്നു കരുതിക്കൊണ്ടു നീ സംസാരിക്കുക, പ്രവർത്തിക്കുക, വിചാരിക്കുക.

10. ഏതെങ്കിലും ആന്തരികമായ ആശാനിഗ്രഹം തെരഞ്ഞെടുക്കുക. മറിയത്തെ നിരന്തരം വിളിച്ച് അപേക്ഷിക്കുക. നിന്റെ തീക്ഷ്ണതയിൽ ഏതെങ്കിലും കൂടുതൽ ചെയ്യണമെന്നു തോന്നുന്നുവെങ്കിൽ, അതും നീ ചെയ്തുകൊള്ളുക. തീക്ഷ്ണതയിൽ മുന്നേറുന്നതിനുള്ള നിയോഗം മാസത്തിന്റെ അവസാന ദിവസം നീ നവീകരിച്ചുകൊള്ളുക. മറിയത്തിനു പ്രത്യേക ബഹുമാനം പ്രദർശിപ്പിച്ച ദിവസം നീ ചോദിച്ച അനുഗ്രഹങ്ങൾ വീണ്ടും ചോദിച്ചുകൊള്ളുക. നിനക്ക് അവ സിദ്ധിച്ചുവെങ്കിൽ, അവിടുത്തോടു നീ നന്ദി പറയുക. നിന്റേയും ഞെമ്മിനരിയിലെ നിന്റെ സഹവിദ്യാർത്ഥികളുടേയും ഹൃദയങ്ങളെ വി. യൗസേപ്പിന്റേയും, അലൂഷ്യൂസ്സിന്റേയും വി. സ്റ്റനിസ്ലാവൂസിന്റേയും ഹൃദയങ്ങളോടു ചേർത്തു നീ മറിയത്തിനു കാഴ്ചവയ്ക്കുക. അപ്പോൾ നിന്റെ സമർപ്പണം കൂടുതൽ സ്വീകാര്യമായിരിക്കും. ദൈവമാതാവിന്റെ സ്തുതിക്കായി ദിവസന്തോറും നീ ചെയ്യാൻപോകുന്ന ഒരു ഭക്താഭ്യാസത്തെപ്പററി ഇന്നു നിശ്ചയമെടുക്കുക.

പ്രത്യേകാത്മശോധനയെപ്പററി.

പുണ്യത്തിൽ പുരോഗമിക്കുവാനിച്ഛിക്കുന്നവർക്കു പ്രത്യേകാത്മശോധന എത്രയും ആവശ്യമാണ്. വിശുദ്ധന്മാർ അതിനെ പ്രശംസിക്കുകയും പരിശീലിക്കുകയും ചെയ്തിട്ടുള്ളതാണ്. മഹാന്മാരുടെ അഭിപ്രായപ്രകാരം അതു് ഇങ്ങനെ ചെയ്യേണ്ടിയിരിക്കുന്നു:

1. തിരുത്തുവാൻ ഉദ്ദേശിക്കുന്ന പ്രത്യേക കുററത്തിൽ വീഴാതിരിക്കുവാൻ ജാഗ്രത പ്രദർശിപ്പിക്കുമെന്നു രാവിലെ എഴുന്നേല്ക്കുമ്പോൾ തന്നെ നിശ്ചയിക്കുക.

2. ദിവസവട്ടത്തിൽ ആ കുററത്തിൽ നിപതിച്ചതായി നീ കാണുമ്പോൾ, ആന്തരികമായ പ്രാർത്ഥനയോ പ്രവൃത്തിയോ വഴി ദൈവത്തോടു മാപ്പുചോദിക്കുക. നെഞ്ചിൽ കൈവച്ചുകൊണ്ടു ഭാവിയിൽ കൂടുതൽ സൂക്ഷിച്ചുകൊള്ളാമെന്നു വാഗ്ദനം ചെയ്യുക.

www.malankaralibrary.com

3. സായംകാലത്തു നീ പൊതു ആത്മാപരിശോധന നടത്തുമ്പോൾ, നിങ്ങളുടെ എല്ലാക്കുററങ്ങളും പൊതുവേ പരിശോധിച്ചശേഷം പ്രത്യേക കുററത്തിന്റെ കാര്യം പരിഗണനയ്ക്കു് എടുക്കുക.

4. രണ്ടാം ദിവസം ഒന്നാം ദിവസത്തോടും മൂന്നാം ദിവസം രണ്ടാം ദിവസത്തോടും നാലാം ദിവസം മൂന്നാം ദിവസത്തോടും താരതമ്യപ്പെടുത്തി നോക്കുക. അങ്ങനെ നീ പുണ്യത്തിൽ പുരോഗമിക്കുന്നുണ്ടോ എന്നും പ്രത്യേകാത്മശോധന ഫലസംദായകമാകുന്നുണ്ടോ എന്നും നിനക്കു അറിയുവാൻ കഴിയും.

5. പുണ്യവും പ്രത്യേകാത്മശോധനയുടെ വിഷയമാക്കാവുന്നതാണു്. പകലും സായംകാലത്തു നിദ്രയ്ക്കു് അണയുമ്പോഴും പൊതുവും പ്രത്യേകവുമായ ആത്മശോധന ചെയ്യുന്നവർ ഇരട്ടിവേഗത്തിൽ പുണ്യമാർഗ്ഗത്തിലൂടെ പുരോഗമിക്കും.

ഒഴിവുകാലത്തേക്കുള്ള ജീവിതനിയമം.

എല്ലാദിവസവും.

1. എഴുന്നേല്ക്കുമ്പോൾത്തന്നെ കരങ്ങൾ ദൈവത്തിങ്കലേക്കുയർത്തി അവിടുത്തേക്കു നിന്നെത്തന്നെ പ്രതിഷ്ഠിക്കുക.

2. വസ്ത്രം ധരിക്കുമ്പോൾ, "ദൈവമേ, ഉഷസ്സിൽ ഞാൻ അങ്ങയുടെ നേർക്കു ദൃഷ്ടിതിരിക്കുന്നു," എന്ന സങ്കീർത്തനം (62) നീ സാവധാനത്തിൽ ചൊല്ലുക.

3. കഴിയുമെങ്കിൽ കുർബാനയ്ക്കു മുമ്പു നിന്റെ മുറിയിലും കുർബാനയ്ക്കുശേഷം ദൈവാലയത്തിലും 20 മിനിട്ടുനേരം ധ്യാനത്തിൽ കഴിക്കുക.

4. ഏതെങ്കിലും ഒരു കുർബാനയുടെ സമയത്തു കാനോനനമസ്കാരം ചൊല്ലുക.

5. എല്ലാ ദിവസവും ഇടവകയിലുള്ള രണ്ടു കുർബാന കാണുക ഒന്നിനു ശുശ്രൂഷിക്കുക.

6. പ്രഭാതഭക്ഷണവും അരമണിക്കൂറു് ഉല്ലാസവും കഴിഞ്ഞു 11 മണിവരെ പഠനത്തിലും ഇടയ്ക്കു ലഘുവായ ഉല്ലാസത്തിലും ചെലവഴിക്കുക. ഈ അഭ്യാസങ്ങൾക്കു് ഏതെങ്കിലുംമ ാററങ്ങൾ വരികയാണെങ്കിൽ, ഭക്താഭ്യാസങ്ങൾ ഉപേക്ഷിക്കാതിരിക്കുവാൻ നീ സൂക്ഷിക്കണം.

7. ദിവസം മുഴുവനും ദീർഘമായ ഒരു പ്രത്യേകാത്മശോധനയാണു്. എന്നുവരികിലും 11നും 12നും മദ്ധ്യേ മൂന്നു മിനിററു നേരത്തേക്കു് ഉത്സാഹപൂർവ്വം പ്രത്യേകാത്മശോധന ചെയ്യുക.

8. മദ്ധ്യാഹ്നഭക്ഷണത്തിനു മുമ്പു ജ്ഞാനഗ്രന്ഥം വായിക്കുക; ജ്ഞാന വായന അരമണിക്കൂറിൽ കുറയരുതു്.

www.malankaralibrary.com

9. മദ്ധ്യാഹ്നഭക്ഷണം കഴിഞ്ഞു സെമ്മിനരിയിൽ ചെയ്യാറുണ്ടായിരുന്നതുപോലെ ആറുപ്രാവശ്യം കർത്തൃജപം ചൊല്ലാൻ മറന്നുപോകരുതു്.

10. ഉച്ചകഴിഞ്ഞു രണ്ടുമണിക്കു വെസ്പേഴ്സും കോമ്പ്ലിനും ചൊല്ലുക. അനന്തരം ദിവ്യകാരുണ്യഈശോയെ സന്ദർശിക്കുക. ഈ സന്ദർശനം 20 മിനിററിൽ കുറയരുതു്.

11. വൈദികരുടെകൂടെ കാനോനനമസ്കാരം ചൊല്ലുന്നില്ലെങ്കിൽ, സായംകാലത്തിനു മുമ്പു കന്യകാമറിയത്തിൻെറ മാററിൻസ്, ലോഡ്സ് എന്നീ കാനോനികാപേക്ഷകൾ ചൊല്ലുക. മതിയായ കാരണം കൂടാതെ ഒരു ദിവസവും ജപമാല ഉപേക്ഷിക്കരുതു്. കുടുംബാംഗങ്ങൾക്കു സന്മാതൃക നല്കാൻ അവരോടുകൂടെ എല്ലാസായംകാലവും ഭക്തിപൂർവ്വം ജപമാല ചൊല്ലുക.

12. പൊതുആത്മശോധനയ്ക്കു 10 മിനിററെങ്കിലും ചെലവഴിക്കുകയും സെമ്മിനരിയിൽ വച്ചു ചെയ്യാറുള്ള പ്രാത്ഥനകളെല്ലാം ചൊല്ലിത്തീർക്കുകയും ചെയ്തശേഷമേ നിദ്രയ്ക്കു് അണയാവൂ.

എല്ലാ ആഴ്ചകളിലും.

1. ആഴ്ചയിലൊരിക്കലെങ്കിലും കുമ്പസാരിക്കുക. കുമ്പസാരക്കാരനു കൂടുതൽ സമയം വിനിയോഗിക്കാവുന്ന അവസരം തെരഞ്ഞെടുക്കുക.

2. എല്ലാ തിരുനാളുകളിലും വി. കുർബാന സ്വീകരിക്കുക. വി. കുർബാന സ്വീകരണത്തിനു് ഒരുങ്ങുവാൻ കൂടുതൽ സമയമുണ്ടാകുവാൻ വേണ്ടി ആദ്യത്തെ കുർബാനയ്ക്കുമുമ്പു് ഒരിക്കലും വി. കുർബാന കൈക്കൊള്ളരുതു്.

3. കുമ്പസാരക്കാരൻ നിർദ്ദേശിക്കുന്ന ദിവസങ്ങളിലെല്ലാം നീ വി. കുർബാന സ്വീകരിക്കുക. അദ്ദേഹം ഒന്നും നിർദ്ദേശിക്കുവാനിടയായില്ലെങ്കിൽ തിങ്കളാഴ്ചയും ബുധനാഴ്ചയും വെള്ളിയാഴ്ചയും പ്രത്യേക ദിവസങ്ങളിലും വി. കുർബാന സ്വീകരിക്കാവുന്നതാണു്.

4. ബുധനാഴ്ചകളിൽ വി. യൗസേപ്പിൻെറ സ്തുതിക്കായി പതിവുള്ള പ്രാത്ഥനകൾ ചൊല്ലുക; അദ്ദേഹത്തെപ്പററി വല്ല പുസ്തകവും വായിക്കുക; എന്തെങ്കിലും പ്രത്യേകം ആശാനിഗ്രഹം അനുഷ്ഠിക്കുക. എല്ലാം യൗസേപ്പിനെ ഏല്പിക്കുക.

5. ബുധനാഴ്ച വി. യൗസേപ്പിനെപ്രതി ചെയ്തതുപോലെ ശനിയാഴ്ച കന്യകാമറിയത്തെപ്പററി ചെയ്യുക. അവിടുത്തോടുള്ള ഭക്തി പരിപൂർണ്ണമായിരിക്കണം. അന്നു കന്യകാമറിയത്തിനുള്ള സന്ദർശനം ദീർഘിപ്പിക്കുക. ദൈവത്തിൻേറയും നമ്മുടേയും അമ്മയായ മറിയത്തോ

www.malankaralibrary.com

ട്ടുള്ള സ്നേഹം പൂർണ്ണമാകുന്നതിനു നീ കുറേ സമയം ദൈവാലയത്തിൽ ധ്യാനിച്ചും വായിച്ചും കഴിച്ചുകൂട്ടുക.

എല്ലാ മാസവും.

1. ആദ്യവെള്ളിയാഴ്ചകളിൽ ഈശോയുടെ തിരുഹൃദയത്തിൻെറ സ്തുതിക്കായി വി. കുർബാന സ്വീകരിക്കുക.

2. നാലാമത്തെ തിങ്കളാഴ്ച അല്ലെങ്കിൽ അതിനോടടുത്ത് എത്രയും സമുചിതമായ ഒരു ദിവസം ഒമ്പതുമണിവരെയെങ്കിലും സ്വല്പം ഏകാഗ്രത പാലിക്കുക. നിൻെറ നിശ്ചയങ്ങളെഴുതിവയ്ക്കുക.

3. തിരുഹൃദയത്തോടും കന്യകാമറിയത്തോടും മാലാഖാമാരോടുമുള്ള നൊവേന പ്രത്യേകഭക്തിയോടുകൂടെ നടത്തുക. പ്രസ്തുത നൊവേനകളിൽ നിൻെറ തീക്ഷ്ണത വർദ്ധിക്കണം.

എല്ലാക്കാലത്തും.

1. എല്ലാവരോടും പ്രത്യേകിച്ച് നിൻെറ കുടുംബാംഗങ്ങളോടും ഉപചാരപൂർവ്വം വ്യാപരിക്കുക.

2. നിൻെറ തലവന്മാരെ സൂക്ഷ്മമായി അനുസരിക്കുക; പ്രായംകുറഞ്ഞവരെ ശാസിക്കുകയുമരുത്.

3. എല്ലാവരുടേയും ഉപദേശങ്ങൾ സ്നേഹപൂർവ്വം സ്വീകരിക്കുക.

4. എല്ലാ കാര്യങ്ങളിലും ശ്രദ്ധനിയോഗമുണ്ടായിരിക്കുക.

5. മതാത്മകമായ ഏതു ചടങ്ങിലും എത്ര ചെറിയതായിരുന്നാലും നീ സന്നിഹിതനായിരിക്കണം. തിരുകർമ്മങ്ങൾ നിർവ്വഹിക്കുന്നതിൽ ഉത്സാഹശീലനായിരിക്കുക.

6. നിൻെറ സമയത്തിലധികപങ്കും ഏകാന്തതയിൽ കഴിക്കുക; അല്ലെങ്കിൽ പുരോഹിതരോടുകൂടെ. വി. അക്വീനസ്സിൻെറ വാക്കുകൾ അനുസരിക്കുക: "വീഞ്ഞറയിലേക്ക് ആനയിക്കപ്പെടുവാൻ ആഗ്രഹിക്കുന്നെങ്കിൽ നിൻെറ മുറിയെ നീ സ്നേഹിക്കുക". ഉലാത്തുവാനാഗ്രഹിക്കുന്നെങ്കിൽ തിരക്കുള്ള തെരുവീഥികളന്വേഷിക്കാതെ വിജനപ്രദേശങ്ങളെ അന്വേഷിക്കുക.

7 വട്ടമിട്ട വർത്തമാനംപറഞ്ഞു രസിക്കുന്നവരെ വർജ്ജിക്കുക, പ്രത്യേകിച്ച് സ്ത്രീകളുംകൂടെയുണ്ടെങ്കിൽ. കോപിക്കരുത്; ഔദ്ധത്യപൂർവ്വം സംസാരിക്കയുമരുത്. എല്ലാവരോടും സ്നേഹപൂർവ്വം സസ്മിതം വ്യാപരിക്കുക.

8 അലസത വർജ്ജിക്കുക. അതു പിശാചിൻെറ കെണിയാണ്.

9 ഒഴിവുകാലത്ത് എളിമസമ്പാദിക്കുവാൻ പല സന്ദർഭങ്ങളുമുണ്ടാകും. ഇതു പ്രത്യേകാത്മശോധനാവിഷയമാക്കി സൂക്ഷത്തോടെ വ്യാപരിക്കുക. എല്ലാരൂപത്തിലും ഈ പുണ്യം അഭ്യസിക്കുന്നതിനുള്ള

www.malankaralibrary.com

കളരിയാണ് ഒഴിവുകാലം. ആകയാൽ ഇക്കാര്യത്തിൽ നീ എടുത്തിട്ടുള്ള പ്രതിജ്ഞകൾ ഇക്കാലത്തു പൂർണ്ണമായും പ്രാവർത്തികമാക്കണം.

10 സെമ്മിനരിയിൽവച്ചു പൂർത്തിയാക്കാൻ സാധിക്കാതെവന്ന സദുദ്ദേശ്യങ്ങളും പുണ്യവർദ്ധനയ്ക്കുള്ള ഭക്താഭ്യാസങ്ങളും ഒഴിവുകാലത്തു നീ പ്രാവർത്തികമാക്കണം. നീ സ്വീകരിക്കുവാൻ ദൈവം തിരുമനസ്സായ എല്ലാനിയമങ്ങളും നീ അനുസരിക്കുക. നിൻെറ പ്രതിജ്ഞകൾ പരിപാലിക്കുക. നീ എഴുതിവച്ചിരിക്കുന്ന വിശിഷ്ട തത്വങ്ങൾ വിശ്വസ്തതയോടെ അനുഷ്ഠിക്കുക.

11 ഒഴിവുദിവസങ്ങൾ ഈശോയോടുള്ള സ്നേഹം വർദ്ധിക്കുവാനും വി. കുദാശയോടുള്ള ഭക്തി നിന്നിൽ വിജയംവരിച്ചു നിന്നെ പൂർണ്ണമായി സ്വായത്തമാക്കുവാനും ഇടവരുന്ന ഭാഗ്യപ്പെട്ട ദിനങ്ങളായിരിക്കട്ടെ. ദൈവാലയത്തിലും എന്നുവേണ്ടാ എവിടെയും വി. കുർബാനയുടെ സന്ദർശനത്തിലും ഏകാഗ്രതയുണ്ടായിരിക്കുക. ധാരാളം സുകൃതജപങ്ങൾ ചൊല്ലി ഈശോയോട് ഐക്യം പ്രാപിക്കുവാൻ ഉത്സാഹിക്കുക.

ഒരു വാക്കിൽ പറയുന്നപക്ഷം, വി. കുദാശയിൽ ഈശോയുടെ കരങ്ങളിൽ നിന്നെത്തന്നെ ഏല്പിക്കുക. ഈശോയുടെ തിരുഹൃദയത്തോടു തൊട്ടുനില്ക്കുക. എല്ലാം അവിടുത്തെ ഏല്പിക്കുക. അവിടുന്നു നിനക്കു രൂപം തരും. നിൻെറ കണ്ണുകൾ തുറക്കും. നീ ചെയ്യേണ്ടതെല്ലാം നിന്നെ പഠിപ്പിക്കും. ഒന്നിനും കൊള്ളരുതാത്ത നിന്നെ അവിടുത്തോടുള്ള സ്നേഹത്താൽ നിറഞ്ഞുനില്ക്കുന്ന പുരോഹിതനാക്കും.

നീ നിന്നിലുള്ള വരപ്രസാദത്തോടു സഹകരിക്കുകയും നിൻെറ പെരുമാററത്തിലും സംഭാഷണത്തിലും പ്രവൃത്തിയിലും അതു പ്രകടമാക്കുകയും ചെയ്താൽ നീ ഒരു തികഞ്ഞ സെമ്മിനരി വിദ്യാർത്ഥിയായിരിക്കും. നീ അനുകരിക്കുവാൻ തിരഞ്ഞെടുത്തിരിക്കുന്ന വി. ജോൺ ബർക്കുമാൻസ് എന്ന യുവാവിൻെറ ഒരു പ്രതിഛായയായിരിക്കും. അങ്ങനെ നീ ഈശോയേയും മറിയത്തേയും പ്രീതിപ്പെടുത്തും. നിന്റെ മാതൃക അന്യർക്ക് ഉത്തേജനം നല്കും. ഒഴിവുകാലം നിൻെറ നാശത്തിനു കാരണമാകാതെ നിന്നെ നന്നാക്കും. പുരോഹിതൻെറ രാജകീയ ശുശ്രൂഷയ്ക്കു നിന്നെ ഒന്നുകൂടി യോഗ്യനാക്കും. ✠

---

✠ ഈ ജീവിതനിയമങ്ങളിൽ ചിലതു ബ്രദർ റൊംകാലി സ്വന്തമായി ചേർത്തുകൂടിയതാകാമെന്നു മോൺ. കപ്പോവില്ലാ അഭിപ്രായപ്പെട്ടിരിക്കുന്നു.

www.malankaralibrary.com

# സെമ്മിനരിവിദ്യാർത്ഥിയായിരുന്നപ്പോൾ ആഞ്ചെലോ റൊങ്കാളി ശേഖരിച്ചുവച്ച സുഭാഷിതങ്ങൾ

(ഇവ സ്പഷ്ടമാക്കുന്നുണ്ട് ഈ വിദ്യാർത്ഥിയുടെ ആദ്ധ്യാത്മിക വീര്യം)

ഈശോ, മറിയമേ, യൗസേപ്പേ, എല്ലായിടത്തും പ്രത്യേകിച്ച് എന്റെ അന്തിമവേളയിലും നിങ്ങളെന്റെ കൂടെ ആയിരിക്കുക.

1. ദൈവമേ, അങ്ങ് എന്നെ സ്നേഹിക്കുന്നതുപോലെ ഞാൻ അങ്ങയെ സ്നേഹിക്കുന്നു.

2. നിയമത്തിന്റെ പൂർത്തീകരണമാണ സ്നേഹം. (റോമാ 13, 10)

3. കല്പനയുടെ ഉദ്ദേശ്യം സ്നേഹമാണ്. (തിമോ 1, 5)

4. പ്രിയപ്പെട്ടവരേ, നമുക്കു പരസ്പരം സ്നേഹിക്കാം; എന്തുകൊണ്ടെന്നാൽ സ്നേഹം ദൈവത്തിൽ നിന്നാകുന്നു. (1 യോഹ. 4, 7)

5. അങ്ങയുടെ സ്നേഹം എനിക്കു തരിക; ഞാൻ അങ്ങയുടെ സ്നേഹം ദർശിക്കട്ടെ.

6. കർത്താവേ, എന്റെ ശക്തിയേ, എന്റെ ശരണമേ, ഞാൻ അങ്ങയെ സ്നേഹിക്കുന്നു. (സങ്കീ 17, 2–3)

7. നിയമത്തിനു വിരുദ്ധമായി ഒന്നും അറിയാതിരിക്കുക സർവ്വജ്ഞതയാണ്. (ടെർടൂളിയൻ)

8. മററുള്ളവരെ വെറുപ്പിക്കുന്ന വല്ലതും നിന്നിലുണ്ടെങ്കിൽ, അത് ഉത്സാഹപൂർവ്വം ഇല്ലാതാക്കുക. (ക്രിസ്ത്വാനുകരണം)

9. എല്ലാവരേക്കാളും നീചനാണെന്നു ഗ്രഹിക്കുന്നതുവരെ നിനക്ക് ഒരു പുരോഗമനവും ഉണ്ടായതായി കരുതേണ്ടതില്ല. (ക്രിസ്ത്വാനുകരണം)

10. മററുള്ളവർ നിന്നോടു ക്ഷമിക്കണമെങ്കിൽ, നീ അന്യനോടു ക്ഷമിക്കുക. (ക്രിസ്ത്വാനുകരണം)

11. ആന്തരികജീവിതം ആത്മാവിനെ മുക്കിത്താഴ്ത്തിയിട്ടിരിക്കുന്ന സ്നേഹത്തിന്റെ അഗാധമായ കൂപം പോലെയാണ്. (ആഴ്സി ലേവികാരി)

12. പ്രാർത്ഥിക്കാത്ത മനുഷ്യൻ വായുവിൽ ഉയർന്നുനില്ക്കാൻ ക

www.malankaralibrary.com

ഴിയാത്ത പിടക്കോഴിയോ കല്ലമോ പോലെയാണു്. അവ പറക്കാൻ ശ്രമിച്ചാൽ താഴെ വീഴുന്നു. (ആഴ്സിലേ വികാരി)

13. സൂര്യനെ പിടിക്കാനെന്നപോലെ ആകാശത്തിൽ പറന്നുയരുന്ന കഴുകനെപ്പോലെയാണു് ഉത്തമമായി പ്രാർത്ഥിക്കുന്നവൻ. (ആഴ്സിലേ വികാരി)

14. ശരിയായി പ്രാർത്ഥിക്കുന്നതിനു് അധികം സംസാരിക്കേണ്ടതില്ല. ദൈവം പരിശുദ്ധ സക്രാരിയിലുണ്ടെന്നു നമുക്കറിയാമല്ലോ, നമ്മുടെ ഹൃദയം അവിടുത്തേക്കു തുറന്നുകൊടുക്കുക; അവിടുത്തെ സാന്നിധ്യത്തിൽ നമുക്കു ആനന്ദിക്കാം. അതാണു വിശിഷ്ടമായ പ്രാർത്ഥന. (ആഴ്സിലേ വികാരി)

15. വരപ്രസാദാവസ്ഥയിലല്ലാതെ കുർബാന ചൊല്ലുവാൻ തുനിയുന്ന പുരോഹിതൻ മഹാരാക്ഷസ്സാണു്. അത്രയും ദുഷ്ടത ആക്കും ഗ്രാഹ്യമല്ല. ക്രൂരനും ഹൃദയരഹിതനും വന്യജാതിയുമായിരിക്കണം അങ്ങനെ ചെയ്യണമെങ്കിൽ. (ആഴ്സിലേ വികാരി)

16. ഏതു മനുഷ്യനും തെററു പററും; എന്നാൽ തെററിനെ മുറുകെപ്പിടിച്ചു നില്ക്കുന്നവൻ വിഡ്ഢിയാണു്. (സിസറോ)

17. കുർബാന ചൊല്ലണമെങ്കിൽ ഒരുത്തൻ ഒരു മാലാഖായായിരിക്കണം. കുർബാന എന്തെന്നു ശരിയായി മനസ്സിലായാൽ നാം അതോർത്തു മരിച്ചുപോകും. (ആഴ്സിലേ വികാരി)

18 ഒരു നല്ല വൈദികനാകണമെങ്കിൽ നല്ല ഒരു സെമിനാരി വിദ്യാർത്ഥിയായിരിക്കണം. (ആഴ്സിലെ വികാരി)

19 സമാധാനവും എളിമയും ഉള്ളവനായിരിക്കുക; ഈശോ നിൻെറകൂടെ ഉണ്ടായിരിക്കും. (ക്രിസ്ത്വാനുകരണം)

20 പുരോഹിതൻെറ മാഹാത്മ്യം അത്ഭുതകരംതന്നെ. അവൻെറ കരങ്ങളിൽ കന്യകാമറിയത്തിൻെറ ഉദരത്തിലെന്നപോലെ ദൈവപുത്രൻ മാംസം ധരിച്ചു. (ആഗസ്തീനോസ്)

21 ഈ രഹസ്യം വലുതാണു്. മാലാഖാമാർക്കു് അനുവദിച്ചിട്ടില്ലാത്തതു പുരോഹിതനു നല്കിയിരിക്കുന്നു. ആകയാൽ പുരോഹിതൻെറ സ്ഥാനമഹത്വം വലുതുതന്നെ.

22 എല്ലാ തിന്മകളുടേയും അമ്മയും റാണിയും അഹങ്കാരമാണു്. (തോമസ് അക്വിനാസ്)

23. ദൈവത്തിനു് ഒന്നുകൂടി സുന്ദരമായ ലോകം സൃഷ്ടിക്കുവാൻ കഴിയും; എന്നാൽ മറിയത്തേക്കാൾ കൂടുതൽ സുന്ദരമായ ഒരു സൃഷ്ടി

www.malankaralibrary.com

ക്ക ജീവൻ കൊടുക്കവാൻ അവിടുത്തേക്ക കഴിയുകയില്ല. (ആഴ്സിലേ വികാരി)

24. മനുഷ്യർ നിന്നെപ്പററി കുറാം പറയുന്നുണ്ടോ? സത്യമാണ് അവർ പറയുന്നതു്. അവർ സ്തുതിക്കുന്നുണ്ടോ? നിന്നെ കളിയാക്കുകയാണ്. (ആഴ്സിലേ വികാരി)

25. എളിമ ഒരു തുലാസുപോലെയാണ്. ഒരു വശത്തിരുന്ന് അവൻ എത്ര താഴുന്നുവോ അത്രയും മറുവശത്ത് അവൻ പൊങ്ങുന്നു. (ആഴ്സിലേ വികാരി)

26. നമ്മളെ താഴ്ത്തുന്നവരാണ യഥാർത്ഥ സ്നേഹിതന്മാർ; നമ്മളെ പ്രശംസിക്കുന്നവരല്ല. (ആഴ്സിലേ വികാരി)

27. ദൈവം നമ്മളെ മനസ്സിലാക്കിയിരിക്കുന്നതുപോലെ നാം നമ്മളെത്തന്നെ മനസ്സിലാക്കുകയാണെങ്കിൽ നാം ജീവിക്കുകയില്ല. ഭയന്നുമരിച്ചുപോകും. (ആഴ്സിലേ വികാരി)

28. ഒരു ഗ്രാമീണ വികാരിയായിരുന്നപ്പോൾ വെനിസ്സിലേ കാർഡിനൽ പേട്രിയാർക്ക് ആയിരുന്നകാലത്തേക്കാളെന്നിയേ സൗഭാഗ്യവാനും സന്തുഷ്ടനുമായിരുന്നു. (1898ൽ വി. അലെക്സാൻററിൻെറ 16-ാം ശതാബ്ദാഘോഷാവസരത്തിൽ കാർഡിനൽ സാർത്തോ (വി. പത്താം പീയൂസ്) ഒരു ഗണം സെമ്മിനരി വിദ്യാർത്ഥികളോടു പറഞ്ഞ വാക്കുകളാണിവ) ഉന്നത സ്ഥാനങ്ങൾ തിരുസ്സഭയിൽത്തന്നെയാണെങ്കിലും തീരെ അഭിലഷിക്കേണ്ടതില്ലെന്നു സാരം.

29. ആകാശത്തിൽനിന്നു നക്ഷത്രങ്ങൾ നിപതിച്ചു; ചാമ്പലായ ഞാനെന്തു പ്രതീക്ഷിക്കണം. (ക്രിസ്ത്വാനുകരണം)

30. അയോഗ്യരായ വൈദികർ ജനങ്ങളുടെ നാശമാണെന്നുള്ളതു സഭാപിതാക്കന്മാരുടെ പൊതുസിദ്ധാന്തമായിരുന്നു.

31. യഥാർത്ഥ ദൈവഭക്തിയില്ലെങ്കിൽ അറിവു വെറുതെയാണ്. (വാഴ്ത്തപ്പെട്ട അവിലായിലേ യോഹന്നാൻ)

32. വിജയപൂർവ്വം പ്രസംഗിക്കുവാനുള്ള മാർഗ്ഗം ഈശോയെ സ്നേഹിക്കുകയാണ്. (വാഴ്ത്തപ്പെട്ട അവിലായിലേ യോഹന്നാൻ)

33. ഒരു ഔൺസു സമാധാനം ഒരു റാത്തൽ വിജയത്തേക്കാൾ ഭേദം. (വി. റോബർട്ടു ബെല്ലർമിൻ)

34. അക്ഷമയുടെ വിജൃംഭണത്തിനുള്ള സിദ്ധൗഷധം ക്രോധബുദ്ധികലരാത്ത, പ്രശാന്ത മൗനമാണ്. ഒരുത്തൻ കുറച്ചേ സംസാരിക്കുന്നുള്ളുവെങ്കിൽത്തന്നെ അഹങ്കാരം കലരുന്നുണ്ടാകും. പിറേറദിവസം

www.malankaralibrary.com

മുഴുവനും ഹൃദയത്തെ ഭേദിപ്പിച്ചേക്കാവുന്ന കാര്യങ്ങൾ അവൻ പറഞ്ഞുപോകും. നിശ്ശബ്ദമായി സ്നേഹപൂർവ്വം മന്ദസ്മിതം തൂകുകയാണെങ്കിൽ, കൊടുങ്കാററു കടന്നുപോകും. കോപവും അവിവേകവും മാഞ്ഞുപോകുകയും ശാശ്വതവും നിർമ്മലവുമായ സൗഭാഗ്യം ആസ്വദിക്കുകയും ചെയ്യും. (പ്രശാന്തതകൊണ്ടു് 72000 പാഷണ്ഡിതരെ മാനസന്തരപ്പെടുത്തിയ വി. ഫ്രാൻസിസ് സെയിൽസിൻെറ വാക്കുകൾ)

35 അഹന്തയും മായാസ്തുതിയും നിറഞ്ഞ ഹൃദയത്തോടെ ഒരുത്തനും നന്മചെയ്യുവാൻ കഴിയുകയില്ല. തനിക്കുതന്നെ ഉപകാരപ്രദനാകയില്ല.

36. നല്ല പലിശതരുന്ന ബാങ്കാണു മിതമായ ചെലവു്. (വി. പീററർ ഫൂരിയർ)

37. സ്നേഹപൂർവ്വം ശുശ്രൂഷീകരണസ്ഥലത്തിലേ പരിശുദ്ധാത്മാക്കൾക്കു നല്കുന്ന കാഴ്ചകൾ അനുഗ്രഹങ്ങളും ആശീർവ്വാദങ്ങളുമായി തിരിയെ കിട്ടുന്നു.

38. ചുണ്ടുകൊണ്ടു പാപം ഏററുപറയുന്നതും ഹൃദയംകൊണ്ടു് അനുതപിക്കുന്നതും എല്ലാം എളിമയോടെ ചെയ്യുന്നതുമാണു പ്രായശ്ചിത്തം.

39. കാരണവന്മാരുടെ മുമ്പിൽ അമിതഭാഷണമരുതു്; പ്രാർത്ഥനയിൽ വാക്കുകൾ ആവർത്തിക്കുകയുമരുതു്. (പ്രഭാ 7, 15)

40. എവിടെ അഹങ്കാരമുണ്ടോ അവിടെ അപമാനമുണ്ടു്; എന്നാൽ എവിടെ എളിമയുണ്ടോ അവിടെ ജ്ഞാനവുമുണ്ടു്. (സുഭാ 11, 2)

41. മകനേ, നിൻെറ പ്രവൃത്തികൾ എളിമയോടുകൂടെ ചെയ്യുക; അപ്പോൾ അനുഗ്രഹദാതാവിനെക്കാളുപരിയായി നീ സ്നേഹിക്കപ്പെടും. നീ എത്ര വലിയവനായിരിക്കുന്നുവോ, അത്രത്തോളം നിന്നെത്തന്നെ താഴ്ത്തുക. നീ ദൈവസന്നിധിയിൽ അനുഗ്രഹം കണ്ടെത്തും. (പ്രഭാ 3, 19—20)

42. മധുരഭാഷണം സ്നേഹിതന്മാരെ വദ്ധിപ്പിക്കുന്നു; ശത്രുക്കളെ രമ്യപ്പെടുത്തുന്നു. (പ്രഭാ 6, 5)

43. ദൈവത്തെപ്പററിയുള്ള സകല വിവരങ്ങളും ശ്രവിക്കുന്നതിനും സൂക്തിവചസ്സുകൾ നിന്നിൽനിന്നു വിദൂരമാകാതിരിക്കാനും വേണ്ടി ജ്ഞാനവൃദ്ധന്മാരുടെ സമൂഹത്തിൽ നീ വ്യാപരിക്കുക. നിൻെറ ഹൃദയം അവരുടെ വിജ്ഞാനത്തോടു ചേർന്നിരിക്കട്ടെ........വിജ്ഞന്മാരായ വൃദ്ധന്മാരുടെ പ്രഭാഷണങ്ങൾ നീ അവഗണിക്കരുതു്. അവരുടെ സു

www.malankaralibrary.com

ഭാഷിതങ്ങൾ ശ്രവിക്കുക. അവരിൽ നിന്നാണു വിജ്ഞാനവും വിവേകവും നിനക്കു ലഭിക്കുക. മഹാന്മാരുടെ മുമ്പിൽ നിരാക്ഷേപമായി പെരുമാറുവാനും അവരിൽനിന്നു നിനക്കു പഠിക്കാം. (പ്രഭാ 6, 35; 8, 9—10)

44. നിനക്കു നാശം വരാതിരിക്കാനും ദോഷഫലങ്ങൾ ഉളവാകാതിരിക്കാനും വേണ്ടി നീ നിൻെറ ഹൃദയം എല്ലാവർക്കും തുറന്നുകാണിക്കാതിരിക്കുക. (പ്രഭാ 6, 22)

45. നഗരാധിപനെപ്പോലെയിരിക്കും നഗരവാസികൾ. (പ്രഭാ 10, 2)

46. കേൾക്കുന്നതിനുമുമ്പ് ഉത്തരം നല്കരുത്; സംഭാഷണത്തിൽ ഇടയ്ക്കുകയറിപ്പറയരുത്. (പ്രഭാ 11, 8)

47. യൗവനത്തിൽ നീ സമ്പാദിക്കാത്തവ, വാദ്ധക്യത്തിലെങ്ങനെ ശേഖരിക്കും? (പ്രഭാ 25, 5)

48. സകല പ്രവൃത്തനങ്ങളിലും സംയമനമുള്ളവനായിരിക്കുക; എന്നാൽ ഒരു രോഗവും നിന്നെ പിടിപെടുകയില്ല. (പ്രഭാ 31, 27)

49. നിൻെറ തീക്ഷ്ണത സ്നേഹത്താൽ ഉജ്ജ്വലിക്കട്ടെ; യഥാർത്ഥവിജ്ഞാനത്താൽ പ്രകാശിതമാകട്ടെ; സ്ഥിരമായി നിലനില്ക്കുകയും ചെയ്യട്ടെ. (വി. ബെർണ്ണാർദ്ദ്)

50. എന്താണു തീക്ഷ്ണത? നമ്മുടെ സഹോദരന്മാരുടെ രക്ഷയിലും കർത്തൃഭവനത്തിൻെറ സൗന്ദര്യത്തിലും ദൈവത്തിൻെറ തിരുനാമത്തിൻെറ മഹത്വത്തിലും സ്തുതിയിലും അതീവ തത്പരനാക്കിത്തീർക്കുന്ന ദൈവസ്നേഹത്തിൻെറ ഒരു ശാശ്വചലനമാണു തീക്ഷ്ണത. (വി. ബെർണാർദ്ദ്.)

51. ഉപചാരത്തിൻെറ പ്രഥമ ഉറവ വിവേകമാണ്. ഇതര പുണ്യങ്ങളും അതിൽനിന്നുൽഭൂതമാകുന്നു. (വി. അമ്പ്രോസ്)

52. തീക്ഷ്ണത എത്രകണ്ടു കൂടുതൽ ഉജ്ജ്വലമായിരിക്കുന്നുവോ, പ്രകൃതി എത്രകണ്ടു കൂടുതൽ ഉത്സാഹഭരിതമാണോ, സ്നേഹം എത്രകണ്ടു കൂടുതൽ ഉദാരമാണോ അത്രകണ്ടു കൂടുതൽ ആവശ്യമാണു തീക്ഷ്ണതയെ നിയന്ത്രിക്കുന്നതും പ്രകൃതിയുടെ ചൂടിനെ മിതപ്പെടുത്തുന്നതും സ്നേഹവർഷത്തെ ക്രമപ്പെടുത്തുന്നതുമായ വിജ്ഞാനം. (വി. അമ്പ്രോസ്)

53. തീക്ഷ്ണത ഉജ്ജ്വലവും വിവേകപൂർവ്വകവും അജയ്യവുമായിരിക്കട്ടെ. (വി. ബെർണാർദ്ദ്)

www.malankaralibrary.com

54. ദരിദ്രക്കു ധമ്മം നല്കാം; ധമ്മപ്രവൃത്തി നമുക്കുവേണ്ടി പ്രാത്ഥിക്കും. (വി. ക്ലാര)

55. നിങ്ങൾ ദൈവാലയത്തിൽ പ്രസംഗിക്കുമ്പോൾ ജനങ്ങളുടെ ആഹ്ലാദപ്രകടനമല്ല, ബാഷ്പസമന്വിതമായ വിലാപമാണു നിങ്ങൾക്കുള്ള പ്രശംസ. (വി. ജെറോം)

56. ശാരീരികേന്ദ്രിയങ്ങൾക്കു വൃദ്ധരിൽ വ്യതിയാനം വരുന്നു. ശരീരം തകർന്നു കഴിയുമ്പോൾ ഇന്ദ്രിയങ്ങളുടെ പ്രവത്തനം മന്ദീഭവിക്കുന്നു. (വി. ജെറോം)

57. തന്നെപ്പററി എത്രയും മതിപ്പുകുറഞ്ഞവൻെറ ആത്മാവ് എല്ലാ സ്തുതിക്കും യോഗ്യമാകുന്നു. (വി. ബെർണ്ണാർദ്)

58. യാത്രയ്ക്കുപോകാം; എന്നാൽ പുരോഹിതരാണെന്ന് ഓത്തുകൊള്ളുക. യാത്രകൊണ്ടു നിങ്ങൾക്കു പലതും പഠിക്കാം; മനസ്സു വികസിക്കുകയും ചെയ്യും. (13-ാം ലെയോൻ മാർപ്പാപ്പാ പെരൂജിയായിലെ മെത്രാനായിരുന്നപ്പോൾ യാത്രയ്ക്ക് അനുവാദം ചോദിച്ചിരുന്ന വൈദികക്കു നല്കിയിരുന്ന മറുപടി.)

59. ശത്രുവിനെ തോല്പിക്കുന്നതിനേക്കാൾ പ്രയാസമാണു തന്നെത്തന്നെ ജയിക്കുക. (വലേരിയൂസ് മാക്സിമൂസ്)

60. സ്നേഹിക്കുന്നെങ്കിൽ അധ്വാനമില്ല; അഥവാ അധ്വാനമുണ്ടെങ്കിൽത്തന്നെ ആ അധ്വാനം പ്രിയംകരമായിരിക്കും. (വി. അഗസ്തീനോസ്.)

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com